ശ്രീമദ്വാല്മീകിരാമായണം

ആരണ്യകാണ്ഡം

(അന്വയക്രമഭാഷാവ്യാഖ്യാനസഹിതം)

വ്യാഖ്യാതാവ്:

ബ്രഹ്മശ്രീ ജി. എസ്സ്. ശ്രീനിവാസയ്യർ, ബി. എ., എൽ. ടി.

ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ, അലത്തൂർ.

Published with the aid of

Sri M. N. RAMASWAMY IYER,

BANKER

By

R. SUBRAHMANYA VADHYAR & SONS,

BOOK-SELLERS & PUBLISHERS,

KALPATHI-PALGHAT

Price Rs. 5] 1940

Printed at
THE SCHOLAR PRESS,
PALGHAT
January 1940

വിഷയാനുക്രമണിക.

സർഗ്ഗം	വിഷയം	ശ്ലോകസംഖ്യ	പേജ്
1.	ദണ്ഡകാരണ്യവാസികളായ മുനികളുടെ ശരണാഗതി	23	1
2.	വിരാധനാൽ സീത അപഹരിക്കപ്പെട്ടതു്	26	8
3.	വിരാധനെ പ്രഹരിക്കുന്നതു്	26	15
4.	വിരാധന്നു മോക്ഷം ലഭിക്കുന്നതു്	32	21
5.	ശരഭംഗമഹർഷിയുടെ അഗ്നിപ്രവേശം	40	29
6.	രാക്ഷസവധപ്രതിജ്ഞ	26	41
7.	സുതീക്ഷ്ണമഹർഷിയെ സന്ദർശിക്കുന്നതു്	24	48
8.	ദണ്ഡകാരണ്യത്തിലുള്ള ആശ്രമങ്ങളിലേക്കു പുറപ്പെടുന്നതു്	20	54
9.	സീത ധർമ്മത്തെപ്പററി പറയുന്നതു്	33	58
10.	ആയുധം ധരിക്കേണ്ടതാണെന്നു് ശ്രീരാമൻ പറയുന്നതു്	23	67
11.	അഗസ്ത്യമഹർഷിയുടെ പ്രഭാവത്തെ വർണ്ണിക്കുന്നതു	95	73
12.	അഗസ്ത്യമഹർഷിയെ കാണുന്നതു്	40	95
13.	പഞ്ചവടിയിലേക്കു് യാത്രപുറപ്പെടുന്നതു്	65	104
14.	ജടായുസ്സിനെ കാണുന്നതു്	37	120
15.	പർണ്ണശാലയെ നിർമ്മിക്കുന്നതു്	32	128
16.	ഹേമന്തഋതുവർണ്ണന	44	135
17.	ശൂർപ്പണഖയുടെ ആഗമനം	32	146
18.	ശൂർപ്പണഖയുടെ കാതും മൂക്കും അറുക്കുന്നതു്	26	153
19.	ഖരനോടു് അംഗഭംഗത്തെപ്പററി പറയുന്നതു്	28	160
20.	പതിന്നാലുരാക്ഷസന്മാരെ കൊല്ലുന്നതു്	27	167
21.	ഖരനെ നിന്ദിക്കുന്നതു്	22	173
	10-ാംദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ	721	
22.	ഖരൻ യുദ്ധത്തിന്നു പുറപ്പെടുന്നതു്	26	179
23	അപശകുനം കാണുന്നതു്	35	185
24.	ശ്രീരാമൻ യുദ്ധത്തിന്നു ഉദ്യമിക്കുന്നതു്	36	193
25.	ഖരൻെറസൈന്യത്തെ വധിക്കുന്നതു്	49	201
26.	ദൂഷണവധം	39	212
27.	ത്രിശിരസ്സിൻെറ വധം	21	221
28.	ഖരനുമായുള്ള യുദ്ധം	33	225
29.	ഖരനെ നിന്ദിക്കുന്നതു്	30	233
30.	ഖരവധം	42	240
31.	രാവണനോടു ഖരവധത്തെപ്പററി അറിയിക്കുന്നതു്	50	251
32.	ശൂർപ്പണഖ രാവണൻെറ അടുക്കൽ വരുന്നതു്	25	264
33.	രാവണനെ ശൂർപ്പണഖ നിന്ദിക്കുന്നതു്	24	270

34.	സീതയെ അപഹരിപ്പാൻ രാവണനെ പ്രേരിപ്പിക്കുന്നതു്	28	277
35.	രാവണൻ വീണ്ടും മാരീചാശ്രമത്തിലേക്കു പോകുന്നതു്	42	283
36.	മാരീചനോടു് സഹായിപ്പാൻ പറയുന്നതു്	24	293
37.	മാരീചൻ രാവണനെ ഉപദേശിക്കുന്നതു്	26	299
38.	ശ്രീരാമന്റെ പ്രഭാവത്തെ വർണ്ണിക്കുന്നതു്	33	306
39.	മാരീചൻ സഹായിക്കയില്ലെന്നു പറയുന്നതു്	25	314
40.	മാൻരൂപമെടുപ്പാൻ രാവണൻ നിർബ്ബന്ധിക്കുന്നതു്	28	319
41.	മാരീചൻ വീണ്ടും ഉപദേശിക്കുന്നതു്	20	327
42.	മാരീചൻ മായകൊണ്ടു് പൊൻമാനാകുന്നതു്	35	332
	11-ാംദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ	671	
43.	സീതയെ മാൻരൂപംകൊണ്ടു് വഞ്ചിക്കുന്നതു്	50	341
44.	മാരീചനെ വധിക്കുന്നതു്	28	354
45.	ആശ്രമത്തിൽനിന്നു ലക്ഷ്മണൻ പുറപ്പെട്ടുപോകുന്നതു്	41	361
46.	ആശ്രമത്തിൽ രാവണൻ വരുന്നതു്	38	370
47.	രാവണനെ സീത ധിക്കരിക്കുന്നതു്	52	380
48.	രാവണന്റെ ആത്മപ്രശംസ	24	393
49.	സീതയെ അപഹരിക്കുന്നതു്	42	398
50.	ജടായു രാവണനെ തടുക്കുന്നതു്	28	409
51.	ജടായുവിന്നും രാവണന്നും തമ്മിൽ യുദ്ധം	47	416
52.	സീത പ്രലപിക്കുന്നതു്	46	426
53.	രാവണനെ സീത നിന്ദിക്കുന്നതു്	27	436
54.	ലങ്കയിൽ ചെന്നുചേരുന്നതു്	29	443
55.	സീതാദേവിയെ പാട്ടിലാക്കുവാൻ ശ്രമിക്കുന്നതു്	38	450
56.	ഒരുകൊല്ലത്തെ അവധി കല്പിക്കുന്നതു്	37	459
	പ്രക്ഷിപ്തസർഗ്ഗം		468
57.	ശ്രീരാമൻ ദുഃശകുനങ്ങൾ കാണുന്നതു്	25	468
58.	സീതയുടെ ഗുണങ്ങളെ ഓർത്തു വിചാരപ്പെടുന്നതു്	20	477
59.	ലക്ഷ്മണൻവന്നതിനെക്കുറിച്ചു് കുററംപറയുന്നതു്	27	482
60.	ആശ്രമത്തിൽ മടങ്ങിയെത്തുന്നതു്	40	489
61.	സീതയെക്കുറിച്ചു് അന്വേഷിക്കുന്നതു്	32	499
62.	ശ്രീരാമന്റെ വിലാപം	21	506
63.	ലക്ഷ്മണൻ ശ്രീരാമനെ ആശ്വസിപ്പിക്കുന്നതു്	20	511
	12-ാംദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ	712	
64.	ശ്രീരാമന്റെ കോപം	76	519
65.	ശ്രീരാമന്റെ ക്രോധത്തെ ശമിപ്പിക്കുന്നതു്	19	537
66.	ശ്രീരാമനെ സമാശ്വസിപ്പിക്കുന്നതു്	20	542
67.	ജടായുവിനെ കണ്ടെത്തുന്നതു്	29	547

68.	ജടായുവിനെ സംസ്കരിക്കുന്നതു്	42	554
69.	അയോമുഖിയേയും കബന്ധനേയും കാണുന്നതു്	51	564
70.	കബന്ധന്റെ കൈകളെ മുറിക്കുന്നതു്	20	576
71.	കബന്ധൻ സ്വചരിത്രത്തെ കഥിക്കുന്നതു്	34	581
72.	സീതയെ പ്രാപിപ്പാൻ വഴിയുപദേശിക്കുന്നതു്	31	589
73.	ഋശ്യമൂകഗിരിക്കുള്ള വഴിപറഞ്ഞുകൊടുക്കുന്നതു്	46	597
74.	ശബരിയുടെ സ്വർഗ്ഗാരോഹണം	37	607
75.	പമ്പയിൽ എത്തുന്നത്	31	614

ആരണ്യകാണ്ഡത്തിൽ 13-ാംദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ 436

ആരണ്യകാണ്ഡത്തിൽ ആകെ ഗാനംചെയ്ത ശ്ലോകസംഖ്യ 2540

ഗായത്രീരാമായണപ്രാരംഭഃ.

1. തപഃ സ്വാദ്ധ്യായനിരതം തപസ്വീ വാഗ്വിദാം വരം
നാരദം പരിപപ്രച്ഛ വാല്മീകിർമ്മുനിപുംഗവം. I 1

2. സ ഹത്വാ രാക്ഷസാൻ സർവ്വാൻ യജ്ഞഘ്നാൻ രഘുനന്ദനഃ
ഋഷിഭിഃ പൂജിതഃസമ്യഗ്യഥേന്ദ്രോ വിജയേ പുരാ. I 30

3. വിശ്വാമിത്രസ്സ ധർമ്മാത്മാ ശ്രുത്വാ ജനകഭാഷിതം
വത്സ രാമ ധനുഃ പശ്യ ഇതി രാഘവമബ്രവീത്. I 67

4. തുഷ്ടാവാസ്യ തദാ വംശം പ്രവിശ്യ സവിശാംപതേഃ
ശയനീയം നരേന്ദ്രസ്യ തദാസാദ്യ വ്യതിഷ്ഠത. II 15

5. വനവാസം ഹി സംഖ്യായ വാസാംസ്യാഭരണാനി ച
ഭർത്താരമനുഗച്ഛന്ത്യൈ സീതായൈ ശ്വശുരോ ദദൌ. II 40

6. രാജാ സത്യഞ്ച ധർമ്മശ്ച രാജാ കുലവതാം കുലം
രാജാ മാതാ പിതാ ചൈവ രാജാ ഹിതകരോ നൃണാം. II 67

7. നിരീക്ഷ്യ സ മുഹൂർത്തന്തു ദദർശ ഭരതോ ഗുരും
ഉടജേ രാമമാസീനം ജടാമണ്ഡലധാരിണം. II 99

8. യദി ബുദ്ധിഃ കൃതാ ദ്രഷ്ടുമഗസ്ത്യം തം മഹാമുനിം
അദ്യൈവ ഗമനേ ബുദ്ധിം രോചയസ്വ മഹായശഃ. III 11

9. ഭരതസ്യാര്യപുത്രസ്യ ശ്വശ്രൂണാം മമ ച പ്രഭോ
മൃഗരൂപമിദം വ്യക്തം വിസ്മയം ജനയിഷ്യതി. III 43

10. ഗച്ഛ ശീഘ്രമിതോ രാമ സുഗ്രീവം തം മഹാബലം
വയസ്യം തം കുരു ക്ഷിപ്രമിതോ ഗത്വാദ്യ രാഘവ. III 72

11. ദേശകാലൌ ഭജസ്വാദ്യ ക്ഷമമാണഃ പ്രിയാപ്രിയെ
സുഖദുഃഖസഹഃ കാലേ സുഗ്രീവവശഗോ ഭവ. IV 22

12. വന്ദ്യാസ്തേ തു തപസ്സിദ്ധാസ്തപസാ വീതകല്മഷാഃ
പ്രഷ്ടവ്യാ ചാപി സീതായാഃ പ്രവൃത്തിർവ്വിനയാന്വിതൈഃ. IV 44

13. സ നിർജ്ജിത്യ പുരീം ശ്രേഷ്ഠാം ലങ്കാം താം കാമരൂപിണീം
വിക്രമേണ മഹാതേജാ ഹനൂമാൻ കപിസത്തമഃ. V 4

14. ധന്യാ ദേവാസ്സഗന്ധർവ്വാസ്സിദ്ധാശ്ച പരമർഷയഃ
മമ പശ്യന്തി യേ നാഥം രാമം രാജീവലോചനം. V 36

15. മംഗളാഭിമുഖീ തസ്യ സാ തദാസീന്മഹാകപേഃ
ഉപതസ്ഥേ വിശാലാക്ഷീ പ്രയതാ ഹവ്യവാഹനം. V 53

16. ഹിതം മഹാർത്ഥം മൃദുഹേതുസംഹിതം
വ്യതീതകാലായതിസംപ്രതിക്ഷമം
നിശമ്യ തദ്വാക്യമുപസ്ഥിതജ്വരഃ
പ്രസംഗവാനുത്തരമേതദബ്രവീത്. VI 10

17. ധർമ്മാത്മാ രക്ഷസാം ശ്രേഷ്ഠഃ സംപ്രാപ്തോऽയം വിഭീഷണഃ
ലങ്കൈശ്വര്യം ധ്രുവം ശ്രീമാനയം പ്രാപ്നോത്യകണ്ടകം. VI 41

18. യോ വജ്രപാതാശനിസന്നിപാതാ-
ന്ന ചുക്ഷുഭേ നാപി ചചാല രാജാ
സ രാമബാണാഭിഹതോ ഭൃശാർത്തഃ
ചചാല ചാപഞ്ച മുമോച വീരഃ. VI 59

19. യസ്യ വിക്രമമാസാദ്യ രാക്ഷസാ നിധനം ഗതാഃ
തം മന്യേ രാഘവം വീരം നാരായണമനാമയം. VI 72

20. ന തേ ദദൃശിരേ രാമം ദഹന്തമരിവാഹിനീം
മോഹിതാഃ പരമാസ്ത്രേണ ഗാന്ധർവ്വേണ മഹാത്മനാ. VI 94

21. പ്രണമ്യ ദേവതാഭ്യശ്ച ബ്രാഹ്മണേഭ്യശ്ച മൈഥിലീ
ബദ്ധാഞ്ജലിപുടാ ചേദമുവാചാഗ്നിസമീപതഃ. VI 119

22. ചലനാത് പർവ്വതസ്യൈവ ഗണാ ദേവസ്യ കംപിതാഃ
ചചാല പാർവ്വതീ ചാപി തദാശ്ലിഷ്ടാ മഹേശ്വരം. VII 16

23. ദാരാഃ പുത്രാഃ പുരം രാഷ്ട്രം ഭോഗാച്ഛാദനഭോജനം
സർവ്വമേവാവിഭക്തന്നൗ ഭവിഷ്യതി ഹരീശ്വര. VII 34

24. യാമേവ രാത്രിം ശത്രുഘ്നഃ പർണ്ണശാലാമുപാവിശത്
താമേവ രാത്രിം സീതാപി പ്രസൂതാ ദാരകദ്വയം. VII 66

25. ഇദം രാമായണം കൃത്സ്നം ഗായത്രീബീജസംയുതം
ത്രിസന്ധ്യം യഃ പഠേന്നിത്യം സർവ്വപാപൈഃ പ്രമുച്യതേ.

ഇതിഗായത്രീരാമായണം സമ്പൂർണ്ണം.

ശ്രീ ആരണ്യകാണ്ഡസ്യ അംഗന്യാസാദി മന്ത്രാഃ.

അസ്യശ്രീ ആരണ്യകാണ്ഡമഹാമന്ത്രസ്യ—ശരഭംഗഋഷിഃ അനുഷ്ടുപ് ഛന്ദഃ-ഇന്ദ്രോ ദേവതാ—ഓം ബീജം—നമഃ ശക്തിഃ-മഹേന്ദ്രായേതി കീലകം-മഹേന്ദ്രസഹിത ശ്രീരാമ പ്രീത്യൎത്ഥേ ജപേ വിനിയോഗഃ.

'സഹസ്രനയനം' അംഗുഷ്ഠാഭ്യാം നമഃ-'ദേവം' തൎജ്ജനീഭ്യാം നമഃ-'സൎവ്വദേവനമസ്കൃതം' മദ്ധ്യമാഭ്യാം നമഃ-'ദിവ്യവജ്രായുധധരം' അനാമികാഭ്യാം നമഃ 'വന്ദേഹം' കനിഷ്ഠികാഭ്യാം നമഃ-'തം ശചീപതിം' കരതലകരപൃഷ്ഠാഭ്യാം നമഃ 'സഹസ്രനയനം' ഹൃദയായ നമഃ-'ദേവം' ശിരസേസ്വാഹാ 'സൎവ്വദേവനമസ്കൃതം' ശിഖായൈ വഷട്-'ദിവ്യവജ്രായുധധരം' കവചായ ഹും-'വന്ദേഹം' നേത്രത്രയായ വൌഷട്-'തം ശചീപതീം' അസ്ത്രായ ഫട്-ഭൂൎഭുവസ്സുവരോമിതി ദിഗ്ബന്ധഃ.

ധ്യാനം:— ശചീപതിം സൎവ്വസുപൎവ്വവന്ദ്യം
രക്ഷോനിഹന്താരമസഹ്യവേഗം
ശ്രീരാമസേവാനിരതം മഹാന്തം
വന്ദേ മഹേന്ദ്രം ധൃതവജ്രമീഡ്യം.
ജടിലം ചീരവസനം ദണ്ഡകാരണ്യവാസിനം
മുനിമണ്ഡലസംവീതം ധ്യായേദാരണ്യകാണ്ഡകേ.

അഥപഞ്ചോപചാരാഃ:—

ലം പൃഥിവ്യാത്മനേ ഗന്ധാൻ കല്പയാമി
ഹം ആകാശാത്മനേ പുഷ്പാണി സമൎപ്പയാമി
യം വയ്വാത്മനേ ധൂപമാഘ്രാപയാമി
രം വഹ്ന്യാത്മനേ ദീപം ദൎശയാമി
വം അമൃതാത്മനേ അമൃതോപഹാരം നിവേദയാമി
സം സൎവ്വാത്മനേ സൎവ്വോപചാരാൻ സമൎപ്പയാമി.

അഥമൂലമന്ത്രഃ:—

സഹസ്രനയനം ദേവം സൎവ്വദേവനമസ്കൃതം
ദിവ്യവജ്രായുധധരം വന്ദേऽഹം തം ശചീപതീം.

(ഏതം മന്ത്രം യഥാശക്തി ജപേത്).

അനന്തരം പാരായണം കൃത്വാ തദവസാനേ മൂലമന്ത്രം യഥാശക്തി ജപ്ത്വാ 'ലം' ഇത്യാദി പഞ്ചോപചാരകല്പനാനന്തരം ദിഗ്വിമോകം കുൎയ്യാത്..

ശുഭമസ്തു.

ശ്രീമദ്രാമായണപൂജാക്രമഃ.

ആചമ്യ ശുക്ലാം + ശാന്തയേ. ഓം ഭൂഃ + ഭൂർഭുവസ്സുവരോം. മമോപാത്ത സമസ്ത ദുരിതക്ഷയദ്വാരാ ശ്രീപരമേശ്വരപ്രീത്യർത്ഥം ശ്രീ സീതാലക്ഷ്മണഭരതശത്രുഘ്നഹനൂമത്സമേതശ്രീരാമചന്ദ്രപ്രസാദസിദ്ധ്യർത്ഥം ശ്രീരാമചന്ദ്രപ്രസാദേന സർവ്വാനിഷ്ടനിവാരണാർത്ഥം സർവ്വാഭീഷ്ടസിദ്ധ്യർത്ഥം യാവച്ഛക്തി പൂജാം പാരായണം ച കരിഷ്യേ.

തദംഗം കലശ-ശംഖ-ആത്മ-പീഠ-പൂജാം ച കരിഷ്യേ.

അസ്മിൻ പുസ്തകെ ശ്രീ സീതാലക്ഷ്മണഭരതശത്രുഘ്നഹനൂമത്സമേത ശ്രീരാമചന്ദ്രം ധ്യായാമി. ആവാഹയാമി. ആസനം സമർപ്പയാമി. പാദ്യം സമർപ്പയാമി. അർഘ്യം സമർപ്പയാമി. ആചമനീയം സമർപ്പയാമി. മധുപർക്കം സമർപ്പയാമി. സ്നാനം സമർപ്പയാമി. സ്നാനാനന്തരം ആചമനീയം സമർപ്പയാമി. വസ്ത്ര - യജ്ഞോപവീത - ഉത്തരീയ - ആഭരണാർത്ഥം അക്ഷതാൻ സമർപ്പയാമി. ഗന്ധാൻ ധാരയാമി. ഗന്ധോപരി അക്ഷതാൻ സമർപ്പയാമി. പുഷ്പാണി സമർപ്പയാമി.

ഓം. അച്യുതായ നമഃ	ഓം. മധുസൂദനായ നമഃ	ഓം ശ്രീരാമഭദ്രായ നമഃ
,, അനന്തായ നമഃ	,, ത്രിവിക്രമായ നമഃ	,, ശ്രീരാമചന്ദ്രായ നമഃ
,, ഗോവിന്ദായ നമഃ	,, വാമനായ നമഃ	,, വേധസേ നമഃ
,, കേശവായ നമഃ	,, ശ്രീധരായ നമഃ	,, രഘുനാഥായ നമഃ
,, നാരായണായ നമഃ	,, ഹൃഷീകേശായ നമഃ	,, നാഥായ നമഃ
,, മാധവായ നമഃ	,, പദ്മനാഭായ നമഃ	,, സീതായാഃപതയേനമഃ
,, ഗോവിന്ദായ നമഃ	,, ദാമോദരായ നമഃ	,, പിതൃഭക്തായ നമഃ
,, വിഷ്ണവേ നമഃ	,, ശ്രീരാമായ നമഃ	,, കോദണ്ഡപാണയേ നമഃ

ഓം സച്ചിദാനന്ദവിഗ്രഹായ നമഃ. നാനാവിധ പരിമളപുഷ്പാണി സമർപ്പയാമി. ശ്രീരാമചന്ദ്രായ നമഃ. ധൂപം ആഘ്രാപയാമി. ദീപം ദർശയാമി. നൈവേദ്യം (ക്ഷീരം-ഫലം, അഥവാ നാളികേരഖണ്ഡദ്വയം) നിവേദയാമി. താംബൂലം സമർപ്പയാമി-കർപ്പൂരനീരാജനം ദർശയാമി. ഛത്രചാമരാദി സമസ്ത രാജോപചാരദേവോപചാരാൻ സമർപ്പയാമി. അനേകകോടി പ്രദക്ഷിണ നമസ്കാരാൻ സമർപ്പയാമി.

ശ്രീരാമായണപാരായണോപക്രമശ്ലോകാഃ

വാഗീശാദ്യാഃ സുമനസഃ സർവ്വാർത്ഥാനാമുപക്രമേ
യന്നത്വാ കൃതകൃത്യാഃ സ്യുസ്തന്നമാമി ഗജാനനം. 1
ദോർഭിര്യുക്താ ചതുർഭിഃ സ്ഫടികമണിമയീമക്ഷമാലാം ദധാനാ
ഹസ്തേനൈകേന പത്മം സിതമപി ച ശുകം പുസ്തകം ചാപരേണ
ഭാസാ കുന്ദേന്ദുശംഖസ്ഫടികമണിനിഭാ ഭാസമാനാഽസമാനാ
സാ മേ വാഗ്ദേവതേയം നിവസതു വദനേ സർവ്വദാ സുപ്രസന്നാ. 2
കൂജന്തം രാമ രാമേതി മധുരം മധുരാക്ഷരം
ആരുഹ്യ കവിതാശാഖാം വന്ദേ വാല്മീകികോകിലം. 3
വാല്മീകേർമ്മുനിസിംഹസ്യ കവിതാവനചാരിണഃ
ശൃണ്വൻ രാമകഥാനാദം കോ ന യാതി പരാം ഗതിം. 4
യഃ പിബൻ സതതം രാമചരിതാമൃതസാഗരം
അതൃപ്തസ്തം മുനിം വന്ദേ പ്രാചേതസമകല്മഷം. 5
ഗോഷ്പദീകൃതവാരാശിം മശകീകൃതരാക്ഷസം
രാമായണമഹാമാലാരത്നം വന്ദേഽനിലാത്മജം. 6
അഞ്ജനാനന്ദനം വീരം ജാനകീശോകനാശനം
കപീശമക്ഷഹന്താരം വന്ദേ ലങ്കാഭയങ്കരം. 7
ഉല്ലംഘ്യ സിന്ധോഃ സലിലം സലീലം യഃ ശോകവഹ്നിം ജനകാത്മജായാഃ
ആദായ തേനൈവ ദദാഹ ലങ്കാം നമാമി തം പ്രാഞ്ജലിരാഞ്ജനേയം. 8
ആഞ്ജനേയമതിപാടലാനനം കാഞ്ചനാദ്രികമനീയവിഗ്രഹം
പാരിജാതതരുമൂലവാസിനം ഭാവയാമി പവമാനനന്ദനം. 9
യത്ര യത്ര രഘുനാഥകീർത്തനം തത്ര തത്ര കൃതമസ്തകാഞ്ജലിം
ബാഷ്പവാരിപരിപൂർണ്ണലോചനം മാരുതിം നമത രാക്ഷസാന്തകം. 10
മനോജവം മാരുതതുല്യവേഗം ജിതേന്ദ്രിയം ബുദ്ധിമതാം വരിഷ്ഠം
വാതാത്മജം വാനരയൂഥമുഖ്യം ശ്രീരാമദൂതം ശിരസാ നമാമി. 11
യഃ കർണ്ണാഞ്ജലിസമ്പുടൈരഹരഹഃ സമ്യക് പിബത്യാദരാ-
ദ്വാല്മീകേർവ്വദനാരവിന്ദഗളിതം രാമായണാഖ്യം മധു
ജന്മവ്യാധിജരാവിപത്തിമരണൈരത്യന്തസോപദ്രവം
സംസാരം സ വിഹായ ഗച്ഛതി പുമാൻ വിഷ്ണോഃ പദം ശാശ്വതം. 12
തദുപഗതസമാസസന്ധിയോഗം സമമധുരോപനതാർത്ഥവാക്യബദ്ധം
രഘുവരചരിതം മുനിപ്രണീതം ദശശിരസശ്ച വധം നിശാമയധ്വം. 13
വാല്മീകിഗിരിസംഭൂതാ രാമസാഗരഗാമിനീ
പുനാതി ഭുവനം പുണ്യാ രാമായണമഹാനദീ. 14
ശ്ലോകസാരജലാകീർണ്ണം സർഗ്ഗകല്ലോലസങ്കുലം
കാണ്ഡഗ്രാഹമഹാമീനം വന്ദേ രാമായണാർണ്ണവം. 15
വേദവേദ്യേ പരേ പുംസി ജാതേ ദശരഥാത്മജേ
വേദഃ പ്രാചേതസാദാസീത്സാക്ഷാദ്രാമായണാത്മനാ. 16

വൈദേഹീസഹിതം സുരദ്രുമതലേ ഹൈമേ മഹാമണ്ഡപേ
മദ്ധ്യേപുഷ്പകമാസനേ മണിമയേ വീരാസനേ സുസ്ഥിതം
അഗ്രേ വാചയതി പ്രഭഞ്ജനസുതേ തത്വം മുനിഭ്യഃ പരം
വ്യാഖ്യാന്തം ഭരതാദിഭിഃ പരിവൃതം രാമം ഭജേ ശ്യാമളം. 17
വാമേ ഭൂമിസുതാ പുരശ്ച ഹനുമാൻ പശ്ചാത്സുമിത്രാസുതഃ
ശത്രുഘ്നോ ഭരതശ്ച പാർശ്വദളയോർവ്വായ്വാദികോണേഷു ച
സുഗ്രീവശ്ച വിഭീഷണശ്ച യുവരാട് താരാസുതോ ജാംബവാൻ
മദ്ധ്യേ നീലസരോജകോമളരുചിം രാമം ഭജേ ശ്യാമളം. 18
നമോऽസ്തു രാമായ സലക്ഷ്മണായ ദേവ്യൈ ച തസ്യൈ ജനകാത്മജായൈ
നമോऽസ്തു രുദ്രേന്ദ്രയമാനിലേഭ്യോ നമോऽസ്തു ചന്ദ്രാർക്കമരുദ്ഗണേഭ്യഃ. 19

പാരായണസമാപനശ്ലോകാഃ

സ്വസ്തി പ്രജാഭ്യഃ പരിപാലയന്താം ന്യായേന മാർഗ്ഗേണ മഹീം മഹീശാഃ
ഗോബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
കാലേ വർഷതു പർജ്ജന്യഃ പൃഥിവീ സസ്യശാലിനീ
ദേശോऽയം ക്ഷോഭരഹിതോ ബ്രാഹ്മണാഃ സന്തുനിർഭയാഃ. 2
അപുത്രാഃ പുത്രിണഃ സന്തു പുത്രിണഃ സന്തു പൌത്രിണഃ
അധനാഃ സധനാഃ സന്തു ജീവന്തു ശരദാം ശതം. 3
ചരിതം രഘുനാഥസ്യ ശതകോടിപ്രവിസ്തരം
ഏകൈകമക്ഷരം പ്രോക്തം മഹാപാതകനാശനം. 4
ശൃണ്വൻ രാമായണം ഭക്ത്യാ യഃ പാദം പദമേവ വാ
സ യാതി ബ്രഹ്മണഃ സ്ഥാനം ബ്രാഹ്മണാ പൂജ്യതേ സദാ. 5
രാമായ രാമഭദ്രായ രാമചന്ദ്രായ വേധസേ
രഘുനാഥായ നാഥായ സീതായാഃ പതയേ നമഃ. 6
യന്മംഗളം സഹസ്രാക്ഷേ സർവ്വദേവനമസ്കൃതേ
വൃത്രനാശേ സമഭവത് തത്തേ ഭവതു മംഗളം 7
യന്മംഗളം സുപർണ്ണസ്യ വിനതാऽകല്പയത് പുരാ
അമൃതം പ്രാർത്ഥയാനസ്യ തത്തേ ഭവതു മംഗളം. 8
അമൃതോത്പാദനേ ദൈത്യാൻ ഘ്നതോ വജ്രധരസ്യ യത്
അദിതിർമ്മംഗളം പ്രാദാത് തത്തേ ഭവതു മംഗളം. 9
ത്രീൻ വിക്രമാൻ പ്രക്രമതോ വിഷ്ണോരമിതതേജസഃ
യദാസീന്മംഗളം രാമ തത്തേ ഭവതു മംഗളം. 10
ഋതവഃ സാഗരാ ദ്വീപാ വേദാ ലോകാ ദിശശ്ച തേ
മംഗളാനി മഹാബാഹോ ദിശന്തു തവ സർവ്വദാ. 11
കായേന വാചാ മനസേന്ദ്രിയൈർവ്വാ ബുദ്ധ്യാത്മനാ വാ പ്രകൃതേഃസ്വഭാവാത്
കരോമി യദ്യത്സകലം പരസ്മൈ നാരായണായേതി സമർപ്പയാമി. 12

B.K. Mitra

ഹരിഃ ഓം ശ്രീഗുരുഭ്യോ നമഃ

ശ്രീ സീതാ ലക്ഷ്മണ ഭരത ശത്രുഘ്ന ഹനുമത്സമേത ശ്രീരാമചന്ദ്രസ്വാമിനേ നമഃ

ശ്രീമദ്വാല്മീകിരാമായണം

ആരണ്യകാണ്ഡം.

[പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ദശമേഹനി ആരണ്യകാണ്ഡ
പ്രഥമസർഗ്ഗമാരഭ്യ ഏകവിംശതിസർഗ്ഗപര്യന്തം (6713—7433 ശ്ലോകാഃ) ഗീതം
തസ്മിൽ ദിനേ ഗീതാഃ ശ്ലോകാശ്ച 721]

പണ്ട് കുശലവന്മാരാൽ അശ്വമേധയാഗശാലയിൽ ശ്രീരാമസന്നിധാനത്തിൽവെച്ച് 10-ാമത്തെ ദിവസം ആരണ്യകാണ്ഡം 1-ാംസർഗ്ഗം തുടങ്ങി 21-ാംസർഗ്ഗംവരെയും (6713—7433) ശ്ലോകങ്ങൾ ഗാനംചെയ്യപ്പെട്ടു. ആ ദിവസം ഗാനംചെയ്യപ്പെട്ട ശ്ലോകസംഖ്യ 721.

പ്രഥമഃ സർഗ്ഗഃ = ഒന്നാംസർഗ്ഗം.

[ദണ്ഡകാരണ്യനിവാസിതാപസകൃത സ്വരക്ഷണപ്രാർത്ഥനാ =
ദണ്ഡകാരണ്യവാസികളായ മുനികളുടെ ശരണാഗതി.]

[പൂർവ്വകാണ്ഡമായ അയോദ്ധ്യാകാണ്ഡത്തിൽ ബ്രഹ്മസ്വരൂപിയായ് ജഗജ്ജന്മാദികാരണനായ് വേദാന്തവേദ്യനായ മഹാവിഷ്ണുവിൻെറ സർവ്വ അവിദ്യാനാശകത്വം, നിത്യാനന്ദപരിപൂർണ്ണത, സർവ്വാന്തര്യാമിത്വം, നിരതിശയമായ ഉജ്ജ്വലത്വം, ധർമ്മപ്രവർത്തകത്വം, ഇത്യാദിയായ അനന്തകല്യാണഗുണഗണങ്ങൾ പറയപ്പെട്ടു. ഇപ്പോഴാകട്ടെ സജ്ജനസംരക്ഷണരൂപമായ ധർമ്മവിശേഷത്തെ ഉദാഹരിപ്പാനായി ആരണ്യകാണ്ഡം ആരംഭിക്കപ്പെടുന്നു. അയോദ്ധ്യാകാണ്ഡത്തിൽ പിതൃവാക്യപരിപാലനമാകുന്ന ധർമ്മം സജ്ജനാനുഷ്ഠേയമെന്ന് മുഖ്യമായി കാണിക്കപ്പെട്ടു. ഇതിൽ സജ്ജനസംരക്ഷണധർമ്മം അനുഷ്ഠേയമെന്ന് കാണിക്കപ്പെടുന്നു.]

പ്രവിശ്യ തു മഹാരണ്യം ദണ്ഡകാരണ്യമാത്മവാൻ
ദദർശ രാമോ ദുർദ്ധർഷസ്താപസാശ്രമമണ്ഡലം. 1
കുശചീരപരിക്ഷിപ്തം ബ്രാഹ്മ്യാ ലക്ഷ്മ്യാ സമാവൃതം
യഥാ പ്രദീപ്തം ദുർദ്ദർശം ഗഗനേ സൂര്യമണ്ഡലം 2
ശരണ്യം സർവ്വഭൂതാനാം സുസംമൃഷ്ടാജിരം സദാ
മൃഗൈർബ്ബഹുഭിരാകീർണ്ണം പക്ഷിസംഘൈഃ സമാവൃതം 3
പൂജിതം ച പ്രനൃത്തം ച നിത്യമപ്സരസാം ഗണൈഃ
വിശാലൈരഗ്നിശരണൈഃ സ്രുഗ്ഭാണ്ഡൈരജിനൈഃ കുശൈഃ 4
സമിദ്ഭിസ്തോയകലശൈഃ ഫലമൂലൈശ്ച ശോഭിതം
ആരണ്യൈശ്ച മഹാവൃക്ഷൈഃ പുണ്യൈഃ സ്വാദുഫലൈർവൃതം 5
ബലിഹോമാർച്ചിതം പുണ്യം ബ്രഹ്മഘോഷനിനാദിതം
പുഷ്പൈർവ്വന്യൈഃ പരിക്ഷിപ്തം പദ്മിന്യാ ച സപദ്മയാ. 6

ഫലമൂലാശനൈർദ്ദാന്തൈശ്ചീരകൃഷ്ണാജിനാംബരൈഃ
സൂര്യ്യവൈശ്വാനരാഭൈശ്ച പുരാണൈർമ്മുനിഭിർവൃതം 7
പുണ്യൈശ്ച നിയതാഹാരൈശ്ശോഭിതം പരമർഷിഭിഃ
തദ്ബ്രഹ്മഭവനപ്രഖ്യം ബ്രഹ്മഘോഷനിനാദിതം
ബ്രഹ്മവിദ്ഭിർമ്മഹാഭാഗൈർബ്ബ്രാഹ്മണൈരുപശോഭിതം. 8

ദുർദ്ധർഷഃ	ആരാലും ജയിപ്പാൻ കഴിയാത്ത
ആത്മവാൻ	ധീരനായ
രാമഃ	ശ്രീരാമചന്ദ്രൻ
തു	ഈ സമയം
മഹാരണ്യം	വൻകാടായ
ദണ്ഡകാരണ്യം	ദണ്ഡകാരണ്യത്തിൽ
പ്രവിശ്യ,	പ്രവേശിച്ചിട്ട്,
കുശചീര-പരിക്ഷിപ്തം	ദർഭകളാലും മരവുരികളാലും നിറയപ്പെട്ടതും
ബ്രാഹ്മ്യാ ലക്ഷ്മ്യാ	ബ്രഹ്മതേജസ്സിനാൽ
സമാവൃതം,	പരിലസിച്ചതും,
ഗഗനേ	ആകാശത്തിൽ
പ്രദീപ്തം	ഉജ്ജ്വലിച്ചതായ
ദുർദ്ദർശം	ദുർന്നിരീക്ഷ്യമായ
സൂര്യ്യമണ്ഡലം യഥാ,	സൂര്യ്യമണ്ഡലമെന്നപോലെയിരിക്കുന്നതും
സർവ്വഭൂതാനാം	സകല ജീവജാലങ്ങളുടേയും
ശരണ്യം,	വാസസ്ഥാനമായിരിക്കുന്നതും,
സദാ	എല്ലായ്പ്പോഴും
സു-സംമൃഷ്ടാജിരം	അടിച്ചുമെഴുകി ശുദ്ധീകരിക്കപ്പെട്ട സ്ഥലഭാഗങ്ങളോടുകൂടിയതും,
ബഹുഭിഃ	പലവിധത്തിലുള്ള
മൃഗൈഃ	മാനുകളാൽ
ആകീർണ്ണം	നിറയപ്പെട്ടതും,
പക്ഷിസംഘൈഃ	പക്ഷിഗണങ്ങളാൽ
സമാവൃതം,	നിറയപ്പെട്ടതും,
അപ്സരസാം	അപ്സരസ്ത്രീകളുടെ
ഗണൈഃ	സംഘങ്ങളാൽ
നിത്യം	എല്ലാസമയത്തും
പൂജിതം ച	പൂജചെയ്യപ്പെട്ട്

പ്രനൃത്തം ച,	നൎത്തനം ചെയ്യപ്പെട്ടതും,
വിശാലൈഃ	വിശാലമായ
അഗ്നിശരണൈഃ	അഗ്നിഹോത്രശാലകളാലും
സ്രുഗ്ഭാണ്ഡൈഃ	സ്രുക്കുകളാലും യാഗപാത്രങ്ങളാലും
കുശൈഃ	ദർഭകളാലും
അജിനൈഃ	മാൻതോലുകളാലും
സമിദ്ഭിഃ	ചമതകളാലും
തോയകലശൈഃ	തീർത്ഥപാത്രങ്ങളാലും
ഫലമൂലൈഃ ച	പഴങ്ങൾ, കിഴങ്ങുകൾ ഇവയാലും
ശോഭിതം,	പരിശോഭിക്കുന്നതും,
ആരണ്യൈഃ	വനത്തിൽ ഉണ്ടാകുന്ന
സ്വാദുഫലൈഃ	രുചിയുള്ള ഫലങ്ങളോടുകൂടിയ
പുണ്യൈഃ	മനോഹരങ്ങളായ
മഹാവൃക്ഷൈഃ ച	മഹാവൃക്ഷങ്ങളാലും
വൃതം,	ഇടതിങ്ങിയിരിക്കുന്നതും
ബലി-ഹോമാർച്ചിതം	ഭൂതബലി, വൈശ്വദേവാദിഹോമങ്ങൾ എന്നവകൊണ്ട് സത്കരിക്കപ്പെട്ട്
പുണ്യം,	പരിശുദ്ധമായതും,
ബ്രഹ്മഘോഷ-നിനാദിതം,	വേദഘോഷധ്വനിയോടുകൂടിയതും,
വന്യൈഃ	കാട്ടിലുണ്ടാവുന്ന
പുഷ്പൈഃ	പുഷ്പങ്ങളാലും
സപദ്മയാ	താമരപ്പൂക്കളോടുകൂടിയ
പദ്മിന്യാ ച	താമരപ്പൊയ്കകളാലും
പരിക്ഷിപ്തം,	നിറയപ്പെട്ടതും,
ഫല-മൂലാശനൈഃ	ഫലമൂലങ്ങൾ ഭുജിച്ചുപജീവിക്കുന്നവരും

ദാന്തൈഃ	ജിതേന്ദ്രിയന്മാരും
ചീരകൃഷ്ണാജിനാംബരൈഃ	മരവുരിയും മാൻതോലും ഉടുത്തവരും
സൂര്യവൈശ്വാനരാഭൈഃ	സൂര്യനും അഗ്നിക്കും തുല്യരുമായ
പുരാണൈഃ മുനിഭിഃ ച	വൃദ്ധതാപസന്മാരാൽ
വൃതം,	നിവസിക്കപ്പെട്ടതും,
പുണ്യൈഃ	പുണ്യാത്മാക്കളും
നിയതാഹാരൈഃ	വിധിച്ചതായ ആഹാരം മാത്രം ഭക്ഷിക്കുന്നവരുമായ
പരമർഷിഭിഃ	ഉത്തമ ഋഷികളാൽ
ശോഭിതം,	പരിശോഭിക്കുന്നതും,
ബ്രഹ്മഘോഷനിനാദിതം	വേദഘോഷശബ്ദങ്ങൾ മുഴങ്ങുന്ന
തത്	സുപ്രസിദ്ധമായ
ബ്രഹ്മഭവനപ്രഖ്യം,	ബ്രഹ്മലോകത്തെപോലെയിരിക്കുന്നതും,
മഹാഭാഗൈഃ	മഹാഭാഗ്യശാലികളായ
ബ്രഹ്മവിദ്ഭിഃ	ബ്രഹ്മജ്ഞന്മാരായ
ബ്രാഹ്മണൈഃ	ബ്രാഹ്മണരാൽ
ഉപശോഭിതം ച	പരിലസിക്കുന്നതുമായ
താപസാശ്രമമണ്ഡലം	താപസാശ്രമസമൂഹത്തെ
ദദർശ.	കണ്ടു.

["കുശചീരപരിക്ഷിപ്തം", യജ്ഞഹോമാദികൾക്കായി കൊണ്ടുവരപ്പെട്ട ദർഭകളാലും, വെയിലത്തുണക്കിയിരിക്കുന്ന മരവുരികളാലും നിറയപ്പെട്ടത്; രാക്ഷസന്മാരാൽ അനഭിഭവനീയമായതുകൊണ്ട് ദുർന്നിരീക്ഷമായ സൂര്യമണ്ഡലത്തിന്നു സാമ്യം; "ശരണം" സഹവൈരഭാവം വിട്ട് സർവ്വപ്രാണികൾക്കും വരണീയമായുള്ളത്, അഥവാ രക്ഷസ്സുകളിൽനിന്നു ഭയപ്പെട്ടവർക്ക് വാസാർഹമായത്; (ഗോവിന്ദരാജൻ.)

"ദണ്ഡകാരണ്യം" ഇക്ഷ്വാകുവിന്റെ പൌത്രന്മാർ നൂറു പേരിൽ ഒടുവിലത്തേവനായ ദണ്ഡൻ എന്ന രാജാവ്, ഒരിക്കൽ ശുക്രാശ്രമത്തിൽ എത്തി, അവിടെ തത്പുത്രിയായ അരജയെ കണ്ട് കാമപരവശനായി ബലാത്സംഗം ചെയ്തു മൂലം ഋഷി കോപിച്ച് അദ്ദേഹത്തിന്റെ രാജ്യം ഇന്ദ്രന്റെ പാഷാണവർഷംകൊണ്ട് ഏഴു ദിവസത്തിലകം നശിച്ചുപോകട്ടെ എന്നു ശപിച്ചു. അങ്ങിനെ അരണ്യപ്രദേശമായ് ഭവിച്ചതും, വിന്ധ്യം, ശൈവലം, എന്ന പർവ്വതങ്ങൾക്കിടയിൽ വർത്തിക്കുന്നതും ആയ പ്രദേശമാകുന്നു ദണ്ഡകാവനം. (ഉത്തരകാണ്ഡം സർഗ്ഗങ്ങൾ 79, 80, 81 നോക്കുക.) ഇപ്പോൾ മഹാരാഷ്ട്രം എന്നു പറയപ്പെടുന്നതായ പ്രദേശമാകുന്നു മിക്കവാറും ഇത്, എന്നു തിലകം.]

സ ദൃഷ്ട്വാ രാഘവഃ ശ്രീമാംസ്താപസാശ്രമമണ്ഡലം
അഭ്യഗച്ഛന്മഹാതേജാ വിജ്യം കൃത്വാ മഹദ്ധനുഃ. 9

മഹാതേജാഃ	പരമതേജസ്വിയും
ശ്രീമാൻ	ശ്രീമാനുമായ
സഃ രാഘവഃ,	ആ ശ്രീരഘുവരൻ,
താപസാശ്രമമണ്ഡലം	താപസന്മാരുടെ ആശ്രമതതിയെ
ദൃഷ്ട്വാ,	കണ്ടിട്ട്,
മഹത് ധനുഃ	പ്രശസ്തമായ ധനുസ്സി
വിജ്യം കൃത്വാ	ഞാണഴിച്ചുവിട്ട് [നെ
അഭ്യഗച്ഛത്.	അടുത്തു.

ദിവ്യജ്ഞാനോപപന്നാസ്തേ രാമം ദൃഷ്ട്വാ മഹർഷയഃ
അഭ്യഗച്ഛംസ്തഥാ പ്രീതാ വൈദേഹീം ച യശസ്വിനീം. 10

തേ	ആ
ദിവ്യജ്ഞാനോപപന്നാഃ	ത്രികാലജ്ഞാനികളായ
മഹർഷയഃ,	മഹർഷികൾ,
രാമം ച	ശ്രീരാമനേയും
യശസ്വിനീം	യശസ്വിനിയായ
വൈദേഹീം തഥാ	വിദേഹാത്മജയേയും
ദൃഷ്ട്വാ,	കണ്ട്,
പ്രീതാഃ	ആനന്ദം പൂണ്ടവരായി
അഭ്യഗച്ഛൻ.	എതിരേറ്റുചെന്നു.

['ത്രികാലജ്ഞാനികൾ', എന്നതുകൊണ്ട് ശ്രീരാമാവതാരോദ്ദേശത്തെ ഗ്രഹിച്ചവർ എന്നു താല്പര്യം. ഗോ. രാ.]

തേ തം സോമമിവോദ്യന്തം ദൃഷ്ട്വാ വൈ ധര്മ്മചാരിണഃ
ലക്ഷ്മണം ചൈവ ദൃഷ്ട്വാ തു വൈദേഹീം ച യശസ്വിനീം 11
മംഗളാനി പ്രയുഞ്ജാനാഃ പ്രത്യഗൃഹ്ണൻ ദൃഢവ്രതാഃ. 12

ദൃഢവ്രതാഃ	ദൃഢമായ നിയമനിഷ്ഠയോടുകൂടിയവരും
ധര്മ്മചാരിണഃ	ധര്മ്മശീലന്മാരുമായ
തേ,	അവർ,
ലക്ഷ്മണം ച	ലക്ഷ്മണനേയും
ദൃഷ്ട്വാ,	കണ്ട്,
യശസ്വിനീം ച	കീര്ത്തിമതിയായ
വൈദേഹീം ഏവ	വൈദേഹിയേയും
ദൃഷ്ട്വാ തു,	അവേക്ഷിച്ച്,
ഉദ്യന്തം	ഉദിച്ചുയരുന്ന
സോമം ഇവ	ശശാങ്കനെപ്പോലിരിക്കുന്ന
തം,	അദ്ദേഹത്തെ,
മംഗളാനി	മംഗളവചനങ്ങളാൽ
പ്രയുഞ്ജാനാഃ	ആശീര്വ്വദിക്കുന്നവരായി
പ്രത്യഗൃഹ്ണൻ	ഉപചരിച്ചു.

[“ധര്മ്മചാരിണഃ”, ഇതുവരേയും സ്വധര്മ്മവിര്യത്താൽ ഭഗവാനെ സന്ദര്ശിച്ചവരായ മുനിമാർ, ഇപ്പോൾ പ്രത്യക്ഷത്തിൽ സന്ദര്ശിച്ചു, എന്നു താല്പര്യം. ഗൊ. രാ.]

രൂപസംഹനനം ലക്ഷ്മീം സൌകുമാര്യം സുവേഷതാം
ദദൃശുർവിസ്മിതാകാരാ രാമസ്യ വനവാസിനഃ. 13

വനവാസിനഃ,	വനത്തിൽ നിവസിക്കുന്നവരായ അവർ,
രാമസ്യ	ശ്രീരാമന്റെ
രൂപസംഹനനം	അവയവസംസ്ഥാനവിശേഷത്തേയും
ലക്ഷ്മീം	കാന്തിയേയും,
സൌകുമാര്യം	കോമളിമയേയും
സുവേഷതാം	ശോഭനലാവണ്യയുക്തതയേയും
വിസ്മിതാകാരാഃ	ആശ്ചര്യദ്യോതകമായ മുഖലക്ഷണങ്ങളോടുകൂടിയവരായി
ദദൃശുഃ.	വീക്ഷിച്ചു.

[“രൂപസംഹനനം”, സമഃ സമവിഭക്താംഗഃ, എന്നിത്യാദിയായ് സുന്ദരകാണ്ഡത്തിൽ ഹനുമാൻ വര്ണ്ണിക്കുന്നതുപോലെ എന്നു താല്പര്യം. അഥവാ “അഭൂഷണോഽപി രൂപവദ്ഭാസമാനം രൂപം, രൂപസംഹനനം” “അംഗാന്യഭൂഷിതാന്യേവ വലയാദ്യൈര്വ്വിഭൂഷണൈഃ, യേന ഭൂഷിതവദ്ഭാതി തദ്രൂപമിതി കഥ്യതേ” എന്ന പ്രകാരം ഭൂഷണങ്ങൾ ഇല്ലാതിരിക്കെതന്നെ ഭൂഷണങ്ങളണിഞ്ഞതുപോലേ തോന്നുന്നത് രൂപസംഹനനം; “വനവാസിനഃ”, വികാരഹേതുക്കൾ ഉള്ളപ്പോഴുംകൂടി വികാരം ജനിക്കാത്തവർ; (ഗോവിന്ദരാജൻ). “വനവാസിനഃ ദദൃശുഃ” വനത്തിൽ വസിക്കുന്നവരായ പശുപക്ഷിമൃഗാദികളുംകൂടി ആശ്ചര്യത്തോടെ അവേക്ഷിച്ചു. (മാഹേശ്വരതീര്ത്ഥീയം)]

വൈദേഹീം ലക്ഷ്മണം രാമം നേത്രൈരനിമിഷൈരിവ
ആശ്ചര്യഭൂതാൻ ദദൃശുഃ സര്വ്വേ തേ വനവാസിനഃ. 14

തേ	ആ
വനവാസിനഃ	വനവാസികൾ
സര്വ്വേ	എല്ലാം
രാമം	ശ്രീരാമനേയും
ലക്ഷ്മണം	ലക്ഷ്മണനേയും
വൈദേഹീം	വൈദേഹിയേയും
ഇവ	കുറച്ചെങ്കിലും
അനിമിഷൈഃ നേത്രൈഃ	കണ്ണിമകൊട്ടാതെ
ആശ്ചര്യഭൂതാൻ	ആശ്ചര്യത്തെ വിളയിക്കുന്നവരെന്ന്
ദദൃശുഃ.	നോക്കിനിന്നു.

[‘ആശ്ചര്യഭൂതാൻ’, അദൃഷ്ടപൂര്വ്വന്മാരാകയാൽ ആശ്ചര്യമായ്ത്തന്നെ ഭവിച്ചവർ. ഗൊ. രാ.]

അത്രൈനം ഹി മഹാഭാഗാസ്സൎവ്വഭൂതഹിതേ രതം
അതിഥിം പൎണ്ണശാലായാം രാഘവം സംന്യവേശയൻ. 15

മഹാഭാഗാഃ	അതിഭാഗ്യശാലികളായ അവർ	ഏനം രാഘവം	ഈ ശ്രീരാഘവനെ
		അത്ര ഹി	അവിടെത്തന്നെ
സൎവ്വഭൂതഹിതേ	എല്ലാ പ്രാണികളുടെയും നന്മയിൽ	പൎണ്ണശാലായാം	പൎണ്ണശാലയിൽ
		അതിഥിം	അതിഥിയായി
രതം	താല്പൎയ്യത്തോടുകൂടിയ	സംന്യവേശയൻ.	പാൎപ്പിച്ചു.

തതോ രാമസ്യ സത്കൃത്യ വിധിനാ പാവകോപമാഃ
ആജഹ്രുസ്തേ മഹാഭാഗാസ്സലിലം ധൎമ്മചാരിണഃ. 16

മഹാഭാഗാഃ	മഹാഭാഗ്യശാലികളും	രാമസ്യ	ശ്രീരാമന്നു
പാവകോപമാഃ	അഗ്നിക്കു സമന്മാരായി	സത്കൃത്യ	സ്വാഗതമരുളിയശേഷം,
ധൎമ്മചാരിണഃ	ധൎമ്മശീലന്മാരുമായ	തതഃ	അതിൽപിന്നെ
തേ,	അവർ	സലിലം	പാദ്യത്തെ
വിധിനാ	വിധിപ്രകാരം	ആജഹ്രുഃ.	നല്കി.

[“പാവകോപമാഃ” എന്നതുകൊണ്ടു് ശ്രീരാമന്റെ “പവിത്രാണാം പവിത്രഃ”, എന്ന അവസ്ഥയും, ‘മഹാഭാഗാഃ’ എന്നതുകൊണ്ടു് ഋഷിമാരുടെ സുകൃതപരിപാകവും, പറയപ്പെട്ടിരിക്കുന്നു. ഗോ. രാ.]

മൂലം പുഷ്പം ഫലം വന്യമാശ്രമം ച മഹാത്മനഃ
നിവേദയിത്വാ ധൎമ്മജ്ഞാസ്തതഃ പ്രാഞ്ജലയോഽബ്രുവൻ. 17

ധൎമ്മജ്ഞാഃ	ആ ധൎമ്മജ്ഞന്മാർ	മഹാത്മനഃ	മഹാത്മാവായ അദ്ദേഹത്തിന്നായി
വന്യം	കാട്ടിലുണ്ടാവുന്ന	നിവേദയിത്വാ,	സമൎപ്പണം ചെയ്തു്,
മൂലം	കിഴങ്ങിനേയും	തതഃ	അതിന്നുശേഷം
പുഷ്പം	പുഷ്പത്തേയും	പ്രാഞ്ജലയഃ	കൂപ്പുകൈയോടുകൂടിയവരായി
ഫലം	പഴത്തേയും		
ആശ്രമം ച	ആശ്രമത്തേയും	അബ്രുവൻ.	ഇപ്രകാരം ഉണൎത്തിച്ചു.

ധൎമ്മപാലോ ജനസ്യാസ്യ ശരണ്യസ്ത്വം മഹായശഃ
പൂജനീയശ്ച മാന്യശ്ച രാജാ ദണ്ഡധരോ ഗുരുഃ. 18

“മഹായശഃ!	“പെരുംപുകഴാന്നുള്ളോവേ!	പൂജനീയഃ;	പൂജിക്കത്തക്കവൻ;
ത്വം	നിന്തിരുവടി	മാന്യഃ	ഉത്തമനും
അസ്യ ജനസ്യ	ഈ ലോകത്തിന്നു	ഗുരുഃ	സൎവ്വശക്തനും
ധൎമ്മപാലഃ;	ധൎമ്മസംരക്ഷകൻ;	ദണ്ഡധരഃ ച	ദുഷ്ടനിഗ്രഹശിഷ്ടപരിപാലകനുമായ
ശരണ്യഃ;	ശരണം പ്രാപിക്കത്തക്കവൻ;	രാജാ.	സാൎവ്വഭൌമൻ.

[“ധൎമ്മപാലഃ” വൎണ്ണാശ്രമധൎമ്മപരിപാലകൻ. ഗോ. രാ.]

ഇന്ദ്രസ്യൈവ ചതുർഭാഗഃ പ്രജാ രക്ഷതി രാഘവ
രാജാ തസ്മാദ്വരാൻ ഭോഗാൻ ഭുങ്ക്തേ ലോകനമസ്കൃതഃ. 19

"രാഘവ!	"ശ്രീരാമ!	രക്ഷതി;	രക്ഷിക്കുന്നു;
രാജാ	രാജാവ്	തസ്മാത്	ആ കാരണത്താൽ
ഇന്ദ്രസ്യ	ഇന്ദ്രന്റെ	ലോക-നമസ്കൃതഃ,	ജനങ്ങളാൽ വന്ദിക്കപ്പെട്ടവനായി,
ചതുർഭാഗഃ ഏവ	നാലിലൊരംശമായവനായിത്തന്നെ	വരാൻ ഭോഗാൻ	ഉത്തമഭോഗങ്ങളെ
പ്രജാഃ	പ്രജകളെ	ഭുങ്ക്തേ.	അനുഭവിക്കുന്നു.

["ഇന്ദ്രസ്യ ചതുർഭാഗഃ". ഇന്ദ്രൻ ഉപലക്ഷണമായിട്ടുള്ള അഷ്ടദിക്പാലന്മാരുടെ അംശഭൂതനായിട്ടുള്ളവൻ. "അഷ്ടാഭിർല്ലോകപാലാനാം മാത്രാഭിഃ കല്പിതോ നൃപഃ" എന്ന വചനം കാണുക. വാസ്തവത്തിലാകട്ടെ, 'ഇന്ദ്രസ്യ' അതായത് പരമാത്മാവിന്റെ ("ഇന്ദ്രോ മായാഭിഃ പുരുരൂപ ഈയതേ", എന്ന് ശ്രുതി) ചതുർഭാഗഃ നാലു ഭാഗങ്ങളിൽ ഒന്നായിട്ടുള്ളവൻ. നാലായി അവതരിച്ചിട്ടുള്ള മഹാവിഷ്ണുവിന്റെ ഒരു അംശമായവൻ, എന്നു താല്പര്യം. (ഗോ. രാ.) ബാലകാണ്ഡം, 16-ാംസർഗ്ഗം, 29, 30 എന്ന ശ്ലോകങ്ങളുടെ കുറിപ്പുകൾ നോക്കുക.]

തേ വയം ഭവതാ രക്ഷ്യാ ഭവദ്വിഷയവാസിനഃ
നഗരസ്ഥോ വനസ്ഥോ വാ ത്വം നോ രാജാ ജനേശ്വരഃ. 20

"ഭവദ്വിഷയ-വാസിനഃ	"നിന്തിരുവടിയുടെ രാജ്യത്തിൽ നിവസിക്കുന്നവരായ	ത്വം	നിന്തിരുവടി
		നഗരസ്ഥഃ	നഗരത്തിലിരുന്നാലും ശരി
തേ	അപ്രകാരമുള്ള	വനസ്ഥഃ വാ,	കാട്ടിലിരുന്നാലും ശരി,
വയം	ഞങ്ങൾ,	നഃ	ഞങ്ങളെ
ഭവതാ	നിന്തിരുവടിയാൽ[വർ;	രാജാ	സംതൃപ്തരാക്കുന്ന
രക്ഷ്യാഃ;	സംരക്ഷിക്കപ്പെടേണ്ട	ജനേശ്വരഃ.	ലോകനാഥൻതന്നെ.

["ഭവദ്വിഷയവാസിനഃ", ത്വദ്രൂപ വിഷയധ്യാനയുക്താഃ, നിന്തിരുവടിയുടെ സ്വരൂപവിഷയധ്യാനം ചെയ്യുന്നവർ, ആയതുകൊണ്ട് നിന്തിരുവടിയാൽ രക്ഷിക്കപ്പെടേണ്ടവർ. (സത്യധർമ്മതീർത്ഥീയം).

"നഗരസ്ഥോ വനസ്ഥോ വാ", ഇതര രാജാക്കന്മാർ ബുദ്ധിബലം, സ്ഥാനബലം, ചതുരംഗബലം എന്നിവയുടെ സഹായത്താൽ സ്വരാജ്യമാത്രസംരക്ഷണവിഷയത്തിൽ സമർത്ഥന്മാരായി ഭവിക്കുന്നു. സകലലോകസംരക്ഷണധുരന്ധരനായി അസഹായശൂരനായ നിന്തിരുവടിക്കാകട്ടെ നഗരവാസംകൊണ്ട് എന്തു ബലാധിക്യമാണ് വരുവാനുള്ളത്? വനവാസംകൊണ്ട് എന്തു ബലഹീനതയാണ് വരുവാനുള്ളത്? സ്വാഭാവികനിത്യനിരതിശയശക്തിസമ്പന്നനായ നിന്തിരുവടിക്ക് ഉപായശൂന്യത്വാപായബഹുലത്വാദിയുക്തന്മാരായ ഞങ്ങളെ സംരക്ഷിക്കേണ്ടതായ ബാദ്ധ്യതയുണ്ട്". (തനിശ്ലോകി) "നഗരസ്ഥോ വനസ്ഥോവാ," സിംഹാസനാരൂഢനായിരുന്നാലും, തദ്രഹിതനായിരുന്നാലും എന്നു ഗോ. രാ.]

ന്യസ്തദണ്ഡാ വയം രാജൻ ജിതക്രോധാ ജിതേന്ദ്രിയാഃ
രക്ഷിതവ്യാസ്ത്വയാ ശശ്വദ്ഗർഭഭൂതാസ്തപോധനാഃ. 21

"രാജൻ!	"മന്നവ!	ഗർഭഭൂതാഃ	ശിശുതുല്യരായ
ന്യസ്തദണ്ഡാഃ	ശാപത്തെ ഉപേക്ഷിച്ചവരും	തപോധനാഃ	തപോധനന്മാരുമായ
ജിതക്രോധാഃ	കോപത്തെ ത്യജിച്ചവരും	വയം,	ഞങ്ങൾ,
ജിതേന്ദ്രിയാഃ	ഇന്ദ്രിയങ്ങളെ അടക്കിയവരും	ത്വയാ	നിന്തിരുവടിയാൽ
		ശശ്വത്	എല്ലായ്പ്പോഴും
		രക്ഷ്യാഃ."	കാത്തുരക്ഷിക്കപ്പെടേണ്ടവർ ആകുന്നു."

[ഇന്ദ്രിയനിഗ്രഹം ചെയ്തവരാകയാൽ, ക്രോധത്തെ ജയിച്ചവരും, തന്മൂലം ശാപരൂപമായ ശിക്ഷകൊണ്ട് ശത്രുക്കളെ നിഗ്രഹിക്കാത്തവരും ആകുന്നു. ഞങ്ങൾക്കുതന്നെ ശത്രുക്കളെ ശിക്ഷിപ്പാൻ ശക്തിയുണ്ടെങ്കിലും 'ന്യസ്തദണ്ഡന്മാ'രാകയാൽ നിന്തിരുവടിയെ ശരണം പ്രാപിക്കുന്നു. ഗോ. രാ.]

ഏവമുക്ത്വാ ഫലൈർമൂലൈഃ പുഷ്പൈർവന്യൈശ്ച രാഘവം
അന്യൈശ്ച വിവിധാഹാരൈസ്സലക്ഷ്മണമപൂജയൻ. 22

ഏവം	ഇപ്രകാരം	മൂലൈഃ	കിഴങ്ങുകളാലും
ഉക്ത്വാ,	ഉണർത്തിച്ചശേഷം,	പുഷ്പൈഃ ച	പുഷ്പങ്ങളാലും
സലക്ഷ്മണം	ലക്ഷ്മണസഹിതനായ	അന്യൈഃ	മറ്റു
രാഘവം	ശ്രീരാഘവനെ	വിവിധാഹാരൈഃ ച	പലവിധ ആഹാരങ്ങളാലും
വന്യൈഃ	കാട്ടിലുള്ള		
ഫലൈഃ	പഴങ്ങളാലും	അപൂജയൻ.	ഉപചരിച്ചു.

തഥാഽന്യേ താപസാസ്സിദ്ധാ രാമം വൈശ്വാനരോപമം
ന്യായവൃത്താ യഥാന്യായം തർപ്പയാമാസുരീശ്വരം. 23

അന്യേ	മറ്റുള്ള	ഈശ്വരം	ലോകനാഥനുമായ
താപസാഃ	തപസ്വികളും	രാമം,	ശ്രീരാമനെ
ന്യായവൃത്താഃ	ധർമ്മാനുഷ്ഠാനനിരതരായ	തഥാ	അപ്രകാരംതന്നെ
സിദ്ധാഃ,	സിദ്ധന്മാരും,	യഥാന്യായം	വിധിപ്രകാരം
വൈശ്വാനരോപമം	അഗ്നിതുല്യനും	തർപ്പയാമാസുഃ.	ആരാധനചെയ്തു.

[" സിദ്ധാഃ ", ഭരദ്വാജാദികളെപ്പോലെ സിദ്ധസങ്കല്പന്മാരായവർ, എന്നു 'താപസാഃ' എന്നതിന്നു വിശേഷണം; "ന്യായവൃത്താഃ" സ്വസ്വരൂപാനുഗുണമായ ഭഗവദുപാസനാദി കൈങ്കര്യയുക്തന്മാർ. (മാ. തീ.)

" വൈശ്വാനരോപമാഃ ", സ്വരൂപവിരോധിയായ നിഷിദ്ധകാമ്യകർമ്മാദികളെ ത്യജിച്ചവർ. "അന്യേ", മുൻപറഞ്ഞവരല്ലാത്തവരും കായികമായ കൈങ്കര്യം ചെയ്വാൻ അശക്തന്മാരുമായ താപസന്മാർ. ഗോ. രാ.]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
പ്രഥമഃ സർഗ്ഗഃ = ഒന്നാംസർഗ്ഗം സമാപ്തം.

ബാലകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 6735; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 23.

ദ്വിതീയഃ സർഗ്ഗഃ = രണ്ടാംസർഗ്ഗം

[വിരാധേന സീതാപഹരണം = വിരാധനാൽ സീത അപഹരിക്കപ്പെട്ടത്.]

കൃതാതിഥ്യോഽഥ രാമസ്തു സൂര്യസ്യോദയനം പ്രതി
ആമന്ത്ര്യ സ മുനീൻ സർവ്വാൻ വനമേവാന്വഗാഹത. 1

അഥ	സർവ്വപ്രകാരേണ
കൃതാതിഥ്യഃ	അതിഥിപൂജ ചെയ്യപ്പെട്ടവനായ
സഃ	സർവ്വോത്തമനായ
രാമഃ,	ശ്രീരാമൻ,
സൂര്യസ്യ ഉദയനം പ്രതി	സൂര്യോദയകാലത്തിൽ,
മുനീൻ	മുനിമാർ
സർവ്വാൻ	എല്ലാവരോടും
ആമന്ത്ര്യ തു,	യാത്രപറഞ്ഞ് അനുമതി വാങ്ങിക്കൊണ്ട്,
വനം ഏവ	കാട്ടിനുള്ളിൽതന്നെ
അന്വഗാഹത.	പ്രവേശിച്ചു.

നാനാമൃഗഗണാകീർണ്ണം ശാർദ്ദൂലവൃകസേവിതം
ധ്വസ്തവൃക്ഷലതാഗുല്മം ദുർദ്ദർശസലിലാശയം 2
നിഷ്കൂജനാനാശകുനി ഝില്ലികാഗണനാദിതം
ലക്ഷ്മണാനുഗതോ രാമോ വനമദ്ധ്യം ദദർശ ഹ. 3

ലക്ഷ്മണാനുഗതഃ	ലക്ഷ്മണനാൽ പിൻതുടരപ്പെട്ട
രാമഃ,	ശ്രീരാമൻ,
വനമദ്ധ്യം	വനത്തിന്റെ അന്തർഭാഗത്തെ
നാനാമൃഗഗണാകീർണ്ണം	പലവിധ മൃഗങ്ങളാൽ നിറഞ്ഞിരിക്കുന്നതായും
ശാർദ്ദൂലവൃകസേവിതം	പുലികളാലും ചെന്നായ്ക്കളാലും നിറയപ്പെട്ടതായും
ധ്വസ്തവൃക്ഷലതാഗുല്മം	നശിപ്പിക്കപ്പെട്ട മരങ്ങളോടും വള്ളികളോടും കൂടിയതായും
ദുർദ്ദർശസലിലാശയം	നോക്കുവാൻ പ്രയാസമുള്ള ജലാശയങ്ങളോടുകൂടിയതായും
നിഷ്കൂജനാനാശകുനി	ശബ്ദിക്കാതിരിക്കുന്നവയായ പലവിധ പക്ഷികളോടുകൂടിയതായും
ഝില്ലികാഗണനാദിതം	ചീവീടുകളാൽ ശബ്ദിക്കപ്പെട്ടതായും
ദദർശ ഹ.	കണ്ടു !

സീതയാ സഹ കാകുൽസ്ഥസ്തസ്മിൻഘോരമൃഗായുതേ
ദദർശ ഗിരിശൃംഗാഭം പുരുഷാദം മഹാസ്വനം 4
ഗംഭീരാക്ഷം മഹാവക്ത്രം വികടം വിഷമോദരം
ബീഭത്സം വിഷമം ദീർഘം വികൃതം ഘോരദർശനം 5
വസാനം ചർമ്മ വൈയാഘ്രം വസാർദ്രം രുധിരോക്ഷിതം
ത്രാസനം സർവ്വഭൂതാനാം വ്യാദിതാസ്യമിവാന്തകം 6
ത്രീൻ സിംഹാംശ്ചതുരോ വ്യാഘ്രാൻ ദ്വൗ വൃകൗ പൃഷതാൻ ദശ
സവിഷാണം വസാദിഗ്ദ്ധം ഗജസ്യ ച ശിരോ മഹത് 7
അവസജ്യായസേ ശൂലേ വിനദന്തം മഹാസ്വനം. 8

ഘോരമൃഗായുതേ ക്രൂരമൃഗങ്ങൾ കൂടിനിറഞ്ഞതായ
തസ്മിൻ ആ സ്ഥലത്തിൽ,
ഗിരിശൃംഗാഭം പർവ്വതശിഖരത്തോടു സദൃശനും,
മഹാസ്വനം ഭീമസ്വരമുള്ളവനും,
ഗംഭീരാക്ഷം കുണ്ടിൽപോയവയായ കണ്ണുകളുള്ളവനും
മഹാവക്ത്രം വലിയ മുഖത്തോടുകൂടി
വികടം ഭയങ്കരനും [യവനും
വിഷമോദരം കുണ്ടുംമേടുമായ ഉദരത്തോടുകൂടിയവനും
ബീഭത്സം കണ്ടാലറയ്ക്കുന്നവനും,
വിഷമം വക്രശരീരനും,
ദീർഘം, അത്യധികമുയൎന്നവനും,
വികൃതം, വികൃതരൂപിയും,
ഘോരദർശനം ഭയങ്കരസ്വരൂപനും,
വസാർദ്രം മാംസക്കൊഴുപ്പുകൊണ്ടു നനഞ്ഞതായ
വൈയാഘ്രം ചർമ്മ വസാനം, പുലിത്തോൽ ഉടുത്തവനും,
രുധിരോക്ഷിതം, നിണമണിഞ്ഞവനും
സർവ്വഭൂതാനാം എല്ലാ പ്രാണികൾക്കും
ത്രാസനം, ഭയത്തെ ഉണ്ടാക്കുന്നവനും,
വ്യാദിതാസ്യം പിളൎന്ന വായോടുകൂടിയ
അന്തകം ഇവ യമനോടു സദൃശനുമായ
പുരുഷാദം, ഒരു രാക്ഷസനെ,
ആയസേ ഇരിമ്പു
ശൂലേ ശൂലത്തിൽ
ത്രീൻ സിംഹാൻ മൂന്നു സിംഹങ്ങളേയും,
ചതുരോ വ്യാഘ്രാൻ നാലു നരികളേയും,
ദ്വൌ വൃകൌ രണ്ടു ചെന്നായ്ക്കളേയും,
ദശ പൃഷതാൻ പത്തു മാനുകളേയും,
ഗജസ്യ ആനയുടെ
സവിഷാണം കൊമ്പോടുകൂടിയതും
വസാദിഗ്ദ്ധം മാംസത്തോടുകൂടിയതും
മഹത് വലിയതുമായ
ശിരഃ ച ഒരു തലയേയും,
അവസജ്യ, കോത്ത്,
മഹാസ്വനം ഭയങ്കരശബ്ദത്തിൽ
വിനദന്തം അട്ടഹസിക്കുന്നവ
കാകുൽസ്ഥഃ, ശ്രീരാഘവൻ, [നായി,
സീതയാ സഹ സീതാസഹിതനായി
ദദർശ. നിരീക്ഷിച്ചു.

സ രാമം ലക്ഷ്മണം ചൈവ സീതാം ദൃഷ്ട്വാ ച മൈഥിലീം
അഭ്യധാവത സംക്രുദ്ധഃ പ്രജാഃ കാല ഇവാന്തകഃ. 9

സഃ അവൻ
രാമം ച ശ്രീരാമനേയും,
ലക്ഷ്മണം ച ലക്ഷ്മണനേയും,
മൈഥിലീം മിഥിലാധിപകുമാരിയാ
സീതാം ഏവ സീതാദേവിയേയും, [യ
ദൃഷ്ട്വാ, കണ്ടിട്ട്,
സംക്രുദ്ധഃ, അതിക്രോധത്തോടുകൂടിയവനായി,
കാലേ മരണകാലത്തിൽ
അന്തകഃ യമൻ
പ്രജാഃ ഇവ മനുഷ്യരെ ഏതുവിധമോ ആ വിധത്തിൽ
അഭ്യധാവത. എതിരിട്ടോടിച്ചെന്നു.

സ കൃത്വാ ഭൈരവം നാദം ചാലയന്നിവ മേദിനീം
അങ്കേനാദായ വൈദേഹീമപക്രമ്യ തതോഽബ്രവീത്. 10

സഃ അവൻ
മേദിനീം ഭൂമിയെ
ചാലയൻ ഇവ, കുലുക്കുമാറ്,
ഭൈരവം ഭയങ്കരമായി
നാദം കൃത്വാ, ഗർജ്ജനംചെയ്ത്,
വൈദേഹീം വിദേഹകുമാരിയെ
അങ്കേന ആദായ, ഒക്കത്തെടുത്തുകൊണ്ട്,
അപക്രമ്യ മാറിനിന്ന്,
തതഃ അതിന്നുശേഷം
അബ്രവീത്. ഇപ്രകാരം പറഞ്ഞു.

[വിരാധൻ സീതയെ എടുത്തുകൊണ്ടുപോയത് ദാരബുദ്ധിയാലല്ലെന്നും തന്റെ പാപൌഘ നാശത്തിന്നായാണെന്നും സ്കന്ദപുരാണത്തിൽ പറയുന്നു. "സോഽപി താം ജനകീം ദൃഷ്ട്വാ ശീഘ്രം

സഞ്ജാതവിക്രമഃ ഇയം പുരാ മഹാശക്തിഃ സേയം സൎഗ്ഗസ്യ കാരണം, അസ്യാ വിബോധോ മോക്ഷേഽപി കാരണം ബന്ധനേഽപി ച, തസ്മാദിമാം ഭജിഷ്യാമി ദിഷ്ട്യാ പ്രാപ്തം ഹി ദൎശനം, ഇതി ദൎശനമാത്രേണ വിമുക്താശെഷാഘപഞ്ജരഃ ഭക്തിയുക്തോ ജഹാരൈനാം സീതാം ചൈതന്യരൂപിണീം". മഹാശപരതീൎത്ഥീയം.]

യുവാം ജടാചീരധരൌ സഭാൎയ്യൌ ക്ഷീണജീവിതൌ
പ്രവിഷ്ടൌ ദണ്ഡകാരണ്യം ശരചാപാസിധാരിണൌ. 11

"ജടാചീരധരൌ	"ജടയും വല്ക്കലവുമണിഞ്ഞവരും	ദണ്ഡകാരണ്യം	ദണ്ഡകാവനത്തിൽ
സഭാൎയ്യൌ	ഭാൎയ്യയോടുകൂടിയവരും	ക്ഷീണജീവിതൌ	ആയുസ്സൊടുങ്ങിയവരായി
ശരചാപാസിധാരിണൌ	അമ്പും വില്ലും ഉടവാളും ധരിച്ചവരുമായ	പ്രവിഷ്ടൌ.	പ്രവേശിച്ചിരിക്കുന്നുവല്ലൊ.
യുവാം	നിങ്ങളിരുവരും		

["സഭാൎയ്യൌ", രണ്ടുപേൎക്കും ഒരു ഭാൎയ്യയെന്ന് ദുൎബ്ബുദ്ധികൊണ്ട് പറഞ്ഞതാകുന്നു. മുനിവേഷത്തിന്നു വിരുദ്ധമായ ശരചാപാദി ധരിക്കുന്നതുകൊണ്ടും, ഒരു ഭാൎയ്യയെ നിങ്ങളിരുവരും വെച്ചിരിക്കുന്നതുകൊണ്ടും, നിങ്ങൾ മഹാ പാപന്മാരെന്നു ഭാവം. (ഗൊ. രാ.)]

കഥം താപസയോൎവ്വാം ച വാസഃ പ്രമദയാ സഹ
അധൎമ്മചാരിണൌ പാപൌ കൌ യുവാം മുനിദൂഷകൌ. 12

"താപസയോഃ	"തപസ്വികളായ	മുനിദൂഷകൌ	മുനികൾക്കുതന്നെ അപമാനകരമായ
വാം	നിങ്ങളിരുവൎക്കും	അധൎമ്മചാരിണൌ	അധൎമ്മത്തെ അനുഷ്ഠിക്കുന്ന
പ്രമദയാ സഹ	സ്ത്രീയോടുകൂടി	പാപൌ	പാപികളായ
വാസഃ	വസിക്കുക എന്നതു	യുവാം കൌ?	നിങ്ങളിരുവരും ആരാകുന്നു?
കഥം ച?	എങ്ങിനെയാണ് യോജിച്ചതാവുക?		

അഹം വനമിദം ദുൎഗ്ഗം വിരാധോ നാമ രാക്ഷസഃ
ചരാമി സായുധോ നിത്യമൃഷിമാംസാനി ഭക്ഷയൻ. 13

"വിരാധഃ നാമ	"വിരാധനെന്നു പേരായ	സായുധഃ	ആയുധപാണിയായി
രാക്ഷസഃ	രാക്ഷസനായ	നിത്യം	എല്ലായ്പോഴും
അഹം,	ഞാൻ,	ഋഷിമാംസാനി	ഋഷികളുടെ മാംസങ്ങളെത്തന്നെ
ഇദം	ഈ	ഭക്ഷയൻ	ഭക്ഷിച്ചുകൊണ്ട്
ദുൎഗ്ഗം	കടപ്പാൻ പ്രയാസമേറിയ	ചരാമി.	പാൎത്തുവരുന്നു.
വനം,	വനത്തിൽ,		

ഇയം നാരീ വരാരോഹാ മമ ഭാൎയ്യാ ഭവിഷ്യതി
യുവയോഃ പാപയോശ്ചാഹം പാസ്യാമി രുധിരം മൃധേ. 14

"വരാരോഹാ	"സൌന്ദൎയ്യവതിയായ	പാപയോഃ	പാപികളായ
ഇയം നാരീ,	ഈ നാരി,	യുവയോഃ	നിങ്ങളിരുവരുടേയും
മമ ഭാൎയ്യാ	എനിക്കു ഭാൎയ്യയായി	രുധിരം	രക്തത്തെ
ഭവിഷ്യതി;	ഭവിക്കും;	മൃധേ	പോരിൽ
അഹം	ഞാൻ	പാസ്യാമി ച."	കുടിക്കയും ചെയ്യും."

തസ്യൈവം ബ്രുവതോ ധൃഷ്ടം 'വിരാധസ്യ ദുരാത്മനഃ
ശ്രുത്വാ സഗൎവ്വിതം വാക്യം സംഭ്രാന്താ ജനകാത്മജാ
സീതാ പ്രാവേപതോദ്വേഗാത് പ്രവാതേ കദളീ യഥാ. 15

ജനകാത്മജാ	ജനകനന്ദിനിയായ
സീതാ,	സീതാദേവി
തസ്യ ദുരാത്മനഃ	ആ ദുഷ്ടാത്മാവും
ഏവം	മേൽപ്രകാരം
ബ്രുവതഃ	പറയുന്നവനുമായ
വിരാധസ്യ,	വിരാധന്റെ,
സഗൎവ്വിതം	അഹങ്കാരത്തോടുകൂടിയതും
ധൃഷ്ടം	ക്രൂരവുമായ
വാക്യം	ഭാഷണത്തെ
ശ്രുത്വാ,	കേട്ട്,
ഉദ്വേഗാത്	ഭയംമൂലം
സംഭ്രാന്താ,	പരിഭ്രമിച്ചവളായി,
പ്രവാതേ	കൊടുങ്കാററിൽ
കദളീ യഥാ	വാഴയെന്നപോലെ
പ്രാവേപത.	ഏററവും വിറച്ചു.

താം ദൃഷ്ട്വാ രാഘവഃ ശ്രീമാൻ വിരാധാങ്കഗതാം ശുഭാം
അബ്രവീല്ലക്ഷ്മണം വാക്യം മുഖേന പരിശുഷ്യതാ. 16

ശ്രീമാൻ	ശ്രീമാനായ
രാഘവഃ	ശ്രീരാമൻ
ശുഭാം	പാവനയായ,
താം	അവളെ
വിരാധാങ്കഗതാം	വിരാധന്റെ ഒക്കത്തിരിക്കുന്നവളായി
ദൃഷ്ട്വാ,	കണ്ടു്,
പരിശുഷ്യതാ	വാടിത്തളരുന്ന
മുഖേന	വദനത്തോടുകൂടി
ലക്ഷ്മണം	ലക്ഷ്മണനെ നോക്കി
വാക്യം	ഇപ്രകാരം വാക്യത്തെ
അബ്രവീത്.	അരുളിച്ചെയ്തു.

പശ്യ സൌമ്യ നരേന്ദ്രസ്യ ജനകസ്യാത്മസംഭവാം
മമ ഭാൎയ്യാം ശുഭാചാരാം വിരാധാങ്കേ പ്രവേപിതാം
അത്യന്തസുഖസംവൃദ്ധാം രാജപുത്രീം യശസ്വിനീം. 17

"സൌമ്യ!	"ഹേ ശാന്തശീല!
ജനകസ്യ നരേന്ദ്രസ്യ	ജനകമഹാരാജാവിന്റെ
ആത്മസംഭവാം,	പുത്രിയും,
ശുഭാചാരാം	പതിവ്രതയും
അത്യന്തസുഖസംവൃദ്ധാം	അത്യധികം സുഖമായി വളൎത്തപ്പെട്ടവളും
രാജപുത്രീം	രാജകുമാരിയും
യശസ്വിനീം	കീൎത്തിമതിയും
മമ	എന്റെ
ഭാൎയ്യാം	പ്രേമഭാജനവുമായ ഇവളെ
വിരാധാങ്കേ	വിരാധന്റെ ഒക്കിൽ
പ്രവേപിതാം	(ഭയന്നു്) വിറച്ചുകൊണ്ടിരിക്കുന്നവളായി
പശ്യ!	കണ്ടാലും!

യദഭിപ്രേതമസ്മാസു പ്രിയം വരവൃതം ച യത്
കൈകേയ്യാസ്തത് സുസംവൃത്തം ക്ഷിപ്രമദ്യൈവ ലക്ഷ്മണ. 18

"ലക്ഷ്മണ!	"ലക്ഷ്മണ!
അസ്മാസു	നമ്മുടെ സംഗതിയിൽ
കൈകേയ്യാഃ	കൈകേയീദേവിയുടെ
അഭിപ്രേതം	ഉദ്ദേശം
യത്,	യാതൊന്നോ,
വരവൃതം	വരത്താൽ പ്രാപിക്കപ്പെട്ട
പ്രിയം ച	മനോരഥവും
യത്,	യാതൊന്നോ,
തത് ഏവ	അതെല്ലാംതന്നെ
ക്ഷിപ്രം അദ്യ	കാലതാമസമില്ലാതെ
സുസംവൃത്തം.	വേണ്ടപോലെ സാധിച്ചുകഴിഞ്ഞു.

യാ ന തുഷ്യതി രാജ്യേന പുത്രാർത്ഥേ ദീർഘദർശിനീ
യയാഽഹം സർവ്വഭൂതാനാം ഹിതഃ പ്രസ്ഥാപിതോ വനം
അദ്യേദാനീം സകാമാ സാ യാ മാതാ മമ മധ്യമാ. 19

യാ	യാതൊരുവൾ	യാ,	യാതൊരുവളൊ,
ദീർഘദർശിനീ	ദീർഘാലോചനയോടു കൂടിയവളായി	സർവ്വഭൂതാനാം	എല്ലാ പ്രാണികൾക്കും
		ഹിതഃ	പ്രിയപ്പെട്ടവനായ
പുത്രാർത്ഥേ	(തന്റെ) പുത്രന്റെ കാര്യത്തിൽ	അഹം യയാ	ഞാൻ യാതൊരുവളാൽ
		വനം	കാട്ടിലേക്ക്
രാജ്യേന	രാജ്യലാഭംകൊണ്ടു മാത്രം	പ്രസ്ഥാപിതഃ,	അയക്കപ്പെട്ടുവോ,
		സാ	അപ്രകാരമുള്ള അവൾ
തുഷ്യതി ന	തൃപ്തിപ്പെടുന്നില്ലയൊ,	അദ്യ	ഇപ്പോൾ
മധ്യമാ	താരുണ്യവതിയായ	ഇദാനീം	ഇതിനാൽ
മമ	എന്റെ	സകാമാ.	മനോരഥം സഫലമായവളായിത്തീൎന്നു.
മാതാ	(എളയ) മാതാവ്		

["ദീർഘദർശിനി", (ഞാൻ കാട്ടിലേക്കയക്കപ്പെട്ടാൽ സീതയും എന്റെ കൂടെ വരും; അവളെ രാക്ഷസന്മാർ അപഹരിക്കും; വ്യസനം സഹിക്കാതെ ഞാനും മരിക്കും; അപ്പോൾ ഭരതന്നു യാതൊരു ബാധയുമില്ലാതെ സുഖമായി രാജ്യം ഭരിക്കാം; എന്നിങ്ങിനെ മുൻകൂട്ടിത്തന്നെ കണ്ടവൾ.) ഗൊ. രാ.

"മധ്യമാ മാതാ", കൌസല്യാതഃ കനിഷ്ഠത്വാത് സുമിത്രാതൊ ജ്യേഷ്ഠത്വാത് (കൌസല്യക്കു താഴെയും സുമിത്രക്കു മേലെയും ആകയാൽ മധ്യമാംബ, നടുവിലുള്ള അമ്മ) എന്നു തിലകവ്യാഖ്യാനം. എന്നാൽ തിലകവ്യാഖ്യാനത്തിൽതന്നെ, ബാലകാണ്ഡം 16-ാംസർഗ്ഗത്തിൽ പായസവിഭാഗഘട്ടത്തിൽ, "കൈകേയ്യപേക്ഷയാ ജ്യേഷ്ഠത്വം കൌസല്യാപേക്ഷയാ ച കനിഷ്ഠത്വം ച സുമിത്രായാ വിചാര്യ" (കൌസല്യയെ അപേക്ഷിച്ച് സുമിത്രയുടെ കനിഷ്ഠത്വത്തേയും കൈകേയിയെ അപേക്ഷിച്ച് ജ്യേഷ്ഠത്വത്തേയും വിചാരിച്ച്) എന്നു ഇതിന്നു വിരുദ്ധമായി പറഞ്ഞിരിക്കുന്നു. വാസ്തവത്തിലാകട്ടെ സുമിത്രയാകുന്നു ശ്രീരാമന്റെ 'മധ്യമാംബ' എന്നു പലദിക്കിലും പറഞ്ഞിട്ടുണ്ട്. അയോദ്ധ്യാകാണ്ഡം 52-ാംസർഗ്ഗത്തിൽ ശ്രീരാമൻ സുമന്ത്രരോട് "നഗരീം ത്വാം ഗതം ദൃഷ്ട്വാ ജനനീ മേ യവീയസീ, കൈകേയീ പ്രത്യയം ഗച്ഛേത് ", "യദംബാ മേ യവീയസീ" എന്നിങ്ങിനെയും, മററു പല ദിക്കിലും "അംബാ മേ കനീയസീ" എന്നും കൈകേയിയെപ്പററി പറയുന്നു. അയോദ്ധ്യാകാണ്ഡം 92-ാംസർഗ്ഗത്തിൽ ഭരതൻ, മാതാക്കന്മാരെ ഭരദ്വാജമഹർഷിക്കു കാണിച്ചുകൊടുക്കുന്ന ഘട്ടത്തിൽ, സുമിത്രയെപ്പററി "ഇയം സുമിത്രാ ദുഃഖാർത്താ ദേവീ രാജ്ഞശ്ച മധ്യമാ" എന്നും പറയുന്നു. ആനന്ദരാമായണത്തിൽ "തസ്യാം ദൃഷ്ട്വാഽഥ കൌസല്യാം ജ്ഞാത്വാ വൃത്തം പരസ്പരം, തയാ മുഹൂർത്തസമയെ ദീപേ ദശരഥോ നൃപഃ ഗാന്ധർവ്വാഖ്യം വിവാഹം ച ചകാര മുദിതാനനഃ", എന്നു കൌസല്യാവിവാഹത്തെപ്പററി പറഞ്ഞതിന്നുശേഷം, "തതൊ രാജാ ദശരഥഃ സുമിത്രാം മഗധേശജാം വിവാഹേനാപരാം പത്നീം ചകാര ദയിതാം പ്രിയാം", എന്നു സുമിത്രാവിവാഹത്തെക്കുറിച്ചും, പിന്നെ "കൈകേയനൃപതേഃ കന്യാം കൈകേയീം പദ്മലോചനാം വിവാഹേനാകരോദ്ഭാര്യ്യാം തൃതീയാം പരമാദരാത് ", എന്നു കൈകേയിയെ ദശരഥന്റെ മൂന്നാമത്തെ ഭാര്യ്യയായി പറയുന്നുമുണ്ട്. അതുകൊണ്ട് തിലകവ്യാഖ്യാനത്തിൽ പറഞ്ഞ മാതിരി അർത്ഥം യുക്തമല്ല,

"മധ്യമാ", ഉക്തകാരിണീ, സ്വതഃ സദ്ബുദ്ധിത്വാന്മന്ഥരോക്തകാരിണീതി പ്രോക്തകാരിണീത്യർത്ഥഃ (മററൊരാൾ പറയുന്നപോലെ ചെയ്യുന്നവൾ, സ്വയം സദ്ബുദ്ധിയുള്ളവളെങ്കിലും മന്ഥരയുടെ ഉപദേശപ്രകാരം നടന്നവൾ) എന്നു സത്യധർമ്മതീർത്ഥീയം.]

പരസ്പൎശാത്തു വൈദേഹ്യാ ന ദുഃഖതരമസ്തി മേ
പിതുൎവ്വിയോഗാത് സൌമിത്രേ സ്വരാജ്യഹരണാത്തഥാ. 20

"സൌമിത്രേ !	"ലക്ഷ്മണ !	തഥാ	അതുപോലെത്തന്നെ
വൈദേഹ്യാഃ പരസ്പൎശാത് തു	വൈദേഹിയെ അന്യൻ തൊടുന്നതിനെക്കാൾ	സ്വരാജ്യ-ഹരണാത്	എന്റെ രാജ്യം അപഹരിക്കപ്പെട്ടതിലും
ദുഃഖതരം	അധികമായ വ്യസനം	മേ	എനിക്ക്
പിതുഃ വിയോഗാത്	പിതാവിനെ വിട്ടുപിരിഞ്ഞതിലും	ന അസ്തി."	ഇല്ല."

ഇതി ബ്രുവതി കാകുത്സ്ഥേ ബാഷ്പശോകപരിപ്ലുതേ
അബ്രവീല്ലക്ഷ്മണഃ ക്രുദ്ധോ രുദ്ധോ നാഗ ഇവ ശ്വസൻ. 21

ബാഷ്പശോക-പരിപ്ലുതേ	വ്യസനാധിക്യത്താലുണ്ടായ കണ്ണുനീരിനാലഭിഷിക്തനായ	രുദ്ധഃ	ബന്ധിക്കപ്പെട്ട
കാകുത്സ്ഥേ	ശ്രീരാഘവൻ	നാഗഃ ഇവ	സൎപ്പം എന്നപോലെ
ഇതി	ഇപ്രകാരം	ശ്വസൻ	ചീറിക്കൊണ്ടു്
ബ്രുവതി,	പറയുമ്പോൾ,	ക്രുദ്ധഃ	ക്രോധത്തോടുകൂടിയവനായി
ലക്ഷ്മണഃ	ലക്ഷ്മണൻ,	അബ്രവീത്.	പിൻവരുമാറു് ഉണൎത്തിച്ചു.

അനാഥ ഇവ ഭൂതാനാം നാഥസ്ത്വം വാസവോപമഃ
മയാ പ്രേഷ്യേണ കാകുത്സ്ഥ കിമൎത്ഥം പരിതപ്യസേ. 22

"കാകുത്സ്ഥ !	"ഹേ രഘുവര !	അനാഥഃ ഇവ	അനാഥനെന്നപോലെ
വാസവോപമഃ	ഇന്ദ്രനു തുല്യനായി	പ്രേഷ്യേണ	(പ്രത്യേകിച്ചും) അവിടുത്തെ ഭൃത്യനായ
ഭൂതാനാം	സൎവ്വപ്രാണികൾക്കും	മയാ,	ഞാനിരിക്കെ,
നാഥഃ	രക്ഷകനായ	കിമൎത്ഥം	എന്തിന്നാണു്
ത്വം	ഭവാൻതന്നെ	പരിതപ്യസേ ?	പരിതപിക്കുന്നതു് ?

["വാസവോപമഃ", വാസവഃ ഉപമീയതേ അനേന ഇതി, യാതൊരുത്തന്നു് വാസവൻ, ഇന്ദ്രൻ, ഉപമിക്കപ്പെടുന്നുവോ അവൻ). ഗൊ. രാ.]

ശരേണ നിഹതസ്യാദ്യ മയാ ക്രുദ്ധേന രക്ഷസഃ
വിരാധസ്യ ഗതാസോൎഹി മഹീ പാസ്യതി ശോണിതം. 23

"ക്രുദ്ധേന	"ക്രുദ്ധനായ	ഗതാസോഃ	പ്രാണൻപോയ
മയാ,	എന്നാൽ,	രക്ഷസഃ	രാക്ഷസനായ
അദ്യ ഹി	ഇപ്പോൾതന്നെ	വിരാധസ്യ	വിരാധന്റെ
ശരേണ	ബാണത്താൽ	ശോണിതം	രക്തത്തെ
നിഹതസ്യ	എയ്യപ്പെട്ടു്	മഹീ	ഭൂമി
		പാസ്യതി.	കുടിക്കുവാൻ പോകുന്നു.

രാജ്യകാമേ മമ ക്രോധോ ഭരതേ യോ ബഭൂവ ഹ
തം വിരാധേ വിമോക്ഷ്യാമി വജ്രീ വജ്രമിവാചലേ. 24

"മമ	"എനിക്ക്	തം	അതിനെ
രാജ്യകാമേ	രാജ്യത്തിൽ കൊതി	വജ്രീ	വജ്രപാണിയായ
	പൂണ്ടവനായ	അചലേ	പർവ്വതത്തിൽ [ഇന്ദ്രൻ
ഭരതേ	ഭരതന്റെ സംഗതി	വജ്രം	വജ്രായുധത്തെ
യഃ	യാതൊരു [യിൽ	ഇവ	എന്നപോലെ
ക്രോധഃ	കോപം	വിരാധേ	വിരാധനിൽ
ബഭൂവ ഹ,	ഉണ്ടായിരുന്നുവോ,	വിമോക്ഷ്യാമി.	പ്രയോഗിക്കുന്നുണ്ട്.

[രാജ്യത്തെ കൊതിച്ച്, ശ്രീരാമനെ സംഹരിപ്പാനാണ് ഭരതൻ സൈന്യത്തോടുകൂടി വരുന്നത്, എന്ന് താൻ വിചാരിച്ചസമയം, തനിക്കുണ്ടായ ആ കോപത്തെ, ഇപ്പോൾ വിരാധന്നു നേരെ പ്രയോഗിക്കാമെന്നു താല്പര്യം.]

മമ ഭുജബലവേഗവേഗിതഃ
പതതു ശരോऽസ്യ മഹാന്മഹോരസി
വ്യപനയതു തനോശ്ച ജീവിതം
പതതു തതഃ സ മഹീം വിഘൂർണ്ണിതഃ. 25

"മമ	"എന്റെ	തനോഃ	ശരീരത്തിൽനിന്നും
ഭുജബലവേഗ- }	കൈയൂക്കുകൊണ്ട്	ജീവിതം	ജീവനെ
വേഗിതഃ }	ഇക്ഷണംതന്നെ എയ്യ	വ്യപനയതു ച;	അകററുകയും ചെയ്യട്ടെ;
മഹാൻ	മഹത്തായ [പ്പെട്ടതായ	തതഃ	അതിനാൽ
ശരഃ,	ബാണം,	സഃ	അവൻ
അസ്യ	ഇവന്റെ	വിഘൂർണ്ണിതഃ	വട്ടംചുററി
മഹോരസി	വിരിഞ്ഞ മാറിടത്തിൽ	മഹീം	ഭൂമിയിൽ
പതതു;	വീഴട്ടെ;	പതതു."	വീഴട്ടെ."

ഇത്യുക്ത്വാ ലക്ഷ്മണഃ ശ്രീമാൻ രാക്ഷസം പ്രഹസന്നിവ
കോ ഭവാൻ വനമഭ്യേത്യ ചരിഷ്യതി യഥാ സുഖം. 26

ശ്രീമാൻ	ശ്രീമാനായ	വനം	കാട്ടിൽ
ലക്ഷ്മണഃ	ലക്ഷ്മണൻ	അഭ്യേത്യ	ഞങ്ങളെ എതിർത്തിട്ട്
ഇതി ഉക്ത്വാ,	ഇപ്രകാരം പറഞ്ഞിട്ട്,	യഥാസുഖം	സുഖമായി
രാക്ഷസം	രാക്ഷസനെ നോക്കി	ചരിഷ്യതി }	ജീവിച്ചിരിക്കാമെന്നാ
പ്രഹസൻ,	പരിഹാസഭാവത്തിൽ,	ഇവ ?' }	ണൊ വിചാരം ?'
'ഭവാൻ കഃ ?	'നീ ആരാണ് ?		എന്നു ചോദിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ദ്വിതീയഃ സർഗ്ഗഃ = രണ്ടാംസർഗ്ഗം സമാപ്തം.

ബാലകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 6761; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 49

തൃതീയഃ സർഗ്ഗഃ = മൂന്നാംസർഗ്ഗം.

[വിരാധപ്രഹാരഃ = വിരാധനെ പ്രഹരിക്കുന്നതു്.]

അഥോവാച പുനർവ്വാക്യം വിരാധഃ പൂരയൻ വനം
ആത്മാനം പൃച്ഛതേ ബ്രൂതം കൌ യുവാം ക്വ ഗമിഷ്യഥഃ. 1

വിരാധഃ	വിരാധൻ	"പൃച്ഛതേ	"ചോദിക്കുന്നവനായ എന്നോടു്
വനം	വനത്തെ	ആത്മാനം	അവനവനെപ്പററി
പൂരയൻ	മാറെറാലികൊള്ളിച്ചു കൊണ്ടു്	ബ്രൂതം ;	പറയുവിൻ ;
പുനഃ	വീണ്ടും	യുവാം	നിങ്ങളിരുവരും
അഥ	ഇപ്രകാരം	കൌ	ആരാണു് ?
വാക്യം	വാക്യത്തെ	ക്വ ഗമിഷ്യഥഃ?"	എവിടേയ്ക്കാണു് പോകുന്നതു് ?"
ഉവാച.	പറഞ്ഞു.		

തമുവാച തതോ രാമോ രാക്ഷസം ജ്വലിതാനനം
പൃച്ഛന്തം സുമഹാതേജാ ഇക്ഷ്വാകുകുലമാത്മനഃ. 2

തതഃ	അപ്പോൾ	തം	ആ
സുമഹാതേജാഃ	മഹാതേജസ്വിയായ	രാക്ഷസം	രാക്ഷസനോടു്
രാമഃ,	ശ്രീരാമൻ,	ഉവാച ;	ഇങ്ങിനെ മറുപടിയുരച്ചു ;
ജ്വലിതാനനം	തീപോലെ ജ്വലിക്കുന്ന മുഖത്തോടുകൂടിയ	"ആത്മനഃ	"ഞങ്ങൾക്കു്
പൃച്ഛന്തം	ചോദിക്കുന്നവനായി	ഇക്ഷ്വാകുകുലം."	ഇക്ഷ്വാകുവംശമാകുന്നു."

ക്ഷത്രിയൌ വൃത്തസംപന്നൌ വിദ്ധി നൌ വനഗോചരൌ
ത്വാം തു വേദിതുമിച്ഛാവഃ കസ്ത്വം ചരസി ദണ്ഡകാൻ. 3

"നൌ	"ഞങ്ങളെ	ചരസി ;	നീ ചുററിത്തിരിയുന്നു വല്ലൊ ;
വൃത്തസംപന്നൌ	സച്ചരിതരായി	ത്വം കഃ ?	നീ ആർ ?
വനഗോചരൌ	വനവാസികളായ	ത്വാം തു	നിന്നെപ്പററിയും വിവരമായി
ക്ഷത്രിയൌ	ക്ഷത്രിയന്മാരെന്നു്	വേദിതും	അറിയുവാൻ
വിദ്ധി ;	അറിഞ്ഞുകൊൾക ;	ഇച്ഛാവഃ."	ഞങ്ങൾ ആഗ്രഹിക്കുന്നു."
ദണ്ഡകാൻ	ദണ്ഡകാവനത്തിൽ		

തമുവാച വിരാധസ്തു രാമം സത്യപരാക്രമം
ഹന്ത വക്ഷ്യാമി തേ രാജന്നിബോധ മമ രാഘവ. 4

വിരാധഃ	വിരാധൻ	"രാജൻ !	"ഹേ രാജാവേ !
തു	ആ സമയം	ഹന്ത തേ വക്ഷ്യാമി ;	ഭവാനോടു് ധാരാളം പറഞ്ഞുതരാം ;
സത്യപരാക്രമം	സത്യപരാക്രമനായ	രാഘവ !	രഘുവംശജ !
തം രാമം,	ആ ശ്രീരാമനെ നോക്കി,	മമ നിബോധ.	ഞാൻ പറയുന്നതു് കേൾക്കുക.
ഉവാച ;	പിൻവരുമാറു് ഉത്തരം പറഞ്ഞു ;		

["ഹന്ത":—തന്റെ സ്വന്തം യോഗ്യതയെപ്പററിപ്പറയുമ്പോഴുള്ള ഗർവ്വത്തെ കാണിക്കുന്നു.]

പുത്രഃ കില ജയസ്യാഹം മമ മാതാ ശതഹ്രദാ
വിരാധ ഇതി മാമാഹുഃ പൃഥിവ്യാം സൎവ്വരാക്ഷസാഃ. 5

"അഹം	"ഞാൻ	ശതഹ്രദാ;	ശതഹ്രദയെന്നവളാ[കുന്നു;
ജയസ്യ	ജയന്റെ	പൃഥിവ്യാം	ഭൂമിയിൽ
പുത്രഃ	തനയൻ	സൎവ്വരാക്ഷസാഃ	രാക്ഷസന്മാരെല്ലാവരും
കില;	എന്നു പറയപ്പെടുന്നു;	മാം	എന്നെ
മമ	എന്റെ	വിരാധഃ ഇതി	വിരാധനെന്നു
മാതാ	മാതാവ്	ആഹുഃ.	വിളിച്ചുവരുന്നു.

["സൎവ്വരാക്ഷസാഃ" എന്നു പറഞ്ഞതുകൊണ്ട് തന്റെ കീൎത്തിയെ വ്യഞ്ജിപ്പിക്കുന്നു.]

തപസാ ചാപി മേ പ്രാപ്താ ബ്രഹ്മണോ ഹി പ്രസാദജാ
ശസ്ത്രേണാവധ്യതാ ലോകേഽച്ഛേദ്യാഭേദ്യത്വമേവ ച. 6

"തപസാ അപി	"തപസ്സുകൊണ്ടുതന്നെ	പ്രാപ്താ;	ലഭിച്ചിരിക്കുന്നു;
ലോകേ	ലോകത്തിൽ	അച്ഛേദ്യാഭേദ്യത്വം ച	(ആയുധങ്ങളാൽ) വെട്ടപ്പെടുവാനും മുറിവേല്പിക്കപ്പെടുവാനും സാധിക്കയില്ലെന്നുള്ള അവസ്ഥയും
മേ	എനിക്ക്		
ശസ്ത്രേണ	ആയുധത്താൽ		
അവധ്യതാ	മരണമില്ലെന്നത്		
ബ്രഹ്മണഃ	ബ്രഹ്മദേവന്റെ		
പ്രസാദജാ ഹി	അനുഗ്രഹഫലമായി തന്നെ	ഏവ ച.	അപ്രകാരംതന്നെ ലഭിച്ചിട്ടുണ്ട്.

ഉത്സൃജ്യ പ്രമദാമേനാമനപേക്ഷൌ യഥാഗതം
ത്വരമാണൌ പലായേഥാം ന വാം ജീവിതമാദദേ. 7

"ഏനാം	"ഈ	ത്വരമാണൌ	വേഗത്തിൽ
പ്രമദാം	പെണ്ണിനെ	പലായേഥാം;	ഓടിപ്പോയ്ക്കൊൾവിൻ;
ഉത്സൃജ്യ,	വിട്ടേച്ച്,	വാം	നിങ്ങളുടെ
യഥാഗതം	വന്നപാടേതന്നെ,	ജീവിതം	ജീവനെ
അനപേക്ഷൌ	ആശവെക്കാതെ,	ആദദേ ന."	ഞാൻ എടുക്കുകയില്ല."

[ഇവിടെ നില്ക്കാതെ ഓടിപ്പോയ്ക്കൊൾവിൻ. നിന്നാൽ ഒരു സമയം എന്റെ മനസ്സുമാറി നിങ്ങളെ ഞാൻ കൊന്നുകളയും. ഗോ. രാ.]

തം രാമഃ പ്രത്യുവാചേദം കോപസംരക്തലോചനഃ
രാക്ഷസം വികൃതാകാരം വിരാധം പാപചേതസം. 8

രാമഃ	ശ്രീരാമൻ	തം	ആ
കോപസംരക്തലോചനഃ	കോപത്താൽ ചുവന്ന കണ്ണുകളോടുകൂടിയവ[നായി]	രാക്ഷസം	രാക്ഷസനായ
		വിരാധം	വിരാധനെ നോക്കി
വികൃതാകാരം	ഭയങ്കരരൂപിയും	ഇദം	ഇപ്രകാരം
പാപചേതസം	നീചബുദ്ധിയും ആയ	പ്രത്യുവാച.	മറുപടിയരുളിച്ചെയ്തു.

["പാപചേതസം", സീതാഹരണത്തിൽ ബുദ്ധിവെച്ചവൻ. ഗോ. രാ.]

ക്ഷുദ്ര ധിക് ത്വാം തു ഹീനാൎത്ഥം മൃത്യുമന്വേഷസേ ധ്രുവം
രണേ സംപ്രാപ്സ്യസേ തിഷ്ഠ ന മേ ജീവൻ ഗമിഷ്യസി. 9

"ക്ഷുദ്ര ത്വാം ധിക്!	ഛീ നീച! നീ നശിച്ചു.
മേ	എന്റെ മുമ്പാകെ
ജീവൻ	ജീവനോടുകൂടി
ഗമിഷ്യസി ന;	നീ മടങ്ങിപ്പോവുകയില്ല!
തു	ഇപ്പോൾ
ഹീനാൎത്ഥം	നിന്റെ ഇഷ്ടം സാധിക്കാതിരിക്കമാറു്

മൃത്യും അന്വേഷസേ;	നീ മരണത്തെ അന്വേഷിക്കുകയാണു്;
ധ്രുവം	തീൎച്ചയായും
രണേ	യുദ്ധത്തിൽ
സംപ്രാപ്സ്യസേ	അതിനെ നീ പ്രാപിപ്പാൻ പോകുന്നു;
തിഷ്ഠ!"	ഓടാതെ നില്ക്കു്!"

["ഹീനാൎത്ഥം" അന്യസ്ത്രീയെ മോഹിക്കുക എന്ന നീചമായ ആഗ്രഹത്തോടുകൂടിയവനായ നിന്നെ. ഗോ. രാ.]

തതഃ സജ്യം ധനുഃ കൃത്വാ രാമഃ സുനിശിതാൻ ശരാൻ
സുശീഘ്രമഭിസന്ധായ രാക്ഷസം നിജഘാന ഹ. 10

തതഃ	അതിൽപിന്നെ
രാമഃ	ശ്രീരാമൻ,
ധനുഃ	വില്ലിനെ
സജ്യം കൃത്വാ,	ഞാണേററി,
സുനിശിതാൻ	കൂൎത്തുമൂൎത്തവയായ

ശരാൻ,	ശരങ്ങളെ,
സുശീഘ്രം	അതിവേഗത്തിൽ
അഭിസന്ധായ,	തൊടുത്തു്,
രാക്ഷസം	രാക്ഷസനുനേരെ
നിജഘാന ഹ.	എയ്തു.

ധനുഷാ ജ്യാഗുണവതാ സപ്ത ബാണാൻ മുമോച ഹ
രുക്മപുംഖാൻ മഹാവേഗാൻ സുപൎണ്ണാനിലതുല്യഗാൻ. 11

ജ്യാഗുണവതാ	ഞാണേററപ്പെട്ട
ധനുഷാ	വില്ലുകൊണ്ടു്,
രുക്മപുംഖാൻ	പൊൻകെട്ടുള്ളവയും,
സുപൎണ്ണാനിലതുല്യഗാൻ	ഗരുഡനും, വായുവിന്നും തുല്യമായ ഗതിയോടുകൂടിയവയും

മഹാവേഗാൻ	വേഗതയുള്ളവയുമായ
സപ്ത	ഏഴു
ബാണാൻ	ബാണങ്ങളെ
മുമോച ഹ.	പ്രയോഗിച്ചു, കണ്ടാലും.

തേ ശരീരം വിരാധസ്യ ഭിത്ത്വാ ബൎഹിണവാസസഃ
നിപേതുഃ ശോണിതാദിഗ്ദ്ധാ ധരണ്യാം പാവകോപമാഃ. 12

പാവകോപമാഃ	അഗ്നിക്കു് സദൃശമായവയും
ബൎഹിണവാസസഃ	മയിൽപീലികെട്ടപ്പെട്ടവയുമായ
തേ	അവ
വിരാധസ്യ	വിരാധന്റെ

ശരീരം	ദേഹത്തെ
ഭിത്ത്വാ,	തുളച്ചു്,
ശോണിതാദിഗ്ദ്ധാഃ	രക്തം പുരണ്ടവയായി
ധരണ്യാം	നിലത്തു
നിപേതുഃ.	വീണു.

സ വിദ്ധ്വാ ന്യസ്യ വൈദേഹീം ശൂലമുദ്യമ്യ രാക്ഷസഃ
അഭ്യദ്രവത്സുസംക്രുദ്ധസ്തദാ രാമം സലക്ഷ്മണം. 13

സഃ രാക്ഷസഃ	ആ രാക്ഷസൻ	ഉദ്യമ്യ,	ഉയൎത്തിപ്പിടിച്ചു്,
വിദ്ധഃ	ബാണപ്രഹരമേററവനായി	തദാ	അപ്പോൾ
		സലക്ഷ്മണം	ലക്ഷ്മണസഹിതനായ
വൈദേഹീം	വിദേഹാത്മജയെ	രാമം	ശ്രീരാമനുനേരെ
ന്യസ്യ,	താഴത്തുവെച്ചു്,	സുസംക്രുദ്ധഃ	കോപാവിഷ്ടനായി
ശൂലം	ശൂലത്തെ	അഭ്യദ്രവത്.	ഓടിഎത്തിത്തു.

സ വിനദ്യ മഹാനാദം ശൂലം ശക്രധ്വജോപമം
പ്രഗൃഹ്യാശോഭത തദാ വ്യാത്താനന ഇവാന്തകഃ. 14

തദാ	ആ സമയം	മഹാനാദം	ഉച്ചസ്വരത്തിൽ
സഃ	അവൻ	വിനദ്യ	ഗൎജ്ജിച്ചുകൊണ്ടു്
ശക്രധ്വജോപമം	ഇന്ദ്രധ്വജംപോലെ	വ്യാത്താനനഃ	വായ്പിളൎന്നവനായി
ശൂലം	ശൂലത്തെ [ഉന്നതമായ	അന്തകഃ ഇവ	യമനെന്നപോലെ
പ്രഗൃഹ്യ	മുറുകെപ്പിടിച്ചു്	അശോഭത.	കാണപ്പെട്ടു.

[ഇന്ദ്രധ്വജം, മഴപെയ്യാതിരിക്കുന്ന കാലത്തിലും മററും ഇന്ദ്രപ്രീതിക്കായ് തത്പൂജാൎത്ഥം ഉച്ചത്തിൽ നാട്ടുന്നതായ കൊടിമരമാകുന്നു]

അഥ തൌ ഭ്രാതരൌ ദീപ്തം ശരവൎഷം വവൎഷതുഃ
വിരാധേ രാക്ഷസേ തസ്മിൻ കാലാന്തകയമോപമേ. 15

ഭ്രാതരൌ	സഹോദരന്മാരായ	രാക്ഷസേ	രാക്ഷസനായ
തൌ,	ആ രണ്ടുപേരും,	വിരാധേ	വിരാധൻെറ മേൽ
കാലാന്തകയമോപമേ	പ്രളയകാലത്തിലെ സൎവ്വനാശകനായ യമനെന്നപോലിരിക്കുന്ന	അഥ	അപ്പോൾ
		ദീപ്തം	ഉജ്ജ്വലിക്കുന്ന
		ശരവൎഷം	ശരവൎഷത്തെ
തസ്മിൻ	ആ [വനായ	വവൎഷതുഃ.	വൎഷിച്ചു.

["കാലാന്തകയമോപമേ", സംഹാരകാലത്തിൽ നാശംചെയ്യുന്നവനായ യമനു തുല്യൻ. (ഗൊ. രാ.) ജീവിതവിച്ഛേദകനായ കാലനും, പ്രാണാപഹാരകനായ അന്തകനും, പുണ്യാപുണ്യ വിവേചനം ചെയ്യുന്നവനായ യമനും, തുല്യൻ. (തീൎത്ഥീയം). പ്രാണൻ, ദേഹം, മനസ്സ് എന്നിവയെ സംഹരിക്കുന്നവനായ കാലൻ, അന്തകൻ, യമൻ എന്നിവൎക്ക് തുല്യൻ. (തിലകം).]

സ പ്രഹസ്യ മഹാരൌദ്രഃ സ്ഥിത്വാഽജൃംഭത രാക്ഷസഃ. 16

മഹാരൌദ്രഃ	അതിക്രൂരനായ	പ്രഹസ്യ	ചിരിച്ചുകൊണ്ടു്
സഃ രാക്ഷസഃ	ആ രാക്ഷസൻ	അജൃംഭത.	അലക്ഷ്യമായ് നിവൎന്നുനിന്നു.
സ്ഥിത്വാ	ഇളകാതെ നിന്നു്		

വിരാധഃ ശൂലമുദ്യമ്യ രാഘവാവഭ്യധാവത. 17

വിരാധഃ	വിരാധൻ	രാഘവൌ	രാമലക്ഷ്മണന്മാരെ
ശൂലം	ശൂലത്തെ		
ഉദ്യമ്യ	ഉയൎത്തിക്കൊണ്ടു്	അഭ്യധാവത.	എതിൎത്തോടി.

തച്ഛൂലം വജ്രസങ്കാശം ഗഗനേ ജ്വലനോപമം
ദ്വാഭ്യാം ശരാഭ്യാം ചിച്ഛേദ രാമശ്ശസ്ത്രഭൃതാം വരഃ. 18

ശസ്ത്രഭൃതാം	റില്ലാളികളിൽ വെച്ച്
വരഃ	ശ്രേഷ്ഠനായ
രാമഃ,	ശ്രീരാമൻ,
വജ്രസങ്കാശം	വജ്രായുധത്തിന്ന് തുല്യ
ഗഗനേ	ആകാശത്തിൽ [വും

ജ്വലനോപമം	കത്തുന്നപന്തം പൊലെയിരിക്കുന്നതുമായ
തത് ശൂലം	ആ ശൂലത്തെ
ദ്വാഭ്യാം	രണ്ടു
ശരാഭ്യാം	ബാണങ്ങളാൽ
ചിച്ഛേദ.	മുറിച്ചെറിഞ്ഞു.

തദ്രാമവിശിഖച്ഛിന്നം ശൂലം തസ്യ കരാദ് ഭുവി
പപാതാശനിനാ ഛിന്നം മേരോരിവ ശിലാതലം. 19

അശനിനാ	ഇടിയാൽ
ഛിന്നം	പിളക്കപ്പെട്ട
ശിലാതലം	ഒരു പാറ [നിന്ന്
മേരോഃ	മേരുപർവ്വതത്തിൽ-
ഇവ	എപ്രകാരമൊ അപ്രകാരം

രാമവിശിഖച്ഛിന്നം	ശ്രീരാമബാണത്താൽ മുറിക്കപ്പെട്ട
തത് ശൂലം	ആ ശൂലം
തസ്യ	അവന്റെ
കരാത്	കൈയിൽ നിന്ന്
ഭുവി പപാത.	നിലത്തു് വീണു.

തൌ ഖഡ്ഗൌ ക്ഷിപ്രമുദ്യമ്യ കൃഷ്ണസർപ്പോപമൌ ശുഭൌ
തൂർണ്ണമാപതതസ്തസ്യ തദാ പ്രഹരതാം ബലാത്. 20

തൌ	അവരിരുവരും
കൃഷ്ണസർപ്പോപമൌ	കാളസർപ്പത്തോടൊത്ത
ശുഭൌ	മഹത്തായ
ഖഡ്ഗൌ	അവരുടെ രണ്ടു ഖഡ്ഗങ്ങളെയും
ക്ഷിപ്രം	തൽക്ഷണംതന്നെ

ഉദ്യമ്യ,	ഉയർത്തിപ്പിടിച്ച്,
തൂർണ്ണം	വേഗതയോടെ
ആപതതഃ	മേൽവന്നു വീഴുന്നവ [നായ
തസ്യ	അവനെ
തദാ	അപ്പോൾ
ബലാത്	ഊക്കോടെ
പ്രഹരതാം.	വെട്ടി.

സ വദ്ധ്യമാനസ്സുഭൃശം ഭുജാഭ്യാം പരിഗൃഹ്യ തൌ
അപ്രകമ്പ്യൌ നരവ്യാഘ്രൌ രൌദ്രഃ പ്രസ്ഥാതുമൈച്ഛത. 21

രൌദ്രഃ	ഭയങ്കരനായ
സഃ,	അവൻ,
സുഭൃശം	അത്യധികം [നായി,
വദ്ധ്യമാനഃ	പ്രഹരിക്കപ്പെടുന്നവ-
അപ്രകമ്പ്യൌ	ലേശവും ഇളക്കമില്ലാത്ത

നരവ്യാഘ്രൌ	പുരുഷശ്രേഷ്ഠന്മാരായ
തൌ	അവരിരുവരെയും,
ഭുജാഭ്യാം	രണ്ടുകൈകളാലും
പരിഗൃഹ്യ	കെട്ടിയെടുത്തുകൊണ്ട്
പ്രസ്ഥാതും	പോവാൻ
ഐച്ഛത.	മുതിന്നു.

തസ്യാഭിപ്രായമാജ്ഞായ രാമോ ലക്ഷ്മണമബ്രവീത്
വഹത്വയമലം താവത് പഥാऽനേന തു രാക്ഷസഃ. 22

രാമഃ	ശ്രീരാമൻ,
തസ്യ	അവന്റെ
അഭിപ്രായം	ഉദ്ദേശത്തെ
ആജ്ഞായ,	മനസ്സിലാക്കിയിട്ട്,
ലക്ഷ്മണം	ലക്ഷ്മണനെ നോക്കി
അബ്രവീത് ;	ഇപ്രകാരം പറഞ്ഞു ;

" അയം	" ഈ
രാക്ഷസഃ,	രാക്ഷസൻ,
തു	ഇപ്പോൾ
അനേന പഥാ	ഈ വഴിക്കുതന്നെ
അലം താവത്	വേണ്ടേടത്തോളം
വഹതു.	(നമ്മെ) ചുമന്നുകൊണ്ടുപോകട്ടെ.

അയമേവ ഹി നഃ പന്ഥാ യേന യാതി നിശാചരഃ. 23

"ഹി	"എന്തെന്നാൽ
നിശാചരഃ	ഈ രാത്രിഞ്ചരൻ
യേന യാതി,	ഏതുവഴിക്കു പോകുന്നു-[വോ,
അയം ഏവ	ഇതുതന്നെയാണ്
നഃ	നമുക്കും
പന്ഥാ."	പോകേണ്ട വഴി."

സ തു സ്വബലവീര്യേണ സമുത്ക്ഷിപ്യ നിശാചരഃ
ബാലാവിവ സ്കന്ധഗതൌ ചകാരാതിബലൌ തതഃ. 24

തതഃ	അപ്പോൾ
സഃ നിശാചരഃ	ആ രാക്ഷസൻ
സ്വബല-വീര്യേണ	തന്റെ കൈയൂക്കു കൊണ്ട്
അതിബലൌ തു	അതിബലവാന്മാരായ ആ രണ്ടുപേരേയും
സമുത്ക്ഷിപ്യ	എടുത്തുയർത്തി,
ബാലൌ ഇവ	ചെറുശിശുക്കളെഎന്നപോലെ
സ്കന്ധഗതൌ ചകാര.	തോളിലേററി.

താവാരോപ്യ തതഃ സ്കന്ധം രാഘവൌ രജനീചരഃ
വിരാധോ നിനദൻ ഘോരം ജഗാമാഭിമുഖോ വനം. 25

തൌ രാഘവൌ	ആ രാമലക്ഷ്മണന്മാരെ
സ്കന്ധം	ചുമലിൽ
ആരോപ്യ,	ഏററിയിട്ട്,
രജനീചരഃ	നിശാചരനായ
വിരാധഃ	വിരാധൻ
തതഃ	അവിടെ നിന്ന്
ഘോരം	ഭയങ്കരമായ്
നിനദൻ,	ഗർജ്ജിച്ചുകൊണ്ട്,
വനം അഭിമുഖഃ	കാട്ടിലേക്ക്
ജഗാമ.	ചെന്നു.

വനം മഹാമേഘനിഭം പ്രവിഷ്ടോ
ദ്രുമൈർമ്മഹദ്ഭിർവ്വിവിധൈരുപേതം
നാനാവിധൈഃ പക്ഷിശതൈർവ്വിചിത്രം
ശിവായുതം വ്യാളമൃഗൈർവ്വികീർണ്ണം. 26

മഹാമേഘനിഭം	മഹാമേഘസദൃശവും,
വിവിധൈഃ	പലവിധത്തിലുള്ള
മഹദ്ഭിഃ	ഊക്കൻ
ദ്രുമൈഃ	മരങ്ങളോട്
ഉപേതം,	കൂടിയതും,
നാനാവിധൈഃ	പലതരത്തിലുള്ള
പക്ഷിശതൈഃ	പക്ഷിഗണങ്ങളാൽ
വിചിത്രം,	നിറയപ്പെട്ടതും,
ശിവായുതം	കുറുനരികളോടു കൂടിയതും
വ്യാളമൃഗൈഃ	ക്രൂരമൃഗങ്ങളാൽ
വികീർണ്ണം	നിറയപ്പെട്ടതും ആയ
വനം	ഒരു വനത്തിൽ
പ്രവിഷ്ടഃ.	അവൻ പ്രവേശിച്ചു.

[സൂര്യപ്രകാശത്തെ മറയ്ക്കുന്നതുകൊണ്ട് വനത്തിനെ പുഷ്കരാവർത്തകാദി മഹാമേഘങ്ങളോടുപമിച്ചിരിക്കുന്നു.]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
തൃതീയഃ സർഗ്ഗഃ = മൂന്നാംസർഗ്ഗം സമാപ്തം.

ബാലകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 6787; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ **75.**

ചതുൎത്ഥഃ സൎഗ്ഗഃ = നാലാംസൎഗ്ഗം

[വിരാധമുക്തിഃ = വിരാധന്നു മോക്ഷം ലഭിക്കുന്നതു്.]

ഹ്രിയമാണൌ തു തൌ ദൃഷ്ട്വാ വൈദേഹീ രാമലക്ഷ്മണൌ
ഉച്ചൈഃ സ്വരേണ ചുക്രോശ പ്രഗൃഹ്യ സുഭുജാ ഭുജൌ. 1

സുഭുജാ	ഭംഗിയുള്ള കൈകളോടു കൂടിയവളായ	ദൃഷ്ട്വാ തു,	കണ്ട ഉടനെ,
വൈദേഹീ	വിദേഹനന്ദിനി,	ഭുജൌ	ഇരുകൈകളേയും
തൌ	ആ	പ്രഗൃഹ്യ	ഉയൎത്തിപ്പിടിച്ചുകൊണ്ടു്
രാമലക്ഷ്മണൌ	ശ്രീരാമലക്ഷ്മണന്മാർ	ഉച്ചൈഃ സ്വരേണ	ഉച്ചസ്വരത്തിൽ
ഹ്രിയമാണൌ	എടുത്തുകൊണ്ടുപോകപ്പെടുന്നതിനെ	ചുക്രോശ.	മുറവിളികൂട്ടി.

ഏഷ ദാശരഥീ രാമഃ സത്യവാൻ ശീലവാൻ ശുചിഃ
രക്ഷസാ രൌദ്രരൂപേണ ഹ്രിയതേ സഹലക്ഷ്മണഃ. 2

" ഏഷഃ	" ഈ	രാമഃ	ശ്രീരാഘവൻ
ദാശരഥിഃ	ദശരഥചക്രവൎത്തിയുടെ പുത്രനും	സഹലക്ഷ്മണഃ,	ലക്ഷ്മണനോടുകൂടി,
സത്യവാൻ,	സത്യസന്ധനും,	രൌദ്രരൂപേണ	ഭയങ്കരസ്വരൂപിയായ
ശീലവാൻ,	സദാചാരസമ്പന്നനും,	രക്ഷസാ	ഒരു രാക്ഷസനാൽ
ശുചിഃ	പരിശുദ്ധമൂൎത്തിയുമായ	ഹ്രിയതേ.	കൊണ്ടുപോകപ്പെടുന്നു.

മാം വൃകാ ഭക്ഷയിഷ്യന്തി ശാൎദ്ദൂലാ ദ്വീപിനസ്തഥാ
മാം ഹരോത്സൃജ്യ കാകുൽസ്ഥൌ നമസ്തേ രാക്ഷസോത്തമ. 3

"രാക്ഷസോത്തമ	" ഹേ രാക്ഷസശ്രേഷ്ഠ !	വൃകാഃ	ചെന്നായ്ക്കളും
തേ നമഃ !	ഭവാന്നു് നമസ്കാരം !	ശാൎദ്ദൂലാഃ	നരികളും,
കാകുൽസ്ഥൌ	രാമലക്ഷ്മണന്മാരെ	ദ്വീപിനഃ	കഴുതപ്പുലികളും
ഉത്സൃജ്യ	വിട്ടു്,	തഥാ	ഏതുകൊണ്ടും
മാം	എന്നെ	ഭക്ഷയിഷ്യന്തി."	ഭക്ഷിപ്പാൻതന്നെയാണു് പോവുന്നതു്."
ഹര ;	കൊണ്ടുപോയ്ക്കൊൾക ;		
മാം	എന്നെ		

തസ്യാസ്തദ്വചനം ശ്രുത്വാ വൈദേഹ്യാ രാമലക്ഷ്മണൌ
വേഗം പ്രചക്രതുൎവ്വീരൌ വധേ തസ്യ ദുരാത്മനഃ. 4

വീരൌ	വീൎയ്യശാലികളായ	ശ്രുത്വാ	കേട്ടു്,
രാമലക്ഷ്മണൌ	രാമലക്ഷ്മണന്മാർ	തസ്യ	ആ
തസ്യാഃ	ആ	ദുരാത്മനഃ	ദുഷ്ടന്റെ
വൈദേഹ്യാഃ	വിദേഹാത്മജയുടെ	വധേ	വധവിഷയത്തിൽ
തത്	ആ	വേഗം പ്രചക്രതുഃ.	വേണ്ട യത്നംചെയ്തു.
വചനം	വാക്കുകളെ		

തസ്യ രൌദ്രസ്യ സൌമിത്രിസ്സവ്യം ബാഹും ബഭഞ്ജ ഹ
രാമസ്തു ദക്ഷിണം ബാഹും തരസാ തസ്യ രക്ഷസഃ 5

സൌമിത്രിഃ	ലക്ഷ്മണൻ	തസ്യ	ആ
തസ്യ	ആ	രക്ഷസഃ	രാക്ഷസന്റെ
രൌദ്രസ്യ	ദുഷ്ടന്റെ	ദക്ഷിണം	വലത്തെ
സവ്യം	ഇടത്തെ	ബാഹും	കയ്യിനെ
ബാഹും	കൈയ്യിനെ	തരസാ	ഊക്കോടെ
ബഭഞ്ജ ;	വെട്ടിമുറിച്ചു ;	ഹ.	അപ്രകാരംതന്നെ
രാമഃ തു	ശ്രീരാമനും		ചെയ്തു

[വെട്ടിമുറിച്ചാലും പ്രാണൻ പോയില്ല. അഃച്ഛേദ്യാഭേദ്യത്വം ജീവനാശം വരുത്തുന്നവയായ അവയവങ്ങളെ സംബന്ധിച്ചതാണെന്നു ഗ്രാഹ്യം. തിലകം.]

സ ഭഗ്നബാഹുസ്സംവിഗ്നോ നിപപാതാശു രാക്ഷസഃ
ധരണ്യാം മേഘസങ്കാശോ വജ്രഭിന്ന ഇവാചലഃ. 6

മേഘസങ്കാശഃ	മേഘസദൃശനായ	വജ്രഭിന്നഃ	വജ്രായുധത്താൽ പിളക്കപ്പെട്ട
സഃ	ആ		
രാക്ഷസഃ	രാക്ഷസൻ	അചലഃ ഇവ	മലയെന്നപോലെ
ഭഗ്നബാഹുഃ	കൈകൾ മുറിഞ്ഞു വീണവനായി,	ധരണ്യാം	ഭൂമിയിൽ
		ആശു	പെട്ടെന്ന്
സംവിഗ്നഃ	ഭീതിപൂണ്ടവനായി,	നിപപാത.	വീണുപോയി.

മുഷ്ടിഭിർജ്ജാനുഭിഃ പദ്ഭിസ്സൂദയന്തൌ തു രാക്ഷസം
ഉദ്യമ്യോദ്യമ്യ ചാപ്യേനം സ്ഥണ്ഡിലേ നിഷ്പിപേഷതുഃ. 7

ഏനം	ഈ	ഉദ്യമ്യ ഉദ്യമ്യ	പലപ്രാവശ്യം പൊന്തിച്ചു
രാക്ഷസം	രാക്ഷസനെ		
മുഷ്ടിഭിഃ തു	മുഷ്ടികൾകൊണ്ടും	സൂദയന്തൌ	ഇടിക്കുന്നവരായി,
ജാനുഭിഃ ച	കാൽമുട്ടുകൾകൊണ്ടും	സ്ഥണ്ഡിലേ	ഭൂമിയിൽ
പദ്ഭിഃ അപി	പാദങ്ങളെക്കൊണ്ടും	നിഷ്പിപേഷതുഃ.	ചതച്ചിട്ടു.

സ വിദ്ധോ ബഹുഭിർബാണൈഃ ഖഡ്ഗാഭ്യാം ച പരിക്ഷതഃ
നിഷ്പിഷ്ടോ ബഹുധാ ഭൂമൌ ന മമാര സ രാക്ഷസഃ. 8

സഃ	അവൻ	പരിക്ഷതഃ ;	വെട്ടിമുറിവേല്പിക്കപ്പെട്ടു;
ബഹുഭിഃ	പല	ഭൂമൌ ബഹുധാ	ഭൂമിയിൽ പലപ്രാവശ്യവും
ബാണൈഃ	അസ്ത്രങ്ങളാൽ	നിഷ്പിഷ്ടഃ ;	ഇട്ടരയ്ക്കപ്പെട്ടു ;
വിദ്ധഃ ;	പ്രഹരിക്കപ്പെട്ടു ;	ച	എന്നിട്ടും
ഖഡ്ഗാഭ്യാം	രണ്ടുഖഡ്ഗങ്ങൾകൊണ്ടും	സഃ രാക്ഷസഃ	ആ രാക്ഷസൻ
		ന മമാര.	മരിച്ചില്ല.

തം പ്രേക്ഷ്യ രാമഃ സുഭൃശമവധ്യമചലോപമം
ഭയേഷ്വഭയദഃ ശ്രീമാനിദം വചനമബ്രവീത്. 9

ഭയേഷു	ആപത്തുകളിൽ	സുഭൃശം	ഏതുവിധത്തിലും
അഭയദഃ	അഭയമരുളുന്ന	അവധ്യം	വധിക്കപ്പെടാവുന്നവന [ല്ലെന്ന്
ശ്രീമാൻ	ശ്രീമാനായ	പ്രേക്ഷ്യ,	കണ്ടു്,
രാമഃ,	രഘുവരൻ,	ഇദം	ഇപ്രകാരം
അചലോപമം	ഗിരിതുല്യനായ	വചനം	വാക്യത്തെ
തം	അവനെ	അബ്രവീത്.	അരുളിച്ചെയ്തു.

തപസാ പുരുഷവ്യാഘ്ര രാക്ഷസോഽയം ന ശക്യതേ
ശസ്ത്രേണ യുധി നിർജ്ജേതും രാക്ഷസം നിഖനാവഹേ 10

"പുരുഷവ്യാഘ്ര!	"പുരുഷോത്തമ!	ശസ്ത്രേണ	ആയുധത്താൽ
തപസാ	തന്റെ തപോവൈഭ വംമൂലം	നിർജ്ജേതും	കൊല്ലുന്നതിന്ന്
		ശക്യതേ ന ;	സാധ്യമാകാതിരിക്കുന്നു;
അയം	ഈ	രാക്ഷസം	രാക്ഷസനെ
രാക്ഷസഃ	രാക്ഷസൻ,	നിഖനാവഹേ."	കുഴിയുണ്ടാക്കി ഇട്ടു് മൂടുകതന്നെ."
യുധി	യുദ്ധത്തിൽ		

തച്ഛ്രുത്വാ രാഘവേണോക്തം രാക്ഷസഃ പ്രശ്രിതം വചഃ
ഇദം പ്രോവാച കാകുൽസ്ഥം വിരാധഃ പുരുഷർഷഭം. 11

രാക്ഷസഃ	രാക്ഷസനായ	പുരുഷർഷഭം	പുരുഷോത്തമനായ
വിരാധഃ,	വിരാധൻ,	കാകുത്സ്ഥം	ശ്രീരാമനെ നോക്കി
രാഘവേണ	രഘുവരനാൽ	ഇദം	ഇപ്രകാരം
ഉക്തം	പറയപ്പെട്ട	വചഃ	വാക്യത്തെ
തത്	അതിനെ	പ്രശ്രിതം	വിനയത്തോടെ
ശ്രുത്വാ,	കേട്ടു്,	പ്രോവാച.	ഉണർത്തിച്ചു.

ഹതോഽസ്മി പുരുഷവ്യാഘ്ര ശക്രതുല്യബലേന വൈ
മയാ തു പൂർവ്വം ത്വം മോഹാന്ന ജ്ഞാതഃ പുരുഷർഷഭഃ. 12

"പുരുഷവ്യാഘ്ര!	"പുരുഷോത്തമ!	മയാ തു,	എന്നാലാകട്ടേ,
ശക്രതുല്യബലേന വൈ	ഇന്ദ്രനു സമമായ ബലത്തോടുകൂടിയ നിന്തിരുവടിയാൽ	പൂർവ്വം	ഇതിന്നുമുമ്പ്,
		മോഹാത്	അജ്ഞാനംമൂലം,
		ത്വം	അവിടുന്ന്
അസ്മി	ഞാൻ	പുരുഷർഷഭഃ	പുരുഷോത്തമനെന്ന്
ഹതഃ;	വീഴ്ത്തപ്പെട്ടു;	ജ്ഞാതഃ ന.	അറിയപ്പെട്ടതുമില്ല.

[" മയാ ത്വം ന ജ്ഞാതഃ " ലക്ഷ്മീസഹിതനായ നിന്തിരുവടി അറിയപ്പെട്ടില്ല. സത്യധർമ്മതീർത്ഥീയം.]

കൌസല്യാ സുപ്രജാ രാമ താത ത്വം വിദിതോ മയാ
വൈദേഹീ ച മഹാഭാഗാ ലക്ഷ്മണശ്ച മഹാബലഃ. 13

"താത!	"ലോകപിതാവായ	മഹാഭാഗാ	മഹാഭാഗ്യവതിയായ
രാമ!	ശ്രീരാമ!	വൈദേഹീ	വിദേഹരാജകുമാരിയും
മയാ	അടിയനാൽ	ച	അതുപോലെത്തന്നെ
ത്വം	നിന്തിരുവടി		അറിയപ്പെട്ടു;
കൌസല്യാ-സുപ്രജാഃ	കൌസല്യാദേവിയുടെ ഉത്തമപുത്രനെന്ന്	മഹാബലഃ	മഹാബലവാനായ
		ലക്ഷ്മണഃ	ലക്ഷ്മണനും
വിദിതഃ;	മനസ്സിലാക്കപ്പെട്ടു;	ച.	അറിയപ്പെട്ടു.

അപി ശാപാദഹം ഘോരാം പ്രവിഷ്ടോ രാക്ഷസീം തനും
തുംബുരുർന്നാമ ഗന്ധർവ്വഃ ശപ്തോ വൈശ്രവണേന ഹ. 14

"തുംബുരുഃ നാമ	തുംബുരുവെന്നു പറയപ്പെടുന്ന	ശപ്തഃ ഹ;	ശപിക്കപ്പെട്ടു;
		ശാപാത് അപി	ശാപഫലമായിത്തന്നെ
ഗന്ധർവ്വഃ	ഗന്ധർവ്വനായ	ഘോരാം	ഭയങ്കരമായ
അഹം	ഞാൻ	രാക്ഷസീം തനും	രാക്ഷസസ്വരൂപത്തെ
വൈശ്രവണേന	കുബേരനാൽ	പ്രവിഷ്ടഃ.	പ്രാപിച്ചു.

പ്രസാദ്യമാനശ്ച മയാ സോഽബ്രവീന്മാം മഹായശാഃ
യദാ ദാശരഥീ രാമസ്ത്വാം വധിഷ്യതി സംയുഗേ
തദാ പ്രകൃതിമാപന്നോ ഭവാൻ സ്വർഗ്ഗം ഗമിഷ്യതി. 15

"മയാ	"എന്നാൽ	സംയുഗേ	പോരിൽ
പ്രസാദ്യമാനഃ	പ്രസാദിപ്പിക്കപ്പെട്ട	ത്വാം	നിന്നെ
മഹായശാഃ	മഹായശസ്വിയായ	വധിഷ്യതി,	കൊല്ലുമോ,
സഃ	അദ്ദേഹം	തദാ	അക്കാലത്ത്
മാം	എന്നെ നോക്കി	ഭവാൻ	നീ
അബ്രവീത്;	അരുളിച്ചെയ്തു;	പ്രകൃതിം	സ്വയരൂപത്തെ
'യദാ	'ഏതു കാലത്ത്	ആപന്നഃ	പ്രാപിച്ചവനായി
ദാശരഥിഃ	ദശരഥകുമാരനായ	സ്വർഗ്ഗം ച	സ്വർഗ്ഗത്തെയും
രാമഃ	ശ്രീരാമൻ	ഗമിഷ്യതി.'	പ്രാപിക്കും.'

ഇതി വൈശ്രവണോ രാജാ രംഭാസക്തം പുരാഽനഘ
അനുപസ്ഥീയമാനോ മാം സംക്രുദ്ധോ വ്യാജഹാര ഹ. 16

"അനഘ!	"പുണ്യാത്മാവേ!	രംഭാസക്തം	രംഭയിൽ ആസക്തമായ ചിത്തത്തോടു കൂടിയവനായി,
പുരാ	പണ്ട്		
വൈശ്രവണഃ രാജാ	കുബേര മഹാരാജാവ്	മാം	എന്നെ,
അനുപസ്ഥീയമാനഃ	കല്പിച്ച സമയത്തിൽ എന്നാൽ സേവിക്കപ്പെടാത്തവനായി,	സംക്രുദ്ധഃ	അതി കോപത്തോടെ
		ഇതി	മേൽ പ്രകാരം
		വ്യാജഹാര ഹ.	ശപിച്ചു.

തവ പ്രസാദാന്മുക്തോഽഹമഭിശാപാത് സുദാരുണാത്
ഭവനം സ്വം ഗമിഷ്യാമി സ്വസ്തി വോഽസ്തു പരന്തപ. 17

"പരന്തപ!	"ശത്രുനാശന!	മുക്തഃ	വിമുക്തനായി
അഹം	ഞാൻ	സ്വം ഭവനം	എന്റെ ലോകത്തിലേക്ക്
തവ	നിന്തിരുവടിയുടെ	ഗമിഷ്യാമി;	പോകുന്നു;
പ്രസാദാത്	അനുഗ്രഹത്താൽ	വഃ	ഭവാന്മാൎക്ക്
സുദാരുണാത്	അതികഠിനമായ	സ്വസ്തി അസ്തു!	മംഗളമുണ്ടാകട്ടെ!
അഭിശാപാത്	ശാപത്തിൽനിന്നും		

അദ്ധ്യൎദ്ധയോജനേ താത മഹൎഷിസ്സൂൎയ്യസന്നിഭഃ
ഇതോ വസതി ധൎമ്മാത്മാ ശരഭംഗഃ പ്രതാപവാൻ. 18

"താത!	"ലോകപിതാവേ;	ധൎമ്മാത്മാ	ധൎമ്മാത്മാവും
ഇതഃ	ഇവിടെനിന്ന്	സൂൎയ്യസന്നിഭഃ	സൂൎയ്യതുല്യനുമായ
അദ്ധ്യൎദ്ധയോജനേ	ഒന്നരക്കാതം അകലെയായി	ശരഭംഗഃ	ശരഭംഗനെന്ന
		മഹൎഷിഃ	ഋഷിവൎയ്യൻ
പ്രതാപവാൻ	പ്രതാപശാലിയും	വസതി.	വസിക്കുന്നുണ്ട്.

തം ക്ഷിപ്രമഭിഗച്ഛ ത്വം സ തേ ശ്രേയോ വിധാസ്യതി
അവടേ ചാപി മാം രാമ പ്രക്ഷിപ്യ കുശലീ വ്രജ. 19

"ത്വം	"നിന്തിരുവടി	വിധാസ്യതി;	ചെയ്യും;
തം	അദ്ദേഹത്തെ	രാമ!	ശ്രീരാമ!
ക്ഷിപ്രം	വേഗത്തിൽ	മാം	അടിയനെ
അഭിഗച്ഛ!	ചെന്നുസന്ദൎശിച്ചാലും!	അവടേ ച	കുഴിയിൽതന്നെ
സഃ	അദ്ദേഹം	പ്രക്ഷിപ്യ	നിക്ഷേപിച്ചിട്ട്
തേ	നിന്തിരുവടിക്ക്	കുശലീ അപി	സുഖമായി
ശ്രേയഃ	നന്മയെ	വ്രജ!	എഴുന്നെള്ളിയാലും!

["തേ ശ്രേയഃ വിധാസ്യതി," നിന്തിരുവടിവക്കൽനിന്ന് ബ്രഹ്മലോകത്തെ പ്രാപിക്കും; എന്നും, (ഗോ. രാ.) "സതേ" എന്നു ഒററപ്പദമായെടുത്ത്, സത്യസ്വരൂപിയായ നിന്തിരുവടിവക്കൽനിന്ന് ശ്രേയസ്സിനെ പ്രാപിക്കും; (സത്യധൎമ്മതീൎത്ഥീയം.) ശ്രീരാമനു വേണ്ട നിവാസസ്ഥാനം മുതലായവയെ ഉപദേശിക്കുന്നതുതന്നെ നന്മ.]

രക്ഷസാം ഗതസത്ത്വാനാമേഷ ധൎമ്മഃ സനാതനഃ
അവടേ യേ നിധീയന്തേ തേഷാം ലോകാസ്സനാതനാഃ. 20

"ഗതസത്ത്വാനാം	"പ്രാണൻപോയവരായ	യേ	യാതൊരുവൻ
രക്ഷസാം,	രാക്ഷസന്മാൎക്ക്,	അവടേ	കുഴിയിൽ
ഏഷഃ	ഇതുതന്നെയാണല്ലൊ	നിധീയന്തേ,	മറചെയ്യപ്പെടുന്നുവോ,
സനാതനഃ	പണ്ടേതൊട്ടുള്ള	തേഷാം	അവൎക്ക്
ധൎമ്മഃ.	മുറ.	ലോകാഃ സനാതനാഃ."	ശാശ്വതപുണ്യലോകങ്ങൾ വിധിക്കപ്പെട്ടിരിക്കുന്നു."

ഏവമുക്ത്വാ തു കാകുത്സ്ഥം വിരാധഃ ശരപീഡിതഃ
ബഭൂവ സ്വൎഗ്ഗസംപ്രാപ്തോ ന്യസ്തദേഹോ മഹാബലഃ. 21

ശരപീഡിതഃ	ബാണങ്ങളാൽ പീഡിക്കപ്പെട്ട
മഹാബലഃ തു	മഹാബലവാനായ
വിരാധഃ,	വിരാധൻ,
കാകുത്സ്ഥം	ശ്രീരാമനോട്
ഏവം ഉക്ത്വാ,	മേൽപ്രകാരം പറഞ്ഞിട്ടു,
ന്യസ്തദേഹഃ	ദേഹംവെടിഞ്ഞു
സ്വൎഗ്ഗസംപ്രാപ്തഃ	സ്വൎഗ്ഗലോകത്തെ പ്രാപിച്ചവനായി
ബഭൂവ.	ഭവിച്ചു.

തച്ഛ്രുത്വാ രാഘവോ വാക്യം ലക്ഷ്മണം വ്യാദിദേശ ഹ. 22

രാഘവഃ	ശ്രീരാഘവൻ
തത്	ആ
വാക്യം	വാക്യത്തെ
ശ്രുത്വാ	കേട്ട്
ലക്ഷ്മണം	ലക്ഷ്മണനെനോക്കി
വ്യാദിദേശ ഹ.	ഇപ്രകാരം ആജ്ഞാപിച്ചു.

കുഞ്ജരസ്യേവ രൌദ്രസ്യ രാക്ഷസസ്യാസ്യ ലക്ഷ്മണ
വനേഽസ്മിൻ സുമഹച്ഛ്വഭ്രം ഖന്യതാം രൌദ്രകൎമ്മണഃ. 23

"ലക്ഷ്മണ!	"ലക്ഷ്മണ!
രൌദ്രസ്യ	ക്രൂരസ്വഭാവിയും
രൌദ്രകൎമ്മണഃ	ക്രൂരപ്രവൃത്തികൾ ചെയ്യുന്നവനും ആയ
അസ്യ	ഈ
രാക്ഷസസ്യ	രാക്ഷസന്ന്
അസ്മിൻ	ഈ
വനേ	വനത്തിൽ
കുഞ്ജരസ്യ ഇവ	ആനയ്ക്കു എന്നപോലെ
സുമഹത്	വലിയതായ
ശ്വഭ്രം	ഒരു കുഴി
ഖന്യതാം.	കുഴിക്കപ്പെടട്ടെ.

ഇത്യുക്ത്വാ ലക്ഷ്മണം രാമഃ പ്രദരഃ ഖന്യതാമിതി
തസ്ഥൗ വിരാധമാക്രമ്യ കണ്ഠേ പാദേന വീൎയ്യവാൻ. 24

വീൎയ്യവാൻ	വീൎയ്യശാലിയായ
രാമഃ	ശ്രീരാമൻ
ലക്ഷ്മണം	ലക്ഷ്മണനെനോക്കി
ഇതി	ഇപ്രകാരം
ഉക്ത്വാ,	പറഞ്ഞശേഷം,
"പ്രദരഃ	"കുഴി അടുത്തുതന്നെ
ഖന്യതാം,"	കുഴിക്കപ്പെടട്ടെ"
ഇതി,	എന്നും (പറഞ്ഞ്),
വിരാധം	വിരാധനെ
കണ്ഠേ	കഴുത്തിൽ
പാദേന	കാൽകൊണ്ടു
ആക്രമ്യ,	ചവിട്ടി,
തസ്ഥൗ.	സ്ഥിതിചെയ്തു.

തതഃ ഖനിത്രമാദായ ലക്ഷ്മണഃ ശ്വഭ്രമുത്തമം
അഖനത് പാൎശ്വതസ്തസ്യ വിരാധസ്യ മഹാത്മനഃ. 25

തതഃ	ഉടൻതന്നെ
ലക്ഷ്മണഃ	ലക്ഷ്മണൻ
ഖനിത്രം	കയ്ക്കോട്ട്
ആദായ,	എടുത്തു,
തസ്യ	ആ
മഹാത്മനഃ	മഹാധൈൎയ്യശാലിയായ
വിരാധസ്യ	വിരാധന്റെ
പാൎശ്വതഃ	സമീപത്തിൽതന്നെ
ഉത്തമം	വലിയ
ശ്വഭ്രം	കുഴി
അഖനത്.	കുഴിച്ചു.

["മഹാത്മനഃ" മഹാകായനു്; (ഗോ. രാ.) ഗന്ധൎവ്വത്വപ്രാപ്തികൊണ്ടു്, അഥവാ ശ്രീരാമസ്വരൂപജ്ഞാനം ലഭിച്ചതുകൊണ്ടു് മഹാത്മാവായവൻ. (തിലകം.)]

തം മുക്തകണ്ഠം നിഷ്പിഷ്യ ശങ്കുകൎണ്ണം മഹാസ്വനം
വിരാധം പ്രാക്ഷിപച്ഛ്വഭ്രേ നദന്തം ഭൈരവസ്വനം. 26

മഹാസ്വനം	ഉച്ചത്തിലുള്ള ശബ്ദത്തൊ	ശങ്കുകൎണ്ണം	കുന്തംപോലെ എടുത്തു പിടിച്ച കാതുകളോടുകൂടിയവനുമായ
മുക്തകണ്ഠം	ഇടവിടാതെ പുറപ്പെടിയിക്കുന്നവനും	തം	ആ
ഭൈരവസ്വനം	കേൾക്കുന്നവർ ഭയപ്പെടുമാറുള്ള ഒച്ചയോടുകൂടി	വിരാധം	വിരാധനെ
		ശ്വഭ്രേ	കുഴിയിൽ
		നിഷ്പിഷ്യ	ഉരുട്ടി
നദന്തം,	നിലവിളിക്കുന്നവനും,	പ്രാക്ഷിപത്.	തള്ളിയിട്ടു.

[“മുക്തകണ്ഠം” (കഴുത്തിൽനിന്നു് കാലെടുക്കപ്പെട്ടവൻ) (ഗോ. രാ.) “ഭൈരവസ്വനം നദന്തം” (ഭയങ്കരമാംവണ്ണം പ്രതിദ്ധ്വനിക്കുമാറു് ശബ്ദിക്കുന്നവൻ; (ഗോ. രാ.) “മഹാസ്വനം,” മഹദ്ഭിഃ ഉച്ഛ്വാസൈഃ, അനിതി ജീവതി, തം (വലുതായ ഉച്ഛ്വാസം വലിച്ചുകൊണ്ടു് കിടക്കുന്നവൻ); (ശിരോമണി.)]

തമാഹവേ നിൎജ്ജിതമാശുവിക്രമൗ
സ്ഥിരാവുഭൗ സംയതി രാമലക്ഷ്മണൗ
മുദാന്വിതൗ ചിക്ഷിപതുൎഭയാവഹം
നദന്തമുത്ക്ഷിപ്യ ബലേന രാക്ഷസം. 27

സംയതി	യുദ്ധത്തിൽ	ആഹവേ നിൎജ്ജിതം	പോരിൽ ജയിക്കപ്പെട്ടവനും ആയ
സ്ഥിരൗ	കുലുക്കമില്ലാത്തവരും	തം	ആ
ആശുവിക്രമൗ	ഹസ്തലാഘവമുള്ളവരും ആയ	രാക്ഷസം,	രാക്ഷസനെ,
രാമലക്ഷ്മണൗ	ശ്രീരാമനും ലക്ഷ്മണനും	ബലേന	ഊക്കോടെ
ഉഭൗ,	അവരിരുവരും, [മായ	ഉത്ക്ഷിപ്യ	പൊന്തിച്ചെടുത്തു്,
ഭയാവഹം	ഭയങ്കരമായി	മുദാ അന്വിതൗ	സസന്തോഷം
നദന്തം	ഗൎജ്ജിക്കുന്നവനും	ചിക്ഷിപതുഃ.	തള്ളിയിട്ടു.

അവദ്ധ്യതാം പ്രേക്ഷ്യ മഹാസുരസ്യ തൗ
ശിതേന ശസ്ത്രേണ തദാ നരൎഷഭൗ
സമൎത്ഥ്യ ചാത്യൎത്ഥവിശാരദാവുഭൗ
ബിലേ വിരാധസ്യ വധം പ്രചക്രതുഃ. 28

നരൎഷഭൗ	പുരുഷോത്തമന്മാരും	ശിതേന	നിശിതമായ
അത്യൎത്ഥവിശാരദൗ	അതിധൈൎയ്യശാലികളുമായ	ശസ്ത്രേണ	ആയുധംകൊണ്ടും
		അവദ്ധ്യതാം	മരണമില്ലെന്നുള്ള
തൗ	അവർ	പ്രേക്ഷ്യ	അറിഞ്ഞു് [തിനെ
ഉഭൗ ച,	ഇരുവരും,	ബിലേ	കുഴിയിൽതന്നെ
തദാ,	അപ്പോൾ,	വധം	മരണംഎന്നു
മഹാസുരസ്യ	മഹാസുരനായ	സമൎത്ഥ്യ,	നിശ്ചയിച്ചു്,
വിരാധസ്യ,	വിരാധന്നു്,	പ്രചക്രതുഃ.	(അപ്രകാരം) ചെയ്തു.

സ്വയം വിരാധേന ഹി മൃത്യുരാത്മനഃ
പ്രസഹ്യ രാമേണ വധാർത്ഥമീപ്സിതഃ
നിവേദിതഃ കാനനചാരിണാ സ്വയം
ന മേ വധഃ ശസ്ത്രകൃതോ ഭവേദിതി. 29

രാമേണ സ്വയം	ശ്രീരാമന്റെ കൈകൊണ്ട് സ്വയമായ്ത്തന്നെ
വധാർത്ഥം	(തനിക്ക്) മരണമുണ്ടാകുന്നതിനുവേണ്ടി
കാനനചാരിണാ	വനചരനായ
വിരാധേന	വിരാധനാൽ,
ആത്മനഃ	തന്റെ
മൃത്യുഃ	മരണം
പ്രസഹ്യ	തീവ്രമായ്
ഈപ്സിതഃ,	ആഗ്രഹിക്കപ്പെട്ടു;
ഹി	അതുകൊണ്ടുതന്നെയാണ്
സ്വയം,	താനായ്ത്തന്നെ
"മേ	"എനിക്ക്
വധഃ	മരണം
ശസ്ത്രകൃതഃ	ആയുധത്താലുണ്ടാവുക
ന ഭവേത്"	ഇല്ല"യെന്നത്
ഇതി	എന്ന്
നിവേദിതഃ.	അറിയിക്കപ്പെട്ടത്.

തദേവ രാമേണ നിശമ്യ ഭാഷിതം
കൃതാ മതിസ്തസ്യ ബിലപ്രവേശനേ
ബിലം ച രാമേണ ബലേന രക്ഷസാ
പ്രവേശ്യമാനേന വനം വിനാദിതം. 30

തത് ഭാഷിതം	ആ പറഞ്ഞതിനെ
നിശമ്യ ഏവ	കേട്ടിട്ടുതന്നെയാണ്
തസ്യ	അവനെ
ബിലപ്രവേശനേ	കുഴിയിൽ തള്ളുന്ന സംഗതിയിൽ
രാമേണ	ശ്രീരാമനാൽ
മതിഃ	നിശ്ചയം
കൃതാ;	ചെയ്യപ്പെട്ടത്;
രാമേണ	ശ്രീരാമനാൽ
ബലേന	ഊക്കോടെ
ബിലം	കുഴിയിൽ
പ്രവേശ്യമാനേന	തള്ളപ്പെടുന്നവനായ
രക്ഷസാ,	രാക്ഷസനാൽ,
വനം ച	വനമെല്ലാം
വിനാദിതം.	മാറെറാലികൊള്ളിക്കപ്പെട്ടു.

പ്രഹൃഷ്ടരൂപാവിവ രാമലക്ഷ്മണൌ
വിരാധമുർവ്യാഃ പ്രദരേ നിഹത്യ തൌ
നനന്ദതുർവീതഭയൌ മഹാവനേ
ശിലാഭിരന്തർദ്ധതുശ്ച രാക്ഷസം. 31

തൌ	ആ
രാമലക്ഷ്മണൌ	രാമലക്ഷ്മണന്മാർ
വിരാധം,	വിരാധനെ
ഉർവ്യാഃ	നിലത്തുള്ള
പ്രദരേ	കുഴിയിൽ
നിഹത്യ,	തള്ളിയിട്ടശേഷം,
മഹാവനേ	വൻകാട്ടിൽ
വീതഭയൌ	ഭയരഹിതരായി
പ്രഹൃഷ്ടരൂപൌ ഇവ	സന്തോഷത്താലുണ്ടായ മുഖപ്രസാദത്തോടുകൂടിയവരായിത്തന്നെ
നനന്ദതുഃ;	ആനന്ദിച്ചു;
രാക്ഷസം	രാക്ഷസനെ
ശിലാഭിഃ	കല്ലുകൾകൊണ്ട്
ച	മുഴുവനും
അന്തർദ്ധതുഃ.	മൂടുകയുംചെയ്തു.

തതസ്തു തൌ കാർമ്മുകഖഡ്ഗധാരിണൌ
നിഹത്യ രക്ഷഃ പരിഗൃഹ്യ മൈഥിലീം
വിജഹ്രതുസ്തൌ മുദിതൌ മഹാവനേ
ദിവിസ്ഥിതൌ ചന്ദ്രദിവാകരാവിവ. 32

കാർമ്മുക-ഖഡ്ഗ-ധാരിണൌ	വില്ലും ഉടവാളും കൈയിലേന്തിയവരായ	സ്ഥിതൌ;	പ്രശോഭിച്ചു;
തൌ,	അവരിരുവരും,	തതഃ	അതിൽപിന്നെ
രക്ഷഃ	രാക്ഷസനെ	തൌ	അവരിരുവരും
നിഹത്യ,	വധിച്ച്	മൈഥിലീം	സീതയേയും
തു	ആ സമയം	പരിഗൃഹ്യ	കൂട്ടിക്കൊണ്ടു്, ഉത്സാഹപ്പെടുത്തിക്കൊണ്ടു്
ദിവി	ആകാശത്തിൽ	മുദിതൌ	സന്തുഷ്ടഹൃദയരായി
ചന്ദ്രദിവാകരൌ ഇവ	ചന്ദ്രസൂര്യന്മാരെന്നപോലെ	മഹാവനേ	വൻകാട്ടിൽ
		വിജഹ്രതുഃ.	വിഹരിച്ചു.

[ആകാശം വനത്തിന്നു സദൃശം, കലാസമ്പത്തികൊണ്ടും പ്രതാപംകൊണ്ടും ചന്ദ്രസൂര്യന്മാൎക്കു് രാമലക്ഷ്മണന്മാർ സദൃശന്മാർ. തിലകം]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ ചതുർത്ഥഃ സർഗ്ഗഃ = നാലാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 6819; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 107.

പഞ്ചമഃ സർഗ്ഗഃ = അഞ്ചാംസർഗ്ഗം.

[ശരഭംഗസ്യാഗ്നിപ്രവേശഃ = ശരഭംഗമഹർഷിയുടെ അഗ്നിപ്രവേശം.]

ഹത്വാ തു തം ഭീമബലം വിരാധം രാക്ഷസം വനേ
തതഃ സീതാം പരിഷ്വജ്യ സമാശ്വാസ്യ ച വീര്യവാൻ
അബ്രവീല്ലക്ഷ്മണം രാമോ ഭ്രാതരം ദീപ്തതേജസം. 1

വനേ	വനത്തിൽ	സീതാം	സീതാദേവിയെ
വീര്യവാൻ	പരാക്രമശാലിയായ	പരിഷ്വജ്യ	ആലിംഗനംചെയ്തു്
രാമഃ	ശ്രീരാമൻ	സമാശ്വാസ്യ	സമാശ്വസിപ്പിച്ചിട്ടു്
ഭീമബലം	അതിബലവാനായ	ദീപ്തതേജസം	തേജോമയനായി പ്രശോഭിക്കുന്ന
വിരാധം	വിരാധനെന്ന		
തം രാക്ഷസം	ആ രാക്ഷസനെ	ഭ്രാതരം	സഹോദരനായ
ഹത്വാ തു,	വധിച്ചശേഷം,	ലക്ഷ്മണം ച	ലക്ഷ്മണനെനോക്കി
തതഃ	പിന്നീടു്	അബ്രവീത്.	ഇപ്രകാരമരുളിച്ചെയ്തു.

കഷ്ടം വനമിദം ദുർഗ്ഗം ന ച സ്മ വനഗോചരാഃ
അഭിഗച്ഛാമഹേ ശീഘ്രം ശരഭംഗം തപോധനം. 2

ഇദം	ഈ	വനഗോചരാഃ ച ന സ്മ;	നമ്മളോ വനവാസികളുമല്ല;
വനം	വനം	തപോധനം	തപോധനനായ
ദുർഗ്ഗം	പ്രവേശിപ്പാൻകഴിയാതെ	ശരഭംഗം	ശരഭംഗമഹർഷിയുടെ
കഷ്ടം;	ദുർഘടമായിരിക്കുന്നു;	ശീഘ്രം	വേഗത്തിൽ [അടുക്കൽ
		അഭിഗച്ഛാമഹേ.	നാം ചെല്ലുക.

ആശ്രമം ശരഭംഗസ്യ രാഘവോഽഭിജഗാമ ഹ
തസ്യ ദേവപ്രഭാവസ്യ തപസാ ഭാവിതാത്മനഃ. 3

രാഘവഃ	ശ്രീരാഘവൻ	ദേവപ്രഭാവസ്യ	ദേവപ്രഭാവത്തോടെ
തപസാ	തപോമഹിമയാൽ	തസ്യ	ആ [വിളങ്ങുന്നവനായ
ഭാവിതാത്മനഃ	പരമാത്മസ്വരൂപജ്ഞാനിയായി	ശരഭംഗസ്യ	ശരഭംഗമഹർഷിയുടെ
		ആശ്രമം ഹ	ആശ്രമത്തെത്തന്നെ
		അഭിജഗാമ.	സമീപിച്ചു.

സമീപേ ശരഭംഗസ്യ ദദർശ മഹദദ്ഭുതം
വിഭ്രാജമാനം വപുഷാ സൂര്യവൈശ്വാനരോപമം. 4

ശരഭംഗസ്യ	ശരഭംഗമഹർഷിയുടെ	മഹത്	അത്യധികം
സമീപേ	സമീപത്തിൽ	വിഭ്രാജമാനം	പ്രകാശിക്കുന്ന
സൂര്യവൈശ്വാനരോപമം	സൂര്യഭഗവാനും അഗ്നിക്കും സമനായി	അദ്ഭുതം	അത്ഭുതനെന്ന പേരോടുകൂടിയ ഇന്ദ്രനെ
വപുഷാ	സൌന്ദര്യംകൊണ്ടു്	ദദർശ.	കണ്ടു.

[“മഹദദ്ഭുതം” (മഹാന്മാർക്കും അദ്ഭുതമായുള്ള ഒരുവനെ) സത്യധർമ്മതീർത്ഥീയം.]

അവരുഹ്യ രഥോത്സംഗാത്സകാശേ വിബുധാനുഗം
അസംസ്പൃശന്തം വസുധാം ദദർശ വിബുധേശ്വരം 5
സുപ്രഭാഭരണം ദേവം വിരജോഽംബരധാരിണം.
തദ്വിധൈരേവ ബഹുഭിഃ പൂജ്യമാനം മഹാത്മഭിഃ. 6

വിബുധേശ്വരം ദേവം	ദേവരാജാവായ ഇന്ദ്രനെ	സുപ്രഭാഭരണം	ഏററവും പ്രകാശിക്കുന്ന ആഭരണങ്ങളണിഞ്ഞവനായും
രഥോത്സംഗാത്	തേർത്തട്ടിൽനിന്നു്	വിരജോഽംബരധാരിണം	നിർമ്മലവസ്ത്രങ്ങൾ ധരിച്ചവനായും
അവരുഹ്യ	താഴത്തിറങ്ങി	തദ്വിധൈഃ	അദ്ദേഹത്തെപ്പോലെ [യുള്ള
വസുധാം	ഭൂമിയെ	ബഹുഭിഃ	പല
അസംസ്പൃശന്തം,	സ്പർശിക്കാതിരിക്കുന്നവനായും,	മഹാത്മഭിഃ ഏവ	മഹാത്മാക്കളാൽതന്നെ
വിബുധാനുഗം,	ദേവന്മാരാൽ പരിവൃതനായും,	സകാശേ	സമീപത്തിൽ
		പൂജ്യമാനം	പൂജിക്കപ്പെടുന്നവ [നായും
		ദദർശ.	കണ്ടു.

ഹരിഭിൎവ്വാജിഭിൎയ്യുക്തമന്തരിക്ഷഗതം രഥം
ദദൎശാദൂരതസ്തസ്യ തരുണാദിത്യസന്നിഭം. 7

തസ്യ	അദ്ദേഹത്തിന്റെ	തരുണാദിത്യ-സന്നിഭം	ബാലസൂൎയ്യസദൃശവും ആയ
അദൂരതഃ,	സമീപത്തിലായി,	രഥം	രഥത്തെ
ഹരിഭിഃ	പച്ചനിറത്തിലുള്ള	അന്തരിക്ഷഗതം	ആകാശത്തിൽ നില്ക്കുന്നതായി
വാജിഭിഃ	കുതിരകളാൽ	ദദൎശ.	കണ്ടു.
യുക്തം,	പൂട്ടപ്പെട്ടതും,		

["ഹരിഭിഃ," ഹരി എന്ന പ്രത്യേകജാതി കുതിരകൾ, "തൎക്കേശവാലഃരോമാണി സുവൎണ്ണാഭാനി യസ്യ തു, ഹരിഃ സവൎണ്ണഃതോഽശ്വസ്തു പീതകൌശേയസപ്രഭഃ" എന്നു ശാലിഹോത്രൻ. (സ. തി.)]

പാണ്ഡുരാഭ്രഘനപ്രഖ്യം ചന്ദ്രമണ്ഡലസന്നിഭം
അപശ്യദ്വിമലം ഛത്രം ചിത്രമാല്യോപശോഭിതം. 8

പാണ്ഡുരാഭ്ര-ഘനപ്രഖ്യം	വെൺകാറൊത്തതും	ചിത്ര-മാല്യോപ-ശോഭിതം	മനോഹരങ്ങളായ പുഷ്പങ്ങളാൽ ശോഭിതവുമായ
ചന്ദ്രമണ്ഡല-സന്നിഭം	ചന്ദ്രമണ്ഡലസദൃശവും	വിമലം ഛത്രം	വെൺകൊററക്കുടയേ
		അപശ്യത്.	വീക്ഷിച്ചു.

ചാമരവ്യജനേ ചാഗ്ര്യേ രുക്മദണ്ഡേ മഹാധനേ
ഗൃഹീതേ വരനാരീഭ്യാം ധൂയമാനേ ച മൂൎദ്ധനി. 9

വരനാരീഭ്യാം	രണ്ടു അപ്സരസ്ത്രീകളാൽ	ചാമരവ്യജനേ ച	രണ്ടു വെൺചാമരങ്ങളും
അഗ്ര്യേ	ശ്രേഷ്ഠങ്ങളും	മൂൎദ്ധനി	ശിരസ്സിന്നുനേരെ
രുക്മദണ്ഡേ	സ്വൎണ്ണപ്പിടിയിട്ടവയും	ഗൃഹീതേ	പിടിക്കപ്പെട്ടു
മഹാധനേ ച	വിലയേറിയവയുമായ	ധൂയമാനേ.	വീശപ്പെട്ടിരുന്നു.

"ചാമരം വാലനിൎമ്മിതം; വ്യജനം മയൂരപിഞ്ഛനിൎമ്മിതം, (ചാമരം ചമരിവാൽകൊണ്ടുള്ള വെഞ്ചാമരവും വ്യജനം മയിൽപീലികൊണ്ടുള്ള ആലവട്ടവുമാകുന്നു. (തിലകം.)]

ഗന്ധൎവ്വാമരസിദ്ധാശ്ച ബഹവഃ പരമൎഷയഃ
അന്തരിക്ഷഗതം ദേവം വാഗ്ഭിരഗ്ര്യാഭിരീഡിരേ. 10

ഗന്ധൎവ്വാമര-സിദ്ധാഃ	ഗന്ധൎവ്വന്മാരും, ദേവന്മാരും, സിദ്ധന്മാരും	അന്തരിക്ഷഗതം	ഭൂസ്പൎശം ചെയ്യാതെ നിന്നിരുന്ന
പരമൎഷയഃ ച	ഋഷിശ്രേഷ്ഠന്മാരുമായ	ദേവം	ദേവേന്ദ്രനെ
ബഹവഃ,	പലരും	അഗ്ര്യാഭിഃ വാഗ്ഭിഃ	വേദസ്തുതികളാൽ
		ഈഡിരേ.	പുകഴ്ത്തി.

സഹ സംഭാഷമാണേ തു ശരഭംഗേണ വാസവേ
ദൃഷ്ട്വാ ശതക്രതും തത്ര രാമോ ലക്ഷ്മണമബ്രവീത്
രാമോऽഥ രഥമുദ്ദിശ്യ ലക്ഷ്മണായ പ്രദർശയൻ. 11

രാമഃ,	ശ്രീരാമൻ,
ശരഭംഗേണ സഹ	ശരഭംഗമുനിയോടുകൂടി
വാസവേ	ദേവേന്ദ്രൻ
സംഭാഷമാണേ തു,	സംഭാഷണം ചെയ്തു കൊണ്ടിരിക്കുമ്പോൾ,
ശതക്രതും	ഇന്ദ്രനെ
തത്ര	ഇരുന്നിരുന്ന ദിക്കിൽ നിന്നുതന്നെ

ദൃഷ്ട്വാ,	കണ്ടു്,
രഥം ഉദ്ദിശ്യ	രഥത്തെപ്പററി
ലക്ഷ്മണായ	ലക്ഷ്മണനു്
പ്രദർശയൻ,	ചൂണ്ടിക്കാണിച്ചുകൊണ്ടു്,
രാമഃ	ശ്രീരാമൻ
ലക്ഷ്മണം	ലക്ഷ്മണനെനോക്കി
അഥ	ഇങ്ങിനെ
അബ്രവീത്.	അരുളിച്ചെയ്തു.

അർച്ചിഷ്മന്തം ശ്രിയാ ജുഷ്ടമദ്ഭുതം പശ്യ ലക്ഷ്മണ
പ്രതപന്തമിവാദിത്യമന്തരിക്ഷഗതം രഥം. 12

" ലക്ഷ്മണ!	" ലക്ഷ്മണ!
അർച്ചിഷ്മന്തം	കാന്തിചിതറുന്നതും
ശ്രിയാ ജുഷ്ടം	ഭംഗിയുള്ളതും
അദ്ഭുതം	ആശ്ചര്യകരമായതും
ആദിത്യം ഇവ	സൂര്യനെപ്പോലെ

പ്രതപന്തം	ഉജ്ജ്വലിക്കുന്നതായി
അന്തരിക്ഷഗതം	ആകാശത്തിൽ സ്ഥിതിചെയ്യുന്നതുമായ
രഥം	രഥത്തെ
പശ്യ!	കണ്ടാലും!

യേ ഹയാഃ പുരുഹൂതസ്യ പുരാ ശക്രസ്യ നഃ ശ്രുതാഃ
അന്തരിക്ഷഗതാ ദിവ്യാസ്ത ഇമേ ഹരയോ ധ്രുവം. 13

" പുരുഹൂതസ്യ	" യാഗംചെയ്യുന്നവരാൽ സ്തുതിക്കപ്പെട്ട
ശക്രസ്യ	ഇന്ദ്രന്റെ [ന്നവനായ
ഹയാഃ	കുതിരകളെന്നു്
യേ	എവകൾ
നഃ	നമ്മാൽ
പുരാ	മുമ്പു്
ശ്രുതാഃ,	കേൾക്കപ്പെട്ടിട്ടുണ്ടോ,

ദിവ്യാഃ	ദിവ്യങ്ങളായ
തേ	അതേ
ഹരയഃ	അശ്വങ്ങൾതന്നെയാണു്
അന്തരിക്ഷഗതാഃ	ആകാശമാർഗ്ഗത്തിലിരിക്കുന്നവയായ
ഇമേ,	ഇവ,
ധ്രുവം.	സംശയമില്ല.

[യജ്വഭിഃ ബഹുശോ ഹൂതഃ, 'പുരുഹൂതഃ.']

ഇമേ ച പുരുഷവ്യാഘ്രാ യേ തിഷ്ഠന്ത്യഭിതോ രഥം
ശതം ശതം കുണ്ഡലിനോ യുവാനഃ ഖഡ്ഗപാണയഃ
വിസ്തീർണ്ണവിപുലോരസ്കാഃ പരിഘായതബാഹവഃ. 14

" യേ	" യാതൊരു
പുരുഷവ്യാഘ്രാഃ	പുരുഷശ്രേഷ്ഠന്മാർ,
കുണ്ഡലിനഃ	കുണ്ഡലങ്ങളണിഞ്ഞവരായി

ഖഡ്ഗപാണയഃ	ഖഡ്ഗപാണികളായി
വിസ്തീർണ്ണവിപുലോരസ്കാഃ	വിരിഞ്ഞ മാർവ്വിടത്തോടുകൂടിയവരായി,

പരിഘായത-ബാഹവഃ,	ഇരുമ്പുലക്കപോലെ നീണ്ട കൈകളോടുകൂടിയവരായി,	തിഷ്ഠന്തി,	നില്ക്കുന്നുവോ,
രഥം	രഥത്തിന്ന്	ഇമേ ച	ഇവരെല്ലാം
അഭിതഃ,	സമീപത്തിൽ,	യുവാനഃ.	എന്നും നശിക്കാത്തയൌവനത്തോടുകൂടിയവർ.
ശതം ശതം	കൂട്ടംകൂട്ടമായി		

ശോണാംശുവസനാഃ സൎവ്വേ വ്യാഘ്രാ ഇവ ദുരാസദാഃ
ഉരോദേശേഷു സൎവ്വേഷാം ഹാരാ ജ്വലനസന്നിഭാഃ
രൂപം ബിഭ്രതി സൌമിത്രേ പഞ്ചവിംശതിവാൎഷികം. 15

"സൌമിത്രേ!	"ഹേ ലക്ഷ്മണ!	ഉരോദേശേഷു	വക്ഷഃസ്ഥലങ്ങളിൽ
സൎവ്വേ	എല്ലാവരും	ജ്വലന-സന്നിഭാഃ	തീക്കണൽപോലെയുള്ള
ശോണാംശു-വസനാഃ;	ചുവന്നവസ്ത്രം ധരിച്ചവർ;	ഹാരാഃ;	ഹാരങ്ങൾ പ്രകാശിക്കുന്നുണ്ടു്;
വ്യാഘ്രാഃ ഇവ	പുലികളെപ്പോലെ	പഞ്ചവിംശതി-വാൎഷികം	ഇരുപത്തഞ്ചുവയസ്സിന്നിണങ്ങിയ
ദുരാസദാഃ,	ആക്രമിക്കപ്പെട്ടുവാൻ കഴിയാത്തവർ;	രൂപം ബിഭ്രതി.	രൂപത്തോടുകൂടിയവരായിരിക്കുന്നു.
സൎവ്വേഷാം	എല്ലാവൎക്കും		

ഏതദ്ധി കില ദേവാനാം വയോ ഭവതി നിത്യദാ
യഥേമേ പുരുഷവ്യാഘ്രാ ദൃശ്യന്തേ പ്രിയദൎശനാഃ. 16

"ഇമേ	"ഈ	ഏതത് ഹി	ഇതുതന്നെയാണു്
പ്രിയദൎശനാഃ	ചാരുരൂപന്മാരായ	ദേവാനാം	ദേവന്മാൎക്കു്
പുരുഷവ്യാഘ്രാഃ,	പുരുഷശ്രേഷ്ഠന്മാർ,	നിത്യദാ	എന്നും
യഥാ	എങ്ങിനെ	വയഃ	വയസ്സായി
ദൃശ്യന്തേ,	കാണപ്പെടുന്നുവോ,	ഭവതി	ഇരിക്കുന്നതു്
		കില.	എന്നുപറയപ്പെടുന്നു.

ഇഹൈവ സഹ വൈദേഹ്യാ മുഹൂൎത്തം തിഷ്ഠ ലക്ഷ്മണ
യാവജ്ജാനാമ്യഹം വ്യക്തം ക ഏഷ ദ്യുതിമാൻ രഥേ. 17

"ലക്ഷ്മണ!	"അല്ലേ ലക്ഷ്മണ!	ജനാമി യാവത്,	മനസ്സിലാക്കിവരുന്നതുവരെ,
രഥേ	രഥത്തിൽ	വൈദേഹ്യാ സഹ,	വൈദേഹിയോടുകൂടെ
ദ്യുതിമാൻ	തേജോമയനായി വിളങ്ങുന്ന	ഇഹ ഏവ	ഇവിടെത്തന്നെ
ഏഷഃ	ഇദ്ദേഹം	മുഹൂൎത്തം	അല്പനേരത്തേക്കു്
കഃ	ആരെന്നു്	തിഷ്ഠ."	കാത്തിരിക്കുക."
വ്യക്തം	തീൎച്ചയായി		
അഹം	ഞാൻ		

തമേവമുക്ത്വാ സൌമിത്രിമിഹൈവ സ്ഥീയതാമിതി
അഭിചക്രാമ കാകുത്സ്ഥഃ ശരഭംഗാശ്രമം പ്രതി. 18

കാകുത്സ്ഥഃ,	ശ്രീരാമൻ,	സൌമിത്രിം	ലക്ഷ്മണനോട്
"ഇഹ ഏവ	"ഇവിടെത്തന്നെ	ഉക്ത്വാ	അരുളിച്ചെയ്തു
സ്ഥീയതാം,"	കാത്തിരിക്കപ്പെടട്ടെ,"	ശരഭംഗാശ്രമം പ്രതി	ശരഭംഗാശ്രമത്തിലേക്ക്
ഇതി ഏവം	എന്നിപ്രകാരം,		
തം	ആ	അഭിചക്രാമ.	ചെന്നു.

തതസ്സമഭിഗച്ഛന്തം പ്രേക്ഷ്യ രാമം ശചീപതിഃ
ശരഭംഗമനുജ്ഞാപ്യ വിബുധാനിദമബ്രവീത്. 19

ശചീപതിഃ	ഇന്ദ്രൻ	ശരഭംഗം	ശരഭംഗമുനിയോട്
സമഭിഗച്ഛന്തം,	എതിരേവന്നുകൊണ്ടി[രുന്ന	അനുജ്ഞാപ്യ	അനുമതിവാങ്ങി
രാമം	ശ്രീരാമനെ		കൊണ്ട്
പ്രേക്ഷ്യ	കണ്ടു	വിബുധാൻ	ദേവന്മാരെനോക്കി
തതഃ	തന്മൂലം	ഇദം അബ്രവീത്.	ഇപ്രകാരം ഉരചെയ്തു.

ഇഹോപയാത്യസൌ രാമോ യാവന്മാം നാഭിഭാഷതേ
നിഷ്ഠാം നയതു താവത്തു തതോ മാം ദ്രഷ്ടുമർഹതി. 20

"രാമഃ	"ശ്രീരാമൻ	യാവത്	ഏതുവരെയോ അതി
അസൌ	ഇതാ	താവത്	നുള്ളിൽ
ഇഹ	ഇവിടെക്ക്	നിഷ്ഠാം	അവതാരോദ്ദേശത്തെ
ഉപയാതി;	എഴുന്നെള്ളുന്നു;	നയതു;	നിറവേററേണ്ടതാണ്;
മാം	എന്നോട്	തതഃ തു	അതിനുശേഷമേ
അഭിഭാഷതേ ന	നേരിട്ട് സംസാരിക്കാതിരിക്കുന്നതു്	മാം	എന്നെ
		ദ്രഷ്ടും അർഹതി.	കാണ്മാൻപാടുള്ളു.

ജിതവന്തം കൃതാർത്ഥം ച ദ്രഷ്ടാഽഹമചിരാദിമം
കർമ്മ ഹ്യനേന കർത്തവ്യം മഹദന്യൈസ്സുദുഷ്കരം
താവദ്ഗച്ഛാമഹേ ശീഘ്രം യാവന്മാം നാഭിഭാഷതേ. 21

"ഹി	"എന്തുകൊണ്ടെന്നാൽ	ഇമം,	ഇദ്ദേഹത്തെ,
അന്യൈഃ	മറെറാരുവരാലും	അചിരാത്	താമസിയാതെ
സുദുഷ്കരം	ചെയ്വാൻ കഴിയാത്ത	അഹം	ഞാൻ
മഹത്	മഹത്തായ	ദ്രഷ്ടാ;	സന്ദർശിക്കുമാറാകും!
കർമ്മ	കാര്യം	മാം	ഞാനുമായി
അനേന	ഇദ്ദേഹത്താൽ	യാവത്	ഏതുവരെ
കർത്തവ്യം;	ചെയ്തുതീർക്കേണ്ടതായിരിക്കുന്നു;	അഭിഭാഷതേ ന	നേരിട്ട് സംഭാഷണം ചെയ്യാതിരിക്കുന്നുവൊ
കൃതാർത്ഥം	ദേവകാര്യത്തെ ചെയ്തു തീർത്തു്	താവത്,	അതിനുമുമ്പിൽ
		ശീഘ്രം	വേഗത്തിൽ
ജിതവന്തം ച	വിജയിയായി വർത്തിക്കുന്നവനായ	ഗച്ഛാമഹേ.	നാം മടങ്ങിപ്പൊയ്ക്കൊള്ളുക.

ഇതി വജ്രീ തമാമന്ത്ര്യ മാനയിത്വാ ച താപസം
രഥേന ഹരിയുക്തേന യയൗ ദിവമരിന്ദമഃ. 22

അരിന്ദമഃ	ശത്രുസംഹാരകനായ	മാനയിത്വാ,	ഉപചരിച്ചശേഷം
വജ്രീ,	ദേവേന്ദ്രൻ,	ഹരിയുക്തേന	കുതിരകൾ കെട്ടിയ
തം താപസം,	ആ മഹർഷിയോട്,	രഥേന ച,	തേരിൽ കയറി, ഉടനെ
ഇതി	ഇപ്രകാരം	ദിവം	ദേവലോകത്തിലേക്ക്
ആമന്ത്ര്യ	യാത്രപറഞ്ഞു്	യയൗ.	എഴുന്നെള്ളി.

പ്രയാതേ തു സഹസ്രാക്ഷേ രാഘവഃ സപരിച്ഛദഃ
അഗ്നിഹോത്രമുപാസീനം ശരഭംഗമുപാഗമത്. 23

സഹസ്രാക്ഷേ	ദേവേന്ദ്രൻ	രാഘവഃ	ശ്രീരാമൻ
പ്രയാതേ തു,	പോയശേഷം,	അഗ്നിഹോത്രം	അഗ്നിഹോത്രശാലയിൽ
സപരിച്ഛദഃ,	കൂടെവന്നവരായ സീതാ ലക്ഷ്മണന്മാരോടും കൂടിയവനായി,	ഉപാസീനം	ഇരുന്നിരുന്ന
		ശരഭംഗം	ശരഭംഗമഹർഷിയുടെ
		ഉപാഗമത്.	സന്നിധിയിൽവന്നു.

തസ്യ പാദൗ ച സംഗൃഹ്യ രാമഃ സീതാ ച ലക്ഷ്മണഃ
നിഷേദുസ്സമനുജ്ഞാതാ ലബ്ധവാസാ നിമന്ത്രിതാഃ. 24

രാമഃ	ശ്രീരാമനും	സംഗൃഹ്യ ച,	വണങ്ങിയശേഷം
ലക്ഷ്മണഃ	ലക്ഷ്മണനും	നിമന്ത്രിതാഃ	എതിരേല്ക്കപ്പെട്ടു്
സീതാ ച,	സീതാദേവിയും,	സമനുജ്ഞാതാഃ	സ്വാഗതമരുളി
തസ്യ	അദ്ദേഹത്തിന്റെ	ലബ്ധവാസാഃ	ആസനങ്ങൾ നല്കപ്പെട്ടവരായി
പാദൗ	കാലടികളെ	നിഷേദുഃ.	ഉപവേശിച്ചു.

തതഃ ശക്രോപയാനം തു പര്യപൃച്ഛത്സ രാഘവഃ
ശരഭംഗശ്ച തത്സർവ്വം രാഘവായ ന്യവേദയത്. 25

സഃ	ആ	പര്യപൃച്ഛത്;	അന്വേഷിച്ചു;
രാഘവഃ,	രഘുവരൻ,	ശരഭംഗഃ ച	ശരഭംഗമഹർഷിയും
തതഃ	അപ്പോൾ	തത് സർവ്വം	അതുമുഴുവനും
ശക്രോപയാനം തു	ഇന്ദ്രന്റെ ആഗമനത്തെക്കുറിച്ചു്	രാഘവായ	ശ്രീരാമനോടായി
		ന്യവേദയത്.	ഉണർത്തിച്ചു.

മാമേഷ വരദോ രാമ ബ്രഹ്മലോകം നിനീഷതി
ജിതമുഗ്രേണ തപസാ ദുഷ്പ്രാപമകൃതാത്മഭിഃ. 26

"രാമ!	"ശ്രീരാമ!	തപസാ	തപസ്സിനാൽ
വരദഃ	വരദാനതല്പരനായ	ജിതം	സമ്പാദിക്കപ്പെട്ടതുമായ
ഏഷഃ	ഇന്ദ്രൻ		
അകൃതാത്മഭിഃ	ആത്മജ്ഞാനമില്ലാത്തവരാൽ	ബ്രഹ്മലോകം	ബ്രഹ്മലോകത്തിലേക്ക്
		മാം	എന്നെ
ദുഷ്പ്രാപം	പ്രാപിക്കുവാൻ കഴിയാത്തതും	നിനീഷതി.	കൂട്ടിക്കൊണ്ടുപോകുവാൻ ഇച്ഛിക്കുന്നു.
ഉഗ്രേണ	കഠിനമായ		

അഹം ജ്ഞാത്വാ നരവ്യാഘ്ര വൎത്തമാനമദൂരതഃ
ബ്രഹ്മലോകം ന ഗച്ഛാമി ത്വാമദൃഷ്ട്വാ പ്രിയാതിഥിം. 27

"നരവ്യാഘ്ര!	"പുരുഷോത്തമനായ!
അഹം	ഞാൻ
ത്വാം	നിന്തിരുവടിയെ
അദൂരതഃ	ഇവിടെ സമീപത്തിൽ
വൎത്തമാനം	വന്നിരിക്കുന്നവനായി
ജ്ഞാത്വാ,	അറിഞ്ഞു്,
പ്രിയാതിഥിം	ദുൎല്ലഭനായ അതിഥിയായ നിന്തിരുവടിയെ
അദൃഷ്ട്വാ	സന്ദൎശിക്കാതെ
ബ്രഹ്മലോകം	ബ്രഹ്മലോകത്തിലേക്കു്
ഗച്ഛാമി ന.	പോകാതിരിക്കുകയാണു്.

['പ്രിയാതിഥി' എന്നു പറഞ്ഞതുകൊണ്ടു്, ബ്രഹ്മലോകത്തെ അപേക്ഷിച്ചു്, ശ്രീരാമദൎശനത്തിന്റെ അനശ്വരമായ ഇഷ്ടസാധനത്വം വിവക്ഷിക്കപ്പെട്ടിരിക്കുന്നു. സ. തി.]

ത്വയാഽഹം പുരുഷവ്യാഘ്ര ധാൎമ്മികേണ മഹാത്മനാ
സമാഗമ്യ ഗമിഷ്യാമി ത്രിദിവം ദേവസേവിതം. 28

"പുരുഷവ്യാഘ്ര!	"പുരുഷോത്തമ!
ധാൎമ്മികേണ	ധൎമ്മസ്വരൂപനായു്
മഹാത്മനാ	പരമാത്മാവായ
ത്വയാ	നിന്തിരുവടിയോടു്
സമാഗമ്യ	ചേൎന്നു് നിന്തിരുവടിയുടെ കടാക്ഷവീക്ഷണം ലഭിച്ചശേഷം
അഹം	ഞാൻ
ദേവസേവിതം	ദേവന്മാരാൽ അധിവസിക്കപ്പെട്ട
ത്രിദിവം,	സ്വൎഗ്ഗലോകത്തിലേക്കു്,
ഗമിഷ്യാമി.	പോകാം.

["ദേവസേവിതം ത്രിദിവം" 'യത്ര പൂൎവ്വേ സാദ്ധ്യാഃ സന്തി ദേവാഃ' എന്നു് പുരുഷസൂക്തത്തിൽ പറയുന്ന പ്രകാരം നിത്യസൂരികളാൽ അധിവസിക്കപ്പെട്ടതായ ബ്രഹ്മലോകത്തേക്കാളും ഉത്കൃഷ്ടമായ, ത്രിപാദ്വിഭൂതിയായ ശ്രീവൈകുണ്ഠത്തെ, ഞാൻ ആഗ്രഹിക്കുന്നു-ഗൊ-രാ.]

അക്ഷയാ നരശാൎദ്ദൂല മയാ ലോകാ ജിതാഃ ശുഭാഃ
ബ്രാഹ്മ്യാശ്ച നാകപൃഷ്ഠ്യാശ്ച പ്രതിഗൃഹ്ണീഷ്വ മാമകാൻ. 29

"നരശാൎദ്ദൂല!	"പുരുഷോത്തമ!
മയാ	എന്നാൽ
ശുഭാഃ	പുണ്യങ്ങളും
അക്ഷയാഃ	നാശമില്ലാത്തവയും
ബ്രാഹ്മ്യാഃ ച	ബ്രഹ്മാവിനെ സംബന്ധിച്ചവയും
നാകപൃഷ്ഠ്യാഃ ച	സ്വൎഗ്ഗത്തെ ചേൎന്നവ
ലോകാഃ	ലോകങ്ങൾ [യും ആയ
ജിതാഃ;	സമ്പാദിക്കപ്പെട്ടിട്ടുണ്ടു്;
മാമകാൻ ച	ആ എനിക്കുള്ളവയെല്ലാം
പ്രതിഗൃഹ്ണീഷ്വ."	നിന്തിരുവടി സ്വീകരിച്ചാലും."

[തന്റെ തപോഫലസിദ്ധങ്ങളായ സൎവ്വത്തേയും ഭഗവാന്നായ്ക്കൊണ്ടു് സമൎപ്പണം ചെയ്യുന്നു-തനിശ്ലോകി.

"കാമതോഽകാമതോ വാഽപി യത് കരോമി ശുഭാശുഭം. തത്സൎവ്വം ത്വയി സന്ന്യസ്തം ത്വത്പ്രയുക്തഃ കരോമ്യഹം; നാഹം കൎത്താ സൎവ്വമേതദ് ബ്രഹ്മൈവ കുരുതേ തഥാ; ഏതദ്ബ്രഹ്മാൎപ്പണം പ്രോക്തമൃഷിഭിസ്തത്വദൎശിഭിഃ" എന്നു് കൂൎമ്മപുരാണത്തിൽ ബ്രഹ്മാൎപ്പണത്തെപ്പററി പറയുന്നു.]

ഏവമുക്തോ നരവ്യാഘ്രസ്സർവ്വശാസ്ത്രവിശാരദഃ
ഋഷിണാ ശരഭംഗേണ രാഘവോ വാക്യമബ്രവീത്. 30

ശരഭംഗേണ ഋഷിണാ	ശരഭംഗമുനീശ്വരനാൽ	നരവ്യാഘ്രഃ	പുരുഷോത്തമനുമായ
ഏവം	ഇപ്രകാരം	രാഘവഃ	ശ്രീരാഘവൻ
ഉക്തഃ,	അഭ്യർത്ഥിക്കപ്പെട്ടവനും	വാക്യം	ഇപ്രകാരം മറുപടി
സർവ്വശാസ്ത്ര-വിശാരദഃ	സകലശാസ്ത്രങ്ങളിലും പാണ്ഡിത്യമുള്ളവനും	അബ്രവീത്.	അരുളിച്ചെയ്തു.

അഹമേവാഹരിഷ്യാമി സർവ്വാൻ ലോകാൻ മഹാമുനേ
ആവാസം ത്വഹമിച്ഛാമി പ്രദിഷ്ടമിഹ കാനനേ. 31

"മഹാമുനേ!	"ഹേ മുനിവര്യ!	ഇഹ	ഇപ്പോൾ
അഹം ഏവ	ഞാൻതന്നെ	കാനനേ	കാട്ടിൽ
ലോകാൻ	ലോകങ്ങളെ	ആവാസം തു	ഒരു പാർപ്പിടംമാത്രം
സർവ്വാൻ	എല്ലാററിനേയും	പ്രദിഷ്ടം	നിർദ്ദേശിക്കപ്പെട്ടാൽ കൊള്ളാമെന്ന്
ആഹരിഷ്യാമി;	സ്വീകരിക്കുന്നു;		
അഹം	ഞാൻ	ഇച്ഛാമി."	ആഗ്രഹിക്കുന്നു."

["ആഹരിഷ്യാമി"; അങ്ങയ്ക്കുതന്നെ തരുന്നുണ്ട്; "ലഭതേ ച തതഃ കാമാൻ മയൈവ വിഹിതാൻ ഹി താൻ" (ഗീത) എന്ന ഭഗവദുക്തിപ്രകാരം അങ്ങയ്ക്കായിക്കൊണ്ട് തരുന്നു;) തന്നി ശ്ലോകി) ദേവമനുഷ്യാനന്ദാദികൾ ബ്രഹ്മാനന്ദത്തിൽ അന്തർഭവിച്ചവയാകയാൽ എന്നു താല്പര്യം.]

രാഘവേണൈവമുക്തസ്തു ശക്രതുല്യബലേന വൈ
ശരഭംഗോ മഹാപ്രാജ്ഞഃ പുനരേവാബ്രവീദ്വചഃ. 32

ശക്രതുല്യ-ബലേന വൈ	ഇന്ദ്രനുതുല്യമായ ബലമുള്ളവനായ	മഹാപ്രാജ്ഞഃ തു	അതിബുദ്ധിശാലിയായ
രാഘവേണ	ശ്രീരാഘവനാൽ	ശരഭംഗഃ,	ശരഭംഗമഹർഷി,
ഏവം	ഇപ്രകാരം	പുനഃ ഏവ	വീണ്ടും
		വചഃ	ഈ വാക്യത്തെ
ഉക്തഃ	പറയപ്പെട്ടവനായ	അബ്രവീത്.	അരുളിച്ചെയ്തു.

ഇഹ രാമ മഹാതേജാഃ സുതീക്ഷ്ണോ നാമ ധാർമ്മികഃ
വസത്യരണ്യേ ധർമ്മാത്മാ സ തേ ശ്രേയോ വിധാസ്യതി. 33

"രാമ!	"ശ്രീരാമ!	ഇഹ	ഈ
മഹാതേജാഃ	മഹാതേജസ്വിയും	അരണ്യേ	കാട്ടിൽ
ധർമ്മാത്മാ	ധാർമ്മികബുദ്ധിയുള്ളവനും	വസതി;	താമസിച്ചുവരുന്നു;
		സഃ	അദ്ദേഹം
ധാർമ്മികഃ	ധർമ്മാനുഷ്ഠാനനിരതനുമായ	തേ	നിന്തിരുവടിക്ക്
സുതീക്ഷ്ണഃ നാമ,	സുതീക്ഷ്ണനെന്ന മഹർഷി	ശ്രേയഃ	ശ്രേയസ്സിനെ
		വിധാസ്യതി.	വിളയിക്കും.

സുതീക്ഷ്ണമഭിഗച്ഛ ത്വം ശുചൌ ദേശേ തപസ്വിനം
രമണീയേ വനോദ്ദേശേ സ തേ വാസം വിധാസ്യതി
ഇമാം മന്ദാകിനീം രാമ പ്രതിസ്രോതാമനുവ്രജ. 34

"ത്വം	"നിന്തിരുവടി
ശുചൌ ദേശേ	പരിശുദ്ധമായ പ്രദേശത്തിൽ
തപസ്വിനം	തപസ്സുചെയ്യുന്നവനായ
സുതീക്ഷ്ണം	സുതീക്ഷ്ണമഹർഷിയെ
അഭിഗച്ഛ;	ചെന്നുകണ്ടാലും;
സഃ	അദ്ദേഹം
തേ	നിന്തിരുവടിക്ക്
രമണീയേ	രമ്യമായ
വനോദ്ദേശേ,	വനസ്ഥലിയിൽ
വാസം	വാസസ്ഥലത്തെ
വിധാസ്യതി;	കല്പിക്കും;
രാമ	ശ്രീരാമ!
ഇമാം	ഈ
മന്ദാകിനീം	മന്ദാകിനീനദിയെ
പ്രതിസ്രോതാം	ഒഴുക്കിന്നെതിരായിത്തന്നെ
അനുവ്രജ.	കരപററിച്ചെല്ലുക.

['മന്ദാകിനീ' (അതായത് ഗംഗ) എന്നു എല്ലാ പുണ്യനദികളെപ്പററിയും ഉപചാരമായി സാധാരണ പറയുമ്പോലെ ചിത്രകൂടസ്ഥമായതും നർമ്മദാനദിയുടെ ഉത്ഭവസ്ഥലത്തിന്നടുത്ത് ഉള്ളതും ആയ അതിൻെറ ഒരു ചെറു പോഷകനദിയാകുന്നു; ചിത്രകൂടം എന്നത് വിന്ധ്യപർവ്വതനിരയുടെ ഒരു ചെറു ശാഖയാകുന്നു; രാമഗിരി എന്നും, അതിന്നു മേഘസന്ദേശത്തിൽ ആദ്യശ്ലോകത്തിൽ പറയുന്ന പ്രകാരം പേരുണ്ടെന്നും പറയുന്നു; ഇപ്പോഴും അവിടെ 'രാംഗാർ' എന്ന ഒരു ചെറു പട്ടണവും ഉണ്ട് (അതു മദ്ധ്യസംസ്ഥാനത്തിൽ അക്ഷാംശം 23° ധ്രുവാംശം 81°) വർത്തിക്കുന്നു. 'മന്ദാകിനി' എന്ന് ആ നദിയുടേയും പേരായിരിക്കാമെന്നും, തിലകം. അയോ. 54 സ. 29 ശ്ലോ. നോക്കുക.]

നദീം പുഷ്പോഡുപവഹാം തതസ്തത്ര ഗമിഷ്യസി
ഏഷ പന്ഥാ നരവ്യാഘ്ര മുഹൂർത്തം പശ്യ താത മാം
യാവജ്ജഹാമി ഗാത്രാണി ജീർണ്ണാം ത്വചമിവോരഗഃ. 35

"തതഃ തത്ര	"അവിടവിടെ
നദീം	നദിയെ
പുഷ്പോഡുപവഹാം	പുഷ്പങ്ങളേയും ചെറുതോണി (പൊങ്ങുതടി) കളേയും വഹിക്കുന്നതായി
ഗമിഷ്യസി;	നിന്തിരുവടി കാണുന്നതാണ്;
ഏഷഃ	ഇതാകുന്നു
പന്ഥാഃ;	നിന്തിരുവടിക്ക് പോകേണ്ടതായ മാർഗ്ഗം;
താത!	ലോകപിതാവായ
നരവ്യാഘ്ര!	ഹേ പുരുഷോത്തമ!
മാം	എന്നെ
മുഹൂർത്തം	ഒരുക്ഷണനേരം
പശ്യ;	കടാക്ഷിച്ചരുളിയാലും;
യാവത്	തൽക്ഷണംതന്നെ
ഉരഗഃ	സർപ്പം
ജീർണ്ണാം	ജീർണ്ണിച്ച
ത്വചം	ചട്ടയെ
ഇവ	ഏതുവിധമൊ, ആ വിധത്തിൽ
ഗാത്രാണി	അവയവങ്ങളെ
ജഹാമി."	ഞാനുപേക്ഷിച്ചുകളയാം."

["മാം മുഹൂർത്തം പശ്യ" ഇവിടെനിന്നു യാത്ര പുറപ്പെടുന്നതിന്നുമുമ്പ് സ്വല്പം ഇവിടെനിന്ന്, എൻെറ ദേഹത്യാഗത്തെ കണ്ടതിന്നുശേഷം പോകാം, എന്നു ബാഹ്യാർത്ഥം. വാസ്തവത്തിൽ അവിട്ടത്തെ കരുണാകടാക്ഷം ഒരണമാത്രമുണ്ടെന്നാൽ ഞാൻ ആ നിമിഷം തന്നെ എൻെറ ദേഹത്യാഗം ചെയ്തു കൃതാർത്ഥനായി ഭവിക്കുന്നുണ്ട്, എന്നു താല്പര്യം. (മാ. തീർത്ഥീയം.)]

"പുഷ്പോഡുപവഹാം" (പുഷ്പങ്ങളും പോലെ ലഘുവായ തോണികളെ വഹിക്കുന്നത്) എന്നു തിലകം. (ചെറുതോണിയെന്നപോലെയുള്ള പുഷ്പനിവഹത്തെ വഹിക്കുന്നത്), ഗോ. രാ.]

തതോऽഗ്നിം സുസമാധായ ഹുത്വാ ചാജ്യേന മന്ത്രവിത്
ശരഭംഗോ മഹാതേജാഃ പ്രവിവേശ ഹുതാശനം. 36

തതഃ	അപ്പോൾ	ആജ്യേന	നെയ്യുകൊണ്ട്
മന്ത്രവിത്	വേദജ്ഞനും	ഹുത്വാ ച	(ബ്രഹ്മമേധവിധിപ്രകാരം) ഹോമംചെയ്തശേഷം
മഹാതേജാഃ	മഹാതേജസ്വിയുമായ		
ശരഭംഗഃ	ശരഭംഗമുനീശ്വരൻ		
അഗ്നിം സുസമാധായ	അഗ്നിയെ നല്ലപോലെ ഉജ്ജ്വലിപ്പിച്ച്	ഹുതാശനം	അഗ്നിയിൽ
		പ്രവിവേശ.	പ്രവേശിച്ചു.

[“യദ്വാ ത്‌കണ്ഠാ തദാവാപ്നൊതി ബ്രഹ്മമേധാനലം വ്രജേത്; നാഭിവക്ത്രാത്മഗാനഗ്നീനവരോപ്യ യഥാസ്ഥലം; സംസ്കാരയേത്” എന്നു ബ്രഹ്മമേധാഗ്നിപ്രവേശം ചെയ്യേണ്ടുന്നുള്ള വിധി. ഗോ. രാ.

“വൃദ്ധഃ ശൌചക്രിയാലുപ്തഃ പ്രത്യാഖ്യാതഭിഷക്ക്രിയഃ, ആത്മാനം ഘാതയേദ്യസ്തു ഭൃഗ്വഗ്ന്യനശനാംബുഭിഃ,” എന്ന ശാസ്ത്രപ്രകാരം അഗ്നിപ്രവേശം സാധുവെന്ന് മാ. തീർത്ഥീയം.]

തസ്യ രോമാണി കേശാംശ്ച ദദാഹാഗ്നിർമഹാത്മനഃ
ജീർണ്ണാം ത്വചം തഥാऽസ്ഥീനി യച്ച മാംസം സശോണിതം
രാമസ്തു വിസ്മിതോ ഭ്രാത്രാ ഭാര്യയാ ച സഹാത്മവാൻ. 37

മഹാത്മനഃ	മഹാത്മാവായ	മാംസം യത് ച	യാതൊരുമാംസത്തെയും
തസ്യ	അദ്ദേഹത്തിന്റെ	അഗ്നിഃ	അഗ്നി
രോമാണി	രോമങ്ങളേയും	ദദാഹ;	ദഹിപ്പിച്ചു;
കേശാൻ ച	തലമുടിയേയും	ആത്മവാൻ	മഹാപ്രാജ്ഞനായ
ജീർണ്ണാം	ജീർണ്ണിച്ച	രാമഃ തു	ശ്രീരാമനും
ത്വചം	തോലിനെയും	ഭ്രാത്രാ	സഹോദരനോടും
അസ്ഥീനി തഥാ	എല്ലുകളെയും	ഭാര്യയാ ച	പത്നിയോടും
സശോണിതം	രക്തത്തോടുകൂടിയതായ	സഹ	ഒപ്പം
		വിസ്മിതഃ.	ആശ്ചര്യഭരിതനായി.

സ ച പാവകസങ്കാശഃ കുമാരഃ സമപദ്യത
ഉത്ഥായാഗ്നിചയാത്തസ്മാച്ഛരഭംഗോ വ്യരോചത. 38

സഃ	ആ	തസ്മാത്	ആ
ശരഭംഗഃ ച	ശരഭംഗമാമുനിയും	അഗ്നിചയാത്	അഗ്നികുണ്ഡത്തിൽനിന്ന്
പാവകസങ്കാശഃ	അഗ്നിക്ക് തുല്യമായ തേജസ്സോടുകൂടിയ	ഉത്ഥായ	പൊങ്ങിനിന്ന്
കുമാരഃ	ഒരു തരുണനായി	വ്യരോചത.	തേജസ്വിയായി പ്രശോഭിച്ചു.
സമപദ്യത;	ഭവിച്ചു;		

[“ഇവിടെ ‘അർച്ചിരാദി’ അഥവാ ‘ദേവയാന’മാർഗ്ഗമായുള്ള ബ്രഹ്മലോകപ്രാപ്തിയെപ്പറയുന്നു. “ത്രിംശദ്ഭിസ്തുകുമാരകഃ” എന്ന വചനപ്രകാരം മുപ്പതുവയസ്സുള്ള തരുണനായ്ത്തീർന്നു. ഗോ. രാ.]

സ ലോകാനാഹിതാഗ്നീനാമൃഷീണാം ച മഹാത്മനാം
ദേവാനാം ച വ്യതിക്രമ്യ ബ്രഹ്മലോകം വ്യരോഹത. 39

സഃ	അദ്ദേഹം	ദേവാനാം ച,	ദേവകളുടേയും,
ആഹിതാഗ്നീനാം,	അഗ്നിഹോത്രം ചെയ്യുന്നവരുടേയും,	ലോകാൻ ച	ലോകങ്ങളെല്ലാററിനെയും
		വ്യതിക്രമ്യ,	കടന്നു്,
മഹാത്മനാം	മഹാത്മാക്കളായ	ബ്രഹ്മലോകം	ബ്രഹ്മലോകത്തിൽ
ഋഷീണാം	ഋഷിവൎയ്യന്മാരുടേയും,	വ്യരോഹത.	എത്തിച്ചേൎന്നു.

["തേഽൎച്ചിരഭിസംഭവന്ത്യൎച്ചിഷോഽഹരഹ്ന ആപൂൎയ്യമാണപക്ഷമാപൂൎയ്യമാണപക്ഷാദ്യാൻ ഷഡുദങ്ങേതി മാസാംസ്താൻ മാസേഭ്യഃ സംവത്സരം സംവത്സരാദാദിത്യമാദിത്യാച്ചന്ദ്രമസം ചന്ദ്രമസോ വിദ്യുതം തത് പുരുഷോഽമാനവഃ സ ഏനാൻ ബ്രഹ്മ ഗമയത്യേഷ ദേവപഥോ ബ്രഹ്മപഥ ഏതേന പ്രതിപദ്യമാനാ ഇമം മാനവമാവൎത്തം നാവൎത്തന്തേ," എന്ന ശ്രുതിപ്രകാരവും, "അഗ്നിൎജ്യോതിരഹഃ ശുക്ലഃ ഷണ്മാസാ ഉത്തരായണം, തത്ര പ്രയാതാ ഗച്ഛന്തി ബ്രഹ്മ ബ്രഹ്മവിദോ ജനാഃ" (ഗീത. viii, 24), എന്ന ഗീതാവചനപ്രകാരവും സഗുണോപാസകന്മാരുടെ പുനരാവൃത്തിഹീനമായ ബ്രഹ്മപദപ്രാപ്തിയെ, "ബ്രഹ്മലോകം വ്യരോഹത" എന്നതുകൊണ്ടു് വിവക്ഷിച്ചിരിക്കുന്നു. (ഗോ. രാ.)

"ആഹിതാഗ്നീനാം ലോകാഃ" എന്നതുകൊണ്ടു്, "കൎമ്മണാ പിതൃലോകഃ" എന്ന ശ്രുതിപ്രകാരം പറയപ്പെടുന്ന, ചന്ദ്രൻ പ്രദക്ഷിണം ചെയ്യുന്നവയായ പിതൃലോകവും, "ഋഷീണാം ച മഹാത്മനാം" എന്നതുകൊണ്ടു്, "വിദ്യയാ ദേവലോകഃ" എന്ന ശ്രുതിപ്രകാരം സൂൎയ്യൻ പ്രദക്ഷിണം ചെയ്യുന്നതായ ദേവലോകവും, "ദേവാനാം" എന്നതുകൊണ്ടു്, ധ്രുവൻ പ്രദക്ഷിണം ചെയ്യുന്ന ആജാനദേവന്മാരായ ബ്രഹ്മവിഷ്ണുരുദ്രാദികളുടേതും ആയ ലോകങ്ങളേയും, പറയപ്പെട്ടിരിക്കുന്നു. ഈ ലോകങ്ങളെയെല്ലാം കടന്നു് അപ്പുറത്തുള്ളതായ ബ്രഹ്മലോകത്തെ ആരോഹണം ചെയ്തു. (തിലകം.)]

സ പുണ്യകൎമ്മാ ഭവനേ ദ്വിജൎഷഭഃ
പിതാമഹം സാനുചരം ദദൎശ ഹ
പിതാമഹശ്ചാപി സമീക്ഷ്യ തം ദ്വിജം
ननന്ദ സുസ്വാഗതമിത്യുവാച ഹ. 40

പുണ്യകൎമ്മാ	സത്കൎമ്മങ്ങൾ ചെയ്ത	ദദൎശ ഹ!	ദൎശിച്ചു, ആശ്ചൎയ്യം!
ദ്വിജൎഷഭഃ	ബ്രാഹ്മണോത്തമനായ	പിതാമഹഃ ച അപി	ബ്രഹ്മദേവനും
സഃ,	അദ്ദേഹം,	തം ദ്വിജം	ആ അന്തണനെ
സാനുചരം	നിജഭക്തജനങ്ങളോടൊരുമിച്ചിരിക്കുന്ന	സമീക്ഷ്യ	കണ്ടു്
		നനന്ദ;	സന്തോഷിച്ചു;
പിതാമഹം	ബ്രഹ്മദേവനെ	സുസ്വാഗതം	'സ്വാഗതം'
ഭവനേ	അദ്ദേഹത്തിൻെറ ആസ്ഥാനത്തിൽ	ഇതി ഹ	എന്നും
		ഉവാച.	അരുളിച്ചെയ്തു.

[പിതാമഹശബ്ദം, വിഗ്രഹയുക്തനായ പരമാത്മാവായ സഗുണബ്രഹ്മപരമാകുന്നു. ഗോ. രാ.]

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
പഞ്ചമഃ സൎഗ്ഗഃ = അഞ്ചാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 6859; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 147.

ഷഷ്ഠഃ സർഗ്ഗഃ = ആറാംസർഗ്ഗം.

[രക്ഷോവധപ്രതിജ്ഞാനം = രാക്ഷസവധപ്രതിജ്ഞ.]

ശരഭംഗേ ദിവം യാതേ മുനിസംഘാഃ സമാഗതാഃ
അഭ്യഗച്ഛന്ത കാകുത്സ്ഥം രാമം ജ്വലിതതേജസം. 1

ശരഭംഗേ	ശരഭംഗമഹർഷി
ദിവം	ബ്രഹ്മലോകം
യാതേ	പോയ് ചേൎന്ന ശേഷം,
മുനിസംഘാഃ	ഋഷിഗണങ്ങൾ
സമാഗതാഃ,	ഒരുമിച്ചു കൂടി,
ജ്വലിത-തേജസം	ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്നതേജസ്സോടുകൂടിയ
കാകുത്സ്ഥം	കകുൽസ്ഥവംശജനായ,
രാമം അഭ്യഗച്ഛന്ത.	ശ്രീരാമന്റെ സന്നിധിയിലേക്കുവന്നു.

വൈഖാനസാ വാലഖില്യാഃ സംപ്രക്ഷാലാ മരീചിപാഃ
അശ്മകുട്ടാശ്ച ബഹവഃ പത്രാഹാരാശ്ച താപസാഃ 2
ദന്തോലൂഖലിനശ്ചൈവ തഥൈവോന്മജ്ജകാഃ പരേ
ഗാത്രശയ്യാ അശയ്യാശ്ച തഥൈവാഭ്രാവകാശകാഃ 3
മുനയഃ സലിലാഹാരാ വായുഭക്ഷാസ്തഥാഽപരേ
ആകാശനിലയാശ്ചൈവ തഥാ സ്ഥണ്ഡിലശായിനഃ 4

വൈഖാനസാഃ	ഭഗവാന്റെ നഖത്തിൽ നിന്നുളവായ വൈഖാനസന്മാരെന്നവരും,
വാലഖില്യാഃ,	ഭഗവാന്റെ രോമങ്ങളിൽ നിന്നുത്ഭവിച്ച വാലഖില്യന്മാരും
സംപ്രക്ഷാലാഃ	ഭഗവാന്റെ പാദപ്രക്ഷാളന തീൎത്ഥത്തിൽ നിന്നു ജനിച്ച സംപ്രക്ഷാളന്മാരെന്നവരും
മരീചിപാഃ	സൂൎയ്യരശ്മിയെ മാത്രംപാനം ചെയ്യുന്നവരും,
അശ്മകുട്ടാഃ ച	പൊടിച്ച കല്ലുമാത്രം ഭക്ഷിക്കുന്നവരും,
പത്രാഹാരാഃ ച	ഇലകളെ ഭക്ഷിക്കുന്ന
ബഹവഃ	പല [വരായ
താപസാഃ	താപസന്മാരും,
ദന്തോലൂ-ഖലിനഃ,	പല്ലുകളെ ഉരലായുപയോഗിച്ച് ഉമിയോടുകൂടിയ ധാന്യങ്ങളെ മാത്രം തിന്നുന്നവരും,
പരേ	വേറെ
ഉന്മജ്ജകാഃ തഥാ	കഴുത്തിനുവെള്ളത്തിൽ നിന്ന് തപസ്സുചെയ്യുന്നവരും,
ഗാത്രശയ്യാഃ ഏവ,	ദേഹത്തിന്റെ ഒരു അവയവത്തെ തന്നെ ശയ്യയാക്കി നിദ്രചെയ്യുന്നവരും,
അശയ്യാഃ ച,	ഒരിക്കലും ശയിക്കാത്തവരും,
അഭ്രാവ-കാശകാഃ തഥാ ഏവ,	വെയിലും മഴയും കൊണ്ട് തുറന്നസ്ഥലത്ത് തപം ചെയ്യുന്നവരും,
സലിലാ-ഹാരാഃ,	ജലംമാത്രം പാനം ചെയ്തുപജീവിക്കുന്നവരും,
തഥാ അപരേ	അതുപോലെ തന്നെ വേറെ
വായുഭക്ഷാഃ ച,	വായു ഭക്ഷിച്ച് ജീവിക്കുന്നവരും,
ആകാശ-നിലയാഃ ഏവ,	ആകാശത്തിൽ നിലകൊള്ളുന്നവരും,
തഥാ	അതേപോലെ
സ്ഥണ്ഡില-ശായിനഃ,	നിലത്തുമാത്രം ശയിക്കുന്നവരും.

വ്രതോപവാസിനോ ദാന്താസ്തഥാൎദ്രപടവാസസഃ
സജപാശ്ച തപോനിത്യാസ്തഥാ പഞ്ചതപോഽന്വിതാഃ 5
സൎവ്വേ ബ്രാഹ്മ്യാ ശ്രിയാ ജുഷ്ടാ ദൃഢയോഗാഃ സമാഹിതാഃ
ശരഭംഗാശ്രമേ രാമമഭിജഗ്മുശ്ച താപസാഃ. 6

തഥാ ഏവ	അപ്രകാരം തന്നെ
ആൎദ്രപട-വാസസഃ,	ഈറൻ തുണിമാത്രം ഉടുക്കുന്നവരും
തഥാ	അപ്രകാരം തന്നെ
പഞ്ച-തപോന്വിതാഃ	പഞ്ചാഗ്നി മദ്ധ്യത്തിൽ തപസ്സുചെയ്യുന്നവരും,
ദാന്താഃ	ജിതേന്ദ്രിയന്മാരും
വ്രതോപ-വാസിനഃ	വ്രതം, ഉപവാസം ഇവയെ കൈക്കൊണ്ടവരും
സജപാഃ ച	എല്ലായ്പോഴും ജപിച്ചുംകൊണ്ടിരിക്കുന്നവരും
തപോനിത്യാഃ	എപ്പോഴും സ്വാദ്ധ്യായം ചെയ്തുകൊണ്ടിരിക്കുന്നവരുമായ
താപസാഃ ച,	താപസന്മാരും,
ദൃഢയോഗാഃ	പരമയോഗീശ്വരന്മാരായ
മുനയഃ,	മുനീന്ദ്രന്മാരും,
സൎവ്വേ,	എല്ലാവരും,
ബ്രാഹ്മ്യാ ശ്രിയാ	ബ്രഹ്മതേജസ്സിനാൽ
ജുഷ്ടാഃ ച,	പ്രകാശിക്കുന്നവരായും,
സമാഹിതാഃ ച	ഏകാഗ്രചിത്തന്മാരായും,
ശരഭംഗാശ്രമേ	ശരഭംഗാശ്രമത്തിൽ
രാമം	ശ്രീരാമനെ
അഭിജഗ്മുഃ.	വന്നു ദൎശിച്ചു.

[“വൈഖാനസന്മാർ,” വിഖനസമുനിഃപ്രോക്തമായ മാൎഗ്ഗത്തെ അനുസരിക്കുന്നവർ; (വിഖനസങ്കൽനിന്ന് (ബ്രഹ്മാവ്) ജനിച്ചവർ, “വാലഖില്യന്മാർ” പുതിയ ആഹാരം കിട്ടിയാൽ മുമ്പുള്ളതിനെ ത്യജിക്കുന്നവർ; “സംപ്രക്ഷാളന്മാർ” ആഹാരം വെച്ച പാത്രത്തെ കഴുകിയ വെള്ളം കൊണ്ടുപജീവിക്കുന്നവർ; “അശ്മകുട്ടന്മാർ” ദേഹത്തെ കല്ലുകൊണ്ടു ചതച്ച് വീഢിക്കുന്നവർ, പ്രിയംഗു മുതലായ ലതകളെ മാത്രം ചതച്ച് ഭക്ഷിക്കുന്നവർ; “ആകാശനിലയാഃ,” ആകാശത്തിൽ അതായതു് വൃക്ഷാഗ്രാദികളിൽ സ്ഥിതിചെയ്യുന്നവർ. ഇത്യാദി ഇതരവ്യാഖ്യാനങ്ങൾ.]

അഭിഗമ്യ ച ധൎമ്മജ്ഞാ രാമം ധൎമ്മഭൃതാം വരം
ഊചുഃ പരമധൎമ്മജ്ഞമൃഷിസംഘാഃ സമാഹിതാഃ. 7

ധൎമ്മജ്ഞാഃ	ധൎമ്മജ്ഞന്മാരും
സമാഹിതാഃ ച	ഭക്തന്മാരുമായ
ഋഷിസംഘാഃ	ഋഷിഗണങ്ങൾ
ധൎമ്മഭൃതാം	ധൎമ്മകുശലന്മാരിൽ
വരം	ശ്രേഷ്ഠനും
പരമധൎമ്മജ്ഞം	പരമധൎമ്മജ്ഞനുമായ
രാമം	ശ്രീരാമനെ
അഭിഗമ്യ	സന്ദൎശിച്ച്
ഊചുഃ.	ഇപ്രകാരം ഉണൎത്തിച്ചു.

ത്വമിക്ഷ്വാകുകുലസ്യാസ്യ പൃഥിവ്യാശ്ച മഹാരഥ
പ്രധാനശ്ചാസി നാഥശ്ച ദേവാനാം മഘവാനിവ. 8

"മഹാരഥ !	"മഹാവീര !	നാഥഃ ച	സംരക്ഷകനും
ദേവാനാം	ദേവകൾക്ക്	അസ്യ	ഈ
മഘവാൻ	ഇന്ദ്രൻ	ഇക്ഷ്വാകു-കുലസ്യ ച	ഇക്ഷ്വാകുകുലത്തിന്ന്
ഇവ	എന്നപോലെ	പ്രധാനഃ ച	പ്രധാനപ്പെട്ടവനും
ത്വം	നിന്തിരുവടി	അസി.	ആകുന്നു.
പൃഥിവ്യാഃ	ഭൂലോകത്തിന്ന്		

വിശ്രുതസ്ത്രിഷു ലോകേഷു യശസാ വിക്രമേണ ച
പിതൃഭക്തിശ്ച സത്യം ച ത്വയി ധൎമ്മശ്ച പുഷ്കലഃ. 9

"യശസാ	"യശസ്സുകൊണ്ടും	പുഷ്കലഃ ച ;	കൂടികൊണ്ടിരിക്കുന്നുണ്ടു് ;
വിക്രമേണ ച	പരാക്രമംകൊണ്ടും	പിതൃഭക്തിഃ ച	പിതൃഭക്തിയും അതുപോലെതന്നെ ;
ത്രിഷു ലോകേഷു	മൂന്നുലോകങ്ങളിലും	സത്യം ച.	സത്യവും അതേവിധം തന്നെ.
വിശ്രുതഃ ;	പ്രസിദ്ധനാകുന്നു ;		
ത്വയി	ഭവാങ്കൽ		
ധൎമ്മഃ	ധൎമ്മം		

[ശരഭംഗാനുഗ്രഹകീൎത്തിയാലും, വിരാധവധം കൊണ്ടുള്ള വിക്രമത്താലും, പിതൃവാക്യാനുഷ്ഠാനംകൊണ്ടു പ്രദൎശിപ്പിച്ച പിതൃഭക്തിയാലും, ഭരതന്റെ അപേക്ഷയെയും നിരസിച്ച് രാജ്യത്തെ കയ്യേല്ക്കൊള്ളാതെ പ്രതിജ്ഞയെ പരിപാലിച്ചതുകൊണ്ടു് സത്യവും ധൎമ്മനിഷ്ഠയും വിശ്രുതമെന്നു താല്പൎയ്യം. ഗൊ. രാ.]

ത്വാമാസാദ്യ മഹാത്മാനം ധൎമ്മജ്ഞം ധൎമ്മവത്സലം
അൎത്ഥിത്വാന്നാഥ വക്ഷ്യാമസ്തച്ച നഃ ക്ഷന്തുമൎഹസി. 10

"നാഥ !	"ലോകനായക !	അൎത്ഥിത്വാത്	ഞങ്ങളുടെ ആഗ്രഹം എന്നുള്ളതുകൊണ്ടു്
ധൎമ്മജ്ഞം	ധൎമ്മത്തെ അറിയുന്നവനും	വക്ഷ്യാമഃ ;	ഞങ്ങൾ ഉണൎത്തിക്കുന്നു ;
ധൎമ്മവത്സലം	ധൎമ്മത്തെ പരിപാലിക്കുന്നവനും	നഃ	ഞങ്ങൾ പറയുന്നതായ
മഹാത്മാനം	മഹാത്മാവും ആയ	തത് ച	അവയെല്ലാററിനെയും
ത്വാം	നിന്തിരുവടിയെ	ക്ഷന്തും	ക്ഷമയോടുകൂടി ശ്രവിച്ചരുളുവാൻ
ആസാദ്യ,	പ്രാപിച്ച്,	അൎഹസി.	തിരുമനസ്സുണ്ടാകേണം.

അധൎമ്മസ്സു മഹാംസ്താത ഭവേത്തസ്യ മഹീപതേഃ
യോ ഹരേദ്ബലിഷഡ്ഭാഗം ന ച രക്ഷതി പുത്രവത്. 11

"താത !	"ലോകപിതാവേ !	തസ്യ	അപ്രകാരമുള്ള
യഃ	യാതൊരുവൻ	മഹീപതേഃ,	രാജാവിന്ന്,
ബലിഷഡ്ഭാഗം	ആറിലൊരുഭാഗം കരത്തെ	തു	തന്മൂലം
ഹരേത്	വസൂലാക്കി,	മഹാൻ	ഘോരമായ
പുത്രവത്	പുത്രന്മാരെപ്പോലെ	അധൎമ്മഃ	പാപം
രക്ഷതി ച ന,	രക്ഷിക്കുന്നതുമില്ലയോ,	ഭവേത്.	സംഭവിക്കുന്നതാകുന്നു.

യുഞ്ജാനഃ സ്വാനിവ പ്രാണാൻ പ്രാണൈരിഷ്ടാൻ സുതാനിവ
നിത്യയുക്തഃ സദാ രക്ഷൻ സർവ്വാൻ വിഷയവാസിനഃ 12
പ്രാപ്നോതി ശാശ്വതീം രാമ കീർത്തിം സ ബഹുവാർഷികീം
ബ്രഹ്മണഃ സ്ഥാനമാസാദ്യ തത്ര ചാപി മഹീയതേ. 13

"രാമ!	"ശ്രീരാമ!
വിഷയവാസിനഃ	പ്രജകളെ
സർവ്വാൻ	എല്ലാവരേയും
സദാ	എല്ലാകാലത്തിലും
സ്വാൻ	സ്വന്തം
പ്രാണാൻ ഇവ	പ്രാണങ്ങളെപ്പോലെ
പ്രാണൈഃ	പ്രാണങ്ങളെക്കാൾ[യും
ഇഷ്ടാൻ	പ്രിയപ്പെട്ട
സുതാൻ ഇവ,	പുത്രന്മാരെപ്പോലെയും
നിത്യയുക്തഃ	എപ്പോഴും ധർമ്മത്തിലാസക്തിയോടുകൂടിയവനായും
യുഞ്ജാനഃ	ശരിയായവിധം
രക്ഷൻ	കാത്തുരക്ഷിക്കുന്ന
സഃ	രാജാവ്
ബഹുവാർഷികീം	വളരെക്കാലം
ശാശ്വതീം	ശാശ്വതമായ
കീർത്തിം	കീർത്തിയെ
പ്രാപ്നോതി	പ്രാപിക്കുന്നു;
ബ്രഹ്മണഃ	ബ്രഹ്മാവിന്റെ
സ്ഥാനം	ലോകത്തെ
ആസാദ്യ	പ്രാപിച്ച്
തത്ര അപി ച	അവിടെയും
മഹീയതേ.	ബഹുമാനിക്കപ്പെടുന്നു.

യത് കരോതി പരം ധർമ്മം മുനിർമ്മൂലഫലാശനഃ
തത്ര രാജ്ഞശ്ചതുർഭാഗഃ പ്രജാ ധർമ്മേണ രക്ഷതഃ. 14

"മൂലഫലാശനഃ	"കിഴങ്ങുകളും പഴങ്ങളുംഭുജിച്ചുപജീവിക്കുന്ന
മുനിഃ	ഒരു മുനി
യത്	യാതൊന്നിനെ
പരം ധർമ്മം	ശ്രേഷ്ഠധർമ്മമായി
കരോതി,	ചെയ്യുന്നുവോ,
തത്ര	ആ ധർമ്മഫലത്തിൽ,
പ്രജാഃ	പ്രജകളെ
ധർമ്മേണ	ധർമ്മത്തിൽനിന്നുതെററാതെ
രക്ഷതഃ	രക്ഷിക്കുന്ന
രാജ്ഞഃ,	രാജാവിന്ന്,
ചതുർഭാഗഃ.	നാലിലൊരുഭാഗം അവകാശപ്പെട്ടതാകുന്നു.

[മുനിമാർ കരംകൊടുപ്പാനശക്തരാണെങ്കിലും, അവരുടെ പുണ്യഫലത്തിൽ ഒരു ഭാഗം രാജാവിന്നുള്ളതിനാൽ രക്ഷണാർഹരെന്നു താല്പര്യം.]

സോഽയം ബ്രാഹ്മണഭൂയിഷ്ഠോ വാനപ്രസ്ഥഗണോ മഹാൻ
ത്വന്നാഥോഽനാഥവദ്രാമ രാക്ഷസൈർബാദ്ധ്യതേ ഭൃശം. 15

"രാമ!	"ശ്രീരാമ!
സഃ	അങ്ങിനെയുള്ള
അയം	ഈ
ബ്രാഹ്മണഭൂയിഷ്ഠഃ	ബ്രാഹ്മണന്മാരാൽ നിറയപ്പെട്ട
മഹാൻ	വലുതായ
വാനപ്രസ്ഥഗണഃ,	മുനീന്ദ്രന്മാരുടെ സംഘം,
ത്വന്നാഥഃ	നിന്തിരുവടിയെ നാഥനായി ലഭിച്ച്
അനാഥവത്	നാഥനില്ലാത്തതുപോലെ
രാക്ഷസൈഃ	രാക്ഷസന്മാരാൽ
ഭൃശം	ഏററവും
ബാദ്ധ്യതേ.	ബാധിക്കപ്പെടുന്നു.

ഏഹി പശ്യ ശരീരാണി മുനീനാം ഭാവിതാത്മനാം
ഹതാനാം രാക്ഷസൈർഘോരൈർബ്ബഹൂനാം ബഹുധാ വനേ. 16

"ഏഹി!	"വരിക!	ഭാവിതാത്മനാം	പരമാത്മജ്ഞാനികളായ
വനേ	വനത്തിൽ	ബഹൂനാം	അനേകം
ഘോരൈഃ	ഭയങ്കരന്മാരായ	മുനീനാം	മഹൎഷിമാരുടെ
രാക്ഷസൈഃ	രാക്ഷസന്മാരാൽ	ശരീരാണി	ശരീരങ്ങളെ
ബഹുധാ	പലവിധത്തിൽ	പശ്യ!	ഒന്നു നോക്കിയാലും!
ഹതാനാം	ഹിംസിക്കപ്പെട്ട		

പമ്പാനദീനിവാസാനാമനുമന്ദാകിനീമപി
ചിത്രകൂടാലയാനാം ച ക്രിയതേ കദനം മഹത്. 17

"പമ്പാനദീ-നിവാസാനാം	"പമ്പാനദീതീരത്തിൽ നിവസിക്കുന്നവൎക്കും	അനുമന്ദാ-കിനീം അപി	മന്ദാകിനീ നദീതീരത്തിലും കൂടി
ചിത്രകൂടാ-ലയാനാം ച	ചിത്രകൂട നിവാസികൾക്കും	മഹത്	വലുതായ
		കദനം	ഉപദ്രവം
		ക്രിയതേ.	ചെയ്യപ്പെടുന്നു.

['പമ്പാ' എന്നു പറയുന്നതു ദണ്ഡകാരണ്യത്തിലുള്ള ഒരു സരസ്സാകുന്നു, എന്നു തിലകം. "പംപാ ച നദ്യഃ ച തത്ര നിവാസോ യേഷാം തേഷാം" (പംപാതീരത്തിലും നദികളുടെ തീരങ്ങളിലും നിവസിക്കുന്നവരുടെ) എന്ന് അതിന്നനുസരിച്ചു വ്യാഖ്യാനിച്ചിരിക്കുന്നു. "ഇയം ച പമ്പാഭിധാനം സരഃ" എന്നു ഉത്തരരാമചരിതം ഒന്നാമങ്കത്തിലും പറയുന്നു. "പമ്പാസരസി രാമേണ സസ്നേഹം സവിലാസയാ" എന്ന ക്രിയാഗുപ്തിയെ ഉദാഹരിക്കുന്ന പ്രസിദ്ധ ശ്ലോകത്തിലും പമ്പയെ സരസ്സായിട്ടുതന്നെയാകുന്നു പറയപ്പെട്ടിരിക്കുന്നതു്. 'പംപാ' എന്നതു് തെക്കെ ഇന്ത്യയിലെ ഒരു നദിയായിട്ടും ആപ്തെ (Apte) യുടെ നിഘണ്ടുവിൽ പറഞ്ഞിരിക്കുന്നു.]

ഏവം വയം ന മൃഷ്യാമോ വിപ്രകാരം തപസ്വിനാം
ക്രിയമാണം വനേ ഘോരം രക്ഷോഭിർഭീമകൎമ്മഭിഃ. 18

"ഭീമകൎമ്മഭിഃ	"ക്രൂരകൎമ്മംചെയ്യുന്നവരായ	ഘോരം	ഭയങ്കരമായ
രക്ഷോഭിഃ	രാക്ഷസന്മാരാൽ	വിപ്രകാരം	ഉപദ്രവത്തെ
തപസ്വിനാം	താപസന്മാൎക്കു്	വയം	ഞങ്ങൾ
വനേ	കാട്ടിൽ	ഏവം	ഇപ്രകാരം
ക്രിയമാണം	നേരിടുന്ന	മൃഷ്യാമഃ ന.	സഹിച്ചിരിപ്പാൻ ശക്തരല്ല.

തതസ്ത്വാം ശരണാൎത്ഥം ച ശരണ്യം സമുപസ്ഥിതാഃ
പരിപാലയ നോ രാമ വദ്ധ്യമാനാന്നിശാചരൈഃ. 19

"രാമ!	"ശ്രീരാമ!	സമുപസ്ഥിതാഃ;	ഞങ്ങൾ പ്രാപിച്ചിരിക്കുന്നതു്;
തതഃ ച,	അതുകൊണ്ടുതന്നെയാണു്,	നിശാചരൈഃ	രാത്രിഞ്ചരന്മാരാൽ
ശരണാൎത്ഥം	രക്ഷക്കായി	വദ്ധ്യമാനാൻ	ഹിംസിക്കപ്പെടുന്ന
ശരണ്യം	ലോകശരണ്യനായ	നഃ	ഞങ്ങളെ
ത്വാം	നിന്തിരുവടിയെ	പരിപാലയ!	കാത്തുരക്ഷിച്ചാലും!

പരാ ത്വത്തോ ഗതിർവ്വീര പൃഥിവ്യാം നോപപദ്യതേ
പരിപാലയ നഃ സർവ്വാൻ രാക്ഷസേഭ്യോ നൃപാത്മജ. 20

"നൃപാത്മജ!	"രാജകുമാര!	ഗതിഃ	ആശ്രയം
വീര!	വീര!	ന ഉപപദ്യതേ;	ലഭിക്കുന്നതല്ല;
പൃഥിവ്യാം	ലോകത്തിൽ	നഃ സർവ്വാൻ	ഞങ്ങളെ എല്ലാവരേയും
ത്വത്തഃ	നിന്തിരുവടിയെക്കാൾ	രാക്ഷസേഭ്യഃ	രാക്ഷസന്മാരിൽനിന്ന്
പരാ	വേറൊരു (ഉത്തമമായ)	പരിപാലയ!	രക്ഷിച്ചരുളിയാലും!"

ഏതച്ഛ്രുത്വാ തു കാകുത്സ്ഥസ്താപസാനാം തപസ്വിനാം
ഇദം പ്രോവാച ധർമ്മാത്മാ സർവ്വാനേവ തപസ്വിനഃ. 21

തപസ്വിനാം	പരിതാപകരമായ	കാകുത്സ്ഥഃ,	ശ്രീരാഘവൻ,
	അവസ്ഥയിലിരിക്കുന്ന	തപസ്വിനഃ	മുനീന്ദ്രന്മാർ
താപസാനാം	തപസ്വികളുടെ	സർവ്വാൻ ഏവ	എല്ലാവരേയും നോക്കി
ഏതത്	ഈ വാക്കുകളെ	തു	ഈ കാര്യത്തിൽ
ശ്രുത്വാ,	കേട്ട്,	ഇദം	ഇപ്രകാരം
ധർമ്മാത്മാ	ധർമ്മാത്മാവായ	പ്രോവാച.	മറുപടിയരുളിച്ചെയ്തു.

നൈവമർഹഥ മാം വക്തുമാജ്ഞാപ്യോഽഹം തപസ്വിനാം
കേവലേനാത്മകാര്യ്യേണ പ്രവേഷ്ടവ്യം മയാ വനം
വിപ്രകാരമപാക്രഷ്ടും രാക്ഷസൈർഭവതാമിമം. 22

"മാം	"എന്നോട്	ഇമം	ഈവിധമുള്ള
ഏവം	ഇപ്രകാരം	വിപ്രകാരം	ഉപദ്രവത്തെ
വക്തും	പരിഭവിച്ചുപറയുവാൻ	അപാക്രഷ്ടും,	ഇല്ലാതാക്കുന്നതിന്നു വേണ്ടി,
അർഹഥ ന;	അവകാശമില്ല;		
അഹം	ഞാൻ	കേവലേന	വേറെ പ്രയോജനമാലോചിക്കാതെ
തപസ്വിനാം	താപസന്മാരായ നിങ്ങളുടെ	ആത്മകാര്യ്യേണ	എന്റെ കാര്യമായിത്തന്നെ
ആജ്ഞാപ്യഃ;	(അപേക്ഷയെ, ആജ്ഞയെത്തന്നെ) ശിരസാ വഹിക്കുന്നു;	മയാ	എന്നാൽ
		വനം	വനം
രാക്ഷസൈഃ	രാക്ഷസന്മാരാൽ	പ്രവേഷ്ടവ്യം.	പ്രവേശിക്കപ്പെടേണ്ടിയിരിക്കുന്നു.
ഭവതാം	ഭവാന്മാരുടെ		

[ഞാൻ ഭക്തന്മാരായ് താപസന്മാരായ നിങ്ങളുടെ അധീനത്തിലുള്ളവനാണല്ലോ. കേവലം ആത്മകാര്യ്യാർത്ഥമായ് എന്നാൽ വനം പ്രവേശിക്കത്തക്കതാണോ? (മാ. തി.) നിങ്ങളുടെ ഉപദ്രവനിവൃത്തിയ്ക്കായ്ത്തന്നെയാണ്, ഞാൻ പിതൃവാക്യ പരിപാലനവ്യാജേന ഇവിടെ വന്നിരിക്കുന്നത് എന്ന് 23-ാംശ്ലോകംകൊണ്ട് സമർത്ഥിക്കുന്നു.]

പിതുസ്തു നിൎദ്ദേശകരഃ പ്രവിഷ്ടോഽഹമിദം വനം
ഭവതാമൎത്ഥസിദ്ധ്യൎത്ഥമാഗതോഽഹം യദൃച്ഛയാ. 23

" അഹം	" ഞാൻ	പ്രവിഷ്ടഃ	വന്നിരിക്കുന്നതു്
ഇദം	ഇപ്പോൾ	അഹം	ഞാൻ
പിതുഃ	പിതാവിന്റെ	ഭവതാം	നിങ്ങളുടെ
നിൎദ്ദേശകരഃ തു	ആജ്ഞയെ പരിപാലിക്കുന്നവനായിത്തന്നെയാണു്	അൎത്ഥസിദ്ധ്യൎത്ഥം	മനോരഥം നിറവേറുന്നതിന്നായി
		യദൃച്ഛയാ	ദൈവഗത്യാ
വനം	കാട്ടിലേക്കു്	ആഗതഃ.	വന്നുചേൎന്നു.

തസ്യ മേഽയം വനേ വാസോ ഭവിഷ്യതി മഹാഫലഃ. 24

" തസ്യ	" അങ്ങിനെയുള്ള	വനേ വാസഃ	വനവാസം
മേ	എന്റെ	മഹാഫലഃ	മഹത്തായ ഫലത്തോടു[കൂടിയതായി
അയം	ഈ	ഭവിഷ്യതി.	ഭവിക്കും.

തപസ്വിനാം രണേ ശത്രൂൻ ഹന്തുമിച്ഛാമി രാക്ഷസാൻ
പശ്യന്തു വീൎയ്യമൃഷയഃ സഭ്രാതുൎമ്മേ തപോധനാഃ. 25

" രണേ	" യുദ്ധത്തിൽ	തപോധനാഃ	തപോധനന്മാരായ
തപസ്വിനാം	താപസന്മാരുടെ	ഋഷയഃ	മഹൎഷിമാർ
ശത്രൂൻ	ശത്രുക്കളായ	സഭ്രാതുഃ	സഹോദരസഹിത[നായ
രാക്ഷസാൻ	രാക്ഷസന്മാരെ	മേ	എന്റെ
ഹന്തും	ഉന്മൂലനാശം ചെയ്വാൻ	വീൎയ്യം	പരാക്രമത്തെ
ഇച്ഛാമി;	ഞാൻ ആഗ്രഹിക്കുന്നു;	പശ്യന്തു."	കണ്ടുകൊള്ളട്ടെ."

ദത്വാഽഭയം ചാപി തപോധനാനാം
ധൎമ്മേ ധൃതാത്മാ സഹ ലക്ഷ്മണേന
തപോധനൈശ്ചാപി സഹാൎയ്യവൃത്തഃ
സുതീക്ഷ്ണമേവാഭിജഗാമ വീരഃ. 26

ധൎമ്മേ	ധൎമ്മത്തിൽ	ലക്ഷ്മണേന സഹ ച	ലക്ഷ്മണസഹിതനായും
ധൃതാത്മാ ച,	നിഷ്ഠയോടുകൂടിയവനും,		
വീരഃ,	ശൂരനും,	തപോധനൈഃ സഹ അപി	താപസന്മാരൊരുമിച്ചും
ആൎയ്യവൃത്തഃ അപി	ശ്രേഷ്ഠമായ ശീലഗുണങ്ങളോടുകൂടിയവനുമായ ശ്രീരാമൻ	സുതീക്ഷ്ണം ഏവ	സുതീക്ഷ്ണമഹൎഷിയുടെ സമീപത്തിലേക്കു്
തപോധനാനാം	താപസന്മാൎക്കു്		
അഭയം ദത്വാ,	അഭയമരുളിയശേഷം,	അഭിജഗാമ.	എഴുന്നെള്ളി.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ഷഷ്ഠഃ സൎഗ്ഗഃ = ആറാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 6885; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 173.

സപ്തമഃ സർഗ്ഗഃ = ഏഴാംസർഗ്ഗം.

[സുതീക്ഷ്ണസമാഗമഃ = സുതീക്ഷ്ണമഹർഷിയെ സന്ദർശിക്കുന്നത്.]

രാമസ്തു സഹിതോ ഭ്രാത്രാ സീതയാ ച പരന്തപഃ
സുതീക്ഷ്ണസ്യാശ്രമപദം ജഗാമ സഹ തൈർദ്വിജൈഃ. 1

പരന്തപഃ	ശത്രുസന്താപകനായ	ദ്വിജൈഃ	ബ്രാഹ്മണന്മാരോടും
രാമഃ,	ശ്രീരാമൻ,	സഹ,	കൂടി,
ഭ്രാത്രാ	അനുജനോടും	സുതീക്ഷ്ണസ്യ	സുതീക്ഷ്ണമഹർഷിയുടെ
സീതയാ ച	സീതാദേവിയോടും	ആശ്രമപദം	ആശ്രമപ്രദേശത്തെ
സഹിതഃ തു,	ഒരുമിച്ച്	ജഗാമ.	ചെന്നു. [നോക്കി
തൈഃ	ആ		

തേ ഗത്വാഽദൂരമധ്വാനം നദീസ്തീർത്വാ ബഹൂദകാഃ
ദദൃശുർവ്വിപുലം ശൈലം മഹാമേഘമിവോന്നതം. 2

തേ	അവർ	ഗത്വാ,	നടന്ന്,
അദൂരം	സമീപത്തിൽ	മഹാമേഘം ഇവ	വമ്പിച്ച മേഘമെന്ന
ബഹൂദകാഃ	ജലംനിറഞ്ഞൊഴുകുന്ന	ഉന്നതം	ഉയർന്നതും [പോലെ
നദീഃ	നദികളെ [വയായ	വിപുലം	വലിയതുമായ
തീർത്വാ,	തരണംചെയ്തു,	ശൈലം	ഒരു പർവ്വതത്തെ
അധ്വാനം	വളരെദൂരത്തോളം	ദദൃശുഃ.	കണ്ടു.

[5-ാം സർഗ്ഗം (33—35) ശ്ലോകങ്ങളിൽ സുതീക്ഷ്ണാശ്രമം വളരെ ദൂരെയല്ലെന്നും, മന്ദാകിനീനദീതീരത്തിൽ തന്നെയെന്നും പറഞ്ഞിരിക്കുന്നതിനാൽ, പല സ്ഥലങ്ങളിലുള്ള മന്ദാകിനിയെന്ന് ഒരേ നദിയെത്തന്നെ ബഹുവചനമായ് പറഞ്ഞിരിക്കുന്നു, (ഗോ. രാ.)]

തതസ്തദിക്ഷ്വാകുവരൗ സന്തതം വിവിധൈർദ്രുമൈഃ
കാനനം തൗ വിവിശതുഃ സീതയാ സഹ രാഘവൗ. 3

തതഃ	അതിൽപിന്നെ	വിവിധൈഃ	പലവിധത്തിലുള്ള
ഇക്ഷ്വാകുവരൗ	ഇക്ഷ്വാകുവംശശ്രേഷ്ഠന്മാരായ	ദ്രുമൈഃ	മരങ്ങളാൽ
രാഘവൗ	രാമലക്ഷ്മണന്മാർ	സന്തതം	നിറയപ്പെട്ടതായ
തൗ	ഇരുവരും	തത്	അവിടെയുള്ള
സീതയാ സഹ	സീതാദേവിയോടുകൂടി	കാനനം	ഒരു വനത്തിൽ
		വിവിശതുഃ.	പ്രവേശിച്ചു.

പ്രവിഷ്ടസ്തു വനം ഘോരം ബഹുപുഷ്പഫലദ്രുമം
ദദർശാശ്രമമേകാന്തേ ചീരമാലാപരിഷ്കൃതം. 4

ഘോരം	ഭയങ്കരമായ	ബഹുപുഷ്പ-ഫലദ്രുമം	പുഷ്പങ്ങളാലും പഴങ്ങളാലും സമൃദ്ധമായ വൃക്ഷങ്ങളോടുകൂടിയതും
വനം	വനത്തിൽ	ചീരമാലാ-പരിഷ്കൃതം	മരവുരികളാൽ നിറയപ്പെട്ടതുമായ
പ്രവിഷ്ടഃ തു,	പ്രവേശിച്ചവനായ അദ്ദേഹം,	ആശ്രമം ദദർശ.	ഒരു ആശ്രമത്തെ ദർശിച്ചു.
ഏകാന്തേ	ഏകാന്തമായ സ്ഥലത്തിൽ		

തത്ര താപസമാസീനം മലപങ്കജടാധരം
രാമഃ സുതീക്ഷ്ണം വിധിവത്തപോവൃദ്ധമഭാഷത. 5

രാമഃ,	ശ്രീരാമൻ,
തത്ര	അവിടെ
തപോവൃദ്ധം	തപോമഹിമയുള്ളവനും
മലപങ്ക- ജടാധരം	ഊറയ്ക്കിട്ട് ശുദ്ധിചെയ്ത തോൽകൊണ്ടു് മറയ്ക്കപ്പെട്ട വലുതായ ജടയോടുകൂടിയവനുമായി
ആസീനം	ഇരുന്നരുളിയിരുന്ന
സുതീക്ഷ്ണം	സുതീക്ഷ്ണനെന്ന
താപസം	മുനീശ്വരനെ നോക്കി
വിധിവത്	വിധിപ്രകാരം
അഭാഷത.	താഴെവരുംപ്രകാരം അറിയിച്ചു.

രാമോഽഹമസ്മി ഭഗവൻ ഭവന്തം ദ്രഷ്ടുമാഗതഃ
ത്വം മാഽഭിവദ ധർമ്മജ്ഞ മഹർഷേ സത്യവിക്രമ. 6

"ധർമ്മജ്ഞ!	"ധർമ്മജ്ഞാനിയായി!
സത്യവിക്രമ!	നിഷ്ഫലമാകാത്ത ശക്തിയോടുകൂടിയ
മഹർഷേ!	മുനിശ്രേഷ്ഠ!
അഹം	ഞാൻ
രാമഃ അസ്മി;	രാമനെന്നുപറയുന്നവനാകുന്നു;
ഭവന്തം	നിന്തിരുവടിയെ
ദ്രഷ്ടും	ദർശിപ്പാനായി
ആഗതഃ;	വന്നിരിക്കുന്നു;
ഭഗവൻ!	സ്വാമിൻ!
ത്വം	നിന്തിരുവടി
മാ	എന്നെ
അഭിവദ."	ആശീർവ്വദിച്ചാലും."

സ നിരീക്ഷ്യ തതോ വീരം രാമം ധർമ്മഭൃതാം വരം
സമാശ്ലിഷ്യ ച ബാഹുഭ്യാമിദം വചനമബ്രവീത്. 7

തതഃ	അപ്പോൾ
സഃ,	അദ്ദേഹം
വീരം	വീരനും
ധർമ്മഭൃതാം	ധർമ്മിഷ്ഠന്മാരിൽവെച്ച്
വരം ച	ശ്രേഷ്ഠനുമായ
രാമം	ശ്രീരാമനെ
നിരീക്ഷ്യ,	നോക്കി,
ബാഹുഭ്യാം	ഇരുകൈകളാലും
സമാശ്ലിഷ്യ,	ആശ്ലേഷംചെയ്ത്
ഇദം	ഇപ്രകാരം
വചനം	വാക്യത്തെ
അബ്രവീത്.	അരുളിച്ചെയ്തു.

സ്വാഗതം ഖലു തേ വീര രാമ ധർമ്മഭൃതാം വര
ആശ്രമോഽയം ത്വയാഽഽക്രാന്തഃ സനാഥ ഇവ സാംപ്രതം. 8

"വീര!	"ഹേ വീര!
ധർമ്മഭൃതാംവര!	ധർമ്മാത്മാക്കളിൽ ഉത്തമനായുള്ളോവേ!
രാമ!	ശ്രീരാമ!
തേ സ്വാഗതം;	നിന്തിരുവടി ഇവിടെ വന്നതിനാൽ ഞാൻ ധന്യനായ്ത്തീർന്നിരിക്കുന്നു;
ത്വയാ	ഭവാനാൽ
ആക്രാന്തഃ	കാലെടുത്തുവെക്കപ്പെട്ടതായ
അയം	ഈ
ആശ്രമഃ,	പർണ്ണശാല,
ഖലു	ആ ഭാഗ്യം നിമിത്തം
സാംപ്രതം	ഇപ്പോൾ മാത്രമാണ്
ഇവ	പൂർണ്ണമായി
സനാഥഃ.	നാഥനോടുകൂടിയതായ്ത്തീർന്നിരിക്കുന്നു.

പ്രതീക്ഷമാണസ്ത്വാമേവ നാരോഹേഽഹം മഹായശഃ
ദേവലോകമിതോ വീര ദേഹം ത്യക്ത്വാ മഹീതലാത്. 9

"വീര!	"ധർമ്മവീരനെന്ന്	മഹീതലാത്	ഭൂതലത്തിൽനിന്നും
മഹായശഃ!	പ്രശസ്തിയാന്തവനേ!	ദേഹം	ശരീരത്തെ
ത്വാം ഏവ	ഭവാനെത്തന്നെ	ത്യക്ത്വാ,	ത്യജിച്ച്,
പ്രതീക്ഷമാണഃ	പ്രതീക്ഷിച്ചുംകൊണ്ടി	ദേവലോകം	സ്വർഗ്ഗലോകത്തിലേക്കു
അഹം	ഞാൻ [രിക്കുന്നവനായ	ആരോഹേ ന.	പോകാതിരിക്കുക
ഇതഃ	ഈ		യാണ്.

ചിത്രകൂടമനുപ്രാപ്തോ രാജ്യഭ്രഷ്ടോഽസി മേ ശ്രുതഃ. 10

"രാജ്യഭ്രഷ്ടഃ	"രാജ്യത്തിൽനിന്ന് ഭ്രഷ്ടനാക്കപ്പെട്ട്	അനുപ്രാപ്തഃ അസി	നിന്തിരുവടി എത്തിച്ചേർന്നിരിക്കുന്നതു്
		മേ	എനിക്ക്
ചിത്രകൂടം	ചിത്രകൂടത്തിൽ	ശ്രുതഃ.	മുമ്പുതന്നെ അറിവുണ്ട്.

ഇഹോപയാതഃ കാകുത്സ്ഥ ദേവരാജഃ ശതക്രതുഃ
ഉപാഗമ്യ ച മേ ദേവോ മഹാദേവഃ സുരേശ്വരഃ
സർവ്വാൻ ലോകാൻ ജിതാനാഹ മമ പുണ്യേന കർമ്മണാ. 11

"കാകുത്സ്ഥ!	"ശ്രീരാമ!	മമ	എന്റെ
ശതക്രതുഃ	നൂറുയാഗങ്ങൾ ചെയ്ത	പുണ്യേന കർമ്മണാ	പുണ്യകർമ്മത്താൽ
ദേവരാജഃ,	ദേവേന്ദ്രൻ, [വനായ		
ഇഹ	ഇവിടെ	ലോകാൻ	ലോകങ്ങൾ
ഉപയാതഃ;	വന്നിരുന്നു;	സർവ്വാൻ	മുഴുവനും
സുരേശ്വരഃ	ദേവരാജാവും	ജിതാൻ	സ്വാധീനമാക്കപ്പെട്ടിരിക്കുന്നവയായി
മഹാദേവഃ	ദേവോത്തമനുമായ		
ദേവഃ,	ഇന്ദ്രൻ,	മേ	എന്നോട്
ഉപാഗമ്യ ച	വന്നതും	ആഹ.	അരുളിച്ചെയ്തു.

തേഷു ദേവർഷിജുഷ്ടേഷു ജിതേഷു തപസാ മയാ
മത്പ്രസാദാത് സഭാര്യസ്ത്വം വിഹരസ്വ സലക്ഷ്മണഃ. 12

"മയാ	"എന്നാൽ	മത്പ്രസാദാത്	എന്റെ ക്ഷേമത്തിന്നായ്ക്കൊണ്ട്
തപസാ	തപസ്സുകൊണ്ട്		
ജിതേഷു,	സമ്പാദിക്കപ്പെട്ടതും,	ത്വം	നിന്തിരുവടി
ദേവർഷിജുഷ്ടേഷു,	ദേവർഷികൾ നിവസിക്കുന്നതും ആയ	സഭാര്യഃ	പത്നീസഹിതനായി
		സലക്ഷ്മണഃ	ലക്ഷ്മണനോടുംകൂടി
തേഷു,	അവയിൽ,	വിഹരസ്വ."	വസിച്ചാലും."

തമുഗ്രതപസാ യുക്തം മഹർഷിം സത്യവാദിനം
പ്രത്യുവാചാത്മവാൻ രാമോ ബ്രഹ്മാണമിവ കശ്യപഃ. 13

ആത്മവാൻ	ജ്ഞാനവാനായ
രാമഃ,	ശ്രീരാമൻ,
ഉഗ്രതപസാ	കഠിനമായ തപസ്സുകൊണ്ടു്
യുക്തം,	പ്രശോഭിക്കുന്നവനും,
സത്യവാദിനം	സത്യംമാത്രംപറയുന്നവനുമായ

തം	ആ
മഹർഷിം,	മഹർഷിയെനോക്കി,
ബ്രഹ്മാണം	ബ്രഹ്മദേവനോടു്
കശ്യപഃ	കശ്യപമഹർഷി
ഇവ,	എന്നപോലെ,
പ്രത്യുവാച.	മറുപടിയരുളിച്ചെയ്തു.

അഹമേവാഹരിഷ്യാമി സ്വയം ലോകാൻ മഹാമുനേ
ആവാസം ത്വഹമിച്ഛാമി പ്രദിഷ്ടമിഹ കാനനേ. 14

"മഹാമുനേ!	"മുനീശ്വര!
ലോകാൻ	ലോകങ്ങളെ
അഹം	ഞാൻ
സ്വയം	മനസ്സോടെ
ആഹരിഷ്യാമി ഏവ;	സ്വീകരിച്ചുകൊള്ളുക തന്നെ ചെയ്യുന്നു;
തു	എന്നാൽ

അഹം	ഞാൻ
ഇഹ	ഇപ്പോൾ
കാനനേ	കാട്ടിൽ
പ്രദിഷ്ടം	നിന്തിരുവടിയാൽ നിർദ്ദേശിക്കപ്പെട്ട
ആവാസം	ഒരു വാസസ്ഥാനത്തെ
ഇച്ഛാമി.	ആഗ്രഹിക്കുന്നു.

[ന്യാസരൂപമായി എങ്കൽ സമർപ്പിച്ചതായ ഇവയെ, അങ്ങയ്ക്കായ്ക്കൊണ്ടു് ഞാൻ പ്രാപിക്കുന്നുണ്ടു്. സർവ്വോപാസനകളിലും സർവ്വകർമ്മഫലദാതാവായവൻ ഞാൻ തന്നെ, എന്നു സൂക്ഷ്മാർത്ഥം. തിലകം]

ഭവാൻ സർവ്വത്ര കുശലഃ സർവ്വഭൂതഹിതേ രതഃ
ആഖ്യാതഃ ശരഭംഗേണ ഗൌതമേന മഹാത്മനാ. 15

"ഭവാൻ	"നിന്തിരുവടി
സർവ്വത്ര	എല്ലാ വിഷയങ്ങളിലും
കുശലഃ	സമർത്ഥൻ എന്നുള്ളതും
സർവ്വഭൂതഹിതേ	എല്ലാപ്രാണികളുടെ ക്ഷേമത്തിലും
രതഃ	താല്പര്യമുള്ളവൻ എന്നതും

ഗൌതമേന	ഗൌതമവംശജനായ
മഹാത്മനാ	മഹാത്മാവായ
ശരഭംഗേണ	ശരഭംഗമഹർഷിയാൽ
ആഖ്യാതഃ".	അരുൾചെയ്യപ്പെട്ടിട്ടുണ്ടു്."

ഏവമുക്തസ്തു രാമേണ മഹർഷിർല്ലോകവിശ്രുതഃ
അബ്രവീന്മധുരം വാക്യം ഹർഷേണ മഹതാऽऽപ്ലുതഃ. 16

ലോകവിശ്രുതഃ	ത്രിലോകപ്രസിദ്ധനായ
മഹർഷിഃ	മുനീശ്വരൻ
രാമേണ	ശ്രീരാമനാൽ
ഏവം	മേൽപ്രകാരം
ഉക്തഃ,	കഥിക്കപ്പെട്ടവനായി,

മഹതാ ഹർഷേണ	പരമാനന്ദത്താൽ
ആപ്ലുതഃ തു	നിമഗ്നനാക്കപ്പെട്ടവനായി
മധുരം	മധുരമായ
വാക്യം	ഈ മറുപടി
അബ്രവീത്.	അരുളിച്ചെയ്തു.

അയമേവാശ്രമോ രാമ ഗുണവാൻ രമ്യതാമിഹ
ഋഷിസംഘാനുചരിതഃ സദാ മൂലഫലായുതഃ. 17

"രാമ!	"ശ്രീരാഘവ!	മൂലഫലായുതഃ	കിഴങ്ങുകളും പഴങ്ങളും നിറഞ്ഞുള്ളതുമായ
ഋഷി-സംഘാനു-ചരിതഃ	മഹർഷിഗണങ്ങളാൽ നിറയപ്പെട്ടതും,	അയം	ഈ
		ആശ്രമഃ ഏവ	ആശ്രമംതന്നെയാണ്
		ഗുണവാൻ;	യോജിച്ചത്;
		ഇഹ	ഇവിടെത്തന്നെ
സദാ	എല്ലായ്പ്പോഴും	രമ്യതാം.	വാസമുറപ്പിക്കപ്പെടട്ടെ.

ഇമമാശ്രമമാഗമ്യ മൃഗസംഘാ മഹായശഃ
അടിത്വാ പ്രതിഗച്ഛന്തി ലോഭയിത്വാഽകുതോഭയാഃ
നാന്യോ ദോഷോ ഭവേദത്ര മൃഗേഭ്യോഽന്യത്ര വിദ്ധി വൈ. 18

"മഹായശഃ!	"അതിയായ യശസ്സാർന്നുള്ളോവേ!	പ്രതിഗച്ഛന്തി;	തിരിയെ പൊയ്ക്കളയുന്നു;
മൃഗസംഘാഃ	മാൻകൂട്ടങ്ങൾ	മൃഗേഭ്യഃ	മാനുകളിൽനിന്നല്ലാതെ
അകുതോഭയാഃ	യാതൊന്നിലും ഭയമില്ലാത്തവയായി		
ഇമം	ഈ	അന്യത്ര	മറെറാന്നിൽനിന്നും,
ആശ്രമം	ആശ്രമത്തിൽ	അന്യഃ	വേറെ
ആഗമ്യ,	കടന്ന്,	ദോഷഃ	ഒരു ഉപദ്രവവും
അടിത്വാ	അങ്ങുമിങ്ങും ചുററിത്തിരിഞ്ഞ്	അത്ര	ഇവിടെ
		ഭവേത് ന വൈ	ഉണ്ടാവുകതന്നെയില്ലെന്ന്
ലോഭയിത്വാ	(സമാധിയിൽ) മനസ്സിന്ന് ചാഞ്ചല്യമുണ്ടാക്കി	വിദ്ധി."	അറിഞ്ഞാലും."

തച്ഛ്രുത്വാ വചനം തസ്യ മഹർഷേർലക്ഷ്മണാഗ്രജഃ
ഉവാച വചനം ധീരോ വികൃഷ്യ സശരം ധനുഃ. 19

തസ്യ	ആ	ധീരഃ	ധീരനുമായ അദ്ദേഹം
മഹർഷേഃ	മഹർഷിയുടെ	സശരം	ബാണത്തോടുകൂടിയ
തത്	ആ	ധനുഃ	വില്ലിനെ
വചനം	വാക്യത്തെ	വികൃഷ്യ	അല്പം വലച്ചുകൊണ്ട്,
ശ്രുത്വാ	കേട്ടിട്ട്,	വചനം	ഇപ്രകാരം
ലക്ഷ്മണാഗ്രജഃ	ലക്ഷ്മണാഗ്രജനും	ഉവാച.	അരുൾചെയ്തു.

താനഹം സുമഹാഭാഗ മൃഗസംഘാൻ സമാഗതാൻ
ഹന്യാം നിശിതധാരേണ ശരേണാശനിവർച്ചസാ. 20

"സുമഹാഭാഗ!	"മഹാപുണ്യാത്മാവേ!	അശനിവർച്ചസാ	ഇടിത്തീയൊത്തതും
സമാഗതാൻ	ഇവിടെ വന്നെത്തുന്നവയായ	നിശിതധാരേണ	കൂർത്തമുനയുള്ളതുമായ
		ശരേണ	ബാണത്താൽ
താൻ	ആ	അഹം	ഞാൻ
മൃഗസംഘാൻ	മാൻകൂട്ടങ്ങളെ	ഹന്യാം.	കൊന്നുവെന്നുവരാം.

ഭവാംസ്തത്രാഭിഷജ്യേത കിം സ്യാത് കൃച്ഛ്രതരം തതഃ
ഏതസ്മിന്നാശ്രമേ വാസം ചിരം തു ന സമൎത്ഥയേ. 21

"തത്ര	"ആ വിഷയത്തിൽ
ഭവാൻ	നിന്തിരുവടി
അഭിഷജ്യേത;	(എന്നാൽ) പരിഭവം ഉളവാക്കപ്പെട്ടവനായി ഭവിക്കും;
തതഃ	അതിനെക്കാൾ
കൃച്ഛ്രതരം	അധികം കഷ്ടമായതു്
കിം സ്യാത്?	ഏതാണുള്ളതു്?
തു	അതുകൊണ്ടു്
ഏതസ്മിൻ	ഈ
ആശ്രമേ	ആശ്രമത്തിൽ
ചിരം	ഏറെനാൾ
വാസം	താമസിക്കുക എന്നുള്ളതിനെ
സമൎത്ഥയേ ന."	ഞാൻ നിശ്ചയിക്കുന്നില്ല."

തമേവമുക്ത്വാ വരദം രാമഃ സന്ധ്യാമുപാഗമത്. 22

രാമഃ,	ശ്രീരാമൻ,
വരദം	പുണ്യാത്മാവായ
തം	അദ്ദേഹത്തോടു്
ഏവം	മേൽപ്രകാരം
ഉക്ത്വാ	അരുളിച്ചെയ്തശേഷം
സന്ധ്യാം	സന്ധ്യാവന്ദനത്തിന്നായി
ഉപാഗമത്.	പുറപ്പെട്ടു.

അന്വാസ്യ പശ്ചിമാം സന്ധ്യാം തത്ര വാസമകല്പയത്
സുതീക്ഷ്ണസ്യാശ്രമേ രാമഃ സീതയാ ലക്ഷ്മണേന ച. 23

രാമഃ	ശ്രീരാമൻ
സീതയാ	സീതാദേവിയോടും
ലക്ഷ്മണേന ച	ലക്ഷ്മണനോടുംകൂടി
പശ്ചിമാം സന്ധ്യാം	സായംസന്ധ്യയെ
അന്വാസ്യ,	ഉപാസിച്ചശേഷം,
തത്ര	ആ
സുതീക്ഷ്ണസ്യ	സുതീക്ഷ്ണമഹൎഷിയുടെ
ആശ്രമേ,	ആശ്രമത്തിൽ,
വാസം	അന്നേത്തെരാത്രി കഴിപ്പാൻ
അകല്പയത്.	തീൎച്ചപ്പെടുത്തി.

തതഃ ശുഭം താപസഭോജ്യമന്നം സ്വയം സുതീക്ഷ്ണഃ പുരുഷൎഷഭാഭ്യാം
താഭ്യാം സുസത്കൃത്യ ദദൌ മഹാത്മാ സന്ധ്യാനിവൃത്തൌ രജനീം നിരീക്ഷ്യ.

മഹാത്മാ	മഹാത്മാവായ
സുതീക്ഷ്ണഃ	സുതീക്ഷ്ണമഹൎഷി
തതഃ	അപ്പോൾ
സന്ധ്യാനിവൃത്തൌ	സന്ധ്യാവന്ദനത്തെ ചെയ്തുതീൎത്തവരായ
	അവരിരുവരെ
സുസത്കൃത്യ,	നല്ലപോലെ ഉപചരിച്ചു്,
പുരുഷൎഷഭാഭ്യാം	പുരുഷോത്തമന്മാരായ
താഭ്യാം	അവരിരുവൎക്കും
രജനീം നിരീക്ഷ്യ	രാത്രിയെ ഓൎത്തു് അതിന്നു് തക്കതായി
താപസഭോജ്യം	താപസന്മാർ ഭുജിക്കുന്നതായ
ശുഭം	നല്ലതായ
അന്നം	ആഹാരത്തെ
സ്വയം	താൻതന്നെ
ദദൌ.	നൽകി.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
സപ്തമഃ സൎഗ്ഗഃ = ഏഴാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 6909; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 197.

അഷ്ടമഃ സർഗ്ഗഃ = എട്ടാംസർഗ്ഗം.

[ദണ്ഡകാരണ്യാശ്രമമണ്ഡലപ്രസ്ഥാനം = ദണ്ഡകാരണ്യത്തിലുള്ള ആശ്രമങ്ങളിലേക്കു പുറപ്പെടുന്നതു്.]

രാമസ്തു സഹസൌമിത്രിഃ സുതീക്ഷ്ണേനാഭിപൂജിതഃ
പരിണാമ്യ നിശാം തത്ര പ്രഭാതേ പ്രത്യബുദ്ധ്യത. 1

സുതീക്ഷ്ണേന	സുതീക്ഷ്ണമാമുനിയാൽ	തത്ര	അവിടെ
അഭിപൂജിതഃ തു	പൂജിക്കപ്പെട്ടവനും	നിശാം	രാത്രിയെ
സഹസൌമിത്രിഃ	സൌമിത്രിസഹിതനു[മായ	പരിണാമ്യ,	കഴിച്ചുകൂട്ടിയശേഷം,
രാമഃ	ശ്രീരാമൻ	പ്രഭാതേ	അതിരാവിലെ
		പ്രത്യബുദ്ധ്യത.	ഉണൎന്നു.

ഉത്ഥായ തു യഥാകാലം രാഘവഃ സഹ സീതയാ
ഉപസ്പൃശ്യ സുശീതേന ജലേനോത്പലഗന്ധിനാ. 2

രാഘവഃ	ശ്രീരാഘവൻ	ഉത്പല-ഗന്ധിനാ	നീലത്താമരമലർമണമിണങ്ങിയ
സീതയാ സഹ	സീതാദേവിയോടുകൂടി	സുശീതേന	അതിശീതളമായ
യഥാകാലം	തക്കസമയത്തിൽ	ജലേന	ജലത്തിൽ
ഉത്ഥായ,	എഴുന്നേറ്റ്,	ഉപസ്പൃശ്യ.	സ്നാനംചെയ്തു.
തു	ഉടനെ		

അഥ തേഽഗ്നിം സുരാംശ്ചൈവ വൈദേഹീ രാമലക്ഷ്മണൌ
കാല്യം വിധിവദഭ്യർച്ച്യ തപസ്വിശരണേ വനേ. 3

തേ	ആ	അഗ്നിം ച	അഗ്നിഭഗവാനേയും
രാമലക്ഷ്മണൌ	രാമലക്ഷ്മണന്മാരും	സുരാൻ ഏവ,	(മറ്റു) ദേവതകളേയും,
വൈദേഹീ	വിദേഹാത്മജയും	തപസ്വി-ശരണേ	താപസന്മാർ വസിക്കുന്ന
അഥ	അപ്പോൾ	വനേ,	ആ കാട്ടിൽവെച്ച്,
കാല്യം	വിധിച്ചകാലത്തിൽ	അഭ്യർച്ച്യ.	ആരാധന ചെയ്തു.
വിധിവത്	മുറപ്രകാരം		

ഉദയന്തം ദിനകരം ദൃഷ്ട്വാ വിഗതകല്മഷാഃ
സുതീക്ഷ്ണമഭിഗമ്യേദം ശ്ലക്ഷ്ണം വചനമബ്രുവൻ. 4

വിഗതകല്മഷാഃ	നിഷ്കളങ്കരായ അവർ	അഭിഗമ്യ,	സമീപിച്ച്
ദിനകരം ഉദയന്തം	സൂൎയ്യോദയത്തെ	ഇദം	താഴെ പറയുംപ്രകാരം
		വചനം	വാക്യത്തെ
ദൃഷ്ട്വാ,	വീക്ഷിച്ച്,	ശ്ലക്ഷ്ണം	വിനയത്തോടെ
സുതീക്ഷ്ണം	സുതീക്ഷ്ണമഹർഷിയെ	അബ്രുവൻ.	അറിയിച്ചു.

സുഖോഷിതാഃ സ്മ ഭഗവംസ്ത്വയാ പൂജ്യേന പൂജിതാഃ
ആപൃച്ഛാമഃ പ്രയാസ്യാമോ മുനയസ്ത്വരയന്തി നഃ. 5

"ഭഗവൻ!	"ഹേ ഭഗവൻ!
പൂജ്യേന	പൂജ്യനായ
ത്വയാ	നിന്തിരുവടിയാൽ
പൂജിതാഃ	ആദരിക്കപ്പെട്ടവരായി
സുഖോഷിതാഃ സ്മ;	ഞങ്ങൾ രാത്രിയെ സുഖമായ്ക്കഴിച്ചുകൂട്ടി;
നഃ	ഞങ്ങളെ
മുനയഃ	മുനിമാർ
ത്വരയന്തി;	ബദ്ധപ്പെടുത്തുന്നു;
പ്രയാസ്യാമഃ;	ഞങ്ങൾ യാത്രപുറപ്പെടുന്നു;
ആപൃച്ഛാമഃ (അഷം)	സമ്മതം ചോദിച്ചുകൊള്ളുന്നു.

ത്വരാമഹേ വയം ദ്രഷ്ടും കൃത്സ്നമാശ്രമമണ്ഡലം
ഋഷീണാം പുണ്യശീലാനാം ദണ്ഡകാരണ്യവാസിനാം. 6

"വയം	"ഞങ്ങൾ
പുണ്യശീലാനാം	പുണ്യശീലന്മാരും
ദണ്ഡകാരണ്യവാസിനാം	ദണ്ഡകാരണ്യനിവാസികളുമായ
ഋഷീണാം	മഹൎഷിമാരുടെ
ആശ്രമമണ്ഡലം	ആശ്രമതതിയെ
കൃത്സ്നം	മുഴുവൻ
ദ്രഷ്ടും	സന്ദൎശിക്കുന്നതിന്ന്
ത്വരാമഹേ.	ഉൽകണ്ഠിതരായിരിക്കുന്നു.

അഭ്യനുജ്ഞാതുമിച്ഛാമഃ സഹൈഭിർമുനിപുംഗവൈഃ
ധൎമ്മനിത്യൈസ്തപോദാന്തൈൎവ്വിശിഖൈരിവ പാവകൈഃ. 7

"ധൎമ്മനിത്യൈഃ	"സദാ ധൎമ്മനിരതരും
തപോദാന്തൈഃ	തപസ്സിനാൽ വിരക്തന്മാരായിത്തീൎന്നിട്ടുള്ളവരും,
വിശിഖൈഃ	ജ്വാലയില്ലാത്ത
പാവകൈഃ ഇവ	അഗ്നിക്കുതുല്യരുമായ
ഏഭിഃ	ഈ
മുനിപുംഗവൈഃ	മഹൎഷിമാരോടു
സഹ	കൂടി
അഭ്യനുജ്ഞാതും	പോകുന്നതിന്നു അനുജ്ഞ നൽകേണമെന്ന്
ഇച്ഛാമഃ.	ഞങ്ങൾ പ്രാൎത്ഥിച്ചുകൊള്ളുന്നു.

["വിശിഖൈഃ" (തങ്ങളുടെ മഹിമ പുറത്തു നന്നായ് പ്രകാശിക്കാത്തതുകൊണ്ട് ജ്വാലയില്ലാത്ത അഗ്നിക്കു തുല്യരായ) ഗൊ. രാ. (പുകയില്ലാത്ത) എന്നു തിലകം]

അവിഷഹ്യാതപോ യാവത്സൂൎയ്യോ നാതിവിരാജതേ
അമാൎഗ്ഗേണാഗതാം ലക്ഷ്മീം പ്രാപ്യൈവാന്വയവൎജ്ജിതഃ. 8
താവദിച്ഛാമഹേ ഗന്തുമിത്യുക്ത്വാ ചരണൌ മുനേഃ
വവന്ദേ സഹസൌമിത്രിഃ സീതയാ സഹ രാഘവഃ. 9

"അന്വയവൎജ്ജിതഃ	"കിഴക്കോട്ടോ, പടിഞ്ഞാട്ടോ അല്പവും നീങ്ങാതെ
അമാൎഗ്ഗേണ	ഗമനമില്ലാതെ ഉച്ചത്തിലിരിക്കുന്നതിനാൽ
ആഗതാം	ഉണ്ടായ
ലക്ഷ്മീം	ദീപ്തിയെ
ഇവ	മുഴുവനും
പ്രാപ്യ,	പ്രാപിച്ചിട്ട്,
സൂൎയ്യഃ	ആദിത്യദേവൻ
അവിഷഹ്യാതപഃ,	അസഹ്യമായ ചൂടോടുകൂടിയവനായി
അതിവിരാജതേ ന	പ്രശോഭിക്കാതിരിക്കുന്നത്

യാവത് താവത്,	ഏതുവരെയോ അതിന്ന കണ്ണുതന്നെ,
ഗന്തും	പോകാൻ
ഇച്ഛാമഹേ,"	ഞങ്ങൾ ആഗ്രഹി[ക്കുന്നു,"
ഇതി	എന്ന്
ഉക്ത്വാ	പറഞ്ഞ്
രാഘവഃ	രഘുവരൻ
സഹസൌമിത്രിഃ	സൌമിത്രിയോടും
സീതയാ സഹ	സീതയോടുംകൂടി
മുനേഃ	മുനിവരന്റെ
ചരണൌ	പാദയുഗളങ്ങളിൽ
വവന്ദേ.	നമസ്കരിച്ചു.

["അനപായവർജ്ജിതഃ" (യാതൊരു സത്പരിവാരവുമില്ലാത്ത അകലീനനായ ഒരു ദുഷ്പ്രഭു), "അമാർഗ്ഗേണ ആഗതാം ലക്ഷ്മീം പ്രാപ്യ" (ദുർമ്മാർഗ്ഗലബ്ധമായ ഐശ്വര്യത്തോടുകൂടിയവനായി), "അവിഷഹ്യാതപഃ ഇവ" (ദുസ്സഹമായ പ്രതാപത്തോടുകൂടിയവനായിരിക്കുന്നതുപോലെ എന്ന്, അതേ വിശേഷണങ്ങളോടുകൂടിയ സൂര്യനെ ദുഷ്പ്രഭുവിനോടുപമിച്ചിരിക്കുന്നു. "അനപായവർജ്ജിതഃ" തെക്കോട്ടോ വടക്കോട്ടോ അയനമില്ലാതെ നേരെ ഇരിക്കുന്നവനായ; ചന്ദ്രനക്ഷത്രാദിയൊന്നും കൂടെയില്ലാത്ത എന്നും സൂര്യന്നു വിശേഷണം. സൂര്യൻ നേരെ കിഴക്കുള്ള കാലം ആതപം (ചൂട്) അധികമാണല്ലൊ.]

തൌ സംസ്പൃശന്തൌ ചരണാവുത്ഥാപ്യ മുനിപുംഗവഃ
ഗാഢമാശ്ലിഷ്യ സസ്നേഹമിദം വചനമബ്രവീത്. 10

മുനിപുംഗവഃ,	മുനീന്ദ്രൻ,
ചരണൌ	കാലിണകളിൽ
സംസ്പൃശന്തൌ	തൊട്ട് നമസ്കരിക്കുന്ന
തൌ	അവരിരുവരെയും
ഉത്ഥാപ്യ,	എഴുന്നേല്പിച്ച്,
ഗാഢം	മുറുകെ
ആശ്ലിഷ്യ,	പുണൎന്ന്,
സസ്നേഹം	വാത്സല്യത്തോടെ
ഇദം വചനം	ഇപ്രകാരം വാക്യത്തെ
അബ്രവീത്.	അരുളിച്ചെയ്തു.

അരിഷ്ടം ഗച്ഛ പന്ഥാനം രാമ സൌമിത്രിണാ സഹ
സീതയാ ചാനയാ സാർദ്ധം ഛായയേവാനുവൃത്തയാ. 11

"രാമ!	"ശ്രീരാമ!
ഛായയാ, ഇവ	നിഴലെന്നപോലെ
അനുവൃത്തയാ	അനുവൎത്തിക്കുന്നവ[ളായ
അനയാ	ഈ
സീതയാ	സീതയോടു
സാർദ്ധം.	കൂടിയും,
സൌമിത്രിണാ	സുമിത്രാത്മജനോടു
സഹ ച	ഒരുമിച്ചും,
പന്ഥാനം	പോകുന്ന മാർഗ്ഗത്തിൽ
അരിഷ്ടം	യാതൊരു ക്ലേശവും കൂടാതെ
ഗച്ഛ.	യാത്രചെയ്താലും.

പശ്യാശ്രമപദം രമ്യം ദണ്ഡകാരണ്യവാസിനാം
ഹസ്തിഹസ്തൈർവിമൃദിതാൻ വാനരൈരുപശോഭിതാൻ
മത്തൈഃ ശകുനിസംഘൈശ്ച ശതശശ്ച പ്രണാദിതാൻ. 77

രാമഃ	ശ്രീരാമൻ
നിവാരാൻ	നീർകടമ്പ്
പനസാൻ	പ്ലാവു
താലാൻ	പന
തിമിശാൻ	തൊട്ടുകാര
വഞ്ജുളാൻ	എരഞ്ഞി
ധവാൻ	ഞമ
ചിരിബില്വാൻ	ഉങ്ങ് (ആവൽ എന്നും
മധൂകാൻ ച	ഇരിപ്പ [പക്ഷാന്തരം),
ബില്വാൻ അപി	കൂവളം
തിന്ദുകാൻ ച,	പനച്ചി, എന്ന്
ശതശഃ	അനവധി
കാന്താരപാദപാൻ	വനവൃക്ഷങ്ങളേയും
പുഷ്പിതാഗ്രാഭിഃ	പൂത്തുനില്ക്കുന്ന അഗ്ര
ലതാഭിഃ	ലതകളാൽ [ങ്ങളാർന്ന
അനുവേഷ്ടിതാൻ	ചുററപ്പെട്ട
പുഷ്പിതാൻ,	പുഷ്പിച്ചുനില്ക്കുന്ന വൃക്ഷങ്ങളേയും,
ഹസ്തിഹസ്തൈഃ	ആനകളുടെ തുമ്പിക്കൈകൾകൊണ്ട്
വിമൃദിതാൻ,	മർദ്ദിക്കപ്പെട്ടവയായും
വാനരൈഃ	കപികളോടുകൂടി
ഉപശോഭിതാൻ,	വിളങ്ങുന്നവയായും,
മത്തൈഃ.	മദിച്ച
ശകുനിസംഘൈഃ ച	പക്ഷിസംഘങ്ങളാലും
ശതശഃ	പലപ്രകാരത്തിൽ കൂട്ടംകൂട്ടമായി
പ്രണാദിതാൻ,	ശബ്ദിക്കപ്പെട്ടവയായും,
തത്ര	അവിടെ
ദദർശ.	കണ്ടു.

തതോऽബ്രവീത് സമീപസ്ഥം രാമോ രാജീവലോചനഃ
പൃഷ്ഠതോऽനുഗതം വീരം ലക്ഷ്മണം ലക്ഷ്മിവർദ്ധനം. 78

തതഃ	ആ സമയം
രാജീവലോചനഃ	ചെന്താർനേത്രനായ
രാമഃ	ശ്രീരാമൻ
ലക്ഷ്മിവർദ്ധനം	ഉത്സാഹത്തെ വർദ്ധിപ്പി
വീരം	വീരനും [ക്കുന്നവനും
പൃഷ്ഠതഃ	പിന്നിൽ
സമീപസ്ഥം	അടുത്ത്
അനുഗതം	വന്നുകൊണ്ടിരുന്ന വനും ആയ
ലക്ഷ്മണം	ലക്ഷ്മണനോടായി
അബ്രവീത്.	ഇങ്ങിനെ അരുളിച്ചെയ്തു.

സ്നിഗ്ദ്ധപത്രാ യഥാ വൃക്ഷാ യഥാ ക്ഷാന്താമൃഗദ്വിജാഃ
ആശ്രമോ നാതിദൂരസ്ഥോ മഹർഷേർഭാവിതാത്മനഃ. 79

"വൃക്ഷാഃ	"മരങ്ങൾ
സ്നിഗ്ദ്ധപത്രാഃ യഥാ	പച്ചയായി തഴച്ചുനില്ക്കുന്നതിനാലും
മൃഗദ്വിജാഃ	മാനുകളും, പക്ഷികളും
ക്ഷാന്താഃ യഥാ,	ശാന്തങ്ങളായിരിക്കുന്നതിനാലും
ഭാവിതാത്മനഃ	ആത്മജ്ഞാനിയായ
മഹർഷേഃ	മഹർഷിയുടെ
ആശ്രമഃ	ആശ്രമം
അതിദൂരസ്ഥഃ ന.	ഏറെ ദൂരത്തിലല്ലെന്ന് തോന്നുന്നു.

അഗസ്ത്യ ഇതി വിഖ്യാതോ ലോകേ സ്വേനൈവ കർമ്മണാ
ആശ്രമോ ദൃശ്യതേ തസ്യ പരിശ്രാന്തശ്രമാപഹഃ 80
ആജ്യധൂമാകുലവനശ്ചീരമാലാപരിഷ്കൃതഃ
പ്രശാന്തമൃഗയൂഥശ്ച നാനാശകുനിനാദിതഃ. 81

"ലോകേ	"ലോകത്തിൽ	ആജ്യധൂമാകുലവനഃ,	നെയ്യിൻവാസനയാർന്ന പുകനിറഞ്ഞ വനപ്രദേശങ്ങളോടുകൂടിയതും,
സ്വേന	തന്റെ സ്വന്തം	ചീരമാലാപരിഷ്കൃതഃ,	മരവുരികൾ നിറഞ്ഞുള്ളതും
കർമ്മണാ ഏവ	പ്രവൃത്തികൊണ്ടുതന്നെ	പ്രശാന്തമൃഗയൂഥഃ,	ശാന്തങ്ങളായ മാൻകൂട്ടങ്ങളോടുകൂടിയതും,
അഗസ്ത്യഃ ഇതി	(വിന്ധ്യമലയെ ചവിട്ടി താഴ്ത്തിയതിനാൽ) അഗസ്ത്യൻ എന്ന്	നാനാശകുനിനാദിതഃ ച	പലപലപക്ഷികളാൽ ശബ്ദിക്കപ്പെട്ടതും ആയ
വിഖ്യാതഃ	പ്രസിദ്ധനായിരിക്കുന്ന	ആശ്രമഃ	ആശ്രമം
തസ്യ	അദ്ദേഹത്തിന്റെ	ദൃശ്യതേ.	കാണപ്പെടുന്നു.
പരിശ്രാന്തശ്രമാപഹഃ,	ക്ഷീണിച്ചവരുടെ തളർച്ചയെ തീർക്കുന്നതും,		

[“അഗം (പർവ്വതം) സ്തംഭയതീതി അഗസ്ത്യഃ, അഗസ്ത്യാശ്രമം ഉണ്ടായിരുന്ന സ്ഥലത്തെ “അഗസ്തിപുരി” എന്നു ഇപ്പോൾ പറഞ്ഞുവരുന്നു, ആയത് ‘നാസിക’യുടെ (Nasik) തെക്കു കിഴക്കായി, 24 മൈൽ ദൂരെ കിടക്കുന്നു, ഗോദാവരിയുടെ ഉത്ഭവസ്ഥാനത്തിൽ നിന്നു സമീപത്തിൽ വർത്തിച്ചിരുന്നു.]

നിഗൃഹ്യ തരസാ മൃത്യും ലോകാനാം ഹിതകാമ്യയാ
ദക്ഷിണാ ദിക് കൃതാ യേന ശരണ്യാ പുണ്യകർമ്മണാ. 82

"ദക്ഷിണാ	"തെക്കെ	തരസാ	തപോമഹിമയാൽ
ദിക്,	ദിക്ക്,	മൃത്യും	ഉപദ്രവം
പുണ്യകർമ്മണാ	പുണ്യകർമ്മാവായ	നിഗൃഹ്യ	ഇല്ലാതാക്കി,
യേന,	ഇദ്ദേഹത്താൽ,	ശരണ്യാ	നിർവ്വിചാരമായി വസിക്കത്തക്ക സ്ഥലമാക്കി
ലോകാനാം	ലോകരുടെ		
ഹിതകാമ്യയാ,	ഹിതത്തെ ഉദ്ദേശിച്ച്,	കൃതാ.	ചെയ്യപ്പെട്ടു.

തസ്യേദമാശ്രമപദം പ്രഭാവാദ്യസ്യ രാക്ഷസൈഃ
ദിഗിയം ദക്ഷിണാ ത്രാസാദ്ദൃശ്യതേ നോപഭുജ്യതേ. 83

"യസ്യ	"യാതൊരുവന്റെ	ഉപഭുജ്യതേ ന,	അടുപ്പാൻ കഴിയപ്പെടാത്തതായിരിക്കുന്നുവോ,
പ്രഭാവാത്	പ്രഭാവം ഹേതുവാൽ		
ഇയം	ഈ	തസ്യ	അപ്രകാരമുള്ള അദ്ദേഹത്തിന്റെ
ദക്ഷിണാ	തെക്കെ		
ദിക്,	ദിക്കെന്നുള്ളത്,	ആശ്രമപദം	ആശ്രമസ്ഥലം
രാക്ഷസൈഃ	രാക്ഷസന്മാരാൽ	ഇദം	ഇതാ
ത്രാസാത്	ഭയംമൂലം	ദൃശ്യതേ.	കാണപ്പെടുന്നു.

യദാപ്രഭൃതി ചാക്രാന്താ ദിഗിയം പുണ്യകർമ്മണാ
തദാപ്രഭൃതി നിർവൈരാ പ്രശാന്താ രജനീചരാഃ. 84

“പുണ്യകർമ്മണാ,	“പുണ്യശാലിയായ ഇദ്ദേഹത്താൽ,	ആക്രാന്താ ച,	അധിവസിക്കപ്പെട്ടുവോ
ഇയം	ഈ	തദാപ്രഭൃതി,	അക്കാലം മുതൽ,
ദിക്	പ്രദേശം	രജനീചരാഃ	രാക്ഷസർ
യദാപ്രഭൃതി	ഏതുകാലംമുതൽ	നിർവൈരാഃ	വൈരമററവരായി
		പ്രശാന്താഃ.	ശാന്തരായിഭവിച്ചു.

നാമ്നാ ചേയം ഭഗവതോ ദക്ഷിണാ ദിക് പ്രദക്ഷിണാ
പ്രഥിതാ ത്രിഷു ലോകേഷു ദുർധർഷാ ക്രൂരകർമ്മഭിഃ. 85

“ഇയം	“ഈ	ക്രൂരകർമ്മഭിഃ	ദുഷ്ടന്മാരാൽ
ദക്ഷിണാ	തെക്കെ	ദുർധർഷാ,	അടുക്കപ്പെട്ടുവാൻ കഴിയാത്തതായി,
ദിക് ച,	ദിക്കും,	ത്രിഷു	മൂന്നു
ഭഗവതഃ നാമ്നാ	ഭഗവാന്റെ പേരിനാൽ	ലോകേഷു,	ലോകങ്ങളിലും,
പ്രദക്ഷിണാ,	മഹിമയോടുകൂടിയതായി,	പ്രഥിതാ.	പ്രശംസിക്കപ്പെട്ടതായി വിളങ്ങുന്നു.

[തെക്കെ ദിക്ക് അഗസ്ത്യദിക്ക് എന്നു പറയപ്പെടുന്നു. അഗസ്ത്യനക്ഷത്രം (Canopus) എന്നു പറയുന്നത്, ആകാശത്തിന്റെ തെക്കുഭാഗത്തിൽ വളരെ പ്രഭയുള്ള ഒരു നക്ഷത്രമാകുന്നു. അഗസ്ത്യനക്ഷത്രത്തിന്റെ ഉദയം ശരത്കാലത്തിൽ സൌരഭാദ്രപദമാസത്തിൽ പതിനേഴാംതിയ്യതിയിലാകുന്നു. “യസ്തു ഭാദ്രപദസ്യാന്തേ ഉദിതേ കലശോദ്ഭവേ അർഘ്യം ദദ്യാദഗസ്ത്യായ സർവ്വാൻ കാമാൻ ലഭേത സഃ” എന്നിത്യാദി അഗസ്ത്യപൂജയെക്കുറിച്ച്, ഭീമപരാക്രമം, നൃസിംഹപുരാണം എന്നവയിൽ പറയപ്പെട്ടിരിക്കുന്നു.]

മാർഗ്ഗം നിരോദ്ധും നിരതോ ഭാസ്കരസ്യാചലോത്തമഃ
നിദേശം പാലയൻ യസ്യ വിന്ധ്യഃ ശൈലോ ന വർദ്ധതേ. 86

“ഭാസ്കരസ്യ	“ആദിത്യന്റെ	യസ്യ	ഇദ്ദേഹത്തിന്റെ
മാർഗ്ഗം	മാർഗ്ഗത്തെ	നിദേശം	ആജ്ഞയെ
നിരോദ്ധും	തടുപ്പാനായി	പാലയൻ	ശിരസാവഹിച്ചുകൊണ്ടു
അചലോത്തമഃ	പർവ്വതശ്രേഷ്ഠനായ	ശൈലഃ	ആ പർവ്വതം
വിന്ധ്യഃ	വിന്ധ്യൻ	വർദ്ധതേ ന.	ഉയരാതെതന്നെ വർത്തിക്കുന്നു.
നിരതഃ;	തുനിഞ്ഞു ;		

അയം ദീർഘായുഷസ്തസ്യ ലോകേ വിശ്രുതകർമ്മണഃ
അഗസ്ത്യസ്യാശ്രമഃ ശ്രീമാൻ വിനീതജനസേവിതഃ. 87

“ലോകേ	“ലോകത്തിൽ	അഗസ്ത്യസ്യ	അഗസ്ത്യമഹർഷിയുടെ
വിശ്രുതകർമ്മണഃ	കേളികേട്ട കർമ്മങ്ങളോടുകൂടിയവനും	വിനീതജനസേവിതഃ	സജ്ജനസേവിതവും
ദീർഘായുഷഃ	ദീർഘായുസ്സുള്ളവനുമായ	ശ്രീമാൻ	ഭംഗിയേറിയതും ആയ
തസ്യ	ആ	ആശ്രമഃ അയം.	ആശ്രമം ഇതുതന്നെ.

ഏഷ ലോകാർച്ചിതഃ സാധുർഹിതേ നിത്യരതഃ സതാം
അസ്മാനഭിഗതാനേഷ ശ്രേയസാ യോജയിഷ്യതി. 88

"ഏഷഃ	"ഇദ്ദേഹം	നിത്യരതഃ;	സദാ താല്പര്യത്തോടു
ലോകാർച്ചിതഃ;	ലോകരാൽ പൂജിക്കപ്പെട്ടവൻ;	ഏഷഃ	ഇദ്ദേഹം [കൂടിയവൻ;
സാധുഃ;	പരിശുദ്ധനായവൻ;	അഭിഗതാൻ	ഇവിടെ വന്നെത്തിയിരിക്കുന്നവരായ
സതാം	പുണ്യജനങ്ങൾക്കു	അസ്മാൻ	നമ്മെയും
ഹിതേ	നന്മചെയ്യുന്നതിൽ	ശ്രേയസാ	ശ്രേയസ്സോടുകൂടി
		യോജയിഷ്യതി.	ഘടിപ്പിക്കും.

ആരാധയിഷ്യാമ്യത്രാഹമഗസ്ത്യം തം മഹാമുനിം
ശേഷം ച വനവാസസ്യ സൌമ്യ വത്സ്യാമ്യഹം സുഖം. 89

"സൌമ്യ!	"വത്സ!	അത്ര ച	ഇവിടെത്തന്നെ
തം	ആ	വനവാസസ്യ	വനവാസത്തിന്റെ
അഗസ്ത്യം മഹാമുനിം	അഗസ്ത്യമഹർഷിയെ	ശേഷം	ബാക്കികാലത്തെ
		സുഖം	സുഖമായി
അഹം	ഞാൻ	അഹം	ഞാൻ [ന്നു·
ആരാധയിഷ്യാമി	ആരാധനചെയ്യുന്നുണ്ടു്;	വത്സ്യാമി.	കഴിച്ചുകൂട്ടുവാൻപോകു-

അത്ര ദേവാഃ സഗന്ധർവ്വാഃ സിദ്ധാശ്ച പരമർഷയഃ
അഗസ്ത്യം നിയതാഹാരം സതതം പര്യുപാസതേ. 90

"സഗന്ധർവ്വാഃ	"ഗന്ധർവ്വരടക്കം	അഗസ്ത്യം	അഗസ്ത്യമഹർഷിയെ
ദേവാഃ	ദേവന്മാരും		
സിദ്ധാഃ	സിദ്ധന്മാരും	സതതം	സദാകാലവും
പരമർഷയഃ	മുനീന്ദ്രന്മാരും	അത്ര ച	ഇവിടെത്തന്നെ
നിയതാഹാരം	നിയതമായ ആഹാരത്തോടുകൂടിയവനായ	പര്യുപാസതേ.	സേവിക്കുന്നു.

നാത്ര ജീവേന്മൃഷാവാദീ ക്രൂരോ വാ യദി വാ ശഠഃ
നൃശംസഃ കാമവൃത്തോ വാ മുനിരേഷ തഥാവിധഃ. 91

"മൃഷാവാദീ	"അസത്യം പറയുന്നവനാകട്ടെ,	അത്ര	ഇവിടെ
		ജീവേത് ന;	ജീവിച്ചിരിക്കയില്ല;
ക്രൂരഃ വാ,	ക്രൂരനാകട്ടെ,	ഏഷഃ	ഈ
ശഠഃ യദി വാ	വഞ്ചകനാകട്ടെ,	മുനിഃ	മുനീശ്വരൻ
നൃശംസഃ	നിർദ്ദയനാകട്ടെ,	തഥാവിധഃ.	അപ്രകാരമുള്ളവനാകുന്നു.
കാമവൃത്തഃ വാ	താന്തോന്നിയാകട്ടെ,		

അത്ര ദേവാശ്ച യക്ഷാശ്ച നാഗാശ്ച പതഗൈഃ സഹ
വസന്തി നിയതാഹാരാ ധൎമ്മമാരാധയിഷ്ണവഃ. 92

"ദേവാഃ ച	"ദേവന്മാരും
യക്ഷാഃ ച	യക്ഷന്മാരും
പതഗൈഃ സഹ	ഗരുഡജാതിയിൽപ്പെട്ട പതഗങ്ങളോടുകൂടി
നാഗാഃ ച	നാഗങ്ങളും
നിയതാഹാരാഃ	നിയതമായ ആഹാരത്തോടുകൂടിയവരായി
ധൎമ്മം	ധൎമ്മം ഒന്നിനെത്തന്നെ
ആരാധയിഷ്ണവഃ	അപേക്ഷിക്കുന്നവരായി
അത്ര	ഇവിടെ
വസന്തി.	വാസംചെയ്യുന്നു.

അത്ര സിദ്ധാ മഹാത്മാനോ വിമാനൈഃ സൂൎയ്യസന്നിഭൈഃ
ത്യക്തദേഹാ നവൈൎദ്ദേഹൈഃ സ്വൎയ്യാതാഃ പരമൎഷയഃ. 93

"മഹാത്മാനഃ	"മഹാത്മാക്കളായ
പരമൎഷയഃ	പരമൎഷികൾ
അത്ര	ഇവിടെ
സിദ്ധാഃ	തപഃസിദ്ധിപ്രാപിച്ചവരായി
ത്യക്തദേഹാഃ	ദേഹങ്ങളെ ത്യജിച്ചവരായി
നവൈഃ	പുതിയ
ദേഹൈഃ	ദേഹങ്ങളോടുകൂടി
സൂൎയ്യസന്നിഭൈഃ	ആദിത്യസദൃശങ്ങളായ
വിമാനൈഃ	വിമാനങ്ങളിൽ കയറിക്കൊണ്ടു്
സ്വഃ	സ്വൎഗ്ഗത്തെ
യാതാഃ.	ആരോഹണംചെയ്തിരിക്കുന്നു.

യക്ഷത്വമമരത്വം ച രാജ്യാനി വിവിധാനി ച
അത്ര ദേവാഃ പ്രയച്ഛന്തി ഭൂതൈരാരാധിതാഃ ശുഭൈഃ. 94

"ശുഭൈഃ ഭൂതൈഃ	"പുണ്യാത്മാക്കളായവരാൽ
അത്ര	ഇവിടെ
ആരാധിതാഃ	പൂജിക്കപ്പെട്ട
ദേവാഃ,	ദേവന്മാർ,
യക്ഷത്വം	യക്ഷപദവിയേയും
അമരത്വം ച	ദേവപദവിയേയും
വിവിധാനി	പല
രാജ്യാനി ച	രാജ്യസമ്പത്തുകളേയും
പ്രയച്ഛന്തി.	പ്രസാദിച്ചരുളുന്നു.

ആഗതാഃ സ്മാശ്രമപദം സൌമിത്രേ പ്രവിശാഗ്രതഃ.
നിവേദയസ്വ മാം പ്രാപ്തമൃഷയേ സീതയാ സഹ. 95

"സൌമിത്രേ!	"ലക്ഷ്മണ!
ആശ്രമപദം	ആശ്രമത്തിലേക്കു്
ആഗതാഃ സ്മ;	നാമെത്തിക്കഴിഞ്ഞു;
അഗ്രതഃ	മുമ്പിൽ
പ്രവിശ;	പ്രവേശിക്കുക;
ഋഷയേ	മഹൎഷിയോടു്,
സീതയാ സഹ	സീതാസമേതനായി
മാം പ്രാപ്തം	എന്നെ വന്നിരിക്കുന്നവനായി
നിവേദയസ്വ."	അറിയിക്കുക."

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ഏകാദശഃ സൎഗ്ഗഃ = പതിനൊന്നാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 7080; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 368.

ദ്വാദശഃ സൎഗ്ഗഃ = പന്ത്രണ്ടാംസൎഗ്ഗം.

അഗസ്ത്യസമാഗമഃ – അഗസ്ത്യമഹൎഷിയെ കാണുന്നതു്.

സ പ്രവിശ്യാശ്രമപദം ലക്ഷ്മണോ രാഘവാനുജഃ
അഗസ്ത്യശിഷ്യമാസാദ്യ വാക്യമേതദുവാച ഹ. 1

രാഘവാനുജഃ	ശ്രീരാമന്റെ സഹോദരനായ	അഗസ്ത്യശിഷ്യം	അഗസ്ത്യശിഷ്യനൊരുവനെ
സഃ	ആ	ആസാദ്യ	സമീപിച്ചു്,
ലക്ഷ്മണഃ	സൌമിത്രി	ഏതത് വാക്യം	ഈ വാക്യത്തെ
ആശ്രമപദം	ആശ്രമത്തിനുള്ളിൽ	ഉവാച ഹ.	പറഞ്ഞു.
പ്രവിശ്യ	പ്രവേശിച്ചു്,		

രാജാ ദശരഥോ നാമ ജ്യേഷ്ഠസ്തസ്യ സുതോ ബലീ
രാമഃ പ്രാപ്തോ മുനിം ദ്രഷ്ടും ഭാൎയ്യയാ സഹ സീതയാ. 2

"ദശരഥഃ	"ദശരഥനെന്ന	ഭാൎയ്യയാ	ധൎമ്മപത്നിയായ
രാജാ നാമ;	ഒരുരാജാവുണ്ടായിരുന്നു;	സീതയാ സഹ	സീതയോടു് ഒരുമിച്ചു്
തസ്യ	അദ്ദേഹത്തിന്റെ	മുനിം	മുനീന്ദ്രനെ
ജ്യേഷ്ഠഃ സുതഃ,	മൂത്ത പുത്രനും,	ദ്രഷ്ടും	സന്ദൎശിപ്പാനായി
ബലീ	പരാക്രമശാലിയുമായ	പ്രാപ്തഃ.	എഴുന്നെള്ളിയിരിക്കുന്നു.
രാമഃ,	ശ്രീരാമൻ,		

ലക്ഷ്മണോ നാമ തസ്യാഹം ഭ്രാതാ ത്വവരജോ ഹിതഃ
അനുകൂലശ്ച ഭക്തശ്ച യദി തേ ശ്രോത്രമാഗതഃ. 3

"തസ്യ	"അദ്ദേഹത്തിന്റെ	ഹിതഃ	(അദ്ദേഹത്തിന്റെ) ഗുണകാംക്ഷിയും
അവരജഃ	അനുജനായ	അനുകൂലഃ ച	ആജ്ഞാകരനുമായ
ഭ്രാതാ,	സഹോദരനും	ഭക്തഃ;	ഭക്തനാകുന്നു;
ലക്ഷ്മണഃ നാമ	ലക്ഷ്മണനെന്നു് പേരോടുകൂടിയവനുമായ	തേ ച	അങ്ങെയ്ക്കും
അഹം,	ഞാൻ,	തു	ഈ സംഗതിയെല്ലാം
		യദി ശ്രോത്രം ആഗതഃ.	കേട്ടുകേൾവിയുണ്ടായിരിക്കാം.

തേ വയം വനമത്യുഗ്രം പ്രവിഷ്ടാഃ പിതൃശാസനാത്
ദ്രഷ്ടുമിച്ഛാമഹേ സൎവ്വേ ഭഗവന്തം നിവേദ്യതാം. 4

"തേ	"അപ്രകാരമുള്ള	സൎവ്വേ	ഞങ്ങളെല്ലാവരും
വയം,	ഞങ്ങൾ,	ഭഗവന്തം	ഭഗവാനെ
പിതൃശാസനാത്	പിതാവിന്റെ കല്പനയനുസരിച്ചു്	ദ്രഷ്ടും	സന്ദൎശിപ്പാൻ
അത്യുഗ്രം	അതിഘോരമായ	ഇച്ഛാമഹേ;	ആഗ്രഹിക്കുന്നു;
വനം	വനത്തിലേക്കു്	നിവേദ്യതാം."	വിവരമറിയിക്കപ്പെടട്ടെ."
പ്രവിഷ്ടാഃ;	വന്നിരിക്കുന്നു;		

[ഇതിൽ ഗായത്രി എട്ടാമത്തെ അക്ഷരമായ 'യം' എന്നതു് വിന്യസിക്കപ്പെട്ടിരിക്കുന്നു.]

തസ്യ തദ്വചനം ശ്രുത്വാ ലക്ഷ്മണസ്യ തപോധനഃ
തഥേത്യുക്ത്വാഽഗ്നിശരണം പ്രവിവേശ നിവേദിതും. 5

തപോധനഃ,	മുനീശ്വരൻ,	"തഥാ" ഇതി	"അങ്ങിനെതന്നെ"
തസ്യ	ആ	ഉക്ത്വാ,	പറഞ്ഞു്, [എന്നു്
ലക്ഷ്മണസ്യ	ലക്ഷ്മണന്റെ	നിവേദിതും	വിവരം അറിയിക്കുന്നതിന്നായി,
തത് വചനം	അപ്രകാരമുള്ള വാക്യത്തെ	അഗ്നിശരണം	അഗ്നിഹോത്രശാലയെ
ശ്രുത്വാ,	കേട്ടു്,	പ്രവിവേശ.	പ്രവേശിച്ചു.

സ പ്രവിശ്യ മുനിശ്രേഷ്ഠം തപസാ ദുഷ്പ്രധർഷണം
കൃതാഞ്ജലിരുവാചേദം രാമാഗമനമഞ്ജസാ
യഥോക്തം ലക്ഷ്മണേനൈവ ശിഷ്യോഽഗസ്ത്യസ്യ സംമതഃ. 6

അഗസ്ത്യസ്യ	അഗസ്ത്യമഹർഷിയുടെ	മുനിശ്രേഷ്ഠം	മഹർഷിശ്രേഷ്ഠനോടായി
സമ്മതഃ	പ്രിയപ്പെട്ട	കൃതാഞ്ജലിഃ,	അഞ്ജലിഹസ്തനായി,
സഃ	ആ	രാമാഗമനം	ശ്രീരാമൻ എഴുന്നെള്ളിയിരിക്കുന്നതിനെപ്പററി
ശിഷ്യഃ	ശിഷ്യൻ	ലക്ഷ്മണേന	ലക്ഷ്മണനാൽ
പ്രവിശ്യ അഞ്ജസാ,	അവിടെ പ്രവേശിച്ചു ഉടനെ,	യഥാ ഉക്തം ഏവ	പറയപ്പെട്ടപ്രകാരം തന്നെ
തപസാ	തപോമഹിമയാൽ	ഇദം	ഇപ്രകാരം
ദുഷ്പ്രധർഷണം	ദുർന്നിരീക്ഷ്യനായി വിളങ്ങുന്ന	ഉവാച.	അറിയിച്ചു.

പുത്രൌ ദശരഥസ്യേമൌ രാമോ ലക്ഷ്മണ ഏവ ച
പ്രവിഷ്ടാവാശ്രമപദം സീതയാ സഹ ഭാര്യയാ. 7

"ഭാര്യയാ	"പത്നിയായ	ഇമൌ	ഈ
സീതയാ സഹ	സീതയോടുകൂടി	ദശരഥസ്യ പുത്രൌ	ദശരഥപുത്രന്മാരിരുവരും
രാമഃ ഏവ	ശ്രീരാമനും	ആശ്രമപദം	ആശ്രമത്തിലേക്കു്
ലക്ഷ്മണഃ ച	ലക്ഷ്മണനുമായ	പ്രവിഷ്ടൌ.	എഴുന്നെള്ളിയിരിക്കുന്നു

ദ്രഷ്ടും ഭവന്തമായാതൌ ശുശ്രൂഷാർത്ഥമരിന്ദമൌ
യദത്രാനന്തരം തത് ത്വമാജ്ഞാപയിതുമർഹസി. 8

"അരിന്ദമൌ	"ശത്രുവിനാശകരായ	അത്ര അനന്തരം	ഇനിമേൽ വേണ്ടതു്
ഭവന്തം	നിന്തിരുവടിയെ[ഇവർ	യത് തത്	യാതൊന്നോ അതിനെ
ദ്രഷ്ടും	സന്ദർശിച്ചു്	ത്വം	നിന്തിരുവടി
ശുശ്രൂഷാർത്ഥം	സേവിപ്പാനായി	ആജ്ഞാപയിതും അർഹസി."	കല്പിച്ചു് അരുളിയാലും."
ആയാതൌ;	വന്നിരിക്കുന്നു;		

തതഃ ശിഷ്യാദുപശ്രുത്യ പ്രാപ്തം രാമം സലക്ഷ്മണം
വൈദേഹീം ച മഹാഭാഗാമിദം വചനമബ്രവീത്. 9

തതഃ,	അപ്പോൾ,	വൈദേഹീം }	വിദേഹാത്മജയേയും
സലക്ഷ്മണം	ലക്ഷ്മണസഹിതനായ	ച }	അപ്രകാരം എഴുന്നെള്ളിയിരിക്കുന്നവളായും
രാമം	ശ്രീരാമനെ	ശിഷ്യാത്	ശിഷ്യനിൽ നിന്ന്
പ്രാപ്തം	എഴുന്നെള്ളിയിരിക്കുന്നവനായും	ഉപശ്രുത്യ,	ഗ്രഹിച്ച്,
		ഇദം വചനം	ഇപ്രകാരം മറുപടി
മഹാഭാഗാം	മഹാഭാഗ്യവതിയായ	അബ്രവീത്.	അരുളിച്ചെയ്തു.

ദിഷ്ട്യാ രാമശ്ചിരസ്യാദ്യ ദ്രഷ്ടും മാം സമുപസ്ഥിതഃ
മനസാ കാങ്ക്ഷിതം ഹ്യസ്യ മയാഽപ്യാഗമനം പ്രതി. 10

" രാമഃ	" ശ്രീരാമൻ	ദിഷ്ട്യാ !	ഇതു് എന്റെ ഭാഗ്യവിശേഷംതന്നെ ;
ചിരസ്യ	വളരെക്കാലത്തിനു ശേഷം	ഹി	എന്തെന്നാൽ
		അസ്യ	ഇദ്ദേഹത്തിന്റെ
അദ്യ	ഇപ്പോൾ	ആഗമനം പ്രതി	ആഗമനത്തെപ്പററി
മാം	എന്നെ	മയാ അപി	എന്നാലും
ദ്രഷ്ടും	കാണ്മാൻ	മനസാ }	മനഃ പൂർവ്വമായി ആഗ്ര-
സമുപസ്ഥിതഃ;	വന്നിരിക്കുന്നു ;	കാംക്ഷിതം. }	ഹിക്കപ്പെട്ടതാണ്.

ഗമ്യതാം സത്കൃതോ രാമഃ സഭാര്യ്യഃ സഹലക്ഷ്മണഃ
പ്രവേശ്യതാം സമീപം മേ കിം ചാസൗ ന പ്രവേശിതഃ. 11

"സഹലക്ഷ്മണഃ	" ലക്ഷ്മണസഹിതനും	കിം ച	എന്തുകൊണ്ടാണ് ഉടനെ
സഭാര്യ്യഃ	പത്നീസമേതനുമായ		
രാമഃ	ശ്രീരാമൻ	ന പ്രവേശിതഃ ?	എഴുന്നെള്ളിക്കപ്പെടാത്തതു് ?
സത്കൃതഃ,	വിധിപോലെ സല്ക്കരിക്കപ്പെട്ടവനായി,	ഗമ്യതാം	പോകപ്പെടട്ടെ
മേ സമീപം	എന്റെ സമീപത്തിലേക്ക്	അസൌ	ഇദ്ദേഹം
		പ്രവേശ്യതാം."	ആനയിക്കപ്പെടട്ടെ."

ഏവമുക്തസ്തു മുനിനാ ധർമ്മജ്ഞേന മഹാത്മനാ
അഭിവാദ്യാബ്രവീച്ഛിഷ്യസ്തഥേതി നിയതാഞ്ജലിഃ. 12

ധർമ്മജ്ഞേന	ധർമ്മജ്ഞനും	നിയതാഞ്ജലി }	അഞ്ജലിബന്ധംചെയ്തു
മഹാത്മനാ	മഹാത്മാവുമായ	തു }	കൊണ്ടുതന്നെ നിന്നിരുന്നവനുമായ
മുനിനാ	മുനീന്ദ്രനാൽ	ശിഷ്യഃ	ശിഷ്യൻ
ഏവം	ഇപ്രകാരം	അഭിവാദ്യ	അഭിവാദനംചെയ്ത്
ഉക്തഃ	ആജ്ഞാപിക്കപ്പെട്ടവനും	" തഥാ " ഇതി	" അപ്രകാരംതന്നെ "
		അബ്രവീത്.	വിടകൊണ്ടു. [എന്നു

തതോ നിഷ്ക്രമ്യ സംഭ്രാന്തഃ ശിഷ്യോ ലക്ഷ്മണമബ്രവീത്
ക്വാസൌ രാമോ മുനിം ദ്രഷ്ടുമേതു പ്രവിശതു സ്വയം. 13

ശിഷ്യഃ	ശിഷ്യൻ	ക്വ ?	എവിടെ ?
സംഭ്രാന്തഃ	സംഭ്രമത്തോടുകൂടിയവനായി	മുനിം	മുനീശ്വരനെ
തതഃ	അവിടെനിന്ന്	ദ്രഷ്ടും	കാണ്മാൻ
നിഷ്ക്രമ്യ,	പുറത്തുവന്ന്,	ഏതു ;	ചെന്നുകൊള്ളട്ടെ ;
ലക്ഷ്മണം	ലക്ഷ്മണനോടായി	സ്വയം	ഇഷ്ടംപോലെ
അബ്രവീത് :—	ഇപ്രകാരം പറഞ്ഞു:—	പ്രവിശതു."	അകത്തു പ്രവേശിക്കാം."
"രാമഃ അസൌ	"രാമനെന്ന അദ്ദേഹം		

തതോ ഗത്വാഽഽശ്രമദ്വാരം ശിഷ്യേണ സഹ ലക്ഷ്മണഃ
ദർശയാമാസ കാകുത്സ്ഥം സീതാം ച ജനകാത്മജാം. 14

ലക്ഷ്മണഃ	ലക്ഷ്മണൻ	കാകുത്സ്ഥം	ശ്രീരാമനേയും
ശിഷ്യേണ സഹ	ശിഷ്യനോടുംകൂടി	ജനകാത്മജാം	ജനകനന്ദിനിയായ
തതഃ	അവിടെനിന്നു	സീതാം ച	സീതാദേവിയേയും,
ആശ്രമദ്വാരം	ആശ്രമദ്വാരത്തിങ്കൽ	ദർശയാമാസ.	കാണിച്ചുകൊടുത്തു.
ഗത്വാ	ചെന്ന്,		

തം ശിഷ്യഃ പ്രശ്രിതം വാക്യമഗസ്ത്യവചനം ബ്രുവൻ
പ്രാവേശയദ്യഥാന്യായം സത്കാരാർഹം സുസത്കൃതം. 15

ശിഷ്യഃ	ആ ശിഷ്യൻ	പ്രശ്രിതം	സ്നേഹയുക്തമായ
സത്കാരാർഹം	സൽക്കരിക്കപ്പെടേണ്ടവനും	വാക്യം	വാക്യത്തെ
സുസത്കൃതം	സർവ്വരാലും പൂജിക്കപ്പെട്ടുന്നവനുമായ	യഥാന്യായം	വഴിപോലെ
തം,	അദ്ദേഹത്തോട്,	ബ്രുവൻ,	പറഞ്ഞുകേൾപ്പിച്ചുകൊണ്ട്,
അഗസ്ത്യവചനം	അഗസ്ത്യമഹർഷിയാൽ പറയപ്പെട്ടതായ	പ്രാവേശയത്.	കൂട്ടിക്കൊണ്ടുചെന്നു.

പ്രവിവേശ തതോ രാമഃ സീതയാ സഹലക്ഷ്മണഃ
പ്രശാന്തഹരിണാകീർണ്ണമാശ്രമം ഹ്യവലോകയൻ. 16

സഹലക്ഷ്മണഃ	സൌമിത്രിസഹിതനായ	ആശ്രമം ഹി	ആശ്രമം മുഴുവനും
രാമഃ	ശ്രീരാഘവൻ	അവലോകയൻ	നോക്കിക്കൊണ്ട്
സീതയാ,	സീതയോടുംകൂടി,	തതഃ	അവിടെനിന്നും
പ്രശാന്തഹരിണാകീർണ്ണം	സൌമ്യപ്രകൃതികളായ മാനുകളാൽ നിറയപ്പെട്ട	പ്രവിവേശ.	പ്രവേശിച്ചു.

സ തത്ര ബ്രഹ്മണഃ സ്ഥാനമഗ്നേഃ സ്ഥാനം തഥൈവ ച
വിഷ്ണോഃ സ്ഥാനം മഹേന്ദ്രസ്യ സ്ഥാനം ചൈവ വിവസ്വതഃ 17
സോമസ്ഥാനം ഭഗസ്ഥാനം സ്ഥാനം കൌബേരമേവ ച
ധാതുൎവിധാതുഃ സ്ഥാനേ ച വായോഃ സ്ഥാനം തഥൈവ ച 18
സ്ഥാനം ച പാശഹസ്തസ്യ വരുണസ്യ മഹാത്മനഃ
സ്ഥാനം തഥൈവ ഗായത്ര്യാ വസൂനാം സ്ഥാനമേവ ച 19
നാഗരാജസ്യ ച സ്ഥാനമനന്തസ്യ മഹാത്മനഃ
കാൎത്തികേയസ്യ ച സ്ഥാനം ധൎമ്മസ്ഥാനം ച പശ്യതി. 20

സഃ തത്ര	അദ്ദേഹം അവിടെ
ബ്രഹ്മണഃ	ബ്രഹ്മാവിന്റെ
സ്ഥാനം,	ആലയത്തേയും,
അഗ്നേഃ	അഗ്നിഭഗവാന്റെ
സ്ഥാനം ച,	ആലയത്തേയും,
വിഷ്ണോഃ	വിഷ്ണുഭഗവാന്റെ
സ്ഥാനം തഥാ,	ആലയത്തേയും,
മഹേന്ദ്രസ്യ	ഇന്ദ്രന്റെ
സ്ഥാനം ഏവ,	സ്ഥാനത്തേയും,
വിവസ്വതഃ ച ഏവ,	സൂൎയ്യഭഗവാന്റേതിനേയും,
സോമസ്ഥാനം ഏവ,	ചന്ദ്രന്റേതിനേയും,
ഭഗസ്ഥാനം ച,	ശ്രീരുദ്രന്റെ ആലയത്തേയും
ധാതുഃ	ധാതാവിന്റെയും
വിധാതുഃ ച	വിധാതാവിന്റെയും
സ്ഥാനേ ച,	രണ്ടുസ്ഥാനങ്ങളേയും,
കൌബേരം ച	കുബേരന്റെ
സ്ഥാനം ഏവ,	സ്ഥാനത്തേയും,
വായോഃ	വായുവിന്റെ
സ്ഥാനം തഥാ,	സ്ഥാനത്തേയും
മഹാത്മനഃ	മഹാത്മാവായ
പാശഹസ്തസ്യ	പാശഹസ്തനെന്ന
വരുണസ്യ	വരുണന്റെ
സ്ഥാനം ച,	സ്ഥാനത്തേയും,
ഗായത്ര്യാഃ	ഗായത്രീദേവിയുടെ
സ്ഥാനം തഥാ ഏവ,	ആലയത്തേയും
വസൂനാം	അഷ്ടവസുക്കളുടെ
സ്ഥാനം ഏവ ച	ആലയത്തേയും
നാഗരാജസ്യ	സൎപ്പരാജാവായ
അനന്തസ്യ	ആദിശേഷന്റെ
സ്ഥാനം ച	ആലയത്തേയും,
മഹാത്മനഃ	മഹാത്മാവായ
കാൎത്തികേയസ്യ	സുബ്രഹ്മണ്യന്റെ
സ്ഥാനം ച	ആലയത്തേയും
ധൎമ്മസ്ഥാനം ച	ധൎമ്മദേവതയുടെ നിവാസസ്ഥാനത്തേയും
പശ്യതി.	ദൎശിച്ചുകൊണ്ടിരുന്നു.

[ഈ ശ്ലോകത്തിൽ പറഞ്ഞിരിക്കുന്ന പതിനേഴ ദേവന്മാരും യജുൎവ്വേദം പ്രഥമകാണ്ഡം ആറാംപ്രശ്നം പതിനൊന്നാം അനുവാകത്തിൽ പറഞ്ഞിരിക്കുന്ന “ആശ്രാവയ” ‘അസ്തുശ്രൌഷട്’ “യജ”, “യേയജാമഹേ” “വഷട്”, എന്ന പതിനേഴ് അക്ഷരങ്ങളുടെ ദേവതമാരാണെന്നും, യായജൂകനായ അഗസ്ത്യമഹൎഷിയാൽ കുടിയിരുത്തി പൂജിക്കപ്പെടുന്നവരാണെന്നും, ഗോവിന്ദരാജീയം. ഇതിൽ, ‘ആ’ ബ്രഹ്മാവ്, ‘രാ’ അഗ്നി, ‘വാ’ ‘വിഷ്ണു’ ഇത്യാദി കാണ്ക.]

തതഃ ശിഷ്യൈഃ പരിവൃതോ മുനിരപ്യഭിനിഷ്പതത്
തം ദദൎശാഗ്രതോ രാമോ മുനീനാം ദീപ്തതേജസാം. 21

തതഃ	അപ്പോൾ
മുനിഃ അപി	മുനീന്ദ്രനും
ശിഷ്യൈഃ	ശിഷ്യന്മാരാൽ
പരിവൃതഃ	ചൂഴപ്പെട്ടവനായി
അഭിനിഷ്പതത്;	എതിരേററു (ആൎഷം);
രാമഃ	ശ്രീരാമൻ
ദീപ്തതേജസാം	അതിതേജസ്വികളായ
മുനീനാം	മുനിമാരുടെ
അഗ്രതഃ,	മുമ്പിലായി,
തം ദദൎശ.	അദ്ദേഹത്തെ കണ്ടു.

അബ്രവീദ്വചനം രാമോ ലക്ഷ്മണം ലക്ഷ്മിവൎദ്ധനം. 22

രാമഃ	ശ്രീരാമൻ	ലക്ഷ്മണം	ലക്ഷ്മണനെനോക്കി
ലക്ഷ്മിവൎദ്ധനം	ഉത്സാഹത്തെ വൎദ്ധിപ്പിക്കുന്നവനായ	വചനം	ഈ വാക്യത്തെ
		അബ്രവീത്.	അരുളിച്ചെയ്തു.

ഏഷ ലക്ഷ്മണ നിഷ്ക്രാമത്യഗസ്ത്യോ ഭഗവാനൃഷിഃ. 23

" ലക്ഷ്മണ!	" ലക്ഷ്മണ!	അഗസ്ത്യഃ ഋഷിഃ	അഗസ്ത്യമഹൎഷി
		ഏഷഃ	ഇതാ
ഭഗവാൻ	ഭഗവാനായ	നിഷ്ക്രാമതി.	വരുന്നു.

ഔദാൎയ്യേണാവഗച്ഛാമി നിധാനം തപസാമിദം. 24

" ഔദാൎയ്യേണ	" തേജോവിശേഷത്തിന്റെ മഹിമയാൽ	തപസാം	തപസ്സുകൾക്കെല്ലാം
		നിധാനം	ഒരാധാരമെന്നു്
ഇദം	ഈ രൂപത്തെ	അവഗച്ഛാമി."	ഞാൻ കരുതുന്നു."

ഏവമുക്ത്വാ മഹാബാഹുരഗസ്ത്യം സൂൎയ്യവൎച്ചസം
ജഗ്രാഹ പരമപ്രീതസ്തസ്യ പാദൌ പരന്തപഃ. 25

മഹാബാഹുഃ	മഹാബാഹുവും	ഏവം	ഇപ്രകാരം
പരന്തപഃ	ശത്രുസംഹാരകനുമായ അദ്ദേഹം	ഉക്ത്വാ,	പറഞ്ഞശേഷം
		പരമപ്രീതഃ	ഏററവും സന്തുഷ്ടനായി
സൂൎയ്യവൎച്ചസം	സൂൎയ്യതേജസ്സോടെ പ്രകാശിക്കുന്ന	തസ്യ	അദ്ദേഹത്തിന്റെ
		പാദൌ	ഇരുപാദങ്ങളെ
അഗസ്ത്യം	അഗസ്ത്യൎഷിയെപററി	ജഗ്രാഹ.	തൊട്ടുനമസ്കരിച്ചു.

അഭിവാദ്യ തു ധൎമ്മാത്മാ തസ്ഥൌ രാമഃ കൃതാഞ്ജലിഃ
സീതയാ സഹ വൈദേഹ്യാ തദാ രാമഃ സലക്ഷ്മണഃ. 26

രാമഃ	ശ്രീരഘുവരൻ	അഭിവാദ്യ തു,	നമസ്കരിച്ചിട്ടു,
തദാ	അപ്പോൾ	ധൎമ്മാത്മാ	ധൎമ്മാത്മാവായ
വൈദേഹ്യാ	വിദേഹാത്മജയായ	രാമഃ	ശ്രീരാമൻ
സീതയാ സഹ	സീതയോടുംകൂടി	കൃതാഞ്ജലിഃ	അഞ്ജലിഹസ്തനായി
സലക്ഷ്മണഃ	ലക്ഷ്മണസഹിതനായി	തസ്ഥൌ.	വൎത്തിച്ചു.

[" തദാ രാമഃ "എന്നതിനെ " തദാ ആരാമഃ " എന്നു പദച്ഛേദം ചെയ്തു ' സൎവ്വാഭിരാമദാതാ,' എന്നൎത്ഥത്തിലും എടുത്തു രാമപദത്തിന്റെ പുനരുക്തിയെ പരിഹരിക്കുന്നു. (ശി).]

പ്രതിഗൃഹ്യ ച കാകുത്സ്ഥമൎച്ചയിത്വാഽഽസനോദകൈഃ
കുശലപ്രശ്നമുക്ത്വാ ച ആസ്യതാമിതി ചാബ്രവീത്. 27

കാകുത്സ്ഥം	ശ്രീരാമനെ	കുശലപ്രശ്നം	കുശലപ്രശ്നം
ആസനോദകൈഃ	ആസനം, പാദ്യം ഇവയാൽ	ഉക്ത്വാ ച,	ചെയ്തിട്ടു്
		" ആസ്യതാം,"	" ഇരുന്നരുളിയാലും,"
അൎച്ചയിത്വാ	പൂജിച്ചു്	ഇതി ച	എന്നു്,
പ്രതിഗൃഹ്യ ച	ഉപചരിച്ചശേഷം	അബ്രവീത്.	പറഞ്ഞു.

അഗ്നിം ഹുത്വാ പ്രദായാൎഘ്യമതിഥീൻ പ്രതിപൂജ്യ ച
വാനപ്രസ്ഥേന ധൎമ്മേണ സ തേഷാം ഭോജനം ദദൌ. 28

സഃ,	അദ്ദേഹം,	വാനപ്രസ്ഥേന ധൎമ്മേണ,	വാനപ്രസ്ഥാശ്രമധൎമ്മമനുസരിച്ച്,
അൎഘ്യം പ്രദായ	അൎഘ്യപ്രദാനം ചെയ്തു്	തേഷാം	അവൎക്കു്
അതിഥീൻ	അതിഥികളെ,	ഭോജനം	ഭോജനം
പ്രതിപൂജ്യ ച,	പൂജിച്ചതിന്നു ശേഷം,	ദദൌ.	നൽകി.
അഗ്നിം ഹുത്വാ	അഗ്നിയിൽ ഹോമംചെയ്തു്		

പ്രഥമം ചോപവിശ്യാഥ ധൎമ്മജ്ഞോ മുനിപുംഗവഃ.
ഉവാച രാമമാസീനം പ്രാഞ്ജലിം ധൎമ്മകോവിദം. 29

ധൎമ്മജ്ഞഃ	ധൎമ്മജ്ഞനായ	ആസീനം	ഉപവിഷ്ടനായിരുന്ന
മുനിപുംഗവഃ	ആ മുനിശ്രേഷ്ഠൻ,	ധൎമ്മകോവിദം ച	ധൎമ്മനിപുണനായ
ഉപവിശ്യ അഥ,	ഇരുന്നതിന്നുശേഷം,	രാമം	ശ്രീരാമനെ നോക്കി[സ്സു.
പ്രഥമം	ഒന്നാമതായി	ഉവാച.	ഇപ്രകാരംഅരുൾചെ-
പ്രാഞ്ജലിം	അഞ്ജലിഹസ്തനായി		

അന്യഥാ ഖലു കാകുത്സ്ഥ തപസ്വീ സമുദാചരൻ
ദുഃസാക്ഷീവ പരേ ലോകേ സ്വാനി മാംസാനി ഭക്ഷയേത്. 30

"കാകുത്സ്ഥ!	"രാഘവ!	ദുഃസാക്ഷീ ഇവ	കള്ളസ്സാക്ഷിയെന്നപോലെ
തപസ്വീ	ഒരു താപസൻ	പരേ ലോകേ	പരലോകത്തിൽ
സമുദാചരൻ	ധൎമ്മമാൎഗ്ഗത്തെ അനുസരിക്കുന്നവൻ	സ്വാനി മാംസാനി	തന്റെ മാംസങ്ങളെ തന്നെ
അന്യഥാ ഖലു,	അല്ലാതിരിക്കുന്നുവെങ്കിൽ,	ഭക്ഷയേത്.	ഭക്ഷിക്കേണ്ടിവരും.

രാജാ സൎവ്വസ്യ ലോകസ്യ ധൎമ്മചാരീ മഹാരഥഃ
പൂജനീയശ്ച മാന്യശ്ച ഭവാൻ പ്രാപ്തഃ പ്രിയാതിഥിഃ. 31

"സൎവ്വസ്യ	"സകല	പൂജനീയഃ ച	പൂജിക്കത്തക്കവനും,
ലോകസ്യ	ലോകത്തിന്നും	മാന്യഃ ച	ധ്യാനിക്കത്തക്കവനും
രാജാ,	രക്ഷിതാവും,	ഭവാൻ	ഭവാൻ [ആയ
ധൎമ്മചാരീ	ധൎമ്മാനുഷ്ഠാനത്തോടുകൂടിയവനും,	പ്രിയാതിഥിഃ	പ്രിയപ്പെട്ട അതിഥിയായി
മഹാരഥഃ,	മഹാവീരനും,	പ്രാപ്തഃ."	വന്നുചേൎന്നിരിക്കുന്നു."

['സൎവ്വസ്യ ലോകസ്യ' ത്രിഭുവനത്തിന്നും, "രാജാ", സ്വാമിയും, (പതിം വിശ്വസ്യ എന്നു ശ്രുതി), "പൂജനീയഃ," കൎമ്മങ്ങളാൽ ആരാധിക്കപ്പെടേണ്ടവനും, (ഇഷ്ടാപൂൎത്തം ബഹുധാ ജായമാനം വിശ്വം ബിഭൎത്തി ഭുവനസ്യ നാഭിഃ" എന്നു ശ്രുതി.) "ധൎമ്മചാരീ", ലോകശിക്ഷാൎത്ഥം ധൎമ്മത്തെ ആചരിക്കുന്നവനും, "മഹാരഥഃ" മഹാത്മാവായ ഗരുഡൻ വാഹനമായുള്ളവനും, "മാന്യഃ" മുക്തിക്കായി യോഗികളാൽ ചിന്തിക്കപ്പെടേണ്ടവനും" ആയ നിന്തിരുവടി പ്രിയാതിഥിയായി, ലോകവിലക്ഷണനായ അതിഥിയായി പ്രാപ്തനായിരിക്കുന്നു. (ഗോ. രാ.; സ. തി.)]

ഏവമുക്ത്വാ ഫലൈർമ്മൂലൈഃ പുഷ്പൈരന്യൈശ്ച രാഘവം
പൂജയിത്വാ യഥാകാമം പുനരേവാബ്രവീദ്വചഃ. 32

രാഘവം	ശ്രീരാഘവനോട്	പുഷ്പൈഃ ച	പുഷ്പങ്ങളാലും
ഏവം ഉക്ത്വാ,	മേൽപ്രകാരം ഉരചെയ്തശേഷം,	യഥാകാമം	യഥേഷ്ടം
		പൂജയിത്വാ	ഉപചരിച്ച്
ഫലൈഃ	പഴങ്ങളാലും	പുനഃ ഏവ	വീണ്ടും
മൂലൈഃ	കിഴങ്ങുകളാലും	വചഃ	പിൻവരുംവാക്യത്തെ
അന്യൈഃ	പലവിധ	അബ്രവീത്.	അരുളിച്ചെയ്തു.

ഇദം ദിവ്യം മഹച്ചാപം ഹേമവജ്രവിഭൂഷിതം
വൈഷ്ണവം പുരുഷവ്യാഘ്ര നിർമ്മിതം വിശ്വകർമ്മണാ
അമോഘഃ സൂര്യ്യസങ്കാശോ ബ്രഹ്മദത്തഃ ശരോത്തമഃ. 33

"പുരുഷവ്യാഘ്ര!	"പുരുഷോത്തമ!	വൈഷ്ണവം;	വിഷ്ണുഭഗവാന്റെതാകുന്നു;
ഹേമവജ്രവിഭൂഷിതം	പൊൻകൊണ്ടും രത്നം കൊണ്ടും അലങ്കരിക്കപ്പെട്ടതും	സൂര്യ്യസങ്കാശഃ	സൂര്യ്യസദൃശമായ
		ശരോത്തമഃ	ഉത്തമമായ ഈ ബാണം
		അമോഘഃ,	വ്യർത്ഥമായ്പ്പോകാത്തതും
വിശ്വകർമ്മണാ	വിശ്വകർമ്മാവിനാൽ		
നിർമ്മിതം	നിർമ്മിക്കപ്പെട്ടതുമായ	ബ്രഹ്മദത്തഃ.	ബ്രഹ്മദേവനാൽ നൽകപ്പെട്ട് ബ്രഹ്മദത്തമെന്ന പേരോടുകൂടിയതുമാകുന്നു.
ഇദം	ഈ		
മഹത് ചാപം	മഹാധനുസ്സ്		
ദിവ്യം	ദിവ്യത്വമുള്ളതായി		

[ഈ ധനുസ്സ് പരശുരാമന്റെ കയ്യിൽനിന്നുവാങ്ങി വരുണന്റെ വശം കൊടുത്തു എന്ന് ബാലകാണ്ഡം 77-ാം സർഗ്ഗത്തിൽ പറഞ്ഞിരിക്കുന്നതിനെ, വരുണൻ അഗസ്ത്യന്റെ വശം ഖരവധാർത്ഥം കൊടുത്തതാണെന്നു ഗ്രഹിക്കേണ്ടതാകുന്നു. എന്ന് ഗോ. രാ. വരുണന്റെ വക്കൽനിന്നു ഇന്ദ്രൻ വാങ്ങി അഗസ്ത്യന്റെ വശം കൊടുത്തുവെന്നു ചിലർ; ശാർങ്ഗമാണെന്നു മററു ചിലർ.]

ദത്തൌ മമ മഹേന്ദ്രേണ തൂണീ ചാക്ഷയസായകൌ
സമ്പൂർണ്ണൌ നിശിതൈർബ്ബാണൈർജ്ജ്വലദ്ഭിരിവ പാവകൈഃ. 34

"പാവകൈഃ ഇവ	"കത്തുന്ന തീക്കട്ടകൾ പോലെ	അക്ഷയസായകൌ	ക്ഷയിക്കാത്ത ബാണങ്ങളുള്ളവയുമായ
ജ്വലദ്ഭിഃ	ജ്യോതിസ്സാർന്നുജ്ജ്വലിക്കുന്ന	തൂണീ ച	തൂണീരങ്ങൾ രണ്ടും.
നിശിതൈഃ	തീക്ഷ്ണങ്ങളായ	മമ	എനിക്ക്
ബാണൈഃ	ബാണങ്ങളാൽ	മഹേന്ദ്രേണ	ഇന്ദ്രനാൽ
സമ്പൂർണ്ണൌ	പരിപൂർണ്ണങ്ങളും	ദത്തൌ.	നൽകപ്പെട്ടവയാകുന്നു.

മഹാരജതകോശോऽയമസിർഹേമവിഭൂഷിതഃ. 35

"ഹേമവിഭൂഷിതഃ	"സ്വർണ്ണത്താലലങ്കരിക്കപ്പെട്ട്	അസിഃ	ഖഡ്ഗമാകുന്നു
മഹാരജതകോശഃ	തങ്കഉറയോടുകൂടിയ	അയം.	ഇത്.

അനേന ധനുഷാ രാമ ഹത്വാ സംഖ്യേ മഹാഽസുരാൻ
ആജഹാര ശ്രിയം ദീപ്താം പുരാ വിഷ്ണുർദ്ദിവൌകസാം. 36

"രാമ!	"ശ്രീരാമ!	സംഖ്യേ	യുദ്ധത്തിൽ
അനേന	ഈ	ഹത്വാ,	കൊന്നു്,
ധനുഷാ	ധനുസ്സുകൊണ്ടു്	ദിവൌകസാം	ദേവകൾക്കു്
പുരാ	പണ്ടു്	ദീപ്താം	മഹത്തായ
വിഷ്ണുഃ	വിഷ്ണുഭഗവാൻ [ന്മാരെ	ശ്രിയം	സഹായത്തെ
മഹാസുരാൻ	ദുഷ്ടന്മാരായ അസുര-	ആജഹാര.	ചെയ്തു.

തദ്ധനുസ്തൌ ച തൂണീരൌ ശരം ഖഡ്ഗം ച മാനദ
ജയായ പ്രതിഗൃഹ്ണീഷ്വ വജ്രം വജ്രധരോ യഥാ. 37

"മാനദ!	"ശത്രുസംഹാരക!	വജ്രധരഃ	ഇന്ദ്രൻ
തത് ധനുഃ	ആ വില്ലിനെയും	വജ്രം	വജ്രായുധത്തെ
തൌ	ആ രണ്ടു്	ഇവ,	എന്നപോലെ,
തൂണീരൌ ച,	ആവനാഴികളെയും,	ജയായ	വിജയത്തിന്നായിക്കൊണ്ടു്
ശരം,	ബാണത്തേയും,	പ്രതി-ഗൃഹ്ണീഷ്വ.	സ്വീകരിച്ചാലും.
ഖഡ്ഗം ച,	ഖഡ്ഗത്തേയും;		

[വൃത്രാസുരവധത്തിന്നായി ദധീചിമഹർഷിയുടെ അസ്ഥികളെ ദേവന്മാർ അദ്ദേഹത്തോടു് യാചിച്ച്, അവയിൽനിന്ന് വിശ്വകർമ്മാവ് വജ്രായുധം നിർമ്മിച്ച് ഇന്ദ്രന്നു കൊടുക്കുന്നതും മററുമുള്ള കഥ ഭാഗവതം VI—10. ഭാരതം. വന. 99—7 എന്നവയിൽ കാണുക.]

ഇദം ച തേ തനുത്രാണമഭേദ്യം മഘവാൻ ദദൌ
സ്വശ്യായാഽനുപമം വീര പ്രതിഗൃഹ്ണീഷ്വ മാനദ. 38

"മാനദ!	"ശത്രുനാശകനായ	അനുപമം	നിസ്തുല്യമായ
വീര!	ഹേ വീര!	ഇദം ച	ഇതിനേയും
അഭേദ്യം	പിളക്കപ്പെടുവാൻ കഴിയാത്ത	പ്രതി-ഗൃഹ്ണീഷ്വ;	സ്വീകരിക്കുക;
തനുത്രാണം	ഒരു കവചത്തെയും	തേ	ഭവാന്നു്
മഘവാൻ	ദേവേന്ദ്രൻ	സ്വശ്യ.	ധരിപ്പാനായി എടുത്തുകൊൾക.
ദദൌ;	തന്നിട്ടുണ്ടു്;		

ജയേ ച സംശയം പ്രാപ്യ ചിന്തയിഷ്യസി വിഹ്വലൻ
ഹരിയുഗ്യം രഥം ദിവ്യമപനേഷ്യതി മാതലിഃ. 39

"ജയേ	"ജയത്തിന്റെ കാര്യത്തിൽ	മാതലിഃ	(ഇന്ദ്രസാരഥിയായ) മാതലി
സംശയം പ്രാപ്യ	സംശയമുണ്ടായി	ഹരിയുഗ്യം	കുതിരകൾ പൂട്ടപ്പെട്ട
വിഹ്വലൻ	മനസ്സുമുട്ടി	ദിവ്യം	ദിവ്യമായ
ചിന്തയിഷ്യ-സി ച,	ഭവാൻ ചിന്താവിവശനാവുന്നപക്ഷം	രഥം	ഒരു രഥത്തെ
		അപനേഷ്യതി."	കൊണ്ടുവരും."

ഏവമുക്ത്വാ മഹാതേജാഃ സമസ്തം തദ്വരായുധം
ദത്വാ രാമായ ഭഗവാനഗസ്ത്യഃ പുനരബ്രവീത്. 40

മഹാതേജാഃ	മഹാതേജസ്വിയായ	തത്	അവ
അഗസ്ത്യഃ ഭഗവാൻ	അഗസ്ത്യഭഗവാൻ,	സമസ്തം,	എല്ലാററിനേയും,
		രാമായ	ശ്രീരാമൻവശം
ഏവം	മേൽപ്രകാരം	ദത്വാ,	സമർപ്പിച്ച്,
ഉക്ത്വാ,	അരുളിയശേഷം,	പുനഃ	വീണ്ടും
വരായുധം	ഉത്തമായുധമായ	അബ്രവീത്.	അരുളിച്ചെയ്തു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ദ്വാദശഃ സർഗ്ഗഃ = പന്ത്രണ്ടാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 7120; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 408.

ത്രയോദശഃ സർഗ്ഗഃ = പതിമൂന്നാം സർഗ്ഗം.

[പഞ്ചവടീംപ്രതി പ്രസ്ഥാനം = പഞ്ചവടിയിലേക്ക് യാത്ര പുറപ്പെടുന്നത്.]

സുഖം സ്വപ മഹാബാഹോ സസീതഃ സഹലക്ഷ്മണഃ
രവിരസ്തം ഗതഃ സൌമ്യ സന്ധ്യാകാലോഽപ്യുപാഗമത്. 1

"മഹാബാഹോ!	"ദീർഘബാഹുക്കളൊന്നുള്ളോവേ!	സ്വപ;	വിശ്രമിച്ചാലും;
സൌമ്യ	പുണ്യാത്മാവേ!	രവിഃ	സൂര്യഭഗവാൻ
സസീതഃ	സീതയോടുകൂടിയവനായും	അസ്തം ഗതഃ	അസ്തമിച്ചുകഴിഞ്ഞു;
സഹലക്ഷ്മണഃ	ലക്ഷ്മണസഹിതനായും	സന്ധ്യാകാലഃ അപി	സന്ധ്യാകാലവും
സുഖം	സുഖമായി	ഉപാഗമത്.	വന്നണഞ്ഞു.

ഏതേ നിശാചരാ രാമ നിലീനാ മൃഗപക്ഷിണഃ
നഗാഗ്രേഷു ഭൃശം ലീനാഃ ദൃശ്യന്തേ സുസമാഹിതാഃ
നൈശേന തമസാ വ്യാപ്തമപ്രകാശം നഭഃസ്ഥലം. 2

"രാമ!	"ശ്രീരാഘവ!	ഭൃശം	തീരെ
നിശാചരാഃ	രാത്രിചാരികളായ ക്രമന്മാർ	ലീനാഃ;	മറഞ്ഞുകഴിഞ്ഞു;
ഏതേ	ഇതാ	നഭഃസ്ഥലം	ആകാശതലം,
നഗാഗ്രേഷു	വൃക്ഷശിഖരങ്ങളിൽ	നൈശേന	രാത്രിയിലെ
നിലീനാഃ	നിറഞ്ഞവയായി	തമസാ	ഇരുട്ട്
ദൃശ്യന്തേ;	കാണപ്പെടുന്നു;	വ്യാപ്തം,	വ്യാപിച്ചതായി,
മൃഗപക്ഷിണഃ	മൃഗങ്ങളും പക്ഷികളും	അപ്രകാശം."	പ്രകാശമില്ലാത്തതായിരിക്കുന്നു."
സുസമാഹിതാഃ	അതിജാഗ്രതയോടുകൂടിയവയായി		

ഏവമുക്ത്വാ മഹാബാഹുരഗസ്ത്യേന മഹാത്മനാ
ഉപാസ്യ പശ്ചിമാം സന്ധ്യാം രാമഃ സൌമിത്രിണാ സഹ 3
അഭിവാദ്യ മഹാത്മാനമഗസ്ത്യമൃഷിസത്തമം
സുഷ്വാപ രജനീമേകാം പൂജിതഃ പരമർഷിണാ. 4

മഹാബാഹുഃ	മഹാബാഹുവായ	ഉപാസ്യ,	ആചരിച്ചശേഷം,
രാമഃ,	ശ്രീരാമൻ,	മഹാത്മാനം	മഹാത്മാവും
മഹാത്മനാ	മഹാത്മാവായ	ഋഷിസത്തമം	മുനിശ്രേഷ്ഠനുമായ
അഗസ്ത്യേന	അഗസ്ത്യമഹർഷിയാൽ	അഗസ്ത്യം	അഗസ്ത്യമഹർഷിയെ
ഏവം ഉക്തഃ	ഇപ്രകാരം പറയപ്പെട്ടവനായി	അഭിവാദ്യ	നമസ്കരിച്ച്
		പരമർഷിണാ	മുനീന്ദ്രനാൽ
സൌമിത്രിണാ സഹ,	സൌമിത്രിയോടുകൂടി,	പൂജിതഃ	ഉപചരിക്കപ്പെട്ടവനായി,
		ഏകാം രജനീം	അന്നുരാത്രി
പശ്ചിമാം സന്ധ്യാം	സായംസന്ധ്യാവന്ദനത്തെ	സുഷ്വാപ.	(അവിടെ) പള്ളിക്കുറുപ്പുകൊണ്ടു.

സുഖോഷിതസ്തദാ രാമഃ സന്ധ്യാമന്വാസ്യ സാനുജഃ
കൃതപൂർവ്വാഹ്നികസ്തസ്ഥൌ സ്നാത്വാ ഹുതഹുതാശനഃ. 5

തദാ	പിന്നെ	സന്ധ്യാം	പ്രാതഃസന്ധ്യയെ
രാമഃ	ശ്രീരാമൻ	അന്വാസ്യ,	ഉപാസിച്ച്,
സുഖോഷിതഃ	രാത്രിയെസുഖമായ് കഴിച്ചശേഷം,	ഹുതഹുതാശനഃ	അഗ്നിഹോത്രം ചെയ്ത്
സാനുജഃ	അനുജനോടുംകൂടി	കൃതപൂർവ്വാഹ്നികഃ	പ്രഭാതകൃത്യങ്ങളെല്ലാം കഴിച്ച്
സ്നാത്വാ	സ്നാനം ചെയ്ത്,	തസ്ഥൌ.	വർത്തിച്ചു.

ലക്ഷ്മണേന സഹ ഭ്രാത്രാ സീതയാ ച പരന്തപഃ
ഉപാഗച്ഛദമേയാത്മാ അഗസ്ത്യം സൂര്യ്യവർച്ചസം. 6

പരന്തപഃ	ശത്രുസംഹാരകനും	സീതയാ ച,	സീതയോടുംകൂടി
അമേയാത്മാ,	മഹാപുണ്യാത്മാവുമായ അദ്ദേഹം,	സൂര്യ്യവർച്ചസം	സൂര്യ്യനോടൊത്ത തേജസ്വിയായ
ഭ്രാത്രാ	സഹോദരനായ	അഗസ്ത്യം	അഗസ്ത്യമഹർഷിയെ
ലക്ഷ്മണേന സഹ	ലക്ഷ്മണനോടും	ഉപാഗച്ഛത്.	ചെന്നുകണ്ടു.

സ ദൃഷ്ട്വാ രാഘവം ശ്രീമാനഗസ്ത്യഃ സംയതാഞ്ജലിം
പ്രതിപൂജ്യ യഥാന്യായമിദം വചനമബ്രവീത്. 7

സഃ	ആ	ദൃഷ്ട്വാ,	കണ്ടു്,
ശ്രീമാൻ	പ്രശസ്തനായ	യഥാന്യായം	വിധിപ്രകാരം
അഗസ്ത്യഃ	അഗസ്ത്യമഹർഷി	പ്രതിപൂജ്യ,	ഉപചരിച്ച്,
സംയതാഞ്ജലിം	അഞ്ജലിബന്ധംചെയ്തു നില്ക്കുന്നവനായ	ഇദം	ഇപ്രകാരം
		വചനം	വാക്യത്തെ
രാഘവം	ശ്രീരാമനെ	അബ്രവീത്.	അരുളിച്ചെയ്തു.

കച്ചിത് സുഖാ നിശാ രാമ വ്യതീതാ രഘുനന്ദന
തവ സഭ്രാതൃഭാൎയ്യസ്യ മമാശ്രമപദേ ശുഭേ. 8

"രഘുനന്ദന!	"രാഘവ!
രാമ!	ശ്രീരാമ!
സഭ്രാതൃഭാൎയ്യസ്യ	അനുജനോടും ഭാൎയ്യയോടും കൂടിയിരിക്കുന്ന
തവ,	അവിടുത്തേക്ക്,
മമ ശുഭേ	എന്റെ പുണ്യമായ
ആശ്രമപദേ,	ആശ്രമപദത്തിൽ
നിശാ	രാത്രി
സുഖാ വ്യതീതാ കച്ചിത് ?"	സുഖമായിത്തന്നെയാണല്ലോ കഴിഞ്ഞത്?

അഗസ്ത്യേനൈവമുക്തസ്തു കാകുത്സ്ഥോ വാക്യമബ്രവീത്
മാനിതാഃ സ്മ യഥാന്യായം ത്വയാ പൂജ്യേന പൂജിതാഃ. 9

അഗസ്ത്യേന	അഗസ്ത്യമുനിയാൽ
ഏവം	മേൽപ്രകാരം
ഉക്തഃ	പ്രശ്നംചെയ്യപ്പെട്ട
കാകുത്സ്ഥഃ,	ശ്രീരാഘവൻ
വാക്യം	ഇപ്രകാരം മറുപടി
അബ്രവീത് :—	അരുളിച്ചെയ്തു :—
"പൂജ്യേന	"പൂജ്യനായ
ത്വയാ	നിന്തിരുവടിയാൽ
യഥാന്യായം	വേണ്ടുംവണ്ണം
പൂജിതാഃ തു	ഉപചരിക്കപ്പെട്ടവരായി
മാനിതാഃ സ്മ.	ഞങ്ങൾ ബഹുമാനിക്കപ്പെട്ടിരിക്കുന്നു.

ശയനാസനദാനേന ഭോജനാച്ഛാദനൈഃ ശുഭൈഃ
രാജ്ഞോ ദശരഥസ്യൈവ പുരസ്യാന്തഃപുരേ യഥാ
സുഖോഷിതാഃ സ്മ ഭഗവൻ സൎവ്വകാമൈരുപസ്ഥിതാഃ. 10

"ഭഗവൻ!	"ഭഗവാനേ!
ശയനാസനദാനേന	ശയനം, ആസനം ഇവ നല്കിയതിനാലും
ശുഭൈഃ	തക്ക
ഭോജനാച്ഛാദനൈഃ	ഭോജനങ്ങളാലും പുതപ്പുകളാലും
ദശരഥസ്യ രാജ്ഞഃ	ദശരഥമഹാരാജാവിന്റെ
പുരസ്യ	പട്ടണത്തിലുള്ള
അന്തഃപുരേ	അന്തഃപുരത്തിൽ
യഥാ ഏവ,	ഏതുവിധമോ അതേ വിധം,
സൎവ്വകാമൈഃ	വേണ്ടതെല്ലാററിനാലും
ഉപസ്ഥിതാഃ	ഉപചരിക്കപ്പെട്ടവരായി
സുഖോഷിതാഃ സ്മ."	ഞങ്ങൾ സുഖമായി കഴിച്ചുകൂട്ടി."

സുഖോപവിഷ്ടേ രാമേ തു സഹസീതേ സലക്ഷ്മണേ
സ തേന ഋഷിസംഘേന അഗസ്ത്യോ വാക്യമബ്രവീത്. 11

സഹസീതേ	സീതാസഹിതനും
സലക്ഷ്മണേ	ലക്ഷ്മണസഹിതനും
രാമേ,	ശ്രീരാമൻ, [ആയ
തേന	ആ
ഋഷിസംഘേന	ഋഷിഗണങ്ങളോടും കൂടി
സുഖോപവിഷ്ടേ തു	വഴിപോലെ ഉപവിഷ്ടനായ ഉടനെ
സഃ	ആ
അഗസ്ത്യഃ,	അഗസ്ത്യമഹൎഷി,
വാക്യം	ഇപ്രകാരം വാക്യത്തെ
അബ്രവീത്.	അരുളിച്ചെയ്തു.

കാലോഽയം ഗതഭൂയിഷ്ഠോ യഃ കാലസ്തവ രാഘവ
സമയോ യോ നരേന്ദ്രേണ കൃതോ ദശരഥേന തേ
തീൎണ്ണപ്രതിജ്ഞ കാകുത്സ്ഥ സുഖം രാമ നിവത്സ്യസി. 12

" കാകുത്സ്ഥ!	" കാകുത്സ്ഥ!	അയം കാലഃ	ഈ അവധി
രാഘവ!	രഘുവര!	തവ	ഭവാനു [ന്നതായ്
രാമ!	ശ്രീരാമ!	യഃ	വേഗത്തിൽ ഗമിക്ക-
ദശരഥേന } നരേന്ദ്രേണ	ദശരഥചക്രവൎത്തിയാൽ	ഗതഭൂയിഷ്ഠഃ;	മിക്കവാറും തികഞ്ഞു കഴിഞ്ഞു;
തേ	ഭവാന്റെ സംഗതിയിൽ	തീൎണ്ണപ്രതിജ്ഞഃ	പ്രതിജ്ഞനിറവേററിയവനായി
സമയഃ	നിശ്ചയം	സുഖം	സുഖമാംവണ്ണം
കൃതഃ	ചെയ്യപ്പെട്ടതായ	നിവത്സ്യസി.	ഭവാൻ നിവസിക്കുമാറാകും.
യഃ കാലഃ	യാതൊരു അവധിയൊ		

ധന്യസ്തേ ജനകോ രാമ സ രാജാ രഘുനന്ദന
യസ്ത്വയാ ജ്യേഷ്ഠപുത്രേണ യയാതിരിവ താരിതഃ. 13

" രഘുനന്ദന!	" രഘുകുമാര!	താരിതഃ,	കരകയററപ്പെട്ടുവോ,
രാമ!	ശ്രീരാമ!	സഃ	ആ
ജ്യേഷ്ഠപുത്രേണ	ജ്യേഷ്ഠപുത്രനായ	രാജാ	ചക്രവൎത്തിയായ
ത്വയാ	ഭവാനാൽ	തേ	അവിടുത്തെ
യഃ,	യാതൊരുവൻ,	ജനകഃ	അച്ഛൻതിരുമേനി
യയാതിഃ ഇവ	യയാതിയെന്നപോലെ,	ധന്യഃ."	കൃതാൎത്ഥൻതന്നെ."

ഏവമുക്തസ്തതോ രാമഃ പ്രത്യുവാച കൃതാഞ്ജലിഃ
പ്രീതഃ പ്രീതതരം വാക്യം പ്രത്യുവാച മഹായശാഃ. 14

ഏവം	ഈ വിധം	മഹായശാഃ,	മഹാ കീൎത്തിമാനുമായ അദ്ദേഹം
ഉക്തഃ	അരുളിചെയ്യപ്പെട്ട		
രാമഃ	ശ്രീരാമൻ	തതഃ	ഈ സമയം
കൃതാഞ്ജലിഃ	അഞ്ജലിബന്ധത്തോടു കൂടിയവനായി	പ്രീതതരം	അധികം പ്രിയത്തെ ഉളവാക്കുന്നതായ
പ്രത്യുവാച;	മറുപടിപറഞ്ഞു;	വാക്യം	വാക്യത്തെ
പ്രീതഃ	സന്തുഷ്ടനും	പ്രത്യുവാച.	അരുളിചെയ്തു.

ധന്യോഽസ്മ്യനുഗൃഹീതോഽസ്മി യസ്യ മേ മുനിപുംഗവ
പ്രീയമാണസ്തു സുപ്രീതോ നാസ്തി ധന്യതരോ മമ. 15

മുനിപുംഗവ!	മുനിശ്രേഷ്ഠ!	ധന്യഃ അസ്മി;	ഞാൻ കൃതാൎത്ഥനായി;
യസ്യ മേ	യാതൊരു എന്നിൽ	അനുഗൃഹീതഃ } അസ്മി;	അനുഗ്രഹിക്കപ്പെട്ടവനുമായിരിക്കുന്നു;
സുപ്രീതഃ	ഏററവും പ്രീതിപൂണ്ടവനായി	മമ ധന്യതരഃ	എന്നെക്കാൾ ഭാഗ്യവാൻ
പ്രീയമാണഃ	കാരുണ്യവാനായിരി		
തു,	എന്നതിനാൽ [ക്കുന്നു	അസ്തി ന.	ആരും ഇല്ലതന്നെ.

മയാ ന താരിതോ രാജാ സ്വഗുണൈരേവ താരിതഃ
സ്വർഗ്ഗം ദശരഥഃ പ്രാപ്തഃ സ്വകൃതൈഃ പുണ്യകർമ്മഭിഃ. 16

“ രാജാ	“ ചക്രവർത്തി	ദശരഥഃ	ദശരഥചക്രവർത്തി
മയാ ന താരിതഃ;	എന്നാലല്ല കരയേററപ്പെട്ടതു്;	സ്വകൃതൈഃ	തന്നാൽതന്നെ ചെയ്യപ്പെട്ട
സ്വഗുണൈഃ ഏവ	തന്റെ സ്വന്തം ഗുണങ്ങളാൽതന്നെയാണു്	പുണ്യകർമ്മഭിഃ	പുണ്യകർമ്മങ്ങളാൽ
താരിതഃ;	കരയേററപ്പെട്ടതു്";	സ്വർഗ്ഗം പ്രാപ്തഃ.	സ്വർഗ്ഗത്തെ പ്രാപിച്ചു.

അയം തു ദേശോ നിഖിലഃ സർവ്വ ഏവ മഹാതപഃ
അശരണ്യഃ ശരണ്യോഽഭൂദ്യഥൈവ വിനിവേശിതഃ
തഥാഽഽഖ്യാഹ്യർത്ഥതത്ത്വേന പരം കൌതൂഹലം മമ. 17

“ മഹാതപഃ !	“ മുനീശ്വര !	യഥാ	എപ്രകാരം
അയം	ഈ	അഭൂത്,	ആയ്ത്തീർന്നുവോ,
അശരണ്യഃ	നിവാസയോഗ്യമല്ലാത്ത	തഥാ ഏവ	അതെല്ലാററിനേയും
ദേശഃ	പ്രദേശം	അർത്ഥതത്ത്വേന	ഉള്ളവണ്ണം
നിഖിലഃ	എല്ലാം	ആഖ്യാഹി;	അരുളിച്ചെയ്താലും;
വിനിവേശിതഃ,	ജനസഞ്ചാരത്തോടുകൂടിയതായും,	മമ	എനിക്കു്
സർവ്വഃ ഏവ	എല്ലാംതന്നെ	കൌതൂഹലം	അറിയുവാനുള്ള ആഗ്രഹം
ശരണ്യഃ,	വസിക്കത്തക്കതായും,	തു	ഈ വിഷയത്തിൽ
		പരം."	വളരെയുണ്ടു്."

ശ്രുത്വാ തു വചനം തസ്യ രാമസ്യ മധുരാക്ഷരം
പ്രത്യുവാച തതോ രാമമഗസ്ത്യോ ഭഗവാനൃഷിഃ. 18

ഭഗവാൻ	ഭഗവാനായ	വചനം	വാക്യത്തെ
അഗസ്ത്യഃ ഋഷിഃ,	അഗസ്ത്യമഹർഷി	ശ്രുത്വാ,	കേട്ടു്,
തസ്യ രാമസ്യ	ആ ശ്രീരാമന്റെ	തതഃ തു	അതിൽപിന്നെ അതിനെക്കുറിച്ചിപ്രകാരം
മധുരാക്ഷരം	പ്രിയമായ വാക്കുകളോടുകൂടിയ	രാമം	ശ്രീരാമനെ നോക്കി
		പ്രത്യുവാച.	മറുപടിയരുളിച്ചെയ്തു.

ശൃണു രാഘവ തത്ത്വേന ദേശസ്യാസ്യ യഥാതഥം. 19

“ രാഘവ !	“ ശ്രീരാഘവ !	യഥാതഥം	വൃത്താന്തത്തെ
അസ്യ	ഈ	തത്ത്വേന	ഉള്ളപോലെ
ദേശസ്യ	പ്രദേശത്തിന്റെ	ശൃണു.	കേട്ടുകൊൾക.

ദണ്ഡകേന പരിത്യക്തോ ഹ്യയം ദേശോ മഹാത്മനാ
ഭാർഗ്ഗവസ്യ ച ശാപേന നിർമ്മനുഷ്യമൃഗോഽഭവത്. 20

"ഭാർഗ്ഗവസ്യ	"ഭാർഗ്ഗവമുനിയുടെ (ശുക്രമഹർഷിയുടെ)
ശാപേന	ശാപത്താൽ,
മഹാത്മനാ	മഹാത്മാവായ
ദണ്ഡകേന ച	ദണ്ഡകനാലും
പരിത്യക്തഃ	ഉപേക്ഷിക്കപ്പെട്ട

അയം	ഈ
ദേശഃ	സ്ഥലം
നിർമ്മനുഷ്യമൃഗഃ	മനുഷ്യരും മൃഗങ്ങളുമി[ല്ലാത്തതായി
അഭവത്,	ഭവിച്ചു,
ഹി.	എന്നുള്ളതു് എല്ലാവരുമറിയുന്നതാണ്.

വൃക്ഷഗുല്മലതാഹീനം താപസൈരഭിവർജ്ജിതം
കാന്താരമഭവത് താത ഘോരം പരമദാരുണം
യോജനാർദ്ധസഹസ്രം തു വിന്ധ്യപാദസ്യ ദക്ഷിണഃ. 21

"താത !	"വത്സ !
ദക്ഷിണഃ	തെക്കെ
വിന്ധ്യപാദഃ തു	വിന്ധ്യപർവ്വതത്തിന്റെ അടിവാരമെല്ലാം
യോജനാർദ്ധസഹസ്രം തു	അഞ്ഞൂറുയോജന ദൂരമാസകലം
വൃക്ഷഗുല്മലതാഹീനം	വൃക്ഷങ്ങൾ ചെടിക്കുഞ്ഞുകൾ വള്ളികൾ ഇവയില്ലാത്തതായി

താപസൈഃ	മുനീശ്വരന്മാരാൽ
അഭിവർജ്ജിതം	പരിത്യജിക്കപ്പെട്ടതായി
പരമദാരുണം	ഏററവും ഭയങ്കരമായ
ഘോരം	ഘോരമായ
കാന്താരം	മരുപ്രദേശമായി
അഭവത്.	ഭവിച്ചു.

നാനുവർഷതി പർജ്ജന്യോ നാനുവാതി സുഖോऽനിലഃ
രക്ഷഃപ്രതിഭയം ഘോരമാസീത് പരമദാരുണം. 22

"പർജ്ജന്യഃ	"മേഘം
അനുവർഷതി ന;	വർഷിക്കുന്നില്ല;
അനിലഃ	കാററു്
സുഖഃ	സുഖമായി
അനുവാതി ന;	വീശുന്നില്ല;

പരമദാരുണം	അതിഭയങ്കരമായ
രക്ഷഃപ്രതിഭയം	രാക്ഷസന്മാരെക്കുറിച്ചുള്ള ഉപദ്രവം
ഘോരം	അസഹ്യമായി
ആസീത്.	ഭവിച്ചിരുന്നു.

ബഹൂന്യബ്ദസഹസ്രാണി ഹ്യേതദാസീദമാനുഷം
ഗന്ധർവ്വൈർഋഷിസംഘൈശ്ച ദേവൈശ്ച പരിവർജ്ജിതം. 23

"ഗന്ധർവ്വൈഃ	"ഗന്ധർവ്വന്മാരാലും
ഋഷിസംഘൈഃ ച	ഋഷിഗണങ്ങളാലും
ദേവൈഃ ച	ദേവകളാലും
പരിവർജ്ജിതം	തിരസ്കരിക്കപ്പെട്ട

ഏതത്	ഇതു്
ബഹൂനി അബ്ദസഹസ്രാണി	അനേകായിരവർഷങ്ങൾ
അമാനുഷം ഹി	മനുഷ്യവാസമില്ലാത്തതായ്ത്തന്നെ
ആസീത്.	ഇരുന്നിരുന്നു.

കസ്യചിത്ത്വഥ കാലസ്യ ദൈവയോഗാദഹം നൃപ
ഹിമവച്ഛിഖരാദ്ദേശാദിഹ പ്രാപ്തോഽസ്മി മാനദ. 24

"മാനദ!	"ശത്രുവിനാശകനായ	അഹം	ഞാൻ
നൃപ!	ഹേ നൃപ!	ദൈവയോഗാത്	ഈശ്വരേച്ഛയാൽ
കസ്യചിത്	ചില	ഹിമവച്ഛിഖ-രാത് ദേശാത്	ഹിമവാന്റെ ശിഖര പ്രദേശത്തിൽനിന്ന്
കാലസ്യ	കാലത്തിന്നു	ഇഹ	ഇവിടെ
അഥ തു	ശേഷം	പ്രാപ്തഃ അസ്മി.	വന്നുചേന്നു.

തതോ മയാ സമാഹൂതഃ പർജ്ജന്യോ ജലദൈഃ സഹ
സ്വച്ഛന്ദവർഷശ്ച കൃതഃ കംചിത് കാലമരിന്ദമ. 25

"അരിന്ദമ!	"അരിസൂദന!	സമാഹൂതഃ;	വിളിച്ചുവരുത്തപ്പെട്ടു;
തതഃ,	അതിൽപിന്നെ,	കംചിത് കാലം	കുറച്ചുകാലം
മയാ	എന്നാൽ	സ്വച്ഛന്ദവർഷഃ	യഥേഷ്ടമായി വർഷിക്കുമാറ്
പർജ്ജന്യഃ	മഴ		
ജലദൈഃ സഹ	മേഘങ്ങളോടുകൂടി	കൃതഃ ച.	ആക്കപ്പെടുകയും ചെയ്തു.

യമസ്യ ചൈവ ചാരാസ്തു ബഹൂന്യബ്ദശതാനി വൈ
തേജസാ മൃത്യുഭൂതാശ്ച വ്യാധയശ്ച നിരാകൃതാഃ. 26

"ബഹൂനി	"പല	മൃത്യുഭൂതാഃ ഏവ;	വ്യാധിരൂപത്തിലിരുന്നിരുന്നു;
അബ്ദശതാനി വൈ	നൂറാണ്ടുകളോളം	വ്യാധയഃ ച	ആ വ്യാധികളെല്ലാം
		തേജസാ ച	തപോവൈഭവത്താൽ
യമസ്യ	യമന്റെ	തു	ഉടനെ [തന്നെ
ചാരാഃ ച	ദൂതന്മാരും	നിരാകൃതാഃ.	ബഹിഷ്കരിക്കപ്പെട്ടു.

ഹിമവത്പാദജാ വൃക്ഷാശ്ചിന്തിതാ മനസാഽഽഗതാഃ
പ്രവൃത്താശ്ച പുനർന്നദ്യഃ ഫുല്ലപങ്കജമണ്ഡിതാഃ. 27

"ഹിമവത്-പാദജാഃ	"ഹിമവത് പർവ്വതത്തിന്റെ അടിവാരത്തിലുള്ള	ആഗതാഃ;	ഇവിടെ വന്നുചേന്നു;
		നദ്യഃ	നദികൾ
		പുനഃ	വീണ്ടും
വൃക്ഷാഃ	മരങ്ങൾ	ഫുല്ലപങ്കജ-മണ്ഡിതാഃ ച	വിടന്നതാമരപ്പൂക്കളോടുകൂടി ഉല്ലസിക്കുന്നവ[യായി
മനസാ	മനസ്സുകൊണ്ട്		
ചിന്തിതാഃ	ധ്യാനിക്കപ്പെട്ടവയായി	പ്രവൃത്താഃ.	ഒഴുകിത്തുടങ്ങി.

തടാകാനി ച രമ്യാണി സരിതശ്ച സരാംസി ച. 28

"തടാകാനി ച,	"തടാകങ്ങളും,	സരാംസി ച,	പൊയ്കകളും,
സരിതഃ ച,	പുഴകളും,	രമ്യാണി.	രമ്യങ്ങളായി പ്രശോഭിച്ചു.

പ്രവൃദ്ധവനഷണ്ഡം തു സ്ഥിതസസ്യവനാകുലം
അചിരേണാഭവദ്രമ്യം സൎഷിസംഘാനുസേവിതം. 29

" തു	അതിനാൽ (ഈസ്ഥലം)	സ്ഥിതസസ്യ-വനാകുലം	തഴച്ച സസ്യങ്ങളോടും വൃക്ഷങ്ങളോടും കൂടിയതായി,
രമ്യം	ഭംഗിയുള്ളതായി	അചിരേണ	സ്വല്പകാലത്തിനുള്ളിൽ
സൎഷിസംഘാ-നുസേവിതം	മഹൎഷിസംഘങ്ങളാൽ നിവസിക്കപ്പെട്ട	അഭവത്.	ആയ്ത്തീൎന്നു.
പ്രവൃദ്ധവന-ഷണ്ഡം	പൎണ്ണശാലാതതികളാൽ നിറയപ്പെട്ടതായി		

കേവലം ത്വഭിശാപേന തസ്യൈവ രഘുനന്ദന
സോപദ്രുതമിവാപ്യേതദ്രാക്ഷസൈരുഗ്രകൎമ്മഭിഃ. 30

" രഘുനന്ദന!	" ശ്രീരാഘവ!	രാക്ഷസൈഃ	രാക്ഷസന്മാരാൽ
തസ്യ	അദ്ദേഹത്തിന്റെ (ശുക്രമഹൎഷിയുടെ)	തു	ഇപ്പോഴും
അഭിശാപേന ഏവ	ശാപത്താൽതന്നെയാണു്	ഇവ	മുഴുവനും
ഏതത്	ഈ പ്രദേശം	സോപദ്രുതം	ഉപദ്രവത്തോടുകൂടിയതായി
ഉഗ്രകൎമ്മഭിഃ	ക്രൂരകൎമ്മംചെയ്യുന്നവരായ,	കേവലം അപി.	മാത്രമിരിക്കുന്നതു്.

യദാപ്രഭൃതി ചാപി ത്വം ചിത്രകൂടമുപാഗതഃ
തദാപ്രഭൃതി രക്ഷാംസി വിപ്രകുൎവ്വന്തി താപസാൻ. 31

" ത്വം	" ഭവാൻ	രക്ഷാംസി	രാക്ഷസന്മാർ
യദാപ്രഭൃതി	ഏതുമുതൽ	താപസാൻ	താപസന്മാരെ
ചിത്രകൂടം	ചിത്രകൂടത്തിലേക്ക്	വിപ്രകുൎവ്വന്തി.	മുമ്പിലത്തേക്കാളധികം ഹിംസിക്കുന്നതു്.
ഉപാഗതഃ ച	എഴുന്നെള്ളിയരുളിയൊ		
തദാപ്രഭൃതി അപി	അതുമുതല്ക്കുതന്നെയാണു്		

ഋഷീണാമഭയം വീര ദാതുമൎഹസി മാനദ. 32

" മാനദ!	"ശത്രുക്കളുടെദൎപ്പമടക്കുന്നവനായ	അഭയം	അഭയം
വീര!	ഹേ വീര!	ദാതും	നല്കുവാൻ
ഋഷീണാം	മുനിമാൎക്കു്	അൎഹസി.	തിരുവുള്ളമുണ്ടാകേണം.

അസ്മാദ്ധി കാരണാദ്രാമ ദണ്ഡകാരണ്യവാസിനാം
ത്രാണാൎത്ഥമിഹ സംപ്രാപ്തസ്ത്രാതുമൎഹതി നോ ഭവാൻ. 33

" രാമ!	" ശ്രീരാമ!	ത്രാണാൎത്ഥം	രക്ഷനല്കുവാൻ
അസ്മാത്	ഈ ഒരു	ഇഹ	ഇവിടെ
കാരണാത് ഹി	കാരണംകൊണ്ടുതന്നെയാണു്	സംപ്രാപ്തഃ;	ഭവാൻ വന്നുചേൎന്നിരിക്കുന്നതു്;
ദണ്ഡകാരണ്യ-വാസിനാം	ദണ്ഡകാരണ്യത്തിൽ വസിക്കുന്നവൎക്കു്	ഭവാൻ	അവിടുന്നു്
		നഃ	ഞങ്ങളെ
		ത്രാതും അൎഹതി.	കാത്തരുളിയാലും.

സമൎത്ഥോ ഹ്യസി കാകുത്സ്ഥ ത്രൈലോക്യസ്യാപി രക്ഷണേ
കിം പുനൎവ്വീര രക്ഷാംസി ദ്വിജമന്യുഹതാനി വൈ. 34

"കാകുത്സ്ഥ!	"കകുത്സ്ഥവംശത്തിലുത്ഭവിച്ച
വീര!	ധീര!
ത്രൈലോക്യസ്യ	മൂന്നുലോകങ്ങളുടെ
രക്ഷണേ അപി	പരിപാലനവിഷയത്തിലും
സമൎത്ഥഃ അസി;	നിന്തിരുവടി സമൎത്ഥനാകുന്നു;
ദ്വിജമന്യുഹതാനി വൈ	ബ്രാഹ്മണരുടെ കോപത്താൽ ശക്തിയററുകിടക്കുന്ന
രക്ഷാംസി ഹി	രാക്ഷസന്മാരെയെന്നാൽ
കിം പുനഃ?	പിന്നെ പറയേണ്ടതുണ്ടോ?

അയമിക്ഷ്വാകുപുത്രേണ ദണ്ഡകേന മഹാബല
ദേശോ നിരാകൃതോ രാജൻ ശാപദോഷേണ രാഘവ. 35

"മഹാബല!	"അതിശക്തിമാനായ
രാജൻ!	രാജാവായ
രാഘവ!	ശ്രീരാമ!
അയം	ഈ
ദേശഃ,	പ്രദേശം,
ഇക്ഷ്വാകുപുത്രേണ	ഇക്ഷ്വാകുനന്ദനനായ
ദണ്ഡകേന	ദണ്ഡകനാൽ
ശാപദോഷേണ	ശാപത്താലുണ്ടായ ദോഷംനിമിത്തം
നിരാകൃതഃ.	പരിത്യജിക്കപ്പെട്ടു.

ദണ്ഡകാരണ്യമഖിലം ദൎശനാദേവ രാഘവ
ശാപസ്യാന്തായ കാകുത്സ്ഥ പ്രാപ്തസ്ത്വമരിമൎദ്ദന. 36

"കാകുത്സ്ഥ!	"കകുത്സ്ഥവംശജനും
അരിമൎദ്ദന	ശത്രുകണ്ടകനുമായ
രാഘവ!	ശ്രീരാമ!
ദണ്ഡകാരണ്യം	ദണ്ഡകാരണ്യത്തെ
അഖിലം	മുഴുവനും
ദൎശനാത് ഏവ	ദൎശനംകൊണ്ടുതന്നെ,
ശാപസ്യ	ശാപത്തിൽനിന്ന്
അന്തായ	മോചിപ്പിക്കുവാനായ്ക്കൊണ്ട്
ത്വം	ഭവാൻ
പ്രാപ്തഃ.	ആഗതനായിരിക്കുന്നു.

സത്വം മന്യുപരാവൃത്തൈഃ പിതൃഭിഃ സംനിരാകൃതം
താരയ ത്വം മഹാബാഹോ ദണ്ഡകാരണ്യമദ്യ വൈ. 37

"മഹാബാഹോ!	"മഹാബാഹുവായുള്ളോവേ!
മന്യുപരാവൃത്തൈഃ	വെറുപ്പുകൊണ്ടു തിരിഞ്ഞുനോക്കാത്തവരായ
പിതൃഭിഃ	അവിടുത്തെ പൂൎവ്വികന്മാരാൽ
സംനിരാകൃതം	പരിത്യജിക്കപ്പെട്ട
ദണ്ഡകാരണ്യം	ദണ്ഡകാവനത്തിലുള്ള
സത്വം	രാക്ഷസവൎഗ്ഗത്തെ
ത്വം	ഭവാൻ
അദ്യ വൈ	ഇപ്പോൾതന്നെ
താരയ."	ഉന്മൂലനം ചെയ്താലും."

ഏവമുക്തസ്തദാ രാമോ പ്രത്യുവാച മഹാമുനിം
ആശ്ചൎയ്യമിദമാഖ്യാതം ദേശസ്യാസ്യ യഥാതഥം. 38

ഏവം	ഇപ്രകാരം	"അസ്യ	"ഈ
ഉക്തഃ	പറയപ്പെട്ടവനായ	ദേശസ്യ	പ്രദേശത്തിന്റെ
രാമഃ,	ശ്രീരാമൻ,	യഥാതഥം	ചരിത്രം
തദാ	അതിൽപിന്നെ	ആഖ്യാതം;	വിസ്തരിച്ചുകഥിക്കപ്പെട്ടു;
മഹാമുനിം	മുനീശ്വരനെനോക്കി	ഇദം	ഇതു്
പ്രത്യുവാച;	പിൻവരുമാറു് മറുപടിയരുളിച്ചെയ്തു;	ആശ്ചൎയ്യം."	ആശ്ചൎയ്യകരമായിരിക്കുന്നു."

ഏവമുക്തസ്തു രാമേണ മഹൎഷിസ്ത്വിദമബ്രവീത്. 39

രാമേണ തു	ശ്രീരാമനാൽ	മഹൎഷിഃ,	മുനിവരൻ,
ഏവം	ഇപ്രകാരം	ഇദം തു	താഴെവരുമാറു്
ഉക്തഃ	അഭിപ്രായപ്പെടപ്പെട്ട	അബ്രവീത്.	അരുളിച്ചെയ്തു.

രാമ പ്രീതോऽസ്മി ഭദ്രം തേ പരിതുഷ്ടോऽസ്മി ലക്ഷ്മണ
അഭിവാദയിതും യന്മാം പ്രാപ്തൌ സ്ഥഃ സഹ സീതയാ. 40

"സീതയാ സഹ	"സീതയോടുംകൂടെ	രാമ!	ശ്രീരാമ!
മാം	എന്നെ	പ്രീതഃ അസ്മി;	ഞാൻ സന്തോഷിക്കുന്നു;
അഭിവാദയിതും	കണ്ടു സംഭാഷണം ചെയ്വാൻ,	തേ ഭദ്രം;	ഭവാനു് ശുഭമുണ്ടാകട്ടെ;
പ്രാപ്തൌ സ്ഥഃ	നിങ്ങളിരുവരും ഇവിടേയ്ക്കുവന്നിരിക്കുന്നു	ലക്ഷ്മണ!	ലക്ഷ്മണ!
യത്,	എന്നതിനാൽ,	പരിതുഷ്ടഃ അസ്മി.	ഞാൻ പരമസന്തുഷ്ടനായിരിക്കുന്നു.

അദ്ധ്വശ്രമേണ വാം ഖേദോ ബാധതേ പ്രചുരശ്രമഃ
വ്യക്തമുൽക്കണ്ഠതേ ചാऽപി മൈഥിലീ ജനകാത്മജാ. 41

"അദ്ധ്വശ്രമേണ	"വഴിനടന്ന പരിശ്രമത്താൽ	ജനകാത്മജാ	ജനകനന്ദിനിയായ
പ്രചുരശ്രമഃ	അധികമായ തളൎച്ച കൊണ്ടുള്ള	മൈഥിലീ ച	സീതയും
ഖേദഃ,	ക്ലേശം,	ഉൽക്കണ്ഠതേ,	വിശ്രമിക്കുവാൻ ആഗ്രഹിക്കുന്നു,
വാം	നിങ്ങളിരുവരെയും	വ്യക്തം.	എന്നുള്ളതു് സ്പഷ്ടം തന്നെ.
ബാധതേ അപി;	ബാധിച്ചിരിക്കാം;		

ഏഷാ ഹി സുകുമാരീ ച ദുഃഖൈശ്ച ന വിമാനിതാ
പ്രാജ്യദോഷം വനം പ്രാപ്താ ഭൎത്തൃസ്നേഹപ്രചോദിതാ. 42

"ഹി,	"എന്തെന്നാൽ,	ഏഷാ,	ഇവൾ,
സുകുമാരീ	കോമളാംഗിയും	ഭൎത്തൃസ്നേഹപ്രചോദിതാ	ഭൎത്തൃഭക്തിയാൽ പ്രേരിതയായി
ദുഃഖൈഃ	കഷ്ടങ്ങളാൽ	പ്രാജ്യദോഷം	അളവററ കഷ്ടങ്ങളുള്ള
ന വിമാനിതാ ച	ഇതിന്നുമുമ്പു് ക്ലേശിപ്പിക്കപ്പെടാത്തവളുമായ	വനം ച	കാട്ടിലേക്കും
		പ്രാപ്താ.	വന്നിരിക്കുന്നു.

യഥൈഷാ രമതേ രാമ ഇഹ സീതാ തഥാ കുരു
ദുഷ്കരം കൃതവത്യേഷാ വനേ ത്വാമനുഗച്ഛതി. 43

"രാമ!	"ശ്രീരാമ!	കൃതവതി;	ചെയ്തിരിക്കുന്നു;
സീതാ	സീത	ഇഹ	ഇവിടെ
വനേ	കാട്ടിൽ	ഏഷാ	ഇവൾ
ത്വാം	ഭവാനെ	രമതേ യഥാ തഥാ	പ്രീതിയോടെ വത്തിക്കുമാറ്
അനുഗച്ഛതി;	അനുഗമിച്ചിരിക്കുന്നു;	കുരു.	നടന്നുകൊണ്ടാലും.
ഏഷാ	ഇവൾ		
ദുഷ്കരം	ആരാലും ചെയ്യാൻകഴിയാത്തതായ കൃത്യത്തെ		

ഏഷാ ഹി പ്രകൃതിഃ സ്ത്രീണാമാസൃഷ്ടേ രഘുനന്ദന
സമസ്ഥമനുരജ്യന്തി വിഷമസ്ഥം ത്യജന്തി ച. 44

"രഘുനന്ദന!	"ശ്രീരാഘവ!	ത്യജന്തി;'	ഉപേക്ഷിക്കുന്നു;'
'സമസ്ഥം	'നല്ല അവസ്ഥയിലിരിക്കുന്ന ഭത്താവിനെ	ഏഷാ	എന്നുള്ള ഇത്
അനുരജ്യന്തി;	കൊണ്ടാടുന്നു;	ആസൃഷ്ടേഃ,	സൃഷ്ടികാലംതൊട്ട്,
വിഷമസ്ഥം ച	കഷ്ടസ്ഥിതിയിലിരിക്കുന്നവനെയാകട്ടെ	സ്ത്രീണാം	സ്ത്രീകൾക്കുള്ളതായ
		പ്രകൃതിഃ;	സ്വഭാവമാകുന്നു;
		ഹി!	ഇത് പ്രസിദ്ധമാണല്ലൊ!

ശതഹ്രദാനാം ലോലത്വം ശസ്ത്രാണാം തീക്ഷ്ണതാം തഥാ
ഗരുഡാനിലയോഃ ശൈഘ്ര്യമനുഗച്ഛന്തി യോഷിതഃ. 45

"യോഷിതഃ	"സ്ത്രീകൾ	തീക്ഷ്ണതാം,	മൂർച്ചയേയും,
ശതഹ്രദാനാം	മിന്നൽപിണരുകളുടെ	ഗരുഡാനിലയോഃ	ഗരുഡൻ, വായു എന്നിവയുടെ
ലോലത്വം,	ചഞ്ചലതയേയും,	ശൈഘ്ര്യം തഥാ	വേഗതയേയും
ശസ്ത്രാണാം	ആയുധങ്ങളുടെ	അനുഗച്ഛന്തി.	സ്വീകരിച്ചവരാകുന്നു.

[സ്ഥിരതയില്ലാത്തതിനാൽ മിന്നലിനും, വളരെക്കാലമായിനിലനിന്നുവരുന്ന സ്നേഹബന്ധത്തെക്കൂടി മുറിച്ചെറിയുവാൻ മടിക്കാത്തതിനാൽ ശസ്ത്രത്തിനും, മുൻകൂട്ടി ആലോചിക്കാതെ പെട്ടെന്ന് കാര്യങ്ങൾ ചെയ്യുന്നതുകൊണ്ട് ഗരുഡൻ, വായു എന്നിവയ്ക്കും സാമ്യം. ഗൊ. രാ.]

ഇയം തു ഭവതോ ഭാര്യാ ദോഷൈരേതൈർവിവർജ്ജിതാ
ശ്ലാഘ്യാ ച വ്യപദേശ്യാ ച യഥാ ദേവേഷ്വരുന്ധതീ. 46

"ഭവതഃ	"നിന്തിരുവടിയുടെ	അരുന്ധതീ യഥാ	അരുന്ധതിയെന്നപോലെ
ഭാര്യാ, ഇയം	പത്നിയായ ഇവൾ,	ശ്ലാഘ്യാ ച	ശ്ലാഘിക്കത്തക്കവൾ;
ഏതൈഃ	ഈ	വ്യപദേശ്യാ ച.	പതിവ്രതാശിരോമണിയെന്ന് പറയത്തക്കവൾ.
ദോഷൈഃ തു വിവർജ്ജിതാ;	ദോഷങ്ങളൊന്നുംതന്നെയില്ലാത്തവൾ;		
ദേവേഷു	ദേവന്മാരുടെ സംഗതിയിൽ		

അലംകൃതോഽയം ദേശശ്ച യത്ര സൌമിത്രിണാ സഹ
വൈദേഹ്യാ ചാനയാ രാമ വത്സ്യസി ത്വമരിന്ദമ. 47

"അരിന്ദമ!	"ശത്രുനാശന!
രാമ!	ശ്രീരാമ!
സൌമിത്രിണാ	ലക്ഷ്മണനോടും
അനയാ	ഈ
വൈദേഹ്യാ ച സഹ	വിദേഹാത്മജയോടും കൂടി
ത്വം	ഭവാൻ
യത്ര	യാതൊരു ദിക്കിൽ
വത്സ്യസി	വസിപ്പാൻ പോകുന്നുവൊ
അയം ദേശഃ ച	അപ്രകാരമുള്ള ഈ പ്രദേശം
അലംകൃതഃ."	ഭാഗ്യമുള്ളതായിത്തീരും."

ഏവമുക്തസ്തു മുനിനാ രാഘവഃ സംയതാഞ്ജലിഃ
ഉവാച പ്രശ്രിതം വാക്യമൃഷിം ദീപ്തമിവാനലം. 48

മുനിനാ	അഗസ്ത്യമഹൎഷിയാൽ
ഏവം	ഇപ്രകാരം
ഉക്തഃ	അരുളപ്പെട്ട
രാഘവഃ,	ശ്രീരാഘവൻ,
തു	ഉടനെ
സംയതാഞ്ജലിഃ	അഞ്ജലിബന്ധംചെയ്തുവനായി
അനലം ഇവ	അഗ്നിയെപ്പോലെ
ദീപ്തം	തേജോമയനായി വിളങ്ങുന്ന
ഋഷിം	ഋഷിയെനോക്കി
പ്രശ്രിതം	മൎയ്യാദസൂചിതമായ
വാക്യം	വാക്യത്തെ
ഉവാച.	ഇങ്ങിനെയരുളിച്ചെയ്തു.

ധന്യോഽസ്മ്യനുഗൃഹീതോഽസ്മി യസ്യ മേ മുനിപുംഗവഃ
ഗുണൈഃ സഭ്രാതൃഭാൎയ്യസ്യ വരദഃ പരിതുഷ്യതി. 49

"സഭ്രാതൃഭാൎയ്യസ്യ	"സഹോദരൻ, ഭാൎയ്യ ഇവരോടുകൂടിയവനായ
യസ്യ	യാതൊരു
മേ	ഇവന്റെ
ഗുണൈഃ	ഗുണങ്ങളെക്കണ്ടു്
വരദഃ	പ്രസാദിച്ചവനായ
മുനിപുംഗവഃ	മുനിശ്രേഷ്ഠൻ
പരിതുഷ്യതി;	സന്തുഷ്ടനായി വൎത്തിക്കുന്നു;
ധന്യഃ അസ്മി;	ഞാൻ കൃതാൎത്ഥനാകുന്നു;
അനുഗൃഹീതഃ അസ്മി.	അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.

കിം തു വ്യാദിശ മേ ദേശം സോദകം ബഹുകാനനം
യത്രാഽഽശ്രമപദം കൃത്വാ വസേയം നിരതഃ സുഖം. 50

"കിം തു;	"എങ്കിലും ഒരപേക്ഷയുണ്ടു്;
ആശ്രമപദം	ഒരു ആശ്രമസ്ഥലത്തെ
കൃത്വാ,	നിൎമ്മിച്ചു്,
യത്ര	യാതൊരുദിക്കിൽ
നിരതഃ	നിൎവ്വിചാരനായി
സുഖം	സുഖമായി
വസേയം,	ഞാൻ വസിക്കുമോ, അപ്രകാരമുള്ള
സോദകം	ജലസമൃദ്ധിയുള്ളതും
ബഹുകാനനം	തരുനിരകൾ തിങ്ങിയതും ആയ
ദേശം	പ്രദേശത്തെ
മേ	ഇവന്നായിക്കൊണ്ടു്
വ്യാദിശ."	കല്പിച്ചരുളിയാലും."

തതോഽബ്രവീന്മുനിശ്രേഷ്ഠഃ ശ്രുത്വാ രാമസ്യ ഭാഷിതം
ധ്യാത്വാ മുഹൂർത്തം ധർമ്മാത്മാ ധീരോ ധീരതരം വചഃ 51

ധർമ്മാത്മാ	ധർമ്മാത്മാവും	മുഹൂർത്തം	അല്പനേരം
ധീരഃ	ആത്മജ്ഞാനിയും ആയ	ധ്യാത്വാ,	ചിന്തിച്ച്,
മുനിശ്രേഷ്ഠഃ	മാമുനിവരൻ	തതഃ	അതിൽപിന്നെ
രാമസ്യ	ശ്രീരാമൻെറ	ധീരതരം	അത്യനുകൂലമായ
ഭാഷിതം	വാക്ക	വചഃ	ഈ മറുപടി
ശ്രുത്വാ	കേട്ട്,	അബ്രവീത്.	ഉരചെയ്തു.

["ധ്യാത്വാ" ഭാവികാൎയ്യോഃദ്ദശസിദ്ധിക്കായി തക്ക സ്ഥലത്തെ കുറിച്ച് ആലോചിച്ചിട്ട് "ധീരഃ" വരുവാൻ പോകുന്ന സീതാപഹരണത്തെപ്പററി അറിഞ്ഞ് അല്പം ദുഃഖിതനായ്തീൎന്നവെന്നിരുന്നാലും രാവണാദി രാക്ഷസവധ കൃത്യത്തെ ഓൎത്ത് ധൈൎയ്യത്തെ അവലംബിച്ചവനായി; (മാ. തീ.)]

ഇതോ ദ്വിയോജനേ താത ബഹുമൂലഫലോദകഃ
ദേശോ ബഹുമൃഗഃ ശ്രീമാൻ പഞ്ചവട്യഭിവിശ്രുതഃ. 52

"താത!	"വത്സ!	പഞ്ചവട്യഭി-വിശ്രുതഃ	പഞ്ചവടിയെന്ന് അറിയപ്പെടുന്നതും ആയ
ബഹുമൂല-ഫലോദകഃ	ധാരാളം പഴങ്ങളും കിഴങ്ങുകളും ജലവും ഉള്ളതും	ദേശഃ	ഒരു പ്രദേശം
		ഇതഃ	ഇവിടെനിന്നും
ബഹുമൃഗഃ	അനേകം മാനുകളുള്ള	ദ്വിയോജനേ.	രണ്ടുകാതം അകലെ
ശ്രീമാൻ	രമണീയവും [തും		ക്കിടക്കുന്നു.

തത്ര ഗത്വാഽഽശ്രമപദം കൃത്വാ സൌമിത്രിണാ സഹ
രംസ്യസേ ത്വം പിതുൎവ്വാക്യം യഥോക്തമനുപാലയൻ. 53

"ത്വം	"അവിടുന്ന്	യഥോക്തം	പറഞ്ഞവണ്ണംതന്നെ
തത്ര ഗത്വാ	അങ്ങു ചെന്ന്	അനുപാലയൻ	പരിപാലിച്ചുകൊണ്ട്,
ആശ്രമപദം കൃത്വാ,	ഒരു ആശ്രമം നിൎമ്മിച്ച്,	സൌമിത്രിണാ സഹ	ലക്ഷ്മണനോടുംകൂടി
പിതുഃ	പിതാവിൻെറ	രംസ്യസേ.	വസിച്ചാലും.
വാക്യം	ശാസനയെ		

വിദിതോ ഹ്യേഷ വൃത്താന്തോ മമ സൎവ്വസ്തവാനഘ
തപസശ്ച പ്രഭാവേന സ്നേഹാദ്ദശരഥസ്യ ച. 54

അനഘ!	"പുണ്യാത്മാവേ!	തവ ച	നിന്തിരുവടിയുടെയും
തപസഃ	തപസ്സിൻെറ	ഏഷഃ	ഈ
പ്രഭാവേന	വൈഭവത്താലും,	വൃത്താന്തഃ സൎവ്വഃ	വൃത്താന്തമെല്ലാം
സ്നേഹാത് ച	ഭക്തിയാലും,	മമ	എനിക്ക്
ദശരഥസ്യ	ദശരഥ മഹാരാജാവിൻെറയും	വിദിതഃ ഹി.	അറിയപ്പെട്ട സംഗതികൾ തന്നെയാണല്ലോ.

ഹൃദയസ്ഥശ്ച തേ ഛന്ദോ വിജ്ഞാതസ്തപസാ മയാ
ഇഹ വാസം പ്രതിജ്ഞായ മയാ സഹ തപോവനേ. 55

"മയാ സഹ	"എന്നോടുകൂടെ	മയാ	എന്നാൽ
ഇഹ	ഇട്ടിക്കിൽ	തപസാ	തപസ്സുകൊണ്ട്
തപോവനേ ച	ആശ്രമത്തിൽതന്നെ	തേ	നിന്തിരുവടിയുടെ
വാസം	വാസത്തെ	ഹൃദയസ്ഥഃ	ഹൃദയത്തിലുള്ളതായ
പ്രതിജ്ഞായ,	മുമ്പ് അരുളിച്ചെയ്തു, (ഇപ്പോൾ വേറെ സ്ഥലത്തിലേക്ക പോകുന്നുവെന്നു പറയുന്നതിനാൽ),	ഛന്ദഃ	ഉദ്ദേശം
		വിജ്ഞാതഃ.	അറിയപ്പെട്ടു.

[" അലംകൃതോഽയം ദേശശ്ച " എന്നിത്യാദിയായി നിന്തിരുവടിയുടെ വാസത്തെ ഇവിടെയാക്കേണമെന്ന് ഞാൻ പറഞ്ഞപ്പോൾ, "കിന്തു വ്യാദിശ മേ ദേശം" എന്നിങ്ങിനെ വേറെ സ്ഥലം പറഞ്ഞുതരുവാൻ പറയുന്നതുകൊണ്ട് അവിടുത്തെ ആന്തരമായ ഉദ്ദേശം എന്തെന്ന് ഞാൻ ധരിച്ചു. എന്നൎത്ഥം (ഗൊ. രാ.) അഗസ്ത്യാശ്രമത്തിൽ തന്നെ താമസിക്കുന്നപക്ഷം, രാക്ഷസന്മാർ അടുക്കാത്തതുകൊണ്ടു ഖരാദിവധവും മററുമുള്ള ഉദ്ദേശങ്ങൾ സാധിക്കയില്ലെന്നു താല്പൎയ്യം.]

അതശ്ച ത്വാമഹം ബ്രൂമി ഗച്ഛ പഞ്ചവടീമിതഃ. 56

"അതഃ ച	"അതുകൊണ്ടുതന്നെ	പഞ്ചവടീം	പഞ്ചവടിയിലേക്ക്
അഹം	ഞാൻ [യാണ്,	ഗച്ഛ,'	എഴുന്നെള്ളിയാലും,'
ത്വാം	നിന്തിരുവടിയോട്		എന്ന്
ഇതഃ	'ഇവിടെനിന്നും	ബ്രൂമി.	പറയുന്നതു്.

[അഞ്ചു വടവൃക്ഷങ്ങൾ ചേൎന്നുനില്ക്കുന്നതായ സ്ഥലം; എന്നും അരയാൽ, പേരാൽ, കുവളം, നെല്ലി, അശോകം എന്ന പഞ്ചവടങ്ങൾ നിൽക്കുന്ന സ്ഥലമെന്നും പക്ഷം. ഇതു ഗോദാവരിനദിയുടെ ഉത്ഭവസ്ഥാനത്തിന്നടുത്തുള്ളതും, നാസിക (Nasik) യെന്ന പുണ്യസ്ഥലത്തിൽനിന്നു രണ്ടു മൈൽ ദൂരമുള്ളതും ആകുന്നു. ഇതിന്നു ഇപ്പോൾ ഭദ്രാചലം എന്നും പേരുണ്ട്. അവിടെ 24 ഉപദേവന്മാരുടെ ക്ഷേത്രങ്ങളോടുകൂടിയ വലുതായ ശ്രീരാമക്ഷേത്രമുണ്ട്. ശ്രീരാമൻ ഗോദാവരിയിൽ സ്നാനം ചെയ്തിരുന്ന ഘട്ടത്തിന്നു 'രാമകുണ്ഡം' എന്നു പറഞ്ഞുവരുന്നു.]

സ ഹി രമ്യോ വനോദ്ദേശോ മൈഥിലീ തത്ര രംസ്യതേ
സ ദേശഃ ശ്ലാഘനീയശ്ച നാതിദൂരേ ച രാഘവ. 57

"രാഘവ !	"ശ്രീരാഘവ !	ദേശഃ	പ്രദേശം
സഃ	ആ	ശ്ലാഘനീയഃ ച ;	ശ്ലാഘിക്കത്തക്കതാകുന്നു
വനോദ്ദേശഃ	വനപ്രദേശം	നാതിദൂരേ ച ;	ഏറെ ദൂരെയുമല്ല ;
രമ്യഃ ഹി ;	അതിരമണീയമായതുതന്നെയാകുന്നു ;	തത്ര	അവിടെ
		മൈഥിലീ	സീതയും
സഃ	ആ	രംസ്യതേ.	ആനന്ദിക്കുമാറാകും.

ഗോദാവര്യാഃ സമീപേ ച മൈഥിലീ തത്ര രംസ്യതേ
പ്രാജ്യമൂലഫലശ്ചൈവ നാനാദ്വിജഗണായുതഃ. 58

"പ്രാജ്യമൂല-ഫലഃ ച ;	"ധാരാളം കായ്കനികൾ നിറഞ്ഞതു് ;	ഗോദാവര്യാഃ	ഗോദാവരീനദിയുടെ
നാനാദ്വിജ-ഗണായുതഃ ഏവ;	പലപലപക്ഷിനിവഹങ്ങളാർന്നതു് ;	സമീപേ ച ;	സമീപത്തിലുള്ളതു് ;
		തത്ര	അവിടെ
		മൈഥിലീ	മൈഥിലി
		രംസ്യതേ.	ആനന്ദമുൾക്കൊള്ളും.

വിവിക്തശ്ച മഹാബാഹോ പുണ്യോ രമ്യസ്തഥൈവ ച. 59

"മഹാബാഹോ	"മഹാബാഹുവായുള്ളോവേ !	പുണ്യഃ തഥാ;	പുണ്യക്ഷേത്രം;
വിവിക്തഃ ച ;	ഏകാന്തമായ സ്ഥലം ;	രമ്യഃ ഏവ ച.	മനോഹരമായ സ്ഥലം.

ഭവാനപി സദാരശ്ച ശക്തശ്ച പരിരക്ഷണേ
അപി ചാത്ര വസൻ രാമ താപസാൻ പാലയിഷ്യസി. 60

"രാമ !	"ശ്രീരാമ !	സദാരഃ	പത്നീസമേതനായി
പരിരക്ഷണേ	ലോകസംരക്ഷണവിഷയത്തിൽ	വസൻ	വാസംചെയ്തുകൊണ്ട്
ശക്തഃ ച	ശക്തനായ	താപസാൻ ച	താപസന്മാരെ
ഭവാൻ അപി,	ഭവാനും,	പാലയിഷ്യസി അപി.	പരിപാലിച്ചാലും.
അത്ര ച	അവിടെത്തന്നെ		

ഏതദാലക്ഷ്യതേ വീര മധൂകാനാം മഹദ്വനം
ഉത്തരേണാസ്യ ഗന്തവ്യം ന്യഗ്രോധമഭിഗച്ഛതാ. 61

"വീര !	"ഹേ വീര !	ന്യഗ്രോധം അഭിഗച്ഛതാ	ഒരു പേരാലിൻെറ അരികിൽ ചെന്നുചേരുന്നതായ
മധൂകാനാം	ഇരിപ്പമരങ്ങളുടെ	അസ്യ	ഇതിൻെറ
മഹത് വനം	ഒരു വലിയ കാട്	ഉത്തരേണ	വടക്കുവഴിയായി
ഏതത്	ഇതാ	ഗന്തവ്യം.	പോകേണ്ടതാണ്.
ആലക്ഷ്യതേ ;	കാണപ്പെടുന്നു ;		

തതഃ സ്ഥലമുപാരുഹ്യ പർവ്വതസ്യാവിദൂരതഃ
ഖ്യാതഃ പഞ്ചവടീത്യേവ നിത്യപുഷ്പിതകാനനഃ. 62

"തതഃ	"അവിടെനിന്നും	നിത്യപുഷ്പിത-കാനനഃ	എല്ലാകാലത്തിലും പൂക്കുന്ന വൃക്ഷങ്ങളോടുകൂടിയതെന്നു്
സ്ഥലം	ഒരു ഉയർന്ന ഭൂമിയിൽ	ഖ്യാതഃ	പ്രസിദ്ധിയാർന്ന സ്ഥലം
ഉപാരുഹ്യ,	കയറി,	പഞ്ചവടീ ഇതി ഏവ."	പഞ്ചവടിയെന്നതു്."
പർവ്വതസ്യ	മലയുടെ		
അവിദൂരതഃ,	സമീപത്തിൽ,		

അഗസ്ത്യേനൈവമുക്തസ്തു രാമഃ സൌമിത്രിണാ സഹ
സത്കൃത്യാമന്ത്രയാമാസ തമൃഷിം സത്യവാദിനം. 63

രാമഃ	ശ്രീരാമൻ,
അഗസ്ത്യേന	അഗസ്ത്യമഹൎഷിയാൽ
ഏവം	ഇപ്രകാരം
ഉക്തഃ,	പറയപ്പെട്ടവനായി,
തു	ഉടനെ
സൌമിത്രിണാ സഹ	സൌമിത്രിയോടുംകൂടി
സത്യവാദിനം	പരിശുദ്ധഹൃദയനായ
തം	ആ
ഋഷിം	മഹൎഷിയെ
സത്കൃത്യ,	നമസ്കരിച്ച്,
ആമന്ത്രയാമാസ.	യാത്രക്ക് അനുമതി ചോദിച്ചു.

തൌ തു തേനാഭ്യനുജ്ഞാതൌ കൃതപാദാഭിവന്ദനൌ
തമാശ്രമം പഞ്ചവടീം ജഗ്മതുഃ സഹ സീതയാ. 64

തൌ തു	അവരിരുവരും
കൃതപാദാഭിവന്ദനൌ,	പാദങ്ങളിൽ വീണുനമസ്കരിച്ചവരായി,
തേന	അദ്ദേഹത്താൽ
അഭ്യനുജ്ഞാതൌ,	വിടയരുളപ്പെട്ടവരായി,
സീതയാ സഹ	സീതയോടുംകൂടി
പഞ്ചവടീം	പഞ്ചവടിയെന്ന
തം	ആ
ആശ്രമം	ആശ്രമത്തിലേക്ക്
ജഗ്മതുഃ.	യാത്രപുറപ്പെട്ടു.

ഗൃഹീതചാപൌ തു നരാധിപാത്മജൌ
വിഷക്തതൂണൌ സമരേഷ്വകാതരൌ
യഥോപദിഷ്ടേന പഥാ മഹൎഷിണാ
പ്രജഗ്മതുഃ പഞ്ചവടീം സമാഹിതൌ. 65

സമരേഷു	യുദ്ധങ്ങളിൽ
അകാതരൌ	പിൻമടങ്ങാത്ത
നരാധിപാത്മജൌ തു	ആ ചക്രവൎത്തികുമാരന്മാരിരുവരും,
ഗൃഹീതചാപൌ	ധനുഷ്പാണികളായി
വിഷക്തതൂണൌ,	ആവനാഴികളെ ധരിച്ചുകൊണ്ട്,
സമാഹിതൌ,	നിൎഭയന്മാരായി,
മഹൎഷിണാ	മഹൎഷിയാൽ
യഥോപദിഷ്ടേന	പറഞ്ഞുകൊടുക്കപ്പെട്ട
പഥാ	മാൎഗ്ഗത്തിലൂടെ
പഞ്ചവടീം	പഞ്ചവടിയിലേക്കായി
പ്രജഗ്മതുഃ.	എഴുന്നെള്ളി.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ത്രയോദശഃ സൎഗ്ഗഃ = പതിമൂന്നാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 7185; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 473.

ചതുൎദ്ദശഃ സൎഗ്ഗഃ = പതിനാലാംസൎഗ്ഗം.

[ജടായുദൎശനം = ജടായുസ്സിനെ കാണുന്നത്.]

അഥ പഞ്ചവടീം ഗച്ഛന്നന്തരാ രഘുനന്ദനഃ
ആസസാദ മഹാകായം ഗൃദ്ധ്രം ഭീമപരാക്രമം. 1

അഥ	ആ സമയം	മഹാകായം	വമ്പിച്ച ശരീരത്തോടു കൂടിയവനും
പഞ്ചവടീം	പഞ്ചവടിയിലേക്ക്	ഭീമപരാക്രമം	അതിപരാക്രമശാലിയുമായ
ഗച്ഛൻ	പൊയ്ക്കൊണ്ടിരുന്ന	ഗൃദ്ധ്രം	ഒരു കഴുകനെ
രഘുനന്ദനഃ	ശ്രീരാമൻ	ആസസാദ.	കണ്ടു.
അന്തരാ	വഴിയിൽ		

തം ദൃഷ്ട്വാ തൌ മഹാഭാഗൌ വടസ്ഥം രാമലക്ഷ്മണൌ
മേനാതേ രാക്ഷസം പക്ഷിം ബ്രുവാണൌ കോ ഭവാനിതി. 2

മഹാഭാഗൌ	മഹാഭാഗ്യശാലികളായ	"ഭവാൻ	"ഭവാൻ
രാമലക്ഷ്മണൌ	ശ്രീരാമലക്ഷ്മണന്മാർ	കഃ ?"	ആരാണ് ?"
തൌ	ഇരുവരും	ഇതി	എന്നു
വടസ്ഥം	പേരാലിന്മേലുണ്ടായിരുന്ന	ബ്രുവാണൌ	ചോദിച്ചുകൊണ്ടുതന്നെ
തം	അതിനെ	പക്ഷിം	പക്ഷിയെ
ദൃഷ്ട്വാ,	കണ്ടു,	രാക്ഷസം	ഒരു രാക്ഷസനെന്നു
		മേനാതേ.	വിചാരിച്ചു.

സ തൌ മധുരയാ വാചാ സൌമ്യയാ പ്രീണയന്നിവ
ഉവാച വത്സ മാം വിദ്ധി വയസ്യം പിതുരാത്മനഃ.

സഃ	അതു,	ഉവാച;	പറഞ്ഞു;
തൌ	അവർ രണ്ടുപേരേയും	"വത്സ !	"ഉണ്ണി !
ഇവ	നല്ലപോലെ	മാം	എന്നെ
പ്രീണയൻ,	ഉത്സാഹപ്പെടുത്തിക്കൊണ്ടു	ആത്മനഃ	നിന്റെ
സൌമ്യയാ	പ്രേമത്തോടുകൂടിയ	പിതുഃ	പിതാവിന്റെ
മധുരയാ വാചാ	മധുരമായവാക്കുകൊണ്ടു	വയസ്യം	സ്നേഹിതനെന്നു
		വിദ്ധി."	അറിഞ്ഞാലും."

സ തം പിതൃസഖം ബുദ്ധ്വാ പൂജയാമാസ രാഘവഃ
സ തസ്യ കുലമവ്യഗ്രമഥ പപ്രച്ഛ നാമ ച. 4

സഃ	ആ	സഃ	അദ്ദേഹം
രാഘവഃ	ശ്രീരാഘവൻ	അഥ	അതിൽപിന്നെ
തം	അതിനെ	തസ്യ	അതിന്റെ
പിതൃസഖം	പിതാവിന്റെ മിത്രമാണെന്നു	കുലം നാമ ച	കുലവും പേരും
ബുദ്ധ്വാ	കേട്ടു	അവ്യഗ്രം	ആദരവോടെ
പൂജയാമാസ;	ബഹുമാനിച്ചു;	പപ്രച്ഛ.	ചോദിച്ചു.

രാമസ്യ വചനം ശ്രുത്വാ കുലമാത്മാനമേവ ച
ആചചക്ഷേ ദ്വിജസ്തസ്മൈ സർവ്വഭൂതസമുദ്ഭവം. 5

ദ്വിജഃ,	പക്ഷി,	സർവ്വഭൂത-സമുദ്ഭവം ച	എല്ലാ പ്രാണികളുടെ ഉത്പത്തിയേയും
രാമസ്യ	ശ്രീരാമന്റെ	ആത്മാനം	തന്നെപ്പററിയും
വചനം	വചനത്തെ	കുലം ഏവ	കുലത്തെപ്പററിയും
ശ്രുത്വാ,	കേട്ട്,	ആചചക്ഷേ.	ഇപ്രകാരം അറിയിച്ചു.
തസ്മൈ	അദ്ദേഹത്തോടായി		

പൂർവ്വകാലേ മഹാബാഹോ യേ പ്രജാപതയോഽഭവൻ
താന്മേ നിഗദതഃ സർവ്വാനാദിതഃ ശൃണു രാഘവ. 6

“ മഹാബാഹോ !	“ മഹാബാഹുവായ	താൻ	അവർ
രാഘവ !	ശ്രീരാഘവ !	സർവ്വാൻ	എല്ലാവരേയും
പൂർവ്വകാലേ	പണ്ടുകാലത്തിൽ	ആദിതഃ	ആദ്യംതൊട്ട്
പ്രജാപതയഃ	പ്രജാപതികൾ	നിഗദതഃ	പറയുന്നവനായ
യേ	യാതൊരുവർ	മേ	എനിക്ക്
അഭവൻ,	ഉണ്ടായിരുന്നുവോ,	ശൃണു.	ചെവിയരുളുക.

കർദ്ദമഃ പ്രഥമസ്തേഷാം വിശ്രുതസ്തദനന്തരഃ
ശേഷശ്ച സംശ്രയശ്ചൈവ ബഹുപുത്രശ്ച വീര്യവാൻ. 7
സ്ഥാണുർമ്മരീചിരത്രിശ്ച ക്രതുശ്ചൈവ മഹാബലഃ
പുലസ്ത്യശ്ചാങ്ഗിരാശ്ചൈവ പ്രചേതാഃ പുലഹസ്തഥാ. 8
ദക്ഷോ വിവസ്വാനപരോഽരിഷ്ടനേമിശ്ച രാഘവ
കശ്യപശ്ച മഹാതേജാസ്തേഷാമാസീച്ച പശ്ചിമഃ. 9

“ തേഷാം	“ അവരിൽവെച്ച്	അംഗിരാഃ ഏവ ;	അംഗിരസ്സ് ;
പ്രഥമഃ	ഒന്നാമതായി	പ്രചേതാഃ ;	പ്രചേതസ്സ് ;
കർദ്ദമഃ ;	കർദ്ദമപ്രജാപതി ;	പുലഹഃ തഥാ ;	പുലഹൻ ;
തദനന്തരഃ	അതിൽപിന്നെ	ദക്ഷഃ ;	ദക്ഷപ്രജാപതി ;
വിശ്രുതഃ ;	വിശ്രുതപ്രജാപതി ;	അപരഃ	പിന്നെ അടുത്തവൻ
ശേഷഃ ച,	ശേഷപ്രജാപതി,	വിവസ്വാൻ ച ;	വിവസ്വാൻ ;
സംശ്രയഃ ച ഏവ ;	പിന്നെ സംശ്രയപ്രജാപതി ;	അരിഷ്ടനേമിഃ ച ;	അരിഷ്ടനേമി ;
വീര്യവാൻ	വീര്യവാനായ	രാഘവ !	ശ്രീരാഘവ !
ബഹുപുത്രഃ ച ;	ബഹുപുത്രൻ ;	തേഷാം	അവരിൽ
സ്ഥാണുഃ ച,	സ്ഥാണു,	പശ്ചിമഃ	ഒടുവിലത്തേവൻ
മരീചിഃ,	മരീചിപ്രജാപതി,	മഹാതേജാഃ	മഹാതേജസ്വിയായ
അത്രിഃ ച ;	അത്രി ;	കശ്യപഃ ച	കശ്യപപ്രജാപതിയും
മഹാബലഃ	മഹാബലശാലിയായ	ആസീത്.	ആയിരുന്നു.
ക്രതുഃ ച ;	ക്രതു ;		
പുലസ്ത്യഃ ഏവ ;	പുലസ്ത്യൻ ;		

പ്രജാപതേസ്തു ദക്ഷസ്യ ബഭൂവുരിതി നഃ ശ്രുതം
ഷഷ്ടിർദ്ദുഹിതരോ രാമ യശസ്വിന്യോ മഹായശഃ. 10

"മഹായശഃ	"മഹാകീർത്തിമാനായ
രാമ!	ഹേ ശ്രീരാമ!
തു	ഇതിൽ
ദക്ഷസ്യ പ്രജാപതേഃ	ദക്ഷപ്രജാപതിക്ക്
യശസ്വിന്യഃ	കീർത്തിമതികളായ
ഷഷ്ടിഃ ദുഹിതരഃ	അറുപതു പുത്രിമാർ
ബഭൂവുഃ,	ഉണ്ടായിരുന്നു,
ഇതി	എന്നാണ്
നഃ ശ്രുതം.	നമുക്ക് കേൾവി.

കശ്യപഃ പ്രതിജഗ്രാഹ താസാമഷ്ടൌ സുമദ്ധ്യമാഃ
അദിതിം ച ദിതിം ചൈവ ദനുമപി ച കാലികാം
താമ്രാം ക്രോധവശാം ചൈവ മനും ചാപ്യനലാമപി. 11

"താസാം	"അവരിൽ
സുമദ്ധ്യമാഃ	അതിസുന്ദരിമാരായ
അഷ്ടൌ	എട്ടുപേരായ
അദിതിം ച	അദിതിയേയും
ദിതിം ച ഏവ	ദിതിയേയും
ദനും അപി	ദനുവിനേയും
കാലികാം ച	കാലികയേയും
താമ്രാം ച	താമ്രയേയും
ക്രോധവശാം ഏവ	ക്രോധവശയെന്നവളേയും
മനും ച അപി	മനുവെന്നവളേയും
അനലാം അപി	അനലയേയും
കശ്യപഃ	കശ്യപപ്രജാപതി [ച്ചു.
പ്രതിജഗ്രാഹ.	ഭാര്യമാരായി സ്വീകരി-

താസ്തു കന്യാസ്തതഃ പ്രീതഃ കശ്യപഃ പുനരബ്രവീത്
പുത്രാംസ്ത്രൈലോക്യഭർത്തൄൻ വൈ ജനയിഷ്യഥ മത്സമാൻ. 12

"തതഃ പുനഃ	"അതിൽപിന്നെ
കശ്യപഃ	കശ്യപപ്രജാപതി
പ്രീതഃ	പ്രീതനായി
താഃ കന്യാഃ തു	ആ യുവതികളെനോക്കി
അബ്രവീത്;	ഇപ്രകാരം അരുളിച്ചെയ്തു;
'ത്രൈലോക്യഭർത്തൄൻ	'ത്രിലോകങ്ങളേയും ഭരിക്കുന്നവരായ
മത്സമാൻ	എന്നെപ്പോലെയുള്ള
പുത്രാൻ വൈ	പുത്രന്മാരെ
ജനയിഷ്യഥ.'	നിങ്ങൾ പ്രസവിക്കും.'

അദിതിസ്തന്മനാ രാമ ദിതിശ്ച ദനുരേവ ച
കാലികാ ച മഹാബാഹോ ശേഷാസ്ത്വമനസോഽഭവൻ. 13

"മഹാബാഹോ!	"മഹാബാഹുവായ
രാമ!	ഹേ ശ്രീരാമ!
അദിതിഃ	അദിതിയെന്നവൾ
തന്മനാഃ;	അതിനെ മനഃപൂർവ്വമായി സ്വീകരിച്ചു;
ദിതിഃ ച	ദിതിയും
ദനുഃ	ദനുവും
കാലികാ ച	കാലികയും
ഏവ;	അപ്രകാരംതന്നെ സ്വീകരിച്ചു;
ശേഷാഃ	മറ്റുള്ളവർ
തു	ഇക്കാര്യത്തിൽ
അമനസഃ	ഉദാസീനരായി
അഭവൻ.	വർത്തിച്ചു.

അദിത്യാം ജജ്ഞിരേ ദേവാസ്ത്രയസ്ത്രിംശദരിന്ദമ
ആദിത്യാ വസവോ രുദ്രാ ഹ്യശ്വിനൌ ച പരന്തപ. 14

" പരന്തപ!	" ശത്രുസന്താപകനായ	രുദ്രാഃ	പതിനൊന്നു രുദ്രന്മാരും
അരിന്ദമ!	ഹേ ജയശാലിൻ	അശ്വിനൌ ച	അശ്വിനീദേവകൾ രണ്ടുപേരും ആയ
അദിത്യാം,	അദിതിയിൽ,	ത്രയസ്ത്രിംശത്	മുപ്പത്തിമൂന്ന്
ആദിത്യാഃ	പന്ത്രണ്ട് ആദിത്യന്മാരും	ദേവാഃ ഹി	ദേവന്മാരും
വസവഃ	എട്ടുവസുക്കളും	ജജ്ഞിരേ.	ജനിച്ചു.

ദിതിസ്ത്വജനയത് പുത്രാൻ ദൈത്യാംസ്താത യശസ്വിനഃ
തേഷാമിയം വസുമതീ പുരാऽऽസീത് സവനാൎണ്ണവാ. 15

" താത!	" ഉണ്ണീ!	അജനയത്;	പെററു;
ദിതിഃ തു	ദിതിയെന്നവൾ	സവനാൎണ്ണവാ	കാടുകളും സമുദ്രവും
ദൈത്യാൻ	അസുരന്മാർ എന്ന്	ഇയം വസുമതീ	ഈ ലോകം [ചൂഴ്ന്ന
യശസ്വിനഃ	പേരാൎന്നുള്ളവരായ	പുരാ	ആദ്യം
പുത്രാൻ	പുത്രന്മാരെ	തേഷാം ആസീത്.	അവരുടേതായിരുന്നു.

ദനുസ്ത്വജനയത് പുത്രമശ്വഗ്രീവമരിന്ദമ
നരകം കാലികം ചൈവ കാലികാऽപി വ്യജായത. 16

" അരിന്ദമ!	" ശത്രുനാശന!	കാലികാ	കാലിക
ദനുഃ തു	ദനുവും	നരകം അപി	നരകനേയും
അശ്വഗ്രീവം	അശ്വഗ്രീവനെന്ന	കാലികം ച }	കാലികനേയും
പുത്രം	പുത്രനെ	ഏവ	
അജനയത്;	പെററു;	വ്യജായത.	പെററു.

ക്രൌഞ്ചീം ഭാസീം തഥാ ശ്യേനീം ധൃതരാഷ്ട്രീം തഥാ ശുകീം
താമ്രാऽപി സുഷുവേ കന്യാഃ പഞ്ചൈതാ ലോകവിശ്രുതാഃ. 17

" താമ്രാ അപി,	" താമ്രയും,	ശുകീം തഥാ	ശുകി, എന്ന
ക്രൌഞ്ചീം	ക്രൌഞ്ചി,	ഏതാഃ	ഈ
ഭാസീം,	ഭാസി,	ലോകവിശ്രുതാഃ	ലോകവിശ്രുതമാരായ
ശ്യേനീം തഥാ	ശേനി,	പഞ്ച കന്യാഃ	അഞ്ചു പുത്രിമാരെ
ധൃതരാഷ്ട്രീം,	ധൃതരാഷ്ട്രി,	സുഷുവേ.	പെററു.

ഉലൂകാഞ്ജനയത് ക്രൌഞ്ചീ ഭാസീ ഭാസാൻ വ്യജായത
ശ്യേനീ ശ്യേനാംശ്ച ഗൃദ്ധ്രാംശ്ച വ്യജായത സുതേജസഃ. 18

" ക്രൌഞ്ചീ	" ക്രൌഞ്ചിയെന്നവൾ	ശ്യേനീ	ശ്യേനിയെന്നവൾ
ഉലൂകാൻ	കൂമന്മാരെ	സുതേജസഃ	ബലശാലികളായ
ജനയത്;	ജനിപ്പിച്ചു;	ശ്യേനാൻ ച	പരുന്തുകളേയും
ഭാസീ	ഭാസി	ഗൃദ്ധ്രാൻ ച	കഴുകന്മാരേയും
ഭാസാൻ	കോഴികളെ	വ്യജായത,	പ്രസവിച്ചു.
വ്യജായത;	പെററു;		

ധൃതരാഷ്ട്രീ തു ഹംസാംശ്ച കളഹംസാംശ്ച സൎവ്വശഃ
ചക്രവാകാംശ്ച ഭദ്രം തേ വിജജ്ഞേ സാऽപി ഭാമിനീ. 19

"സാ	"ആ
ഭാമിനീ	സുന്ദരിയായ
ധൃതരാഷ്ട്രീ	ധൃതരാഷ്ട്രിയെന്നവൾ
സൎവ്വശഃ	എല്ലാവിധത്തിലുമുള്ള
ഹംസാൻ ച	ഹംസങ്ങളേയും
കളഹംസാൻ ച അപി	കളഹംസങ്ങളെയും
ചക്രവാകാൻ ച	ചക്രവാകങ്ങളേയും
വിജജ്ഞേ;	പെറ്റു;
ഭദ്രം തേ തു.	ഇതെല്ലാം നിന്തിരുവടിയുടെ ആജ്ഞതന്നെ.

ശുകീ നതാം വിജജ്ഞേ തു നതായാ വിനതാ സുതാ 20

"ശുകീ	"ശുകിയെന്നവൾ
നതാം	നതയെന്നവളെ
വിജജ്ഞേ;	പെറ്റു;
നതായാഃ	നതയുടെ
സുതാ	പുത്രിയാകുന്നു
വിനതാ തു.	വിനതയെന്നവൾ.

ദശ ക്രോധവശാ രാമ വിജജ്ഞേ ഹ്യാത്മസംഭവാഃ
മൃഗീം ച മൃഗമന്ദാം ച ഹരിം ഭദ്രമദാമപി
മാതംഗീമപി ശാൎദ്ദൂലീം ശ്വേതാം ച സുരഭിം തഥാ
സൎവ്വലക്ഷണസമ്പന്നാം സുരസാം കദ്രുകാമപി. 21

"രാമ!	"ശ്രീരാമ!
ക്രോധവശാ	ക്രോധവശയെന്നവൾ
മൃഗീം ച,	മൃഗി,
മൃഗമന്ദാം ച	മൃഗമന്ദ,
ഹരിം	ഹരി
ഭദ്രമദാം അപി	ഭദ്രമദ
മാതംഗീം അപി	മാതംഗി
ശാൎദ്ദൂലീം	ശാൎദ്ദൂലി,
ശ്വേതാം ച,	ശ്വേത,
സുരഭിം തഥാ,	സുരഭി,
സൎവ്വലക്ഷണ-സമ്പന്നാം	സൎവ്വലക്ഷണയുക്തയായ
സുരസാം,	സുരസ,
കദ്രുകാം അപി	കദ്രുക, എന്ന
ദശ	പത്തു
ആത്മസംഭവാഃ ഹി	പുത്രിമാരേയും
വിജജ്ഞേ.	പ്രസവിച്ചു.

അപത്യം തു മൃഗാഃ സൎവ്വേ മൃഗ്യാ നരവരോത്തമ
ഋക്ഷാശ്ച മൃഗമന്ദായാഃ സൃമരാശ്ചമരാസ്തഥാ. 22

"നരവരോത്തമ!	"ഹേ പുരുഷോത്തമ!
സൎവ്വേ മൃഗാഃ	എല്ലാമൃഗങ്ങളും
മൃഗ്യാഃ	മൃഗിയുടെ
അപത്യം തു;	സന്താനങ്ങൾ ആകുന്നു;
ഋക്ഷാഃ ച	കരടികളും
സൃമരാഃ	സൃമരങ്ങളെന്ന മാനുകളും
ചമരാഃ തഥാ	ചമരിയെന്നമാനുകളും
മൃഗമന്ദായാഃ.	മൃഗമന്ദയുടെ സന്തതികൾ.

ഹൎയ്യാശ്ച ഹരയോऽപത്യം വാനരാശ്ച തരസ്വിനഃ
തതസ്ത്വിരാവതീം നാമ ജജ്ഞേ ഭദ്രമദാ സുതാം. 23

"ഹൎയ്യാഃ ച	"ഹരിയെന്നവൾക്ക്
ഹരയഃ,	സിംഹങ്ങളും,
തരസ്വിനഃ	ബലമുള്ള
വാനരാഃ ച	വാനരന്മാരും,
അപത്യം;	സന്തതി;
തതഃ	അപ്പോൾ
ഭദ്രമദാ	ഭദ്രമദ എന്നവൾ
ഇരാവതീം നാമ	ഇരാവതിയെന്ന
സുതാം തു	പുത്രിയെ മാത്രം
ജജ്ഞേ.	ഉളവാക്കി.

തസ്യാസ്ത്വൈരാവതഃ പുത്രോ ലോകനാഥോ മഹാഗജഃ
മാതംഗാസ്ത്വഥ മാതംഗ്യാ അപത്യം മനുജൎഷഭ. 24

" മനുജൎഷഭ!	" പുരുഷോത്തമ! [ണ്	പുത്രഃ;	പുത്രൻ;
തസ്യാഃ തു	അവൾക്കുതന്നെയാ-	അഥ	പിന്നെ
ലോകനാഥഃ	ലോകത്തെത്തന്നെ താ	മാതംഗാഃ തു	മററുള്ള ആനകളെല്ലാം
മഹാഗജഃ	മഹാഗജമായ [ങ്ങുന്ന	മാതംഗ്യാഃ	മാതംഗിയുടെ
ഐരാവതഃ	ഐരാവതം എന്ന	അപത്യം.	സന്തതി.

ഗോലാംഗൂലാംശ്ച ശാൎദ്ദൂലീ വ്യാഘ്രാംശ്ചാജനയത് സുതാൻ
ദിശാഗജാംശ്ച കാകുത്സ്ഥ ശ്വേതാഽപ്യജനയത് സുതാൻ. 25

" കാകുത്സ്ഥ!	" ഹേ കാകുത്സ്ഥ!	അജനയത്;	പെററു;
ശാൎദ്ദൂലീ	ശാൎദ്ദൂലിയെന്നവൾ	ശ്വേതാ അപി	ശ്വേതയും
ഗോലാം- ഗൂലാൻ ച	ഗോലാംഗൂലമെന്ന കുരങ്ങന്മാരേയും	ദിശാഗജാൻ ച	മററുള്ള ദിഗ്ഗജങ്ങളേയും
വ്യാഘ്രാൻ ച,	നരികളേയും,	സുതാൻ	സന്താനങ്ങളായി
സുതാൻ	സന്താനങ്ങളായി	അജനയത്.	പെററു.

തതോ ദുഹിതരൌ രാമ സുരഭിൎദ്വേ വ്യജായത
രോഹിണീം നാമ ഭദ്രം തേ ഗന്ധൎവ്വീം ച യശസ്വിനീം. 26

" രാമ!	" ശ്രീരാമ!	യശസ്വിനീം	യശസ്വിനിയായ
തേ ഭദ്രം!	അവിടുത്തേക്ക് മംഗളം	ഗന്ധൎവ്വീം ച	ഗന്ധൎവ്വിയെന്നും
തതഃ	അപ്പോൾ [ഭവിക്കട്ടെ!	ദ്വേ	രണ്ടു
സുരഭിഃ	സുരഭിയെന്നവൾ	ദുഹിതരൌ	പുത്രിമാരെ
രോഹിണീം നാമ	രോഹിണിയെന്നും	വ്യജായത.	പ്രസവിച്ചു.

രോഹിണ്യജനയദ്ഗാ വൈ ഗന്ധൎവ്വീ വാജിനഃ സുതാൻ
സുരസാഽജനയന്നാഗാൻ രാമ കദ്രൂസ്തു പന്നഗാൻ. 27

" രാമ!	" ശ്രീരാമ!	സുരസാ	സുരസ
രോഹിണീ	രോഹിണിയെന്നവൾ	നാഗാൻ	(പടങ്ങളുള്ള) സൎപ്പങ്ങളെ
ഗാഃ	പശുക്കളെ		
അജനയത്	പെററു;	അജനയത്;	പെററു;
ഗന്ധൎവ്വീ	ഗന്ധൎവ്വി	കദ്രൂഃ	കദ്രു
വാജിനഃ	കുതിരകളെ [ററു;	പന്നഗാൻ തു.	(പടങ്ങളില്ലാത്ത) പാമ്പുകളേയും പെററു.
സുതാൻ വൈ;	സന്താനങ്ങളായി പെ-		

മനുൎമ്മനുഷ്യാൻ ജനയദ്രാമ പുത്രാന്യശസ്വിനഃ
ബ്രാഹ്മണാൻ ക്ഷത്രിയാൻ വൈശ്യാൻ ശൂദ്രാംശ്ച മനുജൎഷഭ. 28

" മനുജൎഷഭ!	" പുരുഷോത്തമ!	ശൂദ്രാൻ ച	ശൂദ്രർ, എന്ന്
രാമ!	ശ്രീരാമ!	യശസ്വിനഃ	പേർകേട്ട
മനുഃ,	മനു,	മനുഷ്യാൻ	മനുഷ്യരെ
ബ്രാഹ്മണാൻ	ബ്രാഹ്മണർ	പുത്രാൻ	പുത്രന്മാരായി
ക്ഷത്രിയാൻ	ക്ഷത്രിയർ	ജനയത്.	പെററു.
വൈശ്യാൻ	വൈശ്യർ		

മുഖതോ ബ്രാഹ്മണാ ജാതാ ബാഹുഭ്യാം ക്ഷത്രിയാസ്തഥാ
ഊരുഭ്യാം ജജ്ഞിരേ വൈശ്യാഃ പദ്ഭ്യാം ശൂദ്രാ ഇതി ശ്രുതിഃ. 29

" മുഖതഃ	" മുഖത്തിൽനിന്നു	വൈശ്യാഃ,	വൈശ്യന്മാരും,
ബ്രാഹ്മണാഃ	ബ്രഹ്മണരും	പദ്ഭ്യാം	രണ്ടുപാദങ്ങളിൽനിന്നു
ബാഹുഭ്യാം	ഇരുകൈകളിൽനിന്നു	ശൂദ്രാഃ	ശൂദ്രന്മാരും
ക്ഷത്രിയാഃ തഥാ	ക്ഷത്രിയന്മാരും	ജജ്ഞിരേ,	ജനിച്ചു,
ജാതാഃ;	ജനിച്ചു;	ഇതി	എന്നാകുന്നു
ഊരുഭ്യാം	ഇരുതുടകളിൽനിന്നു	ശ്രുതിഃ.	വേദം.

സൎവ്വാൻ പുണ്യഫലാൻ വൃക്ഷാനനലാऽപി വ്യജായത
ജജ്ഞേ രാമ മഹാബാഹോ താംശ്ച സൎവ്വാൻ മഹീരുഹാൻ. 30

" മഹാബാഹോ!	" മഹാബാഹുവായ!	വൃക്ഷാൻ,	വൃക്ഷങ്ങളേയും,
രാമ!	ഹേ ശ്രീരാമ!	വ്യജായത;	പെററു;
അനലാ അപി	അനലയും	താൻ	വേറെ പ്രകാരത്തി
പുണ്യഫലാൻ	നട്ടുവളൎത്തുന്നവയായ (നല്ലഫലങ്ങളുള്ള)	സൎവ്വാൻ ച	എല്ലാ [ലുള്ള ആ
		മഹീരുഹാൻ	കാട്ടുമരങ്ങളേയും
സൎവ്വാൻ	എല്ലാ	ജജ്ഞേ.	പെററു.

വിനതാ തു ശുകീപൌത്രീ കദ്രൂശ്ച സുരസാസ്വസാ
കദ്രൂൎന്നാഗം സഹസ്രാസ്യം വിജജ്ഞേ ധരണീധരം. 31

" വിനതാ തു	" വിനതയെന്നവൾ തന്നെ	കദ്രൂഃ	കദ്രു
		ധരണീധരം	ഭൂമിയെ വഹിക്കുന്ന
ശുകീപൌത്രീ;	ശുകിയുടെ പൌത്രി;	സഹസ്രാസ്യം	ആയിരം മുഖമുള്ള
കദ്രൂഃ ച	കദ്രു എന്നവൾ	നാഗം	ആദിശേഷനെ
സുരസാസ്വസാ	സുരസയുടെ സഹോദരി;	വിജജ്ഞേ.	ഉളവാക്കി.

ദ്വൌ പുത്രൌ വിനതായാസ്തു ഗരുഡോऽരുണ ഏവ ച
തസ്മാജ്ജാതോऽഹമരുണാത് സമ്പാതിസ്തു മമാഗ്രജഃ
ജടായുരിതി മാം വിദ്ധി ശ്യേനീപുത്രമരിന്ദമ. 32

" അരിന്ദമ!	" ശത്രുനാശന!	ജാതഃ;	ജാതനായി;
വിനതായാഃ തു	വിനതക്കു്	സമ്പാതിഃ തു	സമ്പാതിയെന്നവൻ
ഗരുഡഃ ച	ഗരുഡനെന്നും	മമ	എനിക്കു്
അരുണഃ ഏവ	അരുണനെന്നും	അഗ്രജഃ;	ജ്യേഷ്ഠൻ;
ദ്വൌ പുത്രൌ;	രണ്ടു പുത്രന്മാർ;	മാം	എന്നെ
തസ്മാത്	ആ	ജടായുഃ ഇതി	ജടായു എന്നും
അരുണാത്	അരുണങ്കൽനിന്നു്	ശ്യേനീപുത്രം	ശ്യേനീപുത്രൻ എന്നും
അഹം	ഞാൻ	വിദ്ധി.	അറിഞ്ഞാലും.

സോऽഹം രാമ സഹായസ്തേ ഭവിഷ്യാമി യദീച്ഛസി
ഇദം ദുൎഗ്ഗം ഹി കാന്താരം മൃഗരാക്ഷസസേവിതം. 33

“ ഇദം കാന്താരം	“ ഈ വനം	യദി ഇച്ഛസി	ഇഷ്ടമുള്ളപക്ഷം
ദുൎഗ്ഗം ;	പ്രവേശിപ്പാൻ കഴിയാത്തതു് ;	രാമ !	ഹേ രാമ !
മൃഗരാക്ഷസ-സേവിതം ;	മൃഗങ്ങളാലും രാക്ഷസരാലും നിറയപ്പെട്ടതു് ;	സഃ അഹം	അപ്രകാരമുള്ള ഞാൻ
ഹി	ആകയാൽ	തേ	ഭവാന്നു്
		സഹായഃ	സഹായിയായി
		ഭവിഷ്യാമി.	വൎത്തിക്കാം.

സീതാം ച താത രക്ഷിഷ്യേ ത്വയി യാതേ സലക്ഷ്മണേ. 34

“ താത !	“ വത്സ !	സീതാം	സീതയെ
സലക്ഷ്മണേ	ലക്ഷ്മണനോട്കൂടി	രക്ഷിഷ്യേ.”	ഞാൻ രക്ഷിച്ചുകൊണ്ടിരിക്കാം. ”
ത്വയി ച	ഭവാനും		
യാതേ,	പുറത്തുചെല്ലുന്നസമയം,		

ജടായുഷം തു പ്രതിപൂജ്യ രാഘവോ
മുദാ പരിഷ്വജ്യ ച സന്നതോऽഭവത്
പിതുൎഹി ശുശ്രാവ സഖിത്വമാത്മവാൻ
ജടായുഷാ സംകഥിതം പുനഃ പുനഃ. 35

ആത്മവാൻ	ധൈൎയ്യശാലിയായ	പിതുഃ	പിതാവുമായുള്ള
രാഘവഃ	ശ്രീരാഘവൻ	സഖിത്വം ഹി	മൈത്രിയേയും
ജടായുഷം	ജടായുവിനെ	ജടായുഷാ	ജടായുസ്സിനാൽ
മുദാ	സന്തോഷപുരസ്സരം	സംകഥിതം	വഴിപോലെ വിസ്തരിക്കപ്പെട്ടതായി
പരിഷ്വജ്യ ച,	ആലിംഗനംചെയ്തു്,		
പ്രതിപൂജ്യ തു	കൊണ്ടാടി	പുനഃ പുനഃ	വീണ്ടും വീണ്ടും
സന്നതഃ അഭവത്	വണങ്ങി,	ശുശ്രാവ.	ശ്രവിച്ചു.

സ തത്ര സീതാം പരിദായ മൈഥിലീം
സഹൈവ തേനാതിബലേന പക്ഷിണാ
ജഗാമ താം പഞ്ചവടീം സലക്ഷ്മണോ
രിപൂൻ ദിധക്ഷൻ ശലഭാനിവാനലഃ. 36

സഃ സലക്ഷ്മണഃ	അദ്ദേഹം ലക്ഷ്മണസഹിതനായ്	സീതാം	സീതയെ
തേന	ആ	പരിദായ,	ഏല്പിച്ചു്,
അതിബലേന	അതിബലവാനായ	അനലഃ	അഗ്നി
പക്ഷിണാ സഹ,	പക്ഷിയോടുംകൂടി,	ശലഭാൻ	പാററകളെ
താം പഞ്ചവടീം	ആ പഞ്ചവടിക്കു്	ഇവ,	എന്നവണ്ണം,
ജഗാമ ;	എഴുന്നെള്ളി ;	രിപൂൻ	ശത്രുക്കളെ
തത്ര ഏവ	അദ്ദേഹത്തിന്റെ വക്കൽതന്നെ		
മൈഥിലീം	മിഥിലാരാജകുമാരിയായ	ദിധക്ഷൻ.	ദഹിപ്പിപ്പാനുള്ള ഇച്ഛയോടുകൂടിയവനായി വൎത്തിച്ചു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ചതുൎദ്ദശഃ സൎഗ്ഗഃ = പതിനാലാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 7222 ; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 510.

പഞ്ചദശഃ സർഗ്ഗഃ = പതിനഞ്ചാംസർഗ്ഗം.

[പർണ്ണശാലാനിർമ്മാണം = പർണ്ണശാലയെ നിർമ്മിക്കുന്നത്.]

തതഃ പഞ്ചവടീം ഗത്വാ നാനാവ്യാളമൃഗായുതാം
ഉവാച ഭ്രാതരം രാമഃ സൌമിത്രിം ദീപ്തതേജസം. 1

തതഃ	അപ്പോൾ	ഗത്വാ,	പ്രാപിച്ച്,
രാമഃ	ശ്രീരാമൻ	ദീപ്തതേജസം	മഹാപരാക്രമശാലിയാ[യ
നാനാവ്യാളമൃഗായുതാം	പലക്രൂരമൃഗങ്ങൾ നിറഞ്ഞുള്ള	ഭ്രാതരം	അനുജനായ,
പഞ്ചവടീം	പഞ്ചവടിയെ	സൌമിത്രിം	ലക്ഷ്മണനൊടായി
		ഉവാച.	അരുൾചെയ്തു.

ആഗതാഃ സ്മ യഥോദ്ദിഷ്ടമമും ദേശം മഹർഷിണാ
അയം പഞ്ചവടീ ദേശഃ സൌമ്യ പുഷ്പിതപാദപഃ. 2

"സൌമ്യ!	"വത്സ!	ആഗതാഃ സ്മ;	നാം വന്നുകഴിഞ്ഞു;
മഹർഷിണാ	മഹർഷിയാൽ	പുഷ്പിതപാദപഃ	പുഷ്പിച്ചതരുക്കളാർന്ന
യഥോദ്ദിഷ്ടം	ഉദ്ദേശിക്കപ്പെട്ടതായ	പഞ്ചവടീ ദേശഃ	പഞ്ചവടിയെന്ന സ്ഥ[ലം
അമും	ഈ	അയം.	ഇതുതന്നെ.
ദേശം	സ്ഥലത്തിലേക്ക്		

സർവ്വതശ്ചാര്യതാം ദൃഷ്ടിഃ കാനനേ നിപുണോ ഹ്യസി
ആശ്രമഃ കതരസ്മിൻ നോ ദേശേ ഭവതി സംമതഃ. 3

"സർവ്വതഃ	"നാലുപാടും	നിപുണഃ അസി	നീ എല്ലാം അറിയുന്നവ[നാണല്ലൊ;
ദൃഷ്ടിഃ	ദൃഷ്ടി	കതരസ്മിൻ	ഏതൊരു
ചാര്യതാം;	പതിപ്പിക്കപ്പെടട്ടെ;	ദേശേ	പ്രദേശത്തിലാണ്
ഹി,	എന്തെന്നാൽ,	നഃ ആശ്രമഃ	നമുക്ക് ഒരു ആശ്രമം
കാനനേ	കാട്ടിൻെറ സംഗതിയിൽ	സംമതഃ	യോജിച്ചതായി
		ഭവതി?	ഇരിക്കുക?

രമതേ യത്ര വൈദേഹീ ത്വമഹം ചൈവ ലക്ഷ്മണ
താദൃശോ ദൃശ്യതാം ദേശഃ സന്നികൃഷ്ടജലാശയഃ. 4

"ലക്ഷ്മണ!	"ലക്ഷ്മണ!	ച	അപ്രകാരംതന്നെ ആനന്ദിക്കുമോ,
യത്ര	യാതൊരുദിക്കിൽ	താദൃശഃ	അപ്രകാരമുള്ള
വൈദേഹീ	സീത	സന്നികൃഷ്ടജലാശയഃ	സമീപത്തിൽ ജലാശയമുള്ളതായ
രമതേ,	ആനന്ദിക്കുമോ,	ദേശഃ	സ്ഥലം
ത്വം	നീയും	ദൃശ്യതാം.	കണ്ടുപിടിക്കപ്പെടട്ടെ.
അഹം ഏവ	ഞാനും		

വനരാമണ്യകം യത്ര ജലരാമണ്യകം തഥാ
സന്നികൃഷ്ടം ച യത്ര സ്യാത് സമിത്പുഷ്പകുശോദകം. 5

"യത്ര	"യാതൊരു ആ സ്ഥലം
വനരാമണ്യകം;	ഭംഗിയുള്ള തരുക്കൾ തിങ്ങിയതായിരിക്കേണം;
തഥാ	അപ്രകാരംതന്നെ
ജലരാമണ്യകം	ജലസൌഖ്യമുള്ളതാകേണം;
യത്ര	ആയത്തു്
സന്നികൃഷ്ടം	സമീപത്തിൽ
സമിത്പുഷ്പ-കുശോദകം ച	സമിത്ത്, പുഷ്പം, ദൎഭ, തീൎത്ഥം എന്നിവയുള്ളതായും
സ്യാത്."	ഇരിക്കേണം."

ഏവമുക്തസ്തു രാമേണ ലക്ഷ്മണഃ സംയതാഞ്ജലിഃ
സീതാസമക്ഷം കാകുത്സ്ഥമിദം വചനമബ്രവീത്. 6

രാമേണ	ശ്രീരാമനാൽ
ഏവം	ഇപ്രകാരം
ഉക്തഃ	അരുൾചെയ്യപ്പെട്ടവനായ
ലക്ഷ്മണഃ,	ലക്ഷ്മണൻ,
സംയതാഞ്ജലിഃ	കൈകൂപ്പിക്കൊണ്ടു്
കാകുത്സ്ഥം	ശ്രീരാമനെനോക്കി
സീതാ-സമക്ഷം തു,	സീതയുടെ മുമ്പിൽവെച്ചുതന്നെ
ഇദം വചനം	ഈ വാക്യത്തെ
അബ്രവീത്.	ഉണൎത്തി.

പരവാനസ്മി കാകുത്സ്ഥ ത്വയി വൎഷശതം സ്ഥിതേ
സ്വയം തു രുചിരേ ദേശേ ക്രിയതാമിതി മാം വദ. 7

"കാകുത്സ്ഥ!	"ഹേ കാകുത്സ്ഥ!
വൎഷശതം	ഏതുകാലത്തിലും
ത്വയി സ്ഥിതേ	നിന്തിരുവടിയുള്ളപ്പോൾ
അസ്മി	ഞാൻ
പരവാൻ!	ദാസഭൂതനാകുന്നു;
തു,	ആകയാൽ,
രുചിരേ	തിരുവുള്ളത്തിൽ രുചിച്ച
ദേശേ,	പ്രദേശത്തിൽ,
'ക്രിയതാം',	'കെട്ടപ്പെടട്ടെ',
ഇതി	എന്നു്
സ്വയം,	നിന്തിരുവടിതന്നെ,
മാം	ഈയുള്ളവനോടു്
വദ."	ആജ്ഞാപിച്ചരുളിയാലും."

[ഈശ്വരേച്ഛക്കു താൻ പാരതന്ത്ര്യനാകയാൽ, ശ്രീരാമൻ തന്നെ ആജ്ഞാപിച്ച സ്ഥലത്തിൽ താൻ ആശ്രമം നിൎമ്മിക്കാമെന്നും, 4-ാം ശ്ലോകത്തിൽ പറഞ്ഞ മാതിരി ലക്ഷ്മണൻെറ സൌകൎയ്യം ഒട്ടും നോക്കേണ്ടതില്ലെന്നും ഭാവം. ഗോ. രാ.]

സുപ്രീതസ്തേന വാക്യേന ലക്ഷ്മണസ്യ മഹാദ്യുതിഃ
വിമൃശൻ രോചയാമാസ ദേശം സൎവ്വഗുണാന്വിതം. 8

മഹാദ്യുതിഃ,	മഹാതേജസ്വിയായ അദ്ദേഹം,
ലക്ഷ്മണസ്യ	ലക്ഷ്മണൻെറ
തേന	ആ
വാക്യേന	വാക്യത്താൽ
സുപ്രീതഃ,	പ്രീതിപൂണ്ടവനായി,
വിമൃശൻ	നന്നായി തിരഞ്ഞുനോക്കി,
സൎവ്വഗുണാ-ന്വിതം	സകല സൌഖ്യങ്ങളോടുകൂടിയതായ
ദേശം	ഒരു പ്രദേശത്തെ,
രോചയാമാസ.	നല്ലതെന്നുറച്ചു.

സ തം രുചിരമാക്രമ്യ ദേശമാശ്രമകർമ്മണി
ഹസ്തേ ഗൃഹീത്വാ ഹസ്തേന രാമഃ സൌമിത്രിമബ്രവീത്. 9

സഃ	ആ
രാമഃ	ശ്രീരാമൻ
ആശ്രമകർമ്മണി	ആശ്രമനിർമ്മാണവിഷയത്തിൽ
രുചിരം	തക്കതായ
തം	ആ
ദേശം	പ്രദേശത്തിലേക്ക്
ആക്രമ്യ,	ചെന്ന്
സൌമിത്രിം	ലക്ഷ്മണനെ
ഹസ്തേന	കൈകൊണ്ട്
ഹസ്തേ	കയ്യിൽ
ഗൃഹീത്വാ,	കോർത്തുപിടിച്ച്,
അബ്രവീത്.	ഇപ്രകാരം അരുൾചെയ്തു.

അയം ദേശഃ സമഃ ശ്രീമാൻ പുഷ്പിതൈസ്തരുഭിർവൃതഃ
ഇഹാശ്രമപദം സൌമ്യ യഥാവത് കർത്തുമർഹസി. 10

"അയം ദേശഃ	"ഈ പ്രദേശം
സമഃ;	സമനിരപ്പായിരിക്കുന്നു;
പുഷ്പിതൈഃ	പുഷ്പിച്ച
തരുഭിഃ	വൃക്ഷങ്ങളാൽ
വൃതഃ	നിറയപ്പെട്ട്
ശ്രീമാൻ;	രമണീയമായിരിക്കുന്നു;
സൌമ്യ!	ഉണ്ണീ!
ഇഹ	ഇദ്ദിക്കിൽ
ആശ്രമപദം	ഒരു ആശ്രമസ്ഥലത്തെ
യഥാവത്	വിധിപ്രകാരം
കർത്തും അർഹസി.	നീ ഉണ്ടാക്കുക.

ഇയമാദിത്യസങ്കാശൈഃ പദ്മൈഃ സുരഭിഗന്ധിഭിഃ
അദൂരേ ദൃശ്യതേ രമ്യാ പദ്മിനീ പദ്മസേവിതാ. 11

"പദ്മസേവിതാ	"താമര നിറഞ്ഞ
പദ്മിനീ,	ഒരു താമരപ്പൊയ്ക,
ആദിത്യ-സങ്കാശൈഃ	സൂര്യനെപ്പോലെയുള്ള
സുരഭിഗന്ധിഭിഃ	നറുമണം വീശുന്ന
പദ്മൈഃ	താമരപ്പുഷ്പങ്ങളാൽ
രമ്യാ,	മനോഹരമായി,
ഇയം	ഇതാ
അദൂരേ	സമീപത്തിൽ
ദൃശ്യതേ.	കാണപ്പെടുന്നു.

യഥാഽഽഖ്യാതമഗസ്ത്യേന മുനിനാ ഭാവിതാത്മനാ
ഇയം ഗോദാവരീ രമ്യാ പുഷ്പിതൈസ്തരുഭിർവൃതാ 12
ഹംസകാരണ്ഡവാകീർണ്ണാ ചക്രവാകോപശോഭിതാ. 13

"ഭാവിതാത്മനാ	"പരമാത്മജ്ഞാനിയായ
അഗസ്ത്യേന മുനിനാ	അഗസ്ത്യമാമുനിയാൽ
യഥാ ആഖ്യാതം,	പറയപ്പെട്ടപ്രകാരം തന്നെ,
പുഷ്പിതൈഃ	പൂത്തുനില്ക്കുന്ന
തരുഭിഃ	വൃക്ഷങ്ങളാൽ
വൃതാ,	നിറയപ്പെട്ടതും,
ഹംസ-കാരണ്ഡ-വാകീർണ്ണാ	ഹംസങ്ങളാലും, നീർക്കോഴികളാലും നിറയപ്പെട്ടതും
ചക്രവാകോ-പശോഭിതാ	ചക്രവാകങ്ങളെക്കൊണ്ട് പരിലസിക്കുന്നതും
രമ്യാ	രമ്യവും ആയ
ഗോദാവരി	ഗോദാവരീനദി
ഇയം.	ഇതാ.

നാതിദൂരേണ ചാസന്നേ മൃഗയൂഥാവപീഡിതാഃ
മയൂരനാദിതാ രമ്യാഃ പ്രാംശവോ ബഹുകന്ദരാഃ 14
ദൃശ്യന്തേ ഗിരയഃ സൌമ്യ പുഷ്പിതൈസ്തരുഭിർവൃതാഃ. 15

"സൌമ്യ!	"വത്സ!	മയൂരനാദിതാഃ	മയിലുകളാൽ ശബ്ദിക്ക
പ്രാംശവഃ	ഉയൎന്ന	പുഷ്പിതൈഃ	പുഷ്പിച്ചു [പ്പെട്ടവയായി
ഗിരയഃ	പൎവ്വതങ്ങൾ	തരുഭിഃ വൃതാഃ	തരുക്കളാൽ നിറയപ്പെ
നാതിദൂരേണ	അതിദൂരത്തിലല്ലാതെ	രമ്യാഃ	രമണീയങ്ങളായി [ട്ടു
ആസന്നേ ച	സമീപത്തിൽ	ബഹുകന്ദരാഃ	അനേകം ഗുഹകളോടു കൂടിയവയായി
മൃഗയൂഥാവ-പീഡിതാഃ	മാൻകൂട്ടങ്ങളാൽ സഞ്ചരിക്കപ്പെട്ടതായി	ദൃശ്യന്തേ.	കാണപ്പെടുന്നു.

സൌവൎണ്ണൈ രാജതൈസ്താമ്രൈൎദ്ദേശേ ദേശേ ച ധാതുഭിഃ
ഗവാക്ഷിതാ ഇവാഭാന്തി ഗജാഃ പരമഭക്തിഭിഃ. 16

"ദേശേ ദേശേ,	"അവിടവിടെ,	ഗജാഃ	ആനകൾ [കൊണ്ടു
സൌവൎണ്ണൈഃ	സുവൎണ്ണമയങ്ങളും	പരമഭക്തിഭിഃ	നല്ല അലങ്കാരങ്ങളെ-
രാജതൈഃ	രജതമയങ്ങളും	ഗവാക്ഷിതാഃ ഇവ,	ചിത്രീകരിക്കപ്പെട്ടവ എന്നപോലെ
താമ്രൈഃ ച	താമ്രമയങ്ങളും ആയ		
ധാതുഭിഃ,	ധാതുക്കളാൽ	ആഭാന്തി.	വിലസുന്നു.

സാലൈസ്താലൈസ്തമാലൈശ്ച ഖൎജ്ജൂരപനസാമ്രകൈഃ
നിവാരൈസ്തിമിശൈശ്ചൈവ പുന്നാഗൈശ്ചോപശോഭിതാഃ. 17

സാലൈഃ	പയിൻമരങ്ങളാലും	നിവാരൈഃ	നീർകടമ്പുകളാലും
താലൈഃ	പനകളാലും	തിമിശൈഃ ച ഏവ	തൊട്ടുകാരകളാലും
തമാലൈഃ ച,	പച്ചിലമരങ്ങളാലും		
ഖൎജ്ജൂരപന-സാമ്രകൈഃ,	ഈന്തു, പ്ലാവ്, മാവ് എന്നിവകളാലും,	പുന്നാഗൈഃ ച	പുന്നകളാലും [ക്കുന്നു.
		ഉപശോഭിതാഃ.	വിളങ്ങുന്നവയായിരി

ചൂതൈരശോകൈസ്തിലകൈശ്ചമ്പകൈഃ കേതകൈരപി
പുഷ്പഗുല്മലതോപേതൈസ്തൈസ്തൈസ്തരുഭിരാവൃതാഃ 18
ചന്ദനൈഃ സ്യന്ദനൈൎന്നീപൈഃ പൎണ്ണാസൈൎല്ലികുചൈരപി.
ധവാശ്വകൎണ്ണഖദിരൈഃ ശമീകിംശുകപാടലൈഃ. 19

ചൂതൈഃ	തേന്മാവുകളാലും,	നീപൈഃ	കടമ്പുകളാലും
അശോകൈഃ,	അശോകങ്ങളാലും,	പൎണ്ണാസൈഃ	കഞ്ജകങ്ങളാലും
തിലകൈഃ	മയിലെള്ളുകളാലും	ലികുചൈഃ അപി	അയിനിപ്ലാവുകളാലും
ചമ്പകൈഃ	ചമ്പകങ്ങളാലും	ധവാശ്വകൎണ്ണ-ഖദിരൈഃ	ഞമ, മരുത്, കരിങ്ങാലി
പുഷ്പഗുല്മ-ലതോ-പേതൈഃ	പൂക്കളോടും ചെടിപ്പടപ്പുകളോടും വള്ളികളോടുംകൂടിയ	ശമീകിംശുക-പാടലൈഃ	വഹ്നി, പലാശ് പാതിരി എന്നിവയാലും,
കേതകൈഃ അപി,	കൈതകളാലും,	തൈഃ തൈഃ	മറ്റുംപല
ചന്ദനൈഃ,	ചന്ദനമരങ്ങളാലും,	തരുഭിഃ	വൃക്ഷങ്ങളാലും
സ്യന്ദനൈഃ	തൊട്ടുകാരകളാലും	ആവൃതാഃ.	നിറയപ്പെട്ടിരിക്കുന്നു.

ഇദം പുണ്യമിദം മേധ്യമിദം ബഹുമൃഗദ്വിജം
ഇഹ വത്സ്യാമി സൌമിത്രേ സാർദ്ധമേതേന പക്ഷിണാ. 20

"സൌമിത്രേ!	"ലക്ഷ്മണ!	ബഹുമൃഗ-ദ്വിജം;	പല മാനുകളും പക്ഷികളും നിറഞ്ഞതായി
ഇദം	ഇതു്	ഏതേന	ഈ [രിക്കുന്നു;
പുണ്യം;	മനോഹരമായിരിക്കുന്നു;	പക്ഷിണാ	പക്ഷിശ്രേഷ്ഠനോടു്
ഇദം	ഇതു്	സാർദ്ധം	കൂടി
		ഇഹ	ഇവിടെ
മേധ്യം;	പരിശുദ്ധമായിരിക്കുന്നു;	വത്സ്യാമി."	വസിക്കാമെന്നാണു് ഞാൻ വിചാരിക്കുന്നതു്."
ഇദം	ഇതു്		

ഏവമുക്തസ്തു രാമേണ ലക്ഷ്മണഃ പരവീരഹാ
അചിരേണാശ്രമം ഭ്രാതുശ്ചകാര സുമഹാബലഃ. 21

പരവീരഹാ	ശത്രുവീരഹന്താവും	ഉക്തഃ,	ആജ്ഞാപിക്കപ്പെട്ടവനായി,
സുമഹാബലഃ	മഹാബലശാലിയുമായ		
ലക്ഷ്മണഃ	ലക്ഷ്മണൻ	ഭ്രാതുഃ	ജ്യേഷ്ഠനു്
തു	ഇക്കാര്യത്തിൽ	ആശ്രമം	ഒരു ആശ്രമത്തെ
രാമേണ	ശ്രീരാമനാൽ	അചിരേണ	വേഗത്തിൽ
ഏവം	മേൽപ്രകാരം	ചകാര.	നിർമ്മിച്ചു.

പർണ്ണശാലാം സുവിപുലാം തത്ര സംഘാതമൃത്തികാം
സുസ്തംഭാം മസ്കരൈർദീർഘൈഃ കൃതവംശാം സുശോഭനാം 22
ശമീശാഖാഭിരാസ്തീര്യ്യ ദൃഢപാശാവപാശിതാം
കുശകാശശരൈഃ പർണ്ണൈഃ സുപരിച്ഛാദിതാം തഥാ 23
സമീകൃതതലാം രമ്യാം ചകാര ലഘുവിക്രമഃ
നിവാസം രാഘവസ്യാർത്ഥേ പ്രേക്ഷണീയമനുത്തമം. 24

ലഘുവിക്രമഃ	നിഷ്പ്രയാസം എന്തുംചെയ്യാൻ സാമർത്ഥ്യമുള്ളവനായ ലക്ഷ്മണൻ	മസ്കരൈഃ	മുളകൾകൊണ്ടു്
		കൃതവംശാം	കൂട്ടിപ്പിണയ്ക്കപ്പെട്ടു്
		സുശോഭനാം	അതിമനോഹരമായും
രാഘവസ്യ അർത്ഥേ	ശ്രീരാഘവനു്	ശമീശാഖാഭിഃ	വഹ്നിമരക്കൊമ്പുകൾ
		ആസ്തീര്യ്യ	പരത്തപ്പെട്ടു് [കൊണ്ടു്
നിവാസം	വാസസ്ഥലമായി	ദൃഢപാശാവ-പാശിതാം	ഉറപ്പുള്ള വക്കകൾ കൊണ്ടു് ബന്ധിക്കപ്പെട്ടതായും,
സുവിപുലാം	വിശാലമായ		
പർണ്ണശാലാം	ഒരു പർണ്ണശാലയെ		
തത്ര	അവിടെ	കുശകാശ-ശരൈഃ	ദർഭപ്പുല്ലു്, വയ്ക്കോൽ, ഞാങ്ങണപ്പുല്ലു് എന്ന
സംഘാത-മൃത്തികാം	മൺചുവരോടുകൂടിയതായും	പർണ്ണൈഃ	ഇലകളാലും [വയാലും,
സുസ്തംഭാം	നല്ലതൂണുകളുള്ളതായും	സുപരിച്ഛാദിതാം,	നല്ലപോലെ ആച്ഛാദനം ചെയ്യപ്പെട്ടതായും,
ദീർഘൈഃ	നീളമുള്ള		

തഥാ	അപ്രകാരംതന്നെ	രമ്യാം	ഭംഗിയുള്ളതായും,
സമീകൃതതലാം,	നല്ലപോലെ നിരത്തപ്പെട്ട തറയോടുകൂടിയതായും,	അനുത്തമം	നിസ്തുല്യമായി
		പ്രേക്ഷണീയം	നേത്രാനന്ദകരമാം [വണ്ണം
		ചകാര.	നിർമ്മിച്ചു.

സ ഗത്വാ ലക്ഷ്മണഃ ശ്രീമാന്നദീം ഗോദാവരീം തദാ
സ്നാത്വാ പദ്മാനി ചാദായ സഫലഃ പുനരാഗതഃ. 25

സഃ	ആ	സ്നാത്വാ	സ്നാനംചെയ്ത്
ശ്രീമാൻ	ശ്രീമാനായ	സഫലഃ	പഴങ്ങളോടുംകൂടി,
ലക്ഷ്മണഃ	ലക്ഷ്മണൻ	പദ്മാനി ച	താമരപ്പൂക്കളും
തദാ	അപ്പോൾ	ആദായ	പറിച്ചെടുത്തുകൊണ്ട്,
ഗോദാവരീം നദീം	ഗോദാവരീനദിയിലേ[ക്ക്	പുനഃ	തിരിയെ
ഗത്വാ,	ചെന്ന്,	ആഗതഃ.	എത്തി.

തതഃ പുഷ്പബലിം കൃത്വാ ശാന്തിം ച സ യഥാവിധി
ദർശയാമാസ രാമായ തദാശ്രമപദം കൃതം. 26

തതഃ	അതിന്നുശേഷം	തദാ	അപ്പോൾ
സഃ	അദ്ദേഹം	കൃതം	നിർമ്മിച്ചതായ
യഥാവിധി	ശാസ്ത്രപ്രകാരംതന്നെ	ആശ്രമപദം	ആ ആശ്രമസ്ഥലത്തെ
പുഷ്പബലിം	പുഷ്പബലിയും	രാമായ	ശ്രീരാമന്ന്
ശാന്തിം ച	ശാന്തിയും	ദർശയാമാസ.	കാണിച്ചുകൊടുത്തു.
കൃത്വാ,	കഴിച്ച്,		

സ തം ദൃഷ്ട്വാ കൃതം സൌമ്യമാശ്രമം സഹ സീതയാ
രാഘവഃ പർണ്ണശാലായാം ഹർഷമാഹാരയത് പരം. 27

സഃ	ആ	ആശ്രമം	ആശ്രമത്തെ
രാഘവഃ	ശ്രീരാമൻ	ദൃഷ്ട്വാ,	കണ്ട്,
സീതയാ സഹ	സീതാദേവിയോടുംകൂടി	പർണ്ണശാലായാം	പർണ്ണശാലയുടെ സംഗ[തിയിൽ
സൌമ്യം	മനോഹരമാംവണ്ണം	പരം	അതിയായ
കൃതം	നിർമ്മിക്കപ്പെട്ട	ഹർഷം	സന്തോഷത്തെ
തം	ആ	ആഹാരയത്.	കയ്ക്കൊണ്ടു.

സ സംഹൃഷ്ടഃ പരിഷ്വജ്യ ബാഹുഭ്യാം ലക്ഷ്മണം തദാ
അതിസ്നിഗ്ദ്ധം ച ഗാഢം ച വചനം ചേദമബ്രവീത്. 28

സഃ	അദ്ദേഹം	അതിസ്നിഗ്ദ്ധം ച	ആദരവോടുംകൂടി
തദാ	ആ സമയം	ഗാഢം ച	ഗാഢമായി
സംഹൃഷ്ടഃ	ഉള്ളംകുളിർത്തവനായി	പരിഷ്വജ്യ	ആശ്ലേഷിച്ച്
ബാഹുഭ്യാം	ഇരുകൈകളാലും	ഇദം വചനം ച	ഇപ്രകാരം വാക്യത്തെ
ലക്ഷ്മണം	ലക്ഷ്മണനെ	അബ്രവീത്.	അരുളിച്ചെയ്തു.

പ്രീതോഽസ്മി തേ മഹത് കർമ്മ ത്വയാ കൃതമരിന്ദമ
പ്രദേയോ യന്നിമിത്തം തേ പരിഷ്വംഗോ മയാ കൃതഃ. 29

"അരിന്ദമ!	"ശത്രുനാശന!	മഹത്;	പ്രശംസിക്കത്തക്കതു
തേ	നിന്റെ സംഗതിയിൽ	യന്നിമിത്തം	അതിന്നായി [തന്നെ;
അസ്മി	ഞാൻ	തേ	നിനക്ക്
പ്രീതഃ;	പരിതുഷ്ടനായിരിക്കു	മയാ കൃതഃ	എന്നാൽ ചെയ്യപ്പെട്ട
ത്വയാ	നിന്നാൽ ന്നു;	പരിഷ്വംഗഃ	ആലിംഗനംമാത്രമാണ്
കൃതം	ചെയ്യപ്പെട്ട	പ്രദേയഃ.	പകരം തരുവാനുള്ള
കർമ്മ	കൃത്യം		ബഹുമതി.

ഭാവജ്ഞേന കൃതജ്ഞേന ധർമ്മജ്ഞേന ച ലക്ഷ്മണ
ത്വയാ പുത്രേണ ധർമ്മാത്മാ ന സംവൃത്തഃ പിതാ മമ. 30

"ലക്ഷ്മണ!	"ലക്ഷ്മണ!	ത്വയാ ച,	നിന്നാൽതന്നെയാണ്,
ധർമ്മജ്ഞേന	ധർമ്മങ്ങളെ അറിഞ്ഞു്	മമ	എന്റെ
കൃതജ്ഞേന	ധർമ്മനിഷ്ഠനായി,	ധർമ്മാത്മാ	ധർമ്മാത്മാവായ
ഭാവജ്ഞേന	ഇംഗിതജ്ഞനായി	പിതാ	അച്ഛൻതിരുമേനി
പുത്രേണ	പുത്രനായ	ന സംവൃത്തഃ."	തീപ്പെടാതിരുന്നതു്."

[ദശരഥമഹാരാജാവിന്റെ ഇംഗിതത്തെ അറിഞ്ഞ്, ജ്യേഷ്ഠാനുവർത്തനധർമ്മത്തെ അനുഷ്ഠിച്ച്, എന്റെ കൂടെ നീ വന്നതുകൊണ്ടുതന്നെയാണ്, അദ്ദേഹം പെട്ടെന്ന് മരിച്ചുപോകാതിരുന്നത്..]

ഏവം ലക്ഷ്മണമുക്ത്വാ തു രാഘവോ ലക്ഷ്മിവർദ്ധനഃ
തസ്മിൻ ദേശേ ബഹുഫലേ ന്യവസത് സുസുഖം സുഖീ. 31

ലക്ഷ്മിവർദ്ധനഃ	ശ്രീവൃദ്ധികരനായ	ബഹുഫലേ	ബഹുപ്രയോജനങ്ങളു
രാഘവഃ,	ശ്രീരാഘവൻ,	തസ്മിൻ	ആ [ള്ളതായ
ഏവം	മേൽപ്രകാരം	ദേശേ	പ്രദേശത്തിൽ
ലക്ഷ്മണം	ലക്ഷ്മണനോട്	സുഖീ	സംതൃപ്തിയോടെ
ഉക്ത്വാ തു	അരുളിച്ചെയ്തശേഷം	സുസുഖം	സുഖമാംവണ്ണം
		ന്യവസത്.	വസിച്ചു.

കഞ്ചിത് കാലം സ ധർമ്മാത്മാ സീതയാ ലക്ഷ്മണേന ച
അന്വാസ്യമാനോ ന്യവസത് സ്വർഗ്ഗലോകേ യഥാഽമരഃ. 32

ധർമ്മാത്മാ	ധർമ്മാത്മാവായ	സ്വർഗ്ഗലോകേ	സ്വർഗ്ഗലോകത്തിൽ
സഃ	അദ്ദേഹം	അമരഃ യഥാ	ഇന്ദ്രനെന്നവിധം
സീതയാ	സീതാദേവിയാലും	കഞ്ചിത് കാലം	കുറേക്കാലം
ലക്ഷ്മണേന ച	ലക്ഷ്മണനാലും [നായി,		
അന്വാസ്യമാനഃ	ശുശ്രൂഷിക്കപ്പെട്ടവ-	ന്യവസത്.	വാസംചെയ്തു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
പഞ്ചദശഃ സർഗ്ഗഃ = പതിനഞ്ചാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 7254; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 542.

ഷോഡശഃ സർഗ്ഗഃ = പതിനാറാംസർഗ്ഗം.

[ഹേമന്തർത്തുവർണ്ണനം = ഹേമന്തഋതുവർണ്ണന.]

വസതസ്തസ്യ തു സുഖം രാഘവസ്യ മഹാത്മനഃ
ശരദ്വ്യപായേ ഹേമന്ത ഋതുരിഷ്ടഃ പ്രവർത്തതേ. 1

മഹാത്മനഃ	മഹാത്മാവായ	ശരദ്വ്യപായേ	ശരത്കാലം കഴിഞ്ഞ്
തസ്യ	ആ	ഇഷ്ടഃ	പ്രിയമായ
രാഘവസ്യ	ശ്രീരാഘവൻ	ഹേമന്തഃ ഋതുഃ	ഹേമന്ത ഋതു
സുഖം	സുഖമാംവണ്ണം [കെ,	പ്രവർത്തതേ.	ആരംഭിക്കയായി.
വസതഃ തു,	വസിച്ചുകൊണ്ടിരി-		

സ കദാചിത് പ്രഭാതായാം ശർവ്വര്യാം രഘുനന്ദനഃ
പ്രയയാവഭിഷേകാർത്ഥം രമ്യാം ഗോദാവരീം നദീം. 2

സഃ	ആ	അഭിഷേകാർത്ഥം	സ്നാനത്തിന്നായി
രഘുനന്ദനഃ,	രഘുകുലനായകൻ,	രമ്യാം	രമണീയമായ
കദാചിത്	ഒരു ദിവസം	ഗോദാവരീം നദീം	ഗോദാവരീനദിയിലേക്ക്
ശർവ്വര്യാം	രാത്രികഴിഞ്ഞ്		
പ്രഭാതായാം,	പ്രഭാതമായപ്പോൾ,	പ്രയയൌ.	എഴുന്നെള്ളി.

പ്രഹ്വഃ കലശഹസ്തസ്തം സീതയാ സഹ വീര്യവാൻ
പൃഷ്ഠതോഽനുവ്രജൻ ഭ്രാതാ സൌമിത്രിരിദമബ്രവീത്. 3

ഭ്രാതാ	അനുജനും	തം	അദ്ദേഹത്തെ
വീര്യവാൻ	വീര്യശാലിയുമായ	പൃഷ്ഠതഃ	പിൻതുടർന്ന്
സൌമിത്രിഃ,	ലക്ഷ്മണൻ,	സീതയാ സഹ	സീതാദേവിയോടുംകൂടി
പ്രഹ്വഃ	വിനീതനായി	അനുവ്രജൻ	ചെന്നുകൊണ്ട്
കലശഹസ്തഃ	കയ്യിൽ കുടവുമെടുത്തു	ഇദം	ഇപ്രകാരം
	കൊണ്ട്	അബ്രവീത്.	ഉണർത്തിച്ചു.

അയം സ കാലഃ സംപ്രാപ്തഃ പ്രിയോ യസ്തേ പ്രിയംവദ
അലംകൃത ഇവാഭാതി യേന സംവത്സരഃ ശുഭഃ. 4

"പ്രിയംവദ!	"പ്രിയഭാഷിൻ!	ശുഭഃ	മനോഹരമായി
യഃ	യാതൊരു	അലംകൃതഃ ഇവ	അലങ്കരിക്കപ്പെട്ടതു
കാലഃ	കാലമാണൊ		പോലെ
തേ	നിന്തിരുവടിക്ക്	ആഭാതി,	വിലസുന്നത്,
പ്രിയഃ,	പ്രിയമായത്,	സഃ	ആയത്
യേന	യാതൊന്നിനാലാണൊ	അയം	ഇതാ
സംവത്സരഃ	സംവത്സരം	സംപ്രാപ്തഃ.	എത്തിയിരിക്കുന്നു.

നീഹാരപരുഷോ ലോകഃ പൃഥിവീ സസ്യമാലിനീ
ജലാന്യനുപഭോഗ്യാനി സുഭഗോ ഹവ്യവാഹനഃ. 5

"ലോകഃ	"ലോകം
നീഹാരപരുഷോ;	മഞ്ഞുകൊണ്ടു് കഷ്ടപ്പെടുന്നു;
പൃഥിവീ	ഭൂമി
സസ്യമാലിനീ;	ധാരാളം സസ്യങ്ങളോടുകൂടിയതായിരിക്കുന്നു;
ജലാനി	തീൎത്ഥങ്ങൾ
അനുപഭോഗ്യാനി;	തൊട്ടുവാൻകൂടി പാടില്ലാത്തവയായിരിക്കുന്നു;
ഹവ്യവാഹനഃ	തീ
സുഭഗഃ.	വളരെ സുഖകരമായുമിരിക്കുന്നു.

നവാഗ്രയണപൂജാഭിരഭ്യൎച്യ പിതൃദേവതാഃ
കൃതാഗ്രയണകാഃ കാലേ സന്തോ വിഗതകല്മഷാഃ. 6

"സന്തഃ,	"മഹാജനങ്ങൾ,
പിതൃദേവതാഃ	പിതൃദേവതകളെ,
നവാഗ്രയണപൂജാഭിഃ	പുതിയതായ ആഗ്രയണംഎന്നപൂജകളാൽ
അഭ്യൎച്യ,	പൂജിച്ചു്,
കാലേ	തക്കസമയത്തിൽ
കൃതാഗ്രയണകാഃ,	ആഗ്രയണ പൂജകളെ സമാപ്തിചെയ്തവരായി,
വിഗതകല്മഷാഃ.	പാപം നീങ്ങിയവരായിക്കുന്നു.

["ആഗ്രയണം" എന്നതു് പുതിയതായി കൊയ്തെടുത്ത ധാന്യത്തെ ഭുജിക്കുന്നതിന്നു മുമ്പു ചെയ്യേണ്ടതായ കൃത്യമാകുന്നു. "നാനിഷ്ട്വാഗ്രയണേ നാഹിതാഗ്നിൎന്നവസ്യ ധാന്യസ്യാശ്നീയാദ്വ്രീഹീണാം യവാനാം ശ്യാമാകാനാമഗ്രേ പാകസ്യ യജേത." എന്നു ആപസ്തംബൻ.]

പ്രാജ്യകാമാ ജനപദാഃ സംപന്നതരഗോരസാഃ
വിചരന്തി മഹീപാലാ യാത്രാസ്ഥാ വിജിഗീഷവഃ. 7

"ജനപദാഃ	"ജനങ്ങൾ
സംപന്നതരഗോരസാഃ	തയിർ, പാൽ എന്നവ വേണ്ടുവോളം ഉള്ളവരായി
പ്രാജ്യകാമാഃ;	അഭീഷ്ടസിദ്ധിയാൎന്നവരായിരിക്കുന്നു;
വിജിഗീഷവഃ	ജയകാംക്ഷികളായ
മഹീപാലാഃ,	രാജാക്കന്മാർ,
യാത്രാസ്ഥാഃ	യാത്രചെയ്യുന്നവരായി
വിചരന്തി.	പുറത്തു സഞ്ചരിക്കുന്നു.

സേവമാനേ ദൃഢം സൂൎയ്യേ ദിശമന്തകസേവിതാം
വിഹീനതിലകേവ സ്ത്രീ നോത്തരാ ദിക് പ്രകാശതേ. 8

"അന്തകസേവിതാം	"അന്തകനാലാശ്രയിക്കപ്പെട്ട
ദിശം	തെക്കെദിക്കിനെ,
സൂൎയ്യേ	സൂൎയ്യൻ
ദൃഢം	പരിപൂൎണ്ണമായി
സേവമാനേ,	പ്രാപിച്ചിരിക്കെ,
ഉത്തരാ	വടക്കെ
ദിക്,	ദിക്കു്,
വിഹീനതിലകാ	നെററിയിൽ തിലകമില്ലാത്ത
സ്ത്രീ ഇവ,	സ്ത്രീ പോലെ,
പ്രകാശതേ ന.	ശോഭയററിരിക്കുന്നു.

പ്രകൃത്യാ ഹിമകോശാഢ്യോ ദൂരസൂര്യശ്ച സാംപ്രതം
യഥാർത്ഥനാമാ സുവ്യക്തം ഹിമവാൻ ഹിമവാൻ ഗിരിഃ. 9

"പ്രകൃത്യാ	"സ്വാഭാവികമായിത്തന്നെ
ഹിമകോശാഢ്യഃ	മഞ്ഞുകട്ടകൊണ്ടു മൂടപ്പെട്ട
ഹിമവാൻ,	ഹിമാചലപർവ്വതം,
സാംപ്രതം	ഇപ്പോൾ
ദൂരസൂര്യഃ ച	ദൂരത്തിൽ സൂര്യനോടുകൂടിയതായ്
ഹിമവാൻഗിരിഃ	മഞ്ഞുമാമല എന്ന
യഥാർത്ഥനാമാ	യഥാർത്ഥനാമത്തോടുകൂടിയതായി
സുവ്യക്തം.	വിളങ്ങുന്നു.

അത്യന്തസുഖസംചാരാ മധ്യാഹ്നേ സ്പർശതഃ സുഖാഃ
ദിവസാഃ സുഭഗാദിത്യാശ്ഛായാസലിലദുർഭഗാഃ. 10

"ദിവസാഃ	"പകലുകൾ
മധ്യാഹ്നേ	മധ്യാഹ്നസമയത്തിൽ
സ്പർശതഃ	സ്പർശിക്കുന്നതിൽ
സുഖാഃ	സുഖത്തെത്തരുന്നവയായി,
അത്യന്തസുഖസംചാരാഃ;	സഞ്ചാരത്തിന്നു വളരെ സുഖപ്രദങ്ങളായും
സുഭഗാദിത്യാഃ	അതിസൌമ്യതയാർന്ന സൂര്യനോടുകൂടിയവയായും
ഛായാസലിലദുർഭഗാഃ	നിഴലിനേയും വെള്ളത്തേയും വെറുപ്പിക്കത്തക്കവയായുമിരിക്കുന്നു.

മൃദുസൂര്യാഃ സനീഹാരാഃ പടുശീതാഃ സമാരുതാഃ
ശൂന്യാരണ്യാ ഹിമധ്വസ്താ ദിവസാ ഭാന്തി സാംപ്രതം. 11

"സാംപ്രതം	"ഇപ്പോൾ
ദിവസാഃ,	പകലുകൾ
മൃദുസൂര്യാഃ,	ഉഗ്രതയില്ലാത്ത സൂര്യനോടുകൂടിയവയായി,
സനീഹാരാഃ,	മഞ്ഞുള്ളവയായി,
പടുശീതാഃ,	വളരെ ശൈത്യമുള്ളവയായി,
സമാരുതാഃ,	കാററുവീശുന്നവയായി
ഹിമധ്വസ്താഃ	മൂടൽമഞ്ഞുകൊണ്ടു മൂടപ്പെട്ടവയായ
ശൂന്യാരണ്യാഃ	മനുഷ്യസഞ്ചാരമററ കാട്ടുകളോടുകൂടിയവയായി
ഭാന്തി.	ഇരിക്കുന്നു.

നിവൃത്താകാശശയനാഃ പുഷ്യനീതാ ഹിമാരുണാഃ
ശീതാ വൃദ്ധതരായാമാസ്ത്രിയാമാ യാന്തി സാംപ്രതം. 12

"സാംപ്രതം	"ഇപ്പോൾ
ത്രിയാമാഃ	രാത്രികാലങ്ങൾ
നിവൃത്താകാശശയനാഃ,	പുറത്തു ശയിപ്പാൻ കഴിയപ്പെടാത്തവയായി,
ഹിമാരുണാഃ	മഞ്ഞുകൊണ്ടു പ്രഭ മങ്ങിപ്പോയ
പുഷ്യനീതാഃ,	പുഷ്യമാസത്തിലെ ചന്ദ്രനോടുകൂടിയവയായി,
ശീതാഃ	അതിശൈത്യമുള്ളവയായി
വൃദ്ധതരായാമാഃ	വളരെ ദീർഘിച്ച യാമങ്ങളോടുകൂടിയവയായി
യാന്തി.	കഴിയുന്നു.

രവിസംക്രാന്തസൌഭാഗ്യസ്തുഷാരാരുണമണ്ഡലഃ
നിഃശ്വാസാന്ധ ഇവാദർശശ്ചന്ദ്രമാ ന പ്രകാശതേ. 13

"ചന്ദ്രമാഃ	"ചന്ദ്രൻ
രവിസംക്രാന്തസൌഭാഗ്യഃ	സൂര്യങ്കൽ പോയ്ച്ചേന്ന പ്രകാശത്തോടു കൂടിയവനായി,
തുഷാരാരുണമണ്ഡലഃ	മഞ്ഞുകൊണ്ടു മങ്ങിയ മണ്ഡലത്തോടുകൂടിയവനായി,
നിശ്വാസാന്ധഃ	നിശ്വാസവായുവിനാൽ മങ്ങിയ
ആദർശഃ ഇവ	കണ്ണാടി എന്നപോലെ
പ്രകാശതേ ന.	ശോഭയററതായിരിക്കുന്നു.

ജ്യോത്സ്നാ തുഷാരമലിനാ പൌർണ്ണമാസ്യാം ന രാജതേ
സീതേവ ചാതപശ്യാമാ ലക്ഷ്യതേ ന തു ശോഭതേ. 14

"ജ്യോത്സ്നാ,	"നിലാവ്,
തുഷാരമലിനാ	മഞ്ഞുകൊണ്ടു മങ്ങിയതായി
പൌർണ്ണമാസ്യാം ച	വെളുത്തവാവിൽകൂടി
രാജതേ ന;	പ്രകാശിക്കുന്നില്ല;
ആതപശ്യാമാ	വെയിൽകൊണ്ടു നിറം മങ്ങിയവളായ
സീതാ ഇവ	സീതാദേവിയെന്നപോലെ
ലക്ഷ്യതേ തു,	കാണപ്പെടുന്നതല്ലാതെ
ശോഭതേ ന.	ശോഭിക്കുന്നില്ല.

പ്രകൃത്യാ ശീതളസ്പർശോ ഹിമവിദ്ധശ്ച സാംപ്രതം
പ്രവാതി പശ്ചിമോ വായുഃ കാലേ ദ്വിഗുണശീതളഃ. 15

"പ്രകൃത്യാ ശീതളസ്പർശഃ	"സ്വഭാവികമായ്ത്തന്നെ തണുപ്പുള്ളതായ
പശ്ചിമഃ	പടിഞ്ഞാറൻ
വായുഃ,	കാററ്,
സാംപ്രതം	ഇപ്പോൾ
ഹിമവിദ്ധഃ ച	മഞ്ഞോടുകൂടിയതായ്,
ദ്വിഗുണശീതളഃ	ഇരുമടങ്ങ് ശൈത്യമുള്ളതായി,
കാലേ	രാവിലത്തെസമയം
പ്രവാതി.	വീശുന്നു.

[പ്രകൃത്യാ ദയാവാനായി, ദേവപ്രാർത്ഥനകൊണ്ടു കാരുണ്യം വർദ്ധിച്ചവനായി, പിന്നെയും മുനികളുടെ ആശ്രമത്തിൽ ദ്വിഗുണിതമായ കരുണയോടുകൂടിയ ഭഗവാന്റെ വ്യാപാരം ഇതിൽ സൂചിപ്പിക്കപ്പെടുന്നു. ഗോ. രാ.]

ബാഷ്പച്ഛന്നാന്യരണ്യാനി യവഗോധൂമവന്തി ച
ശോഭന്തേഽഭ്യുദിതേ സൂര്യേ നദദ്ഭിഃ ക്രൌഞ്ചസാരസൈഃ. 16

"യവഗോധൂമവന്തി	"യവം, ഗോതമ്പ്, എന്നവയോടുകൂടിയവയും
ബാഷ്പച്ഛന്നാനി ച	മൂടൽമഞ്ഞിനാൽ മൂടപ്പെട്ടവയും ആയ
അരണ്യാനി,	കാടുകൾ,
സൂര്യേ	സൂര്യൻ
അഭ്യുദിതേ,	ഉദിച്ചുയരെ,
നദദ്ഭിഃ	കൂകുന്ന
ക്രൌഞ്ചസാരസൈഃ	ക്രൌഞ്ചം, സാരസം എന്ന പക്ഷികളാൽ
ശോഭന്തേ.	ശോഭിക്കുന്നു.

[ഇതിൽ രാമസമാഗമത്തിന്നു ശേഷമുള്ള ആശ്രമസമൃദ്ധി സൂചിപ്പിക്കപ്പെടുന്നു. ബാഷ്പം, ശ്രീരാമകാരുണ്യത്തേയും യവം മുതലായവ തപഃസമൃദ്ധിയേയും 'നദദ്ഭിഃ' എന്നത് വേദഘോഷത്തേയും വിവക്ഷിക്കുന്നു. ഗോ. രാ.]

ഖർജ്ജൂരപുഷ്പാകൃതിഭിഃ ശിരോഭിഃ പൂർണ്ണതണ്ഡുലൈഃ
ശോഭന്തേ കിഞ്ചിദാനമ്രാഃ ശാലയഃ കനകപ്രഭാഃ. 17

"ശാലയഃ,	"നെല്ലുകൾ,	ശിരോഭിഃ,	കതിരുകളാന്നവയായി,
ഖർജ്ജൂരപുഷ്പാകൃതിഭിഃ	ഈന്തയുടെ പൂക്കളുടെ ആകൃതിയോടുകൂടിയവയും	കനകപ്രഭാഃ,	പൊന്നിൻ നിറത്തോടുകൂടിയവയായി,
പൂർണ്ണതണ്ഡുലൈഃ	വിളഞ്ഞനെന്മണികളോടുകൂടിയവയുമായ	കിഞ്ചിത്	അല്പം
		ആനമ്രാഃ	വളഞ്ഞവയായി
		ശോഭന്തേ.	വിലസുന്നു.

നിമഗ്നാഃ കർണ്ണികാഗ്രേഷു ശൂകൈഃ കനകപിംഗളൈഃ
ഗന്ധാൻ കേദാരപദ്മാനാം ജിഘ്രന്തി വനശാലയഃ. 18

"വനശാലയഃ	"വെള്ളത്തിൽ വിളയുന്ന നെല്ലുകൾ	നിമഗ്നാഃ,	പതിഞ്ഞുകിടക്കുന്നവയായി,
കനകപിംഗളൈഃ	പൊൻനിറം കലന്ന	കേദാരപദ്മാനാം	കോൾവയലുകളിലുള്ള താമരകളുടെ
ശൂകൈഃ	നെന്മണികളുടെ അഗ്രങ്ങൾകൊണ്ടു്	ഗന്ധാൻ	സുഗന്ധങ്ങളെ
കർണ്ണികാഗ്രേഷു	കേസരങ്ങളിൽ	ജിഘ്രന്തി.	മുകരുന്നു.

മയൂഖൈരുപസർപ്പദ്ഭിർഹിമനീഹാരസംവൃതൈഃ
ദൂരമഭ്യുദിതഃ സൂര്യഃ ശശാങ്ക ഇവ ലക്ഷ്യതേ. 19

"അഭ്യുദിതഃ	"ഉദിച്ചുയരുന്ന	ഉപസർപ്പദ്ഭിഃ	ചിന്നിച്ചിതറുന്ന
സൂര്യഃ	സൂര്യൻ	മയൂഖൈഃ,	രശ്മികളെക്കൊണ്ടു്,
ഹിമനീഹാരസംവൃതൈഃ	മഞ്ഞു്, മൂടൽമഞ്ഞ് എന്നവയാൽ മറയ്ക്കപ്പെട്ട	ദൂരം,	ദൂരത്തിൽ,
		ശശാങ്കം ഇവ	ചന്ദ്രനെന്നപോലെ
		ലക്ഷ്യതേ.	കാണപ്പെടുന്നു.

[അനേകകാലത്തെ സമാഗമംകൊണ്ടും, രാക്ഷസന്മാരാൽ അഭിഭൂതമായ തേജസ്സോടുകൂടിയവനായി, മൂഢമനസ്കനായി ഇനിയും ശ്രീരാമൻ വർത്തിക്കേണ്ടതില്ലെന്നു ദ്യോതനം. ഗോ. രാ.]

അഗ്രാഹ്യവീര്യഃ പൂർവ്വാഹ്ണേ മദ്ധ്യാഹ്നേ സ്പർശതഃ സുഖഃ
സംരക്തഃ കിഞ്ചിദാപാണ്ഡുരാതപഃ ശോഭതേ ക്ഷിതൌ. 20

"ആതപഃ	"വെയിൽ	അഗ്രാഹ്യവീര്യഃ,	ചൂടററതായും,
ക്ഷിതൌ	ഭൂമിയിൽ	മദ്ധ്യാഹ്നേ	നട്ടുച്ചയിൽ
കിഞ്ചിത്	അല്പം	സ്പർശതഃ	എല്ലാൻ
ആപാണ്ഡുഃ	വെളുത്തതായും	സുഖഃ	സുഖമുള്ളതായും
സംരക്തഃ,	ചുവന്നതായും,	ശോഭതേ.	വിളങ്ങുന്നു.
പൂർവ്വാഹ്ണേ	കാലത്തു്		

അവശ്യായനിപാതേന കിംചിത് പ്രക്ലിന്നശാദ്വലാ
വനാനാം ശോഭതേ ഭൂമിർന്നിവിഷ്ടതരുണാതപാ. 21

"വനാനാം ഭൂമിഃ	"വനഭൂമി	പ്രക്ലിന്ന-ശാദ്വലാ	നനഞ്ഞ പുല്ലുകളോടു കൂടിയതായി
അവശ്യായ-നിപാതേന	മഞ്ഞുവീണതിനാൽ	നിവിഷ്ട-തരുണാതപാ	ഇളംവെയിൽതട്ടി
കിംചിത്	അല്പം	ശോഭതേ.	പ്രകാശിക്കുന്നു.

[ഇതിൽ രാക്ഷസന്മാരുടെ ആക്രമണംകൊണ്ടുള്ള മുനിമാരുടെ കണ്ണുനീരും, ശ്രീരാമന്റെ കൃപാപ്രവൃത്തിയും സൂചന. ഗോ. രാ.]

സംസ്പൃശൻ വിപുലം ശീതമുദകം ദ്വിരദഃ സുഖം
അത്യർത്ഥം തൃഷിതോ വന്യഃ പ്രതിസംഹരതേ കരം. 22

"വന്യഃ ദ്വിരദഃ	"കാട്ടാന	സുഖം	സന്തോഷത്തോടെ
അത്യർത്ഥം	വളരെ	സംസ്പൃശൻ,	സ്പർശിച്ചു,
തൃഷിതഃ,	ദാഹത്തോടുകൂടിയതായി,	കരം	തുമ്പിക്കൈ
വിപുലം	നല്ല	പ്രതി-സംഹരതേ.	പിന്നോട്ടു വലിച്ചുകളയുന്നു.
ശീതം ഉദകം	തണുപ്പുള്ളതായ വെള്ളത്തെ		

[ഇതിൽ ഇന്ദ്രന്റെ രാജ്യഭോഗാഭിലാഷവും, അതിലുള്ള ഭയവും ദ്യോതനം. ഗോ. രാ.]

ഏതേ ഹി സമുപാസീനാ വിഹഗാ ജലചാരിണഃ
ന വിഗാഹന്തി സലിലമപ്രഗത്ഭാ ഇവാഹവം. 23

"ഏതേ	"ഈ	അപ്രഗത്ഭാഃ	ഭീരുക്കൾ
ജലചാരിണഃ	ജലചരങ്ങളായ	ആഹവം ഇവ,	യുദ്ധത്തിൽ എന്നപോലെ,
വിഹഗാഃ,	പക്ഷികൾ,	സലിലം	വെള്ളത്തിൽ
സമുപാ-സീനാഃ ഹി,	അടുക്കൽ (മാത്രം) ഇരിക്കുന്നവയായി	വിഗാഹന്തി ന.	പ്രവേശിക്കുന്നതേയില്ല.

[ഇതിൽ മുനിമാരുടെ സമാധിഭംഗം ദ്യോതനം. ഗോ. രാ.]

അവശ്യായതമോനദ്ധാ നീഹാരതമസാ വൃതാഃ
പ്രസുപ്താ ഇവ ലക്ഷ്യന്തേ വിപുഷ്പാ വനരാജയഃ. 24

"വനരാജയഃ	"വൃക്ഷങ്ങൾ	വൃതാഃ,	മൂടപ്പെട്ടവയായും,
അവശ്യായ-തമോനദ്ധാഃ,	മഞ്ഞാകുന്ന ബോധക്ഷയത്താൽ തളർന്നവയായും,	വിപുഷ്പാഃ,	പൂക്കളില്ലാത്തവയായി,
നീഹാരതമസാ	മൂടൽമഞ്ഞാകുന്ന അന്ധകാരത്താൽ	പ്രസുപ്താഃ	ഉറങ്ങുന്നവ
		ഇവ	എന്നപോലെ
		ലക്ഷ്യന്തേ.	കാണപ്പെടുന്നു.

[ഇതിൽ ധ്യാനസമയത്തിൽ ദേഹം മൂടിയിരിക്കുന്ന വസ്ത്രവും, നിമീലിതമായ നേത്രങ്ങളും, അവശതയും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. ഗോ. രാ.]

ബാഷ്പസംഛന്നസലിലാ രുതവിജ്ഞേയസാരസാഃ
ഹിമാർദ്രവാലുകൈസ്തീരൈഃ സരിതോ ഭാന്തി സാമ്പ്രതം. 25

" സരിതഃ	" നദികൾ
സാമ്പ്രതം	ഇപ്പോൾ
ബാഷ്പ-സംഛന്ന-സലിലാഃ	മഞ്ഞുകൊണ്ടു മൂടപ്പെട്ട ജലത്തോടുകൂടിയവയായി,
രുതവിജ്ഞേയ-സാരസാഃ	ശബ്ദംകൊണ്ടുമാത്രം അറിയപ്പെടേണ്ടവയായ കുളക്കോഴികളോടുകൂടിയവയായി
ഹിമാർദ്ര-വാലുകൈഃ തീരൈഃ	മഞ്ഞുകൊണ്ടു നനഞ്ഞ മണലുള്ള കരകളോടുകൂടിയവ [യായി
ഭാന്തി.	വിലസുന്നു.

[ഇതിലും ഋഷിജനങ്ങളുടെ ദൈന്യത വിവക്ഷിക്കപ്പെട്ടിരിക്കുന്നു. ഗോ. രാ.]

തുഷാരപതനാച്ചൈവ മൃദുത്വാദ്ഭാസ്കരസ്യ ച
ശൈത്യാദഗാഗ്രസ്ഥമപി പ്രായേണ രസവജ്ജലം. 26

" അഗാഗ്രസ്ഥം	"പാറയിലുള്ള
ജലം അപി,	വെള്ളവും,
തുഷാര-പതനാത് ച,	മഞ്ഞുവീഴുന്നതിനാലും,
ഭാസ്കരസ്യ	സൂര്യന്റെ
മൃദുത്വാത് ച	ചൂടില്ലായ്മയാലും,
ശൈത്യാത് ഏവ	ശൈത്യത്താലും,
പ്രായേണ രസവത്.	മിക്കവാറും വിഷംപോലെയിരിക്കുന്നു.

[ഇതിൽ, രാക്ഷസരുടെ കോപംകൊണ്ടും, ശ്രീരാമന്റെ യത്നമില്ലായ്മകൊണ്ടും ഉള്ള മുനികളുടെ ദുഃഖം വിവക്ഷ. ഗോ. രാ.]

ജരാജർജ്ജരിതൈഃ പർണ്ണൈഃ ശീർണ്ണകേസരകർണ്ണികൈഃ
നാളശേഷൈർഹിമധ്വസ്തൈർന്ന ഭാന്തി കമലാകരാഃ. 27

" കമലാകരാഃ	" താമരപ്പൊയ്കകൾ
ജരാജർജ്ജരി-തൈഃ	ഏറെനാളായി പഴകിയ
പർണ്ണൈഃ	ഇലകളെക്കൊണ്ടും,
ശീർണ്ണകേസര-കർണ്ണികൈഃ	ഉതിർന്നുപോയ അല്ലികളെക്കൊണ്ടും കായ്കളെക്കൊണ്ടും
ഹിമധ്വസ്തൈഃ	മഞ്ഞുകൊണ്ടു ചീഞ്ഞുപോയ
നാളശേഷൈഃ	പൂവില്ലാത്ത താമരവളയങ്ങളെക്കൊണ്ടും
ന ഭാന്തി.	ശോഭയററവയായിരിക്കുന്നു.

അസ്മിംസ്തു പുരുഷവ്യാഘ്രഃ കാലേ ദുഃഖസമന്വിതഃ
തപശ്ചരതി ധർമ്മാത്മാ ത്വദ്ഭക്ത്യാ ഭരതഃ പുരേ. 28

" പുരുഷവ്യാഘ്രഃ	" പുരുഷോത്തമനായ
ഭരതഃ തു	ഭരതനും
പുരേ	പട്ടണത്തിൽ
അസ്മിൻ കാലേ	ഇക്കാലം
ദുഃഖസമന്വിതഃ,	ദുഃഖിച്ചുകൊണ്ടിരിക്കുന്നവനായി
ത്വദ്ഭക്ത്യാ	നിന്തിരുവടിയിങ്കലുള്ള ഭക്തിയോടുംകൂടി
ധർമ്മാത്മാ	ധർമ്മമാർഗ്ഗത്തെത്തന്നെ അനുഷ്ഠിക്കുന്നവനായി
തപഃ ചരതി.	തപസ്സുചെയ്യുന്നു.

ത്യക്ത്വാ രാജ്യം ച മാനം ച ഭോഗാംശ്ച വിവിധാൻ ബഹൂൻ
തപസ്വീ നിയതാഹാരഃ ശേതേ ശീതേ മഹീതലേ. 29

“ ബഹൂൻ	“ അനേകം
വിവിധാൻ	വിവിധങ്ങളായ
ഭോഗാൻ ച	ഭോഗങ്ങളേയും
രാജ്യം ച	രാജ്യാധികാരത്തേയും
മാനം ച	പെരുമയേയും
ത്യക്ത്വാ,	ത്യജിച്ച്,
തപസ്വീ	തപസ്വിയായി
നിയതാഹാരഃ	നിയമമായ ആഹാരത്തോടുകൂടിയവനായി
ശീതേ	തണുപ്പുള്ളതായ
മഹീതലേ	നിലത്തിൽ
ശേതേ.	ശയിക്കുന്നു.

സോഽപി വേലാമിമാം നൂനമഭിഷേകാർത്ഥമുദ്യതഃ
വൃതഃ പ്രകൃതിഭിർന്നിത്യം പ്രയാതി സരയൂം നദീം. 30

“ സഃ അപി	“ അദ്ദേഹവും
ഇമാം വേലാം	ഈ സമയത്തിൽ
അഭിഷേകാർത്ഥം	സ്നാനത്തിന്നായി
ഉദ്യതഃ	എഴുന്നേററ്
പ്രകൃതിഭിഃ വൃതഃ	പരിവാരസമേതനായി
നിത്യം	ദിവസംതോറും
സരയൂം നദീം	സരയൂനദിക്ക്
പ്രയാതി നൂനം.	പോകയായിരിക്കും.

അത്യന്തസുഖസംവൃദ്ധഃ സുകുമാരോ ഹിമാർദ്ദിതഃ
കഥം ത്വപരരാത്രേഷു സരയൂമവഗാഹതേ. 31

“ അത്യന്തസുഖസംവൃദ്ധഃ	“ വളരെസുഖമായ്ത്തന്നെ വളർത്തപ്പെട്ടവനും
സുകുമാരഃ	മൃദുഗാത്രനുമായ അദ്ദേഹം,
ഹിമാർദ്ദിതഃ	മഞ്ഞുകൊണ്ടു പീഡിക്കപ്പെട്ടവനായി
അപരരാത്രേഷു തു	അതിരാവിലെത്തന്നേ
കഥം	എങ്ങിനെയാണ്
സരയൂം	സരയൂനദയിൽ
അവഗാഹതേ!	സ്നാനം ചെയ്യുന്നത്!

പദ്മപത്രേക്ഷണഃ ശ്യാമഃ ശ്രീമാൻ നിരുദരോ മഹാൻ
ധർമ്മജ്ഞഃ സത്യവാദീ ച ഹ്രീനിഷേധോ ജിതേന്ദ്രിയഃ. 32
പ്രിയാഭിഭാഷീ മധുരോ ദീർഘബാഹുരരിന്ദമഃ
സന്ത്യജ്യ വിവിധാൻ ഭോഗാനാർയ്യം സർവ്വാത്മനാ ശ്രിതഃ. 33

“ പദ്മപത്രേക്ഷണഃ,	“ സരസീരുഹേക്ഷണൻ,
ശ്യാമഃ,	ശ്യാമളവർണ്ണൻ,
ശ്രീമാൻ,	ശ്രീമാൻ,
നിരുദരഃ,	അല്പമായ കടിപ്രദേശമാർന്നവൻ,
മഹാൻ,	ആജാനുബാഹു,
ധർമ്മജ്ഞഃ,	ധർമ്മങ്ങളറിഞ്ഞവൻ,
സത്യവാദീ,	സത്യനിഷ്ഠൻ,
ഹ്രീനിഷേധഃ,	നിഷിദ്ധകർമ്മങ്ങൾ ചെയ്യാത്തവൻ,
ജിതേന്ദ്രിയഃ ച,	ഇന്ദ്രിയങ്ങളെ ജയിച്ചവൻ,

"പ്രിയാഭിഭാഷീ,	"പ്രിയമായി സംസാരിക്കുന്നവൻ,	വിവിധാൻ	പല
മധുരഃ,	പ്രിയമായി നടക്കുന്നവൻ,	ഭോഗാൻ	ഭോഗങ്ങളേയും
ദീൎഘബാഹുഃ,	നീണ്ടബാഹുക്കളാൎന്നവൻ,	സന്ത്യജ്യ,	പരിത്യജിച്ച്,
അരിന്ദമഃ,	ശത്രുനാശനൻ, ഇങ്ങിനെയെല്ലാമിരിക്കുന്ന അദ്ദേഹം	സൎവ്വാത്മനാ	ത്രിവിധകരണങ്ങളാലും
		ആൎയ്യം	ജ്യേഷ്ഠനെ
		ശ്രിതഃ.	ആശ്രയിച്ചവനായിരിക്കുന്നു.

ജിതഃ സ്വൎഗ്ഗസ്തവ ഭ്രാത്രാ ഭരതേന മഹാത്മനാ
വനസ്ഥമപി താപസ്യേ യസ്ത്വാമനുവിധീയതേ. 34

"യഃ	"യാതൊരുവൻ	തവ	അവിടുത്തെ
വനസ്ഥം അപി	വനത്തിൽ വസിക്കുന്നവനായ	ഭ്രാത്രാ	സഹോദരനും
ത്വാം	നിന്തിരുവടിയെ	മഹാത്മനാ	മഹാത്മാവുമായ
താപസ്യേ	തപോവിഷയത്തിൽ	ഭരതേന	ഭരതനാൽ
അനുവിധീയതേ,	അനുസരിക്കുന്നുവോ, അപ്രകാരമുള്ള	സ്വൎഗ്ഗഃ	സ്വൎഗ്ഗം എന്നതു്
		ജിതഃ.	സ്വാധീനമാക്കപ്പെട്ടു.

ന പിത്ര്യമനുവൎത്തന്തേ മാതൃകം ദ്വിപദാ ഇതി
ഖ്യാതോ ലോകപ്രവാദോഽയം ഭരതേനാന്യഥാകൃതഃ. 35

"'ദ്വിപദാഃ	"'മനുഷ്യർ	ഖ്യാതഃ	പ്രസിദ്ധമായ
മാതൃകം	മാതാവിന്റെ സ്വഭാവത്തെ	അയം	ഈ
അനുവൎത്തന്തേ,	അനുകരിക്കുന്നു,	ലോകപ്രവാദഃ	പഴമൊഴി
പിത്ര്യം ന'	പിതാവിന്റെ അല്ല,'	ഭരതേന	ഭരതനാൽ
ഇതി	എന്നുള്ള	അന്യഥാകൃതഃ.	അന്യഥാകരിക്കപ്പെട്ടു.

ഭൎത്താ ദശരഥോ യസ്യാഃ സാധുശ്ച ഭരതഃ സുതഃ
കഥം ന സാഽംബാ കൈകേയീ താദൃശീ ക്രൂരദൎശിനീ. 36

"യസ്യാഃ	"യാതൊരുവളുടെ	കൈകേയീ അംബാ	കൈകേയീമാതാവ്,
ഭൎത്താ	ഭൎത്താവ്		
ദശരഥഃ,	ദശരഥ ചക്രവൎത്തിയൊ,	കഥം ന	എന്തുകാരണത്താലാണ്
സുതഃ	പുത്രൻ	താദൃശീ	അപ്രകാരമുള്ള
സാധു ഭരതഃ ച	പരിശുദ്ധമൂൎത്തിയായ ഭരതനൊ,	ക്രൂരദൎശിനീ!"	ക്രൂരസ്വഭാവത്തോടുകൂടിയവളായി ഭവിച്ചതു്!"
സാ	ആ		

ഇത്യേവം ലക്ഷ്മണേ വാക്യം സ്നേഹാദ് ബ്രുവതി ധാൎമ്മികേ
പരിവാദം ജനന്യാസ്തമസഹൻ രാഘവോऽബ്രവീത്. 37

ധാൎമ്മികേ	ധാൎമ്മികനായ	ജനന്യാഃ	മാതാവിനെക്കുറിച്ചുള്ള
ലക്ഷ്മണേ	ലക്ഷ്മണൻ	തം പരിവാദം	ആ അപവാദമൊഴിയെ
സ്നേഹാത്	സ്നേഹത്താൽ	അസഹൻ	സഹിപ്പാൻ കഴിയാത്തവനായി
ഇതി ഏവം	മേൽപ്രകാരം		
ബ്രു.വതി,	പറയുമ്പോൾ,	വാക്യം അബ്രവീത്.	ഇപ്രകാരം അരുളിച്ചെയ്തു.
രാഘവഃ	ശ്രീരാഘവൻ		

ന തേऽംബാ മദ്ധ്യമാ താത ഗൎഹിതവ്യാ കഥംചന
താമേവേക്ഷ്വാകുനാഥസ്യ ഭരതസ്യ കഥാം കുരു. 38

"താത!	"ഉണ്ണി ലക്ഷ്മണ!	ഇക്ഷ്വാകുനാഥസ്യ	ഇക്ഷ്വാകു തിലകനായ
മദ്ധ്യമാ	പക്ഷപാതമില്ലാത്തവളായ		
അംബാ	ആ മാതാവ്	ഭരതസ്യ	ഭരതനെക്കുറിച്ചുള്ള
തേ കഥംച ന	നിന്നാൽ ഏതുവിധവും	താം കഥാം ഏവ	ആ വൎത്തമാനത്തെത്തന്നെ
ഗൎഹിതവ്യാ ന;	നിന്ദിക്കത്തക്കവളല്ല;	കുരു.	പറയുക.

നിശ്ചിതാऽപി ഹി മേ ബുദ്ധിൎവ്വനവാസേ ദൃഢവ്രതാ
ഭരതസ്നേഹസന്തപ്താ ബാലിശീക്രിയതേ പുനഃ. 39

"മേ ബുദ്ധിഃ	"എന്റെ ബുദ്ധി	ഭരതസ്നേഹസന്തപ്താ	ഭരതങ്കലുള്ള സ്നേഹത്താൽ ക്ഷോഭിച്ചതായി
വനവാസേ ഹി	വനവാസത്തിൽതന്നെ	പുനഃ	ഇപ്പോൾ
ദൃഢവ്രതാ	ദൃഢമായവ്രതത്തോടുകൂടിയതായി	ബാലിശീക്രിയതേ.	ചപലമായിരിക്കുന്നു.
നിശ്ചിതാ അപി	ഉറച്ചിരുന്നിട്ടും,		

സംസ്മരാമ്യസ്യ വാക്യാനി പ്രിയാണി മധുരാണി ച
ഹൃദ്യാന്യമൃതകല്പാനി മനഃപ്രഹ്ലാദനാനി ച. 40

"അസ്യ	"ഇവന്റെ	മനഃപ്രഹ്ലാദനാനി ച	ചിത്തത്തെ ആനന്ദിപ്പിക്കുന്നവയും ആയ
പ്രിയാണി	സ്നേഹയുക്തങ്ങളും,	വാക്യാനി	വാക്കുകളെ
മധുരാണി ച	മധുരവും,	സംസ്മരാമി.	ഞാൻ സ്മരിച്ചുകൊണ്ടുതന്നെയാണിരിക്കുന്നത്.
അമൃതകല്പാനി	അമൃതത്തിനൊത്തവയായി		
ഹൃദ്യാനി	മനോജ്ഞമായവയും		

കദാ ഹ്യഹം സമേഷ്യാമി ഭരതേന മഹാത്മനാ
ശത്രുഘ്നേന ച വീരേണ ത്വയാ ച രഘുനന്ദന. 41

"രഘുനന്ദന!	"ലക്ഷ്മണ!	ശത്രുഘ്നേന ച	ശത്രുഘ്നനോടും
അഹം	ഞാൻ	ത്വയാ ച	നിന്നോടുംകൂടി
മഹാത്മനാ	മഹാത്മാവായ	കദാ ഹി	എപ്പോഴാണ്
ഭരതേന	ഭരതനോടും	സമേഷ്യാമി!"	ഒന്നിച്ചിരിക്കുക!"
വീരേണ	വീരനായ		

लक्ष्मणको उपदेश



फटिक सिला अति सुभ्र सुहाई । सुख आसीन तहाँ द्वौ भाई ॥
कहत अनुज सन कथा अनेका । भगति बिरति नृपनीति बिबेका ॥

THE [illegible] PRESS GORAKHPUR.

ഇത്യേവം വിലപംസ്തത്ര പ്രാപ്യ ഗോദാവരീം നദീം
ചക്രേഽഭിഷേകം കാകുത്സ്ഥഃ സാനുജഃ സഹ സീതയാ. 42

കാകുത്സ്ഥഃ	ശ്രീരാമൻ	ഗോദാവരീം നദീം	ഗോദാവരി നദിയെ
തത്ര	അപ്പോൾ	പ്രാപ്യ,	പ്രാപിച്ച്,
ഇതി ഏവം	ഇപ്രകാരമെല്ലാം	സാനുജഃ	അനുജനോടും
വിലപൻ,	അത്തൽചെയ്തുകൊണ്ടു തന്നെ,	സീതയാ സഹ	സീതാദേവിയോടുംകൂടി
		അഭിഷേകം ചക്രേ.	നീരാടി.

തർപ്പയിത്വാഽഥ സലിലൈസ്തേ പിതൄൻ ദേവതാ അപി
സ്തുവന്തി സ്മോദിതം സൂര്യം ദേവതാശ്ച സമാഹിതാഃ. 43

അഥ	ആ സമയം	തർപ്പയിത്വാ,	തർപ്പിച്ചശേഷം,
തേ	അവർ	ഉദിതം സൂര്യം	ഉദിതനായ സൂര്യഭഗവാ[നേയും
പിതൄൻ	പിതൃക്കൾക്കും	ദേവതാഃ ച	ദേവന്മാരേയും
ദേവതാഃ അപി	ദേവകൾക്കും	സമാഹിതാഃ	ഭക്തിപുരസ്സരം
സലിലൈഃ	തീർത്ഥംകൊണ്ട്	സ്തുവന്തി സ്മ.	സ്തോത്രം ചെയ്തു.

കൃതാഭിഷേകോ സ രരാജ രാമഃ
സീതാദ്വിതീയഃ സഹ ലക്ഷ്മണേന
കൃതാഭിഷേകസ്ത്വഗരാജപുത്ര്യാ
രുദ്രഃ സനന്ദീ ഭഗവാനിവേശഃ. 44

ലക്ഷ്മണേന സഹ	ലക്ഷ്മണനോടുകൂടി	അഗരാജപുത്ര്യാ	പാർവ്വതിയോടുംകൂടി
സീതാദ്വിതീയഃ	സീതാസമേതനായി	കൃതാഭിഷേകഃ	സ്നാനം ചെയ്ത
കൃതാഭിഷേകഃ	നീരാടിക്കഴിഞ്ഞ	ഈശഃ	ഈശനായ
സഃ രാമഃ,	ആ ശ്രീരാമൻ,	രുദ്രഃ ഭഗവാൻ	രുദ്രഭഗവാൻ
സനന്ദീ	നന്ദികേശ്വരനോടും	ഇവ തു	എന്നപോലെതന്നെ
		രരാജ.	പരിലസിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ
ആദികാവ്യേ ആരണ്യകാണ്ഡേ
ഷോഡശഃ സർഗ്ഗഃ = പതിനാറാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 7298; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 586

സപ്തദശഃ സർഗ്ഗഃ = പതിനേഴാം സർഗ്ഗം.

[ശൂർപ്പണഖാഗമനം = ശൂർപ്പണഖയുടെ ആഗമനം.]

കൃതാഭിഷേകോ രാമസ്തു സീതാ സൗമിത്രിരേവ ച
തസ്മാദ്ഗോദാവരീതീരാത്തതോ ജഗ്മുഃ സ്വമാശ്രമം. 1

കൃതാഭിഷേകഃ	സ്നാനം കഴിച്ച്	ഗോദാവരീതീരാത്	ഗോദാവരീതീരത്തിൽ നിന്ന്,
രാമഃ തു	ശ്രീരാമനും	തതഃ,	അനന്തരം,
സീതാ ച	സീതാദേവിയും	സ്വം ആശ്രമം	തങ്ങളുടെ ആശ്രമത്തിലേക്ക്
സൗമിത്രിഃ ഏവ	ലക്ഷ്മണനും	ജഗ്മുഃ.	തിരിച്ചെഴുന്നെള്ളി.
തസ്മാത്	ആ		

ആശ്രമം തമുപാഗമ്യ രാഘവഃ സഹ ലക്ഷ്മണഃ
കൃത്വാ പൌർവാഹ്ണികം കർമ്മ പർണ്ണശാലാമുപാഗമത്. 2

രാഘവഃ	ശ്രീരാമൻ	പൌർവ്വാഹ്ണികം	പ്രഭാതകൃത്യങ്ങളുടെ
തം	ആ	കർമ്മ	അനുഷ്ഠാനത്തെ
ആശ്രമം	ആശ്രമത്തെ	കൃത്വാ,	ചെയ്തശേഷം
ഉപാഗമ്യ,	പ്രാപിച്ച്,	പർണ്ണശാലാം	പർണ്ണശാലക്കകത്ത്
സഹ ലക്ഷ്മണഃ	ലക്ഷ്മണനോടുകൂടി	ഉപാഗമത്.	പ്രവേശിച്ചു.

ഉവാസ സുഖിതസ്തത്ര പൂജ്യമാനോ മഹർഷിഭിഃ
ലക്ഷ്മണേന സഹ ഭ്രാത്രാ ചകാര വിവിധാഃ കഥാഃ. 3

തത്ര	അവിടെ	സുഖിതഃ	സുഖമായി
മഹർഷിഭിഃ	മഹർഷികളാൽ		
പൂജ്യമാനഃ	കൊണ്ടാടപ്പെട്ടവരായി	ഉവാസ;	കാലംകഴിച്ചു;
ഭ്രാത്രാ	അനുജനായ	വിവിധാഃ കഥാഃ	പലവർത്തമാനങ്ങളും
ലക്ഷ്മണേന സഹ	ലക്ഷ്മണനോടുംകൂടി	ചകാര.	പറഞ്ഞുകൊണ്ടിരുന്നു.

സ രാമഃ പർണ്ണശാലായാമാസീനഃ സഹ സീതയാ
വിരരാജ മഹാബാഹുശ്ചിത്രയാ ചന്ദ്രമാ ഇവ. 4

മഹാബാഹുഃ	മഹാബാഹുവായ	ആസീനഃ	ഉപവിഷ്ടനായി,
സഃ രാമഃ	ശ്രീരാമൻ	ചന്ദ്രമാഃ	ചന്ദ്രഭഗവാൻ
പർണ്ണശാലായാം	പർണ്ണശാലയിൽ	ചിത്രയാ ഇവ	ചിത്രാനക്ഷത്രത്തോടുകൂടിയെന്നവണ്ണം
സീതയാ സഹ	സീതയോടുംകൂടി	വിരരാജ.	വിളങ്ങി.

തഥാऽऽസീനസ്യ രാമസ്യ കഥാസംസക്തചേതസഃ
തം ദേശം രാക്ഷസീ കാചിദാജഗാമ യദൃച്ഛയാ. 5

തഥാ	ഇപ്രകാരം
രാമസ്യ	ശ്രീരാമൻ
കഥാസംസക്തചേതസഃ	കഥകളിൽ ആസക്തമായ മനസ്സോടുകൂടിയവനായി
ആസീനസ്യ,	ഇരുന്നുകൊണ്ടിരിക്കുമ്പോൾ,
കാചിത്	ഒരു
രാക്ഷസീ	രാക്ഷസസ്ത്രീ
യദൃച്ഛയാ	യദൃച്ഛയായി
തം ദേശം	ആ ദിക്കിൽ
ആജഗാമ.	എത്തി.

സാ തു ശൂൎപ്പണഖാ നാമ ദശഗ്രീവസ്യ രക്ഷസഃ
ഭഗിനീ രാമമാസാദ്യ ദദൎശ ത്രിദശോപമം. 6

ദശഗ്രീവസ്യ	ദശകണ്ഠനെന്ന
രക്ഷസഃ	രാക്ഷസന്റെ
ഭഗിനീ	അനുജത്തിയായ
ശൂൎപ്പണഖാ നാമ	ശൂൎപ്പണഖയെന്ന
സാ,	അവൾ,
രാമം	ശ്രീരാമനെ
ആസാദ്യ,	സമീപിച്ച്
ത്രിദശോപമം	ഒരു ദേവതുല്യനാണെന്ന്
തു	ആ സമയം
ദദൎശ.	വിചാരിച്ചു.

സിംഹോരസ്കം മഹാബാഹും പദ്മപത്രനിഭേക്ഷണം
ആജാനുബാഹും ദീപ്താസ്യമതീവ പ്രിയദൎശനം 7
ഗജവിക്രാന്തഗമനം ജടാമണ്ഡലധാരിണം
സുകുമാരം മഹാസത്വം പാൎത്ഥിവവ്യഞ്ജനാന്വിതം 8
രാമമിന്ദീവരശ്യാമം കന്ദൎപ്പസദൃശപ്രഭം
ബഭൂവേന്ദ്രോപമം ദൃഷ്ട്വാ രാക്ഷസീ കാമമോഹിതാ. 9

രാമം,	ശ്രീരാമനെ
സിംഹോരസ്കം	സിംഹത്തെപ്പോലെ വിരിഞ്ഞ മാറിടത്തോടുകൂടിയവനായും
മഹാബാഹും	നീണ്ട ബാഹുക്കളോടുകൂടിയവനായും
പദ്മപത്രനിഭേക്ഷണം	താമരദളംപോലെയുള്ള നേത്രങ്ങളാൎന്നവനായും
ആജാനുബാഹും	ആജാനുബാഹുവായും,
ദീപ്താസ്യം	തേജോമയമായ് വിലസുന്നതിരുമുഖമണ്ഡലത്തോടുകൂടിയവനായും,
അതീവപ്രിയദൎശനം	അതിസൌമ്യനായും
ഗജവിക്രാന്തഗമനം	ഗജത്തെപ്പോലെ ഗംഭീരമായ ഗതിയോടുകൂടിയവനായും
ജടാമണ്ഡലധാരിണം	ജടമുടി ധരിച്ചവനായും
സുകുമാരം	സുകുമാരശരീരനായും
മഹാസത്വം	അതിഗംഭീരനായും
പാൎത്ഥിവവ്യഞ്ജനാന്വിതം	രാജലക്ഷണയുക്തനായും
ഇന്ദീവരശ്യാമം	ഇന്ദീവരംപോലെ ശ്യാമവൎണ്ണമുള്ളവനായും,
കന്ദൎപ്പസദൃശപ്രഭം	മന്മഥനുതുല്യമായ തേജസ്സാൎന്നവനായും,
ഇന്ദ്രോപമം	ഇന്ദ്രസദൃശനായും
ദൃഷ്ട്വാ,	കണ്ടു,
രാക്ഷസീ	രാക്ഷസി
കാമമോഹിതാ	കാമപരവശയായി
ബഭൂവ.	ഭവിച്ചു.

സുമുഖം ദുർമ്മുഖീ രാമം വൃത്തമദ്ധ്യം മഹോദരീ
വിശാലാക്ഷം വിരൂപാക്ഷീ സുകേശം താമ്രമൂർദ്ധജാ 10
പ്രീതിരൂപം വിരൂപാ സാ സുസ്വരം ഭൈരവസ്വരാ
തരുണം ദാരുണാ വൃദ്ധാ ദക്ഷിണം വാമഭാഷിണീ 11
ന്യായവൃത്തം സുദുർവൃത്താ പ്രിയമപ്രിയദർശനാ
ശരീരജസമാവിഷ്ടാ രാക്ഷസീ രാമമബ്രവീത്. 12

ദുർമ്മുഖീ	ദുർമ്മുഖിയും
മഹോദരീ	പെരുവയറിയും
വിരൂപാക്ഷീ	കുടിലമായ കണ്ണുകളുള്ളവളും
താമ്രമൂർദ്ധജാ	ചെമ്പൻതലമുടിയുള്ളവളും
വിരൂപാ	വിരൂപയും
ഭൈരവസ്വരാ	ഭയങ്കരമായ ശബ്ദത്തോടുകൂടിയവളും
ദാരുണാ	ഭയങ്കരസ്വരൂപയും
വൃദ്ധാ	വൃദ്ധയും
വാമഭാഷിണി	വക്രിച്ചു സംഭാഷണം ചെയ്യുന്നവളും
സുദുർവൃത്താ	അതിദുശ്ചരിത്രയും
അപ്രിയദർശനാ	ദുഷ്ടബുദ്ധിയുള്ളവളും
സാ	ആ [ആയ
രാക്ഷസീ,	രാക്ഷസി,
സുമുഖം	സുമുഖനും
വൃത്തമദ്ധ്യം	ഉരുണ്ടമദ്ധ്യപ്രദേശത്തോടുകൂടിയവനും,
വിശാലാക്ഷം	വിശാലനേത്രനും
സുകേശം	ഭംഗിയുള്ളതലമുടിയാന്നവനും,
പ്രീതിരൂപം	എത്രനോക്കിയാലും തൃപ്തിയാകാത്ത രൂപമാന്നവനും
സുസ്വരം	മധുരസ്വരത്തോടുകൂടിയവനും
രാമം	മനോഹരരൂപനും
തരുണം	യൌവനയുക്തനും
ദക്ഷിണം	ഋജുവായി ഭാഷിക്കുന്നവനും,
ന്യായവൃത്തം	സച്ചരിത്രനും
പ്രിയം	സദ്ബുദ്ധിയാന്നവനും ആയ
രാമം,	ശ്രീരാമനെ നോക്കി,
ശരീരജ-സമാവിഷ്ടാ	കാമപരവശയായി
അബ്രവീത്.	ഇപ്രകാരം പറഞ്ഞു.

ജടീ താപസരൂപേണ സഭാര്യഃ ശരചാപധൃക്
ആഗതസ്ത്വമിമം ദേശം കഥം രാക്ഷസസേവിതം
കിമാഗമനകാര്യം തേ തത്വമാഖ്യാതുമർഹസി. 13

"താപസ-രൂപേണ	"താപസവേഷം പൂണ്ടു
ജടീ	ജടാധാരിയായി,
സഭാര്യഃ	ഭാര്യയോടുകൂടിയവനായി
ശരചാപധൃക്	അമ്പും വില്ലും ധരിച്ചവനായി
രാക്ഷസ-സേവിതം	രാക്ഷസരുടെ വാസസ്ഥലമായ
ഇമം ദേശം	ഈ പ്രദേശത്തിലേക്ക്
ത്വം	ഭവാൻ
കഥം	എങ്ങിനെയാണ്
ആഗതഃ ?	വന്നത് ?
ആഗമനകാര്യം	വരുവാനുള്ളകാര്യം
തേ	ഭവാന്ന്
കിം ?	എന്തൊന്നാണ് ?
തത്വം	സത്യം
ആഖ്യാതും അർഹസി."	പറഞ്ഞാലും."

ഏവമുക്തസ്തു രാക്ഷസ്യാ ശൂൎപ്പണഖ്യാ പരന്തപഃ
ഋജുബുദ്ധിതയാ സൎവ്വമാഖ്യാതുമുപചക്രമേ. 14

പരന്തപഃ	ശത്രുസന്താപകനായ	ഉക്തഃ,	ചോദിക്കപ്പെട്ടവനായി
	അദ്ദേഹം	ഋജുബുദ്ധിതയാ	ഋജുബുദ്ധിമൂലം
രാക്ഷസ്യാ,	രാക്ഷസിയായ	സൎവ്വം തു	എല്ലാററിനേയും
ശൂൎപ്പണഖ്യാ	ശൂൎപ്പണഖയാൽ	ആഖ്യാതും	പറവാൻ
ഏവം	ഇപ്രകാരം	ഉപചക്രമേ.	നിശ്ചയിച്ചു.

അനൃതം ന ഹി രാമസ്യ കദാചിദപി സമ്മതം
വിശേഷേണാശ്രമസ്ഥസ്യ സമീപേ സ്ത്രീജനസ്യ ച. 15

ഹി,	എന്തുകൊണ്ടെന്നാൽ,	ആശ്രമസ്ഥസ്യ	ആശ്രമത്തിൽ വസി
രാമസ്യ	ശ്രീരാമന്നു്		ക്കുമ്പോഴും
കദാചിത് അപി	ഒരു കാലത്തും	സ്ത്രീജനസ്യ	സ്ത്രീജനത്തിന്റെ
അനൃതം	അസത്യമെന്നുള്ളതു്	സമീപേ ച	മുമ്പാകെയും
ന സമ്മതം ;	ഇഷ്ടമല്ല ;	വിശേഷേണ.	പ്രത്യേകിച്ചും അല്ല.

ആസീദ്ദശരഥോ നാമ രാജാ ത്രിദശവിക്രമഃ
തസ്യാഹമഗ്രജഃ പുത്രോ രാമോ നാമ ജനൈഃ ശ്രുതഃ. 16

" ത്രിദശവിക്രമഃ	" ദേവതുല്യപരാക്രമ	അഗ്രജഃ	മൂത്ത
	ശാലിയായി	പുത്രഃ	പുത്രനാകുന്ന
ദശരഥഃ നാമ	ദശരഥൻ എന്ന	അഹം ;	ഞാൻ ;
രാജാ	മഹാരാജാവു്	രാമഃ നാമ	രാമൻ എന്നു്
ആസീത് ;	ഉണ്ടായിരുന്നു ;	ജനൈഃ	ജനങ്ങളാൽ
തസ്യ	അദ്ദേഹത്തിന്റെ	ശ്രുതഃ.	വിളിക്കപ്പെട്ടവൻ.

ഭ്രാതാഽയം ലക്ഷ്മണോ നാമ യവീയാൻ മാമനുവ്രതഃ
ഇയം ഭാൎയ്യാ ച വൈദേഹീ മമ സീതേതി വിശ്രുതാ. 17

" അയം	" ഇവൻ	ഇയം	ഇവൾ
യവീയാൻ ഭ്രാതാ;	ഇളയ സഹോദരൻ;	മമ ഭാൎയ്യാ ;	എന്റെ ഭാൎയ്യ ;
ലക്ഷ്മണഃ നാമ ;	' ലക്ഷ്മണൻ ' എന്നു	സീതാ ഇതി	' സീത ' എന്നു്
മാം	എന്നെ [പേർ ;	വിശ്രുതാ	പ്രസിദ്ധയായ
അനുവ്രതഃ ;	അനുഗമിച്ചിരിക്കുന്നു ;	വൈദേഹീ ച.	വിദേഹരാജപുത്രി.

നിയോഗാത്തു നരേന്ദ്രസ്യ പിതുൎമ്മാതുശ്ച യന്ത്രിതഃ
ധൎമ്മാൎത്ഥം ധൎമ്മകാംക്ഷീ ച വനം വസ്തുമിഹാഗതഃ. 18

" നരേന്ദ്രസ്യ	" ചക്രവൎത്തിയായ	ധൎമ്മകാംക്ഷീ,	ധൎമ്മത്തിൽ ആഗ്രഹ
പിതുഃ	അച്ഛന്റെയും		മുള്ളവനായി,
മാതുഃ ച	മാതാവിന്റെയും	ധൎമ്മാൎത്ഥം ച	ധൎമ്മാഭിവൃദ്ധിക്കായി
നിയോഗാത് തു,	ആജ്ഞാകാരണം,	വനം	വനത്തിൽ
യന്ത്രിതഃ	നിയന്ത്രിക്കപ്പെട്ടവ	വസ്തും	വസിപ്പാനായി
	നായി	ഇഹ ആഗതഃ.	ഇവിടേക്കു വന്നതാണു്.

ത്വാം തു വേദിതുമിച്ഛാമി കഥ്യതാം കാഽസി കസ്യ വാ. 19

" ത്വാം തു	" ഭവതിയെപ്പററിയും	കാ അസി ?	ഭവതി ആരാണ് ?
വേദിതും	അറിവാൻ	കസ്യ വാ ?	ആരെ ചേൎന്നവൾ ?
ഇച്ഛാമി ;	ഞാൻ ആഗ്രഹിക്കുന്നു ;	കഥ്യതാം.	പറയപ്പെടട്ടെ.

ന ഹി താവന്മനോജ്ഞാംഗീ രാക്ഷസീ പ്രതിഭാസി മേ

ഇഹ വാ കിംനിമിത്തം ത്വമാഗതാ ബ്രൂഹി തത്വതഃ. 20

" മനോജ്ഞാംഗീ	" മനോഹരമായ രൂപ ത്തോടുകൂടിയവളായി	രാക്ഷസീ	ഒരു രാക്ഷസിയാണെ
		പ്രതിഭാസി ;	ന്നു് തോന്നുന്നു ;
ന ഹി താവത്	കാണപ്പെടുന്നില്ല എന്നതുകൊണ്ടു്	കിംനിമിത്തം	എന്തിന്നായിട്ടാണ്
		ഇഹ	ഇവിടെ
		ആഗതാ വാ ?	നീ വന്നിരിക്കുന്നതു് ?
മേ	എനിക്ക്	തത്വതഃ	വാസ്തവം
ത്വം	നീ	ബ്രൂഹി."	പറയുക."

[" അത്രതന്നെയല്ല, ഇത്ര മനോജ്ഞാംഗിയായി നീ കാണപ്പെടുന്നതുകൊണ്ട്, നീ ഒരു രാക്ഷസിയാണെന്നു എനിക്ക് തോന്നുന്നു. ഇഷ്ടംപോലെ രൂപം കൈക്കൊള്ളാവുന്ന രാക്ഷസികൾക്കു മാത്രമേ ഇപ്രകാരം മനോജ്ഞമായ രൂപം എടുപ്പാൻ സാധിക്കയുള്ളൂ. അതിനാൽ നീയാരെന്ന് വാസ്തവം പറക." (ശിരോ). 13-ാംശ്ലോകത്തിൽ 'ദുർമ്മുഖീ' എന്നിത്യാദിയായ വാക്യം ശൂൎപ്പണഖയെപ്പററി കവി പറയുന്നതാണെന്നും, ശ്രീരാമനെ കാണുന്ന സമയം മായാരൂപിണിയായിരുന്നു എന്നും, ഇതിൽ പക്ഷം.]

സാഽബ്രവീദ്വചനം ശ്രുത്വാ രാക്ഷസീ മദനാൎദ്ദിതാ

ശ്രൂയതാം രാമ വക്ഷ്യാമി തത്വാൎത്ഥം വചനം മമ. 21

സാ	ആ	" രാമ !	" രാമ !
മദനാൎദ്ദിതാ	മന്മഥപീഡിതയായ	തത്വാൎത്ഥം	വാസ്തവം
രാക്ഷസീ	രാക്ഷസി	വക്ഷ്യാമി ;	പറയാം ;
വചനം	ഈ വാക്കു്	മമ	എന്റെ
ശ്രുത്വാ,	കേട്ടു് ;	വചനം	വാക്കു്
അബ്രവീത് ;	ഇപ്രകാരം പറഞ്ഞു ;	ശ്രൂയതാം.	കേൾക്കപ്പെടട്ടെ.

അഹം ശൂൎപ്പണഖാ നാമ രാക്ഷസീ കാമരൂപിണീ

അരണ്യം വിചരാമീദമേകാ സൎവ്വഭയങ്കരാ. 22

" അഹം	" ഞാൻ	രാക്ഷസീ ;	രാക്ഷസിയാകുന്നു ;
ശൂൎപ്പണഖാ നാമ	ശൂൎപ്പണഖ എന്നു പേരുള്ളവളും	ഏകാ	ഏകയായി,
		ഇദം അരണ്യം	ഈ കാട്ടിൽ
കാമരൂപിണീ	{ ഇഷ്ടംപോലെ രൂപം കൈക്കൊൾവാൻ കഴിവുള്ളവളുമായ	സൎവ്വഭയങ്കരാ	സൎവ്വൎക്കും ഭയമുളവാക്കിക്കൊണ്ടു്,
		വിചരാമി.	ഞാൻ സഞ്ചരിക്കുന്നു.

["കാമരൂപിണീ" ഇപ്പോൾ ഞാൻ കൈക്കൊണ്ടിരിക്കുന്നതിലും അധികം വിശേഷമായി രൂപം എടുക്കാൻ ശക്തിയുള്ളവൾ, (ഗോ. രാ.)]

രാവണോ നാമ മേ ഭ്രാതാ രാക്ഷസോ രാക്ഷസാധിപഃ
വീരോ വിശ്രവസഃ പുത്രോ യദി തേ ശ്രോത്രമാഗതഃ. 23

"രാക്ഷസാധിപഃ	"രാക്ഷസാധിപതിയായ	വീരഃ;	അതിശൂരൻ;
രാവണഃ നാമ	രാവണൻ എന്ന	വിശ്രവസഃ	വിശ്രവസ്സിന്റെ
രാക്ഷസഃ	രാക്ഷസൻ	പുത്രഃ;	പുത്രൻ;
മേ	എനിക്ക്	തേ	ഭവാനും
ഭ്രാതാ;	ജ്യേഷ്ഠൻ;	ശ്രോത്രം	കേൾവി
		യദി ആഗതഃ.	ഉണ്ടായിരിക്കാം.

പ്രവൃദ്ധനിദ്രശ്ച തഥാ കുംഭകർണ്ണോ മഹാബലഃ
വിഭീഷണശ്ച ധർമ്മാത്മാ ന തു രാക്ഷസചേഷ്ടിതഃ. 24

"പ്രവൃദ്ധനിദ്രഃ	"ദീർഘനിദ്രയോടുകൂടിയ	ധർമ്മാത്മാ	ധർമ്മാത്മാവായ
മഹാബലഃ	മഹാബലവാനായ	വിഭീഷണഃ ച;	വിഭീഷണനും അപ്ര[കാരംതന്നെ
കുംഭകർണ്ണഃ ച	കുംഭകർണ്ണനും	തു	എന്നാൽ
തഥാ;	അപ്രകാരംതന്നെ ജ്യേഷ്ഠനാകുന്നു;	രാക്ഷസചേഷ്ടിതഃ ന.	രാക്ഷസവൃത്തിയില്ലാത്തവനാകുന്നു.

പ്രഖ്യാതവീര്യൗ ച രണേ ഭ്രാതരൗ ഖരദൂഷണൗ
താനഹം സമതിക്രാന്താ രാമ ത്വാ പൂർവ്വദർശനാത്. 25
സമുപേതാസ്മി ഭാവേന ഭർത്താരം പുരുഷോത്തമം. 26

"രണേ	"പോരിൽ	പൂർവ്വദർശനാത്,	കണ്ടതുമുതൽക്ക്,
പ്രഖ്യാതവീര്യൗ	ഖ്യാതിയാർന്ന വീരന്മാ[രായ	ഭാവേന	മനസ്സുകൊണ്ട്
ഖരദൂഷണൗ ച	ഖരദൂഷണന്മാർ	ഭർത്താരം	ഭർത്താവായി,
ഭ്രാതരൗ;	അനുജന്മാരാകുന്നു;	അഹം,	ഞാൻ,
രാമ!	രാമ!	താൻ	അവരെ
പുരുഷോത്തമം	പുരുഷന്മാരിൽവെച്ച് ഏററംമനോഹരനായ	സമതിക്രാന്താ,	കൂട്ടാക്കാതെ,
ത്വാ	നിന്നെ	സമുപേതാ അസ്മി.	വരിച്ചിരിക്കുന്നു.

അഹം പ്രഭാവസമ്പന്നാ സ്വച്ഛന്ദബലഗാമിനീ
ചിരായ ഭവ മേ ഭർത്താ സീതയാ കിം കരിഷ്യസി. 27

"അഹം	"ഞാൻ	മേ	എനിക്ക്
പ്രഭാവസമ്പന്നാ;	അമാനുഷശക്തിയുള്ളവൾ;	ഭർത്താ	ഭർത്താവായി
		ചിരായ	എന്നെന്നേക്കും
സ്വച്ഛന്ദബലഗാമിനീ;	എന്റെ ഇഷ്ടംപോലെ വേഗത്തിൽ സഞ്ചരിപ്പാൻ കഴിവുള്ളവൾ;	ഭവ;	ഇരിക്കുക;
		സീതയാ	സീതയെക്കൊണ്ട്
		കിം കരിഷ്യസി?	എന്തുപ്രയോജനം?

വികൃതാ ച വിരൂപാ ച ന ഹ്യേയം സദൃശീ തവ
അഹമേവാനുരൂപാ തേ ഭാര്യാരൂപേണ പശ്യ മാം. 28

“ഇയം	“ഇവൾ	അഹം ഏവ	ഞാൻതന്നെയാണ്
വികൃതാ ച,	അവലക്ഷണമുള്ളവൾ,	അനുരൂപാ,	അനുരൂപയായവൾ,
വിരൂപാ ച,	വിരൂപിയായവൾ,	മാം	എന്നെ
തവ	ഭവാന്ന്	ഭാര്യാരൂപേണ	ഭാര്യയായി
സദൃശീ ച ന,	തക്കവളല്ല,	പശ്യ.	വിചാരിക്കുക.
തേ	ഭവാന്ന്		

[“വികൃതാ” മായാസ്വരൂപതമൂലം പരിണാമമെന്ന വികാരത്തോടുകൂടിയവൾ; “വിരൂപാ” നാനാവിധങ്ങളായി ഉച്ചാവചങ്ങളായ എല്ലാവറ്റിനേയും ചെയ്യുന്നവൾ. ആകയാൽ ശുദ്ധമുക്തസ്വഭാവനായ അവിടുത്തേക്ക് സദൃശയല്ല, എന്നു പരമാർത്ഥം. (തിലകം).]

ഇമാം വിരൂപാമസതീം കരാളാം നിർണ്ണതോദരീം
അനേന സഹ തേ ഭ്രാത്രാ ഭക്ഷയിഷ്യാമി മാനുഷീം. 29

“വിരൂപാം	“ലക്ഷണമില്ലാത്ത	ഇമാം	ഇവളെ
അസതീം	ദുഷ്ടയും [വളും	തേ	നിന്റെ
കരാളാം	കുരൂപയും	ഭ്രാത്രാ	അനുജനായ
നിർണ്ണതോദരീം	കുഴിഞ്ഞ വയറുള്ളവളും	അനേന സഹ	ഇവനോടുകൂടി [യാം.
മാനുഷീം	മനുഷ്യസ്ത്രീയും ആയ	ഭക്ഷയിഷ്യാമി.	ഞാൻ ഭക്ഷിച്ചുകള-

[“അസതീം,” പുരുഷന്നു ദുസ്തരമായ അനേക സംസാരദുഃഖത്തെ കൊടുക്കുന്നവളാകയാൽ അസതി; അഥവാ മായാസ്വരൂപിണി; “കരാളാം” സംസാരദുഃഖദായിനിയാകയാൽ കരാളാ; “നിർണ്ണതോദരീം” സർവ്വ ജഗത്തിനേയും ഉദരത്തിൽ വഹിക്കുന്ന കാരണം അപ്രകാരമുള്ളവൾ, എന്നു പരമാർത്ഥം.]

തതഃ പർവ്വതശൃംഗാണി വനാനി വിവിധാനി ച
പശ്യൻ സഹ മയാ കാമീ ദണ്ഡകാൻ വിചരിഷ്യസി. 30

“തതഃ	“അതിൽപിന്നെ	മയാ സഹ	എന്നോടുകൂടി
പർവ്വത- ശൃംഗാണി	പർവ്വതശൃംഗങ്ങളേയും	പശ്യൻ,	ചുറ്റിനോക്കിക്കൊണ്ടു
		ദണ്ഡകാൻ	ദണ്ഡകാരണ്യങ്ങളിൽ
വിവിധാനി	പല	കാമീ	സ്ത്രീലോലനായി
വനാനി ച	കാടുകളേയും	വിചരിഷ്യസി.”	ഭവാൻ വസിച്ചാലും.”

ഇത്യേവമുക്ത്വാ കാകുത്സ്ഥം പ്രഹസ്യ മദിരേക്ഷണാ
ദേവീലക്ഷ്മണമദ്ധ്യേ തു ബഭ്രുവാവസ്ഥിതാ പുനഃ. 31

മദിരേക്ഷണാ	മദ്യത്തിന്റെ മദത്താൽ കണ്ണുകൾ കലങ്ങിയവളായ അവൾ	ദേവീലക്ഷ്മണമദ്ധ്യേ	സീതാദേവിയ്ക്കും ലക്ഷ്മണന്നും നടുവിൽ,
		പുനഃ തു	അതിന്നുശേഷവും
		പ്രഹസ്യ	ഹസിച്ചുകൊണ്ടുതന്നെ
കാകുത്സ്ഥം	ശ്രീരാമനോടായി		
ഇതി ഏവം	ഇപ്രകാരം	അവസ്ഥിതാ ബഭൂവ.	നിന്നു.
ഉക്ത്വാ,	പറഞ്ഞ്,		

സംപ്രഹാസനിമിത്തം തു രാമഃ ശൂർപ്പണഖാം തതഃ
ഇദം വചനമാരേഭേ വക്തും വാക്യവിശാരദഃ. 32

തതഃ	അപ്പോൾ	ഇദം വചനം	ഇപ്രകാരം വാക്യത്തെ
വാക്യവിശാരദഃ	വാക്സാമർത്ഥ്യമുള്ളവ	ശൂർപ്പണഖാം	ശൂർപ്പണഖയോടായി
രാമഃ,	ശ്രീരാമൻ, [നായ	വക്തും	പറയുവാൻ
സംപ്രഹാസ-നിമിത്തം തു.	പരിഹാസമായ്ത്തന്നെ	ആരേഭേ.	നിശ്ചയിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ സപ്തദശഃ സർഗ്ഗഃ = പതിനേഴാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 7330; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 618.

അഷ്ടാദശഃ സർഗ്ഗഃ = പതിനെട്ടാംസർഗ്ഗം.

[ശൂർപ്പണഖായാഃ കർണ്ണനാസാച്ഛേദനം = ശൂർപ്പണഖയുടെ കാതും മൂക്കും അറുക്കുന്നത്.]

താം തു ശൂർപ്പണഖാം രാമഃ കാമപാശാവപാശിതാം
സ്വച്ഛയാ ശ്ലക്ഷ്ണയാ വാചാ സ്മിതപൂർവ്വമഥാബ്രവീത്. 1

രാമഃ	ശ്രീരാമൻ	ശ്ലക്ഷ്ണയാ	ചമത്കാരമായും ഉള്ള
കാമപാശാവ-പാശിതാം	കാമപാശബദ്ധയായ	വാചാ	വാക്കുകൊണ്ടു്
താം	ആ	സ്മിതപൂർവ്വം	പുഞ്ചിരിയോടുകൂടി
ശൂർപ്പണഖാം തു,	ശൂർപ്പണഖയോടായി,	അഥ	ഇങ്ങിനെ
സ്വച്ഛയാ	സ്പഷ്ടമായും	അബ്രവീത്.	അരുളിച്ചെയ്തു.

കൃതദാരോഽസ്മി ഭവതി ഭാര്യേയം ദയിതാ മമ
ത്വദ്വിധാനാം തു നാരീണാം സുദുഃഖാ സസപത്നതാ. 2

"ഭവതി!	"അമ്മാ!	ത്വദ്വിധാനാം	ഭവതിയെപ്പോലെയുള്ള
അസ്മി	ഞാൻ	നാരീണാം തു	സ്ത്രീകൾക്കു്
കൃതദാരഃ;	വിവാഹം കഴിഞ്ഞ	സസപത്നതാ	സപത്നിമാരോടുകൂടിയിരിക്കുക എന്നുള്ളതു്
ഇയം ഭാര്യാ	ഈ ഭാര്യ [വൻ;		
മമ ദയിതാ;	എനിക്കു പ്രിയപ്പെട്ടവൾ	സുദുഃഖാ.	പ്രയാസമാകുന്നു.

അനുജസ്ത്വേഷ മേ ഭ്രാതാ ശീലവാൻ പ്രിയദർശനഃ
ശ്രീമാനകൃതദാരശ്ച ലക്ഷ്മണോ നാമ വീര്യവാൻ. 3

"മേ	"എന്റെ	ശീലവാൻ;	സത്സ്വഭാവിയാകുന്നു;
അനുജഃ	എളയ	പ്രിയദർശനഃ;	സുഭഗൻ;
ഭ്രാതാ തു	സഹോദരനായ	വീര്യവാൻ;	ബലശാലി;
ലക്ഷ്മണഃ നാമഃ	ലക്ഷ്മണനെന്ന	ശ്രീമാൻ	ഭാഗ്യവാൻ [ത്തവൻ.
ഏഷഃ	ഇവൻ	അകൃതദാരഃ ച.	അടുത്തു് ഭാര്യയില്ലാ-

["അകൃതദാരഃ" (മറെറാരു ഭാര്യയെ സ്വീകരിക്കാത്തവൻ എന്നു് ആന്തരാർത്ഥം) എന്നു തീർത്ഥീയം.]

അപൂൎവ്വീ ഭാൎയ്യയാ ചാൎത്ഥീ തരുണഃ പ്രിയദൎശനഃ
അനുരൂപശ്ച തേ ഭൎത്താ രൂപസ്യാസ്യ ഭവിഷ്യതി. 4

" തരുണഃ;	" യൌവ്വനയുക്തൻ;	പ്രിയദൎശനഃ;	അതിസുന്ദരൻ;
അപൂൎവ്വീ	ഏറെക്കാലമായി പത്നി സുഖമനുഭവിക്കാതെ	അസ്യ രൂപസ്യ	ഈ രൂപത്തിന്ന്
ഭാൎയ്യയാ	ഭാൎയ്യയോടുകൂടി	അനുരൂപഃ ച;	അനുയോജിച്ചവൻ;
അൎത്ഥീ ച	സൌഖ്യത്തെ ആഗ്രഹിക്കുന്ന ഇവൻ	തേ	ഭവതിക്ക്
		ഭൎത്താ ഭവിഷ്യതി.	ഭൎത്താവായിരിക്കും.

[വാസ്തവത്തിൽ "തേ അഭൎത്താ" എന്നു പദച്ഛേദം എന്നു വ്യാഖ്യാനങ്ങൾ. 'നിന്നെ ശിക്ഷിപ്പാൻ ശക്തൻ തന്നെ', എന്നു ആന്തരാൎത്ഥം.]

ഏനം ഭജ വിശാലാക്ഷി ഭൎത്താരം ഭ്രാതരം മമ
അസപത്നാ വരാരോഹേ മേരുമൎക്കപ്രഭാ യഥാ. 5

" വിശാലാക്ഷി!	" ഹേ വിശാലാക്ഷി!	മേരും	മേരുഗിരിയെ
വരാരോഹേ!	സുന്ദരി!	യഥാ,	എന്നവണ്ണം,
മമ ഭ്രാതരം	എന്റെ അനുജനായ	അസപത്നാ	സപത്നിമാരില്ലാതെ
ഏനം,	ഇവനെ,	ഭൎത്താരം	ഭൎത്താവായി
അൎക്കപ്രഭാ	ആദിത്യരശ്മി	ഭജ."	വരിക്കുക."

[" വിശാലാക്ഷി " വട്ടക്കണ്ണി, എന്നും സൂചന. 'അവരാരോഹേ' എന്നും പദച്ഛേദം.]

ഇതി രാമേണ സാ പ്രോക്താ രാക്ഷസീ കാമമോഹിതാ
വിസൃജ്യ രാമം സഹസാ തതോ ലക്ഷ്മണമബ്രവീത്. 6

രാമേണ	ശ്രീരാമനാൽ	സഹസാ	പെട്ടെന്ന്
ഇതി	ഇപ്രകാരം	വിസൃജ്യ,	വിട്ട്,
പ്രോക്താ	പറയപ്പെട്ടവളും	തതഃ	അനന്തരം
കാമമോഹിതാ	കാമാന്ധയും ആയ	ലക്ഷ്മണം	ലക്ഷ്മണനെനോക്കി
സാ രാക്ഷസീ	ആ രാക്ഷസി	അബ്രവീത്.	ഇങ്ങിനെ പറഞ്ഞു.
രാമം	ശ്രീരാമനെ		

അസ്യ രൂപസ്യ തേ യുക്താ ഭാൎയ്യാഽഹം വരവൎണ്ണിനി
മയാ സഹ സുഖം സൎവ്വാൻ ദണ്ഡകാൻ വിചരിഷ്യസി. 7

" തേ	" ഭവാന്റെ	ഭാൎയ്യാ;	ഭവാന്റെ ഭാൎയ്യയായിരിക്കാം;
അസ്യ	ഈ	മയാ സഹ	എന്നോടുകൂടി
രൂപസ്യ	സൌന്ദൎയ്യത്തിന്ന്	ദണ്ഡകാൻ	ദണ്ഡകാവനങ്ങൾ
യുക്താ	യോജിച്ച	സൎവ്വാൻ	മുഴുവൻ
വരവൎണ്ണിനി	സൌന്ദൎയ്യവതിയായ	സുഖം	സുഖമായി
അഹം	ഞാൻ	വിചരിഷ്യസി."	സഞ്ചരിച്ചാലും."

ഏവമുക്തസ്തു സൌമിത്രീ രാക്ഷസ്യാ വാക്യകോവിദഃ
തതഃ ശൂൎപ്പണഖാം സ്മിത്വാ ലക്ഷ്മണോ വാക്യമബ്രവീത്. 8

രാക്ഷസ്യാ	രാക്ഷസിയാൽ	ശൂൎപ്പണഖാം	ശൂൎപ്പണഖയെനോക്കി
ഏവം	ഇപ്രകാരം	സ്മിത്വാ തു	പുഞ്ചിരിയിട്ടുകൂടി തന്നെ
ഉക്തഃ	കഥിക്കപ്പെട്ടവനും	തതഃ	ആ സമയം
വാക്യകോവിദഃ	വാക്യപടുവും ആയ	വാക്യം	വാക്യത്തെ
സൌമിത്രീ	സുമിത്രാസുതനായ	അബ്രവീത്.	പറഞ്ഞു.
ലക്ഷ്മണഃ,	ലക്ഷ്മണൻ,		

കഥം ദാസസ്യ മേ ദാസീ ഭാൎയ്യാ ഭവിതുമിച്ഛസി
സോഽഹമാൎയ്യേണ പരവാൻ ഭ്രാത്രാ കമലവൎണ്ണിനി. 9

"കമലവൎണ്ണിനി	"ചെമ്പുനിറമാൎന്നവളേ!	ഇച്ഛസി?	നീ ആഗ്രഹിക്കുന്നതു്?
ദാസസ്യ	ദാസ്യവൃത്തിയാൎന്നവ[നായ	സഃ	അപ്രകാരമുള്ള
മേ	എനിക്ക്	അഹം	ഞാൻ
ഭാൎയ്യാ	ഭാൎയ്യയായി	ആൎയ്യേണ	ആൎയ്യനായ
ദാസീ	ദാസിയായി	ഭ്രാത്രാ	ജ്യേഷ്ഠനാൽ
ഭവിതും	ഇരിപ്പാൻ	പരവാൻ.	സ്വാതന്ത്ര്യരഹിത നാകുന്നു.
കഥം	എന്താണു്		

സമൃദ്ധാൎത്ഥസ്യ സിദ്ധാൎത്ഥാ മുദിതാ കാമരൂപിണീ
ആൎയ്യസ്യ ത്വം വിശാലാക്ഷി ഭാൎയ്യാ ഭവ യവീയസീ. 10

"വിശാലാക്ഷി	"ഹേ വിശാലാക്ഷി!	മുദിതാ	സന്തുഷ്ടയായി
സമൃദ്ധാൎത്ഥസ്യ	സകലഭാഗ്യയുക്തനായ	യവീയസീ	ഇളയ
ആൎയ്യസ്യ,	ജ്യേഷ്ഠന്ന്,	ഭാൎയ്യാ	ഭാൎയ്യയായി
കാമരൂപിണീ	ബോധിച്ചരൂപം കയ്ക്കൊള്ളുന്നവളായ	സിദ്ധാൎത്ഥാ	ആഗ്രഹം സാധിച്ചവളായി
ത്വം	ഭവതി	ഭവ.	ഭവിക്കുക.

ഏനാം വിരൂപാമസതീം കരാളാം നിൎണ്ണതോദരീം
ഭാൎയ്യാം വൃദ്ധാം പരിത്യജ്യ ത്വാമേവൈഷ ഭജിഷ്യതി. 11

"ഏഷഃ	"ഇദ്ദേഹം	ഏനാം	ഇവളെ
വിരൂപാം	ലക്ഷണമററവളും	പരിത്യജ്യ,	ഉപേക്ഷിച്ച്,
അസതീം	ദുഷ്ടയും	ത്വാം ഏവ	നിന്നെത്തന്നെ
കരാളാം	കുരൂപയും	ഭാൎയ്യാം	ഭാൎയ്യയായി
നിൎണ്ണതോദരീം	കുഴിഞ്ഞ വയറുള്ളവളും	ഭജിഷ്യതി.	കയ്ക്കൊള്ളും.
വൃദ്ധാം	വൃദ്ധയും ആയ		

കോ ഹി രൂപമിദം ശ്രേഷ്ഠം സംത്യജ്യ വരവൎണ്ണിനി
മാനുഷീഷു വരാരോഹേ കുൎയ്യാദ് ഭാവം വിചക്ഷണഃ. 12

" വിചക്ഷണഃ	" അറിവുള്ള	സംത്യജ്യ,	വെടിഞ്ഞ്,
കഃ ഹി	ഏതൊരുവൻതന്നെയാണ്	വരവൎണ്ണിനി!	കാന്തിമതിയായ
ഇദം	ഈ	വരാരോഹേ!	ഹേ സുന്ദരി!
ശ്രേഷ്ഠം	അതിസുന്ദരമായ	മാനുഷീഷു	മനുഷ്യസ്ത്രീകളിൽ
രൂപം	രൂപത്തെ	ഭാവം	മനസ്സിനെ
		കുൎയ്യാത് ?"	വെക്കുക ?"

ഇതി സാ ലക്ഷ്മണേനോക്താ കരാളാ നിൎണ്ണതോദരീ
മന്യതേ തദ്വചസ്തത്ഥ്യം പരിഹാസാവിചക്ഷണാ. 13

കരാളാ	കുരൂപയും	പരിഹാസാ- വിചക്ഷണാ	പരിഹാസമെന്നറിവാൻ കഴിയാത്തവളായി
നിൎണ്ണതോദരീ,	കുമ്പയുള്ളവളുമായ,		
സാ,	അവൾ,		
ഇതി	ഇപ്രകാരം	തത് വചഃ	ആ വാക്ക്
ലക്ഷ്മണേന	ലക്ഷ്മണനാൽ	തത്ഥ്യം	വാസ്തവമെന്നു
ഉക്താ	പറയപ്പെട്ടവളായി,	മന്യതേ.	വിചാരിച്ചു.

സാ രാമം പൎണ്ണശാലായാമുപവിഷ്ടം പരന്തപം
സീതയാ സഹ ദുൎദ്ധൎഷമബ്രവീത് കാമമോഹിതാ. 14

കാമമോഹിതാ	കാമാന്ധയായ	പൎണ്ണശാലായാം	പൎണ്ണശാലയിൽ
സാ,	അവൾ,	സീതയാ സഹ	സീതാദേവിയോടുംകൂടി
ദുൎദ്ധൎഷം	ആരാലും ജയിക്കപ്പെടുവാൻ കഴിയാത്തവനും	ഉപവിഷ്ടം	എഴുന്നെള്ളിയിരുന്നരുളുന്നവനും ആയ
		രാമം	ശ്രീരാമനെ നോക്കി
പരന്തപം	ശത്രുസന്താപകരനും	അബ്രവീത്.	ഇങ്ങിനെ പറഞ്ഞു.

ഇമാം വിരൂപാമസതീം കരാളാം നിൎണ്ണതോദരീം
വൃദ്ധാം ഭാൎയ്യാമവഷ്ടഭ്യ മാം ത്വം ന ബഹുമന്യസേ. 15

" വിരൂപാം	" ലക്ഷണമില്ലാത്തവളും	ത്വം	ഭവാൻ
അസതീം	ദുഷ്ടയും	ഭാൎയ്യാം	ഭാൎയ്യയായി
കരാളാം	കുരൂപയും	അവഷ്ടഭ്യ	കയ്ക്കൊണ്ടു്
നിൎണ്ണതോദരീം	കുഴിഞ്ഞവയറുള്ളവളും	മാം	എന്നെ
വൃദ്ധാം	വൃദ്ധയും ആയ	ബഹുമന്യസേ ന.	ഗണിക്കാതിരിക്കയാണ്.
ഇമാം	ഇവളെ		

അദ്യേമാം ഭക്ഷയിഷ്യാമി പശ്യതസ്തവ മാനുഷീം
ത്വയാ സഹ ചരിഷ്യാമി നിഃസപത്നാ യഥാസുഖം. 16

" അദ്യ	" ഇപ്പോൾ	ഭക്ഷയിഷ്യാമി ;	ഞാൻ തിന്നുകളയാം ;
മാനുഷീം	മനുഷ്യസ്ത്രീയായ	നിഃസപത്നാ	സപത്നിയില്ലാത്തവളായി
ഇമാം	ഇവളെ		
തവ	അങ്ങ്	ത്വയാ സഹ	ഭവാനോടുകൂടി
പശ്യതഃ	നോക്കിക്കൊണ്ടിരിക്കുമ്പോൾതന്നെ	യഥാസുഖം	സുഖമായി
		ചരിഷ്യാമി."	സഞ്ചരിക്കാം."

ഇത്യുക്ത്വാ മൃഗശാബാക്ഷീമലാതസദൃശേക്ഷണാ
അഭ്യധാവത് സുസംക്രുദ്ധാ മഹോല്ക്കാ രോഹിണീമിവ. 17

അലാത-സദൃശേക്ഷണാ	തീക്കട്ടപോലെ കണ്ണുള്ളവളായ അവൾ	സുസംക്രുദ്ധാ	ഏറെ ക്രുദ്ധിച്ചവളായി
ഇതി	ഇങ്ങിനെ	രോഹിണീം	രോഹിണീനക്ഷത്രത്തെ
ഉക്ത്വാ,	പറഞ്ഞശേഷം,	മഹോല്ക്കാ ഇവ	വലിയ കൊള്ളിമീനെന്നവണ്ണം
മൃഗശാബാക്ഷീം	ഇളമാൻകണ്ണാളായ സീതാദേവിയെനോക്കി	അഭ്യധാവത്.	അടുത്തു.

താം മൃത്യുപാശപ്രതിമാമാപതന്തീം മഹാബലഃ
നിഗൃഹ്യ രാമഃ കുപിതസ്തതോ ലക്ഷ്മണമബ്രവീത്. 18

മഹാബലഃ	മഹാബലവാനായ	കുപിതഃ	ക്രോധം പൂണ്ടവനായി
രാമഃ	ശ്രീരാമൻ	നിഗൃഹ്യ,	തടഞ്ഞ്,
മൃത്യുപാശ-പ്രതിമാം	കാലപാശംപോലെ	തതഃ	പിന്നെ
		ലക്ഷ്മണം	ലക്ഷ്മണനോടായി
ആപതന്തീം	മേൽവീഴുന്നവളായ	അബ്രവീത്.	ഇപ്രകാരം അരുളിച്ചെയ്തു.
താം,	അവളെ,		

ക്രൂരൈരനാര്യ്യൈഃ സൌമിത്രേ പരിഹാസഃ കഥഞ്ചന
ന കാര്യ്യഃ പശ്യ വൈദേഹീം കഥഞ്ചിത് സൌമ്യ ജീവതീം. 19

" സൌമ്യ	" ഉണ്ണി!	ന കാര്യ്യഃ ;	പാടുള്ളതല്ല ;
സൌമിത്രേ	ലക്ഷ്മണ!	കഥഞ്ചിത്	എന്തായാലും
ക്രൂരൈഃ	കൊടിയ	വൈദേഹീം	സീതയെ
അനാര്യ്യൈഃ	ദുഷ്ടന്മാരോടുകൂടി	ജീവതീം	ജീവനോടിരിക്കുന്നവളായി
പരിഹാസഃ	പരിഹാസസംഭാഷണം		
കഥഞ്ചന	ഒരുവിധത്തിലും	പശ്യ.	നോക്കിക്കൊൾക.

[ഈ പരിഹാസവചനം തന്നെയാണ് മേൽ വരുവാൻപോകുന്ന സർവ്വാനർത്ഥങ്ങൾക്കും മൂലകാരണമായ്ത്തീരുന്നത് എന്നു ബോദ്ധ്യമാകുന്നു. (കതകം)]

ഇമാം വിരൂപാമസതീമതിമത്താം മഹോദരീം
രാക്ഷസീം പുരുഷവ്യാഘ്ര വിരൂപയിതുമർഹസി. 20

"പുരുഷവ്യാഘ്ര!	"പുരുഷോത്തമ!	മഹോദരീം	പെരുവയറുള്ളവളുമായ
വിരൂപാം	കുരൂപയും	ഇമാം രാക്ഷസീം	ഈ രാക്ഷസിയെ
അസതീം	ദുശ്ചരിത്രയും	വിരൂപയിതും അർഹസി."	നീ അംഗഭംഗംചെയ്തു വിരൂപയാക്കുക."
അതിമത്താം	മദംകൊണ്ടവളും		

ഇത്യുക്തോ ലക്ഷ്മണസ്തസ്യാഃ ക്രുദ്ധോ രാമസ്യ പശ്യതഃ
ഉദ്ധൃത്യ ഖഡ്ഗം ചിച്ഛേദ കർണ്ണനാസം മഹാബലഃ 21

ഇതി	ഇപ്രകാരം	ഖഡ്ഗംഉദ്ധൃത്യ	വാളൂരിക്കൊണ്ട്
ഉക്തഃ	ആജ്ഞാപിക്കപ്പെട്ട	തസ്യാഃ	അവളുടെ
മഹാബലഃ	മഹാബലശാലിയായ	കർണ്ണനാസം	കാതുംമൂക്കും
ലക്ഷ്മണഃ,	ലക്ഷ്മണൻ,	രാമസ്യപശ്യതഃ	ശ്രീരാമന്റെ കണ്മുമ്പിൽ വെച്ചുതന്നെ
ക്രുദ്ധഃ	കോപിച്ചവനായി	ചിച്ഛേദ.	അറുത്തു.

വികൃത്തകർണ്ണനാസാ തു വിസ്വരം സാ വിനദ്യ ച
യഥാഗതം പ്രദുദ്രാവ ഘോരാ ശൂർപ്പണഖാ വനം. 22

ഘോരാ	ഭയങ്കരിയായ	വിസ്വരം	ഭയങ്കരമാംവണ്ണം
സാ	ആ	വിനദ്യ ച,	അലറിക്കൊണ്ട്,
ശൂർപ്പണഖാ,	ശൂർപ്പണഖ,	യഥാഗതം	വന്നവഴിക്ക്
തു	ആ സമയം	വനം	കാട്ടിലേക്ക്
വികൃത്തകർണ്ണനാസാ	കാതും മൂക്കും അറുക്കപ്പെട്ടവളായി	പ്രദുദ്രാവ.	ഓടി.

സാ വിരൂപാ മഹാഘോരാ രാക്ഷസീ ശോണിതോക്ഷിതാ
നനാദ വിവിധാന്നാദാന്യഥാ പ്രാവൃഷി തോയദഃ. 23

വിരൂപാ	അംഗഭംഗപ്പെടുത്തപ്പെട്ട്	പ്രാവൃഷി	മഴക്കാലത്തിൽ
		തോയദഃ	മേഘം
മഹാഘോരാ	അതിഘോരരൂപയായി	യഥാ,	എന്നപോലെ,
ശോണിതോക്ഷിതാ	ചോരപുരണ്ടവളായ	വിവിധാൻ	പല
		നാദാൻ	ശബ്ദങ്ങളെ
സാ രാക്ഷസീ,	ആ രാക്ഷസി,	നനാദ.	പുറപ്പെടുവിച്ചു.

സാ വിക്ഷരന്തീ രുധിരം ബഹുധാ ഘോരദർശനാ
പ്രഗൃഹ്യ ബാഹൂ ഗർജ്ജന്തീ പ്രവിവേശ മഹാവനം. 24

ഘോരദൎശനാ	കാഴ്ചക്കു ഭയങ്കരയായ	ബാഹൂ	രണ്ടുകൈകളേയും
സാ,	അവൾ,	പ്രഗൃഹ്യ	പൊക്കിക്കൊണ്ട്
രുധിരം	രക്തത്തെ	ഗൎജ്ജന്തീ	ഗൎജ്ജിച്ചുകൊണ്ടുതന്നെ
ബഹുധാ	ഏറെ	മഹാവനം	വൻകാട്ടിൽ
വിക്ഷരന്തീ,	ഒലിപ്പിച്ചുകൊണ്ട്,	പ്രവിവേശ.	പ്രവേശിച്ചു.

തതസ്തു സാ രാക്ഷസസംഘസംവൃതം
ഖരം ജനസ്ഥാനഗതം വിരൂപിതാ
ഉപേത്യ തം ഭ്രാതരമുഗ്രദൎശനം
പപാത ഭൂമൌ ഗഗനാദ്യഥാശനിഃ. 25

വിരൂപിതാ	വിരൂപയാക്കപ്പെട്ട	തം	ആ
സാ,	അവൾ,	ഖരം തു	ഖരനെ
രാക്ഷസസംഘസംവൃതം	രാക്ഷസഗണങ്ങളാൽ ചൂഴപ്പെട്ട്	ഉപേത്യ,	അടുത്ത്,
ഉഗ്രദൎശനം	ഭയങ്കരരൂപിയായി	തതഃ,	അവിടെ,
ജനസ്ഥാനഗതം	ജനസ്ഥാനത്തിൽ വൎത്തിച്ചിരുന്ന	ഗഗനാത്	ആകാശത്തിൽനിന്നു
ഭ്രാതരം	അനുജനായ	അശനിഃ യഥാ	ഇടിത്തീ എന്നവണ്ണം,
		ഭൂമൌ	നിലത്ത്
		പപാത.	പതിച്ചു.

തതഃ സഭാൎയ്യം ഭയമോഹമൂൎച്ഛിതാ
സലക്ഷ്മണം രാഘവമാഗതം വനം
വിരൂപണം ചാത്മനി ശോണിതോക്ഷിതാ
ശശംസ സൎവ്വം ഭഗിനീ ഖരസ്യ സാ. 26

ശോണിതോക്ഷിതാ	രക്തം ഒലിപ്പിച്ചുകൊണ്ടിരുന്നവളായ	വനം	കാട്ടിൽ
സാ	ആ	സഭാൎയ്യം	ഭാൎയ്യാസഹിതനായി
ഖരസ്യ	ഖരന്റെ	സലക്ഷ്മണം	ലക്ഷ്മണനോടുകൂടി
ഭഗിനീ,	ജ്യേഷ്ഠസഹോദരി,	ആഗതം	വന്നിരിക്കുന്നതിനേയും
ഭയമോഹമൂൎച്ഛിതാ	ഭയവും വേദനയും അധികരിച്ചവളായി	ആത്മനി	തന്റെ സംഗതിയിൽ
തതഃ,	ആ സമയം,	വിരൂപണം ച	അംഗഭംഗം ചെയ്തതിനേയും
രാഘവം	ശ്രീരാമൻ	സൎവ്വം	എല്ലാററിനേയും
		ശശംസ.	പറഞ്ഞു.

["കൎണ്ണനാസാപഹാരം ച ശൃണ്വതാം പഠതാമപി, ന ജാതു മാനഭംഗഃ സ്യാദ്രഘുനാഥപ്രസാദതഃ." (സ്കാന്ദം), എന്നിപ്രകാരം ഈ സൎഗ്ഗപാഠശ്രവണഫലം. (എന്ന് ടീകാശിരോമണി).]

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
അഷ്ടാദശഃ സൎഗ്ഗഃ = പതിനെട്ടാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 7356; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 644.

ഏകോനവിംശഃ സർഗ്ഗഃ = പത്തൊമ്പതാംസർഗ്ഗം:

[ഖരസമീപേ അംഗവൈരൂപ്യകഥനം = ഖരനോടു
അംഗഭംഗത്തെക്കുറിച്ചു് പറയുന്നത്.]

താം തഥാ പതിതാം ദൃഷ്ട്വാ വിരൂപാം ശോണിതോക്ഷിതാം
ഭഗിനീം ക്രോധസംതപ്തഃ ഖരഃ പപ്രച്ഛ രാക്ഷസഃ. 1

ഖരഃ	ഖരനെന്ന	തഥാ	അപ്രകാരം
രാക്ഷസഃ	രാക്ഷസൻ	പതിതാം	വീണവളായി
ഭഗിനീം	ജ്യേഷ്ഠത്തിയായ	ദൃഷ്ട്വാ,	കണ്ടു്,
താം	അവളെ	ക്രോധസംതപ്തഃ	കോപത്താൽ ഉജ്ജ്വലിക്കുന്നവനായി
വിരൂപാം	വിരൂപയായി		
ശോണിതോക്ഷിതാം	രക്തമൊലിപ്പിച്ചുകൊണ്ടു്	പപ്രച്ഛ.	ഇങ്ങിനെ ചോദിച്ചു.

ഉത്തിഷ്ഠ താവദാഖ്യാഹി പ്രമോഹം ജഹി സംഭ്രമം
വ്യക്തമാഖ്യാഹി കേന ത്വമേവംരൂപാ വിരൂപിതാ. 2

"താവത്	"ഒന്നാമതായി	ത്വം	ജ്യേഷ്ഠത്തി
പ്രമോഹം	പതർച്ചയും	കേന	ആരാലാണ്
സംഭ്രമം	ഭയവും	ഏവംരൂപാ	ഇപ്രകാരം
ജഹി;	കളയുക;	വിരൂപിതാ	അംഗഭംഗപ്പെടുത്തപ്പെട്ടതെന്നു്
ഉത്തിഷ്ഠ;	എഴുന്നേല്ക്കുക;	വ്യക്തം	വ്യക്തമായി
ആഖ്യാഹി;	എന്തുണ്ടായെന്നു പറയുക;	ആഖ്യാഹി.	പറഞ്ഞാലും.

കഃ കൃഷ്ണസർപ്പമാസീനമാശീവിഷമനാഗസം
തുദത്യഭിസമാപന്നമംഗുല്യഗ്രേണ ലീലയാ. 3

"കഃ	"ആരാണ്	കൃഷ്ണസർപ്പം,	കൃഷ്ണസർപ്പത്തെ,
അനാഗസം	യാതൊരു ഉപദ്രവവും ചെയ്യാതെ	അഭിസമാപന്നം,	ചീറിയടുക്കുമാറ്,
ആസീനം	തന്റെ പാട്ടിൽ കിടക്കുന്ന,	ലീലയാ	നേരംപോക്കായി
		അംഗുല്യഗ്രേണ	വിരലിന്റെഅഗ്രംകൊണ്ടു്
ആശീവിഷം	വിഷപ്പല്ലോടുകൂടിയ	തുദതി?	നോണ്ടുന്നത്?

കഃ കാലപാശമാസജ്യ കണ്ഠേ മോഹാന്ന ബുധ്യതേ
യസ്ത്വാമദ്യ സമാസാദ്യ പീതവാൻവിഷമുത്തമം. 4

"യഃ	"യാതൊരുവൻ,	ആസജ്യ	കെട്ടിയിട്ടു്,.
അദ്യ	ഇപ്പോൾ	ഉത്തമം	കഠോരമായ
ത്വാം	നിന്നെ	വിഷം	വിഷത്തിൽ
മോഹാത്	ബുദ്ധിയില്ലാതെ	പീതവാൻ	ആണ്ടിരിക്കുന്നവനായി
സമാസാദ്യ,	ഉപദ്രവിച്ചു്,	ബുധ്യതേ ന	അറിയുന്നില്ലയോ, അവൻ
കാലപാശം	യമപാശത്തെ		
കണ്ഠേ	കഴുത്തിൽ	കഃ?	ആരാണ്?

ബലവിക്രമസമ്പന്നാ കാമഗാ കാമരൂപിണീ
ഇമാമവസ്ഥാം നീതാ ത്വം കേനാന്തകസമാ മതാ. 5

"കേന	"ആരാലാണ്,	ത്വം,	നീ,
ബലവിക്രമസമ്പന്നാ	ബലപരാക്രമയുക്തയും	അന്തകസമാ	മൃത്യുസദൃശയായി
കാമരൂപിണീ	ഇഷ്ടമുള്ള രൂപം എടുക്കാവുന്നവളും	മതാ,	വിചാരിക്കപ്പെട്ടിരുന്നിട്ടുംകൂടി,
കാമഗാ	എങ്ങും ഗമിപ്പാൻ കഴിവുള്ളവളും ആയ	ഇമാം	ഈ വിധത്തിലുള്ള
		അവസ്ഥാം നീതാ?	അവസ്ഥയിൽ ആക്കപ്പെട്ടത്?

ദേവഗന്ധർവ്വഭൂതാനാമൃഷീണാം ച മഹാത്മനാം
കോഽയമേവം മഹാവീര്യ്യ ത്വാം വിരൂപാം ചകാര ഹ. 6

"ത്വാം	"നിന്നെ	മഹാവീര്യ്യഃ	മഹാവീരനായ ഒരുവൻ
മഹാത്മനാം	മഹാധൈര്യ്യശാലികളായ	ഏവം	ഇങ്ങിനെ
ദേവഗന്ധർവ്വഭൂതാനാം	ദേവന്മാർ, ഗന്ധർവ്വന്മാർ, മനുഷ്യർ എന്നവരിലും	വിരൂപാം ചകാര;	അംഗഹീനയാക്കിയല്ലൊ!
ഋഷീണാം ച	ഋഷിമാരിലും	ഹ!	എന്തക്രമം!
		അയം	ഇവൻ
		കഃ?	ആരാണ്?

ന ഹി പശ്യാമ്യഹം ലോകേ യഃ കുര്യ്യാന്മമ വിപ്രിയം
അമരേഷു സഹസ്രാക്ഷം മഹേന്ദ്രം പാകശാസനം. 7

"അമരേഷു	"ദേവന്മാരിൽ	മമ	എനിക്ക്
യഃ	ഏതെങ്കിലും ഒരുവൻ	വിപ്രിയം ഹി	പ്രിയമല്ലാത്തതുചെയ്യുന്ന ഒരുവനെയെങ്കിലും
പാകശാസനം	പാകവൈരിയും	ലോകേ	ഈ ലോകത്തിൽ
സഹസ്രാക്ഷം	സഹസ്രാക്ഷനും ആയ	അഹം	ഞാൻ
മഹേന്ദ്രം	ദേവേന്ദ്രനെതന്നേയും	ന പശ്യാമി.	കാണുന്നില്ല.
കുര്യ്യാത്;	ഇങ്ങിനെചെയ്താലും ചെയ്യും;		

[പാകൻ, വൃത്രാസുരസഹോദരനാകുന്നു.]

അദ്യാഹം മാർഗ്ഗണൈഃ പ്രാണാനാദാസ്യേ ജീവിതാന്തകൈഃ
സലിലേ ക്ഷീരമാസക്തം നിഷ്പിബന്നിവ സാരസഃ. 8

"അഹം	"ഞാൻ	ആസക്തം	കലർന്ന
അദ്യ	ഇപ്പോൾ	ക്ഷീരം	പാലിനെ
ജീവിതാന്തകൈഃ	ജീവനാശം വരുത്തുന്ന	നിഷ്പിബൻ	കുടിക്കുന്ന
മാർഗ്ഗണൈഃ	ബാണങ്ങളെക്കൊണ്ട്	സാരസഃ ഇവ	അരയന്നം എന്നപോലെ
പ്രാണാൻ,	അവന്റെ പ്രാണങ്ങളെ,	ആദാസ്യേ.	എടുത്തുകളയുന്നുണ്ട്.
സലിലേ	വെള്ളത്തിൽ		

നിഹതസ്യ മയാ സംഖ്യേ ശരസംകൃത്തമർമ്മണഃ
സഫേനം രുധിരം രക്തം മേദിനീ കസ്യ പാസ്യതി. 9

" സംഖ്യേ	" പോരിൽ	കസ്യ	ഏതൊരുവൻെറ
മയാ	എന്നാൽ	സഫേനം	നുരയോടുകൂടിയ
ശരസംകൃത്ത-മർമ്മണഃ	ബാണങ്ങളാൽ പിളക്കപ്പെട്ട മർമ്മങ്ങളോടുകൂടിയവനായി	രക്തം	ചുടുത്ത
		രുധിരം	രക്തത്തെയാണ്
		മേദിനീ	ഭൂമി
നിഹതസ്യ	കൊല്ലപ്പെട്ട	പാസ്യതി ?	കുടിപ്പാൻപോകുന്നത് ?

കസ്യ പത്രരഥാഃ കായാന്മാംസമുത്കൃത്യ സംഗതാഃ
പ്രഹൃഷ്ടാ ഭക്ഷയിഷ്യന്തി നിഹതസ്യ മയാ രണേ. 10

" മയാ	" എന്നാൽ	പത്രരഥാഃ	പക്ഷികൾ
രണേ	പോരിൽ	സംഗതാഃ	കൂട്ടംകൂട്ടമായി
നിഹതസ്യ	കൊല്ലപ്പെട്ട	പ്രഹൃഷ്ടാഃ	സന്തോഷത്തോടെ
കസ്യ	ഏതൊരുവൻെറ	ഉത് കൃത്യ	കൊത്തി
കായാത്	ദേഹത്തിൽനിന്നാണ്		
മാംസം	മാംസത്തെ	ഭക്ഷയിഷ്യന്തി ?	തിന്മാൻപോകുന്നത് ?

തം ന ദേവാ ന ഗന്ധർവ്വാ ന പിശാചാ ന രാക്ഷസാഃ
മയാഽപകൃഷ്ടം കൃപണം ശക്താസ്ത്രാതും മഹാഹവേ. 11

" മഹാഹവേ	" വൻപോരിൽ	ദേവാഃ	ദേവന്മാർ
മയാ	എന്നാൽ	ശക്താഃ ന ;	ശക്തരാകയില്ല ;
അപകൃഷ്ടം	വലിച്ചിഴയ്ക്കപ്പെട്ട	ഗന്ധർവ്വാഃ ന ;	ഗന്ധർവ്വന്മാരുമാകയില്ല;
കൃപണം	ദീനനായ	പിശാചാഃ ന ;	പിശാചുക്കളുമാകയി
തം,	അവനെ,	രാക്ഷസാഃ ന.	രാക്ഷസന്മാരുമാക [ല്ല;
ത്രാതും	രക്ഷിപ്പാൻ		യില്ല.

ഉപലഭ്യ ശനൈഃ സംജ്ഞാം തം മേ ശംസിതുമർഹസി
യേന ത്വം ദുർവ്വിനീതേന വനേ വിക്രമ്യ നിർജ്ജിതാ. 12

" ത്വം	" നീ	തം	അവനെക്കുറിച്ച്
ദുർവ്വിനീതേന	ദുഷ്ടനായ	മേ,	എന്നോട്,
യേന	ഏതൊരുവനാൽ	ശനൈഃ	ബദ്ധപ്പെടാതെ
വനേ	കാട്ടിൽ	സംജ്ഞാം ഉപലഭ്യ	ഓർമ്മവെച്ച്
വിക്രമ്യ	ബലാത് കാരമായി		
നിർജ്ജിതാ,	അവമാനപ്പെട്ടുത്തപ്പെട്ടുവൊ,	ശംസിതും അർഹസി. "	പറയുക.

ഇതി ഭ്രാതുർവ്വചഃ ശ്രുത്വാ ക്രുദ്ധസ്യ ച വിശേഷതഃ
തതഃ ശൂർപ്പണഖാ വാക്യം സബാഷ്പമിദമബ്രവീത്. 13

ഇതി	ഇപ്രകാരം	ശ്രുത്വാ തതഃ,	കേട്ടശേഷം,
വിശേഷതഃ	അത്യന്തം	ശൂർപ്പണഖാ	ശൂർപ്പണഖ
ക്രുദ്ധസ്യ	ക്രുദ്ധിച്ചിരുന്നവനായ	സബാഷ്പം ച	കണ്ണീർവാർത്തുകൊണ്ടു,
ഭ്രാതുഃ	അനുജന്റെ	ഇദം വാക്യം	ഇപ്രകാരം മറുപടി
വചഃ	വാക്കു	അബ്രവീത്.	പറഞ്ഞു.

തരുണൌ രൂപസംപന്നൌ സുകുമാരൌ മഹാബലൌ
പുണ്ഡരീകവിശാലാക്ഷൌ ചീരകൃഷ്ണാജിനാംബരൌ. 14

"തരുണൌ;	"രണ്ടുചെറുപ്പക്കാർ;	പുണ്ഡരീക- വിശാലാക്ഷൌ	ചെന്താരൊത്ത വിശാല നേത്രന്മാർ
രൂപസംപന്നൌ;	അതിസുന്ദരന്മാർ:	ചീരകൃഷ്ണാ- ജിനാംബരൌ.	മരവുരിയും, മാൻതോലും ധരിച്ചവർ.
സുകുമാരൌ;	അതിമൃദുഗാത്രന്മാർ;		
മഹാബലൌ;	മഹാബലശാലികൾ;		

[ശൂർപ്പണഖയെ അംഗഭംഗപ്പെടുത്തുവാൻ ശ്രീരാമൻ ആജ്ഞാപിക്കയും, ലക്ഷ്മണൻ അങ്ങിനെ ചെയ്കയും ചെയ്തതുകൊണ്ട്, വെറുക്കപ്പെടേണ്ടവരായ ഇവരെക്കുറിച്ച് "ദശരഥപുത്രന്മാരായ രണ്ടുപേർ" എന്നിത്യാദി മാത്രം പറയാതെ, "തരുണൌ, രൂപസമ്പന്നൌ" എന്നിത്യാദിയായി രൂപവിക്രമാദി ഗുണങ്ങളെ ശൂർപ്പണഖ വർണ്ണിക്കുന്നതിനാൽ, ശ്രീരാമലക്ഷ്മണന്മാരുടെ സൌന്ദര്യത്തെ കണ്ട് ഭ്രമിച്ചിരിക്കുന്ന അവളുടെ കാമപാരവശ്യാധിക്യത്തെ കാണിക്കുന്നതായും, ഖരന്ന് എതിർത്തുനില്ക്കത്തക്കപ്രഭാവമില്ലാത്തവരായും, വാസ്തവത്തിൽ ഖരാദികൾക്കുംകൂടി ഭയത്തെ ഉണ്ടാക്കത്തക്ക വീര്യശാലികളായും, ഇങ്ങിനെ മൂന്നുപ്രകാരത്തിൽ വിശേഷണങ്ങൾക്ക് അർത്ഥം ഗോവിന്ദരാജീയം, തനിശ്ലോകി എന്ന വ്യാഖ്യാനങ്ങളിൽ പറഞ്ഞുകാണുന്നു.

ഒന്നാമതായി, "സുപ്തപ്രമത്ത കുപിതാനാം ഭാവജ്ഞാനം സ്പഷ്ടം" (ഉറങ്ങുമ്പോഴും മദ്യപിച്ചിരിക്കുമ്പോഴും, കോപിച്ചിരിക്കുമ്പോഴും പറയുന്നതിൽ വാസ്തവത്തിൽ ഹൃദയത്തിലുള്ള ഭാവം വ്യക്തമാകുന്നു,) എന്ന രീതിയിൽ ശൂർപ്പണഖയുടെ വാസ്തവാന്തർഗ്ഗതം വെളിവാകുന്നു. "തരുണൌ" (തക്ക പ്രായത്തോടുകൂടിയവർ) "രൂപസമ്പന്നൌ" ഇത്യാദി സ്പഷ്ടം; "ചീരകൃഷ്ണാജിനാംബരൌ" 'കിമിവഹിമധുരാണാം മണ്ഡനം നാകൃതീനാം' എന്ന മാതിരി മരവുരി മുതലായവയെക്കൊണ്ടുകൂടി ദേഹസൌഷ്ഠവം അധികമാക്കപ്പെട്ടവർ എന്നു താല്പര്യം.

ദുർബ്ബലന്മാരെന്ന പക്ഷത്തിൽ, 'പ്രൌഢതയില്ലാത്തവരാകയാൽ യുദ്ധയോഗ്യതയില്ലാത്തവർ;' സ്ത്രീകളെമാത്രം വശീകരിക്കുന്ന രൂപമുള്ളവർ അല്ലാതെ പൌരുഷമെന്നതില്ലാത്തവർ; ആകയാൽ സൈന്യസമേതനായ നിനക്ക് എതിരില്ലാത്തവർ; സുകുമാരഗാത്രന്മാർ, ആകയാൽ ക്ലേശമെന്നതറിയാതെ വളർത്തപ്പെട്ടവർ; മഹാ അബലന്മാർ, ശക്തിഹീനന്മാർ; പുണ്ഡരീകംപോലെ വിളർത്ത്, കണ്ണുതുറിച്ചു നില്ക്കുന്നവർ, അതായത്, എന്നെ അംഗഭംഗപ്പെടുത്തിയകാരണം തങ്ങൾക്ക് എന്തു നേരിടുമോ എന്നു ഭയപ്പെട്ട് മിഴിച്ചുനില്ക്കുന്നവർ; ഉടുപ്പാൻകൂടി വസ്ത്രം സമ്പാദിപ്പാൻ കഴിയാത്തവരായി തോലും മരവുരിയും ധരിക്കുന്നവർ എന്നർത്ഥം.

തനിക്കു ഉത്സാഹം ഉണ്ടാകുമാറ് തന്നോടു യുദ്ധംചെയ്വാൻ തക്ക വീരന്മാരെന്ന അർത്ഥത്തിൽ തരുണന്മാർ, അതായത് വിജയോത്സാഹയോഗ്യമായ വയസ്സാർന്നവർ; യുദ്ധംചെയ്യാതെതന്നെ കേവലദർശനംകൊണ്ട് ശത്രുവിന്ന് അധൈര്യമുണ്ടാക്കുന്നതായ രൂപഗുണമാർന്നവർ; ലീലയായ്ത്തന്നെ സർവ്വത്തെയും സംഹരിപ്പാൻ തക്ക സാമർത്ഥ്യമുള്ളവർ; മനോബലം ബാഹുബലം എന്നിവ ഒരുപോലെയുള്ളവർ; ശത്രുക്കളെക്കണ്ട് കലങ്ങാത്തതായ നേത്രങ്ങളോടുകൂടിയവർ; അരമുറുക്കി, സദാ യുദ്ധസന്നദ്ധന്മാരായിരിക്കുന്നവർ എന്നർത്ഥം.]

ഫലമൂലാശനൌ ദാന്തൌ താപസൌ ധൎമ്മചാരിണൌ
പുത്രൌ ദശരഥസ്യാസ്താം ഭ്രാതരൌ രാമലക്ഷ്മണൌ. 15

"ഫലമൂലാശനൌ	"കായ്കനിതിന്നുന്നവരായ അവർ	ദശരഥസ്യ	ദശരഥന്റെ
ദാന്തൌ;	ശാസ്ത്രങ്ങളെ അനുസരിക്കുന്നവർ;	പുത്രൌ,	പുത്രന്മാരും,
താപസൌ;	താപസവൃത്തിയോടുകൂടിയവർ;	രാമലക്ഷ്മണൌ	രാമലക്ഷ്മണന്മാരെന്നവരും ആയ
ധൎമ്മചാരിണൌ;	ധൎമ്മാനുഷ്ഠാനനിരതന്മാർ;	ഭ്രാതരൌ	ആ രണ്ടുസഹോദരന്മാർ
		ആസ്താം.	ഇട്ടിക്കിൽ വന്നിരിക്കുന്നു.

ശരണ്യൌ സൎവ്വസത്വാനാം ശ്രേഷ്ഠൌ സൎവ്വധനുഷ്മതാം. 16

"സൎവ്വസത്വാനാം	"സൎവ്വജീവരാശികൾക്കും	സൎവ്വധനുഷ്മതാം	വില്ലാളികളിലെല്ലാംവെച്ച്
ശരണ്യൌ;	അഭയത്തെ കൊടുക്കുന്നവർ;	ശ്രേഷ്ഠൌ.	ശ്രേഷ്ഠന്മാർ.

ഗന്ധൎവ്വരാജപ്രതിമൌ പാൎത്ഥിവവ്യഞ്ജനാന്വിതൌ
ദേവൌ വാ മാനുഷൌ വാ തൌ ന തൎക്കയിതുമുത്സഹേ. 17

"ഗന്ധൎവ്വരാജപ്രതിമൌ;	"ഗന്ധൎവ്വരാജതുല്യന്മാർ;	തൌ	അവർ രണ്ടുപേരും
പാൎത്ഥിവവ്യഞ്ജനാന്വിതൌ	രാജലക്ഷണസമ്പന്നന്മാർ;	ദേവൌ വാ,	ദേവന്മാരൊ,
		മാനുഷൌ വാ	അഥവാ മനുഷ്യന്മാരോ
		തൎക്കയിതും	നിശ്ചയിപ്പാൻ [എന്ന്
		ഉത്സഹേ ന.	ഞാൻ ശക്തയല്ല.

തരുണീ രൂപസമ്പന്നാ സൎവ്വാഭരണഭൂഷിതാ
ദൃഷ്ടാ തത്ര മയാ നാരീ തയോൎമ്മദ്ധ്യേ സുമദ്ധ്യമാ. 18

"തത്ര	"അവിടെ	സൎവ്വാഭരണഭൂഷിതാ	സൎവ്വാലങ്കാരഭൂഷിതയും
തയോഃ	അവരിരുവരുടെയും	സുമദ്ധ്യമാ	സൎവ്വലക്ഷണയുക്തയു [മായ
മദ്ധ്യേ,	സമീപത്തിൽ,	നാരീ	ഒരു സ്ത്രീ
തരുണീ	യുവതിയും	മയാ	എന്നാൽ
രൂപസമ്പന്നാ	അതിസുന്ദരിയും	ദൃഷ്ടാ.	കാണപ്പെട്ടു.

താഭ്യാമുഭാഭ്യാം സംഭൂയ പ്രമദാമധികൃത്യ താം
ഇമാമവസ്ഥാം നീതാഽഹം യഥാഽനാഥാഽസതീ തഥാ. 19

"സംഭൂയ	"ഒന്നിച്ചിരുന്നവരായ	അനാഥാ	അനാഥയായ
താഭ്യാം ഉഭാഭ്യാം	അവരിരുവരാലും	അസതീ യഥാ തഥാ	ഒരു കുലടയെന്നപോലെ
താം	ആ	ഇമാം	ഈ
പ്രമദാം അധികൃത്യ	സ്ത്രീക്കുവേണ്ടി	അവസ്ഥാം	സ്ഥിതിയിൽ
അഹം	ഞാൻ	നീതാ.	ആക്കപ്പെട്ടു.

തസ്യാശ്ചാനൃജുവൃത്തായാസ്തയോശ്ച ഹതയോരഹം
സഫേനം പാതുമിച്ഛാമി രുധിരം രണമൂർദ്ധനി. 20

"രണമൂർദ്ധനി	"യുദ്ധരംഗത്തിൽ	സഫേനം	നുരയോടുകൂടിയ
ഹതയോഃ	കൊല്ലപ്പെട്ട	രുധിരം	രക്തത്തെ
തയോഃ ച	അവർ രണ്ടുപേരുടേയും	അഹം	ഞാൻ
അനൃജുവൃത്തായാഃ	ദുർവൃത്തയായ	പാതും	കുടിപ്പാൻ
തസ്യാഃ ച,	അവളുടെയും,	ഇച്ഛാമി.	ഇച്ഛിക്കുന്നു.

ഏഷ മേ പ്രഥമഃ കാമഃ കൃതസ്താത ത്വയാ ഭവേത്
തസ്യാസ്തയോശ്ച രുധിരം പിബേയമഹമാഹവേ. 21

"താത!	"അനുജ!	അഹം	ഞാൻ
മേ	എന്റെ	ആഹവേ ച	പോരിൽതന്നെ
ഏഷഃ	ഈ	തയോഃ	അവർ രണ്ടുപേരുടേയും
പ്രഥമഃ കാമഃ	ഒന്നാമതായ ആഗ്രഹം	തസ്യാഃ	അവളുടെയും
ത്വയാ	നിന്നാൽതന്നെ	രുധിരം	ചോരയെ
കൃതഃ ഭവേത്;	സാദ്ധ്യമാകേണം;	പിബേയം."	കുടിക്കേണം."

ഇതി തസ്യാം ബ്രുവാണായാം ചതുർദ്ദശ മഹാബലാൻ
വ്യാദിദേശ ഖരഃ ക്രുദ്ധോ രാക്ഷസാനന്തകോപമാൻ. 22

ഇതി	ഇപ്രകാരം	അന്തകോപമാൻ	അന്തകസദൃശന്മാരായ
തസ്യാം	അവൾ	മഹാബലാൻ	മഹാശക്തിമാന്മാരായ
ബ്രുവാണായാം	പറഞ്ഞപ്പോൾ	ചതുർദ്ദശ	പതിന്നാലു
ഖരഃ	ഖരൻ	രാക്ഷസാൻ	രാക്ഷസന്മാരോടായി
ക്രുദ്ധഃ,	കോപിച്ചവനായി,	വ്യാദിദേശ.	ഇപ്രകാരം ആജ്ഞാപിച്ചു.

മാനുഷൌ ശസ്ത്രസമ്പന്നൌ ചീരകൃഷ്ണാജിനാംബരൌ
പ്രവിഷ്ടൌ ദണ്ഡകാരണ്യം ഘോരം പ്രമദയാ സഹ. 23

"ശസ്ത്രസമ്പന്നൌ	"ആയുധപാണികളും	പ്രമദയാ സഹ,	ഒരു സ്ത്രീയോടുകൂടി
ചീരകൃഷ്ണാജിനാംബരൌ	മരവുരിയും മാൻതോലും ധരിച്ചവരുമായ	ഘോരം	ഭയങ്കരമായ
മാനുഷൌ,	രണ്ടു നരന്മാർ,	ദണ്ഡകാരണ്യം	ഈ ദണ്ഡകാരണ്യത്തിൽ
		പ്രവിഷ്ടൌ.	എത്തിയിരിക്കുന്നു.

തൌ ഹത്വാ താം ച ദുർവൃത്താമപാവർത്തിതുമർഹഥ
ഇയം ച രുധിരം തേഷാം ഭഗിനീ മമ പാസ്യതി. 24

"തൌ	"അവർ രണ്ടുപേരേയും	മമ	എന്റെ
ദുർവൃത്താം	ദുഷ്ടയായ	ഭഗിനീ ഇയം ച	ഈ ജ്യേഷ്ഠത്തിയും
താം ച ഹത്വാ	അവളേയും ഹനിച്ച്	തേഷാം	അവരുടെ
അപാവർത്തിതും അർഹഥ	നിങ്ങൾ മടങ്ങിവരുവിൻ;	രുധിരം	രക്തത്തെ
		പാസ്യതി.	പാനംചെയ്യട്ടെ.

മനോരഥോऽയമിഷ്ടോऽസ്യാ ഭഗിന്യാ മമ രാക്ഷസാഃ
ശീഘ്രം സംപാദ്യതാം ഗത്വാ തൗ പ്രമഥ്യ സ്വതേജസാ. 25

"രാക്ഷസാഃ!	"രാക്ഷസന്മാരേ!	ഭഗിന്യാഃ	ജ്യേഷ്ഠത്തിയായ
ഗത്വാ	അവിടെച്ചെന്നു്	അസ്യാഃ	ഇവളുടെ
തൗ	അവർ രണ്ടുപേരേയും	അയം ഇഷ്ടഃ	ഈ പ്രിയമായ
സ്വതേജസാ	നിങ്ങളുടെ ഊക്കുകൊ	മനോരഥഃ	ആഗ്രഹം
പ്രമഥ്യ	കൊന്നു് [ണ്ടു്	ശീഘ്രം	വേഗത്തിൽ
മമ	എന്റെ	സംപാദ്യതാം.	സാധിപ്പിക്കപ്പെടട്ടെ.

യുഷ്മാഭിർന്നിഹതൗ ദൃഷ്ട്വാ താവുഭൗ ഭ്രാതരൗ രണേ
ഇയം പ്രഹൃഷ്ടാ മുദിതാ രുധിരം യുധി പാസ്യതി. 26

"രണേ	"പോരിൽ	ഇയം	ഇവൾ [വളായി
ഭ്രാതരൗ	ജ്യേഷ്ഠാനുജന്മാരായ	മുദിതാ	കോൾമയിർക്കൊണ്ട-
തൗ ഉഭൗ	അവർ രണ്ടുപേരെയും	പ്രഹൃഷ്ടാ	അത്യാനന്ദത്തോടെ
യുഷ്മാഭിഃ	നിങ്ങളാൽ	യുധി	പോർക്കളത്തിൽ
നിഹതൗ	കൊല്ലപ്പെട്ടവരായി	രുധിരം	ചോരയെ
ദൃഷ്ട്വാ,	അറിഞ്ഞു്,	പാസ്യതി."	കുടിക്കും."

ഇതി പ്രതിസമാദിഷ്ടാ രാക്ഷസാസ്തേ ചതുർദ്ദശ
തത്ര ജഗ്മുസ്തയാ സാർദ്ധം ഘനാ വാതേരിതാ യഥാ. 27

"ഇതി	"ഇപ്രകാരം	വാതേരിതാഃ	കാററടിച്ചു
പ്രതിസമാദിഷ്ടാഃ	ഇതിനെക്കുറിച്ചു് ആ	ഘനാഃ യഥാ	മേഘങ്ങൾ എന്നപോ
തേ	ആ [ജ്ഞാപിക്കപ്പെട്ട	തയാ സാർദ്ധം	അവളോടുകൂടി [ലെ,
ചതുർദ്ദശ	പതിന്നാലു	തത്ര	അങ്ങിക്കിലേക്കു്
രാക്ഷസാഃ,	രാക്ഷസന്മാരും,	ജഗ്മുഃ.	ചെന്നു.

തതസ്തു തേ തം സമുദഗ്രതേജസം തഥാ സുതീക്ഷ്ണപ്രദരാശ്ച രാക്ഷസാഃ
ദുരാസദം ധർഷയിതും ന ചാശകൻ വനദ്വിപാ ദീപ്തമിവാഗ്നിമുദ്ധതം. 28

തേ	ആ	വനദ്വിപാഃ	കാട്ടാനകൾ
സുതീക്ഷ്ണ-	കൂർത്തുമൂർത്ത ആയുധങ്ങ	ഉദ്ധതം	വർദ്ധിച്ചതായി
പ്രദരാഃ	ളാർന്ന	ദീപ്തം	കത്തിജ്വലിക്കുന്ന
രാക്ഷസാഃ തു,	രാക്ഷസന്മാരും,	അഗ്നിം	കാട്ടുതീയ്യിനെ
ദുരാസദം ച	അടുപ്പാൻ കഴിയാത്ത	ഇവ തഥാ,	എന്നവണ്ണം,
സമുദഗ്ര-	മഹാതേജസ്സോടുകൂടി	തതഃ	അപ്പോൾ
തേജസം	വിളങ്ങുന്നവനായ	ധർഷയിതും ച	അടുപ്പാൻകൂടി
തം,	അദ്ദേഹത്തെ,	അശകൻ ന.	കഴിയാതിരുന്നു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ഏകോനവിംശഃ സർഗ്ഗഃ = പത്തൊമ്പതാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 7384; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 672.

വിംശഃ സൎഗ്ഗഃ = ഇരുപതാംസൎഗ്ഗം.

[ചതുൎദ്ദശരാക്ഷസവധഃ = പതിന്നാലു രാക്ഷസന്മാരെ കൊല്ലുന്നത്.]

തതഃ ശൂൎപ്പണഖാ ഘോരാ രാഘവാശ്രമമാഗതാ
രക്ഷസാമാചചക്ഷേ തൌ ഭ്രാതരൌ സഹ സീതയാ. 1

തതഃ	ആ സമയം	സീതയാ	സീതാദേവിയോടും
ഘോരാ	ക്രൂരയായ	സഹ	കൂടി
ശൂൎപ്പണഖാ	ശൂൎപ്പണഖ	തൌ	ആ രണ്ടു
രാഘവാശ്രമം	ശ്രീരാഘവന്റെ ആശ്രമത്തെ	ഭ്രാതരൌ	സഹോദരന്മാരേയും
		രക്ഷസാം	രാക്ഷസൎക്ക്
ആഗതാ,	പ്രാപിച്ചവളായി,	ആചചക്ഷേ.	കാണിച്ചുകൊടുത്തു.

തേ രാമം പൎണ്ണശാലായാമുപവിഷ്ടം മഹാബലം
ദദൃശുഃ സീതയാ സാൎദ്ധം വൈദേഹ്യാ ലക്ഷ്മണേന ച. 2

തേ	അവർ	സീതയാ	സീതാദേവിയോടും
പൎണ്ണശാലായാം	പൎണ്ണശാലയിൽ	ലക്ഷ്മണേന ച	ലക്ഷ്മണനോടും
മഹാബലം	മഹാബലശാലിയായ	സാൎദ്ധം	കൂടി
രാമം,	ശ്രീരാമനെ,	ഉപവിഷ്ടം	ഇരുന്നുകൊണ്ടിരിക്കുന്ന
വൈദേഹ്യാ	വിദേഹാത്മജയായ	ദദൃശുഃ.	കണ്ടു. [വനായി,

താൻ ദൃഷ്ട്വാ രാഘവഃ ശ്രീമാനാഗതാം താം ച രാക്ഷസീം
അബ്രവീദ് ഭ്രാതരം രാമോ ലക്ഷ്മണം ദീപ്തതേജസം. 3

ശ്രീമാൻ	ശ്രീമാനും	രാക്ഷസീം ച	രാക്ഷസിയേയും
രാഘവഃ	രഘുകുലോദ്ഭവനും	ദൃഷ്ട്വാ,	കണ്ട്,
രാമഃ,	ശ്രീരാമൻ, [ആയ	ദീപ്തതേജസം	മഹാതേജസ്വിയും
താൻ,	അവരേയും,	ഭ്രാതരം	അനുജനും ആയ
ആഗതാം	തിരിച്ചുവന്നവളായ	ലക്ഷ്മണം	ലക്ഷ്മണനോടായി
താം	ആ	അബ്രവീത്.	അരുളിച്ചെയ്തു.

മുഹൂൎത്തം ഭവ സൌമിത്രേ സീതായാഃ പ്രത്യനന്തരഃ
ഇമാനസ്യാ വധിഷ്യാമി പദവീമാഗതാനിഹ. 4

"സൌമിത്രേ!	"ലക്ഷ്മണ!	അസ്യാഃ	ഇവളുടെ
സീതായാഃ	സീതയ്ക്കു	പദവീം	} പിന്നാലെവന്നിരിക്കു
പ്രത്യനന്തരഃ	കാവലായി	ആഗതാൻ	ന്ന
മുഹൂൎത്തം	അല്പനേരം	ഇമാൻ	ഇവരെ
ഭവ;	വൎത്തിക്കുക;	ഇഹ	ഇപ്പോൾ
		വധിഷ്യാമി.	ഞാൻ വധിക്കുന്നുണ്ട്.

വാക്യമേതത് തതഃ ശ്രുത്വാ രാമസ്യ വിദിതാത്മനഃ
തഥേതി ലക്ഷ്മണോ വാക്യം രാമസ്യ പ്രത്യപൂജയത്. 5

തതഃ	അപ്പോൾ	ലക്ഷ്മണഃ	ലക്ഷ്മണൻ
വിദിതാത്മനഃ	മനോഭാവങ്ങളെ അറിഞ്ഞവനായ	ശ്രുത്വാ	കേട്ട്
		'തഥാ', ഇതി	'ആവട്ടെ' എന്ന്
രാമസ്യ	ശ്രീരാമന്റെ	രാമസ്യ	ശ്രീരാമന്റെ
ഏതത്	ഈ	വാക്യം	ആജ്ഞയെ
വാക്യം	വാക്യത്തെ	പ്രത്യപൂജയത്.	ശിരസാ വഹിച്ചു.

രാഘവോഽപി മഹച്ചാപം ചാമീകരവിഭൂഷിതം
ചകാര സജ്യം ധർമ്മാത്മാ താനി രക്ഷാംസി ചാബ്രവീത്. 6

ധർമ്മാത്മാ	ധർമ്മാത്മാവായ	സജ്യം ചകാര;	ഞാണേററി;
രാഘവഃ	ശ്രീരാമൻ	അപി ച	അതിന്നുശേഷം
ചാമീകര-വിഭൂഷിതം	സ്വർണ്ണാലംകൃതമായ	താനി	ആ
മഹത്	ഉത്കൃഷ്ടമായ	രക്ഷാംസി	രാക്ഷസരോടായി
ചാപം	വില്ലിനെ	അബ്രവീത്.	ഇങ്ങിനെ അരുളിച്ചെയ്തു.

പുത്രൌ ദശരഥസ്യാവാം ഭ്രാതരൌ രാമലക്ഷ്മണൌ
പ്രവിഷ്ടൌ സീതയാ സാർദ്ധം ദുശ്ചരം ദണ്ഡകാവനം. 7

"ആവാം	"ഞങ്ങൾ രണ്ടുപേരും	രാമലക്ഷ്മണൌ;	രാമലക്ഷ്മണന്മാരാകു[ന്നു;
ദശരഥസ്യ	ദശരഥമഹാരാജാവിന്റെ	സീതയാ സാർദ്ധം	സീതയോടുകൂടി
		ദുശ്ചരം	സഞ്ചാരഹീനമായ
പുത്രൌ	പുത്രന്മാരായി	ദണ്ഡകാവനം	ദണ്ഡകാരണ്യത്തിലേ
ഭ്രാതരൌ	ജ്യേഷ്ഠാനുജന്മാരായ	പ്രവിഷ്ടൌ.	വന്നിരിക്കയാണ്.[ക്ക്

ഫലമൂലാശനൌ ദാന്തൌ താപസൌ ധർമ്മചാരിണൌ
വസന്തൌ ദണ്ഡകാരണ്യേ കിമർത്ഥമുപഹിംസഥ. 8

"ദണ്ഡ-കാരണ്യേ	"ദണ്ഡകാരണ്യത്തിൽ	താപസൌ	തപസ്വികളായി
ഫലമൂലാശനൌ	കായ്കിഴങ്ങുകൾ ഭുജിച്ചുകൊണ്ടു്	വസന്തൌ	വസിക്കുന്നവരായ ഞങ്ങളെ
ദാന്തൌ	ജിതേന്ദ്രിയന്മാരായി	കിമർത്ഥം	എന്തിന്നുവേണ്ടിയാണ്
ധർമ്മചാരിണൌ	ധർമ്മാനുഷ്ഠാനനിരതന്മാരായി	ഉപഹിംസഥ?	നിങ്ങൾ ഹിംസിക്കുന്നതു്?

യുഷ്മാൻ പാപാത്മകാൻ ഹന്തും വിപ്രകാരാൻ മഹാഹവേ
ഋഷീണാം തു നിയോഗേന പ്രാപ്തോഽഹം സശരായുധഃ. 9

“ അഹം	“ ഞാൻ	യുഷ്മാൻ	നിങ്ങളെ
ഋഷീണാം	മഹർഷിമാരുടെ	മഹാഹവേ	പോരിൽ
നിയോഗേന തു	ആജ്ഞാപ്രകാരംതന്നെ	ഹന്തും	ഹനിപ്പാൻവേണ്ടി
പാപാത്മകാൻ	പാപാത്മാക്കളായി	സശരായുധഃ	ആയുധപാണികളായി
വിപ്രകാരാൻ	അന്യരെ ദ്രോഹിക്കുന്നവരായ	പ്രാപ്തഃ.	ഇവിടെ വന്നിരിക്കുന്നു.

തിഷ്ഠതൈവാത്ര സന്തുഷ്ടാ നോപാവർത്തിതുമർഹഥ
യദി പ്രാണൈരിഹാർത്ഥോ വാ നിവർത്തദ്ധ്വം നിശാചരാഃ. 10

“ നിശാചരാഃ	“ രാക്ഷസന്മാരെ !	ഇഹ	ഇപ്പോൾ,
അത്ര ഏവ	ഇവിടെത്തന്നെ	അർത്ഥഃ	നിങ്ങളുടെ ആവശ്യം
സന്തുഷ്ടാഃ	ഭയപ്പെടാതെ	പ്രാണൈഃ യദി വാ	ജീവനോടുകൂടി ഇരിക്കേണമെന്നാണെങ്കിൽ
തിഷ്ഠത ;	നില്പിൻ ;		
ഉപാവർത്തിതും അർഹഥ ന ;	ഓടിക്കളയേണ്ട ;	നിവർത്തദ്ധ്വം.”	തിരിച്ചോടിക്കൊൾവിൻ.”

തസ്യ തദ്വചനം ശ്രുത്വാ രാക്ഷസാസ്തേ ചതുർദ്ദശ
ഊചുർവ്വാചം സുസംക്രുദ്ധാ ബ്രഹ്മഘ്നാഃ ശൂലപാണയഃ 11
സംരക്തനയനാ ഘോരാ രാമം രക്താന്തലോചനം
പരുഷാ മധുരാഭാഷം ഹൃഷ്ടാ ദൃഷ്ടപരാക്രമം. 12

ഘോരാഃ	ക്രൂരന്മാരും	രക്താന്തലോചനം	രക്താപാംഗനും
സംരക്തനയനാഃ	തുടുത്തകണ്ണുകളുള്ളവരും	ദൃഷ്ടപരാക്രമം	സ്വവീര്യത്തെ അറിഞ്ഞവനായി
ബ്രഹ്മഘ്നാഃ	ബ്രാഹ്മണഘാതകന്മാരും ആയ	മധുരാഭാഷം	നല്ലവാക്കുപറയുന്നവനും ആയ
തേ	ആ	രാമം,	ശ്രീരാമനെ നോക്കി,
ചതുർദ്ദശ	പതിന്നാലു	വാചം	ഇപ്രകാരം വാക്യത്തെ
രാക്ഷസാഃ	രാക്ഷസന്മാരും	ഹൃഷ്ടാഃ	ഉത്സാഹത്തോടുകൂടിയവരായി,
തസ്യ	ശ്രീരാമന്റെ	പരുഷം	ഉരത്തുംകൊണ്ട്,
തത് വചനം	ആ വാക്കു	ഊചുഃ.	പറഞ്ഞു.
ശ്രുത്വാ,	കേട്ട്,		
സുസംക്രുദ്ധാഃ	അതിശയകോപമുൾക്കൊണ്ടവരായി		
ശൂലപാണയഃ	ശൂലങ്ങളെയെടുത്തുകൊണ്ട്,		

ക്രോധമുത്പാദ്യ നോ ഭർത്തുഃ ഖരസ്യ സുമഹാത്മനഃ
ത്വമേവ ഹാസ്യസേ പ്രാണാനദ്യാസ്മാഭിർഹതോ യുധി. 13

“ സുമഹാത്മനഃ	“ മഹാത്മാവായ	യുധി	പോരിൽ
നഃ ഭർത്തുഃ	ഞങ്ങളുടെ യജമാനനായ	അദ്യ	ഇപ്പോൾ
ഖരസ്യ	ഖരന്റെ	അസ്മാഭിഃ	ഞങ്ങളാൽ
ക്രോധം	ക്രോധത്തെ	ഹതഃ	വധിക്കപ്പെട്ട്
ഉത്പാദ്യ,	വിളയിച്ചകാരണം,	പ്രാണാൻ	പ്രാണങ്ങളെ
ത്വം ഏവ	നീ തന്നെ	ഹാസ്യസേ.	ത്യജിപ്പാൻ പോകുന്നു

കാ ഹി തേ ശക്തിരേകസ്യ ബഹൂനാം രണമൂർദ്ധനി
അസ്മാകമഗ്രതഃ സ്ഥാതും കിം പുനർയോദ്ധുമാഹവേ. 14

"ഏകസ്യ	"ഏകനായ	സ്ഥാതും ഹി	നില്ക്കുന്നതിന്നുതന്നെ
തേ	നിനക്ക്	കാ ശക്തിഃ ?	എന്തുശക്തിയാണുള്ളത് ?
രണമൂർദ്ധനി	പോർക്കളത്തിൽ	ആഹവേ	പോരിൽ
ബഹൂനാം	അനേകംപേരടങ്ങിയ	യോദ്ധും	യുദ്ധംചെയ്വാൻ
അസ്മാകം	ഞങ്ങളുടെ	കിം പുനഃ?	പിന്നെ പറയേണ്ടതുണ്ടൊ ?
അഗ്രതഃ	എതിരിൽ		

ഏഭിർബാഹുവിമുക്തൈർനഃ പരിഘൈഃ ശൂലപട്ടിശൈഃ
പ്രാണാംസ്ത്യക്ഷ്യസി വീര്യം ച ധനുശ്ച കരപീഡിതം. 15

"നഃ	"ഞങ്ങളുടെ	കരപീഡിതം	നിന്റെ കയ്യിൽ പിടിച്ചിരിക്കുന്ന
ബാഹു-വിമുക്തൈഃ	കയ്യുകളിൽനിന്നുവീഴുന്ന	ധനുഃ ച,	വില്ലിനേയും,
പരിഘൈഃ	ഇരിമ്പുലക്കകൾകൊണ്ടും,	വീര്യം	പെരുമയേയും
ഏഭിഃ	ഈ	പ്രാണാൻ ച,	പ്രാണങ്ങളേയും,
ശൂലപട്ടിശൈഃ	ശൂലങ്ങൾകൊണ്ടും, കുന്തങ്ങൾകൊണ്ടും	ത്യക്ഷ്യസി."	നീ ത്യജിപ്പാൻപോകുന്നു."

ഇത്യേവമുക്ത്വാ സംരബ്ധാ രാക്ഷസാസ്തേ ചതുർദ്ദശ
ചിക്ഷിപുസ്താനി ശൂലാനി രാഘവം പ്രതി ദുർജ്ജയം. 16

"തേ ചതുർദ്ദശ	"ആ പതിന്നാല്	താനി ശൂലാനി	ആ ശൂലങ്ങളെ
രാക്ഷസാഃ	രാക്ഷസന്മാരും	ദുർജ്ജയം	ആരാലും ജയിക്കപ്പെട്ടുവാൻ കഴിയാത്ത
ഇതി ഏവം	ഇപ്രകാരം		
ഉക്ത്വാ,	പറഞ്ഞു്,	രാഘവം പ്രതി	ശ്രീരാമന്റെ നേക്ക്
സംരബ്ധാഃ	കോപാവേശംപൂണ്ടവരായി	ചിക്ഷിപുഃ.	എറിഞ്ഞു.

താനി ശൂലാനി കാകുത്സ്ഥഃ സമസ്താനി ചതുർദ്ദശ
താവദ്ഭിരേവ ചിച്ഛേദ ശരൈഃ കാഞ്ചനഭൂഷിതൈഃ. 17

കാകുത്സ്ഥഃ	കാകുത്സ്ഥൻ	താവദ്ഭിഃ ഏവ	അത്രയുംതന്നെ
താനി	ആ	കാഞ്ചന-ഭൂഷിതൈഃ	പൊൻകെട്ടിയ
സമസ്താനി	എല്ലാ		
ചതുർദ്ദശ	പതിന്നാലു	ശരൈഃ	ശരങ്ങളെക്കൊണ്ടു്
ശൂലാനി	ശൂലങ്ങളേയും	ചിച്ഛേദ.	മുറിച്ചുവീഴ്ത്തി.

തതഃ പശ്ചാന്മഹാതേജാ നാരാചാൻ സൂര്യസന്നിഭാൻ
ജഗ്രാഹ പരമക്രുദ്ധശ്ചതുർദ്ദശ ശിലാശിതാൻ. 18

തതഃ പശ്ചാത്	അതിൽപിന്നെ	സൂര്യസന്നിഭാൻ	സൂര്യനെപ്പോൽ തിളങ്ങുന്നവയായ
മഹാതേജാഃ	മഹാതേജസ്വിയായ അദ്ദേഹം	ചതുർദ്ദശ	പതിന്നാലു
പരമക്രുദ്ധഃ	അത്യന്തം ക്രുദ്ധിച്ചവനായി	നാരാചാൻ	നാരാചബാണങ്ങളെ
ശിലാശിതാൻ	കല്ലിൽതേച്ചു്	ജഗ്രാഹ.	എടുത്തു.

ഗൃഹീത്വാ ധനുരായമ്യ ലക്ഷ്യാനുദ്ദിശ്യ രാക്ഷസാൻ
മുമോച രാഘവോ ബാണാൻ വജ്രാനിവ ശതക്രതുഃ. 19

രാഘവഃ	ശ്രീരാഘവൻ	ലക്ഷ്യാൻ ഉദ്ദിശ്യ,	ലക്ഷ്യമാക്കി,
ധനുഃ	വില്ലിനെ	ശതക്രതുഃ	ഇന്ദ്രൻ
ഗൃഹീത്വാ,	എടുത്ത്,	വജ്രാൻ ഇവ,	വജ്രങ്ങളെ എന്നപോലെ,
ആയമ്യ,	ഞാൺ വലിച്ച്,	ബാണാൻ	ബാണങ്ങളെ
രാക്ഷസാൻ	രാക്ഷസന്മാരെ	മുമോച.	പൊഴിച്ചു.

രുക്മപുംഖാശ്ച വിശിഖാഃ പ്രദീപ്താ ഹേമഭൂഷണാഃ 20
തേ ഭിത്വാ രക്ഷസാം വേഗാദ്വക്ഷാംസി രുധിരാപ്ലുതാഃ
വിനിഷ്പേതുസ്തദാ ഭൂമൌ ന്യമജ്ജന്താശനിസ്വനാഃ. 21

രുക്മപുംഖാഃ	പൊൻകെട്ടിയവയും,	ഭിത്വാ,	പിളൎന്നുകൊണ്ട്,
ഹേമഭൂഷണാഃ	സ്വൎണ്ണാലംകൃതങ്ങളും	രുധിരാപ്ലുതാഃ,	ചോരപുരണ്ടവയായി,
പ്രദീപ്താഃ ച	ഉജ്ജ്വലിക്കുന്നവയും ആയ	വിനിഷ്പേതുഃ;	പുറത്തുവന്നു;
		തദാ	ആ സമയം
തേ വിശിഖാഃ,	ആ ബാണങ്ങൾ,	അശനിസ്വനാഃ	ഇടിയെന്നപോലെ മുഴക്കിക്കൊണ്ട്
വേഗാത്	ഊക്കോടെ		
രക്ഷസാം	രാക്ഷസന്മാരുടെ	ഭൂമൌ ന്യമജ്ജന്ത.	അവ നിലത്തുതാണു.
വക്ഷാംസി	മാറിടങ്ങളെ		

തൈൎഭിന്നഹൃദയാ ഭൂമൌ ഛിന്നമൂലാ ഇവ ദ്രുമാഃ
നിപേതുഃ ശോണിതസ്നാതാ വികൃതാ വിഗതാസവഃ. 22

തൈഃ,	അവയാൽ,	വികൃതാഃ	വികൃതസ്വരൂപികളായി
ഛിന്നമൂലാഃ	വേരുകൾ മുറിക്കപ്പെട്ട		
ദ്രുമാഃ ഇവ	വൃക്ഷങ്ങൾപോലെ	വിഗതാസവഃ	പ്രാണൻപോയവർ
ഭിന്നഹൃദയാഃ	മാറിടംപിളൎന്നവരായി		
ശോണിതസ്നാതാഃ	ചോരയിൽ മുങ്ങിയവരായി	ഭൂമൌ	നിലത്ത്
		നിപേതുഃ.	വീണു.

താൻ ഭൂമൌ പതിതാൻ ദൃഷ്ട്വാ രാക്ഷസീ ക്രോധമൂൎഛിതാ
പരിത്രസ്താ പുനസ്തത്ര വ്യസൃജദ്ഭൈരവസ്വനാൻ. 23

ക്രോധമൂൎഛിതാ	കോപാവേശംകൊണ്ടിരുന്ന	പുനഃ	തന്മൂലം
രാക്ഷസീ,	ശൂൎപ്പണഖ,	തത്ര	അവരുടെ സംഗതിയിൽ
താൻ	അവരെ	പരിത്രസ്താ	നടുങ്ങിയവളായി
ഭൂമൌ	നിലത്ത്	ഭൈരവസ്വനാൻ	ഭയങ്കരങ്ങളായ അട്ടഹാസങ്ങളെ
പതിതാൻ	പതിപ്പിക്കപ്പെട്ടവരായി		
ദൃഷ്ട്വാ,	കണ്ട്,	വ്യസൃജത്.	പുറപ്പെടുവിച്ചു.

സാ നദന്തീ മഹാനാദം ജവാച്ഛൂൎപ്പണഖാ പുനഃ. 24

സാ	ആ	പുനഃ	ഇടവിടാതെ
ശൂൎപ്പണഖാ	ശൂൎപ്പണഖ	മഹാനാദം	ഗൎജ്ജനം
ജവാത്	ഘോരമായി	നദന്തീ.	ചെയ്തുകൊണ്ടിരുന്നു.

ഉപഗമ്യ ഖരം സാ തു കിംചിത് സംശുഷ്കശോണിതാ
പപാത പുനരേവാൎത്താ സനിൎയ്യാസേവ വല്ലരീ. 25

സാ	അവൾ,	ഖരം ഉപഗമ്യ,	ഖരനെ സമീപിച്ചു്,
തു	ഇപ്പോൾ,	ആൎത്താ,	ആൎത്തയായി,
കിംചിത്	അല്പം	സനിൎയ്യാസാ	(മുറിക്കപ്പെട്ട കാരണത്താൽ) പാലൊഴുകുന്ന
സംശുഷ്ക- ശോണിതാ	ചോരയൊഴുകുന്നതു് നിന്നിരുന്നവളായി,	വല്ലരീ ഇവ,	വള്ളിയെന്നപോലെ,
പുനഃ ഏവ	വീണ്ടും,	പപാത.	വീണു.

ഭ്രാതുഃ സമീപേ ശോകാൎത്താ സസൎജ്ജ നിനദം മുഹുഃ
ഭൂമൌ ശയാനാ ദുഃഖാൎത്താ ലബ്ധസംജ്ഞാ ചിരാത് പുനഃ
സസ്വരം മുമുചേ ബാഷ്പം വിഷണ്ണവദനാ തദാ. 26

ശോകാൎത്താ,	ദുഃഖാൎത്തയായ അവൾ,	ശയാനാ,	വീണവളായി,
ഭ്രാതുഃ	സഹോദരനായ [ഖരന്റെ	ചിരാത്,	ഏറെ നേരം കഴിഞ്ഞു്,
സമീപേ,	മുമ്പിൽ,	പുനഃ	വീണ്ടും
മുഹുഃ	പലകുറി	ലബ്ധസംജ്ഞാ,	ബോധം തെളിഞ്ഞവ[ളായി,
നിനദം സസൎജ്ജ;	ആൎത്തനാദം പുറപ്പെട്ടുവിച്ചു;	തദാ	ആ സമയം
ദുഃഖാൎത്താ	സന്താപപീഡിതയായ അവൾ	വിഷണ്ണവദനാ	വാടിയ മുഖത്തോടുകൂടി
ഭൂമൌ	നിലത്തു്	സസ്വരം	ഉറക്കെക്കരഞ്ഞുകൊ[ണ്ടു്
		ബാഷ്പം	കണ്ണീർ
		മുമുചേ.	പൊഴിച്ചു.

നിപാതിതാൻ പ്രേക്ഷ്യ രണേ തു രാക്ഷസാൻ
പ്രധാവിതാ ശൂൎപ്പണഖാ പുനസ്തതഃ
വധം ച തേഷാം നിഖിലേന രക്ഷസാം
ശശംസ സൎവ്വം ഭഗിനീ ഖരസ്യ സാ. 27

രണേ	യുദ്ധത്തിൽ	തതഃ	അവിടെനിന്നും
രാക്ഷസാൻ	രാക്ഷസന്മാർ	പുനഃ	വീണ്ടും
നിപാതിതാൻ	വീഴ്ത്തപ്പെട്ടവരായി	പ്രധാവിതാ	ഓടിച്ചെന്നു്
പ്രേക്ഷ്യ,	കണ്ടു്,	തേഷാം	ആ
ഖരസ്യ	ഖരന്റെ	രക്ഷസാം	രാക്ഷസരുടെ
ഭഗിനീ	സഹോദരിയായ	വധം	വധത്തെക്കുറിച്ചു്
സാ	ആ	നിഖിലേന	ഒന്നുംവിടാതെ
ശൂൎപ്പണഖാ,	ശൂൎപ്പണഖ,	സൎവ്വം ച	എല്ലാററിനേയും
തു	അതിൽപിന്നെ	ശശംസ.	ഇപ്രകാരം അറിയിച്ചു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
വിംശഃ സൎഗ്ഗഃ = ഇരുപതാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 7411; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 699.

ഏകവിംശഃ സൎഗ്ഗഃ = ഇരുപത്തൊന്നാം സൎഗ്ഗം.

[ഖരനിന്ദനം = ഖരനെ നിന്ദിക്കുന്നത്.]

സ പുനഃ പതിതാം ദൃഷ്ട്വാ ക്രോധാച്ഛൂൎപ്പണഖാം ഖരഃ
ഉവാച വ്യക്തയാ വാചാ താമനൎത്ഥാൎത്ഥമാഗതാം. 1

സഃ	ആ	താം	ആ
ഖരഃ,	ഖരൻ,	ശൂൎപ്പണഖാം	ശൂൎപ്പണഖയെ
അനൎത്ഥാൎത്ഥം,	കാൎയ്യമെന്തെന്ന് മനസ്സി	ദൃഷ്ട്വാ,	കണ്ട്,
	ലാകാത്തസ്ഥിതിയിൽ,	ക്രോധാത്	കോപത്താൽ
പുനഃ	രണ്ടാമതും	വ്യക്തയാ	ഉള്ളവായ
ആഗതാം	അവിടെവന്ന്,	വാചാ	വാക്കുകൊണ്ട്
പതിതാം	വീണുകിടന്നവളായ	ഉവാച.	ഇങ്ങിനെ ചോദിച്ചു.

മയാ ത്വിദാനീം ശൂരാസ്തേ രാക്ഷസാ രുധിരാശനാഃ
ത്വത്പ്രിയാൎത്ഥം വിനിൎദ്ദിഷ്ടാഃ കിമൎത്ഥം രുദ്യതേ പുനഃ. 2

"തേ	"ആ	വിനിൎദ്ദിഷ്ടാഃ ;	അയക്കപ്പെട്ടു ;
രുധിരാശനാഃ	രക്തംകുടിക്കുന്നവരായ	പുനഃ	എന്നിട്ടും
രാക്ഷസാഃ ശൂരാഃ	രാക്ഷസവീരന്മാർ	ഇദാനീം	ഇപ്പോൾ
ത്വത്പ്രിയാ- ൎത്ഥം തു	നിന്റെ ഇഷ്ടത്തിന്നു വേണ്ടിത്തന്നെ	കിമൎത്ഥം	എന്താവശ്യത്തിന്നാണു
മയാ	എന്നാൽ	രുദ്യതേ ?	രോദനം ചെയ്യപ്പെടു ന്നത് ?

ഭക്താശ്ചൈവാനുരക്താശ്ച ഹിതാശ്ച മമ നിത്യശഃ
ഹന്യമാനാ ന ഹന്യന്തേ ന ന കുൎയ്യുൎവ്വചോ മമ. 3

"മമ ഏവ	"എനിക്കുമാത്രം	ഹന്യമാനാഃ	കൊല്ലപ്പെടുന്നവരെ ന്നാലും
നിത്യശഃ	എല്ലായ്പ്പോഴും	ഹന്യന്തേ ന ;	കൊല്ലപ്പെടുകയില്ല ;
ഹിതാഃ ച	നന്മചെയ്യുന്നവരായി	മമ	എന്റെ
അനുരക്താഃ ച	വിശ്വസ്തന്മാരായി	വചഃ	കല്പനപ്രകാരം
ഭക്താഃ ച,	ഭക്തിയുള്ളവരായ അ വർ,	ന കുൎയ്യുഃ ന.	ചെയ്കയില്ലെന്നും വരി കയില്ല.

കിമേതച്ഛ്രോതുമിച്ഛാമി കാരണം യത്കൃതേ പുനഃ
ഹാ നാഥേതി വിനൎദ്ദന്തീ സൎപ്പവച്ചേഷ്ടസേ ക്ഷിതൌ. 4

"'ഹാ !	"'അയ്യോ !	ചേഷ്ടസേ ?	നീ പുരളുന്നതു് ?
നാഥ !'	അപ്പോ !'	ഏതത്	ഈ
ഇതി	എന്ന്	കാരണം,	കാരണം,
വിനൎദ്ദന്തീ	നിലവിളിച്ചുകൊണ്ട്	കിം പുനഃ ?	പിന്നെ എന്താണ് ?
ക്ഷിതൌ	നിലത്തു്	ശ്രോതും	കേട്ടാൽ
യത്കൃതേ	എന്തിനുവേണ്ടിയാണ്;	ഇച്ഛാമി.	കൊള്ളാം.
സൎപ്പവത്	പാമ്പിനെപോലെ		

അനാഥവദ്വിലപസി കിം നു നാഥേ മയി സ്ഥിതേ
ഉത്തിഷ്ഠോത്തിഷ്ഠ മാമേവം വൈക്ലബ്യം ത്യജ്യതാമിഹ. 5

"മയി	"ഞാൻ	ഉത്തിഷ്ഠ;	എഴുന്നേല്ക്കു;
നാഥേ	രക്ഷകനായി	ഏവം	ഇങ്ങിനെയുള്ള
സ്ഥിതേ,	ഇരിക്കെ,	വൈക്ലബ്യം	ദൈന്യത
കിം നു	എന്തിന്നാണ്	ഇഹ	ഇപ്പോൾ
അനാഥവത്	അനാഥപോലെ	മാം	എന്റെ മുമ്പിൽ
വിലപസി?	നീ വിലപിക്കുന്നത്?	ത്യജ്യതാം."	ത്യജിക്കപ്പെടട്ടെ."
ഉത്തിഷ്ഠ;	എഴുന്നേല്ക്കു;		

സാ ത്വേവമുക്താ ദുർദ്ധർഷാ ഖരേണ പരിസാന്ത്വിതാ
വിമൃജ്യ നയനേ സാസ്രേ ഖരം ഭ്രാതരമബ്രവീത്. 6

ദുർദ്ധർഷാ	ഒതുക്കപ്പെടുവാൻ കഴി	സാസ്രേ	കണ്ണീരൊലുന്ന
സാ,	അവൾ, [യാത്ത	നയനേ	ഇരുകണ്ണുകളേയും
ഖരേണ	ഖരനാൽ	വിമൃജ്യ	തുടച്ച്
ഏവം ഉക്താ,	ഇപ്രകാരം പറയപ്പെട്ട	ഭ്രാതരം	അനുജനായ
തു	ഇപ്പോൾ [വളായി,	ഖരം	ഖരനോട്
പരിസാന്ത്വിതാ	സമാധാനിപ്പിക്കപ്പെട്ടവളായി	അബ്രവീത്.	ഇങ്ങിനെ പറഞ്ഞു.

അസ്മീദാനീമഹം പ്രാപ്താ ഹൃതശ്രവണനാസികാ
ശോണിതൗഘപരിക്ലിന്നാ ത്വയാ ച പരിസാന്ത്വിതാ. 7

"അഹം	"ഞാൻ	പ്രാപ്താ	ഇങ്ങെത്തിയവളായി
ഹൃതശ്രവണ-നാസികാ	കാതും മൂക്കും ബലി കൊടുത്ത്	ത്വയാ ച	നിന്നാലും
		ഇദാനീം	ഇക്കാര്യത്തിൽ
ശോണി-തൗഘ-പരിക്ലിന്നാ,	രക്തധാരയൊലിപ്പിച്ചു കൊണ്ട്,	പരി-സാന്ത്വിതാ അസ്മി.	സമാധാനിപ്പിക്കപ്പെട്ടവളല്ലൊ.

പ്രേഷിതാശ്ച ത്വയാ ശൂരാ രാക്ഷസാസ്തേ ചതുർദ്ദശ
നിഹന്തും രാഘവം ഘോരം മത്പ്രിയാർത്ഥം സലക്ഷ്മണം. 8

"ത്വയാ	"നിന്നാൽ	സലക്ഷ്മണം	ലക്ഷ്മണനോടുകൂടി
തേ	ആ	നിഹന്തും	വധിപ്പാനായി
ചതുർദ്ദശ	പതിന്നാലു	മത്പ്രിയാർത്ഥം	എന്റെ ഇഷ്ടത്തിന്നു വേണ്ടി
രാക്ഷസാഃ ശൂരാഃ ച	രാക്ഷസവീരന്മാരും,	പ്രേഷിതാഃ.	പറഞ്ഞയയ്ക്കപ്പെടുകയും ചെയ്തു.
ഘോരം	ദുഷ്ടനായ		
രാഘവം	രാമനെ		

തേ തു രാമേണ സാമർഷാഃ ശൂലപട്ടിശപാണയഃ
സമരേ നിഹതാഃ സർവ്വേ സായകൈർമ്മർമ്മഭേദിഭിഃ. 9

“ശൂലപട്ടിശപാണയഃ	“ശൂലങ്ങളും കുന്തങ്ങളും കയ്യിലേന്തിയവരായി	മർമ്മഭേദിഭിഃ	മർമ്മങ്ങളെ പിളക്കുന്ന
സാമർഷാഃ	മുഷ്കോടുകൂടിയ	സായകൈഃ	ബാണങ്ങളെക്കൊണ്ട്,
തേ	ആ	രാമേണ	രാമനാൽ
		സമരേ	പോരിൽ
സർവ്വേ തു	അവരെല്ലാവരും,	നിഹതാഃ.	വധിക്കപ്പെട്ടു.

താൻ ഭൂമൗ പതിതാൻ ദൃഷ്ട്വാ ക്ഷണേനൈവ മഹാബലാൻ
രാമസ്യ ച മഹത് കർമ്മ മഹാംസ്ത്രാസോഽഭവന്മമ. 10

“താൻ	“ആ	മഹത്	മഹത്തായ
മഹാബലാൻ ഏവ	മഹാബലശാലികളേയും	കർമ്മ ച	പ്രവൃത്തിയേയും
		ദൃഷ്ട്വാ,	കണ്ട്,
ക്ഷണേന	ഒരു നൊടിയിടകൊണ്ട്	മമ	എനിക്ക്
ഭൂമൗ	നിലത്തു	മഹാൻ	വലുതായ
പതിതാൻ,	പതിച്ചവരായും,	ത്രാസഃ	ഭയം
രാമസ്യ	രാമന്റെ	അഭവത്.	ഉണ്ടായി.

സാഽസ്മി ഭീതാ സമുദ്വിഗ്നാ വിഷണ്ണാ ച നിശാചര
ശരണം ത്വാം പ്രപന്നാഽഹം സർവ്വതോ ഭയദർശിനീ. 11

“നിശാചര!	“രാക്ഷസവീര!	ഭീതാ	നടുങ്ങിയവളായി
സാ	ആ	സമുദ്വിഗ്നാ	ബുദ്ധിയററവളായി
അഹം,	ഞാൻ,	വിഷണ്ണാ,	ദുഃഖിച്ച്,
സർവ്വതഃ	എങ്ങും	ത്വാം ച	നിന്നെത്തന്നെ
ഭയദർശിനീ	ഭയത്തെ കാണുന്നവളായി,	ശരണം	ശരണം
		പ്രപന്നാ അസ്മി.	പ്രാപിച്ചിരിക്കുന്നു.

വിഷാദനക്രാധ്യുഷിതേ പരിത്രാസോർമ്മിമാലിനി
കിം മാം ന ത്രായസേ മഗ്നാം വിപുലേ ശോകസാഗരേ. 12

“വിഷാദനക്രാധ്യുഷിതേ	“ദുഃഖമാകുന്ന മുതലകൾ വസിക്കുന്നതും	ശോകസാഗരേ	ശോകാർണ്ണവത്തിൽ
		മഗ്നാം	ആണ്ടവളായ
		മാം	എന്നെ
പരിത്രാസോർമ്മിമാലിനി	ഭയമാകുന്ന തിരമാലകളാർന്നതും ആയ	കിം	എന്താണ്
		ത്രായസേ ന!	നീ രക്ഷിക്കാതിരിക്കുന്നതു്!
വിപുലേ	പരന്ന		

ഏതേ ച നിഹതാ ഭൂമൌ രാമേണ നിശിതൈഃ ശരൈഃ
യേ ച മേ പദവീം പ്രാപ്താ രാക്ഷസാഃ പിശിതാശനാഃ. 13

"മേ	"എന്റെ	രാമേണ	രാമനാൽ
പദവീം പ്രാപ്താഃ	പിന്നാലെ വന്ന	നിശിതൈഃ	കൂൎത്ത
പിശിതാശനാഃ	മാംസഭുക്കുകളായ	ശരൈഃ	ബാണങ്ങളാൽ
രാക്ഷസാഃ	രാക്ഷസന്മാർ	ഭൂമൌ	നിലത്തു്
യേ ച	യാതൊരുവരൊ	നിഹതാഃ.	വീഴ്ത്തപ്പെട്ടു.
ഏതേ ച	ആ ഇവരും		

മയി തേ യദ്യനുക്രോശോ യദി രക്ഷസ്സു തേഷു ച
ദണ്ഡകാരണ്യനിലയം ജഹി രാക്ഷസകണ്ടകം. 14

"തേ	"നിനക്കു്	അനുക്രോശഃ യദി	അനുകമ്പയുള്ളപക്ഷം
മയി ച	എന്നെക്കുറിച്ചാകട്ടെ	രാക്ഷസകണ്ടകം	രാക്ഷസദ്രോഹിയായി
തേഷു	ആ	ദണ്ഡകാരണ്യ-നിലയം	ദണ്ഡകാരണ്യത്തിൽ വസിക്കുന്ന ഇവനെ
രക്ഷസ്സു യദി	രാക്ഷസന്മാരുടെ പേരിലാകട്ടെ	ജഹി.	കൊന്നേക്കുക.

യദി രാമമമിത്രഘ്നം ന ത്വമദ്യ വധിഷ്യസി
തവ ചൈവാഗ്രതഃ പ്രാണാൻ ത്യക്ഷ്യാമി നിരപത്രപാ. 15

"അമിത്രഘ്നം	"ശത്രുക്കളെ വധിക്കുന്നവനായ	തവ	നിന്റെ
രാമം,	രാമനെ,	അഗ്രതഃ ഏവ	മുമ്പിൽവെച്ചുതന്നെ
ത്വം	നീ	നിരപത്രപാ	വാശിയോടുകൂടി
അദ്യ ച	ഇപ്പോൾതന്നെ	പ്രാണാൻ	പ്രാണങ്ങളെ
വധിഷ്യസി ന യദി,	കൊല്ലുന്നില്ലെന്നാൽ	ത്യക്ഷ്യാമി.	ഞാൻ ഉപേക്ഷിക്കുന്നതാണു്.

ബുദ്ധ്യാഽഹമനുപശ്യാമി ന ത്വം രാമസ്യ സംയുഗേ
സ്ഥാതും പ്രതിമുഖേ ശക്തഃ സചാപസ്യ മഹാത്മനഃ. 16

"സചാപസ്യ	"ധനുഷ്പാണിയായ	സ്ഥാതും	നില്പാൻ
മഹാത്മനഃ	മഹാവീരനായ	ത്വം	നീ
രാമസ്യ	ശ്രീരാമന്റെ	ശക്തഃ ന,	ശക്തനല്ലെന്നു്,
പ്രതിമുഖേ,	എതിരിൽ,	അഹം	ഞാൻ
സംയുഗേ	പോരിൽ	ബുദ്ധ്യാ	ദീൎഘാലോചനകൊണ്ടു്
		അനുപശ്യാമി.	അറിയുന്നു.

ശൂരമാനീ ന ശൂരസ്ത്വം മിഥ്യാऽऽരോപിതവിക്രമഃ
മാനുഷൌ യൌ ന ശക്നോഷി ഹന്തും തൌ രാമലക്ഷ്മണൌ. 17

" മാനുഷൌ	" നരന്മാരായ
യൌ തൌ	യാതൊരു ആ
രാമലക്ഷ്മണൌ	രാമലക്ഷ്മണന്മാരെ
ഹന്തും	ഹനിപ്പാൻ
ശക്നോഷി ന ;	നീ ശക്തനല്ല ;
ത്വം	നീ
ശൂരമാനീ ;	ശൂരനെന്നു അഭിമാനിക്കുന്നു ;
ശൂരഃ ന ;	എന്നാൽ ശൂരനല്ല ;
മിഥ്യാऽऽരോപിതവിക്രമഃ.	ഇല്ലാത്ത പരാക്രമം ഉണ്ടെന്ന് ധരിപ്പിക്കപ്പെട്ടവൻ മാത്രമാണ്.

രാമേണ യദി തേ ശക്തിസ്തേജോ വാऽസ്തി നിശാചര
ദണ്ഡകാരണ്യനിലയം ജഹി തം കുലപാംസന. 18

" കുലപാംസന !	" കുലത്തിന്നുതന്നെ അപകീൎത്തിവെച്ചുകൊണ്ടിരിക്കുന്ന
നിശാചര !	രാത്രിഞ്ചര !
തേ	നിനക്ക്
രാമേണ	രാമനോട്
തേജഃ	പൊരുതുവാനുള്ള വീൎയ്യമോ
ശക്തിഃ വാ	ബലമൊ
അസ്തി യദി	ഉണ്ടെന്നിരിക്കിൽ
ദണ്ഡകാരണ്യനിലയം	ദണ്ഡകാരണ്യവാസിയായ
തം	അവനെ
ജഹി.	കൊല്ലുക.

നിസ്സത്വസ്യാല്പവീൎയ്യസ്യ വാസസ്തേ കീദൃശസ്ത്വിഹ
അപയാഹി ജനസ്ഥാനാത് ത്വരിതഃ സഹ ബാന്ധവൈഃ. 19

" നിസ്സത്വസ്യ	" പൌരുഷംപോയി
അല്പവീൎയ്യസ്യ	വീൎയ്യം ക്ഷയിച്ച
തേ,	നിനക്ക്,
ഇഹ	ഇവിടെ
വാസഃ തു	വസിക്കുക എന്നതും
കീദൃശഃ ;	എങ്ങിനെ യുക്തമാകും?
ബാന്ധവൈഃ	ബന്ധുക്കളോടു
സഹ	കൂടി
ത്വരിതഃ	വേഗത്തിൽ
ജനസ്ഥാനാത്	ജനസ്ഥാനത്തിൽനിന്ന്
അപയാഹി.	ഓടിപ്പൊയ്ക്കൊള്ളുക.

സ ഹി തേജഃസമായുക്തോ രാമോ ദശരഥാത്മജഃ
ഭ്രാതാ ചാസ്യ മഹാവീൎയ്യോ യേന ചാऽസ്മി വിരൂപിതാ. 20

" ദശരഥാത്മജഃ	" ദശരഥപുത്രനായ
സഃ	ആ
രാമഃ	രാമൻ
തേജഃസമായുക്തഃ ;	മഹാപരാക്രമശാലി ;
അസ്യ	ഇവന്റെ
ഭ്രാതാ ച	അനുജനും
മഹാവീൎയ്യഃ ;	മഹാവീരൻ ;
യേന ഹി	അവനാൽതന്നെ യാണ്
അസ്മി ച	ഞാനും
വിരൂപിതാ.	വിരൂപയാക്കപ്പെട്ടതു്.

രാമതേജോऽഭിഭൂതാ ഹി ത്വം ക്ഷിപ്രം വിനശിഷ്യസി. 21

"ത്വം ഹി	"നീയും	ക്ഷിപ്രം	ഉടനെ
രാമതേജോ-ഭിഭൂതഃ	രാമന്റെ പരാക്രമത്താൽ ജയിക്കപ്പെട്ട്	വിനശിഷ്യസി."	നശിച്ചുപോകും."

ഏവം വിലപ്യ ബഹുശോ രാക്ഷസീ വിതതോദരീ
ഭ്രാതുഃ സമീപേ ദുഃഖാർത്താ നഷ്ടസംജ്ഞാ ബഭൂവ സാ
കരാഭ്യാമുദരം ഹത്വാ രുരോദ ഭൃശദുഃഖിതാ. 22

സാ	ആ	വിലപ്യ,	മുറയിട്ട്,
വിതതോദരീ	പെരുവയറിയായ	നഷ്ടസംജ്ഞാ	ബുദ്ധിയററവളായി
രാക്ഷസീ,	രാക്ഷസി,	ബഭൂവ;	ഭവിച്ചു;
ദുഃഖാർത്താ	ദുഃഖം അധികരിച്ചവളായി	ഭൃശദുഃഖിതാ	അതിദുഃഖിതയായ അവൾ
ഭ്രാതുഃ	അനുജന്റെ	കരാഭ്യാം	ഇരുകൈകൾകൊണ്ടും
സമീപേ	മുമ്പിൽവെച്ച്	ഉദരം	വയററിൽ
ഏവം	ഇങ്ങിനെ	ഹത്വാ	അടിച്ചുകൊണ്ട്
ബഹുശഃ	പലവാറു്	രുരോദ.	നിലവിളിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ
ആദികാവ്യേ ആരണ്യകാണ്ഡേ
ഏകവിംശഃ സർഗ്ഗഃ = ഇരുപത്തൊന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 7433; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 721

ഇതി പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ
ദ്വാത്രിംശദ്ദിനേഷുഗീതേ ശ്രീമദ്രാമായണേ ദശമേ/ഹനി
ഗീതാഃ ശ്ലോകാഃ സമാപ്താഃ.

ഇപ്രകാരം പണ്ട് അശ്വമേധയാഗത്തിൽ ശ്രീരാമസന്നിധിയിൽ വെച്ച്
കുശലവന്മാരാൽ 32 ദിവസങ്ങളിലായി ഗാനം ചെയ്യപ്പെട്ട
ശ്രീരാമായണത്തിൽ പത്താം ദിവസം
ഗാനംചെയ്ത ശ്ലോകങ്ങൾ.

[പുരാകുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാസരേ ഏകാദശേഽഹനി ആരണ്യകാണ്ഡേ ദ്വാവിംശത്സർഗ്ഗമാരഭ്യ ദ്വിചത്വാരിംശസ്സർഗ്ഗപര്യന്തം (7434—8104) ശ്ലോകാഃ ഗീതം. തസ്മിൻ ദിനേ ഗീതാഃ ശ്ലോകാഃ 671.]

പണ്ട് കുശലവന്മാരാൽ ശ്രീരാമസന്നിധാനത്തിൽവെച്ച് 11-ാമത്തെ ദിവസം ആരണ്യകാണ്ഡം 22-ാംസർഗ്ഗം തുടങ്ങി 42-ാംസർഗ്ഗംവരെയും (7434—8104) ശ്ലോകങ്ങൾ ഗാനംചെയ്യപ്പെട്ടു. ആ ദിവസം ഗാനംചെയ്യപ്പെട്ട ശ്ലോകസംഖ്യ 671.

ദ്വാവിംശഃ സർഗ്ഗഃ = ഇരുപത്തിരണ്ടാം സർഗ്ഗം.

[ഖരസ്യ യുദ്ധഗമനം = ഖരൻ യുദ്ധത്തിന്ന് പുറപ്പെടുന്നത്.]

ഏവമാധർഷിതഃ ശൂരഃ ശൂർപ്പണഖ്യാ ഖരസ്തതഃ
ഉവാച രക്ഷസാം മദ്ധ്യേ ഖരഃ ഖരതരം വചഃ. 1

ശൂർപ്പണഖ്യാ	ശൂർപ്പണഖയാൽ	തതഃ	അപ്പോൾ
ഏവം	ഇപ്രകാരം	രക്ഷസാം മദ്ധ്യേ	രാക്ഷസരുടെ നടുവിൽ
ആധർഷിതഃ	നിന്ദിച്ചുപറയപ്പെട്ടവ	ഖരതരം	ഇപ്രകാരം കടുതായ
ശൂരഃ	ശൂരനും [നും	വചഃ	വാക്കിനെ
ഖരഃ ഖരഃ	ദുഷ്ടനമായ ഖരൻ	ഉവാച.	പറഞ്ഞു.

തവാവമാനപ്രഭവഃ ക്രോധോഽയമതുലോ മമ
ന ശക്യതേ ധാരയിതും ലവണാംഭ ഇവോത്ഥിതം. 2

"തവ	"നിനക്കുണ്ടായിട്ടുള്ള	അതുലഃ,	തുല്യമില്ലാത്തതായി.
അവമാനപ്രഭവഃ	അവമാനംഹേതുവാലുണ്ടായ	ഉത്ഥിതം	ജൃംഭിച്ചതായ
അയം	ഈ	ലവണാംഭഃ ഇവ	സമുദ്രംപോലെ,
മമ ക്രോധഃ	എന്റെ കോപം,	ധാരയിതും	ഒതുക്കുവാൻ [നും.
		ന ശക്യതേ.	കഴിയപ്പെടാതിരിക്കു-

[“നീ എന്നെ അവമാനിച്ചതുകൊണ്ടുള്ള ക്രോധം എനിക്ക് അതുലമായിരുന്നു” ഇത്യാദി വാസ്തവാർത്ഥം,” എന്നു മാ. തീർത്ഥീയം.]

ന രാമം ഗണയേ വീര്യാന്മാനുഷം ക്ഷീണജീവിതം
ആത്മദുശ്ചരിതൈഃ പ്രാണാൻ ഹതോ യോഽദ്യ വിമോക്ഷ്യതി. 3

"ക്ഷീണജീവിതം	"അല്പായുസ്സോടുകൂടിയ	യഃ	അപ്രകാരമുള്ള ഇവൻ
മാനുഷം	മനുഷ്യനായ	അദ്യ	ഇപ്പോൾ
രാമം	രാമനെ	ആത്മദുശ്ചരിതൈഃ	തന്റെ ദുന്നടവടികൾ കാരണം
വീര്യാത്	വീര്യംകൊണ്ട്	ഹതഃ	വധിക്കപ്പെട്ടവനായി
ന ഗണയേ;	എണ്ണത്തിൽപ്പെട്ട ഒരുവനെന്ന് ഞാൻ കണക്കാക്കുന്നില്ല;	പ്രാണാൻ	പ്രാണങ്ങളെ
		വിമോക്ഷ്യതി.	ഉപേക്ഷിക്കാറാകും.

[“മാനുഷം (മമ) വീര്യാത് ക്ഷ ണജിവിതം ന ഗണയേ, യഃ (മമ) പ്രാണാൻ വിമോക്ഷ്യതി അതഃ ആത്മദുശ്ചരിതൈഃ അദ്യ അയഃ (മച്ഛത്രുഭാവഹവിധിഃ) ഹതഃ” (മാനുഷനായ രാമനെ എന്റെ വീര്യംകൊണ്ട് കൊല്ലുവാൻ സാധിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹംതന്നെ എന്നെ കൊല്ലും. അതിനാൽ, ഹേ ദുഷ്ടേ! നിന്റെ ദുന്നടവടികൾകൊണ്ട് ഇപ്പോൾ എന്റെ സദ്ഗതിക്കുള്ള വിധി നശിപ്പിക്കപ്പെട്ടു,” എന്നു വാസ്തവാർത്ഥം, എന്നു തീർത്ഥീയം.]

ബാഷ്പഃ സംഹ്രിയതാമേഷ സംഭ്രമശ്ച വിമുച്യതാം
അഹം രാമം സഹ ഭ്രാത്രാ നയാമി യമസാദനം. 4

" ഏഷഃ	" ഈ [ത്ത്	അഹം	ഞാൻ
ബാഷ്പഃ	കണ്ണീർ പൊഴിക്കുന്ന-	രാമം	രാമനെ
സംഹ്രിയതാം ;	മതിയാക്കപ്പെടട്ടെ ;	ഭ്രാത്രാ സഹ	അനുജനോടുംകൂടി
സംഭ്രമഃ ച	ഭയവും	യമസാദനം	യമപുരിയിലേക്ക്
വിമുച്യതാം ;	ഉപേക്ഷിക്കപ്പെടട്ടെ ;	നയാമി.	അയക്കുന്നുണ്ട്.

["ഞാനാണ് അനുജനോടുകൂടി യമസദനത്തിലേക്കു പോകുവാൻപോകുന്നത്, രാമനല്ല. അല്ലെന്നാൽ ഞാൻ അനുജനോടുംകൂടി ശ്രീരാമചരണാരവിന്ദങ്ങളെയാണ് പ്രാപിക്കാൻ പോകുന്നത്. യമപുരത്തെയല്ല, എന്നു വാസ്തവാർത്ഥം.]

പരശ്വധഹതസ്യാദ്യ മന്ദപ്രാണസ്യ സംയുഗേ
രാമസ്യ രുധിരം രക്തമുഷ്ണം പാസ്യസി രാക്ഷസി. 5

" രാക്ഷസി!	" രാക്ഷസി!	മന്ദപ്രാണസ്യ	ചാവാറായിക്കിടക്കുന്ന
അദ്യ	ഇപ്പോൾ	രാമസ്യ	രാമന്റെ
സംയുഗേ	യുദ്ധത്തിൽ	രക്തം രുധിരം	ചുട്ടുത്ത രക്തത്തെ
പരശ്വധ- ഹതസ്യ	വെണ്മഴുകൊണ്ടു വെട്ടപ്പെട്ടവനായി	ഉഷ്ണം	ചൂടോടെ
		പാസ്യസി."	നീ കുടിക്കുമാറാകും."

["രാമന്റെ പരശ്വധംകൊണ്ട് ഹതനായ എന്റെ രുധിരത്തെയാണ് നീ കുടിക്കുക. നീ കാരണമായി ഞാൻ മരിക്കും എന്നു താല്പര്യം," എന്നു വാസ്തവാർത്ഥം, തീർത്ഥീയം. ഇപ്രകാരം ഖരന്റെ വാക്യങ്ങൾക്ക് പൂർവ്വസർഗ്ഗങ്ങളിലും മററും, (ഖരൻ യാജ്ഞവല്ക്യപുത്രനായ ചന്ദ്രകാന്തനാണെന്നും ശിവശാപത്താൽ രാക്ഷസത്വം പ്രാപിച്ചവനാണെന്നും മററും ശേഷധർമ്മത്തിൽ പറഞ്ഞിരിക്കുന്നതിനാൽ), സൂക്ഷ്മാർത്ഥങ്ങൾ തീർത്ഥീയവ്യാഖ്യാനത്തിൽ പറഞ്ഞുകാണുന്നു. അവ ക്ലിഷ്ടങ്ങളാകയാൽ മുഴുവൻ പ്രസ്താവിക്കപ്പെടാത്തതാണ്.]

സാ പ്രഹൃഷ്ടാ വചഃ ശ്രുത്വാ ഖരസ്യ വദനാച്ച്യുതം
പ്രശശംസ പുനർമ്മൗർഖ്യാദ്ഭ്രാതരം രക്ഷസാം വരം. 6

ഖരസ്യ	ഖരന്റെ	പ്രഹൃഷ്ടാ,	സന്തോഷം പൂണ്ടവ[ളായി,
വദനാത്	മുഖത്തിൽ നിന്നു	മൌർഖ്യാത്,	മൂഢതമൂലം,
ച്യുതം	വന്നതായ	രക്ഷസാം വരം	രാക്ഷസശ്രേഷ്ഠനായ
വചഃ	ആ വാക്കു	ഭ്രാതരം	തന്റെ ഭ്രാതാവിനെ
ശ്രുത്വാ,	കേട്ട്,	പുനഃ	ആ സമയം
സാ	അവൾ	പ്രശശംസ.	കൊണ്ടാടി.

തയാ പരുഷിതഃ പൂർവ്വം പുനരേവ പ്രശംസിതഃ
അബ്രവീദ്ദൂഷണം നാമ ഖരഃ സേനാപതിം തദാ. 7

പൂർവ്വം	ആദ്യം	ഖരഃ,	ഖരൻ,
തയാ	അവളാൽ	തദാ	ആ സമയം
പരുഷിതഃ,	ദൂഷ്യംചെയ്യപ്പെട്ടവനും,	ദൂഷണം നാമ	ദൂഷണൻ എന്ന
പുനഃ ഏവ	പിന്നെ	സേനാപതിം	സേനാധിപനോട്
പ്രശംസിതഃ	പുകഴ്ത്തപ്പെട്ടവനുമായ	അബ്രവീത്.	ഇപ്രകാരം കല്പിച്ചു.

ചതുർദ്ദശസഹസ്രാണി മമ ചിത്താനുവർത്തിനാം
രക്ഷസാം ഭീമവേഗാനാം സമരേഷ്വനിവർത്തിനാം 8
നീലജീമൂതവർണ്ണാനാം ഘോരാണാം ക്രൂരകർമ്മണാം
ലോകഹിംസാവിഹാരാണാം ബലിനാമുഗ്രതേജസാം 9
തേഷാം ശാർദ്ദൂലദർപ്പാണാം മഹാസ്യാനാം മഹാത്മനാം
സർവ്വോദ്യോഗമുദീർണ്ണാനാം രക്ഷസാം സൌമ്യ കാരയ. 10

"സൌമ്യ!	"സ്നേഹിത!
ചിത്താനുവർത്തിനാം,	കല്പിച്ചപോലെ നടക്കുന്നവരും,
ഭീമവേഗാനാം,	ഭയങ്കരമായ ശക്തിയോടുകൂടിയവരും,
സമരേഷു	യുദ്ധങ്ങളിൽ
അനിവർത്തിനാം,	പിൻതിരിയാത്തവരും
നീലജീമൂതവർണ്ണാനാം,	കാർമുകിൽനിറം പൂണ്ടവരും,
ഘോരാണാം,	ഭയങ്കരന്മാരും,
ക്രൂരകർമ്മണാം	ക്രൂരകർമ്മാക്കളും,
ലോകഹിംസാവിഹാരാണാം,	ലോകരെ ഹിംസിക്കുന്നതുതന്നെ നേരംപോക്കായുള്ളവരും
ബലിനാം,	ബലശാലികളും,
ഉഗ്രതേജസാം,	ഉഗ്രമായ പരാക്രമത്തോടുകൂടിയവരും,
ശാർദ്ദൂലദർപ്പാണാം	പുലിപോലെ മദം പൂണ്ടവരും
മഹാസ്യാനാം	പെരുത്തവായുള്ളവരും
മഹാത്മനാം	അതിധൈര്യശാലികളും
ഉദീർണ്ണാനാം	ഉത്സാഹികളും
രക്ഷസാം	രാക്ഷസകുലജാതന്മാരുമായ
മമ	എന്നെ ചേർന്നവരായ
തേഷാം രക്ഷസാം	ആ രാക്ഷസന്മാരുടെ
ചതുർദ്ദശസഹസ്രാണി	പതിന്നാല് ആയിരങ്ങൾക്കും
സർവ്വോദ്യോഗം	സർവ്വസന്നാഹത്തേയും
കാരയ.	തെയ്യാറാക്കിക്കുക.

ഉപസ്ഥാപയ മേ ക്ഷിപ്രം രഥം സൌമ്യ ധനൂംഷി ച
ശരാംശ്ച ചിത്രാൻ ഖഡ്ഗാംശ്ച ശക്തീശ്ച വിവിധാഃ ശിതാഃ. 11

"സൌമ്യ!	"സ്നേഹിത!
മേ	എന്റെ
രഥം	രഥത്തെയും
ധനൂംഷി ച,	ചാപങ്ങളേയും
ചിത്രാൻ	പലവകയായുള്ള
ശരാൻ ച	ബാണങ്ങളേയും
ഖഡ്ഗാൻ ച	ഖഡ്ഗങ്ങളേയും,
വിവിധാഃ	പലപല
ശിതാഃ	കൂർത്ത
ശക്തീഃ ച	വേലുകളേയും
ക്ഷിപ്രം	വേഗത്തിൽ
ഉപസ്ഥാപയ.	സന്നദ്ധമാക്കുക.

അഗ്രേ നിര്യാതുമിച്ഛാമി പൌലസ്ത്യാനാം മഹാത്മനാം
വധാർത്ഥം ദുർവ്വിനീതസ്യ രാമസ്യ രണകോവിദഃ. 12

"പൌലസ്ത്യാനാം	"പുലസ്ത്യവംശജന്മാരായ
മഹാത്മനാം	മഹാത്മാക്കൾക്കു
അഗ്രേ,	മുമ്പിൽ
ദുർവ്വിനീതസ്യ	അഹംഭാവിയായ
രാമസ്യ	ശ്രീരാമന്റെ
വധാർത്ഥം,	വധത്തിന്നായി,
രണകോവിദഃ	യുദ്ധസാമർത്ഥ്യമുള്ളവനായ ഞാൻ
നിര്യാതും	പുറപ്പെടുവാൻ
ഇച്ഛാമി."	തീർച്ചയാക്കിയിരിക്കുന്നു."

ഇതി തസ്യ ബ്രുവാണസ്യ സൂൎയ്യവൎണ്ണം മഹാരഥം
സദശ്വൈഃ ശബളൈൎയ്യുക്തമാചചക്ഷേഽഥ ദൂഷണഃ. 13

ഇതി	ഇപ്രകാരം	ശബളൈഃ	പലവൎണ്ണങ്ങളുള്ള
ബ്രുവാണസ്യ	പറയുന്നവനായ	സദശ്വൈഃ	കുതിരകളോട്
തസ്യ,	അവന്ന്,	യുക്തം,	കൂടിയതായി,
അഥ	ഉടനെ	ദൂഷണഃ,	ദൂഷണൻ,
സൂൎയ്യവൎണ്ണം	സൂൎയ്യകാന്തിയോടുകൂടിയ	ആചചക്ഷ.	തയ്യാറാക്കപ്പെട്ടതായറിയിച്ചു.
മഹാരഥം	വൻതേരിനെ		

തം മേരുശിഖരാകാരം തപ്തകാഞ്ചനഭൂഷണം
ഹേമചക്രമസംബാധം വൈഡൂൎയ്യമയകൂബരം 14
മത്സ്യൈഃ പുഷ്പൈൎദ്രുമൈഃ ശൈലൈശ്ചന്ദ്രസൂൎയ്യൈശ്ച കാഞ്ചനൈഃ
മംഗളൈഃ പക്ഷിസംഘൈശ്ച താരാഭിരഭിസംവൃതം 15
ധ്വജനിസ്ത്രിംശസമ്പന്നം കിങ്കിണീജാലഭൂഷിതം
സദശ്വയുക്തം സോഽമൎഷാദാരുരോഹ രഥം ഖരഃ. 16

തം	ആ	പക്ഷിസംഘൈഃ ച	പക്ഷിസംഘങ്ങളെക്കൊണ്ടും
മേരുശിഖരാകാരം	മേരുശിഖരംപോലെയുള്ളതും,	താരാഭിഃ	നക്ഷത്രങ്ങളെക്കൊണ്ടും
തപ്തകാഞ്ചനഭൂഷണം	ഉരുക്കിയ തങ്കത്താൽ അലങ്കരിക്കപ്പെട്ടതും,	അഭിസംവൃതം,	ചിത്രവേലകൾ ചെയ്യപ്പെട്ടതും,
ഹേമചക്രം,	സ്വൎണ്ണചക്രങ്ങളാൎന്നതും,	ധ്വജനിസ്ത്രിംശസമ്പന്നം,	ധ്വജം, വാളുകൾ എന്നവയോടുകൂടിയതും,
അസംബാധം	വിശാലമായതും,	കിങ്കിണീജാലഭൂഷിതം,	മണികൾ കെട്ടിയലങ്കരിക്കപ്പെട്ടതും,
വൈഡൂൎയ്യമയകൂബരം,	വൈഡൂൎയ്യമയമായ നുകത്തണ്ടുകളാൎന്നതും,	സദശ്വയുക്തം	നല്ലകുതിരകൾ പൂട്ടിക്കെട്ടപ്പെട്ടതും ആയ
കാഞ്ചനൈഃ	സ്വൎണ്ണനിൎമ്മിതങ്ങളായ	രഥം	രഥത്തെ
മത്സ്യൈഃ	മത്സ്യങ്ങളെക്കൊണ്ടും	സഃ	ആ
പുഷ്പൈഃ,	പുഷ്പങ്ങളെക്കൊണ്ടും,	ഖരഃ,	ഖരൻ,
ദ്രുമൈഃ,	വൃക്ഷങ്ങൾകൊണ്ടും,	അമൎഷാത്	ഉദ്ദേശിച്ചകാൎയ്യത്തെ പൂൎത്തിയാക്കുവാനുള്ള ബദ്ധപ്പാടോടുകൂടിയവനായി
ശൈലൈഃ	ശൈലങ്ങൾകൊണ്ടും,		
ചന്ദ്രസൂൎയ്യൈഃ ച	ചന്ദ്രസൂൎയ്യന്മാരെക്കൊണ്ടും		
മംഗളൈഃ	മംഗളകരങ്ങളായ	ആരുരോഹ.	ആരോഹണം ചെയ്തു.

നിശാമ്യ തു രഥസ്ഥം തം രാക്ഷസാ ഭീമവിക്രമാഃ
തസ്ഥുഃ സംപരിവാൎയ്യൈനം ദൂഷണം ച മഹാബലം. 17

ഭീമവിക്രമാഃ	അതിപരാക്രമശാലികളായ
രാക്ഷസാഃ,	രാക്ഷസന്മാർ,
തം	അവനെ
രഥസ്ഥം	തേരിൽ കയറിയിരിക്കുന്നവനായി
നിശാമ്യ,	കണ്ട്,
ഏനം തു	ഇവനേയും
മഹാബലം	മഹാബലശാലിയായ
ദൂഷണം ച	ദൂഷണനേയും
സംപരിവാൎയ്യ	ചൂഴ്ന്നുകൊണ്ട്
തസ്ഥുഃ.	നിന്നു.

ഖരസ്തു താൻ മഹേഷ്വാസാൻ ഘോരവൎമ്മായുധധ്വജാൻ
നിൎയ്യാതേത്യബ്രവീദ്ധൃഷ്ടോ രഥസ്ഥഃ സൎവ്വരാക്ഷസാൻ. 18

രഥസ്ഥഃ	തേരിലിരുന്നിരുന്ന
ഖരഃ,	ഖരൻ,
തു,	ആ സമയം,
മഹേഷ്വാസാൻ	വമ്പിച്ചവില്ലേന്തിയവരും
ഘോരവൎമ്മായുധധ്വജാൻ	ഭയങ്കരങ്ങളായ കവചം ആയുധം, ധ്വജം എന്നിവകളോടുകൂടിയവരുമായ
താൻ സൎവ്വരാക്ഷസാൻ	ആ രാക്ഷസന്മാരെല്ലാവരേയും നോക്കി
ഹൃഷ്ടഃ,	സന്തോഷം പൂണ്ടവനായി,
"നിൎയ്യാത,"	"നടക്കുവിൻ,"
ഇതി	എന്ന്
അബ്രവീത്.	ആജ്ഞാപിച്ചു.

തതസ്തദ്രാക്ഷസം സൈന്യം ഘോരവൎമ്മായുധധ്വജം
നിൎജ്ജഗാമ ജനസ്ഥാനാന്മഹാനാദം മഹാജവം. 19

തതഃ	ഉടനേ
ജനസ്ഥാനാത്	ജനസ്ഥാനത്തിൽ നിന്ന്
ഘോരവൎമ്മായുധധ്വജം	ഭയങ്കരമായ കവചം, ആയുധം, ധ്വജം, എന്നിവയോടുകൂടിയതായ
തത് രാക്ഷസം സൈന്യം	ആ രാക്ഷസസൈന്യം
മഹാനാദം	വമ്പിച്ച ഇരമ്പലോടുകൂടിയതായ്
മഹാജവം	അതിവേഗത്തിൽ
നിൎജ്ജഗാമ.	പുറപ്പെട്ടു.

മുദ്ഗരൈഃ പട്ടിശൈഃ ശൂലൈഃ സുതീക്ഷ്ണൈശ്ച പരശ്വധൈഃ
ഖഡ്ഗൈശ്ചക്രൈശ്ച ഹസ്തസ്ഥൈൎഭ്രാജമാനൈശ്ച തോമരൈഃ
ശക്തിഭിഃ പരിഘൈൎഘോരൈരതിമാത്രൈശ്ച കാൎമ്മുകൈഃ
ഗദാഽസിമുസലൈൎവജ്രൈൎഗൃഹീതൈൎഭീമദൎശനൈഃ 21
രാക്ഷസാനാം സുഘോരാണാം സഹസ്രാണി ചതുൎദ്ദശ
നിൎയ്യാതാനി ജനസ്ഥാനാത് ഖരചിത്താനുവൎത്തിനാം. 22

ഖരചിത്താനുവൎത്തിനാം,	ഖരന്റെ ഇഷ്ടംപോലെവൎത്തിക്കുന്നവരും,
സുഘോരാണാം	അതിഭയങ്കരന്മാരുമായ
രാക്ഷസാനാം	രാക്ഷസന്മാരുടെ
ചതുൎദ്ദശ	പതിന്നാല്
സഹസ്രാണി,	സഹസ്രങ്ങളും,
ഭീമദൎശനൈഃ	ഭയം തോന്നിക്കുമാറ്
ഗൃഹീതൈഃ	ധരിക്കപ്പെട്ടവയായി
ഹസ്തസ്ഥൈഃ	കയ്യിലുള്ളവയായ
മുദ്ഗരൈഃ	ഇരിമ്പുകൂടങ്ങളോടും
പട്ടിശൈഃ	നെടുകന്തങ്ങളോടും
ശൂലൈഃ	ശൂലങ്ങളോടും

സുതീക്ഷ്ണൈഃ	ക്രുത്ത
പരശ്വധൈഃ ച	കോടാലികളോടും
ഖഡ്ഗൈഃ	ഖഡ്ഗങ്ങളോടും,
ചക്രൈഃ ച	ചക്രങ്ങളോടും
ഭ്രാജമാനൈഃ	ഉജ്ജ്വലിക്കുന്ന
തോമരൈഃ ച	ഏർകുന്തങ്ങളോടും
ശക്തിഭിഃ	വേലുകളോടും
ഘോരൈഃ	ഭയങ്കരങ്ങളായ

പരിഘൈഃ	ഇരുമ്പുദണ്ഡുകളോടും
അതിമാത്രൈഃ	ഏററം വലുതായ
കാൎമ്മുകൈഃ ച	വില്ലുകളോടും
ഗദാസി-മുസലൈഃ	ഗദ, കുറുവാൾ, ഇരിമ്പുലക്ക എന്നിവയോടും,
വജ്രൈഃ	വജ്രായുധങ്ങളോടുംകൂടി
ജനസ്ഥാനാത്	ജനസ്ഥാനത്തിൽനി[ന്നു്]
നിൎയ്യാതാനി.	പുറപ്പെട്ടുചെന്നു.

താംസ്തു നിൎദ്ധാവതോ ദൃഷ്ട്വാ രാക്ഷസാൻ ഭീമദൎശനാൻ
ഖരസ്യാപി രഥഃ കിഞ്ചിജ്ജഗാമ തദനന്തരം. 23

ഖരസ്യ	ഖരന്റെ
രഥഃ അപി,	രഥവും,
ഭീമദൎശനാൻ	ഭയങ്കരരൂപികളായ
താൻ	ആ
രാക്ഷസാൻ	രാക്ഷസന്മാരെ

നിൎദ്ധാവതഃ തു	വേഗത്തിലോടുന്നവ[രായി]
ദൃഷ്ട്വാ,	കണ്ടു്,
കിഞ്ചിത്	അല്പം
തദനന്തരം	അവൎക്കുപിന്നിലായി
ജഗാമ.	ചെന്നു.

തതസ്താൻ ശബളാനശ്വാൻ തപ്തകാഞ്ചനഭൂഷിതാൻ
ഖരസ്യ മതമാജ്ഞായ സാരഥിഃ സമചോദയത്. 24

സാരഥിഃ,	സാരഥി,
തതഃ	അപ്പോൾ
ഖരസ്യ	ഖരന്റെ
മതം	അഭിപ്രായത്തെ
ആജ്ഞായ	അറിഞ്ഞുകൊണ്ടു്

തപ്തകാഞ്ചന-ഭൂഷിതാൻ	നല്ലതങ്കംകൊണ്ടു് അലങ്കരിക്കപ്പെട്ടവയും
ശബളാൻ	പലവൎണ്ണങ്ങളോടുകൂടി[യവയും ആയ]
താൻ	ആ
അശ്വാൻ	കുതിരകളെ
സമചോദയത്.	വേഗത്തിൽ ഓടിച്ചു.

സ ചോദിതോ രഥഃ ശീഘ്രം ഖരസ്യ രിപുഘാതിനഃ
ശബ്ദേനാപൂരയാമാസ ദിശശ്ച പ്രദിശസ്തഥാ. 25

രിപുഘാതിനഃ	ശത്രുഹിംസകനായ
ഖരസ്യ	ഖരന്റെ
സഃ	ആ
രഥഃ,	രഥം,
ശീഘ്രം	വേഗത്തിൽ

ചോദിതഃ,	ഓടിക്കപ്പെട്ടതായി,
ശബ്ദേന	ശബ്ദം കൊണ്ടു്
ദിശഃ ച	ദിക്കുകളേയും
പ്രദിശഃ തഥാ	വിദിക്കുകളേയും
ആപൂരയാമാസ.	പൂരിച്ചു.

പ്രവൃദ്ധമന്യുസ്തു ഖരഃ ഖരസ്വനോ
രിപോൎവധാൎത്ഥം ത്വരിതോ യഥാഽന്തകഃ
അചൂചുദത് സാരഥിമുന്നദൻ ഭൃശം
മഹാബലോ മേഘ ഇവാശ്മവൎഷവാൻ. 26

മഹാബലഃ	മഹാബലശാലിയും	വധാൎത്ഥം	വധത്തിന്നായി
ഖരസ്വനഃ	കടുതായ ശബ്ദത്തോടു കൂടിയവനും, ആയ	ത്വരിതഃ,	ബദ്ധപ്പെട്ടുന്നവനായി,
ഖരഃ	ഖരൻ	അശ്മവൎഷവാൻ	കൽമാരിപൊഴിക്കുന്ന
പ്രവൃദ്ധമന്യുഃ	കോപാവേശം പൂണ്ടവനായി	മേഘഃ ഇവ,	മേഘം എന്നപോലെ,
അന്തകഃ യഥാ	യമൻ എന്നപോലെ	ഉന്നദൻ തു	ഗൎജ്ജിച്ചുകൊണ്ടുതന്നെ
രിപോഃ	ശത്രുവിൻെറ	സാരഥിം	സാരഥിയെ
		ഭൃശം	ഏററവും
		അചൂചുദത്.	തിടുക്കി.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ ദ്വാവിംശഃ സൎഗ്ഗഃ = ഇരുപത്തിരണ്ടാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 7459; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 747

ത്രയോവിംശഃ സൎഗ്ഗഃ = ഇരുപത്തിമൂന്നാംസൎഗ്ഗം.

[ഉത്പാതദൎശനം = അപശകുനം കാണുന്നതു്.]

തം പ്രയാന്തം ബലം ഘോരമശിവം ശോണിതോദകം
അഭ്യവൎഷന്മഹാമേഘസ്തുമുലോ ഗൎദ്ദഭാരുണഃ. 1

പ്രയാന്തം	പൊയ്ക്കൊണ്ടിരുന്നവനായ	അശിവം	അശുഭപ്രദമായ
തം,	അവന്നു്,	ശോണിതോദകം	രക്തമാരിയെ
ഗൎദ്ദഭാരുണഃ	ചെന്നിറമാന്ന	ബലം	സൈന്യത്തിന്മേൽ
മഹാമേഘഃ	വൻമേഘം	ഘോരം	ഭയങ്കരമാംവണ്ണം
തുമുലഃ	അതിയായി ഗൎജ്ജിച്ചുകൊണ്ടു്	അഭ്യവൎഷത്.	ചൊരിഞ്ഞു.

നിപേതുസ്തുരഗാസ്തസ്യ രഥയുക്താ മഹാജവാഃ
സമേ പുഷ്പചിതേ ദേശേ രാജമാൎഗ്ഗേ യദൃച്ഛയാ. 2

തസ്യ	അവൻെറ	സമേ	സമനിരപ്പായ്
മഹാജവാഃ	അതിവേഗതയുള്ളവയും	പുഷ്പചിതേ	പൂക്കൾ ചിന്നിക്കിടക്കുന്നതായ
രഥയുക്താഃ	തേരിൽ പൂട്ടപ്പെട്ടവയും	ദേശേ	പ്രദേശത്തിൽ
തുരഗാഃ	കുതിരകൾ ആയ	യദൃച്ഛയാ	യാതൊരു കാരണവും കൂടാതെ
രാജമാൎഗ്ഗേ;	രാജവീഥിയിൽ	നിപേതുഃ.	ഇടറിവീണു.

ശ്യാമം രുധിരപൎയ്യന്തം ബഭൂവ പരിവേഷണം
അലാതചക്രപ്രതിമം പരിഗൃഹ്യ ദിവാകരം. 3

ദിവാകരം	സൂൎയ്യനെ	രുധിരപൎയ്യന്തം	ചുവന്നപരിധിയോടു കൂടിയതായി
പരിഗൃഹ്യ	ചുററിക്കൊണ്ടു്	അലാതചക്രപ്രതിമം	വട്ടത്തിൽ തീക്കണലുകൾ നിരത്തിയപോലെ
പരിവേഷണം	വട്ടത്തിൽ		
ശ്യാമം	കറുത്തതായി	ബഭൂവ.	കാണപ്പെട്ടു.

തതോ ധ്വജമുപാഗമ്യ ഹേമദണ്ഡം സമുച്ഛ്രിതം
സമാക്രമ്യ മഹാകായസ്തസ്ഥൌ ഗൃദ്ധ്രഃ സുദാരുണഃ. 4

തതഃ	അപ്പോൾ	ഹേമദണ്ഡം	സുവൎണ്ണക്കൊടിമരമുള്ള
സുദാരുണഃ	ഭയങ്കരമായ	ധ്വജം	ധ്വജത്തെ
മഹാകായഃ	ഒരു ഊക്കൻ	ഉപാഗമ്യ,	സമീപിച്ച്,
ഗൃദ്ധ്രഃ,	കഴുകൻ,	സമാക്രമ്യ തസ്ഥൌ.	വട്ടംചുററിക്കൊണ്ടു നിന്നു.
സമുച്ഛ്രിതം	ഉയൎത്തിപ്പിടിച്ചതായ		

ജനസ്ഥാനസമീപേ തു സമാഗമ്യ ഖരസ്വനാഃ
വിസ്വരാൻ വിവിധാംശ്ചക്രുൎമ്മാംസാദാ മൃഗപക്ഷിണഃ. 5

മാംസാദാഃ	മാംസഭക്ഷകങ്ങളായ	സമാഗമ്യ	ഒന്നിച്ചുകൂടി
മൃഗപക്ഷിണഃ	മൃഗങ്ങളും പക്ഷികളും	വിവിധാൻ	പലപല
ഖരസ്വനാഃ	കഠോരശബ്ദങ്ങളോടു കൂടിയവയായി	വിസ്വരാൻ	വികാരശബ്ദങ്ങളെ
ജനസ്ഥാനസമീപേ തു	ജനസ്ഥാനത്തിന്നടുത്തു തന്നെ	ചക്രുഃ.	പുറപ്പെടുവിച്ചു.

വ്യാജഹ്രുശ്ച പ്രദീപ്തായാം ദിശി വൈ ഭൈരവസ്വനം
അശിവം യാതുധാനാനാം ശിവാ ഘോരാ മഹാസ്വനാഃ. 6

ഘോരാഃ	ഘോരങ്ങളായ	യാതുധാനാനാം	രാക്ഷസന്മാൎക്കു്
മഹാസ്വനാഃ ച	വമ്പിച്ച ഓരിയിടുന്ന [വയായ	അശിവം വൈ	അശുഭസൂചകമായ
ശിവാഃ,	കുറുനരികൾ	ഭൈരവസ്വനം	ഭയങ്കരശബ്ദത്തെ
പ്രദീപ്തായാം ദിശി	കിഴക്കെ ദിക്കിൽ	വ്യാജഹ്രുഃ.	പുറപ്പെടുവിച്ചു.

പ്രഭിന്നഗജസങ്കാശാസ്തോയശോണിതധാരിണഃ
ആകാശം തദനാകാശം ചക്രുൎഭീമാ ബലാഹകാഃ 7

ഭീമാഃ	ഭയങ്കരങ്ങളായ	തോയ-ശോണിത-ധാരിണഃ	രക്തവെള്ളം ധരിച്ചവയായി
ബലാഹകാഃ	മേഘങ്ങൾ	ആകാശം	ആകാശത്തെ
പ്രഭിന്നഗജ-സങ്കാശാഃ	മദംപൊട്ടിയ ആനകളെന്നപോലെയുള്ളവയായി	തത്	ആ സമയം
		അനാകാശം	പ്രകാശമററതായി
		ചക്രുഃ.	ചെയ്തു. [ഇരുണ്ടതാക്കി

ബഭൂവ തിമിരം ഘോരമുദ്ധതം രോമഹൎഷണം
ദിശോ വാ വിദിശോ വാഽപി ന ച വ്യക്തം ചകാശിരേ. 8

രോമഹൎഷണം	രോമാഞ്ചമുണ്ടാക്കമാറു്	ദിശഃ വാ	ദിക്കുകളാകട്ടെ
തിമിരം	ഒരു കൂരിരുട്ടു്	വിദിശഃ വാ അപി	വിദിക്കുകളാകട്ടെ
ഘോരം	ഭയങ്കരമായും		
ഉദ്ധതം ച	അത്യധികമായും	വ്യക്തം	വ്യക്തമായി
ബഭൂവ;	ഉണ്ടായി;	ചകാശിരേ ന.	അറിയപ്പെടാതിരുന്നു.

ക്ഷതജാർദ്രസവർണ്ണാഭാ സന്ധ്യാ കാലം വിനാ ബഭൌ
ഖരസ്യാഭിമുഖാ നേദുസ്തദാ ഘോരമൃഗാഃ ഖഗാഃ. 9

കാലം വിനാ	അകാലത്തിൽ,	തദാ,	ആ സമയം,
സന്ധ്യാ	ഒരു സന്ധ്യ,	ഘോരമൃഗാഃ	ക്രൂരമൃഗങ്ങളും
ക്ഷതജാർദ്ര-സവർണ്ണാഭാ	ചോരപുരണ്ട (വസ്ത്രം മുതലായ) വസ്തുപോലെ,	ഖഗാഃ,	പക്ഷികളും,
		ഖരസ്യ	ഖരന്റെ
		അഭിമുഖാഃ	എതിരിൽ നിന്നു [കൊണ്ട്
ബഭൌ!	ഉളവായി!	നേദുഃ.	ശബ്ദിച്ചു.

കങ്കഗോമായുഗൃധ്രാശ്ച ചുക്രുശുർഭയശംസിനഃ. 10

ഭയശംസിനഃ	ആപത്തിനെ സൂചിപ്പിക്കുന്നവയായ	കങ്കഗോമായു-ഗൃധ്രാഃ ച	പരുന്തുകളും, കുറുനരികളും, കഴുക്കളും
		ചുക്രുശുഃ.	ആക്രോശനം ചെയ്തു.

നിത്യാശുഭകരാ യുദ്ധേ ശിവാ ഘോരനിദർശനാഃ
നേദുർബ്ബലസ്യാഭിമുഖം ജ്വാലോദ്ഗാരിഭിരാനനൈഃ. 11

യുദ്ധേ	യുദ്ധത്തിൽ	ജ്വാലോദ്-ഗാരിഭിഃ	തീജ്വാലയെവമിക്കുന്ന
നിത്യാശുഭകരാഃ	എപ്പോഴും അമംഗളത്തെയുളവാക്കുന്നവയും	ആനനൈഃ	മുഖങ്ങളോടുകൂടി
ഘോരനിദർശനാഃ	ആപത്തിനെ സൂചിപ്പിക്കുന്നവയും ആയ	ബലസ്യ	സൈന്യത്തിന്റെ
		അഭിമുഖം	മുമ്പിൽ
ശിവാഃ	കുറുനരികൾ	നേദുഃ.	ഓരിയിട്ടു.

കബന്ധഃ പരിഘാഭാസോ ദൃശ്യതേ ഭാസ്കരാന്തികേ
ജഗ്രാഹ സൂര്യം സ്വർഭാനുരപർവ്വണി മഹാഗ്രഹഃ. 12

ഭാസ്കരാന്തികേ	സൂര്യന്റെസമീപത്തിൽ	ദൃശ്യതേ;	കാണപ്പെടുകയുണ്ടായി;
പരിഘാഭാസഃ	ഉദയാസ്തമയങ്ങളിൽ സൂര്യനെ മറയ്ക്കുന്നതും പരിഘംപോലെയുള്ളതുമായ	അപർവ്വണി	വാവിൻദിവസത്തിലല്ലാതെ
		മഹാഗ്രഹഃ	ക്രൂരഗ്രഹമായ
		സ്വർഭാനുഃ	രാഹു
		സൂര്യം	ആദിത്യനെ
കബന്ധഃ	ഒരു കറുത്തമേഘം	ജഗ്രാഹ.	ഗ്രസിച്ചു.

പ്രവാതി മാരുതഃ ശീഘ്രം നിഷ്പ്രഭോഽഭൂദ്ദിവാകരഃ
ഉത്പേതുശ്ച വിനാ രാത്രിം താരാഃ ഖദ്യോതസപ്രഭാഃ. 13

മാരുതഃ	കാററു	രാത്രിം വിനാ	രാത്രികാലമല്ലാതിരുന്നിട്ടും,
ശീഘ്രം	ഊക്കോടെ		
പ്രവാതി;	വീശുകയായി;	താരാഃ ച	നക്ഷത്രങ്ങളും
ദിവാകരഃ	ആദിത്യൻ	ഖദ്യോത-സപ്രഭാഃ	മിന്നാമിനുങ്ങുകൾ എന്നപോലെ
നിഷ്പ്രഭഃ	പ്രഭയില്ലാതെ		
അഭൂത്;	കാണപ്പെട്ടു;	ഉത്പേതുഃ.	ഉതിർന്നുവീണു.

സംലീനമീനവിഹഗാ നളിന്യഃ ശുഷ്കപങ്കജാഃ
തസ്മിൻ ക്ഷണേ ബഭൂവുശ്ച വിനാ പുഷ്പഫലൈർദ്രുമാഃ. 14

തസ്മിൻ	ആ
ക്ഷണേ,	സമയത്തിൽ,
നളിന്യഃ	താമരപ്പൊയ്കകൾ
സംലീനമീനവിഹഗാഃ,	മത്സ്യങ്ങൾ, പക്ഷികൾ, എന്നിവ ഒതുങ്ങിയവയായും,
ശുഷ്കപങ്കജാഃ	വാടിയതാമരകളോടുകൂടിയവയായും
ദ്രുമാഃ	വൃക്ഷങ്ങൾ
പുഷ്പഫലൈഃ വിനാ ച	പൂക്കളും, കായ്കകളും കൊഴിഞ്ഞവയായും
ബഭൂവുഃ.	ഭവിച്ചു.

ഉദ്ധൂതശ്ച വിനാ വാതം രേണുർജ്ജലധരാരുണഃ
വീചീകൂചീതി വാശ്യന്ത്യോ ബഭൂവുസ്തത്ര ശാരികാഃ. 15

ജലധരാരുണഃ	മേഘംപോൽ ചെമ്പിച്ചതായ
രേണുഃ	പൊടിപടലം
വാതം വിനാ	കാററില്ലാതെതന്നെ
ഉദ്ധൂതഃ;	പൊങ്ങി;
തത്ര	അപ്പോൾ
ശാരികാഃ ച	കിളികളും
വീചീകൂചീ ഇതി	"വീചീകൂചീ" എന്ന്
വാശ്യന്ത്യഃ ബഭൂവുഃ.	കൂകിക്കൊണ്ടിരുന്നു.

ഉല്കാശ്ചാപി സനിർഘാതാ നിപേതുർഘോരദർശനാഃ
പ്രചചാല മഹീ സർവ്വാ സശൈലവനകാനനാ. 16

ഘോരദർശനാഃ	ആപൽസൂചകങ്ങളായ
ഉല്കാഃ ച	കൊള്ളിമീനുകളും
സനിർഘാതാഃ	ഇടികളോടുകൂടി
നിപേതുഃ;	വീണു;
മഹീ	ഭൂമി
സർവ്വാ അപി	എല്ലാംതന്നെ
സശൈലവനകാനനാ	മലകൾ, കാടുകൾ, തോപ്പുകൾ, എന്നിവയടക്കം
പ്രചചാല.	കിടുകിടെ വിറച്ചു.

ഖരസ്യ ച രഥസ്ഥസ്യ നർദ്ദമാനസ്യ ധീമതഃ
പ്രാകമ്പത ഭുജഃ സവ്യഃ സ്വരശ്ചാസ്യാവസജ്ജത. 17

രഥസ്ഥസ്യ ച	തേരിലിരുന്നുകൊണ്ടുതന്നെ
നർദ്ദമാനസ്യ	പോയ്ക്കൊണ്ടിരുന്നവനായ
ധീമതഃ	ബുദ്ധിമാനായ
ഖരസ്യ	ഖരന്ന്
സവ്യഃ ഭുജഃ	ഇടത്തെ ഭുജം
പ്രാകമ്പത;	തുടിച്ചു;
അസ്യ സ്വരഃ ച	ഇവന്റെ ശബ്ദവും
അവസജ്ജത.	കുറഞ്ഞുപോയ്ക്കളഞ്ഞു. (ആർഷം)

സാസ്രാ സംപദ്യതേ ദൃഷ്ടിഃ പശ്യമാനസ്യ സർവ്വതഃ
ലലാടേ ച രുജാ ജാതാ ന ച മോഹാന്ന്യവർത്തത. 18

സർവ്വതഃ	എങ്ങും
പശ്യമാനസ്യ	നോക്കിക്കൊണ്ടിരുന്ന [അവന്റെ
ദൃഷ്ടിഃ	ദൃഷ്ടി
സാസ്രാ	കണ്ണീരോടുകൂടിയതായി
സംപദ്യതേ;	ഭവിക്കയായി;
ലലാടേ	തലയിൽ
രുജാ ച	വേദനയും
ജാതാ;	ഉണ്ടായി;
ച,	എന്നിട്ടും,
മോഹാത്	അന്ധതമൂലം
ന്യവർത്തത ന.	മടങ്ങിപ്പോകയുണ്ടായില്ല.

താൻ സമീക്ഷ്യ മഹോത്പാതാനുത്ഥിതാൻ രോമഹർഷണാൻ
അബ്രവീദ്രാക്ഷസാൻ സർവ്വാൻ പ്രഹസൻ വാഹിനീപതിഃ. 19

വാഹിനീപതിഃ	സേനാപതിയായ അവൻ
രോമഹർഷണാൻ	രോമാഞ്ചമുണ്ടാക്കുമാറ്
ഉത്ഥിതാൻ	സംഭവിച്ചവയായ
താൻ	ആ
മഹോത്പാതാൻ	മഹാ ദുഃശകുനങ്ങളെ
സമീക്ഷ്യ,	കണ്ട്,
പ്രഹസൻ,	വിഹസിച്ചുകൊണ്ട്,
രാക്ഷസാൻ	രാക്ഷസന്മാർ
സർവ്വാൻ	എല്ലാവരേയും നോക്കി
അബ്രവീത്.	ഇപ്രകാരം പറഞ്ഞു.

മഹോത്പാതാനിമാൻ സർവ്വാനുത്ഥിതാൻ ഘോരദർശനാൻ
ന ചിന്തയാമ്യഹം വീര്യാദ് ബലവാൻ ദുർബ്ബലാനിവ. 20

"ബലവാൻ	"വീരനായവൻ
ദുർബ്ബലാൻ ഇവ	ദുർബ്ബലന്മാരെയെന്നവണ്ണം,
അഹം	ഞാൻ
വീര്യാത്	സ്വവീര്യത്താൽ
ഇമാൻ	ഈ
ഘോരദർശനാൻ	ഭയങ്കരമാംവണ്ണം
ഉത്ഥിതാൻ	ഉണ്ടായിട്ടുള്ള
മഹോത്പാതാൻ	ഘോരദുശ്ശകുനങ്ങൾ
സർവ്വാൻ	എല്ലാററിനേയും
ന ചിന്തയാമി.	സാരമായി കരുതുന്നില്ല.

താരാ അപി ശരൈസ്തീക്ഷ്ണൈഃ പാതയാമി നഭഃസ്ഥലാത്
മൃത്യും മരണധർമ്മേണ സംക്രുദ്ധോ യോജയാമ്യഹം. 21

"താരാഃ അപി	"നക്ഷത്രങ്ങളേയുംകൂടി
നഭഃസ്ഥലാത്	ആകാശത്തിൽനിന്ന്
തീക്ഷ്ണൈഃ	കൂർത്ത
ശരൈഃ	ബാണങ്ങളെ പ്രയോഗിച്ച്
പാതയാമി;	എനിക്ക് വീഴ്ത്തുവാൻ കഴിയും;
സംക്രുദ്ധഃ	ക്രുദ്ധനായ
അഹം	ഞാൻ
മൃത്യും	യമനും
മരണധർമ്മേണ	മരണഭയത്തെ
യോജയാമി.	ചേക്കും.

രാഘവം തം ബലോത്സിക്തം ഭ്രാതരം ചാസ്യ ലക്ഷ്മണം
അഹത്വാ സായകൈസ്തീക്ഷ്ണൈർന്നോപാവർത്തിതുമുത്സഹേ. 22

"ബലോത്സിക്തം	"ബലംമൂലം ഗർവ്വംപൂണ്ട
തം	ആ
രാഘവം,	രാമനേയും,
അസ്യ	ഇവൻെറ
ഭ്രാതരം	അനുജനായ
ലക്ഷ്മണം ച	ലക്ഷ്മണനേയും
തീക്ഷ്ണൈഃ	കൂർത്ത
സായകൈഃ	ബാണങ്ങളെക്കൊണ്ട്
അഹത്വാ	ഹനിക്കാതെ
ഉപാവർത്തിതും	തിരിയെപ്പോരുവാൻ
ഉത്സഹേ ന.	ഞാൻ മുതിരുകയില്ല.

സകാമാ ഭഗിനീ മേഽസ്തു പീത്വാ തു രുധിരം തയോഃ
യന്നിമിത്തസ്തു രാമസ്യ ലക്ഷ്മണസ്യ വിപര്യ്യയഃ. 23

"രാമസ്യ	"രാമനും	മേ ഭഗിനീ	എന്റെ സോദരി
ലക്ഷ്മണസ്യ തു	ലക്ഷ്മണനും	തയോഃ	അവർ രണ്ടുപേരുടേയും
വിപര്യ്യയഃ	ആപത്തു്	രുധിരം പീത്വാ	രക്തത്തെപാനംചെയ്തു്
യന്നിമിത്തഃ തു	യാതൊരുത്തിയുടെ കാരണത്താലോ, ആ	സകാമാ	മനോരഥം സാധിച്ചവളായി
		അസ്തു.	ഭവിക്കട്ടെ.

ന കദാചിത് പ്രാപ്തപൂർവ്വോ മേ സംയുഗേഷു പരാജയഃ
യുഷ്മാകമേതത് പ്രത്യക്ഷം നാനൃതം കഥയാമ്യഹം. 24

"മേ	"എനിക്കു്	യുഷ്മാകം	നിങ്ങൾക്കു്
സംയുഗേഷു	യുദ്ധങ്ങളിൽ	പ്രത്യക്ഷം ;	നേരിൽ അറിവുള്ള സംഗതിയാണല്ലൊ ;
പരാജയഃ	തോല്വി എന്നുള്ളതു്		
കദാചിത്	ഒരുദിക്കിലും	അഹം	ഞാൻ
ന പ്രാപ്തപൂർവ്വഃ ;	ഇതെവരെയ്ക്കും ഉണ്ടായിട്ടില്ല ;	അനൃതം	ഇല്ലാത്തതു്
ഏതത്	ഇതു്	കഥയാമി ന.	പറകയില്ല.

ദേവരാജമപി ക്രുദ്ധോ മത്തൈരാവതയായിനം
വജ്രഹസ്തം രണേ ഹന്യാം കിം പുനസ്തൌ കുമാനുഷൌ. 25

"രണേ	"പോരിൽ	ക്രുദ്ധഃ	കോപിച്ചവനായ ഞാൻ
വജ്രഹസ്തം	വജ്രപാണിയായി	ഹന്യാം ;	ഹനിക്കും ;
മത്തൈരാവതയായിനം	മദിച്ച ഐരാവതത്തിൽ ആരൂഢനായ	കുമാനുഷൌ	അല്പമനുഷ്യരായ
		തൌ	ഇവരിരുവർ
ദേവരാജം അപി	ദേവേന്ദ്രനേയുംകൂടി,	കിം പുനഃ ?	പിന്നെ എത്രമാത്രം ?

സാ തസ്യ ഗർജ്ജിതം ശ്രുത്വാ രാക്ഷസസ്യ മഹാചമൂഃ
പ്രഹർഷമതുലം ലേഭേ മൃത്യുപാശാവപാശിതാ. 26

മൃത്യുപാശാവപാശിതാ	യമപാശത്തിൽ പിണഞ്ഞതായ	ഗർജ്ജിതം	ഘോഷത്തെ
സാ മഹാചമൂഃ,	ആ വൻപട,	ശ്രുത്വാ,	കേട്ടു്,
തസ്യ	ആ	അതുലം	അളവററ
രാക്ഷസസ്യ	രാക്ഷസന്റെ	പ്രഹർഷം ലേഭേ.	ആനന്ദം പൂണ്ടു.

സമീയുശ്ച മഹാത്മാനോ യുദ്ധദർശനകാംക്ഷിണഃ
ഋഷയോ ദേവഗന്ധർവ്വാഃ സിദ്ധാശ്ച സഹ ചാരണൈഃ. 27

യുദ്ധദർശനകാംക്ഷിണഃ	യുദ്ധത്തെ നേരിട്ടുകാണ്മാൻ ആഗ്രഹംപൂണ്ടവരായ	ദേവഗന്ധർവ്വാഃ ച	ദേവകളും, ഗന്ധർവ്വന്മാരും
		സിദ്ധാഃ ച	സിദ്ധന്മാരും
മഹാത്മാനഃ	മഹാത്മാക്കളായ	ചാരണൈഃ സഹ	ചാരണരോടുംകൂടി
ഋഷയഃ	ഋഷികളും	സമീയുഃ.	വന്നുചേന്നു.

സമേത്യ ചോചുഃ സഹിതാസ്തേഽന്യോന്യം പുണ്യകൎമ്മണഃ. 28

തേ	ആ
പുണ്യകൎമ്മണഃ	പുണ്യാത്മാക്കൾ
സമേത്യ	വന്നുചേൎന്ന്

സഹിതാഃ ച	ഒന്നിച്ചുകൂടി
അന്യോന്യം	തമ്മിൽതമ്മിൽ[ചെയ്തു.
ഊചുഃ.	ഇപ്രകാരംസംഭാഷണം-

സ്വസ്തി ഗോബ്രാഹ്മണേഭ്യോഽസ്തു ലോകാനാം യേഽഭിസംഗതാഃ
ജയതാം രാഘവഃ സംഖ്യേ പൌലസ്ത്യാൻ രജനീചരാൻ
ചക്രഹസ്തോ യഥാ യുദ്ധേ സൎവ്വാനസുരസത്തമാൻ. 29

"യേ	"യാതൊരുവൻ
ലോകാനാം	ലോകങ്ങൾക്ക്
അഭിസംഗതാഃ	നന്മചെയ്യുന്നവരോ അ പ്രകാരമുള്ളവൎക്കും
ഗോബ്രാഹ്മണേഭ്യഃ	പശുക്കൾക്കും ബ്രാഹ്മണൎക്കും
സ്വസ്തി അസ്തു;	ക്ഷേമമുണ്ടാകട്ടെ;
ചക്രഹസ്തഃ	ചക്രപാണിയായവിഷ്ണുഭഗവാൻ

അസുരസത്തമാൻ	അസുരശ്രേഷ്ഠന്മാർ
സൎവ്വാൻ	എല്ലാവരേയും
യുദ്ധേ	പോരിൽ
യഥാ,	എന്നപോലെ,
രാഘവഃ	ശ്രീരാമൻ
പൌലസ്ത്യാൻ	പുലസ്ത്യവംശജന്മാരാ
രജനീചരാൻ	രാക്ഷസന്മാരെ [യ
സംഖ്യേ	യുദ്ധത്തിൽ
ജയതാം."	വെല്ലുമാറാകട്ടെ."

ഏതച്ചാന്യച്ച ബഹുശോ ബ്രുവാണാഃ പരമൎഷയഃ
ജാതകൌതൂഹലാസ്തത്ര വിമാനസ്ഥാശ്ച ദേവതാഃ
ദദൃശുൎവ്വാഹിനീം തേഷാം രാക്ഷസാനാം ഗതായുഷാം. 30

ജാതകൌതൂഹലാഃ	അത്യൌത്സുക്യത്തോടുകൂടിയവരായി
വിമാനസ്ഥാഃ	വിമാനങ്ങളിലിരുന്നിരുന്ന
ദേവതാഃ ച	ദേവകളും
പരമൎഷയഃ ച	മഹൎഷിമാരും
തത്ര	ആ സമയം
ഏതത്	ഇപ്രകാരവും

അന്യത്	മറ്റുപലതും
ബഹുശഃ ച	പലവിധത്തിലും
ബ്രുവാണാഃ,	പറയുന്നവരായി,
തേഷാം	ആ
ഗതായുഷാം	ആയുസ്സററ
രാക്ഷസാനാം	രാക്ഷസന്മാരുടെ
വാഹിനീം	സൈന്യത്തെ
ദദൃശുഃ.	നോക്കി.

രഥേന തു ഖരോ വേഗാദുഗ്രസൈന്യോ വിനിഃസൃതഃ
തം ദൃഷ്ട്വാ രാക്ഷസം ഭൂയോ രാക്ഷസാശ്ച വിനിഃസൃതാഃ 31

ഖരഃ	ഖരൻ
രഥേന	രഥത്തിൽ കയറിക്കൊണ്ട്
ഉഗ്രസൈന്യഃ	കോപാവേശം പൂണ്ട സൈന്യത്തോടുകൂടിയ
വേഗാത്	വേഗത്തിൽ [വനായി
വിനിഃസൃതഃ:	ചെന്നു.

തു	ആ സമയം
തം	ആ
രാക്ഷസം	രാക്ഷസനെ
ദൃഷ്ട്വാ,	കണ്ട്,
രാക്ഷസാഃ	രാക്ഷസന്മാർ
ഭൂയഃ ച	മുന്നേതിലും അധിക
വിനിഃസൃതാഃ.	അടുത്തു. [മായി

ശ്യേനഗാമീ പൃഥുഗ്രീവോ യജ്ഞശത്രുർവിഹംഗമഃ
ദുർജ്ജയഃ കരവീരാക്ഷഃ പരുഷഃ കാലകാർമ്മുകഃ 32
മേഘമാലീ മഹാമാലീ സർപ്പാസ്യോ രുധിരാശനഃ
ദ്വാദശൈതേ മഹാവീര്യാഃ പ്രതസ്ഥുരഭിതഃ ഖരം. 33

ശ്യേനഗാമീ	ശ്യേനഗാമി	മഹാമാലീ	മഹാമാലി,
പൃഥുഗ്രീവഃ	പൃഥുഗ്രീവൻ,	സർപ്പാസ്യഃ	സർപ്പാസ്യൻ,
യജ്ഞശത്രുഃ	യജ്ഞശത്രു,	രുധിരാശനഃ	രുധിരാശനൻ എന്ന
വിഹംഗമഃ	വിഹംഗമൻ,	ഏതേ	ഈ
ദുർജ്ജയഃ	ദുർജ്ജയൻ,	ദ്വാദശ	പന്ത്രണ്ടു
കരവീരാക്ഷഃ	കരവീരാക്ഷൻ,	മഹാവീര്യാഃ,	മഹാവീരന്മാർ,
പരുഷഃ	പരുഷൻ,	ഖരം	ഖരനെ
കാലകാർമ്മുകഃ	കാലകാർമ്മുകൻ,	അഭിതഃ	ചൂഴ്ന്നുകൊണ്ടു്
മേഘമാലീ	മേഘമാലി,	പ്രതസ്ഥുഃ.	യാത്രചെയ്തു.

മഹാകപാലഃ സ്ഥൂലാക്ഷഃ പ്രമാഥീ ത്രിശിരാസ്തഥാ
ചത്വാര ഏതേ സേനാഗ്രേ ദൂഷണം പൃഷ്ഠതോഽന്വയുഃ. 34

മഹാകപാലഃ	മഹാകപാലൻ	ചത്വാരഃ	നാലുപേർ
സ്ഥൂലാക്ഷഃ	സ്ഥൂലാക്ഷൻ	സേനാഗ്രേ	സേനയുടെ മുൻഭാഗ[ത്തിൽ
പ്രമാഥീ	പ്രമാഥി	ദൂഷണം	ദൂഷണനെ
ത്രിശിരാഃ തഥാ	ത്രിശിരസ്സ് എന്ന	പൃഷ്ഠതഃ അന്വയുഃ.	പിൻതുടന്നു.
ഏതേ	ഈ		

സാ ഭീമവേഗാ സമരാഭികാമാ
സുദാരുണാ രാക്ഷസവീരസേനാ
തൌ രാജപുത്രൌ സഹസാഭ്യുപേതാ
മാലാ ഗ്രഹാണാമിവ ചന്ദ്രസൂര്യ്യൌ. 35

ഗ്രഹാണാം	നവഗ്രഹങ്ങളുടെ	സുദാരുണാ	ഘോരവും ആയ
മാലാ	പങ്ക്തി	സാ രാക്ഷസ- വീരസേനാ,	ആ രാക്ഷസവീരന്മാരുടെ സൈന്യം
ചന്ദ്രസൂര്യ്യൌ	ചന്ദ്രസൂര്യ്യന്മാരെ	രാജപുത്രൌ	രാജകുമാരന്മാരായ
ഇവ,	എന്നവിധം [ന്നതും	തൌ	ആ രണ്ടുപേരെയും
ഭീമവേഗാ	അധികവേഗതയാ-	സഹസാ	വേഗതയോടെ
സമരാഭികാമാ	പോരിൽ കൊതിപൂണ്ടതും	അഭ്യുപേതാ.	അടുത്തു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ത്രയോവിംശഃ സർഗ്ഗഃ = ഇരുപത്തിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 7494; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 782.

ചതുൎവ്വിംശഃ സൎഗ്ഗഃ = ഇരുപത്തിനാലാംസൎഗ്ഗം.

[രാമസ്യ യുദ്ധോദ്യോഗഃ = ശ്രീരാമൻ യുദ്ധത്തിന്നു ഉദ്യമിക്കുന്നതു.]

ആശ്രമം പ്രതിയാതേ തു ഖരേ ഖരപരാക്രമേ
താനേവൌത്പാതികാൻ രാമഃ സഹ ഭ്രാത്രാ ദദൎശ ഹ. 1

ഖരപരാക്രമേ	ഉഗ്രപരാക്രമശാലി[യായ]	ഭ്രാത്രാ സഹ	അനുജനോടുംകൂടി,
ഖരേ	ഖരൻ	താൻ ഏവ	അതേ
ആശ്രമം	ആശ്രമത്തിലേക്ക്	ഉത്പാതികാൻ ഹ	ദുഃശകുനങ്ങളെ
പ്രതിയാതേ തു,	വരുന്ന സമയം,		
രാമഃ	ശ്രീരാമൻ	ദദൎശ.	സന്ദൎശിച്ചു.

താനുത്പാതാൻ മഹാഘോരാനുത്ഥിതാൻ രോമഹൎഷണാൻ
പ്രജാനാമഹിതാൻ ദൃഷ്ട്വാ വാക്യം ലക്ഷ്മണമബ്രവീത്. 2

മഹാഘോരാൻ	അതിഭയങ്കരമായവയും	പ്രജാനാം	ജനങ്ങൾക്ക്
രോമ-ഹൎഷണാൻ	രോമാഞ്ചമുണ്ടാക്കുമാറ്	അഹിതാൻ	ദോഷകരങ്ങളായി
		ദൃഷ്ട്വാ,	കണ്ട്,
ഉത്ഥിതാൻ	ഉണ്ടായവയുമായ	ലക്ഷ്മണം	ലക്ഷ്മണനോടായി
താൻ	ആ	വാക്യം അബ്രവീത്.	ഇപ്രകാരം അരുളിച്ചെയ്തു.
ഉത്പാതാൻ	അപശകുനങ്ങളെ,		

ഇമാൻ പശ്യ മഹാബാഹോ സൎവ്വഭൂതാപഹാരിണഃ
സമുത്ഥിതാൻ മഹോത്പാതാൻ സംഹൎത്തും സൎവ്വരാക്ഷസാൻ. 3

"മഹാബാഹോ!	"മഹാബാഹുവായ ലക്ഷ്മണ!	മഹോത്പാ-താൻ,	മഹാദുഃശകുനങ്ങളെ,
		സൎവ്വരാക്ഷസാൻ	സൎവ്വരാക്ഷസരേയും
സൎവ്വഭൂതാപ-ഹാരിണഃ	സൎവ്വപ്രാണികൾക്കും ദോഷകരമായ	സംഹൎത്തും	സംഹരിക്കുന്നതിന്നാ[യി]
		സമുത്ഥിതാൻ	ഉണ്ടായവയെന്ന്
ഇമാൻ	ഈ	പശ്യ.	ബോധിക്കുക.

അമീ രുധിരധാരാസ്തു വിസൃജന്തഃ ഖരസ്വനാൻ
വ്യോമ്നി മേഘാ വിവൎത്തന്തേ പരുഷാ ഗൎദ്ദഭാരുണാഃ 4

"അമീ	"ഈ	രുധിരധാരാഃ തു,	രക്തധാരകളോടുകൂടിയവയായി
മേഘാഃ	മേഘങ്ങൾ		
വ്യോമ്നി	ആകാശത്തിൽ	ഗൎദ്ദഭാരുണാഃ,	തവിട്ടുനിറമാൎന്നവയാ[യി]
ഖരസ്വനാൻ	വികൃതശബ്ദങ്ങളെ	പരുഷാഃ,	ഘോരങ്ങളായി,
വിസൃജന്തഃ,	മുഴക്കിക്കൊണ്ട്,	വിവൎത്തന്തേ.	ചുഴലുന്നു.

സധൂമാശ്ച ശരാഃ സർവ്വേ മമ യുദ്ധാഭിനന്ദിനഃ
രുക്മപൃഷ്ഠാനി ചാപാനി വിവേഷ്ടന്തേ ച ലക്ഷ്മണ. 5

" ലക്ഷ്മണ !	" ലക്ഷ്മണ !
മമ	എന്റെ
ശരാഃ	ബാണങ്ങൾ
സർവ്വേ	എല്ലാം
സധൂമാഃ ച	കത്തിപ്പുകയുന്നവയായി
യുദ്ധാഭിനന്ദിനഃ;	യുദ്ധത്തിൽ ഉത്സാഹം പൂണ്ടവയായിരിക്കുന്നു;
രുക്മപൃഷ്ഠാനി	സ്വർണ്ണമയമായ പിടികളാന്ന
ചാപാനി ച	ഈ ചാപങ്ങളും
വിവേഷ്ടന്തേ.	തുടിക്കുന്നു.

[ഇതുവരെ പറഞ്ഞവ രാക്ഷസന്മാർക്കു ആപത്കരങ്ങളായ ദുഃശകുനങ്ങളും, ഇതുമുതൽ പറയുന്നവ തങ്ങൾക്കു ജയസൂചകങ്ങളായ ലക്ഷണങ്ങളുമാണെന്നും, തീർത്ഥീയം.]

യാദൃശാ ഇഹ കൂജന്തി പക്ഷിണോ വനചാരിണഃ
അഗ്രതോ നോ ഭയം പ്രാപ്തം സംശയോ ജീവിതസ്യ ച. 6

" വനചാരിണഃ	" കാട്ടിൽ ചുററിത്തിരിയുന്ന
പക്ഷിണഃ	പക്ഷികൾ
ഇഹ	ഇപ്പോൾ
യാദൃശാഃ കൂജന്തി	ഇപ്രകാരം കൂജനം ചെയ്യുന്നതുകൊണ്ടു്
നഃ	നമുക്കു്
അഗ്രതഃ	മുമ്പിലായി
ഭയം	ആപത്തു്
പ്രാപ്തം ;	വന്നുചേർന്നിരിക്കുന്നു ;
ജീവിതസ്യ	ജീവനോടിരിക്കുക എന്നതുതന്നെ
സംശയഃ ച.	സംശയസ്ഥിതിയിലായിരിക്കുന്നു.

[" അഭയം പ്രാപ്തം ", " ജീവിതസ്യ നോ സംശയഃ " എന്നും ശുഭസൂചകമായ അർത്ഥം തീർത്ഥീയപക്ഷത്തിൽ ഗ്രാഹ്യം.]

സംപ്രഹാരസ്തു സുമഹാൻ ഭവിഷ്യതി ന സംശയഃ. 7

"സുമഹാൻ	" അതിഘോരമായ
സംപ്രഹാരഃ	ഒരു യുദ്ധം
തു	ഇപ്പോൾ
ഭവിഷ്യതി,	നടപ്പാൻപോകുന്നു,
സംശയഃ ന.	ഇതിന്നു് സംശയമില്ല.

അയമാഖ്യാതി മേ ബാഹുഃ സ്ഫുരമാണോ മുഹുർമ്മുഹുഃ
സംനികർഷേ തു നഃ ശൂര ജയം ശത്രോഃ പരാജയം. 8

" തു	" എന്നാലും
ശൂര !	ഹേ വീര !
മേ	എന്റെ
അയം	ഈ
ബാഹുഃ	(വലത്തെ) കയ്യ്
മുഹുർമ്മുഹുഃ	ഇടവിടാതെ
സ്ഫുരമാണഃ,	തുടിച്ചുകൊണ്ടിരിക്കുന്ന
സംനികർഷേ	സമീപത്തിൽ [തായി
നഃ	നമുക്കു്
ജയം	വിജയത്തെയും
ശത്രോഃ	ശത്രുവിന്നു്
പരാജയം	അപജയത്തെയും
ആഖ്യാതി.	സൂചിപ്പിക്കുന്നുണ്ടു്.

സുപ്രഭം ച പ്രസന്നം ച തവ വക്ത്രം ഹി ലക്ഷ്യതേ
ഉദ്യതാനാം ഹി യുദ്ധാൎത്ഥം യേഷാം ഭവതി ലക്ഷ്മണ
നിഷ്പ്രഭം വദനം തേഷാം ഭവത്യായുഃപരിക്ഷയഃ 9

" ച,	" എന്നുമാത്രമല്ല,	യേഷാം	യാതൊരുവരുടെ
ലക്ഷ്മണ !	സൌമിത്രേ !	വദനം	മുഖം
തവ വക്ത്രം	നിന്റെ വദനം	നിഷ്പ്രഭം	ശോഭയില്ലാത്തതായി
സുപ്രഭം	തേജോമയമായും	ഭവതി	തീരുന്നുവോ
പ്രസന്നം ച	തെളിവാൎന്നതായും	തേഷാം	അവൎക്ക്
ലക്ഷ്യതേ	കാണപ്പെടുന്നു ;	ആയുഃ പരി-	ആയുസ്സിന്റെ അവസാ
യുദ്ധാൎത്ഥം	യുദ്ധത്തിന്ന്	ക്ഷയഃ ഹി	നം തന്നെയാണ്
ഉദ്യതാനാം	സന്നദ്ധരായ	ഭവതി ഹി.	സംഭവിക്കുക.

രക്ഷസാം നൎദ്ദതാം ഘോരഃ ശ്രൂയതേ ഹി മഹാധ്വനിഃ
ആഹതാനാം ച ഭേരീണാം രാക്ഷസൈഃ ക്രൂരകൎമ്മഭിഃ. 10

" നൎദ്ദതാം	" ഗൎജ്ജനം ചെയ്യുന്ന	ആഹതാനാം	അടിക്കപ്പെട്ട
രക്ഷസാം,	രാക്ഷസന്മാരുടേയും,	ഭേരീണാം ച	പെരുമ്പറകളുടേയും
ക്രൂരകൎമ്മഭിഃ	ക്രൂരകൎമ്മങ്ങൾ ചെയ്യുന്നവരായ	ഘോരഃ	ഭയങ്കരമായ
		മഹാധ്വനിഃ	തുമുലധ്വനി
രാക്ഷസൈഃ	നിശാചരന്മാരാൽ	ശ്രൂയതേ ഹി.	കേൾക്കപ്പെടുന്നു.

അനാഗതവിധാനം തു കൎത്തവ്യം ജയമിച്ഛതാ
ആപദം ശങ്കമാനേന പുരുഷേണ വിപശ്ചിതാ. 11

" ആപദം	" ആപത്തിനെ	പുരുഷേണ	ഒരു മനുഷ്യനാൽ,
ശങ്കമാനേന	ശങ്കിക്കുന്നവനും	അനാഗത-	മുൻ കരുതലോടുകൂടി
ജയം	ജയത്തെ	വിധാനം തു	യ പ്രതിവിധിതന്നെ
ഇച്ഛതാ,	കാംക്ഷിക്കുന്നവനും,		യാണ്
വിപശ്ചിതാ	ബുദ്ധിമാനുമായ	കൎത്തവ്യം.	ചെയ്യപ്പെടേണ്ടത്.

തസ്മാത് ഗൃഹീത്വാ വൈദേഹീം ശരപാണിൎദ്ധനുൎദ്ധരഃ
ഗുഹാമാശ്രയ ശൈലസ്യ ദുൎഗ്ഗാം പാദപസങ്കുലാം. 12

" തസ്മാത്	" അതിനാൽ	പാദപസങ്കുലാം,	മരങ്ങൾ നിറഞ്ഞുനിൽക്കുന്നതും
ശരപാണിഃ	കയ്യിലമ്പെടുത്ത്,	ദുൎഗ്ഗാം,	കടന്നുചെല്ലുവാൻ പ്രയാസമുള്ളതുമായ,
ധനുൎദ്ധരഃ,	വില്ലേന്തിയവനായി,	ശൈലസ്യ	പൎവ്വതത്തിന്റെ,
വൈദേഹീം	വൈദേഹിയെ	ഗുഹാം ആശ്രയ.	ഗുഹയെ പ്രാപിക്കുക.
ഗൃഹീത്വാ	കൂട്ടിക്കൊണ്ട്		

പ്രതികൂലിതുമിച്ഛാമി ന ഹി വാക്യമിദം ത്വയാ
ശാപിതോ മമ പാദാഭ്യാം ഗമ്യതാം വത്സ മാ ചിരം. 13

"'ത്വയാ പ്രതികൂലിതും	"'ഭവാൻ പറയുന്നതിനെ മറുക്കുവാൻ	മമ	എന്റെ
ഇച്ഛാമി ന ഹി	ഞാൻ ഒരിക്കലും ആഗ്രഹിക്കയില്ല'	പാദാഭ്യാം	കാൽരണ്ടുംതൊട്ട്
		ശാപിതഃ;	നീ ശപഥംചെയ്യിട്ടുണ്ട്;
		വത്സ!	വത്സ!
ഇദം	എന്നുള്ള	മാ ചിരം;	താമസിക്കേണ്ട;
വാക്യം	വാക്യത്തെ	ഗമ്യതാം.	പോകപ്പെടട്ടെ.

ത്വം ഹി ശൂരശ്ച ബലവാൻ ഹന്യാ ഹ്യേതാന്ന സംശയഃ
സ്വയം തു ഹന്തുമിച്ഛാമി സർവ്വാനേവ നിശാചരാൻ. 14

"ശൂരഃ	"ശൂരനും	തു,	എന്നാലും,
ബലവാൻ ച	ബലവാനുമായ	നിശാചരാൻ	രാക്ഷസന്മാർ
ത്വം ഹി	നീയൊരുവൻതന്നെ	സർവ്വാൻ	എല്ലാവരേയും
ഏതാൻ	ഇവരെ	സ്വയം ഏവ	ഞാൻതന്നെ
ഹന്യാഃ;	കൊല്ലുവാൻമതി;	ഹന്തും	നിഗ്രഹിപ്പാൻ
സംശയഃ ഹി ന;	ഇതിൽ സംശയമൊട്ടുമില്ല;	ഇച്ഛാമി."	ഇഷ്ടപ്പെടുന്നു."

ഏവമുക്തസ്തു രാമേണ ലക്ഷ്മണഃ സഹ സീതയാ
ശരാനാദായ ചാപം ച ഗുഹാം ദുർഗ്ഗാം സമാശ്രയത്. 15

രാമേണ	ശ്രീരാമനാൽ	ചാപം ച	ധനുസ്സിനേയും
ഏവം	മേൽപ്രകാരം	ആദായ	എടുത്തുകൊണ്ട്
ഉക്തഃ	പറയപ്പെട്ട	സീതയാ സഹ	സീതാദേവിയോടുംകൂടി
ലക്ഷ്മണഃ	ലക്ഷ്മണൻ	ദുർഗ്ഗാം	ദുഷ്പ്രവേശ്യമായ
തു	ഉടൻതന്നെ	ഗുഹാം	ആ ഗുഹയെ
ശരാൻ	ബാണങ്ങളേയും	സമാശ്രയത്.	പ്രാപിച്ചു.

തസ്മിൻ പ്രവിഷ്ടേ തു ഗുഹാം ലക്ഷ്മണേ സഹ സീതയാ
ഹന്ത നിർയ്യുക്തമിത്യുക്ത്വാ രാമഃ കവചമാവിശത്. 16

തസ്മിൻ	ആ	"ഹന്ത നിർയ്യുക്തം,"	"(പറഞ്ഞപോലെ ചെയ്തത്) വളരെ ന
ലക്ഷ്മണേ	ലക്ഷ്മണൻ		
സീതയാ സഹ	സീതാദേവിയോടുംകൂടി	ഇതി	എന്ന് ന്നായി,"
ഗുഹാം	ഗുഹയിൽ	ഉക്ത്വാ,	(ലക്ഷ്മണനെ) അനു
പ്രവിഷ്ടേ തു	പ്രവേശിച്ചു ഉടനെ	കവചം	കവചത്തെ [മോദിച്ച്,
രാമഃ	ശ്രീരാമൻ	ആവിശത്.	ധരിച്ചു.

സ തേനാഗ്നിനികാശേന കവചേന വിഭൂഷിതഃ
ബഭൂവ രാമസ്തിമിരേ വിധൂമോഽഗ്നിരിവോത്ഥിതഃ. 17

സഃ	ആ	വിഭൂഷിതഃ,	അലങ്കരിക്കപ്പെട്ടവനായി,
രാമഃ,	ശ്രീരാമൻ,	തിമിരേ	ഇരുളിൽ
തേന	ആ	ഉത്ഥിതഃ	പൊങ്ങിയ
അഗ്നി-നികാശേന	അഗ്നിക്കു സദൃശമായ	വിധൂമഃ	പുകയില്ലാത്ത
		അഗ്നിഃ ഇവ	അഗ്നിയെന്നപോലെ
കവചേന	കവചത്താൽ	ബഭൂവ.	പ്രകാശിച്ചു.

സ ചാപമുദ്യമ്യ മഹച്ഛരാനാദായ വീൎയ്യവാൻ
ബഭൂവാവസ്ഥിതസ്തത്ര ജ്യാസ്വനൈഃ പൂരയൻ ദിശഃ. 18

വീൎയ്യവാൻ	വീൎയ്യശാലിയായ	ദിശഃ	എല്ലാ ദിക്കുകളേയും
സഃ	അദ്ദേഹം	ജ്യാസ്വനൈഃ	ഞാണൊലികളാൽ
മഹത് ചാപം	മഹത്തായ വില്ലിനെ	പൂരയൻ	പൂരിപ്പിച്ചു കൊണ്ടു്
ഉദ്യമ്യ	ഞാണേററി	തത്ര	അവിടെ
ശരാൻ	ശരങ്ങളെ	അവസ്ഥിതഃ ബഭൂവ.	കുലുങ്ങാതെ നിന്നു.
ആദായ	ഗ്രഹിച്ചു കൊണ്ടു്,		

തതോ ദേവാഃ സഗന്ധൎവ്വാഃ സിദ്ധാശ്ച സഹ ചാരണൈഃ
സമേയുശ്ച മഹാത്മാനോ യുദ്ധദൎശനകാംക്ഷയാ. 19

തതഃ	അപ്പോൾ	ചാരണൈഃ സഹ ച	ചാരണന്മാരോടു കൂടി തന്നെ
മഹാത്മാനഃ	മഹാത്മാക്കളായ	യുദ്ധദൎശന-കാംക്ഷയാ	യുദ്ധം കാണുന്നതിന്നുള്ള ആഗ്രഹത്താൽ
സഗന്ധൎവ്വാഃ	ഗന്ധൎവ്വന്മാരോടു കൂടിയ		
ദേവാഃ,	ദേവന്മാരും,		
സിദ്ധാഃ ച,	സിദ്ധന്മാരും,	സമേയുഃ.	വന്നു ചേൎന്നു.

ഋഷയശ്ച മഹാത്മാനോ ലോകേ ബ്രഹ്മൎഷിസത്തമാഃ
സമേത്യ ചോചുസ്സഹിതാസ്തേഽന്യോന്യം പുണ്യകൎമ്മണഃ. 20

ലോകേ	ലോകത്തിൽ	സഹിതാഃ,	ശുഭത്തെ ആശംസിക്കുന്നവരായി
പുണ്യകൎമ്മണഃ	പുണ്യകൎമ്മങ്ങൾ ചെയ്തവരായി	സമേത്യ	വന്നു ചേൎന്നു്,
		ച	ഉടനെ
മഹാത്മാനഃ	മഹാത്മാക്കളായ	തേ	അവർ
ഋഷയഃ ച	മഹൎഷിമാരും	അന്യോന്യം	തമ്മിൽ തമ്മിൽ
ബ്രഹ്മൎഷി-സത്തമാഃ	ബ്രഹ്മൎഷിശ്രേഷ്ഠന്മാരും	ഊചുഃ.	പിൻവരുമാറു സംഭാഷണം തുടങ്ങി.

സ്വസ്തി ഗോബ്രാഹ്മണേഭ്യോഽസ്തു ലോകാനാം യേ ഹി സംഗതാഃ
ജയതാം രാഘവോ യുദ്ധേ പൌലസ്ത്യാൻ രജനീചരാൻ 21
ചക്രഹസ്തോ യഥാ യുദ്ധേ സർവ്വാനസുരസത്തമാൻ
ഏവമുക്ത്വാ പുനഃ പ്രോചുരാലോക്യ ച പരസ്പരം. 22

"ലോകാനാം	"ലോകങ്ങൾക്കും,	യഥാ	എന്നപോലെ
ഗോ-ബ്രാഹ്മണേഭ്യഃ	പശുക്കൾക്കും ബ്രാഹ്മണന്മാർക്കും	രാഘവഃ	ശ്രീരാഘവൻ
സംഗതാഃ	നന്മചെയ്യുന്നവർ	പൌലസ്ത്യാൻ	പുലസ്ത്യവംശജരായ
യേ ഹി	യാതൊരുവരെല്ലാമോ അവർക്ക്	രജനീചരാൻ	രാക്ഷസന്മാരെ
സ്വസ്തി അസ്തു ;	ക്ഷേമമുണ്ടാകട്ടെ ;	യുദ്ധേ	യുദ്ധത്തിൽ
യുദ്ധേ	പോരിൽ	ജയതാം" ;	ജയിക്കുമാറാകട്ടെ" ;
ചക്രഹസ്തഃ	ചക്രപാണിയായ ഭഗവാൻ	ഏവം	എന്നിങ്ങിനെ
അസുര-സത്തമാൻ	അസുരശ്രേഷ്ഠന്മാർ	ഉക്ത്വാ	ആശീർവ്വദിച്ചശേഷം
സർവ്വാൻ	എല്ലാവരേയും	പുനഃ ച	വീണ്ടും അല്പം
		ആലോക്യ	ആലോചിച്ച്
		പരസ്പരം	തമ്മിൽതമ്മിൽ
		പ്രോചുഃ.	ഇപ്രകാരം പറഞ്ഞു.

ചതുർദ്ദശ സഹസ്രാണി രക്ഷസാം ഭീമകർമ്മണാം
ഏകശ്ച രാമോ ധർമ്മാത്മാ കഥം യുദ്ധം ഭവിഷ്യതി. 23

"ധർമ്മാത്മാ	"ധർമ്മാത്മാവായ	സഹസ്രാണി	ആയിരങ്ങളാകട്ടെ
രാമഃ	ശ്രീരാമൻ	ചതുർദ്ദശ ;	പതിന്നാല് ;
ഏകഃ ച ;	ഒരുത്തൻ മാത്രം ;	യുദ്ധം	യുദ്ധം
ഭീമകർമ്മണാം	ക്രൂരകർമ്മംചെയ്യുന്നവരായ	കഥം	എങ്ങിനെ
രക്ഷസാം	രാക്ഷസന്മാരുടെ	ഭവിഷ്യതി ?"	ആകുമോ ?"

ഇതി രാജർഷയഃ സിദ്ധാഃ സഗണാശ്ച ദ്വിജർഷഭാഃ
ജാതകൌതൂഹലാസ്തസ്ഥുർവ്വിമാനസ്ഥാശ്ച ദേവതാഃ. 24

വിമാനസ്ഥാഃ	വിമാനത്തിലിരുന്നിരുന്നവരും	സിദ്ധാഃ	സിദ്ധന്മാരും
സഗണാഃ	പരിവാരങ്ങളോടുകൂടിയവരുമായ	ദ്വിജർഷഭാഃ ച	ബ്രാഹ്മണോത്തമന്മാരും
ദേവതാഃ ച	ദേവകളും	ഇതി	മേൽപ്രകാരം
രാജർഷയഃ	രാജർഷിമാരും	ജാതകൌതൂഹലം	ഉൽക്കണ്ഠയോടുകൂടിയവരായി
		തസ്ഥുഃ.	സ്ഥിതിചെയ്തു.

ആവിഷ്ടം തേജസാ രാമം സംഗ്രാമശിരസി സ്ഥിതം
ദൃഷ്ട്വാ സർവ്വാണി ഭൂതാനി ഭയാദ്വിവ്യഥിരേ തദാ. 25

തദാ	അപ്പോൾ	രാമം ദൃഷ്ട്വാ,	ശ്രീരാമനെ വീക്ഷിച്ച്,
തേജസാ ആവിഷ്ടം	പരിപൂർണ്ണതേജസ്സോടുകൂടിയവനായി	ഭൂതാനി	പ്രാണികൾ
സംഗ്രാമശിരസി സ്ഥിതം	സമരോന്മുഖനായി നിന്നിരുന്ന	സർവ്വാണി	എല്ലാം
		ഭയാത്	ഭയത്താൽ
		വിവ്യഥിരേ.	നടുനടുങ്ങി.

രൂപമപ്രതിമം തസ്യ രാമസ്യാക്ലിഷ്ടകർമ്മണഃ
ബഭൂവ രൂപം ക്രുദ്ധസ്യ രുദ്രസ്യേവ പിനാകിനഃ. 26

അക്ലിഷ്ട-കർമ്മണഃ,	പ്രയാസംകൂടാതെ എല്ലാംചെയ്യാൻ കഴിവുള്ളവനായ,	ക്രുദ്ധസ്യ	ക്രുദ്ധിച്ചവനായി
തസ്യ,	ആ,	പിനാകിനഃ	പിനാകത്തെ കയ്യിലേന്തിയവനായ
രാമസ്യ	ശ്രീരാമന്റെ	രുദ്രസ്യ	ശ്രീരുദ്രന്റെ
അപ്രതിമം	നിസ്തുല്യമായ	രൂപം ഇവ,	സ്വരൂപംതന്നെ,
രൂപം,	രൂപം,	ബഭൂവ.	ആയിത്തീൎന്നു.

["അപ്രതിമം" എന്നു പറഞ്ഞശേഷം, 'ഇവ' (പോലെ) എന്ന അൎത്ഥം ഉചിതമല്ല. വാസ്തവത്തിലാകട്ടെ ഖരവധോദ്യുക്തനായ ശ്രീരാമന്റെ അപ്പോഴത്തെ ആ സ്വരൂപം സാക്ഷാൽ സംഹാരമൂൎത്തിയായ ശ്രീരുദ്രന്റേതു തന്നെയായ് കാണപ്പെട്ടു, എന്ന് സ്കാന്ദപുരാണത്തിൽ വൎണ്ണിക്കപ്പെട്ടിരിക്കുന്നു. "രുദ്രതേജോവലസിതം ദൃഷ്ട്വാ രാമകളേബരം ശംഖം ചക്രം ച ശൂലം ച പിനാകം ഖേടമേവ ച, ഖട്വാം ഘണ്ടാം ച ഡമരും ബാണപാശാങ്കുശം തഥാ ചാപം വജ്രം ച ഖഡ്ഗം ച പരശും ത്രാസകാരണം ജയശ്രിയം ച ഗംഗാം ച ദദൃശുഃ സിദ്ധചാരണാഃ".]

തതോ ഗംഭീരനിർഹ്രാദം ഘോരവൎമ്മായുധധ്വജം
അനീകം യാതുധാനാനാം സമന്താത് പ്രത്യദൃശ്യത. 27

തതഃ,	ആ സമയം,	സമന്താത്	നാലുപാടും
യാതുധാനാനാം	രാക്ഷസന്മാരുടെ	ഘോരവൎമ്മാ-യുധധ്വജം	കഠിനമായകവചം, ആയുധം കൊടി ഇവയോടുകൂടിയതായി
ഗംഭീര-നിർഹ്രാദം	വൻമുഴക്കത്തോടുകൂടിയ		
അനീകം,	സൈന്യം,	പ്രത്യദൃശ്യത.	എതിരിൽകാണപ്പെട്ടു.

സിംഹനാദം വിസൃജതാമന്യോന്യമഭിഗൎജ്ജതാം
ചാപാനി വിസ്ഫാരയതാം ജൃംഭതാം ചാപ്യഭീക്ഷ്ണശഃ 28
വിപ്രഘുഷ്ടസ്വനാനാം ച ദുന്ദുഭീംശ്ചാപി നിഘ്നതാം
തേഷാം സുതുമുലഃ ശബ്ദഃ പൂരയാമാസ തദ്വനം. 29

അന്യോന്യം	പരസ്പരം	വിപ്രഘുഷ്ട-സ്വനാനാം ച,	അട്ടഹാസധ്വനിയോടുകൂടിയവരും,
അഭിഗൎജ്ജതാം,	വീരവാദം പറയുന്നവരും,	ദുന്ദുഭീൻ ച	പെരുമ്പറകളെ
സിംഹനാദം	സിംഹനാദം	നിഘ്നതാം അപി	അടിക്കുന്നവരും ആയ
വിസൃജതാം,	മുഴക്കുന്നവരും,	തേഷാം	അവരുടെ
ചാപാനി	ചാപങ്ങളെ	സുതുമുലഃ	ഗംഭീരമായ
വിസ്ഫാരയതാം,	ടങ്കാരം ചെയ്യുന്നവരും,	ശബ്ദഃ	ഘോഷം
അഭീക്ഷ്ണ-ശഃ ച	കൂടെക്കൂടെ	തത് വനം	ആ വനപ്രദേശത്തെ
ജൃംഭതാം അപി,	കോട്ടുവായിട്ടുകൊണ്ടിരിക്കുന്നവരും,	പൂരയാമാസ.	പൂരിപ്പിച്ചു.

[ദേഹത്തിൽ മമതയില്ലാതെ യുദ്ധംചെയ്യുന്നതിന്നുവേണ്ടി ലഹരിസാധനങ്ങളെ ആസ്വദിച്ചതിനാൽ ജൃംഭണംചെയ്യുന്നു (കോട്ടുവായിടുന്നു.) തിലകം.]

തേന ശബ്ദേന വിത്രസ്താഃ ശ്വാപദാ വനചാരിണഃ
ദുദ്രുവുര്യത്ര നിശ്ശബ്ദം പൃഷ്ഠതോ ന വ്യലോകയൻ. 30

വനചാരിണഃ	കാട്ടിൽവസിക്കുന്ന	നിശ്ശബ്ദം	നിശ്ശബ്ദമായ
ശ്വാപദാഃ	ക്രൂരമൃഗങ്ങൾ	യത്ര	ദിക്കിലേക്ക്
തേന	ആ	ദുദ്രുവുഃ;	പാഞ്ഞുതുടങ്ങി;
ശബ്ദേന	ശബ്ദത്താൽ	പൃഷ്ഠതഃ	പിന്നിലേക്കുതിരിഞ്ഞ്
വിത്രസ്താഃ	പേടിച്ചുരണ്ടവയായി	ന വ്യലോകയൻ.	നോക്കിയതുകൂടിയില്ല.

തത്ത്വനീകം മഹാവേഗം രാമം സമുപസർപ്പത
ധൃതനാനാപ്രഹരണം ഗംഭീരം സാഗരോപമം. 31

ധൃതനാനാ-പ്രഹരണം	പലവിധത്തിലുള്ള പടക്കോപ്പുകളാന്നതും,	അനീകം,	വൻ പട,
		തു	ആ സമയം
സാഗരോപമം	സമുദ്രത്തിനു തുല്യവും	മഹാവേഗം	മഹാശക്തിമാനായ
ഗംഭീരം	ദുഷ്പ്രവേശ്യവുമായ	രാമം	ശ്രീരാമനെ
തത്	ആ	സമുപസർപ്പത.	സമീപിച്ചു.

രാമോഽപി ചാരയംശ്ചക്ഷുസ്സർവ്വതോ രണപണ്ഡിതഃ
ദദർശ ഖരസൈന്യം തദ്യുദ്ധാഭിമുഖമുദ്യതം. 32

രണപണ്ഡിതഃ	യുദ്ധചതുരനായ	യുദ്ധാഭിമുഖം	യുദ്ധം ചെയ്യുന്നതിന്ന്
രാമഃ അപി,	ശ്രീരാമനും,	ഉദ്യതം	സന്നദ്ധമായിരുന്ന
സർവ്വതഃ ചക്ഷുഃ ചാരയൻ,	എങ്ങും കണ്ണോടിച്ച്,	തത് ഖരസൈന്യം	ആ ഖരസൈന്യത്തെ
		ദദർശ.	നോക്കിക്കണ്ടു.

വിനമ്യ ച ധനുർഭീമം തൂണ്യോശ്ചോദ്ധൃത്യ സായകാൻ
ക്രോധമാഹാരയത്തീവ്രം വധാർത്ഥം സർവ്വരക്ഷസാം. 33

ഭീമം ധനുഃ	ഘോരമായ ധനുസ്സിനെ	ഉദ്ധൃത്യ ച,	എടുത്ത്, [ടേയും
വിനമ്യ ച,	വളച്ച്,	സർവ്വരക്ഷസാം	രാക്ഷസന്മാരെല്ലാവരു-
തൂണ്യോഃ	അമ്പുകളൊടുങ്ങാത്ത ആവനാഴികൾ രണ്ടിൽ നിന്നും	വധാർത്ഥം,	നിഗ്രഹത്തിന്നുവേണ്ടി,
		തീവ്രം	ഉഗ്രമായ
		ക്രോധം	കോപത്തെ
സായകാൻ	ബാണങ്ങളെ	ആഹാരയത്.	ഉൾക്കൊണ്ടു.

ദുഷ്പ്രേക്ഷഃ സോഽഭവത് ക്രുദ്ധോ യുഗാന്താഗ്നിരിവ ജ്വലൻ
തം ദൃഷ്ട്വാ തേജസാഽഽവിഷ്ടം പ്രാദ്രവൻ വനദേവതാഃ. 34

ക്രുദ്ധഃ	ക്രുദ്ധനായി	തം	അദ്ദേഹത്തെ
യുഗാന്താഗ്നിഃ ഇവ	പ്രളയകാലാഗ്നിയെന്നപോലെ	തേജസാ	യുദ്ധവീര്യത്താലുള്ള
		ആവിഷ്ടം	ആവേശത്തോടുകൂടിയ
ജ്വലൻ	ഉജ്ജ്വലിച്ചുകൊണ്ടി	ദൃഷ്ട്വാ,	കണ്ടു, [വനായി
സഃ	അദ്ദേഹം [രുന്ന	വനദേവതാഃ	വനദേവതകൾ
ദുഷ്പ്രേക്ഷഃ	ദുന്നിരീക്ഷ്യനായി	പ്രാദ്രവൻ.	അവിടംവിട്ടോടിപ്പൊയ്ക്കളഞ്ഞു.
അഭവത്;	ഭവിച്ചു;		

തസ്യ ക്രുദ്ധസ്യ രൂപം തു രാമസ്യ ദദൃശേ തദാ
ദക്ഷസ്യേവ ക്രതും ഹന്തുമുദ്യതസ്യ പിനാകിനഃ. 35

തദാ	ആസമയം	ക്രതും	യാഗത്തെ
തസ്യ	ആ	ഹന്തും	നശിപ്പിക്കുവാൻ
ക്രുദ്ധസ്യ	രുഷ്ടനായ	ഉദ്യതസ്യ	മുതിർന്നവനായ
രാമസ്യ	ശ്രീരാമന്റെ	പിനാകിനഃ	പിനാകപാണിയുടേതു്
രൂപം,	സ്വരൂപം,	ഇവ തു	എന്നപോലെതന്നെ
ദക്ഷസ്യ	ദക്ഷപ്രജാപതിയുടെ	ദദൃശേ.	പരിശോഭിച്ചു.

തത് കാർമ്മുകൈരാഭരണൈർദ്ധ്വജൈശ്ച
തൈർവ്വർമ്മഭിശ്ചാഗ്നിസമാനവർണ്ണൈഃ
ബഭൂവ സൈന്യം പിശിതാശനാനാം
സൂർയ്യോദയേ നീലമിവാഭ്രജാലം. 36

പിശിതാശനാനാം	രാക്ഷസന്മാരുടെ	അഗ്നിസമാനവർണ്ണൈഃ	അഗ്നിക്കു സമമായ കാന്തിയോടുകൂടിയ
തത്	ആ	വർമ്മഭിഃ ച	കവചങ്ങളാലും
സൈന്യം	സേന	സൂർയ്യോദയേ	സൂർയ്യോദയസമയത്തിൽ
തൈഃ	ആ	നീലം	നീലനിറത്തോടുകൂടിയ
കാർമ്മുകൈഃ	ധനുസ്സുകളാലും	അഭ്രജാലം	മേഘസമൂഹം
ആഭരണൈഃ	ആഭരണങ്ങളാലും	ഇവ	എന്നതുപോലെ
ധ്വജൈഃ ച	കൊടികളാലും	ബഭൂവ.	കാണപ്പെട്ടു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ചതുർവ്വിംശഃ സർഗ്ഗഃ = ഇരുപത്തിനാലാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 7530 ; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 818.

പഞ്ചവിംശഃ സർഗ്ഗഃ = ഇരുപത്തഞ്ചാംസർഗ്ഗം.

[ഖരസൈന്യവധഃ = ഖരന്റെ സൈന്യത്തെ വധിക്കുന്നതു്.]

അവഷ്ടബ്ധധനും രാമം ക്രുദ്ധം ച രിപുഘാതിനം
ദദർശാശ്രമമാഗമ്യ ഖരഃ സഹപുരസ്സരഃ. 1

സഹപുരസ്സരഃ	പരിവാരസമേതനായ	രാമം	ശ്രീരാമനെ
ഖരഃ,	ഖരൻ,	അവഷ്ടബ്ധധനും	ധനുഷ്പാണിയായി
ആശ്രമം	ആശ്രമത്തിൽ	ക്രുദ്ധം ച	കുപിതനായിരിക്കുന്നവനായി
ആഗമ്യ,	എത്തി,		
രിപുഘാതിനം	ശത്രുസംഹാരകനായ	ദദർശ.	കണ്ടു.

തം ദൃഷ്ട്വാ സശരം ചാപമുദ്യമ്യ ഖരനിഃസ്വനം
രാമസ്യാഭിമുഖം സൂതം ചോദ്യതാമിത്യചോദയത്. 2

തം	അദ്ദേഹത്തെ	ഉദ്യമ്യ,	ഉയൎത്തിപ്പിടിച്ച്,
ദൃഷ്ട്വാ	നോക്കി	സൂതം	സാരഥിയെനോക്കി
സശരം	ബാണങ്ങളോടുകൂടിയ	"രാമസ്യ	"ശ്രീരാമന്റെ
	തും	അഭിമുഖം	നേരെ
ഖരനിഃസ്വനം	ഭയങ്കരശബ്ദത്തോടു	ചോദ്യതാം,"	(രഥം) നയിക്കപ്പെട
	കൂടിയതുമായ	ഇതി	എന്ന് [ട്ടെ,"
ചാപം	വില്ലിനെ	അചോദയത്.	ആജ്ഞാപിച്ചു.

സ ഖരസ്യാജ്ഞയാ സൂതസ്തുരഗാൻ സമചോദയത്
യത്ര രാമോ മഹാബാഹുരേകോ ധൂന്വൻ ധനുഃ സ്ഥിതഃ. 3

സഃ	ആ	ധനുഃ	ധനുസ്സിനെ
സൂതഃ	സാരഥി	ധൂന്വൻ	ഉലച്ചുംകൊണ്ട്
ഖരസ്യ	ഖരന്റെ	ഏകഃ	ഏകനായി
ആജ്ഞയാ,	കല്പനയനുസരിച്ച്,	സ്ഥിതഃ,	നിന്നിരുന്നുവോ, അവി
മഹാബാഹുഃ	മഹാബാഹുവായ		ടേക്ക്
രാമഃ	ശ്രീരാമൻ	തുരഗാൻ	കുതിരകളെ
യത്ര	ഏതൊരുദിക്കൽ	സമചോദയത്.	ഓടിച്ചു.

തം തു നിഷ്പതിതം ദൃഷ്ട്വാ സൎവേ തേ രജനീചരാഃ
നൎദ്ദമാനാ മഹാനാദം സചിവാഃ പൎയ്യവാരയൻ. 4

സചിവാഃ	അനുയായികളായ	നിഷ്പതിതം	ഏററുചെന്നതായി
തേ	ആ	ദൃഷ്ട്വാ തു	കണ്ട ഉടനെ
രജനീചരാഃ	നിശാചരന്മാർ	മഹാനാദം }	ഉച്ചസ്വരത്തിൽ ഗ
സൎവ്വേ	എല്ലാവരും	നൎദ്ദമാനാഃ }	ൎജ്ജിക്കുന്നവരായി
തം	അവൻ	പൎയ്യവാരയൻ.	ചുററും വന്നുകൂടി.

സ തേഷാം യാതുധാനാനാം മദ്ധ്യേ രഥഗതഃ ഖരഃ
ബഭ്രവ മദ്ധ്യേ താരാണാം ലോഹിതാംഗ ഇവോദിതഃ. 5

തേഷാം	ആ	താരാണാം	നക്ഷത്രങ്ങളുടെ
യാതുധാനാനാം	രാക്ഷസന്മാരുടെ	മദ്ധ്യേ	നടുവിൽ
മദ്ധ്യേ,	നടുവിൽ	ഉദിതഃ	ഉദിച്ച
രഥഗതഃ	തേരിലിരിക്കുന്നവനായ	ലോഹിതാംഗഃ	അംഗാരകൻ
സഃ	ആ	ഇവ	എന്നപോലെ
ഖരഃ,	ഖരൻ,	ബഭ്രവ.	ശോഭിച്ചു.

തതഃ ശരസഹസ്രേണ രാമമപ്രതിമൌജസം
അൎദ്ദയിത്വാ മഹാനാദം നനാദ സമരേ ഖരഃ. 6

തതഃ	അപ്പോൾ	രാമം	ശ്രീരാമനെ
ഖരഃ	ഖരൻ	ശരസഹസ്രേണ	എണ്ണമററ ബാണങ്ങ
സമരേ	പോരിൽ	അൎദ്ദയിത്വാ,	പ്രഹരിച്ച്, [ളാൽ
അ-പ്രതിമൌജസം	നിസ്തുല്യപരാക്രമിയായ	മഹാനാദം	ഭയങ്കരമായ അട്ടഹാ
		നനാദ.	മുഴക്കി. [സത്തെ

തതസ്തം ഭീമധന്വാനം ക്രുദ്ധാഃ സൎവ്വേ നിശാചരാഃ
രാമം നാനാവിധൈഃ ശസ്ത്രൈരഭ്യവൎഷന്ത ദുൎജ്ജയം. 7

തതഃ	അനന്തരം	ദുൎജ്ജയം	ആരാലും ജയിക്കപ്പെടു
നിശാചരാഃ	രാക്ഷസന്മാർ		വാൻ കഴിയാത്തവനു
സൎവ്വേ	എല്ലാവരും	തം രാമം	ആ ശ്രീരാമനെ [മായ
ക്രുദ്ധാഃ,	കോപത്തോടുകൂടിയവ	നാനാവിധൈഃ	പലവിധത്തിലുള്ള
	രായി,	ശസ്ത്രൈഃ	ആയുധങ്ങളാലും
ഭീമധന്വാനം	കൊടിയവില്ലാളിയും	അഭ്യവൎഷന്ത.	വൎഷിച്ചു.

മുദ്ഗരൈഃ പട്ടിശൈഃ ശൂലൈഃ പ്രാസൈഃ ഖഡ്ഗൈഃ പരശ്വധൈഃ
രാക്ഷസാഃ സമരേ രാമം നിജഘ്നൂ രോഷതത്പരാഃ 8

രാക്ഷസാഃ	രാക്ഷസന്മാർ	ശൂലൈഃ	ശൂലങ്ങളാലും
സമരേ	യുദ്ധത്തിൽ	പ്രാസൈഃ	ഈട്ടികളാലും
രോഷതത്പരാഃ	കോപാവിഷ്ടരായി	ഖഡ്ഗൈഃ	വാളുകളാലും
രാമം,	ശ്രീരാമനെ	പരശ്വധൈഃ	കോടാലികളാലും
മുദ്ഗരൈഃ	മുൾത്തടികളാലും	നിജഘ്നുഃ.	പ്രഹരിച്ചു.
പട്ടിശൈഃ	നെടുകുന്തങ്ങളാലും		

തേ ബലാഹകസങ്കാശാഃ മഹാനാദാ മഹൌജസഃ
അഭ്യധാവന്ത കാകുത്സ്ഥം രഥൈൎവ്വാജിഭിരേവ ച
ഗജൈഃ പൎവ്വതകൂടാഭൈ രാമം യുദ്ധേ ജിഘാംസവഃ 9

മഹൌജസഃ	അതിബലശാലികളും	ജിഘാംസവഃ	കൊല്ലുവാൻ ആഗ്രഹി
ബലാഹക-സംകാശാഃ	കാർമേഘസദൃശന്മാരു		ക്കുന്നവരായി
	മായ	രഥൈഃ ച	രഥങ്ങളിലും
തേ,	അവർ,	വാജിഭിഃ ഏവ	കുതിരപ്പുറത്തും
മഹാനാദാഃ	അലറിക്കൊണ്ടു	പൎവ്വതകൂടാഭൈഃ	മലയുടെ കൊടുമുടി
യുദ്ധേ	പോരിൽ		കൾക്കൊത്ത
കാകുത്സ്ഥം	കാകുത്സ്ഥനായ	ഗജൈഃ	ആനകളിലുംകയറി
രാമം	ശ്രീരാമനെ	അഭ്യധാവന്ത.	ചെന്നേററു. [ക്കൊണ്ടും

തേ രാമേ ശരവർഷാണി വ്യസൃജൻ രക്ഷസാം ഗണാഃ
ശൈലേന്ദ്രമിവ ധാരാഭിർവ്വർഷമാണാ മഹാഘനാഃ 10

ശൈലേന്ദ്രം	വൻപർവ്വതത്തിൽ	രക്ഷസാം	രാക്ഷസന്മാരുടെ
ധാരാഭിഃ	മഴത്തുള്ളികൾകൊണ്ട്	തേ ഗണാഃ	ആ സംഘം
വർഷമാണാഃ	വർഷിക്കുന്നവയായ	രാമേ	ശ്രീരാമനിൽ
മഹാഘനാഃ ഇവ,	കാർമേഘങ്ങൾ എന്നപോലെ,	ശരവർഷാണി	ശരമാരികളെ
		വ്യസൃജൻ.	തൂകി.

സ തൈഃ പരിവൃതോ ഘോരൈ രാഘവോ രക്ഷസാം ഗണൈഃ
തിഥിഷ്വിവ മഹാദേവോ വൃതഃ പാരിഷദാം ഗണൈഃ. 11

തൈഃ	ആ	തിഥിഷു	പ്രദോഷദിവസങ്ങളിൽ
ഘോരൈഃ	ഭയങ്കരങ്ങളായ		
രക്ഷസാം ഗണൈഃ	രാക്ഷസസമൂഹങ്ങളാൽ	പാരിഷദാം ഗണൈഃ	പാർഷദന്മാരാൽ
പരിവൃതഃ	ചൂഴപ്പെട്ടവനായ	വൃതഃ	ചൂഴപ്പെട്ട
സഃ	ആ	മഹാദേവഃ ഇവ.	ശ്രീരുദ്രനെന്നപോലെ
രാഘവഃ,	ശ്രീരാമൻ,		കാണപ്പെട്ടു.

താനി മുക്താനി ശസ്ത്രാണി യാതുധാനൈഃ സ രാഘവഃ
പ്രതിജഗ്രാഹ വിശിഖൈർന്നദ്യോഘാനിവ സാഗരഃ. 12

സഃ രാഘവഃ,	ആ ശ്രീരാമൻ,	സാഗരഃ	സമുദ്രം
യാതുധാനൈഃ	നിശാചരന്മാരാൽ	നദ്യോഘാൻ	നദീപ്രവാഹങ്ങളെ
മുക്താനി	പൊഴിക്കപ്പെട്ട	ഇവ	എപ്രകാരമോ അപ്രകാ[രം
താനി	ആ	വിശിഖൈഃ	ബാണങ്ങളാൽ
ശസ്ത്രാണി,	ആയുധങ്ങളെ,	പ്രതിജഗ്രാഹ.	തടുത്തു.

സ തൈഃ പ്രഹരണൈർഘോരൈർഭിന്നഗാത്രോ ന വിവ്യഥേ
രാമഃ പ്രദീപ്തൈർബഹുഭിർവ്വജ്രൈരിവ മഹാചലഃ. 13

മഹാചലഃ	ഒരു വൻമല	ഘോരൈഃ	നിശിതങ്ങളായ
പ്രദീപ്തൈഃ	ഉജ്ജ്വലിക്കുന്ന	പ്രഹരണൈഃ	ആയുധങ്ങളാൽ
ബഹുഭിഃ	പല	ഭിന്നഗാത്രഃ	മുറിവേല്പിക്കപ്പെട്ട ദേഹത്തോടുകൂടിയവനായ
വജ്രൈഃ	ഇടിമിന്നലുകളാൽ		
ഇവ,	എന്നതുപോലെ,	സഃ രാമഃ	ആ ശ്രീരാമൻ
തൈഃ	ആ	വിവ്യഥേ ന.	ഒട്ടും ചലിച്ചില്ല.

["ഭിന്നഗാത്രഃ", പ്രാകൃതജനങ്ങളുടെ സാധാരണദേഹംപോലെയല്ലാത്ത ദേഹത്തോടുകൂടിയ എന്നു ശിരോമണി. ഇടിത്തീകൊണ്ട് പർവ്വതത്തിന്നു യാതൊരു കേടും തട്ടാത്തതുപോലെ ശ്രീരാമന്നു യാതൊരു കേടും പററിയില്ല. എന്തെന്നാൽ അദ്ദേഹത്തിന്റെ ശരീരം സാധാരണന്മാരുടേതുപോലെയല്ല, എന്നു താല്പര്യം.]

സ വിദ്ധഃ ക്ഷതജാദിഗ്ദ്ധഃ സർവ്വഗാത്രേഷു രാഘവഃ
ബഭ്രുവ രാമഃ സന്ധ്യാഭ്രൈർദ്ദിവാകര ഇവാവൃതഃ. 14

സഃ	ആ	ക്ഷതജാദിഗ്ദ്ധഃ	രക്തം പുരണ്ടവനായി,
രാഘവഃ	രഘുകുലതിലകനായ	സന്ധ്യാഭ്രൈഃ	സന്ധ്യാസമയ മേഘങ്ങളാൽ
രാമഃ	ശ്രീരാമൻ	ആവൃതഃ	ചൂഴപ്പെട്ട
വിദ്ധഃ	മുറിയേല്പിക്കപ്പെട്ടവനായി,	ദിവാകരഃ ഇവ	സൂര്യ്യബിംബമെന്നപോലെ
സർവ്വഗാത്രേഷു	എല്ലാ അവയവങ്ങളിലും	ബഭ്രുവ.	പ്രശോഭിച്ചു.

[“ക്ഷതജാദിഗ്ദ്ധഃ” (സ്വീകൃതമായ കോപംകൊണ്ടുണ്ടായ അരുണിമ നിമിത്തം രുധിരം പുരണ്ടപോലെയുള്ള ഗാത്രത്തോടു കൂടിയവനായി) എന്നു ശിരോമണി.]

വിഷേദുർദ്ദേവഗന്ധർവ്വാഃ സിദ്ധാശ്ച പരമർഷയഃ
ഏകം സഹസ്രൈർബ്ബഹുഭിസ്തദാ ദൃഷ്ട്വാ സമാവൃതം. 15

തദാ,	ആ സമയം,	ദൃഷ്ട്വാ,	കണ്ടു്,
ബഹുഭിഃ	അനേക	ദേവഗന്ധർവ്വാഃ	ദേവന്മാരും, ഗന്ധർവ്വന്മാരും,
സഹസ്രൈഃ	ആയിരങ്ങളാൽ,	സിദ്ധാഃ	സിദ്ധന്മാരും,
ഏകം	ഒരേ ഒരുവൻ	പരമർഷയഃ ച	മുനീന്ദ്രന്മാരും,
സമാവൃതം	എതിർക്കപ്പെട്ടതായി	വിഷേദുഃ.	വിഷാദിച്ചു.

തതോ രാമഃ സുസംക്രുദ്ധോ മണ്ഡലീകൃതകാർമ്മുകഃ
സസർജ്ജ വിശിഖാൻ ബാണാൻ ശതശോഽഥ സഹസ്രശഃ. 16

തതഃ	അപ്പോൾ	വിശിഖാൻ	കൂർത്തമുനകളുള്ള
രാമഃ	ശ്രീരാമൻ	ബാണാൻ,	ബാണങ്ങളെ,
സുസംക്രുദ്ധഃ,	ചൊടിച്ചു്,	ശതശഃ	നൂറുക്കണക്കായും
മണ്ഡലീകൃതകാർമ്മുകഃ	വില്ലു വളച്ചു്	സഹസ്രശഃ അഥ,	ആയിരക്കണക്കായും
		സസർജ്ജ.	പൊഴിച്ചു.

ദുരാവാരാൻ ദുർവ്വിഷഹാൻ കാലദണ്ഡോപമാൻ രണേ
മുമോച ലീലയാ രാമഃ കങ്കപത്രാനജിഹ്മഗാൻ. 17

രാമഃ,	ശ്രീരാമൻ,	കാലദണ്ഡോപമാൻ	യമദണ്ഡത്തിന്നു സദൃശമായവയും
രണേ	പോരിൽ	അജിഹ്മഗാൻ	ലക്ഷ്യം പിഴയ്ക്കാത്തവയുമായ
ദുരാവാരാൻ	തടുപ്പാൻ വിഷമമുള്ളവയും	കങ്കപത്രാൻ,	ബാണങ്ങളെ,
ദുർവ്വിഷഹാൻ	സഹിപ്പാൻ കഴിയാത്തവയും	ലീലയാ	നിഷ്പ്രയാസം
		മുമോച.	എയ്തു.

തേ ശരാഃ ശത്രുസൈന്യേഷു മുക്താ രാമേണ ലീലയാ
ആദദൂ രക്ഷസാം പ്രാണാൻ പാശാഃ കാലകൃതാ ഇവ. 18

രാമേണ	ശ്രീരാമനാൽ
ലീലയാ	കളിയായി
ശത്രുസൈന്യേഷു	ശത്രുസൈന്യങ്ങളിൽ
മുക്താഃ	പൊഴിക്കപ്പെട്ട
തേ	ആ
ശരാഃ,	ബാണങ്ങൾ,
കാലകൃതാഃ	യമനാൽ പ്രയോഗിക്കപ്പെട്ട
പാശാഃ ഇവ	പാശങ്ങളെന്നപോലെ
രക്ഷസാം	രാക്ഷസന്മാരുടെ
പ്രാണാൻ	പ്രാണങ്ങളെ
ആദദുഃ.	കയ്ക്കലാക്കി.

ഭിത്വാ രാക്ഷസദേഹാംസ്താൻ തേ ശരാ രുധിരാപ്ലുതാഃ
അന്തരിക്ഷഗതാ രേജുർദ്ദീപ്താഗ്നിസമതേജസഃ. 19

തേ ശരാഃ	ആ ബാണങ്ങൾ
താൻ	ആ
രാക്ഷസദേഹാൻ	രാക്ഷസന്മാരുടെ ശരീ[രങ്ങളെ
ഭിത്വാ	പിളൎന്ന്
രുധിരാപ്ലുതാഃ	രക്തത്തിൽ മുഴുകിയവയായി
ദീപ്താഗ്നിസമ-തേജസഃ	ഉജ്ജ്വലിക്കുന്ന അഗ്നിക്കുതുല്യമായ കാന്തിയോടുകൂടിയവയായി,
അന്തരിക്ഷഗതാഃ	ആകാശദേശത്തെ പ്രാപിച്ച്
രേജുഃ.	പ്രകാശിച്ചു.

അസംഖ്യേയാസ്തു രാമസ്യ സായകാശ്ചാപമണ്ഡലാത്
വിനിഷ്പേതുരതീവോഗ്രാഃ രക്ഷഃപ്രാണാപഹാരിണഃ. 20

രാമസ്യ	ശ്രീരാമന്റെ
സായകാഃ	ബാണങ്ങൾ
ചാപ-മണ്ഡലാത് തു	വളച്ചതായ ഒരേ ഒരു വില്ലിൽനിന്നുതന്നെ
അസംഖ്യേയാഃ	കണക്കില്ലാത്തവയായും
അതീവ ഉഗ്രാഃ	അതിരൂക്ഷങ്ങളായും
രക്ഷഃ-പ്രാണാപ-ഹാരിണഃ	രാക്ഷസന്മാരുടെ പ്രാണഹാനി വരുത്തുന്നവയായി
വിനിഷ്പേതുഃ.	നിൎഗ്ഗമിച്ചു.

ധനൂംഷി ച ധ്വജാഗ്രാണി വൎമ്മാണി ച ശിരാംസി ച
ചിച്ഛിദുർബിഭിദുശ്ചൈവ രാമബാണാ ഗുണച്യുതാഃ. 21

ഗുണച്യുതാഃ	ഞാണിൽനിന്നുപുറപ്പെട്ട
രാമബാണാഃ,	രാമബാണങ്ങൾ,
ധനൂംഷി ച	ധനുസ്സുകളേയും
ധ്വജാഗ്രാണി ച	ധ്വജാഗ്രങ്ങളേയും
ചിച്ഛിദുഃ;	മുറിച്ചുതള്ളി;
വൎമ്മാണി ച	കവചങ്ങളേയും
ശിരാംസി ച ഏവ	ശിരസ്സുകളേയും
ബിഭിദുഃ.	പിളൎന്നു.

ബാഹൂൻ സഹസ്താഭരണാനൂരൂൻ കരികരോപമാൻ
ചിച്ഛേദ രാമഃ സമരേ ശതശോഽഥ സഹസ്രശഃ. 22

സമരേ,	പോരിൽ,
രാമഃ,	ശ്രീരാമൻ,
സഹസ്താ-ഭരണാൻ	ആഭരണങ്ങളണിഞ്ഞ
ബാഹൂൻ,	കൈകളേയും
കരി-കരോപമാൻ	തുമ്പിക്കൈകൾക്കൊത്ത
ഊരൂൻ അഥ,	തുടകളേയും,
ശതശഃ	നൂറുക്കണക്കിലും
സഹസ്രശഃ	ആയിരക്കണക്കിലും
ചിച്ഛേദ.	മുറിച്ചെറിഞ്ഞു.

ഹയാൻ കാഞ്ചനസന്നാഹാൻ രഥയുക്താൻ സസാരഥീൻ
ഗജാംശ്ച സഗജാരോഹാൻ സഹയാൻ സാദിനസ്തഥാ 23
പദാതീൻ സമരേ ഹത്വാ ഹ്യനയദ്യമസാദനം. 24

കാഞ്ചനസന്നാഹാൻ	സ്വൎണ്ണകവചങ്ങളണിയിച്ച്	സാദിനഃ	കുതിരപ്പടയാളികളെ
രഥയുക്താൻ	തേരിൽ പൂട്ടപ്പെട്ടിരുന്ന	സഹയാൻ,	കുതിരകളോടുകൂടിയും,
ഹയാൻ	കുതിരകളെ	തഥാ	അപ്രകാരംതന്നെ
സസാരഥീൻ,	സാരഥികളോടുകൂടിയും,	പദാതീൻ ഹി,	കാലാൾപടകളെയും,
ഗജാൻ	ആനകളെ	സമരേ	പോരിൽ
സഗജാരോഹാൻ ച,	പാപ്പാന്മാരോടുകൂടിയും,	ഹത്വാ	കൊന്ന്
		യമസാദനം	യമലോകത്തിലേക്ക്
		അനയത്.	അയച്ചു.

തതോ നാളീകനാരാചൈസ്തീക്ഷ്ണാഗ്രൈശ്ച വികൎണ്ണിഭിഃ
ഭീമമാൎത്തസ്വരം ചക്രുൎഭിദ്യമാനാ നിശാചരാഃ. 25

തതഃ	അപ്പോൾ	വികൎണ്ണിഭിഃ ച	'വികൎണ്ണി,' എന്ന ബാണങ്ങളാലും
നിശാചരാഃ	രാക്ഷസന്മാർ	ഭിദ്യമാനാഃ	പിളൎക്കപ്പെട്ടവരായി,
തീക്ഷ്ണാഗ്രൈഃ	കൂൎത്തമുനകളോടുകൂടിയ	ഭീമം	ഭയങ്കരമായി
നാളീകനാരാചൈഃ	'നാളീകം,' 'നാരാചം' എന്ന ബാണങ്ങളാലും	ആൎത്തസ്വരം	മുറവിളി
		ചക്രുഃ.	കൂട്ടി.

[തൂവൽ വെക്കാത്ത ശരങ്ങൾക്കു ബാണങ്ങളെന്നു പേർ. "ബാണാസ്തു ശതപത്രിണഃ" ഇരിമ്പുകൊണ്ടു തലവെച്ചത് "നാളീകം"; മുഴുവൻ ഇരിമ്പുകൊണ്ടുണ്ടാക്കിയ ശരം "നാരാചം" അഗ്രത്തിൽ ചന്ദ്രക്കലപോലെ വളഞ്ഞ മുനയുള്ളതു "വികൎണ്ണി".]

തത്സൈന്യം നിശിതൈൎബ്ബാണൈരൎദ്ദിതം മൎമ്മഭേദിഭിഃ
രാമേണ ന സുഖം ലേഭേ ശുഷ്കം വനമിവാഗ്നിനാ. 26

രാമേണ	ശ്രീരാമനാൽ	തത് സൈന്യം,	ആ രാക്ഷസസൈന്യം,
മൎമ്മഭേദിഭിഃ	മൎമ്മങ്ങളെ പിളൎക്കുന്ന	ശുഷ്കം വനം,	ഉണങ്ങിയ കാട്
നിശിതൈഃ	കൂൎത്തുമൂൎത്തവയായ	അഗ്നിനാ	തീയിനാൽ
ബാണൈഃ	ബാണങ്ങളാൽ	ഇവ,	എപ്രകാരമോ അപ്രകാരം,
അൎദ്ദിതം	പീഡിക്കപ്പെട്ട	സുഖം ന ലേഭേ.	കുഴങ്ങി.

കേചിദ്ഭീമബലാഃ ശൂരാഃ ശൂലാൻ ഖഡ്ഗാൻ പരശ്വധാൻ
രാമസ്യാഭിമുഖം ഗത്വാ ചിക്ഷിപുഃ പരമായുധാൻ. 27

ഭീമബലാഃ	അതിബലവാന്മാരായ	പരമായുധാൻ	ശ്രേഷ്ഠതയുള്ള ആയുധങ്ങളായ
കേചിത്	ചില		
ശൂരാഃ,	ശൂരന്മാർ,	ശൂലാൻ	ശൂലങ്ങളേയും
രാമസ്യ	ശ്രീരാമന്റെ	ഖഡ്ഗാൻ	ഖഡ്ഗങ്ങളേയും
അഭിമുഖം	നേരെ	പരശ്വധാൻ	വെണ്മഴുക്കളെയും
ഗത്വാ,	ചെന്നുനിന്ന്	ചിക്ഷിപുഃ.	എറിഞ്ഞു.

താനി ബാണൈർമ്മഹാബാഹുഃ ശസ്ത്രാണ്യാവാര്യ്യ രാഘവഃ
ജഹാര സമരേ പ്രാണാംശ്ചിച്ഛേദ ച ശിരോധരാൻ. 28

സമരേ	പോരിൽ	ആവാര്യ്യ,	വിലക്കി
മഹാബാഹുഃ	മഹാബാഹുവായ	ശിരോധരാൻ	അവരുടെ കണ്ഠങ്ങളെ
രാഘവഃ	ശ്രീരാഘവൻ	ചിച്ഛേദ;	ഖണ്ഡിച്ചു;
താനി ശസ്ത്രാണി	ആ ശസ്ത്രങ്ങളെ	പ്രാണാൻ ച	പ്രാണങ്ങളേയും
ബാണൈഃ	ബാണങ്ങൾകൊണ്ടു്	ജഹാര.	അപഹരിച്ചു.

തേ ഛിന്നശിരസഃ പേതുശ്ഛിന്നവർമ്മശരാസനാഃ
സുപർണ്ണവാതവിക്ഷിപ്താ ജഗത്യാം പാദപാ യഥാ. 29

ഛിന്നശിരസഃ	ശിരസ്സറുക്കപ്പെട്ടവരും	സുപർണ്ണവാത- വിക്ഷിപ്താഃ	ഗരുഡൻെറ വേഗത കൊണ്ടു് അടിച്ചുവീഴ്ത്തപ്പെട്ട
ഛിന്നവർമ്മ- ശരാസനാഃ	മുറിക്കപ്പെട്ട കവചങ്ങളോടും ധനുസ്സുകളോടുംകൂടിയവരുമായ	പാദപാഃ യഥാ	വൃക്ഷങ്ങളെന്നപോലെ
തേ,	അവർ,	ജഗത്യാം പേതുഃ.	നിലത്തു പതിച്ചു.

അവശിഷ്ടാശ്ച യേ തത്ര വിഷണ്ണാശ്ച നിശാചരാഃ.
ഖരമേവാഭ്യധാവന്ത ശരണാർത്ഥം ശരാർദ്ദിതാഃ. 30

തത്ര	അവിടെ	വിഷണ്ണാഃ ച,	ദീനതപൂണ്ടവരായി
അവശിഷ്ടാഃ	അവശേഷിച്ചിരുന്നവരായ	ശരണാർത്ഥം	രക്ഷയ്ക്കായി
യേ	യാതൊരു		
നിശാചരാഃ ച,	ആ രാക്ഷസരും,	ഖരം ഏവ	ഖരൻെറ അടുക്കലേക്കു തന്നെ
ശരാർദ്ദിതാഃ	ബാണത്താൽ പീഡിക്കപ്പെട്ടു്	അഭ്യധാവന്ത.	പാഞ്ഞുതുടങ്ങി.

താൻ സർവ്വാൻ പുനരാദായ സമാശ്വാസ്യ ച ദൂഷണഃ
അഭ്യധാവത കാകുത്സ്ഥം ക്രുദ്ധോ രുദ്രമിവാന്തകഃ. 31

ദൂഷണഃ	ദൂഷണൻ	ക്രുദ്ധഃ	ദുഷ്ടനായ
താൻ	അവരെ	അന്തകഃ	യമൻ
സർവ്വാൻ	എല്ലാവരേയും	രുദ്രം	ശ്രീരുദ്രനെ
സമാശ്വാസ്യ,	ആശ്വസിപ്പിച്ചു്,	ഇവ,	എപ്രകാരമോ അപ്രകാരം
പുനഃ	വീണ്ടും	കാകുത്സ്ഥം	ശ്രീരാമൻെറനേരെ
ആദായ ച,	ഒരുമിച്ചുകൂട്ടിക്കൊണ്ടു്,	അഭ്യധാവത.	പാഞ്ഞടുത്തു.

നിവൃത്താസ്തു പുനഃ സർവ്വേ ദൂഷണാശ്രയനിർഭയാഃ
രാമമേവാഭ്യധാവന്ത സാലതാലശിലായുധാഃ. 32
ശൂലമുദ്ഗരഹസ്താശ്ച ചാപഹസ്താ മഹാബലാഃ
സൃജന്തഃ ശരവർഷാണി ശസ്ത്രവർഷാണി സംയുഗേ
ദ്രുമവർഷാണി മുഞ്ചന്തഃ ശിലാവർഷാണി രാക്ഷസാഃ. 33

ദൂഷണാശ്രയ- നിർഭയാഃ	ദൂഷണന്റെ സഹായം ലഭിക്കുകയാൽ ഭയരഹിതരായി
പുനഃ	വീണ്ടും
നിവൃത്താഃ	തിരിയെവന്നവരായ
മഹാബലാഃ	അതിബലശാലികളായ
രാക്ഷസാഃ	രാക്ഷസന്മാർ
സൎവ്വേ തു	എല്ലാവരുംതന്നെ
സാലതാല- ശിലായുധാഃ	വൃക്ഷങ്ങളും പനകളും പാറകളും ആയുധമായി ധരിച്ചവരായും
ശൂലമുദ്ഗര- ഹസ്താഃ	ശൂലം, മുൾത്തടി, എന്നിവ കൈയിലെടുത്തവരായും,
ചാപഹസ്താഃ,	വില്ലേന്തിയവരായും,
ശരവൎഷാണി	ശരമാരികളേയും
ശസ്ത്രവൎഷാണി	ശസ്ത്രവൃഷ്ടികളേയും
സംയുഗേ	പോരിൽ
സൃജന്തഃ,	തൂകുന്നവരായും,
ദ്രുമവൎഷാണി	വൃക്ഷവൎഷങ്ങളേയും
ശിലാവൎഷാണി	ശിലാവൎഷങ്ങളേയും
മുഞ്ചന്തഃ ച	പൊഴിക്കുന്നവരായും,
രാമം ഏവ	ശ്രീരാമനെത്തന്നെ
അഭ്യധാവന്ത.	പാഞ്ഞടുത്തു.

തദ്ബഭൂവാദ്ഭുതം യുദ്ധം തുമുലം രോമഹൎഷണം
രാമസ്യ ച മഹാഘോരം പുനസ്തേഷാം ച രക്ഷസാം. 34

രാമസ്യ	ശ്രീരാമന്നും
തേഷാം	ആ
രക്ഷസാം ച	നിശാചരന്മാൎക്കും തമ്മിൽ
പുനഃ ച	വീണ്ടുമുണ്ടായ
തത് യുദ്ധം	ആ യുദ്ധം
അദ്ഭുതം	ആശ്ചൎയ്യപ്പെടത്തക്കതായും
രോമഹൎഷണം	രോമാഞ്ചമുണ്ടാക്കുമാറു
തുമുലം	അതിബഹളമായും
മഹാഘോരം	ഏററവും ഭയങ്കരമായും
ബഭൂവ.	ഭവിച്ചു.

തേ സമന്താദഭിക്രുദ്ധാ രാഘവം പുനരഭ്യയുഃ. 35

തേ	അവർ
അഭിക്രുദ്ധാഃ	അതികുപിതരായി
സമന്താത്	നാലു ഭാഗങ്ങളിൽ നിന്നും
പുനഃ	വീണ്ടും
രാഘവം	ശ്രീരാമന്നു
അഭ്യയുഃ.	നേരെ പാഞ്ഞടുത്തു.

തൈശ്ച സൎവ്വാ ദിശോ ദൃഷ്ട്വാ വിദിശശ്ച സമാവൃതാഃ
രാക്ഷസൈരുദ്യതപ്രാസൈഃ ശരവൎഷാഭിവൎഷിഭിഃ 36
സ കൃത്വാ ഭൈരവം നാദമസ്ത്രം പരമഭാസ്വരം
സമയോജയത ഗാന്ധൎവ്വം രാക്ഷസേഷു മഹാബലഃ. 37

മഹാബലഃ	അതിബലവാനായ
സഃ,	അദ്ദേഹം,
ഉദ്യതപ്രാസൈഃ	ഈട്ടികളെയുയൎത്തിയവരും
ശരവൎഷാഭി- വൎഷിഭിഃ ച	ശരമാരി പൊഴിക്കുന്നവരുമായ
തൈഃ രാക്ഷസൈഃ	ആ രാക്ഷസന്മാരാൽ
സൎവ്വാഃ ദിശഃ	എല്ലാദിക്കുകളും
വിദിശഃ ച	വിദിക്കുകളും
സമാവൃതാഃ	മൂടപ്പെട്ടതായി
ദൃഷ്ട്വാ,	കണ്ടു,
ഭൈരവം	ഭയങ്കരമായ
നാദം കൃത്വാ,	സിംഹനാദംചെയ്തു,
പരമഭാസ്വരം	അതിപ്രകാശമുള്ള
ഗാന്ധൎവ്വംഅസ്ത്രം	ഗാന്ധൎവ്വാസ്ത്രത്തെ
രാക്ഷസേഷു	രാക്ഷസന്മാരിൽ
സംയോജയത.	പ്രയോഗിച്ചു.

തതഃ ശരസഹസ്രാണി നിർയ്യയുശ്ചാപമണ്ഡലാത്
സർവ്വാ ദശ ദിശോ ബാണൈരാവാര്യ്യന്ത സമാഗതൈഃ. 38

തതഃ	അപ്പോൾ	സമാഗതൈഃ	ഒരുമിച്ചുചേൎന്ന
ചാപ-**മണ്ഡലാത്**	ആ കുലച്ചു ഒരു ധനുസ്സിൽനിന്നും	ബാണൈഃ	ആ ബാണങ്ങളാൽ
ശരസഹസ്രാണി	അനേകായിരം ബാണങ്ങൾ	ദശ ദിശഃ	പത്തുദിക്കുകളും
നിർയ്യയുഃ;	പൊഴിഞ്ഞു.	സർവ്വാഃ	എല്ലാം
		ആവാര്യ്യന്ത.	മറയ്ക്കപ്പെട്ടു.

നാദദാനം ശരാൻ ഘോരാന്ന മുഞ്ചന്തം ശിലീമുഖാൻ
വികർഷമാണം പശ്യന്തി രാക്ഷസാസ്തേ ശരാർദ്ദിതാഃ. 39

തേ ശരാർദ്ദിതാഃ	ആ ശരങ്ങളേററ	പശ്യന്തി ന;	അറിയുന്നില്ല;
രാക്ഷസാഃ,	രാക്ഷസന്മാർ	ശിലീമുഖാൻ	അമ്പുകളെ
ഘോരാൻ	തീക്ഷ്ണങ്ങളായ	വികർഷമാണം	തൊടുക്കുന്നതും
ശരാൻ	ബാണങ്ങളെ	മുഞ്ചന്തം	എയ്യുന്നതും,
ആദദാനം	ശ്രീരാമൻ എടുക്കുന്നതും	ന.	അറിയുന്നില്ല.

ശരാ രാമേണ തൂത്സൃഷ്ടാ രുക്മപുംഖാഃ പതത്രിണഃ
സർപ്പാഃ പഞ്ചാനനാ ഭൂത്വാ ഭക്ഷയന്തി സ്മ രാക്ഷസാൻ. 40

രാമേണ	ശ്രീരാമനാൽ	തു	അപ്പോൾ
ഉത്സൃഷ്ടാഃ	പ്രയോഗിക്കപ്പെട്ട	പഞ്ചാനനാഃ	പടം നിവൎത്തിയ
രുക്മപുംഖാഃ	സുവർണ്ണംകൊണ്ടു കെട്ടപ്പെട്ടവയായ	സർപ്പാഃ ഭൂത്വാ	സർപ്പങ്ങളായി,
പതത്രിണഃ	ചിറകുകെട്ടിയ	രാക്ഷസാൻ	രാക്ഷസന്മാരെ
ശരാഃ	ശരങ്ങൾ	ഭക്ഷയന്തി സ്മ.	ഭക്ഷിച്ചു.

ശരാന്ധകാരമാകാശമാവൃണോത്സദിവാകരം
ബഭൂവാവസ്ഥിതോ രാമഃ പ്രവമന്നിവ താഞ്ഛരാൻ. 41

ശരാന്ധകാരം	ശരങ്ങളാൽ ഉണ്ടായ ഇരുട്ടു	രാമഃ	ശ്രീരാമൻ
സദിവാകരം	സൂര്യ്യനോടൊന്നിച്ച്	താൻ ശരാൻ	ആ ബാണങ്ങളെ
ആകാശം	ആകാശദേശത്തെ മുഴുവനും	അവസ്ഥിതഃ	നിന്നനില്പിൽതന്നെ
ആവൃണോത്;	മറച്ചുകളഞ്ഞു;	പ്രവമൻ ഇവ	വമിക്കുന്നവൻ എന്നപോലെ
		ബഭൂവ.	കാണപ്പെട്ടു.

യുഗപത് പതമാനൈശ്ച യുഗപച്ച ഹതൈർഭൃശം
യുഗപത് പതിതൈശ്ചൈവ വികീർണ്ണാ വസുധാഽഭവത്. 42

യുഗപത്	ഒരേസമയം	പതിതൈഃ ച,	താഴെ പതിച്ചവരാലും,
പതമാനൈഃ ച,	വീഴുന്നവരാലും,	വസുധാ	ഭൂമി
യുഗപത്	ഒരേസമയത്തുതന്നെ	ഭൃശം	മുഴുവനും
ഹതൈഃ ച,	ചത്തവരാലും,	വികീർണ്ണാ	ഇടതൂൎന്നു നിറയപ്പെട്ടതായി
യുഗപത് ഏവ	ഒരേസമയത്തുതന്നെ	അഭവത്.	ഭവിച്ചു.

നിഹതാഃ പതിതാഃ ക്ഷീണാശ്ഛിന്നാ ഭിന്നാ വിദാരിതാഃ
തത്ര തത്ര സ്മ ദൃശ്യന്തേ രാക്ഷസാസ്തേ സഹസ്രശഃ 43

തേ	അ	ക്ഷീണാഃ	തളൎന്നവരായും
രാക്ഷസാഃ	രാക്ഷസന്മാർ	ഛിന്നാഃ	വെട്ടിമുറിക്കപ്പെട്ടവരായും
തത്ര തത്ര	അവിടവിടെ		
സഹസ്രശഃ	ആയിരക്കണക്കിൽ	ഭിന്നാഃ	ചതവേററവരായും
നിഹതാഃ	കൊല്ലപ്പെട്ടവരായും,	വിദാരിതാഃ	പിളൎക്കപ്പെട്ടവരായും
പതിതാഃ	വീണുകിടക്കുന്നവരായും	ദൃശ്യന്തേ സ്മ.	കാണപ്പെട്ടു.

സോഷ്ണീഷൈരുത്തമാംഗൈശ്ച സാംഗദൈൎബ്ബാഹുഭിസ്തഥാ
ഊരുഭിൎജ്ജാനുഭിശ്ഛിന്നൈൎന്നാനാരൂപവിഭൂഷണൈഃ 44
ഹയൈശ്ച ദ്വിപമുഖ്യൈശ്ച രഥൈൎഭിന്നൈരനേകശഃ
ചാമരൈൎവ്വ്യജനൈശ്ഛത്രൈൎദ്ധ്വജൈൎന്നാനാവിധൈരപി 45
രാമസ്യ ബാണാഭിഹതൈൎവ്വിചിത്രൈശ്ശൂലപട്ടിശൈഃ
ഖഡ്ഗൈഃ ഖണ്ഡീകൃതൈഃ പ്രാസൈൎവ്വികീൎണ്ണൈശ്ച പരശ്വധൈഃ
ചൂൎണ്ണിതാഭിഃശിലാഭിശ്ച ശരൈശ്ചിത്രൈരനേകശഃ
വിച്ഛിന്നൈഃ സമരേ ഭൂമിൎവ്വികീൎണ്ണാഽഭൂദ് ഭയങ്കരാ. 47

സമരേ,	പോരിൽ,
രാമസ്യ	ശ്രീരാമന്റെ
ബാണാഭിഹതൈഃ	ബാണങ്ങളാൽ ഭേദിക്കപ്പെട്ട
സോഷ്ണീഷൈഃ	തലക്കെട്ടോടുകൂടിയ
ഉത്തമാംഗൈഃ ച,	ശിരസ്സുകളാലും,
ഛിന്നൈഃ	മുറിച്ചിടപ്പെട്ട
സാംഗദൈഃ	കൈവളകളോടുകൂടിയ
ബാഹുഭിഃ തഥാ,	ബാഹുക്കളാലും,
ഊരുഭിഃ,	തുടകളാലും,
ജാനുഭിഃ,	മുഴങ്കാലുകളാലും,
നാനാരൂപവിഭൂഷണൈഃ	പലവിധത്തിലുള്ള കോപ്പുകളണിഞ്ഞ
ഹയൈഃ ച,	കുതിരകളാലും,
ദ്വിപമുഖ്യൈഃ ച,	വമ്പന്മാരായ ആനകളാലും,
അനേകശഃ	പലവിധമായി
ഭിന്നൈഃ	പൊട്ടിച്ചിതറിയ
രഥൈഃ	രഥങ്ങളാലും,
നാനാവിധൈഃ	പലവിധ

ചാമരൈഃ	വെൺചാമരങ്ങളാലും,
വ്യജനൈഃ	ആലവട്ടങ്ങളാലും,
ഛത്രൈഃ	കുടകളാലും,
ധ്വജൈഃ അപി,	കൊടികളാലും,
വിചിത്രൈഃ	വിവിധങ്ങളായ
ശൂലപട്ടിശൈഃ	ശൂലങ്ങളാലും, കുന്തങ്ങളാലും,
ഖഡ്ഗൈഃ,	ഖഡ്ഗങ്ങളാലും,
ഖണ്ഡീകൃതൈഃ	ഖണ്ഡിക്കപ്പെട്ട
പ്രാസൈഃ,	ഈട്ടികളാലും,
വികീൎണ്ണൈഃ	ചിതറിക്കിടക്കുന്ന
പരശ്വധൈഃ ച,	വെണ്മഴുക്കളാലും,
അനേകശഃ	തുണ്ടുതുണ്ടായി
വിച്ഛിന്നൈഃ	മുറിക്കപ്പെട്ട
ചിത്രൈഃ	പലതരത്തിലുള്ള
ശരൈഃ,	ശസ്ത്രങ്ങളാലും,
ചൂൎണ്ണിതാഭിഃ	പൊടിപെടുത്തപ്പെട്ട
ശിലാഭിഃ ച,	ശിലകളാലും,
ഭൂമിഃ വികീൎണ്ണാ	ഭൂതലം നിറഞ്ഞതായി
ഭയങ്കരാ,	ഭയങ്കരമായി,
അഭൂത്.	കാണപ്പെട്ടു.

താൻ ദൃഷ്ട്വാ നിഹതാൻ സർവ്വേ രാക്ഷസാഃ പരമാതുരാഃ
ന തത്ര ചലിതും ശക്താ രാമം പരപുരഞ്ജയം. 48

നിഹതാൻ	മരിച്ചുകിടക്കുന്ന	സർവ്വേ	ആരുംതന്നെ,
താൻ	അവരെ	തത്ര	അപ്പോൾ,
ദൃഷ്ട്വാ,	നോക്കി,	പരപുരഞ്ജയം	അജയ്യനായ
പരമാതുരാഃ	ഏററവും വ്യസനിച്ചുകൊണ്ടിരുന്ന	രാമം	ശ്രീരാമനെ
		ചലിതും	ഇളക്കുന്നതിന്നുകൂടി
രാക്ഷസാഃ	രാക്ഷസന്മാർ	ശക്താഃ ന.	ശക്തരായില്ല.

ബലാവശേഷം തു നിരസ്തമാഹവേ ഖരാധികം രാക്ഷസദുർബ്ബലം ബലം
ജഘാന രാമഃ സ്ഥിരധർമ്മപൌരുഷോ ധനുർബ്ബലൈരപ്രതിവാരണൈശ്ശരൈഃ

ഖരാധികം	ഖരനെ പ്രധാനമായിക്കരുതിയിരുന്ന	സ്ഥിരധർമ്മ-പൌരുഷഃ	അക്ഷയമായ പൌരുഷസ്വഭാവത്തോടുകൂടിയവനായ
ബലാവശേഷം	സൈന്യത്തിൻെറ ഒരു ഭാഗം	രാമഃ	ശ്രീരാമൻ
ആഹവേ,	യുദ്ധത്തിൽ,	ധനുർബ്ബലൈഃ	ധനുസ്സിൻെറ വീയ്യംകൊണ്ടു്
തു,	ഈ സമയം,		
നിരസ്തം;	നശിപ്പിക്കപ്പെട്ടു;	അപ്രതി-വാരണൈഃ	യാതൊരു തടസ്ഥവുമില്ലാത്ത
രാക്ഷസദുർബ്ബലം	അപ്രധാനന്മാരായ രാക്ഷസരടങ്ങിയ	ശരൈഃ	ബാണങ്ങളാൽ
ബലം	സൈന്യത്തെ	ജഘാന.	കൊന്നൊടുക്കി.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
പഞ്ചവിംശഃ സർഗ്ഗഃ = ഇരുപത്തഞ്ചാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 7579; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 867.

ഷഡ്വിംശഃ സർഗ്ഗഃ = ഇരുപത്താറാം സർഗ്ഗം.

[ദൂഷണവധഃ = ദൂഷണവധം.]

ദൂഷണസ്തു സ്വകം സൈന്യം ഹന്യമാനം നിരീക്ഷ്യ സഃ
സന്ദിദേശ മഹാബാഹുർഭീമവേഗാൻ ദുരാസദാൻ
രാക്ഷസാൻ പഞ്ചസാഹസ്രാൻ സമരേഷ്വനിവർത്തിനഃ. 1

സഃ	ആ	ഭീമവേഗാൻ	അതിബലശാലികളും
മഹാബാഹുഃ	നീണ്ടകൈകളാന്ന	സമരേഷു	യുദ്ധങ്ങളിൽ
ദൂഷണഃ	ദൂഷണൻ	അനിവർത്തിനഃ	പിന്തിരിയാത്തവരുമായ
സ്വകം	തൻെറ		
സൈന്യം	സൈന്യം	പഞ്ച-സാഹസ്രാൻ	അയ്യായിരം
ഹന്യമാനം	നശിപ്പിക്കപ്പെടുന്നതായി		
നിരീക്ഷ്യ,	കണ്ടു്,	രാക്ഷസാൻ	രാക്ഷസന്മാരെ
ദുരാസദാൻ	എളുപ്പത്തിൽ തോല്പിക്കുവാൻ കഴിയാത്തവരും	തു	ആസമയം
		സന്ദിദേശ.	നിയോഗിച്ചു.

തേ ശൂലൈഃ പട്ടിശൈഃ ഖഡ്ഗൈഃ ശിലാവൎഷൈൎദ്രുമൈരപി
ശരവൎഷൈരവിച്ഛിന്നം വവൃഷുസ്തം സമന്തതഃ. 2

തേ	അവർ	ശരവൎഷൈഃ അപി	ശരമാരികളാലും
ശൂലൈഃ	ശൂലങ്ങളാലും	അവിച്ഛിന്നം	ഇടവിടാതെ
പട്ടിശൈഃ	കുന്തങ്ങളാലും	സമന്തതഃ	നാലുഭാഗങ്ങളിൽ [നിന്നും
ഖഡ്ഗൈഃ	ഖഡ്ഗങ്ങളാലും	തം	അദ്ദേഹത്തെ
ദ്രുമൈഃ	വൃക്ഷങ്ങളാലും	വവൃഷുഃ.	വൎഷിച്ചു.
ശിലാവൎഷൈഃ	കൽമാരികളാലും		

തദ്ദ്രുമാണാം ശിലാനാം ച വൎഷം പ്രാണഹരം മഹത്
പ്രതിജഗ്രാഹ ധൎമ്മാത്മാ രാഘവസ്തീക്ഷ്ണസായകൈഃ. 3

ധൎമ്മാത്മാ	ധൎമ്മാത്മാവായ	പ്രാണഹരം	ജീവനാശത്തിന്നു മതി [യായ
രാഘവഃ	ശ്രീരാമൻ	മഹത്	വമ്പിച്ച
ദ്രുമാണാം	വൃക്ഷങ്ങളുടേയും	വൎഷം	വൎഷത്തെ
ശിലാനാം ച	കല്ലുകളുടേയും	തീക്ഷ്ണസായകൈഃ	നിശിതങ്ങളായ ബാണങ്ങളാൽ
തത്	ആ	പ്രതിജഗ്രാഹ.	തടുത്തു.

പ്രതിഗൃഹ്യ ച തദ്വൎഷം നിമീലിത ഇവൎഷഭഃ
രാമഃ ക്രോധം പരം ഭേജേ വധാൎത്ഥം സൎവ്വരക്ഷസാം. 4

നിമീലിതഃ	അടികൊണ്ടടങ്ങാതെ കണ്ണടച്ചുകൊണ്ട് കുത്തുവാൻ വരുന്ന	പ്രതിഗൃഹ്യ ച	തടുത്തുകൊണ്ടുതന്നെ,
		സൎവ്വരക്ഷസാം	എല്ലാ രാക്ഷസന്മാരുടേയും
ഋഷഭഃ ഇവ,	കൂററനെന്നപോലെ,	വധാൎത്ഥം	നിഗ്രഹത്തിന്നായി
രാമഃ	ശ്രീരാമൻ	പരം ക്രോധം	വൎദ്ധിച്ചകോപത്തെ
തത് വൎഷം	ആ വൎഷത്തെ	ഭേജേ.	ഉൾക്കൊണ്ടു.

[“നിമീലിതഃ” (മഴയത്ത് കണ്ണടച്ചോടുന്ന) എന്നു തിലകം.]

തതഃ ക്രോധസമാവിഷ്ടഃ പ്രദീപ്ത ഇവ തേജസാ
ശരൈരവാകിരത്സൈന്യം സൎവ്വതഃ സഹദൂഷണം. 5

തതഃ,	അപ്പോൾ,	സഹദൂഷണം	ദൂഷണനോടുകൂടിയ
തേജസാ	തേജസ്സുകൊണ്ടു്	സൈന്യം	സൈന്യത്തെ
പ്രദീപ്തഃ ഇവ	ഉജ്ജ്വലിക്കുന്നതുപോലെയായി	സൎവ്വതഃ	മുഴുവനും
ക്രോധസമാവിഷ്ടഃ	അത്യധികം കുപിതനായി	ശരൈഃ	ശരങ്ങൾകൊണ്ട്
		അവാകിരത്.	വൎഷിച്ചു.

തതഃ സേനാപതിഃ ക്രുദ്ധോ ദൂഷണശ്ശത്രുദൂഷണഃ
ശരൈരശനികല്പൈസ്തം രാഘവം സമവാകിരത്. 6

തതഃ	അതിനാൽ
ശത്രുദൂഷണഃ	ശത്രുക്കളെ ഒതുക്കുന്നവനും
സേനാപതിഃ	സേനാപതിയുമായ
ദൂഷണഃ	ദൂഷണൻ
ക്രുദ്ധഃ	കോപാവിഷ്ടനായി
അശനികല്പൈഃ	ഇടിയ്ക്കുതുല്യങ്ങളായ
ശരൈഃ	ശരങ്ങളാൽ
തം	ആ
രാഘവം	ശ്രീരാമന്റെ നേരെ
സമവാകിരത്,	ചൊരിഞ്ഞു.

തതോ രാമഃ സുസംക്രുദ്ധഃ ക്ഷുരേണാസ്യ മഹദ്ധനുഃ
ചിച്ഛേദ സമരേ വീരശ്ചതുർഭിശ്ചതുരോ ഹയാൻ. 7

തതഃ	അപ്പോൾ
സമരേ	സമരത്തിൽ
വീരഃ രാമഃ	പരാക്രമശാലിയായ ശ്രീരാമൻ
സുസംക്രുദ്ധഃ,	അതിക്രുദ്ധനായി,
അസ്യ	അവന്റെ
മഹത് ധനുഃ	വമ്പിച്ച വില്ലിനെ
ക്ഷുരേണ	ഒരു കത്തിയമ്പുകൊണ്ടും,
ചതുരഃ ഹയാൻ	നാലുകുതിരകളേയും
ചതുർഭിഃ,	നാലുബാണങ്ങൾകൊണ്ടും,
ചിച്ഛേദ.	മുറിച്ചുവീഴ്ത്തി.

ഹത്വാ ചാശ്വാഞ്ശരൈസ്തീക്ഷ്ണൈരർദ്ധചന്ദ്രേണ സാരഥേഃ
ശിരോ ജഹാര തദ്രക്ഷസ്ത്രിഭിർവിവ്യാധ വക്ഷസി. 8

തീക്ഷ്ണൈഃ ശരൈഃ	മൂർച്ചയേറിയ ബാണങ്ങളാൽ
അശ്വാൻ	കുതിരകളെ
ഹത്വാ ച	കൊന്നതിൽപിന്നെ
അർദ്ധചന്ദ്രേണ	"അർദ്ധചന്ദ്രം" എന്ന ബാണംകൊണ്ട്
സാരഥേഃ	സാരഥിയുടെ
ശിരഃ ജഹാര;	ശിരസ്സറുത്തു;
തത് രക്ഷഃ	ആ രാക്ഷസനെ
ത്രിഭിഃ	മൂന്നുബാണങ്ങളെക്കൊണ്ട്
വക്ഷസി	മാറിടത്തിൽ
വിവ്യാധ.	പ്രഹരിച്ചു.

സ ഛിന്നധന്വാ വിരഥോ ഹതാശ്വോ ഹതസാരഥിഃ
ജഗ്രാഹ ഗിരിശൃംഗാഭം പരിഘം രോമഹർഷണം 9
വേഷ്ടിതം കാഞ്ചനൈഃ പട്ടൈർദ്ദേവസൈന്യാഭിമർദ്ദനം
ആയസൈഃ ശങ്കുഭിസ്തീക്ഷ്ണൈഃ കീർണ്ണം പരവസോക്ഷിതം 10
വജ്രാശനിസമസ്പർശം പുരഗോപുരദാരണം
ത്രാസനം സർവ്വഭൂതാനാം കാഞ്ചനാംഗദഭൂഷിതം. 11

ഛിന്നധന്വാ,	വില്ലൊടിഞ്ഞ്,
വിരഥഃ,	തേർമുറിഞ്ഞ്,
ഹതാശ്വഃ,	കുതിരകൾചത്ത്,
ഹതസാരഥിഃ	സാരഥിയും പോയ
സഃ,	അവൻ,
കാഞ്ചനൈഃ പട്ടൈഃ	തങ്കക്കെട്ടുകളാൽ
വേഷ്ടിതം	കെട്ടപ്പെട്ടതും
ദേവസൈന്യാഭിമർദ്ദനം	ദേവസൈന്യത്തേയും മർദ്ദനം ചെയ്യുന്നതും

തീക്ഷ്ണൈഃ	നിശിതങ്ങളായ
ആയസൈഃ	ഇരുമ്പുമുള്ളുകൾനിറച്ചു
ശങ്കുഭിഃ കീൎണ്ണം	ള്ളതും തറയ്ക്കപ്പെട്ടതും
പരവസോക്ഷിതം	ശത്രുക്കളുടെ മാംസക്കൊഴുപ്പു പുരണ്ടതും
വജ്രാശനിസമസ്പൎശം	വജ്രായുധത്തിന്നും ഇടിയ്ക്കും തുല്യമായ കാഠിന്യമിണങ്ങിയതും
പുരഗോപുരദാരണം	നഗരഗോപുരങ്ങളെ അടിച്ചുടയ്ക്കുന്നതും
സൎവ്വഭൂതാനാം	എല്ലാപ്രാണികൾക്കും
ത്രാസനം	ഭയമുളവാക്കുന്നതും,
കാഞ്ചനാംഗദഭൂഷിതം	സ്വൎണ്ണത്തണ്ടുകളാൽ അലങ്കരിക്കപ്പെട്ടതും
ഗിരിശൃംഗാഭം	പൎവ്വതശിഖരത്തിന്നു സദൃശവും
രോമഹൎഷണം	രോമാഞ്ചമുണ്ടാകുന്നതുമായ
പരിഘം	ഇരിമ്പുലക്കയെ
ജഗ്രാഹ.	കയ്യിലെടുത്തു.

തം മഹോരഗസങ്കാശം പ്രഗൃഹ്യ പരിഘം രണേ
ദൂഷണോഽഭ്യദ്രവദ്രാമം ക്രൂരകൎമ്മാ നിശാചരഃ. 12

ക്രൂരകൎമ്മാ	ക്രൂരപ്രവൃത്തിയായ
നിശാചരഃ	രാക്ഷസനായ
ദൂഷണഃ,	ദൂഷണൻ,
മഹോരഗസങ്കാശം	പെരുംപാമ്പിന്നു സദൃശമായ
തം പരിഘം	ആ പരിഘത്തെ
പ്രഗൃഹ്യ	എടുത്തുകൊണ്ടു
രണേ	പോരിൽ
രാമം അഭ്യദ്രവത്.	ശ്രീരാമന്നു നേരെ പാഞ്ഞടുത്തു.

തസ്യാഭിപതമാനസ്യ ദൂഷണസ്യ സ രാഘവഃ
ദ്വാഭ്യാം ശരാഭ്യാം ചിച്ഛേദ സഹസ്താഭരണൗ ഭുജൗ. 13

സഃ രാഘവഃ	ആ ശ്രീരാമൻ
അഭിപതമാനസ്യ	എതിരേ ഓടിവരുന്ന
തസ്യ ദൂഷണസ്യ	ആ ദൂഷണന്റെ
സഹസ്താഭരണൗ	തോൾവളകളണിഞ്ഞിരുന്ന
ഭുജൗ	രണ്ടുകൈകളെയും
ദ്വാഭ്യാം	രണ്ടു
ശരാഭ്യാം	ശരങ്ങൾകൊണ്ടു
ചിച്ഛേദ.	മുറിച്ചുവീഴ്ത്തി.

ഭ്രഷ്ടസ്തസ്യ മഹാകായഃ പപാത രണമൂൎദ്ധനി
പരിഘശ്ഛിന്നഹസ്തസ്യ ശക്രധ്വജ ഇവാഗ്രതഃ. 14

രണമൂൎദ്ധനി	പോൎക്കളത്തിൽ
ഛിന്നഹസ്തസ്യ	കൈമുറിക്കപ്പെട്ട
തസ്യ അഗ്രതഃ	അവന്റെ പുരോഭാഗത്തായി
മഹാകായഃ	വമ്പിച്ചു
പരിഘഃ	ആ പരിഘം
ഭ്രഷ്ടഃ	പിടിവിട്ടതായി
ശക്രധ്വജഃ ഇവ	ഇന്ദ്രധ്വജം എന്നപോലെ
പപാത.	പതിച്ചു.

സ കരാഭ്യാം വികീൎണ്ണാഭ്യാം പപാത ഭുവി ദൂഷണഃ
വിഷാണാഭ്യാം വിശീൎണ്ണാഭ്യാം മനസ്വീവ മഹാഗജഃ. 15

മനസ്വീ	ക്രുദ്ധിച്ചതായ
മഹാഗജഃ	വൻഗജം
വിശീൎണ്ണാഭ്യാം	തകൎന്ന
വിഷാണാഭ്യാം	കൊമ്പുകളോടുകൂടി
ഇവ,	എപ്രകാരമോ അപ്രകാരം,
സഃ ദൂഷണഃ,	ആ ദൂഷണൻ
വികീൎണ്ണാഭ്യാം	ഛേദിക്കപ്പെട്ട
കരാഭ്യാം,	ഇരുകൈകളോടും,
ഭുവി	നിലത്തു
പപാത.	നിപതിച്ചു.

തം ദൃഷ്ട്വാ പതിതം ഭൂമൌ ദൂഷണം നിഹതം രണേ
സാധു സാധ്വിതി കാകുത്സ്ഥം സർവ്വഭൂതാന്യപൂജയൻ. 16

സർവ്വഭൂതാനി,	പ്രാണികളെല്ലാം,	ദൃഷ്ട്വാ,	കണ്ട്,
രണേ	യുദ്ധത്തിൽ	കാകുത്സ്ഥം	ശ്രീരാഘവനെ
തം ദൂഷണം	ആ ദൂഷണനെ	'സാധു, സാധു'	'നല്ലത്, നല്ലത്'
നിഹതം,	കൊല്ലപ്പെട്ട്,	ഇതി	എന്ന്
ഭൂമൌ	നിലത്തു	അപൂജയൻ.	കൊണ്ടാടി.
പതിതം	കിടക്കുന്നവനായി		

ഏതസ്മിന്നന്തരേ ക്രുദ്ധാസ്ത്രയസ്സേനാഗ്രയായിനഃ
സംഹത്യാഭ്യദ്രവദ്രാമം മൃത്യുപാശാവപാശിതാഃ 17
മഹാകപാലഃ സ്ഥൂലാക്ഷഃ പ്രമാഥീ ച മഹാബലഃ
മഹാകപാലോ വിപുലം ശൂലമുദ്യമ്യ രാക്ഷസഃ 18
സ്ഥൂലാക്ഷഃ പട്ടിശം ഗൃഹ്യ പ്രമാഥീ ച പരശ്വധം. 19

മഹാകപാലഃ	മഹാകപാലനെന്ന	മഹാബലഃ	അതിബലവാനായ
രാക്ഷസഃ	ഒരു രാക്ഷസൻ	പ്രമാഥീ ച,	പ്രമാഥിയെന്നിങ്ങിനെയുള്ള
വിപുലം	വലിയ	ത്രയഃ	ആ മൂന്നു
ശൂലം	ശൂലമൊന്നിനെ	സേനാഗ്രയായിനഃ	സേനാധിപന്മാർ
ഉദ്യമ്യ;	കയ്യിലെടുത്തു ;	ഏതസ്മിൻ അന്തരേ	ഈ സമയത്ത്
സ്ഥൂലാക്ഷഃ	സ്ഥൂലാക്ഷനെന്ന ഒരു രാക്ഷസൻ	മൃത്യുപാശാവപാശിതാഃ	കാലപാശംകൊണ്ട് ബന്ധിക്കപ്പെട്ടവരായി
പട്ടിശം	ഒരു പട്ടിശത്തേയും,	ക്രുദ്ധാഃ	ക്രുദ്ധന്മാരായി
പ്രമാഥീ	പ്രമാഥിയെന്ന രാക്ഷസൻ	സംഹത്യ	ഒരുമിച്ചുചേർന്ന്
പരശ്വധം ച	ഒരു കോടാലിയേയും	രാമം	ശ്രീരാമനെ
ഗൃഹ്യ;	എടുത്തു ;	അഭ്യദ്രവൻ.	എതിർത്തോടി.
മഹാകപാലഃ	മഹാകപാലൻ,		
സ്ഥൂലാക്ഷഃ	സ്ഥൂലാക്ഷൻ,		

ദൃഷ്ട്വൈവാപതതസ്താംസ്തു രാഘവഃ സായകൈഃ ശിതൈഃ
തീക്ഷ്ണാഗ്രൈഃ പ്രതിജഗ്രാഹ സമ്പ്രാപ്താനതിഥീനിവ. 20

രാഘവഃ	ശ്രീരാമൻ	ശിതൈഃ	മൂർച്ചയേറിയ
തു	അപ്പോൾ	തീക്ഷ്ണാഗ്രൈഃ	കൂർത്തമുനകളാന്ന
ആപതതഃ	നേരിട്ടുവരുന്ന	സായകൈഃ	ബാണങ്ങളാൽ
താൻ	അവരെ	അതിഥീൻ ഇവ	വിരുന്നുകാരെ എന്നപോലെ
സമ്പ്രാപ്താൻ	അടുത്തെത്തിയവരായി	പ്രതിജഗ്രാഹ.	എതിരേററു.
ദൃഷ്ട്വാ ഏവ	കണ്ടതും		

മഹാകപാലസ്യ ശിരശ്ഛിച്ഛേദ രഘുനന്ദനഃ
അസംഖ്യേയൈസ്തു ബാണൌഘൈഃ പ്രമമാഥ പ്രമാഥിനം. 21

രഘുനന്ദനഃ	ശ്രീരാമൻ	പ്രമാഥിനം	പ്രമാഥിയെന്നവനെ
മഹാകപാലസ്യ	മഹാകപാലന്റെ	അസംഖ്യേയൈഃ	കണക്കില്ലാത്ത
ശിരഃ	ശിരസ്സിനെ	ബാണൌഘൈഃ തു	അസ്ത്രങ്ങളാൽതന്നെ
ചിച്ഛേദ;	മുറിച്ചിട്ടു;	പ്രമമാഥ.	കൊന്നു.

സ്ഥൂലാക്ഷസ്യാക്ഷിണീ തീക്ഷ്ണൈഃ പൂരയാമാസ സായകൈഃ
സ പപാത ഹതോ ഭൂമൌ വിടപീവ മഹാദ്രുമഃ. 22

സ്ഥൂലാക്ഷസ്യ	സ്ഥൂലാക്ഷന്റെ	സഃ ഹതഃ	അവൻ മൃതനായി
അക്ഷിണീ	രണ്ടുകണ്ണുകളേയും	ഭൂമൌ	ഭൂമിയിൽ
തീക്ഷ്ണൈഃ	തീക്ഷ്ണങ്ങളായ	വിടപീ	ശാഖകളോടുകൂടിയ
സായകൈഃ	ബാണങ്ങളാൽ	മഹാദ്രുമഃ ഇവ	വന്മരം എന്നപോലെ
പൂരയാമാസ;	നിറച്ചു;	പപാത.	മറിഞ്ഞുവീണു.

ദൂഷണസ്യാനുഗാൻ പഞ്ച സാഹസ്രാൻ കുപിതഃ ക്ഷണാത്
ബാണൌഘൈഃ പഞ്ചസാഹസ്രൈരനയദ്യമസാദനം. 23

കുപിതഃ	ക്രുദ്ധനായ അദ്ദേഹം	പഞ്ചസാഹസ്രൈഃ	അയ്യായിരം
ദൂഷണസ്യ	ദൂഷണന്റെ	ബാണൌഘൈഃ	ശരങ്ങൾകൊണ്ടു്
അനുഗാൻ	അനുയായികളായ	ക്ഷണാത്	ഒരു നൊടിയിടയിൽ
പഞ്ചസാഹസ്രാൻ	അയ്യായിരം ആളുകളേയും,	യമസാദനം	യമലോകത്തേക്കു്
		അനയത്.	അയച്ചു.

ദൂഷണം നിഹതം ദൃഷ്ട്വാ തസ്യ ചൈവ പദാനുഗാൻ
വ്യാദിദേശ ഖരഃ ക്രുദ്ധഃ സേനാദ്ധ്യക്ഷാൻ മഹാബലാൻ. 24

ഖരഃ	ഖരൻ	ദൃഷ്ട്വാ,	കണ്ടു്,
ദൂഷണം	ദൂഷണനെ	ക്രുദ്ധഃ	കുപിതനായി
നിഹതം	കൊല്ലപ്പെട്ടതായും	മഹാബലാൻ	അതിബലശാലികളായ
തസ്യ	അവന്റെ	സേനാദ്ധ്യക്ഷാൻ	സേനാപതികളെ നോക്കി
പദാനുഗാൻ ച	സൈന്യങ്ങളേയും	വ്യാദിദേശ.	ഇങ്ങിനെ ആജ്ഞാപിച്ചു.
ഏവ	അങ്ങിനെതന്നെ ഒടുക്കപ്പെട്ടതായും		

അയം വിനിഹതഃ സംഖ്യേ ദൂഷണഃ സപദാനുഗഃ
മഹത്യാ സേനയാ സാർദ്ധം യുദ്ധ്വാ രാമം കുമാനുഷം. 25

"അയം ദൂഷണഃ	"ഈ ദൂഷണൻ,	രാമം	ശ്രീരാമനെ
മഹത്യാ സേനയാ സാർദ്ധം	വലിയ സൈന്യത്തോടുകൂടി,	സംഖ്യേ യുദ്ധ്വാ,	പോരിൽ എതിർത്തു്,
		സപദാനുഗഃ	സൈന്യങ്ങളോടുകൂടി
കുമാനുഷം	തുച്ഛമനുഷ്യനായ	വിനിഹതഃ.	നിഗ്രഹിക്കപ്പെട്ടു.

ശസ്ത്രൈർന്നാനാവിധാകാരൈർഹനധ്വം സർവ്വരാക്ഷസാഃ
ഏവമുക്ത്വാ ഖരഃ ക്രുദ്ധോ രാമമേവാഭിദുദ്രുവേ. 26

"സർവ്വരാക്ഷസാഃ!"	രാക്ഷസന്മാരേ!	ഏവം	എന്നിപ്രകാരം
നാനാവിധാകാരൈഃ	പലതരത്തിലുള്ള	ഉക്ത്വാ,	ആജ്ഞാപിച്ച്,
ശസ്ത്രൈഃ	ആയുധങ്ങൾ പ്രയോഗിച്ച്	ക്രുദ്ധഃ	ക്രുദ്ധനായ
ഹനധ്വം;"	നിങ്ങൾ വധിപ്പിൻ;"	ഖരഃ	ഖരൻ
		രാമം ഏവ	ശ്രീരാമനുനേരെതന്നെ
		അഭിദുദ്രുവേ.	പാഞ്ഞടുത്തു.

ശ്യേനഗാമീ പൃഥുഗ്രീവോ യജ്ഞശത്രുർവിഹംഗമഃ
ദുർജ്ജയഃ കരവീരാക്ഷഃ പരുഷഃ കാലകാർമ്മുകഃ 27
മേഘമാലീ മഹാമാലീ സർപ്പാസ്യോ രുധിരാശനഃ
ദ്വാദശൈതേ മഹാവീര്യാ ബലാദ്ധ്യക്ഷാഃ സസൈനികാഃ 28
രാമമേവാഭ്യവർത്തന്ത വിസൃജന്തഃ ശരോത്തമാൻ. 29

ശ്യേനഗാമീ,	ശ്യേനഗാമി,	രുധിരാശനഃ,	രുധിരാശനൻ, എന്ന
പൃഥുഗ്രീവഃ,	പൃഥുഗ്രീവൻ,	ഏതേ	ഈ
യജ്ഞശത്രുഃ,	യജ്ഞശത്രു,	ദ്വാദശ	പന്ത്രണ്ട്
വിഹംഗമഃ,	വിഹംഗമൻ,	മഹാവീര്യാഃ	വീര്യശാലികളായ
ദുർജ്ജയഃ,	ദുർജ്ജയൻ,	ബലാദ്ധ്യക്ഷാഃ,	സേനാധിപന്മാർ,
കരവീരാക്ഷഃ,	കരവീരാക്ഷൻ,	സസൈനികാഃ	സൈന്യങ്ങളോടുകൂടി
പരുഷഃ,	പരുഷൻ,	ശരോത്തമാൻ	ഉത്തമങ്ങളായ ശരങ്ങളെ
കാലകാർമ്മുകഃ,	കാലകാർമ്മുകൻ,		
മേഘമാലീ,	മേഘമാലി,	വിസൃജന്തഃ	തൂകുന്നവരായി
മഹാമാലീ,	മഹാമാലി,	രാമം ഏവ	ശ്രീരാമനെതന്നെ
സർപ്പാസ്യഃ,	സർപ്പാസ്യൻ,	അഭ്യവർത്തന്ത.	എതിർത്തുനിന്നു.

തതഃ പാവകസങ്കാശൈർഹേമവജ്രവിഭൂഷിതൈഃ
ജഘാന ശേഷം തേജസ്വീ തസ്യ സൈന്യസ്യ സായകൈഃ. 30

തേജസ്വീ	മഹാപരാക്രമശാലിയായ അദ്ദേഹം	ഹേമവജ്രവിഭൂഷിതൈഃ	സ്വർണ്ണത്താലും വജ്രത്താലും അലങ്കരിക്കപ്പെട്ടവയുമായ
തസ്യ സൈന്യസ്യ	ആ സൈന്യത്തിന്റെ	സായകൈഃ	ബാണങ്ങളാൽ
ശേഷം	ശേഷിച്ചഭാഗത്തെ	തതഃ	അപ്പോൾ
പാവകസങ്കാശൈഃ	അഗ്നിക്കുതുല്യമായവയും	ജഘാന.	കൊന്നൊടുക്കി.

തേ രുക്മപുംഖാ വിശിഖാഃ സധൂമാ ഇവ പാവകാഃ
നിജഘ്നുസ്താനി രക്ഷാംസി വജ്രാണീവ മഹാചലാൻ. 31

രുക്മപുംഖാഃ	പൊൻകെട്ടുള്ളവയും	താനി രക്ഷാംസി,	ആ രാക്ഷസന്മാരെ
സധൂമാഃ	പുകയുടങ്ങാത്ത	വജ്രാണി	വജ്രായുധങ്ങൾ
പാവകാഃ ഇവ	അഗ്നിയെന്നപൊലെ വിളങ്ങുന്നവയുമായ	മഹാചലാൻ	വൻമലകളെ
		ഇവ,	എന്നപോലെ,
തേ വിശിഖാഃ	ആ ബാണങ്ങൾ	നിജഘ്നുഃ.	പിളൎന്നു.

രക്ഷസാം തു ശതം രാമഃ ശതേനൈകേന കൎണ്ണിനാ
സഹസ്രം തു സഹസ്രേണ ജഘാന രണമൂൎദ്ധനി. 32

രണമൂൎദ്ധനി	യുദ്ധസമയത്തു്	കൎണ്ണിനാ,	ബാണത്താലും,
രാമഃ	ശ്രീരാമൻ	സഹസ്രം തു	ആയിരത്തെ
രക്ഷസാം	രാക്ഷസന്മാരുടെ	സഹസ്രേണ	ആയിരത്താലും
ശതം തു	നൂറെണ്ണത്തെ		
ഏകേന ശതേന	ഒരുനൂറു്	ജഘാന.	കൊന്നുവീഴ്ത്തി.

തൈൎഭിന്നവൎമ്മാഭരണാശ്ഛിന്നഭിന്നശരാസനാഃ
നിപേതുഃ ശോണിതാദിഗ്ദ്ധാ ധരണ്യാം രജനീചരാഃ. 33

തൈഃ	അവയാൽ	ഛിന്നഭിന്നശരാസനാഃ	ഛിന്നഭിന്നമായിത്തീൎന്ന വില്ലുകളോടുകൂടിയവരായും
രജനീചരാഃ	നിശാചരന്മാർ	ശോണിതാദിഗ്ദ്ധാഃ	രക്തമണിഞ്ഞ ശരീരത്തോടുകൂടിയവരായും
ഭിന്നവൎമ്മാഭരണാഃ	തകൎന്നുപോയ കവചങ്ങളോടും ആഭരണങ്ങളോടും കൂടിയവരായും	ധരണ്യാം	ഭൂമിയിൽ
		നിപേതുഃ.	വീണു.

തൈൎമ്മുക്തകേശൈഃ സമരേ പതിതൈഃ ശോണിതോക്ഷിതൈഃ
ആസ്തീൎണ്ണാ വസുധാ കൃത്സ്നാ മഹാവേദിഃ കുശൈരിവ. 34

സമരേ	പോരിൽ	വസുധാ	ആ ഭൂഭാഗം
മുക്തകേശൈഃ	തലയഴിഞ്ഞു്	കൃത്സ്നാ,	മുഴുവനും,
ശോണിതോക്ഷിതൈഃ	രക്തംപെരുകി	മഹാവേദിഃ	യാഗമണ്ഡപം
		കുശൈഃ	ദൎഭകളാൽ
പതിതൈഃ	വീണുകിടന്നിരുന്ന	ഇവ,	എന്നപോലെ,
തൈഃ,	അവരാൽ,	ആസ്തീൎണ്ണാ.	മൂടപ്പെട്ടു.

ക്ഷണേന തു മഹാഘോരം വനം നിഹതരാക്ഷസം
ബഭൂവ നിരയപ്രഖ്യം മാംസശോണിതകൎദ്ദമം. 35

വനം	ആ വനപ്രദേശം	മാംസശോണിതകൎദ്ദമം	മാംസം, രക്തം ഇവയാൽ ചളിപുരണ്ടതായി,
ക്ഷണേന തു	ഒരു നൊടിയിടയിൽ		
നിഹതരാക്ഷസം	രാക്ഷസന്മാരുടെ മൃതശരീരത്തോടുകൂടിയതായി	നിരയപ്രഖ്യം	നരകത്തിന്നുതുല്യമായി
		മഹാഘോരം	അതിഭയാനകമായി,
		ബഭൂവ.	ഭവിച്ചു.

ചതുൎദ്ദശ സഹസ്രാണി രക്ഷസാം ഭീമകൎമ്മണാം
ഹതാന്യേകേന രാമേണ മാനുഷേണ പദാതിനാ. 36

ഭീമകൎമ്മണാം	ദുഷ്കൎമ്മം ചെയ്യുന്നവ	പദാതിനാ	വാഹനമൊന്നുമില്ലാത്തവനുമായ,
രക്ഷസാം	രാക്ഷസന്മാരുടെ[രായ		
ചതുൎദ്ദശ സഹസ്രാണി,	പതിന്നാലായിരവും	രാമേണ	ശ്രീരാമൻ
		ഏകേന	ഒരുവനാൽതന്നെ
മാനുഷേണ	മനുഷ്യനും,	ഹതാനി.	നശിപ്പിക്കപ്പെട്ടു.

തസ്യ സൈന്യസ്യ സൎവ്വസ്യ ഖരഃ ശേഷോ മഹാരഥഃ
രാക്ഷസസ്ത്രിശിരാശ്ചൈവ രാമശ്ച രിപുസൂദനഃ. 37

തസ്യ സൈന്യസ്യ	ആ സൈന്യം	ത്രിശിരാഃ	ത്രിശിരസ്സെന്ന
		രാക്ഷസഃ ച	രാക്ഷസനും,
സൎവ്വസ്യ	എല്ലാററിന്നും,	രിപുസൂദനഃ	ശത്രുഘാതകനായ
മഹാരഥഃ	മഹാരഥനായ	രാമഃ ഏവ	ശ്രീരാമനും മാത്രമാണ്,
ഖരഃ ച	ഖരനൊരുത്തനും,	ശേഷഃ.	അവശേഷിച്ചത്.

ശേഷാ ഹതാ മഹാവീൎയ്യാ രാക്ഷസാ രണമൂൎദ്ധനി
ഘോരാ ദുൎവ്വിഷഹാഃ സൎവ്വേ ലക്ഷ്മണസ്യാഗ്രജേന തേ. 38

ശേഷാഃ,	ഇവരല്ലാതെയുള്ള	തേ രാക്ഷസാഃ	ആ രാക്ഷസന്മാർ
മഹാവീൎയ്യാഃ,	മഹാബലശാലികളും	സൎവ്വേ,	എല്ലാവരും,
രണമൂൎദ്ധനി	പോൎക്കളത്തിൽ	ലക്ഷ്മണസ്യ	സൌമിത്രിയുടെ
ദുൎവ്വിഷഹാഃ,	പരാജയപ്പെടുത്തുവാൻ കഴിയാത്തവരും	അഗ്രജേന,	ജ്യേഷ്ഠനാൽ,
ഘോരാഃ	ഭയങ്കരന്മാരുമായ	ഹതാഃ.	വധിക്കപ്പെട്ടു.

തതസ്തു തദ് ഭീമബലം മഹാഹവേ
സമീക്ഷ്യ രാമേണ ഹതം ബലീയസാ
രഥേന രാമം മഹതാ ഖരസ്തതഃ
സമാസസാദേന്ദ്ര ഇവോദ്യതാശനിഃ. 39

തതഃ	അതിൽപിന്നെ	സമീക്ഷ്യ തു	കണ്ടതും,
ഖരഃ	ഖരൻ	തതഃ	അവിടെ നിന്ന്
മഹാഹവേ	മഹായുദ്ധത്തിൽ	മഹതാ രഥേന,	വലിയ ഒരു തേരിൽ കയറിക്കൊണ്ട്,
ബലീയസാ	ബലിഷ്ഠനായ		
രാമേണ	ശ്രീരാമനാൽ	ഉദ്യതാശനിഃ	വജ്രപാണിയായ
തത് ഭീമബലം	ആ വമ്പിച്ച സൈന്യം	ഇന്ദ്രഃ ഇവ,	ഇന്ദ്രനെന്ന പോലെ,
ഹതം	നാമാവശേഷമാക്കപ്പെട്ടതായി	രാമം	ശ്രീരാമനെ
		സമാസസാദ.	അടുത്തു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ഷഡ്വിംശഃ സൎഗ്ഗഃ = ഇരുപത്താറാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 7618; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 906.

സപ്തവിംശഃ സൎഗ്ഗഃ = ഇരുപത്തേഴാംസൎഗ്ഗം.

[ത്രിശിരോവധഃ = ത്രിശിരസ്സിന്റെ വധം.]

ഖരം തു രാമാഭിമുഖം പ്രയാന്തം വാഹിനീപതിം
രാക്ഷസസ്ത്രിശിരാ നാമ സന്നിപത്യേദമബ്രവീത്. 1

ത്രിശിരാഃ നാമ	ത്രിശിരസ്സ് എന്ന	ഖരം	ഖരനെ
രാക്ഷസഃ,	രാക്ഷസൻ,	തു	ആ സമയം
രാമാഭിമുഖം	ശ്രീരാമനെ ലക്ഷ്യമാ	സന്നിപത്യ,	തടഞ്ഞുകൊണ്ട്,
പ്രയാന്തം	പൊയ്ക്കൊണ്ടിരുന്ന [ക്കി	ഇദം	ഇപ്രകാരം
വാഹിനീപതിം	സേനാധിപനായ	അബ്രവീത്.	പറഞ്ഞു.

മാം നിയോജയ വിക്രാന്ത ത്വം നിവൎത്തസ്വ സാഹസാത്
പശ്യ രാമം മഹാബാഹും സംയുഗേ വിനിപാതിതം. 2

"വിക്രാന്ത!	"വീര!	നിയോജയ;	നിയോഗിച്ചാലും;
സാഹസാത്	സാഹസകൃത്യത്തിൽ നിന്നു	മഹാബാഹും	മഹാബലവാനായ
		രാമം	ശ്രീരാമനെ
ത്വം	അങ്ങ്	സംയുഗേ	പോരിൽ
നിവൎത്തസ്വ;	പിൻതിരിച്ചാലും;	വിനിപാതിതം	വീഴ്ത്തപ്പെട്ടവനായി
മാം	എന്നെ	പശ്യ.	കണ്ടുകൊൾക.

പ്രതിജാനാമി തേ സത്യമായുധം ചാഹമാലഭേ
യഥാ രാമം വധിഷ്യാമി വധാൎഹം സൎവ്വരക്ഷസാം. 3

"സൎവ്വരക്ഷസാം	"രാക്ഷസന്മാൎക്കെല്ലാവൎക്കും	ആയുധം	ശസ്ത്രത്തെ
		ആലഭേ;	തൊട്ടുപറയുന്നു;
വധാൎഹം	വധിക്കേണ്ടവനായ	തേ	ഭവാനോട്
രാമം,	ശ്രീരാമനെ,	സത്യം ച	സത്യമായിത്തന്നെ
അഹം	ഞാൻ	പ്രതിജാനാമി.	ഞാൻ പ്രതിജ്ഞ ചെയ്യുന്നു.
വധിഷ്യാമി യഥാ	നിഗ്രഹിക്കുന്നുണ്ടെന്ന്		

അഹം വാऽസ്യ രണേ മൃത്യുരേഷ വാ സമരേ മമ
വിനിവൃത്യ രണോത്സാഹാന്മുഹൂൎത്തം പ്രാശ്നികോ ഭവ. 4

"രണേ	"പോരിൽ	രണോത്സാഹാത്	യുദ്ധംചെയ്യേണമെന്ന അഭിലാഷത്തിൽ നിന്നും
അസ്യ	ഇവന്ന്		
അഹം വാ	ഒന്നുകിൽ ഞാൻ		
മൃത്യുഃ;	കാലനായ്ത്തീരും;	വിനിവൃത്യ,	പിൻവലിച്ച്,
വാ,	അല്ലെന്നാൽ,	മുഹൂൎത്തം	അല്പനേരം
സമരേ	യുദ്ധത്തിൽ		
മമ	എനിക്ക്	പ്രാശ്നികഃ	ജയാപജയങ്ങളെപ്പററി നിശ്ചയിക്കുന്ന മദ്ധ്യസ്ഥനായി
ഏഷഃ;	ഇവൻ അന്തകനായ്ത്തീരും;	ഭവ.	സ്ഥിതിചെയ്യുക.

പ്രഹൃഷ്ടോ വാ ഹതേ രാമേ ജനസ്ഥാനം പ്രയാസ്യസി
മയി വാ നിഹതേ രാമം സംയുഗായോപയാസ്യസി. 5

"രാമേ	"ശ്രീരാമൻ	പ്രയാസ്യസി;	ഭവാൻ തിരിച്ചുപോകും
ഹതേ വാ,	വധിക്കപ്പെടുന്നുവെങ്കിൽ,	മയി	ഞാൻ
പ്രഹൃഷ്ടഃ	മനഃസന്തുഷ്ടിയാന്നവനായി	നിഹതേ വാ,	മൃതനാവുന്നപക്ഷം,
ജനസ്ഥാനം	ജനസ്ഥാനത്തിലേക്ക്	രാമം	ശ്രീരാമനെ
		സംയുഗായ	എതിക്കുന്നതിന്നായി
		അപയാസ്യസി."	നേരിടും."

ഖരസ്ത്രിശിരസാ തേന മൃത്യുലോഭാത് പ്രസാദിതഃ
ഗച്ഛ യുദ്ധ്യേത്യനുജ്ഞാതോ രാഘവാഭിമുഖോ യയൗ. 6

മൃത്യുലോഭാത്	വിധിയ്ക്കു വശപ്പെട്ടകാരണം	"യുദ്ധ്യ,	"യുദ്ധം ചെയ്യുക,
തേന	ആ	ഗച്ഛ,"	പോയ്വരിക,"
ത്രിശിരസാ	ത്രിശിരസ്സിനാൽ	ഇതി	എന്ന്
ഖരഃ	ഖരൻ	അനുജ്ഞാതഃ	അനുമതിനൽകപ്പെട്ടവനായി
പ്രസാദിതഃ;	ഇപ്രകാരം അപേക്ഷിക്കപ്പെട്ടു;	രാഘവാഭിമുഖഃ	ശ്രീരാമനെ എതിത്തു
		യയൗ.	ചെന്നു.

ത്രിശിരാസ്തു രഥേനൈവ വാജിയുക്തേന ഭാസ്വതാ
അഭ്യദ്രവദ്രണേ രാമം ത്രിശൃംഗ ഇവ പവ്വതഃ. 7

ത്രിശൃംഗഃ	മൂന്നുശിഖരങ്ങളാന്ന	ഭാസ്വതാ	പ്രകാശിക്കുന്ന
പവ്വതഃ ഇവ	പവ്വതത്തിന്നുതുല്യനായ	രഥേന ഏവ	തേരിലേറിക്കൊണ്ട്
ത്രിശിരാഃ,	ത്രിശിരസ്സെന്നവൻ,	രണേ	പോരിൽ
തു	ഈ സമയം	രാമം	ശ്രീരാമനെ
വാജിയുക്തേന	കുതിരകൾ പൂട്ടിക്കെട്ടപ്പെട്ട	അഭ്യദ്രവത്.	എതിരിട്ടു.

ശരധാരാസമൂഹാൻ സ മഹാമേഘ ഇവോത്സൃജൻ
വ്യസൃജത് സദൃശം നാദം ജലാർദ്രസ്യേവ ദുന്ദുഭേഃ. 8

സഃ	അവൻ	ജലാർദ്രസ്യ	വെള്ളം നനഞ്ഞ
മഹാമേഘഃ ഇവ	മഹാമേഘം എന്നപോലെ	ദുന്ദുഭേഃ	ദുന്ദുഭിവാദ്യത്തിന്റേതു
ശരധാരാസമൂഹാൻ	ശരധാര	സദൃശം ഇവ	എന്നപോലെതന്നെ
		നാദം	ശബ്ദത്തെ
ഉത്സൃജൻ,	തൂകിക്കൊണ്ട്,	വ്യസൃജത്.	മുഴക്കി.

ആഗച്ഛന്തം ത്രിശിരസം രാക്ഷസം പ്രേക്ഷ്യ രാഘവഃ
ധനുഷാ പ്രതിജഗ്രാഹ വിധുന്വൻ സായകാൻ ശിതാൻ. 9

രാഘവഃ	ശ്രീരാഘവൻ	ധനുഷാ	ധനുസ്സിനാൽ
ത്രിശിരസം	ത്രിശിരസ്സ് എന്ന	ശിതാൻ	തീക്ഷ്ണങ്ങളായ
രാക്ഷസം	രാക്ഷസനെ	സായകാൻ	ബാണങ്ങളെ
ആഗച്ഛന്തം	തനിക്കെതിരെ വരുന്നവനായി	വിധുന്വൻ,	തൊടുത്തുകൊണ്ട്,
പ്രേക്ഷ്യ,	കണ്ട്,	പ്രതിജഗ്രാഹ.	എതിരേററു.

സ സംപ്രഹാരസ്തുമുലോ രാമത്രിശിരസോർമ്മഹാൻ
ബഭൂവാതീവ ബലിനോഃ സിംഹകുഞ്ജരയോരിവ. 10

രാമത്രിശിരസോഃ	ശ്രീരാമനും ത്രിശിരസ്സിനും തമ്മിലുണ്ടായ	സിംഹ-കുഞ്ജരയോഃ ഇവ	സിംഹം, ആന എന്നിവ തമ്മിലെന്നതുപോലെ
സഃ	ആ	അതീവ	ഏററവും
മഹാൻ സംപ്രഹാരഃ	മഹായുദ്ധം	തുമുലഃ	സംക്ഷോഭകരമാം
ബലിനോഃ	ശക്തിയേറിയ	ബഭൂവ.	സംഭവിച്ചു. [വണ്ണം

തതസ്ത്രിശിരസാ ബാണൈർല്ലലാടേ താഡിതസ്ത്രിഭിഃ
അമർഷീ കുപിതോ രാമഃ സംരബ്ധമിദമബ്രവീത്. 11

ത്രിശിരസാ	ത്രിശിരസ്സിനാൽ	രാമഃ,	ശ്രീരാഘവൻ,
തതഃ	അപ്പോൾ	അമർഷീ	അക്ഷമനായി
ലലാടേ	നെററിയിൽ	കുപിതഃ	കുപിതനായി
ത്രിഭിഃ ബാണൈഃ	മൂന്നു ബാണങ്ങളാൽ	സംരബ്ധം	വാശിയോടുകൂടി
		ഇദം	ഇപ്രകാരം
താഡിതഃ	പ്രഹരിക്കപ്പെട്ട	അബ്രവീത്.	പറഞ്ഞു.

അഹോ വിക്രമശൂരസ്യ രാക്ഷസസ്യേദൃശം ബലം
പുഷ്പൈരിവ ശരൈർയ്യസ്യ ലലാടേഽസ്മി പരിക്ഷിതഃ. 12

"വിക്രമശൂരസ്യ	"പരാക്രമശാലിയായ	ശരൈഃ	ബാണങ്ങളാൽ
രാക്ഷസസ്യ	രാക്ഷസന്റെ	പുഷ്പൈഃ	പുഷ്പങ്ങൾകൊണ്ടു്
ബലം	ശക്തി	ഇവ,	എന്നപോലെ,
ഈദൃശം;	എത്രക്ഷേമം;	ലലാടേ	നെററിയിൽ
അഹോ!	ആശ്ചര്യംതന്നെ!	അസ്മി	ഞാൻ
യസ്യ	ഇവന്റെ	പരിക്ഷിതഃ.	പ്രഹരിക്കപ്പെട്ടുപോയി.

മമാപി പ്രതിഗൃഹ്ണീഷ്വ ശരാംശ്ചാപഗുണച്യുതാൻ 13
ഏവമുക്ത്വാ തു സംരബ്ധഃ ശരാനാശീവിഷോപമാൻ
ത്രിശിരോവക്ഷസി ക്രുദ്ധോ നിജഘാന ചതുർദ്ദശ. 14

"മമ	"എന്റെ	ക്രുദ്ധഃ	കോപമുൾക്കൊണ്ടവനായി,
ചാപ-ഗുണച്യുതാൻ	വില്ലിന്റെ ഞാണിൽ നിന്നുവരുന്ന	ചതുർദ്ദശ	പതിനാലു്
ശരാൻ അപി	ബാണങ്ങളേയും	ആശീ-വിഷോപമാൻ	സർപ്പതുല്യങ്ങളായ
പ്രതിഗൃ-ഹ്ണീഷ്വ!"	ഏററുകൊൾക."	ശരാൻ	ബാണങ്ങളെ
ഏവം	എന്നു്	ത്രിശിരോ-വക്ഷസി,	ത്രിശിരസ്സിന്റെ മാർവ്വിടത്തിൽ
ഉക്ത്വാ തു,	പറഞ്ഞതോടുകൂടി,		
സംരബ്ധഃ	വാശിയോടെ	നിജഘാന.	എയ്തു.

ചതുർഭിസ്തുരഗാനസ്യ ശരൈഃ സന്നതപർവ്വഭിഃ
ന്യപാതയത തേജസ്വീ ചതുരസ്തസ്യ വാജിനഃ. 15

തേജസ്വീ,	പരാക്രമശാലിയായ ശ്രീരാമൻ,	ചതുരഃ തുരഗാൻ	നാലുകുതിരകളെ
അസ്യ	ഈ	സന്നതപർവ്വഭിഃ	ഉഴിഞ്ഞുചൊവ്വാക്കിയ മുനകളോടുകൂടിയ
തസ്യ	അവന്റെ	ചതുർഭിഃ ശരൈഃ	നാലുബാണങ്ങൾകൊണ്ട്
വാജിനഃ	ഗതിവേഗമുള്ള	ന്യപാതയത.	താഴെവീഴ്ത്തി.

അഷ്ടഭിഃ സായകൈഃ സൂതം രഥോപസ്ഥാന്ന്യപാതയത്
രാമശ്ചിച്ഛേദ ബാണേന ധ്വജം ചാസ്യ സമുച്ഛ്രിതം. 16

രാമഃ	ശ്രീരാഘവൻ	അസ്യ	ഇവന്റെ
അഷ്ടഭിഃ	എട്ട്	സമുച്ഛ്രിതം	ഉച്ചത്തിലുള്ള
സായകൈഃ	ബാണങ്ങളാൽ	ധ്വജം	ധ്വജത്തെയും
സൂതം	സാരഥിയെ	ബാണേന ച	ഒരു ബാണംകൊണ്ട്
രഥോപസ്ഥാത്	തേർത്തട്ടിൽനിന്ന്	ചിച്ഛേദ.	മുറിച്ചിട്ടു.
ന്യപാതയത്;	തള്ളിയിട്ടു;		

തതോ ഹതരഥാത്തസ്മാദുത്പതന്തം നിശാചരം
ബിഭേദ രാമസ്തം ബാണൈർഹൃദയേ സോഽഭവജ്ജഡഃ. 17

രാമഃ	രഘുവരൻ	ബാണൈഃ	ബാണങ്ങൾകൊണ്ട്
തതഃ	അതിൽപിന്നെ	ഹൃദയേ	മാറിടത്തിൽ
തസ്മാത്	ആ	ബിഭേദ;	പിളന്ന്;
ഹതരഥാത്	ഉടഞ്ഞതേരിൽനിന്ന്	സഃ	അവൻ
ഉത്പതന്തം	മേലോട്ടുയന്ന	ജഡഃ	ബോധഹീനനായി
നിശാചരം	രാത്രിഞ്ചരനായ	അഭവത്.	ഭവിച്ചു.
തം	അവനെ,		

സായകൈശ്ചാപ്രമേയാത്മാ സാമർഷസ്തസ്യ രക്ഷസഃ
ശിരാംസ്യപാതയദ്രാമോ വേഗവദ്ഭിസ്ത്രിഭിഃ ശരൈഃ. 18

അപ്രമേയാത്മാ	അളവററ പ്രതാപശാലിയായ	ശിരാംസി,	ശിരസ്സുകളെ,
രാമഃ,	ശ്രീരാമൻ,	വേഗവദ്ഭിഃ	ഊക്കേറിയ
സാമർഷഃ	രുഷ്ടനായി	ത്രിഭിഃ	മൂന്ന
തസ്യ	ആ	സായകൈഃ ച	നിശിതങ്ങളായ
രക്ഷസഃ	രാക്ഷസന്റെ	ശരൈഃ	ബാണങ്ങളാൽ
		അപാതയത്.	മുറിച്ചുവീഴ്ത്തി.

സ ഭൂമൌ ശോണിതോദ്ഗാരീ രാമബാണാഭിപീഡിതഃ
ന്യപതത് പതിതൈഃ പൂർവ്വം സ്വശിരോഭിർന്നിശാചരഃ. 19

സഃ	ആ
നിശാചരഃ	നിശാചരൻ
രാമബാണാഭിപീഡിതഃ	രാമബാണങ്ങളേറ്റ് വിവശനായി
ശോണിതോദ്ഗാരി,	രക്തം വമിച്ചുകൊണ്ട്,
പൂർവ്വം	മുമ്പിലായി
പതിതൈഃ	വീണ
സ്വശിരോഭിഃ	തന്റെ ശിരസ്സുകളോടുകൂടി
ഭൂമൌ	നിലത്തു
ന്യപതത്.	പതിച്ചു.

ഹതശേഷാസ്തതോ ഭഗ്നാ രാക്ഷസാഃ ഖരസംശ്രയാഃ
ദ്രവന്തി സ്മ ന തിഷ്ഠന്തി വ്യാഘ്രത്രസ്താ മൃഗാ ഇവ. 20

തതഃ	അപ്പോൾ
ഭഗ്നാഃ	അടിപെട്ട്
ഹതശേഷാഃ	മൃതരായവരിൽ ശേഷിച്ച
രാക്ഷസാഃ,	രാക്ഷസന്മാർ,
ഖരസംശ്രയാഃ	ഖരനെ ആശ്രയിച്ചവരായി,
വ്യാഘ്രത്രസ്താഃ	പുലിയെപ്പേടിച്ചോടുന്ന
മൃഗാഃ ഇവ	മാനുകളെന്നപോലെ
ദ്രവന്തി സ്മ	ഓടിപ്പോയ്ക്കളഞ്ഞു;
ന തിഷ്ഠന്തി.	നിന്നതേയില്ല.

താൻ ഖരോ ദ്രവതോ ദൃഷ്ട്വാ നിവൃത്യ രുഷിതഃ സ്വയം
രാമമേവാഭിദുദ്രാവ രാഹുശ്ചന്ദ്രമസം യഥാ. 21

ഖരഃ	ഖരൻ
ദ്രവതഃ	ഓടുന്ന
താൻ ദൃഷ്ട്വാ,	അവരെ കണ്ടിട്ട്,
നിവൃത്യ,	പിൻതിരച്ച്,
രുഷിതഃ,	ക്രുദ്ധനായി,
രാഹുഃ	രാഹു
ചന്ദ്രമസം	ചന്ദ്രനെ
യഥാ	ഏതുപ്രകാരമോ അപ്രകാരം
സ്വയം	താൻതന്നെ,
രാമം ഏവ,	ശ്രീരാമനെ നേരിൽതന്നെ,
അഭിദുദ്രാവ.	എതിർത്തോടി.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
സപ്തവിംശഃ സർഗ്ഗഃ = ഇരുപത്തേഴാംസർഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 7639; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 927

അഷ്ടാവിംശഃ സർഗ്ഗഃ = ഇരുപത്തെട്ടാംസർഗ്ഗം.

[ഖരയുദ്ധം = ഖരനുമായുള്ള യുദ്ധം.]

നിഹതം ദൂഷണം ദൃഷ്ട്വാ രണേ ത്രിശിരസാ സഹ
ഖരസ്യാപ്യഭവത് ത്രാസോ ദൃഷ്ട്വാ രാമസ്യ വിക്രമം 1

രണേ	പോരിൽ
ത്രിശിരസാ സഹ	ത്രിശിരസ്സിനോടുകൂടി
ദൂഷണം	ദൂഷണനേയും
നിഹതം	കൊല്ലപ്പെട്ടവനായി
ദൃഷ്ട്വാ,	കണ്ട്
രാമസ്യ	ശ്രീരാമന്റെ
വിക്രമം അപി	പരാക്രമത്തേയും
ദൃഷ്ട്വാ,	ആലോചിച്ച്,
ഖരസ്യ	ഖരന്
ത്രാസഃ	ഭയം
അഭവത്.	ഉണ്ടായി.

സ ദൃഷ്ട്വാ രാക്ഷസം സൈന്യമവിഷഹ്യം മഹാബലം.
ഹതമേകേന രാമേണ ത്രിശിരോദൂഷണാവപി. 2

സഃ	അവൻ	രാക്ഷസം സൈന്യം അപി	രാക്ഷസസൈന്യത്തേയും
ത്രിശിരോ-ദൂഷണൌ	ത്രിശിരസ്സിനേയും ദൂഷണനെയും	രാമേണ	ശ്രീരാമൻ
അവിഷഹ്യം	എതിക്കുവാൻ കഴിയാത്ത	ഏകേന	ഒരുവനാൽ
മഹാബലം	അതിബലത്തോടുകൂടിയ	ഹതം	നശിപ്പിക്കപ്പെട്ടതായി
		ദൃഷ്ട്വാ.	കണ്ടു.

തദ്ബലം ഹതഭൂയിഷ്ഠം വിമനാഃ പ്രേക്ഷ്യ രാക്ഷസഃ
ആസസാദ ഖരോ രാമം നമുചിർവ്വാസവം യഥാ. 3

രാക്ഷസഃ	രാക്ഷസനായ	വിമനാഃ	വ്യസനിക്കുന്നവനായി
ഖരഃ	ഖരൻ	രാമം പ്രേക്ഷ്യ,	ശ്രീരാമനുനേക്കായി,
തത് ബലം	ആ സൈന്യത്തെ	നമുചിഃ	നമുചിയെന്ന അസുരൻ
ഹതഭൂയിഷ്ഠം	മിക്കതും നശിപ്പിക്കപ്പെട്ടതായി	വാസവം യഥാ,	ഇന്ദ്രനുനേക്കെന്ന [പോലെ
		ആസസാദ.	അടുത്തു.

വികൃഷ്യ ബലവച്ചാപം നാരാചാൻ രക്തഭോജനാൻ
ഖരശ്ചിക്ഷേപ രാമായ ക്രുദ്ധാനാശീവിഷാനിവ. 4

ഖരഃ	ഖരൻ	ക്രുദ്ധാൻ	കോപത്തോടുകൂടി
രാമായ	ശ്രീരാമനെലക്ഷ്യമാക്കി	രക്തഭോജനാൻ	രക്തംകുടിക്കുന്ന
ചാപം	വില്ലിനെ	ആശീവിഷാൻ ഇവ	സർപ്പങ്ങൾക്കു തുല്യങ്ങളായ
ബലവത്	ബലമായി	നാരാചാൻ	നാരാചബാണങ്ങളെ
വികൃഷ്യ,	വലിച്ചു,	ചിക്ഷേപ.	എയ്തു.

ജ്യാം വിധൂനയൻ സുബഹുശഃ ശിക്ഷയാഽസ്ത്രാണി ദർശയൻ
ചചാര സമരേ മാർഗ്ഗാൻ ശരൈ രഥഗതഃ ഖരഃ. 5

രഥഗതഃ	തേരിലിരുന്നിരുന്നവനായ	ദർശയൻ	പ്രദർശിപ്പിക്കുന്നവനായി
ഖരഃ	ഖരൻ	ശരൈഃ	ബാണങ്ങളോടുകൂടി
ജ്യാം	ഞാണിനെ	സമരേ	യുദ്ധഭൂമിയിൽ
വിധൂനയൻ,	ഉലച്ചുകൊണ്ടു,	സുബഹുശഃ	പല
ശിക്ഷയാ	അഭ്യാസപാടവത്താൽ	മാർഗ്ഗാൻ	വഴിയായി
അസ്ത്രാണി	അസ്ത്രപ്രയോഗങ്ങളെ	ചചാര.	സഞ്ചരിച്ചു.

സ സർവ്വാശ്ച ദിശോ ബാണൈഃ പ്രദിശശ്ച മഹാരഥഃ
പൂരയാമാസ തം ദൃഷ്ട്വാ രാമോഽപി സുമഹദ്ധനുഃ. 6

മഹാരഥഃ	മഹാരഥനായ
സഃ	അവൻ
ബാണൈഃ	ബാണങ്ങളാൽ
ദിശഃ	ദിക്കുകളേയും
പ്രദിശഃ	വിദിക്കുകളേയും
സർവ്വാഃ ച	എല്ലാററിനേയും
പൂരയാമാസ;	നിറച്ചു;
തം ദൃഷ്ട്വാ	അവനെ കണ്ടിട്ടു
സുമഹദ്ധന്വഃ	വമ്പിച്ച ധനുസ്സുകയ്യിലു[ണ്ടവനായ
രാമഃ ച	ശ്രീരാമനും
അപി.	അപ്രകാരംതന്നെ ചെയ്തു.

സ സായകൈർദ്ദുർവ്വിഷഹൈഃ സസ്ഫുലിംഗൈരിവാഗ്നിഭിഃ
നഭശ്ചകാരാവിവരം പർജ്ജന്യ ഇവ വൃഷ്ടിഭിഃ. 7

സഃ	അദ്ദേഹം
സസ്ഫുലിംഗൈഃ	തീപ്പൊരികളോടുകൂടിയ
അഗ്നിഭിഃ ഇവ	അഗ്നിയ്ക്കുതുല്യമായ
ദുർവ്വിഷഹൈഃ	അസഹ്യങ്ങളായ
സായകൈഃ,	ബാണങ്ങളാൽ,
പർജ്ജന്യഃ	മേഘം
വൃഷ്ടിഭിഃ	ജലധാരകളാൽ
ഇവ,	എന്നപോലെ,
നഭഃ	ആകാശത്തെ
അവിവരം ചകാര.	ഇടതൂർന്നതാക്കി ചെയ്തു.

തദ്ബഭൂവ ശിതൈർബ്ബാണൈഃ ഖരരാമവിസർജ്ജിതൈഃ
പർയ്യാകാശമനാകാശം സർവ്വതഃ ശരസംകുലം. 8

ഖരരാമവിസർജ്ജിതൈഃ	ഖരനാലും ശ്രീരാമനാലും വിടപ്പെട്ട
ശിതൈഃ	നിശിതങ്ങളായ
ബാണൈഃ	ബാണങ്ങളാൽ
തത്	ആ
പർയ്യാകാശം	ആകാശതലംമുഴുവനും
സർവ്വതഃ	എല്ലാഭാഗങ്ങളിലും
ശരസംകുലം	അമ്പുകൾ നിറഞ്ഞതാ[യി
അനാകാശം	ഇടതൂർന്നതായി
ബഭൂവ.	ഭവിച്ചു.

ശരജാലാവൃതഃ സൂർയ്യോ ന തദാ സ്മ പ്രകാശതേ
അന്യോന്യവധസംരംഭാദുഭയോഃ സംപ്രയുദ്ധ്യതോഃ. 9

ഉഭയോഃ	ഇരുവരും
അന്യോന്യവധസംരംഭാത്	ഒരുവനെയൊരുവൻ വധിക്കേണമെന്ന വാശിയോടുകൂടി
സംപ്രയുദ്ധ്യതോഃ,	യുദ്ധംചെയ്തുകൊണ്ടിരിക്കെ,
സൂർയ്യഃ	ആദിത്യൻ
ശരജാലാവൃതഃ	ബാണസമൂഹങ്ങളാൽ മറയ്ക്കപ്പെട്ടതായി
തദാ	ആ സമയം
പ്രകാശതേ സ്മ ന.	പ്രകാശിച്ചതേയില്ല.

തതോ നാളീകനാരാചൈസ്തീക്ഷ്ണാഗ്രൈശ്ച വികർണ്ണിഭിഃ
ആജഘാന ഖരോ രാമം തോത്രൈരിവ മഹാദ്വിപം. 10

തതഃ	അനന്തരം
ഖരഃ,	ഖരൻ,
മഹാദ്വിപം	മഹാഗജത്തെ
തോത്രൈഃ	ഈട്ടികളാൽ
ഇവ,	എന്നപോലെ,
നാളീകനാരാചൈഃ	മൊട്ടമ്പുകളാലും എഴുത്താണിയമ്പുകളാലും
തീക്ഷ്ണാഗ്രൈഃ	മൂർച്ചയുള്ള
വികർണ്ണിഭിഃ ച	കത്തിയമ്പുകളാലും
രാമം	ശ്രീരാമനെ
ആജഘാന.	താഡിച്ചു.

തം രഥസ്ഥം ധനുഷ്പാണിം രാക്ഷസം പര്യവസ്ഥിതം
ദദൃശുഃ സർവ്വഭൂതാനി പാശഹസ്തമിവാന്തകം. 11

ധനുഷ്പാണിം	വില്ലേന്തിയവനായി	സർവ്വഭൂതാനി	എല്ലാ പ്രാണികളും
രഥസ്ഥം	തേരിന്മേൽ	പാശഹസ്തം	പാശം ധരിച്ചു
പര്യവസ്ഥിതം	കുലുക്കമില്ലാതിരുന്ന	അന്തകം ഇവ	യമനെയെന്നപോലെ
തം രാക്ഷസം	ആ രാക്ഷസനെ,	ദദൃശുഃ.	കണ്ടു.

ഹന്താരം സർവ്വസൈന്യസ്യ പൌരുഷേ പര്യവസ്ഥിതം
പരിശ്രാന്തം മഹാസത്വം മേനേ രാമം ഖരസ്തദാ. 12

പൌരുഷേ	സ്വപരാക്രമത്തിൽ	മഹാസത്വം	അതി ധൈര്യശാലി [യായ
പര്യവസ്ഥിതം	സ്ഥൈര്യത്തോടു കൂടി യവനായി	രാമം	ശ്രീരാമനെ,
		ഖരഃ	ഖരൻ,
സർവ്വ- സൈന്യസ്യ	എല്ലാ സേനയേയും	തദാ	അപ്പോൾ
		പരിശ്രാന്തം	ക്ഷീണിച്ചവനെന്ന്
ഹന്താരം	കൊന്നൊടുക്കിയ	മേനേ.	കരുതി.

തം സിംഹമിവ വിക്രാന്തം സിംഹവിക്രാന്തഗാമിനം
ദൃഷ്ട്വാ നോദ്വിജതേ രാമഃ സിംഹഃ ക്ഷുദ്രമൃഗം യഥാ. 13

സിംഹം ഇവ	സിംഹത്തിനു തുല്യമായ	തം	അവനെ
		സിംഹം	ഒരു മൃഗേന്ദ്രൻ
വിക്രാന്തം	വിക്രമമാർന്നവനും	ക്ഷുദ്രമൃഗം യഥാ,	അല്പമൃഗത്തെ എന്ന പോലെ
സിംഹ- വിക്രാന്ത- ഗാമിനം	സിംഹത്തിന്നൊത്ത ഗംഭീരമായ ഗതിയോടുകൂടിയവനുമായ	രാമഃ ദൃഷ്ട്വാ,	ശ്രീരാഘവൻ കണ്ടു,
		ഉദ്വിജതേ ന.	കൂസാതെനിന്നു.

തതഃ സൂര്യനികാശേന രഥേന മഹതാ ഖരഃ
ആസസാദ രണേ രാമം പതംഗ ഇവ പാവകം. 14

തതഃ	അപ്പോൾ	പതംഗഃ	ശലഭം
ഖരഃ,	ഖരൻ,	പാവകം ഇവ,	അഗ്നിയെയെന്നപോലെ,
സൂര്യനികാശേന	സൂര്യൻപോലെ പ്രകാശിക്കുന്ന	രണേ	പോരിൽ
മഹതാ	വമ്പിച്ച	രാമം	ശ്രീരാമനെ
രഥേന,	രഥത്തിൽകയറി	ആസസാദ.	സമീപിച്ചു.

തതോऽസ്യ സശരം ചാപം മുഷ്ടിദേശേ മഹാത്മനഃ
ഖരശ്ചിച്ഛേദ രാമസ്യ ദർശയൻ പാണിലാഘവം. 15

തതഃ	അതിൽപിന്നെ	രാമസ്യ	ശ്രീരാഘവന്റെ
ഖരഃ	ഖരൻ,	സശരം	ശരംതൊടുത്ത
പാണിലാഘവം	തന്റെ കൈമിടുക്കിനെ	ചാപം,	വില്ലിനെ,
ദർശയൻ,	കാണിക്കുന്നവനായി,	മുഷ്ടിദേശേ	കൈപ്പിടിയിൽ (നടുമദ്ധ്യത്തിൽ)
അസ്യ	ഈ		
മഹാത്മനഃ	മഹാത്മാവായ	ചിച്ഛേദ.	മുറിച്ചു.

സ പുനസ്ത്വപരാൻ സപ്ത ശരാനാദായ വർമ്മണി
നിജഘാന ഖരഃ ക്രുദ്ധോ ശക്രാശനിസമപ്രഭാൻ. 16

സഃ ഖരഃ,	ആ ഖരൻ,	സപ്ത	ഏഴു
തു,	ഉടൻതന്നെ,	ശരാൻ	ബാണങ്ങളെ
പുനഃ	വീണ്ടും	ആദായ	എടുത്ത്
അപരാൻ	നിസ്തുല്യങ്ങളായി	ക്രുദ്ധഃ	ക്രോധത്തോടുകൂടിയവനായി
ശക്രാശനിസമപ്രഭാൻ	ഇന്ദ്രന്റെ വജ്രായുധം പോലെ തിളങ്ങുന്ന	വർമ്മണി	കവചത്തിൽ
		നിജഘാന.	എയ്തു.

തതസ്തത് പ്രഹതം ബാണൈഃ ഖരമുക്തൈഃ സുപർവ്വഭിഃ
പപാത കവചം ഭൂമൌ രാമസ്യാദിത്യവർച്ചസഃ. 17

തതഃ	അപ്പോൾ	സുപർവ്വഭിഃ	നല്ലകെട്ടുകളോടുകൂടിയ
ആദിത്യവർച്ചസഃ	സൂര്യതേജസ്സാന്നവനായ	ബാണൈഃ	ബാണങ്ങളാൽ
രാമസ്യ	ശ്രീരാമന്റെ	പ്രഹതം	ഹനിക്കപ്പെട്ടതായി
തത് കവചം,	ആ കവചം,	ഭൂമൌ	ഭൂമിയിൽ
ഖരമുക്തൈഃ	ഖരനാൽ പ്രയോഗിക്കപ്പെട്ട	പപാത.	വീണുപോയി.

തതഃ ശരസഹസ്രേണ രാമമപ്രതിമൌജസം
അർദ്ദയിത്വാ മഹാനാദം നനാദ സമരേ ഖരഃ. 18

തതഃ	അതിൽപിന്നേയും	രാമം	ശ്രീരാമനെ
ശരസഹസ്രേണ	അനേകായിരം ബാണങ്ങളാൽ,	അർദ്ദയിത്വാ,	താഡിച്ച്,
സമരേ	യുദ്ധത്തിൽ	ഖരഃ	ഖരൻ
അപ്രതിമൌജസം	അതുല്യപരാക്രമിയായ	മഹാനാദം	അട്ടഹാസം
		നനാദ.	മുഴക്കി.

സ ശരൈരർപ്പിതഃ ക്രുദ്ധഃ സർവ്വഗാത്രേഷു രാഘവഃ
രരാജ സമരേ രാമോ വിധൂമോഽഗ്നിരിവ ജ്വലൻ. 19

രാഘവഃ	രഘുകുലതിലകനായ	ക്രുദ്ധഃ,	കുപിതനായി,
സഃ രാമഃ,	ആ ശ്രീരാമൻ,	വിധൂമഃ	പുകയില്ലാതെ
സമരേ	പോരിൽ	ജ്വലൻ	ഉജ്ജ്വലിക്കുന്ന
സർവ്വഗാത്രേഷു	ദേഹം മുഴുവനും	അഗ്നിഃ ഇവ	അഗ്നിയെന്നപോലെ
ശരൈഃ അർപ്പിതഃ	ബാണങ്ങളേറ്റവനായി	രരാജ.	പ്രകാശിച്ചു.

തതോ ഗംഭീരനിർഹ്രാദം രാമഃ ശത്രുനിബർഹണഃ
ചകാരാന്തായ സ രിപോഃ സജ്യമന്യന്മഹദ്ധനുഃ. 20

തതഃ	ആ സമയം	അന്യത്	മറെറാരു
സഃ	ആ	മഹത്	മഹത്തായ
ശത്രുനിബർഹണഃ	ശത്രുനാശകനായ	ധനുഃ	ധനുസ്സിനെ
രാമഃ	ശ്രീരാമൻ	രിപോഃ	ശത്രുവിന്റെ
ഗംഭീരനിർഹ്രാദം	ഗംഭീരധ്വനിയോടുകൂടിയ	അന്തായ	നാശത്തിന്നായി
		സജ്യം ചകാര.	ഞാണേററി.

സുമഹദ്വൈഷ്ണവം യത്തദതിസൃഷ്ടം മഹർഷിണാ
വരം തദ്ധനുരുദ്യമ്യ ഖരം സമഭിധാവത. 21

മഹർഷിണാ	അഗസ്ത്യമുനീന്ദ്രനാൽ	വൈഷ്ണവം ധനുഃ	വൈഷ്ണവചാപത്തെ
അതിസൃഷ്ടം	നല്കപ്പെട്ടതായ	തത്	അപ്പോൾ
യത് തത്	യാതൊരു ആ	ഉദ്യമ്യ,	എടുത്ത്,
സുമഹത്	വമ്പിച്ചതും	ഖരം	ഖരനെ
വരം	ശ്രേഷ്ഠവുമായ	സമഭിധാവത.	എതിർത്തു.

തതഃ കനകപുംഖൈസ്തു ശരൈഃ സന്നതപർവ്വഭിഃ
ബിഭേദ രാമഃ സംക്രുദ്ധഃ ഖരസ്യ സമരേ ധ്വജം. 22

തതഃ	അനന്തരം,	ശരൈഃ,	ബാണങ്ങൾ കൊണ്ട്.
തു	വേഗത്തിൽ	സമരേ,	പോരിൽ,
രാമഃ	രഘൂത്തമൻ,	ഖരസ്യ	ഖരന്റെ
സംക്രുദ്ധഃ	കോപാവിഷ്ടനായി	ധ്വജം	കൊടി
കനകപുംഖൈഃ	പൊൻ കെട്ടുകളുള്ള	ബിഭേദ.	മുറിച്ചിട്ടു.
സന്നതപർവ്വഭിഃ	ഉഴിഞ്ഞ കണുക്കളോടു കൂടിയ		

സ ദർശനീയോ ബഹുധാ വികീർണ്ണഃ കാഞ്ചനധ്വജഃ
ജഗാമ ധരണീം സൂര്യോ ദേവതാനാമിവാജ്ഞയാ. 23

സഃ	ആ	ദേവതാനാം	ദേവതകളുടെ
ദർശനീയഃ	ഭംഗിയുള്ള	ആജ്ഞയാ	കല്പനപ്രകാരം വന്ന
കാഞ്ചനധ്വജഃ	തങ്കക്കൊടി,	സൂര്യഃ ഇവ	ആദിത്യനോ എന്നു
ബഹുധാ	പലകഷണങ്ങളായി	ധരണീം	നിലത്തു [തോന്നുമാറ്
വികീർണ്ണഃ,	ചിതറി,	ജഗാമ.	വീണു.

[“ത്രിമൂർത്തികളുടെ ആജ്ഞപ്രകാരം ഉദിച്ച് അസ്തമിക്കുന്നവനായ അസ്തമനസൂര്യനെന്ന പോലെ വീണു.” എന്നു. സ.]

തം ചതുർഭിഃ ഖരഃ ക്രുദ്ധോ രാമം ഗാത്രേഷു മാർഗ്ഗണൈഃ
വിവ്യാധ യുധി മർമ്മജ്ഞോ മാതംഗമിവ തോമരൈഃ. 24

മർമ്മജ്ഞഃ	മർമ്മമറിഞ്ഞവനായ	തം	ആ
ഖരഃ	ഖരൻ	രാമം	ശ്രീരാമനെ
ക്രുദ്ധഃ,	ചൊടിച്ച്,	ഗാത്രേഷു	അവയവങ്ങളിൽ
തോമരൈഃ	ഈട്ടികളാൽ	ചതുർഭിഃ മാർഗ്ഗണൈഃ	നാലു ബാണങ്ങൾ കൊണ്ട്
മാതംഗം ഇവ	ആനയെയെന്നപോലെ		
യുധി	പോരിൽ	വിവ്യാധ.	എയ്തു.

സ രാമോ ബഹുഭിർബാണൈഃ ഖരകാൎമ്മുകനിഃസൃതൈഃ
വിദ്ധോ രുധിരസിക്താംഗോ ബഭൂവ രുഷിതോ ഭൃശം. 25

സഃ	ആ	വിദ്ധഃ	മുറിവേററു്,
രാമഃ	ശ്രീരാമൻ	രുധിരസിക്താംഗഃ	രക്തത്താൽ നനഞ്ഞ ദേഹത്തോടുകൂടിയവ[നായി]
ഖരകാൎമ്മുകനിഃസൃതൈഃ	ഖരന്റെ ചാപത്തിൽ നിന്നു വിടപ്പെട്ട	ഭൃശം	ഏററവും
ബഹുഭിഃ	നിരവധി	രുഷിതഃ	കുപിതനായി
ബാണൈഃ,	ബാണങ്ങളാൽ,	ബഭൂവ.	ഭവിച്ചു.

സ ധനുർധന്വിനാം ശ്രേഷ്ഠഃ പ്രഗൃഹ്യ പരമാഹവേ
മുമോച പരമേഷ്വാസഃ ഷട് ശരാനഭിലക്ഷിതാൻ. 26

ധന്വിനാം	വില്ലാളികളിൽ	ധനുഃ	വില്ലു്
ശ്രേഷ്ഠഃ,	മുമ്പനും,	പ്രഗൃഹ്യ,	കയ്ക്കൊണ്ടു്,
പരമേഷ്വാസഃ	ശ്രേഷ്ഠധനുസ്സാന്നവനു[മായ]	അഭിലക്ഷിതാൻ	കൈകണ്ട
സഃ,	അദ്ദേഹം,	ഷട് ശരാൻ	ആറുബാണങ്ങളെ
പരമാഹവേ	മഹായുദ്ധത്തിൽ	മുമോച.	എയ്തു.

ശിരസ്യേകേന ബാണേന ദ്വാഭ്യാം ബാഹ്വോരഥാൎപ്പയത്
ത്രിഭിശ്ചന്ദ്രാൎദ്ധവക്ത്രൈശ്ച വക്ഷസ്യഭിജഘാന ഹ 27

അഥ	അപ്പോൾ	ബാഹ്വോഃ ഹ	ഇരു കൈകളിലും
തം	അവനെ	അൎപ്പയത്;	തുളച്ചു;
ഏകേന ബാണേന	ഒരു ബാണംകൊണ്ടു്	ചന്ദ്രാൎദ്ധവക്ത്രൈഃ	അൎദ്ധചന്ദ്രമുഖമുള്ള
ശിരസി	ശിരസ്സിലും	ത്രിഭിഃ	മൂന്നുബാണങ്ങൾകൊ[ണ്ടു്]
ദ്വാഭ്യാം	രണ്ടുബാണങ്ങളാൽ	വക്ഷസി	മാറ്വിടത്തിൽ
		അഭിജഘാന.	പ്രഹരിച്ചു.

തതഃ പശ്ചാന്മഹാതേജാ നാരാചാൻ ഭാസ്കരോപമാൻ
ജിഘാംസു രാക്ഷസം ക്രുദ്ധസ്ത്രയോദശ സമാദദേ. 28

തതഃ പശ്ചാത്	അതിൽപിന്നെ	ജിഘാംസുഃ	വധിപ്പാൻ നിശ്ചയിച്ചു്
മഹാതേജാഃ,	അതിവീൎയ്യശാലിയായ അദ്ദേഹം,	ഭാസ്കരോപമാൻ	സൂൎയ്യസദൃശങ്ങളായ
		ത്രയോദശ	പതിമൂന്നു
ക്രുദ്ധഃ,	ക്രുദ്ധനായി,	നാരാചാൻ	നാരാചബാണങ്ങളെ
രാക്ഷസം	രാക്ഷസനെ	സമാദദേ.	എടുത്തു.

തതോഽസ്യ യുഗമേകേന ചതുൎഭിശ്ചതുരോ ഹയാൻ
ഷഷ്ഠേന തു ശിരഃ സംഖ്യേ ഖരസ്യ രഥസാരഥേഃ 29
ത്രിഭിസ്ത്രിവേണും ബലവാൻ ദ്വാഭ്യാമക്ഷം മഹാബലഃ
ദ്വാദശേന തു ബാണേന ഖരസ്യ സശരം ധനുഃ 30
ഛിത്വാ വജ്രനികാശേന രാഘവഃ പ്രഹസന്നിവ
ത്രയോദശേനേന്ദ്രസമോ ബിഭേദ സമരേ ഖരം. 31

തതഃ,	അപ്പോൾ,
സംഖ്യേ	പോരിൽ
മഹാബലഃ	അതിസമൎത്ഥനും
ഇന്ദ്രസമഃ	ഇന്ദ്രതുല്യനും
ബലവാൻ	ബലിഷ്ഠനമായ
രാഘവഃ,	രഘുപുംഗവൻ,
അസ്യ ഖരസ്യ	ഈ ഖരന്റെ
യുഗം	നുകത്തെ
ഏകേന,	ഒരു ബാണംകൊണ്ടും,
ചതുരഃ ഹയാൻ	നാലുകുതിരകളെ
ചതുൎഭിഃ,	നാലുബാണങ്ങൾകൊ
രഥസാരഥേഃ	തേരാളിയുടെ [ണ്ടും,
ശിരഃ	ശിരസ്സിനെ
ഷഷ്ഠേന തു	ആറാമത്തെ ബാണത്താ
ത്രിവേണും	നുകത്തണ്ടിനെ [ലും
ത്രിഭിഃ,	മൂന്നുബാണങ്ങളാലും,
അക്ഷം	അച്ചുതണ്ടിനെ
ദ്വാഭ്യാം,	രണ്ടുബാണങ്ങൾകൊ
ഖരസ്യ	ഖരന്റെ [ണ്ടും,
സശരം	അമ്പോറിയ
ധനുഃ,	വില്ലിനെ,
ദ്വാദശേന	പന്ത്രണ്ടാമത്തെ
ബാണേന തു	ബാണംകൊണ്ടും
ഛിത്വാ,	ഛേദിച്ചു്
ഖരം	ഖരനെ
വജ്രനികാശേന	വജ്രതുല്യമായ
ത്രയോദശേന	പതിമൂന്നാമത്തെ ബാ
സമരേ	പോരിൽ [ണംകൊണ്ടു്
പ്രഹസൻ ഇവ	ലീലയായിത്തന്നെ
ബിഭേദ.	കീറിപ്പിളൎന്നു.

പ്രഭഗ്നധന്വാ വിരഥോ ഹതാശ്വോ ഹതസാരഥിഃ
ഗദാപാണിരവപ്ലുത്യ തസ്ഥൌ ഭൂമൌ ഖരസ്തദാ. 32

തദാ	അപ്പോൾ
ഖരഃ,	ഖരൻ,
പ്രഭഗ്നധന്വാ	വിൽമുറിഞ്ഞു്
വിരഥഃ	രഥമൊഴിഞ്ഞു്
ഹതാശ്വഃ	കുതിരകൾ നശിച്ചു്
ഹതസാരഥിഃ	സാരഥിയും മരിച്ചവനായി
ഗദാപാണിഃ	ഗദയേന്തിക്കൊണ്ടു്
ഭൂമൌ	നിലത്തു്
അവപ്ലുത്യ	കുതിച്ചു്
തസ്ഥൌ.	നിലകൊണ്ടു.

തത് കൎമ്മ രാമസ്യ മഹാരഥസ്യ
സമേത്യ ദേവാശ്ച മഹൎഷയശ്ച
അപൂജയൻ പ്രാഞ്ജലയഃ പ്രഹൃഷ്ടാ-
സ്തദാ വിമാനാഗ്രഗതാഃ സമേതാഃ. 33

തദാ,	ആ സന്ദൎഭത്തിൽ
സമേതാഃ	ഒന്നിച്ചുകൂടി
വിമാനാഗ്രഗതാഃ	വിമാനങ്ങളിലിരുന്നിരുന്ന
ദേവാഃ ച	ദേവകളും
മഹൎഷയഃ ച	മഹൎഷിമാരും
പ്രാഞ്ജലയഃ	കൂപ്പുകൈയോടെ
സമേത്യ,	സമീപിച്ചു്,
പ്രഹൃഷ്ടാഃ	സന്തുഷ്ടിയോടുകൂടിയവരായി
മഹാരഥസ്യ	മഹാരഥനായ
രാമസ്യ	ശ്രീരഘുവീരന്റെ
തത് കൎമ്മ	ആ പ്രവൃത്തിയെ
അപൂജയൻ.	കൊണ്ടാടിപ്പുകഴ്ത്തി.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
അഷ്ടാവിംശഃ സൎഗ്ഗഃ = ഇരുപത്തെട്ടാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 7672; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 960.

ഏകോനത്രിംശഃ സൎഗ്ഗഃ = ഇരുപത്തൊമ്പതാംസൎഗ്ഗം.

[ഖരഭർത്സനം = ഖരനെ നിന്ദിക്കുന്നതു്.]

ഖരം തു വിരഥം രാമോ ഗദാപാണിമവസ്ഥിതം
മൃദുപൂൎവ്വം മഹാതേജാഃ പരുഷം വാക്യമബ്രവീത്. 1

മഹാതേജാഃ	അതിതേജസ്വിയായ	ഖരം,	ഖരനെനോക്കി,
രാമഃ	ശ്രീരാമൻ,	പരുഷം തു	കടുത്തതെന്നിരുന്നാലും
വിരഥം	തേരില്ലാതെ	മൃദുപൂൎവ്വം	ന്യായാനുസൃതമായ
ഗദാപാണിം	ഗദാപാണിയായി	വാക്യം	വാക്യത്തെ
അവസ്ഥിതം	എതിരിൽവന്നുനിന്നിരുന്ന	അബ്രവീത്.	ഇപ്രകാരം അരുളിച്ചെയ്തു.

ഗജാശ്വരഥസംബാധേ ബലേ മഹതി തിഷ്ഠതാ
കൃതം സുദാരുണം കൎമ്മ സൎവ്വലോകജുഗുപ്സിതം. 2

"ഗജാശ്വരഥസംബാധേ	"ആന, കുതിര, തേർ ഇവ നിറഞ്ഞിരിക്കുന്ന	സൎവ്വലോകജുഗുപ്സിതം	സൎവ്വജനനിന്ദ്യവും
മഹതി	മഹത്തായ	സുദാരുണം	അതിക്രൂരവുമായ
ബലേ	സൈന്യത്തിൽ	കൎമ്മ	പ്രവൃത്തിയാണ്
തിഷ്ഠതാ,	വിശ്വാസം വെച്ചിരുന്ന നിന്നാൽ	കൃതം.	ചെയ്യപ്പെട്ടതു്.

ഉദ്വേജനീയോ ഭൂതാനാം നൃശംസഃ പാപകൎമ്മകൃത്
ത്രയാണാമപി ലോകാനാമീശ്വരോऽപി ന തിഷ്ഠതി. 3

"ഭൂതാനാം	"ജീവജാലങ്ങൾക്കു്	ത്രയാണാം	മൂന്നു
ഉദ്വേജനീയഃ	വെറുക്കത്തക്കവനായി,	ലോകാനാം അപി	ലോകങ്ങൾക്കും
നൃശംസഃ	ദയാദാക്ഷിണ്യമില്ലാതെ	ഈശ്വരഃ അപി	യജമാനനായിരിക്കുന്നുവെങ്കിലും
പാപകൎമ്മകൃത്	ക്രൂരകൎമ്മങ്ങൾ ചെയ്യുന്ന ഒരുവൻ	ന തിഷ്ഠതി.	നിലനില്ക്കുന്നില്ല.

കൎമ്മ ലോകവിരുദ്ധം തു കുൎവ്വാണം ക്ഷണദാചര
തീക്ഷ്ണം സൎവ്വജനോ ഹന്തി സൎപ്പം ദുഷ്ടമിവാഗതം. 4

"ക്ഷണദാചര!	"നിശാചര!	ആഗതം	നേക്കെത്തിയ
ലോകവിരുദ്ധം	ലോകവിദ്വിഷ്ടമായ	ദുഷ്ടം സൎപ്പം ഇവ,	ദുഷ്ടസൎപ്പത്തെയെന്നപോലെ,
കൎമ്മ തു	പ്രവൃത്തിയെത്തന്നെ		
കുൎവ്വാണം	ചെയ്യുന്ന ഒരുവനെ	തീക്ഷ്ണം	നിൎദ്ദയമായി
സൎവ്വജനഃ,	ജനങ്ങളെല്ലാവരും,	ഹന്തി.	ആട്ടിപ്പായിക്കുന്നു.

ലോഭാത് പാപാനി കുർവ്വാണഃ കാമാദ്വാ യോ ന ബുധ്യതേ
ഭ്രഷ്ടഃ പശ്യതി തസ്യാന്തം ബ്രാഹ്മണീ കരകാദിവ. 5

“ഭ്രഷ്ടഃ	“നീചനായ	ബുധ്യതേ ന,	വൈഷമ്യമറിയാതിരിക്കുന്നുവോ, അവൻ
യഃ,	യാതൊരുവൻ,		
ലോഭാത്	ദുരാഗ്രഹത്താലോ,	തസ്യ	ആ ദുരാഗ്രഹംകൊണ്ടു[ള്ള
കാമാത് വാ,	തുച്ഛമായ ആശകൊണ്ടോ,	അന്തം,	ഫലത്തെ,
		കരകാത്	ആലിപ്പഴം വിഴുങ്ങുന്ന
പാപാനി	പാപങ്ങളെ	ബ്രാഹ്മണീ ഇവ	അരണ എന്നപോലെ
കുർവ്വാണഃ	ചെയ്തുകൊണ്ട്	പശ്യതി.	അനുഭവിക്കുന്നു.

[“കരകം അത്തീതി കരകാത്” “വർഷോപലസ്തു കരകഃ”; ആലിപ്പഴത്തെ വിഴുങ്ങുന്ന അരണ ഉടനെ നശിച്ചുപോകുന്നപോലെ, അത്യാഗ്രഹംകൊണ്ട് പാപങ്ങൾ ചെയ്യുന്നവൻ, ആ പാപഫലത്താൽ നാശത്തെ പ്രാപിക്കുന്നു, എന്ന് താല്പര്യം. “തസ്യ അന്തം പശ്യതി”, (അവന്റെ നാശത്തെ ലോകം കാണുന്നു) എന്ന് കതകം. ഇല്ലാത്തത് വേണമെന്നുള്ള ആഗ്രഹം കാമം; ഉള്ളത് പോരാ എന്നുള്ളത് ലോഭം. (തിലകം)]

വസതോ ദണ്ഡകാരണ്യേ താപസാൻ ധർമ്മചാരിണഃ
കിം നു ഹത്വാ മഹാഭാഗാൻ ഫലം പ്രാപ്സ്യസി രാക്ഷസ. 6

“രാക്ഷസ!	“രാക്ഷസ!	താപസാൻ	താപസന്മാരെ
ദണ്ഡകാരണ്യേ	ദണ്ഡകാരണ്യത്തിൽ	ഹത്വാ,	കൊന്നതുകൊണ്ട്,
ധർമ്മചാരിണഃ	ധർമ്മത്തെ അനുഷ്ഠിച്ചുകൊണ്ട്	കിം നു	എന്തു
		ഫലം	ഫലമാണോ
വസതഃ	പാർത്തുവരുന്ന	പ്രാപ്സ്യസി?	നിനക്കു ലഭിക്കുവാൻ പോകുന്നതു?
മഹാഭാഗാൻ	മഹാത്മാക്കളായ		

ന ചിരം പാപകർമ്മാണഃ ക്രൂരാ ലോകജുഗുപ്സിതാഃ
ഐശ്വര്യം പ്രാപ്യ തിഷ്ഠന്തി ശീർണ്ണമൂലാ ഇവ ദ്രുമാഃ. 7

“ലോകജുഗുപ്സിതാഃ	“ജനങ്ങളാൽ വെറുക്കത്തക്കവരായി	ദ്രുമാഃ ഇവ	വൃക്ഷങ്ങളെന്നപോലെ
		ചിരം	വളരെക്കാലം
പാപകർമ്മാണഃ	ക്രൂരകർമ്മങ്ങൾ ചെയ്യു[ന്ന	ഐശ്വര്യം പ്രാപ്യ	ഐശ്വര്യത്തോടുകൂടിയവരായി
ക്രൂരാഃ,	ദുഷ്ടന്മാർ,		
ശീർണ്ണമൂലാഃ	വേരററ	ന തിഷ്ഠന്തി.	വാഴുകയില്ല.

അവശ്യം ലഭതേ കർത്താ ഫലം പാപസ്യ കർമ്മണഃ
ഘോരം പര്യാഗതേ കാലേ ദ്രുമാഃ പുഷ്പമിവാർത്തവം. 8

“ദ്രുമാഃ	“വൃക്ഷങ്ങൾ	കർമ്മണഃ	സ്വകർമ്മത്തിന്റെ
ആർത്തവം	മുതിർച്ചയെത്തിയ കാലത്തിൽ	ഘോരം ഫലം,	രൂക്ഷമായ ഫലത്തെ,
		കാലേ	തക്കകാലം
പുഷ്പം ഇവ,	പുഷ്പത്തെയെന്നപോലെ,	പര്യാഗതേ,	വരുമ്പോൾ,
		അവശ്യം	തീർച്ചയായും
പാപസ്യ കർത്താ	പാപം ചെയ്യുന്നവൻ	ലഭതേ.	പ്രാപിക്കുന്നു.

ന ചിരാത് പ്രാപ്യതേ ലോകേ പാപാനാം കൎമ്മണാം ഫലം
സവിഷാണാമിവാന്നാനാം ഭുക്താനാം ക്ഷണദാചര. 9

“ക്ഷണദാചര!	“നിശാചര!	ഇവ,	എപ്രകാരമൊ അപ്രകാരംതന്നെ,
ലോകേ,	ലോകത്തിൽ,	പാപാനാം കൎമ്മണാം	പാപകൎമ്മങ്ങൾക്കുള്ള
സവിഷാണാം	വിഷംകലൎന്ന്	ഫലം	ഫലം
ഭുക്താനാം	ഭുജിക്കപ്പെട്ട	ന ചിരാത്	താമസിയാതെതന്നെ
അന്നാനാം	അന്നത്തിന്ന്	പ്രാപ്യതേ.	ലഭിക്കപ്പെടുന്നു.

പാപമാചരതാം ഘോരം ലോകസ്യാപ്രിയമിച്ഛതാം
അഹമാസാദിതോ രാജാ പ്രാണാൻ ഹന്തും നിശാചര. 10

“നിശാചര!	“രാത്രിഞ്ചര!	ആചരതാം	ചെയ്യുന്നവരുടെ
ലോകസ്യ	ലോകത്തിന്ന്	പ്രാണാൻ	പ്രാണങ്ങളെ
അപ്രിയം	തിന്മയെ	ഹന്തും	നശിപ്പിക്കുവാൻ
ഇച്ഛതാം	ഉദ്ദേശിച്ച്	രാജാ	അധികാരിയായി
ഘോരം	കഠിനമായ	ആസാദിതഃ	വന്നിരിക്കുന്നവനാ
പാപം	പാപത്തെ	അഹം.	ഞാൻ. [കുന്നു

അദ്യ ത്വാം ഹി മയാ മുക്താഃ ശരാഃ കാഞ്ചനഭൂഷണാഃ
വിദാൎയ്യ നിപതിഷ്യന്തി വല്മീകമിവ പന്നഗാഃ 11

“അദ്യ	“ഇപ്പോൾ	ശരാഃ,	കൂരമ്പുകൾ
മയാ	എന്നാൽ	പന്നഗാഃ	പാമ്പുകൾ
ത്വാം ഹി	നിണക്കുനേരെ	വല്മീകം ഇവ	പുററിലെന്നപോലെ
മുക്താഃ	വിടപ്പെട്ട	വിദാൎയ്യ നിപതിഷ്യന്തി.	തുളച്ചുകേറും.
കാഞ്ചനഭൂഷണാഃ	പൊന്നണിഞ്ഞ		

യേ ത്വയാ ദണ്ഡകാരണ്യേ ഭക്ഷിതാ ധൎമ്മചാരിണഃ
താനദ്യ നിഹതഃ സംഖ്യേ സസൈന്യോഽനുഗമിഷ്യസി. 12

“ദണ്ഡകാരണ്യേ	“ദണ്ഡകാരണ്യത്തിൽ	താൻ,	അവരെ
യേ	യാതൊരു	അദ്യ	ഇപ്പോൾ
ധൎമ്മചാരിണഃ	ധൎമ്മിഷ്ഠന്മാർ	സംഖ്യേ	സമരത്തിൽ
ത്വയാ	നിന്നാൽ	നിഹതഃ	കൊല്ലപ്പെട്ടവനായ നീ
ഭക്ഷിതാഃ,	ഭക്ഷിക്കപ്പെട്ടുവോ	സസൈന്യഃ	സൈന്യങ്ങളോടുകൂടി
		അനുഗമിഷ്യസി.	അനുഗമിക്കുന്നതാണ്

[നിന്നാൽ കൊല്ലപ്പെട്ട് സ്വൎഗ്ഗതന്മാരായിരിക്കുന്ന ഋഷികളെ നീയും നിന്റെ സൈന്യങ്ങളും തുടരുമെന്ന് പറഞ്ഞതുകൊണ്ടു ഖരാദികൾക്കും സ്വൎഗ്ഗപ്രാപ്തിതന്നെയെന്നു വിവക്ഷിക്കപ്പെട്ടിരിക്കുന്നു. (ഗൊ. രാ. തീൎത്ഥീയം) “രാമവിദ്ധാ നിശിചരാ ബാണൈൎമ്മൎമ്മസുതാഡിതാഃ രാമമാസാദ്യ സമരേ സായുജ്യപദവീം ഗതാഃ” എന്നു സ്കാന്ദം. “ഹത്വാ ഖരം ദൂഷണം ച തഥാ ത്രിശിരസം ശരൈഃ ചതുൎദ്ദശസഹസ്രാംസ്താൻ പ്രേഷയാമാസ സ്വം പദം” ആനന്ദരാമായണം I, vii.]

അദ്യ ത്വാം നിഹതം ബാണൈഃ പശ്യന്തു പരമർഷയഃ
നിരയസ്ഥം വിമാനസ്ഥാ യേ ത്വയാ ഹിംസിതാഃ പുരാഃ. 13

“ പുരാ	“ മുമ്പ്	ത്വാം,	നിന്നെ,
ത്വയാ	നിന്നാൽ	അദ്യ	ഇപ്പോൾ
ഹിംസിതാഃ	കൊല്ലപ്പെട്ടവർ	ബാണൈഃ	ബാണങ്ങളാൽ
യേ	യാതൊരുവരോ, ആ	നിഹതം	വധിക്കപ്പെട്ട്
പരമർഷയഃ	ഋഷിവര്യന്മാർ	നിരയസ്ഥം	നരകത്തിൽ കിടക്കുന്നവനായി
വിമാനസ്ഥാഃ	വിമാനങ്ങളിലിരിക്കുന്നവരായി	പശ്യന്തു.	കണ്ടുകൊള്ളട്ടെ.

[“ നിരയസ്ഥം ” (നിലത്തുപതിച്ച് നരകസദൃശമായ ദുഃഖത്തെ അനുഭവിക്കുന്നവനായി), എന്നു ഗൊ. രാ.; രാമബാണഹതന്മാർക്ക് സ്വർഗ്ഗപ്രാപ്തിതന്നെയെന്നിരുന്നാലും ഘോരമായ ബ്രഹ്മഹത്തി ദോഷഫലമായി ആദ്യം നരകദുഃഖവും പിന്നെ സ്വർഗ്ഗപ്രാപ്തിയും ഫലമാണെന്നു (തിലകം.)]

പ്രഹര ത്വം യഥാകാമം കുരു യത്നം കുലാധമ. 14

“ കുലാധമ !	“ നീചകുലത്തിൽ പിറന്നവനെ !	പ്രഹര ;	യുദ്ധം ചെയ്തുകൊൾക ;
ത്വം	നീ	യത്നം	വേണ്ടുന്ന പരിശ്രമം
യഥാകാമം	ഇഷ്ടംപോലെ	കുരു.	ചെയ്തുകൊൾക.

അദ്യ തേ പാതയിഷ്യാമി ശിരസ്താലഫലം യഥാ. 15

“ അദ്യ	“ ഇപ്പോൾ	താലഫലം	പനമ്പഴത്തെ
തേ	നിന്റെ	യഥാ	എന്നപോലെ
ശിരഃ	ശിരസ്സിനെ,	പാതയിഷ്യാമി.”	ഞാൻ വീഴ്ത്തുന്നുണ്ട്.”

ഏവമുക്തസ്തു രാമേണ ക്രുദ്ധഃ സംരക്തലോചനഃ
പ്രത്യുവാച ഖരോ രാമം പ്രഹസൻ ക്രോധമൂർച്ഛിതഃ. 16

രാമേണ	ശ്രീരാമനാൽ	ക്രോധമൂർച്ഛിതഃ,	ക്രോധത്താൽ തന്നെത്താൻ മറന്ന്,
ഏവം	ഇപ്രകാരം	തു	ഈ സമയം
ഉക്തഃ	നിന്ദിച്ചുപറയപ്പെട്ട	രാമം	ശ്രീരാമനെ
ഖരഃ	ഖരൻ	പ്രഹസൻ	പുച്ഛിച്ചുകൊണ്ട്
ക്രുദ്ധഃ	ചൊടിച്ച്	പ്രത്യുവാച.	ഇങ്ങിനെ മറുപടിപറഞ്ഞു.
സംരക്തലോചനഃ,	കൺചുവന്ന്		

പ്രാകൃതാൻ രാക്ഷസാൻ ഹത്വാ യുദ്ധേ ദശരഥാത്മജ
ആത്മനാ കഥമാത്മാനമപ്രശസ്യം പ്രശംസസി 17

“ ദശരഥാത്മജ !	“ ദശരഥകുമാര !	അപ്രശസ്യം	പ്രശംസയ്ക്കർഹതയില്ലാത്തവനായ
യുദ്ധേ	പോരിൽ	ആത്മാനം	തന്നെപ്പറ്റി
പ്രാകൃതാൻ	പടുതയില്ലാത്ത ക്ഷുദ്രന്മാരായ	ആത്മനാ	താൻതന്നെ
രാക്ഷസാൻ	രാക്ഷസന്മാരെ	കഥം	എന്താണ്
ഹത്വാ,	വധിച്ചതുകൊണ്ട്,	പ്രശംസസി ?	നീ പുകഴ്ത്തുന്നതു് ?

വിക്രാന്താ ബലവന്തോ വാ യേ ഭവന്തി നരർഷഭാഃ
കഥയന്തി ന തേ കിഞ്ചിത്തേജസാ സ്വേന ഗർവ്വിതാഃ 18

“ നരർഷഭാഃ	“ പുരുഷോത്തമന്മാരാ	കിഞ്ചിത്	ഒരിക്കലും
ബലവന്തഃ	ബലശാലികളായും[യും	സ്വേന	സ്വന്തം
വിക്രാന്താഃ വാ	സമർത്ഥന്മാരായും	തേജസാ	പരാക്രമത്താൽ
യേ	യാതൊരുവർ	ഗർവ്വിതാഃ	ഗർവ്വിഷ്ഠന്മാരായി
ഭവന്തി,	ഇരിക്കുന്നുവോ,	കഥയന്തി ന.	ആത്മപ്രശംസചെയ്യുമാറില്ല.
തേ	അവർ		

പ്രാകൃതാസ്ത്വകൃതാത്മാനോ ലോകേ ക്ഷത്രിയപാംസനാഃ
നിരർത്ഥകം വികത്ഥന്തേ യഥാ രാമ വികത്ഥസേ. 19

“ രാമ !	“ രാമ !	പ്രാകൃതാഃ	അല്പബുദ്ധികളായ
വികത്ഥസേ യഥാ	നീ പുകഴ്ത്തിപ്പറയുന്നതു പോലെ,	ക്ഷത്രിയ-പാംസനാഃ തു	ക്ഷത്രിയാധമന്മാർ മാത്രമേ,
ലോകേ	ലോകത്തിൽ	നിരർത്ഥകം	വെറുതെ
അകൃതാത്മാനഃ	മൂഢന്മാരായിരിക്കുന്ന	വികത്ഥന്തേ.	വമ്പുപറയാറുള്ളു.

കുലം വ്യപദിശൻ വീരഃ സമരേ കോഽഭിധാസ്യതി
മൃത്യുകാലേ തു സംപ്രാപ്തേ സ്വയമപ്രസ്തവേ സ്തവം. 20

“ സമരേ	“ പോരിൽ	കഃ വീരഃ	ഏതൊരു വീരൻതന്നെയാണ്
മൃത്യുകാലേ	മരണസമയം	അപ്രസ്തവേ	അനാവശ്യമായി
സംപ്രാപ്തേ തു,	സമീപിക്കുമ്പോൾ,	സ്വയം	തന്നെത്താൻ
കുലം	കുലമഹിമയെ	സ്തവം	മേനി
വ്യപദിശൻ	പുലത്തുന്നവനായ	അഭിധാസ്യതി ?	പറയുക ?

സർവ്വഥാ തു ലഘുത്വം തേ കത്ഥനേന വിദർശിതം
സുവർണ്ണപ്രതിരൂപേണ തപ്തേനേവ കുശാഗ്നിനാ. 21

“ തപ്തേന	“ തീക്കൊളുത്തപ്പെട്ടതായി	കത്ഥനേന	വീരവാദംകൊണ്ട്
സുവർണ്ണപ്രതി-രൂപേണ	സ്വർണ്ണംപോലെ തിളങ്ങുന്ന	തേ	നിന്റെ
കുശാഗ്നിനാ ഇവ	ദർഭയുടെ അഗ്നിയാലെന്നപോലെ	ലഘുത്വം തു	അല്പത്വംമാത്രമാണ്
		സർവ്വഥാ	എല്ലാംകൊണ്ടും
		വിദർശിതം.	വെളിവാക്കപ്പെട്ടത്.

[പുല്ലിൽ പിടിച്ച അഗ്നി അല്പനേരത്തേക്ക് മിന്നിത്തിളങ്ങിയാലും ചൂടില്ലാത്തതായും ഒന്നും ചെയ്വാൻ കഴിയാത്തതായും ഇരിക്കുന്നതുപോലേ, നീ വമ്പുപറയുന്നതല്ലാതെ ഒന്നും ചെയ്വാൻ കഴികയില്ലെന്നു താല്പര്യം. (ഗൊ. രാ.) “സ്വർണ്ണംപോലെ തോന്നുന്ന പിച്ചളയെ തീയ്യിൽ കാച്ചുമ്പോൾ, കറുത്തു, കള്ളി വെളിച്ചത്താകുന്നതുപോലെ, വീരവാദം പറയുന്ന നിന്റെ വാസ്തവരൂപവും യുദ്ധം ചെയ്യുന്നസമയം അറിയാറാകും” എന്നു തിലകം.]

ന തു മാമിഹ തിഷ്ഠന്തം പശ്യസി ത്വം ഗദാധരം
ധരാധരമിവാകമ്പ്യം പൎവ്വതം ധാതുഭിശ്ചിതം. 22

" ത്വം,	" നീ,	ധരാധരം	ഭൂമിയെ താങ്ങിക്കൊണ്ടിരിക്കുന്നതുമായ
ഗദാധരം	ഗദാപാണിയായി		
ഇഹ	ഇവിടെ	പൎവ്വതം ഇവ	പൎവ്വതത്തെയെന്നപോലെ
തിഷ്ഠന്തം	നില്ക്കുന്ന		
മാം	എന്നെ	അകമ്പ്യം	ഇളക്കുവാൻ കഴിയാത്തവനെന്ന്
ധാതുഭിഃ	ധാതുക്കളാൽ		
ചിതം	പരിലസിക്കുന്നതും	പശ്യസി ന തു.	അറിയുന്നില്ലായിരിക്കാം.

പൎയ്യാപ്തോഽഹം ഗദാപാണിൎഹന്തും പ്രാണാൻ രണേ തവ
ത്രയാണാമപി ലോകാനാം പാശഹസ്ത ഇവാന്തകഃ. 23

" ഗദാപാണിഃ	" ഗദ കയ്യിലേന്തിയിരിക്കുന്നവനായ	ത്രയാണാം ലോകാനാം	മൂന്നുലോകങ്ങളുടേയും
അഹം,	ഞാൻ	തവ അപി	നിന്റേയും
രണേ,	പോരിൽ,	പ്രാണാൻ	പ്രാണങ്ങളെ
പാശഹസ്തഃ	പാശത്തെ കയ്യെക്കൊണ്ട	ഹന്തും	നശിപ്പിക്കുവാൻ
അന്തകഃ ഇവ	യമനെന്നപോലെ	പൎയ്യാപ്തഃ.	മതിയായവനാകുന്നു.

കാമം ബഹ്വപി വക്തവ്യം ത്വയി വക്ഷ്യാമി ന ത്വഹം
അസ്തം ഗച്ഛേദ്ധി സവിതാ യുദ്ധവിഘ്നസ്തതോ ഭവേത്. 24

" ത്വയി	" നിന്നോട്	ഹി	എന്തുകൊണ്ടെന്നാൽ
വക്തവ്യം	പറയുവാനുള്ളത്	സവിതാ	സൂൎയ്യൻ
ബഹു ;	വളരെയധികമുണ്ട് ;	അസ്തം ഗച്ഛേത് ;	അസ്തമിച്ചുകളയും ;
കാമം അപി	എന്നാലും	തതഃ	അങ്ങിനെയായാൽ
തു	ഇപ്പോൾ	യുദ്ധവിഘ്നഃ	യുദ്ധത്തിന്നുമുടക്കവും
അഹം	ഞാൻ	ഭവേത്.	നേരിടും.
വക്ഷ്യാമി ന ;	പറയുന്നില്ല ;		

ചതുൎദ്ദശ സഹസ്രാണി രാക്ഷസാനാം ഹതാനി വൈ
ത്വദ്വിനാശാത് കരിഷ്യാമി തേഷാമാസ്രപ്രമാൎജ്ജനം. 25

" തേഷാം	" ആ	ത്വദ്- വിനാശാത്	നിന്നെ കൊല്ലുന്നതിനാൽ
രാക്ഷസാനാം	രാക്ഷസന്മാരുടെ		
ചതുൎദ്ദശ	പതിന്നാല്	ആസ്ര- പ്രമാൎജ്ജനം	കണ്ണീർ തുടയ്ക്കുക എന്ന കൃത്യത്തെ
സഹസ്രാണി	ആയിരവും		
ഹതാനി വൈ ;	കൊന്നൊടുക്കപ്പെട്ടു ;	കരിഷ്യാമി.	ഞാൻ ചെയ്തുകൊള്ളാം.

[എന്റെ ആൾക്കാരായ പതിന്നാലായിരം പേരെ കൊന്നതിനാലുള്ള ദുഃഖത്തിന്നുള്ള പ്രതിക്രിയ നിന്നെ കൊല്ലുന്നതുതന്നെ, എന്നു ഭാവം.]

തതോ രുധിരധാരാഭിസ്ത്വച്ഛരീരവിമൎദ്ദനാത്
കരിഷ്യാമി ബലിം ഭൂമൌ ത്വാം ഹത്വാ സൎവ്വരക്ഷസാം. 26

"തതഃ,	"ആകയാൽ,	രുധിരധാരാഭിഃ,	രക്തധാരകളെക്കൊണ്ട്
ത്വാം ഹത്വാ	നിന്നെ വധിച്ച്	സർവ്വരക്ഷസാം	എല്ലാരാക്ഷസന്മാർക്കും
ത്വച്ഛരീര-വിമർദ്ദനാത്	നിന്റെ ശരീരത്തെ പിഴിഞ്ഞ് കിട്ടുന്ന	ഭൂമൌ ബലിം കരിഷ്യാമി."	ഭൂമിയിൽ ഞാൻ തർപ്പണത്തെ ചെയ്യുന്നുണ്ട്."

ഇത്യുക്ത്വാ പരമക്രുദ്ധസ്താം ഗദാം പരമാംഗദഃ
ഖരശ്ചിക്ഷേപ രാമായ പ്രദീപ്താമശനീമിവ. 27

പരമാംഗദഃ	ശ്രേഷ്ഠങ്ങളായ തോൾവളകളണിഞ്ഞ	പ്രദീപ്താം	ഉജ്ജ്വലിക്കുന്ന
ഖരഃ,	ഖരൻ,	അശനിം ഇവ,	ഇടിത്തീപോലെയിരിക്കുന്ന,
ഇതി ഉക്ത്വാ,	മേൽപ്രകാരംപറഞ്ഞ്,	താം ഗദാം	ആ ഗദയെ
പരമക്രുദ്ധഃ	ഏററവും ക്രുദ്ധനായി	രാമായ	ശ്രീരാമനുനേരെ
		ചിക്ഷേപ.	എറിഞ്ഞു.

ഖരബാഹുപ്രമുക്താ സാ പ്രദീപ്താ മഹതീ ഗദാ
ഭസ്മ വൃക്ഷാംശ്ച ഗുല്മാംശ്ച കൃത്വാഽഗാത്തത് സമീപതഃ 28

ഖരബാഹു-പ്രമുക്താ	ഖരന്റെ കൈവിട്ട്,	വൃക്ഷാൻ ച	മരങ്ങളേയും
		ഗുല്മാൻ ച	ചെടിപ്പടർപ്പുകളേയും
പ്രദീപ്താ	ഉജ്ജ്വലിക്കുന്ന	ഭസ്മ കൃത്വാ	ഭസ്മീകരിച്ച്,
മഹതീ	വമ്പിച്ച	തത് സമീപതഃ	അദ്ദേഹത്തിന്റെ അടുത്ത്
സാ ഗദാ,	ആ ഗദ,	അഗാത്.	എത്തി.

താമാപതന്തീം ജ്വലിതാം മൃത്യുപാശോപമാം ഗദാം
അന്തരിക്ഷഗതാം രാമശ്ചിച്ഛേദ ബഹുധാ ശരൈഃ. 29

രാമഃ,	ശ്രീരാമൻ,	അന്തരിക്ഷ-ഗതാം	ആകാശദേശത്തിൽ വെച്ചുതന്നെ,
മൃത്യു-പാശോപമാം	കാലപാശത്തിന്നു തുല്യമായി,	ശരൈഃ	ബാണങ്ങൾകൊണ്ട്
ജ്വലിതാം	ഉജ്ജ്വലിച്ചുകൊണ്ട്,	ബഹുധാ	പലതുണ്ടുകളാക്കി
ആപതന്തീം	ആഞ്ഞുവീഴുന്ന		
താം ഗദാം	ആ ഗദയെ	ചിച്ഛേദ.	മുറിച്ചെറിഞ്ഞു.

സാ വിശീർണ്ണാ ശരൈർദ്ദഗ്ദ്ധാ പപാത ധരണീതലേ
ഗദാ മന്ത്രൌഷധബലൈർവ്യാളീവ വിനിപാതിതാ. 30

സാ ഗദാ	ആ ഗദ	ശരൈഃ	ബാണങ്ങളാൽ
മന്ത്രൌഷധ-ബലൈഃ	മന്ത്രം, ഔഷധം എന്നിവയുടെ ശക്തികൊണ്ട്	ദഗ്ദ്ധാ,	ശക്തിയററ്
		വിശീർണ്ണാ,	പൊട്ടിച്ചിതറി,
വിനിപാതിതാ	വീഴ്ത്തപ്പെട്ട	ധരണീതലേ	ഭൂമിയിൽ
വ്യാളീ ഇവ	സർപ്പംപോലെ	പപാത.	വീണു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ഏകോനവിംശഃ സർഗ്ഗഃ = ഇരുപത്തൊമ്പതാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 7702; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 990.

ത്രിംശഃ സൎഗ്ഗഃ = മുപ്പതാംസൎഗ്ഗം.

[ഖരവധഃ = ഖരവധം.]

ഭിത്ത്വാ തു താം ഗദാം ബാണൈർ രാഘവോ ധൎമ്മവത്സലഃ
സ്മയമാനഃ ഖരം വാക്യം സംരബ്ധമിദമബ്രവീത്. 1

ധൎമ്മവത്സലഃ	ധൎമ്മതല്പരനായ	സംരബ്ധം	കോപാവിഷ്ടനായ
രാഘവഃ,	ശ്രീരാഘവൻ,	ഖരം	ഖരനെനോക്കി
താം ഗദാം	ആ ഗദയെ	സ്മയമാനഃ	പരിഹാസമായി
ബാണൈഃ	ബാണങ്ങളാൽ	ഇദം വാക്യം	ഈ വാക്യത്തെ
ഭിത്ത്വാ തു,	മുറിച്ചുശേഷം	അബ്രവീത്.	അരുളിചെയ്തു.

ഏതത്തേ ബലസൎവ്വസ്വം ദൎശിതം രാക്ഷസാധമ
ശക്തിഹീനതരോ മത്തോ വൃഥാ ത്വമവഗൎജ്ജസി. 2

"രാക്ഷസാധമ!	"ദുഷ്ടരാക്ഷസ!	ശക്തിഹീനതരഃ	എത്രയോ ബലഹീനനായ
തേ	നിന്റെ	ത്വം	നീ
ബലസൎവ്വസ്വം	ബലം മുഴുവനും	വൃഥാ	വെറുതെ
ഏതത്	ഇതാ	അവഗൎജ്ജസി.	ഗൎജ്ജിച്ചു് കണ്ഠക്ഷോഭം ചെയ്യുന്നു.
ദൎശിതം;	കാണിക്കപ്പെട്ടുകഴിഞ്ഞു;		
മത്തഃ	എന്നേക്കാൾ		

ഏഷാ ബാണവിനിൎഭിന്നാ ഗദാ ഭൂമിതലം ഗതാ
അഭിധാനപ്രഗല്ഭസ്യ തവ പ്രത്യയഘാതിനീ. 3

"ബാണവിനിൎഭിന്നാ	"ബാണങ്ങളാൽ പൊടിപെടുത്തപ്പെട്ട	തവ	നിന്റെ
ഏഷാ ഗദാ,	ഈ ഗദ,	പ്രത്യയഘാതിനീ	ധൈൎയ്യത്തെയുംതകൎത്തു
അഭിധാനപ്രഗല്ഭസ്യ	വീമ്പുപറയുവാൻ സമൎത്ഥനായ	ഭൂമിതലം	നിലത്തു്
		ഗതാ.	വീണുപോയി.

യത്ത്വയോക്തം വിനഷ്ടാനാമിദമാസ്രുപ്രമാൎജ്ജനം
രാക്ഷസാനാം കരോമീതി മിഥ്യാ തദപി തേ വചഃ. 4

"'വിനഷ്ടാനാം	"'മൃതിപ്പെട്ട	ഇതി	എന്ന
രാക്ഷസാനാം	രാക്ഷസന്മാരെക്കുറിച്ചുണ്ടായ	യത് വചഃ,	യാതൊരു വീരവാദം
ഇദം	ഈ	ത്വയാ	നിന്നാൽ
അസ്രുപ്രമാൎജ്ജനം	കണ്ണുനീർ തുടച്ചുകളയുക എന്നകൃത്യത്തെ	ഉക്തം,	പറയപ്പെട്ടുവോ,
കരോമി,'	ഞാൻ ചെയ്യുന്നുണ്ടു്,'	തേ തത് അപി,	നിന്റെ ആ വാക്കും
		മിഥ്യാ.	വ്യൎത്ഥംതന്നെ.

നീചസ്യ ക്ഷുദ്രശീലസ്യ മിത്ഥ്യാവൃത്തസ്യ രക്ഷസഃ
പ്രാണാനപഹരിഷ്യാമി ഗരുത്മാനമൃതം യഥാ. 5

"നീചസ്യ	"നീചനും	പ്രാണാൻ	പ്രാണങ്ങളെ,
ക്ഷുദ്രശീലസ്യ	ദുഃസ്വഭാവിയും	ഗരുത്മാൻ	ഗരുഡൻ [ലെ,
മിത്ഥ്യാവൃത്തസ്യ	ദുർവൃത്തനുമായ	അമൃതം യഥാ	അമൃതത്തെ എന്നപോ-
രക്ഷസഃ	രാക്ഷസനായ നിന്റെ,	അപഹരിഷ്യാമി.	ഞാൻ കവൎന്നെടുക്കും.

അദ്യ തേ ഭിന്നകണ്ഠസ്യ ഫേനബുദ്ബുദഭൂഷിതം
വിദാരിതസ്യ മദ്ബാണൈൎമ്മഹീ പാസ്യതി ശോണിതം. 6

"മദ്ബാണൈഃ	"എന്റെ ബാണങ്ങളാൽ	ഫേനബുദ്ബുദഭൂഷിതം	നുരയോടും പതയോടും കൂടിയ
ഭിന്നകണ്ഠസ്യ	കഴുത്തറുക്കപ്പെട്ട്	ശോണിതം,	രക്തത്തെ,
വിദാരിതസ്യ	പിളക്കപ്പെട്ട	മഹീ അദ്യ പാസ്യതി.	ഭൂമി ഇതാ പാനം ചെയ്യാൻ പോകുന്നു.
തേ	നിന്റെ		

പാംസുരൂഷിതസൎവ്വാംഗഃ സ്രസ്തന്യസ്തഭുജദ്വയഃ
സ്വപ്സ്യസേ ഗാം സമാലിംഗ്യ ദുൎല്ലഭാം പ്രമദാമിവ. 7

"പാംസുരൂഷിതസൎവ്വാംഗഃ	"പൊടിപുരണ്ട അവയവങ്ങളോടുകൂടിയവനായി	ദുൎല്ലഭാം	കഷ്ടപ്പെട്ടുലഭിച്ചവളായ
സ്രസ്തന്യസ്തഭുജദ്വയഃ,	കുഴഞ്ഞുവീണതുപോലെതന്നെ കിടക്കുന്ന ഇരുകൈകളോടുകൂടിയവനായി	പ്രമദാം ഇവ	ഒരു സുന്ദരിയെയെന്ന [പോലെ
		ഗാം	ഭൂമിയെ
		സമാലിംഗ്യ	ആശ്ലേഷിച്ചുകൊണ്ടു
		സ്വപ്സ്യസേ.	നീ നിദ്രചെയ്യുവാൻ പോകുന്നു.

പ്രവൃദ്ധനിദ്രേ ശയിതേ ത്വയി രാക്ഷസപാംസനേ
ഭവിഷ്യന്ത്യശരണ്യാനാം ശരണ്യാ ദണ്ഡകാ ഇമേ. 8

"രാക്ഷസപാംസനേ	"നീചരാക്ഷസനായ	ഇമേ ദണ്ഡകാഃ	ഈ ദണ്ഡകാവനപ്രദേശങ്ങൾ,
ത്വയി	നീ	അശരണ്യാനാം	രക്ഷയില്ലാതിരിക്കുന്നവൎക്കു
പ്രവൃദ്ധനിദ്രേ ശയിതേ	ദീൎഘനിദ്രയിൽ ആണ്ടു പോകുന്നകാരണം	ശരണ്യാഃ ഭവിഷ്യന്തി.	സുഖമായ വാസസ്ഥാനങ്ങളായിത്തീരുന്നതാണു.

ജനസ്ഥാനേ ഹതസ്ഥാനേ തവ രാക്ഷസ മച്ഛരൈഃ
നിൎഭയാ വിചരിഷ്യന്തി സൎവ്വതോ മുനയോ വനേ. 9

"രാക്ഷസ!	"രാക്ഷസ!	സൎവ്വതഃ,	എങ്ങും,
തവ	നിന്റെ	മുനയഃ	മുനിമാർ,
ഹതസ്ഥാനേ	കൊലക്കളമായ്	മച്ഛരൈഃ	എന്റെ ബാണങ്ങളുടെ വൈഭവത്താൽ
വനേ	വിജനപ്രദേശമാക്കപ്പെട്ട	നിൎഭയാഃ	നിൎഭയന്മാരായി
ജനസ്ഥാനേ	ജനസ്ഥാനത്തിൽ	വിചരിഷ്യന്തി.	സഞ്ചരിക്കും.

അദ്യ വിപ്രസരിഷ്യന്തി രാക്ഷസ്യോ ഹതബാന്ധവാഃ
ബാഷ്പാർദ്രവദനാ ദീനാ ഭയാദന്യഭയാവഹാഃ. 10

"അന്യഭയാവഹാഃ	"മററുള്ളവൎക്ക് ഭയത്തെ ഉളവാക്കുന്ന	ബാഷ്പാർദ്രവദനാഃ	കണ്ണുനീരിനാൽ നനഞ്ഞ മുഖങ്ങളോടുകൂടി
രാക്ഷസ്യഃ	രാക്ഷസികൾ	ദീനാഃ,	ദീനകളായി [യവരായി
അദ്യ	ഇപ്പോൾ	ഭയാത്	ഭയത്താൽ
ഹതബാന്ധവാഃ	ബന്ധുക്കൾനശിച്ചവരായി	വിപ്രസരിഷ്യന്തി.	ഓടിപ്പോകും.

അദ്യ ശോകരസജ്ഞാസ്താ ഭവിഷ്യന്തി നിശാചര
അനുരൂപകുലാഃ പത്ന്യോ യാസാം ത്വം പതിരീദൃശഃ. 11

"നിശാചര!	"രാത്രിഞ്ചര!	അനുരൂപകുലാഃ	തുല്യകുലജാതമാരായ
യാസാം	യാതൊരുവൎക്ക്	പത്ന്യഃ,	നിന്റെ പത്നിമാർ
പതിഃ	രക്ഷകനായ	അദ്യ	ഇപ്പോൾ
ത്വം	നീ	ശോകരസജ്ഞാഃ	ശോകരസം ഇന്നതെന്നറിയുന്നവരായി
ഈദൃശഃ,	ഇപ്രകാരം ചത്തുകിട [ക്കുമ്പോൾ		
താഃ	ആ	ഭവിഷ്യന്തി.	തീരും.

["ഈദൃശഃ" (ഇപ്രകാരം ദുഷ്ടനായ) എന്നും; നിന്റെ പത്നിമാരും, നിന്നെപ്പോലെതന്നെ ദുഷ്ടകുലത്തിൽ ജനിച്ച ദുഷ്ടസ്വഭാവകളാകയാൽ, ദുഃഖിപ്പാനിടവരും, എന്നു സാരം.]

നൃശംസ നീച ക്ഷുദ്രാത്മൻ നിത്യം ബ്രാഹ്മണകണ്ടക
യത്കൃതേ ശങ്കിതൈരഗ്നൌ മുനിഭിഃ പാത്യതേ ഹവിഃ. 12

"നൃശംസ!	"ദുഷ്ട!	യത്കൃതേ	നീ കാരണമായി
നീച!	നീച!	ശങ്കിതൈഃ	ഭയന്നവരായ
നിത്യം	എല്ലായ്പോഴും	മുനിഭിഃ	മുനീശ്വരന്മാരാലാണ്
ബ്രാഹ്മണകണ്ടക!	ബ്രാഹ്മണരെ ഉപദ്രവിക്കുന്ന	ഹവിഃ	ഹവിസ്സെന്നതു്
		അഗ്നൌ	അഗ്നിയിൽ
ക്ഷുദ്രാത്മൻ!	പാപിഷ്ഠ!	പാത്യതേ."	ഹോമിക്കപ്പെടുന്നതു്."

['നിന്നെ പേടിച്ചുംകൊണ്ടാണ് ഋഷിമാർ അഗ്നികാൎയ്യങ്ങളെ ചെയ്തുവന്നിരുന്നത്' എന്ന് ഖരന്റെ ദുഷ്ടതയെപ്പറയുന്നു. ഗോ രാ.)]

തമേവമഭിസംരബ്ധം ബ്രുവാണം രാഘവം രണേ
ഖരോ നിർഭർത്സയാമാസ രോഷാത് ഖരതരസ്വരഃ. 13

രണേ	പോരിൽ	രാഘവം,	ശ്രീരാമനെ നോക്കി,
ഏവം	മേൽപ്രകാരം	ഖരഃ	ഖരൻ
അഭിസംരബ്ധം	അതികഠിനമായി	രോഷാത്	രോഷത്താൽ
ബ്രുവാണം	അധിക്ഷേപിച്ചു	ഖരതരസ്വരഃ	കടുത്ത സ്വരത്തിൽ
തം	ആ	നിർഭർത്സയാമാസ.	പിൻവരുമാറ് നിന്ദിച്ചു.

ദൃഢം ഖല്വവലിപ്തോऽസി ഭയേഷ്വപി ച നിൎഭയഃ
വാച്യാവാച്യം തതോ ഹി ത്വം മൃത്യുവശ്യോ ന ബുദ്ധ്യസേ. 14

"ഭയേഷു അപി	"ആപത്തുകളിലും	തതഃ ഹി	അതുകൊണ്ടുതന്നെയാണ്
നിൎഭയഃ ച	ഭയമില്ലാത്തവനായിത്തന്നെ	ത്വം	നീ
ദൃഢം	ഏററവും	മൃത്യുവശ്യഃ	മൃത്യുമുഖത്തിലിരുന്നിട്ടും
അവലിപ്തഃ അസി,	നീ ഗൎവ്വിഷ്ഠനായിരിക്കുന്നു,	വാച്യാ-വാച്യം	ഇന്നത് പറയാവുന്നത് ഇന്നത് പറവാൻപാടില്ലാത്തത് എന്ന്
ഖലു;	തീൎച്ചതന്നെ;	ന ബുദ്ധ്യസേ.	അറിയാതിരിക്കുന്നതു്.

കാലപാശപരിക്ഷിപ്താ ഭവന്തി പുരുഷാ ഹി യേ
കാൎയ്യാകാൎയ്യം ന ജാനന്തി തേ നിരസ്തഷഡിന്ദ്രിയാഃ. 15

"യേ	"യാതൊരു	നിരസ്ത-ഷഡിന്ദ്രിയാഃ	ആറിന്ദ്രിയങ്ങളും ശക്തിയററവരായി
പുരുഷാഃ	മനുഷ്യന്മാർ		
കാലപാശ-പരിക്ഷിപ്താഃ	കാലപാശത്തിൽ കുടുങ്ങിയവരായി	കാൎയ്യാകാൎയ്യം	ചെയ്യാൻ പാടുള്ളത് ചെയ്യാൻപാടില്ലാത്തത് എന്നിവയെ
ഭവന്തി ഹി	ഭവിച്ചിരിക്കുന്നുവോ		
തേ	അവർ	ന ജാനന്തി."	അറിയുന്നില്ല."

[പഞ്ചേന്ദ്രിയങ്ങളും ബുദ്ധിയും കൂടി ഷഡിന്ദ്രിയങ്ങളാം.]

ഏവമുക്ത്വാ തതോ രാമം സംരുദ്ധ്യ ഭ്രുകുടീം തതഃ
സ ദദൎശ മഹാസാലമവിദൂരേ നിശാചരഃ
രണേ പ്രഹരണസ്യാൎത്ഥേ സൎവ്വതോ ഹ്യവലോകയൻ. 16

സഃ	ആ	ഭ്രുകുടീം	പുരികത്തെ
നിശാചരഃ,	രാത്രിഞ്ചരൻ,	സംരുദ്ധ്യ,	ചുളിച്ചുകൊണ്ടു്
തതഃ	അപ്പോൾ	സൎവ്വതഃ	നാലുഭാഗങ്ങളിലും
രാമം	ശ്രീരാമനെ നോക്കി	അവലോകയൻ,	നോക്കുന്നവനായി,
ഏവം	ഇപ്രകാരം	തതഃ	അവിടെനിന്നും
ഉക്ത്വാ,	പറഞ്ഞ്,	അവിദൂരേ	ദൂരെയല്ലാതെ
രണേ	പോരാടുവാനായി	മഹാസാലം ഹി	ഒരു വലിയ സാലവൃക്ഷത്തെ
പ്രഹരണസ്യ അൎത്ഥേ	ഒരു ആയുധത്തിന്നു വേണ്ടി	ദദൎശ.	കണ്ടു.

സ തമുത്പാടയാമാസ സന്ദശ്യ ദശനച്ഛദം. 17

സഃ	അവൻ	തം	അതിനെ
ദശനച്ഛദം സന്ദശ്യ	ചുണ്ടുകടിച്ചുകൊണ്ടു്	ഉത്പാടയാമാസ.	പുഴക്കിയെടുത്തു.

തം സമുത്ക്ഷിപ്യ ബാഹുഭ്യാം വിനർദ്ദിത്വാ മഹാബലഃ
രാമമുദ്ദിശ്യ ചിക്ഷേപ ഹതസ്ത്വമിതി ചാബ്രവീത്. 18

മഹാബലഃ,	മഹാബലശാലിയായ അവൻ,	രാമം ഉദ്ദിശ്യ	രാമനെ ലക്ഷ്യമാക്കി
		ചിക്ഷേപ ;	വീശിയെറിഞ്ഞു ;
തം	അതിനെ	'ത്വം	'നീ
ബാഹുഭ്യാം	ഇരു കൈകളാലും	ഹതഃ ച,'	ഇതോടെ തുലഞ്ഞു"
സമുത്ക്ഷിപ്യ,	എടുത്തോങ്ങി,	ഇതി	എന്നും
വിനർദ്ദിത്വാ,	ആർത്തുകൊണ്ടു്,	അബ്രവീത്.	ഗർജ്ജിച്ചു.

തമാപതന്തം ബാണൌഘൈശ്ഛിത്വാ രാമഃ പ്രതാപവാൻ
രോഷമാഹാരയത്തീവ്രം നിഹന്തും സമരേ ഖരം. 19

പ്രതാപവാൻ	സാമർത്ഥ്യശാലിയായ	സമരേ	പോരിൽ
രാമഃ,	ശ്രീരാമൻ,	ഖരം	ഖരനെ
ആപതന്തം	നേർക്കുവരുന്ന	നിഹന്തും	വധിക്കുന്നതിന്നായി
തം	അതിനെ	തീവ്രം	ഉഗ്രമായ
ബാണൌഘൈഃ	ശരജാലങ്ങളാൽ	രോഷം	കോപത്തെ
ഛിത്വാ,	മുറിച്ചുകളഞ്ഞ്,	ആഹാരയത്.	കൈക്കൊണ്ടു.

ജാതസ്വേദസ്തതോ രാമോ രോഷാദ്രക്താന്തലോചനഃ
തം ബിഭേദ സഹസ്രേണ ബാണാനാം സമരേ ഖരം. 20

തതഃ	അനന്തരം	ബാണാനാം	ബാണങ്ങൾ
രാമഃ	ശ്രീരാമൻ	സഹസ്രേണ,	ആയിരമെടുത്ത്,
രോഷാത്	കോപത്താൽ	സമരേ	യുദ്ധത്തിൽ
ജാതസ്വേദഃ,	വിയർപ്പു പൊടിഞ്ഞ്,	തം ഖരം	ആ ഖരനെ
രക്താന്തലോചനഃ,	കടക്കൺ ചുവന്നവനായി,	ബിഭേദ.	കീറി.

തസ്യ ബാണാന്തരാദ്രക്തം ബഹു സുസ്രാവ ഫേനിലം
ഗിരേഃ പ്രസ്രവണസ്യേവ തോയധാരാപരിസ്രവഃ. 21

തസ്യ	അദ്ദേഹത്തിന്റെ	പ്രസ്രവണസ്യ	ചോലയിൽ നിന്നു
ബാണാന്തരാത്,	ബാണങ്ങളേററ ഭാഗങ്ങളിൽ നിന്ന്,	തോയധാരാപരിസ്രവഃ	ജലധാര പെരുകുന്നതു
ഫേനിലം	നുരയോടു കൂടിയ	ഇവ,	പോലെ,
രക്തം,	രക്തം,	ബഹു	വളരെയധികം
ഗിരേഃ	മലയിലുള്ള	സുസ്രാവ.	പെരുകി.

വിഹ്വലഃ സ കൃതോ ബാണൈഃ ഖരോ രാമേണ സംയുഗേ
മത്തോ രുധിരഗന്ധേന തമേവാഭ്യദ്രവദ്ദ്രുതം. 22

ഖരഃ	ഖരൻ	രുധിരഗന്ധേന	രക്തത്തിന്റെ മണം കേട്ടു്
സംയുഗേ	സമരത്തിൽ	മത്തഃ,	വെറിപിടിച്ചവനായി
രാമേണ	ശ്രീരാഘവനാൽ	തം ഏവ	അദ്ദേഹത്തിന്റെ നേൎക്കായി
ബാണൈഃ	ബാണങ്ങൾകൊണ്ടു്	ദ്രുതം	അതിവേഗതയോടെ
വിഫലഃ	ഉള്ളംകലങ്ങിയവ[നായി]	അഭ്യദ്രവത്.	പാഞ്ഞെടുത്തു.
കൃതഃ ;	തീൎന്നു ;		
സഃ	അവൻ		

തമാപതന്തം സംരബ്ധം കൃതാസ്ത്രോ രുധിരാപ്ലുതം
അപാസൎപ്പത് പ്രതിപദം കിഞ്ചിത് ത്വരിതവിക്രമഃ. 23

ത്വരിതവിക്രമഃ	തീക്ഷ്ണപരാക്രമിയും	ആപതന്തം	അടുക്കുന്ന
കൃതാസ്ത്രഃ,	അസ്ത്രവിദഗ്ദ്ധനുമായ അദ്ദേഹം,	തം	അവങ്കൽനിന്നു്
രുധിരാപ്ലുതം	രക്തംപുരണ്ടു്	പ്രതിപദം	വിലങ്ങത്തിൽ
സംരബ്ധം	വെറികൊണ്ടു്	കിഞ്ചിത്	അല്പം
		അപാസൎപ്പത്.	വിട്ടുമാറി,

["പ്രതിപദം തം" (അസ്ത്രപ്രയോഗത്തിന്നു തടസ്ഥമായി അടുത്തെത്തിയ), എന്നും; ഗോ. രാ; "ത്വരിതവിക്രമഃ" ത്വരിതമായ പദവിന്യാസത്തോടുകൂടിയവനായി, എന്നും ; ഖരനെ വിട്ടൊഴിവാനല്ലതിന്നു്, 'സംരബ്ധം ആപതന്തം', 'രുധിരാപ്ലുതം', എന്നും; രണ്ടു കാരണങ്ങൾ പറയപ്പെടുന്നു. വില്ലു വലിച്ചു് ബാണം എയ്യുന്നതിന്നും, ചോര തന്റെ ദേഹത്തിലാകാതിരിപ്പാനും എന്നു് (ഗോ. രാ. തീ.); രാമൻ പിൻമാറിയത് വീരന്മാൎക്കുചിതമല്ലെന്നു്, ഉത്തരരാമചരിത നാടകത്തിൽ ചന്ദ്രകേതുവിനോടു് ലവൻ അധിക്ഷേപിക്കുന്നു "യാനി ത്രീണ്യപരാങ്മുഖാന്യപി പദാന്യാസൻ ഖരായോധനം." നിവൃത്തിയില്ലാത്ത ഘട്ടങ്ങളിൽ ഇങ്ങിനെ ചെയ്യുന്നത് സുഭടന്മാൎക്കു് സമ്മതമാണെന്നു വേദാന്തദേശികാചാൎയ്യമതം.]

തതഃ പാവകസങ്കാശം വധായ സമരേ ശരം
ഖരസ്യ രാമോ ജഗ്രാഹ ബ്രഹ്മദണ്ഡമിവാപരം. 24

തതഃ	ഉടനെ	ബ്രഹ്മദണ്ഡം	ബ്രഹ്മദണ്ഡത്തെ
രാമഃ	ശ്രീരാമൻ	ഇവ	പോലെയിരിക്കുന്നതും
സമരേ	പോരിൽ	പാവകസങ്കാശം	അഗ്നിക്കു് തുല്യമായതുമായ
ഖരസ്യ	ഖരന്റെ	ശരം	ഒരു ബാണത്തെ
വധായ	വധത്തിന്നായി	ജഗ്രാഹ.	കയ്യിലെടുത്തു.
അപരം	മറെറാരു		

സ തം ദത്തം മഘവതാ സുരരാജേന ധീമതാ
സന്ദധേ ചാപി ധൎമ്മാത്മാ മുമോച ച ഖരം പ്രതി. 25

ധൎമ്മാത്മാ	ധൎമ്മാത്മാവായ	ദത്തം	നൽകപ്പെട്ട
സഃ	അദ്ദേഹം	തം	അതിനെ
ധീമതാ,	അഭിപ്രായത്തെ ഗ്രഹിക്കുന്നവനും,	സന്ദധേ;	തൊടുത്തു ;
സുരരാജേന	ദേവരാജാവുമായ	അപി ച	ഉടൻതന്നെ
മഘവതാ	ഇന്ദ്രനാൽ	ഖരം പ്രതി	ഖരന്നുനേരെ
		മുമോച ച.	എയ്യുകയും ചെയ്തു.

സ വിമുക്തോ മഹാബാണോ നിർഘാതസമനിസ്വനഃ
രാമേണ ധനുരായമ്യ ഖരസ്യോരസി ചാപതത്. 26

രാമേണ,	ശ്രീരാമനാൽ,	നിർഘാതസമ- നിസ്വനഃ ച	ഇടിപോലെ മുഴങ്ങി ക്കൊണ്ട്
ധനുഃ ആയമ്യ	വില്ലു വലിച്ച്	ഖരസ്യ	ഖരന്റെ
വിമുക്തഃ	എയ്യപ്പെട്ടതായ	ഉരസി	വക്ഷസ്സിൽ
സഃ	ആ	അപതത്.	പതിച്ചു.
മഹാബാണഃ,	ഉത്തമബാണം,		

സ പപാത ഖരോ ഭൂമൌ ദഹ്യമാനഃ ശരാഗ്നിനാ
രുദ്രേണേവ വിനിർദ്ദഗ്ധഃ ശ്വേതാരണ്യേ യഥാന്തകഃ. 27

ശരാഗ്നിനാ	ശരാഗ്നിയാൽ	വിനിർദ്ദഗ്ധഃ	ദഹിപ്പിക്കപ്പെട്ട
ദഹ്യമാനഃ	ദഹിക്കുന്നവനായ	അന്തകഃ	അന്തകൻ
സഃ ഖരഃ,	ആ ഖരൻ,	യഥാ ഇവ,	എന്നപോലെ,
രുദ്രേണ	ശ്രീരുദ്രഭഗവാനാൽ	ഭൂമൌ	ഭൂമിയിൽ
ശ്വേതാരണ്യേ	ശ്വേതാരണ്യത്തിൽ	പപാത.	വീണു.

["ശ്വേതാരണ്യം" കാവേരീതീരത്തിൽ, സമുദ്രസംഗമസ്ഥലത്തിന്നടുത്തുള്ള പ്രദേശമാകുന്നു. അവിടെ മാർക്കണ്ഡേയനെ രക്ഷിപ്പാൻ അന്തകനെ ശിവൻ വധിച്ചതായി സ്ഥലപുരാണത്തിൽ പറയുന്നു എന്ന് (തിലകം). പരമശൈവനായ ശ്വേതൻ എന്ന രാജർഷി കാളഞ്ജരപർവ്വതത്തിൽ തപസ്സുചെയ്യുന്നസമയം മാരണത്തിന്നായി എത്തിയ യമനെ പരമശിവൻ വാമപാദപ്രഹരത്താൽ വധിച്ചു എന്ന് കൂർമ്മപുരാണം ഉത്തരഖണ്ഡം 36-ാം അദ്ധ്യായത്തിൽ പറയുന്നു. (തിലകം).]

സ വൃത്ര ഇവ വജ്രേണ ഫേനേന നമുചിര്യഥാ
ബലോ വേന്ദ്രാശനിഹതോ നിപപാത ഹതഃ ഖരഃ. 28

വജ്രേണ	വജ്രായുധത്താൽ	ഇന്ദ്രാശനിഹതഃ	ഇടിയാൽ നശിച്ച
വൃത്രഃ ഇവ,	വൃത്രനെന്നപോലെയും,	ബലഃ വാ,	വലാസുരനെന്നപോ ലേയും,
ഫേനേന	നുരയാൽ	സഃ ഖരഃ	ആ ഖരൻ
നമുചിഃ യഥാ,	നമുചിയെന്ന പോലെ യും,	ഹതഃ	ജീവനററ്
		നിപപാത.	പതിച്ചു.

[ഇന്ദ്രന്റെ ശത്രുവായി ത്വഷ്ടൃപ്രജാപതിയാൽ അഗ്നിയിൽനിന്ന് സൃഷ്ടിക്കപ്പെട്ടവനാകുന്നു വൃത്രാസുരൻ. (ഭാരതം ഉദ്യോഗപർവ്വം IX. ഭാഗവതം VI 9) 'നമുചി' ദനുവിന്റെ പുത്രനായ അസുരനാകുന്നു. ഇന്ദ്രൻ നമുചിയെ നുരകൊണ്ട് വധിക്കുന്നു (ശല്യപർവ്വം 44.) "നിഷ്ഫലമാകാതിരിക്കുക, നിഷ്പ്രയാസപ്രയോഗം, വേരുകൊണ്ടുമാത്രമുള്ള രൌദ്രത," എന്നിവയെ ഈ മൂന്നു ഉദാഹരണങ്ങളും കാണിക്കുന്നു, എന്ന് ഗൊ. രാ.]

തതോ രാജർഷയഃ സർവ്വേ സംഗതാഃ പരമർഷയഃ
സഭാജ്യ മുദിതാ രാമമിദം വചനമബ്രുവൻ. 29

തതഃ	അപ്പോൾ	മുദിതാഃ	സംഹൃഷ്ടരായി
രാജർഷയഃ	രാജർഷികളും	രാമം	ശ്രീരാമനെ
പരമർഷയഃ	മഹർഷിമാരും	സഭാജ്യ	ബഹുമാനിച്ചുകൊണ്ട്
സർവ്വേ	എല്ലാവരും	ഇദം വചനം	ഇങ്ങിനെ
സംഗതാഃ,	ഒരുമിച്ചു കൂടി,	അബ്രുവൻ.	പുകഴ്ത്തി.

देवताओंके द्वारा भगवान् श्रीरामकी स्तुति



बरषि सुमन कह देवसमाजू । नाथ सनाथ भये हम आजू ॥

THE GITA PRESS, GORAKHPUR.

ഏതദൎത്ഥം മഹാതേജാ മഹേന്ദ്രഃ പാകശാസനഃ
ശരഭംഗാശ്രമം പുണ്യമാജഗാമ പുരന്ദരഃ. 30

"മഹാതേജാഃ	"മഹാതേജസ്സിയും	ഏതദൎത്ഥം	ഇതിന്നുവേണ്ടിത്തന്നെയാണ്,
പാകശാസനഃ	പാകാരിയും	പുണ്യം	പരിശുദ്ധമായ
പുരന്ദരഃ	അസുരന്മാരുടെ പുരിയെ ഭേദിച്ചവനുമായ	ശരഭംഗാശ്രമം	ശരഭംഗാശ്രമത്തിലേക്ക്
മഹേന്ദ്രഃ,	ദേവേന്ദ്രൻ,	ആജഗാമ.	വന്നിരുന്നത്.

ആനീതസ്ത്വമിമം ദേശമുപായേന മഹൎഷിഭിഃ
ഏഷാം വധാൎത്ഥം ക്രൂരാണാം രക്ഷസാം പാപകൎമ്മണാം. 31

"ഏഷാം	"ഈ	ഇമം	ഈ
ക്രൂരാണാം	ക്രൂരന്മാരും	ദേശം	സ്ഥലത്തിലേക്ക്
പാപകൎമ്മണാം	ദുഷ്കൎമ്മംചെയ്യുന്നവരുമായ	മഹൎഷിഭി	മഹൎഷികളാൽ
		ഉപായേന	സൂത്രത്തിൽ
രക്ഷസാം	രാക്ഷസന്മാരുടെ	ത്വം	ഭവാൻ
വധാൎത്ഥം,	വധത്തിന്നുവേണ്ടിത്തന്നെയാണ്	ആനീതഃ.	കൂട്ടിക്കൊണ്ടുവരപ്പെട്ടത്.

തദിദം നഃ കൃതം കാൎയ്യം ത്വയാ ദശരഥാത്മജ
സുഖം ധൎമ്മം ചരിഷ്യന്തി ദണ്ഡകേഷു മഹൎഷയഃ. 32

"ദശരഥാത്മജ!	"ദാശരഥേ!	മഹൎഷയഃ	മഹൎഷികൾ
നഃ	ഞങ്ങളുടെ	ധൎമ്മം	ധൎമ്മനിഷ്ഠയോടെ
ഇദം കാൎയ്യം	ഈ കാൎയ്യം	ദണ്ഡകേഷു	ദണ്ഡകാവനങ്ങളിൽ
ത്വയാ	ഭവാനാൽ	സുഖം	നിൎഭയരായി
കൃതം;	ചെയ്യുതീൎക്കപ്പെട്ടു;	ചരിഷ്യന്തി."	കാലംകഴിക്കും."
തത്	അതിനാൽ		

ഏതസ്മിന്നന്തരേ ദേവാശ്ചാരണൈഃ സഹ സംഗതാഃ
ദുന്ദുഭീംശ്ചാഭിനിഘ്നന്തഃ പുഷ്പവൎഷം സമന്തതഃ
രാമസ്യോപരി സംഹൃഷ്ടാ വവൃഷുൎവ്വിസ്മിതാസ്തദാ. 33

ഏതസ്മിൻ അന്തരേ	ഈ സന്ദൎഭത്തിൽ	രാമസ്യ	ശ്രീരാമന്റെ
		ഉപരി	മേൽ,
ദേവാഃ	ദേവന്മാർ	സമന്തതഃ	ചുററുനിന്നും
സംഹൃഷ്ടാഃ,	സന്തുഷ്ടരായി,	പുഷ്പവൎഷം	പുഷ്പവൃഷ്ടിയെ
ചാരണൈഃ സഹ	ചാരണരോടുംകൂടി	വവൃഷുഃ;	വൎഷിച്ചു;
സംഗതാഃ	ഒരുമിച്ച്	തദാ	ആ സമയം
ദുന്ദുഭീൻ	ദുന്ദുഭിവാദ്യങ്ങളെ	വിസ്മിതാഃ ച.	അത്യാശ്ചൎയ്യഭരിതരാകയും ചെയ്തു.
അഭിനിഘ്നന്തഃ,	മുഴക്കിക്കൊണ്ട്,		

അദ്ധ്യാധികമുഹൂൎത്തേന രാമേണ നിശിതൈഃ ശരൈഃ
ചതുൎദ്ദശസഹസ്രാണി രക്ഷസാം ഭീമകൎമ്മണാം. 34
ഖരദൂഷണമുഖ്യാനാം നിഹതാനി മഹാമൃധേ
അഹോ ബത മഹത് കൎമ്മ രാമസ്യ വിദിതാത്മനഃ. 35

"മഹാമൃധേ	"ഈ മഹായുദ്ധത്തിൽ
ഖരദൂഷണ-മുഖ്യാനാം	ഖരനും, ദൂഷണനും മുമ്പായുള്ള
ഭീമകൎമ്മണാം	ഭയങ്കരകൃത്യങ്ങൾ ചെയ്തുവന്നിരുന്നവരായ
രക്ഷസാം	രാക്ഷസന്മാരുടെ
ചതുൎദ്ദശ-സഹസ്രാണി,	പതിനാലായിരം എണ്ണവും,
രാമേണ	ശ്രീരാമനാൽ
നിശിതൈഃ	കൂൎത്തുമൂൎത്തുള്ള
ശരൈഃ,	ബാണങ്ങളാൽ,
അദ്ധ്യാധിക-മുഹൂൎത്തേന	മൂന്നുനാഴികനേരം കൊണ്ടു്
നിഹതാനി;	കൊല്ലപ്പെട്ടു;
വിദിതാത്മനഃ	വിഖ്യാതവീരനായ
രാമസ്യ	ശ്രീരാമന്റെ
കൎമ്മ	ഈ പ്രവൃത്തി
മഹത് അഹോ ബത!	അത്യാശ്ചൎയ്യകരം തന്നെ!

അഹോ വീൎയ്യമഹോ ദാക്ഷ്യം വിഷ്ണോരിവ ഹി ദൃശ്യതേ. 36

"അഹോ വീൎയ്യം!	"എന്തുവീൎയ്യം!
അഹോ ദാക്ഷ്യം!	എന്തുസാമൎത്ഥ്യം!
വിഷ്ണോഃ	വിഷ്ണുവിന്നു്
ഇവ ഹി	തുല്യമായിത്തന്നെ
ദൃശ്യതേ."	ഇരിക്കുന്നു."

ഇത്യേവമുക്ത്വാ തേ സൎവ്വേ യയുൎദ്ദേവാ യഥാഗതം. 37

തേ	ആ
ദേവാഃ	ദേവകൾ
സൎവ്വേ,	എല്ലാവരും,
ഇതി ഏവം	ഇപ്രകാരം
ഉക്ത്വാ,	പ്രശംസിച്ചു ശേഷം,
യഥാഗതം	വന്നവഴിതന്നെ
യയുഃ.	മടങ്ങിപ്പോയി.

ഏതസ്മിന്നന്തരേ വീരോ ലക്ഷ്മണഃ സഹ സീതയാ
ഗിരിദുൎഗ്ഗാദ്വിനിഷ്ക്രമ്യ സംവിവേശാശ്രമം സുഖീ. 38

ഏതസ്മിൻ അന്തരേ	ഇതേ സമയം
വീരഃ	വീരനായ
ലക്ഷ്മണഃ	ലക്ഷ്മണൻ
സീതയാ സഹ	സീതാദേവിയോടുകൂടെ
ഗിരിദുൎഗ്ഗാത്	പൎവ്വതഗുഹയിൽനിന്നും
വിനിഷ്ക്രമ്യ,	പുറത്തുവന്നു്,
സുഖീ	ഉള്ളം കുളിൎത്തവനായി
ആശ്രമം	ആശ്രമത്തിൽ
സംവിവേശ.	പ്രവേശിച്ചു.

തതോ രാമസ്തു വിജയീ പൂജ്യമാനോ മഹൎഷിഭിഃ
പ്രവിവേശാശ്രമം വീരോ ലക്ഷ്മണേനാഭിവാദിതഃ. 39

തതഃ	അപ്പോൾ
വിജയീ	വിജയം സിദ്ധിച്ച
വീരഃ	വീരനായ
രാമഃ തു,	ശ്രീരാഘവനും,
മഹൎഷിഭിഃ	മഹൎഷിമാരാൽ
പൂജ്യമാനഃ,	കൊണ്ടാടപ്പെട്ടവനായി,
ലക്ഷ്മണേന	ലക്ഷ്മണനാൽ
അഭിവാദിതഃ,	നമസ്കരിക്കപ്പെട്ടവനായി,
ആശ്രമം	ആശ്രമത്തിൽ
പ്രവിവേശ.	പ്രവേശിച്ചു.

തം ദൃഷ്ട്വാ ശത്രുഹന്താരം മഹൎഷീണാം സുഖാവഹം
ബഭൂവ ഹൃഷ്ടാ വൈദേഹീ ഭൎത്താരം പരിഷസ്വജേ. 40

വൈദേഹീ	സീതാദേവി	ദൃഷ്ട്വാ	കണ്ടു്
ശത്രുഹന്താരം	ശത്രുക്കളെ നശിപ്പിച്ച്	ഹൃഷ്ടാ	സന്തുഷ്ടഹൃദയയായി
മഹൎഷീണാം	മഹൎഷിമാൎക്കു്	ബഭൂവ;	ഭവിച്ചു;
സുഖാവഹം	സൌഖ്യം നൽകിയ	ഭൎത്താരം	ഭൎത്താവിനെ
തം	അദ്ദേഹത്തെ	പരിഷസ്വജേ.	ആലിംഗനംചെയ്തു.

["തം ദൃഷ്ട്വാ" (അദ്ദേഹത്തെ കണ്ടു്), എന്നതിൽ 'തം' എന്നതിന്നു് പല അൎത്ഥങ്ങളും വ്യംഗ്യമായി പറയപ്പെട്ടിരിക്കുന്നതായി തനിശ്ലോകി, ഗോവിന്ദരാജീയം, തീൎത്ഥീയം, എന്നിത്യാദി വ്യാഖ്യാനങ്ങളിൽ പറയുന്നു.

ഇതിന്നു് മുമ്പൊരിക്കലും മഹായുദ്ധത്തിൽ പോരാടുന്നവനായി കാണാതെ, ഇപ്പോൾ അങ്ങിനെ കാണപ്പെട്ട അദ്ദേഹത്തെ; നിണകണങ്ങൾ പൊടിഞ്ഞവനായി, രോമകൂപങ്ങളിൽ വിയൎപ്പുതുള്ളികളാൎന്നവനായി, കോദണ്ഡകാണ്ഡത്തെ കരത്താൽ അവലംബിച്ചിരിക്കുന്നവനായി, ചൎമ്മത്തെ അല്പം അഴിച്ചവനായി, അല്പം ശ്രാന്തനായിരിക്കുന്ന അദ്ദേഹത്തെ; ജടമുടിധരിച്ച്, മരവുരിക്കച്ച മുറുക്കിക്കെട്ടി, പിന്നിൽ ശരമൊടുങ്ങാത്ത ശരധികളെ ബന്ധിച്ചവനായി, സമരഭൂമിയിൽ പ്രത്യക്ഷമായിരുന്ന കോപാഗ്നിയുടെ ശമനത്തെ വെളിപ്പെടുത്തുന്ന പ്രസന്നതയോടുകൂടി, സീതയും ലക്ഷ്മണനും വരുന്ന മാൎഗ്ഗത്തെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനായി, ഇടയ്ക്കിടെ രാക്ഷസന്മാർ വല്ലവരും ബാക്കിയുള്ളവർ വരുന്നുണ്ടോ എന്നു് നോക്കുന്നവനായ അദ്ദേഹത്തെ; പതിന്നാലായിരം രാക്ഷസന്മാർ ഓരോരുത്തൎക്കും തനിക്കുനേരിട്ടു ഒരു രാമൻ യുദ്ധംചെയ്യുന്നുവോ എന്നു് തോന്നിക്കുമാറു് യുദ്ധംചെയ്തു, ഒന്നര മുഹൂൎത്തത്തിന്നുള്ളിൽ അവർ സൎവ്വരേയും നാമാവശേഷമാക്കിച്ചെയ്തു് തന്റെ അനിതരദൃഷ്ടമായ കരലാഘവത്തേയും ശരവൈഭവത്തേയും പ്രകടമാക്കിയ ലോകൈകവീരനായ അദ്ദേഹത്തെ കണ്ടിട്ടു്;

ദൎശനപ്രകാരത്തെ പറയുന്നു:—"ശത്രുഹന്താരം," ഹനനമാകുന്ന കൎമ്മത്തിൽ കൎത്തൃഭാവം മാത്രമുള്ളവനായി; ബാണഗ്രഹണമോ, ശരസന്ധാനമോ, ശരപ്രയോഗമോ കാണാതെ ഹനനക്രിയമാത്രം മററുള്ളവൎക്കു് കാണ്മാൻതക്കവണ്ണം പോരാടിയിരുന്ന (ഈ വിശേഷണംകൊണ്ടു് ദുഷ്ടനിഗ്രഹം പറയപ്പെടുന്നു,) അദ്ദേഹത്തെ കണ്ടിട്ടു്;

"മഹൎഷീണാം സുഖാവഹം" (എന്നതുകൊണ്ടു് ശിഷ്ടപരിപാലനം പറയപ്പെടുന്നു). മഹൎഷീണാം,—തങ്ങളുടെ തപഃശക്തികൊണ്ടു് രാക്ഷസന്മാരെ ഭസ്മീകരിപ്പാൻ ശക്തരെന്നിരുന്നാലും, രക്ഷകനായ ശ്രീരാമനും രക്ഷ്യന്മാരായ തങ്ങൾക്കും അതാതു ഭാവങ്ങൾക്കു് ഹാനിവരാതിരിക്കത്തക്കവണ്ണം, ശ്രീരാമപ്രതിജ്ഞയെ പ്രതീക്ഷിച്ചു് സ്വരക്ഷണത്തെ കാത്തുകൊണ്ടിരുന്നവരായ മഹൎഷിമാൎക്കു് ശത്രുവധംചെയ്തു് രക്ഷനല്കി വനവാസത്തെ സുഖകരമാക്കിയവനെ കണ്ടിട്ടു്;

"ബഭൂവ," അനേകായിരം രാക്ഷസന്മാരോടുകൂടി ഏകനായി അമർചെയ്യുന്ന നാഥനെ കണ്ടു്, ജീവൻ ഇല്ലാത്തപോലെ വൎത്തിച്ചിരുന്ന സീതാദേവിക്കു്, ഇപ്പോൾ ജീവൻ തിരിച്ചുവന്നു; വിജയിയായ ഭൎത്താവിനെ ഗുഹാന്തൎഭാഗത്തിൽനിന്നു് കണ്ടതിനാലുള്ള സന്തോഷത്താൽ പെട്ടെന്നു് പുറത്തേക്കു് ഓടിവന്നു.

"ഹൃഷ്ടാ", ധൎമ്മിയായിരിക്കുന്ന ജീവന്റെ ആഗമനംകൊണ്ടു്, ധൎമ്മമായിരിക്കുന്ന ഹൎഷവും തിരിച്ചുവന്നവളായി; മനസ്സിലുള്ള ഹൎഷത്തെ വെളിപ്പെടുത്തുന്ന പുളകങ്ങളോടുകൂടിയവളായി;

"വൈദേഹീ" വീരകുലപ്രസൂതയാകയാൽ തന്റെ ഭൎത്തൃവിക്രമപ്രദൎശനത്തിൽ സന്തുഷ്ടയായവൾ;

"ഭൎത്താരം പരിഷസ്വജേ," സൎവ്വലോകമാതാവാകയാൽ സൎവ്വലോകരക്ഷകനായ അദ്ദേഹത്തിന്റെ സൎവ്വസാധുസംരക്ഷണത്തെ കണ്ടതിനാലുള്ള നിരവധികപ്രേമഭാരംമൂലം ആലിംഗനംചെയ്തു; സൎവ്വലോകരുടെ സന്താപസന്തതികളേയും സ്വകടാക്ഷവീക്ഷണമാത്രത്താൽ പരിഹരിക്കുന്നവളായ ദേവി, ശത്രുക്കളുടെ ശസ്ത്രഘാതത്താൽ ദേഹമാസകലം വ്രണപ്പെട്ടതുകൊണ്ടുള്ള വേദനയെ

ശമിപ്പിക്കുവാനോ എന്നു തോന്നുമാറു്, ജീവനാഥനെ “പര്യാപ്തം സസ്വജേ,” മൃദുവായി ആലിംഗനം ചെയ്തു, അഥവാ ദേഹമാസകലം തലോടി.

ശ്രീരാമനെ കൂടാതെ ഗുഹയിൽ വർത്തിച്ചിരുന്നവളായ സീതാദേവി, അതിൽനിന്നു പുറത്തുവന്നു്, സകല ശത്രുക്കളേയും പോക്കിയവനായ ശ്രീരാമനെ ആലിംഗനംചെയ്തു, എന്നതിൽനിന്നു്, ഹൃദയഗുഹാന്തർവ്വർത്തിയായ ജീവാത്മാവു് പാരതന്ത്ര്യം ഹേതുവാൽ, ആചാര്യമുഖേന പരമപുരുഷസ്വരൂപജ്ഞാനത്തെ പ്രാപിച്ചു്, തന്മൂലം കാമക്രോധാദി സകല വിരോധിവർഗ്ഗങ്ങളും നീങ്ങി, ആ ഹൃദയഗുഹയിൽനിന്നു് നിർഗ്ഗമിച്ചു് നിത്യസൂരിനിഷേവിതനായ പരമപുരുഷസമീപ്യാവസ്ഥയെ പ്രാപിച്ചു്, പരമാനന്ദസുഖത്തെ അനുഭവിക്കുന്നു; (ഗോ. രാ.)

“ത്രിശിരസ്സിന്റെ മൂന്നു തലകളും, ആദ്ധ്യാത്മികം, ആധിഭൗതികം, ആധിദൈവികം എന്ന താപത്രയങ്ങളും. ഖരൻ, അഹങ്കാരസ്വരൂപിയായി ദംഭമോഹാസൂയാദി ദുർഗ്ഗുണങ്ങൾക്കു നിദാനവുമാകുന്നു. അഹങ്കാരത്തിന്റെ താമസഗുണം പ്രത്യക്ഷീഭവിച്ചതാകുന്നു ഖരന്റെ ഗദ. ശ്രീരാമനാകുന്ന പരമഗുരു ഉപദേശമാകുന്ന യുദ്ധഭൂമിയിൽ പ്രത്യക്ഷീഭവിച്ചു്, പ്രണവമാകുന്ന ധനുസ്സിൽ ജ്ഞാനമാകുന്ന ശരത്തെ തൊടുത്തു് അഹങ്കാരത്തേയും ദംഭാദി ദുർഗ്ഗുണങ്ങളേയും സംഹരിക്കുന്നു. എന്നു സൂക്ഷ്മാർത്ഥം.”]

മുദാ പരമയാ യുക്താ ദൃഷ്ട്വാ രക്ഷോഗണാൻ ഹതാൻ
രാമം ചൈവാവ്യയം ദൃഷ്ട്വാ തുതോഷ ജനകാത്മജാ. 41

രക്ഷോഗണാൻ	രാക്ഷസഗണങ്ങളെ	രാമം ച	ശ്രീരാമനേയും
ഹതാൻ ദൃഷ്ട്വാ,	നശിപ്പിക്കപ്പെട്ടവരായി	അവ്യയം ഏവ	നിരാമയനായ്ത്തന്നെ
പരമയാ	അത്യധിക [കണ്ടു്,	ദൃഷ്ട്വാ	കണ്ടു്
മുദാ യുക്താ	സന്തുഷ്ടിയാർന്നവളായ	തുതോഷ.	ആനന്ദഭരിതയായ്
ജനകാത്മജാ,	ജനകനന്ദിനി,		ഭവിച്ചു.

തതസ്തു തം രാക്ഷസസംഘമർദ്ദനം
സഭാജ്യമാനം മുദിതൈർമ്മഹർഷിഭിഃ
പുനഃ പരിഷ്വജ്യ ശശിപ്രഭാനനാ
ബഭൂവ ഹൃഷ്ടാ ജനകാത്മജാ തദാ. 42

തതഃ,	അതിൽ പിന്നെ,	മഹർഷിഭിഃ	മുനിവരന്മാരാൽ
തദാ,	ആ സമയം,	സഭാജ്യമാനം	കൊണ്ടാടപ്പെട്ടവനു
ശശിപ്രഭാനനാ	പൂർണ്ണചന്ദ്രാനനയായ	തം	അദ്ദേഹത്തെ [മായ
ജനകാത്മജാ,	ജനകസുത,	പുനഃ തു	വീണ്ടും
രാക്ഷസ-	രാക്ഷസസംഘവിനാ	പരിഷ്വജ്യ,	പുണർന്നു്,
സംഘമർദ്ദനം,	ശകനും,	ഹൃഷ്ടാ	മുദിതയായി
മുദിതൈഃ	സന്തുഷ്ടചിത്തരായ	ബഭൂവ.	ഭവിച്ചു.

[“ശ്രുത്വാ ശ്രീരാമവിജയം പാപബന്ധാത് പ്രമുച്യതേ തഥൈവ ശൃംഖലാബന്ധാദൃണബന്ധാദപിമുച്യതേ ശ്രുത്വാ പുഷ്പവതീനാരീ തനയം വംശവർദ്ധനം ലഭതേ രാഘവേന്ദ്രസ്യ പ്രസാദാത് കീർത്തിവർദ്ധനം” എന്നിങ്ങിനെ സർഗ്ഗപഠനശ്രവണഫലം സ്കാന്ദപുരാണത്തിൽ. (ടീകാശിരോമണി.)]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ

ത്രിംശഃ സർഗ്ഗഃ = മുപ്പതാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ **7744**; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ **1032.**

ഏകത്രിംശഃ സർഗ്ഗഃ = മുപ്പത്തൊന്നാംസർഗ്ഗം.

[രാവണംപ്രതി ഖരവധനിവേദനം=രാവണനോടു് ഖരവധത്തെപ്പററി അറിയിക്കുന്നതു്]

ത്വരമാണസ്തതോ ഗത്വാ ജനസ്ഥാനാദകമ്പനഃ
പ്രവിശ്യ ലങ്കാം വേഗേന രാവണം വാക്യമബ്രവീത്. 1

തതഃ	ആ സമയം	ഗത്വാ	ചെന്നു്
അകമ്പനഃ,	(രാവണചാരനായ) അ	ലങ്കാം പ്രവിശ്യ	ലങ്കയെ പ്രാപിച്ചു്
ത്വരമാണഃ	ബദ്ധപ്പെട്ടു് [കമ്പനൻ,	രാവണം	രാവണനെകണ്ടു്
ജനസ്ഥാനാത്	ജനസ്ഥാനത്തിൽനിന്നു	വാക്യം	ഇപ്രകാരം വാക്യത്തെ
വേഗേന	വേഗത്തിൽ	അബ്രവീത്.	ഉണർത്തി.

[ശരണാഗതിമന്ത്ര വിവരണരൂപമായിരിക്കുന്ന ശ്രീരാമായണത്തിൽ ഇതേവരെ വിവരിച്ചതായ ഗ്രന്ഥസന്ദർഭംകൊണ്ടു്, മന്ത്രത്തിന്റെ ഉത്തരഖണ്ഡാർത്ഥം വിവരിക്കപ്പെട്ടു. മന്ത്രത്തെ അനുഷ്ഠാനം ചെയ്യുന്ന സമയത്തിൽ പ്രഥമഖണ്ഡാർത്ഥത്തിന്നു് മുഖ്യതയും, സ്വരൂപബോധാനുഭവത്തിന്നുശേഷം ഉത്തരാർത്ഥത്തിന്നു പ്രാധാന്യവും ആകുന്നു. ലോകാനുരീത്യാ ഫലാനുഭവത്തിന്നുശേഷം മാത്രമാണല്ലൊ ഒരു വസ്തുവിൽ അതിയായ ആകാംക്ഷ ജനിക്കുന്നതു്. ആകയാൽ ദ്വിതീയാർത്ഥത്തിന്റെ വിവരണമാകുന്നു ഇതുവരെ ചെയ്യപ്പെട്ടിരിക്കുന്നതു്.

അതിൽ, ആദ്യം ബാലകാണ്ഡത്തിൽ പ്രഥമപദത്തിന്നു അർത്ഥഭൂതമായ പുരുഷകാരവുമായുള്ള യോഗം പറയപ്പെട്ടു. അയോദ്ധ്യാകാണ്ഡത്തിൽ ദ്വിതീയപദാർത്ഥഭൂതമായ സൌലഭ്യാദി ഗുണങ്ങൾ പറയപ്പെട്ടു. ആരണ്യകാണ്ഡത്തിൽ ശൂർപ്പണഖയുടെ ആഗമനത്തിന്നു മുമ്പുള്ളതായ ചരിത്രംകൊണ്ടു് ചതുർത്ഥ്യർത്ഥഭൂതമായ കിങ്കരവൃത്തി പറയപ്പെട്ടു. അതുമുതൽ ഖരവധം വരെയുള്ള വൃത്താന്തം കൊണ്ടു് ഒടുവിലത്തെ പദാർത്ഥമാകുന്ന വിരോധിനിവൃത്തി പറയപ്പെട്ടു.

ഇതിന്നുശേഷം മന്ത്രത്തിന്റെ പൂർവ്വഖണ്ഡാർത്ഥമാണു് വിവരിക്കപ്പെടുന്നതു്. അതിൽ ആരണ്യകാണ്ഡത്തിൽ ഇനിയുള്ള ചരിത്രംകൊണ്ടു് വിഭീഷണന്നു സിദ്ധിച്ച പുരുഷകാരസാന്നിദ്ധ്യം പറയപ്പെടുന്നു. കിഷ്കിന്ധാകാണ്ഡത്തിൽ, 'നാരായണ' പദാർത്ഥഭൂതമായ വാത്സല്യം പറയപ്പെടുന്നു. സുന്ദരകാണ്ഡത്തിൽ, "രാമഃ കമലപത്രാക്ഷഃ" ഇത്യാദി വാക്യങ്ങൾകൊണ്ടു് 'ചരണ' ശബ്ദംകൊണ്ടു വിവക്ഷിക്കപ്പെട്ട ദിവ്യമംഗളവിഗ്രഹ വൈശിഷ്ട്യം പറയപ്പെടുന്നു. യുദ്ധകാണ്ഡത്തിൽ ശരണാഗതിയും, ഉത്തരകാണ്ഡത്തിൽ പ്രപത്തിയെ സ്വീകരിച്ച ഭക്തൻ അനുവർത്തിക്കേണ്ടുന്നതായ ചര്യയും പറയപ്പെടുന്നു. ദേവന്മാരുടെ ശരണാഗതിയുടെ ഫലമായു് ചെയ്യേണ്ടതായ രാവണവധത്തിന്നു അംഗമായി, ആനുഷംഗികമായി, മുനിജനശരണാഗതി ഫലത്തെ ആദ്യം സാധിപ്പിച്ചു്, ഇനി ആ രാവണവധ നിമിത്തഭൂതമായ സീതാപഹാരരൂപമായ ബീജവിതരണത്തെ "ത്വരമാണസ്തതോ ഗത്വാ" എന്നിത്യാദികൊണ്ടു് ചെയ്യുന്നു.

"അകമ്പനൻ" രാവണന്റെ ചാരനാകുന്നു. "ത്വരമാണഃ" ശൂർപ്പണഖ രാവണന്റെ അടുത്തു് എത്തുന്നതിന്നും മുമ്പ് എന്നു സാരം.]

ജനസ്ഥാനസ്ഥിതാ രാജൻ രാക്ഷസാ ബഹവോ ഹതാഃ
ഖരശ്ച നിഹതഃ സംഖ്യേ കഥഞ്ചിദഹമാഗതഃ 2

"രാജൻ!	"മഹാരാജാവെ!	സംഖ്യേ	യുദ്ധത്തിൽ
ജനസ്ഥാനസ്ഥിതാഃ	ജനസ്ഥാനത്തിലുണ്ടായിരുന്ന	നിഹതഃ	വധിക്കപ്പെട്ടു;
		അഹം	ഞാൻ
രാക്ഷസാഃ	രാക്ഷസന്മാർ	കഥഞ്ചിത്	കഷ്ടപ്പെട്ടു്
ബഹവഃ ഹതാഃ	പലരും കൊല്ലപ്പെട്ടു;	ആഗതഃ".	ഒരുവിധം ഇവിടെ എത്തിച്ചേർന്നിരിക്കുന്നു.
ഖരഃ ച	ഖരനും		

ഏവമുക്തോ ദശഗ്രീവഃ ക്രുദ്ധഃ സംരക്തലോചനഃ
അകമ്പനമുവാചേദം നിർദ്ദഹന്നിവ ചക്ഷുഷാ. 3

ഏവം	ഇങ്ങിനെ	ചക്ഷുഷാ	കണ്ണുകൾകൊണ്ടു്
ഉക്തഃ	അറിയിക്കപ്പെട്ട	നിർദ്ദഹൻ	ദഹിപ്പിക്കുന്നവൻ
ദശഗ്രീവഃ,	ദശാസ്യൻ,	ഇവ	എന്നപോലെ
സംരക്ത-ലോചനഃ	കൺ ചുവന്നു്	അകമ്പനം	അകമ്പനനെനോക്കി
ക്രുദ്ധഃ	ക്രുദ്ധനായി	ഇദം ഉവാച.	ഇപ്രകാരം പറഞ്ഞു.

കേന രമ്യം ജനസ്ഥാനം ഹതം മമ പരാസുനാ
കോഽദ്യ സർവ്വേഷു ലോകേഷു ഗതിം നാധിഗമിഷ്യതി. 4

" രമ്യം	" രമണീയമായ	അദ്യ	ഇപ്പോൾ,
മമ	എന്റെ	ലോകേഷു	ലോകങ്ങൾ
ജനസ്ഥാനം	ജനസ്ഥാനം,	സർവ്വേഷു	യാതൊന്നിലും,
പരാസുനാ	ആയുസ്സവസാനിച്ച	ഗതിം	ആശ്രയസ്ഥാനം
കേന	എവനൊരുവനാലാണു്	കഃ	ഏവനാണു്
ഹതം ?	നശിപ്പിക്കപ്പെട്ടതു് ?	അധി-ഗമിഷ്യതി ന?	ലഭിക്കാതിരിപ്പാൻ പോകുന്നതു് ?

ന ഹി മേ വിപ്രിയം കൃത്വാ ശക്യം മഘവതാ സുഖം
പ്രാപ്തും വൈശ്രവണേനാപി ന യമേന ന വിഷ്ണുനാ. 5

" ഹി,	" എന്തെന്നാൽ,	ശക്യം ന ;	കഴിയുകയില്ല ;
മേ	എനിക്കു്	വൈശ്രവണേന	കുബേരനാലും
വിപ്രിയം	അനിഷ്ടത്തെ	യമേന	യമനാലും
കൃത്വാ,	ചെയ്തതിൽപിന്നെ	ന;	കഴിയുകയില്ല;
മഘവതാ	ദേവേന്ദ്രനാലും	വിഷ്ണുനാ അപി ന.	വിഷ്ണുവിനാലുംകൂടി സാധിക്കുകയില്ല.
സുഖം പ്രാപ്തും	സുഖമായിരിപ്പാൻ		

കാലസ്യ ചാപ്യഹം കാലോ ദഹേയമപി പാവകം
മൃത്യും മരണധർമ്മേണ സംയോജയിതുമുത്സഹേ. 6

" അഹം ച	" ഞാൻ തന്നെയാണു്	മൃത്യും	ബ്രഹ്മാവിനേയും
കാലസ്യ അപി	കാലന്നും	മരണധർമ്മേണ	മരണാവസ്ഥയോടു്
കാലഃ ;	കാലനായവൻ;	സംയോജയിതും	ചേർപ്പാൻ
പാവകം അപി	അഗ്നിയേയും		
ദഹേയം ;	ഞാൻ ദഹിപ്പിക്കും ;	ഉത്സഹേ.	ഞാൻ ശക്തനായേക്കും.

വാതസ്യ തരസാ വേഗം നിഹന്തുമഹമുത്സഹേ
ദഹേയമപി സംക്രുദ്ധസ്തേജസാഽഽദിത്യപാവകൌ. 7

“ അഹം	“ ഞാൻ
സംക്രുദ്ധഃ,	കോപിച്ചാൽ,
വാതസ്യ	വായുവിന്റെ
വേഗം	ഗതിയേയും
തരസാ	പെട്ടെന്നു
നിഹന്തും	മുടക്കുവാൻ
ഉത്സഹേ ;	മുതിൎന്നേക്കും ;
തേജസാ	തേജസ്സുകൊണ്ട്
ആദിത്യപാവകൌ അപി	സൂൎയ്യനേയും അഗ്നിയേയും ഒന്നിച്ച്
ദഹേയം.”	ദഹിപ്പിച്ചേക്കും.”

തഥാ ക്രുദ്ധം ദശഗ്രീവം കൃതാഞ്ജലിരകമ്പനഃ
ഭയാത് സംദിഗ്ധയാ വാചാ രാവണം യാചതേഽഭയം. 8

അകമ്പനഃ	അകമ്പനൻ
തഥാ ക്രുദ്ധം	ഇപ്രകാരം കുപിതനായ
ദശഗ്രീവം	ദശകണ്ഠനായ
രാവണം,	രാവണനെ നോക്കി,
ഭയാത്	ഭയംകൊണ്ട്
സംദിഗ്ധയാ	ഇടറുന്ന
വാചാ,	വാക്കുകളാൽ,
കൃതാഞ്ജലിഃ	തൊഴുതുകൊണ്ട്
അഭയം	അഭയത്തെ
യാചതേ.	യാചിച്ചു.

ദശഗ്രീവോഽഭയം തസ്മൈ പ്രദദൌ രക്ഷസാം വരഃ
സ വിസ്രബ്ധോഽബ്രവീദ്വാക്യമസന്ദിഗ്ധമകമ്പനഃ. 9

രക്ഷസാം വരഃ	രാക്ഷസശ്രേഷ്ഠനായ
ദശഗ്രീവഃ,	ദശഗ്രീവൻ,
തസ്മൈ	അവന്നു
അഭയം	അഭയത്തെ
പ്രദദൌ;	നൽകി ;
സഃ അകമ്പനഃ	ആ അകമ്പനൻ
വിസ്രബ്ധഃ	ഭയം തീൎന്നവനായി
വാക്യം	ഇപ്രകാരം വാക്യത്തെ,
അസന്ദിഗ്ധം	സ്പഷ്ടമായി
അബ്രവീത്.	ഉണൎത്തിച്ചു.

പുത്രോ ദശരഥസ്യാസ്തി സിംഹസംഹനനോ യുവാ
രാമോ നാമ വൃഷസ്കന്ധോ വൃത്തായതമഹാഭുജഃ. 10
ശ്യാമഃ പൃഥുയശാഃ ശ്രീമാനതുല്യബലവിക്രമഃ
ഹതം തേന ജനസ്ഥാനം ഖരശ്ച സഹദൂഷണഃ. 11

“സിംഹസംഹനനഃ	“സിംഹത്തിന്നുതുല്യമായ ബലമുള്ളവനും
യുവാ	യുവാവും
വൃഷസ്കന്ധഃ	കാളയ്ക്കൊത്ത ചുമലോടുകൂടിയവനും
വൃത്തായതമഹാഭുജഃ	ഉരുണ്ടുനീണ്ട മനോഹരമായ ഭുജങ്ങളുള്ളവനും
ശ്യാമഃ	ശ്യാമളനിറമാൎന്നവനും
പൃഥുയശാഃ	കീൎത്തിശാലിയും
ശ്രീമാൻ	ശ്രീമാനും
അതുല്യബലവിക്രമഃ	നിസ്തുല്യമായ ബലപരാക്രമങ്ങളോടുകൂടിയവനും
ദശരഥസ്യ	ദശരഥന്റെ
പുത്രഃ	സുതനുമായ
രാമഃ നാമ	ശ്രീരാമനെന്ന ഒരുവൻ
അസ്തി ;	ഉണ്ട് ;
തേന	അവനാൽ
ജനസ്ഥാനം	ജനസ്ഥാനം
ഹതം ;	നശിപ്പിക്കപ്പെട്ടു ;
സഹദൂഷണഃ	ദൂഷണനോടുകൂടിയ
ഖരഃ ച.	ഖരനും അപ്രകാരം തന്നെ കൊല്ലപ്പെട്ടു.”

അകമ്പനവചഃ ശ്രുത്വാ രാവണോ രാക്ഷസാധിപഃ
നാഗേന്ദ്ര ഇവ നിശ്വസ്യ ഇദം വചനമബ്രവീത്. 12

രാക്ഷസാധിപഃ	രാക്ഷസരാജാവായ	നാഗേന്ദ്രഃ ഇവ	മഹാസർപ്പമെന്നപോ[ലെ
രാവണഃ	രാവണൻ	നിശ്വസ്യ	ചീറിക്കൊണ്ട്
അകമ്പനവചഃ	അകമ്പനന്റെ വാക്യ[ത്തെ	ഇദം വചനം	ഇങ്ങിനെ
ശ്രുത്വാ	കേട്ട്	അബ്രവീത്.	ചോദിച്ചു.

സ സുരേന്ദ്രേണ സംയുക്തോ രാമഃ സർവ്വാമരൈഃ സഹ
ഉപയാതോ ജനസ്ഥാനം ബ്രൂഹി കച്ചിദകമ്പന. 13

"അകമ്പന!	"അകമ്പന!	സംയുക്തഃ	ഒരുമിച്ച്
സഃ രാമഃ	ആ ശ്രീരാമൻ	ജനസ്ഥാനം	ജനസ്ഥാനത്തിലേക്ക്
സർവ്വാമരൈഃ	ദേവന്മാരെല്ലാവരോടും	ഉപയാതഃ കച്ചിത്?	വന്നിട്ടുണ്ടോ?
സഹ,	കൂടി,		
സുരേന്ദ്രേണ	ദേവേന്ദ്രനോടും	ബ്രൂഹി."	പറയുക."

രാവണസ്യ പുനർവ്വാക്യം നിശമ്യ തദകമ്പനഃ
ആചചക്ഷേ ബലം തസ്യ വിക്രമം ച മഹാത്മനഃ. 14

അകമ്പനഃ,	അകമ്പനൻ,	മഹാത്മനഃ	മഹാത്മാവിന്റെ
രാവണസ്യ	രാവണന്റെ	ബലം	ബലത്തെയും
തത് വാക്യം	ആ ചോദ്യത്തെ	വിക്രമം ച	പരാക്രമത്തെയും
നിശമ്യ,	കേട്ട്,	പുനഃ	വീണ്ടും ഇപ്രകാരം
തസ്യ	ആ	ആചചക്ഷേ.	അറിയിച്ചു.

രാമോ നാമ മഹാതേജാഃ ശ്രേഷ്ഠഃ സർവ്വധനുഷ്മതാം
ദിവ്യാസ്ത്രഗുണസമ്പന്നഃ പുരന്ദരസമോ യുധി. 15

"രാമഃ നാമ	"രാമനെന്നവൻ	ദിവ്യാസ്ത്ര-ഗുണ-സമ്പന്നഃ;	ദിവ്യാസ്ത്രപ്രഭാവത്തോടുകൂടിയവൻ;
മഹാതേജാഃ;	അതിപരാക്രമശാലി;		
സർവ്വധനുഷ്മതാം	എല്ലാവില്ലാളികളിലും വെച്ച്	യുധി	പോരിൽ
ശ്രേഷ്ഠഃ;	ശ്രേഷ്ഠൻ;	പുരന്ദരസമഃ.	ദേവേന്ദ്രനുതുല്യൻ.

തസ്യാനുരൂപോ ബലവാൻ രക്താക്ഷോ ദുന്ദുഭിസ്വനഃ
കനീയാൻ ലക്ഷ്മണോ നാമ ഭ്രാതാ ശശിനിഭാനനഃ. 16

"തസ്യ	"അവന്റെ	രക്താക്ഷഃ;	ചുവന്നനേത്രങ്ങളുള്ളവൻ;
കനീയാൻ	ഇളയ		
ഭ്രാതാ,	സഹോദരൻ,	ദുന്ദുഭി-സ്വനഃ;	ദുന്ദുഭിയുടെ മുഴക്കം പോലെയുള്ള ശബ്ദത്തോടുകൂടിയവൻ;
ലക്ഷ്മണഃ	ലക്ഷ്മണനെന്നു		
നാമ;	പറയുന്നവൻ;		
അനുരൂപഃ	രൂപത്തിന്നൊത്ത	ശശിനിഭാനനഃ.	ചന്ദ്രനുതുല്യമായ വദനമാർന്നവൻ.
ബലവാൻ!	ബലശാലി;		

സ തേന സഹ സംയുക്തഃ പാവകേനാനിലോ യഥാ
ശ്രീമാൻ രാജവരസ്തേന ജനസ്ഥാനം നിപാതിതം. 17

"തേന സഹ,	"അവനോടുകൂടി,	രാജവരഃ	രാജവര്യൻ
പാവകേന	അഗ്നിയോട്	സംയുക്തഃ ;	ചേൎന്നിരിക്കുന്നുണ്ട് ;
അനിലഃ യഥാ,	കാറെറന്നപോലെ,	തേന	അവനാലാണ്
സഃ	ആ	ജനസ്ഥാനം	ജനസ്ഥാനം [ട്ടത്.
ശ്രീമാൻ	ശ്രീമാനായ	നിപാതിതം.	ധ്വംസനം ചെയ്യപ്പെ-

നൈവ ദേവാ മഹാത്മാനോ നാത്ര കാൎയ്യാ വിചാരണാ. 18

"മഹാത്മാനഃ	"കേമന്മാരായ	അത്ര	ഇതിനെപ്പററി
ദേവാഃ	ദേവന്മാർ	വിചാരണാ	ആലോചനതന്നേ
ന ഏവ ;	ആരുംതന്നെയില്ല ;	കാൎയ്യാ ന.	ചെയ്യേണ്ടതില്ല.

ശരാ രാമേണ തൂത്സൃഷ്ടാ രുക്മപുംഖാഃ പതത്രിണഃ
സൎപ്പാഃ പഞ്ചാനനാ ഭൂത്വാ ഭക്ഷയന്തി സ്മ രാക്ഷസാൻ. 19

"രാമേണ തു	"രാമനാൽ	പഞ്ചാനനാഃ	പടം നിവൎത്തിയ
ഉത്സൃഷ്ടാഃ	വിടപ്പെട്ടവയും [യും	സൎപ്പാഃ ഭൂത്വാ,	നാഗങ്ങളായി മാറി,
രുക്മപുംഖാഃ	പൊൻകെട്ടുകളുള്ളവ-	രാക്ഷസാൻ	രാക്ഷസന്മാരെ
പതത്രിണഃ	പക്ഷങ്ങളാന്നവയുമായ	ഭക്ഷയന്തി സ്മ.	ഭക്ഷിച്ചുകളഞ്ഞപോ-
ശരാഃ,	ബാണങ്ങൾ,		ലെ തോന്നുന്നു.

യേന യേന ച ഗച്ഛന്തി രാക്ഷസാ ഭയകൎശിതാഃ
തേന തേന സ്മ പശ്യന്തി രാമമേവാഗ്രതഃ സ്ഥിതം
ഇത്ഥം വിനാശിതം തേന ജനസ്ഥാനം തവാനഘ. 20

"രാക്ഷസാഃ	"രാക്ഷസന്മാർ	പശ്യന്തി സ്മ ;	തോന്നി ;
ഭയകൎശിതാഃ	ഭീതന്മാരായി	അനഘ !	പ്രതിബന്ധങ്ങളെ
യേന യേന	ഏതേതുവഴിയായി		കൂട്ടാക്കാത്തവനെ !
ഗച്ഛന്തി ച	ഓടിപ്പോകുന്നുവോ	തവ	അങ്ങയുടെ
തേന തേന	അവിടങ്ങളിലെല്ലാം	ജനസ്ഥാനം,	ജനസ്ഥാനം,
രാമം ഏവ	രാമനെത്തന്നെ	തേന	അവനാൽ
അഗ്രതഃ	മുൻഭാഗത്തു	ഇത്ഥം	ഇപ്രകാരം
സ്ഥിതം	നില്ക്കുന്നവനായി	വിനാശിതം."	നശിപ്പിക്കപ്പെട്ടു."

["ഭയകൎശിതാഃ", എന്ന വിശേഷണംകൊണ്ട് ഈ തോന്നൽ ഭീതികൊണ്ടുണ്ടായതാണെന്നു വിവക്ഷ. "യേന യേന", ഏതേതു ദിക്കുകളിൽ ചെന്നൊളിപ്പാനായി രാക്ഷസന്മാർ ചെന്നുവോ അവിടെയെല്ലാം, എന്നും (തനിശ്ലോകി.)]

അകമ്പനവചഃ ശ്രുത്വാ രാവണോ വാക്യമബ്രവീത്
ഗമിഷ്യാമി ജനസ്ഥാനം രാമം ഹന്തും സലക്ഷ്മണം. 21

രാവണഃ	രാവണൻ	രാമം	രാമനെ
അകമ്പനവചഃ	അകമ്പനന്റെ വാക്യ[ത്തെ	ഹന്തും	വധിക്കുന്നതിന്നു വേണ്ടി
ശ്രുത്വാ	കേട്ട്		
വാക്യം	ഇങ്ങിനെ	ജനസ്ഥാനം	ജനസ്ഥാനത്തിലേക്കു
അബ്രവീത്;	പറഞ്ഞു;	ഗമിഷ്യാമി."	ഞാൻ പോകുവാൻ പോകുന്നു."
"സലക്ഷ്മണം	"ലക്ഷ്മണനോടുകൂടി		

അഥൈവമുക്തേ വചനേ പ്രോവാചേദമകമ്പനഃ
ശൃണു രാജൻ യഥാവൃത്തം രാമസ്യ ബലപൌരുഷം. 22

അകമ്പനഃ	അകമ്പനൻ	"രാജൻ	"മഹാരാജാവേ!
ഏവം	മേൽപ്രകാരം	രാമസ്യ	രാമന്റെ
വചനേ	വാക്യം	ബലപൌരുഷം	ബലവീൎയ്യങ്ങളെപ്പററി
ഉക്തേ അഥ	പറയപ്പെട്ട ഉടനെ	യഥാവൃത്തം	ഉള്ളപോലെ
ഇദം	ഇപ്രകാരം	ശൃണു.	കേട്ടുകൊണ്ടാലും.
പ്രോവാച;	ഉണൎത്തിച്ചു;		

["യഥാവൃത്തം" (പരമാൎത്ഥഭൂതമായി ഇതിഹാസപുരാണോക്തവൃത്താന്താനുസാരേണ); "ബലം" (പരന്മാരെ ജയിപ്പാനുള്ള സാമൎത്ഥ്യം); "പൌരുഷം" (മഹാപുരുഷകൎമ്മം) തനിശ്ലോകി.]

അസാദ്ധ്യഃ കുപിതോ രാമോ വിക്രമേണ മഹായശാഃ
ആപഗായാഃ സുപൂൎണ്ണായാ വേഗം പരിഹരേച്ഛരൈഃ. 23

"കുപിതഃ	"ക്രുദ്ധനായ	സുപൂൎണ്ണായാഃ	വെള്ളംനിറഞ്ഞൊഴുകുന്ന
രാമഃ,	രാമൻ,		
വിക്രമേണ	പരാക്രമംകൊണ്ട്	ആപഗായാഃ	നദിയുടെ
അസാദ്ധ്യഃ	ജയിക്കപ്പെടുവാൻ കഴിയാത്തവനെന്ന്	വേഗം,	പ്രവാഹത്തെയും,
മഹായശാഃ;	വിഖ്യാതിയാൎന്നവനാകുന്നു;	ശരൈഃ	ശരങ്ങളെക്കൊണ്ട്
		പരിഹരേത്.	തടുത്തുനിൎത്തും.

["വിക്രമേണ മഹായശാഃ" (മൂന്നുലോകങ്ങളേയും കാലടികൊണ്ട് അളന്നു കീൎത്തി സമ്പാദിച്ചവൻ) എന്ന് ത്രിവിക്രമാവതാര സൂചന; "മഹായശാഃ" (വേദപ്രസിദ്ധനായവൻ, എന്നും); "ആപഗായാഃ സുപൂൎണ്ണായാ വേഗം പരിഹരേത്" എന്നതുകൊണ്ട് ഭാവി കൃഷ്ണാവതാരം, അഥവാ കല്പാന്തരകൃഷ്ണാവതാരം സൂചിപ്പിക്കപ്പെടുന്നു. "ഭയാനകാവൎത്തശതാകുലാനദീ മാൎഗ്ഗം ദദൌ സിന്ധുരിവ ശ്രിയഃ പതേഃ" എന്ന ഭാഗവതവചനം കാണ്ക. മത്സ്യാവതാര സൂചന എന്നു പക്ഷാന്തരം, (തനിശ്ലോകി). കാളിന്ദിയെ കലപ്പകൊണ്ടു വലിച്ച ബലരാമാവതാരസൂചനയും ആവാം.]

സതാരാഗ്രഹനക്ഷത്രം നഭശ്ചാപ്യവസാദയേത്
അസൌ രാമസ്തു മജ്ജന്തീം ശ്രീമാനഭ്യുദ്ധരേന്മഹീം. 24

" ശ്രീമാൻ	" കീർത്തിമാനായ
അസൌ	ഈ
രാമഃ തു	രാമനാവട്ടെ
സതാരാ-ഗ്രഹനക്ഷത്രം	അശ്വിന്യാദി നക്ഷത്രങ്ങളും നവഗ്രഹങ്ങളും അടങ്ങിയ
നഭഃ അപി	വിയന്മണ്ഡലത്തെക്കൂടി
അവസാദയേത്;	നിശിപ്പിച്ചേക്കും;
മജ്ജന്തീം	ജലത്തിൽ മുങ്ങിപ്പോ
മഹീം ച	ഭൂഗോളത്തെയും [കുന്ന
അഭ്യുദ്ധരേത്.	എടുത്തുയർത്തി ഉറപ്പിച്ചുനിർത്തും.

[" ശ്രീമാൻ " എന്ന പദംകൊണ്ട്, " അന്യേഷു ചാവതാരേഷു വിഷ്ണോരേഷാനപായിനീ" എന്ന പരാശരവാക്യപ്രകാരം സർവ്വത്ര ലക്ഷ്മീഭഗവതിയുടെ അനുവൃത്തി സൂചിപ്പിക്കപ്പെടുന്നു. 'മഹീം ഉദ്ധരേത്,,' എന്നതുകൊണ്ട് വരാഹാവതാരം സൂചിപ്പിക്കപ്പെടുന്നു. " സതാരാഗ്രഹനക്ഷത്രം " ഇത്യാദിയിലും വാമനാവതാരസൂചന. (തനിശ്ലോകി.)]

ഭിത്ത്വാ വേലാം സമുദ്രസ്യ ലോകാനാപ്ലാവയേദ്വിഭുഃ
വേഗം വാഽപി സമുദ്രസ്യ വായും വാ വിധമേച്ഛരൈഃ. 25

" വിഭുഃ	" സമർത്ഥനായ അവൻ
സമുദ്രസ്യ	സമുദ്രത്തിൻെറ
വേലാം ഭിത്ത്വാ	തീരത്തെ ഭേദിച്ച്
ലോകാൻ	ലോകങ്ങളെ
ആപ്ലാവയേത്;	മുക്കിയേക്കും;
സമുദ്രസ്യ	സമുദ്രത്തിൻെറ
വേഗം വാ അപി	ഗതിവേഗത്തെ തന്നേ
വായും വാ	വായുവിനേയും [യും
ശരൈഃ	ബാണങ്ങൾകൊണ്ടു
വിധമേത്.	ഒതുക്കിയേക്കും.

[" ഭിത്ത്വാ വേലാം "ഇത്യാദിയാൽ സങ്കർഷണാവതാരവിവക്ഷ; ഇനി ചെയ്യാൻ പോകുന്ന സമുദ്രലംഘനത്തിൻെറയും സൂചന; " വായും വാ വിധമേത് "എന്നതിൽനിന്ന് പഞ്ചഭൂതോപലക്ഷണമായ വായു, ജലം, ആകാശം മുതലായതിനെ, " പൃഥിവ്യപ്സു പ്രലീയന്തേ, ആപസ്തേജസി ലീയന്തേ, " എന്ന രീതിയായി പ്രളയകർത്താവെന്നു വിവക്ഷ. (തനിശ്ലോകി.)]

സംഹൃത്യ വാ പുനർല്ലോകാൻ വിക്രമേണ മഹായശാഃ
ശക്തഃ സ പുരുഷവ്യാഘ്രഃ സ്രഷ്ടും പുനരപി പ്രജാഃ. 26

" മഹായശാഃ	" അതിയശസ്വിയായ
പുരുഷവ്യാഘ്രഃ	പുരുഷസിംഹമായ
സഃ,	അവൻ,
വാ,	വേണമെന്നാൽ,
വിക്രമേണ	പരാക്രമത്താൽ
ലോകാൻ	ലോകങ്ങളെ
സംഹൃത്യ	സംഹരിച്ച്
പുനഃ	പുതിയതായി
അപി പുനഃ	വീണ്ടും
പ്രജാഃ	പ്രജകളെ
സ്രഷ്ടും	സൃഷ്ടിക്കുന്നതിന്നു
ശക്തഃ.	ശക്തനാണു. [തന്നെ

[" സംഹൃത്യ, പുനഃ " എന്നവകൊണ്ട് പൂർവ്വസൃഷ്ടിസംഹാരാദികളും ഭാവിസൃഷ്ടിസംഹാരാദികളും വിവക്ഷിക്കപ്പെടുന്നു; " വിക്രമേണ " (സങ്കല്പമാത്രത്താൽ); " മഹായശാഃ " (ഷഡ്ഗുണപരിപൂർണ്ണൻ) " ശക്തഃ " (അപരിമിതശക്തിയാൽ); തനിശ്ലോകി.]

ന ഹി രാമോ ദശഗ്രീവ ശക്യോ ജേതും ത്വയാ യുധി
രക്ഷസാം വാപി ലോകേന സ്വർഗ്ഗഃ പാപജനൈരിവ. 27

"ദശഗ്രീവ!	"ദശകണ്ഠ!
പാപജനൈഃ	പാപികളാൽ
സ്വർഗ്ഗഃ ഇവ,	സ്വർഗ്ഗമെന്നതുപോലെ
യുധി	പോരിൽ
ത്വയാ,	അങ്ങയാൽ തന്നെയാവട്ടെ,
രക്ഷസാം	രാക്ഷസന്മാരുടെ
ലോകേന അപി വാ,	സമൂഹത്താൽ തന്നെയാവട്ടെ,
രാമഃ ഹി	രാമൻ മാത്രം
ജേതും ശക്യഃ ന.	ജയിപ്പാൻ കഴിയപ്പെടാത്തവനാകുന്നു.

[" നീ ദശകണ്ഠൻ മാത്രം; പത്തു തലയുള്ളവൻ മാത്രം; ലക്ഷ്മണൻ ആയിരം തലയുള്ളവൻ. ശ്രീരാമനും "സഹസ്രശീർഷാ പുരുഷഃ" എന്ന പരമപുരുഷൻ; ഇവർ എങ്ങിനെ നിന്നാൽ ജയിക്കപ്പെടും എന്നു വ്യംഗം. (തനിശ്ലോകി.)]

ന തം വധ്യമഹം മന്യേ സർവ്വൈർദ്ദേവാസുരൈരപി
അയം തസ്യ വധോപായസ്തം മമൈകമനാഃ ശൃണു. 28

"ദേവാസുരൈഃ	"ദേവന്മാരാലും അസുരന്മാരാലും
സർവ്വൈഃ അപി	എല്ലാവരാലും കൂടി
തം വധ്യം ന	അവൻ വധിക്കപ്പെടാവുന്നവനല്ലെന്ന്
അഹം മന്യേ;	ഞാൻ നല്ലപോലെ അറിയും;
തസ്യ	അവന്റെ
വധോപായഃ	വധത്തിനുള്ള ഉപായം
അയം;	ഇതൊന്നു മാത്രം;
തം	അതിനെ
മമ	പറയുന്ന എനിക്ക്
ഏകമനാഃ	ശ്രദ്ധയോടെ
ശൃണു.	ചെവിതന്നു കേട്ടാലും.

ഭാര്യ്യാ തസ്യോത്തമാ ലോകേ സീതാ നാമ സുമദ്ധ്യമാ
ശ്യാമാ സമവിഭക്താംഗീ സ്ത്രീരത്നം രത്നഭൂഷിതാ. 29

"തസ്യ	"അവന്റെ
ഭാര്യ്യാ	ഭാര്യ്യ
ലോകേ	ലോകത്തിൽ വെച്ച്
ഉത്തമാ;	ഉത്കൃഷ്ടയായവൾ;
സീതാ നാമ;	സീതയെന്നു പേർ;
സുമദ്ധ്യമാ;	കൃശോദരി;
ശ്യാമാ;	യുവതി;
സമവിഭക്താംഗീ	അന്യോന്യം യോജിപ്പുള്ള ലക്ഷണമൊത്ത അംഗങ്ങളുള്ളവൾ;
സ്ത്രീരത്നം;	സ്ത്രീകളിൽ വെച്ചു ഒരു രത്നം;
രത്നഭൂഷിതാ.	രത്നഭൂഷണങ്ങളാലലങ്കരിക്കപ്പെട്ടവൾ.

["ഉത്തമാ", ഉദ്ഗതാ തമഃ ആകാംക്ഷാ യസ്യാഃ സാ; (ശ്രീരാമങ്കലല്ലാത്ത മറെറാന്നിലും ആകാംക്ഷയില്ലാത്തവൾ) ശി.]

നൈവ ദേവീ ന ഗന്ധർവ്വീ നാപ്സരാ നാപി ദാനവീ
തുല്യാ സീമന്തിനീ തസ്യാ മാനുഷീഷു കുതോ ഭവേത്. 30

"തസ്യാഃ	"അവൾക്കു
തുല്യാ	തുല്യയായ
സീമന്തിനീ	ഒരു നാരീരത്നം
ദേവീ ഏവ	ദേവസ്ത്രീയും
ന;	ആകയില്ല;
ഗന്ധർവ്വീ ന	ഗന്ധർവ്വസ്ത്രീയും ഇല്ല;
അപ്സരാഃ ന;	അപ്സരസ്ത്രീയും ഇല്ല;
ദാനവീ അപി ന	ദൈത്യവനിതയുമാകയില്ല;
മാനുഷീഷു	മനുഷ്യസ്ത്രീകളിൽ
കുതഃ ഭവേത്?	പിന്നെ എങ്ങിനെയുണ്ടാവും?

തസ്യാപഹര ഭാര്യാം ത്വം പ്രമഥ്യ തു മഹാവനേ
സീതയാ രഹിതഃ കാമീ രാമോ ഹാസ്യതി ജീവിതം. 31

"ത്വം	"അങ്ങ്	രാമഃ	രാമൻ
തസ്യ	അവന്റെ	കാമീ തു,	ഭാര്യയിൽ അതിപ്രേമമുള്ളവനാകയാൽ,
ഭാര്യാം,	ആ പത്നിയെ,	സീതയാ	സീതയെ
മഹാവനേ	കൊടുംകാട്ടിൽ	രഹിതഃ,	വിട്ടുപിരിഞ്ഞവനായി,
പ്രമഥ്യ,	വേർപിരിച്ച്,	ജീവിതം	ജീവനെ
അപഹര ;	അപഹരിച്ചുകൊണ്ടു വരിക ;	ഹാസ്യതി."	ത്യജിച്ചുകളയും."

അരോചയത തദ്വാക്യം രാവണോ രാക്ഷസാധിപഃ
ചിന്തയിത്വാ മഹാബാഹുരകമ്പനമുവാച ഹ. 32

രാക്ഷസാധിപഃ	രാക്ഷസരാജാവായ	ചിന്തയിത്വാ ഹ	അല്പനേരം ആലോചനചെയ്തു
രാവണഃ	രാവണൻ	അകമ്പനം	അകമ്പനനെ നോക്കി
തത് വാക്യം	അവൻ പറഞ്ഞതിനെ	ഉവാച.	ഇപ്രകാരം പറഞ്ഞു.
അരോചയത ;	നല്ലതെന്നുറച്ചു;		
മഹാബാഹുഃ	ശക്തിമാനായ അവൻ		

["അരോചയത" തന്റെ കാര്യസിദ്ധിക്ക് അനുകൂലമായതെന്ന് അംഗീകരിച്ചു; കാര്യസിദ്ധിയാകട്ടെ പണ്ട് സനത്കുമാരമുനിയാൽ തനിക്ക് ഉപദേശിക്കപ്പെട്ടതായ മോക്ഷോപായമെന്നു ബോദ്ധ്യം. (മാ. തീർത്ഥീയം). സനത്കുമാരൻ ഉപദേശിച്ചകഥ ഉത്തരകാണ്ഡത്തിൽ 37-ാം സർഗ്ഗത്തിനുശേഷം പ്രക്ഷിപ്തമായ ഏഴാം സർഗ്ഗത്തിൽ "അഥാപരാം കഥാം ദിവ്യാം" എന്നിത്യാദിയായി വിവരിക്കപ്പെട്ടിരിക്കുന്നു.]

ബാഢം കാല്യം ഗമിഷ്യാമി ഹ്യേകഃ സാരഥിനാ സഹ
ആനയിഷ്യാമി വൈദേഹീമിമാം ഹൃഷ്ടോ മഹാപുരീം. 33

"ബാഢം	"അതെ, നീ പറഞ്ഞതു ശരിതന്നെ	ഏകഃ .	ഒററയ്ക്ക്
ഹി	അതിനാൽ	ഗമിഷ്യാമി ;	ഞാൻ പോകുന്നുണ്ട് ;
ഹൃഷ്ടഃ ;	ഞാൻ സന്തുഷ്ടനായി ;	ഇമാം	ഈ
കാല്യം	നാളെ രാവിലെ	മഹാപുരീം	വലിയ പട്ടണത്തിലേക്ക്
സാരഥിനാ സഹ	സാരഥിയോടുംകൂടി	വൈദേഹീം	വൈദേഹിയെ
		ആനയിഷ്യാമി."	കൊണ്ടുവരുന്നുണ്ട്."

അഥൈവമുക്ത്വാ പ്രയയൗ ഖരയുക്തേന രാവണഃ
രഥേനാദിത്യവർണ്ണേന ദിശഃ സർവ്വാഃ പ്രകാശയൻ. 34

രാവണഃ	രാവണൻ,	രഥേന	തേരിൽക്കയറി
ഏവം	ഇങ്ങിനെ	സർവ്വാഃ ദിശഃ	എല്ലാ ദിക്കുകളേയും
ഉക്ത്വാ,	പറഞ്ഞശേഷം,	പ്രകാശയൻ	പ്രകാശിപ്പിച്ചുകൊണ്ട്
ഖരയുക്തേന	കോവർ കഴുതകളാൽ പൂട്ടിക്കെട്ടപ്പെട്ടതും	അഥ	ആ സമയം
ആദിത്യവർണ്ണേന	സൂര്യപ്രഭയാർന്നതുമായ	പ്രയയൗ.	പുറപ്പെട്ടു.

സ രഥോ രാക്ഷസേന്ദ്രസ്യ നക്ഷത്രപഥഗോ മഹാൻ
സഞ്ചാര്യമാണഃ ശുശുഭേ ജലദേ ചന്ദ്രമാ ഇവ. 35

രാക്ഷസേന്ദ്രസ്യ	രാക്ഷസേശ്വരന്റെ	സഃ രഥഃ,	ആ രഥം,
മഹാൻ	മഹത്തായതും	ജലദേ	മേഘത്തിന്നിടയിൽ
നക്ഷത്രപഥഗഃ	നക്ഷത്രമാർഗ്ഗത്തിൽക്കൂടി പോയ്ക്കൊണ്ടിരിക്കുന്നതുമായ	സഞ്ചാര്യമാണഃ	സഞ്ചരിക്കുന്ന
		ചന്ദ്രമാഃ ഇവ	ചന്ദ്രനെന്നപോലെ
		ശുശുഭേ.	ശോഭിച്ചു.

സ മാരീചാശ്രമം പ്രാപ്യ താടകേയമുപാഗമത്
മാരീചേനാർച്ചിതോ രാജാ ഭക്ഷ്യഭോജ്യൈരമാനുഷൈഃ. 36

സഃ	അവൻ	രാജാ	ആ രാക്ഷസാധിപൻ
മാരീചാശ്രമം	മാരീചാശ്രമത്തിൽ	മാരീചേന	മാരീചനാൽ
പ്രാപ്യ	എത്തിച്ചേർന്ന്	അമാനുഷൈഃ	മനുഷ്യദുർല്ലഭങ്ങളായ
താടകേയം	താടകാപുത്രനായ മാരീചനെ	ഭക്ഷ്യഭോജ്യൈഃ	ആഹാരങ്ങൾ കൊണ്ട്
ഉപാഗമത്;	കണ്ടു;	അർച്ചിതഃ.	ഉപചരിക്കപ്പെട്ടു.

[" അമാനുഷൈഃ " (മനുഷ്യസംബന്ധം തന്നെയില്ലാത്ത) എന്ന അർത്ഥത്തിൽ, മനുഷ്യൻ എന്ന പേരുകൂടി കേൾക്കുമ്പോഴുള്ള മാരീചന്റെ ഭീതിയെ കവി ചാതുര്യമായി പ്രയോഗിച്ചിരിക്കുന്നു.]

തം സ്വയം പൂജയിത്വാ തു ആസനേനോദകേന ച
അർത്ഥോപഹിതയാ വാചാ മാരീചോ വാക്യമബ്രവീത്. 37

മാരീചഃ	മാരീചൻ	പൂജയിത്വാ	ഉപചരിച്ചു ശേഷം
സ്വയം തു,	താൻ തന്നെ,	അർത്ഥോപഹിതയാ	സാരഗർഭമായ
തം	അവനെ	വാചാ,	വാക്യത്താൽ,
ആസനേന ഉദകേന ച	ആസനം അർഘ്യം എന്നിവകൊണ്ട്	വാക്യം അബ്രവീത്.	ഇങ്ങിനെ കുശലപ്രശ്നം ചെയ്തു.

കച്ചിത് സുകുശലം രാജൻ ലോകാനാം രാക്ഷസേശ്വര.
ആശങ്കേ നാഥ ജാനേ ത്വം യതസ്തൂർണ്ണമിഹാഗതഃ. 38

"രാക്ഷസേശ്വര!	"രാക്ഷസേന്ദ്ര!	തൂർണ്ണം	ഇത്രയും ബദ്ധപ്പെട്ട്
രാജൻ!	രാജൻ!	ഇഹ	ഇവിടെ
ലോകാനാം	ലോകങ്ങൾക്കെല്ലാം	ആഗതഃ	വന്നിരിക്കുന്നു
സുകുശലം കച്ചിത്?	കുശലം തന്നെയല്ലേ?	യതഃ	എന്നതിനാൽ
നാഥ!	പ്രഭോ!	ആശങ്കേ;	ഞാൻ കാര്യമെന്തെന്നറിയുന്നില്ല;
ത്വം	നിന്തിരുവടി	ജാനേ."	ഞാൻ ചോദിച്ചു കൊള്ളുന്നു."

ഏവമുക്തോ മഹാതേജാ മാരീചേന സ രാവണഃ
തതഃ പശ്ചാദിദം വാക്യമബ്രവീദ്വാക്യകോവിദഃ. 39

മാരീചേന	മാരീചനാൽ	സഃ	ആ
ഏവം	ഈമൽപ്രകാരം	രാവണഃ,	രാവണൻ,
ഉക്തഃ	ചോദ്യം ചെയ്യപ്പെട്ട	തതഃ പശ്ചാത്	അതിൽ പിന്നെ
മഹാതേജാഃ	രണധീരനും, [വനും,	ഇദം വാക്യം	ഇപ്രകാരം മറുപടി
വാക്യകോവിദഃ	വിദഗ്ദ്ധവാഗ്മിയുമായ	അബ്രവീത്.	പറഞ്ഞു.

ആരക്ഷോ മേ ഹതസ്താത രാമേണാക്ലിഷ്ടകർമ്മണാ
ജനസ്ഥാനമവദ്ധ്യം തത് സർവ്വം യുധി നിപാതിതം
തസ്യ മേ കുരു സാചിവ്യം തസ്യ ഭാര്യാപഹാരണേ. 40

"താത!	"മഹാശയ!	സർവ്വം,	മുഴുവനും,
രാമേണ	ശ്രീരാമനാൽ	യുധി	പോരിൽ
മേ	എന്റെ	നിപാതിതം;	പാഴാക്കപ്പെട്ടു;
ആരക്ഷഃ	സൈന്യം	തസ്യ	അവന്റെ
അക്ലിഷ്ട-കർമ്മണാ	നിഷ്പ്രയാസം	ഭാര്യാപ-ഹാരണേ	ഭാര്യയെ അപഹരിക്കുന്ന സംഗതിയിൽ
ഹതഃ;	നശിപ്പിക്കപ്പെട്ടു;	തസ്യ മേ	ആ എനിക്ക്
അവദ്ധ്യം	അഴിവില്ലാത്ത	സാചിവ്യം കുരു."	നീ സഹായം ചെയ്യേണം."
തത് ജനസ്ഥാനം	ആ ജനസ്ഥാനം		

രാക്ഷസേന്ദ്രവചഃ ശ്രുത്വാ മാരീചോ വാക്യമബ്രവീത്. 41

മാരീചഃ	മാരീചൻ,	ശ്രുത്വാ	കേട്ട്,
രാക്ഷസേന്ദ്ര-വചഃ	രാക്ഷസേശ്വരൻ പറഞ്ഞതിനെ	വാക്യം	ഇങ്ങിനെ മറുപടി
		അബ്രവീത്.	പറഞ്ഞു.

ആഖ്യാതാ കേന വാ സീതാ മിത്രരൂപേണ ശത്രുണാ.
ത്വയാ രാക്ഷസശാർദ്ദൂല കോ ന നന്ദതി നിന്ദിതഃ
സീതാമിഹാനയസ്വേതി കോ ബ്രവീതി ബ്രവീഹി മേ. 42

"രാക്ഷസ-ശാർദ്ദൂല!	"രാക്ഷസോത്തമ!	കഃ	ഏതൊരുവനാണ്
മിത്രരൂപേണ	മിത്രമെന്നു നടിക്കുന്ന	ന നന്ദതി?	വെറുത്തുകൊണ്ടിരിക്കുന്നത്?
കേന	ഏതു	'സീതാം	'സീതയെ
ശത്രുണാ,	ശത്രുവിനാലാണ്,	ഇഹ	ഇവിടേക്ക്
സാ	ആ	ആനയസ്വ,'	എടുത്തുകൊണ്ടുവരിക,'
സീതാ	സീത	ഇതി	എന്ന്
ആഖ്യാതാ?	പറഞ്ഞറിയിക്കപ്പെട്ടത്?	കഃ	ഏവനാണ്
ത്വയാ	നിന്നാൽ	ബ്രവീതി?	ഉപദേശിച്ചത്?
നിന്ദിതഃ	അവമാനപ്പെടുത്തപ്പെട്ട	മേ	എനിക്ക്
		ബ്രവീഹി.	കേട്ടാൽ കൊള്ളാം.

രക്ഷോലോകസ്യ സർവ്വസ്യ കഃ ശൃംഗം ഛേത്തുമിച്ഛതി
പ്രോത്സാഹയതി കശ്ചിത്ത്വാം സഹി ശത്രുരസംശയഃ. 43

"രക്ഷോ-ലോകസ്യ	"രാക്ഷസപ്പരിഷ	കശ്ചിത്	ഏതൊരുവനാണോ
സർവ്വസ്യ	എല്ലാററിന്നും	ത്വാം	നിന്തിരുവടിയെ
ശൃംഗം	മകുടമായ അവിട്ടത്തെ	പ്രോത്സാഹ-യതി?	ഈ അകൃത്യത്തിന്നു പ്രേരിപ്പിക്കുന്നതു്?
ഛേത്തും	നശിപ്പിക്കുവാൻ	സഃ	അവൻ
കഃ	ആരാണ്	ശത്രുഃ ഹി;	ശത്രുതന്നെയാണ്;[ല്ല.
ഇച്ഛതി?	ആഗ്രഹിക്കുന്നതു?	അസംശയഃ.	ഇതിന്നു സംശയമേയി-

ആശീവിഷമുഖാദ്ദംഷ്ട്രാമുദ്ധർത്തും ചേച്ഛതി ത്വയാ
കർമ്മണാഽനേന കേനാസി കാപഥം പ്രതിപാദിതഃ 44

"കേന	"എവനാൽ	ത്വയാ ച	നിന്തിരുവടിയെക്കൊണ്ടുതന്നെ
അനേന	ഇപ്രകാരമുള്ള	ആശീവിഷ-മുഖാത്	പാമ്പിന്റെ വായിൽ നിന്നു്
കർമ്മണാ	പ്രവൃത്തിയാൽ	ദംഷ്ട്രാം	വിഷപ്പല്ലിനെ
കാപഥം	ആപൽക്കരമായ മാർഗ്ഗം	ഉദ്ധർത്തും	വലിച്ചെടുക്കുന്നതിന്നു്
പ്രതിപാദിതഃ അസി,	ഉപദേശിക്കപ്പെട്ടിരിക്കുന്നുവോ അവൻ	ഇച്ഛതി.	ആലോചിക്കുകയാണ്.

സുഖസുപ്തസ്യ തേ രാജൻ പ്രഹൃതം കേന മൂർദ്ധനി. 45

"രാജൻ!	"മഹാരാജാവേ!	തേ മൂർദ്ധനി	അവിട്ടത്തെ ശിരസ്സിൽ
സുഖസുപ്തസ്യ	ഗാഢനിദ്ര ചെയ്യുന്നവനായ	കേന	എവനാലാണ്
		പ്രഹൃതം?	അടിക്കപ്പെട്ടതു്?

വിശുദ്ധവംശാഭിജനാഗ്രഹസ്ത-
സ്തേജോമദഃ സംസ്ഥിതദോർവ്വിഷാണഃ
ഉദീക്ഷിതും രാവണ നേഹ യുക്തഃ
സ സംയുഗേ രാഘവഗന്ധഹസ്തീ. 46

"രാവണ!	"രാവണ!	സഃ	ആ
വിശുദ്ധ-വംശാഭി-ജനാഗ്രഹസ്തഃ	വംശശുദ്ധിയുള്ള ജനനമെന്ന തുമ്പിക്കൈയുള്ളതും	രാഘവ-ഗന്ധഹസ്തീ,	രഘുവരനാകുന്ന മദഗജം,
തേജോമദഃ	പരാക്രമമെന്ന മദപ്പാടോടു കൂടിയതും	ഇഹ,	ഈ ലോകത്തിൽ,
		സംയുഗേ	പോരിൽ
സംസ്ഥിത-ദോർവ്വിഷാണഃ	തളൎച്ചയില്ലാത്ത ഭുജമല്ല്യകളാകുന്ന കൊമ്പുകളോടു കൂടിയതുമായ	ഉദീക്ഷിതും	നേരിട്ടു നോക്കുന്നതിന്നും കൂടി
		ന യുക്തഃ.	സാദ്ധ്യമല്ല.

അസൌ രണാഗ്രസ്ഥിതിസന്ധിവാലോ
വിദഗ്ദ്ധരക്ഷോമൃഗഹാ നൃസിംഹഃ
സുപ്തസ്ത്വയാ ബോധയിതും ന യുക്തഃ
ശരാംഗപൂൎണ്ണോ നിശിതാസിദംഷ്ട്രഃ. 47

"രണാഗ്ര-സ്ഥിതി-സന്ധിവാലഃ	"പോരിൽ സ്ഥൈൎയ്യത്തോടെ നില്ക്കുന്ന ധൈൎയ്യമാകുന്ന ഏടുത്തുപിടിച്ച പുച്ഛത്തോടു കൂടിയതും	വിദഗ്ദ്ധ-രക്ഷോമൃഗഹാ,	സമൎത്ഥന്മാരായ രാക്ഷസരാകുന്ന മാനുകളെ ഹനിക്കുന്നതും,
ശരാംഗപൂൎണ്ണഃ	ശരങ്ങളാകുന്ന നഖങ്ങളോടു കൂടിയതും	സുപ്തഃ,	ഉറങ്ങിക്കൊണ്ടിരിക്കുന്നതുമായ
നിശിതാസി-ദംഷ്ട്രഃ	മൂൎച്ചയുള്ള വാളാകുന്ന കടപ്പല്ലോടു കൂടിയതും	അസൌ	ഈ
		നൃസിംഹഃ	മാനുഷരൂപം കൈക്കൊണ്ട സിംഹം,
		ത്വയാ	നിന്തിരുവടിയാൽ
		ബോധയിതും	ഉണൎത്തപ്പെടുക എന്നതു്
		ന യുക്തഃ.	ഉചിതമല്ല.

ചാപാവഹാരേ ഭുജവേഗപങ്കേ
ശരോൎമ്മിമാലേ സുമഹാഹവൌഘേ
ന രാമപാതാളമുഖേഽതിഘോരേ
പ്രസ്കന്ദിതും രാക്ഷസരാജ യുക്തം. 48

"രാക്ഷസരാജ!	"രാക്ഷസേശ്വര!	സുമഹാഹവൌഘേ	പോരാടുകയെന്ന വൻ പ്രവാഹങ്ങളാൎന്നതും
ചാപാവഹാരേ	ചാപങ്ങളാകുന്ന മുതലകളോടു കൂടിയതും	അതിഘോരേ	അതിഭയങ്കരവുമായ
ഭുജവേഗപങ്കേ	കൈവേഗമാകുന്ന ചളിയോടുകൂടിയതും	രാമപാതാള-മുഖേ	ശ്രീരാമനെന്ന അഗാധസമുദ്രത്തിൽ
ശരോൎമ്മിമാലേ	ബാണങ്ങളാകുന്ന അലകളോടുകൂടിയതും	പ്രസ്കന്ദിതും	കുതിച്ചുചാടുന്നതു
		ന യുക്തം.	യുക്തമല്ല.

പ്രസീദ ലങ്കേശ്വര രാക്ഷസേന്ദ്ര
ലങ്കാം പ്രസന്നോ ഭവ സാധു ഗച്ഛ
ത്വം സ്വേഷു ദാരേഷു രമസ്വ നിത്യം
രാമഃ സഭാൎയ്യോ രമതാം വനേഷു. 49

"ലങ്കേശ്വര!	"ലങ്കാധിപ!	സ്വേഷു ദാരേഷു	സ്വന്തം പത്നിമാരിൽ
രാക്ഷസേന്ദ്ര!	രക്ഷോനായക!	നിത്യം	ശാശ്വതമായ
പ്രസീദ!	കനിഞ്ഞരുളുക!	രമസ്വ;	പ്രീതികയ്ക്കൊള്ളുക;
പ്രസന്നഃ ഭവ!	പ്രസന്നനായിത്തീരുക!	വനേഷു	വനപ്രദേശങ്ങളിൽ
ലങ്കാം	ലങ്കയിലേക്കു്	രാമഃ	ശ്രീരാമൻ
സാധു	ആപത്തൊന്നുമില്ലാതെ	സഭാൎയ്യഃ	ഭാൎയ്യയോടൊരുമിച്ചു്
ഗച്ഛ;	മടങ്ങിപ്പോയാലും;	രമതാം."	അവന്റെ പാട്ടിലിരുന്നുകൊള്ളട്ടെ."
ത്വം	നിന്തിരുവടി		

ഏവമുക്തോ ദശഗ്രീവോ മാരീചേന സ രാവണഃ
ന്യവൎത്തത പുരീം ലങ്കാം വിവേശ ച ഗൃഹോത്തമം. 50

മാരീചേന	മാരീചനാൽ	രാവണഃ,	രാവണൻ,
ഏവം	മേൽപ്രകാരം	ലങ്കാം പുരീം	ലങ്കാപുരിയിലേക്ക്
ഉക്തഃ	ഉപദേശിക്കപ്പെട്ട	ന്യവൎത്തത;	തിരിച്ചുപോയി;
ദശഗ്രീവഃ	ദശാസ്യനായ	ഗൃഹോത്തമം ച	ശ്രേഷ്ഠമായ അരമന
സഃ	ആ	വിവേശ.	ചെന്നുചേൎന്നു. [യിൽ

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ഏകത്രിംശഃ സൎഗ്ഗഃ = മുപ്പത്തൊന്നാംസൎഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 7794; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1082.

ദ്വാത്രിംശഃ സൎഗ്ഗഃ — മുപ്പത്തിരണ്ടാംസൎഗ്ഗം.

[രാവണസമീപേ ശൂൎപ്പണഖാഗമനം = ശൂൎപ്പണഖ രാവണന്റെ അടുക്കൽ വരുന്നതു്].

തതഃ ശൂൎപ്പണഖാ ദൃഷ്ട്വാ സഹസ്രാണി ചതുൎദ്ദശ
ഹതാന്യേകേന രാമേണ രക്ഷസാം ഭീമകൎമ്മണാം 1
ദൂഷണം ച ഖരം ചൈവ ഹതം ത്രിശിരസം തഥാ
ദൃഷ്ട്വാ പുനൎമ്മഹാനാദം നനാദ ജലദോ യഥാ. 2

ശൂൎപ്പണഖാ,	ശൂൎപ്പണഖ,	തതഃ,	അതിനാലും,
രാമേണ	ശ്രീരാമൻ	ദൂഷണം ച	ദൂഷണനേയും
ഏകേന,	ഒരുവനാൽ,	ഖരം ഏവ	ഖരനേയും
ഭീമകൎമ്മണാം	ഭയങ്കരകൃത്യങ്ങൾ ചെ	ത്രിശിരസം ച	ത്രിശിരസ്സിനേയും
	യ്തുവന്നിരുന്നവരായ	ഹതം	കൊല്ലപ്പെട്ടവരായും
രക്ഷസാം	രാക്ഷസന്മാരുടെ	ദൃഷ്ട്വാ ച	കണ്ടതുകൊണ്ടും,
ചതുൎദ്ദശ	പതിന്നാല്	ജലദഃ യഥാ	മേഘംപോലെ
സഹസ്രാണി	സഹസ്രങ്ങളും	പുനഃ	പിന്നേയും
ഹതാനി	കൊല്ലപ്പെട്ടവയായി	മഹാനാദം	അട്ടഹാസം
ദൃഷ്ട്വാ,	കണ്ടു്,	നനാദ.	ചെയ്തു.

സാ ദൃഷ്ട്വാ കൎമ്മ രാമസ്യ കൃതമന്യൈഃ സുദുഷ്കരം
ജഗാമ പരമോദ്വിഗ്നാ ലങ്കാം രാവണപാലിതാം. 3

സാ	അവൾ	ദൃഷ്ട്വാ	കണ്ടു്
അന്യൈഃ	സാധാരണമനുഷ്യരാൽ	പരമോദ്വിഗ്നാ	ഏറെ ഭയപ്പെട്ടവളായി
സുദുഷ്കരം	ചെയ്വാൻ അസാദ്ധ്യ	രാവണ-	രാവണനാൽ പാലിക്ക
രാമസ്യ	ശ്രീരാമന്ന് [മായും	പാലിതാം	പ്പെട്ട
കൃതം	സാദ്ധ്യമായുമിരിക്കുന്ന	ലങ്കാം	ലങ്കാപുരത്തിലേക്ക്
കൎമ്മ	പ്രവൃത്തിയെ	ജഗാമ.	ചെന്നു.

സ ദദൎശ വിമാനാഗ്രേ രാവണം ദീപ്തതേജസം
ഉപോപവിഷ്ടം സചിവൈൎമ്മരുൽഭിരിവ വാസവം 4
ആസീനം സൂൎയ്യസംകാശേ കാഞ്ചനേ പരമാസനേ
രുക്മവേദിഗതം പ്രാജ്യം ജ്വലന്തമിവ പാവകം 5
ദേവഗന്ധൎവ്വഭൂതാനാമൃഷീണാം ച മഹാത്മനാം
അജേയം സമരേ ശൂരം വ്യാത്താനനമിവാന്തകം 6
ദേവാസുരവിമൎദ്ദേഷു വജ്രാശനികൃതവ്രണം
ഐരാവതവിഷാണാഗ്രൈരുൽകൃത്തകിണവക്ഷസം 7
വിംശൽഭുജം ദശഗ്രീവം ദൎശനീയപരിച്ഛദം
വിശാലവക്ഷസം വീരം രാജലക്ഷണശോഭിതം 8

സാ,	അവൾ,
വിമാനാഗ്രേ	ഏഴുനില മാളികപ്പുറത്ത്,
ദീപ്തതേജസം	ഉജ്ജ്വലിക്കുന്ന തേജസ്സോടുകൂടിയവനും,
മരുൽഭിഃ	ദേവന്മാരാൽ
വാസവം	ഇന്ദ്രനെ
ഇവ	എന്നപോലെ
സചിവൈഃ	മന്ത്രിമാരാൽ
ഉപോപവിഷ്ടം,	ചൂഴപ്പെട്ടവനും,
സൂൎയ്യസംകാശേ	സൂൎയ്യസന്നിഭമായി
കാഞ്ചനേ	സ്വൎണ്ണമയമായ
പരമാസനേ	ഉയൎന്ന ആസനത്തിൽ
ആസീനം,	ഇരിക്കുന്നവനും,
രുക്മവേദിഗതം,	പ്രകാശിക്കുന്ന യാഗവേദികയിലുള്ള
ജ്വലന്തം	കത്തിജ്വലിക്കുന്ന
പ്രാജ്യം	ഉത്തമമായ
പാവകം ഇവ,	അഗ്നിയെപ്പോലെയിരിക്കുന്നവനും,
ദേവഗന്ധൎവ്വഭൂതാനാം	ദേവന്മാർ, ഗന്ധൎവ്വന്മാർ, ഭൂതങ്ങൾ എന്നവൎക്കും
മഹാത്മനാം	മഹാത്മാക്കളായ
ഋഷീണാം ച	ഋഷികൾക്കും
അജേയം,	ജയിപ്പാൻ കഴിയാത്തവനും,
സമരേ	പോരിൽ
ശൂരം,	പിൻമടങ്ങാത്തവനും,
വ്യാത്താനനം,	വിശാലമായ വക്ത്രത്തോടുകൂടിയവനും,
അന്തകം ഇവ,	അന്തകതുല്യനും,
ദേവാസുരവിമൎദ്ദേഷു	ദേവാസുരയുദ്ധങ്ങളിൽ
വജ്രാശനികൃതവ്രണം,	വജ്രായുധത്താലും ഇടിയാലുംഉള്ള കലകളോടുകൂടിയവനും,
ഐരാവതവിഷാണാഗ്രൈഃ	ഐരാവതത്തിന്റെ കൊമ്പുകളുടെ അഗ്രങ്ങളാൽ
ഉൽകൃത്തകിണവക്ഷസം,	കുത്തപ്പെട്ട തഴമ്പുകളാൎന്ന മാൎവ്വിടത്തോടുകൂടിയവനും,
വിംശൽഭുജം,	ഇരുപതു ഭുജങ്ങളാൎന്നവനും,
ദശഗ്രീവം,	പത്തുതലകളുള്ളവനും,
ദൎശനീയപരിച്ഛദം	കണ്ണുകൾ പറിച്ചെടുക്കുന്ന വസ്ത്രാലങ്കാരങ്ങൾ ഛത്രചാമരങ്ങൾ എന്നിത്യാദിയാൎന്നവനും
വിശാലവക്ഷസം	വിരിഞ്ഞ മാറിടത്തോടുകൂടിയവനും,
വീരം,	വീരനും,
രാജലക്ഷണശോഭിതം,	രാജലക്ഷണങ്ങൾ തികഞ്ഞുവിലസുന്നവനും

സ്നിഗ്ദ്ധവൈഡൂൎയ്യസംകാശം തപ്തകാഞ്ചനഭൂഷണം
സുഭുജം ശുക്ലദശനം മഹാസ്യം പൎവ്വതോപമം 9
വിഷ്ണുചക്രനിപാതൈശ്ച ശതശോ ദേവസംയുഗേ
അന്യൈഃ ശസ്ത്രൈഃ പ്രഹാരൈശ്ച മഹായുദ്ധേഷു താഡിതം 10
ആഹതാംഗം സമസ്തൈശ്ച ദേവപ്രഹരണൈസ്തഥാ
അക്ഷോഭ്യാണാം സമുദ്രാണാം ക്ഷോഭകം ക്ഷിപ്രകാരിണം 11
ക്ഷേപ്താരം പൎവ്വതേന്ദ്രാണാം സുരാണാം ച പ്രമൎദ്ദനം
ഉച്ഛേത്താരം ച ധൎമ്മാണാം പരദാരാഭിമൎശനം 12
സൎവ്വദിവ്യാസ്ത്രയോക്താരം യജ്ഞവിഘ്നകരം സദാ 13
പുരീം ഭോഗവതീം ഗത്വാ പരാജിത്യ ച വാസുകിം
തക്ഷകസ്യ പ്രിയാം ഭാൎയ്യാം പരാജിത്യ ജഹാര യഃ 14
കൈലാസപൎവ്വതം ഗത്വാ വിജിത്യ നരവാഹനം
വിമാനം പുഷ്പകം തസ്യ കാമഗം വൈ ജഹാര യഃ 15
വനം ചൈത്രരഥം ദിവ്യം നളിനീം നന്ദനം വനം
വിനാശയതി യഃ ക്രോധാദ്ദേവോദ്യാനാനി വീൎയ്യവാൻ 16
ചന്ദ്രസൂൎയ്യൗ മഹാഭാഗാവുത്തിഷ്ഠന്തൗ പരന്തപൗ
നിവാരയതി ബാഹുഭ്യാം യഃ ശൈലശിഖരോപമഃ 17
ദശവൎഷസഹസ്രാണി തപസ്തപ്ത്വാ മഹാവനേ
പുരാ സ്വയംഭുവേ ധീരഃ ശിരാംസ്യുപജഹാര യഃ 18

സ്നിഗ്ധവൈഡൂൎയ്യസംകാശം	നീരോട്ടമുള്ള വൈഡൂൎയ്യംപോലെ തിളങ്ങുന്നവനും,
തപ്തകാഞ്ചനഭൂഷണം,	തങ്കപ്പൊന്നാഭരണങ്ങളണിഞ്ഞവനും,
സുഭുജം,	ഭംഗിയേറിയ കൈകളാൎന്നവനും,
ശുക്ലദശനം,	വെളുത്ത ദന്തങ്ങളാൎന്നവനും,
മഹാസ്യം,	പെരുത്തമുഖമാൎന്നവനും,
പൎവ്വതോപമം,	മലപോന്നവനും,
ശതശഃ	പലകുറി
ദേവസംയുഗേ	ദേവന്മാരെ എതിരിട്ടതിൽ
വിഷ്ണുചക്രനിപാതൈഃ	വിഷ്ണുഭഗവാന്റെ ചക്രാഹതികളാലും
മഹായുദ്ധേഷു	വൻപോരുകളിൽ
അന്യൈഃ	മറ്റുള്ള
ശസ്ത്രൈഃ ച	ശസ്ത്രങ്ങളാലും
പ്രഹാരൈഃ ച	ആയുധങ്ങളാലും
താഡിതം,	താഡിക്കപ്പെട്ടവനും,
സമസ്തൈഃ	മേല്ക്കുമേൽ പ്രയോഗിക്കപ്പെട്ടവയായ
ദേവപ്രഹരണൈഃ	ദേവന്മാരുടെ ആയുധങ്ങളാൽ
ആഹതാംഗം ച,	ഹനിക്കപ്പെട്ട ദേഹത്തോടു കൂടിയവനും,
തഥാ	അപ്രകാരം തന്നെ
അക്ഷോഭ്യാണാം	കലക്കപ്പെടുവാൻ കഴിയാത്ത
സമുദ്രാണാം	സമുദ്രങ്ങളെ
ക്ഷോഭകം,	കലക്കുന്നവനും,
ക്ഷിപ്രകാരിണം,	വിചാരിച്ചതിനെ ഉടനെ ചെയ്യുന്നവനും,
പൎവ്വതേന്ദ്രാണാം	വൻമലകളെ
ക്ഷേപ്താരം,	പറിച്ചെറിയുന്നവനും,
സുരാണാം ച	ദേവന്മാരേയും
പ്രമൎദ്ദനം,	മൎദ്ദിക്കുന്നവനും,
ധൎമ്മാണാം ച	ധൎമ്മങ്ങളെ ആസകലം

ഉന്മ്മൂലത്താരം,	വേരോടെ അറുക്കുന്നവനും,
പരദാരാഭി-മൎശനം	പരദാരങ്ങളെ പാതിവ്രത്യഭംഗം ചെയ്യുന്നവനും,
സൎവ്വദിവ്യാ-സ്ത്രയോക്താരം	സകല ദിവ്യാസ്ത്രങ്ങളേയും പ്രയോഗിക്കുന്നവനും,
സദാ	എല്ലായ്പോഴും
യജ്ഞ-വിഘ്നകരം,	യാഗങ്ങൾക്ക് മുടക്കം വരുത്തുന്നവനും,
ഭോഗവതീം	പാതാളഗംഗാ തീരത്തിലുള്ള ഭോഗവതിയെന്ന
പുരീം	നഗരത്തിൽ
ഗത്വാ	ചെന്ന്
വാസുകിം	സൎപ്പരാജാവായ വാസുകിയെ
പരാജിത്യ	വെന്ന്
ച	കൂടാതെ
തക്ഷകസ്യ	വാസുകിയുടെ അനുജനായ തക്ഷകന്റെ
പ്രിയാം ഭാൎയ്യാം	പ്രിയഭാൎയ്യയെ
പരാജിത്യ	അസ്വതന്ത്രയാക്കി
യഃ ജഹാര,	യാതൊരുവൻ അപഹരിച്ചുകൊണ്ടുവന്നുവോ അപ്രകാരമുള്ളവനും,
കൈലാസ-പൎവ്വതം	കൈലാസപൎവ്വതത്തിൽ
ഗത്വാ	ചെന്ന്
നരവാഹനം	കുബേരനെ
വിജിത്യ	തോല്പിച്ച്
തസ്യ	ആ കുബേരനുള്ളതായ
കാമഗം	വിചാരിച്ച ദിക്കിലേക്ക് പോകുന്നതായ
പുഷ്പകം വിമാനം	പുഷ്പകവിമാനത്തെ
യഃ	യാതൊരുവൻ
ജഹാര വൈ,	അപഹരിച്ചു കൊണ്ടുവന്നുവോ അപ്രകാരമുള്ളവനും,
ദിവ്യം	ദിവ്യമായ
ചൈത്രരഥം	ചൈത്രരഥം എന്ന
വനം	കുബേരോദ്യാനത്തെയും
നളിനീം	അതിലെ പൊയ്കയേയും
നന്ദനം വനം	ഇന്ദ്രോദ്യാനമായ നന്ദനവനത്തേയും
ദേവോദ്യാനാനി	ദേവലോകത്തിലുള്ള മറ്റുള്ള ഉപവനങ്ങളേയും
വീൎയ്യവാൻ	വീൎയ്യശാലിയായ
യഃ	യാതൊരുവൻ
ക്രോധാത്	ക്രോധത്താൽ
വിനാശയതി,	നശിപ്പിക്കുന്നുവോ അപ്രകാരമുള്ളവനും,
ശൈല-ശിഖരോപമഃ	ഗിരിശിഖരസദൃശനായ
യഃ	യാതൊരുവൻ
ബാഹുഭ്യാം	ഇരുകരങ്ങൾ കൊണ്ടും
പരന്തപൌ	മഹാതേജസ്വികളും
മഹാഭാഗൌ	മഹാപൂജ്യന്മാരും
ഉത്തിഷ്ഠന്തൌ	ഉദിച്ചെഴുന്നവരും ആയ
ചന്ദ്രസൂൎയ്യൌ	ചന്ദ്രസൂൎയ്യന്മാരെയും
നിവാരയതി,	പിടിച്ചു നിൎത്തുന്നുവോ അപ്രകാരമുള്ളവനും,
ധീരഃ	ധീരനായ
യഃ	യാതൊരുവൻ
പുരാ	മുമ്പൊരിക്കൽ
മഹാവനേ	മഹാരണ്യത്തിൽ
ദശവൎഷ-സഹസ്രാണി	പതിനായിരം സംവത്സരകാലം
തപഃ തപ്ത്വാ	തപസ്സുചെയ്ത്
സ്വയംഭുവേ	ബ്രഹ്മദേവന്നായ്ക്കൊണ്ടു
ശിരാംസി	തന്റെ ശിരസ്സുകളെ
ഉപജഹാര,	അറുത്ത് ബലിയായി കൊടുത്തുവോ അപ്രകാരമുള്ളവനും,

ദേവദാനവഗന്ധർവ്വപിശാചപതഗോരഗൈഃ
അഭയം യസ്യ സംഗ്രാമേ മൃത്യുതോ മാനുഷാദൃതേ 19
മന്ത്രൈരഭിഷ്ടുതം പുണ്യമധ്വരേഷു ദ്വിജാതിഭിഃ
ഹവിർധാനേഷു യഃ സോമമുപഹന്തി മഹാബലഃ. 20

യസ്യ	യാതൊരുവന്ന്
സംഗ്രാമേ	യുദ്ധത്തിൽ
മാനുഷാത് ഋതേ	മനുഷ്യനിൽ നിന്നല്ലാതെ
ദേവദാനവ-ഗന്ധർവ്വ-പിശാചപത-ഗോരഗൈഃ	ദേവന്മാർ, ദാനവന്മാർ, ഗന്ധർവ്വന്മാർ, പിശാചുക്കൾ, പതഗങ്ങൾ, ഉരഗങ്ങൾ എന്നവരിൽ നിന്ന്
മൃത്യുതഃ അഭയം,	മരണഭയമെന്നുള്ളതില്ലയോ അപ്രകാരമുള്ളവനും
മഹാബലഃ	മഹാബലശാലിയായ

യഃ	യാതൊരുവൻ
അധ്വരേഷു	യാഗങ്ങളിൽ
ഹവിർധാനേഷു	യാഗശാലകളിൽ
ദ്വിജാതിഭിഃ	ബ്രാഹ്മണരാൽ
മന്ത്രൈഃ	മന്ത്രങ്ങളെക്കൊണ്ട്
അഭിഷ്ടുതം	ഹോമം ചെയ്യപ്പെട്ടതും
പുണ്യം	പാവനമായതും ആയ
സോമം	സോമപാനത്തെ
ഉപഹന്തി,	കെടുക്കുന്നുവോ അപ്രകാരമുള്ളവനും ആയ
രാവണം	രാവണനെ
ദദർശ.	കണ്ടു.

ആപ്തയജ്ഞഹരം ക്രൂരം ബ്രഹ്മഘ്നം ദുഷ്ടചാരിണം
കർക്കശം നിരനുക്രോശം പ്രജാനാമഹിതേ രതം 21
രാവണം സർവ്വലോകാനാം സർവ്വഭൂതഭയാവഹം
രാക്ഷസീ ഭ്രാതരം ക്രൂരം സാ ദദർശ മഹാബലം. 22

സാ	ആ
രാക്ഷസീ	രാക്ഷസി,
ആപ്ത-യജ്ഞഹരം	സമാപ്തിയാകാറായ യജ്ഞങ്ങളെ മുടക്കുന്നവനും,
ക്രൂരം	ഘോരനും
ബ്രഹ്മഘ്നം	ബ്രാഹ്മണഘാതകനും
ദുഷ്ടചാരിണം	ദുർന്നടവടിയാർന്നവനും
കർക്കശം	എന്തും ചെയ്വാൻ തുനിയുന്നവനും
നിരനുക്രോശം	ദയാദാക്ഷിണ്യമററവനും

പ്രജാനാം	പ്രാണികൾക്ക്
അഹിതേ	ഹിംസചെയ്യുന്നതിൽ
രതം	സന്തോഷിക്കുന്നവനും
സർവ്വലോകാനാം	എല്ലാ ലോകങ്ങളേയും
രാവണം	കരയിക്കുന്നവനും
സർവ്വഭൂത-ഭയാവഹം	സർവ്വപ്രാണികൾക്കും ഭയത്തെ വിളയിക്കുന്നവനും
ക്രൂരം	മൂർഖനും
മഹാബലം	മഹാബലിഷ്ഠനും ആയ
ഭ്രാതരം	ജ്യേഷ്ഠസഹോദരനെ
ദദർശ.	കണ്ടു.

തം ദിവ്യവസ്ത്രാഭരണം ദിവ്യമാല്യോപശോഭിതം
ആസനേ സൂപവിഷ്ടം തം കാലകാലമിവോദ്യതം 23
രാക്ഷസേന്ദ്രം മഹാഭാഗം പൗലസ്ത്യകുലനന്ദനം
രാവണം ശത്രുഹന്താരം മന്ത്രിഭിഃ പരിവാരിതം
അഭിഗമ്യാബ്രവീദ്വാക്യം രാക്ഷസീ ഭയവിഹ്വലാ. 24

രാക്ഷസീ,	രാക്ഷസി,
പൌലസ്ത്യ-കുലനന്ദനം	പുലസ്ത്യവംശത്തിൽ പിറന്നവനായി
തം	അപ്രകാരമുള്ള സ്വാഭാവികമായ ദുഷ്ട പ്രവൃത്തികളോടു കൂടിയവനെന്ന്
മഹാഭാഗം,	ത്രിലോക പ്രസിദ്ധി പൂണ്ടവനും,
ഉദ്വൃത്തം	പൊങ്ങിയെഴുന്ന
കാലകാലം ഇവ	പ്രളയകാല മൃത്യുവിനെപ്പോലെ
ശത്രുഹന്താരം,	ശത്രുക്കളെ ഹനിക്കുന്നവനും,
മന്ത്രിഭിഃ	മന്ത്രിമാരാൽ
പരിവാരിതം	ചൂഴപ്പെട്ടവനും
ദിവ്യ-വസ്ത്രാഭരണം	ദിവ്യങ്ങളായ വസ്ത്രാലങ്കാരങ്ങളണിഞ്ഞവനും
ദിവ്യമാല്യോപശോഭിതം	ദിവ്യങ്ങളായ മാലകളാൽ ഉല്ലസിക്കുന്നവനും
ആസനേ	ആസനത്തിൽ
സൂപവിഷ്ടം	ഉപവേശിച്ചവനും
രാക്ഷസേന്ദ്രം	രാക്ഷസരാജാവുമായ
തം	ആ
രാവണം	രാവണനെ
അഭിഗമ്യ,	അടുത്ത്,
വാക്യം	ഇപ്രകാരം വാക്യത്തെ
ഭയവിഹ്വലാ	ഭയംകൊണ്ട് വിറയ്ക്കുന്നവളായി
അബ്രവീത്.	പറഞ്ഞു.

തമബ്രവീദ്ദീപ്തവിശാലലോചനം
പ്രദർശയിത്വാ ഭയമോഹമൂർച്ഛിതാ
സുദാരുണം വാക്യമഭീതചാരിണീ
മഹാത്മനാ ശൂർപ്പണഖാ വിരൂപിതാ. 25

അഭീതചാരിണീ	ഭയമില്ലാതെ എങ്ങും സഞ്ചരിക്കുന്നവളും
മഹാത്മനാ	മഹാത്മാവായ ലക്ഷ്മണനാൽ
വിരൂപിതാ	അംഗഭംഗം ചെയ്യപ്പെട്ടവളുമായ
ശൂർപ്പണഖാ,	ശൂർപ്പണഖ,
ഭയമോഹ-മൂർച്ഛിതാ	ഭയംകൊണ്ട് അമ്പരന്ന് ഉള്ളം നടുങ്ങിയവളായി,
ദീപ്തവിശാല-ലോചനം	കോപാഗ്നിയാൽ ഉജ്ജ്വലിക്കുന്ന വിശാലനേത്രങ്ങളോടുകൂടിയവനായ
തം,	ആ രാവണനോടായി,
സുദാരുണം	അസഹ്യമായി തനിക്കു നേരിട്ട കഷ്ടദശയെ
പ്രദർശയിത്വാ	അറിയിച്ചുകൊണ്ട്
വാക്യം	ഇപ്രകാരം വാക്യത്തെ
അബ്രവീത്.	അറിയിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ ദ്വാത്രിംശഃ സർഗ്ഗഃ = മുപ്പത്തിരണ്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 7819; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1107.

ത്രയസ്ത്രിംശഃ സൎഗ്ഗഃ = മുപ്പത്തിമൂന്നാം സൎഗ്ഗം.

[രാവണനിന്ദാ = രാവണനെ ശൂൎപ്പണഖ നിന്ദിക്കുന്നത്.]

തതഃ ശൂൎപ്പണഖാ ദീനാ രാവണം ലോകരാവണം
അമാത്യമദ്ധ്യേ സംക്രുദ്ധാ പരുഷം വാക്യമബ്രവീത്. 1

ദീനാ	പരിതാപകരമായ അവസ്ഥയിലിരുന്നിരുന്നവളായ	അമാത്യമദ്ധ്യേ	മന്ത്രിമാരുടെ മുമ്പിൽ [വെച്ച്
		തതഃ	അപ്പോൾ
		സംക്രുദ്ധാ	അതിക്രുദ്ധയായി
ശൂൎപ്പണഖാ,	ശൂൎപ്പണഖ,	പരുഷം	കടുതായ
ലോകരാവണം	ലോകവിദ്ധ്വംസകനായ	വാക്യം	വാക്യത്തെ
രാവണം,	രാവണനോടായി,	അബ്രവീത്.	ഇങ്ങിനെ പറഞ്ഞു.

പ്രമത്തഃ കാമഭോഗേഷു സ്വൈരവൃത്തോ നിരങ്കുശഃ
സമുത്പന്നം ഭയം ഘോരം ബോദ്ധവ്യം നാവബുദ്ധ്യസേ. 2

"കാമഭോഗേഷു	"കാമസുഖാനുഭവങ്ങളിൽ	ബോദ്ധവ്യം	അവശ്യം ഗ്രഹിക്കപ്പെടേണ്ടതും
പ്രമത്തഃ	മുങ്ങിക്കിടക്കുന്നവനായി	സമുത്പന്നം	അടുത്തിരിക്കുന്നതും
സ്വൈരവൃത്തഃ	താന്തോന്നിയായി നടക്കുന്നവനും	ഘോരം	അസഹ്യമായിരിക്കുന്ന
		ഭയം	ആപത്തിനെ [തുമായ
നിരങ്കുശഃ,	ഒതുക്കുവാൻ ആരുമില്ലാത്തവനുമായ നീ,	ന അവബുദ്ധ്യസേ.	അറിയാതെയാണിരിക്കുന്നത്

സക്തം ഗ്രാമ്യേഷു ഭോഗേഷു കാമവൃത്തം മഹീപതിം
ലുബ്ധം ന ബഹു മന്യന്തേ ശ്മശാനാഗ്നിമിവ പ്രജാഃ. 3

"കാമവൃത്തം	"കാമത്തിൽ മുങ്ങിയ	മഹീപതിം	രാജാവിനെ
ഗ്രാമ്യേഷു	തുച്ഛങ്ങളായ [വനായി	പ്രജാഃ	പ്രജകൾ
ഭോഗേഷു	സുഖഭോഗങ്ങളിൽ	ശ്മശാനാഗ്നിം	ചുടലത്തീയ്യിനെ
സക്തം,	കാലം കഴിക്കുന്നവ	ഇവ	എന്നവണ്ണം
ലുബ്ധം	ലോഭിയായ [നായി,	ന ബഹുമന്യന്തേ.	ഗണിക്കുകയില്ല.

സ്വയം കാൎയ്യാണി യഃ കാലേ നാനുതിഷ്ഠതി പാൎത്ഥിവഃ
സ തു വൈ സഹ രാജ്യേന തൈശ്ച കാൎയ്യൈൎവ്വിനശ്യതി. 4

"യഃ	"യാതൊരു	സഃ,	അവൻ,
പാൎത്ഥിവഃ	അരചൻ	തൈഃ	ആ
കാൎയ്യാണി	ചെയ്യേണ്ടവയായ കൃത്യങ്ങളെ	കാൎയ്യൈഃ ച	കൃത്യങ്ങളാൽതന്നെ
		തു,	ഇക്കാരണമായി,
കാലേ	അതാതുസമയത്തിൽ	രാജ്യേന സഹ വൈ	രാജ്യത്തോടുംകൂടിത്തന്നെ
സ്വയം	സ്വയമായി		
അനുതിഷ്ഠതി ന	ചെയ്യാതിരിക്കുന്നുവോ	വിനശ്യതി.	നാശത്തെ പ്രാപിക്കുന്നു.

അയുക്തചാരം ദുർദ്ദർശമസ്വാധീനം നരാധിപം
വൎജ്ജയന്തി നരാ ദൂരാന്നദീപങ്കമിവ ദ്വിപാഃ. 5

"നരാഃ,	"ജനങ്ങൾ,
അയുക്തചാരം	ശത്രുക്കളുടെ ഗതിയറിയുന്ന ചാരന്മാരെ നിയോഗിക്കാത്തവനും
ദുർദ്ദർശം	പ്രജകൾക്കു നേരിട്ടു മുഖം കാണിപ്പാൻ സൌകൎയ്യം കൊടുക്കാത്തവനും
അസ്വാധീനം	സ്വയംബുദ്ധിയററവനും ആയ
നരാധിപം,	രാജാവിനെ,
ദ്വിപാഃ	ആനകൾ
നദീപങ്കം	നദികളിലുള്ള ചേററിനെ
ഇവ,	എന്നപോലെ,
ദൂരാത്	ദൂരത്തിൽ നിന്നുതന്നെ
വൎജ്ജയന്തി.	വിലക്കുന്നു.

['അയുക്തചാരം' സഞ്ചരിപ്പാൻ കഴിയാത്തതു്; 'ദുർദ്ദർശം' എത്ര ആഴമുണ്ടെന്നു് അറിവാൻ കഴിയാത്തതു്; 'അസ്വാധീനം' തനിക്കു വശപ്പെടാത്തതു്; എന്നിങ്ങിനെ മൂന്നു വിശേഷണങ്ങളും ചേറിന്നും യോജിക്കുന്നവയാണെന്നു കാണുക.]

യേ ന രക്ഷന്തി വിഷയമസ്വാധീനാ നരാധിപാഃ
തേ ന വൃദ്ധ്യാ പ്രകാശന്തേ ഗിരയഃ സാഗരേ യഥാ. 6

"യേ	"യാതൊരു
നരാധിപാഃ,	രാജാക്കന്മാർ,
വിഷയം	രാജ്യത്തെ
അസ്വാധീനാഃ	സ്വയംബുദ്ധിയില്ലാത്തവരായി
രക്ഷന്തി ന,	പരിപാലിക്കാതിരിക്കുന്നുവോ,
തേ,	അവർ,
സാഗരേ	സമുദ്രത്തിൽ
ഗിരയഃ	പൎവ്വതങ്ങൾ
യഥാ,	എന്നപോലെ,
വൃദ്ധ്യാ	രാജ്യാധികാരത്താലുള്ള ഗൎവ്വം കൊണ്ടു്
പ്രകാശന്തേ ന.	ശോഭിക്കാതിരിക്കുന്നു.

["അസ്വാധീനാഃ" ജനങ്ങളെ സ്വാധീനത്തിൽ വെക്കാത്തവരായി; "വൃദ്ധ്യാ" വേലിയേററം കൊണ്ടു്; എന്നും.]

ആത്മവദ്ഭിർവിഗൃഹ്യ ത്വം ദേവഗന്ധൎവ്വദാനവൈഃ
അയുക്തചാരശ്ചപലഃ കഥം രാജാ ഭവിഷ്യസി. 7

"ആത്മവദ്ഭിഃ	"സാമൎത്ഥ്യശാലികളായ
ദേവഗന്ധൎവ്വദാനവൈഃ	ദേവന്മാർ, ഗന്ധൎവ്വന്മാർ, ദാനവന്മാർ, എന്നിവരുമായി
വിഗൃഹ്യ,	ദോഷത്തെ സമ്പാദിച്ചുകൊണ്ടു്,
അയുക്തചാരഃ	അവരുടെ സൂക്ഷ്മനടവടികളെ അറിവാൻ ചാരന്മാരെ അയക്കാത്തവനും
ചപലഃ	കാൎയ്യത്തിന്റെ വൈഷമ്യമെന്തെന്നാലോചിക്കാത്തവനും ആയ
ത്വം,	നീ,
കഥം	എങ്ങിനെ
രാജാ	രാജാവായി
ഭവിഷ്യസി?	ഇരിക്കും?

ത്വം തു ബാലസ്വഭാവശ്ച ബുദ്ധിഹീനശ്ച രാക്ഷസ
ജ്ഞാതവ്യം തു ന ജാനീഷേ കഥം രാജാ ഭവിഷ്യസി. 8

"ബാല- സ്വഭാവഃ ച,	"കുട്ടിക്കളി മാറാത്തവനും,	രാക്ഷസ!	രാക്ഷസ!
ബുദ്ധിഹീനഃ ച	ബുദ്ധിയററവനുമായ	തു	ഇങ്ങിനെ ഇരിക്കുന്നതു കാരണം
ത്വം,	നീ,	കഥം	എങ്ങിനെ
ജ്ഞാതവ്യം തു	അവശ്യമായി അറിയേണ്ടതിനേയും കൂടി	രാജാ	രാജാവായി
ജാനീഷേ ന;	അറിയാതിരിക്കുന്നു;	ഭവിഷ്യസി?	നീ കഴിച്ചുകൂട്ടുവാൻ പോകുന്നു?

യേഷാം ചാരശ്ച കോശശ്ച നയശ്ച ജയതാം വര
അസ്വാധീനാ നരേന്ദ്രാണാം പ്രാകൃതൈസ്തേ ജനൈഃ സമാഃ 9

"ജയതാം വര!	"ജയശാലിയായവനേ!	അസ്വാധീനഃ,	സ്വാധീനത്തിലില്ലാതിരിക്കുന്നുവോ,
യേഷാം	യാതൊരു	തേ	അവർ
നരേന്ദ്രാണാം	രാജാക്കന്മാൎക്ക്	പ്രാകൃതൈഃ ജനൈഃ	പാമരജനങ്ങൾക്ക്
ചാരഃ ച,	ചാരനും,		
കോശഃ ച	ഭണ്ഡാരവും		
നയഃ ച	മുൻകരുതലും	സമാഃ.	സമന്മാരാകുന്നു.

യസ്മാത് പശ്യന്തി ദൂരസ്ഥാൻ സർവ്വാനർത്ഥാന്നരാധിപാഃ
ചാരേണ തസ്മാദുച്യന്തേ രാജാനോ ദീർഘചക്ഷുഷഃ. 10

"നരാധിപാഃ	"രാജാക്കന്മാർ	പശ്യന്തി;	മനസ്സിലാക്കുന്നു;
ദൂരസ്ഥാൻ	ദൂരദിക്കുകളിൽ നടക്കുന്ന	യസ്മാത് തസ്മാത്	അതുകൊണ്ടുതന്നെയാണ്
അർത്ഥാൻ	സംഗതികളെ	രാജാനഃ	രാജാക്കന്മാർ
സർവ്വാൻ	എല്ലാററിനേയും .	ദീർഘചക്ഷുഷഃ	ദീർഘദർശികൾ എന്ന്
ചാരേണ	ചാരൻ മുഖാന്തരം	ഉച്യന്തേ.	പറയപ്പെടുന്നത്.

അയുക്തചാരം മന്യേ ത്വാം പ്രാകൃതൈഃ സചിവൈർവൃതം
സ്വജനം തു ജനസ്ഥാനം ഹതം യോ നാവബുധ്യസേ. 11

"യഃ,	"യാതൊരു നീ,	പ്രാകൃതൈഃ	കൊള്ളരുതാത്ത
സ്വജനം	നിന്റെ ബന്ധുജനത്തേയും	സചിവൈഃ	മന്ത്രികളാൽ
		വൃതം	ചൂഴപ്പെട്ടവനായ
ജനസ്ഥാനം തു	ജനസ്ഥാനത്തേയും	ത്വാം	നിന്നെ
ഹതം	നശിച്ചതായി	അയുക്തചാരം	ചാരന്മാരെ നിയോഗിക്കാത്തവനെന്ന്
അവബുധ്യസേ ന	അറിയാതിരിക്കുന്നുവോ, അപ്രകാരമുള്ള	മന്യേ.	ഞാൻ കരുതുന്നു.

ചതുർദശ സഹസ്രാണി രക്ഷസാം ക്രൂരകർമ്മണാം
ഹതാന്യേകേന രാമേണ ഖരശ്ച സഹദൂഷണഃ. 12

“ സഹദൂഷണഃ	“ ദൂഷണനോടുചേൎന്ന	ചതുർദശ	പതിന്നാല്
ഖരഃ ച,	ഖരനും,	സഹസ്രാണി,	സഹസ്രങ്ങളും,
ക്രൂരകൎമ്മണാം	ഘോരകൎമ്മംചെയ്യുന്നവരായ	രാമേണ	രാമൻ
രക്ഷസാം	രാക്ഷസരുടെ	ഏകേന	ഒരുത്തനാൽ
		ഹതാനി.	കൊല്ലപ്പെട്ടു.

ഋഷീണാമഭയം ദത്തം കൃതക്ഷേമാശ്ച ദണ്ഡകാഃ
ധൎഷിതം ച ജനസ്ഥാനം രാമേണാക്ലിഷ്ടകൎമ്മണാ. 13

“ അക്ലിഷ്ട-കൎമ്മണാ	“ നിഷ്പ്രയാസം ഏതും ചെയ്വാൻ കഴിവുള്ള	ദത്തം;	നൽകപ്പെട്ടു;
രാമേണ	രാമനാൽ	ദണ്ഡകാഃ ച	ദണ്ഡകാവനങ്ങളും
ഋഷീണാം	ഋഷികൾക്ക്	കൃതക്ഷേമാഃ;	ഭയമില്ലാതാക്കപ്പെട്ടു;
അഭയം	അഭയം	ജനസ്ഥാനം ച	ജനസ്ഥാനവും
		ധൎഷിതം.	പാഴാക്കപ്പെട്ടു.

ത്വം തു ലുബ്ധഃ പ്രമത്തശ്ച പരാധീനശ്ച രാവണ
വിഷയേ സ്വേ സമുത്പന്നം ഭയം യോ നാവബുദ്ധ്യസേ. 14

“ രാവണ!	“ രാവണ!	സ്വേ	സ്വന്തം
യഃ	യാതൊരു	വിഷയേ ച	രാജ്യത്തിൽതന്നെ
ത്വം തു,	നീയാകട്ടെ, [നായി	സമുത്പന്നം	ഉണ്ടായിരിക്കുന്ന
പ്രമത്തഃ	ജാഗ്രതയില്ലാത്തവ-	ഭയം	വിപത്തിനെ
പരാധീനഃ	സ്വയംബുദ്ധിയററവനാ	അവബുദ്ധ്യസേ ന.	അറിയാതിരിക്കുന്നു.
ലുബ്ധഃ ച	കാമാതുരനായി [യി		

തീക്ഷ്ണമല്പപ്രദാതാരം പ്രമത്തം ഗൎവ്വിതം ശഠം
വ്യസനേ സൎവ്വഭൂതാനി നാഭിധാവന്തി പാൎത്ഥിവം. 15

“ തീക്ഷ്ണം	“ ഒരിക്കലും പ്രസന്നതയില്ലാത്തവനും	ശഠം	മടിയനുമായ
അല്പപ്രദാതാരം	ധാരാളമായികൊടുക്കാത്തവനും	പാൎത്ഥിവം,	ഒരു രാജാവിനെ,
ഗൎവ്വിതം	ഗൎവ്വം പൂണ്ടവനും	വ്യസനേ	ആപത്തുവരുമ്പോൾ
പ്രമത്തം	ജാഗ്രതയില്ലാത്തവനും	സൎവ്വഭൂതാനി	പ്രജകളിൽ ആരും
		അഭിധാവന്തി ന.	അടുക്കുകയില്ല.

അതിമാനിനമഗ്രാഹ്യമാത്മസംഭാവിതം നരം
ക്രോധിനം വ്യസനേ ഹന്തി സ്വജനോऽപി മഹീപതിം. 16

“ അതിമാനിനം	“ തന്നെപ്പോലെ ആരുമില്ലെന്നഗൎവ്വമുള്ളവനും	ക്രോധിനം	കോപിഷ്ഠനും
		മഹീപതിം	അരചനുമായ
അഗ്രാഹ്യം,	ആരെയും അടുപ്പിക്കാത്തവനും,	നരം,	ഒരുപുരുഷനെ,
		വ്യസനേ	കഷ്ടകാലംവരുമ്പോൾ
ആത്മ-സംഭാവിതം	തന്നെത്താൻ സ്തുതിക്കുന്നവനും,	സ്വജനഃ അപി	സ്വന്തം ബന്ധുക്കൾ
		ഹന്തി.	നശിപ്പിക്കുന്നു. [തന്നെ

നാനുതിഷ്ഠതി കാൎയ്യാണി ഭയേഷു ന ബിഭേതി ച
ക്ഷിപ്രം രാജ്യാച്ച്യുതോ ദീനസ്തൃണൈസ്തുല്യോ ഭവിഷ്യതി. 17

"കാൎയ്യാണി	"ചെയ്യേണ്ടവയായ കൃത്യങ്ങളെ	ക്ഷിപ്രം	ശീഘ്രത്തിൽ
അനുതിഷ്ഠതി ന;	അവൻ ചെയ്യാതിരിക്കുന്നു;	രാജ്യാത്	തന്റെ രാജ്യത്തിൽനിന്നും
ഭയേഷു	ആപത്തുവിളയിക്കുന്ന സംഗതികളെക്കുറിച്ച്	ച്യുതഃ	ഭ്രഷ്ടനായി
ബിഭേതി ന;	അവൻ ഭയപ്പെടാതിരി[ക്കുന്നു!	ദീനഃ	ദൈന്യതപൂണ്ടവനായി
ച	അതിനാൽ	തൃണൈഃ	തൃണങ്ങൾക്ക്
		തുല്യഃ	സമാനനായി
		ഭവിഷ്യതി.	ഭവിക്കുന്നു.

ശുഷ്കകാഷ്ഠൈൎഭവേത് കാൎയ്യം ലോഷ്ടൈരപി ച പാംസുഭിഃ
ന തു സ്ഥാനാത് പരിഭ്രഷ്ടൈഃ കാൎയ്യം സ്യാദ്വസുധാധിപൈഃ. 18

"ശുഷ്കകാഷ്ഠൈഃ	"ഉണങ്ങിയവിറകുകൾകൊണ്ടും	തു	എന്നാൽ
ലോഷ്ടൈഃ ച	മൺകട്ടകൾകൊണ്ടും	സ്ഥാനാത്	പദവിയിൽനിന്നു
പാംസുഭിഃ അപി	പൂഴികൾകൊണ്ടും	പരിഭ്രഷ്ടൈഃ	ഭ്രഷ്ടരായ
കാൎയ്യം	പ്രയോജനം	വസുധാധിപൈഃ	രാജാക്കന്മാരെക്കൊ[ണ്ട്
ഭവേത്;	ഉണ്ടായേക്കാം;	കാൎയ്യം	ഒരു പ്രയോജനവും
		സ്യാത് ന.	ഉണ്ടാകയില്ല.

ഉപഭുക്തം യഥാ വാസഃ സ്രജോ വാ മൃദിതാ യഥാ
ഏവം രാജ്യാത് പരിഭ്രഷ്ടഃ സമൎത്ഥോപി നിരൎത്ഥകഃ. 19

"ഉപഭുക്തം	"ഉടുത്തുകീറിയ	ഏവം	അപ്രകാരംതന്നെ
വാസഃ	വസ്ത്രം	രാജ്യാത്	രാജപദവിയിൽനിന്ന്
യഥാ,	എപ്രകാരമോ,	പരിഭ്രഷ്ടഃ	ഭ്രംശിച്ചവൻ
വാ	അഥവാ	സമൎത്ഥഃ അപി	സാമൎത്ഥ്യശാലിയെന്നിരുന്നാൽകൂടി
മൃദിതാഃ	തിരുമ്മിക്കെട്ടുപോയ	നിരൎത്ഥകഃ.	പ്രയോജനമററവനാകുന്നു.
സ്രജഃ	പൂമാലകൾ		
യഥാ,	എപ്രകാരമോ,		

അപ്രമത്തശ്ച യോ രാജാ സൎവ്വജ്ഞോ വിജിതേന്ദ്രിയഃ
കൃതജ്ഞോ ധൎമ്മശീലശ്ച സ രാജാ തിഷ്ഠതേ ചിരം. 20

"യഃ	"യാതൊരു	ധൎമ്മശീലഃ	രാജനീതിയിൽ നിലനിൽക്കുന്നവനായി
രാജാ	രാജാവ്	കൃതജ്ഞഃ ച	അതിനു തക്കപോലെ നടക്കുന്നുവോ,
അപ്രമത്തഃ	ജാഗ്രതയോടു കൂടിയവനായി,	സഃ ച	അവനൊരുവൻ തന്നെ
വിജിതേന്ദ്രിയഃ	ഇന്ദ്രിയങ്ങളെ ഒതുക്കിയവനായി	രാജാ	രാജാവായി [യാണ്
സൎവ്വജ്ഞഃ	അറിയേണ്ടവയെല്ലാം അറിയുന്നവനായി	ചിരം	വളരെക്കാലം
		തിഷ്ഠതേ.	ഇരിക്കുന്നത്. (ആൎഷം.)

നയനാഭ്യാം പ്രസുപ്തോഽപി ജാഗൎത്തി നയചക്ഷുഷാ
വ്യക്തക്രോധപ്രസാദശ്ച സ രാജാ പൂജ്യതേ ജനൈഃ. 2

"സഃ	"അപ്രകാരമുള്ള
രാജാ	രാജാവ്
നയനാഭ്യാം	രണ്ടു കണ്ണുകളും മൂടി കൊണ്ട്
പ്രസുപ്തഃ അപി,	ഉറങ്ങിയവനെന്നിരുന്നാലും,
നയചക്ഷുഷാ	നീതിയാകുന്ന കണ്ണുകൊണ്ട്
ജാഗൎത്തി;	മിഴിച്ചുകൊണ്ടുതന്നെയാണിരിക്കുന്നത്
ച	അതിനാൽ
വ്യക്തക്രോധ-പ്രസാദഃ	സപ്രയോജനമായക്രോധം, അനുഗ്രഹം എന്നവയോടുകൂടിയവനായ്
ജനൈഃ	ജനങ്ങളാൽ
പൂജ്യതേ.	കൊണ്ടാടപ്പെടുന്നു.

ത്വം തു രാവണ ദുൎബ്ബുദ്ധിൎഗ്ഗുണൈരേതൈൎവിവൎജ്ജിതഃ
യസ്യ തേഽവിദിതശ്ചാരൈ രക്ഷസാം സുമഹാൻ വധഃ. 2:

"രാവണ!	"രാവണ!
ത്വം	നീ
ദുൎബ്ബുദ്ധിഃ;	ഇന്നതിന്നപ്പോൾ ചെയ്യേണമെന്നുള്ള ബോധമില്ലാത്തവൻ;
ഏതൈഃ	മേല്പറഞ്ഞ
ഗുണൈഃ വിവൎജ്ജിതഃ;	ഗുണങ്ങൾ തൊട്ടുകുളിക്കാത്തവൻ;
തു	അതിനാൽ
യസ്യ തേ	അപ്രകാരമുള്ള നിനക്ക
രക്ഷസാം	രാക്ഷസരുടെ
സുമഹാൻ	അതിഘോരമായ
വധഃ	വധം
ചാരൈഃ	ചാരന്മാർ മുഖമായി
അവിദിതഃ.	അറിയപ്പെട്ടില്ല.

പരാവമന്താ വിഷയേഷു സംഗവാൻ
ന ദേശകാലപ്രവിഭാഗതത്വവിത്
അയുക്തബുദ്ധിൎഗ്ഗുണദോഷനിശ്ചയേ
വിപന്നരാജ്യോ ന ചിരാദ്വിപത്സ്യസേ. 2:

"പരാവമന്താ,	"ശത്രുക്കളെ അലക്ഷ്യമായി കരുതുന്നവനും,
വിഷയേഷു	അല്പസുഖങ്ങളിൽ
സംഗവാൻ,	മുങ്ങിക്കിടക്കുന്നവനും,
ന ദേശകാല-പ്രവിഭാഗ-തത്വവിത്	ദേശം, കാലം, എന്നവയുടെ വ്യത്യാസങ്ങളെ വേണ്ടുംവണ്ണം അറിയാത്തവനും
ഗുണദോഷ-നിശ്ചയേ	നന്മതിന്മകളെ വേർതിരിച്ചറിയുന്നതിര
അയുക്തബുദ്ധിഃ	ബുദ്ധിചെലുത്താത്തവന
വിപന്നരാജ്യഃ	രാജ്യം ക്ഷയിച്ചവനുമായ നീ
ന ചിരാത്,	താമസിയാതെ,
വിപത്സ്യസേ."	നശിപ്പാൻപോകുന്നു."

ഇതി സ്വദോഷാൻ പരികീൎത്തിതാംസ്തയാ
സമീക്ഷ്യ ബുദ്ധ്യാ ക്ഷണദാചരേശ്വരഃ
ധനേന ദൎപ്പേണ ബലേന ചാന്വിതോ
വിചിന്തയാമാസ ചിരം സ രാവണഃ. 2

ധനേന	ധനംകൊണ്ടും
ദർപ്പേണ	ദർപ്പംകൊണ്ടും
ബലേന ച	ഊക്കുകൊണ്ടും
അന്വിതഃ,	മേന്മപൂണ്ടു വിളങ്ങുന്നവനും,
ക്ഷണദാചരേശ്വരഃ	രാക്ഷസേശ്വരനുമായ
സഃ രാവണഃ,	ആ രാവണൻ,
തയാ	അവളാൽ

ഇതി	ഇപ്രകാരം
പരികീർത്തിതാൻ	എടുത്തുരചെയ്യപ്പെട്ട
സ്വദോഷാൻ	തന്റെ കുററങ്ങളെക്കുറിച്ച്,
ബുദ്ധ്യാ	വിവേചനം ചെയ്ത്
സമീക്ഷ്യ,	നല്ലപോലെ അറിഞ്ഞ്,
ചിരം	അല്പനേരം
വിചിന്തയാമാസ.	ഗാഢാലോചനയിൽ വർത്തിച്ചു.

[ശൂർപ്പണഖ ഭഗവത്സ്വരൂപത്തെ നല്ലപോലെ ഗ്രഹിച്ചവളാകുന്നു. ഭഗവാന്റെ അനന്തകല്യാണഗുണഗണങ്ങളും അനവധിമിതരൂപലാവണ്യസുഷമയും അവളുടെ ഹൃദയത്തെ ആകർഷിച്ച്, ഭഗവത്സായുജ്യപദവിയെ പ്രാപിപ്പാനുള്ള അതിയായ ഔത്സുക്യത്തെ അവളുടെ ഹൃദയത്തിൽ ഉത്പാദിപ്പിച്ചു. ഭഗവാൻ അവൾക്ക് ഭഗവത്ഭക്തിയെക്കാളും ഭാഗവതകൈങ്കര്യം തന്നെയാണ് വിശിഷ്ടമായതെന്ന് അവളെ ഉപദേശിച്ച് ലക്ഷ്മണന്റെ അടുത്ത് പറഞ്ഞയച്ചു. എന്നാൽ ലക്ഷ്മണൻ ആ കൈങ്കര്യത്തെക്കാൾ ഭഗവദ്ഭക്തിതന്നെയാണ് അവൾക്ക് സുകരമായതെന്ന് ഉപദേശിക്കുന്നു. ആ പടവിൽ മാത്രമേ അവൾ എത്തിയിരുന്നുള്ളു എന്ന് താല്പര്യം. ഈ ലക്ഷ്മണോപദേശത്തെ അവൾ ഗ്രഹിച്ച് ലോകമാതാവായ ദേവിയുടെ കാരുണ്യം തനിക്ക് ആവശ്യമാണെന്ന് അവൾ മനസ്സിലാക്കി, ദേവിയെ തന്റെ വശത്താക്കി. ആ സമയം ഭഗവാൻ അവൾക്ക് ഉപാസനയ്ക്കു വേണ്ട ഉപദേശത്തെ കൊടുപ്പാൻ ലക്ഷ്മണനോട് ആജ്ഞാപിക്കുന്നു. ഗുരുവാകുന്ന ലക്ഷ്മണൻ ജ്ഞാനമാകുന്ന അസികൊണ്ട് അവളുടെ അജ്ഞാനത്തേയും അതോടുകൂടി പാഞ്ചഭൗതികമായ, സ്ഥൂലം സൂക്ഷ്മം കാരണം എന്ന ഉപാധികളേയും നശിപ്പിക്കുന്നു. ശൂർപ്പണഖയുടെ കർണ്ണനാസാച്ഛേദം, ഇതിനെത്തന്നെ വിവക്ഷിക്കുന്നു. 'നാസിക,' ഗന്ധഗ്രാഹിയായ ഇന്ദ്രിയമാകയാൽ, ഗന്ധം പ്രധാനമായിരിക്കുന്ന, പഞ്ചഭൂതങ്ങളിൽ ഒന്നാമത്തേതായ, പൃഥിവിയേയും, 'കർണ്ണം' ശബ്ദഗ്രാഹിയായ ഇന്ദ്രിയമാകയാൽ, ശബ്ദം പ്രധാനമായിരിക്കുന്ന, പഞ്ചഭൂതങ്ങളിൽ ഒടുവിലത്തേതായ ആകാശത്തേയും സൂചിപ്പിക്കുന്നതിനാൽ, കർണ്ണനാസാച്ഛേദം ഈ പഞ്ചഭൂതങ്ങളുടെയും നാശത്തെ വിവക്ഷിക്കുന്നു. ഈ സ്ഥൂലോപാധികളുടെ നാശത്തിനുശേഷം, അവൾ ഭാഗവതഗോഷ്ഠിയിൽ ചേർന്ന കാരണത്താൽ ഖരാദികളായ മററു ഭക്തന്മാരെയും ആ ഗോഷ്ഠിയിൽ ചേർക്കുന്നതിനുള്ള കാരുണ്യം അവളിൽ ഉളവായി അതിന്നു യത്നിക്കുന്നു.

ശൂർപ്പണഖയാൽ, ഖരൻ ഭഗവദ്ഗുണഗണങ്ങളെപ്പററി ഉപദേശിക്കപ്പെട്ടവനായി, ഭഗവത്പാദാരവിന്ദങ്ങളിൽ ചേരുവാനുള്ള പരിശ്രമം ഉടനെ ചെയ്യുന്നു. ആദ്യം അയക്കപ്പെട്ട പതിന്നാലു രാക്ഷസന്മാരും, പിന്നെ അയക്കപ്പെട്ടവരായ പതിന്നാലായിരം പേരും, പതിന്നാല് സേനാധിപന്മാരും, അഞ്ച് കർമ്മേന്ദ്രിയം, അഞ്ച് ജ്ഞാനേന്ദ്രിയം, ചിത്തം, മനസ്സ്, ബുദ്ധി, അഹങ്കാരം, എന്ന പതിന്നാലിന്റെയും സ്ഥൂലസൂക്ഷ്മകാരണസ്വരൂപങ്ങളുടെ ഭേദങ്ങളാകുന്നു. ഇപ്രകാരം സർവ്വവിധത്തിലുള്ള ഉപാധികളേയും ഖരൻ ഉപേക്ഷിക്കയാൽ, ഭഗവത്സായുജ്യപദവി ലഭിക്കുന്നു. ശൂർപ്പണഖ, ഭഗവദ്ഭക്തയായ്ത്തന്നെ വർത്തിച്ച് രാവണാദികളായ മററുള്ള ഭക്തന്മാർക്കും ഭഗവത്സായുജ്യമുക്തിക്കുള്ള ഉപദേശത്തെ ചെയ്യുന്നവളായ്ത്തന്നെ വർത്തിക്കുന്നു.

എന്നിപ്രകാരം കർണ്ണനാസാച്ഛേദാദിചരിത്രത്തിന്റെ ശരണാഗതിശാസ്ത്രാനുസൃതമായ സൂക്ഷ്മാർത്ഥം.]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ ത്രയസ്ത്രിംശഃ സർഗ്ഗഃ = മുപ്പത്തിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 7843; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1131.

ചതുസ്ത്രിംശഃ സർഗ്ഗഃ = മുപ്പത്തിനാലാംസർഗ്ഗം.

[സീതാപഹരണേ രാവണപ്രോത്സാഹനം = സീതയെ അപഹരിപ്പാൻ
രാവണനെ പ്രേരിപ്പിക്കുന്നത്.]

തതഃ ശൂർപ്പണഖാം ക്രുദ്ധാം ബ്രുവന്തീം പരുഷം വചഃ
അമാത്യമദ്ധ്യേ സംക്രുദ്ധഃ പരിപപ്രച്ഛ രാവണഃ 1

തതഃ	അപ്പോൾ
അമാത്യമദ്ധ്യേ	മന്ത്രിമാരുടെ മുമ്പിൽ വെച്ച്
പരുഷം	കടുതായ
വചഃ	വാക്യത്തെ
ക്രുദ്ധാം	കോപാക്രാന്തയായി
ബ്രുവന്തീം	പറയുന്നവളായ
ശൂർപ്പണഖാം,	ശൂർപ്പണഖയെ നോക്കി,
രാവണഃ	രാവണൻ
സംക്രുദ്ധഃ	ഏററം കുപിതനായി
പരിപപ്രച്ഛ.	ഇപ്രകാരം ചോദ്യം ചെയ്തു.

കശ്ച രാമഃ കഥംവീര്യഃ കിംരൂപഃ കിംപരാക്രമഃ
കിമർത്ഥം ദണ്ഡകാരണ്യം പ്രവിഷ്ടഃ സ ദുരാസദം. 2

“ രാമഃ	“ രാമനെന്നത്
കഃ ച ?	ആരാണ് ?
കഥംവീര്യഃ ?	എന്തു ശക്തിയുള്ളവൻ?
കിംരൂപഃ ?	എന്തു രൂപമുള്ളവൻ ?
കിംപരാക്രമഃ ?	പരാക്രമമെന്തുള്ളവൻ?
സഃ	അവൻ
ദുരാസദം	ദുഷ്പ്രവേശ്യമായ
ദണ്ഡകാരണ്യം	ദണ്ഡകാരണ്യത്തിലേക്കു
കിമർത്ഥം	എന്തുകാര്യമായി
പ്രവിഷ്ടഃ ?	വന്നിരിക്കുന്നു ?

ആയുധം കിം ച രാമസ്യ നിഹതാ യേന രാക്ഷസാഃ
ഖരശ്ച നിഹതഃ സംഖ്യേ ദൂഷണസ്ത്രിശിരാസ്തഥാ. 3

“ യേന	“ യാതൊരുവനാൽ
രാക്ഷസാഃ	രാക്ഷസന്മാർ
സംഖ്യേ	പോരിൽ
നിഹതാഃ,	കൊല്ലപ്പെട്ടുവോ,
ഖരഃ ച	ഖരനും അപ്രകാരം
നിഹതഃ,	കൊല്ലപ്പെട്ടുവോ,
ദൂഷണഃ	ദൂഷണനും
ത്രിശിരാഃ	ത്രിശിരസ്സും
തഥാ	അപ്രകാരം കൊല്ലപ്പെട്ടുവോ,
രാമസ്യ	ആ രാമന്ന്
ആയുധം	ആയുധവർഗ്ഗം
കിം ച ? ”	എന്തെല്ലാമാണ് ? ”

[‘വാൾ മുതലായ ആയുധങ്ങൾ,’ കയ്യിൽ വെച്ചുകൊണ്ടു തന്നെ ഉപയോഗിക്കുന്ന ‘പ്രഹരണങ്ങൾ, എന്ന വകയാകുന്നു. ചക്രം മുതലായവ കൈകൊണ്ടു എറിയപ്പെടുന്നവ, ‘ഹസ്തമുക്ത’ങ്ങളും ബാണം മുതലായവ ‘യന്ത്രമുക്തങ്ങളും’ ഇങ്ങിനെ ആയുധങ്ങൾ മൂന്നു പ്രകാരത്തിലാകുന്നു.]

ഇത്യുക്താ രാക്ഷസേന്ദ്രേണ രാക്ഷസീ ക്രോധമൂർച്ഛിതാ
തതോ രാമം യഥാതത്ത്വമാഖ്യാതുമുപചക്രമേ. 4

രാക്ഷസേന്ദ്രേണ	രാക്ഷസേശ്വരനാൽ
ഇതി	ഇപ്രകാരം
ഉക്താ	ചോദിക്കപ്പെട്ടവളായ
രാക്ഷസി,	ശൂർപ്പണഖ,
തതഃ	അപ്പോൾ
ക്രോധമൂർച്ഛിതാ	കോപംമൂലം മതിമറന്നവളായി,
രാമം	രാമനെപ്പററി
യഥാതത്ത്വം	ഉള്ളവണ്ണം
ആഖ്യാതും	ഇപ്രകാരം പറവാൻ
ഉപചക്രമേ.	തുടങ്ങി.

ദീൎഘബാഹുൎവിശാലാക്ഷശ്ചീരകൃഷ്ണാജിനാംബരഃ
കന്ദൎപ്പസമരൂപശ്ച രാമോ ദശരഥാത്മജഃ. 5

"രാമഃ	"രാമനെന്നവൻ	ചീരകൃഷ്ണാ-ജിനാംബരഃ;	മരവുരിയും കൃഷ്ണാജിനവുമുടുത്തവൻ;
ദശരഥാത്മജഃ;	ദശരഥന്റെ പുത്രൻ;		
ദീൎഘബാഹുഃ;	ആജാനുബാഹു;	കന്ദൎപ്പസമ-രൂപഃ ച.	മന്മഥനെപ്പോലെ സുന്ദരരൂപൻ.
വിശാലാക്ഷഃ;	വിശാലനേത്രൻ;		

ശക്രചാപനിഭം ചാപം വികൃഷ്യ കനകാംഗദം
ദീപ്താൻ ക്ഷിപതി നാരാചാൻ സൎപ്പാനിവ മഹാവിഷാൻ 6

"ശക്ര-ചാപനിഭം	"ഇന്ദ്രധനുസ്സൊത്തതും	മഹാവിഷാൻ	കൊടിയവിഷമുള്ള
		സൎപ്പാൻ	സൎപ്പങ്ങൾ
കനകാംഗദം	പൊൻകെട്ടുകളിട്ടതും ആയ	ഇവ	പോലെയുള്ള
		ദീപ്താൻ	ഉജ്ജ്വലിക്കുന്ന
ചാപം	കോദണ്ഡത്തെ	നാരാചാൻ	നാരാചബാണങ്ങളെ
വികൃഷ്യ,	വളച്ച് ഞാണേററി,	ക്ഷിപതി.	എയ്യുന്നു.

നാദദാനം ശരാൻ ഘോരാൻ ന മുഞ്ചന്തം ശിലീമുഖാൻ
ന കാൎമ്മുകം വികൎഷന്തം രാമം പശ്യാമി സംയുഗേ. 7

"സംയുഗേ	"പോരിൽ	ഘോരാൻ	കൊടിയ
രാമം	രാമനെമാത്രം	ശിലീമുഖാൻ ശരാൻ	കൂരമ്പുകളെ
പശ്യാമി;	ഞാൻ കാണുന്നു;	ആദദാനം	എടുക്കുന്നവനായും
കാൎമ്മുകം	വില്ല്	ന;	ഞാൻ കാണുന്നില്ല;
വികൎഷന്തം	വലിക്കുന്നവനായി	മുഞ്ചന്തം	പ്രയോഗിക്കുന്നവനായും
ന;	കാണുന്നില്ല;	ന.	ഞാൻ കാണുന്നില്ല.

ഹന്യമാനം തു തത് സൈന്യം പശ്യാമി ശരവൃഷ്ടിഭിഃ
ഇന്ദ്രേണേവോത്തമം സസ്യമാഹതം ത്വശ്മവൃഷ്ടിഭിഃ. 8

"തു	"എന്നാൽ	ആഹതം	നശിപ്പിക്കപ്പെട്ട
തത് ഉത്തമം	ആ വമ്പിച്ച	സസ്യം ഇവ,	സസ്യവൎഗ്ഗത്തെയെന്നപോലെ,
സൈന്യം	സൈന്യത്തെ		
ശരവൃഷ്ടിഭിഃ,	ബാണവൎഷങ്ങൾകൊണ്ട്,	ഹന്യമാനം തു	ചത്തുവീഴുന്നതായി മാത്രം
ഇന്ദ്രേണ	ഇന്ദ്രനാൽ		
അശ്മവൃഷ്ടിഭിഃ	കൽമാരികളാൽ	പശ്യാമി.	ഞാൻ കാണുന്നുണ്ട്.

രക്ഷസാം ഭീമരൂപാണാം സഹസ്രാണി ചതുൎദ്ദശ
നിഹതാനി ശരൈസ്തീക്ഷ്ണൈസ്തേനൈകേന പദാതിനാ 9
അൎദ്ധാധികമുഹൂൎത്തേന ഖരശ്ച സഹദൂഷണഃ
ഋഷീണാമഭയം ദത്തം കൃതക്ഷേമാശ്ച ദണ്ഡകാഃ. 10

" പദാതിനാ	" പാദചാരിയായ
തേന	അവൻ
ഏകേന,	ഒരുവനാൽ,
അൎദ്ധാധികമുഹൂൎത്തേന	ഒന്നരമുഹൂൎത്തകാലത്തിനുള്ളിൽ
തീക്ഷ്ണൈഃ	കൂൎത്ത
ശരൈഃ	ബാണങ്ങളെക്കൊണ്ട്
സഹദൂഷണഃ	ദൂഷണനോടുകൂടി
ഖരഃ ച	ഖരനും,
ഭീമരൂപാണാം	ഭയങ്കരരൂപികളായ
രക്ഷസാം	രാക്ഷസന്മാരുടെ
ചതുൎദ്ദശ സഹസ്രാണി	പതിന്നാലായിരങ്ങളും
നിഹതാനി;	കൊല്ലപ്പെട്ടു;
ഋഷീണാം	ഋഷികൾക്ക്
അഭയം ദത്തം;	അഭയം നൽകപ്പെട്ടു;
ദണ്ഡകാഃ ച	ദണ്ഡകാരണ്യങ്ങളും
കൃതക്ഷേമാഃ.	സുഖമായി ഭയരഹിതമായി വസിപ്പാൻ തക്കതാക്കപ്പെട്ടു.

ഏകാ കഥംചിന്മുക്താഽഹം പരിഭൂയ മഹാത്മനാ
സ്ത്രീവധം ശങ്കമാനേന രാമേണ വിദിതാത്മനാ. 11

" വിദിതാത്മനാ	" സൎവ്വജ്ഞനും
മഹാത്മനാ	മഹാത്മാവുമായ
രാമേണ	രാമനാൽ
സ്ത്രീവധം	സ്ത്രീവധത്തെ
ശങ്കമാനേന	നിന്ദ്യമായ് കരുതുന്നവനായി
അഹം	ഞാൻ
ഏകാ	ഒരുത്തിമാത്രം,
കഥംചിത്	ഒരുമട്ടിൽ,
പരിഭൂയ	അംഗഭംഗം ചെയ്യപ്പെട്ടു
മുക്താ.	വിട്ടയക്കപ്പെട്ടു.

ഭ്രാതാ ചാസ്യ മഹാതേജാ ഗുണതസ്തുല്യവിക്രമഃ
അനുരക്തശ്ച ഭക്തശ്ച ലക്ഷ്മണോ നാമ വീൎയ്യവാൻ 12
അമൎഷീ ദുൎജ്ജയോ ജേതാ വിക്രാന്തോ ബുദ്ധിമാൻ ബലീ
രാമസ്യ ദക്ഷിണോ ബാഹുൎന്നിത്യം പ്രാണോ ബഹിശ്ചരഃ. 13

" അസ്യ	" ഈ
രാമസ്യ	രാമന്റെ
ദക്ഷിണഃ	വലത്തെ
ബാഹുഃ,	കയ്യായും,
നിത്യം	എല്ലായ്പോഴും
ബഹിശ്ചരഃ	പുറത്തുസഞ്ചരിക്കുന്ന
പ്രാണഃ ച	പ്രാണനായും ഉള്ള
ഭ്രാതാ	അനുജൻ
ലക്ഷ്മണഃ നാമ	ലക്ഷ്മണനെന്നവൻ
മഹാതേജാഃ;	മഹാതേജസ്വി;
ഗുണതഃ	യോഗ്യതകൊണ്ട്
തുല്യവിക്രമഃ;	തത്തുല്യമായ പരാക്രമമുള്ളവൻ;
അനുരക്തഃ ച;	സ്ഥിരമായ വിശ്വാസത്തോടുകൂടിയവൻ;
ഭക്തഃ ച;	പ്രിയപ്പെട്ടവൻ;
വീൎയ്യവാൻ;	വീൎയ്യശാലി;
അമൎഷീ;	വിചാരിച്ച കാൎയ്യത്തെ പിൻവാങ്ങാതെചെയ്തു പൂൎത്തിയാക്കുന്നവൻ;
ദുൎജ്ജയഃ;	അന്യരാൽ ജയിക്കപ്പെടുവാൻ കഴിയാത്തവൻ;
ജേതാ;	അന്യരെ ജയിക്കുന്നവൻ;
വിക്രാന്തഃ;	യുദ്ധവീരൻ;
ബുദ്ധിമാൻ	ബുദ്ധിശാലി
ബലീ.	ബലശാലി.

രാമസ്യ തു വിശാലാക്ഷീ പൂൎണ്ണേന്ദുസദൃശാനനാ
ധൎമ്മപത്നീ പ്രിയാ ഭൎത്തുൎന്നിത്യം പ്രിയഹിതേ രതാ 14
സാ സുകേശീ സുനാസോരുഃ സുരൂപാ ച യശസ്വിനീ
ദേവതേവ വനസ്യാസ്യ രാജതേ ശ്രീരിവാപരാ 15
തപ്തകാഞ്ചനവൎണ്ണാഭാ രക്തതുംഗനഖീ ശുഭാ
സീതാ നാമ വരാരോഹാ വൈദേഹീ തനുമദ്ധ്യമാ. 16

" രാമസ്യ	" രാമന്റെ
ധൎമ്മപത്നീ	ധൎമ്മപത്നിയായി
വൈദേഹീ	വിദേഹരാജകുമാരിയാ
സീതാ നാമ	സീതയെന്നവൾ [യ
വിശാലാക്ഷീ;	വിശാലനേത്രങ്ങളാൎന്നവൾ;
പൂൎണ്ണേന്ദു-സദൃശാനനാ;	പൂൎണ്ണചന്ദ്രസമാനമായ വദനത്തോടുകൂടിയവൾ
ഭൎത്തുഃ	ഭൎത്താവിന്നു
പ്രിയാ	പ്രീതിപാത്രമായി
പ്രിയഹിതേ തു	ഭൎത്താവിന്റെ നന്മ
നിത്യം	സദാ [യിൽതന്നെ
രതാ;	താല്പൎയ്യത്തോടുകൂടിയ
സാ	അവൾ [വൾ;
സുകേശീ;	അഴകാൎന്ന കുന്തളമുള്ളവൾ;
സുനാസോരുഃ;	ഭംഗിയുള്ള നാസികയും ഊരുക്കളുമാൎന്നവൾ;
സുരൂപാ ച	സൎവ്വലക്ഷണസമ്പന്നയായ സുന്ദരിയെന്ന്
യശസ്വിനീ;	കീൎത്തിപ്പെട്ടവൾ;
ദേവതാ	ദേവസ്ത്രീ
ഇവ;	പോലെയുള്ളവൾ;
അസ്യ	ഈ
വനസ്യ	ദണ്ഡകാവനത്തിന്നു
അപരാ	മറെറാരു
ശ്രീഃ	ലക്ഷ്മി
ഇവ	എന്നപോലെ
രാജതേ;	വിളങ്ങുന്നു;
തപ്തകാഞ്ചന-വൎണ്ണാഭാഃ;	തങ്കനിറമാൎന്ന കാന്തി ചിന്നുന്നവൾ;
രക്തതുംഗനഖീ;	ചുകന്നു ഉയൎന്ന നഖങ്ങളാൎന്നവൾ;
ശുഭാ;	തേജോമയമായി വിളങ്ങുന്നവൾ;
വരാരോഹാ;	ചാരുവായ നിതംബങ്ങളുള്ളവൾ;
തനുമദ്ധ്യമാ.	ഇടുങ്ങിയ മദ്ധ്യപ്രദേശമാൎന്നവൾ.

നൈവ ദേവീ ന ഗന്ധൎവ്വീ ന യക്ഷീ ന ച കിന്നരീ
നൈവംരൂപാ മയാ നാരീ ദൃഷ്ടപൂൎവ്വാ മഹീതലേ. 17

" ദേവീ ഏവ	" ദേവസ്ത്രീയും
ന;	ഇല്ല;
ഗന്ധൎവ്വീ	ഗന്ധൎവ്വസ്ത്രീയും
ന;	ഇല്ല;
യക്ഷീ	യക്ഷകന്യകയും
ന;	ഇല്ല;
കിന്നരീ ച	കിന്നരസ്ത്രീയും
ന;	ഇല്ല;
മഹീതലേ	ഭൂലോകത്തിൽ
മയാ	എന്നാൽ
ഏവം രൂപാ	ഇത്രസുന്ദരിയായ
നാരീ	സ്ത്രീ
ദൃഷ്ടപൂൎവ്വാ ന.	കാണപ്പെട്ടിട്ടില്ല.

യസ്യ സീതാ ഭവേദ്ഭാൎയ്യാ യം ച ഹൃഷ്ടാ പരിഷ്വജേത്
അതിജീവേത് സ സൎവ്വേഷു ലോകേഷ്വപി പുരന്ദരഃ. 18

"യസ്യ	"യാതൊരുവന്ന്	സഃ	അവൻ
സീതാ	സീത	സൎവ്വേഷു	എല്ലാ
ഭാൎയ്യാ	ഭാൎയ്യയായി	ലോകേഷു	ലോകങ്ങളിലും
ഭവേത്	ഇരിക്കുമോ,	പുരന്ദരഃ	ഇന്ദ്രൻ
യം	യാതൊരുവനെ	ഇവ	എന്നപോലെ
ഹൃഷ്ടാ ച	പ്രീതിയോടെ	അതിജീവേത്.	മേന്മയിൽ വിളങ്ങുന്നതാണ്.
പരിഷ്വജേത്,	ആലിംഗനം ചെയ്യുമോ,		

സാ സുശീലാ വപുശ്ശ്ലാഘ്യാ രൂപേണാപ്രതിമാ ഭുവി
തവാനുരൂപാ ഭാൎയ്യാ സ്യാത് ത്വം ച തസ്യാസ്തഥാ പതിഃ 19

"സാ	"അവൾ	തവ	ജ്യേഷ്ഠന്ന്
സുശീലാ;	സദ്ഗുണവതി;	അനുരൂപാ	തക്ക
വപുശ്ശ്ലാഘ്യാ	കോട്ടമററ അവയവങ്ങളുള്ളവൾ;	ഭാൎയ്യാ സ്യാത്;	ഭാൎയ്യയായിരിക്കും;
		തസ്യാഃ	അവൾക്ക്
ഭുവി	ഭൂലോകത്തിൽ	ത്വം ച	ജ്യേഷ്ഠൻതന്നെ
രൂപേണ	അഴകിൽ	തഥാ	യോജിച്ച
അപ്രതിമാ;	എതിരില്ലാത്തവൾ;	പതിഃ.	ഭൎത്താവ്.

താം തു വിസ്തീൎണ്ണജഘനാം പീനശ്രോണിപയോധരാം
ഭാൎയ്യാൎത്ഥേ ച തവാനേതുമുദ്യതാഽഹം വരാനനാം 20
വിരൂപിതാഽസ്മി ക്രൂരേണ ലക്ഷ്മണേന മഹാഭുജ. 21

"മഹാഭുജ!	"മഹാഭുജങ്ങളാൎന്നവനെ!	തവ	ജ്യേഷ്ഠന്ന്
വിസ്തീൎണ്ണജഘനാം	വിശാലമായ ജഘനപ്രദേശത്തോടുകൂടിയവളും	ഭാൎയ്യാൎത്ഥേ	ഭാൎയ്യയായി
		ആനേതും	കൊണ്ടുവരുവാൻ
		ഉദ്യതാ	ശ്രമിച്ചവളായ
പീനശ്രോണിപയോധരാം ച	മാംസളങ്ങളായ നിതംബങ്ങളും സ്തനങ്ങളുമാൎന്നവളും	അഹം,	ഞാൻ,
		ക്രൂരേണ	ആ ദുഷ്ടനായ
വരാനനാം തു	ചാരുവായ വദനത്തോടുകൂടിയവളും ആയ	ലക്ഷ്മണേന	ലക്ഷ്മണനാൽ
താം	അവളെ	വിരൂപിതാ അസ്മി.	അംഗഭംഗം ചെയ്യപ്പെട്ടു.

താം തു ദൃഷ്ട്വാഽദ്യ വൈദേഹീം പൂൎണ്ണചന്ദ്രനിഭാനനാം
മന്മഥസ്യ ശരാണാം വൈ ത്വം വിധേയോ ഭവിഷ്യസി. 22

"പൂൎണ്ണചന്ദ്രനിഭാനനാം	"പൂൎണ്ണചന്ദ്രമുഖിയാളായ	ദൃഷ്ട്വാ തു,	കണ്ടുവെന്നാൽ
താം	ആ	മന്മഥസ്യ	മന്മഥന്റെ
വൈദേഹീം	വൈദേഹിയെ	ശരാണാം വൈ	ബാണങ്ങൾക്ക്
അദ്യ	ഇപ്പോൾ	വിധേയഃ	അടിമയായി
ത്വം	ജ്യേഷ്ഠൻ	ഭവിഷ്യസി.	തീൎന്നുകളയും.

യദി തസ്യാമഭിപ്രായോ ഭാൎയ്യാൎത്ഥേ തവ ജായതേ
ശീഘ്രമുദ്ധ്രിയതാം പാദോ ജയാൎത്ഥമിഹ ദക്ഷിണഃ. 23

" തവ	" ജ്യേഷ്ഠന്ന്	ശീഘ്രം	ഉടനെ
തസ്യാം	അവളുടെ കാൎയ്യത്തിൽ	ജയാൎത്ഥം	കാൎയ്യം നേടുന്നതിന്നായി
ഭാൎയ്യാൎത്ഥേ	ഭാൎയ്യയാക്കുവാൻ	ദക്ഷിണഃ	വലത്തെ
അഭിപ്രായഃ	അഭിപ്രായം	പാദഃ	കാൽ
ജായതേ യദി,	ഉണ്ടെന്നുവരികിൽ,	ഉദ്ധ്രിയതാം.	എടുത്തുവെക്കപ്പെടട്ടെ.
ഇഹ	ഇവിടെത്തന്നെ		

കുരു പ്രിയം തഥാ തേഷാം രക്ഷസാം രാക്ഷസേശ്വര
വധാത്തസ്യ നൃശംസസ്യ രാമസ്യാശ്രമവാസിനഃ. 24

"രാക്ഷസേശ്വര!	" രാക്ഷസാധിപ!	രാമസ്യ	രാമന്റെ
തഥാ	അപ്രകാരംതന്നെ	വധാത്,	വധത്താൽ,
ആശ്രമവാസിനഃ	ആശ്രമത്തിൽ വസിക്കുന്നവനും	തേഷാം	ആ
നൃശംസസ്യ	അല്പനുമായ	രക്ഷസാം	രാക്ഷസന്മാൎക്ക്
തസ്യ	ആ	പ്രിയം	സന്തോഷം
		കുരു.	ഉണ്ടാക്കുക.

തം ശരൈൎന്നിശിതൈൎഹത്വാ ലക്ഷ്മണം ച മഹാരഥം
ഹതനാഥാം സുഖം സീതാം യഥാവദുപഭോക്ഷ്യസേ 25

" നിശിതൈഃ	" കൂൎത്ത	ഹതനാഥാം	ഭൎത്താവുനശിച്ചവളായ
ശരൈഃ	ബാണങ്ങൾകൊണ്ടു്	സീതാം	സീതയെ
തം	അവനേയും	യഥാവത്	വഴിപോലെ
മഹാരഥം	മഹാവീരനായ	സുഖം	ശങ്കയററ്
ലക്ഷ്മണം ച	ലക്ഷ്മണനേയും	ഉപഭോക്ഷ്യസേ.	സ്വാധീനത്തിലാക്കിക്കൊൾക.
ഹത്വാ,	കൊന്നു്,		

രോചതേ യദി തേ വാക്യം മമൈതദ്രാക്ഷസേശ്വര
ക്രിയതാം നിൎവ്വിശങ്കേന വചനം മമ രാവണ. 26

"രാക്ഷസേശ്വര!	" രാക്ഷസാധിപനായ	രോചതേ യദി	ഹിതമാണെന്നു തോന്നുവെങ്കിൽ
രാവണ!	രാവണ!	മമ	എന്റെ
മമ	എന്റെ	വചനം	ഉപദേശം
ഏതത്	ഈ	നിൎവ്വിശങ്കേന	സംശയമില്ലാതെ
വാക്യം,	വാക്ക്,	ക്രിയതാം.	ചെയ്യപ്പെടട്ടെ.
തേ	ഭവാന്നു		

വിജ്ഞായേഹാത്മശക്തിം ച ഹ്രിയതാമബലാ ബലാത്
സീതാ തവാനവദ്യാംഗീ ഭാൎയ്യാൎത്ഥേ രാക്ഷസേശ്വര. 27

"രാക്ഷസേശ്വര!	"രാക്ഷസാധിപ!
ഇഹ	ഇപ്പോൾ
ആത്മശക്തിം	സ്വശക്തിയെ
വിജ്ഞായ,	ഓർത്ത്,
അനവദ്യാംഗീ	കോട്ടമററ അവയവങ്ങളോടുകൂടിയ സുന്ദരിയായ
സീതാ,	സീത,
അബലാ,	തന്നെ രക്ഷിക്കുവാൻ ആരുമില്ലാതാക്കപ്പെട്ടവളായി,
തവ	ജ്യേഷ്ഠന്ന്
ഭാര്യാർത്ഥേ,	ഭാര്യയാക്കുവാൻവേണ്ടി
ബലാത് ച	ബലാത്കാരമായി
ഹ്രിയതാം.	എടുത്തുകൊണ്ടുവരപ്പെടട്ടെ.

നിശമ്യ രാമേണ ശരൈരജിഹ്മഗൈ-
ർഹതാൻ ജനസ്ഥാനഗതാന്നിശാചരാൻ
ഖരം ച ബുദ്ധ്വാ നിഹതം ച ദൂഷണം
ത്വമത്ര കൃത്യം പ്രതിപത്തുമർഹസി. 28

"രാമേണ	"രാമനാൽ
അജിഹ്മഗൈഃ	ലക്ഷ്യംതെററാതെ പായുന്ന
ശരൈഃ,	ബാണങ്ങളാൽ,
ജനസ്ഥാനഗതാൻ	ജനസ്ഥാനത്തിലുണ്ടായിരുന്ന
നിശാചരാൻ	രാക്ഷസന്മാർ
ഹതാൻ	കൊല്ലപ്പെട്ടവരായി
നിശമ്യ,	ധരിച്ച്,
ഖരം	ഖരനെയും
നിഹതം	കൊല്ലപ്പെട്ടവനെന്നും,
ദൂഷണം ച	ദൂഷണനേയും,
ച	അപ്രകാരംതന്നെയെന്നും
ബുദ്ധ്വാ,	ഓർത്ത്,
ത്വം	ജ്യേഷ്ഠൻ
അത്ര	ഇക്കാര്യത്തിൽ
കൃത്യം	ഇനി ചെയ്യേണ്ടതിനെ
പ്രതിപത്തും	ചെയ്വാൻ
അർഹസി."	നിശ്ചയിച്ചുകൊൾക."

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ചതുസ്ത്രിംശഃ സർഗ്ഗഃ = മുപ്പത്തിനാലാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 7871; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1159.

പഞ്ചത്രിംശഃ സർഗ്ഗഃ = മുപ്പത്തഞ്ചാംസർഗ്ഗം.

[രാവണസ്യ പുനർമ്മാരീചാശ്രമഗമനം = രാവണൻ വീണ്ടും മാരീചാശ്രമത്തിലേക്കു പോകുന്നത്.]

തതഃ ശൂർപ്പണഖാവാക്യം തച്ഛ്രുത്വാ രോമഹർഷണം
സചിവാനഭ്യനുജ്ഞായ കാര്യം ബുദ്ധ്വാ ജഗാമ സഃ. 1

സഃ	അവൻ
രോമഹർഷണം	രോമാഞ്ചമുണ്ടാക്കുന്ന
തത്	ആ
ശൂർപ്പണഖാവാക്യം	ശൂർപ്പണഖാവചനത്തെ
ശ്രുത്വാ,	കേട്ട്,
തതഃ	അതിൽപിന്നെ
സചിവാൻ	മന്ത്രിമാരെ
അഭ്യനുജ്ഞായ,	പറഞ്ഞയച്ച്,
കാര്യം	ചെയ്യേണ്ടതായ കാര്യത്തെപ്പററി
ബുദ്ധ്വാ ജഗാമ.	തന്നെത്താൻ ആലോചനചെയ്തു.

തത് കാൎയ്യമനുഗമ്യാഥ യഥാവദുപലഭ്യ ച
ദോഷാണാം ച ഗുണാനാം ച സംപ്രധാൎയ്യ ബലാബലം 2
ഇതി കൎത്തവ്യമിത്യേവ കൃത്വാ നിശ്ചയമാത്മനഃ
സ്ഥിരബുദ്ധിസ്തതോ രമ്യാം യാനശാലാം ജഗാമ ഹ. 3

അഥ	പിന്നെ	ഇതി ഏവ	ഇന്നപ്രകാരംതന്നെ
തത്	ആ .	കൎത്തവ്യം ഇതി	ചെയ്യേണ്ടതാണെന്നു്
കാൎയ്യം	നടന്നതായ കാൎയ്യത്തെ	ആത്മനഃ	തന്റെ
അനുഗമ്യ ച,	ഓരോന്നായി ആലോചിച്ചു്,	നിശ്ചയം	നിശ്ചയത്തെ
		കൃത്വാ,	ചെയ്തുകൊണ്ടു്,
ദോഷാണാം ച	ദോഷങ്ങളുടേയും	തതഃ	തന്മൂലം,
ഗുണാനാം ച	ഉപായങ്ങളുടേയും	സ്ഥിരബുദ്ധിഃ	അതിൽതന്നെ മനസ്സിരുത്തിയവനായി
ബലാബലം	ബലാബലത്തെ		
സംപ്രധാൎയ്യ	നല്ലപോലെ ചിന്തിച്ചു്	രമ്യാം	മനോഹരമായ
യഥാവത് ച	ഉള്ളപ്രകാരംതന്നെ എല്ലാററിനേയും	യാനശാലാം	കുതിരപ്പന്തിയിലേക്കായി
ഉപലഭ്യ,	ഗ്രഹിച്ചുകൊണ്ടു്,	ജഗാമ ഹ.	ചെന്നു.

[ഖരാദികളെ ഇത്ര വേഗത്തിൽ യുദ്ധം ചെയ്തു് ഏകനായി വധിച്ച രാമനെ ജയിച്ചു് സീതയെ കൊണ്ടുവരുന്നതു് സുസാദ്ധ്യമല്ലെന്നും, സീതയെ സൂത്രത്തിൽ അപഹരിച്ചു കൊണ്ടുപോയി സമുദ്രം കടത്തി ലങ്കയിൽ സൂക്ഷിച്ചാൽ രാമൻ അറികയില്ലെന്നും, അറിഞ്ഞാലും അവിടെ എത്തുകയില്ലെന്നും, സീത കാലക്രമേണ നിരാശമൂലം തനിക്കു് സ്വാധീനയായ്ക്കൊള്ളുമെന്നും മററും കാൎയ്യങ്ങളെ വിമൎശിച്ചു എന്നു ബോദ്ധ്യം.

രാവണന്റെ ചിന്താപ്രകാരങ്ങളെ അദ്ധ്യാത്മരാമായണത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:- "ഏകേന രാമേണ കഥം മനുഷ്യമാത്രേണ നഷ്ടഃ സബലഃ ഖരോ മമ, ഭ്രാതാ കഥം മേ ബലവീൎയ്യദൎപ്പയുതോ വിനഷ്ടോ ബത രാഘവേണ. യദ്വാ ന രാമോ മനുജഃ പരേശോ മാം ഹന്തുകാമഃ സബലം ബലൗഘൈഃ സംപ്രാൎത്ഥിതോഽയം ദ്രുഹിണേന പൂൎവ്വം മനുഷ്യരൂപോഽദ്യ രഘോഃ കുലേഽഭൂത്. വദ്ധ്യോ യദി സ്യാം പരമാത്മനാഽഹം വൈകുണ്ഠരാജ്യം പരിപാലയേഽഹം, നോ ചേദിദം രാക്ഷസരാജ്യമേവ ഭോക്ഷ്യേ ചിരം രാമമതോ വ്രജാമി" അദ്ധ്യാ. രാ. ആരണ്യ. VI. (58—60)]

യാനശാലാം തതോ ഗത്വാ പ്രച്ഛന്നോ രാക്ഷസാധിപഃ
സൂതം സംചോദയാമാസ രഥഃ സംയോജ്യതാമിതി. 4

രാക്ഷസാധിപഃ	രാക്ഷസേശ്വരൻ	സൂതം,	സാരഥിയോടായി
യാനശാലാം	വാഹനശാലയിൽ	"രഥഃ	"തേർ
പ്രച്ഛന്നഃ	ഗൂഢമായി	സംയോജ്യതാം,"	പൂട്ടികെട്ടുക,"
ഗത്വാ,	പ്രവേശിച്ചു്,	ഇതി	എന്നു്
തതഃ	അവിടെ	സംചോദയാമാസ.	ആജ്ഞാപിച്ചു.

[മന്ത്രികളോടു് ആലോചിക്കാത്തതുകൊണ്ടു 'ഗൂഢമായി;' അഥവാ വൃദ്ധന്മാർ മുടക്കുമെന്നു് വിചാരിച്ചു്; അഥ വാ മണ്ഡോദരി മുതലായവർ മുടക്കുമെന്നു കരുതി. എന്നു് ഗൊ. രാ.]

ഏവമുക്തഃ ക്ഷണേനൈവ സാരഥിർലഘുവിക്രമഃ
രഥം സംയോജയാമാസ തസ്യാഭിമതമുത്തമം. 5

ഏവം	ഇപ്രകാരം	അഭിമതം	ഇഷ്ടമുള്ളതും
ഉക്തഃ	കല്പിക്കപ്പെട്ടവനായ	ഉത്തമം	ഉത്തമവും ആയ
സാരഥിഃ,	സാരഥി,	രഥം	രഥത്തെ
ലഘുവിക്രമഃ,	ശുഷ്കാന്തിപൂണ്ടവനായി	ക്ഷണേന ഏവ	നൊടിനേരംകൊണ്ട്
തസ്യ	അവന്ന്	സംയോജയാമാസ.	പൂട്ടിക്കെട്ടി.

കാഞ്ചനം രഥമാസ്ഥായ കാമഗം രത്നഭൂഷിതം
പിശാചവദനൈർയുക്തം ഖരൈഃ കനകഭൂഷണൈഃ 6
മേഘപ്രതിമനാദേന സ തേന ധനദാനുജഃ
രാക്ഷസാധിപതിഃ ശ്രീമാൻ യയൌ നദനദീപതിം. 7

ധനദാനുജഃ	കുബേരന്റെ അനുജനും	യുക്തം,	പൂട്ടിക്കെട്ടപ്പെട്ടതും,
രാക്ഷസാധിപതിഃ	രാക്ഷസരാജാവും	കാമഗം	വിചാരിച്ച ദിക്കിലേക്കെല്ലാം ഗമിക്കുന്നതുമായ
ശ്രീമാൻ	ശ്രീമാനുമായ	രഥം	രഥത്തെ
സഃ,	അവൻ,	ആസ്ഥായ,	ആരോഹണം ചെയ്തുകൊണ്ട്,
കാഞ്ചനം,	സ്വർണ്ണനിർമ്മിതവും,	മേഘപ്രതിമനാദേന	ഇടിമുഴക്കംപോലുള്ള ധ്വനിയോടുകൂടിയ
രത്നഭൂഷിതം,	രത്നാലംകൃതവും,	തേന	അതിനെക്കൊണ്ടു
പിശാചവദനൈഃ	പിശാചിന്റെ മുഖമുള്ള	നദനദീപതിം	സമുദ്രത്തെ തന്നെ
കനകഭൂഷണൈഃ	സ്വർണ്ണക്കോപ്പണിഞ്ഞ	യയൌ.	തരണംചെയ്തു.
ഖരൈഃ	കോവർകഴുതകളാൽ		

സ ശ്വേതവാലവ്യജനഃ ശ്വേതച്ഛത്രോ ദശാനനഃ
സ്നിഗ്ദ്ധവൈഡൂര്യസംകാശസ്തപ്തകാഞ്ചനകുണ്ഡലഃ 8
വിംശദ്ഭുജോ ദശഗ്രീവോ ദർശനീയപരിച്ഛദഃ
ത്രിദശാരിർമുനീന്ദ്രഘ്നോ ദശശീർഷ ഇവാദ്രിരാട് 9
കാമഗം രഥമാസ്ഥായ ശുശുഭേ രാക്ഷസേശ്വരഃ
വിദ്യുന്മണ്ഡലവാൻ മേഘഃ സബാലക ഇവാംബരേ. 10

ശ്വേതവാലവ്യജനഃ,	വെൺചാമരങ്ങളാൽ വീശപ്പെട്ടവനും,	സ്നിഗ്ദ്ധവൈഡൂര്യസംകാശഃ,	തിളങ്ങുന്ന വൈഡൂര്യത്തിന്റെ ശോഭയാർന്നവനും
ശ്വേതച്ഛത്രഃ,	വെൺകൊറ്റക്കുട പിടിക്കപ്പെട്ടവനും,	തപ്തകാഞ്ചനകുണ്ഡലഃ,	സ്വർണ്ണകുണ്ഡലങ്ങളണിഞ്ഞവനും,
ദശാനനഃ,	പത്തുമുഖമാർന്നവനും,		

വിംശദ്ഭുജഃ,	ഇരുപതു കൈകളൊന്ന വനും	രാക്ഷസേശ്വരഃ	രാക്ഷസരാജാവും ആയ
ദശഗ്രീവഃ,	പത്തുകഴുത്തുകളുള്ള വനും,	സഃ,	അവൻ,
ദർശനീയ-പരിച്ഛദഃ	കണ്ണുകവരുന്ന വസ്ത്രാലങ്കാരങ്ങൾ ധരിച്ച വനും,	കാമഗം	വിചാരിച്ച സ്ഥലത്തേക്ക പോകുന്നതായ
ത്രിദശാരിഃ	ദേവകണ്ടകനും,	രഥം	തേരിൽ
മുനീന്ദ്രഘ്നഃ	മഹർഷിഘാതകനും	ആസ്ഥായ,	കയറിക്കൊണ്ട്
ദശശീർഷഃ	പത്തുകൊട്ടമുടികളൊന്ന	അംബരേ	ആകാശമാർഗ്ഗത്തിൽ
അദ്രിരാട് ഇവ,	വന്മലപോലെയുള്ള വനും,	വിദ്യുന്മണ്ഡല-വാൻ	മിന്നൽപിണരുകളോടു കൂടിയതും
		സബലാകഃ	കൊക്കുകൾ കൂടെപ്പറക്കുന്നതും ആയ
		മേഘഃ ഇവ	മേഘം എന്നപോലെ
		ശുശുഭേ.	ശോഭിച്ചു.

[ചാമരാദികളും ആഭരണാദികളും മിന്നലിന്നും, രാവണൻ മേഘത്തിന്നും, അലംകൃതമായ രഥം ബലാഹകങ്ങൾക്കും സാമ്യം. (ഗൊ. രാ.)]

സശൈലം സാഗരാനൂപം വീര്യവാനവലോകയൻ
നാനാപുഷ്പഫലൈർവൃക്ഷൈരനുകീർണ്ണം സഹസ്രശഃ 11
ശീതമംഗലതോയാഭിഃ പദ്മിനീഭിഃ സമന്തതഃ
വിശാലൈരാശ്രമപദൈർവ്വേദിമദ്ഭിഃ സമാവൃതം. 12
കദളീവനസംബാധം നാളികേരോപശോഭിതം
സാലൈസ്താലൈസ്തമാലൈശ്ച തരുഭിശ്ച സുപുഷ്പിതൈഃ 13
അത്യന്തനിയതാഹാരൈഃ ശോഭിതം പരമർഷിഭിഃ
നാഗൈഃ സുപർണ്ണൈർഗന്ധർവ്വൈഃ കിന്നരൈശ്ച സഹസ്രശഃ 14
അജൈർവ്വൈഖാനസൈർമാഷൈർവ്വാലഖില്യൈർമ്മരീചിപൈഃ
ജിതകാമൈശ്ച സിദ്ധൈശ്ച ചാരണൈരുപശോഭിതം. 15
ദിവ്യാഭരണമാല്യാഭിർദ്ദിവ്യരൂപാഭിരാവൃതം
ക്രീഡാരതിവിധിജ്ഞാഭിരപ്സരോഭിഃ സഹസ്രശഃ. 16
സേവിതം ദേവപത്നീഭിഃ ശ്രീമതീഭിഃ ശ്രിയാ വൃതം
ദേവദാനവസംഘൈശ്ച ചരിതം ത്വമൃതാശിഭിഃ. 17
ഹംസക്രൗഞ്ചപ്ലവാകീർണ്ണം സാരസൈഃ സംപ്രണാദിതം
വൈഡൂര്യപ്രസ്തരം രമ്യം സ്നിഗ്ദ്ധം സാഗരതേജസാ 18
പാണ്ഡുരാണി വിശാലാനി ദിവ്യമാല്യയുതാനി ച
തൂര്യഗീതാഭിജുഷ്ടാനി വിമാനാനി സമന്തതഃ 19
തപസാ ജിതലോകാനാം കാമഗാന്യഭിസംപതൻ
ഗന്ധർവ്വാപ്സരസശ്ചൈവ ദദർശ ധനദാനുജഃ 20

വീൎയ്യവാൻ	വീൎയ്യശാലിയായ
ധനദാനുജഃ,	ആ കുബേരാനുജൻ,
സാഗരാനൂപം	സമുദ്രത്തിന്റെ അക്കരയെ
സശൈലം	പൎവ്വതങ്ങളോടുകൂടിയതായും
സഹസ്രശഃ	പലസ്ഥലങ്ങളിൽ
നാനാപുഷ്പഫലൈഃ	വിവിധങ്ങളായ പുഷ്പങ്ങളോടും ഫലങ്ങളോടും കൂടിയ
വൃക്ഷൈഃ	വൃക്ഷങ്ങളാൽ
അനുകീൎണ്ണം	നിറയപ്പെട്ടതായും
ശീതമംഗലതോയാഭിഃ	കുളുൎത്തതും സുഖകരവും ആയ തീൎത്ഥങ്ങളോടുകൂടിയ
പദ്മിനീഭിഃ	താമരപ്പൊയ്കകളാലും
വിശാലൈഃ	വിസ്തീൎണ്ണങ്ങളായ
വേദിമദ്ഭിഃ	യാഗമണ്ഡപങ്ങളാൎന്ന
ആശ്രമപദൈഃ	ആശ്രമസ്ഥലങ്ങളാലും
സമന്തതഃ	എങ്ങും
സമാവൃതം	പരിലസിക്കുന്നതായും
കദളീവനസംബാധം	വാഴത്തോട്ടങ്ങളാലിടതിങ്ങിവിലസുന്നതായും
നാളികേരോപശോഭിതം,	തെങ്ങുകളാൽ ഭംഗിയിൽ പരിലസിക്കുന്നതായും,
സാലൈഃ	പയിൻമരങ്ങളാലും
താലൈഃ	പനകളാലും
തമാലൈഃ ച	പച്ചിലമരങ്ങളാലും
സുപുഷ്പിതൈഃ	നല്ലപോലെ പൂത്തുള്ള
തരുഭിഃ ച	വൃക്ഷങ്ങളാലും
ശോഭിതം,	ശോഭിക്കുന്നതായും,
അത്യന്തനിയതാഹാരൈഃ	കടുതായ നിയമത്തോടുകൂടി ആഹാരം കഴിക്കുന്ന
പരമൎഷിഭിഃ	മഹൎഷിമാരാലും
നാഗൈഃ	നാഗന്മാരാലും (സൎപ്പം)
സുപൎണ്ണൈഃ	സുപൎണ്ണന്മാരാലും (ഗരുഡൻ)
ഗന്ധൎവ്വൈഃ	ഗന്ധൎവ്വന്മാരാലും
കിന്നരൈഃ ച	കിന്നരന്മാരാലും
അജൈഃ	ഗൎഭവാസംചെയ്യാത്തവരായി
വൈഖാനസൈഃ	ബ്രഹ്മാവിന്റെ നഖത്തിൽനിന്നു ജനിച്ചവരായ വൈഖാനസന്മാരാലും
മാഷൈഃ	മാഷഗോത്രത്തിൽ ജനിച്ചവരായ മാഷരാലും
വാലഖില്യൈഃ	വാലിൽനിന്നു ജനിച്ച വാലഖില്യന്മാരാലും
മരീചിപൈഃ	സൂൎയ്യരശ്മിയെ പാനം ചെയ്യുന്ന മരീചിപന്മാരാലും
ജിതകാമൈഃ	സൎവ്വവിധത്തിലുമുള്ള ആഗ്രഹങ്ങളേയും ത്യജിച്ച
സിദ്ധൈഃ ച	സിദ്ധന്മാരാലും
ചാരണൈഃ ച	ചാരണന്മാരാലും
സഹസ്രശഃ,	പലസ്ഥലങ്ങളിലും
ഉപശോഭിതം	പരിലസിക്കപ്പെട്ടതായും
ദിവ്യാഭരണമാല്യാഭിഃ	ദിവ്യമായ ആഭരണങ്ങളും പൂമാലകളും അണിഞ്ഞവരും
ദിവ്യരൂപാഭിഃ	ദിവ്യമായ രൂപമാൎന്നവരും
ക്രീഡാരതിവിധിജ്ഞാഭിഃ	നേരംപോക്കുവാനും രമിപ്പിപ്പാനുമുള്ള ഉപായങ്ങളെ നന്നായറിഞ്ഞവരുമായ
അപ്സരോഭിഃ	അപ്സരസ്ത്രീകളാൽ
സഹസ്രശഃ	പലദിക്കുകളിലും
ആവൃതം,	നിറയപ്പെട്ടതായും,
ശ്രീമതീഭിഃ	ശ്രീമതികളായ
ദേവപത്നീഭിഃ	ദേവപത്നിമാരാലും
സേവിതം,	സഞ്ചരിക്കപ്പെട്ടതായും,
ശ്രിയാ	ശോഭകൊണ്ടു
വൃതം,	വിളങ്ങുന്നതായും,
ദേവദാനവസംഘൈഃ ച	ദേവദൈത്യഗണങ്ങളാലും

അമൃതാശിഭിഃ ഉ — (അയാചിതഭൈക്ഷമെന്ന) അമൃതത്തെ ഭുജിക്കുന്നവരാലും
ചരിതം, — സഞ്ചരിക്കപ്പെട്ടതായും,
ഹംസ-ക്രൌഞ്ച-പ്ലവാകീൎണ്ണം, — അരയന്നങ്ങളും, ക്രൌഞ്ചങ്ങളും, കുളക്കോഴികളും നിറഞ്ഞതായും,
സാരസൈഃ — വാത്തുകളാൽ
സംപ്രണാദിതം, — ശബ്ദിക്കപ്പെട്ടതായും,
വൈഡൂൎയ്യപ്രസ്തരം, — വൈഡൂൎയ്യംപോലെയുള്ള പാറകളുള്ളതായും,
സാഗരതേജസാ — സമുദ്രത്തിന്റെ കാന്തികൊണ്ട്
സ്നിഗ്ധം, — മനോഹരമായിരിക്കുന്നതായും,
രമ്യം, — രമണീയമായതായും,
അവലോകയൻ, — നോക്കിക്കാണുന്നവനായി,
പാണ്ഡുരാണി — വെളുത്തവയും
വിശാലാനി — വിശാലമായവയും
ദിവ്യമാല്യയുതാനി ച — ദിവ്യങ്ങളായ പുഷ്പമാലകളാൽ അലങ്കരിക്കപ്പെട്ടവയും
തൂൎയ്യഗീതാഭിജുഷ്ടാനി — വാദ്യഘോഷങ്ങളോടും പാട്ടുകളോടും കൂടിയവയും
കാമഗാനി — യഥേഷ്ടം സഞ്ചരിക്കുന്നവയും
തപസാ — തപോബലത്താൽ
ജിതലോകാനാം — എല്ലാ ലോകങ്ങളേയും സ്വാധീനമാക്കിയവരുടേതും ആയ
വിമാനാനി — വിമാനങ്ങളെ
സമന്തതഃ — എങ്ങും
അഭിസംപതൻ ച — കടന്നുചെല്ലുന്നവനായി
ഗന്ധൎവ്വാപ്സരസഃ ഏവ — ഗന്ധൎവ്വസ്ത്രീകളേയും അപ്സരസ്ത്രീകളേയും എല്ലാം
ദദൎശ. — കണ്ടു.

നിൎയ്യാസരസമൂലാനാം ചന്ദനാനാം സഹസ്രശഃ
വനാനി പശ്യൻ സൌമ്യാനി ഘ്രാണതൃപ്തികരാണി ച 21
അഗരൂണാം ച മുഖ്യാനാം വനാന്യുപവനാനി ച
തക്കോലാനാം ച ജാത്യാനാം ഫലാനാം ച സുഗന്ധിനാം 22
പുഷ്പാണി ച തമാലസ്യ ഗുല്മാനി മരിചസ്യ ച
മുക്താനാം ച സമൂഹാനി ശുഷ്യമാണാനി തീരതഃ 23
ശംഖാനാം പ്രസ്തരം ചൈവ പ്രവാളനിചയം തഥാ
കാഞ്ചനാനി ച ശൈലാനി രാജതാനി ച സൎവ്വശഃ 24
പ്രസ്രവാണി മനോജ്ഞാനി പ്രസന്നാനി ഹ്രദാനി ച
ധനധാന്യോപപന്നാനി സ്ത്രീരത്നൈരാവൃതാനി ച 25
ഹസ്ത്യശ്വരഥഗാഢാനി നഗരാണ്യവലോകയൻ
തം സമം സൎവ്വതഃ സ്നിഗ്ധം മൃദുസംസ്പൎശമാരുതം 26
അനൂപം സിന്ധുരാജസ്യ ദദൎശ ത്രിദിവോപമം 27

നിൎയ്യാസരസമൂലാനാം — ഗുൽഗുലു, മട്ടിപ്പാൽ മുതലായ സുഗന്ധങ്ങളെ ഉത്പാദിക്കുന്ന വൃക്ഷങ്ങളുടേയും
ചന്ദനാനാം — ചന്ദനതരുക്കളുടെയും
സൌമ്യാനി — സൌമ്യങ്ങളും
ഘ്രാണതൃപ്തികരാണി — ഘ്രാണേന്ദ്രിയസംതൃപ്തികരങ്ങളുമായ

വനാനി ച	തോപ്പുകളേയും
സഹസ്രശഃ	പലസ്ഥലങ്ങളിൽ
പശ്യൻ,	കാണുന്നവനായി
മുഖ്യാനാം	ശ്രേഷ്ഠങ്ങളായ
അഗരൂണാം	അകിലുകളുടെ
വനാനി ച,	വനങ്ങളെയും,
ജാത്യാനാം	വിശേഷപ്പെട്ടവയായ
തക്കോലാനാം ച	വാൽമുളകുകളുടെയും
സുഗന്ധിനാം	വാസനയേറിയ
ഫലാനാം ച	ജാതിക്കമരങ്ങളുടെയും
ഉപവനാനി ച,	ഉപവനങ്ങളെയും
തമാലസ്യ	പച്ചിലമരങ്ങളുടെ
പുഷ്പാണി ച	പൂക്കളെയും
മരിചസ്യ	കുരുമുളകിന്റെ
ഗുല്മാനി ച,	തോപ്പുകളെയും,
തീരതഃ	കരകളിൽ
ശുഷ്യമാണാനി	കാഞ്ഞുകൊണ്ടിരുന്ന
മുക്താനാം	നന്മുത്തുകളുടെ
സമൂഹാനി ച,	കൂട്ടങ്ങളെയും,
ശംഖാനാം	ശംഖുകളുടെ
പ്രസ്തരം ച,	കൂട്ടങ്ങളേയും,
പ്രവാള- നിചയം ഏവ	പവിഴക്കൂട്ടങ്ങളേയും
സൎവ്വശഃ	അനേകം
കാഞ്ചനാനി ശൈലാനി	പൊൻകുന്നുകളേയും
രാജതാനി ച,	വെള്ളിക്കുന്നുകളേയും
തഥാ	അപ്രകാരംതന്നെ
മനോജ്ഞാനി	ഭംഗിയേറിയ
പ്രസ്രവണാനി	വെള്ളച്ചാട്ടങ്ങളേയും
പ്രസന്നാനി ച	തെളിഞ്ഞുവിലസുന്ന
ഹ്രദാനി ച,	കുളങ്ങളേയും,
ധനധാന്യോപ- പന്നാനി	ധനധാന്യങ്ങൾ നിറഞ്ഞവയും
സ്ത്രീരത്നൈഃ	ഉത്തമനാരിമാരാൽ
ആവൃതാനി	നിവസിക്കപ്പെട്ടവയും,
ഹസ്ത്യശ്വ- രഥഗാഢാനി ച	രഥഗജതുരഗങ്ങൾ നിറഞ്ഞവയും ആയ
നഗരാണി	നഗരങ്ങളേയും
അവലോകയൻ,	കാണുന്നവനായി
സിന്ധുരാജസ്യ	സമുദ്രത്തിന്റെ
തം	അങ്ങേ
അനൂപം	കരയെ,
സൎവ്വതഃ	എങ്ങും
സമം	സമമായിരിക്കുന്നതായും
സ്നിഗ്ദ്ധം	ഭംഗിയേറിയതായും
മൃദുസംസ്പൎശ- മാരുതം	മന്ദമാരുതൻ വീശുന്നതായും
ത്രിദിവോപമം	ദേവലോകസദൃശമായിരിക്കുന്നതായും
ദദൎശ.	കണ്ടു.

തത്രാപശ്യത് സ മേഘാഭം ന്യഗ്രോധമൃഷിഭിർവൃതം
സമന്താദ്യസ്യ താഃ ശാഖാഃ ശതയോജനമായതാഃ. 28

സഃ,	അവൻ,
മേഘാഭം	മേഘസദൃശവും
ഋഷിഭിഃ	ഋഷികളാൽ
വൃതം	ചൂഴപ്പെട്ടതുമായ
ന്യഗ്രോധം	ഒരു പേരാൽവൃക്ഷത്തെ
തത്ര	അവിടെ
അപശ്യത്;	കണ്ടു;
യസ്യ	അതിന്റെ
താഃ	ആ
ശാഖാഃ	കൊമ്പുകൾ
സമന്താത്	നാലുഭാഗത്തിലും
ശതയോജനം	നൂറുയോജന
ആയതാഃ.	പടൎന്നവയായിരുന്നു.

യസ്യ ഹസ്തിനമാദായ മഹാകായം ച കച്ഛപം
ഭക്ഷാൎത്ഥം ഗരുഡഃ ശാഖാമാജഗാമ മഹാബലഃ. 29

മഹാബലഃ	മഹാബലശാലിയായ	കച്ഛപം ച	ഒരു കടലാമയേയും
ഗരുഡഃ	ഗരുഡഭഗവാൻ	ആദായ	ഗ്രഹിച്ചുകൊണ്ടു്
ഭക്ഷാൎത്ഥം	ഭക്ഷണത്തിന്നായി	യസ്യ	അതിന്റെ
ഹസ്തിനം	ഒരു ആനയേയും	ശാഖാം	കൊമ്പിൽ
മഹാകായം	വമ്പിച്ച ഉടലുള്ള	ആജഗാമ.	വന്നിരുന്നു.

[യാതൊരു ഭഗവാന്റെ വാഹനഭൂതനായ ഗരുഡഭഗവാൻകൂടി ഇപ്രകാരമുള്ള പരാക്രമത്തോടു കൂടിയവനോ, അപ്രകാരമുള്ള അദ്ദേഹത്തെ വിരോധപ്പെടുത്തുന്ന രാവണൻ മൂഢൻ തന്നെയെന്നു കാണിക്കുന്നതിന്നായി, കവി ഗരുഡപരാക്രമത്തെ ഇനി വൎണ്ണിക്കുന്നു. (ഗോ. രാ.)]

തസ്യ താം സഹസാ ശാഖാം ഭാരേണ പതഗോത്തമഃ
സുപൎണ്ണഃ പൎണ്ണബഹുലാം ബഭഞ്ജ ച മഹാബലഃ. 30

മഹാബലഃ	മഹാശക്തിമാനും	താം	ആ
പതഗോത്തമഃ ച	പക്ഷിശ്രേഷ്ഠനുമായ	ശാഖാം	കൊമ്പിനെ
സുപൎണ്ണഃ,	ഗരുഡൻ,	ഭാരേണ	ഭാരത്താൽ
തസ്യ	അതിന്റെ	സഹസാ	പെട്ടെന്നു്
പൎണ്ണബഹുലാം	ഇലകൾ നിറഞ്ഞതായ	ബഭഞ്ജ.	മുറിച്ചു.

തത്ര വൈഖാനസാ മാഷാ വാലഖില്യാ മരീചിപാഃ
അജാ ബഭ്രുവൎദ്ധൂമ്രാശ്ച സംഗതാഃ പരമൎഷയഃ. 31

തത്ര	അതിൻചുവട്ടിൽ	അജാഃ	അജന്മാർ
പരമൎഷയഃ	മഹൎഷിമാരായ	ധൂമ്രാഃ ച	(ധൂമപാനംചെയ്യുന്നവരായ) ധൂമ്രന്മാർ എന്നവരെല്ലാം,
വൈഖാനസാഃ	വൈഖാനസന്മാർ		
മാഷാഃ	മാഷർ,		
വാലഖില്യാഃ	വാലഖില്യന്മാർ	സംഗതാഃ	ഒന്നിച്ചുകൂടിയിരുന്നു.
മരീചിപാഃ	മരീചിപന്മാർ	ബഭ്രവഃ.	

തേഷാം ദയാൎത്ഥം ഗരുഡസ്താം ശാഖാം ശതയോജനാം
ജഗാമാദായ വേഗേന തൌ ചോഭൌ ഗജകച്ഛപൌ 32
ഏകപാദേന ധൎമ്മാത്മാ ഭക്ഷയിത്വാ തദാമിഷം
നിഷാദവിഷയം ഹത്വാ ശാഖയാ പതഗോത്തമഃ 33
പ്രഹൎഷമതുലം ലേഭേ മോക്ഷയിത്വാ മഹാമുനീൻ. 34

പതഗോത്തമഃ	പക്ഷിശ്രേഷ്ഠനും	താം	ആ
ധൎമ്മാത്മാ	ധൎമ്മാത്മാവും ആയ	ശതയോജനാം	നൂറുയോജന പരന്നുള്ള
ഗരുഡഃ,	ഗരുഡഭഗവാൻ,	ശാഖാം	കൊമ്പിനേയും
തേഷാം	അവൎക്കു്	തൌ	ആ
ദയാൎത്ഥം,	ആപത്തില്ലാതിരിപ്പാൻ വേണ്ടി,	ഗജകച്ഛപൌ	ആനയേയും ആമയേയും
		ഉഭൌ ച	രണ്ടിനേയും

ഏകപാദേന	ഒററക്കാലിനാൽ	ജഗാമ;	മടങ്ങി;
വേഗേന	തന്റെ ഊക്കുകൊണ്ടു്	ശാഖയാ	ആ കൊമ്പുകൊണ്ടു്
ആദായ,	താങ്ങിക്കൊണ്ടു്,	നിഷാദവിഷയം	പരമദുഷ്ടന്മാരടങ്ങിയ ഒരു പ്രദേശത്തെ
തദാമിഷം	അവയുടെ മാംസത്തെ	ഹത്വാ,	നശിപ്പിച്ചു്
ഭക്ഷയിത്വാ,	ഭക്ഷിച്ചു്	അതുലം	അളവററ
മഹാമുനീൻ	മഹർഷിമാരെ	പ്രഹർഷം	സന്തോഷത്തെ
മോക്ഷയിത്വാ	വലുതായ ആപത്തിൽ നിന്നും മോചിപ്പിച്ചു്	ലേഭേ.	ഉൾക്കൊണ്ടു.

സ തേനൈവ പ്രഹർഷേണ ദ്വിഗുണീകൃതവിക്രമഃ
അമൃതാനയനാർത്ഥം വൈ ചകാര മതിമാൻ മതിം. 35

മതിമാൻ	ബുദ്ധിമാനായ	ദ്വിഗുണീകൃത-വിക്രമഃ	ഇരട്ടിച്ച പരാക്രമത്തോടുകൂടിയവനായി
സഃ,	ആ ഗരുഡഭഗവാൻ,	അമൃതാനയനാർത്ഥം വൈ	അമൃതത്തെ ആഹരിക്കണമെന്നു
തേന	ആ	മതിം ചകാര.	ഉറച്ചു.
പ്രഹർഷേണ ഏവ	ഉത്സാഹംകൊണ്ടു തന്നെ		

[ആഹാരത്തിന്നുശേഷം ഉണ്ടായ ഉത്സാഹത്താൽ അമൃതം കട്ടിപ്പാനായി. (ഗോ. ൩൦.)]

അയോജാലാനി നിർമ്മഥ്യ ഭിത്വാ രത്നമയം ഗൃഹം
മഹേന്ദ്രഭവനാദ് ഗുപ്തമാജഹാരാമൃതം തതഃ. 36

തതഃ	അപ്പോൾ	ഗുപ്തം	സൂക്ഷിച്ചുവെക്കപ്പെട്ടിരുന്ന
അയോജാലാനി	ഇരിമ്പുവലകളെ	അമൃതം	അമൃതത്തെ
നിർമ്മഥ്യ,	കൊത്തിമുറിച്ചു്,	മഹേന്ദ്ര-ഭവനാത്	മഹേന്ദ്രന്റെ പുരത്തിൽനിന്നു്
രത്നമയം	രത്നമയമായ	ആജഹാര.	കൊണ്ടുവന്നു.
ഗൃഹം	ഗൃഹത്തെ		
ഭിത്വാ,	പൊളിച്ചു്,		

തം മഹർഷിഗണൈർജ്ജുഷ്ടം സുപർണ്ണകൃതലക്ഷണം
നാമ്നാ സുഭദ്രം ന്യഗ്രോധം ദദർശ ധനദാനുജഃ. 37

ധനദാനുജഃ,	കുബേരസഹോദരനായ രാവണൻ,	നാമ്നാ സുഭദ്രം	സുഭദ്രം എന്നുപേരുള്ളതും ആയ
മഹർഷിഗണൈഃ	മഹർഷിസംഘങ്ങളാൽ	തം	ആ
ജുഷ്ടം	സേവിക്കപ്പെട്ടതും	ന്യഗ്രോധം	പേരാലിനെ
അബ്രവീത് പരുഷം വാക്യം മാരീചോ രാക്ഷസാധിപം. 1

പ്രതികൂലം	ആപത്കരമായ	നിശാചരഃ	രാക്ഷസനായ
അരാജവത്	രാജയോഗ്യമല്ലാത്ത	മാരീചഃ,	മാരീചൻ,
വാക്യം,	വാക്യത്തെ,	പരുഷം വാക്യം	കടുതായ വാക്കിനെ
ആജ്ഞപ്തഃ	ചെയ്വാൻ ആജ്ഞാപി	രാക്ഷസാധിപം	രാക്ഷസേശ്വരനോടാ
	ക്കപ്പെട്ടവനായ	അബ്രവീത്.	പറഞ്ഞു. [യി

[“ആജ്ഞപ്തഃ അരാജവത്,” ശ്രീരാമപ്രാതികൂല്യം തുടങ്ങിയപ്പോൾ തന്നെ രാജത്വം രാവണന്ന് ഇല്ലാതായി, എന്ന് മുനിയുടെ അഭിപ്രായം (എന്ന്. ഗോ. രാ.). അഥവാ “രാജവത്” എന്നും പദച്ഛേദം. (രാജാധികാരത്തോടു കൂടിയവനായി എന്നർത്ഥം).]

കേനായമുപദിഷ്ടസ്തേ വിനാശഃ പാപകർമ്മണാ
സപുത്രസ്യ സരാഷ്ട്രസ്യ സാമാത്യസ്യ നിശാചര. 2

“നിശാചര!	“രാക്ഷസ!	അയം	ഈ
തേ	നിനക്ക്	വിനാശഃ,	നാശം
സപുത്രസ്യ	പുത്രന്മാരോടുകൂടിയും	പാപകർമ്മണാ	ദുഷ്ടനായ
സരാഷ്ട്രസ്യ	രാജ്യത്തോടുകൂടിയും	കേന	ആരാലാണ്
സാമാത്യസ്യ	മന്ത്രിമാരോടുകൂടിയും	ഉപദിഷ്ടഃ?	ഉപദേശിക്കപ്പെട്ടത്?
	ഉള്ളതായ		

കസ്ത്വയാ സുഖിനാ രാജൻ നാഭിനന്ദതി പാപകൃത്
കേനേദമുപദിഷ്ടം തേ മൃത്യുദ്വാരമപാവൃതം. 3

“രാജൻ!	“രാജാവേ!	ഇദം	ഈ
സുഖിനാ	സുഖമായി വാഴുന്നവ	മൃത്യുദ്വാരം	യമലോകത്തിലേയ്ക്കുള്ള വാതിൽ
ത്വയാ,	നിന്നാൽ, [നായ		
പാപകൃത്	പാപിയായ	അപാവൃതം	തുറന്നുവെക്കപ്പെട്ടത്
കഃ	ഏതൊരുവനാണ്	കേന	ആരാലാണ്
ന അഭിനന്ദതി?	തൃപ്തനാകാതെ വർത്തി	തേ	നിനക്ക്
	ക്കുന്നത്?	ഉപദിഷ്ടം.	കാണിച്ചുതരപ്പെട്ടത്?

ശത്രവസ്തവ സുവ്യക്തം ഹീനവീര്യാ നിശാചരാഃ
ഇച്ഛന്തി ത്വാം വിനശ്യന്തമുപരുദ്ധം ബലീയസാ. 4

“തവ	“നിന്റെ	ഉപരുദ്ധം	നിരോധിക്കപ്പെട്ട
ഹീനവീര്യാഃ	ബലഹീനന്മാരായ	ത്വാം	നിന്നെ
നിശാചരാഃ	രാക്ഷസന്മാരായ	വിനശ്യന്തം	നശിക്കുന്നവനായി
ശത്രവഃ,	ശത്രുക്കൾ,	സുവ്യക്തം }	കാണ്മാൻ ആഗ്രഹിക്കു
ബലീയസാ	നിന്നെക്കാൾ ബലവാ	ഇച്ഛന്തി. }	ന്നു എന്നുള്ളത് വ്യ
	നായവനാൽ		ക്തംതന്നെ.

കേനേദമുപദിഷ്ടം തേ ക്ഷുദ്രേണാഹിതവാദിനാ
യസ്ത്വാമിച്ഛതി നശ്യന്തം സ്വകൃതേന നിശാചര. 5

" ക്ഷുദ്രേണ	" അല്പനും	നിശാചര !	രാക്ഷസ !
അഹിതവാദിനാ	അഹിതത്തെ ഉപദേശിക്കുന്നവനുമായ	യഃ	ഏതൊരുവനാണ്
കേന	ഏവനാലാണ്	സ്വകൃതേന	തന്റെ ദുരുദ്ദേശത്താൽ
ഇദം	ഇത്	ത്വാം	നിന്നെ,
തേ	നിനക്ക്	നശ്യന്തം	നശിക്കുന്നവനായി
ഉപദിഷ്ടം ?	ഉപദേശിക്കപ്പെട്ടത് ?	ഇച്ഛതി ?	കാണ്മാൻ ആഗ്രഹിക്കുന്നത് ?

വധ്യാഃ ഖലു ന ഹന്യന്തേ സചിവാസ്തവ രാവണ
യേ ത്വാമുത്പഥമാരൂഢം ന നിഗൃഹ്ണന്തി സർവ്വശഃ. 6

" രാവണ !	" രാവണ !	നിഗൃഹ്ണന്തി ന,	തടയാതിരിക്കുന്നുവോ, അപ്രകാരമുള്ള
യേ,	യാതൊരുവൻ,	തവ	നിന്റെ
ഉത്പഥം	ദുർമ്മാർഗ്ഗത്തിൽ,	സചിവാഃ	ആ മന്ത്രിമാർ
ആരൂഢം	ഏപ്പെട്ട	വധ്യാഃ ഖലു	കൊല്ലപ്പെടേണ്ടവരാണെന്നാലും,
ത്വാം,	നിന്നെ,	ന ഹന്യന്തേ.	കൊല്ലപ്പെടാതിരിക്കുന്നുവല്ലോ.
സർവ്വശഃ	സർവ്വപ്രകാരത്തിലും		

അമാത്യൈഃ കാമവൃത്തോ ഹി രാജാ കാപഥമാശ്രിതഃ
നിഗ്രാഹ്യഃ സർവ്വഥാ സദ്ഭിർന്ന നിഗ്രാഹ്യോ നിഗൃഹ്യസേ. 7

" കാമവൃത്തഃ	" തോന്നിയപോലെ നടക്കുന്നവനും	സർവ്വഥാ	എന്തായാലും
കാപഥം	ദുർമ്മാർഗ്ഗത്തെ	നിഗ്രാഹ്യഃ;	തടുക്കപ്പെടേണ്ടവനാകുന്നു ;
ആശ്രിതഃ	ആശ്രയിച്ചവനുമായ	നിഗ്രാഹ്യഃ	തടുക്കപ്പെടേണ്ടവനായ
രാജാ,	ഒരു രാജാവ്,	ന നിഗൃഹ്യസേ ഹി.	തടുക്കപ്പെടുന്നില്ല [നീ എന്നുള്ളതു് തീർച്ച തന്നെ.
സദ്ഭിഃ	നല്ല		
അമാത്യൈഃ	മന്ത്രിമാരാൽ		

ധർമ്മമർത്ഥം ച കാമം ച യശശ്ച ജയതാം വര
സ്വാമിപ്രസാദാത് സചിവാഃ പ്രാപ്നുവന്തി നിശാചര. 8

" ജയതാം വര !	" ജയശാലികളിൽ ശ്രേഷ്ഠതയാന്നവനേ !	കാമം ച	വേണ്ടുന്ന എല്ലാററിനേയും
നിശാചര !	രാക്ഷസ !	യശഃ ച	ഖ്യാതിയേയും
സചിവാഃ	മന്ത്രിമാർ	സ്വാമിപ്രസാദാത്	രാജാവിന്റെ ക്ഷേമത്താലാണ്
ധർമ്മം	ധർമ്മത്തേയും	പ്രാപ്നുവന്തി.	പ്രാപിക്കുന്നതു്.
അർത്ഥം ച	ധനത്തേയും		

വിപൎയ്യയേ തു തത്സൎവ്വം വ്യൎത്ഥം ഭവതി രാവണ
വ്യസനം സ്വാമിവൈഗുണ്യാത് പ്രാപ്നുവന്തീതരേ ജനാഃ. 9

"രാവണ!	"രാവണ!	സ്വാമി-വൈഗുണ്യാത്	രാജാവിന്റെ ക്ഷേമക്കുറവുകൊണ്ടു
വിപൎയ്യയേ	നേരെ മറിച്ചായാൽ	ഇതരേ ജനാഃ	മറ്റുള്ള ജനങ്ങൾ
തത് സൎവ്വം	അതെല്ലാം	വ്യസനം	കഷ്ടത്തെ
വ്യൎത്ഥം തു	നിഷ്പ്രയോജനമായിത്തന്നെ	പ്രാപ്നുവന്തി.	പ്രാപിക്കുന്നു.
ഭവതി;	ഭവിക്കുന്നു;		

രാജമൂലോ ഹി ധൎമ്മശ്ച യശശ്ച ജയതാം വര
തസ്മാത് സൎവ്വാസ്വവസ്ഥാസു രക്ഷിതവ്യാ നരാധിപാഃ. 10

"ധൎമ്മഃ ച	"ധൎമ്മമെന്നുള്ളതു്	തസ്മാത്	ആയതുകൊണ്ടു്
രാജമൂലഃ;	രാജാവിനെ ആസ്പദിച്ചുതാകുന്നു;	നരാധിപാഃ	രാജാക്കന്മാർ
യശഃ ച ഹി;	കീൎത്തിയും അപ്രകാരംതന്നെ;	സൎവ്വാസു	എല്ലാ
ജയതാം വര!	ജയശാലികളിലുത്തമനായവനേ!	അവസ്ഥാസു	സമയങ്ങളിലും
		രക്ഷിതവ്യാഃ.	നല്ലപോലെ രക്ഷിക്കപ്പെടേണ്ടവരാകുന്നു.

രാജ്യം പാലയിതും ശക്യം ന തീക്ഷ്ണേന നിശാചര
ന ചാപി പ്രതികൂലേന നാവിനീതേന രാക്ഷസ. 11

"നിശാചര!	"രാക്ഷസ!	പ്രതികൂലേന അപി	ജനങ്ങൾക്കു വിരോധമായി നടക്കുന്നവനാലും
രാജ്യം	രാജ്യത്തെ	ന;	സാദ്ധ്യമല്ല;
പാലയിതും	രക്ഷിപ്പാൻ	രാക്ഷസ!	രാക്ഷസ!
തീക്ഷ്ണേന	ക്രൂരനായ ഒരുവനാൽ	അവിനീതേന ച	ഇന്ദ്രിയനിഗ്രഹമില്ലാത്തവനാലും
ന ശക്യം;	സാദ്ധ്യമല്ല;	ന.	അല്ല.

യേ തീക്ഷ്ണമന്ത്രാഃ സചിവാ ഭജ്യന്തേ സഹ തേന വൈ
വിഷമേ തുരഗാഃ ശീഘ്രാ മന്ദസാരഥയോ യഥാ. 12

"യേ	"യാതൊരു	ശീഘ്രാഃ	അതിവേഗതയാൎന്നവയും,
സചിവാഃ	മന്ത്രിമാർ	മന്ദസാരഥയഃ	സമൎത്ഥരല്ലാത്ത വാഹകന്മാരോടുകൂടിയവയും ആയ
തീക്ഷ്ണ-മന്ത്രാഃ വൈ	ദുൎബ്ബോധന ചെയ്യുന്നവരൊ, അവർ		
തേന സഹ	ആ രാജാവോടുകൂടിത്തന്നെ,	തുരഗാഃ യഥാ	കുതിരകൾ എന്നപോലെ
വിഷമേ	കുണ്ടും മേടും ഉള്ള സ്ഥലത്തിൽ	ഭജ്യന്തേ.	നശിച്ചുപോകുന്നു.

ബഹവഃ സാധവോ ലോകേ യുക്താ ധർമ്മമനുഷ്ഠിതാഃ
പരേഷാമപരാധേന വിനഷ്ടാഃ സപരിച്ഛദാഃ. 13

“ലോകേ	“ലോകത്തിൽ	ബഹവഃ	എത്രയോപേർ
ധർമ്മം	ധർമ്മത്തെ	പരേഷാം	മറ്റുള്ളവരുടെ
അനുഷ്ഠിതാഃ	അനുഷ്ഠിക്കുന്നവരും	അപരാധേന	ദോഷത്താൽ
യുക്താഃ	ധർമ്മചിന്തയുള്ളവരു	സപരിച്ഛദാഃ	കൂടെയുള്ളവരടക്കം
സാധവഃ	സജ്ജനങ്ങൾ [മായ	വിനിഷ്ടാഃ.	നശിച്ചുപോകുന്നു.

സ്വാമിനാ പ്രതികൂലേന പ്രജാസ്തീക്ഷ്ണേന രാവണ
രക്ഷ്യമാണാ ന വർദ്ധന്തേ മേഷാ ഗോമായുനാ യഥാ. 14

“രാവണ!	“രാവണ!	രക്ഷ്യമാണാഃ	പരിപാലിക്കപ്പെട്ടവ
തീക്ഷ്ണേന	ക്രൂരനും	പ്രജാഃ,	പ്രജകൾ, [രായ
പ്രതികൂലേന	പ്രജകളുടെ നന്മയെ ഇച്ഛിക്കാത്തവനുമായ	ഗോമായുനാ	ഒരു കുറുക്കനാൽ
		മേഷാഃ യഥാ	ആടുകൾ എന്നപോലെ
സ്വാമിനാ	രാജാവിനാൽ	വർദ്ധന്തേ ന.	അഭിവൃദ്ധിപ്രാപിക്കുന്നില്ല.

അവശ്യം വിനശിഷ്യന്തി സർവ്വേ രാവണ രാക്ഷസാഃ
യേഷാം ത്വം കർക്കശോ രാജാ ദുർബ്ബുദ്ധിരജിതേന്ദ്രിയഃ. 15

“രാവണ!	“രാവണ!	രാജാ,	രാജാവായിരിക്കുന്നുവൊ,
യേഷാം	യാതൊരുവർക്ക്		
ത്വം	നീ	രാക്ഷസാഃ	ആ രാക്ഷസന്മാർ
കർക്കശഃ,	നിഷ്ഠുരനായി	സർവ്വേ	എല്ലാവരും
ദുർബ്ബുദ്ധിഃ,	ദുർബ്ബുദ്ധിയുള്ളവനായി	അവശ്യം	സംശയമില്ലാതെ
അജിതേന്ദ്രിയഃ,	ഇന്ദ്രിയവശഗനായ,	വിനശിഷ്യന്തി.	നശിച്ചുപോകുന്നതാണ്.

തദിദം കാകതാലീയം ഘോരമാസാദിതം മയാ
അത്രൈവ ശോചനീയസ്ത്വം സസൈന്യോ വിനശിഷ്യസി. 16

“തത്	“അപ്രകാരമുള്ള	ആസാദിതം;	പ്രാപിക്കപ്പെട്ടു;
ഇദം	ഈ	അത്ര	ഇക്കാര്യത്തിൽ
ഘോരം,	വിപത്ത്	ശോചനീയഃ	ദുഃഖിക്കപ്പെടത്തക്കവൻ
കാകതാലീയം	{ കാക്ക ചെന്നിരുന്നതും പനമ്പഴം വീണതും എന്ന ന്യായപ്രകാരം യാദൃച്ഛികമായി,	ത്വം ഏവ;	നീതന്നെയാണ്;
		സസൈന്യഃ	സൈന്യങ്ങളടക്കം
മയാ	എന്നാൽ	വിനശിഷ്യസി.	നീ നശിപ്പാൻപോകുന്നു.

[“എനിക്ക്, നിന്റെ കാരണമായി മരണം നേരിട്ടു എന്നുള്ളതു് കേവലം, യാദൃച്ഛികമാണ്. എങ്കിലും നീ, സൈന്യങ്ങളടക്കം നശിക്കുമെന്നുള്ള സംഗതിയിൽ, എന്നാൽ ശോചനീയൻ തന്നെ” (തിലകം). അഥവാ, “യാദൃച്ഛികമായി എനിക്ക് ഈ കൃത്യം ഏറ്റുപെട്ടു. ‘അത്രൈവകൃത്യേ’, ഈ എന്റെ കൃത്യംകൊണ്ടു്, നീ സൈന്യസമേതം നശിച്ചുപോകുമെന്നുള്ളതു തന്നെയാണ് എനിക്കുള്ള ദുഃഖം”. (ഗൊ. രാ.)]

മാം നിഹത്യ തു രാമശ്ച നചിരാത് ത്വാം വധിഷ്യതി
അനേന കൃതകൃത്യോഽസ്മി മ്രിയേ യദരിണാ ഹതഃ 17

"രാമഃ	"രാമൻ	ഹതഃ	കൊല്ലപ്പെട്ടവനായി
മാം നിഹത്യ തു	എന്നെ കൊന്നശേഷം	മ്രിയേ;	ഞാൻ ഇപ്പോൾതന്നെ മരിച്ചുകളയാം;
ന ചിരാത്	താമസിയാതെ	യത് അനേന	യാതൊരു ഇക്കാരണത്താൽ
ത്വാം ച	നിന്നേയും	കൃതകൃത്യഃ അസ്മി.	ഞാൻ കൃതകൃത്യനാകുന്നു.
വധിഷ്യതി;	കൊല്ലുവാൻപോകുന്നു;		
അരിണാ	പുണ്യാത്മാവായ അവനാൽ		

[‘ഞാൻ ശോച്യനല്ല’ എന്നതിന്നു കാരണം പറയുന്നു. ‘അരിണാ’, വിശ്വാമിത്രമഖസംരക്ഷണം തുടങ്ങി ഖരവധാന്തം വരേയുള്ള അതിമാനുഷപ്രവൃത്തികളാൽ പരമപുരുഷൻ തന്നെയെന്ന് തീൎച്ചയാകുന്ന പുണ്യാത്മാവായ ശ്രീരാമന്റെ കൈകൊണ്ട് മരണം സിദ്ധിക്കുന്നതുകൊണ്ട് ഞാൻ കൃതകൃത്യൻ തന്നെ. “രാമാദപി ഹി മൎത്തവ്യം മൎത്തവ്യം രാവണാദപി ഉഭയോരപി മൎത്തവ്യേ വരം രാമാന്ന രാവണാത്.” എന്ന് നൃസിംഹപുരാണം. “രാജാവിന്റെ കയ്യിൽനിന്ന് മരണം ലഭിക്കുന്നത് ദുർമ്മരണമാകയാലും, ശത്രുവുമായി യുദ്ധം ചെയ്ത് മരിക്കുന്നത് സ്വൎഗ്ഗപ്രദമാകയാലും, ഞാൻ ശ്രീരാമനാൽ വധിക്കപ്പെട്ടുമെന്നുള്ളതുകൊണ്ട് കൃതകൃത്യൻ തന്നെയായ്ത്തീരും.” എന്നു തിലകം.]

ദർശനാദേവ രാമസ്യ ഹതം മാമുപധാരയ
ആത്മാനം ച ഹതം വിദ്ധി ഹൃത്വാ സീതാം സബാന്ധവം 18

"രാമസ്യ	"രാമനെ	ഹൃത്വാ ച	അപഹരിച്ചുകൊണ്ടുപോയക്ഷണത്തിൽ
ദർശനാത് ഏവ	കണ്ടമാത്രത്തിൽതന്നെ	ആത്മാനം	നിന്നെയും
മാം	എന്നെ	സബാന്ധവം	ബന്ധുജനങ്ങളടക്കം
ഹതം,	കൊല്ലപ്പെട്ടവനായി,	ഹതം	നശിപ്പിക്കപ്പെട്ടവനായി
ഉപധാരയ;	നീ നിശ്ചയിച്ചുകൊൾക;	വിദ്ധി.	അറിഞ്ഞുകൊൾക.
സീതാം	സീതയെ		

ആനയിഷ്യസി ചേത് സീതാമാശ്രമാത് സഹിതോ മയാ
നൈവ ത്വമസി നാഹം ച നൈവ ലങ്കാ ന രാക്ഷസാഃ 19

"മയാ സഹിതഃ	"എന്നോടുകൂടിയവനായ നീ	ന അസി;	ഉണ്ടാകയില്ല;
സീതാം	സീതയെ	അഹം ച	ഞാനും
ആശ്രമാത്	ആശ്രമത്തിൽനിന്ന്	ന;	ഇല്ല;
ആനയിഷ്യസി ചേത്,	എടുത്തുകൊണ്ടുപോരുന്നുവെന്നാൽ,	ലങ്കാ ഏവ	ലങ്കയും
ത്വം ഏവ	നീയും	ന;	ഇല്ല;
		രാക്ഷസാഃ	രാക്ഷസരും
		ന.	ഇല്ല.

നിവാര്യമാണസ്തു മയാ ഹിതൈഷിണാ
ന മൃഷ്യസേ വാക്യമിദം നിശാചര
പരേതകല്പാ ഹി ഗതായുഷോ നരാഃ
ഹിതം ന ഗൃഹ്ണന്തി സുഹൃദ്ഭിരീരിതം. 20

"നിശാചര!	"രാക്ഷസ!	ന മൃഷ്യസേ;	നീ സ്വീകരിക്കുന്നില്ല;
ഹിതൈഷിണാ	നന്മയെ ഇച്ഛിക്കുന്നവനായ	ഗതായുഷഃ	ആയുസ്സററ്
മയാ,	എന്നാൽ,	പരേതകല്പാഃ	ശവപ്രായന്മാരായ
നിവാര്യമാണഃ തു,	തടയപ്പെട്ടവനായിരുന്നിട്ടും,	നരാഃ,	ആളുകൾ,
ഇദം	ഈ	സുഹൃദ്ഭിഃ	വേണ്ടപ്പെട്ടവരാൽ
വാക്യം	സദുപദേശത്തെ	ഈരിതം	പറയപ്പെട്ട
		ഹിതം ഹി	സദുപദേശത്തെ
		ന ഗൃഹ്ണന്തി."	കയ്ക്കൊള്ളുന്നില്ല."

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ഏകചത്വാരിംശഃ സർഗ്ഗഃ = നാല്പത്തൊന്നാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 8069; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1357.

ദ്വിചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിരണ്ടാംസർഗ്ഗം.

[മായാമൃഗരൂപഗ്രഹണം = മാരീചൻ മായകൊണ്ടു് പൊൻമാനാകുന്നത്.]

ഏവമുക്ത്വാ തു പരുഷം മാരീചോ രാവണം തതഃ
ഗച്ഛാവേത്യബ്രവീദ്ദീനോ ഭയാദ്രാത്രിംചരപ്രഭോഃ. 1

മാരീചഃ	മാരീചൻ	ദീനഃ,	ദീനനായി,
ഏവം	മേൽപ്രകാരം	തതഃ,	ആ സമയം
പരുഷം	കടുതായ വാക്യത്തെ	രാവണം,	രാവണനോടായി,
ഉക്ത്വാ തു,	പറഞ്ഞിട്ടു്,	'ഗച്ഛാവ,'	'നാം പോവുക,'
രാത്രിംചരപ്രഭോഃ	രാക്ഷസരാജാവിനെക്കുറിച്ചുള്ള	ഇതി	എന്നു്
ഭയാത്	ഭയത്താൽ	അബ്രവീത്.	പറഞ്ഞു.

ദൃഷ്ടശ്ചാഹം പുനസ്തേന ശരചാപാസിധാരിണാ
മദ്വധോദ്യതശസ്ത്രേണ വിനഷ്ടം ജീവിതം ച മേ. 2

"ശരചാപാസിധാരിണാ	"അമ്പും വില്ലും വാളും ധരിച്ചവനും	അഹം	ഞാൻ
മദ്വധോദ്യതശസ്ത്രേണ ച	എന്നെ വധിപ്പാൻ തയ്യാറായ ആയുധത്തോടുകൂടിയവനുമായ	ദൃഷ്ടഃ പുനഃ,	നോക്കപ്പെട്ടുവെന്നാൽ,
		മേ	എന്റെ
		ജീവിതം ച	ജീവനും
തന,	അവനാൽ,	വിനഷ്ടം.	പോയതുതന്നെ

ന ഹി രാമം പരാക്രമ്യ ജീവൻ പ്രതിനിവർത്തതേ
വർത്തതേ പ്രതിരൂപോഽസൌ യമദണ്ഡഹതസ്യ തേ. 3

"രാമം	"രാമനെ	തേ,	നിനക്ക്,
പരാക്രമ്യ,	എതിർത്ത്,	അസൌ	ഇവൻ
ജീവൻ	ജീവനോടുകൂടി ഒരുവൻ	പ്രതിരൂപഃ	ആ (യമന്റെ) രൂപമെടുത്തവനായി
ന പ്രതിനിവർത്തതേ ഹി;	മടങ്ങുകയില്ല;		
യമദണ്ഡഹതസ്യ	യമന്റെ ശിക്ഷയ്ക്കു പാത്രീഭവിച്ചവനായ	വർത്തതേ.	വന്നിരിക്കയാണ്.

കിം ന ശക്യം മയാ കർത്തുമേവം ത്വയി ദുരാത്മനി
ഏഷ ഗച്ഛാമ്യഹം താത സ്വസ്തി തേഽസ്തു നിശാചര. 4

"ഏവം	"ഇപ്രകാരം	താത!	ഉണ്ണീ!
ദുരാത്മനി	ദുരാത്മാവായ	അഹം	ഞാൻ
ത്വയി	നിന്റെ സംഗതിയിൽ	ഏഷഃ ഗച്ഛാമി;	ഇതാ പോകുന്നു;
മയാ കർത്തും	എന്നാൽ ചെയ്വാൻ	നിശാചര!	രാത്രിഞ്ചര!
ശക്യം	സാദ്ധ്യമായത്	തേ	നിനക്ക്
കിം ന?	എന്തൊന്നാണുള്ളത്?	സ്വസ്തി അസ്തു."	നന്മയുണ്ടാകട്ടെ."

പ്രഹൃഷ്ടസ്ത്വഭവത്തേന വചനേന സ രാവണഃ
പരിഷ്വജ്യ സുസംശ്ലിഷ്ടമിദം വചനമബ്രവീത്. 5

രാവണഃ	രാവണൻ	സഃ	അവൻ
തു	ഇതിനെക്കുറിച്ചുള്ള	സുസംശ്ലിഷ്ടം	ഗാഢമായി
തേന	ആ	പരിഷ്വജ്യ,	പുണർന്ന്,
വചനേന	വാക്യത്താൽ	ഇദം	ഇപ്രകാരം
പ്രഹൃഷ്ടഃ,	സന്തുഷ്ടിപൂണ്ടവനായി,	വചനം അബ്രവീത്.	പറഞ്ഞു.
അഭവത്;	ഭവിച്ചു;		

ഏതച്ഛൌണ്ഡീര്യയുക്തം തേ മച്ഛന്ദാദിവ ഭാഷിതം.
ഇദാനീമസി മാരീചഃ പൂർവ്വമന്യോ നിശാചരഃ. 6

"തേ	"ഭവാന്റെ	ഇദാനീം	ഇപ്പോൾമാത്രമാണ്
ശൌണ്ഡീര്യയുക്തം	വീര്യത്തിന്ന് അനുയോജിച്ചതായ	മാരീചഃ അസി;	അങ്ങ് സാക്ഷാൽ മാരീചനായി വിളങ്ങുന്നത്;
ഏതത്	ഈ	പൂർവ്വം	ഇതുവരെ
ഭാഷിതം	വാക്കുതന്നെയാണ്	അന്യഃ	ഏതോ ഒരു
മച്ഛന്ദാത് ഇവ;	എന്റെ അഭിപ്രായത്തിന്നനുസരിച്ചത്;	നിശാചരഃ.	രാക്ഷസൻ മാത്രമായിരുന്നു.

ആരുഹ്യതാമയം ശീഘ്രം രഥോ രത്നവിഭൂഷിതഃ
മയാ സഹ തഥാ യുക്തഃ പിശാചവദനൈഃ ഖരൈഃ 7

"രത്നവിഭൂഷിതഃ "	രത്നാലംകൃതവും	അയം;	ഇതാ;
പിശാചവദനൈഃ	പിശാചമുഖങ്ങളായ	മയാ സഹ	എന്നോടുകൂടി
ഖരൈഃ	കോവർകഴുതകളാൽ	ശീഘ്രം	ഉടനെ
യുക്തഃ തഥാ	പൂട്ടിക്കെട്ടപ്പെട്ടതുമായ	ആരുഹ്യതാം.	ആരോഹണംചെയ്യപ്പെടട്ടെ.
രഥഃ	തേർ		

പ്രലോഭയിത്വാ വൈദേഹീം യഥേഷ്ടം ഗന്തുമർഹസി
താം ശൂന്യേ പ്രസഭം സീതാമാനയിഷ്യാമി മൈഥിലീം. 8

"വൈദേഹീം	"വൈദേഹിയെ	സീതാം	സീതയെ
പ്രലോഭയിത്വാ	വഞ്ചിച്ചശേഷം	ശൂന്യേ	ആരുമില്ലാത്തസമയം
യഥേഷ്ടം	അങ്ങ് ഇഷ്ടംപോലെ	പ്രസഭം	ബലാത്കാരമായി
ഗന്തും അർഹസി;	പൊയ്ക്കൊൾക;	ആനയിഷ്യാമി."	ഞാൻ എടുത്തുകൊണ്ടുപോകുന്നുണ്ട്."
താം	ആ		
മൈഥിലീം	മിഥിലാധിപസുതയായ		

തതോ രാവണമാരീചൌ വിമാനമിവ തം രഥം
ആരുഹ്യ യയതുഃ ശീഘ്രം തസ്മാദാശ്രമമണ്ഡലാത്. 9

തതഃ	അപ്പോൾ	രഥം	രഥത്തിൽ
രാവണമാരീചൌ,	രാവണനും മാരീചനും,	ശീഘ്രം	വേഗം
		ആരുഹ്യ,	കയറിക്കൊണ്ട്,
വിമാനം ഇവ	ആകാശത്തിൽ സഞ്ചരിക്കാവുന്ന ദിവ്യവിമാനംപോലുള്ള	തസ്മാത്	ആ
		ആശ്രമമണ്ഡലാത്	ആശ്രമപരിധിവിട്ട്
തം	ആ	യയതുഃ.	യാത്രചെയ്തു.

തഥൈവ തത്ര പശ്യന്തൌ പത്തനാനി വനാനി ച
ഗിരീംശ്ച സരിതഃ സർവ്വാ രാഷ്ട്രാണി നഗരാണി ച. 10

തത്ര,	വഴിയിൽ,	സർവ്വാഃ	എല്ലാററിനേയും,
പത്തനാനി	സമുദ്രതീരത്തിലുള്ള നഗരങ്ങളേയും	രാഷ്ട്രാണി	നാടുകളേയും
		നഗരാണി ച	നഗരങ്ങളേയും
വനാനി ച	വനങ്ങളേയും	പശ്യന്തൌ,	കണ്ടുകൊണ്ട്,
ഗിരീൻ ച	പർവ്വതങ്ങളേയും,	തഥാ ഏവ.	അപ്രകാരംതന്നെ ചെന്നു.
സരിതഃ	നദികൾ		

[പത്തനം, നഗരം, മുതലായവയുടെ ലക്ഷണത്തെക്കുറിച്ച് ഇങ്ങിനെ വാസ്തുശാസ്ത്രം. "ഗ്രാമശ്ച നഗരം ചൈവ പത്തനം ഖർവ്വടം പുരം ഖേടകം കുസുമം ചൈവ ശിബിരം രാജവാസികം സേനാമുഖമിതി ത്വേവം ദശധാ കീർത്തിതം ബുധൈഃ. വിപ്രാണാം ച സഭൃത്യാനാം വാസോഗ്രാമ ഇതീരിതഃ സ ഏവ വിപ്രൈരാകീർണ്ണസ്ത്വഗ്രഹാര ഇതി സ്മൃതഃ. കുടുംബിഭേദൈരേകോനത്രിംശദ്ഭിശ്ച സമന്വിതഃ അനേകനാരീസംബദ്ധം നാനാശില്പിജനൈർവൃതം ക്രയവിക്രയകൈഃ കീർണ്ണം സർവ്വദൈവൈഃ സമന്വിതം നഗരം ത്വിതി വിഖ്യാതം പത്തനം ശൃണു സാംപ്രതം. ദ്വീപാന്തരാഗതദ്രവ്യ

ക്രയവിക്രയകൈൎയ്യുതം പത്തനം ത്വബ്ധിതീരേ സ്യാത്തയോൎമ്മിശ്രം തു ഖൎവ്വടം. ക്രയവിക്രയകൈൎയ്യുക്തം നാനാജാതിസമന്വിതം തന്തുവായസമായുക്തം തത്പുരം ത്വിതി കഥ്യതേ. ഏതൈരധിഷ്ഠിതം യത്തത് ഖേടകം പരികീൎത്തിതം, തേഷാമേകാന്തരേഷ്വേവ വാസഃ കുസുമമുച്യതേ" ഗൊ. രാ.]

സമേത്യ ദണ്ഡകാരണ്യം രാഘവസ്യാശ്രമം തതഃ
ദദൎശ സഹമാരീചോ രാവണോ രാക്ഷസാധിപഃ. 11

രാക്ഷസാധിപഃ	രാക്ഷസാധിപനായ	സമേത്യ,	പ്രാപിച്ച്,
രാവണഃ	രാവണൻ	തതഃ	അവിടെ
സഹമാരീചഃ	മാരീചസഹിതനായി	രാഘവസ്യ	ശ്രീരാമന്റെ
ദണ്ഡകാരണ്യം	ദണ്ഡകാരണ്യത്തെ	ആശ്രമം ദദൎശ.	ആശ്രമത്തെ കണ്ടു.

അവതീൎയ്യ രഥാത് തസ്മാത് തതഃ കാഞ്ചനഭൂഷണാത്
ഹസ്തേ ഗൃഹീത്വാ മാരീചം രാവണോ വാക്യമബ്രവീത്. 12

രാവണഃ	രാവണൻ	അവതീൎയ്യ,	താഴോട്ടിറങ്ങി,
തതഃ	അട്ടിക്കിൽ	മാരീചം	മാരീചനെ
കാഞ്ചന-ഭൂഷണാത്	സ്വൎണ്ണാലംകൃതമായ	ഹസ്തേ	കയ്യിൽ
		ഗൃഹീത്വാ,	പിടിച്ചുകൊണ്ടു്
തസ്മാത്	ആ	വാക്യം അബ്രവീത്.	ഇപ്രകാരം പറഞ്ഞു.
രഥാത്	തേരിൽനിന്നു്		

ഏതദ്രാമാശ്രമപദം ദൃശ്യതേ കദളീവൃതം
ക്രിയതാം തത് സഖേ ശീഘ്രം യദൎത്ഥം വയമാഗതാഃ 13

"രാമാശ്രമപദം	"രാമന്റെ ആശ്രമസ്ഥലം	യദൎത്ഥം	യാതൊന്നിനുവേണ്ടി
		വയം	നാം
കദളീവൃതം	വാഴകളാൽ നിറയപ്പെട്ടതായി	ആഗതാഃ,	ഇവിടെ വന്നിരിക്കുന്നു
		തത്	ആ കൃത്യം [വോ,
ഏതത് ദൃശ്യതേ	ഇതാ കാണപ്പെടുന്നു;	ശീഘ്രം	ഇഃപ്പോൾതന്നെ
സഖേ !	സ്നേഹിതാ !	ക്രിയതാം."	ചെയ്യപ്പെടട്ടെ."

സ രാവണവചഃ ശ്രുത്വാ മാരീചോ രാക്ഷസസ്തദാ
മൃഗോ ഭൂത്വാऽऽശ്രമദ്വാരി രാമസ്യ വിചചാര ഹ. 14

തദാ	ആ സമയം	മൃഗഃ ഹ	മാനായിത്തന്നെ
സഃ	ആ	ഭൂത്വാ,	രൂപമെടുത്തു്
മാരീചഃ	മാരീചനായ	രാമസ്യ	ശ്രീരാമന്റെ
രാക്ഷസഃ,	രാക്ഷസൻ,	ആശ്രമദ്വാരി	ആശ്രമത്തിന്റെമുൻഭാഗത്തിൽ
രാവണവചഃ	രാവണന്റെ വാക്ക്		
ശ്രുത്വാ,	കേട്ട്,	വിചചാര.	ചുററിത്തിരിഞ്ഞു.

സ തു രൂപം സമാസ്ഥായ മഹദദ്ഭുതദൎശനം
മണിപ്രവരശൃംഗാഗ്രഃ സിതാസിതമുഖാകൃതിഃ 15

രക്തപദ്മോത്പലമുഖ ഇന്ദ്രനീലോത്പലശ്രുവാഃ
കിംചിദഭ്യുന്നതഗ്രീവ ഇന്ദ്രനീലദലാധരഃ 16
കുന്ദേന്ദുവജ്രസംകാശമുദരം ചാസ്യ ഭാസ്വരം
മധൂകനിഭപാർശ്വശ്ച പദ്മകിഞ്ജല്കസന്നിഭഃ 17
വൈഡൂര്യസംകാശഖുരസ്തനുജംഘഃ സുസംഹതഃ
ഇന്ദ്രായുധസവർണ്ണേന പുച്ഛേനോർദ്ധ്വം വിരാജതാ 18
മനോഹരഃ സ്നിഗ്ദ്ധവർണ്ണോ രത്നൈർന്നാനാവിധൈർവ്വൃതഃ
ക്ഷണേന രാക്ഷസോ ജാതോ മൃഗഃ പരമശോഭനഃ
വനം പ്രജ്വലയൻ രമ്യം രാമാശ്രമപദം ച തത്. 19

സഃ,	അത്,
മഹദദ്ഭുതദർശനം	കാണ്മാൻ ഏററം ആശ്ചര്യകരമായ
രൂപം	രൂപം
സമാസ്ഥായ തു,	കയ്ക്കൊണ്ടിരിക്കെ,
മണിപ്രവരശൃംഗാഗ്രഃ,	ഉത്തമരത്നങ്ങളായുള്ള കൊമ്പുകളുടെ അഗ്രങ്ങളോടുകൂടിയതായി
സിതാസിതമുഖാകൃതിഃ	വെളുത്തും കറുത്തുമുള്ള മുഖാകൃതിയോടുകൂടിയതായി
രക്തപദ്മോത്പലമുഖഃ,	ചെന്താമരയും നീലോല്പലവും പോലെയുള്ള മുഖത്തോടുകൂടിയതായി
ഇന്ദ്രനീലോത്പലശ്രുവാഃ;	ഇന്ദ്രനീലം, നീലത്താമര, എന്നപോലെ ചെവികളുള്ളതായി;
കിംചിത്	അല്പം
അഭ്യുന്നതഗ്രീവഃ	ഉയർന്നകഴുത്തോടുകൂടിയതായി,
ഇന്ദ്രനീലദലാധരഃ;	ഇന്ദ്രനീലശകലംപോലെയുള്ള അധരത്തോടുകൂടിയതായിരുന്നു;
അസ്യ ഉദരം	ഇതിൻെറ വയറ്
കുന്ദേന്ദുവജ്രസംകാശം	മുല്ലപ്പൂ, ചന്ദ്രൻ, വൈരക്കല്ലു് എന്നവപോലെയുള്ളതായി
ഭാസ്വരം ച;	ഭംഗിയേറിയതായിരുന്നു!

മധൂകനിഭപാർശ്വഃ ച,	ഇരിപ്പപ്പൂപോലെയുള്ള പാർശ്വങ്ങളാർന്നതായി,
പദ്മകിഞ്ജല്കസന്നിഭഃ,	താമരയല്ലിയ്ക്കൊത്തുള്ളതായിരുന്നു;
വൈഡൂര്യസംകാശഖുരഃ	വൈഡൂര്യസദൃശങ്ങളായ കുളമ്പുകളുള്ളതായി,
തനുജംഘഃ,	നേരിയ കണങ്കാലുകളാർന്നതായി
സുസംഹതഃ	സുഘടിതങ്ങളായ സന്ധിബന്ധങ്ങളാർന്ന്,
ഇന്ദ്രായുധസവർണ്ണേന	മഴവില്ലൊത്ത നിറം കലർന്നതും
ഊർദ്ധ്വം വിരാജതാ	ഉയരത്തിൽ വിളങ്ങുന്നതുമായ
പുച്ഛേന	വാലിനാൽ
മനോഹരഃ,	ഭംഗിയാർന്നതായി,
സ്നിഗ്ദ്ധവർണ്ണഃ,	മിനുത്ത നിറത്തോടു [കൂടിയതായി
നാനാവിധൈഃ	പലവിധ
രത്നൈഃ	രത്നങ്ങളാൽ
വൃതഃ;	പൊതിയപ്പെട്ടതായി [രുന്നു;
രാക്ഷസഃ	രാക്ഷസൻ
തത് രമ്യം	ആ മനോഹരമായ
രാമാശ്രമപദം	ശ്രീരാമാശ്രമത്തേയും
വനം ച	ഉപവനത്തേയും
പ്രജ്വലയൻ,	പ്രകാശിപ്പിച്ചുകൊണ്ട്
ക്ഷണേന	ഒരു നൊടിയിടകൊണ്ട്
പരമശോഭനഃ	ഏററവും ഭംഗിപൂണ്ട
മൃഗഃ	മാനായി
ജാതഃ.	തീർന്നു.

മനോഹരം ദൎശനീയം രൂപം കൃത്വാ സ രാക്ഷസഃ
പ്രലോഭനാൎത്ഥം വൈദേഹ്യാ നാനാധാതുവിചിത്രിതം
വിചരംശ്ച വനം സൎവ്വം ശാദ്വലാനി സമന്തതഃ. 20

സഃ രാക്ഷസഃ	ആ രാക്ഷസൻ	നാനാധാതു-വിചിത്രിതം	പലപല ധാതുവൎഗ്ഗങ്ങളാൽ അലംകൃതമായ
മനോഹരം	മനോഹരവും	വനം സൎവ്വം	വനം മുഴുവനും
ദൎശനീയം	കൺകുളുൎപ്പിക്കുന്നതും	ശാദ്വലാനി	ഇളമ്പുൽത്തറകളിൽ
രൂപം	രൂപത്തെ [ആയ	സമന്തതഃ	എങ്ങും
കൃത്വാ,	എടുത്തുകൊണ്ട്,	വിചരൻ ച.	തുള്ളിക്കളിച്ചുകൊണ്ടിരുന്നു.
വൈദേഹ്യാഃ	വൈദേഹിയെ		
പ്രലോഭനാൎത്ഥം,	വഞ്ചിപ്പാനായി,		

രൂപ്യൈൎബ്ബിന്ദുശതൈശ്ചിത്രോ ഭൂത്വാ സ പ്രിയദൎശനഃ
വിടപീനാം കിസലയാൻ ഭങ്ക്ത്വാദൻ വിചചാര ഹ. 21

സഃ	അവൻ,	വിടപീനാം	മരങ്ങളുടെ
രൂപ്യൈഃ	വെള്ളിമയമായ	കിസലയാൻ	തളിരുകളെ
ബിന്ദുശതൈഃ	പലപുള്ളികളാൽ	ഭങ്ക്ത്വാ	കടിച്ച്
ചിത്രഃ,	അലംകൃതനായി,	അദൻ,	തിന്നുകൊണ്ട്,
പ്രിയദൎശനഃ	കാണ്മാൻ കൌതുകമാ	വിചചാര,	ചുററിത്തിരിഞ്ഞു,
ഭൂത്വാ,	ഭവിച്ച്, [ന്നായി	ഹ!	കണ്ടാലും!

കദളീഗൃഹകം ഗത്വാ കൎണ്ണികാരാനിതസ്തതഃ
സമാശ്രയന്മന്ദഗതിഃ സീതാസംദൎശനം തഥാ. 22

കദളീഗൃഹകം	ആശ്രമത്തിലുള്ള വാഴത്തോട്ടത്തിൽ	സീതാ-സംദൎശനം തഥാ	സീതാദേവിക്ക് കാണത്തക്കവണ്ണം
ഇതസ്തതഃ	അങ്ങുമിങ്ങും		
ഗത്വാ	ചുററിത്തിരിഞ്ഞു്	കൎണ്ണികാരാൻ	കൊന്ന ഉള്ള തോട്ട
മന്ദഗതിഃ	മെല്ലെ നടന്നുകൊണ്ടു്	സമാശ്രയത്.	പ്രാപിച്ചു. [ത്തെ

രാജീവചിത്രപൃഷ്ഠഃ സ വിരരാജ മഹാമൃഗഃ
രാമാശ്രമപദാഭ്യാശേ വിചചാര യഥാസുഖം. 23

സഃ	ആ	വിരരാജ;	വിളങ്ങി;
മഹാമൃഗഃ,	വിശേഷപ്പെട്ട മാൻ,	രാമാശ്രമ-പദാഭ്യാശേ	ശ്രീരാമന്റെ ആശ്രമസ്ഥാനത്തിന്നടുത്ത്
രാജീവചിത്ര-പൃഷ്ഠഃ	താമരപ്പൂപോലെ ഭംഗിയാൎന്ന പിൻഭാഗത്തോടുകൂടിയതായി	യഥാസുഖം	ഇഷ്ടംപോലെ
		വിചചാര.	തിരിഞ്ഞുകൊണ്ടിരുന്നു.

പുനർഗത്വാ നിവൃത്തശ്ച വിചചാര മൃഗോത്തമഃ
ഗത്വാ മുഹൂർത്തം ത്വരയാ പുനഃ പ്രതിനിവർത്തതേ. 24

മൃഗോത്തമഃ	ആ ശ്രേഷ്ഠമായ മാൻ	മുഹൂർത്താ	കുറെനേരം
ഗത്വാ	ഓടിച്ചെന്ന്	ത്വരയാ	വേഗത്തിൽ
നിവൃത്തഃ ച,	തിരിച്ചുവരുന്നതായും	ഗത്വാ,	ഓടി,
പുനഃ	വീണ്ടുംവീണ്ടും	പുനഃ	പിന്നെയും
വിചചാര;	തുള്ളിക്കളിച്ചു;	പ്രതിനിവർത്തതേ.	മടങ്ങിവരികയായി.

വിക്രീഡംശ്ച ക്വചിദ്ഭൂമൌ പുനരേവ നിഷീദതി
ആശ്രമദ്വാരമാഗമ്യ മൃഗയൂഥാനി ഗച്ഛതി. 25

ക്വചിത് ഭൂമൌ	ചിലദിക്കിൽ	നിഷീദതി;	കിടക്കുന്നു;
വിക്രീഡൻ ച,	തുള്ളിക്കളിച്ചുകൊണ്ടും,	പുനഃ ഏവ	വീണ്ടും
ആശ്രമദ്വാരം	ആശ്രമദ്വാരത്തോളം	മൃഗയൂഥാനി	മാൻകൂട്ടങ്ങളിൽ
ആഗമ്യ,	വന്ന്,	ഗച്ഛതി.	ചേരുന്നു.

മൃഗയൂഥൈരനുഗതഃ പുനരേവ നിവർത്തതേ. 26

മൃഗയൂഥൈഃ	മാൻകൂട്ടങ്ങളാൽ	പുനഃ ഏവ	വീണ്ടും
അനുഗതഃ	പിൻതുടരപ്പെട്ടവനായി	നിവർത്തതേ.	മടങ്ങുന്നു.

സീതാദർശനമാകാംക്ഷൻ രാക്ഷസോ മൃഗതാം ഗതഃ
പരിഭ്രമതി ചിത്രാണി മണ്ഡലാനി വിനിഷ്പതൻ. 27

മൃഗതാം ഗതഃ	മാൻരൂപം കൈക്കൊണ്ടവനായ	ആകാംക്ഷൻ,	കരുതിയവനായി,
രാക്ഷസഃ,	രാക്ഷസൻ,	ചിത്രാണി	ഭംഗിയേറിയ
സീതാദർശനം	സീതയ്ക്കു് ദൃഷ്ടിഗോചരനാകേണമെന്ന്	മണ്ഡലാനി	വളവുകൾ
		വിനിഷ്പതൻ,	ചാടിക്കൊണ്ട്,
		പരിഭ്രമതി.	ചുറ്റിത്തിരിയുന്നു.

സമുദ്വീക്ഷ്യ ച തം സർവ്വേ മൃഗാ ഹ്യന്യേ വനേചരാഃ
ഉപാഗമ്യ സമാഘ്രായ വിദ്രവന്തി ദിശോ ദശ. 28

വനേചരാഃ	ആശ്രമത്തിലുള്ള	സമുദ്വീക്ഷ്യ,	കണ്ട്,
അന്യേ	മററുള്ള	ഉപാഗമ്യ	അടുത്തുചെന്ന്,
മൃഗാഃ	മാനുകൾ	സമാഘ്രായ	മണത്തുനോക്കി,
സർവ്വേ ഹി,	എല്ലാംതന്നെ,	ദശ ദിശഃ ച	പത്തുദിക്കുകളിലേക്കും
തം	അതിനെ	വിദ്രവന്തി.	ഓടുകയായി.

രാക്ഷസഃ സോഽപി താൻ വന്യാൻ മൃഗാൻ മൃഗവധേ രതഃ
പ്രച്ഛാദനാർത്ഥം ഭാവസ്യ ന ഭക്ഷയതി സംസ്പൃശൻ. 29

സഃ	അത്
മൃഗവധേ	മാനുകളെ കൊല്ലുന്നതിൽ
രതഃ	ആ സക്തിയോടുകൂടിയ
രാക്ഷസഃ അപി,	രാക്ഷസനായിരുന്നിട്ടും,
ഭാവസ്യ	വാസ്തവസ്വരൂപത്തെ
പ്രച്ഛാദനാർത്ഥം	മറച്ചുവെക്കുന്നതിന്നായി [യി
താൻ	ആ
വന്യാൻ മൃഗാൻ	ഉപവനമൃഗങ്ങളെ
സംസ്പൃശൻ	നക്കിക്കൊടുക്കുകമാത്രം ചെയ്തുകൊണ്ട്,
ന ഭക്ഷയതി.	അവയെ വിഴുങ്ങാതിരുന്നു.

തസ്മിന്നേവ തതഃ കാലേ വൈദേഹീ ശുഭലോചനാ
കുസുമാപചയവ്യഗ്രാ പാദപാനഭ്യവർത്തത. 30

തതഃ	അപ്പോൾ
തസ്മിൻ ഏവ കാലേ	അതേ സമയത്തിൽ
ശുഭലോചനാ	ചാരുനേത്രയായ
വൈദേഹീ,	വൈദേഹിയും,
കുസുമാപചയവ്യഗ്രാ	പൂവറുക്കുവാൻവേണ്ടി
പാദപാൻ	പൂച്ചെടികൾക്ക്
അഭ്യവർത്തത.	സമീപത്തിൽ എത്തി.

കർണ്ണികാരാനശോകാംശ്ച ചൂതാംശ്ച മദിരേക്ഷണാ
കുസുമാന്യപചിന്വന്തീ ചചാര രുചിരാനനാ. 31

മദിരേക്ഷണാ	ചാരുനേത്രയും
രുചിരാനനാ	ചാരുവദനയുമായ
കുസുമാനി	പൂക്കൾ [അവൾ,
അപചിന്വന്തീ	അറുക്കുന്നവളായി
കർണ്ണികാരാൻ	കൊന്നകൾക്കും
അശോകാൻ ച	അശോകങ്ങൾക്കും
ചൂതാൻ ച	മാവുകൾക്കും
ചചാര.	ചുററിലും നടന്നു.

[മാവിൽ മുല്ല മുതലായവ പടത്തുന്നതുകൊണ്ടു അവയെ അറുപ്പാൻ എന്നു ബോദ്ധ്യം. ഈ വൃക്ഷങ്ങളെ അറുക്കുന്നു എന്നു പറഞ്ഞതിൽനിന്ന് ശിശിരത്തുവിന്റെ അവസാനമായി, വസന്തത്തു ആരംഭിക്കുവാൻ പോകുന്നു എന്നു ബോദ്ധ്യം.

ശ്രീരാമൻ പമ്പാതീരത്തിൽ എത്തിയസമയം ലക്ഷ്മണനോടു, "ഗന്ധവാൻ സുരഭിർമ്മാസോ ജാതപുഷ്പഫലദ്രുമഃ," "സന്താപയതി സൌമിത്രേ ക്രൂരശ്ചൈത്രവനാനിലഃ" (കിഷ്കി. സർഗ്ഗം 1.) എന്നിങ്ങിനെ പറയുന്നതിൽനിന്ന് ആ സമയം ചൈത്രമാസം ആരംഭിച്ചുകഴിഞ്ഞു എന്നും കാണ്കെ, സുന്ദരകാണ്ഡം 38-ാം സ. 8-ാം ശ്ലോകത്തിൽനിന്നു "വത്സരേ ദശമോ മാസോ ദ്വൌ തു ശേഷൌ പ്ലവംഗമ," എന്ന്, തനിക്ക് രാവണൻ കല്പിച്ചതായ ഒരു കൊല്ലത്തെ അവധിയിൽ രണ്ടു മാസമേ ബാക്കിയുള്ളു എന്നു പറയുന്നതിനാലും, സീതയെ ഹനുമാൻ സന്ദർശിക്കുന്നതു് മാർഗ്ഗമാസത്തിൽ ശുക്ല ഏകാദശി ദിവസമാകയാലും, (സുന്ദരകാണ്ഡം 48-ാം സർഗ്ഗം 58-ാം ശ്ലോകത്തിലെ കുറിപ്പു നോക്കുക.) ശിശിരാവസാനത്തിൽ തന്നെയാണ് സീതാപഹരണം നടക്കുന്നതു് എന്നു സിദ്ധമാകുന്നു. "മാഘേ ശുക്ലചതുർദ്ദശ്യാം ദിവസേ വൃന്ദേ മുഹൂർത്തേ തദാ മായാവഞ്ചിതബാന്ധവദ്വയമഭൂച് ഛന്നേ തദീയാശ്രമേ," എന്നിങ്ങിനെ മാഘമാസത്തിൽ ശുക്ലചതുർദ്ദശിദിവസമാണ് സീതാപഹരണമെന്നും, "ഏവം ദ്വാദശവാർഷികീയസമയേ യാതേ(ഽ)ദ്ധ്വശേഷാന്തരേ നാസാകർണ്ണവികൃന്തനം ച വിഹിതം" എന്നിങ്ങിനെ ശൂർപ്പണഖാകർണ്ണനാസാച്ഛേദസമയത്തിൽ വനവാസത്തിൽ $12\frac{1}{2}$ കൊല്ലത്തോളമായെന്നും അഗ്നിവേശ്യരാമായണത്തിൽ പറയുന്നതും കാണ്കെ. "തത്ര തു ദ്വാദശാബ്ദാനി രാമസ്യ അതിചക്രമുഃ. കസ്മിംശ്ചിദഥ കാലേ തു രാക്ഷസീ കാമരൂപിണീ തത്ര ശൂർപ്പണഖാ ഭേജേ രാഘവം രാവണാനുജാ." എന്നു പാദ്മപുരാണത്തിൽ ശൂർപ്പണഖ ശ്രീരാമനെ കാണുന്ന സമയം വനവാസത്തിൽ പന്ത്രണ്ടു സംവത്സരവും ചില മാസങ്ങളും കഴിഞ്ഞിരുന്നു എന്നും കാണുന്നു.]

അനർഹാഽരണ്യവാസസ്യ സാ തം രത്നമയം മൃഗം
മുക്താമണിവിചിത്രാംഗം ദദർശ പരമാംഗനാ. 32

പരമാംഗനാ	സ്ത്രീരത്നവും	മുക്താമണി- വിചിത്രാംഗം	നന്മുത്തു്, മാണിക്യം, എന്നവകൊണ്ടു് അഴകാന്ന പുള്ളികളോടുകൂടി
അരണ്യവാസസ്യ	വനവാസത്തിന്നു്		
അനർഹാ	ഉചിതയല്ലാത്തവളും ആയ	രത്നമയം	രത്നമയവുമായ [യതും,
സാ,	അവൾ,	തം മൃഗം ദദർശ.	ആ മാനിനെ കണ്ടു.

തം സാ രുചിരദന്തോഷ്ഠീ രൂപ്യധാതുതനൂരുഹം
വിസ്മയോത്ഫുല്ലനയനാ സസ്നേഹം സമുദൈക്ഷത. 33

രുചിര- ദന്തോഷ്ഠീ	മനോഹരമായ ദന്തങ്ങളോടും ഓഷ്ഠങ്ങളോടും കൂടിയവളായ	തം,	അതിനെ,
സാ,	അവൾ,	വിസ്മയോത്- ഫുല്ലനയനാ	ആശ്ചര്യത്താൽ വികസിതമായ നേത്രങ്ങളോടുകൂടിയവളായി
രൂപ്യധാതു- തനൂരുഹം	വെള്ളിരോമങ്ങളാന്ന	സസ്നേഹം	ആശയോടെ
		സമുദൈക്ഷത.	നോക്കിനിന്നു.

സ ച താം രാമദയിതാം പശ്യൻ മായാമയോ മൃഗഃ
വിചചാര തതസ്തത്ര ദീപയന്നിവ തദ്വനം. 34

സഃ	ആ	പശ്യൻ ച	നോക്കിക്കൊണ്ടുതന്നെ
മായാമയഃ	മായാരൂപംകയ്ക്കൊണ്ട	തതഃ തത്ര	അവിടവിടെ
മൃഗഃ,	മാൻ,	തത് വനം	ആ വനത്തെ
രാമദയിതാം	ശ്രീരാമപ്രിയതമയായ	ദീപയൻ ഇവ	പ്രശോഭിപ്പിച്ചുകൊ
താം	അവളെ	വിചചാര.	ചുററിത്തിരിഞ്ഞു. [ണ്ടു്

അദൃഷ്ടപൂർവ്വം തം ദൃഷ്ട്വാ നാനാരത്നമയം മൃഗം
വിസ്മയം പരമം സീതാ ജഗാമ ജനകാത്മജാ. 35

ജനകാത്മജാ	ജനകാത്മജയായ	തം	ആ
സീതാ,	സീതാദേവി,	മൃഗം	മാനിനെ
അദൃഷ്ടപൂർവ്വം	അതുവരെകാണാത്തതും	ദൃഷ്ട്വാ,	കണ്ടു്
നാനാ- രത്നമയം	പലമാതിരി രത്നങ്ങൾ ചേന്നു് പരിലസിക്കുന്നതും ആയ	പരമം വിസ്മയം ജഗാമ.	അത്യാശ്ചര്യഭരിതയായി ഭവിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ ദ്വിചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിരണ്ടാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 8104; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1392.

ഇതി പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ദ്വാത്രിംശദ്ദിനേഷു ഗീതേ ഇതി ശ്രീമദ്രാമായണേ ഏകാദശേഽഹനി ഗീതാഃ ശ്ലോകാഃ സമാപ്താഃ.

ഇപ്രകാരം പണ്ടു് അശ്വമേധയാഗശാലയിൽ ശ്രീരാമസന്നിധിയിൽവെച്ചു് കുശലവന്മാരാൽ ഗാനം ചെയ്യപ്പെട്ട ശ്രീരാമായണത്തിൽ പതിനൊന്നാമത്തെ ദിവസം ഗാനംചെയ്ത കഥ അവസാനിച്ചു.

[പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ദ്വാത്രിംശദ്ദിനേഷു ഗീതേ ശ്രീമദ്രാമായണേ ദ്വാദശേഽഹനി ആരണ്യകാണ്ഡേ ത്രിചത്വാരിംശസ്സർഗ്ഗമാരഭ്യ ത്രിഷഷ്ടിതമസർഗ്ഗപര്യന്തം (8105—8816 ശ്ലോകാഃ) ഗീതം. തസ്മിൻദിനേ ഗീതാഃ ശ്ലോകാശ്ച. 712

പണ്ട് കുശലവന്മാരാൽ ശ്രീരാമസന്നിധിയിൽ അശ്വമേധയാഗമണ്ഡപത്തിൽവെച്ച് 32 ദിവസങ്ങളിലായി ഗാനം ചെയ്യപ്പെട്ട ശ്രീമദ്രാമായണത്തിൽ പന്ത്രണ്ടാമത്തെ ദിവസം ആരണ്യകാണ്ഡത്തിൽ 43-ാംസർഗ്ഗംമുതൽ 63-ാംസർഗ്ഗംകൂടി (8105—ാം ശ്ലോകംമുതൽ 8816-ാം ശ്ലോകം വരെ) ഗാനംചെയ്യപ്പെട്ടു. അന്നദിവസം ആകെ ഗാനംചെയ്ത ശ്ലോകസംഖ്യ 712.]

ത്രിചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിമൂന്നാംസർഗ്ഗം.

[സീതാപ്രലോഭനം = സീതയെ മാൻരൂപംകൊണ്ടു വഞ്ചിക്കുന്നത്.]

സാ തം സംപ്രേക്ഷ്യ സുശ്രോണീ കുസുമാന്യപചിന്വതീ
ഹൈമരാജതവർണ്ണാഭ്യാം പാർശ്വാഭ്യാമുപശോഭിതം 1
പ്രഹൃഷ്ടാ ചാനവദ്യാംഗീ മൃഷ്ടഹാടകവർണ്ണിനീ
ഭർത്താരമഭിചക്രന്ദ ലക്ഷ്മണം ചാപി സായുധം. 2

അനവദ്യാംഗീ	കോട്ടംതീർന്ന വപുസ്സാർന്നവളും	പാർശ്വാഭ്യാം	ഇരുപാർശ്വങ്ങളാൽ
സുശ്രോണീ	പൃഥുജഘനയും	ഉപശോഭിതം	മനോഹരമായി വിലസുന്ന
മൃഷ്ടഹാടകവർണ്ണിനീ	പത്തരമാററ് തങ്കനിറം ചേർന്നവളുമായ	തം	അതിനെ
സാ,	അവൾ,	സംപ്രേക്ഷ്യ,	കണ്ട്,
കുസുമാനി	പൂക്കൾ	പ്രഹൃഷ്ടാ	അതികൌതുകത്തോടെ
അപചിന്വതീ,	അറുത്തുകൊണ്ട്,	ഭർത്താരം ച	ഭർത്താവിനേയും
ഹൈമരാജതവർണ്ണാഭ്യാം	പൊൻനിറവും വെള്ളിനിറവും കലർന്ന	സായുധം അപി	ആയുധപാണിയായ
		ലക്ഷ്മണം ച	ലക്ഷ്മണനേയും
		അഭിചക്രന്ദ.	ഉറക്കെ വിളിച്ചു.

തയാഽഽഹൂതൌ നരവ്യാഘ്രൌ വൈദേഹ്യാ രാമലക്ഷ്മണൌ
വീക്ഷമാണൌ തു തം ദേശം തദാ ദദൃശതുർമൃഗം. 3

തയാ	ആ	തം ദേശം	ആ സ്ഥലത്തെ
വൈദേഹ്യാ	വൈദേഹിയാൽ	വീക്ഷമാണൌ തു	നോക്കുന്നവരായി
ആഹൂതൌ	വിളിക്കപ്പെട്ട	തദാ	ആ സമയം
നരവ്യാഘ്രൌ	പുരുഷോത്തമന്മാരായ	മൃഗം	മാനിനെ
രാമലക്ഷ്മണൌ,	ശ്രീരാമലക്ഷ്മണന്മാർ,	ദദൃശതുഃ.	കണ്ടു.

ശങ്കമാനസ്തു തം ദൃഷ്ട്വാ ലക്ഷ്മണോ രാമമബ്രവീത്
തമേവൈനമഹം മന്യേ മാരീചം രാക്ഷസം മൃഗം. 4

ലക്ഷ്മണഃ	ലക്ഷ്മണൻ	"അഹം	"ഞാൻ
തം ദൃഷ്ട്വാ	അതിനെ നോക്കി	ഏനം മൃഗം	ഈ മാനിനെ,
ശങ്കമാനഃ തു,	സംശയംപൂണ്ടവനായിട്ടുതന്നെ,	തം	ആ
		മാരീചം	മാരീചനെന്ന
രാമം	ശ്രീരാമനോടായി	രാക്ഷസം ഏവ	രാക്ഷസൻതന്നെയെ
അബ്രവീത്;	പറഞ്ഞു;	മന്യേ.	വിചാരിക്കുന്നു.

[ന്ന്

ചരന്തോ മൃഗയാം ഹൃഷ്ടാഃ പാപേനോപാധിനാ വനേ
അനേന നിഹതാ രാജൻ രാജാനഃ കാമരൂപിണാ. 5

" രാജൻ !	" നാഥാ !	കാമരൂപിണാ	സ്വേച്ഛപോലെ രൂപം
വനേ	വനത്തിൽ	അനേന	ഈ [കയ്ക്കൊള്ളുന്ന
മൃഗയാം ചരന്തഃ	വേട്ടയാടിക്കൊണ്ട്	പാപേന,	ദുഷ്ടനാൽ,
ഹൃഷ്ടാഃ	സുഖിച്ചിരുന്ന	ഉപാധിനാ	ചതിയായി
രാജാനഃ,	അരചന്മാർ,	നിഹതാഃ.	കൊല്ലപ്പെട്ടിരിക്കുന്നു.

അസ്യ മായാവിനോ മായാ മൃഗരൂപമിദം കൃതം
ഭാനുമത് പുരുഷവ്യാഘ്ര ഗന്ധർവ്വപുരസന്നിഭം. 6

" പുരുഷവ്യാഘ്ര!	" പുരുഷോത്തമ !	കൃതം	തോന്നുന്നതായ
ഗന്ധർവ്വ-പുരസന്നിഭം	ഗന്ധർവ്വനഗരംപോലെ	മൃഗരൂപം	മാനിന്റെ രൂപം,
		അസ്യ	ഈ
ഭാനുമത്	പ്രകാശിച്ചുംകൊണ്ട്	മായാവിനഃ	മായാവിയുടെ
ഇദം	ഇപ്രകാരം	മായാ.	മായതന്നെ.

['ഗന്ധർവ്വനഗരം' എന്നത് കാനൽവെള്ളംപോലെ ഉണ്ടെന്നു തോന്നുന്നതും വാസ്തവത്തിൽ ഇല്ലാത്തതും ആയി, ആകാശത്തിൽ പല നിറങ്ങളായി നഗരരൂപത്തിൽ തോരണദ്വാരം മുതലായവയോടുകൂടി കാണപ്പെടുന്ന ഒന്നാകുന്നു. ഗന്ധർവ്വനഗരഫലത്തെപ്പററി "വർഷപ്രബോധ"മെന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു. "കപിലം സസ്യഘാതായ മാഞ്ജിഷ്ഠാഹരണംഗവി. അവ്യക്തവർണ്ണം കുരുതേ ബലക്ഷോഭം ന സംശയഃ ഗന്ധർവ്വനഗരം സ്നിഗ്ദ്ധം സപ്രാകാരം സതോരണം സൌമ്യാം ദിശം സമാശ്രിത്യ രാജ്ഞഃ സർവ്വജയപ്രദം."]

മൃഗോ ഹ്യേവംവിധോ രത്നവിചിത്രോ നാസ്തി രാഘവ
ജഗത്യാം ജഗതീനാഥ മായൈഷാ ഹി ന സംശയഃ. 7

" ജഗതീനാഥ !	" ലോകനാഥ !	മൃഗഃ ഹി	മാനെന്നതുതന്നെ
രാഘവ !	ശ്രീരഘുനായക !	ന അസ്തി ;	ഇല്ല ;
ജഗത്യാം	ലോകത്തിൽ	ഏഷാ	ഇതു്
രത്നവിചിത്രഃ	രത്നഖചിതമായ	മായാ ഹി,	മായതന്നെ,
ഏവംവിധഃ	ഇമ്മാതിരിയിലുള്ള	ന സംശയഃ."	സംശയമില്ല."

ഏവം ബ്രുവാണം കാകുത്സ്ഥം പ്രതിവാര്യ ശുചിസ്മിതാ
ഉവാച സീതാ സംഹൃഷ്ടാ ചർമ്മണാ ഹൃതചേതനാ. 8

ചർമ്മണാ	തോലിന്റെ ഭംഗി കൊണ്ടു്	കാകുത്സ്ഥം	ലക്ഷ്മണനെ
ഹൃതചേതനാ	അപഹൃതചിത്തവൃത്തിയോടുകൂടിയവളായ	ശുചിസ്മിതാ	മന്ദസ്മിതമുഖിയായി
		പ്രതിവാര്യ,	തടഞ്ഞുംകൊണ്ടു്,
സീതാ,	സീതാദേവി,	സംഹൃഷ്ടാ	വളരെ ആശയോടുകൂടിയവളായി
ഏവം	ഇപ്രകാരം		
ബ്രുവാണം	പറയുന്ന	ഉവാച.	ഇങ്ങിനെ അരുൾചെയ്തു.

ആൎയ്യപുത്രാഭിരാമോഽസൌ മൃഗോ ഹരതി മേ മനഃ
ആനയൈനം മഹാബാഹോ ക്രീഡാൎത്ഥം നോ ഭവിഷ്യതി. 9

"ആൎയ്യപുത്ര!	"പ്രാണനാഥ!	മഹാബാഹോ!	വീരനായുള്ളോവേ!
അസൌ	ഈ	ഏനം	ഇതിനെ
അഭിരാമഃ	ചാരുവായ	ആനയ;	പിടിച്ചുതന്നാലും;
മൃഗഃ	മാൻ	നഃ	നമുക്ക്
മേ	എന്റെ	ക്രീഡാൎത്ഥം	നേരംപോക്കുന്നതിന്ന്
മനഃ	ചിത്തത്തെ	ഭവിഷ്യതി.	ഉപകരിക്കും.
ഹരതി;	കവരുന്നു;		

ഇഹാശ്രമപദേഽസ്മാകം ബഹവഃ പുണ്യദൎശനാഃ
മൃഗാശ്ചരന്തി സഹിതാശ്ചമരാഃ സൃമരാസ്തഥാ. 10

"ഇഹ	"ഇപ്പോൾ	മൃഗാഃ	മാനുകളും
അസ്മാകം	നമ്മുടെ	ചമരാഃ	വെളുത്ത ചമരിമൃഗങ്ങളും
ആശ്രമപദേ	ആശ്രമസ്ഥലത്തിൽ	സൃമരാഃ	കറുത്ത ചമരിമൃഗങ്ങളും
പുണ്യദൎശനാഃ	കാണ്മാൻ കൌതുകമുള്ള	സഹിതാഃ തഥാ	കൂട്ടംകൂട്ടമായി
ബഹവഃ	എത്രയോ	ചരന്തി.	തിരിയുന്നുണ്ട്.

ഋക്ഷാഃ പൃഷതസംഘാശ്ച വാനരാഃ കിന്നരാസ്തഥാ
വിചരന്തി മഹാബാഹോ രൂപശ്രേഷ്ഠാ മനോഹരാഃ. 11

"മഹാബാഹോ!	"മഹാബാഹുവായവനെ!	പൃഷതസംഘാഃ ച	പുള്ളിമാനുകളും
രൂപശ്രേഷ്ഠാഃ	അഴകിൽ മികച്ചവയും	വാനരാഃ	കുരങ്ങന്മാരും
മനോഹരാഃ	ചിത്തം കവരുന്നവയുമായ	കിന്നരാഃ തഥാ	കുതിരയുടെ മുഖമുള്ള കിന്നരമെന്ന മൃഗങ്ങളും
ഋക്ഷാഃ	വെള്ളക്കരടികളും	വിചരന്തി.	ചുററിത്തിരിയുന്നുണ്ട്.

ന ചാസ്യ സദൃശോ രാജൻ ദൃഷ്ടപൂൎവ്വോ മൃഗഃ പുരാ
തേജസാ ക്ഷമയാ ദീപ്ത്യാ യഥാഽയം മൃഗസത്തമഃ. 12

"രാജൻ!	"നാഥ!	തേജസാ,	ശക്തികൊണ്ടും,
അസ്യ	ഇതിന്ന്	ക്ഷമയാ	ശാന്തതകൊണ്ടും
സദൃശഃ	തുല്യമായ	ദീപ്ത്യാ യഥാ	കാന്തികൊണ്ടും
മൃഗഃ ച	യാതൊരുമാനും	മൃഗസത്തമഃ	മാനുകളിൽവെച്ച് ഉത്തമമായത്
പുരാ	ഇതിന്നുമുമ്പ്	അയം.	ഇതുതന്നെ.
ദൃഷ്ടപൂൎവ്വഃ ന;	കാണപ്പെട്ടിട്ടുതന്നെയില്ല;		

നാനാവർണ്ണവിചിത്രാംഗോ രത്നബിന്ദുസമാചിതഃ
ദ്യോതയൻ വനമവ്യഗ്രം ശോഭതേ ശശിസന്നിഭഃ. 13

"നാനാവർണ്ണ- വിചിത്രാംഗഃ }	"പലനിറംപൂണ്ടു് ഭം ഗിയേറിയ അംഗങ്ങ ളോടുകൂടിയതായി	ശശിസന്നിഭഃ	ചന്ദ്രനെപ്പോലെയുള്ള
		വനം	വനത്തെ [തായ ഇതു്
		അവ്യഗ്രം	ആസകലം
രത്നബിന്ദു- സമാചിതഃ }	രത്നപ്പുള്ളികൾ നിറ ഞ്ഞു് വിലസുന്നതായി	ദ്യോതയൻ	ശോഭിപ്പിച്ചുകൊണ്ടു്
		ശോഭതേ.	വിളങ്ങുന്നു.

അഹോ രൂപമഹോ ലക്ഷ്മീഃ സ്വരസമ്പച്ച ശോഭനാ
മൃഗോഽദ്ഭുതോ വിചിത്രോഽസൌ ഹൃദയം ഹരതീവ മേ. 14

"അഹോ രൂപം!	"എന്തൊരു ഭംഗി!	വിചിത്രഃ	ഭംഗിയേറിയതും ആയ
അഹോ ലക്ഷ്മീഃ!	എന്തൊരു ശോഭ!	അസൌ	ഈ
ശോഭനാ	ഇമ്പംകലർന്ന	മൃഗഃ,	മാൻ,
സ്വര- സമ്പത് ച! }	ഒച്ചയുടെ സുഖം എന്തു പറയട്ടെ!	മേ	എന്റെ
		ഹൃദയം	ചിത്തത്തെ
അദ്ഭുതഃ	ആശ്ചര്യകരവും	ഹരതി ഇവ.	തീരെ കവരുന്നു.

യദി ഗ്രഹണമഭ്യേതി ജീവന്നേവ മൃഗസ്തവ
ആശ്ചര്യഭൂതം ഭവതി വിസ്മയം ജനയിഷ്യതി. 15

"മൃഗഃ	"ഈ മാൻ	ആശ്ചര്യഭൂതം	അതു് ആശ്ചര്യകരമായ ഒരു വസ്തുവായി
ജീവൻ ഏവ	ജീവനോടുകൂടി	ഭവതി;	ഇരിക്കും;
തവ	നിന്തിരുവടിയ്ക്കു്	വിസ്മയം	മറ്റുള്ളവർക്കും ആശ്ചര്യ ത്തെ
ഗ്രഹണം അഭ്യേതി യദി, }	പിടികിട്ടുമെന്നാൽ,	ജനയിഷ്യതി.	ഉളവാക്കുകയും ചെയ്യും.

["ഭവതി വിസ്മയം (മേ) ജനയിഷ്യതി," ഇതു് അവിടുത്തെ കയ്യിൽ അകപ്പെട്ടുമെന്നാൽ അതായതു് ഇതിനെ എനിക്കു് അവിടുന്നു് ജീവനോടെ പിടിച്ചുതന്നാൽ, "ഭവതി," അവിടുത്തെ പേരിൽ, എനിക്കു് വിശേഷവിധിയായ അഭിമാനത്തെ ജനിപ്പിക്കും എന്നും അർത്ഥം.]

സമാപ്തവനവാസാനാം രാജ്യസ്ഥാനാം ച നഃ പുനഃ
അന്തഃപുരവിഭൂഷാർത്ഥോ മൃഗ ഏഷ ഭവിഷ്യതി. 16

"സമാപ്തവന- വാസാനാം }	"വനവാസത്തെ പൂ ർത്തിയാക്കി	ഏഷഃ	ഈ
		മൃഗഃ,	മാൻ,
പുനഃ	വീണ്ടും	അന്തഃപുര- വിഭൂഷാർത്ഥഃ }	അന്തഃപുരത്തിന്നു് ഒരു അലങ്കാരമായി
രാജ്യസ്ഥാനാം ച	രാജ്യത്തിൽ വസിക്കു		
നഃ,	നമുക്കു്, [ന്നവരായ	ഭവിഷ്യതി.	വിളങ്ങുന്നതാണ്.

ഭരതസ്യാര്യപുത്രസ്യ ശ്വശ്രൂണാം മമ ച പ്രഭോ
മൃഗരൂപമിദം വ്യക്തം വിസ്മയം ജനയിഷ്യതി. 17

“ പ്രഭോ !	“ നാഥ !	വ്യക്തം	പ്രത്യക്ഷത്തിൽ
ഭരതസ്യ	ഭരതന്നും,	മൃഗരൂപം	അതിവിശേഷപ്പെട്ട
ആര്യപുത്രസ്യ	നിന്തിരുവടിക്കും	ഇദം	ഇത് [മൃഗമായ
ശ്വശ്രൂണാം	അമ്മായിയമ്മമാൎക്കും	വിസ്മയം	അഭിമാനത്തെ
മമ ച	എനിക്കുംതന്നെ,	ജനയിഷ്യതി.	ഉളവാക്കുന്നതാണ്.

ജീവൻ ന യദി തേഽഭ്യേതി ഗ്രഹണം മൃഗസത്തമഃ
അജിനം നരശാർദ്ദൂല രുചിരം മേ ഭവിഷ്യതി. 18

“ നരശാർദ്ദൂല!	“ പുരുഷോത്തമ !	അജിനം	ഇതിന്റെ തോലെങ്കിലും
മൃഗസത്തമഃ	ശ്രേഷ്ഠമായ ഈ മാൻ		
തേ	നിന്തിരുവടിക്കു		
ജീവൻ	ജീവനോടുകൂടി	മേ	എനിക്ക്
ഗ്രഹണം അഭ്യേതി ന യദി	പിടിപ്പാൻ സാദ്ധ്യമാകാത്തപക്ഷം	രുചിരം	സന്തുഷ്ടി
		ഭവിഷ്യതി.	നൽകുന്നതാണ്.

നിഹതസ്യാസ്യ സത്വസ്യ ജാംബൂനദമയത്വചി
ശഷ്പബൃസ്യാം വിനീതായാമിച്ഛാമ്യഹമുപാസിതും. 19

“ നിഹതസ്യ	“ കൊല്ലപ്പെട്ട	ജാംബൂനദമയത്വചി	സ്വൎണ്ണമയമായ തോലിന്മേൽ
അസ്യ	ഈ	ഉപാസിതും	നിന്തിരുവടിയുടെ അരികത്തിരിക്കുന്നതിന്നായി
സത്വസ്യ,	ജന്തുവിന്റേതും,		
ശഷ്പബൃസ്യാം	ദർഭാസനത്തിൽ	അഹം	ഞാൻ
വിനീതായാം	വിരിക്കപ്പെട്ടതും ആയ	ഇച്ഛാമി.	കൊതിക്കുന്നു.

കാമവൃത്തമിദം രൗദ്രം സ്ത്രീണാമസദൃശം മതം
വപുഷാ ത്വസ്യ സത്വസ്യ വിസ്മയോ ജനിതോ മമ. 20

“ ഇദം	“ ഇപ്രകാരം	മതം തു,	ശാസ്ത്രം ഉണ്ടെന്നാലും
കാമവൃത്തം	ഒതുക്കുവാൻ കഴിയാത്ത ആഗ്രഹമെന്നത്	അസ്യ	ഈ
		സത്വസ്യ	ജന്തുവിന്റെ
സ്ത്രീണാം	കുലസ്ത്രീകൾക്ക്	വപുഷാ	ഭംഗിവിശേഷത്താൽ
അസദൃശം	ചേരാത്തതും	മമ	എനിക്ക്
രൗദ്രം	ആപത്തിനെ വിളയിക്കുന്നതും ആണെന്ന്	വിസ്മയഃ	അതിയായ ആഗ്രഹം
		ജനിതഃ.”	ഉണ്ടായിരിക്കുന്നു.”

[“കാമവൃത്തം,” തോന്നിയപോലെ നടക്കുക എന്നതു്; ഭൎത്താവിനെ പ്രേരിപ്പിക്കുന്നതായ സ്വേച്ഛാവൃത്തി. (ഗോ. ധാ.)]

തേന കാഞ്ചനരോമ്ണാ തു മണിപ്രവരശൃംഗിണാ
തരുണാദിത്യവൎണ്ണേന നക്ഷത്രപഥവൎച്ചസാ
ബഭൂവ രാഘവസ്യാപി മനോ വിസ്മയമാഗതം. 21

കാഞ്ചനരോമ്ണാ,	സ്വൎണ്ണരോമങ്ങളാൎന്നതും,
മണിപ്രവരശൃംഗിണാ,	ഉത്തമരത്നങ്ങളാകുന്ന കൊമ്പുകളാൎന്നതും,
തരുണാദിത്യവൎണ്ണേന,	ബാലസൂൎയ്യകാന്തി ചിന്നുന്നതും,
നക്ഷത്രപഥവൎച്ചസാ തു	നക്ഷത്രസദൃശങ്ങളായ പുള്ളികളോടുകൂടിയതും
തേന,	അതിനാൽ, [ആയ
രാഘവസ്യ അപി.	ശ്രീരാഘവനുംകൂടി
മനഃ	ചിത്തം
വിസ്മയം ആഗതം ബഭൂവ.	ആശ്ചൎയ്യംപൂണ്ടതായി ഭവിച്ചു.

ഏവം സീതാവചഃ ശ്രുത്വാ തം ദൃഷ്ട്വാ മൃഗമദ്ഭുതം
ലോഭിതസ്തേന രൂപേണ സീതയാ ച പ്രചോദിതഃ
ഉവാച രാഘവോ ഹൃഷ്ടോ ഭ്രാതരം ലക്ഷ്മണം വചഃ. 22

ഏവം	മേൽപ്രകാരം
സീതാവചഃ	സീതയുടെ വാക്ക്
ശ്രുത്വാ,	കേട്ടു്,
തം മൃഗം	ആ മാനിനെ
അദ്ഭുതം	ഒരു അത്ഭുതവസ്തുവായും
ദൃഷ്ട്വാ,	കണ്ടു്,
തേന,	ആ
രൂപേണ	രൂപവിശേഷത്താൽ
ലോഭിതഃ,	മോഹമാൎന്നവനും
സീതയാ	സീതാദേവിയാൽ
പ്രചോദിതഃ ച	പ്രാൎത്ഥിക്കപ്പെട്ടവനും ആയ
രാഘവഃ,	ശ്രീരാഘവൻ,
ഹൃഷ്ടഃ	സന്തോഷം പൂണ്ടവ [നായി
ഭ്രാതരം	അനുജനായ
ലക്ഷ്മണം	ലക്ഷ്മണനെ നോക്കി,
വചഃ ഉവാച.	ഇപ്രകാരം അരുളിച്ചെയ്തു.

പശ്യ ലക്ഷ്മണ വൈദേഹ്യാഃ സ്പൃഹാം മൃഗഗതാമിമാം
രൂപശ്രേഷ്ഠതയാ ഹ്യേഷ മൃഗോഽദ്യ ന ഭവിഷ്യതി. 23

"ലക്ഷ്മണ!	"ലക്ഷ്മണ!
വൈദേഹ്യാഃ	സീതയ്ക്കു്.
മൃഗഗതാം	മാനിന്റെ പേരിലുള്ള
ഇമാം	ഈ [തായ
സ്പൃഹാം	ആഗ്രഹം
പശ്യ!	നോക്കുക!
അദ്യ	ഇക്കാലം,
ഏഷഃ ഹി	ഇമ്മാതിരി വിശേഷ [പ്പെട്ട
മൃഗഃ	ഒരു മാൻ,
രൂപശ്രേഷ്ഠതയാ	ഇത്ര ഭംഗിയുള്ളതായി
ന ഭവിഷ്യതി.	ഉണ്ടായിക്കാണുവാൻ പ്രയാസം തന്നെ.

ന വനേ നന്ദനോദ്ദേശേ ന ചൈത്രരഥസംശ്രയേ
കുതഃ പൃഥിവ്യാം സൗമിത്രേ യോഽസ്യ കശ്ചിത്സമോ മൃഗഃ 24

"നന്ദനോദ്ദേശേ	"ഇന്ദ്രോദ്യാനത്തിലും
ന;	കാണുകയില്ല;
ചൈത്രരഥസംശ്രയേ	ചൈത്രരഥമെന്ന
വനേ	കുബേരോദ്യാനത്തിലും
ന;	ഇല്ല;
സൌമിത്രേ!	ലക്ഷ്മണ!
അസ്യ സമഃ	ഇതിന്നു സദൃശമായുള്ള
മൃഗഃ	മാൻ
യഃ കശ്ചിത്,	ഏതെങ്കിലും ഒന്നു്,
പൃഥിവ്യാം	ലോകത്തിൽ
കുതഃ?	എവിടെ?

പ്രതിലോമാനുലോമാശ്ച രുചിരാ രോമരാജയഃ
ശോഭന്തേ മൃഗമാശ്രിത്യ ചിത്രാഃ കനകബിന്ദുഭിഃ. 25

"പ്രതിലോമാനുലോമാഃ	"ചൊവ്വിലും വിലങ്ങത്തിലും ഉള്ള	ചിത്രാഃ,	അലങ്കരിക്കപ്പെട്ടവയായി,
		രുചിരാഃ ച	അതിരമ്യങ്ങളായി,
രോമരാജയഃ,	രോമങ്ങളുടെ വരികൾ,	മൃഗം ആശ്രിത്യ	ഈ മാനിന്റെ ദേഹത്തിൽ
കനകബിന്ദുഭിഃ	പൊൻ പുള്ളികൾ കൊണ്ട്	ശോഭന്തേ.	പരിലസിക്കുന്നു.

പശ്യാസ്യ ജൃംഭമാണസ്യ ദീപ്താമഗ്നിശിഖോപമാം
ജിഹ്വാം മുഖാന്നിസ്സരന്തീം മേഘാദിവ ശതഹ്രദാം. 26

"അസ്യ ജൃംഭമാണസ്യ	"ഇത് വായതുറക്കുമ്പോൾ,	നിസ്സരന്തീം,	തുങ്ങുന്നതായി,
		മേഘാത്	മേഘത്തിൽ നിന്ന്
അഗ്നിശിഖോപമാം,	അഗ്നിജ്വാലപോലെയുള്ളതായി,	ശതഹ്രദാം ഇവ	മിന്നൽ പിണരിനെ പോലെയുള്ളതായ
ദീപ്താം,	ഉജ്ജ്വലിക്കുന്നതായി,	ജിഹ്വാം	നാവിനെ
മുഖാത്	വായിൽ നിന്ന്	പശ്യ.	നോക്കുക.

മസാരഗല്ലൎക്കമുഖഃ ശംഖമുക്താനിഭോദരഃ
കസ്യ നാമാഭിരൂപോഽസൌ ന മനോ ലോഭയേന്മൃഗഃ 27

"മസാരഗല്ലൎക്കമുഖഃ	"ഇന്ദ്രനീലംകൊണ്ടുള്ള പാനപാത്രംപോലെയുള്ള മുഖത്തോടുകൂടിയതും	അഭിരൂപഃ	ഭംഗിയേറിയതും ആയ
		അസൌ	ഈ
		മൃഗഃ	മാൻ
ശംഖമുക്താനിഭോദരഃ	ശംഖ്, നന്മുത്ത്, എന്നപോലെയുള്ള അടിവയറുള്ളതും,	കസ്യ നാമ മനഃ	ആരുടെ മനസ്സിനെതന്നെയാണ്
		ലോഭയേത് ന?	ആകൎഷിക്കാതിരിക്കുക?

കസ്യ രൂപമിദം ദൃഷ്ട്വാ ജാംബൂനദസമപ്രഭം
നാനാരത്നമയം ദിവ്യം ന മനോ വിസ്മയം വ്രജേത്. 28

"ജാംബൂനദസമപ്രഭം	"പൊൻപോലെനിറമാന്നതും	രൂപം	സ്വരൂപത്തെ
		ദൃഷ്ട്വാ,	കണ്ട്,
നാനാരത്നമയം	പലമാതിരി രത്നങ്ങൾ കൊണ്ടുള്ളതും	കസ്യ	ആരുടെ
		മനഃ	മനസ്സാണ്
ദിവ്യം	അത്ഭുതകരവുമായ	വിസ്മയം ന വ്രജേത്?	ആശ്ചൎയ്യപ്പെടാതിരിക്കുക?
ഇദം	ഈ		

കിം പുനൎമ്മൈഥിലീ സീതാ ബാലാ നാരീ ന വിസ്മയേത്. 29

" നാരീ	" സ്ത്രീയും	ന വിസ്മയേത്	ആശ്ചൎയ്യപ്പെടാതിരിക്കമെന്നുള്ളത്
ബാലാ	യുവതിയും ആയ		
മൈഥിലീ	മിഥിലാധിപസുതയായ	കിം പുനഃ ?	പിന്നെ എങ്ങിനെ ഉണ്ടാകും ?
സീതാ,	സീത,		

മാംസഹേതോരപി മൃഗാൻ വിഹാരാൎത്ഥം ച ധന്വിനഃ

ഘ്നന്തി ലക്ഷ്മണ രാജാനോ മൃഗയായാം മഹാവനേ. 30

" ലക്ഷ്മണ !	" ലക്ഷ്മണ !	വിഹാരാൎത്ഥം ച	നേരംപോക്കിന്നായുമാണ്,
ധന്വിനഃ	വില്ലാളികളായ	മഹാവനേ	വൻകാട്ടിൽ
രാജാനഃ,	രാജാക്കന്മാർ,	മൃഗയായാം	വേട്ടചെയ്യുമ്പോൾ
മാംസഹേതോഃ അപി	മാംസത്തിന്നായും	മൃഗാൻ	മാനുകളെ
		ഘ്നന്തി.	കൊല്ലുന്നതു്.

[രാജാക്കന്മാർ അപ്രകാരം മാനുകളെ വേട്ടചെയ്യുന്നതല്ല ശരിയായ വേട്ട, ഈ മാതിരി വിശേഷപ്പെട്ട മൃഗങ്ങളെ വേട്ടചെയ്യുന്നതാണ് എന്നു താല്പൎയ്യം. " അപ്രകാരം സാധുമൃഗങ്ങളെ സ്വോദരപോഷണത്തിന്നായൊ നേരംപോക്കിന്നായൊ കൊല്ലുന്നതല്ല ശരിയായ വേട്ട, നേരേമറിച്ചു് ഈ മാതിരി ദുഷ്ടജന്തുക്കളെ കൊല്ലുന്നതുതന്നെയാണ് " എന്ന ആന്തരാഭിപ്രായവും വ്യഞ്ജിക്കുന്നു.]

ധനാനി വ്യവസായേന വിചീയന്തേ മഹാവനേ

ധാതവോ വിവിധാശ്ചാപി മണിരത്നസുവൎണ്ണിനഃ. 31

" മഹാവനേ	" വൻകാട്ടിൽ	ധാതവഃ ച	ധാതുക്കളും
മണിരത്നസുവൎണ്ണിനഃ	വിശേഷപ്പെട്ട രത്നങ്ങൾ, സ്വൎണ്ണം, എന്നിവയുള്ള	ധനാനി അപി	അപൂൎവ്വവസ്തുക്കളും
		വ്യവസായേന	വളരെ പ്രയത്നംചെയ്തു്
വിവിധാഃ	പല	വിചീയന്തേ.	സംഭരിക്കപ്പെടുന്നു.

[കാടുകളിൽ വിശേഷപ്പെട്ട നന്മുത്തു്, മാണിക്യം, സ്വൎണ്ണം മുതലായ ശ്രേഷ്ഠവസ്തുക്കളുള്ള ആന, ഖണ്ഡാമൃഗം, മുതലായ മൃഗങ്ങളും ധാതുക്കളും ഉള്ളവ, രാജാക്കന്മാരാൽ വളരെ ക്ലേശംചെയ്തു് സമ്പാദിക്കപ്പെടുന്നവയാണ്. എന്നു സാരം.]

തത്സാരമഖിലം നൃണാം ധനം നിചയവൎദ്ധനം

മനസാ ചിന്തിതം സൎവ്വം യഥാ ശുക്രമതം തഥാ. 32

നൃണാം	മനുഷ്യന്മാൎക്കു്	സാരം,	വിലയേറിയതും,
ശുക്രമതം യഥാ തഥാ	നീതിശാസ്ത്രപ്രണേതാവായ ശുക്രാചാൎയ്യരുടെ (ഇഷ്ടംപോലെ ധനം സമ്പാദിച്ചു് ഭണ്ഡാരത്തെ നിറയ്ക്കുക എന്ന) അഭിപ്രായം അനുസരിച്ചു്,	മനസാ	മനസ്സുകൊണ്ടു
		ചിന്തിതം	അനുഗ്രഹിക്കപ്പെട്ടതുമായ
		തത്	ആ
		ധനം	ധനം
		സൎവ്വം	മുഴുവനും
		നിചയവൎദ്ധനം.	ഭണ്ഡാരത്തെ വൎദ്ധിപ്പിക്കുന്നതുമാത്രമായിരിക്കും.
അഖിലം	ഏററവും		

[ഇപ്രകാരം പ്രയത്നപ്പെട്ടു് ശേഖരിക്കുന്നതായ ധനം ശുക്രാചാൎയ്യമതപ്രകാരമുള്ള കേവലധന

ങ്ങളം മാത്രമാണ്. എന്നാൽ അവ വാസ്തവമായ യോഗ്യതയുള്ള വിശിഷ്ടമായ "അൎത്ഥ"മല്ല. എന്നു സാരം.

"ഭണ്ഡാരങ്ങളെ നിറയ്ക്കുന്നവയായ വനലഭ്യങ്ങളായ ഇമ്മാതിരി ദ്രവ്യങ്ങളം മാത്രമാണ് സാരമായവ, അല്ലാതെ ജനപദലഭ്യമായ ധനങ്ങളല്ല." എന്നു (ഗോ. രാ.)

"ശുക്രം" എന്നുവെച്ചാൽ "ബ്രഹ്മം" എന്നു താല്പൎയ്യം "സപൎയ്യഗാച്ഛുക്രമകായമവ്രണം" (ഈശാവാസ്യം); "തദേവശുക്രം തദ്ബ്രഹ്മ" (കഠോപനിഷത്ത്) ഇത്യാദി ശ്രുതിവാക്യങ്ങളം കാണ്ക. "ശുക്രസ്യ" (ബ്രഹ്മത്വം പ്രാപിച്ചവന്റെ) "മനസാ ചിന്തിതം സൎവ്വം" (സങ്കല്പമാത്രസിദ്ധമായ സകല ഭോഗ്യവസ്തുവും) "യഥാസാരം" (എപ്രകാരം സൎവ്വോത്കൃഷ്ടമായിരിക്കുന്നുവോ) "തഥാ" അപ്രകാരമാകുന്നു, വനലബ്ധങ്ങളായ അമ്മാതിരിയായ സൎവ്വധനങ്ങളം. എന്നു (തിലകം).]

അൎത്ഥീ യേനാൎത്ഥകൃത്യേന സംവ്രജത്യവിചാരയൻ
തമൎത്ഥമൎത്ഥശാസ്ത്രജ്ഞാഃ പ്രാഹുരൎത്ഥ്യാശ്ച ലക്ഷ്മണ. 33

"ലക്ഷ്മണ!	"ലക്ഷ്മണ!	സംവ്രജതി	തത്ക്ഷണംതന്നെ ആ സമ്പാദനവിഷയത്തിൽ പ്രവൎത്തിക്കുന്നുവൊ
യേന അൎത്ഥകൃത്യേന	യാതൊരു വസ്തുവിന്റെ സമ്പാദനത്തിനായിക്കൊണ്ടു	തം ച	അപ്രകാരമുള്ള അൎത്ഥത്തെമാത്രമാണ്
അൎത്ഥീ,	അതിനെ ആഗ്രഹിക്കുന്നവനായ ഒരുവൻ	അൎത്ഥശാസ്ത്രജ്ഞാഃ	അൎത്ഥശാസ്ത്രതത്വജ്ഞന്മാരും
അവിചാരയൻ	അതിന്റെ സൌഭാഗ്യാദിഗുണഗണങ്ങളാൽ അപഹൃതചിത്തവൃത്തിയോടുകൂടിയവനായി അതിനെ സമ്പാദിക്കുന്ന വിഷയത്തിലുള്ള ഗുണദോഷങ്ങളെപ്പററി ആലോചിക്കാതെ	അൎത്ഥ്യാഃ ച	അൎത്ഥസമ്പാദനകുശലന്മാരും
		അൎത്ഥം	ശരിയായ അൎത്ഥമെന്നു
		പ്രാഹുഃ.	പറഞ്ഞിരിക്കുന്നതു്.

[വല്ലപ്രകാരത്തിലുള്ള മൃഗങ്ങളേയും വേട്ടചെയ്യുന്നതു് ശരിയായ വേട്ടയല്ലാത്തതുപോലെതന്നെ, സമ്പാദിക്കപ്പെട്ടവയായ വല്ലപ്രകാരത്തിലുള്ള ധനമെല്ലാം അല്ല ശരിയായ യോഗ്യതയുള്ള ധനം. ഒരു വസ്തുവിന്നു ശരിയായ വൈശിഷ്ട്യമുണ്ടെങ്കിൽ, അതിനെ കണ്ടക്ഷണത്തിൽതന്നെ അതിനെ ലഭിപ്പാനായി യത്നിക്കുന്നതായിരിക്കണം. അപ്രകാരം ഒരുവനെ യത്നംചെയ്യാൻ പ്രേരിപ്പിക്കാത്ത വസ്തുവിന്നു, ശരിയായ യോഗ്യതയില്ല. അപ്രകാരം കണ്ടമാത്രയിൽതന്നെ പിടിക്കേണമെന്നു തോന്നിക്കുന്നതായ വിശിഷ്ടവസ്തുവാണു് ഈ മൃഗം. എന്നു താല്പൎയ്യം.]

ഏതസ്യ മൃഗരത്നസ്യ പരാൎദ്ധ്യേ കാഞ്ചനത്വചി
ഉപവേക്ഷ്യതി വൈദേഹീ മയാ സഹ സുമദ്ധ്യമാ. 34

"ഏതസ്യ	"ഇപ്രകാരമുള്ള	സുമദ്ധ്യമാ	കൃശോദരിയായ
മൃഗരത്നസ്യ	ശ്രേഷ്ഠമായ മാനിന്റെ	വൈദേഹീ	വൈദേഹി
പരാൎദ്ധ്യേ	ശ്ലാഘ്യമായ	മയാ സഹ	എന്നോടുംകൂടി
കാഞ്ചനത്വചി	പൊൻതോലിൽ	ഉപവേക്ഷ്യതി.	ഉപവേശിക്കട്ടെ.

ന കാദലീ ന പ്രിയകീ ന പ്രവേണീ ന ചാവികീ
ഭവേദേതസ്യ സദൃശീ സ്പർശനേനേതി മേ മതിഃ. 35

“ സ്പർശനേന,	“ മാർദ്ദവംകൊണ്ടു്	പ്രവേണീ	പ്രവേണി എന്ന മാൻ തോലും
ഏതസ്യ	ഇതിന്നു്		
സദൃശീ,	തുല്യമായി,	ന;	ഒക്കുകയില്ല;
കാദലീ,	‘ കദലി ’ എന്ന മാനിന്റെ തോലും	ആവികീ ച	ആട്ടിൻതോലും
		ന;	ഇല്ല;
ഭവേത് ന;	ആകയില്ല;	ഇതി	എന്നാണ്
പ്രിയകീ	പ്രിയകമെന്ന മാനിൻ	മേ	എന്റെ
ന;	ഒക്കുകയില്ല; [തോലും	മതിഃ.	അഭിപ്രായം.

ഏഷ ചൈവ മൃഗഃ ശ്രീമാൻ യശ്ച ദിവ്യോ നഭശ്ചരഃ
ഉഭാവേതൗ മൃഗൗ ദിവ്യൗ താരാമൃഗമഹീമൃഗൗ. 36

“ ഏഷഃ	“ ഈ	താരാമൃഗമഹീമൃഗൗ	മകീരനക്ഷത്രമായ അതും, ഭൂമിയിലുള്ള ഈ
മൃഗഃ ഏവ	മാൻതന്നെയാണ്		
ശ്രീമാൻ;	വിശേഷപ്പെട്ടതു്;	ഏതൗ	ഇങ്ങിനെയുള്ള [മാനും
നഭശ്ചരഃ	ആകാശത്തിൽ ചരിക്കുന്ന	ഉഭൗ	രണ്ടു
		മൃഗൗ ച	മാനുകൾമാത്രമാണ്
യഃ ച	യാതൊരു മാനുണ്ടോ	ദിവ്യൗ.	അസാധാരണങ്ങളായവ.
ദിവ്യഃ;	ശ്രേഷ്ഠമായതു്; [അതും		

യദി വാഽയം തഥാ യന്മാം ഭവേദ്വദസി ലക്ഷ്മണ
മായൈഷാ രാക്ഷസസ്യേതി കർത്തവ്യോഽസ്യ വധോ മയാ. 37

“ ലക്ഷ്മണ!	“ ലക്ഷ്മണ!	അയം	ഈ ജന്തു
രാക്ഷസസ്യ	രാക്ഷസന്റെ	തഥാ യദി വാ	അപ്രകാരമുള്ളതു് തന്നെയെന്നിരുന്നാലും,
മായാ	മായയാണ്		
ഏഷാ	ഇതു്	അസ്യ	ഇതിന്റെ
ഇതി	എന്നുള്ള	വധഃ	വധം
യത്	യാതൊരു സംഗതി	മയാ	എന്നാൽ
മാം	എന്നോടു്	കർത്തവ്യഃ ഭവേത്.	ചെയ്യപ്പെടേണ്ടതായ കൃത്യമാണല്ലൊ.
വദസി,	നീ പറയുന്നു,		

ഏതേന ഹി നൃശംസേന മാരീചേന ദുരാത്മനാ
വനേ വിചരതാ പൂർവ്വം ഹിംസിതാ മുനിപുംഗവാഃ. 38

“ പൂർവ്വം	“ ഇതിന്നു മുമ്പ്,	നൃശംസേന	ക്രൂരനായ
വനേ	കാട്ടിൽ	ദുരാത്മനാ മാരീചേന ഹി	ദുഷ്ടമാരീചനാൽ തന്നെയാണ്
വിചരതാ	ചുററിത്തിരിഞ്ഞിരുന്ന	മുനിപുംഗവാഃ	മുനിവരന്മാർ
ഏതേന	ഈ	ഹിംസിതാഃ.	ഹിംസിക്കപ്പെട്ടതു്.

ഉത്ഥായ ബഹവോഽനേന മൃഗയായാം ജനാധിപാഃ
നിഹതാഃ പരമേഷ്വാസാസ്തസ്മാദ്വധ്യസ്ത്വയം മൃഗഃ. 39

"പരമേഷ്വാസാഃ	"വില്ലാളിപ്രവരന്മാരായ	ഉത്ഥായ നിഹതാഃ;	മേൽ ചാടിവീണ്, കൊല്ലപ്പെട്ടിരിക്കുന്നു;
ബഹവഃ	എത്രയോ	തസ്മാത്,	ആകയാൽ,
ജനാധിപാഃ	പ്രഭുക്കന്മാർ	അയം	ഈ
മൃഗയായാം,	വേട്ടചെയ്തുകൊണ്ടിരിക്കുമ്പോൾ,	മൃഗഃ	മാൻ
അനേന	ഇവനാൽ,	വധ്യഃ തു.	വധിക്കപ്പെടേണ്ടതു തന്നെ.

പുരസ്താദിഹ വാതാപിഃ പരിഭൂയ തപസ്വിനഃ
ഉദരസ്ഥോ ദ്വിജാൻ ഹന്തി സ്വഗൎഭോഽശ്വതരീമിവ. 40

"ഇഹ	"ഇട്ടിക്കിൽ	ഉദരസ്ഥഃ,	വയററിനുള്ളിൽ കടന്നുകൂടിയവനായി,
പുരസ്താത്	ഇതിന്നു മുമ്പ്		
വാതാപിഃ	വാതാപിയെന്ന രാക്ഷസൻ	അശ്വതരീം	ഒരു അശ്വതരിയെ
		സ്വഗൎഭഃ	അതിന്റെ ഗൎഭം
തപസ്വിനഃ	താപസന്മാരായ	ഇവ,	എപ്രകാരമോ അപ്രകാരം,
ദ്വിജാൻ	ബ്രാഹ്മണരെ		
പരിഭൂയ	ചതിച്ച്	ഹന്തി.	കൊന്നുകൊണ്ടിരുന്നു.

["ഗോഖരോഽശ്വതരോമതഃ" പെൺകുതിരയിൽ കഴുതയ്ക്കുണ്ടായതു്, അശ്വതരിയെന്നു പേർ. കോവർകഴുത എന്നൎത്ഥം. ഇതിന്റെ ഗൎഭത്തിലുള്ള ശിശു ജനിച്ചാൽ തള്ള ചത്തുപോകുന്നതു പ്രസിദ്ധം. തേൾ, അഥവാ കൽക്കുന്നൻ, എന്ന കീടം, എന്നും പക്ഷാന്തരം;]

സ കദാചിച്ചിരാല്ലോഭാദാസസാദ മഹാമുനിം
അഗസ്ത്യം തേജസാ യുക്തം ഭക്ഷസ്തസ്യ ബഭൂവ ഹ. 41

"സഃ	"അവൻ	മഹാമുനിം	മഹൎഷിവൎയ്യനായ
ചിരാത്	ഏറെക്കാലത്തിനുശേഷം	അഗസ്ത്യം	അഗസ്ത്യമാമുനിയെ
കദാചിത്	ഒരിക്കൽ	ആസസാദ;	അടുത്തു;
ലോഭാത്,	അത്യാഗ്രഹംമൂലം,	തസ്യ ഹ	അദ്ദേഹത്തിന്നുതന്നെ
തേജസാ	തപോമഹിമയാൽ	ഭക്ഷഃ	ആഹാരമായി
യുക്തം	വിളങ്ങുന്ന	ബഭൂവ.	ഭവിച്ചു.

സമുത്ഥാനേ ച തദ്രൂപം കൎത്തുകാമം സമീക്ഷ്യ തം
ഉത്സ്മയിത്വാ തു ഭഗവാൻ വാതാപിമിദമബ്രവീത്. 42

"ഭഗവാൻ	"ഭഗവാനായ അഗസ്ത്യമുനി,	സമീക്ഷ്യ,	കണ്ട്,
സമുത്ഥാനേ തു	കാൎയ്യം കഴിഞ്ഞതിൽ പിന്നെ,	ഉത്സ്മയിത്വാ ച	പുഞ്ചിരിക്കൊണ്ട്,
തം	അവനെ	വാതാപിം	വാതാപിയോട്
തദ്രൂപം	സ്വന്തം രൂപത്തെ	ഇദം	ഇങ്ങിനെ
കൎത്തുകാമം	അവലംബിപ്പാൻ ആഗ്രഹിക്കുന്നവനായി	അബ്രവീത്.	അരുളിച്ചെയ്തു.

ത്വയാഽവിഗണ്യ വാതാപേ പരിഭൂതാഃ സ്വതേജസാ
ജീവലോകേ ദ്വിജശ്രേഷ്ഠാസ്തസ്മാദസി ജരാം ഗതഃ 43

"'വാതാപേ!	"'അല്ലെ വാതാപി!
ജീവലോകേ	ഈ ലോകത്തിൽ
ത്വയാ	നിന്നാൽ
അവിഗണ്യ	ആലോചിക്കാതെ
സ്വതേജസാ	നിന്റെ ഊക്കുകൊണ്ടു

ദ്വിജശ്രേഷ്ഠാഃ	ബ്രാഹ്മണോത്തമന്മാർ
പരിഭൂതാഃ;	വഞ്ചിക്കപ്പെട്ടു;
തസ്മാത്	അതിനാൽ
ജരാം ഗതഃ അസി;'	നീ ജീർണ്ണിച്ചു ഭസ്മമായിത്തീർന്നിരിക്കുന്നു.'

ഏവം തന്ന ഭവേദ്രക്ഷോ വാതാപിരിവ ലക്ഷ്മണ
മദ്വിധം യോഽതിമന്യേത ധർമ്മനിത്യം ജിതേന്ദ്രിയം
ഭവേദ്ധതോഽയം വാതാപിരഗസ്ത്യേനേവ മാം ഗതഃ. 44

"ലക്ഷ്മണ!	"ലക്ഷ്മണ!
തത്	ആ
രക്ഷഃ,	രാക്ഷസൻ,
വാതാപിഃ ഇവ	വാതാപിയെന്നപോലെ
ഏവം	ഇപ്രകാരം ചതിക്കുന്നതിന്നായി
ഭവേത് ന;	വന്നതായിരിക്കയില്ല;
ധർമ്മനിത്യം	ധർമ്മത്തിൽ വർത്തിക്കുന്നവനും
ജിതേന്ദ്രിയം	ജിതേന്ദ്രിയനുമായ

മദ്വിധം	എന്നെപ്പോലെയുള്ളവനെ
യഃ	യാതൊരുവൻ
അതിമന്യേത,	ചതിക്കുന്നുവോ,
അയം,	അപ്രകാരമുള്ളവൻ,
മാം	എന്നെ
ഗതഃ,	പ്രാപിച്ചവനായി,
വാതാപിഃ	വാതാപി
അഗസ്ത്യേന	അഗസ്ത്യമഹർഷിയാൽ
ഇവ	എന്നപോലെ,
ഹതഃ ഭവേത്.	നശിപ്പിക്കപ്പെട്ടുപോകും.

["ഈ മാരീചൻ, എന്റെ കൈകൊണ്ടു ചാകുന്നതിന്നുവേണ്ടി വന്നതാകുന്നു" എന്നു സൂക്ഷ്മാർത്ഥ ദ്യോതനം.]

ഇഹ ത്വം ഭവ സന്നദ്ധോ യന്ത്രിതോ രക്ഷ മൈഥിലീം
അസ്യാമായത്തമസ്മാകം യത് കൃത്യം രഘുനന്ദന. 45

"രഘുനന്ദന!	"രഘുവംശതിലക!
ത്വം	നീ
ഇഹ	ഇവിടെ
സന്നദ്ധഃ	ആയുധപാണിയായി
ഭവ;	വർത്തിക്കുക;
മൈഥിലീം,	സീതയെ,
യന്ത്രിതഃ	ഇവിടെനിന്നു വിട്ടുപോകാത്തവനായി

രക്ഷ;	രക്ഷിച്ചുകൊണ്ടിരിക്കുക;
അസ്മാകം	നമുക്ക്
കൃത്യം	ആകേണ്ടതായ കൃത്യം
യത്	യാതൊന്നോ അതു്
അസ്യാം	ഇവളിലാണല്ലൊ
ആയത്തം.	മുഖ്യമായിരിക്കുന്നതു്.

[നാം ഭൂമിയിൽ അവതരിച്ചിട്ടുള്ളതായ കൃത്യം നിറവേറുന്നതിന്നു മുഖ്യമായ കാരണം ഇവൾ തന്നെയാണല്ലൊ. എന്നു സൂക്ഷ്മാർത്ഥം. (തിലകം)]

അഹമേനം ഹനിഷ്യാമി ഗ്രഹീഷ്യാമ്യപി വാ മൃഗം
യാവദ്ഗച്ഛാമി സൌമിത്രേ മൃഗമാനയിതും ദ്രുതം. 46

"സൌമിത്രേ!	"ലക്ഷ്മണ!	ദ്രുതം	ഓടിപ്പോയ
ഏനം മൃഗം	ഈ മാനിനെ	മൃഗം	മാനിനെ
അഹം	ഞാൻ	ആനയിതും	കൊണ്ടുവരുവാൻ
ഹനിഷ്യാമി;	വധിക്കുന്നുണ്ട്;	യാവത്	ഇതാ
വാ	അല്ലെങ്കിൽ	ഗച്ഛാമി.	ഞാൻപോകുന്നു.
ഗ്രഹീഷ്യാമി അപി;	ജീവനോടെ കൊണ്ടു വരുന്നുണ്ട്;		

പശ്യ ലക്ഷ്മണ വൈദേഹീം മൃഗത്വചി ഗതസ്പൃഹാം
ത്വചാ പ്രധാനയാ ഹ്യേഷ മൃഗോऽദ്യ ന ഭവിഷ്യതി. 47

"ലക്ഷ്മണ!	"ലക്ഷ്മണ!	അദ്യ	ഇപ്പോൾ,
മൃഗത്വചി	മാൻതോലിൽ	പ്രധാനയാ	അതിശയിക്കുന്നതായ
ഗതസ്പൃഹാം	ആശവെച്ചുകൊണ്ടിരിക്കുന്ന		
വൈദേഹീം	സീതയെ	ത്വചാ,	തോൽകാരണം,
പശ്യ;	നോക്കിക്കൊൾക;	മൃഗഃ ഹി	ഒരു മാനായിത്തന്നെ
ഏഷഃ,	ഇതു,	ന ഭവിഷ്യതി.	ഇരിക്കയില്ല.

അപ്രമത്തേന തേ ഭാവ്യമാശ്രമസ്ഥേന സീതയാ. 48

"ആശ്രമസ്ഥേന	ആശ്രമത്തിൽ ഇരുന്നുകൊണ്ട്	സീതയാ	സീതയോടുകൂടി
തേ	നിന്നാൽ (ആഷം),	അപ്രമത്തേന	ജാഗ്രതയായിത്തന്നെ
		ഭാവ്യം.	വൎത്തിക്കപ്പെടേണ്ടതാണ്.

യാവത്പൃഷതമേകേന സായകേന നിഹന്മ്യഹം
ഹത്വൈതച്ചൎമ്മ ചാദായ ശീഘ്രമേഷ്യാമി ലക്ഷ്മണ. 49

"ലക്ഷ്മണ!	"ലക്ഷ്മണ!	ഹത്വാ	കൊന്നതിൽപിന്നെ
അഹം	ഞാൻ	ഏതത് ചൎമ്മ	ഈ തോലിനെ
ഏകേന ച	ഒരേ ഒരു	ശീഘ്രം	വേഗത്തിൽ
സായകേന,	ബാണംകൊണ്ട്,	ആദായ	എടുത്തുകൊണ്ട്
പൃഷതം	ഈ പുള്ളിമാനിനെ	യാവത്	ഉടനെ
നിഹന്മി;	കൊന്നുകളയാം;	ഏഷ്യാമി.	മടങ്ങിക്കളയാം.

പ്രദക്ഷിണേനാതിബലേന പക്ഷിണാ
ജടായുഷാ ബുദ്ധിമതാ ച ലക്ഷ്മണ
ഭവാऽപ്രമത്തഃ പ്രതിഗൃഹ്യ മൈഥിലീം
പ്രതിക്ഷണം സൎവ്വത ഏവ ശംകിതഃ. 50

"ലക്ഷ്മണ!	"ലക്ഷ്മണ!	പ്രതിഗൃഹ്യ	അടുത്തിരുന്നുകൊണ്ടു്
പ്രദക്ഷിണേന	സാമർത്ഥ്യശാലിയും	സർവ്വതഃ ഏവ	നാലുഭാഗങ്ങളിൽ
അതിബലേന	അതിബലവാനും	പ്രതിക്ഷണം	നിമിഷംപ്രതി [നിന്നും
ബുദ്ധിമതാ	ബുദ്ധിമാനും ആയ	ശങ്കിതഃ	ആപത്തിനെ ശങ്കിക്കുന്നവനായി
ജടായുഷാ	ജടായുവെന്ന		
പക്ഷിണാ ച	പക്ഷിയോടുകൂടിയും	അപ്രമത്തഃ	ജാഗ്രതയോടുകൂടിയവ
മൈഥിലീം	സീതയെ,	ഭവ."	വർത്തിക്കുക." [നായി

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ത്രിചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിമൂന്നാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 8154; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1442.

ചതുശ്ചത്വാരിംശഃ സർഗ്ഗഃ — നാല്പത്തിനാലാംസർഗ്ഗം.

[മാരീചവധഃ = മാരീചനെ വധിക്കുന്നതു്.]

തഥാ തു തം സമാദിശ്യ ഭ്രാതരം രഘുനന്ദനഃ
ബബന്ധാസിം മഹാതേജാ ജാംബൂനദമയത്സരും. 1

മഹാതേജാഃ	അതിപരാക്രമശാലിയായ	സമാദിശ്യ,	പറഞ്ഞേല്പിച്ചശേഷം,
രഘുനന്ദനഃ,	ശ്രീരാമൻ,	ജാംബൂനദമയത്സരും	പൊൻപിടിയുള്ള
തം ഭ്രാതരം	ആ സഹോദരനോടു്	അസിം	ഖഡ്ഗത്തെ
തഥാ തു	മേൽപ്രകാരം	ബബന്ധ	(അരയിൽ) കെട്ടി.

തതസ്ത്ര്യവനതം ചാപമാദായാത്മവിഭൂഷണം
ആബദ്ധ്യ ച കലാപൌ ദ്വൌ ജഗാമോദഗ്രവിക്രമഃ 2

ഉദഗ്രവിക്രമഃ	പ്രസിദ്ധപരാക്രമിയാ	ആദായ,	കയ്യിലെടുത്തു്,
തതഃ	അപ്പോൾ[യ അദ്ദേഹം	ദ്വൌ	രണ്ടു
ആത്മവിഭൂഷണം	തനിക്കു് അലങ്കാരമായി പരിലസിക്കുന്ന	കലാപൌ ച	അമ്പൊഴിയാത്ത ആവനാഴികളേയും
ത്ര്യവനതം	മൂന്നുവളവുകളുള്ള	ആബദ്ധ്യ,	എടുത്തുബന്ധിച്ചു്,
ചാപം	കോദണ്ഡത്തെ	ജഗാമ.	നടകൊണ്ടു.

തം വഞ്ചയാനോ രാജേന്ദ്രമാവ്രജന്തം നിരീക്ഷ്യ വൈ
ബഭൂവാന്തർഹിതസ്ത്രാസാത് പുനഃ സന്ദർശനേഽഭവത്. 3

രാജേന്ദ്രം	രാജശ്രേഷ്ഠനായ	ബഭൂവ;	അതു വർത്തിച്ചു;
തം	അദ്ദേഹത്തെ	വഞ്ചയാനഃ	വഞ്ചിക്കുന്നതായി
ആവ്രജന്തം	പുറപ്പെട്ടുവരുന്നവനാ		
നിരീക്ഷ്യ,	കണ്ടു്, [യി	പുനഃ വൈ	ഇടയ്ക്കിടെ
ത്രാസാത്	നടുക്കത്താൽ	സന്ദർശനേ	ദൃഷ്ടിക്കുവിഷയമായും
അന്തർഹിതഃ	കണ്ണുകൾക്കു് ലക്ഷ്യമാവാത്തതായി	അഭവത്.	ഭവിച്ചു.

ബദ്ധാസിർദ്ധനുരാദായ പ്രദുദ്രാവ യതോ മൃഗഃ. 4

ബദ്ധാസിഃ,	ഖഡ്ഗത്തെ മുറുക്കി [ക്കൊണ്ട്,	മൃഗഃ	മാൻ
ധനുഃ	വില്ലും	യതഃ	നില്ക്കുന്നദിക്കിലേക്ക്
ആദായ,	എടുത്ത്	പ്രദുദ്രാവ.	ഓടിച്ചെന്നു.

തം പശ്യതി സ്മ രൂപേണ ദ്യോതമാനമിവാഗ്രതഃ
അവേക്ഷ്യാവേക്ഷ്യ ധാവന്തം ധനുഷ്പാണിം മഹാവനേ 5
അതിവൃത്തമിഷോഃ പാതാല്ലോഭയാനം കദാചന
ശങ്കിതം തു സമുദ്ഭ്രാന്തമുത്പതന്തമിവാംബരേ 6
ദൃശ്യമാനമദൃശ്യം ച വനോദ്ദേശേഷു കേഷുചിത്
ഛിന്നാഭ്രൈരിവ സംവീതം ശാരദം ചന്ദ്രമണ്ഡലം. 7

തം	അതിനെ,	ശങ്കിതം തു	ശങ്കിക്കുന്നതായി
അഗ്രതഃ	കണ്ണിന്നെതിരിൽ	സമുദ്ഭ്രാന്തം	മനംകലങ്ങി
രൂപേണ	കാന്തിയാൽ	അംബരേ	ആകാശത്തിൽ
ദ്യോതമാനം ഇവ,	പരിലസിക്കുന്നതായും,	ഉത്പതന്തം ഇവ,	കുതിച്ചുയരുന്നതുപോലെയും,
മഹാവനേ	വൻകാട്ടിൽ	വനോദ്ദേശേഷു	വനപ്രദേശങ്ങളിൽ
ധനുഷ്പാണിം	വില്ലേന്തിയ തന്നെ	കേഷുചിത്,	ചിലഭാഗങ്ങളിൽ,
അവേക്ഷ്യ അവേക്ഷ്യ	തിരിഞ്ഞുനോക്കിക്കൊണ്ടുതന്നെ	ഛിന്നാഭ്രൈഃ	മേഘശകലങ്ങളാൽ
ധാവന്തം,	ഓടുന്നതായും,	സംവീതം	മറയ്ക്കപ്പെട്ട
ഇഷോഃ പാതാത് അതിവൃത്തം	അമ്പുകൊള്ളാത്ത വിധത്തിൽ അകലെ നില്ക്കുന്നതായും	ശാരദം	ശരത്കാലത്തിലെ
കദാചന	ചിലപ്പോൾ	ചന്ദ്രമണ്ഡലം ഇവ,	ചന്ദ്രമണ്ഡലമെന്നപോലെ,
ലോഭയാനം,	പിടികിട്ടുമോ എന്നുള്ള ആശയെ ജനിപ്പിക്കുന്നതായും,	ദൃശ്യമാനം,	കാണപ്പെടുന്നതായും,
		അദൃശ്യം ച	ഉത്തരക്ഷണത്തിൽ തന്നെ മറയുന്നതായും
		പശ്യതി സ്മ.	കണ്ടു.

മുഹൂർത്താദേവ ദദൃശേ മുഹുർദൂരാത് പ്രകാശതേ. 8

മുഹൂർത്താത്	അല്പനേരത്തേക്ക്	മുഹുഃ	കുറെനേരം
ഏവ ദദൃശേ	ഒരുനോക്കുമാത്രം കാണപ്പെട്ടു ;	ദൂരാത്	വളരെ ദൂരത്തിൽ
		പ്രകാശതേ.	തെളിഞ്ഞുവിളങ്ങി.

ദർശനാദർശനാദേവം സോഽപാകർഷത രാഘവം
സുദൂരമാശ്രമസ്യാസ്യ മാരീചോ മൃഗതാം ഗതഃ. 9

മൃഗതാം ഗതഃ	മാൻവേഷംധരിച്ച	രാഘവം	രഘൂത്തമനെ
സഃ മാരീചഃ,	ആ മാരീചൻ	അസ്യ ആശ്രമസ്യ	ആ ആശ്രമത്തിന്നു
ഏവം	ഈ മാതിരി	സുദൂരം	എത്രയോ അകലെ
ദർശനാത്	കണ്ടും	അപാകർഷത.	ആകർഷിച്ചുകൊണ്ടുപോയ്ക്കളഞ്ഞു.
അദർശനാത്	മറഞ്ഞും		

ആസീത് ക്രുദ്ധസ്തു കാകുത്സ്ഥോ വിവശസ്തേന മോഹിതഃ
അഥാവതസ്ഥേ സുശ്രാന്തച്ഛായാമാശ്രിത്യ ശാദ്വലേ. 10

കാകുത്സ്ഥഃ	ശ്രീരാമൻ	സുശ്രാന്തഃ	കോപം ശമിച്ചവനായി
തേന	ആ മാനിനാൽ	ശാദ്വലേ,	പുൽത്തറയിൽ,
മോഹിതഃ തു	ആശകാട്ടി വഞ്ചിക്കപ്പെട്ടകാരണം	ഛായാം ആശ്രിത്യ,	തണലുള്ള ദിക്കിൽ
വിവശഃ	പരവശനായി	അഥ അവതസ്ഥേ.	അല്പം കാത്തുനിന്നു.
ക്രുദ്ധഃ ആസീത്;	കോപമുൾക്കൊണ്ടു;		

സ തമുന്മാദയാമാസ മൃഗരൂപോ നിശാചരഃ
മൃഗൈഃ പരിവൃതോ വന്യൈരദൂരാത് പ്രത്യദൃശ്യത. 11

നിശാചരഃ	രാത്രിഞ്ചരനായ	വന്യൈഃമൃഗൈഃ	കാട്ടിലുള്ള മാനുകളാൽ
സഃ	ആ	പരിവൃതഃ	ചൂഴപ്പെട്ടതായി
മൃഗരൂപഃ	മൃഗരൂപം	അദൂരാത്	അല്പം അകലെയായി
തം	അദ്ദേഹത്തെ	പ്രത്യദൃശ്യത.	പൊട്ടുന്നനവെ കാണപ്പെട്ടു.
ഉന്മാദയാമാസ;	വെറിപിടിപ്പിച്ചു;		

ഗൃഹീതുകാമം ദൃഷ്ട്വൈവ പുനരേവാഭ്യധാവത
തത്ക്ഷണാദേവ സംത്രാസാത് പുനരന്തർഹിതോऽഭവത്. 12

ഗൃഹീതുകാമം	പിടിക്കുവാൻ മുതിൎന്ന അദ്ദേഹത്തെ	തത്ക്ഷണാത് ഏവ	തൽക്ഷണംതന്നെ
ദൃഷ്ട്വാ ഏവ,	കണ്ടതും,	സംത്രാസാത്	ഭയംകൊണ്ടു
പുനഃ ഏവ,	വീണ്ടും,	പുനഃ	വീണ്ടും
അഭ്യധാവത;	തിരിഞ്ഞോടി;	അന്തർഹിതഃ അഭവത്.	ഒളിച്ചു.

പുനരേവ തതോ ദൂരാദ്വൃക്ഷഷണ്ഡാദ്വിനിഃസൃതം
ദൃഷ്ട്വാ രാമോ മഹാതേജാസ്തം ഹന്തും കൃതനിശ്ചയഃ. 13

തതഃ	അനന്തരം	വൃക്ഷഷണ്ഡാത്	മരക്കൂട്ടത്തിൽ നിന്നു
മഹാതേജാഃ	അതിതേജസ്വിയായ	വിനിഃസൃതം	പുറത്തേക്കുവന്നതായി
രാമഃ,	ശ്രീരാഘവൻ,	ദൃഷ്ട്വാ,	കണ്ടു,
തം,	അതിനെ,	ഹന്തും	കൊല്ലുവാൻ
പുനഃ ഏവ	പിന്നീടും	കൃതനിശ്ചയഃ.	നിശ്ചയിച്ചു.
ദൂരാത്	വളരെ ദൂരത്തിൽ		

ഭൂയസ്തു ശരമുദ്ധൃത്യ കുപിതസ്തത്ര രാഘവഃ. 14
സൂൎയ്യരശ്മിപ്രതീകാശം ജ്വലന്തമരിമൎദ്ദനം
സന്ധായ സുദൃഢേ ചാപേ വികൃഷ്യ ബലവദ്ബലീ 15
തമേവ മൃഗമുദ്ദിശ്യ ജ്വലന്തമിവ പന്നഗം
മുമോച ജ്വലിതം ദീപ്തമസ്ത്രം ബ്രഹ്മവിനിൎമ്മിതം. 16

തത്ര	അതിൽപിന്നെ	സന്ധായ,	തൊടുത്ത്,
ബലീ	ബലിഷ്ഠനായ	ബലവത്	ഊക്കോടെ
രാഘവഃ,	രഘുവരൻ,	വികൃഷ്യ,	വലിച്ചിഴുത്തു,
ഭൂയഃ തു	മുമ്പേതിലുമധികം	ബ്രഹ്മ- വിനിൎമ്മിതം	ബ്രഹ്മാസ്ത്രമന്ത്രത്താൽ അഭിമന്ത്രിക്കപ്പെട്ട
കുപിതഃ	ക്രുദ്ധനായി	ദീപ്തം	പ്രകാശമാനമായി,
സൂൎയ്യരശ്മി- പ്രതീകാശം	സൂൎയ്യകിരണങ്ങൾക്കു തുല്യം	ജ്വലന്തം	വിഷം വമിക്കുന്ന
ജ്വലന്തം	ഉജ്ജ്വലിക്കുന്നതും,	പന്നഗം ഇവ	പാമ്പെന്നപോലെ
അരിമൎദ്ദനം ശരം	വൈരികളെ നശിപ്പിക്കുന്നതുമായ ബാണത്തെ	ജ്വലിതം അസ്ത്രം	അഗ്നിജ്വാലകക്കുന്നതായ ആ അസ്ത്രത്തെ,
ഉദ്ധൃത്യ,	കയ്യിലെടുത്തുകൊണ്ട്,	തം മൃഗം ഏവ	ആ മാനിനെത്തന്നെ
സുദൃഢേ	കരുത്തേറിയ	ഉദ്ദിശ്യ	ലക്ഷ്യമാക്കി,
ചാപേ	വില്ലിൽ	മുമോച.	എയ്തു.

ശരീരം മൃഗരൂപസ്യ വിനിൎഭിദ്യ ശരോത്തമഃ
മാരീചസ്യൈവ ഹൃദയം ബിഭേദാശനിസന്നിഭഃ. 17

അശനിസന്നിഭഃ	വജ്രതുല്യമായ	ശരീരം	ശരീരത്തെ
ശരോത്തമഃ,	ആ ഉത്തമബാണം,	വിനിൎഭിദ്യ	തുളച്ചുംകൊണ്ട്
മൃഗരൂപസ്യ	മാൻരൂപം കൈക്കൊ	ഹൃദയം ഏവ	ഹൃദയത്തേയും
മാരീചസ്യ	മാരീചന്റെ [ണ്ടിരുന്ന	ബിഭേദ.	പിളൎന്നു.

താലമാത്രമഥോത്പ്ലുത്യ ന്യപതത് സ ശരാതുരഃ
വിനദൻ ഭൈരവം നാദം ധരണ്യാമല്പജീവിതഃ. 18

ശരാതുരഃ	ബാണമേററ	താലമാത്രം	ഒരുപനയോളം
സഃ,	അവൻ,	ഉത്പ്ലുത്യ,	മേല്പോട്ടുപൊങ്ങി,
അഥ	അപ്പോൾ	അല്പജീവിതഃ	ജീവനൊടുങ്ങാറായവ
ഭൈരവം നാദം	ഭയങ്കരമായ ശബ്ദത്തെ	ധരണ്യാം	നിലത്തു [നായി
വിനദൻ,	പുറപ്പെടുവിച്ചുകൊണ്ട്	ന്യപതത്.	വീണു.

മ്രിയമാണസ്തു മാരീചോ ജഹൌ താം കൃത്രിമാം തനും
സ്മൃത്വാ തദ്വചനം രക്ഷോ ദധ്യൌ കേന തു ലക്ഷ്മണം
ഇഹ പ്രസ്ഥാപയേത് സീതാ താം ശൂന്യേ രാവണോ ഹരേത്. 19

മാരീചഃ	മാരീചൻ	ലക്ഷ്മണം	ലക്ഷ്മണനെ
മ്രിയമാണഃ തു	ചാവാറായപ്പോൾ	ഇഹ	ഇവിടേക്ക്
താം കൃത്രിമാം തനും ജഹൌ;	ആ മായാപ്രകൃതിയെ ഉപേക്ഷിച്ചു;	പ്രസ്ഥാപയേത്?	പറഞ്ഞയയ്ക്കുക?
രക്ഷഃ	രാക്ഷസൻ	തു	ഉടനെ,
തദ്വചനം	രാവണന്റെ വാക്യ	ശൂന്യം	ആരുമില്ലാത്ത തക്ക
സ്മൃത്വാ,	സ്മരിച്ച്, [ത്തെ	രാവണഃ	രാവണൻ [ത്തിൽ
"കേന	"എങ്ങിനെയായാ	താം	അവളെ
സീതാ	സീത [ലാണ്	ഹരേത്?"	അപഹരിക്കുക?" എന്ന്
		ദധ്യൌ.	ആലോചിച്ചു.

സ പ്രാപ്തകാലമാജ്ഞായ ചകാര ച തതഃ സ്വരം
സദൃശം രാഘവസ്യൈവ ഹാ സീതേ ലക്ഷ്മണേതി ച. 20

സഃ	അവൻ	രാഘവസ്യ സദൃശം ഏവ	ശ്രീരാമന്നു് തുല്യമായ്തന്നെ
പ്രാപ്തകാലം	കാലോചിതമായതെന്നു്	"ഹാ സീതേ ലക്ഷ്മണ ച"	"അയ്യോ! സീതേ! ഹാ ലക്ഷ്മണ!"
ആജ്ഞായ,	ഉറച്ചു്,	ഇതി	എന്നു്
തതഃ ച	ഉടനെ	സ്വരം ചകാര.	നിലവിളിച്ചു.

["പ്രാപ്തകാലം ആജ്ഞായ"; തനിക്കു് മരണസമയം അടുത്തുവെന്നു് അറിഞ്ഞു്; താൻ ഉദ്ദേശിച്ച കൃത്യത്തിന്നു സമയം അടുത്തതായറിഞ്ഞു്. (എന്നും)]

തേന മർമ്മണി നിർവ്വിദ്ധഃ ശരേണാനുപമേന ച
മൃഗരൂപം തു തത് ത്യക്ത്വാ രാക്ഷസം രൂപമാത്മനഃ
ചക്രേ സ സുമഹാകായോ മാരീചോ ജീവിതം ത്യജൻ. 21

തേന	ആ	ജീവിതം ത്യജൻ,	ജീവനെ ത്യജിക്കുന്നവനായി,
അനുപമേന	എതിരില്ലാത്തതായ	തത് മൃഗരൂപം	ആ മൃഗരൂപത്തെ
ശരേണ,	ബാണത്താൽ,	ത്യക്ത്വാ,	വെടിഞ്ഞു്,
മർമ്മണി ച	മർമ്മസ്ഥാനത്തുതന്നെ	തു	അതിൽപിന്നെ
നിർവ്വിദ്ധഃ,	ഭേദിക്കപ്പെട്ടവനായി,	ആത്മനഃ	സ്വന്തം
സുമഹാകായഃ	ഭീമകായനായ	രാക്ഷസം രൂപം	രാക്ഷസസ്വരൂപത്തെ
സഃ	ആ	ചക്രേ.	കൈക്കൊണ്ടു.
മാരീചഃ,	മാരീചൻ,		

തതോ വിചിത്രകേയൂരഃ സർവ്വാഭരണഭൂഷിതഃ
ഹേമമാലീ മഹാദംഷ്ട്രോ രാക്ഷസോഽഭൂച്ഛരാഹതഃ. 22

തതഃ	ആ സമയം	ഹേമമാലീ	സ്വർണ്ണമാലധരിച്ചവനായി
ശരാഹതഃ,	അമ്പേററ അവൻ,	മഹാദംഷ്ട്രഃ	ഘോരദംഷ്ട്രകളോടുകൂടിയ
വിചിത്രകേയൂരഃ	ഭംഗിയുള്ള തോൾവളകളോടുകൂടിയവനായി	രാക്ഷസഃ	രാക്ഷസനായി
സർവ്വാഭരണഭൂഷിതഃ	എല്ലാ ആഭരണങ്ങളുമണിഞ്ഞവനായി	അഭൂത്.	കാണപ്പെട്ടു.

തം ദൃഷ്ട്വാ പതിതം ഭൂമൌ രാക്ഷസം ഘോരദർശനം
രാമോ രുധിരസിക്താംഗം വേഷ്ടമാനം മഹീതലേ
ജഗാമ മനസാ സീതാം ലക്ഷ്മണസ്യ വചഃ സ്മരൻ. 23

രാമഃ	ശ്രീരാമൻ
ഘോരദർശനം	ഭയങ്കരരൂപനായി
രുധിരസിക്താംഗം	രക്താംപുരണ്ട ദേഹത്തോടുകൂടി
മഹീതലേ	നിലത്തു്
വേഷ്ടമാനം	കിടന്നുരുളുന്നവനായ
തം രാക്ഷസം,	ആ രാക്ഷസനെ,
ഭൂമൌ	താഴത്തു്
പതിതം	ചത്തുകിടക്കുന്നവനായി
ദൃഷ്ട്വാ,	കണ്ടു്,
ലക്ഷ്മണസ്യ	ലക്ഷ്മണന്റെ
വചഃ	വാക്യത്തെ
സ്മരൻ,	ഓർമ്മിച്ചു്,
സീതാം	സീതാദേവിയെപ്പറ്റി
മനസാ ജഗാമ.	ഉൽക്കണ്ഠിതനായി ഭവിച്ചു.

മാരീചസ്യൈവ മായൈഷാ പൂർവ്വോക്താ ലക്ഷ്മണേന തു
തത് തഥാ ഹ്യഭവച്ചാദ്യ മാരീചോഽയം മയാ ഹതഃ. 24

"'ഏഷാ	"'ഇതു്
മാരീചസ്യ	മാരീചന്റെ
മായാ ഏവ,'	മായതന്നെയാണു്', എന്നു്
ലക്ഷ്മണേന	ലക്ഷ്മണനാൽ
പൂർവ്വോക്താ തു	ആദ്യംതന്നെ പറയപ്പെട്ടു
അദ്യ	ഇപ്പോൾ
തത്	അതു്
തഥാ ച	അങ്ങിനെതന്നെ
അഭവത്;	ആയിത്തീരുകയുംചെയ്തു
മയാ ഹതഃ	എന്നാൽ കൊല്ലപ്പെട്ട
അയം	ഇവൻ
മാരീചഃ ഹി.	മാരീചൻതന്നെയാണല്ലൊ.

ഹാ സീതേ ലക്ഷ്മണേത്യേവമാക്രുശ്യ ച മഹാസ്വനം
മമാര രാക്ഷസഃ സോഽയം ശ്രുത്വാ സീതാ കഥം ഭവേത്. 25

"സഃ	"ആ
രാക്ഷസഃ	രാക്ഷസനായ
അയം	ഇവൻ
ഹാ സീതേ!	അയ്യോ സീതേ!
ലക്ഷ്മണ!	ഹാ ലക്ഷ്മണ!
ഇതി	എന്നിങ്ങിനെ
മഹാസ്വനം	ഉച്ചസ്വരത്തിൽ
ആക്രുശ്യ ച	നിലവിളിച്ചിട്ടു്
മമാര;	മൃതിയടഞ്ഞു;
സീതാ	സീത
ഏവം ശ്രുത്വാ	ഇതിനെകേട്ടു്
കഥം ഭവേത്?	എന്തായ്ത്തീരും?

[" കഥംഭവേത്," (സീത ഇതിനെ കേട്ടശേഷം എന്തുണ്ടാകുമോ? ധൈര്യമായിരിക്കുമോ, ലക്ഷ്മണനെ പറഞ്ഞയക്കുമോ, വേറെ വല്ല അപകടവും സംഭവിക്കുമോ?) എന്നും]

ലക്ഷ്മണശ്ച മഹാബാഹുഃ കാമവസ്ഥാം ഗമിഷ്യതി
ഇതി സംചിന്ത്യ ധർമ്മാത്മാ രാമോ ഹൃഷ്ടതനൂരുഹഃ 26

"മഹാബാഹുഃ	"മഹാബാഹുവായ
ലക്ഷ്മണഃ ച	ലക്ഷ്മണനും
കാം അവസ്ഥാം	എന്തു സ്ഥിതിയിൽ
ഗമിഷ്യതി?"	ആയിത്തീരുമോ?"
ധർമ്മാത്മാ	ധർമ്മാത്മാവായ
രാമഃ	ശ്രീരാമൻ
ഇതി	ഇപ്രകാരമെല്ലാം
സംചിന്ത്യ	ഓർത്തസമയം
ഹൃഷ്ടതനൂരുഹഃ.	കോൾമയിർക്കൊണ്ടു പോയി.

തത്ര രാമം ഭയം തീവ്രമാവിവേശ വിഷാദജം
രാക്ഷസം മൃഗരൂപം തം ഹത്വാ ശ്രുത്വാ ച തത്സ്വരം. 27

തം	ആ	വിഷാദജം	മനോവ്യാകുലതയാലു
മൃഗരൂപം	മാൻവേഷം ധരിച്ച	തീവ്രം	കഠിനമായ [ണ്ടായ
രാക്ഷസം	നിശാചരനെ	ഭയം,	ഭയം,
ഹത്വാ,	കൊന്നു്,	തത്ര	ആ സമയം
തത് സ്വരം ച	അവന്റെ ആ ഒച്ചയേ	രാമം	ശ്രീരാമനെ
ശ്രുത്വാ,	കേട്ടതിനാൽ, [യും	ആവിവേശ.	ബാധിച്ചു.

നിഹത്യ പൃഷതം ചാന്യം മാംസമാദായ രാഘവഃ
ത്വരമാണോ ജനസ്ഥാനം സസാരാഭിമുഖസ്തദാ. 28

അന്യം	അപൂർവ്വമായ	തദാ	ആ സമയം
പൃഷതം	ആ പുള്ളിമാനിനെ	ത്വരമാണഃ	ഉൽകണ്ഠമൂലം ബദ്ധ
നിഹത്യ,	കൊന്നു്,		പ്പെട്ടുകൊണ്ടു്,
മാം	കീർത്തിയെ	ജനസ്ഥാനം	ജനസ്ഥാനത്തെ
സമാദായ ച,	കയ്ക്കൊണ്ടവനായിരു	അഭിമുഖഃ	നോക്കി,
രാഘവഃ,	ശ്രീരാഘവൻ, [ന്നിട്ടും,	സസാര.	നടകൊണ്ടു.

[ഇങ്ങിനെ സർഗ്ഗാവസാന ശ്ലോകമായതുകൊണ്ടു് സർഗ്ഗസംക്ഷേപത്തെ പറയുന്നു. 'വേറെയൊരു മാനിനെ കൊന്നു് മാംസത്തെ കയ്യിലെടുത്തുകൊണ്ടു് ജനസ്ഥാനത്തിലേക്കു് മടങ്ങി" എന്നു് സാധാരണയായി അർത്ഥം പറയുന്നതു്, ശ്രീരാമൻ വേറെ ഒരു മാനിനെ കൊന്നു മാംസത്തെ എടുത്തുകൊണ്ടു പോകുവാനുള്ള ക്ഷമ ആ സമയം ഉണ്ടാകുവാൻ കഴിയാത്തതുകൊണ്ടും, വാനപ്രസ്ഥാശ്രമത്തിൽ പ്രത്യേകിച്ചും ഫലമൂലാദികൾ മാത്രം ഭക്ഷിച്ചു ഉപജീവിക്കുന്നതുകൊണ്ടും യുക്തമല്ലെന്നു കാണുക.

പി. എസ്സ്. കൃഷ്ണസ്വാമി അയ്യർ ഈ ശ്ലോകത്തെ ഇങ്ങിനെ വ്യാഖ്യാനിക്കുന്നു.]

രാഘവഃ	ശ്രീരാഘവൻ	അന്യം	വേറെ
ത്വരമാണഃ	ഉൽക്കണ്ഠയാൽ വേഗ	ആദായ	എടുത്തുകൊണ്ടു്
	ത്തിൽ	തദാ	ആ സമയം
മാംസം	മാംസത്തെ	ജനസ്ഥാനം	ജനസ്ഥാനത്തെ
നിഹത്യ	നീക്കംചെയ്തു	അഭിമുഖഃ	നോക്കി
പൃഷതം ച	മാൻതോലിനെമാത്രം	സസാര.	നടകൊണ്ടു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ചതുശ്ചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിനാലാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 8182; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1470.

പഞ്ചചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തഞ്ചാംസൎഗ്ഗം

[ആശ്രമാല്ലക്ഷ്മണനിൎഗ്ഗമനം = ആശ്രമത്തിൽനിന്നു ലക്ഷ്മണൻ പുറപ്പെട്ടുപോകുന്നതു്.]

ആൎത്തസ്വരം തു തം ഭൎത്തുൎവ്വിജ്ഞായ സദൃശം വനേ
ഉവാച ലക്ഷ്മണം സീതാ ഗച്ഛ ജാനീഹി രാഘവം. 1

വനേ	വനത്തിൽ	വിജ്ഞായ,	നിശ്ചയിച്ചു്,
സീതാ	സീതാദേവി,	ലക്ഷ്മണം	ലക്ഷ്മണനെ നോക്കി
ഭൎത്തുഃ സദൃശം	ഭൎത്താവിന്റെ സ്വര	ഉവാച;	ഇങ്ങിനെ പറഞ്ഞു;
	ത്തിനൊത്ത	"രാഘവം	"ശ്രീരാമനെപ്പററി
തം	ആ	ജാനീഹി,	ശ്രദ്ധിച്ചാലും,
ആൎത്തസ്വരം,	പരിതാപസ്വരത്തെ,	ഗച്ഛ.	പോയാലും.
തു	അതുതന്നെയെന്നു്		

ന ഹി മേ ഹൃദയം സ്ഥാനേ ജീവിതം വാവതിഷ്ഠതി
ക്രോശതഃ പരമാൎത്തസ്യ ശ്രുതഃ ശബ്ദോ മയാ ഭൃശം. 2

"ക്രോശതഃ	"രണ്ടുനാഴികദൂരെ	ശ്രുതഃ	കേൾക്കപ്പെട്ടു;
പരമാൎത്തസ്യ	അതിദയനീയ സ്ഥിതി	ഹി,	അതിനാൽ,
	യിലിരിക്കുന്ന അദ്ദേഹ	മേ ഹൃദയം	എന്റെ മനസ്സും
ശബ്ദഃ	ദീനസ്വരം [ത്തിന്റെ	ജീവിതം വാ	ജീവനും
ഭൃശം	സ്പഷ്ടമായി	സ്ഥാനേ	നിലയ്ക്കു
മയാ	എന്നാൽ	അവതിഷ്ഠതി ന.	നില്ക്കുന്നില്ല.

ആക്രന്ദമാനം തു വനേ ഭ്രാതരം ത്രാതുമൎഹസി
തം ക്ഷിപ്രമഭിധാവ ത്വം ഭ്രാതരം ശരണൈഷിണം.
രക്ഷസാം വശമാപന്നം സിംഹാനാമിവ ഗോവൃഷം. 3

"ആക്രന്ദമാനം	"സഹായിപ്പാൻ വിളി	രക്ഷസാം വശം	രാക്ഷസന്മാരുടെ വശ
	ക്കുന്ന	ആപന്നം	അകപ്പെട്ടു് [ത്തിൽ
ഭ്രാതരം,	ജ്യേഷ്ഠനെ,	ശരണൈഷിണം	സഹായത്തെ അന്വേ
വനേ	കാട്ടിൽ	തം	ആ [ഷിക്കുന്ന
തു	ഇപ്പോൾതന്നെപോയി	ഭ്രാതരം	ഭ്രാതാവിന്റെ അടുക്ക
ത്രാതും അൎഹസി	സഹായിച്ചാലും;	ത്വം	ഭവാൻ [ലേക്കു്
സിംഹാനാം	സിംഹങ്ങളുടെ കയ്യിൽ	ക്ഷിപ്രം	ക്ഷണത്തിൽ
ഗോവൃഷം ഇവ	കാളയെന്നപോലെ	അഭിധാവ."	ഓടിച്ചെല്ലുക."

ന ജഗാമ തഥോക്തസ്തു ഭ്രാതുരാജ്ഞായ ശാസനം
തമുവാച തതസ്തത്ര കുപിതാ ജനകാത്മജാ. 4

തഥാ	ഇപ്രകാരം	തതഃ,	അതിനാൽ,
ഉക്തഃ തു,	ആവശ്യപ്പെട്ടവനായി	തത്ര	ആ സമയം
	രുന്നിട്ടും,	ജനകാത്മജാ	സീത
ഭ്രാതുഃ ശാസനം	ഭ്രാതൃശാസനത്തെ	കുപിതാ,	അരിശംപൂണ്ടു്,
ആജ്ഞായ	ഓൎത്തു് [യില്ല;	തം	അവനോടായി
ന ജഗാമ;	ഒരടിപോലും നീങ്ങി-	ഉവാച.	ഇങ്ങിനെപറഞ്ഞു.

സൌമിത്രേ മിത്രരൂപേണ ഭ്രാതുസ്ത്വമസി ശത്രുവത്
യസ്ത്വമസ്യാമവസ്ഥായാം ഭ്രാതരം നാഭിപത്സ്യസേ. 5

"സൌമിത്രേ!	"ലക്ഷ്മണ!	യഃ	യാതൊരു
ത്വം	ഭവാൻ	ത്വം,	ഭവാൻ,
ഭ്രാതുഃ	സഹോദരന്ന്	അസ്യാം	ഈ
മിത്രരൂപേണ	സഹായിയാണെന്നു നടിക്കുന്ന	അവസ്ഥായാം,	വിഷമസ്ഥിതിയിൽ,
ശത്രുവത് അസി;	ശത്രുവെന്നപോലെയാണിരിക്കുന്നതു്;	ഭ്രാതരം	ജ്യേഷ്ഠന്റെ സമീപത്തിലേക്ക്
		ന അഭിപത്സ്യസേ.	പോവാതിരിക്കുന്നവല്ലോ.

ഇച്ഛസി ത്വം വിനശ്യന്തം രാമം ലക്ഷ്മണ മത്കൃതേ.
ലോഭാന്മമ കൃതേ നൂനം നാനുഗച്ഛസി രാഘവം 6

"ലക്ഷ്മണ!	"ലക്ഷ്മണ!	മമ കൃതേ	എന്നിലുള്ള
മത്കൃതേ	എന്നെക്കിട്ടുവാൻവേണ്ടി	ലോഭാത്	കൊതികൊണ്ടു
രാമം	ശ്രീരാമൻ	നൂനം	തന്നെയാണ്
വിനശ്യന്തം	നശിക്കേണമെന്നാണ്	രാഘവം	ശ്രീരാഘവനെ
ത്വം	ഭവാൻ	ന അനുഗച്ഛസി.	ഭവാൻ തിരഞ്ഞുപോകാതിരിക്കുന്നതു്.
ഇച്ഛസി;	ആഗ്രഹിക്കുന്നതു്;		

വ്യസനം തേ പ്രിയം മന്യേ സ്നേഹോ ഭ്രാതരി നാസ്തി തേ
തേന തിഷ്ഠസി വിസ്രബ്ധസ്തമപശ്യൻ മഹാദ്യുതിം. 7

"വ്യസനം	"ഈ ആപത്ത്	ന അസ്തി;	ഇല്ല;
തേ	ഭവാന്നു	തേന	അതിനാലാണ്,
പ്രിയം	ഇഷ്ടമാണെന്നാണ്	മഹാദ്യുതിം	അതിതേജസ്വിയായ
മന്യേ;	ഞാൻ വിചാരിക്കുന്നത്;	തം	അദ്ദേഹത്തിന്റെ നിലവിളിയെ
ഭ്രാതരി	ജ്യേഷ്ഠന്റെ പേരിൽ	അപശ്യൻ	അലക്ഷ്യമാക്കി,
സ്നേഹഃ	വാത്സല്യമെന്നതു്	വിസ്രബ്ധഃ	കലുക്കമില്ലാതെ
തേ	ഭവാന്ന്	തിഷ്ഠസി.	നീ നില്ക്കുന്നത്.

കിം ഹി സംശയമാപന്നേ തസ്മിന്നിഹ മയാ ഭവേത്
കർത്തവ്യമിഹ തിഷ്ഠന്ത്യാ യത്പ്രധാനസ്ത്വമാഗതഃ 8

"ത്വം	"ഭവാൻ	തിഷ്ഠന്ത്യാ	ഒരു കേടുമില്ലാതെ ജീവനോടുകൂടിയിരിക്കുന്നവളായ
യത്പ്രധാനഃ	ആരെ കാൎയ്യമായി ഉദ്ദേശിച്ച്	മയാ	എന്നോടുകൂടി
ആഗതഃ,	പുറപ്പെട്ടുവന്നുവോ,	ഇഹ	ഇവിടെയിരുന്നതുകൊണ്ടു്
തസ്മിൻ ഹി	അദ്ദേഹംതന്നെ	കിം കർത്തവ്യം ഭവേത് ?"	എന്തൊന്നാണ് ചെയ്യാനിരിക്കുന്നത് ?"
ഇഹ	ഇപ്പോൾ		
സംശയം	ആപത്തിൽ		
ആപന്നേ,	പെട്ടിരിക്കുന്ന സമയം		

["ഞാൻ ഇവിടെ ജീവനോടുകൂടെത്തന്നെയിരിക്കുന്നുണ്ടല്ലോ. ആപത്തിൽപെട്ട ജ്യേഷ്ഠനെ രക്ഷിക്കാനല്ലേ പോകേണ്ടതു് ?" എന്നു താല്പൎയ്യം.]

ഇതി ബ്രുവാണാം വൈദേഹീം ബാഷ്പശോകപരിപ്ലുതാം
അബ്രവീല്ലക്ഷ്മണസ്ത്രസ്താം സീതാം മൃഗവധൂമിവ. 9

ലക്ഷ്മണഃ	സൌമിത്രി,
മൃഗവധൂം ഇവ	പേടമാനിനെപ്പോലെ
ത്രസ്താം	നടുങ്ങി,
ബാഷ്പശോക-പരിപ്ലുതാം	കണ്ണീർ വാൎത്തു ശോകത്തിൽ മുഴുകിയവളായി
ഇതി	മേൽപ്രകാരം
ബ്രുവാണാം	സംസാരിക്കുന്ന
വൈദേഹീം	വിദേഹാത്മജയായ
സീതാം	സീതാദേവിയെനോക്കി
അബ്രവീത്.	ഇപ്രകാരം പറഞ്ഞു.

പന്നഗാസുരഗന്ധൎവ്വദേവമാനുഷരാക്ഷസൈഃ
അശക്യസ്തവ വൈദേഹി ഭൎത്താ ജേതും ന സംശയഃ. 10

"വൈദേഹി!	"വൈദേഹീ!
പന്നഗാസുര-ഗന്ധൎവ്വ-	പന്നഗന്മാരാലും അസുരന്മാരാലും ഗന്ധൎവ്വന്മാരാലും,
ദേവമാനുഷ-രാക്ഷസൈഃ	ദേവന്മാർ, മനുഷ്യന്മാർ, രാക്ഷസന്മാർ ഇവരാലും
തവ	ഭവതിയുടെ
ഭൎത്താ	നായകൻ
ജേതും	ജയിപ്പാൻ
അശക്യഃ	കഴിയപ്പെടാത്തവനാകുന്നു;
സംശയഃ ന.	സംശയംതന്നെയില്ല.

ദേവി ദേവമനുഷ്യേഷു ഗന്ധൎവ്വേഷു പതത്രിഷു
രാക്ഷസേഷു പിശാചേഷു കിന്നരേഷു മൃഗേഷു ച 11
ദാനവേഷു ച ഘോരേഷു ന സ വിദ്യേത ശോഭനേ
യോ രാമം പ്രതിയുദ്ധ്യേത സമരേ വാസവോപമം. 12

"ശോഭനേ!	"പുണ്യവതിയായ
ദേവി!	ദേവി!
വാസവോപമം	ഇന്ദ്രതുല്യനായ
രാമം,	ശ്രീരാഘവനെ,
സമരേ	പോരിൽ
യഃ	യാതൊരുവൻ
പ്രതിയുദ്ധ്യേത,	എതിൎത്തുനില്ക്കുമോ,
സഃ	അങ്ങിനെയുള്ളവൻ
ദേവമനുഷ്യേഷു	ദേവന്മാരിലും മനുഷ്യന്മാരിലും
ഗന്ധൎവ്വേഷു	ഗന്ധൎവ്വന്മാരിലും
പതത്രിഷു	പക്ഷികളിലും
രാക്ഷസേഷു	രാക്ഷസന്മാരിലും
പിശാചേഷു	പിശാചുക്കളിലും
കിന്നരേഷു	കിന്നരന്മാരിലും
മൃഗേഷു ച	മൃഗങ്ങളിലും
ഘോരേഷു	ഭയങ്കരന്മാരായ
ദാനവേഷു ച	ദാനവന്മാരിലും
വിദ്യേത ന.	ഉണ്ടാകയില്ല.

അവദ്ധ്യഃ സമരേ രാമോ നൈവം ത്വം വക്തുമൎഹസി
ന ത്വാമസ്മിൻ വനേ ഹാതുമുത്സഹേ രാഘവം വിനാ. 13

"സമരേ	"യുദ്ധത്തിൽ
രാമഃ	ശ്രീരാമൻ
അവദ്ധ്യഃ;	വധിക്കപ്പെടുവാൻ കഴിയാത്തവനാകുന്നു;
ത്വം	ഭവതി
ഏവം	ഇപ്രകാരം
വക്തും	പറയുന്നതു്
അൎഹസി ന;	യുക്തമല്ല;
രാഘവം വിനാ	ശ്രീരാഘവനില്ലാതെ
ത്വാം	ഭവതിയെ
അസ്മിൻ വനേ	ഈ കാട്ടിൽ
ഹാതും	തന്നെ വിട്ടേച്ചുപോകുന്നതിന്നു്
ന ഉത്സഹേ.	ഞാൻ ഒരുങ്ങുകയില്ല.

അനിവാൎയ്യം ബലം തസ്യ ബലൈൎബ്ബലവതാമപി
ത്രിഭിൎല്ലോകൈഃ സമുദ്യുക്തൈഃ സേശ്വരൈരപി സാമരൈഃ 14

"ബലവതാം	"അനവധി സേനകളോടുകൂടിയവരുടെ
ബലൈഃ അപി	സേനകളാലും,
സമുദ്യുക്തൈഃ	കോപ്പുകൂട്ടി പുറപ്പെട്ട
സാമരൈഃ	ദേവന്മാരടക്കവും
സേശ്വരൈഃ	ഈശ്വരന്മാരടക്കവുമുള്ള
ത്രിഭിഃ	മൂന്നു
ലോകൈഃ അപി	ലോകങ്ങളിലുള്ളവരാലും
തസ്യ	അദ്ദേഹത്തിന്റെ
ബലം	ശക്തി
അനിവാൎയ്യം.	തടുക്കപ്പെട്ടുവാൻ കഴിയാത്തതാകുന്നു.

ഹൃദയം നിൎവൃതം തേഽസ്തു സന്താപസ്ത്യജ്യതാമയം
ആഗമിഷ്യതി തേ ഭൎത്താ ശീഘ്രം ഹത്വാ മൃഗോത്തമം. 15

"തേ	"ഭവതിയുടെ
ഹൃദയം	മനസ്സ്
നിൎവൃതം	സ്വസ്ഥമായി
അസ്തു ;	ഭവിക്കട്ടെ ;
അയം സന്താപഃ	ഈ സന്താപം
ത്യജ്യതാം ;	ത്യജിക്കപ്പെടട്ടെ ;
തേ ഭൎത്താ	ഭവതിയുടെ നാഥൻ
മൃഗോത്തമം	ആ നല്ലമാനിനേയും
ഹത്വാ	ഹനിച്ച്
ശീഘ്രം	ഇപ്പോൾതന്നെ
ആഗമിഷ്യതി.	മടങ്ങിയെത്തുന്നതാണ്.

ന സ തസ്യ സ്വരോ വ്യക്തം മായയാ കേനചിത് കൃതഃ
ഗന്ധൎവ്വനഗരപ്രഖ്യാ മായാ സാ തസ്യ രക്ഷസഃ. 16

"സഃ സ്വരഃ	"ആ സ്വരം
വ്യക്തം	തീൎച്ചയായിട്ടും
തസ്യ	അദ്ദേഹത്തിന്റേതു്
ന ;	അല്ല ;
കേനചിത്	എവനോ ഒരുവനാൽ
മായയാ	മായയാൽ
കൃതഃ ;	ചെയ്യപ്പെട്ടതാണ് ;
രക്ഷസഃ	രാക്ഷസനായ
തസ്യ	അവന്റെ
സാ മായാ	ആ മായ
ഗന്ധൎവ്വനഗരപ്രഖ്യാ.	ഗന്ധൎവ്വനഗരംപോലെ വെറും തോന്നൽ മാത്രമാണ്.

ന്യാസഭൂതാഽസി വൈദേഹി ന്യസ്താ മയി മഹാത്മനാ
രാമേണ ത്വം വരാരോഹേ ന ത്വാം ത്യക്തുമിഹോത്സഹേ. 17

"വരാരോഹേ !	"സുകുമാരിയായ
വൈദേഹി !	ഹേ വൈദേഹി !
ത്വം	ഭവതി
മഹാത്മനാ	മഹാത്മാവായ
രാമേണ	ശ്രീരാമനാൽ
മയി	എന്റെകയ്യിൽ
ന്യസ്താ ന്യാസഭൂതാ അസി ;	ഏല്പിച്ചുതരപ്പെട്ടവളാകുന്നു ;
ഇഹ	ആകയാൽ
ത്വാം	ഭവതിയെ
ത്യക്തും	വിട്ടേച്ചുപോവാൻ
ന ഉത്സഹേ.	ഞാൻ ആളാകയില്ല.

കൃതവൈരാശ്ച കല്യാണി വയമേതൈൎന്നിശാചരൈഃ
ഖരസ്യ നിധനാദേവ ജനസ്ഥാനവധം പ്രതി. 18

"കല്യാണി!	"അല്ലയോ വൈദേഹി!	നിധനാത് ഏവ,	വധിച്ചകാരണത്താൽ തന്നെ,
വയം	നാം	ഏതൈഃ	ഈ
ജനസ്ഥാനവധം പ്രതി,	ജനസ്ഥാനത്തെ നശിപ്പിച്ചതിൽ,	നിശാചരൈഃ ച	രാക്ഷസക്കൂട്ടങ്ങളാൽ
ഖരസ്യ	ഖരനെ	കൃതവൈരാഃ.	പക കരുതപ്പെട്ടവരാണ്.

രാക്ഷസാ വിവിധാ വാചോ വിസൃജന്തി മഹാവനേ
ഹിംസാവിഹാരാ വൈദേഹി ന ചിന്തയിതുമൎഹസി· 19

"വൈദേഹി!	"വൈദേഹി!	വിവിധാഃ	പല
ഹിംസാവിഹാരാഃ	പരഹിംസ ചെയ്യുന്നവരായ	വാചഃ	ശബ്ദങ്ങളും
രാക്ഷസാഃ	രാക്ഷസന്മാർ,	വിസൃജന്തി;	ഉണ്ടാക്കാറുണ്ട്;
മഹാവനേ	വൻ കാട്ടിൽ	ചിന്തയിതും ന അൎഹസി."	ഭവതി വ്യാകുലപ്പെടേണ്ടതില്ല."

ലക്ഷ്മണേനൈവമുക്താ സാ ക്രുദ്ധാ സംരക്തലോചനാ
അബ്രവീത് പരുഷം വാക്യം ലക്ഷ്മണം സത്യവാദിനം. 20

സാ,	അവൾ,	സത്യവാദിനം,	വാസ്തവത്തെ ഉള്ളപോലെ പറയുന്നവനായ
ലക്ഷ്മണേന	ലക്ഷ്മണനാൽ	ലക്ഷ്മണം	ലക്ഷ്മണനെ നോക്കി
ഏവം	മേൽ പ്രകാരം	പരുഷം	രൂക്ഷമായ
ഉക്താ,	പറയപ്പെട്ടവളായി,	വാക്യം	വാക്യത്തെ
ക്രുദ്ധാ	കുപിതയായി	അബ്രവീത്,	പിൻവരുമാറ് അരുളിച്ചെയ്തു.
സംരക്തലോചനാ	കണ്ണുകൾ ചുവന്ന്,		

അനാൎയ്യ കൃപണാരംഭ നൃശംസ കുലപാംസന
അഹം തവ പ്രിയം മന്യേ രാമസ്യ വ്യസനം മഹത്. 21

"അനാൎയ്യ!	"അല്പബുദ്ധേ!	മഹത്	മഹത്തായ
കൃപണാരംഭ!	നീചകൃത്യം ചെയ്വാൻ തുനിയുന്നവനെ!	വ്യസനം,	ഈ ആപത്ത്,
നൃശംസ!	കഠിന ഹൃദയ!	തവ	നിനക്ക്
കുലപാംസന!	കുലദൂഷക!	പ്രിയം	ഇഷ്ടംതന്നെയെന്ന്
രാമസ്യ	ശ്രീരാമന്നു നേൎന്നിരിക്കുന്നതായ	അഹം	ഞാൻ
		മന്യേ.	കരുതുന്നു.

രാമസ്യ വ്യസനം ദൃഷ്ട്വാ തേനൈതാനി പ്രഭാഷസേ 22

"രാമസ്യ	"രാഘവന്റെ	ഏതാനി	ഇപ്രകാരമുള്ള വാക്കുകളെ
വ്യസനം	അത്യാപത്തിനെ	പ്രഭാഷസേ.	നീ പറഞ്ഞുകൊണ്ടിരിക്കുന്നു.
ദൃഷ്ട്വാ,	അറിഞ്ഞിരുന്നിട്ടും,		
തേന	അതിനാൽ		

നൈതച്ചിത്രം സപത്നേഷു പാപം ലക്ഷ്മണ യദ്ഭവേത്
ത്വദ്വിധേഷു നൃശംസേഷു നിത്യം പ്രച്ഛന്നചാരിഷു. 23

"ലക്ഷ്മണ!	"ലക്ഷ്മണ!	ത്വദ്വിധേഷു,	നിന്നെപ്പോലെയുള്ളവരിൽ,
നിത്യം	എല്ലാകാലത്തും	പാപം	ക്രൂരകൃത്യം
പ്രച്ഛന്നചാരിഷു	ഗൂഢദ്രോഹികളും	ഭവേത്	ഉണ്ടാകും
നൃശംസേഷു	നിർദ്ദയന്മാരും	യത് ഏതത്	എന്നുള്ള ഈ സംഗതി
സപത്നേഷു	വിരോധികളുമായ	ന ചിത്രം.	ആശ്ചര്യപ്പെടത്തക്കതല്ല.

സുദുഷ്ടസ്ത്വം വനേ രാമമേകമേകോऽനുഗച്ഛസി
മമ ഹേതോഃ പ്രതിച്ഛന്നഃ പ്രയുക്തോ ഭരതേന വാ 24

"സുദുഷ്ടഃ	"പരമദുഷ്ടനായ	പ്രയുക്തഃ	നിയമിക്കപ്പെട്ടവനായി[ട്ടോ, ആണ്
ത്വം	നീ	വനേ	കാട്ടിൽ
പ്രതിച്ഛന്നഃ	കപടബുദ്ധിയോടുകൂടി	ഏകം	അനുചരന്മാരാരുമില്ലാ[തെവന്ന
മമ ഹേതോഃ	എന്നെക്കരുതിത്തന്നെ	രാമം	ശ്രീരാമനെ
വാ	അഥവാ	ഏകഃ	ഏകനായി
ഭരതേന	ഭരതനാൽ[യൊ,	അനുഗച്ഛസി.	പിൻതുടരുന്നത്.

തന്ന സിദ്ധ്യതി സൌമിത്രേ തവാപി ഭരതസ്യ ച
കഥമിന്ദീവരശ്യാമം രാമം പദ്മനിഭേക്ഷണം. 25
ഉപസംശ്രിത്യ ഭർത്താരം കാമയേ പ്രാകൃതം ജനം. 26

"സൌമിത്രേ!	"സുമിത്രാത്മജ!	പദ്മനിഭേക്ഷണം	ചെന്താമരാക്ഷനുമായ
തവ അപി	നിന്റെയും	രാമം	ശ്രീരാഘവനെ
ഭരതസ്യ ച	ഭരതന്റെയും	ഭർത്താരം	ജീവനാഥനായി
തത്	ആ ഉദ്ദേശം	ഉപസംശ്രിത്യ,	പ്രാപിച്ചതിൽപിന്നെ,
ന സിദ്ധ്യതി;	സാധിക്കുകയില്ല;	പ്രാകൃതം ജനം	അല്പജനത്തെ
ഇന്ദീവരശ്യാമം	കുവലയദളശ്യാമളനും	കഥം കാമയേ?	ഞാൻ അഗ്രഹിക്കുമോ?

സമക്ഷം തവ സൌമിത്രേ പ്രാണാംസ്ത്യക്ഷ്യേ ന സംശയഃ
രാമം വിനാ ക്ഷണമപി ന ഹി ജീവാമി ഭൂതലേ. 27

" സൌമിത്രേ !	" സൌമിത്രേ !
തവ	നിന്റെ
സമക്ഷം	കണ്ണിന്നുമുമ്പിൽതന്നെ
പ്രാണാൻ	ജീവനെ
ത്യക്ഷ്യേ ;	ഞാൻ ഉപേക്ഷിക്കുന്നു
സംശയഃ ന ;	തീൎച്ചതന്നെ ; [ണ്ട് ;
രാമം വിനാ	ശ്രീരാമനെ വിട്ടുപിരിഞ്ഞു്
ക്ഷണം അപി	ഒരു നിമിഷംപോലും
ഭൂതലേ	ഭൂമിയിൽ
ന ഹി ജീവാമി."	ഞാൻ ജീവിച്ചിരിക്കുകയില്ല."

ഇത്യുക്തഃ പരുഷം വാക്യം സീതയാ രോമഹൎഷണം
അബ്രവീല്ലക്ഷ്മണഃ സീതാം പ്രാഞ്ജലിൎവ്വിജിതേന്ദ്രിയഃ. 28

സീതയാ	സീതാദേവിയാൽ
രോമഹൎഷണം	കോൾമയിർക്കൊള്ളിക്കുമാറ്
പരുഷം	കൎണ്ണകഠോരമായ
വാക്യം	വാക്യത്തെ
ഇതി	മേൽപ്രകാരം
ഉക്തഃ,	പറയപ്പെട്ടവനും.
വിജിതേന്ദ്രിയഃ	വശീകൃത മനസ്കനുമായ
ലക്ഷ്മണഃ	ലക്ഷ്മണൻ
സീതാം	സീതാദേവിയെനോക്കി
പ്രാഞ്ജലിഃ	അഞ്ജലികൂപ്പിക്കൊണ്ട്
അബ്രവീത്.	പിൻവരുമാറു് മറുപടിയരുളി.

ഉത്തരം നോത്സഹേ വക്തും ദൈവതം ഭവതീ മമ
വാക്യമപ്രതിരൂപം തു ന ചിത്രം സ്ത്രീഷു മൈഥിലി. 29

" ഭവതി	" ഭവതി
മമ	എനിക്കു
ദൈവതം ;	ദൈവമാണു് ;
ഉത്തരം വക്തും	മറുത്തുപറയുന്നതിന്നു്
ന ഉത്സഹേ ;	ഞാൻ ആളല്ല ;
മൈഥിലി !	വൈദേഹി !
സ്ത്രീഷു തു	സ്ത്രീകളിലാവട്ടെ
അപ്രതിരൂപം	ഉചിതമല്ലാത്ത
വാക്യം	വാക്കു് എന്നുള്ളതു്
ന ചിത്രം.	അത്ഭുതപ്പെടത്തക്ക ഒന്നല്ല.

സ്വഭാവസ്ത്വേഷ നാരീണാമേവം ലോകേഷു ദൃശ്യതേ
വിമുക്തധൎമ്മാശ്ചപലാസ്തീക്ഷ്ണാ ഭേദകരാഃ സ്ത്രിയഃ 30

" ലോകേഷു	" ലോകങ്ങളിൽ
ഏവം	ഇപ്രകാരമുള്ള
ഏഷഃ സ്വഭാവഃ തു	ഈ മനോവൃത്തിതന്നെയാണു്,
നാരീണാം	സ്ത്രീകൾക്കു്
ദൃശ്യതേ ;	കാണപ്പെടുന്നതു് ;
സ്ത്രിയഃ	സ്ത്രീകൾ
വിമുക്തധൎമ്മാഃ ;	ധൎമ്മംവിട്ടുനടക്കുന്നവർ
ചപലാഃ ;	ചപലകൾ ;
തീക്ഷ്ണാഃ ;	കഠിനഹൃദയകൾ ;
ഭേദകരാഃ.	ഛിദ്രമുണ്ടാക്കുന്നവർ.

ന സഹേ ഹീദൃശം വാക്യം വൈദേഹി ജനകാത്മജേ
ശ്രോത്രയോരുഭയോൎമ്മേഽദ്യ തപ്തനാരാചസന്നിഭം. 31

" വൈദേഹി !	" വൈദേഹി !
ജനകാത്മജേ !	ജാനകി !
അദ്യ	ഇപ്പോൾ
മേ ഉഭയോഃ	എന്റെ രണ്ടു
ശ്രോത്രയോഃ,	ചെവികൾക്കും
തപ്തനാരാചസന്നിഭം	ചുട്ടുപഴുപ്പിച്ച എഴുത്താണിക്കു തുല്യമായ
ഈദൃശം	ഈവിധത്തിലുള്ള
വാക്യം	വാക്യത്തെ
ന സഹേ ഹി.	ഞാൻ സഹിക്കുകയില്ല.

ഉപശൃണ്വന്തു മേ സൎവ്വേ സാക്ഷിഭൂതാ വനേചരാഃ
ന്യായവാദീ യഥാഽന്യായമുക്തോഽഹം പരുഷം ത്വയാ. 32

"ന്യായവാദീ	"ന്യായമായി പറയുന്ന വനായ	ഉക്തഃ	അരുൾചെയ്യപ്പെട്ടു,
		യഥാ,	എന്നുള്ളതു,
അഹം	ഞാൻ	വനേചരാഃ	വനവാസികൾ
ത്വയാ	ഭവതിയാൽ	സൎവ്വേ,	എല്ലാവരും
അന്യായം	അന്യായമായി	മേ	എനിക്കു
പരുഷം	കൎണ്ണകഠോരമായ വാക്യം	സാക്ഷിഭൂതാഃ	സാക്ഷികളായി
		ഉപശൃണ്വന്തു.	കേട്ടുകൊള്ളട്ടെ.

ധിക് ത്വാമദ്യ പ്രണശ്യ ത്വം യന്മാമേവം വിശങ്കസേ
സ്ത്രീത്വാദ്ദുഷ്ടസ്വഭാവേന ഗുരുവാക്യേ വ്യവസ്ഥിതം. 33

"ധിക് ത്വാം!	"ഭവതിയ്ക്കു കഷ്ടപ്പാടു	ദുഷ്ടസ്വഭാവേന	ദുഷ്ടസ്വഭാവത്താൽ
അദ്യ	ഇപ്പോൾ [തന്നെ!	ഏവം	ഇങ്ങിനെയെല്ലാം
ഗുരുവാക്യേ	ജ്യേഷ്ഠന്റെ കല്പനയിൽ	വിശങ്കസേ	സംശയിക്കുന്നു
		യത്	എന്നുള്ളതുകൊണ്ടു്,
വ്യവസ്ഥിതം	വൎത്തിക്കുന്നവനായ	ത്വം	ഭവതി
മാം	എന്നെ	പ്രണശ്യ.	എനിക്കു് കണ്ണിൽ കാണാതാകേണം
സ്ത്രീത്വാത്	സ്ത്രീസഹജമായ		

["ഞാൻ ഇങ്ങിനെ ഇവിടെ നില്ക്കുന്നതുകൊണ്ടാണല്ലൊ, നിന്തിരുവടി എന്നെ ഇപ്രകാരമെല്ലാം ശങ്കിക്കുന്നതു്. അതിനാൽ എന്റെ കണ്ണിൽ ഭവതിയെ കാണാതെയാകട്ടെ. എന്നാൽ സംശയത്തിന്നു വഴിയില്ലല്ലൊ." എന്നു താല്പൎയ്യം.]

ഗമിഷ്യേ യത്ര കാകുത്സ്ഥഃ സ്വസ്തി തേഽസ്തു വരാനനേ
രക്ഷന്തു ത്വാം വിശാലാക്ഷി സമഗ്രാ വനദേവതാഃ. 34

"കാകുത്സ്ഥഃ	"ശ്രീരാഘവൻ	അസ്തു!	ഉണ്ടാകട്ടെ!
യത്ര	എവിടേയൊ അവിടേ	വിശാലാക്ഷി!	ഹേ വിശാലാക്ഷി!
ഗമിഷ്യേ;	ഞാൻ പോകുന്നു; [ക്കു്	വനദേവതാഃ	വനദേവതകൾ
വരാനനേ!	ശുഭാനനേ!	സമഗ്രാഃ	എല്ലാവരും
തേ	ഭവതിയ്ക്കു്	ത്വാം	ഭവതിയെ
സ്വസ്തി	ക്ഷേമം	രക്ഷന്തു!	കാത്തുകൊള്ളട്ടെ!

നിമിത്താനി ഹി ഘോരാണി യാനി പ്രാദുൎഭവന്തി മേ
അപി ത്വാം സഹ രാമേണ പശ്യേയം പുനരാഗതഃ 35

"ഘോരാണി	"ഭയങ്കരങ്ങളായ	രാമേണ സഹ	ശ്രീരാമനോടു കൂടി
നിമിത്താനി	അപശകുനങ്ങൾ	പുനഃ ആഗതഃ	മടങ്ങിയെത്തിയവനാ
യാനി ഹി	യാതൊരുവയോ അവ	ത്വാം	ഭവതിയെ [യി
മേ	എനിക്കു് [യെല്ലാം	പശ്യേയം	ഞാൻ കാണ്മാനിടവ
പ്രാദുൎഭവന്തി;	അനുഭവപ്പെടുന്നു;	അപി!"	രേണമേ ദൈവമേ!"

ലക്ഷ്മണേനൈവമുക്താ സാ രുദന്തീ ജനകാത്മജാ
പ്രത്യുവാച തതോ വാക്യം തീവ്രം ബാഷ്പപരിപ്ലുതാ. 36

ലക്ഷ്മണേന	ലക്ഷ്മണനാൽ	ബാഷ്പപരിപ്ലുതാ	കണ്ണുനീരൊഴുക്കി
ഏവം	ഇപ്രകാരം	രുദന്തീ	കേണുകൊണ്ട്
ഉക്താ	പറയപ്പെട്ട	തീവ്രം വാക്യം	ദൃഢമായ വാക്യത്തെ
ജനകാത്മജാ	ജനകപുത്രിയായ	തതഃ	ആ സമയം
സാ	അവൾ	പ്രത്യുവാച.	അരുളിച്ചെയ്തു.

ഗോദാവരീം പ്രവേക്ഷ്യാമി വിനാ രാമേണ ലക്ഷ്മണ
ആബന്ധിഷ്യേऽഥവാ ത്യക്ഷ്യേ വിഷമേ ദേഹമാത്മനഃ 37

ലക്ഷ്മണ!	ലക്ഷ്മണ!	ത്യക്ഷ്യേ;	ഞാൻ ത്യജിച്ചുകളയും;
രാമേണ വിനാ	ശ്രീരാമനെ പിരിഞ്ഞിരിക്കുന്ന	ഗോദാവരീം	ഗോദാവരീ നദിയിൽ
		പ്രവേക്ഷ്യാമി;	വീണുകളയും;
വിഷമേ,	കഷ്ടസ്ഥിതിയിൽ,	അഥവാ	അല്ലെങ്കിൽ
ആത്മനഃ ദേഹം	എന്റെ ശരീരത്തെ	ആബന്ധിഷ്യേ.	തൂങ്ങിമരിക്കും.

പിബാമി വാ വിഷം തീക്ഷ്ണം പ്രവേക്ഷ്യാമി ഹുതാശനം
ന ത്വഹം രാഘവാദന്യം പദാപി പുരുഷം സ്പൃശേ. 38

"തീക്ഷ്ണം	"ഘോരമായ	അഹം തു	ഞാൻ നിശ്ചയമായും
വിഷം പിബാമി;	വിഷത്തെ ഞാൻ കുടിക്കും;	രാഘവാത് അന്യം പുരുഷം	രാഘവനല്ലാതെ വേറൊരു പുരുഷനെ
വാ	അല്ലെന്നാൽ	പദാ അപി	കാൽകൊണ്ടുകൂടി
ഹുതാശനം	അഗ്നിയിൽ	ന സ്പൃശേ."	തൊടുകയില്ല."
പ്രവേക്ഷ്യാമി;	പ്രവേശിക്കും;		

ഇതി ലക്ഷ്മണമാക്രുശ്യ സീതാ ദുഃഖസമന്വിതാ
പാണിഭ്യാം രുദതീ ദുഃഖാദുദരം പ്രജഘാന ഹ. 39

സീതാ	സീതാദേവി	രുദതീ,	കേഴുന്നവളായി,
ദുഃഖസമന്വിതാ	ദുഃഖാൎത്തയായി	പാണിഭ്യാം	ഇരുകൈകൾകൊണ്ടും
ലക്ഷ്മണം	ലക്ഷ്മണനോട്	ഉദരം	വയററിൽ
ഇതി ആക്രുശ്യ,	ഇങ്ങിനെ ഉരത്തുപറഞ്ഞ്	ഹ	ബലമായി
ദുഃഖാത്	അതുൽമൂലം	പ്രജഘാന.	അടികൂടി.

താമാൎത്തരൂപാം വിമനാ രുദന്തീം സൌമിത്രിരാലക്ഷ്യ വിശാലനേത്രാം
ആശ്വാസയാമാസ ന ചൈവ ഭൎത്തുസ്തം ഭ്രാതരം കിഞ്ചിദുവാച സീതാ.

സൌമിത്രിഃ	ലക്ഷ്മണൻ	വിമനാഃ	ദുഃഖംപൂണ്ടവനായി
വിശാലനേത്രാം	വിശാലാക്ഷിയായ	ആശ്വാസയാമാസ;	സമാശ്വസിപ്പിച്ചു;
താം	അവളെ	സീതാ ച	സീതയാവട്ടെ
ആൎത്തരൂപാം,	അത്യധികം ദുഃഖിക്കുന്നവളായും,	ഭൎത്തുഃ തം ഭ്രാതരം	ആ ഭൎത്തൃസഹോദരനെ നോക്കി
രുദന്തീം	കരഞ്ഞുകൊണ്ടിരിക്കുന്നവളായും	കിഞ്ചിത്	യാതൊന്നും
ആലക്ഷ്യ,	കണ്ട്,	ഉവാച ന ഏവ.	അരുളിച്ചെയ്തതേയില്ല.

തതസ്തു സീതാമഭിവാദ്യ ലക്ഷ്മണഃ
കൃതാഞ്ജലിഃ കിഞ്ചിദഭിപ്രണമ്യ ച
അന്വീക്ഷമാണോ ബഹുശശ്ച മൈഥിലീം
ജഗാമ രാമസ്യ സമീപമാത്മവാൻ. 41

തതഃ	അനന്തരം	അഭിപ്രണമ്യ ച,	തലകുനിച്ചു് നമസ്കരിച്ചശേഷം,
ലക്ഷ്മണഃ	ലക്ഷ്മണൻ	മൈഥിലീം	മിഥിലാത്മജയെ
ആത്മവാൻ,	ധൈര്യംകൈക്കൊണ്ടവനായി	ബഹുശഃ ച	പലപ്രാവശ്യവും
സീതാം	സീതാദേവിയെ	അന്വീക്ഷമാണഃ	തിരിഞ്ഞുനോക്കിക്കൊണ്ടുതന്നെ
കൃതാഞ്ജലിഃ	കൂപ്പുകൈയോടെ	രാമസ്യ സമീപം	ശ്രീരാമസന്നിധിയിലേക്കു്
അഭിവാദ്യ	അഭിവാദനംചെയ്തു്,	ജഗാമ.	പുറപ്പെട്ടു.
കിഞ്ചിത് തു	(പരിഭവംമൂലം) അല്പമൊന്നു്		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
പഞ്ചചത്വാരിംശഃ സർഗ്ഗഃ = നാല്പത്തഞ്ചാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 8223; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1511.

ഷട്ചത്വാരിംശഃ സർഗ്ഗഃ = നാല്പത്താറാം സർഗ്ഗം.

[ആശ്രമേ രാവണാഗമനം = ആശ്രമത്തിൽ രാവണൻ വരുന്നതു്.]

തയാ പരുഷമുക്തസ്തു കുപിതോ രാഘവാനുജഃ
സ വികാംക്ഷൻ ഭൃശം രാമം പ്രതസ്ഥേ ന ചിരാദിവ. 1

തയാ	സീതാദേവിയാൽ	രാമം തു	ശ്രീരാമനെക്കാണ്മാ
പരുഷം	ക്രൂരവാക്ക്	ഭൃശം	അതിയായ [ന്മ
ഉക്തഃ	പറയപ്പെട്ടവനായ	വികാംക്ഷൻ	ഉൽക്കണ്ഠയോടുകൂടിയവനായി,
സഃ രാഘവാനുജഃ,	ആ ലക്ഷ്മണൻ,	ന ചിരാത് ഇവ	താമസിയാതെതന്നെ
കുപിതഃ,	കോപമുൾക്കൊണ്ടവനായി,	പ്രതസ്ഥേ.	പുറപ്പെട്ടു.

തദാസാദ്യ ദശഗ്രീവഃ ക്ഷിപ്രമന്തരമാസ്ഥിതഃ
അഭിചക്രാമ വൈദേഹീം പരിവ്രാജകരൂപധൃത്. 2

അന്തരം ആസ്ഥിതഃ	തക്കസമയം ലഭിച്ച	ക്ഷിപ്രം	ഉടൻതന്നെ
ദശഗ്രീവഃ,	ദശാസ്യൻ,	പരിവ്രാജകരൂപധൃത്	സന്ന്യാസിവേഷം ധരിച്ചവനായ്
തത്	അത് (ലക്ഷ്മണൻ പോ[യതു്)	വൈദേഹീം	വിദേഹാത്മജയുടെ അ[ടുക്കലേക്ക്
ആസാദ്യ,	കണ്ട്	അഭിചക്രാമ.	പുറപ്പെട്ടു.

ശ്ലക്ഷ്ണകാഷായസംവീതഃ ശിഖീ ഛത്രീ ഉപാനഹീ
വാമേ ചാംസേऽവസജ്യാഥ ശുഭേ യഷ്ടികമണ്ഡലൂ,
പരിവ്രാജകരൂപേണ വൈദേഹീം സമുപാഗമത്. 3

ശ്ലക്ഷ്ണ- കാഷായ- സംവീതഃ	നല്ല കാഷായവസ്ത്രമുടുത്തു്
ശിഖീ	ജടാധാരിയായി
ഛത്രീ	കുടപിടിച്ചു്
ഉപാനഹീ,	മെതിയടിയിട്ടു്,
വാമേ അംസേ	ഇടത്തെ ചുമലിൽ
ശുഭേ	മനോഹരമായ
യഷ്ടികമണ്ഡലൂ	ദണ്ഡും കമണ്ഡലുവും
അവസജ്യ ച,	വെച്ചുകൊണ്ടു്,
പരിവ്രാജക- രൂപേണ,	സന്യാസിവേഷത്തോടെ,
വൈദേഹീം അഥ	വൈദേഹിയെ നോക്കി
സമുപാഗമത്.	ചെന്നു.

താമാസസാദാതിബലോ ഭ്രാതൃഭ്യാം രഹിതാം വനേ
രഹിതാം ചന്ദ്രസൂൎയ്യാഭ്യാം സന്ധ്യാമിവ മഹത്തമഃ 4

ചന്ദ്രസൂൎയ്യാഭ്യാം രഹിതാം	ചന്ദ്രസൂൎയ്യന്മാരോടു കൂടാത്ത
സന്ധ്യാം	സന്ധ്യയെ
മഹത് തമഃ	കൂരിരുട്ടു്
ഇവ,	എപ്രകാരമോ അപ്രകാരംതന്നെ,
വനേ	കാട്ടിൽ
ഭ്രാതൃഭ്യാം രഹിതാം	സഹോദരന്മാരിരുവരേയും വിട്ടുപിരിഞ്ഞിരുന്ന
താം	അവളെ
അതിബലഃ	അതിബലവാനായ [അവൻ]
ആസസാദ.	സമീപിച്ചു.

താമപശ്യത്തതോ ബാലാം രാമപത്നീം യശസ്വിനീം
രോഹിണീം ശശിനാ ഹീനാം ഗ്രഹവദ് ഭൃശദാരുണഃ 5

ഭൃശദാരുണഃ	അതിഭയങ്കരനായ അവൻ
യശസ്വിനീം	യശസ്സാൎന്നവളും
രാമപത്നീം	ശ്രീരാമപത്നിയും
ബാലാം	കപടമെന്നതറിയാത്ത വളുമായ
താം	അവളെ,
തതഃ	അവിടെ,
ശശിനാ ഹീനാം	ചന്ദ്രനെ പിരിഞ്ഞ
രോഹിണീം	രോഹിണിയെ
ഗ്രഹവത്,	പാപഗ്രഹമെന്നപോലെ,
അപശ്യത്.	വീക്ഷിച്ചു.

തമുഗ്രം പാപകൎമ്മാണം ജനസ്ഥാനരുഹാ ദ്രുമാഃ
സമീക്ഷ്യ ന പ്രകമ്പന്തേ ന പ്രവാതി ച മാരുതഃ 6

ഉഗ്രം	കഠിനമായ
പാപകൎമ്മാണം	പാപകൎമ്മം ചെയ്യുന്ന
തം സമീക്ഷ്യ,	അവനെ കണ്ടു്,
ജനസ്ഥാന- രുഹാഃ	ജനസ്ഥാനത്തിലുണ്ടായിരുന്ന
ദ്രുമാഃ	മരങ്ങൾ
പ്രകമ്പന്തേ ന;	ചലിക്കുന്നില്ല;
മാരുതഃ ച	കാററും
ന പ്രവാതി.	ഇളകുന്നില്ല.

ശീഘ്രസ്രോതാശ്ച തം ദൃഷ്ട്വാ വീക്ഷന്തം രക്തലോചനം
സ്തിമിതം ഗന്തുമാരേഭേ ഭയാദ്ഗോദാവരീ നദീ. 7

ശീഘ്രസ്രോതാഃ	ഒഴുക്കേറിയ	തം	അവനെ
ഗോദാവരീ	ഗോദാവരി	ദൃഷ്ട്വാ,	കണ്ട്,
നദീ ച,	നദിയും,	ഭയാത്	പേടിച്ച്,
രക്തലോചനം	കൺ ചുവപ്പിച്ച്	സ്തിമിതം	മന്ദമായി
വീക്ഷന്തം	ഉരുട്ടിമിഴിക്കുന്ന	ഗന്തും ആരേഭേ.	ഒഴുകിത്തുടങ്ങി.

രാമസ്യ ത്വന്തരപ്രേപ്സുർദശഗ്രീവസ്തദന്തരേ
ഉപതസ്ഥേ ച വൈദേഹീം ഭിക്ഷുരൂപേണ രാവണഃ 8

രാമസ്യ തു	ശ്രീരാമനുതന്നെ	ഭിക്ഷുരൂപേണ	സന്യാസിവേഷത്തോടെ
അന്തരപ്രേപ്സുഃ	ദോഷം ചെയ്വാൻ നിശ്ചയിച്ച	തദന്തരേ	ആ സമയം
ദശഗ്രീവഃ	ദശകണ്ഠനായ	വൈദേഹീം ച	വൈദേഹിക്കായി
രാവണഃ,	രാവണൻ,	ഉപതസ്ഥേ.	കാത്തുനിന്നു.

["രാമസ്യ അന്തരപ്രേപ്സുഃ" (രാമനില്ലാത്ത തക്കം നോക്കിനിന്നിരുന്ന), എന്നും]

അഭവ്യോ ഭവ്യരൂപേണ ഭർത്താരമനുശോചതീം
അഭ്യവർത്തത വൈദേഹീം ചിത്രാമിവ ശനൈശ്ചരഃ. 9

അഭവ്യഃ	അന്യായകർമ്മം ചെയ്യാനുറച്ച അവൻ	ഭർത്താരം	ഭർത്താവിനെ
ഭവ്യരൂപേണ,	സൌമ്യമായ രൂപം കയ്ക്കൊണ്ടവനായി,	അനുശോചതീം	ചിന്തിച്ചു ദുഃഖിക്കുന്നവളുമായ
ചിത്രാം ഇവ,	ചിത്രാനക്ഷത്രത്തെപ്പോലെ ഏകയായി ശോഭിച്ചുകൊണ്ടിരിക്കുന്നവളും,	വൈദേഹീം,	വൈദേഹിയെ,
		ശനൈശ്ചരഃ	മെല്ലെമെല്ലെപതുങ്ങിക്കൊണ്ട്
		അഭ്യവർത്തത.	അടുത്തു.

["ചിത്രാനക്ഷത്രത്തെ പാപഗ്രഹമായ ശനി എന്നപോലെ", എന്നും വ്യക്തം. ചിത്ര ആകാശത്തിൽ നമ്മുത്തുപോലെ ഒററയായി വിളങ്ങുന്ന നക്ഷത്രമാകയാൽ, ഏകാകിനിയായ സീതയോടുപമിച്ചിരിക്കുന്നു. "ചിത്രാ മൌക്തികസമകം" എന്നു നക്ഷത്രചൂഡാമണി. "ഏകമൌക്തികസമുജ്ജ്വലപ്രഭ ത്വഷ്ടൃദേവതാ ഖമദ്ധ്യഗേ" എന്ന് കാളിദാസൻ-(ത്വഷ്ടാവ്, ചിത്രാനക്ഷത്രദേവതയാകുന്നു). "പതിമ്മൂന്നു നക്ഷത്രം മുമ്പും പതിമ്മൂന്നു നക്ഷത്രം പിന്നിലുമായി നടുവിൽ ഒററയായിനില്ക്കുന്ന ചിത്ര" എന്ന് (പി. എസ്സ്. കൃ) ശനി ചിത്രയെ അടുക്കുന്ന സമയം ഉച്ചസ്ഥാനത്തെ പ്രാപിക്കാറായിരിക്കുന്നു എന്നും ദ്യോത്യം. "ചിത്രാം" (ചിത്രയതി, സർവ്വഗുണൈഃ ശോഭതേ, ഇതി ചിത്രാ.) എന്നും സീതയ്ക്കു വിശേഷണം.]

സ പാപോ ഭവ്യരൂപേണ തൃണൈഃ കൂപ ഇവാവൃതഃ
അതിഷ്ഠത് പ്രേക്ഷ്യ വൈദേഹീം രാമപത്നീം യശസ്വിനീം. 10

ഭവ്യരൂപേണ,	ശിഷ്ടൻെറ വടിവു കൈക്കൊണ്ടു്,
തൃണൈഃ	പുല്ലുകളാൽ
ആവൃതഃ	മൂടപ്പെട്ട
കൂപഃ ഇവ	പൊട്ടക്കിണറുപോലെ യുള്ളവനായ
സഃ പാപഃ,	ആ ദുഷ്ടൻ,
യശസ്വിനീം	കീൎത്തിമതിയും
രാമപത്നീം	ശ്രീരാമപത്നിയും ആയ
വൈദേഹീം	വൈദേഹിയെ
പ്രേക്ഷ്യ	കണ്ടു്
അതിഷ്ഠത്.	ഭ്രമിച്ചുനിന്നുപോയി.

ശുഭാം രുചിരദന്തോഷ്ഠീം പൂൎണ്ണചന്ദ്രനിഭാനനാം
ആസീനാം പൎണ്ണശാലായാം ബാഷ്പശോകാഭിപീഡിതാം 11
സ താം പദ്മപലാശാക്ഷീം പീതകൌശേയവാസിനീം
അഭ്യഗച്ഛത വൈദേഹീം ദുഷ്ടചേതാ നിശാചരഃ. 12

രുചിരദന്തോഷ്ഠീം,	മനോഹരമായ ദന്തങ്ങളും അധരങ്ങളും ഉള്ളവളും,
പൂൎണ്ണചന്ദ്രനിഭാനനാം,	പൂൎണ്ണചന്ദ്രമുഖിയും
പദ്മപലാശാക്ഷീം,	ചെന്താർദളനേത്രയും
പീതകൌശേയവാസിനീം,	മഞ്ഞപ്പുമ്പട്ടുടുത്തവളും
ബാഷ്പശോകാഭിപീഡിതാം	അശ്രുക്കൾ പൊഴിച്ചു്, ശോകത്താൽ പരിതപിക്കുന്നവളും,
ശുഭാം,	അഴകേറിയവളും,
പൎണ്ണശാലായാം	പൎണ്ണശാലയിൽ
ആസീനാം	ഏകയായി മേവുന്നവളുമായ
താം	ആ
വൈദേഹീം,	വൈദേഹിയെ,
സഃ	ആ
ദുഷ്ടചേതാഃ	ദുർബുദ്ധിയായ
നിശാചരഃ	രാക്ഷസൻ
അഭ്യഗച്ഛത.	അടുത്തു.

സ മന്മഥശരാവിഷ്ടോ ബ്രഹ്മഘോഷമുദീരയൻ
അബ്രവീത് പ്രശ്രിതം വാക്യം രഹിതേ രാക്ഷസാധിപഃ 13
താമുത്തമാം സ്ത്രിയം ലോകേ പദ്മഹീനാമിവ ശ്രിയം
വിഭ്രാജമാനാം വപുഷാ രാവണഃ പ്രശശംസ ഹ. 14

മന്മഥശരാവിഷ്ടഃ	കാമബാണങ്ങളേററ
സഃ	ആ
രാക്ഷസാധിപഃ	രാക്ഷസരാജാവായ
രാവണഃ,	രാവണൻ,
താം,	അവളെ,
ലോകേ	ലോകത്തിൽവെച്ചു്
ഉത്തമാം	സൎവ്വോത്തമയായ
സ്ത്രിയം,	സ്ത്രീരത്നമെന്നും,
പദ്മഹീനാം	ചെന്താമരപ്പൂവിനെ വിട്ടുവന്നിരിക്കുന്ന
ശ്രിയം ഇവ	മഹാലക്ഷ്മിയെപ്പോലെയിരിക്കുന്നവളായി
വപുഷാ	ലാവണ്യാതിശയത്താൽ
വിഭ്രാജമാനാം	പരിശോഭിക്കുന്നവളായും
പ്രശശംസ ഹ;	ഒത്തു് കൊണ്ടാടി;
ബ്രഹ്മഘോഷം	വേദോച്ചാരണം
ഉദീരയൻ,	ചെയ്തുകൊണ്ടിരിക്കുന്ന അവൻ,
രഹിതേ	ഏകാന്തത്തിൽ,
പ്രശ്രിതം	പരിഷ്കാരരീതിയിൽ
വാക്യം അബ്രവീത്.	ഇങ്ങിനെ പറവാൻ തുടങ്ങി.

കാ ത്വം കാഞ്ചനവർണ്ണാഭേ പീതകൌശേയവാസിനി
കമലാനാം ശുഭാം മാലാം പത്മിനീവ ഹി ബിഭ്രതീ. 15

കാഞ്ചന- വർണ്ണാഭേ!	"പൊൻനിറംപൂണ്ട വളേ!	ശുഭാം	ഭംഗിയേറിയ
പീത- കൌശേയ- വാസിനി!	മഞ്ഞപ്പട്ടുടുത്ത വളേ!	മാലാം	ശ്രേണിയെ
		ബിഭ്രതീ	വഹിക്കുന്ന
		പത്മിനീ ഇവ	താമരപ്പൊയ്കപോലെ യിരിക്കുന്നവളായ
കമലാനാം	താമരപ്പൂക്കളുടെ	ത്വം കാ ഹി?	നീ ആരാണാവോ?

ഹ്രീഃ ശ്രീഃ കീർത്തിഃ ശുഭാ ലക്ഷ്മീരപ്സരാ വാ ശുഭാനനേ
ഭൂമിർവ്വാ ത്വം വരാരോഹേ രതിർവ്വാ സ്വൈരചാരിണീ. 16

"ശുഭാനനേ!	"ഹേ സുന്ദരിയായ	കീർത്തിഃ വാ?	ഇന്ദ്രാണിയോ?
വരാരോഹേ!	സ്ത്രീരത്നമേ!	ശുഭാ	നന്മയുളവാക്കുന്ന
ത്വം	നീ	ലക്ഷ്മീഃ?	മലർമങ്കയോ?
സ്വൈര- ചാരിണീ	സ്വതന്ത്രയായി വിഹ രിക്കുന്ന	അപ്സരാഃ?	അപ്സരസ്ത്രീയോ?
		ഭൂമിഃ?	ഭൂമിദേവിയോ?
ഹ്രീഃ വാ?	മലമകളോ?		
ശ്രീഃ?	സരസ്വതിയോ?	രതിഃ വാ?	അല്ല രതീദേവിയോ?

["ശ്രീഃ", (ശ്രീർവ്വേശരചനാ ശോഭാ സംപത്സംശാലിഷു, വാണീ ലക്ഷ്മീലവംഗേഷു വിഷേ ബില്വേഫ്യമതിഷു- എന്ന് നാനാർത്ഥരത്നമാലാ.) "ഹ്രീഃ, ഭൂദേവി എന്ന് ഗൊ. രാ. "ഹ്രീശ്ച ലക്ഷ്മീശ്ച തേ പത്ന്യൌ" എന്ന ശ്രുതി. "കീർത്തിഃ" ദക്ഷപ്രജാപതിയുടെ പുത്രിയും ധർമ്മരാജാവിന്റെ ഭാര്യയുമാണെന്ന് ഭാരതം ആദിപർവ്വം 67-ാം അദ്ധ്യായത്തിൽ പറയുന്നു. "നാമതോ ധർമ്മപത്ന്യസ്താഃ കീർത്ത്യമാനാ നിബോധമേ. കീർത്തിർല്ലക്ഷ്മീർധൃതിർമ്മേധാ പുഷ്ടിഃ ശ്രദ്ധാ ക്രിയാ തഥാ."]

സമാഃ ശിഖരിണഃ സ്നിഗ്ദ്ധാഃ പാണ്ഡുരാ ദശനാസ്തവ
വിശാലേ വിമലേ നേത്രേ രക്താന്തേ കൃഷ്ണതാരകേ. 17

"തവ ദശനാഃ	"നിന്റെ ദന്തങ്ങൾ	നേത്രേ	രണ്ടു നേത്രങ്ങളും
സമാഃ	ഒപ്പത്തിൽ	രക്താന്തേ	അററം ചുകന്ന്
ശിഖരിണഃ	വരിയൊത്ത്	കൃഷ്ണതാരകേ	മിഴി കറുത്തവയായി
പാണ്ഡുരാഃ,	വെളുവെളുത്തവയായി	വിശാലേ	വിശാലങ്ങളായി
സ്നിഗ്ദ്ധാഃ,	മനോഹരങ്ങളായിരി ക്കുന്നു;	വിമലേ.	നിർമ്മലങ്ങളായുമിരി ക്കുന്നു.

വിശാലം ജഘനം പീനമൂരൂ കരികരോപമൌ. 18

"ജഘനം	"പിൻഭാഗം	ഊരൂ	തുടകൾരണ്ടും
വിശാലം	പരന്ന്	കരികരോപമൌ.	തുമ്പിക്കയ്യൊത്തവയു മായിരിക്കുന്നു.
പീനം,	തടിച്ചതും,		

ഏതാവുപചിതൌ വൃത്തൌ സഹിതൌ സംപ്രവല്ഗിതൌ
പീനോന്നതമുഖൌ കാന്തൌ സ്നിഗ്ദ്ധൌ താലഫലോപമൌ 19
മണിപ്രവേകാഭരണൌ രുചിരൌ തേ പയോധരൌ 20

" തേ	" നിന്റെ	പീനോന്നതമുഖൌ	കൊഴുത്തുയൎന്ന കണ്ണുകളോടുകൂടിയവയായി
ഏതൌ	ഈ	കാന്തൌ	ചിത്തത്തെ അപഹരിക്കുന്നവയായി
പയോധരൌ	സ്തനങ്ങൾരണ്ടും	താലഫലോപമൌ	പനമ്പഴങ്ങൾപോലെ
ഉപചിതൌ	തടിച്ചുരുണ്ടു്	രുചിരൌ,	ഉല്ലസിക്കുന്നവയായി,
വൃത്തൌ	വൃത്തമൊത്തു്	മണിപ്രവേകാഭരണൌ	ഉത്തമരത്നങ്ങളാലലങ്കരിക്കപ്പെട്ടവയായി
സഹിതൌ	ഇടതിങ്ങി	സ്നിഗ്ദ്ധൌ.	പരിശോഭിക്കുന്നു.
സംപ്രവല്ഗിതൌ	തുളുമ്പുന്നവയായി		

ചാരുസ്മിതേ ചാരുദതി ചാരുനേത്രേ വിലാസിനി
മനോ ഹരസി മേ രാമേ നദീ കൂലമിവാംഭസാ 21

" ചാരുസ്മിതേ!	" മനോഹരമായ പുഞ്ചിരിയാൎന്നവളെ !	നദീ	ഒരു നദി
ചാരുദതി!	ചാരുദന്തങ്ങളാൎന്നവളെ !	കൂലം	അതിന്റെ കരയെ
ചാരുനേത്രേ!	ചാരുനേത്രേ !	അംഭസാ	പ്രവാഹത്താൽ
രാമേ	സുന്ദരിയായ	ഇവ	എന്നപോലെ
വിലാസിനി!	നാരീരത്നമേ !	മേ	എന്റെ
		മനഃ	ചിത്തത്തെ
		ഹരസി.	നീ അപഹരിക്കുന്നു.

[" അരാമേ ", (രാമൻ അടുത്തില്ലാത്തവളേ) എന്നും പാഠഭേദം ശുദ്ധം.]

കരാന്തമിതമധ്യാऽസി സുകേശീ സംഹതസ്തനീ. 22

" കരാന്തമിതമധ്യാ	" കയ്യിലൊതുങ്ങുന്ന അരക്കെട്ടോടുകൂടിയവളായി	സുകേശീ	ചുരുൾക്കുന്തലാളായി,
		സംഹതസ്തനീ	കഠിനസ്തനങ്ങളാൎന്നവളായി
		അസി.	നീ വൎത്തിക്കുന്നു.

നൈവ ദേവീ ന ഗന്ധൎവ്വീ ന യക്ഷീ ന ച കിന്നരീ
നൈവംരൂപാ മയാ നാരീ ദൃഷ്ടപൂൎവ്വാ മഹീതലേ. 23

" ദേവീ ഏവ	" ദേവസ്ത്രീയും	മയാ	എന്നാൽ
ന ;	അല്ല ;	മഹീതലേ	ലോകത്തിൽ
ഗന്ധൎവ്വീ ന ;	ഗന്ധൎവ്വസ്ത്രീയും അല്ല;	ഏവം രൂപാ	ഇത്ര സുന്ദരിയായ
യക്ഷീ ന ;	യക്ഷിയും അല്ല ;	നാരീ	ഒരു സ്ത്രീ
കിന്നരീ ച	കിന്നരസ്ത്രീയും	ന ദൃഷ്ടപൂൎവ്വാ.	ഇതുവരെ കാണപ്പെട്ടിട്ടില്ല.
ന	അല്ല ;		

രൂപമഗ്ര്യം ച ലോകേഷു സൌകുമാര്യം വയശ്ച തേ
ഇഹ വാസശ്ച കാന്താരേ ചിത്തമുന്മാദയന്തി മേ. 24

" ലോകേഷു	" ലോകങ്ങളിൽ	ഇഹ	ഈ
തേ	നിന്റെ	കാന്താരേ	കാട്ടിലുള്ള
അഗ്ര്യം രൂപം ച	നിസ്തുല്യസുഷമയും	വാസഃ ച,	വാസവും,
		മേ	എന്റെ
സൌകുമാര്യം	മൃദുത്വവും	ചിത്തം	ചിത്തത്തെ
വയഃ ച	യൌവനവും,	ഉന്മാദയന്തി.	സംഭ്രമിപ്പിക്കുന്നു.

സാ പ്രതിക്രാമ ഭദ്രം തേ ന ത്വം വസ്തുമിഹാർഹസി
രാക്ഷസാനാമയം വാസോ ഘോരാണാം കാമരൂപിണാം. 25

" സാ	" അപ്രകാരമുള്ളവളായ ഭവതി	ന അർഹസി;	ഉചിതമല്ല;
		ഘോരാണാം	ക്രൂരന്മാരും
പ്രതിക്രാമ;	തിരിയെപ്പൊയ്ക്കൊള്ളുക;	കാമരൂപിണാം	സ്വേച്ഛപോലെ രൂപം കയ്ക്കൊള്ളുന്നവരുമായ
തേ	നിനക്ക്		
ഭദ്രം!	മംഗളമുണ്ടാകട്ടെ!	രാക്ഷസാനാം	രാക്ഷസരുടെ
ത്വം	നീ	വാസഃ	വാസസ്ഥാനമാകുന്നു
ഇഹ വസ്തും	ഇവിടെ വസിക്കുന്നത്	അയം.	ഇത്.

പ്രാസാദാഗ്ര്യാണി രമ്യാണി നഗരോപവനാനി ച
സമ്പന്നാനി സുഗന്ധീനി യുക്താന്യാചരിതും ത്വയാ. 26

" ത്വയാ	" നിന്നാൽ	സുഗന്ധീനി	നറുമണം വീശുന്നവയും ആയ
ആചരിതും യുക്താനി,	വസിക്കത്തക്കവ,	പ്രാസാദാഗ്ര്യാണി	മാളികമേടകളും
സമ്പന്നാനി	സമ്പത്സമൃദ്ധിയാർന്നവ	നഗരോപവനാനി ച.	നഗരോദ്യാനങ്ങളുമാണ്.
രമ്യാണി	അഴകുള്ളവയും [യും		

വരം മാല്യം വരം ഭോജ്യം വരം വസ്ത്രം ച ശോഭനേ
ഭർത്താരം ച വരം മന്യേ ത്വദ്യുക്തമസിതേക്ഷണേ. 27

" അസിതേക്ഷണേ!	" കരിമിഴിയാളായ!	വരം വസ്ത്രം ച	ശ്രേഷ്ഠമായവസ്ത്രവും
ശോഭനേ!	ഹേ സുന്ദരി!	വരം ഭർത്താരം ച	ഉത്തമനായ ഭർത്താവും ആണ്
വരം മാല്യം,	ശ്രേഷ്ഠമായ മാലയും,	ത്വദ്യുക്തം	ഭവതിക്ക് ഉചിതമായത്
വരം ഭോജ്യം,	ശ്രേഷ്ഠമായ ആഹാരവും,	മന്യേ.	എന്ന് ഞാൻ വിചാരിക്കുന്നു.

["ഭർത്താരം ച വരം മന്യേ" ഭവതിയുടെ നാഥനെ പുരുഷോത്തമനെന്നു ഞാൻ അറിയുന്നു. എന്ന് ഗൂഢാർത്ഥം.]

കാ ത്വം ഭവസി രുദ്രാണാം മരുതാം വാ ശുചിസ്മിതേ
വസൂനാം വാ വരാരോഹേ ദേവതാ പ്രതിഭാസി മേ. 28

"ശുചിസ്മിതേ!	"മന്ദസ്മിതം തൂകുന്നവളേ!	കാ ഭവസി?	ആൎക്കു ചേൎന്നവളാണ്?
ത്വം	നീ	വരാരോഹേ!	വനിതാരത്നമേ!
രുദ്രാണാം വാ	രുദ്രന്മാൎക്കോ	മേ	എനിക്ക്
മരുതാം വാ	മരുത്തുക്കൾക്കോ	ദേവതാ	ദേവിയായി
വസൂനാം	വസുക്കൾക്കോ	പ്രതിഭാസി.	തോന്നുന്നു.

നേഹ ഗച്ഛന്തി ഗന്ധൎവ്വാ ന ദേവാ ന ച കിന്നരാഃ
രാക്ഷസാനാമയം വാസഃ കഥം നു ത്വമിഹാഗതാ. 29

"ഗന്ധൎവ്വാഃ	"ഗന്ധൎവ്വന്മാർ	അയം	ഇത്
ഇഹ	ഇവിടെ	രാക്ഷസാനാം	രാക്ഷസന്മാരുടെ
ന ഗച്ഛന്തി;	വരുമാറില്ല;	വാസഃ;	ഇരിപ്പിടമാണ്;
ദേവാഃ	ദേവന്മാരും	ത്വം	നീ
ന;	ഇല്ല;	ഇഹ	ഇവിടെ
കിന്നരാഃ ച	കിന്നരന്മാരും	കഥം നു	എങ്ങിനെയാണ്
ന;	ഇല്ല;	ആഗതാ?	വന്നു ചേൎന്നത്?

ഇഹ ശാഖാമൃഗാഃ സിംഹാ ദ്വീപിവ്യാഘ്രമൃഗാസ്തഥാ
ഋക്ഷാസ്തരക്ഷവഃ കങ്കാഃ കഥം തേഭ്യോ ന ബിഭ്യസി. 30

"ശാഖാമൃഗാഃ	"കുരങ്ങന്മാരും	കങ്കാഃ	കഴുക്കളും
സിംഹാഃ	സിംഹങ്ങളും	ഇഹ തഥാ	ഇവിടെ ഉള്ളതിനാൽ
ദ്വീപിവ്യാഘ്ര മൃഗാഃ	പുലികളും, നരികളും, ക്രൂരമൃഗങ്ങളും	തേഭ്യഃ	അവയിൽ നിന്ന്
		കഥം	എങ്ങിനെയാണ്
ഋക്ഷാഃ	കരടികളും	ന ബിഭ്യസി?	നീ ഭയപ്പെടാതിരിക്കുന്നത്?
തരക്ഷവഃ	കഴുതപ്പുലികളും		

മദാന്വിതാനാം ഘോരാണാം കുഞ്ജരാണാം തരസ്വിനാം
കഥമേകാ മഹാരണ്യേ ന ബിഭേഷി വരാനനേ. 31

"വരാനനേ!	"സുന്ദരി!	കുഞ്ജരാണാം	ആനകൾക്ക്,
മഹാരണ്യേ	വൻകാട്ടിൽ	ഏകാ	ഏകാകിനിയായ നീ
മദാന്വിതാനാം	മദംകൊണ്ട	കഥം	എങ്ങിനെയാണ്
തരസ്വിനാം	ബലമേറിയ		
ഘോരാണാം	ഭയങ്കരങ്ങളായ	ന ബിഭേഷി?	ഭയപ്പെടാതിരിക്കുന്നതു?

കാസി കസ്യ കുതശ്ചിത് ത്വം കിന്നിമിത്തം ച ദണ്ഡകാൻ
ഏകാ ചരസി കല്യാണി ഘോരാൻ രാക്ഷസസേവിതാൻ. 32

"കല്യാണി!	"നല്ലാർമണി!	ഏകാ	ഏകാകിനിയായി
ത്വം കാ അസി?	നീ ആരാണ്?	രാക്ഷസ-സേവിതാൻ	രാക്ഷസാവാസമായി
കസ്യ?	ആൎക്കുചേൎന്നവളാണ്?		
കുതശ്ചിത്?	എവിടെനിന്നാണ് വന്നിരിക്കുന്നത്?	ഘോരാൻ	ഭയങ്കരമായ
കിം നിമിത്തം ച	എന്തുകാരണത്താലാണ്	ദണ്ഡകാൻ	ദണ്ഡകാവനങ്ങളിൽ
		ചരസി?"	നിവസിക്കുന്നത്?"

ഇതി പ്രശസ്താ വൈദേഹീ രാവണേന ദുരാത്മനാ
ദ്വിജാതിവേഷേണ ഹിതം ദൃഷ്ട്വാ രാവണമാഗതം
സർവ്വൈരതിഥിസത്കാരൈഃ പൂജയാമാസ മൈഥിലീ. 32

വൈദേഹി	വിദേഹസുതയായ	ആഗതം	വന്നിരിക്കുന്നവനായ
മൈഥിലീ,	സീതാദേവി.	രാവണം,	ആ രാവണനെ,
ദുരാത്മനാ	ദുഷ്ടനും	ഹിതം	ആരോ ഒരു പുണ്യപുരുഷനാണെന്ന്
ദ്വിജാതിവേഷേണ	ബ്രാഹ്മണവേഷധാരിയും ആയ	ദൃഷ്ട്വാ,	നിനച്ച്,
രാവണേന,	രാവണനാൽ,	സർവ്വൈഃ	എല്ലാ
ഇതി	ഇപ്രകാരം	അതിഥിസത്കാരൈഃ	അതിഥിസത്കാരങ്ങളെക്കൊണ്ടും
പ്രശസ്താ,	പുകഴ്ത്തപ്പെട്ടവളായി,	പൂജയാമാസ.	ഉപചരിച്ചു.

["യതീനാം പൂജനം കാര്യം സ്ത്രീയാ വാ പുരുഷേണ വാ." എന്നു ശാസ്ത്രമുള്ളതുകൊണ്ട് സന്യാസിയെ ഉപചരിച്ചു. (ടീകാശിരോമണി.)]

ഉപനീയാസനം പൂർവ്വം പാദ്യേനാഭിനിമന്ത്ര്യ ച
അബ്രവീത് സിദ്ധമിത്യേവ തദാ തം സൌമ്യദർശനാ. 34

സൌമ്യദർശനാ	നിഷ്കന്മഷഹൃദയയായ അവൾ	അഭിനിമന്ത്ര്യ ച,	ഉപചരിച്ചശേഷം,
പൂർവ്വം	ആദ്യം	തദാ	ആ സമയം
ആസനം	ആസനത്തെ	തം	അവനെ
ഉപനീയ,	കൊണ്ടുവന്നുകൊടുത്ത്,	സിദ്ധം ഇതി ഏവ	ഒരു സിദ്ധൻ എന്നുതന്നെ കരുതി,
പാദ്യേന	കാൽകഴുകുവാനുള്ള വെള്ളവുംകൊടുത്ത്	അബ്രവീത്.	ഇങ്ങിനെ പറവാൻ മുതിൎന്നു.

ദ്വിജാതിവേഷേണ സമീക്ഷ്യ മൈഥിലീ
സമാഗതം പാത്രകുസുംഭധാരിണം
അശക്യമുദ്വേഷ്ടുമപായദർശനം
ന്യമന്ത്രയദ്ബ്രാഹ്മണവത് തദാഽംഗനാ. 35

അംഗനാ	നാരീരത്നമായ	പാത്രകുസുംഭധാരിണം	കമണ്ഡലുവും കാഷായവസ്ത്രവും ധരിച്ചവനായി
മൈഥിലീ,	സീതാദേവി,	സമാഗതം	വന്നിരുന്ന അവനെ
അപായദർശനം	ദുഷ്ടവിചാരത്തോടുകൂടിയവനായി	സമീക്ഷ്യ,	കണ്ട്,
ഉദ്വേഷ്ടും	വാസ്തവം അറിവാൻ	തദാ	ആസമയം
അശക്യം,	കഴിയപ്പെടാത്തവനായി,	ബ്രാഹ്മണവത്	ബ്രാഹ്മണനെ എന്നപ്രകാരംതന്നെ
ദ്വിജാതിവേഷേണ	ബ്രാഹ്മണവേഷത്തോടുകൂടി	ന്യമന്ത്രയത്.	ഇപ്രകാരം ക്ഷണിച്ചുപചരിച്ചു.

ഇയം ബൃസീ ബ്രാഹ്മണ കാമമാസ്യതാ-
മിദം ച പാദ്യം പ്രതിഗൃഹ്യതാമിതി
ഇദം ച സിദ്ധം വനജാതമുത്തമം
ത്വദർത്ഥമവ്യഗ്രമിഹോപഭുജ്യതാം. 36

“ബ്രാഹ്മണ!	“ബ്രാഹ്മണ!	ത്വദർത്ഥം	അവിടുത്തേയ്ക്കായിത്തന്നെ
ബൃസീ	ആസനം	ഉത്തമം	നല്ല
ഇയം;	ഇതാ;	വനജാതം	ഫലമൂലാദികൾ
കാമം	ഇഷ്ടംപോലെ	സിദ്ധം	തയ്യാറാക്കപ്പെട്ടതായി
ആസ്യതാം;	ഇരുന്നുകൊള്ളാം;	ഇദം ച;	ഇതാ ഉണ്ടു്;
പാദ്യം ച	പാദ്യവും	ഇഹ	ഇപ്പോൾ
ഇദം;	ഇതാ;	അവ്യഗ്രം	സുഖമായി
ഇതി	ഇത്	ഉപഭുജ്യതാം.”	ഭുജിക്കപ്പെടട്ടെ.”
പ്രതിഗൃഹ്യതാം	സ്വീകരിച്ചാലും;		

നിമന്ത്ര്യമാണഃ പ്രതിപൂർണ്ണഭാഷിണീം
നരേന്ദ്രപത്നീം പ്രസമീക്ഷ്യ മൈഥിലീം
പ്രസഹ്യ തസ്യാ ഹരണേ ധൃതം മനഃ
സമാർപ്പയത് സ്വാത്മവധായ രാവണഃ. 37

നിമന്ത്ര്യമാണഃ	ഇപ്രകാരം പ്രാർത്ഥിക്കപ്പെടുന്നവനായ	തസ്യാഃ	അവളെ
രാവണഃ	രാവണൻ	പ്രസഹ്യ	ബലാത്കാരമായി
പ്രതിപൂർണ്ണ-ഭാഷിണീം	പൂർണ്ണമനസ്സോടെ അപേക്ഷിക്കുന്നവളും	ഹരണേ	എടുത്തുകൊണ്ടുപോകുന്നതിൽ
നരേന്ദ്രപത്നീം	പുരുഷോത്തമൻെറ പത്നിയും ആയ	ധൃതം	നിശ്ചയംകൈക്കൊണ്ടതായ
മൈഥിലീം	മൈഥിലിയെ	മനഃ	ചിത്തത്തെ,
പ്രസമീക്ഷ്യ,	ഉറ്റുനോക്കി,	സ്വാത്മവധായ	തൻെറ നാശഹേതുവായിട്ടാണ്
		സമാർപ്പയത്.	അർപ്പിച്ചതു്.

[ശ്രീരാമൻെറ കൈകൊണ്ടു് തനിക്കു് മരണം സിദ്ധിക്കേണമെന്നുള്ള ഉദ്ദേശംകൊണ്ടുതന്നെ വൈദേഹീഹരണത്തിന്നായി നിശ്ചയിച്ചു, എന്നു ഗൂഢാർത്ഥം.]

തതഃ സുവേഷം മൃഗയാ ഗതം പതിം
പ്രതീക്ഷമാണാ സഹലക്ഷ്മണം തദാ
വിവീക്ഷമാണാ ഹരിതം ദദർശ ത-
ന്മഹദ്വനം നൈവ തു രാമലക്ഷ്മണൗ. 38

തദാ	ആ സമയം
മൃഗയാ ഗതം	വേട്ടയ്ക്കുപോയിരുന്ന
സുവേഷം	സുകുമാരഗാത്രനായ
പതിം	പ്രിയതമനെ
സഹലക്ഷ്മണം	ലക്ഷ്മണനോടുംകൂടി
തതഃ	അവിടെ
പ്രതീക്ഷമാണാ,	പ്രതീക്ഷിക്കുന്നവളായ സീതാദേവി
ഹരിതം	തഴച്ചിരുണ്ടതായ
തത്	ആ
മഹത് വനം	വൻകാട്ടിനെ
വിവീക്ഷമാണാ	ഉററുനോക്കുന്നവളായി
രാമലക്ഷ്മണൌ തു	ശ്രീരാമനെയാകട്ടെ സൌമിത്രിയെയാകട്ടെ
ന ഏവ ദദൎശ.	എവിടേയും കണ്ടതേയില്ല.

["സീതാരാവണസംവാദം യേ ശൃണ്വന്തി നരോത്തമാഃ. ന തേഷാം പാപരാശിഭ്യഃ പീഡാ ലോകേ ഭവിഷ്യതി" എന്നിങ്ങിനെ സ്കാന്ദപുരാണത്തിൽ സൎഗ്ഗപഠനശ്രവണഫലം. മാ. തീൎത്ഥീയം]

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ ഷട്ചത്വാരിംശഃ സൎഗ്ഗഃ = നാല്പത്താറാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 8261; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1549.

സപ്തചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തേഴാംസൎഗ്ഗം.

[രാവണധിക്കാരം = രാവണനെ സീത ധിക്കരിക്കുന്നതു.]

രാവണേന തു വൈദേഹീ തഥാ പൃഷ്ടാ ജിഹീൎഷതാ
പരിവ്രാജകലിംഗേന ശശംസാത്മാനമംഗനാ. 1

പരിവ്രാജകലിംഗേന	സന്ന്യാസിവടിവു കയ്ക്കൊണ്ടവനായി
ജിഹീൎഷതാ	അപഹരിച്ചുകൊണ്ടു പോകുവാൻ കരുതിയ
രാവണേന,	രാവണനാൽ,
തഥാ	മേൽ പ്രകാരം
പൃഷ്ടാ	ചോദിക്കപ്പെട്ടവളായ
അംഗനാ	നാരീരത്നമായ
വൈദേഹീ,	വൈദേഹി,
ആത്മാനം തു	ഉള്ളിൽ തന്നെ
ശശംസ.	ആലോചനചെയ്തു.

ബ്രാഹ്മണശ്ചാതിഥിശ്ചായമനുക്തോ ഹി ശപേത മാം
ഇതി ധ്യാത്വാ മുഹൂൎത്തം തു സീതാ വചനമബ്രവീത്. 2

സീതാ	സീതാദേവി
"അയം	"ഇദ്ദേഹം
അതിഥിഃ;	ഒരു അതിഥി;
ച	എന്നുതന്നേയല്ല
ബ്രാഹ്മണഃ ച;	ബ്രാഹ്മണനുമാണ്;
അനുക്തഃ ഹി	ഉത്തരം പറയപ്പെടാതിരുന്നാൽ
മാം	എന്നെ
ശപേത;"	ശപിച്ചേയ്ക്കും;"
ഇതി	എന്നിങ്ങിനെ
മുഹൂൎത്തം	കുറച്ച്
ധ്യാത്വാ തു,	ആലോചനചെയ്തശേഷം,
വചനം അബ്രവീത്.	ഇപ്രകാരം അരുളിച്ചെയ്തു.

ദുഹിതാ ജനകസ്യാഹം മൈഥിലസ്യ മഹാത്മനഃ
സീതാ നാമ്നാऽസ്മി ഭദ്രം തേ രാമഭാര്യാ ദ്വിജോത്തമ. 3

"ദ്വിജോത്തമ!	"അന്തണശ്രേഷ്ഠ!	രാമഭാര്യാ;	ശ്രീരാമപത്നി;
അഹം	ഞാൻ	സീതാ നാമ്നാ അസ്മി;	സീതയെന്ന് എനിക്ക് പേരാകുന്നു;
മൈഥിലസ്യ	മിഥിലാധിപനും	തേ ഭദ്രം!	അവിടുത്തേ അനുഗ്രഹത്താൽ ക്ഷേമമുണ്ടാകുമാറാകട്ടെ!
മഹാത്മനഃ	മഹാത്മാവുമായ		
ജനകസ്യ	ജനകരാജാവിന്റെ		
ദുഹിതാ;	മകൾ;		

ഉഷിത്വാ ദ്വാദശ സമാ ഇക്ഷ്വാകൂണാം നിവേശനേ
ഭുഞ്ജാനാ മാനുഷാൻ ഭോഗാൻ സർവ്വകാമസമൃദ്ധിനീ. 4

"ഇക്ഷ്വാകൂണാം	"ഇക്ഷ്വാകുവംശരാജാക്കന്മാരുടെ	ഭുഞ്ജാനാ	അനുഭവിച്ചുംകൊണ്ടു്
നിവേശനേ,	നഗരത്തിൽ,	സർവ്വകാമസമൃദ്ധിനീ	സർവ്വാഭീഷ്ടപൂർത്തിയോടുകൂടിയവളായി
മാനുഷാൻ	വിശിഷ്ടങ്ങളായ	ദ്വാദശ	പന്ത്രണ്ടു്
ഭോഗാൻ	ഭോഗങ്ങളെ	സമാഃ	സംവത്സരങ്ങൾ
		ഉഷിത്വാ.	കഴിച്ചുകൂട്ടി.

തതസ്ത്രയോദശേ വർഷേ രാജാऽമന്ത്രയത പ്രഭുഃ
അഭിഷേചയിതും രാമം സമേതോ രാജമന്ത്രിഭിഃ. 5

"തതഃ	"അതിൽപിന്നെ	സമേതഃ	ഒന്നിച്ചു്,
ത്രയോദശേ	പതിമൂന്നാം	രാമം	ശ്രീരാമനെ
വർഷേ	സംവത്സരത്തിൽ	അഭിഷേചയിതും	യുവരാജാവായി വാഴിപ്പാൻ
പ്രഭുഃ	പ്രഭുവായ	അമന്ത്രയത.	ആലോചിച്ചു് തീർച്ചപ്പെടുത്തി.
രാജാ,	മഹാരാജാവു്,		
രാജമന്ത്രിഭിഃ	രാജമന്ത്രിമാരോടു്		

തസ്മിൻ സംഭ്രിയമാണേ തു രാഘവസ്യാഭിഷേചനേ
കൈകേയീ നാമ ഭർത്താരം മമാര്യാ യാചതേ വരം. 6

"രാഘവസ്യ	"ശ്രീരാഘവന്റെ	കൈകേയീ നാമ	കൈകേയിയെന്ന രാജ്ഞി
തസ്മിൻ	ആ	ഭർത്താരം	തന്റെ ഭർത്താവിനോടായി
അഭിഷേചനേ	പട്ടാഭിഷേകകൃത്യം	വരം	പണ്ടേ നല്കപ്പെട്ടിരുന്നതായ വരത്തെ
സംഭ്രിയമാണേ തു,	തുടങ്ങിയസമയം	യാചതേ.	അപേക്ഷിച്ചു.
മമ ആര്യാ	എന്റെ എളയ അമ്മായിയമ്മയായ		

പ്രതിഗൃഹ്യ തു കൈകേയീ ശ്വശുരം സുകൃതേന മേ
മമ പ്രവ്രാജനം ഭർത്തുർഭരതസ്യാഭിഷേചനം. 7
ദ്വാവയാചത ഭർത്താരം സത്യസന്ധം നൃപോത്തമം. 8

"കൈകേയീ	"കൈകേയീരാജ്ഞി
മേ	എന്റെ
ശ്വശുരം	ശ്വശുരനെ
സുകൃതേന	ധർമ്മപാശത്താൽ
പ്രതിഗൃഹ്യ,	നിയന്ത്രിച്ചു്,
മമ ഭർത്തുഃ	എന്റെ ഭർത്താവിന്റെ
പ്രവ്രാജനം	വനവാസവും,
ഭരതസ്യ	ഭരതന്നു്
അഭിഷേചനം	യുവരാജ്യാഭിഷേകവും
ദ്വൌ തു	ഇങ്ങിനെ രണ്ടിനെയും
സത്യസന്ധം	സത്യസന്ധനായ
നൃപോത്തമം	ചക്രവർത്തിയായ
ഭർത്താരം	തന്റെ ഭർത്താവിനോടായി
അയാചത.	ഇപ്രകാരം നിർബ്ബന്ധിച്ചപേക്ഷിച്ചു.

നാദ്യ ഭോക്ഷ്യേ ന ച സ്വപ്സ്യേ ന പാസ്യേ ച കഥഞ്ചന
ഏഷ മേ ജീവിതസ്യാന്തോ രാമോ യദ്യഭിഷിച്യതേ. 9

"'രാമഃ	"'രാമൻ
അഭിഷിച്യതേ യദി	യുവരാജാവായി വാഴിക്കപ്പെടുന്നപക്ഷം
അദ്യ	ഇതുമുതൽ
ന ഭോക്ഷ്യേ;	ഞാൻ ആഹാരം കഴിക്കയില്ല;
ന സ്വപ്സ്യേ ച;	ഉറങ്ങുകയില്ല;
ന പാസ്യേ ച;	പച്ചവെള്ളംകൂടി കുടിക്കയില്ല;
ഏഷഃ	ഇതു്
മേ	എനിക്കു്
കഥഞ്ചന	ഏതുവിധവും
ജീവിതസ്യ അന്തഃ'.	ജീവാവസാനമായിത്തീരും.

ഇതി ബ്രുവാണാം കൈകേയീം ശ്വശുരോ മേ സ മാനദഃ
അയാചതാർത്ഥൈരന്വർത്ഥൈർന്ന ച യാച്ഞാം ചകാര സാ. 10

"സഃ	"ആ
മാനദഃ	മര്യാദചെയ്യുന്നവനായ
മേ ശ്വശുരഃ,	എന്റെ ശ്വശുരൻ,
ഇതി	മേൽപ്രകാരം
ബ്രുവാണാം	ഉരചെയ്യുന്നവളായ
കൈകേയീം	കൈകേയീരാജ്ഞിയോടായി
അന്വർത്ഥൈഃ	ധർമ്മാനുസൃതമായ
അർത്ഥൈഃ	കാരണങ്ങളെക്കൊണ്ടു്
അയാചത;	അർത്ഥിച്ചു;
സാ ച	അവളാകട്ടെ
യാച്ഞാം	ആ അപേക്ഷയ്ക്കു്
ന ചകാര.	വഴിപ്പെടാതിരുന്നു.

മമ ഭർത്താ മഹാതേജാ വയസാ പഞ്ചവിംശകഃ
അഷ്ടാദശ ഹി വർഷാണി മമ ജന്മനി ഗണ്യതേ. 11

"മഹാതേജാഃ	"മഹാതേജസ്വിയായ
മമ ഭർത്താ	എന്റെ നാഥൻ,
വയസാ	വയസ്സുകൊണ്ടു്
പഞ്ചവിംശകഃ;	അന്നു് ഇരുപത്തഞ്ചു ചെന്നവനായിരുന്നു;
മമ ജന്മനി	ഞാൻ പിറന്നിട്ടു്
അഷ്ടാദശ	പതിനെട്ടു
വർഷാണി ഹി	സംവത്സരങ്ങളെന്നും
ഗണ്യതേ.	കണക്കാക്കപ്പെട്ടിരുന്നു.

[ബാലകാണ്ഡം 20-ാം സ. ശ്ലോ. 2; അയോദ്ധ്യാകാണ്ഡം 20-ാം സ. ശ്ലോ. 45. കുറിപ്പുകളും നോക്കുക.]

രാമേതി പ്രഥിതോ ലോകേ ഗുണവാൻ സത്യവാഞ് ശുചിഃ
വിശാലാക്ഷോ മഹാബാഹുഃ സൎവ്വഭൂതഹിതേ രതഃ. 12

"ലോകേ	"ലോകത്തിൽ	സത്യവാൻ;	പറഞ്ഞവാക്കിളക്കാത്തവൻ;
രാമ ഇതി	രാമൻ എന്നപേരുകൊണ്ടുതന്നേ	ശുചിഃ;	നിഷ്കളങ്കൻ;
പ്രഥിതഃ;	വിഖ്യാതിപൂണ്ടവനായിരുന്നു;	വിശാലാക്ഷഃ;	വിശാലനേത്രൻ;
ഗുണവാൻ;	സൎവ്വഗുണങ്ങളും തികഞ്ഞവൻ!	മഹാബാഹുഃ;	മഹാബാഹു;
		സൎവ്വഭൂതഹിതേ	സൎവ്വപ്രാണികളുടേയും നന്മയിൽ
		രതഃ.	ആസക്തിപൂണ്ടവൻ.

കാമാൎത്തശ്ച മഹാബാഹുഃ പിതാ ദശരഥഃ സ്വയം
കൈകേയ്യാഃ പ്രിയകാമാൎത്ഥം തം രാമം നാഭ്യഷേചയത്. 13

"മഹാബാഹുഃ	"മഹാബാഹുവായ	കൈകേയ്യാഃ	കൈകേയീദേവിയുടെ
പിതാ	പിതാവുമായ	പ്രിയകാമാൎത്ഥം	ആഗ്രഹപരിപൂൎത്തിക്കായി
ദശരഥഃ	ദശരഥമഹാരാജാവ്,		
സ്വയം	താൻതന്നെ	തം രാമം	അപ്രകാരമുള്ള ശ്രീരാമനെ
കാമാൎത്തഃ ച,	പുത്രപ്രേമംനിമിത്തം ദുഃഖം പൂണ്ടവനായിരുന്നിട്ടും,	ന അഭ്യഷേചയത്.	വാഴിക്കാതിരുന്നു.

അഭിഷേകായ തു പിതുഃ സമീപം രാമമാഗതം
കൈകേയീ മമ ഭൎത്താരമിത്യുവാച ധൃതം വചഃ. 15

"പിതുഃ	"പിതാവിന്റെ	ഭൎത്താരം	നാഥനായ
സമീപം	സന്നിധിയിങ്കലേയ്ക്കു	രാമം,	ശ്രീരാമനോടായി
അഭിഷേകായ തു	അഭിഷേകത്തിന്നുവേണ്ടി	കൈകേയീ,	കൈകേയീ രാജ്ഞി,
		ധൃതം	തീൎച്ചയാക്കപ്പെട്ടതായ
ആഗതം	എഴുന്നെള്ളിയവനായ	വചഃ	രാജാജ്ഞയെ
മമ	എന്റെ	ഇതി ഉവാച.	ഇപ്രകാരം അറിയിച്ചു.

തവ പിത്രാ സമാജ്ഞപ്തം മമേദം ശൃണു രാഘവ
ഭരതായ പ്രദാതവ്യമിദം രാജ്യമകണ്ടകം. 15

"'തവ	"'നിന്റെ	രാഘവ!	രാമ!
പിത്രാ	പിതാവിനാൽ	ഇദം	ഈ
സമാജ്ഞപ്തം	ആജ്ഞാപിക്കപ്പെട്ടതായ	രാജ്യം	രാജ്യം
ഇദം	ഇതിനെ	അകണ്ടകം	യാതൊരു ബാധയുമില്ലാതെ
മമ	പറയുന്നവളായ എനിക്ക്	ഭരതായ	ഭരതന്നു
ശൃണു;	ശ്രദ്ധിച്ചാലും;	പ്രദാതവ്യം.	നൽകപ്പെടേണ്ടതാണ്.

ത്വയാ തു ഖലു വസ്തവ്യം നവ വർഷാണി പഞ്ച ച
വനേ പ്രവ്രജ കാകുത്സ്ഥ പിതരം മോചയാനൃതാത്. 16

“‘ത്വയാ	“‘നിന്നാൽ	കാകുത്സ്ഥ!	രാമ!
നവ പഞ്ച	പതിനാല്	തു	ഇപ്പോൾ
വർഷാണി ച	സംവത്സരങ്ങളും	പ്രവ്രജ;	വനത്തിലേക്കു പോയാലും;
വനേ	കാട്ടിൽ	പിതരം	പിതാവിനെ
വസ്തവ്യം ഖലു;	വസിക്കപ്പെടേണ്ടതും തന്നെ;	അനൃതാത്,	അസത്യത്തിൽനിന്ന്,
		മോചയ.’	മോചിപ്പിക്കുക.’

തഥേത്യുക്ത്വാ ച താം രാമഃ കൈകേയീമകുതോഭയഃ
ചകാര തദ്വചസ്തസ്യാ മമ ഭർത്താ ദൃഢവ്രതഃ. 17

“അകുതോഭയഃ	“ഒന്നിലും മനസ്സുകലുങ്ങാത്തവനും	താം	ആ
രാമഃ	ആരേയും സന്തോഷപ്പെടുത്തുന്നവനും ആയ	കൈകേയീം	കൈകേയീദേവിയെ നോക്കി
മമ	എന്റെ	‘തഥാ,’	‘ഇഷ്ടംപോലെ ചെയ്യുന്നുണ്ട്,’
ഭർത്താ ച,	നാഥനാകട്ടെ,	ഇതി ഉക്ത്വാ,	എന്നു പറഞ്ഞ്,
ദൃഢവ്രതഃ	ധർമ്മാനുഷ്ഠാനത്തിൽ അചഞ്ചലനിഷ്ഠയുള്ളവനായി	തസ്യാഃ	അവളുടെ
		തത് വചഃ	ആ ആജ്ഞയെ
		ചകാര.	ശിരസാവഹിച്ചു.

ദദ്യാന്ന പ്രതിഗൃഹ്ണീയാത് സത്യം ബ്രൂയാന്ന ചാനൃതം
ഏതദ്ബ്രാഹ്മണ രാമസ്യ വ്രതം ധ്രുവമനുത്തമം. 18

“ബ്രാഹ്മണ!	“അന്തണവര!	അനൃതം ച ന;’	നേരല്ലാത്തത് ഒരിക്കലുമില്ല;’
‘ദദ്യാത്;	‘കൊടുക്കും;	രാമസ്യ	ശ്രീരാമന്ന്
ന പ്രതിഗൃഹ്ണീയാത്;	ആരോടും വാങ്ങുകയില്ല;	അനുത്തമം	അത്യുത്തമവും
സത്യം ബ്രൂയാത്;	സത്യമേ അരുളുകയുള്ളു;	ധ്രുവം	ശാശ്വതവും ആയ
		വ്രതം	അനുഷ്ഠാനമാകുന്നു
		ഏതത്.	ഇത്.

തസ്യ ഭ്രാതാ തു വൈമാത്രോ ലക്ഷ്മണോ നാമ വീര്യവാൻ
രാമസ്യ പുരുഷവ്യാഘ്രഃ സഹായഃ സമരേഽരിഹാ. 19

“ലക്ഷ്മണോ നാമ	“ലക്ഷ്മണനെന്നവൻ	അരിഹാ	ശത്രുക്കളെ ഹനിക്കുന്ന
തസ്യ	അദ്ദേഹത്തിന്റെ	വീര്യവാൻ തു;	വീര്യശാലി;
വൈമാത്രഃ	എളയമ്മയുടെ പുത്രനായ	രാമസ്യ	ശ്രീരാമന്റെ
ഭ്രാതാ;	അനുജൻ;	സഹായഃ	പരിചര്യയിൽ ആസക്തനായ
സമരേ	അടർക്കളത്തിൽ	പുരുഷവ്യാഘ്രഃ.	പുരുഷോത്തമൻ.

സ ഭ്രാതാ ലക്ഷ്മണോ നാമ ധർമ്മചാരീ ദൃഢവ്രതഃ
അന്വഗച്ഛദ്ധനുഷ്പാണിഃ പ്രവ്രജന്തം മയാ സഹ. 20

" ദൃഢവ്രതഃ	" ധർമ്മാസക്തനും	മയാ സഹ	എന്നോടുംകൂടി
ധർമ്മചാരീ	ധർമ്മനിഷ്ഠനുമായ	പ്രവ്രജന്തം	വനവാസത്തിന്നു പുറപ്പെട്ടവനായ അദ്ദേഹത്തെ
ലക്ഷ്മണോ നാമ	ലക്ഷ്മണനെന്ന	ധനുഷ്പാണിഃ	കോദണ്ഡപാണിയായി
സഃ	ആ	അന്വഗച്ഛത്.	പിൻതുടർന്നുവന്നു.
ഭ്രാതാ,	കനിഷ്ഠസഹോദരൻ,		

ജടീ താപസരൂപേണ മയാ സഹ സഹാനുജഃ
പ്രവിഷ്ടോ ദണ്ഡകാരണ്യം ധർമ്മനിത്യോ ദൃഢവ്രതഃ. 21

" ധർമ്മനിത്യഃ	" ധർമ്മത്തിൽതന്നെ ബുദ്ധിപൂണ്ടവനും	ജടീ	ജടധരിച്ചവനായി,
ദൃഢവ്രതഃ,	ധർമ്മാനുഷ്ഠാനനിരതനുമായ അദ്ദേഹം	സഹാനുജഃ	അനുജനൊന്നിച്ച്
താപസരൂപേണ	താപസരൂപത്തോടുകൂടി	മയാ സഹ	എന്നോടുംകൂടി
		ദണ്ഡകാരണ്യം	ദണ്ഡകാരണ്യത്തിലേക്ക്
		പ്രവിഷ്ടഃ.	വന്നു.

തേ വയം പ്രച്യുതാ രാജ്യാത് കൈകേയ്യാസ്തു കൃതേ ത്രയഃ
വിചരാമ ദ്വിജശ്രേഷ്ഠ വനം ഗംഭീരമോജസാ. 22

" ദ്വിജശ്രേഷ്ഠ!	" അന്തണോത്തമ!	പ്രച്യുതാഃ	ബഹിഷ്കരിക്കപ്പെട്ടവരായി,
തേ	അപ്രകാരമുള്ള	ഗംഭീരം	ഘോരമായ
വയം ത്രയഃ,	ഞങ്ങൾ മൂവരും,	വനം	വനത്തിൽ
കൈകേയ്യാഃ തു കൃതേ	കൈകേയീരാജ്ഞിക്ക വേണ്ടിത്തന്നെ	ഓജസാ	വീര്യത്താൽ
രാജ്യാത്	രാജ്യത്തിൽനിന്ന്	വിചരാമ.	കാലംകഴിച്ചുവരികയാണ്.

സമാശ്വസ മുഹൂർത്തം തു ശക്യം വസ്തുമിഹ ത്വയാ
ആഗമിഷ്യതി മേ ഭർത്താ വന്യമാദായ പുഷ്കലം. 23

" ത്വയാ	" താങ്കൾക്ക്	മേ ഭർത്താ	എന്റെ നാഥൻ
ഇഹ	ഇവിടെ	പുഷ്കലം	നല്ല
മുഹൂർത്തം വസ്തും	അല്പം താമസിപ്പാൻ	വന്യം	ഫലമൂലാദികളെ
ശക്യം തു,	ഇഷ്ടമുള്ളപക്ഷം,	ആദായ	എടുത്തുകൊണ്ട്
സമാശ്വസ;	ശ്രമപരിഹാരം ചെയ്തുകൊൾക;	ആഗമിഷ്യതി.	ഇപ്പോൾ വന്നുകളയും.

സ ത്വം നാമ ച ഗോത്രം ച കുലം ചാചക്ഷ്വ തത്ത്വതഃ 24

"സഃ	"അപ്രകാരമുള്ള	കുലം ച	കുലവും
ത്വം,	അവിടുന്ന്,	തത്ത്വതഃ	ഉള്ളവണ്ണം
നാമ ച	പേരും	ആചക്ഷ്വ.	അരുളിച്ചെയ്യാലും.
ഗോത്രം ച	ഗോത്രവും		

ഏകശ്ച ദണ്ഡകാരണ്യേ കിമർത്ഥം ചരസി ദ്വിജ. 25

"ദ്വിജ!	"അന്തണവര്യ!	കിമർത്ഥം	എന്തിനുവേണ്ടിയാണ്
ദണ്ഡകാരണ്യേ	ദണ്ഡകാരണ്യത്തിൽ	ചരസി?"	അങ്ങ് വന്നിരിക്കുന്നത്?"
ഏകഃ ച	ശിഷ്യന്മാരാരുമില്ലാതെ		

ഏവം ബ്രുവന്ത്യാം സീതായാം രാമപത്ന്യാം മഹാബലഃ
പ്രത്യുവാചോത്തരം തീവ്രം രാവണോ രാക്ഷസാധിപഃ. 26

രാമപത്ന്യാം	ശ്രീരാമപത്നിയായ	രാക്ഷസാധിപഃ	രാക്ഷസർകോനായ
സീതായാം,	സീതാദേവി;	രാവണഃ,	രാവണൻ,
ഏവം	ഇപ്രകാരം	തീവ്രം	കർണ്ണകഠോരമായ
ബ്രുവന്ത്യാം,	അരുളിച്ചെയ്താറെ,	ഉത്തരം	ഉത്തരത്തെ
മഹാബലഃ	മഹാബലശാലിയും	പ്രത്യുവാച.	ഇങ്ങിനെ അറിയിച്ചു.

യേന വിത്രാസിതാ ലോകാഃ സദേവാസുരപന്നഗാഃ
അഹം സ രാവണോ നാമ സീതേ രക്ഷോഗണേശ്വരഃ. 27

"സീതേ!	"സീതേ!	വിത്രാസിതാഃ,	കലുക്കപ്പെട്ടുവൊ,
യേന	യാതൊരുവനാൽ	സഃ	അപ്രകാരമുള്ള
സദേവാസുര-	ദേവന്മാരും അസുര	അഹം	ഞാൻ
പന്നഗാഃ	ന്മാരും പന്നഗങ്ങളും	രാവണോ നാമ	രാവണനെന്ന
	അടങ്ങിയ	രക്ഷോ-	രാക്ഷസാധിപതി
ലോകാഃ	ത്രിലോകങ്ങളും	ഗണേശ്വരഃ.	യാകുന്നു.

ത്വാം തു കാഞ്ചനവർണ്ണാഭാം ദൃഷ്ട്വാ കൗശേയവാസിനീം
രതിം സ്വകേഷു ദാരേഷു നാധിഗച്ഛാമ്യനിന്ദിതേ. 28

"അനിന്ദിതേ!	"സുന്ദരി!	ദൃഷ്ട്വാ തു,	കണ്ടതുമുതൽ,
കാഞ്ചന-വർണ്ണാഭാം	പൊന്നിറമേനിയാളും	സ്വകേഷു	എന്റെ സ്വന്തം
കൗശേയ-വാസിനീം	പൂമ്പട്ടാടയണിഞ്ഞ വളുമായ	ദാരേഷു	ഭാര്യമാരിൽ
		രതിം	പ്രീതിയെ
ത്വാം	ഭവതിയെ	ന അധിഗച്ഛാമി.	ഞാൻ കയ്യൊള്ളുന്നില്ല.

[രാവണൻ പറയുന്നതിൽ "ഹിരണ്യവർണ്ണാം ഹരിണീം സുവർണ്ണ രജതസ്രജാം" എന്നിത്യാദിയായ ശ്രീസൂക്തത്തിന്റെ സാരം അടങ്ങിയിട്ടുണ്ടെന്നു പറയപ്പെടുന്നു.]

ബഹ്വീനാമുത്തമസ്ത്രീണാമാഹൃതാനാമിതസ്തതഃ
സർവ്വാസാമേവ ഭദ്രം തേ മമാഗ്രമഹിഷീ ഭവ. 29

"ഇതസ്തതഃ	"പലേടങ്ങളിൽനിന്നും	സർവ്വാസാം,	എല്ലാവൎക്കും,
		മമ ഏവ	എനിക്കുംതന്നെ
ആഹൃതാനാം	അപഹരിച്ചുകൊണ്ടുവരപ്പെട്ടവരായ	അഗ്രമഹിഷീ	പട്ടമഹിഷിയായി
		ഭവ;	ഭവിച്ചാലും;
ബഹ്വീനാം	എത്രയൊ	തേ	ഭവതിക്കു്
ഉത്തമസ്ത്രീണാം	സ്ത്രീരത്നങ്ങൾ	ഭദ്രം.	ക്ഷേമമുണ്ടാകട്ടെ.

ലങ്കാ നാമ സമുദ്രസ്യ മദ്ധ്യേ മമ മഹാപുരീ
സാഗരേണ പരിക്ഷിപ്താ നിവിഷ്ടാ ഗിരിമൂർദ്ധനി. 30

"മമ	"എന്റെ	സാഗരേണ	സമുദ്രത്താൽ
മഹാപുരീ	രാജധാനി	പരിക്ഷിപ്താ;	നാലുപാടും ചൂഴപ്പെട്ടതു്;
സമുദ്രസ്യ	സമുദ്രത്തിന്റെ		
മദ്ധ്യേ	നടുവിലുള്ള	ഗിരിമൂർദ്ധനി	പർവ്വതശിഖരത്തിൽ
ലങ്കാ നാമ;	ലങ്കയെന്നതാകുന്നു;	നിവിഷ്ടാ..	സ്ഥിതിചെയ്യുന്നതു്.

തത്ര സീതേ മയാ സാർദ്ധം വനേഷു വിഹരിഷ്യസി
ന ചാസ്യാരണ്യവാസസ്യ സ്പൃഹയിഷ്യസി ഭാമിനി. 31

"സീതേ!	"സീതേ!	ഭാമിനി!	ഹേ സുന്ദരി!
തത്ര	അവിടെ	അസ്യ	ഈ
വനേഷു	ഉപവനങ്ങളിൽ	അരണ്യ-വാസസ്യ	അരണ്യവാസത്തെ
മയാ സാർദ്ധം	എന്നോടുകൂടി	ന സ്പൃഹ-യിഷ്യസി ച.	പിന്നെ നീ ആഗ്രഹിക്കതന്നെയില്ല.
വിഹരിഷ്യസി;	നീ കാലംകഴിക്കുക;		

പഞ്ച ദാസീസഹസ്രാണി സർവ്വാഭരണഭൂഷിതാഃ
സീതേ പരിചരിഷ്യന്തി ഭാര്യാ ഭവസി മേ യദി. 32

"സീതേ!	"സീതേ!	പഞ്ച ദാസീ-സഹസ്രാണി	അയ്യായിരം ദാസിമാർ
മേ ഭാര്യാ	എനിക്കു് ഭാര്യയായി		
ഭവസി യദി,	നീ ഭവിച്ചാൽ,		
സർവ്വാഭരണ-ഭൂഷിതാഃ	സർവ്വാഭരണാലംകൃതമാരായ	പരിചരി-ഷ്യന്തി."	പരിചാരകവൃത്തിചെയ്യും."

രാവണേനൈവമുക്താ തു കുപിതാ ജനകാത്മജാ
പ്രത്യുവാചാനവദ്യാംഗീ തമനാദൃത്യ രാക്ഷസം. 33

രാവണേന	രാവണനാൽ	കുപിതാ,	ചൊടിച്ചു്,
ഏവം	ഇപ്രകാരം	തം രാക്ഷസം	ആ രാക്ഷസനെ
ഉക്താ	പറയപ്പെട്ട	അനാദൃത്യ	തൃണവൽക്കരിച്ചു്
അനവദ്യാംഗീ	നിഷ്കളങ്കചിത്തയായ	പ്രത്യുവാച.	ഇങ്ങിനെ മറുപടിയരുളിച്ചെയ്തു.
ജനകാത്മജാ തു,	ജനകസുതയാകട്ടെ,		

മഹാഗിരിമിവാകമ്പ്യം മഹേന്ദ്രസദൃശം പതിം
മഹോദധിമിവാക്ഷോഭ്യമഹം രാമമനുവ്രതാ. 34

" മഹാഗിരിം ഇവ	" വൻ പർവ്വതമെന്നപോലെ
അകമ്പ്യം,	ഇളക്കപ്പെടുവാൻ കഴിയാത്തവനും,
മഹോദധിം ഇവ	വൻകടൽ പോലെ
അക്ഷോഭ്യം,	കലക്കപ്പെടുവാൻ കഴിയാത്തവനും,

മഹേന്ദ്രസദൃശം	ഇന്ദ്രനു തുല്യനുമായ
രാമം	ശ്രീരാമനായ
പതിം	ഭർത്താവിനെ
അഹം	ഞാൻ
അനുവ്രതാ.	സർവ്വവുമായി ശരണം പ്രാപിച്ചവളാകുന്നു.

സർവ്വലക്ഷണസമ്പന്നം ന്യഗ്രോധപരിമണ്ഡലം
സത്യസന്ധം മഹാഭാഗമഹം രാമമനുവ്രതാ. 35

" സർവ്വലക്ഷണസമ്പന്നം	" സകല സൌഭാഗ്യങ്ങളും തികഞ്ഞവനും
ന്യഗ്രോധപരിമണ്ഡലം	പേരാൽ എന്നപോലെ ആശ്രയിക്കുന്നവരെ രക്ഷിക്കുന്നവനും

സത്യസന്ധം	പറഞ്ഞവാക്കിളക്കാത്തവനും
മഹാഭാഗം	പരിശുദ്ധാത്മാവുമായ
രാമം	ശ്രീരാമനെ
അഹം	ഞാൻ [വളാകുന്നു.
അനുവ്രതാ.	സർവ്വവുമായിക്കരുതിയ-

മഹാബാഹും മഹോരസ്കം സിംഹവിക്രാന്തഗാമിനം
നൃസിംഹം സിംഹസങ്കാശമഹം രാമമനുവ്രതാ. 36

" മഹാബാഹും	" നീണ്ട കൈകളോടു കൂടിയവനും
മഹോരസ്കം	വിരിഞ്ഞ മാറിടമുള്ളവനും
സിംഹവിക്രാന്തഗാമിനം	സിംഹത്തിനു തുല്യമായ ഗതിയോടു കൂടിയവനും

സിംഹസങ്കാശം	സിംഹത്തിനു തുല്യനും
നൃസിംഹം	പുരുഷോത്തമനുമായ
രാമം	ശ്രീ രാഘവനെ
അഹം	ഞാൻ
അനുവ്രതാ.	സർവ്വപ്രകാരത്തിലും ആശ്രയിച്ചവളാകുന്നു.

പൂർണ്ണചന്ദ്രാനനം രാമം രാജവത്സം ജിതേന്ദ്രിയം
പൃഥുകീർത്തിം മഹാത്മാനമഹം രാമമനുവ്രതാ. 37

" പൂർണ്ണചന്ദ്രാനനം	" പൂർണ്ണചന്ദ്രവദനനാനവനും
രാമം	അഭിരാമനും
രാജവത്സം,	രാജാക്കന്മാരാൽ കൊണ്ടാടപ്പെട്ടവനും,
ജിതേന്ദ്രിയം	ജിതേന്ദ്രിയനും

പൃഥുകീർത്തിം	ലോകവിഖ്യാതിപൂണ്ടവനും
മഹാത്മാനം	മഹാത്മാവുമായ [വനും
രാമം	ശ്രീരാമന്ന്
അഹം	ഞാൻ
അനുവ്രതാ.	സർവ്വപ്രകാരത്തിലും വശഗയാകുന്നു.

ത്വം പുനർജ്ജംബുകഃ സിംഹീം മാമിഹേച്ഛസി ദുർല്ലഭാം
നാഹം ശക്യാ ത്വയാ സ്പ്രഷ്ടുമാദിത്യസ്യ പ്രഭാ യഥാ. 38

“ജംബുകഃ	“കുറുനരിയായ	ഇച്ഛസി;	കൊതിക്കുന്നു;
ത്വം പുനഃ,	നീയാകട്ടെ,	അഹം	ഞാൻ
ദുർല്ലഭാം	അടുക്കപ്പെടുവാൻ കഴിയാത്ത	ആദിത്യസ്യ	ആദിത്യഭഗവാന്റെ
		പ്രഭാ യഥാ,	പ്രഭയെന്നപോലെ,
സിംഹീം	പെൺസിംഹമായ	ത്വയാ	നിന്നാൽ
മാം	എന്നെ	സ്പ്രഷ്ടും	തൊടുവാൻ [കുന്നു.
ഇഹ	ഇപ്പോൾ	ന ശക്യാ.	സാദ്ധ്യപ്പെടാത്തവളാ-

പാദപാൻ കാഞ്ചനാൻ നൂനം ബഹൂൻ പശ്യസി മന്ദഭാക്
രാഘവസ്യ പ്രിയാം ഭാര്യാം യസ്ത്വമിച്ഛസി രാവണ. 39

“രാവണ!	“രാവണ!	മന്ദഭാക്!	മൂഢ!
രാഘവസ്യ	ശ്രീരാമന്റെ [എന്നെ	ബഹൂൻ	എല്ലാ
പ്രിയാം ഭാര്യാം	പ്രിയപത്നിയായ-	പാദപാൻ	മരങ്ങളേയും
യഃ ത്വം ഇച്ഛസി	യാതൊരുവൻ കൊതിക്കുന്നുവൊ അപ്രകാരമുള്ളവനായ നീ	കാഞ്ചനാൻ	പൊൻമരങ്ങളെന്ന്
		പശ്യസി നൂനം?	വിചാരിക്കുന്നുവൊ?

[“എത്രയോ സ്ത്രീകളെ നീ അപഹരിച്ചുകൊണ്ടു പോയിരിക്കുന്നു എന്നു പറഞ്ഞതുപോലെയല്ല രാമപത്നിയായ ഞാൻ” എന്നു താല്പര്യം. “മരിക്കാറായവന്നു വൃക്ഷങ്ങൾ മഞ്ഞച്ചവയായി തോന്നും; അപ്രകാരം, മഞ്ഞച്ചുകാണുന്നവനായ നീ മന്ദഭാക്കാകുന്നു; അതായതു് ആയുസ്സററവനാകുന്നു” എന്നു താല്പര്യം. ഗൊ. രാ; തി. തീ.]

ക്ഷുധിതസ്യേവ സിംഹസ്യ മൃഗശത്രോസ്തരസ്വിനഃ
ആശീവിഷസ്യ വദനാദ്ദംഷ്ട്രാമാദാതുമിച്ഛസി. 40

“തരസ്വിനഃ	“ശക്തിയേറിയതും	ആദാതും	പറിച്ചെടുപ്പാൻ
മൃഗശത്രോഃ	മൃഗങ്ങൾക്കു ശത്രുവും	ഇച്ഛസി;	നീ ആഗ്രഹിക്കുകയാണ്;
ക്ഷുധിതസ്യ	വിശന്നിരിക്കുന്നതും	ഇവ	അപ്രകാരംതന്നെ
സിംഹസ്യ	സിംഹത്തിന്റെ [ആയ	ആശീവിഷസ്യ.	കൊടിയസർപ്പത്തിന്റെയും.
വദനാത്	വായിൽനിന്ന്		
ദംഷ്ട്രാം	തേററയെ		

മന്ദരം പർവ്വതശ്രേഷ്ഠം പാണിഭ്യാം ഹർത്തുമിച്ഛസി
കാളകൂടവിഷം പീത്വാ സ്വസ്തിമാൻ ഗന്തുമിച്ഛസി. 41

“പർവ്വതശ്രേഷ്ഠം	“പർവ്വതങ്ങളിൽവെച്ച് ഏററവും വലുതായ	കാളകൂടവിഷം	കാളകൂടവിഷത്തെ
		പീത്വാ	കുടിച്ചശേഷം
മന്ദരം	മന്ദരത്തെ	സ്വസ്തിമാൻ	ജീവനോടുകൂടിയവനായി
പാണിഭ്യാം	ഇരുകൈകൾകൊണ്ട്		
ഹർത്തും	പറിച്ചെടുപ്പാൻ	ഗന്തും	പോകുവാൻ
ഇച്ഛസി!	നീ കൊതിക്കുകയാണ്,	ഇച്ഛസി.	നീ ഇച്ഛിക്കുകയാണ്.

അക്ഷി സൂച്യാ പ്രമൃജസി ജിഹ്വയാ ലേഢി ച ക്ഷുരം
രാഘവസ്യ പ്രിയാം ഭാൎയ്യാമധിഗന്തും ത്വമിച്ഛസി. 42

" അക്ഷി	" കണ്ണിനെ	ലേഢി;	നീ നക്കുകയാണ്;
സൂച്യാ	സൂചികൊണ്ടു	ച ത്വം	ഇപ്രകാരംതന്നെ നീ
പ്രമൃജസി;	നീ തുടയ്ക്കുകയാണ്;	രാഘവസ്യ	ശ്രീരാഘവന്റെ
ജിഹ്വയാ	നാവുകൊണ്ട്	പ്രിയാം ഭാൎയ്യാം	പ്രിയഭാൎയ്യയെ
ക്ഷുരം	കത്തിയെ	അധിഗന്തും	തൊടുവാൻ
		ഇച്ഛസി.	ഇച്ഛിക്കുന്നു.

അവസജ്യ ശിലാം കണ്ഠേ സമുദ്രം തൎത്തുമിച്ഛസി
സൂൎയ്യാചന്ദ്രമസൌ ചോഭൌ പാണിഭ്യാം ഹൎത്തുമിച്ഛസി. 43

" കണ്ഠേ	" കഴുത്തിൽ	സൂൎയ്യാചന്ദ്രമസൌ	സൂൎയ്യചന്ദ്രന്മാർ
ശിലാം	പാറക്കല്ലിനെ	ഉഭൌ ച	രണ്ടുപേരെയും
അവസജ്യ,	കെട്ടിക്കൊണ്ട്,	പാണിഭ്യാം	ഇരുകരങ്ങൾകൊണ്ടും
സമുദ്രം	ആഴിയെ	ഹൎത്തും	പിടിപ്പാൻ
തൎത്തും	കടപ്പാൻ	ഇച്ഛസി.	നീ കൊതിക്കയാണ്.
ഇച്ഛസി;	നീ തുനിയുകയാണ്;		

യോ രാമസ്യ പ്രിയാം ഭാൎയ്യാം പ്രധൎഷയിതുമിച്ഛസി. 44

" യഃ	" അപ്രകാരമുള്ള നീ	ഭാൎയ്യാം	പത്നിയെ
രാമസ്യ	ശ്രീരാഘവന്റെ	പ്രധൎഷയിതും	കെടുപ്പാൻ
പ്രിയാം	ഇഷ്ടയായ	ഇച്ഛസി.	ആഗ്രഹിക്കുന്നു.

അഗ്നിം പ്രജ്വലിതം ദൃഷ്ട്വാ വസ്ത്രേണാഹൎത്തുമിച്ഛസി
കല്യാണവൃത്താം രാമസ്യ യോ ഭാൎയ്യാം ഹൎത്തുമിച്ഛസി. 45

" പ്രജ്വലിതം	" കത്തിജ്വലിക്കുന്ന	യഃ	അപ്രകാരമുള്ള നീ
അഗ്നിം ദൃഷ്ട്വാ	തീയിനെ കണ്ടു്	രാമസ്യ	ശ്രീരാഘവന്റെ
വസ്ത്രേണ	വസ്ത്രത്താൽ	കല്യാണവൃത്താം	മഹാപതിവ്രതയായ
ആഹൎത്തും	എടുത്തുകൊണ്ടുപോകുവാൻ	ഭാൎയ്യാം	പത്നിയെ
		ഹൎത്തും	പ്രാപിപ്പാൻ
ഇച്ഛസി;	നീ ആഗ്രഹിക്കുന്നു;	ഇച്ഛസി.	കൊതിക്കുന്നു.

അയോമുഖാനാം ശൂലാനാമഗ്രേ ചരിതുമിച്ഛസി
രാമസ്യ സദൃശീം ഭാൎയ്യാം യോഽധിഗന്തും ത്വമിച്ഛസി
ദംഷ്ട്രീവിഷം മഹാഘോരമംഗുല്യാ തുദസേ ഭൃശം. 46

“ അയോമുഖാനാം	“ ഇരുമ്പിൻ മുനകളുള്ള
ശൂലാനാം	ശൂലങ്ങളുടെ
അഗ്രേ	മുകളിൽക്കൂടി
ചരിതും	നടപ്പാൻ
ഇച്ഛസി;	നീ തുടങ്ങുകയാണ്;
മഹാഘോരം	അതിരൂക്ഷമായ
ദംഷ്ട്രിവിഷം	സൎപ്പത്തിന്റെ വിഷത്തെ
അംഗുല്യാ	വിരലുകൊണ്ട്
ഭൃശം	വീണ്ടും വീണ്ടും
തുദസേ!	നീ ഇളക്കുകയാണ്;
യഃ	യാതൊരു അപ്രകാരമുള്ള
ത്വം	നീ
രാമസ്യ	ശ്രീരാഘവന്റെ
സദൃശീം ഭാൎയ്യാം	തക്കവളായ ഭാൎയ്യയെ
അധിഗന്തും	പ്രാപിപ്പാൻ
ഇച്ഛസി.	ഇച്ഛിക്കുന്നു.

യദന്തരം സിംഹസൃഗാലയോൎവ്വനേ യദന്തരം സ്യന്ദിനികാസമുദ്രയോഃ
സുരാഗ്ര്യസൌവീരകയോൎയ്യദന്തരം തദന്തരം വൈ തവ രാഘവസ്യ ച.

“ വനേ	“ കാട്ടിൽ വസിക്കുന്ന
സിംഹസൃഗാലയോഃ	സിംഹത്തിന്നും കുറുനരിക്കും
യത് അന്തരം,	എന്തുവ്യത്യാസമോ,
സ്യന്ദിനികാസമുദ്രയോഃ	ഓവുചാലിന്നും സമുദ്രത്തിന്നും
യത് അന്തരം,	എന്തുഭേദമോ,
സുരാഗ്ര്യസൌവീരകയോഃ	അമൃതിന്നും പുളിച്ചുകാടിക്കും
യത് അന്തരം	എന്തുഭേദമോ,
തത് വൈ	അത്രയും
അന്തരം	ഭേദമാണ്
രാഘവസ്യ	ശ്രീരാഘവന്നും
തവ ച.	നിണക്കും.

യദന്തരം കാഞ്ചനസീസലോഹയോൎയ്യദന്തരം ചന്ദനവാരിപങ്കയോഃ
യദന്തരം ഹസ്തിബിഡാലയോൎവ്വനേ തദന്തരം ദാശരഥേസ്തവൈവ ച. 48

“ കാഞ്ചനസീസലോഹയോഃ	സ്വൎണ്ണത്തിന്നും ഈയത്തിന്നും
യത് അന്തരം,	എന്തുവ്യത്യാസമൊ,
ചന്ദനവാരിപങ്കയോഃ	കളഭത്തിന്നും ചേററിന്നും
യത് അന്തരം,	എന്തുഭേദമൊ,
വനേ	കാട്ടിലുള്ള
ഹസ്തിബിഡാലയോഃ	ആനയ്ക്കും പൂച്ചയ്ക്കും
യത് അന്തരം	എന്തുഭേദമൊ,
തത് ഏവ	അത്രയും
അന്തരം	ഭേദമുണ്ട്
ദാശരഥേഃ	ശ്രീരാഘവന്നും
തവ ച.	നിണക്കും.

യദന്തരം വായസവൈനതേയയോൎയ്യദന്തരം മദ്ഗുമയൂരയോരപി
യദന്തരം സാരസഗൃധ്രയോൎവ്വനേ തദന്തരം ദാശരഥേസ്തവൈവ ച. 49

“ വായസവൈനതേയയോഃ	“കാക്കയ്ക്കും ഗരുഡന്നും
യത് അന്തരം,	എന്ത് അന്തരമൊ,
മദ്ഗുമയൂരയോഃ അപി	നീർകാക്കയ്ക്കും മയിലിന്നും
യത് അന്തരം,	എന്തുവ്യത്യാസമൊ,
വനേ	കാട്ടിലുള്ള
സാരസഗൃധ്രയോഃ	അരയന്നത്തിന്നും, കഴുകന്നും
യത് അന്തരം	എന്ത് അന്തരമൊ
തത് ഏവ	അത്രയും
അന്തരം	അന്തരമുണ്ട്
ദാശരഥേഃ	ശ്രീരാഘവന്നും
തവ ച.	നിണക്കും.

തസ്മിൻ സഹസ്രാക്ഷസമപ്രഭാവേ രാമേ സ്ഥിതേ കാർമ്മുകബാണപാണൌ
ഹൃതാഽപി തേഽഹം ന ജരാം ഗമിഷ്യേ വജ്രം യഥാ മക്ഷികയാഽവഗീർണ്ണം.

"സഹസ്രാക്ഷസമപ്രഭാവേ	"ഇന്ദ്രനുതുല്യമായ തേജസ്സാന്ന	അഹം	ഞാൻ
തസ്മിൻ	ആ	ഹൃതാ അപി,	അപഹൃതയായെന്നിരുന്നാലുംകൂടി,
രാമേ	ശ്രീരാമൻ	മക്ഷികയാ	ഈച്ചയാൽ
കാർമ്മുകബാണപാണൌ	അമ്പും വില്ലും കയ്യിലേന്തി	അവഗീർണ്ണം	നക്കപ്പെട്ട
സ്ഥിതേ,	വർത്തിക്കുമ്പോൾ,	വജ്രം യഥാ,	വൈരക്കല്ലെന്നപോലെ,
		തേ	നീ കാരണമായി
		ജരാം	ദൈന്യതയെ
		ന ഗമിഷ്യേ."	പ്രാപിക്കയില്ല."

["വജ്രോ വാ ആജ്യം" എന്ന ശ്രുതിപ്രകാരം 'വജ്രം' എന്നാൽ നെയ്യ്. "ഈച്ച നെയ്യിനെ തിന്നാൽ ദഹിക്കാതെ, അതു തന്നെ ചത്തുപോകുന്നതുപോലെ, നീ മാത്രമാണ് മരിച്ചുപോവുക, എനിക്ക് ഒരു കേടും തട്ടുകയില്ല" എന്നും പക്ഷാന്തരം. ഗോ. രാ.]

ഇതീവ തദ്വാക്യഽദുഷ്ടഭാവാ സുധൃഷ്ടമുക്ത്വാ രജനീചരം തം
ഗാത്രപ്രകമ്പവ്യഥിതാ ബഭൂവ വാതോദ്ധതാ സാ കദളീവ തന്വീ. 51

അദുഷ്ടഭാവാ	നിഷ്കന്മഷശീലയും	സുധൃഷ്ടം	കൂസലെന്നിയേ
തന്വീ	തനുഗാത്രിയും ആയ	ഉക്ത്വാ,	ഉരചെയ്തു,
സാ,	അവൾ,	വാതോദ്ധതാ	കൊടുങ്കാററിനാൽ ഉലയ്ക്കപ്പെട്ട
രജനീചരം	തസ്കരനായ	കദളീ ഇവ,	വാഴയെന്നപോലെ,
തം,	അവനെനോക്കി,	ഗാത്രപ്രകമ്പവ്യഥിതാ	ഉടൽനടുങ്ങി ദുഃഖിതയായി
തദ്വാക്യം	അവൻ പറഞ്ഞതിനു		
ഇതി ഇവ	ഇപ്രകാരം	ബഭൂവ.	ഭവിച്ചു.

താം വേപമാനാമുപലക്ഷ്യ സീതാം സ രാവണോ മൃത്യുസമപ്രഭാവഃ
കുലം ബലം നാമ ച കർമ്മ ച സ്വം സമാചചക്ഷേ ഭയകാരണാർത്ഥം.

സഃ	ആ	ഭയകാരണാർത്ഥം	അധികം ഭയത്തെ ഉളവാക്കുവാനായി
മൃത്യുസമപ്രഭാവഃ	മൃത്യുതുല്യപരാക്രമിയായ	സ്വം	തന്റെ
		കുലം	കുലം,
രാവണഃ,	രാവണൻ,	ബലം	ശക്തി
താം	ആ	നാമ ച	പേരു
സീതാം	സീതാദേവിയെ	കർമ്മ ച	പ്രവൃത്തി, എന്നിവയെക്കുറിച്ചു
വേപമാനാം	നടുക്കംപൂണ്ടവളായി	സമാചചക്ഷേ.	പിൻവരുമാറു് വിവരിച്ചുരചെയ്തു.
ഉപലക്ഷ്യ,	കണ്ടു,		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
സപ്തചത്വാരിംശഃ സർഗ്ഗഃ = നാല്പത്തേഴാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 8313; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1601.

അഷ്ടചത്വാരിംശഃ സർഗ്ഗഃ = നാല്പത്തെട്ടാംസർഗ്ഗം.

[രാവണസ്യാത്മശ്ലാഘാ = രാവണന്റെ ആത്മപ്രശംസ.]

ഏവം ബ്രുവന്ത്യാം സീതായാം സംരബ്ധഃ പരുഷാക്ഷരം
ലലാടേ ഭ്രുകുടീം കൃത്വാ രാവണഃ പ്രത്യുവാച ഹ. 1

സീതായാം	സീതാദേവി
ഏവം	ഇപ്രകാരം
ബ്രുവന്ത്യാം,	ഉരചെയ്യാറെ,
രാവണഃ	രാവണൻ
ലലാടേ	നെററിയിൽ
ഭ്രുകുടീം കൃത്വാ	പുരികക്കൊടിചുളിച്ച്
സംരബ്ധഃ	കോപാക്രാന്തനായി
പരുഷാക്ഷരം	രൂക്ഷമായ വാക്യത്തെ
പ്രത്യുവാച ഹ.	ഓതി.

ഭ്രാതാ വൈശ്രവണസ്യാഹം സാപത്ന്യോ വരവർണ്ണിനി
രാവണോ നാമ ഭദ്രം തേ ദശഗ്രീവഃ പ്രതാപവാൻ 2
യസ്യ ദേവാഃ സഗന്ധർവ്വാഃ പിശാചപതഗോരഗാഃ
വിദ്രവന്തി ഭയാദ് ഭീതാ മൃത്യോരിവ സദാ പ്രജാഃ 3
യേന വൈശ്രവണോ ഭ്രാതാ വൈമാത്രഃ കാരണാന്തരേ
ദ്വന്ദ്വമാസാദിതഃ ക്രോധാദ്രണേ വിക്രമ്യ നിർജ്ജിതഃ 4
മദ്ഭയാത്തത് പരിത്യജ്യ സ്വമധിഷ്ഠാനമൃദ്ധിമത്
കൈലാസം പർവ്വതശ്രേഷ്ഠമധ്യാസ്തേ നരവാഹനഃ. 5
യസ്യ തത് പുഷ്പകം നാമ വിമാനം കാമഗം ശുഭം
വീര്യാദേവാർജ്ജിതം ഭദ്രേ യേന യാമി വിഹായസം. 6

"ഭദ്രേ!	"അനുസരണശീലമുള്ളവളേ!
പ്രജാഃ	പ്രാണികൾ
സദാ	എല്ലായ്പ്പോഴും
മൃത്യോഃ ഇവ,	യമങ്കൽനിന്നെന്നപോലെ
സഗന്ധർവ്വാഃ	ഗന്ധർവ്വന്മാരടങ്ങിയ
ദേവാഃ,	ദേവന്മാരും,
പിശാച-പതഗോരഗാഃ,	പിശാചരും, പതഗങ്ങളും, ഉരഗങ്ങളും,
യസ്യ	യാതൊരുവന്റെ
ഭയാത്	ഭയത്താൽ
ഭീതാഃ	നടുങ്ങിയവരായി
വിദ്രവന്തി,	ഓടുന്നുവോ,
യേന	യാതൊരുവനാൽ
വൈമാത്രഃ	തന്റെ വലിയമ്മയുടെ
ഭ്രാതാ	ജ്യേഷ്ഠനും [പുത്രനും
വൈശ്രവണഃ	പിതാവായ വിശ്രവസ്സിന്റെ പുത്രനും ആയ
നരവാഹനഃ	കുബേരൻ
കാരണാന്തരേ	ഒരു സംഗതിവശാൽ
ക്രോധാത്	കോപം മൂലം
രണേ	പോരിൽ
ദ്വന്ദ്വം ആസാദിതഃ,	ദ്വന്ദ്വയുദ്ധം ചെയ്യിക്കപ്പെട്ടവനായി,
വിക്രമ്യ	കരബലം പ്രയോഗിച്ച്
നിർജ്ജിതഃ,	തോല്പിക്കപ്പെട്ടവനായി
മദ്ഭയാത്	എങ്കലുള്ള ഭയത്താൽ
ഋദ്ധിമത്	സമ്പത്സമൃദ്ധിയാന്ന
തത് സ്വം അധിഷ്ഠാനം	തന്റെ ആ സ്വന്തം നഗരത്തെ
പരിത്യജ്യ,	വിട്ട്,
പർവ്വതശ്രേഷ്ഠം	പർവ്വതശ്രേഷ്ഠനായ
കൈലാസം	കൈലാസത്തിൽ
അധ്യാസ്തേ,	വാസംചെയ്തുവരുന്നുവോ,

യേന	യാതൊന്നുകൊണ്ട്
വിഹായസം	ആകാശത്തിൽ
യാമി	ഞാൻ ഗമനംചെയ്യുന്നുവോ
തത്	അപ്രകാരമുള്ളതും
കാമഗം	വിചാരിച്ചദിക്കിലേക്കു ഗമിക്കുന്നതുംആയ
ശുഭം	ഭംഗിയേറിയ
പുഷ്പകം നാമ	പുഷ്പകമെന്നു പ്രസിദ്ധിയാർന്ന
വിമാനം	വിമാനം
യസ്യ	യാതൊരുവന്റെ
വീര്യാത് ഏവ	പരാക്രമത്താൽതന്നെ
അർജ്ജിതം,	സമ്പാദിക്കപ്പെട്ടുവോ,
അഹം,	അപ്രകാരമുള്ളവനായ ഞാൻ,
വരവർണ്ണിനി!	അല്ലേ സുന്ദരി!
വൈശ്രവണസ്യ	കുബേരന്റെ
സാപത്ന്യഃ	എളയമ്മയുടെമകനായ
ഭ്രാതാ	അനുജനും
രാവണഃ നാമ	രാവണനെന്ന്
പ്രതാപവാൻ	ത്രിലോകവിഖ്യാതി പൂണ്ടവനുമായ
ദശഗ്രീവഃ;	ദശകണ്ഠനാകുന്നു;
തേ	നിണക്ക്
ഭദ്രം.	നന്മയുണ്ടാകട്ടെ.

മമ സഞ്ജാതരോഷസ്യ മുഖം ദൃഷ്ട്വൈവ മൈഥിലി
വിദ്രവന്തി പരിത്രസ്താഃ സുരാഃ ശക്രപുരോഗമാഃ. 7

"മൈഥിലി!	"മൈഥിലി!
സഞ്ജാത-രോഷസ്യ	കോപിച്ചവനായ
മമ	എന്റെ
മുഖം	മുഖത്തെ
ദൃഷ്ട്വാ ഏവ,	കണ്ടക്ഷണത്തിൽതന്നെ,
ശക്രപുരോഗമാഃ	ഇന്ദ്രൻമുമ്പായ
സുരാഃ	ദേവന്മാർ
പരിത്രസ്താഃ	പേടിച്ചുവിറച്ച്
വിദ്രവന്തി.	ഓടിപ്പോയ്ക്കളയുന്നു.

യത്ര തിഷ്ഠാമ്യഹം തത്ര മാരുതോ വാതി ശങ്കിതഃ
തീവ്രാംശുഃ ശിശിരാംശുശ്ച ഭയാത് സംപദ്യതേ രവിഃ. 8

"അഹം	"ഞാൻ
യത്ര	ഏതുദിക്കിൽ
തിഷ്ഠാമി,	നില്ക്കുന്നുണ്ടൊ,
തത്ര	അവിടെ
മാരുതഃ	വായുവും
ശങ്കിതഃ	ശങ്കിച്ചുകൊണ്ടുതന്നെ
വാതി;	വീശുന്നു;
തീവ്രാംശുഃ	ഉഷ്ണകിരണങ്ങളാർന്ന
രവിഃ	സൂര്യനും
ഭയാത്	ഭയംമൂലം
ശിശിരാംശുഃ ച	കുളുർത്ത രശ്മികളോടുകൂടിയവനായ്ത്തന്നെ
സംപദ്യതേ.	മാറിപ്പോകുന്നു.

നിഷ്കമ്പപത്രാസ്തരവോ നദ്യശ്ച സ്തിമിതോദകാഃ
ഭവന്തി യത്ര തത്രാഹം തിഷ്ഠാമി ച ചരാമി ച. 9

"അഹം	"ഞാൻ
യത്ര	യാതൊരു ദിക്കിൽ
തിഷ്ഠാമി	വർത്തിക്കുകയൊ
ചരാമി ച	സഞ്ചരിക്കുകയൊ ചെയ്യുന്നുവൊ
തത്ര ച,	അവിടെയെല്ലാം,
തരവഃ	വൃക്ഷങ്ങൾ
നിഷ്കമ്പപത്രാഃ,	ഇലകൾ ചലിക്കാത്തവയായും,
നദ്യഃ	നദികൾ
സ്തിമിതോദകാഃ ച	നിന്നുപോയ പ്രവാഹത്തോടുകൂടിയവയായും
ഭവന്തി.	ഭവിക്കുന്നു.

മമ പാരേ സമുദ്രസ്യ ലങ്കാ നാമ പുരീ ശുഭാ
സംപൂൎണ്ണാ രാക്ഷസൈൎഘോരൈൎയ്യഥേന്ദ്രസ്യാമരാവതീ. 10

"സമുദ്രസ്യ-പാരേ,	"സമുദ്രത്തിലുള്ള ദ്വീപിൽ	മമ പുരീ	എന്റെ നഗരം
		ലങ്കാ നാമ	ലങ്കയെന്ന പേരോടു
ഇന്ദ്രസ്യ	ഇന്ദ്രന്റെ	ഘോരൈഃ	കൊടിയ [കൂടിയതായി
അമരാവതീ യഥാ	അമരാവതിപോലെ	രാക്ഷസൈഃ	രാക്ഷസന്മാരാൽ
ശുഭാ,	അഴകാൎന്നതായ	സംപൂൎണ്ണാ.	നിറയപ്പെട്ടതാകുന്നു.

പ്രാകാരേണ പരിക്ഷിപ്താ പാണ്ഡുരേണ വിരാജതാ
ഹേമകക്ഷ്യാ പുരീ രമ്യാ വൈഡൂൎയ്യമയതോരണാ 11
ഹസ്ത്യശ്വരഥസംബാധാ തൂൎയ്യനാദവിനാദിതാ
സൎവ്വകാമഫലൈൎവൃക്ഷൈഃ സംകുലോദ്യാനശോഭിതാ. 12

"പാണ്ഡുരേണ	"വെണ്മപൂണ്ടു	തൂൎയ്യനാദ-വിനാദിതാ ;	മംഗളവാദ്യങ്ങൾ ഘോഷിച്ചുകൊണ്ടിരിക്കുന്നതു് ;
വിരാജതാ	ശോഭിക്കുന്ന		
പ്രാകാരേണ	മതിൽക്കെട്ടിനാൽ		
പരിക്ഷിപ്താ ;	ചുററപ്പെട്ടതു് ;	സൎവ്വകാമ-ഫലൈഃ	എല്ലാകാലങ്ങളിലും വേണ്ടുന്നഫലങ്ങളോടുകൂടിയ
രമ്യാ	മനസ്സിനെ കവരുന്ന		
പുരീ ;	പട്ടണം ; [തായ		
ഹേമകക്ഷ്യാ ;	സ്വൎണ്ണമയമായ കെട്ടിടങ്ങളാൎന്നതു് ;	വൃക്ഷൈഃ	വൃക്ഷങ്ങളാൽ
വൈഡൂൎയ്യ-മയതോരണാ ;	വൈഡൂൎയ്യനിൎമ്മിതമായ കമാനങ്ങളോടുകൂടിയതു	സങ്കുലാ ;	നിറയപ്പെട്ടതു് ;
ഹസ്ത്യശ്വ-രഥസംബാധാ	രഥഗജതുരഗങ്ങൾ തിങ്ങിയുള്ളതു് ;	ഉദ്യാന-ശോഭിതാ.	ക്രീഡോദ്യാനങ്ങൾ കൊണ്ടു പരിലസിക്കുന്നതു്.

തത്ര ത്വം വസതീ സീതേ രാജപുത്രി മയാ സഹ
ന സ്മരിഷ്യസി നാരീണാം മാനുഷീണാം മനസ്വിനീ. 13

"രാജപുത്രി !	"നൃപനന്ദിനി !	വസതീ	വസിച്ചുകൊണ്ടു
സീതേ !	സീതേ !	മനസ്വിനീ	ധൈൎയ്യംപൂണ്ടവളായി
ത്വം	നീ	മാനുഷീണാം നാരീണാം	മനുഷ്യസ്ത്രീകളെക്കുറിച്ചു്
തത്ര	അവിടെ		
മയാ സഹ	എന്നോടുകൂടി	ന സ്മരിഷ്യസി.	ഓൎക്കുകതന്നെയില്ല.

ഭുഞ്ജാനാ മാനുഷാൻ ഭോഗാൻ ദിവ്യാംശ്ച വരവൎണ്ണിനി
ന സ്മരിഷ്യസി രാമസ്യ മാനുഷസ്യ ഗതായുഷഃ 14

"വരവൎണ്ണിനി !	"ഹേ സുന്ദരി !	ഗതായുഷഃ	അല്പായുസ്സായ
മാനുഷാൻ ഭോഗാൻ	മാനുഷഭോഗങ്ങളേയും	മാനുഷസ്യ,	കേവലമനുഷ്യനായ
		രാമസ്യ	രാമനെ
ദിവ്യാൻ ച	സ്വൎഗ്ഗീയസുഖങ്ങളേയും	ന സ്മരിഷ്യസി.	നീ സ്മരിക്കുകതന്നെയില്ല.
ഭുഞ്ജാനാ,	അനുഭവിക്കുന്നവളായി,		

സ്ഥാപയിത്വാ പ്രിയം പുത്രം രാജ്ഞാ ദശരഥേന യഃ
മന്ദവീൎയ്യസ്തതോ ജ്യേഷ്ഠഃ സുതഃ പ്രസ്ഥാപിതോ വനം 15

"ദശരഥേന രാജ്ഞാ	"ദശരഥരാജാവിനാൽ
പ്രിയം പുത്രം	പ്രിയപുത്രനെ
സ്ഥാപയിത്വാ,	വാഴിച്ച്
യഃ	യാതൊരു
ജ്യേഷ്ഠഃ സുതഃ	മൂത്തപുത്രൻ
തതഃ	അവിടെനിന്നും
വനം	കാട്ടിലേക്ക്
പ്രസ്ഥാപിതഃ	പറഞ്ഞയക്കപ്പെട്ടുവൊ അവൻ
മന്ദവീൎയ്യഃ.	അല്പവീൎയ്യൻതന്നെ.

തേന കിം ഭ്രഷ്ടരാജ്യേന രാമേണ ഗതചേതസാ
കരിഷ്യസി വിശാലാക്ഷി താപസേന തപസ്വിനാ. 16

"ഭ്രഷ്ടരാജ്യേന	"രാജ്യത്തെ കളഞ്ഞു
ഗതചേതസാ	മനസ്സുമുട്ടി [കുളിച്ച്
തപസ്വിനാ	ലോകേച്ഛയെവെടിഞ്ഞു
താപസേന	താപസനായ്ത്തീൎന്നിരിക്കുന്ന
തേന	ആ
രാമേണ,	രാമനെക്കൊണ്ടു
വിശാലാക്ഷി!	അല്ലെ വിശാലാക്ഷി!
കിം കരിഷ്യസി!	നീ എന്താണ് ചെയ്യാൻ പോകുന്നത്?

യക്ഷരാക്ഷസഭൎത്താരം കാമാത് സ്വയമിഹാഗതം
ന മന്മഥശരാവിഷ്ടം പ്രത്യാഖ്യാതും ത്വമൎഹസി. 17

"കാമാത്	"ആശയോടുകൂടി,
സ്വയം	നേരിട്ട്
ഇഹ	ഇവിടെ
മന്മഥശരാവിഷ്ടം	മന്മഥബാണപീഡിതനായി
ആഗതം	വന്നിരിക്കുന്നവനും
യക്ഷരാക്ഷസഭൎത്താരം	യക്ഷന്മാൎക്കും രാക്ഷസൎക്കും അരചനും ആയ എന്നെ
പ്രത്യാഖ്യാതും	തിരസ്കരിപ്പാൻ
ത്വം	നീ
ന അൎഹസി.	പാടുള്ളതല്ല.

പ്രത്യാഖ്യായ ഹി മാം ഭീരു പരിതാപം ഗമിഷ്യസി
ചരണേനാഭിഹത്യേവ പുരൂരവസമുൎവ്വശീ. 18

"ഭീരു!	"നടുങ്ങുന്നവളേ!
ഉൎവ്വശീ	ഉൎവ്വശി
പുരൂരവസം	പുരൂരവസ്സിനെ
ചരണേന	കാൽകൊണ്ട്
അഭിഹത്യ ഇവ	ചവിട്ടിയിട്ടെന്നപോലെ
മാം ഹി	എന്നെയും
പ്രത്യാഖ്യായ	ഇപ്പോൾ അലക്ഷ്യം ചെയ്ത്
പരിതാപം ഗമിഷ്യസി.	നീ പശ്ചാത്തപിക്കുമാറാകും.

[പുരൂരവസ്സിന്റെയും ഉൎവ്വശിയുടേയും കഥ ഭാഗവതം IX. 14; ഹരിവംശം I. 26; വിഷ്ണുപുരാണം 91; ഇത്യാദിയിൽ കാണുക. കാളിദാസരുടെ വിക്രമോൎവ്വശീയം നാടകവും ഇതിനെ ആസ്പദിച്ചുള്ളതന്നെ.]

അംഗുല്യാ ന സമോ രാമോ മമ യുദ്ധേ സ മാനുഷഃ
തവ ഭാഗ്യേന സംപ്രാപ്തം ഭജസ്വ വരവൎണ്ണിനി. 19

"വരവൎണ്ണിനി!	"സുന്ദരിയായവളേ!
സഃ	ആ
മാനുഷഃ	നരനായ
രാമഃ	രാമൻ
യുദ്ധേ	പോരിൽ
മമ	എന്റെ
അംഗുല്യാ	ഒരു വിരലിനോട്
ന സമഃ;	ഒക്കുകയില്ല;
തവ	നിന്റെ
ഭാഗ്യേന	ഭാഗ്യവിശേഷത്താൽ
സംപ്രാപ്തം	വന്നിരിക്കുന്നവനായ എന്നെ
ഭജസ്വ."	നീ സ്വീകരിച്ചുകൊൾക."

ഏവമുക്താ തു വൈദേഹീ ക്രുദ്ധാ സംരക്തലോചനാ
അബ്രവീത് പരുഷം വാക്യം രഹിതേ രാക്ഷസാധിപം. 20

രഹിതേ	ആരുമില്ലാത്തസമയം
ഏവം ഉക്താ	ഇപ്രകാരം പറയപ്പെട്ടവളായ
വൈദേഹീ തു	സീതാദേവിയാകട്ടെ
ക്രുദ്ധാ	കോപംപൂണ്ടവളായി
സംരക്ത-ലോചനാ,	നേത്രങ്ങൾ തുടുത്ത്,
രാക്ഷസാധിപം	രാക്ഷസരാജാവിനെ നോക്കി
പരുഷം	ഉറപ്പായ
വാക്യം	വാക്യത്തെ
അബ്രവീത്.	ഇങ്ങിനെ അരുളിച്ചെയ്തു.

കഥം വൈശ്രവണം ദേവം സൎവ്വഭൂതനമസ്കൃതം
ഭ്രാതരം വ്യപദിശ്യ ത്വമശുഭം കൎത്തുമിച്ഛസി. 21

"സൎവ്വഭൂത-നമസ്കൃതം	"എല്ലാപ്രാണികളാലും വണങ്ങപ്പെട്ട
ദേവം	ദേവനായ
വൈശ്രവണം	കുബേരനെ
ഭ്രാതരം	ജ്യേഷ്ഠനെന്നു
വ്യപദിശ്യ,	പറഞ്ഞുകൊണ്ട്,
ത്വം	നീ
അശുഭം കൎത്തും	അക്രമപ്രവൃത്തി ചെയ്വാൻ
കഥം	എങ്ങിനെയാണ്
ഇച്ഛസി?	തുനിയുന്നത്?

അവശ്യം വിനശിഷ്യന്തി സൎവ്വേ രാവണ രാക്ഷസാഃ
യേഷാം ത്വം കൎക്കശോ രാജാ ദുൎബ്ബുദ്ധിരജിതേന്ദ്രിയഃ 22

"യേഷാം	"യാതൊരുവൎക്ക്
ത്വം	നീ
കൎക്കശഃ	മുമ്പുപിമ്പു ആലോചിക്കാത്തവനും
ദുൎബ്ബുദ്ധിഃ	ബുദ്ധിഹീനനും
അജിതേന്ദ്രിയഃ	ഇന്ദ്രിയങ്ങളെ ഒതുക്കാത്തവനും ആയ
രാജാ,	രാജാവോ,
രാക്ഷസാഃ	അപ്രകാരമുള്ള രാക്ഷസന്മാർ
സൎവ്വേ	എല്ലാവരും,
അവശ്യം,	നിശ്ചയമായും,
രാവണ!	അല്ലേ രാവണ!
വിനശിഷ്യന്തി.	നശിപ്പാൻപോകുന്നു.

അപഹൃത്യ ശചീം ഭാൎയ്യാം ശക്യമിന്ദ്രസ്യ ജീവിതും
ന ച രാമസ്യ ഭാൎയ്യാം മാമപനീയാസ്തി ജീവിതം. 23

"ഇന്ദ്രസ്യ	"ഇന്ദ്രന്റെ	രാമസ്യ	ശ്രീരാമന്റെ
ഭാൎയ്യാം	പത്നിയായ	ഭാൎയ്യാം	പത്നിയായ
ശചീം	ശചീദേവിയെ	മാം	എന്നെ
അപഹൃത്യ	അപഹരിച്ച്,	അപനീയ	അപഹരിച്ചശേഷം,
ജീവിതും ശക്യം;	ഒരുസമയം ജീവിച്ചാലും ജീവിച്ചേക്കാം;	ജീവിതം	ജീവൻ എന്നത്
		ന ച അസ്തി.	ഇല്ലതന്നെ.

ജീവേച്ചിരം വജ്രധരസ്യ ഹസ്താത്
ശചീം പ്രധൃഷ്യാപ്രതിരൂപരൂപാം
ന മാദൃശീം രാക്ഷസ ധൎഷയിത്വാ
പീതാമൃതസ്യാപി തവാസ്തി മോക്ഷഃ 24

"അപ്രതിരൂപരൂപാം	"എതിരില്ലാത്ത രൂപഗുണമുള്ളവളായ	മാദൃശീം	എന്നെപ്പോലെയുള്ളവളെ
ശചീം	ശചീദേവിയെ	ധൎഷയിത്വാ,	അപഹരിച്ചശേഷം
വജ്രധരസ്യ	വജ്രപാണിയായ ഇന്ദ്രന്റെ	പീതാമൃതസ്യ അപി	അമൃതപാനം ചെയ്തവനെന്നാലുംകൂടി
ഹസ്താത്	കയ്യിൽനിന്ന്	തവ	നിണക്ക്
പ്രധൃഷ്യ	അപഹരിച്ച്,	മോക്ഷഃ	ശിക്ഷയിൽനിന്ന് മോചനമെന്നത്
ചിരം	ഏറെനാൾ		
ജീവേത്;	ജീവിച്ചിരുന്നേയ്ക്കാം;		
രാക്ഷസ!	രാക്ഷസ!	ന അസ്തി.	ഇല്ലതന്നെ.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
അഷ്ടചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തെട്ടാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 8337; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1625.

ഏകോനപഞ്ചാശഃ സൎഗ്ഗഃ = നാല്പത്തൊമ്പതാംസൎഗ്ഗം.

[സീതാപഹരണം = സീതയെ അപഹരിക്കുന്നത്]

സീതായാ വചനം ശ്രുത്വാ ദശഗ്രീവഃ പ്രതാപവാൻ
ഹസ്തേ ഹസ്തം സമാഹത്യ ചകാര സുമഹദ്വപുഃ 1

സീതായാഃ	സീതാദേവിയുടെ	ഹസ്തേ	കയ്യിൽ
വചനം	വാക്ക്	ഹസ്തം സമാഹത്യ,	കൈകൊണ്ടുകൊട്ടി
ശ്രുത്വാ,	കേട്ട്,		
പ്രതാപവാൻ	പ്രതാപശാലിയായ	സുമഹത് വപുഃ	വലുതായ ഒരു രൂപത്തെ
ദശഗ്രീവഃ,	ദശകണ്ഠൻ,	ചകാര.	കൈക്കൊണ്ടു.

സ മൈഥിലീം പുനൎവ്വാക്യം ബഭാഷേ ച തതോ ഭൃശം
നോന്മത്തയാ ശ്രുതൌ മന്യേ മമ വീൎയ്യപരാക്രമൌ. 2

സഃ	അവൻ	"മമ	"എന്റെ
തതഃ	അതിൽപിന്നെ	വീൎയ്യപരാക്രമൌ	വീൎയ്യവും പരാക്രമവും
മൈഥിലീം,	സീതാദേവിയെനോക്കി	ഉന്മത്തയാ	അതിഗൎവ്വിഷ്ഠയായ നിന്നാൽ
പുനഃ	വീണ്ടും	ന ശ്രുതൌ ച	കേൾക്കപ്പെട്ടില്ലെന്നു്
വാക്യം	ഇപ്രകാരം വാക്യത്തെ	മന്യേ.	ഞാൻ വിചാരിക്കുന്നു.
ഭൃശം	അതിഭയങ്കരമാംവണ്ണം		
ബഭാഷേ ;	ഉരചെയ്തു ;		

ഉദ്വഹേയം ഭുജാഭ്യാം തു മേദിനീമംബരേ സ്ഥിതഃ
ആപിബേയം സമുദ്രം ച മൃത്യും ഹന്യാം രണേ സ്ഥിതഃ 3

"അംബരേ	"ആകാശത്തിൽ	സമുദ്രം ച	സമുദ്രത്തെയും
സ്ഥിതഃ	നിന്നുകൊണ്ടു്	ആപിബേയം ;	കുടിച്ചുവററിക്കാം ;
മേദിനീം	ഭൂമിയെ	രണേ സ്ഥിതഃ	പോരിൽ എതിൎക്കുന്നവനായ ഞാൻ
ഭുജാഭ്യാം	രണ്ടുകൈകൾകൊണ്ടും	മൃത്യും തു	കാലനേയും
ഉദ്വഹേയം ;	ഞാൻ എടുത്തുപൊന്തിക്കാം;	ഹന്യാം.	കൊന്നുകളയാം.

അൎക്കം രുന്ധ്യാം ശരൈസ്തീക്ഷ്ണൈൎവ്വിഭിന്ദ്യാം ഹി മഹീതലം
കാമരൂപിണമുന്മത്തേ പശ്യ മാം കാമദം പതിം. 4

"അൎക്കം	"സൂൎയ്യനെ	മാം	എന്നെ
തീക്ഷ്ണൈഃ	കൂൎത്ത	കാമരൂപിണം	ഇഷ്ടമുള്ള രൂപമെടുക്കാവുന്നവനും
ശരൈഃ	ബാണങ്ങളാൽ	കാമദം	ഇഷ്ടമുള്ളതിനെ നല്കുന്നവനും ആയ
രുന്ധ്യാം ;	മൂടിക്കളയാം ;	പതിം	നാഥനെന്നു്
മഹീതലം ഹി	ഭൂമിയെത്തന്നെയും	പശ്യ."	ഓൎത്തുകൊൾക."
വിഭിന്ദ്യാം ;	പിളൎക്കാം ;		
ഉന്മത്തേ !	ബുദ്ധിഭ്രമം പൂണ്ടവളേ!		

ഏവമുക്തവതസ്തസ്യ രാവണസ്യ ശിഖിപ്രഭേ
ക്രുദ്ധസ്യ ഹരിപൎയ്യന്തേ രക്തേ നേത്രേ ബഭൂവതുഃ 5

ക്രുദ്ധസ്യ	കോപാക്രാന്തനായി	ഹരിപൎയ്യന്തേ	ചുററും മഞ്ഞച്ചവയായി
ഏവം	മേൽപ്രകാരം	രക്തേ	തുടുതുടുത്തവയായി
ഉക്തവതഃ	ഉരചെയ്തവനായ	ശിഖിപ്രഭേ	അഗ്നിജ്വാലപോലെ വിളങ്ങുന്നവയായ
തസ്യ	ആ	ബഭൂവതുഃ.	ഭവിച്ചു.
രാവണസ്യ	രാവണന്റെ		
നേത്രേ	രണ്ടുനേത്രങ്ങളും		

സദ്യഃ സൌമ്യം പരിത്യജ്യ ഭിക്ഷുരൂപം സ രാവണഃ
സ്വരൂപം കാലരൂപാഭം ഭേജേ വൈശ്രവണാനുജഃ. 6

സഃ	ആ	സദ്യഃ	തൽക്ഷണം
വൈശ്രവണാനുജഃ	കുബേരസഹോദരനായ	പരിത്യജ്യ,	വെടിഞ്ഞു്,
രാവണഃ,	രാവണൻ,	കാലരൂപാഭം	യമന്റെ വടിവിനൊത്ത
സൌമ്യം	ശാന്തമനോഹരമായ	സ്വരൂപം	സ്വന്തം രൂപത്തെ
ഭിക്ഷുരൂപം	സന്ന്യാസിരൂപത്തെ	ഭേജേ.	കയ്ക്കൊള്ളുവാൻമുതിൎന്നു.

സംരക്തനയനഃ ശ്രീമാംസ്തപ്തകാഞ്ചനകുണ്ഡലഃ
ക്രോധേന മഹതാऽऽവിഷ്ടോ നീലജീമൂതസന്നിഭഃ 7

തപ്തകാഞ്ചനകുണ്ഡലഃ	തങ്കപ്പൊൻകുണ്ഡലങ്ങളാൎന്നവനും	സംരക്തനയനഃ	കണ്ണുകൾ ചുവന്നു്
ശ്രീമാൻ	തേജസ്വിയും	മഹതാ	അളവററ
നീലജീമൂതസന്നിഭഃ	നീലക്കാറൊത്തവനും ആയ അവൻ	ക്രോധേന	കോപംമൂലം
		ആവിഷ്ടഃ.	മതിമറന്നവനായി ഭവിച്ചു.

ദശാസ്യഃ കാൎമ്മുകീ ബാണീ ബഭൂവ ക്ഷണദാചരഃ. 8

ക്ഷണദാചരഃ	രാത്രിഞ്ചരൻ	കാൎമ്മുകീ	വില്ലേന്തിയവനായി
ദശാസ്യഃ	പത്തുമുഖങ്ങളുള്ളവനായി	ബാണീ	ബാണപാണിയായി
		ബഭൂവ.	വൎത്തിച്ചു.

സ പരിവ്രാജകച്ഛദ്മ മഹാകായോ വിഹായ തത്
പ്രതിപേദേ സ്വകം രൂപം രാവണോ രാക്ഷസാധിപഃ 9

സഃ	ആ	പരിവ്രാജകച്ഛദ്മ	കപടസന്ന്യാസിവേഷത്തെ
മഹാകായഃ	പെരുംകൂററനും	വിഹായ,	വെടിഞ്ഞ്,
രാക്ഷസാധിപഃ	രാക്ഷസരാജാവുമായ	സ്വകം രൂപം	സ്വന്തം രൂപത്തെ
രാവണഃ,	രാവണൻ,	പ്രതിപേദേ.	കയ്ക്കൊണ്ടു.
തത്	ആ		

സംരക്തനയനഃ ക്രോധാജ്ജീമൂതനിചയപ്രഭഃ
രക്താംബരധരസ്തസ്ഥൌ സ്ത്രീരത്നം പ്രേക്ഷ്യ മൈഥിലീം. 10

ജീമൂതനിചയപ്രഭഃ	മേഘനിരപോന്ന ദേഹമാൎന്നവനും	സ്ത്രീരത്നം	സ്ത്രീരത്നമായ
രക്താംബരധരഃ,	ചുവന്നവസ്ത്രം ധരിച്ചവനുമായ അവൻ,	മൈഥിലീം	മൈഥിലിയെ
ക്രോധാത്	കോപത്താൽ	പ്രേക്ഷ്യ	ഉററുനോക്കിക്കൊണ്ടു
സംരക്തനയനഃ	തുടുതുടുത്ത നേത്രങ്ങളാൎന്നവനായി	തസ്ഥൌ.	കുറഞ്ഞൊന്നു തയങ്ങി നിന്നു.

സീതാമസിതകേശാന്താം ഭാസ്കരസ്യ പ്രഭാമിവ
വസനാഭരണോപേതാം മൈഥിലീം രാവണോഽബ്രവീത്. 11

അസിതകേശാന്താം	കരികുഴലാളും	മൈഥിലീം	മിഥിലാധിപസുതയായ
ഭാസ്കരസ്യ പ്രഭാം ഇവ	സൂര്യപ്രഭപോലെയുള്ളവളും	സീതാം,	സീതാദേവിയെനോക്കി,
വസനാഭരണോപേതാം	ഉത്കൃഷ്ടവസ്ത്രാഭരണങ്ങൾ പൂണ്ടിരുന്നവളുമായ	രാവണഃ	രാവണൻ
		അബ്രവീത്.	ഇപ്രകാരം പറഞ്ഞു.

ത്രിഷു ലോകേഷു വിഖ്യാതം യദി ഭർത്താരമിച്ഛസി
മാമാശ്രയ വരാരോഹേ തവാഹം സദൃശഃ പതിഃ 12

"വരാരോഹേ!	"സുന്ദരി!	മാം ആശ്രയ;	എന്നെ നീ ആശ്രയിച്ചാലും;
ത്രിഷു ലോകേഷു	മൂന്നുലോകങ്ങളിലും	അഹം	ഞാൻ
വിഖ്യാതം	പ്രസിദ്ധിയാന്ന	തവ	നിണക്ക്
ഭർത്താരം	നാഥനെ	സദൃശഃ പതിഃ.	തക്ക പതിയാകുന്നു.
ഇച്ഛസി യദി,	നീ ആഗ്രഹിക്കുന്നപക്ഷം,		

മാം ഭജസ്വ ചിരായ ത്വമഹം ശ്ലാഘ്യസ്തവ പ്രിയഃ
നൈവ ചാഹം ക്വചിദ്ഭദ്രേ കരിഷ്യേ തവ വിപ്രിയം. 13

"ഭദ്രേ!	"നല്ലാർമണിയായവളേ!	ശ്ലാഘ്യഃ	ദുർല്ലഭനായ
ത്വം	നീ	പ്രിയഃ;	പ്രിയനാകുന്നു;
ചിരായ	ഇപ്പോൾതന്നെ	അഹം	ഞാൻ
മാം	എന്നെ	തവ	നിണക്ക്
ഭജസ്വ;	സ്വീകരിച്ചുകൊൾക;	വിപ്രിയം	അനിഷ്ടമായി
അഹം	ഞാൻ	ക്വചിത് ച	ഒരിക്കലും
തവ	നിണക്ക്	ന ഏവ കരിഷ്യേ.	നടക്കുകതന്നെയില്ല.

ത്യജ്യതാം മാനുഷോ ഭാവോ മയി ഭാവഃ പ്രണീയതാം
രാജ്യാച്ച്യുതമസിദ്ധാർത്ഥം രാമം പരിമിതായുഷം 14
കൈർഗ്ഗുണൈരനുരക്താഽസി മൂഢേ പണ്ഡിതമാനിനി
യഃ സ്ത്രിയാ വചനാദ്രാജ്യം വിഹായ സസുഹൃജ്ജനം 15
അസ്മിൻ വ്യാളാനുചരിതേ വനേ വസതി ദുർമ്മതിഃ. 16

"മാനുഷഃ	"മനുഷ്യന്റെ പേരിലുള്ളതായ	യഃ ദുർമ്മതിഃ	യാതൊരു മൂഢൻ
ഭാവഃ	പ്രേമം	സ്ത്രിയാഃ വചനാത്	ഒരു പെണ്ണിന്റെ വാക്കുകേട്ട്
ത്യജ്യതാം;	ത്യജിക്കപ്പെടട്ടെ;	സസുഹൃജ്ജനം രാജ്യം	ബന്ധുക്കളോടുകൂടിയ രാജ്യത്തെ
മയി	എന്റെ പേരിൽ	വിഹായ	ഉപേക്ഷിച്ച്
ഭാവഃ	പ്രീതി		
പ്രണീയതാം;	ചേർക്കപ്പെടട്ടെ;		

അസ്മിൻ	ഈ	പരിമിതായുഷം	അല്പായുസ്സായ
വ്യാളാനുചരിതേ	ദുഷ്ടജന്തുനിഷേവിത	രാമം	അപ്രകാരമുള്ളരാമനെ
വനേ	വനത്തിൽ [മായ	പണ്ഡിത- മാനിനി!	എല്ലാം അറിയുമെന്നു നടിക്കുന്ന
വസതി	കാലംകഴിച്ചുകൂട്ടുന്ന വൊ,	മൂഢേ!	മൂഢേ!
രാജ്യാത്	രാജ്യത്തിൽനിന്ന്	കൈഃ ഗുണൈഃ	എന്തുഗുണങ്ങളെക്കൊ ണ്ടാണ്
ച്യുതം	ഭ്രഷ്ടനായി,	അനുരക്താ അസി?"	നീ കാമിക്കുന്നതു്?"
അസിദ്ധാർത്ഥം	ഇച്ഛാഭംഗപ്പെട്ടവ നായി		

["രാജ്യാത്ച്യുതം", ത്യക്തരാജ്യം, (രാജ്യത്തെ ത്യക്തമായ് കരുതിയവൻ); "അസിദ്ധാർത്ഥം," അശ്വ അസൌ സിദ്ധാർത്ഥശ്ച, (സിദ്ധാർത്ഥനായ, അവാപ്തസമസ്തകാമനായ വിഷ്ണുഭഗവാൻ); "പരിമിതായുഷം" പരിഗതം ത്യക്തം മിതം ആയുശ്യേന തം പരിമിതായുഷം, (അളവററതായ ആയുസ്സോടുകൂടിയവൻ); "കൈഃ ഗുണൈഃ", അനിർവ്വചനീയൈഃ ഗുണൈഃ, (അനിർവ്വചനീയങ്ങളായ ഗുണങ്ങൾകാരണം); "ദുർമ്മതിഃ" ദുഷ്ടേഷു അപി അനുഗ്രാഹികാ മതിഃ യസ്യ സഃ, (ദുഷ്ടന്മാരിലും കൂടി അനുഗ്രഹബുദ്ധിയാന്നവൻ) എന്നു സൂക്ഷ്മാർത്ഥം; തീർത്ഥീയം.]

ഇത്യുക്ത്വാ മൈഥിലീം വാക്യം പ്രിയാർഹാം പ്രിയവാദിനീം
അഭിഗമ്യ സുദുഷ്ടാത്മാ രാക്ഷസഃ കാലചോദിതഃ 17
ജഗ്രാഹ രാവണഃ സീതാം ബുധഃ ഖേ രോഹിണീമിവ. 18

ബുധഃ	പഠിച്ചറിവുള്ള	മൈഥിലീം	സീതാദേവിയെനോക്കി
സുദുഷ്ടാത്മാ	പരമദുഷ്ടാത്മാവായ	ഇതി	മേൽപ്രകാരം
രാക്ഷസഃ	രാക്ഷസനായ	വാക്യം ഉക്ത്വാ,	ഉരചെയ്തശേഷം,
രാവണഃ,	രാവണൻ,	ഖേ	ആകാശത്തിൽ
കാലചോദിതഃ,	വിധിനിയന്ത്രിതനായി	രോഹിണീം ഇവ	മിന്നൽപിണരെന്ന പോലെ വിളങ്ങുന്നവ
പ്രിയാർഹാം	ഭക്തിക്ക് അർഹയായവ ളും	സീതാം	സീതാദേവിയെ [ളായ
പ്രിയവാദിനീം	ഹിതത്തെ പറയുന്നവ ളുമായ	അഭിഗമ്യ	സമീപിച്ച്
		ജഗ്രാഹ.	പിടിച്ചുവലിച്ചു.

"ബുധൻ രോഹിണിയെ എന്നപോലെ," എന്നും അത്ഭുതോപമയായി സാമ്യം. അതായതു ബുധൻ സ്വമാതാവായ രോഹിണിയെ പിടിച്ചുവലിച്ചുകൊണ്ടു പോയാൽ എത്ര അക്രമമായിരിക്കുമോ, അതുപോലെ രാവണൻ ലോകമാതാവായ സീതാദേവിയെ പിടിച്ചുവലിച്ചു, എന്നു സാരം. "ബുധൻ സ്വമാതാവിനെ വന്ദിപ്പാനെന്ന പോലെ," ലോകമാതാവിനെ വന്ദിച്ച് തദ്വാരാ ശ്രീരാമപാദാരവിന്ദങ്ങളെ പ്രാപിപ്പാനായി ലങ്കയിലേക്കു കൊണ്ടുപോയെന്നു സൂക്ഷ്മാർത്ഥമാണെന്നു തീർത്ഥീയം. ഇപ്രകാരം രാവണവാക്യങ്ങൾക്കെല്ലാം, ക്ലിഷ്ടമായെങ്കിലും സ്തുത്യർത്ഥരൂപത്തിൽ തീർത്ഥീയവ്യാഖ്യാനത്തിൽ അർത്ഥം പറഞ്ഞിട്ടുണ്ട്. സുന്ദരകാണ്ഡം 20-ാം സർഗ്ഗം ഒടുവിലത്തെ ശ്ലോകത്തിലെ കുറിപ്പുംകണ്ടുകൊൾക.

ഉത്തരകാണ്ഡം 26-ാം സർഗ്ഗത്തിൽ "യദാ ഹ്യകാമാം കാമാർത്തോ ധർഷയിഷ്യതി യോഷിതം മൂർദ്ധാ തു സപ്തധാ തസ്യ ശകലീഭവിതാ തദാ," എന്ന് രംഭയെ ധർഷണം ചെയ്തവനായ രാവണനെ നളകൂബരൻ ശപിച്ചിരിക്കുന്നതിനാൽ, സീതയെ കൈകൊണ്ടു സ്പർശിച്ചതിനാൽ മരിക്കാതിരുന്നതിനു കാരണം തീർത്ഥീയാദി ചില വ്യാഖ്യാനങ്ങളിൽ ഇപ്രകാരം പറയുന്നു. രാക്ഷസന്മാക്ക് ഛായാഗ്രാഹശക്തിയുണ്ടായതുകൊണ്ടു ജാനകീശാദി ഛായയെ മാത്രമാണ് ഗ്രഹിച്ചതു്; അല്ലാതെ സീതയുടെ ദേഹസ്പർശം ചെയ്തില്ലെന്നു പറയുന്നു.

അപ്രകാരം തന്നെ സ്കാന്ദപുരാണത്തിൽ പറയപ്പെട്ടിരിക്കുന്നു. "ഛായാഗ്രാഹിത്വമപ്യസ്തി സർവ്വവിദ്യാവിശാരദേ. കേശച്ഛായാം പരാമൃശ്യ ജാനുച്ഛായാം തഥൈവ ച. ഗൃഹീത്വാ ജാനകീം ഹ്യേഷോ ലങ്കാം പ്രായാത് സ രാവണഃ. സീതാപഹരണം ചൈവം യേ ശൃണ്വന്തി നരോത്തമാഃ ന തേഷാമശുഭം ദേവി ഭവിഷ്യതി കദാചന."

കൂർമ്മപുരാണം 34-ാമദ്ധ്യായത്തിൽ "സൃഷ്ട്വാ മായാമയീം സീതാം സ രാവണവധേച്ഛയാ. സീതാമാദായ രാമേഷ്ടാം പാവകോഽന്തരധീയത." എന്നു മായാസീതയെ സൃഷ്ടിച്ച്, സാക്ഷാൽ സീതയെ അഗ്നിഭഗവാൻ എടുത്തുകൊണ്ടു പോയതായി പറയപ്പെട്ടിരിക്കുന്നു.

ആഗ്നേയപുരാണം 76-ാം സർഗ്ഗത്തിലും "ഇത്യുക്ത്വാ സ്വപ്രഭാവേന പ്രതിബിംബം മഹാമായം യഥാരൂപം യഥാവേഷം കല്പയിത്വാഽതിസുന്ദരം. വഹ്നാവാച്ഛാദയന്തീ സ്വമഗാവേവ സമാസ്ഥിതാ," എന്നിങ്ങിനെ സീതതന്നെ മായാരൂപത്തെ നിർമ്മിച്ചശേഷം അഗ്നിയിൽ അവസ്ഥിതയായി എന്നു പറയപ്പെട്ടിരിക്കുന്നു.

ആനന്ദരാമായണത്തിൽ, ലക്ഷ്മണൻ വില്ലുകൊണ്ടു സീതയ്ക്കുചുററും രക്ഷയ്ക്കായി ഒരു കളം വരച്ചു പോയതായും, അതിൽ എടത്തെ കാൽ പുറത്തെടുത്തുവച്ച്, ഛായാമയിയായ സീത രാവണന്നു ഭിക്ഷ നൽകിയതായും പറയപ്പെട്ടിരിക്കുന്നു. "താഡിതം വാക്ശരേണാദ്യ ഭോക്ഷ്യസ്യാസ്യ ചിരാത് ഫലം. തഥാപി ശൃണു മദ്വാക്യം യന്മയാഽത്രോച്യതേ ഹിതം മയൈതാം ധനുഷാ രേഖാം കൃതാം ത്വത്പരിതോഽധുനാ. ത്വദ്രക്ഷണാർത്ഥം ദുഷ്ടാനാം ദുർവ്വിലംഘ്യാം മഹത്തമാം മാ ത്വമുല്ലംഘയസേ മാം പ്രാണൈഃ കണ്ഠഗതൈരപി. ഇത്യുക്ത്വാ ധനുഷഃ കോട്യാ കൃത്വാ രേഖാം സമന്തതഃ ബാഹ്യദേശേ പഞ്ചവട്യാഃ സൌമിത്രിഃ പരിഘോപമാം. നത്വാ സീതാം തതസ്തൂഷ്ണീം യയൌ രാമം ത്വരാന്വിതഃ. ഏതസ്മിന്നന്തരേ തത്ര രാവണോ ഭിക്ഷുരൂപധൃക്. ഗത്വാ പഞ്ചവടീദ്വാരം രേഖായാശ്ച ബഹിഃസ്ഥിതഃ. നാരായണേതി വൈ പ്രോക്ത്വാ തൂഷ്ണീം തസ്ഥൌ സ രാവണഃ. താവച്ഛായാമയീ സീതാ ഭിക്ഷാം തസ്മൈ സമർപ്പിതും യയൌ ദ്വാരം ഭിക്ഷഹസ്താ ഗൃഹാണേതി ഷേത്യബ്രവീച്ച തം. തദാ ഭിക്ഷുഃ പുനഃ പ്രാഹ സീതാം പങ്കജലോചനാം. നാംഗീകരോമ്യന്തരേണ ഭിക്ഷാമേതാം ത്വയാഽർപ്പിതാം. ഗാർഹസ്ഥ്യം ചേദ്രാഘവസ്യ രക്ഷിതും ത്വം സമിച്ഛസി. തർഹി രേഖാം സമുല്ലംഘ്യ മാം ഭിക്ഷാം ദാതുമർഹസി. തദ ഭിക്ഷുവചനം ശ്രുത്വാഽധർമ്മോഽഭൂന്മേതി ശങ്കിതാ. രേഖാബഹിഃ സവ്യപാദം ദത്വാ ദീർഘലസത്കരാ ഗൃഹാണേഷ്വമാം വരാം ഭിക്ഷാമിതി തം പ്രാഹ ജാനകീ. തതോ ദശാസ്യസ്താം ധൃത്വാ ഭിക്ഷുരൂപം വിസൃജ്യ ച ദൈവാഗേഹേ രഥേ സീതാം സംസ്ഥാപ്യാഥ ന്യവർത്തത."

അദ്ധ്യാത്മ രാമായണത്തിൽ, സീത നിന്നിരുന്ന സ്ഥലത്തിൽ ഭൂമിയെ നഖങ്ങൾകൊണ്ടു വിദാരണംചെയ്തു് സീതയെ തൊടാതെതന്നെ രഥത്തിൽ കയററിക്കൊണ്ടു പോയതായും പറയുന്നു. "തതോ വിദാര്യ ധരണീം നഖൈരുദ്ധൃത്യ ബാഹുഭിഃ. തോലയിത്വാ രഥേ ക്ഷിപ്ത്വാ യയൌ ക്ഷിപ്രം വിഹായസാ."]

വാമേന സീതാം പത്മാക്ഷീം മൂർദ്ധജേഷു കരേണ സഃ
ഊർവ്വോസ്തു ദക്ഷിണേനൈവ പരിജഗ്രാഹ പാണിനാ. 19

സഃ	അവൻ	കരേണ,	കരംകൊണ്ടും,
പത്മാക്ഷീം	ചെന്താർനേത്രയായ	ഊർവ്വോഃ തു	രണ്ടുതുടകളിലും
സീതാം	സീതയെ	ദക്ഷിണേന	വലത്തെ
മൂർദ്ധജേഷു	തലമുടിയിൽ	പാണിനാ ഏവ	കൈകൊണ്ടും
വാമേന	ഇടത്തെ	പരിജഗ്രാഹ.	പിടിച്ചുയർത്തി.

തം ദൃഷ്ട്വാ ഗിരിശൃംഗാഭം തീക്ഷ്ണദംഷ്ട്രം മഹാഭുജം
പ്രാദ്രവന്മൃത്യുസദൃശം ഭയാർത്താ വനദേവതാഃ. 20

വനദേവതാഃ	വനദേവതമാർ	മൃത്യുസദൃശം	കാലസന്നിഭനും ആയ
ഗിരിശൃംഗാഭം	ഗിരിശിഖരംപോലെയുള്ളവനും	തം	അവനെ
തീക്ഷ്ണദംഷ്ട്രം	കൂർത്തദംഷ്ട്രകളോടുകൂടിയവനും	ദൃഷ്ട്വാ,	കണ്ട്,
മഹാഭുജം	മഹത്തായ ഭുജങ്ങളാർന്നവനും	ഭയാർത്താഃ	ഭയന്ന് നടുങ്ങിയവരായി
		പ്രാദ്രവൻ.	ഓടിപ്പോയ്ക്കളഞ്ഞു.

സ ച മായാമയോ ദിവ്യഃ ഖരയുക്തഃ ഖരസ്വനഃ
പ്രത്യദൃശ്യത ഹേമാംഗോ രാവണസ്യ മഹാരഥഃ. 21

മായാമയഃ	മായകൊണ്ട് സൃഷ്ടിക്കപ്പെട്ടതും	ഹേമാംഗഃ ച	സ്വർണ്ണനിർമ്മിതവും
ഖരയുക്തഃ	കോവർകഴുതകൾ പൂട്ടിക്കെട്ടിയതും	ദിവ്യഃ	വിശേഷപ്പെട്ടതും ആയ
ഖരസ്വനഃ	ഘോരമായ ശബ്ദത്തോടുകൂടിയതും	രാവണസ്യ	രാവണന്റെ
		സഃ മഹാരഥഃ	ആ വലുതായ രഥം
		പ്രത്യദൃശ്യത.	തൽക്ഷണം പ്രത്യക്ഷപ്പെട്ടു.

തതസ്താം പരുഷൈർവാക്യൈരഭിതർജ്ജ്യ മഹാസ്വനഃ
അങ്കേനോദ്യമ്യ വൈദേഹീം രഥമാരോപയത്തദാ. 22

തദാ	അപ്പോൾ	അഭിതർജ്ജ്യ,	വിരട്ടി,
മഹാസ്വനഃ	ഉച്ചസ്വരത്തിൽ അവൻ	അങ്കേന	തുടകൊണ്ട്
താം	ആ	ഉദ്യമ്യ,	താങ്ങി,
വൈദേഹീം	വൈദേഹിയെ	തതഃ	അവിടെനിന്നും
പരുഷൈഃ	രൂക്ഷങ്ങളായ	രഥം	രഥത്തിൽ
വാക്യൈഃ	വാക്യങ്ങളാൽ	ആരോപയത്.	എടുത്തുവെച്ചു.

സാ ഗൃഹീതാ വിചുക്രോശ രാവണേന യശസ്വിനീ
രാമേതി സീതാ ദുഃഖാർത്താ രാമം ദൂരഗതം വനേ. 23

യശസ്വിനീ	കീർത്തിമതിയായ	ദുഃഖാർത്താ,	ദുഃഖാക്രാന്തയായി,
സാ	ആ	വനേ	വനത്തിൽ
സീതാ,	സീതാദേവി,	ദൂരഗതം	ദൂരസ്ഥനായ
രാവണേന	രാവണനാൽ	രാമം	രാമനെയോർത്ത്
ഗൃഹീതാ,	അപഹരിക്കപ്പെട്ടവളായി,	"രാമ," ഇതി	"ശ്രീരാമ," എന്ന്
		വിചുക്രോശ.	ഉറക്കെ കരഞ്ഞു.

താമകാമാം സ കാമാർത്തഃ പന്നഗേന്ദ്രവധൂമിവ
വിവേഷ്ടമാനാമാദായ ഉത്പപാതാഥ രാവണഃ 24

അഥ — അപ്പോൾ
കാമാർത്തഃ — കാമഭ്രാന്തുപിടിച്ചവനായ
സഃ രാവണഃ, — ആ രാവണൻ,
പന്നഗേന്ദ്ര-വധൂം ഇവ — നാഗരാജപത്നിയെപ്പോലെയുള്ളവളും
അകാമാം — ഒട്ടും സ്വാധീനത്തിലാകാതെ
വിവേഷ്ടമാനാം — പിടഞ്ഞുകൊണ്ടിരിക്കുന്നവളും ആയ
താം — അവളെ
ആദായ — മുറുകെപ്പിടിച്ചുകൊണ്ട്
ഉത്പപാത. — ഉയരെപ്പൊങ്ങി.

തതഃ സാ രാക്ഷസേന്ദ്രേണ ഹ്രിയമാണാ വിഹായസാ
ഭൃശം ചുക്രോശ മത്തേവ ഭ്രാന്തചിത്താ യഥാഽഽതുരാ. 25

തതഃ — ആ സമയം
രാക്ഷസേന്ദ്രേണ — രാക്ഷസേശ്വരനാൽ
വിഹായസാ — ആകാശമാർഗ്ഗത്തിൽക്കൂടി
ഹ്രിയമാണാ — കൊണ്ടുപോകപ്പെടുന്നവളായ
സാ, — അവൾ,
ആതുരാ — ഒന്നും ചെയ്‌വാൻ കഴിയാത്തവളായി
യഥാ, — ഇരുന്നകാരണം,
ഭ്രാന്തചിത്താ — അകംകലങ്ങി
മത്താ — ഭ്രാന്തുപിടിച്ചവൾ
ഇവ, — എന്നപോലെ,
ഭൃശം — അതിദൈന്യമായി
ചുക്രോശ. — പ്രലപിച്ചു.

ഹാ ലക്ഷ്മണ മഹാബാഹോ ഗുരുചിത്തപ്രസാദക
ഹ്രിയമാണാം ന ജാനീഷേ രക്ഷസാ മാമമർഷിണാ. 26

"ഹാ ലക്ഷ്മണ! — "അയ്യോ ലക്ഷ്മണ!
മഹാബാഹോ! — വീരനായവനേ!
ഗുരുചിത്തപ്രസാദക! — വലിയവർക്കു മനസ്സിണങ്ങുമാറ് നടക്കുന്നവനെ!
അമർഷിണാ — പകകരുതിയ
രക്ഷസാ — രാക്ഷസനാൽ,
മാം — എന്നെ
ഹ്രിയമാണാം — അപഹരിക്കപ്പെടുന്നവളായി
ന ജാനീഷേ. — നീ അറിയുന്നില്ല.

ജീവിതം സുഖമർത്ഥാംശ്ച ധർമ്മഹേതോഃ പരിത്യജൻ
ഹ്രിയമാണാമധർമ്മേണ മാം രാഘവ ന പശ്യസി. 27

"രാഘവ! — "ശ്രീരാമ!
സുഖം ജീവിതം — സൌഖ്യമായ വാസത്തെയും
അർത്ഥാൻ ച — സ്വത്തുക്കളെയും
ധർമ്മഹേതോഃ — ധർമ്മത്തിന്നുവേണ്ടി
പരിത്യജൻ, — ഉപേക്ഷിക്കുന്നവനായ നിന്തിരുവടി,
മാം — എന്നെ
അധർമ്മേണ — അന്യായമായി
ഹ്രിയമാണാം — അപഹരിച്ചുകൊണ്ടുപോകപ്പെടുന്നവളായി
ന പശ്യസി. — കാണുന്നില്ല.

നനു നാമാവിനീതാനാം വിനേതാഽസി പരന്തപ
കഥമേവം വിധം പാപം ന ത്വം ശാധി ഹി രാവണം. 28

"പരന്തപ! — "ശത്രുസംഹാരക!
അവിനീതാനാം — അപരാധികളെ
വിനേതാ — ശിക്ഷിക്കുന്നവൻ
അസി; — ആണല്ലോ, അങ്ങ്;
ഹി — എന്നിട്ടും,
നനു നാമ — ഇപ്പോഴാകട്ടെ
ഏവം വിധം — ഇപ്രകാരമുള്ള
പാപം — പാപിയായ
രാവണം — രാവണനെ
കഥം — എന്തുകൊണ്ടാണ്
ത്വം — അങ്ങ്
ന ശാധി? — ശിക്ഷിക്കാതിരിക്കുന്നത്?

ന തു സദ്യോऽവിനീതസ്യ ദൃശ്യതേ കമ്മണഃ ഫലം. 29

“ അവിനീതസ്യ	“ ദുഷ്ടന്ന്	സദ്യഃ	ഉടനെ
കമ്മണഃ	പാപത്തിന്റെ		
ഫലം	ഫലം	ന ദൃശ്യതേ തു !	കാണപ്പെടുന്നില്ലല്ലോ !

കാലോऽപ്യംഗീഭവത്യത്ര സസ്യാനാമിവ പക്തയേ. 30

“ അത്ര അപി,	“ ഇതിലും,	ഇവ	എന്നപോലെ,
സസ്യാനാം	സസ്യങ്ങൾക്ക്	കാലഃ	തക്കകാലം
പക്തയേ	ഫലം ഉണ്ടാകുന്നതിൽ	അംഗീഭവതി.	കാരണമായ്ത്തീരുന്നു.

സ കമ്മ കൃതവാനേതത് കാലോപഹതചേതനഃ
ജീവിതാന്തകരം ഘോരം രാമാദ്വ്യസനമാപ്സ്യസി. 31

“ കാലോപഹതചേതനഃ	“ വിധിവശത്താൽ ബുദ്ധികെട്ടുപോയവനായി	ജീവിതാന്തകരം	ജീവാവസാനം വരുത്തുന്നതും
		ഘോരം	അസഹ്യവും ആയ
ഏതത് കമ്മ	ഈ കൃത്യത്തെ	വ്യസനം	ശിക്ഷയെ
കൃതവാൻ	ചെയ്തവനായ	രാമാത്	ശ്രീരാമങ്കൽനിന്ന്
സഃ,	നീ,	ആപ്സ്യസി.	പ്രാപിച്ചാലും.

ഹന്തേദാനീം സകാമാ തു കൈകേയീ ബാന്ധവൈഃ സഹ
ഹ്രിയേ യദ്ധമ്മകാമസ്യ ധമ്മപത്നീ യശസ്വിനഃ. 32

“ ധമ്മകാമസ്യ	“ ധമ്മത്തിൽ ആസക്തിയോടുകൂടിയ	ബാന്ധവൈഃ സഹ	ബന്ധുക്കളോടുകൂടി
യശസ്വിനഃ	ആ കീർത്തിമാനായവന്ന്	സകാമാ;	ഇഷ്ടം സാധിച്ചവളായത്;
ധമ്മപത്നീ	ധമ്മപത്നിയായ ഞാൻ	ഹന്ത !	അയ്യോ ! എന്തു കഷ്ടം ! (നിരപരാധികളായ ഞങ്ങളുടെ ദുഃഖത്തെ കണ്ട് മററുള്ളവർ സന്തോഷിപ്പാനും ഇടവന്നുവല്ലൊ !)
ഹ്രിയേ,	അപഹരിക്കപ്പെടുന്നു,		
യത്	എന്നതുകൊണ്ട്		
ഇദാനീം തു	ഇപ്പോൾ മാത്രമാണ്		
കൈകേയീ	കൈകേയീദേവി		

ആമന്ത്രയേ ജനസ്ഥാനേ കണ്ണികാരാൻ സുപുഷ്പിതാൻ
ക്ഷിപ്രം രാമായ ശംസധ്വം സീതാം ഹരതി രാവണഃ. 33

“ ജനസ്ഥാനേ	“ ജനസ്ഥാനത്തിൽ	സീതാം	സീതയെ
സുപുഷ്പിതാൻ	നന്നായി പുഷ്പിച്ച	ഹരതി,’	അപഹരിച്ചുകൊണ്ടുപോകുന്നു,’ എന്ന്
കണ്ണികാരാൻ	കൊന്നമരങ്ങളെ നോക്കി	രാമായ	ശ്രീരാമനോട്
ആമന്ത്രയേ ;	ഞാൻ അപേക്ഷിക്കുന്നു ;	ക്ഷിപ്രം	ഉടനെ
രാവണഃ	‘ രാവണൻ	ശംസധ്വം.	നിങ്ങൾ അറിയിക്കുവിൻ.

ദൈവതാനി ച യാന്യസ്മിൻ വനേ വിവിധപാദപേ
നമസ്കരോമ്യഹം തേഭ്യോ ഭർത്തുഃ ശംസത മാം ഹൃതാം. 34

"വിവിധപാദപേ	"പലമരങ്ങൾ തിങ്ങിയ	നമസ്കരോമി;	നമസ്കരിക്കുന്നു;
അസ്മിൻ വനേ	ഈ കാട്ടിൽ	മാം	എന്നെ
ദൈവതാനി	വനദേവതകൾ	ഹൃതാം	അപഹരിച്ചുകൊണ്ടു പോകപ്പെട്ടവളായി
യാനി ച	ഏവയോ	ഭർത്തുഃ	ഭർത്താവിന്നു്
തേഭ്യഃ	അവയ്ക്കായ്ക്കൊണ്ടു്	ശംസത.	അറിവുകൊടുക്കേണമേ.
അഹം	ഞാൻ		

യാനി കാനിചിദപ്യത്ര സത്വാനി നിവസന്ത്യുത
സർവ്വാണി ശരണം യാമി മൃഗപക്ഷിഗണാനപി. 35

"യാനി കാനിചിത്	യാവ ചില	മൃഗപക്ഷിഗണാൻ അപി	മൃഗപക്ഷിസംഘങ്ങളെയും
സത്വാനി	പ്രാണികൾ	ഉത അപി	വേറെ ഉള്ളവയേയും
അത്ര നിവസന്തി	ഇങ്ങു വസിക്കുന്നുവൊ	ശരണം യാമി.	ഞാൻ ശരണം പ്രാപിക്കുന്നു.
സർവ്വാണി,	ആയവ എല്ലാററിനെയും,		

ഹ്രിയമാണാം പ്രിയാം ഭർത്തുഃ പ്രാണേഭ്യോഽപി ഗരീയസീം
വിവശാഽപഹൃതാ സീതാ രാവണേനേതി ശംസത. 36

"ഭർത്തുഃ	"ഭർത്താവിന്നു	'സീതാ	'സീത
പ്രാണേഭ്യഃ അപി	പ്രാണങ്ങളെക്കാളും	വിവശാ	രക്ഷയില്ലാതെ പരിതപിക്കുന്നവളായി
ഗരീയസീം	പ്രിയപ്പെട്ടവളും	രാവണേന	രാവണനാൽ
ഹ്രിയമാണാം	അപഹരിച്ചുകൊണ്ടു പോകപ്പെടുന്നവളും ആയ	അപഹൃതാ',	കട്ടുകൊണ്ടുപോക[പ്പെട്ടു,'
പ്രിയാം,	പതിയെക്കുറിച്ചു്,	ഇതി	എന്നു്
		ശംസത.	അറിയിച്ചാലും.

വിദിത്വാ മാം മഹാബാഹുരമുത്രാപി മഹാബലഃ
ആനേഷ്യതി പരാക്രമ്യ വൈവസ്വതഹൃതാമപി. 37

"മഹാബലഃ	"മഹാശക്തിമാനും	അമുത്ര അപി	അവിടെ വർത്തിക്കുന്നവളായി
മഹാബാഹുഃ,	മഹാവീരനും ആയ	വിദിത്വാ,	അറിഞ്ഞു്,
മാം	എന്നെ [അദ്ദേഹം,	പരാക്രമ്യ	ശത്രുക്കളെ ജയിച്ചു്
വൈവസ്വതഹൃതാം അപി	യമനാൽ കൊണ്ടുപോകപ്പെട്ടവളെന്നിരുന്നാലും,	ആനേഷ്യതി."	വീണ്ടുകൊണ്ടുവരാതിരിക്കയില്ല."

സാ തദാ കരുണാ വാചോ വിലപന്തീ സുദുഃഖിതാ
വനസ്പതിഗതം ഗൃദ്ധ്രം ദദൎശായതലോചനാ. 38

തദാ	അപ്പോൾ	ആയതലോചനാ	വിശാലനേത്രയായ
സുദുഃഖിതാ	ഏററം ദുഃഖിക്കുന്നവ	സാ,	അവൾ,
കരുണാഃ	ദയനീയമായ [ളായി	വനസ്പതിഗതം	ഒരു വൃക്ഷത്തിലിരുന്നി രുന്ന
വാചഃ	വാക്കുകളെ		
വിലപന്തീ	പ്രലപിച്ചുകൊണ്ടിരി ക്കുന്നവളായ	ഗൃദ്ധ്രം	കഴുകനായ ജടായുവി
		ദദൎശ.	കണ്ടു. [നെ

സാ തമുദ്വീക്ഷ്യ സുശ്രോണീ രാവണസ്യ വശം ഗതാ
സമാക്രന്ദദ്ഭയപരാ ശബ്ദോപഹതയാ ഗിരാ. 39

രാവണസ്യ	രാവണന്റെ	ശബ്ദോപ- ഹതയാ	ഒച്ചയിടറുന്ന
വശം ഗതാ	വശത്തിലകപ്പെട്ടവളാ യ	ഗിരാ,	വാക്കുകൊണ്ടു,
സാ സുശ്രോണി,	ആ സുന്ദരി,	തം ഉദ്വീക്ഷ്യ	അതിനെനോക്കി
ഭയപരാ	ഭയപരവശയായി	സമാക്രന്ദത്.	മുറവിളിയിട്ടു.

ജടായോ പശ്യ മാമാൎയ്യ ഹ്രിയമാണാമനാഥവത്
അനേന രാക്ഷസേന്ദ്രേണ കരുണം പാപകൎമ്മണാ. 40

"ആൎയ്യ	"ആൎയ്യനായ	അനേന	ഈ
ജടായോ!	ജടായുസ്സേ!	രാക്ഷസേന്ദ്രേണ	രാക്ഷസരാജാവിനാൽ
അനാഥവത്	അനാഥയെന്നപോലെ	കരുണം	നിൎദ്ദയമാം വണ്ണം
മാം,	എന്നെ,	ഹ്രിയമാണാം	കട്ടുകൊണ്ടുപോകപ്പെ ട്ടവളായി
പാപകൎമ്മണാ	ദുഷ്കൃത്യം ചെയ്യുന്നവ നായ	പശ്യ.	കണ്ടാലും.

നൈഷ വാരയിതും ശക്യസ്ത്വയാ ക്രൂരോ നിശാചരഃ
സത്ത്വവാഞ്ജിതകാശീ ച സായുധശ്ചൈവ ദുൎമ്മതിഃ 41

"ജിതകാശീ	"യുദ്ധവീരനെപ്പോലെ നടിക്കുന്നവനായ	സായുധഃ ഏവ!	ആയുധങ്ങളും ധരിച്ചവ നായിരിക്കുന്നുണ്ടു്;
ഏഷഃ	ഇവൻ	ച,	ആകയാൽ,
ക്രൂരഃ	ക്രൂരനായ	ത്വയാ ച	ഭവാനാൽ ഒററയ്ക്കു്
നിശാചരഃ;	രാത്രിഞ്ചരനാണു്;	വാരയിതും	തടുപ്പാൻ
സത്ത്വവാൻ;	പൊട്ടധൈൎയ്യത്തോടുകൂ	ന ശക്യഃ.	സാധിക്കപ്പെടാത്തവ നാണു്.
ദുൎമ്മതിഃ;	അല്പബുദ്ധി; [ടിയവൻ;		

രാമായ തു യഥാതത്ത്വം ജടായോ ഹരണം മമ
ലക്ഷ്മണായ ച തത് സൎവ്വമാഖ്യാതവ്യമശേഷതഃ 42

"ജടായോ!	"ജടായുവേ!	തത് സർവ്വം	ആയതെല്ലാംതന്നെ
മമ ഹരണം	എന്റെ അപഹരണത്തെക്കുറിച്ച്	രാമായ	ശ്രീരാമനോടും
		ലക്ഷ്മണായ ച	ലക്ഷ്മണനോടും
യഥാതത്ത്വം	നടന്നപ്രകാരംതന്നെ	തു	ഇപ്പോൾതന്നെ
അശേഷതഃ	ഒന്നുംവിടാതെ	ആഖ്യാതവ്യം."	അറിയിക്കപ്പെടട്ടെ."

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ഏകോനപഞ്ചാശഃ സർഗ്ഗഃ = നാല്പത്തൊമ്പതാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 8379; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1667.

പഞ്ചാശഃ സർഗ്ഗഃ = അമ്പതാംസർഗ്ഗം.

[ജടായുഷാ രാവണനിരോധഃ = ജടായു രാവണനെ തടുക്കുന്നത്.]

തം ശബ്ദമവസുപ്തസ്തു ജടായുരപി ശുശ്രുവേ
നിരൈക്ഷത ച വൈദേഹീം രാവണം ച ദദർശ ഹ 1

ജടായുഃ	ജടായു	ശുശ്രുവേ;	കേട്ടു;
അവസുപ്തഃ അപി	നല്ല ഉറക്കത്തിലിരുന്നുവെങ്കിലും	വൈദേഹീം ച	സീതാദേവിയേയും
		നിരൈക്ഷത;	തിരിഞ്ഞുനോക്കി;
തു	ആ സമയം	രാവണം ച	രാവണനേയും
തം ശബ്ദം	ആ ശബ്ദത്തെ	ദദർശ, ഹ.	കണ്ടു.

തതഃ പർവ്വതകൂടാഭസ്തീക്ഷ്ണതുണ്ഡഃ ഖഗോത്തമഃ
വനസ്പതിഗതഃ ശ്രീമാൻ വ്യാജഹാര ശുഭാം ഗിരം. 2

പർവ്വതകൂടാഭഃ	പർവ്വതശിഖരസന്നിഭനും	ഖഗോത്തമഃ,	ആ പക്ഷിശ്രേഷ്ഠൻ,
		വനസ്പതിഗതഃ	വൃക്ഷത്തിലിരുന്നുകൊണ്ടുതന്നെ
തീക്ഷ്ണതുണ്ഡഃ	കൂർത്ത കൊക്കുള്ളവനും	തതഃ	അപ്പോൾ
ശ്രീമാൻ	ലക്ഷ്മീകടാക്ഷം ലഭിച്ചവനും ആയ	ശുഭാം ഗിരം	ഹിതകരമായ വാക്യത്തെ
		വ്യാജഹാര.	ഉരചെയ്തു.

ദശഗ്രീവ സ്ഥിതോ ധർമ്മേ പുരാണേ സത്യസംശ്രയഃ
ജടായുർന്നാമ നാമ്നാഽഹം ഗൃദ്ധ്രരാജോ മഹാബലഃ. 3

"ദശഗ്രീവ!	ദശകണ്ഠ!	ഗൃദ്ധ്രരാജഃ;	കഴുക്കൾക്കരചൻ;
അഹം	ഞാൻ	പുരാണേ	സനാതനമായ
ജടായുഃ നാമ നാമ്നാ;	ജടായു എന്നു പറയപ്പെടുന്നവനാണ്	ധർമ്മേ	ധർമ്മത്തിൽ
		സ്ഥിതഃ;	നിലകൊണ്ടവൻ;
മഹാബലഃ	അതിശക്തിമാനായ	സത്യസംശ്രയഃ.	സത്യനിരതൻ.

["സത്യസംശ്രയഃ", 'സത്യം ജ്ഞാനമനന്തം ബ്രഹ്മ' എന്ന ശ്രുതിവാക്യപ്രകാരം, സത്യത്തെ, അതായത് പരമാത്മാവിനെ, അവലംബമായി കൊണ്ടവൻ, (എന്ന് ഗോ. രാ.) "സീതാം ച താത രക്ഷിഷ്യേ ത്വയി യാതേ സലക്ഷ്മണേ", എന്ന് പതിനാലാം സർഗ്ഗത്തിൽ പറഞ്ഞ പ്രകാരം പറഞ്ഞ വാക്കിനെ പരിപാലിക്കുന്നവൻ എന്നു സാരം (തിലകം). "പുരാണേ ധർമ്മേ", (ശാശ്വതമായ ഭഗവത്കൈങ്കര്യത്തിൽ), (എന്ന് ഗോ. രാ.)]

രാജാ സർവ്വസ്യ ലോകസ്യ മഹേന്ദ്രവരുണോപമഃ
ലോകാനാം ച ഹിതേ യുക്തോ രാമോ ദശരഥാത്മജഃ. 4

"ദശരഥാത്മജഃ	"ദശരഥപുത്രനായ	മഹേന്ദ്ര- വരുണോപമഃ	ഇന്ദ്രനും വരുണനും സമമായവൻ;
രാമഃ	ശ്രീരാമൻ	ലോകാനാം	പ്രജകളുടെ
സർവ്വസ്യ	എല്ലാ	ഹിതേ ച	ക്ഷേമത്തിൽതന്നെ
ലോകസ്യ	ലോകത്തിന്നും	യുക്തഃ.	വർത്തിക്കുന്നവൻ.
രാജാ;	ഈശ്വരൻ;		

തസ്യൈഷാ ലോകനാഥസ്യ ധർമ്മപത്നീ യശസ്വിനീ
സീതാ നാമ വരാരോഹാ യാം ത്വം ഹർത്തുമിഹേച്ഛസി. 5

"യാം	"യാതൊരുവളെ	സീതാ നാമ ഏഷാ,	സീതയെന്ന ഇവൾ,
ത്വം	നീ	തസ്യ	ആ
ഇഹ	ഇപ്പോൾ	ലോകനാഥസ്യ	ലോകനാഥന്റെ
ഹർത്തും	കട്ടുകൊണ്ടുപോകുവാൻ	യശസ്വിനി	പുകഴേറിയ
ഇച്ഛസി	തുനിയുന്നുവോ	ധർമ്മപത്നി.	ധർമ്മപത്നിയാകുന്നു.
വരാരോഹാ	ആ സ്ത്രീരത്നമായ		

കഥം രാജാ സ്ഥിതോ ധർമ്മേ പരദാരാൻ പരാമൃശേത്
രക്ഷണീയാ വിശേഷേണ രാജദാരാ മഹാബല 6

"ധർമ്മേ സ്ഥിതഃ	"ധർമ്മത്തിൽ നിലയോടുകൂടിയ	മഹാബല !	മഹാശക്തിമാനായവനേ !
രാജാ,	അരചൻ,	രാജദാരാഃ	രാജഭാര്യമാർ
പരദാരാൻ	പരദാരങ്ങളെ	വിശേഷേണ	പ്രത്യേകിച്ചും
കഥം	എങ്ങിനെ	രക്ഷണീയാഃ.	രക്ഷിക്കപ്പെടേണ്ടവരാണ്.
പരാമൃശേത് ?	സ്പർശിക്കും ?		

നിവർത്തയ മതിം നീചാം പരദാരാഭിമർശനാത്
ന തത് സമാചരേദ്ധീരോ യത് പരോഽസ്യ വിഗർഹയേത്
യഥാഽഽത്മനസ്തഥാഽന്യേഷാം ദാരാ രക്ഷ്യാ വിമർശതാ. 7

"പരദാരാഭി- മർശനാത്	"പരഭാര്യമാരെ പാതിവ്രത്യഭംഗം ചെയ്യുന്നതിൽനിന്ന്	തത്	അപ്രകാരമുള്ളതിനെ
		ധീരഃ	ധർമ്മതല്പരനായവൻ
		ന സമാചരേത്;	ചെയ്കയില്ല;
നീചാം	തുച്ഛമായ	വിമർശതാ	ഗുണദോഷവിമർശനം ചെയ്യുന്ന ഒരുവനാൽ
മതിം	ബുദ്ധിയെ		
നിവർത്തയ;	പിൻതിരിക്കുക;	ആത്മനഃ യഥാ	തന്റേതെന്നപോലെ
അസ്യ	ഒരുവന്റെ	അന്യേഷാം	മററുള്ളവരുടെ തന്നെ
യത്	ഏതൊരു കൃത്യത്തെ	ദാരാഃ തഥാ	ഭാര്യമാരും
പരഃ	അന്യൻ	രക്ഷ്യാഃ.	രക്ഷിക്കപ്പെടേണ്ടവരാകുന്നു.
വിഗർഹയേത്	നിന്ദിക്കുമോ		

അർത്ഥം വാ യദി വാ കാമം ശിഷ്ടാഃ ശാസ്ത്രേഷ്വനാഗതം
വ്യവസ്യന്ത്യനുരാജാനം ധർമ്മം പൌലസ്ത്യനന്ദന. 8

"പൌലസ്ത്യ-നന്ദന!	"വിശ്രവസ്സിൻെറ പുത്രനായുള്ളവനേ!	ശാസ്ത്രേഷു അനാഗതം	ശാസ്ത്രങ്ങളിൽനിന്നു ഗ്രഹിക്കപ്പെടാതെ ഗഹനമായിരിക്കുന്ന
ശിഷ്ടാഃ	മററുള്ളജനങ്ങൾ	ധർമ്മം വാ	ധർമ്മത്തേയും
അനുരാജാനം	രാജാവിനെ അനുസരിച്ചാണ്	അർത്ഥം വാ	അർത്ഥത്തേയും
		കാമം യദി	കാമത്തേയും
		വ്യവസ്യന്തി	ആചരിച്ചുവരുന്നത്.

[രാജാവ് എങ്ങിനെ നടക്കുന്നുവൊ അതിനെ അനുസരിച്ചാണ് പ്രജകളായ മററുള്ളവരും ധർമ്മാർത്ഥകാമങ്ങളെ അനുഷ്ഠിച്ചുവരുന്നത്. "യഥാ രാജാ തഥാ പ്രജാഃ", എന്നു താല്പര്യം. "അറിവുള്ളവർ ശാസ്ത്രങ്ങളിൽ സമ്മതിക്കപ്പെടാത്ത ധർമ്മാർത്ഥകാമങ്ങളിന്നവയെന്ന് വിവരിച്ചു കാണിക്കുന്നു". എന്ന് പക്ഷാന്തരം.]

രാജാ ധർമ്മശ്ച കാമശ്ച ദ്രവ്യാണാം ചോത്തമോ നിധിഃ
ധർമ്മഃ ശുഭം വാ പാപം വാ രാജമൂലം പ്രവർത്തതേ. 9

"രാജാ ച	"രാജാവുതന്നെ	ശുഭം വാ	പുണ്യവും
ധർമ്മഃ;	ധർമ്മസ്വരൂപനാകുന്നു;	പാപം വാ	പാപവും
കാമഃ ച;	കാമസ്വരൂപനുമാകുന്നു;	രാജമൂലം	രാജാവിൻമൂലമായാണ്
ദ്രവ്യാണാം	അർത്ഥങ്ങൾക്ക്	പ്രവർത്തതേ.	ലോകത്തിൽ നടന്നുവരുന്നത്.
ഉത്തമഃ നിധിഃ ച;	ശ്രേഷ്ഠമായ വസതിയുമാകുന്നു;		
ധർമ്മഃ	ധർമ്മവും		

പാപസ്വഭാവശ്ചപലഃ കഥം ത്വം രക്ഷസാം വര
ഐശ്വര്യമഭിസംപ്രാപ്തോ വിമാനമിവ ദുഷ്കൃതിഃ. 10

"രക്ഷസാം വര!	"രാക്ഷസോത്തമ!	വിമാനം	സ്വർഗ്ഗത്തിലേക്കു എടുത്തുകൊണ്ടുപോകുന്ന വിമാനത്തെ
ചപലഃ	മുൻപിൻ ആലോചിക്കാതെ എന്തും ചെയ്വാൻ തുനിയുന്ന	ഇവ,	എന്നപോലെ,
പാപസ്വഭാവഃ	ദുഷ്ടസ്വഭാവിയായ	ഐശ്വര്യം	ഐശ്വര്യത്തെ
ത്വം	നീ	കഥം	എങ്ങിനെയാണ്
ദുഷ്കൃതിഃ	പാപിയായ ഒരുവൻ	അഭി-സംപ്രാപ്തഃ?	പ്രാപിച്ചതു്?

കാമം സ്വഭാവോ യോ യസ്യ ന ശക്യഃ പരിമാർജ്ജിതും
ന ഹി ദുഷ്ടാത്മനാമാര്യമാവസത്യാലയേ ചിരം. 11

"യസ്യ	"യാതൊരുവന്ന്	ഹി	അതുകൊണ്ടുതന്നെയാണ്
യഃ	യാതൊന്ന്	ദുഷ്ടാത്മനാം	പാപികളുടെ
സ്വഭാവഃ	പ്രകൃതിസിദ്ധമായ ഗുണമോ, അത്	ആലയേ	സംസർഗ്ഗത്തിൽ
പരിമാർജ്ജിതും	ഇല്ലാതാക്കുവാൻ	ആര്യം	ഭാഗ്യം
കാമം	എന്തു പ്രയത്നപ്പെട്ടാലും	ചിരം	ഏറെക്കാലം
ന ശക്യഃ;	സാദ്ധ്യമാകുന്നതല്ല;	ന ആവസതി.	നിലനില്ക്കാതിരിക്കുന്നതു്.

["ആലയേ" (ഹൃദയത്തിൽ), "ആര്യം" (സദുപദേശം). ഗൊ. രാ. "ആലയേ ആര്യമാവസതി" (ദുഷ്ടന്മാരുടെ ആലയത്തിൽ ജ്യേഷ്ഠാഭഗവതി വസിക്കുന്നു). എന്ന് സ.]

വിഷയേ വാ പുരേ വാ തേ യദി രാമോ മഹാബലഃ
നാപരാദ്ധ്യതി ധൎമ്മാത്മാ കഥം തസ്യാപരാദ്ധ്യസി. 12

" മഹാബലഃ	" മഹാശക്തിമാനും	ന അപരാദ്ധ്യതി;	ഒരുതെറ്റും ചെയ്യുന്നില്ല;
ധൎമ്മാത്മാ	ധൎമ്മാത്മാവും ആയ	യദി	അങ്ങിനെയിരിക്കെ
രാമഃ	ശ്രീരാമൻ	കഥം	എന്തുകാരണത്താലാണ്
തേ	ഭവാന്റെ	തസ്യ	അദ്ദേഹത്തിന്നു്
വിഷയേ വാ	കാൎയ്യങ്ങളിലോ	അപരാദ്ധ്യസി?	ഭവാൻ അപരാധം
പുരേ വാ	നഗരത്തിലൊ		ചെയ്യുന്നതു്?

യദി ശൂൎപ്പണഖാഹേതോൎജ്ജനസ്ഥാനഗതഃ ഖരഃ
അതിവൃത്തോ ഹതഃ പൂൎവ്വം രാമേണാക്ലിഷ്ടകൎമ്മണാ. 13

" ശൂൎപ്പണഖാഹേതോഃ	" ശൂൎപ്പണഖയുടെ കാരണമായി	അതിവൃത്തഃ യദി	ന്യായരഹിതമായി യുദ്ധംചെയ്യാൻ വന്നതുകൊണ്ടു്
ജനസ്ഥാനഗതഃ	ജനസ്ഥാനത്തിലിരുന്നിരുന്ന	അക്ലിഷ്ടകൎമ്മണാ	സദ്വൃത്തനായ
ഖരഃ	ഖരൻ	രാമേണ	ശ്രീരാമനാൽ
പൂൎവ്വം	ആദ്യം	ഹതഃ.	ഹതനായി.

അത്ര ബ്രൂഹി യഥാതത്ത്വം കോ രാമസ്യ വ്യതിക്രമഃ
യസ്യ ത്വം ലോകനാഥസ്യ ഹൃത്വാ ഭാൎയ്യാം ഗമിഷ്യസി. 14

" അത്ര	" ഇക്കാൎയ്യത്തിൽ	ഭാൎയ്യാം	ഭാൎയ്യയെ
യഥാതത്ത്വം	നടന്ന വാസ്തവസംഗതി	ത്വം ഹൃത്വാ	നീ കട്ടുകൊണ്ടു്
ബ്രൂഹി;	ഭവാൻതന്നെ പറയുക;	ഗമിഷ്യസി	പോകുന്നുവോ ആ
യസ്യ	യാതൊരു	രാമസ്യ	ശ്രീരാമചന്ദ്രന്റെ
ലോകനാഥസ്യ	ലോകനാഥന്റെ	വ്യതിക്രമഃ	തെററു്
		കഃ?	എന്തൊന്നാണു്?

ക്ഷിപ്രം വിസൃജ വൈദേഹീം മാ ത്വാ ഘോരേണ ചക്ഷുഷാ
ദഹേദ്ദഹനകല്പേന വൃത്രമിന്ദ്രാശനിൎയ്യഥാ. 15

" വൈദേഹീം	" സീതാദേവിയെ	ദഹനകല്പേന	അഗ്നിക്കുതുല്യമായ
ക്ഷിപ്രം	ഉടനെതന്നെ	ഘോരേണ	തീക്ഷ്ണമായ
വിസൃജ;	വിട്ടേയ്ക്കുക;	ചക്ഷുഷാ	നോക്കുകൊണ്ടു്
വൃത്രം	വൃത്രാസുരനെ	ത്വാ	നിന്നെ
ഇന്ദ്രാശനിഃ	ഇന്ദ്രന്റെ വജ്രായുധം	മാ ദഹേത്.	അദ്ദേഹം ദഹിപ്പിക്കാതിരിക്കട്ടെ.
യഥാ,	എന്നപോലെ,		

സർപ്പമാശീവിഷം ബദ്ധ്വാ വസ്ത്രാന്തേ നാവബുദ്ധ്യസേ
ഗ്രീവായാം പ്രതിസക്തം ച കാലപാശം ന പശ്യസി. 16

"ആശീവിഷം	"ത്രക്ഷവിഷമുള്ള	ന അവബുദ്ധ്യസേ ;	അതിനെ നീ അറിയു[ന്നില്ല ;
സർപ്പം	സർപ്പത്തെ	കാലപാശം	യമപാശത്തെ
വസ്ത്രാന്തേ	ഉടുത്തവസ്ത്രത്തിന്റെ കോന്തലയിൽ	ഗ്രീവായാം	കഴുത്തിൽ
ബദ്ധ്വാ	കെട്ടിക്കൊണ്ട്,	പ്രതിസക്തം ച	കുടുക്കിട്ടുകൊണ്ടിരിക്കുന്നതായും
		ന പശ്യസി.	നീ അറിയാതിരിക്കുന്നു.

സ ഭാരഃ സൌമ്യ ഭർത്തവ്യോ യോ നരം നാവസാദയേത്
തദന്നമപി ഭോക്തവ്യം ജീർയ്യതേ യദനാമയം. 17

"സൌമ്യ!	"ഗുണശീല !	യത് അന്നം	എപ്രകാരമുള്ള ആഹാരം
യോ ഭാരഃ	എപ്രകാരമുള്ള ചുമട്	അനാമയം	ദണ്ഡിപ്പിക്കാതെ
നരം	ഒരുവനെ	ജീർയ്യതേ	ജീർണ്ണമാകുമോ
ന അവസാദയേത്	പരവശപ്പെടുത്തുകയില്ലയോ	തത് അപി	അപ്രകാരമുള്ളതിനെ മാത്രമേ
സഃ ഭർത്തവ്യഃ ;	അപ്രകാരമുള്ളത് മാത്രമേ അവർ ചുമക്കപ്പെടാവൂ ;	ഭോക്തവ്യം.	ഭുജിക്കപ്പെടാവൂ.

യത് കൃത്വാ ന ഭവേദ്ധർമ്മോ ന കീർത്തിർന്ന യശോ ഭുവി
ശരീരസ്യ ഭവേത് ഖേദഃ കസ്തത് കർമ്മ സമാചരേത്. 18

"ഭുവി	"ലോകത്തിൽ	ശരീരസ്യ	ദേഹത്തിന്നും
യത് കൃത്വാ	യാതൊന്നിനെ ചെയ്തു[തുകൊണ്ട്	ഖേദഃ	ശ്രമംമാത്രം
ധർമ്മഃ	ധർമ്മം	ഭവേത്	ഉണ്ടാകുമോ
ന ഭവേത്	ഉണ്ടാകയില്ലയോ	തത് കർമ്മ	അപ്രകാരമുള്ള കൃത്യത്തെ
കീർത്തിഃ ന,	പേരുണ്ടാകയില്ലയോ,	കഃ	ആർതന്നെയാണ്
യശഃ ന	പെരുമയുണ്ടാകയില്ലയോ	സമാചരേത് ?	ചെയ്യുക ?

ഷഷ്ടിർവ്വർഷസഹസ്രാണി മമ ജാതസ്യ രാവണ
പിതൃപൈതാമഹം രാജ്യം യഥാവദനുതിഷ്ഠതഃ. 19

"രാവണ !	"രാവണ !	അനുതിഷ്ഠതഃ	പരിപാലിച്ചുവരുന്നവനായ
പിതൃപൈതാമഹം	പരമ്പരയായിവന്ന	മമ ജാതസ്യ	ഞാൻ പിറന്ന്
രാജ്യം	രാജ്യത്തെ	ഷഷ്ടിഃ വർഷസഹസ്രാണി.	അറുപതിനായിരം സംവത്സരങ്ങളായി
യഥാവത്	മുറപ്രകാരം		

[അറുപതിനായിരം ദേവസംവത്സരങ്ങളാണ് പറയപ്പെടുന്നത്. അതിനാൽ രാവണനെ കാറ വൃദ്ധനാണെന്നു ഗ്രാഹ്യം.]

വൃദ്ധോഽഹം ത്വം യുവാ ധന്വീ സരഥഃ കവചീ ശരീ
തഥാഽപ്യാദായ വൈദേഹീം കുശലീ ന ഗമിഷ്യസി. 20

"അഹം വൃദ്ധഃ;	"ഞാൻ വൃദ്ധൻ;	തഥാ അപി	അപ്രകാരമായാലും
ത്വം യുവാ;	നീയോ ബലശാലി;	വൈദേഹീം	വൈദേഹിയെ
ധന്വീ;	വില്ലേന്തിയവൻ!	ആദായ	എടുത്തുകൊണ്ട്
സരഥഃ;	രഥത്തിലിരിക്കുന്നവൻ;	കുശലീ	ഒരുകേടും തട്ടാത്തവനായി
കവചീ;	കവചം ധരിച്ചവൻ;	ന ഗമിഷ്യസി.	നീ പോകയുണ്ടാകയില്ല.
ശരി;	ബാണം വെച്ചിരിക്കുന്നവൻ;		

ന ശക്തസ്ത്വം ബലാദ്ധർത്തും വൈദേഹീം മമ പശ്യതഃ
ഹേതുഭിർന്ന്യായസംയുക്തൈർധ്രുവാം വേദശ്രുതീമിവ. 21

"ന്യായസംയുക്തൈഃ	"യുക്തിയുക്തമായ	വൈദേഹീം,	വൈദേഹിയെ,
ഹേതുഭിഃ	കാരണങ്ങളെക്കൊണ്ട്	മമ	ഞാൻ
ധ്രുവാം	ഒരേ നിശ്ചിതാർത്ഥത്തോ[ടുകൂടിയ	പശ്യതഃ,	നോക്കിക്കൊണ്ടിരിക്കെ,
വേദശ്രുതീം	വേദാർത്ഥത്തെ	ബലാത്	ബലാത്കാരമായി
ഇവ,	എപ്രകാരം പിടിച്ചുവലിക്കാവുന്നതല്ലയോ അപ്രകാരം,	ഹർത്തും	കട്ടുകൊണ്ടുപോകുവാൻ
		ത്വം ന ശക്തഃ.	നീ ശക്തനാകയില്ല.

["വേദവാക്യാർത്ഥങ്ങളെ താറുമാറാക്കിയാൽ വേദത്തിന്നു യാതൊരു കേടും തട്ടാത്തതുപോലെ, നിന്നെക്കൊണ്ട് സീതയ്ക്കു ഒരു കേടും വരുത്തുവാൻ കഴികയില്ല." എന്നു വ്യംഗ്യം.]

യുദ്ധ്യസ്വ യദി ശൂരോഽസി മുഹൂർത്തം തിഷ്ഠ രാവണ
ശയിഷ്യസേ ഹതോ ഭൂമൌ യഥാ പൂർവ്വം ഖരസ്തഥാ. 22

"രാവണ!	"രാവണ!	പൂർവ്വം	ഇതിന്നുമുമ്പ്
ശൂരഃ യദി അസി	നീ ശൂരനാണെന്നു വരികിൽ	ഖരഃ യഥാ	ഖരൻ എപ്രകാരമോ
		തഥാ	അപ്രകാരം
യുദ്ധ്യസ്വ;	പോരാടുക;	ഹതഃ	കൊല്ലപ്പെട്ടവനായി
മുഹൂർത്തം	തെല്ലു	ഭൂമൌ	നിലത്ത്
തിഷ്ഠ;	എതിർത്തുനില്ക്കുക;	ശയിഷ്യസേ.	നീ ശയിക്കുമാറാകും.

അസകൃത് സംയുഗേ യേന നിഹതാ ദൈത്യദാനവാഃ
നചിരാച്ചീരവാസാസ്ത്വാം രാമോ യുധി വധിഷ്യതി. 23

"യേന!	"യാതൊരുവനാൽ	ചീരവാസാഃ	മരവുരിയുടുത്തവനായ
ദൈത്യദാനവാഃ	ദൈത്യന്മാരും ദാനവന്മാരും	രാമഃ	ശ്രീരാമൻ
സംയുഗേ	പോരിൽ	യുധി	യുദ്ധത്തിൽ
അസകൃത്	പലകുറി	ത്വാം	നിന്നെ
നിഹതാഃ,	ഹനിക്കപ്പെട്ടുവോ, അപ്രകാരമുള്ള	നചിരാത്	ഏറെത്താമസിയാതെ
		വധിഷ്യതി.	വധിക്കുന്നുണ്ട്.

കിം ന ശക്യം മയാ കൎത്തും ഗതൌ ദൂരം നൃപാത്മജൌ
ക്ഷിപ്രം ത്വം നശ്യസേ നീച തയോൎഭീതോ ന സംശയഃ. 24

"ദൂരം ഗതൌ	"ദൂരെപ്പോയിരിക്കുന്ന	നീച!	അല്പനായവനേ!
നൃപാത്മജൌ	ശ്രീരാമലക്ഷ്മണന്മാൎക്ക്	തയോഃ ഭീതഃ	അവരിൽനിന്ന് പേടി
കൎത്തും	അറിവുകൊടുപ്പാൻ	ത്വം	നി [ച്ചോടുന്നവനായ
മയാ	എന്നാൽ	ക്ഷിപ്രം	ഇതാ
കിം ന ശക്യം?	ഇപ്പോൾ എങ്ങിനെയാണ് സാദ്ധ്യമാവുക?	നശ്യസേ,	നശിപ്പാൻപോകുന്നു,
		ന സംശയഃ.	സംശയമില്ല.

ന ഹി മേ ജീവമാനസ്യ നയിഷ്യസി ശുഭാമിമാം
സീതാം കമലപത്രാക്ഷീം രാമസ്യ മഹിഷീം പ്രിയാം. 25

"മേ	"ഞാൻ	രാമസ്യ	ശ്രീരാമന്റെ
ജീവമാനസ്യ	ജീവിച്ചിരിക്കുന്നതു വരെ	പ്രിയാം	പ്രിയപ്പെട്ട
		മഹിഷീം	ഭാൎയ്യയായ
കമലപത്രാക്ഷീം	ചെന്താമരനേത്രയും	സീതാം	സീതാദേവിയെ
ശുഭാം	പുണ്യവതിയും ആയ	ന നയിഷ്യസി ഹി.	നീ എടുത്തുകൊണ്ടുപോകയില്ലതന്നെ.
ഇമാം	ഈ		

അവശ്യം തു മയാ കാൎയ്യം പ്രിയം തസ്യ മഹാത്മനഃ
ജീവിതേനാപി രാമസ്യ തഥാ ദശരഥസ്യ ച. 26

"തസ്യ മഹാത്മനഃ	"ആ മഹാത്മാവായ	പ്രിയം,	ഇഷ്ടമായുള്ളതു്,
രാമസ്യ	ശ്രീരാമന്റെയും	മയാ ജീവിതേന അപി	എന്നാൽ ജീവനെ കൊടുത്തിട്ടെന്നാലും
തഥാ	അപ്രകാരംതന്നെ [ന്റെയും	അവശ്യം	നിശ്ചയമായും
ദശരഥസ്യ ച	ദശരഥമഹാരാജാവി-	കാൎയ്യം തു.	ചെയ്യപ്പെടേണ്ടതാണ്.

തിഷ്ഠ തിഷ്ഠ ദശഗ്രീവ മുഹൂൎത്തം പശ്യ രാവണ
യുദ്ധാതിഥ്യം പ്രദാസ്യാമി യഥാപ്രാണം നിശാചര. 27

"ദശഗ്രീവ	"ദശഗ്രീവ	യുദ്ധാതിഥ്യം	പോരാകുന്ന വിരുന്നിനെ
തിഷ്ഠ തിഷ്ഠ!	ഓടാതെ നില്ക്കൂ!	പ്രദാസ്യാമി;	ഞാൻ നല്കുന്നുണ്ടു്;
നിശാചര!	രാക്ഷസ!	രാവണ!	രാവണ!
യഥാപ്രാണം	ജീവനോടിരിക്കുന്നതു വരെ	മുഹൂൎത്തം	അല്പനേരം
		പശ്യ.	അനുഭവിച്ചുകൊൾക.

വൃന്താദിവ ഫലം ത്വാം തു പാതയേയം രഥോത്തമാത്. 28

"വൃന്താത്	"ഞെട്ടിയിൽനിന്ന്	രഥോത്തമാത്	ആ വൻതേരിൽനിന്ന്
ഫലം ഇവ	പഴത്തെഎന്നവണ്ണം	തു	ഉടനെ
ത്വാം	നിന്നെ	പാതയേയം."	വീഴ്ത്തുന്നുണ്ടു്.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
പഞ്ചാശഃ സൎഗ്ഗഃ = അമ്പതാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 3407; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1695.

ഏകപഞ്ചാശഃ സർഗ്ഗഃ = അമ്പത്തൊന്നാംസർഗ്ഗം

[ജടായുരാവണയുദ്ധം = ജടായുവിന്നും രാവണന്നും തമ്മിൽ യുദ്ധം.]

ഇത്യുക്തസ്യ യഥാന്യായം രാവണസ്യ ജടായുഷാ
ക്രുദ്ധസ്യാഗ്നിനിഭാഃ സർവ്വാ രേജുർവ്വിംശതിദൃഷ്ടയഃ. 1

ഇതി	ഇപ്രകാരം	രാവണസ്യ	രാവണന്റെ
ജടായുഷാ	ജടായുവിനാൽ	വിംശതി- ദൃഷ്ടയഃ സർവ്വാഃ	ഇരുപതുകണ്ണുകളും
യഥാന്യായം	ന്യായപൂർവ്വം	അഗ്നിനിഭാഃ	തീപോലെ
ഉക്തസ്യ,	പറയപ്പെട്ടവനായി,	രേജുഃ.	ഉജ്ജ്വലിച്ചു.
ക്രുദ്ധസ്യ	കോപാക്രാന്തനായ		

സംരക്തനയനഃ ക്രോധാത് തപ്തകാഞ്ചനകുണ്ഡലഃ
രാക്ഷസേന്ദ്രോഽഭിദുദ്രാവ പതഗേന്ദ്രമമർഷണഃ. 2

തപ്തകാഞ്ചന- കുണ്ഡലഃ	നല്ല സ്വർണ്ണകുണ്ഡലങ്ങളണിഞ്ഞവനായ	ക്രോധാത്	കോപത്താൽ
		സംരക്തനയനഃ	കൺചുവന്നവനായി
രാക്ഷസേന്ദ്രഃ	രാക്ഷസേശ്വരൻ	പതഗേന്ദ്രം	പക്ഷീന്ദ്രനെ
അമർഷണഃ	പൊറുക്കാത്തവനായി	അഭിദുദ്രാവ.	പാഞ്ഞെതിർത്തു.

സ സംപ്രഹാരസ്തുമുലസ്തയോസ്തസ്മിൻ മഹാവനേ
ബഭൂവ വാതോദ്ധതയോർമ്മേഘയോർഗ്ഗഗനേ യഥാ. 3

തസ്മിൻ	ആ	വാതോദ്ധ- തയോഃ	കൊടുങ്കാററിൽ കുട്ടിമുട്ടിയ
മഹാവനേ	പെരുങ്കാട്ടിൽ		
തയോഃ	ആ രണ്ടുപേർക്കും തമ്മിലുണ്ടായതായ	മേഘയോഃ യഥാ	രണ്ടുമേഘങ്ങൾ തമ്മിലെന്നപോലെ
സഃ സംപ്രഹാരഃ,	ആ യുദ്ധം,	തുമുലഃ	കോലാഹലമായി
ഗഗനേ	ആകാശത്തിൽ	ബഭൂവ.	ഭവിച്ചു.

തദ്ബഭൂവാദ്ഭുതം യുദ്ധം ഗൃദ്ധ്രരാക്ഷസയോസ്തദാ
സപക്ഷയോർമ്മാല്യവതോർമ്മഹാപർവ്വതയോരിവ. 4

തദാ	ആ സമയം	മാല്യവതോഃ മഹാ- പർവ്വതയോഃ	രണ്ടു മാല്യവാൻ പർവ്വതങ്ങൾക്കുതമ്മിൽ
ഗൃദ്ധ്ര- രാക്ഷസയോഃ	കഴുകന്നും രാക്ഷസന്നും തമ്മിലുണ്ടായ		
അദ്ഭുതം	ആശ്ചര്യകരമായ	ഇവ	ഉണ്ടായാതെന്നപോലെ
തത് യുദ്ധം,	ആ യുദ്ധം,		
സപക്ഷയോഃ	ചിറകുകളോടുകൂടിയ	ബഭൂവ.	നടന്നു.

[രാവണന്റെ ഇരുപതു കൈകളും ചിറകുകൾ വിരിച്ചതുപോലെയിരുന്നു. എന്നു ഗ്രാഹ്യം.]

തതോ നാളീകനാരാചൈസ്തീക്ഷ്ണാഗ്രൈശ്ച വികർണ്ണിഭിഃ
അഭ്യവർഷന്മഹാഘോരൈർഗ്ഗൃദ്ധ്രരാജം മഹാബലഃ. 5

മഹാബലഃ,	മഹാബലശാലിയായ അവൻ,	നാളീകനാരാചൈഃ	മൊട്ടമ്പുകൾകൊണ്ടും എഴുത്താണിയമ്പുകൾ കൊണ്ടും
തതഃ	അപ്പോൾ	വികർണ്ണിഭിഃ ച	കത്തിയമ്പുകൾകൊണ്ടും
മഹാഘോരൈഃ	അതികഠിനങ്ങളും	ഗൃദ്ധ്രരാജം	ആ കഴുശ്രേഷ്ഠന്റെ
തീക്ഷ്ണാഗ്രൈഃ	കൂൎത്തമൂൎത്തവയും ആയ	അഭ്യവർഷത്.	വർഷിച്ചു. [മേൽ

സ താനി ശരജാലാനി ഗൃദ്ധ്രഃ പത്രരഥേശ്വരഃ
ജടായുഃ പ്രതിജഗ്രാഹ രാവണാസ്ത്രാണി സംയുഗേ. 6

സഃ	ആ	രാവണാസ്ത്രാണി	രാവണനാൽ എയ്യപ്പെട്ട
പത്രരഥേശ്വരഃ	പക്ഷിരാജാവായ	താനി	ആ
ജടായുഃ	ജടായുവെന്ന	ശരജാലാനി	ശരവർഷങ്ങളെ
ഗൃദ്ധ്രഃ,	കഴുകൻ,	പ്രതിജഗ്രാഹ.	ഏററു.
സംയുഗേ	പോരിൽ		

തസ്യ തീക്ഷ്ണനഖാഭ്യാം തു ചരണാഭ്യാം മഹാബലഃ
ചകാര ബഹുധാ ഗാത്രേ വ്രണാൻ പതഗസത്തമഃ. 7

മഹാബലഃ	മഹാബലശാലിയായ	ചരണാഭ്യാം തു	രണ്ടുകാലുകൾകൊണ്ടു തന്നെ
പതഗസത്തമഃ,	ആ പക്ഷിശ്രേഷ്ഠൻ,	ബഹുധാ	പലേടവും
തസ്യ	ആ രാവണന്റെ	വ്രണാൻ	വ്രണങ്ങൾ
ഗാത്രേ,	ശരീരത്തിൽ,	ചകാര.	ഉണ്ടാക്കി.
തീക്ഷ്ണനഖാഭ്യാം	കൂൎത്തനഖങ്ങളോടു കൂടിയ		

അഥ ക്രോധാദ്ദശഗ്രീവോ ജഗ്രാഹ ദശ മാർഗ്ഗണാൻ
മൃത്യുദണ്ഡനിഭാൻ ഘോരാഞ് ഛത്രുമർദ്ദനകാംക്ഷയാ. 8

അഥ	ആ സമയം	മൃത്യുദണ്ഡനിഭാൻ	കാലദണ്ഡസദൃശങ്ങളായ
ദശഗ്രീവഃ	ദശകണ്ഠൻ	ഘോരാൻ	ഘോരങ്ങളായ
ക്രോധാത്	കോപത്താൽ	ദശ മാർഗ്ഗണാൻ	പത്തുബാണങ്ങളെ
ശത്രുമർദ്ദനകാംക്ഷയാ	ശത്രുവിനെ ഒഴിപ്പാനുള്ള ബദ്ധപ്പാടോടു കൂടിയവനായി	ജഗ്രാഹ.	എടുത്തു.

സ തൈർബ്ബാണൈർമ്മഹാവീര്യ്യഃ പൂർണ്ണമുക്തൈരജിഹ്മഗൈഃ
ബിഭേദ നിശിതൈസ്തീക്ഷ്ണൈർഗ്ഗൃദ്ധ്രം ഘോരൈഃ ശിലീമുഖൈഃ.

മഹാവീര്യ്യഃ	മഹാവീര്യശാലിയായ	ഘോരൈഃ	രൂക്ഷമായവയും
സഃ	അവൻ	ശിലീമുഖൈഃ	അഗ്രങ്ങളിൽ ആണികളുള്ളവയും ആയ
പൂർണ്ണമുക്തൈഃ	ശക്തിമുഴുവൻ പ്രയോഗിച്ച് എയ്യപ്പെട്ടവയും	തൈഃ ബാണൈഃ	ആ ബാണങ്ങളെക്കൊണ്ട്
അജിഹ്മഗൈഃ	നേർക്കുചെല്ലുന്നവയും	ഗൃദ്ധ്രം	കഴുകനെ
നിശിതൈഃ	മൂർത്തവയും	ബിഭേദ.	എയ്തു.
തീക്ഷ്ണൈഃ	വിഷംതേച്ചവയും		

സ രാവണരഥേ പശ്യൻ ജാനകീം ബാഷ്പലോചനാം
അചിന്തയിത്വാ താൻ ബാണാൻ രാക്ഷസം സമഭിദ്രവത്. 10

സഃ	അദ്ദേഹം	പശ്യൻ,	കാണുന്നവനായി,
ജാനകീം	ജാനകിയെ	താൻ ബാണാൻ	ആ ബാണങ്ങളെ
രാവണരഥേ	രാവണൻറെ തേരിൽ	അചിന്തയിത്വാ	ഗണിക്കാതെ
ബാഷ്പലോചനാം	കണ്ണീർവാർത്തുകൊണ്ടിരിക്കുന്നവളായി	രാക്ഷസം	രാക്ഷസൻറെ നേർക്ക്
		സമഭിദ്രവത്.	പാഞ്ഞടുത്തു.

തതോഽസ്യ സശരം ചാപം മുക്താമണിവിഭൂഷിതം
ചരണാഭ്യാം മഹാതേജാ ബഭഞ്ജ പതഗേശ്വരഃ. 11

മഹാതേജാഃ	അതിശക്തിമാനായ	അസ്യ	അവൻറെ
പതഗേശ്വരഃ,	പക്ഷിരാജാവ്,	ചാപം	വില്ലിനെ
തതഃ,	അപ്പോൾ,	സശരം	ബാണങ്ങളോടുകൂടി
മുക്താമണിവിഭൂഷിതം	മുത്തുംരത്നങ്ങളും കെട്ടിയലങ്കരിക്കപ്പെട്ടതായ	ചരണാഭ്യാം	രണ്ടുകാലുകൾകൊണ്ടും
		ബഭഞ്ജ.	മുറിച്ചെറിഞ്ഞു.

തതോഽന്യദ്ധനുരാദായ രാവണഃ ക്രോധമൂർച്ഛിതഃ
വവർഷ ശരവർഷാണി ശതശോഽഥ സഹസ്രശഃ. 12

തതഃ	അതിനാൽ	ആദായ,	എടുത്തുകൊണ്ട്,
രാവണഃ	രാവണൻ	അഥ	ആ സമയം
ക്രോധമൂർച്ഛിതഃ,	കോപംമുഴുത്തവനായി	ശരവർഷാണി	ശരവർഷങ്ങളെ
		ശതശഃ	നൂറുക്കണക്കിലും
അന്യത്	മറെറാരു	സഹസ്രശഃ	ആയിരക്കണക്കിലും
ധനുഃ	വില്ലിനെ	വവർഷ.	ചൊരിഞ്ഞു.

ശരൈരാവാരിതസ്തസ്യ സംയുഗേ പതഗേശ്വരഃ
കുലായമുപസംപ്രാപ്തഃ പക്ഷീവ സ ബഭൌ തദാ. 13

സംയുഗേ	പോരിൽ	കുലായം	കൂട്ടിൽ
തസ്യ ശരൈഃ	അവൻറെ ബാണങ്ങളാൽ	ഉപസംപ്രാപ്തഃ	മുളഞ്ഞ
ആവാരിതഃ	മൂടപ്പെട്ട	പക്ഷീ ഇവ	പക്ഷിയെന്നപോലെ
സഃ പതഗേശ്വരഃ,	ആ പക്ഷിവര്യൻ	തദാ	ആ സമയത്ത്
		ബഭൌ.	വിലസി.

സ താനി ശരജാലാനി പക്ഷാഭ്യാം തു വിധൂയ ച
ചരണാഭ്യാം മഹാതേജാ ബഭഞ്ജാസ്യ മഹദ്ധനുഃ. 14

മഹാതേജാഃ സഃ	മഹാപരാക്രമശാലിയായ അവൻ	വിധൂയ,	കുടഞ്ഞുവീഴ്ത്തി,
താനി ശരജാലാനി	ആ ബാണവൎഷങ്ങളെ	അസ്യ	അവന്റെ
പക്ഷാഭ്യാം	രണ്ടുചിറകുകൾകൊണ്ടും	മഹത് ധനുഃ ച	ആ വമ്പിച്ച വില്ലിനേയും
		ചരണാഭ്യാം തു	രണ്ടുകാലുകൾകൊണ്ടു തന്നെ
		ബഭഞ്ജ.	ഖണ്ഡിച്ചു.

തപ്താഗ്നിസദൃശം ദീപ്തം രാവണസ്യ ശരാവരം
പക്ഷാഭ്യാം സ മഹാവീൎയ്യോ വ്യധുനോത് പതഗേശ്വരഃ. 15

സഃ	ആ	ദീപ്തം	ഉജ്ജ്വലിക്കുന്ന
മഹാവീൎയ്യഃ	മഹാബലശാലിയായ	തത്	ആ
പതഗേശ്വരഃ,	പക്ഷീന്ദ്രൻ,	ശരാവരം ച	കവചത്തെയും
രാവണസ്യ	രാവണന്റെ	പക്ഷാഭ്യാം	രണ്ടുചിറകുകൾകൊണ്ടും
അഗ്നിസദൃശം	അഗ്നിസന്നിഭമായി	വ്യധുനോത്.	പറപ്പിച്ചു.

കാഞ്ചനോരശ്ഛദാൻ ദിവ്യാൻ പിശാചവദനാൻ ഖരാൻ
താംശ്ചാസ്യ ജവസമ്പന്നാഞ്ജഘാന സമരേ ബലീ. 16

ബലീ	ബലവാനായ അവൻ	ദിവ്യാൻ	വിശേഷപ്പെട്ടവയും
സമരേ	യുദ്ധത്തിൽ	പിശാചവദനാൻ	പിശാചിൻ മുഖമാൎന്നവയും
അസ്യ	ഇവന്റെ	ജവസമ്പന്നാൻ	അതിവേഗതയുള്ളവയും ആയ
താൻ	ആ	ഖരാൻ ച	കോവർകഴുതകളേയും
കാഞ്ചനോരശ്ഛദാൻ	പൊൻ കവചങ്ങളാൎന്നവയും	ജഘാന.	കൊന്നുവീഴ്ത്തി.

വരം ത്രിവേണുസമ്പന്നം കാമഗം പാവകാൎച്ചിഷം
മണിഹേമവിചിത്രാംഗം ബഭഞ്ജ ച മഹാരഥം. 17

വരം	ഉൽകൃഷ്ടവും	മണിഹേമവിചിത്രാംഗം	രത്നഖചിതമായ പൊൻ ചക്രങ്ങളോടുകൂടിയതും ആയ
ത്രിവേണുസമ്പന്നം	നുകത്തടികളോടുകൂടിയതും		
കാമഗം	വിചാരിച്ചദിക്കിലേക്ക് പോകുന്നവയും	മഹാരഥം ച	വൻതേരിനേയും
പാവകാൎച്ചിഷം	തീപോലെ ഉജ്ജ്വലിക്കുന്നവയും	ബഭഞ്ജ.	തകൎത്തു.

പൂർണ്ണചന്ദ്രപ്രതീകാശം ഛത്രം ച വ്യജനൈഃ സഹ
പാതയാമാസ വേഗേന ഗ്രാഹിഭീ രാക്ഷസൈഃ സഹ 18

പൂർണ്ണചന്ദ്രപ്രതീകാശം	മുഴുമതിക്കെതിരായ	ഗ്രാഹിഭിഃ	അവയെ വീശിക്കൊണ്ടിരുന്നവരായ
ഛത്രം ച	വെൺകൊററക്കുടയേയും,	രാക്ഷസൈഃ സഹ	രാക്ഷസന്മാരോടുകൂടിയും
വ്യജനൈഃ സഹ	ചാമരങ്ങളോടുകൂടിയും	വേഗേന	ക്ഷണത്തിൽ
		പാതയാമാസ.	അടിച്ചുവീഴ്ത്തി.

സാരഥേശ്ചാസ്യ വേഗേന തുണ്ഡേനൈവ മഹച്ഛിരഃ
പുനർവ്യപാഹരച്ഛ്രീമാൻ പക്ഷിരാജോ മഹാബലഃ. 19

മഹാബലഃ	അതിബലശാലിയും	മഹത് ശിരഃ ച	വമ്പിച്ച ശിരസ്സിനേയും
ശ്രീമാൻ	ശ്രീമാനുമായ	തുണ്ഡേന ഏവ	കൊക്കുകൊണ്ടുതന്നെ
പക്ഷിരാജഃ,	പക്ഷീന്ദ്രൻ,	വേഗേന	വേഗത്തിൽ
അസ്യ	ഇവന്റെ	പുനഃ	അതിൽപിന്നെ
സാരഥേഃ	സാരഥിയുടെ	വ്യപാഹരത്.	കൊത്തിയെറിഞ്ഞു.

സ ഭഗ്നധന്വാ വിരഥോ ഹതാശ്വോ ഹതസാരഥിഃ
അങ്കേനാദായ വൈദേഹീം പപാത ഭുവി രാവണഃ. 20

സഃ	ആ	ഹതസാരഥിഃ	സാരഥിയും നശിച്ചവ[നായി
രാവണഃ	രാവണൻ	വൈദേഹീം	വൈദേഹിയെ
ഭഗ്നധന്വാ	വില്ലൊടിഞ്ഞ്	അങ്കേന ആദായ	മടയിൽ എടുത്തുംകൊണ്ട്
വിരഥഃ	തേരുതകന്ന്	ഭുവി	ഭൂമിയിൽ
ഹതാശ്വഃ	കുതിരകൾ ചത്തവനായി	പപാത.	കുതിച്ചു.

ദൃഷ്ട്വാ നിപതിതം ഭൂമൌ രാവണം ഭഗ്നവാഹനം
സാധു സാധ്വിതി ഭൂതാനി ഗൃധ്രരാജമപൂജയൻ. 21

ഭൂതാനി	പ്രാണികൾ	ദൃഷ്ട്വാ,	കണ്ട്,
രാവണം	രാവണനെ	'സാധു സാധു,' ഇതി	'ഭേഷ് ഭേഷ്' എന്ന്
ഭഗ്നവാഹനം	വാഹനം തകന്നവനാ[യി	ഗൃധ്രരാജം	ഗൃധ്രരാജാവിനെ
ഭൂമൌ	ഭൂമിയിൽ	അപൂജയൻ.	പുകഴ്ത്തി.
നിപതിതം	നില്ക്കുന്നവനായ്		

പരിശ്രാന്തം തു തം ദൃഷ്ട്വാ ജരയാ പക്ഷിയൂഥപം
ഉത്പപാത പുനർഹൃഷ്ടോ മൈഥിലീം ഗൃഹ്യ രാവണഃ. 22

രാവണഃ	രാവണൻ	തു	തന്മൂലം
തം	ആ	ഹൃഷ്ടഃ	സന്തോഷമുൾക്കൊ[ണ്ടവനായി
പക്ഷിയൂഥപം	പക്ഷിരാജാവിനെ	മൈഥിലീം	സീതാദേവിയേയും
ജരയാ	വയസ്സായതുകൊണ്ട്	ഗൃഹ്യ	എടുത്തുകൊണ്ട്
പരിശ്രാന്തം	ക്ഷീണിച്ചിരിക്കുന്നവ[നായി	പുനഃ	വീണ്ടും
ദൃഷ്ട്വാ,	കണ്ട്,	ഉത്പപാത.	ഉയരെപ്പൊങ്ങി.

തം പ്രഹൃഷ്ടം നിധായാങ്കേ ഗച്ഛന്തം ജനകാത്മജാം
ഗൃദ്ധ്രരാജഃ സമുത്പത്യ സമഭിദ്രുത്യ രാവണം
സമാവാൎയ്യ മഹാതേജാ ജടായുരിദമബ്രവീത്. 23

മഹാതേജാഃ	മഹാതേജസ്വിയും	ഗച്ഛന്തം	പോകുന്നവനായ
ഗൃദ്ധ്രരാജഃ	പക്ഷിരാജാവുംആയ	തം രാവണം,	ആ രാവണനെനേരെ
ജടായുഃ,	ജടായു,	സമുത്പത്യ	പൊങ്ങി
ജനകാത്മജാം	ജനകനന്ദിനിയെ	സമഭിദ്രുത്യ	ഓടിയടുത്തു്
അങ്കേ	മടിയിൽ	സമാവാൎയ്യ	തടുത്തുംകൊണ്ടു്
നിധായ	വെച്ചുംകൊണ്ടു്	ഇദം	ഇപ്രകാരം
പ്രഹൃഷ്ടം	സന്തോഷത്തോടുകൂടി	അബ്രവീത്.	പറഞ്ഞു.

വജ്രസംസ്പൎശബാണസ്യ ഭാൎയ്യാം രാമസ്യ രാവണ
അല്പബുദ്ധേ ഹരസ്യേനാം വധായ ഖലു രക്ഷസാം. 24

"അല്പബുദ്ധേ!	"അല്പബുദ്ധിയായ	ഏനാം	ഇവളെ
രാവണ!	എടാ രാവണ!	രക്ഷസാം	രാക്ഷസന്മാരുടെ
വജ്രസംസ്പൎശബാണസ്യ	വജ്രായുധംപോലെയുള്ള ബാണങ്ങളാന്ന	വധായ ഖലു	നാശത്തിന്നായിത്തന്നെയാണ്
രാമസ്യ	ശ്രീരാമന്റെ	ഹരസി.	നീ കട്ടുകൊണ്ടുപോകുന്നതു്.
ഭാൎയ്യാം	ഭാൎയ്യയായ		

സമിത്രബന്ധുഃ സാമാത്യഃ സബലഃ സപരിച്ഛദഃ
വിഷപാനം പിബസ്യേതത് പിപാസിത ഇവോദകം. 25

"സമിത്രബന്ധുഃ	"മിത്രന്മാരും ബന്ധുക്കളും അടക്കം	ഉദകം	വെള്ളത്തെ
സാമാത്യഃ	മന്ത്രിമാരടക്കം	ഇവ,	എന്നപോലെ,
സബലഃ	സൈന്യങ്ങളടക്കം	ഏതത്	ഇപ്രകാരമുള്ള
സപരിച്ഛദഃ,	പരിവാരങ്ങളടക്കം,	വിഷപാനം	വിഷത്തെയാണ്
പിപാസിതഃ	ദാഹിച്ചവൻ	പിബസി.	നീ പാനംചെയ്യുന്നതു്.

അനുബന്ധമജാനന്തഃ കൎമ്മണാമവിചക്ഷണാഃ
ശീഘ്രമേവ വിനശ്യന്തി യഥാ ത്വം വിനശിഷ്യസി. 26

"അവിചക്ഷണാഃ	"അല്പജ്ഞന്മാർ	ശീഘ്രം ഏവ	വേഗത്തിൽതന്നെ
കൎമ്മണാം	അവരുടെ പ്രവൃത്തികൾക്കു്	വിനശ്യന്തി;	നശിച്ചുപോകുന്നു;
അനുബന്ധം	ഉണ്ടാകുന്നഫലമെന്തെന്നു്	യഥാ	അപ്രകാരംതന്നെ
അജാനന്തഃ	അറിവാൻ കഴിയാത്തവരായി	ത്വം	നീയും
		വിനശിഷ്യസി.	നശിപ്പാനാണ് പോകുന്നതു്.

ബദ്ധസ്ത്വം കാലപാശേന ക്വ ഗതസ്തസ്യ മോക്ഷ്യസേ
വധായ ബഡിശം ഗൃഹ്യ സാമിഷം ജലജോ യഥാ. 27

“ സാമിഷം	“ മാംസത്തോടുകൂടിയ	ബദ്ധഃ	ബന്ധിക്കപ്പെട്ടവനായ
ബഡിശം	ചൂണ്ടലിനെ [തായ	ത്വം	നീ
വധായ	സ്വനാശത്തിന്നുഹേതു	ക്വ ഗതഃ	എങ്ങുചെന്നിട്ടാണ്
ഗൃഹ്യ	വിഴുങ്ങുന്ന [വായി	തസ്യ	ആ മരണത്തിൽനിന്ന്
ജലജഃ യഥാ,	മത്സ്യമെന്നപോലെ,	മോക്ഷ്യസേ ?	മോചിപ്പാൻപോകുന്നതു് ?
കാലപാശേന	കാലപാശത്താൽ		

ന ഹി ജാതു ദുരാധർഷൌ കാകുത്സ്ഥൌ തവ രാവണ
ധർഷണം ചാശ്രമസ്യാസ്യ ക്ഷമിഷ്യേതേ തു രാഘവൌ. 28

“ രാവണ !	“ രാവണ !	തവ,	നീ ചെയ്തതായ,
ദുരാധർഷൌ	ആരാലും ജയിക്കപ്പെട്ടവാൻ കഴിയാത്തവരും	അസ്യ	ഈ
കാകുത്സ്ഥൌ	കകുത്സ്ഥവംശജന്മാരുമായ	ആശ്രമസ്യ ച ധർഷണം	ആശ്രമദൂഷണത്തെ
രാഘവൌ തു	ശ്രീരാമലക്ഷ്മണന്മാരാകട്ടെ	ജാതു ഹി	ഒരിക്കലും
		ന ക്ഷമിഷ്യേതേ	ക്ഷമിക്കയില്ല.

യഥാ ത്വയാ കൃതം കർമ്മ ഭീരുണാ ലോകഗർഹിതം
തസ്കരാചരിതോ മാർഗ്ഗോ നൈഷ വീരനിഷേവിതഃ. 29

“ഭീരുണാ ത്വയാ	“ ഭീരുവായ നിന്നാൽ,	ഏഷഃ മാർഗ്ഗഃ	ഈ നടവടി
യഥാ കൃതം	ചെയ്യപ്പെട്ടപ്രകാരമുള്ള	തസ്കരാചരിതഃ ;	ചോരന്മാരുടെ വൃത്തിയാണ് ;
കർമ്മ	കൃത്യം	ന വീരനിഷേവിതഃ.	വീരന്മാരുടെ പ്രവൃത്തിയല്ല.
ലോകഗർഹിതം;	ലോകരാൽ നിന്ദിക്കപ്പെട്ടതാണ് ;		

യുദ്ധ്യസ്വ യദി ശൂരോഽസി മുഹൂർത്തം തിഷ്ഠ രാവണ 30
ശയിഷ്യസേ ഹതോ ഭൂമൌ യഥാ ഭ്രാതാ ഖരസ്തഥാ. 31

“ രാവണ !	“ രാവണ !	ഭ്രാതാ	നിന്റെ അനുജൻ
ശൂരഃ യദി അസി	നീ ശൂരനെന്നാൽ	ഖരഃ	ഖരൻ
യുദ്ധ്യസ്വ ;	യുദ്ധം ചെയ്യുക ;	യഥാ തഥാ	എന്നപോലെതന്നെ,
മുഹൂർത്തം തിഷ്ഠ ;	ഓടാതെ തെല്ലു നില്ക്കുക ;	ഹതഃ	കൊല്ലപ്പെട്ടവനായി
		ഭൂമൌ	ഭൂമിയിൽ
		ശയിഷ്യസേ.	നീകിടന്നുറങ്ങുമാറാകും.

പരേതകാലേ പുരുഷോ യത്കർമ്മ പ്രതിപദ്യതേ
വിനാശായാത്മനോഽധർമ്മ്യം പ്രതിപന്നോഽസി കർമ്മ തത്. 32

"പരേതകാലേ	"മരണം സമീപിച്ചിരിക്കെ	അധൎമ്മ്യം കൎമ്മ	പാപകൃത്യത്തെ
പുരുഷഃ	ഒരുവൻ	പ്രതിപദ്യതേ,	ആചരിക്കുന്നുവോ,
ആത്മനഃ	തന്റെ	തത്	അപ്രകാരമുള്ള
വിനാശായ	നാശത്തിന്നുഹേതു[വായി	കൎമ്മ	കൃത്യത്തെ
യത്	യാതൊരു	പ്രതിപന്നഃ അസി.	നീ അനുഷ്ഠിച്ചിരിക്കുന്നു.

പാപാനുബന്ധോ വൈ യസ്യ കൎമ്മണഃ കൎമ്മ കോ നു തത്
കുൎവ്വീത ലോകാധിപതിഃ സ്വയംഭൂൎഭഗവാനപി. 33

" യസ്യ	" യാതൊരു	ലോകാധിപതിഃ	ത്രിലോകനാഥനായ
കൎമ്മണഃ	കൃത്യത്തിന്നു	സ്വയംഭൂഃ ഭഗവാൻ അപി	ബ്രഹ്മദേവൻ തന്നെയെന്നിരുന്നാലും,
പാപാനുബന്ധഃ വൈ	പാപംതന്നെ ഫലമായുണ്ടോ,	കഃ നു	ആർ തന്നെയാണ്
തത് കൎമ്മ	അപ്രകാരമുള്ള കൃത്യത്തെ,	കുൎവ്വീത ?"	ചെയ്യുക ?"

ഏവമുക്ത്വാ ശുഭം വാക്യം ജടായുസ്തസ്യ രക്ഷസഃ
നിപപാത ഭൃശം പൃഷ്ഠേ ദശഗ്രീവസ്യ വീൎയ്യവാൻ. 34

വീൎയ്യവാൻ	വീൎയ്യവാനായ	തസ്യ രക്ഷസഃ	ആ രാക്ഷസനായ
ജടായുഃ,	ജടായു,	ദശഗ്രീവസ്യ	ദശകണ്ഠന്റെ
ശുഭം	ഹിതകരമായ	പൃഷ്ഠേ	പുറത്തിൽ
വാക്യം	വാക്യത്തെ	ഭൃശം	ഊക്കോടെ
ഏവം ഉക്ത്വാ,	മേൽപ്രകാരം പറഞ്ഞു,	നിപപാത.	പാഞ്ഞുകയറി.

തം ഗൃഹീത്വാ നഖൈസ്തീക്ഷ്ണൈൎവ്വിരരാദ സമന്തതഃ
അധിരൂഢോ ഗജാരോഹോ യഥാ സ്യാദ്ദുഷ്ടവാരണം. 35

അധിരൂഢഃ	(മുതുകിൽ) കയറിയിരുന്നവനായ ജടായു	സമന്തതഃ,	ദേഹമെല്ലാം,
തം ഗൃഹീത്വാ	അവനെ മുറുകെ പിടിച്ചുംകൊണ്ട്	ഗജാരോഹഃ	ആനക്കാരൻ
		ദുഷ്ടവാരണം	പോക്കിരിയാനയെ
തീക്ഷ്ണൈഃ	ഉഗ്രങ്ങളായ	സ്യാത് യഥാ	ചെയ്യുന്നതുപോലെ,
നഖൈഃ	നഖങ്ങളാൽ	വിരരാദ.	കീറിപ്പൊളിച്ചു.

വിരരാദ നഖൈരസ്യ തുണ്ഡം പൃഷ്ഠേ സമൎപ്പയൻ
കേശാംശ്ചോത്പാടയാമാസ നഖപക്ഷമുഖായുധഃ 36

നഖപക്ഷമുഖായുധഃ,	നഖങ്ങളും, ചിറകുകളും, കൊക്കും ആയുധങ്ങളായുള്ള അവൻ,	വിരരാദ;	പൊളിച്ചു;
		നഖൈഃ	നഖങ്ങൾകൊണ്ട്
അസ്യ പൃഷ്ഠേ	ഇവന്റെമുതുകിൽ	കേശാൻ ച	തലരോമങ്ങളേയും
തുണ്ഡം സമൎപ്പയൻ	കൊക്കുകൊണ്ടു കൊത്തി	ഉത്പാടയാമാസ.	പറിച്ചെടുത്തു.

സ തഥാ ഗൃദ്ധ്രരാജേന ക്ലിശ്യമാനോ മുഹുർമ്മുഹുഃ
അമർഷസ്ഫുരിതോഷ്ഠസ്സൻ പ്രാകമ്പത സ രാവണഃ. 37

ഗൃദ്ധ്രരാജേന	കഴുകശ്രേഷ്ഠനാൽ	സഃ	പേർകേട്ടവനായ
മുഹുഃ മുഹുഃ	കൂടെക്കൂടെ	രാവണഃ	രാവണൻ
തഥാ	അപ്രകാരം	അമർഷസ്ഫുരിതോഷ്ഠഃ സൻ	കോപത്താൽ ചുണ്ടു വിറച്ചുകൊണ്ട്,
ക്ലിശ്യമാനഃ	പീഡിക്കപ്പെട്ടവനായ	പ്രാകമ്പത.	പിടഞ്ഞു.
സഃ	ആ		

സംപരിഷ്വജ്യ വൈദേഹീം വാമേനാങ്കേന രാവണഃ
തലേനാഭിജഘാനാർത്തോ ജടായും ക്രോധമൂർച്ഛിതഃ. 38

ആർത്തഃ	പീഡയേററവനായ	അങ്കേന	തുടകൊണ്ട്
രാവണഃ	രാവണൻ	സംപരിഷ്വജ്യ,	വീഴാതെ പിടിച്ചുകൊണ്ട്,
ക്രോധമൂർച്ഛിതഃ	കോപം സഹിക്കാത്തവനായി,	ജടായും	ജടായുവിനെ
വൈദേഹീം	വൈദേഹിയെ	തലേന	കരതലത്താൽ
വാമേന	എടത്തെ	അഭിജഘാന.	ഊക്കിൽ അടിച്ചു.

ജടായുസ്തമഭിക്രമ്യ തുണ്ഡേനാസ്യ ഖഗാധിപഃ
വാമബാഹൂൻ ദശ തദാ വ്യപാഹരദരിന്ദമഃ. 39

അരിന്ദമഃ	ശത്രുക്കളെ അമർത്തുന്നവനായ	അസ്യ	ഇവൻെറ
		ദശ	പത്തു്
ഖഗാധിപഃ	വിഹഗേന്ദ്രനായ	വാമബാഹൂൻ	ഇടത്തെ കൈകളേയും
ജടായുഃ,	ജടായു,	തുണ്ഡേന	കൊക്കുകൊണ്ട്
തം അഭിക്രമ്യ,	അവനെ വട്ടംചുററിയടുത്തു്,	തദാ	ആ സമയം
		വ്യപാഹരത്.	മുറിച്ചുവീഴ്ത്തി.

സംഛിന്നബാഹോസ്സദ്യൈവ ബാഹവഃ സഹസാഽഭവൻ
വിഷജ്വാലാവലീയുക്താ വല്മീകാദിവ പന്നഗാഃ. 40

സംഛിന്നബാഹോഃ,	കൈകളററവനായ അവന്നു്	വല്മീകാത് ഇവ	പുററിൽനിന്നെന്നപോലെ
വിഷജ്വാലാവലീയുക്താഃ	വിഷജ്വാലകളോടു കൂടിയ	ബാഹവഃ	കൈകൾ
പന്നഗാഃ	സർപ്പങ്ങൾ	സദ്യഃ ഏവ	ഉടനെതന്നെ
		സഹസാ	ഏകകാലത്തിൽ
		അഭവൻ.	മുളച്ചുണ്ടായി.

[“സദ്യൈവ” എന്നതു് ആർഷസന്ധി.]

തതഃ ക്രോധാദ്ദശഗ്രീവഃ സീതാമുത്സൃജ്യ വീര്യവാൻ
മുഷ്ടിഭ്യാം ചരണാഭ്യാം ച ഗൃദ്ധ്രരാജമപോഥയത്. 41

തതഃ	അപ്പോൾ	ഗൃദ്ധ്രരാജം	പക്ഷിശ്രേഷ്ഠനെ
വീര്യവാൻ	ബലവാനായ	മുഷ്ടിഭ്യാം	രണ്ടുമുഷ്ടികൾകൊണ്ടും
ദശഗ്രീവഃ	ദശഗ്രീവൻ	ചരണാഭ്യാം ച,	രണ്ടുകാലുകൾകൊണ്ടും
സീതാം	സീതാദേവിയെ	ക്രോധാത്	കോപത്താൽ
ഉത്സൃജ്യ	താഴത്തുവെച്ച്	അപോഥയത്.	പ്രഹരിച്ചു.

തതോ മുഹൂർത്തം സംഗ്രാമോ ബഭൂവാതുലവീര്യയോഃ
രാക്ഷസാനാം ച മുഖ്യസ്യ പക്ഷിണാം പ്രവരസ്യ ച. 42

തതഃ	ആ സമയം	പക്ഷിണാം പ്രവരസ്യ ച	പക്ഷിപ്രവരനും തമ്മിൽ
അതുല-വീര്യയോഃ	നിസ്തുല്യവീര്യശാലികളായ	മുഹൂർത്തം	ചെറുനേരം
രാക്ഷസാനാം മുഖ്യസ്യ ച	രാക്ഷസാധിപനും	സംഗ്രാമഃ	കടുതായ യുദ്ധം
		ബഭൂവ.	ഉണ്ടായി.

തസ്യ വ്യായച്ഛമാനസ്യ രാമസ്യാർത്ഥേഽഥ രാവണഃ
പക്ഷൌ പാർശ്വൌ ച പാദൌ ച ഖഡ്ഗമുദ്ധൃത്യ സോഽച്ഛിനത്

അഥ	അപ്പോൾ	പാർശ്വൌ	രണ്ടുപാർശ്വങ്ങളിലുമുള്ള
സഃ രാവണഃ	ആ രാവണൻ	പക്ഷൌ ച	രണ്ടു ചിറകുകളേയും
രാമസ്യ അർത്ഥേ	ശ്രീരാമനുവേണ്ടി	പാദൌ ച	രണ്ടു കാലുകളേയും
വ്യായച്ഛമാനസ്യ	കഷ്ടപ്പെടുന്നവനായ	ഖഡ്ഗം ഉദ്ധൃത്യ	വാളൂരിക്കൊണ്ടു്
തസ്യ	ആ ജടായുവിന്റെ	അച്ഛിനത്.	മുറിച്ചെറിഞ്ഞു.

സ ഛിന്നപക്ഷഃ സഹസാ രക്ഷസാ രൌദ്രകർമ്മണാ
നിപപാത തതോ ഗൃധ്രോ ധരണ്യാമല്പജീവിതഃ. 44

രൌദ്രകർമ്മണാ	ക്രൂരകൃത്യം ചെയ്യുന്നവനായ	സഃ ഗൃധ്രഃ,	ആ കഴുകൻ,
രക്ഷസാ	രാക്ഷസനാൽ	തതഃ	ആ സമയം
സഹസാ	പെട്ടെന്നു്	അല്പജീവിതഃ	പ്രാണൻ പോകാറായവനായി
ഛിന്നപക്ഷഃ	ചിറകുകൾ മുറിക്കപ്പെട്ടുവനായ	ധരണ്യാം	നിലത്തു്
		നിപപാത.	പതിച്ചു.

തം ദൃഷ്ട്വാ പതിതം ഭൂമൌ ക്ഷതജാർദ്രം ജടായുഷം
അഭ്യധാവത വൈദേഹീ സ്വബന്ധുമിവ ദുഃഖിതാ. 45

വൈദേഹീ	സീതാദേവി	സ്വബന്ധും ഇവ	തന്റെ സ്വന്തം പിതാവിന്നെന്നപോലെ
തം ജടായുഷം	ആ ജടായുവിനെ	ദുഃഖിതാ	ദുഃഖിക്കുന്നവളായി
ക്ഷതജാർദ്രം	ചോരപുരണ്ടു്	അഭ്യധാവത.	ആ പക്ഷിയുടെ സമീപത്തിലേക്കു് ഓടിച്ചെന്നു.
ഭൂമൌ പതിതം	നിലത്തു് പതിച്ചവനായി		
ദൃഷ്ട്വാ,	കണ്ടു്,		

തം നീലജീമൂതനികാശകല്പം സുപാണ്ഡുരോരസ്കമുദാരവീര്യം
ദദർശ ലങ്കാധിപതിഃ പൃഥിവ്യാം ജടായുഷം ശാന്തമിവാഗ്നിദാവം.

ലങ്കാധിപതിഃ,	ലങ്കാധിപൻ,	തം ജടായുഷം,	ആ ജടായുവിനെ,
നീലജീമൂത-നികാശകല്പം	കാർമേഘകാന്തിക്കൊത്തവനും,	പൃഥിവ്യാം,	ഭൂമിയിൽ,
സുപാണ്ഡു-രോരസ്കം	വെളുവെളുത്ത മാറിടമാർന്നവനും	ശാന്തം അഗ്നിദാവം ഇവ	കത്തിയമർന്ന കാട്ടുതീപോലിരിക്കുന്നവനായി,
ഉദാരവീര്യം	അതിബലശാലിയുമായ	ദദർശ.	കണ്ടു.

തതസ്തു തം പത്രരഥം മഹീതലേ
നിപാതിതം രാവണവേഗമർദ്ദിതം
പുനഃ പരിഷ്വജ്യ ശശിപ്രഭാനനാ
രുരോദ സീതാ ജനകാത്മജാ തദാ. 47

തതഃ	അതിൽപിന്നെ	മഹീതലേ	നിലത്ത്
ശശിപ്രഭാനനാ	ചന്ദ്രകാന്തിയൊത്ത തിരുമുഖമാർന്ന	നിപാതിതം	വീഴ്ത്തപ്പെട്ടവനായ
ജനകാത്മജാ	ജനകനന്ദിനിയായ	തം പത്രരഥം,	ആ പക്ഷീന്ദ്രനെ,
സീതാ,	സീതാദേവി,	തദാ	അപ്പോൾ
രാവണവേഗമർദ്ദിതം	രാവണന്റെ ഊക്കുകൊണ്ട് മർദ്ദിക്കപ്പെട്ടവനായി	പരിഷ്വജ്യ,	തഴുകിക്കൊണ്ട്,
		പുനഃ തു	വീണ്ടും ചിന്തിച്ച് ചിന്തിച്ച്
		രുരോദ.	പ്രലപനം ചെയ്തു.

["ശ്രുത്വാ ഖഗേശ്വരസ്യാപി രക്ഷസാമീശ്വരസ്യ ച ആയോധനമൃണാന്മുക്തോ ഭൃത്യസ്വാമികൃതാദ്ഭവേത്" എന്നു സ്കാന്ദത്തിൽ സർഗ്ഗഫലം. മാ. തീ.]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ ഏകപഞ്ചാശഃ സർഗ്ഗഃ = അമ്പത്തൊന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 8454; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1742.

ദ്വിപഞ്ചാശഃ സർഗ്ഗഃ = അമ്പത്തിരണ്ടാം സർഗ്ഗം.

[സീതാവിലാപം = സീത പ്രലപിക്കുന്നത്.]

തമല്പജീവിതം ഭൂമൌ സ്ഫുരന്തം രാക്ഷസാധിപഃ
ദദർശ ഗൃദ്ധ്രം പതിതം സമീപേ രാഘവാശ്രമാത്. 1

രാക്ഷസാധിപഃ	രാക്ഷസേന്ദ്രൻ	ഭൂമൌ	നിലത്ത്
രാഘവാശ്രമാത്	ശ്രീരാമന്റെ ആശ്രമത്തിൽ നിന്ന്	അല്പജീവിതം	ചാകാറായവനായി
സമീപേ,	അധികം ദൂരെയല്ലാതെ,	പതിതം	വീണ്
തം ഗൃദ്ധ്രം	ആ കഴുകനെ	സ്ഫുരന്തം	പിടഞ്ഞുകൊണ്ടിരിക്കുന്നതായി
		ദദർശ.	കണ്ടു.

സാ തു താരാധിപമുഖീ രാവണേന സമീക്ഷ്യ തം
ഗൃദ്ധ്രരാജം വിനിഹതം വിലലാപ സുദുഃഖിതാ. 2

താരാധിപമുഖീ	മതിമുഖിയാളായ	വിനിഹതം	തീരെ വ്രണപ്പെടുത്തപ്പെട്ടവനായി
സാ തു	അവളാകട്ടെ	സമീക്ഷ്യ,	കണ്ട്,
തം ഗൃദ്ധ്രരാജം	ആ ഗൃദ്ധ്രരാജാവിനെ	സുദുഃഖിതാ	ആർത്തയായി
രാവണേന	രാവണനാൽ	വിലലാപ.	ഇപ്രകാരം വിലപിച്ചു.

നിമിത്തം ലക്ഷണജ്ഞാനം ശകുനിസ്വരദർശനം
അവശ്യം സുഖദുഃഖേഷു നരാണാം പ്രതിദൃശ്യതേ. 3

"നരാണാം	"മനുഷ്യരുടെ
സുഖദുഃഖേഷു	സുഖദുഃഖങ്ങളിൽ
ലക്ഷണ-ജ്ഞാനം	(നേത്രസ്ഫുരണം മുതലായ) ലക്ഷണങ്ങളുടെ അനുഭവവും

ശകുനിസ്വര-ദർശനം	പക്ഷികൾ കൂകുന്നതിന്റെ അനുഭവവും
നിമിത്തം	ശകുനമായി
അവശ്യം	തെറ്റാതെ
പ്രതിദൃശ്യതേ.	കാണപ്പെടുന്നു.

നൂനം രാമ ന ജാനാസി മഹദ്വ്യസനമാത്മനഃ
ധാവന്തി നൂനം കാകുത്സ്ഥം മദർത്ഥം മൃഗപക്ഷിണഃ. 4

"രാമ!	"ശ്രീരാഘവ!
ആത്മനഃ	നിന്തിരുവടിക്ക് നേരുന്നതായ
മഹത് വ്യസനം	ഈ വലുതായ ആപത്തിനെ
നൂനം	ഇപ്പോൾ
ന ജാനാസി;	അങ്ങ് അറിയുന്നില്ല;

നൂനം	അതുകൊണ്ടുതന്നെയാണ്
മദർത്ഥം	എന്റെ കാരണമായി
മൃഗപക്ഷിണഃ	മൃഗങ്ങളും പക്ഷികളും
കാകുത്സ്ഥം	ശ്രീരാമന്റെ അടുക്കലേക്ക്
ധാവന്തി.	ഓടുന്നത്.

അയം ഹി പാപചാരേണ മാം ത്രാതുമഭിസംഗതഃ
ശേതേ വിനിഹതോ ഭൂമൗ മമാഭാഗ്യാദ്വിഹംഗമഃ. 5

"മാം ത്രാതും	"എന്നെ രക്ഷിപ്പാൻ
അഭിസംഗതഃ	വന്ന
അയം	ഈ
വിഹംഗമഃ ഹി	പക്ഷീന്ദ്രനും,
പാപചാരേണ	ഈ കൊടിയവനാൽ

വിനിഹതഃ	വെട്ടപ്പെട്ട്,
മമ	എന്റെ
അഭാഗ്യാത്	ദുർഭാഗ്യവശാൽ
ഭൂമൗ	നിലത്ത്
ശേതേ.	വീണുകിടക്കുന്നു.

ത്രാഹി മാമദ്യ കാകുത്സ്ഥ ലക്ഷ്മണേതി വരാംഗനാ
സുസംത്രസ്താ സമാക്രന്ദച്ഛൃണ്വതാം തു യഥാഽന്തികേ. 6

"കാകുത്സ്ഥ!	"ശ്രീരാമ!
ലക്ഷ്മണ!	ലക്ഷ്മണ!
മാം	എന്നെ
അദ്യ	ഇപ്പോൾ
ത്രാഹി!"	രക്ഷിച്ചാലും!"
ഇതി തു	എന്നിപ്രകാരമെല്ലാം

അന്തികേ ശൃണ്വതാം	അരികിൽ കേൾക്കുന്നവർക്ക്
യഥാ	ചെവിയിൽ വീഴത്തക്കവണ്ണം
വരാംഗനാ	ഉത്തമയായ അവൾ
സുസംത്രസ്താ	ഭയന്നുവിറച്ചവളായി
സമാക്രന്ദത്.	വിളിച്ചുകരഞ്ഞു.

താം ക്ലിഷ്ടമാല്യാഭരണാം വിലപന്തീമനാഥവത്
അഭ്യധാവത വൈദേഹീം രാവണോ രാക്ഷസാധിപഃ. 7

രാക്ഷസാധിപഃ	രാക്ഷസാധിപനായ
രാവണഃ,	രാവണൻ,
ക്ലിഷ്ടമാല്യാ-ഭരണാം	മാലകളും ആഭരണങ്ങളും ചതഞ്ഞ്
അനാഥവത്	നാഥനില്ലാത്തവളെന്നപോലെ

വിലപന്തീം	പ്രലപിക്കുന്നവളായ
താം	ആ
വൈദേഹീം	വൈദേഹിയെ
അഭ്യധാവത.	അടുത്തു.

താം ലതാമിവ വേഷ്ടന്തീമാലിംഗന്തീം മഹാദ്രുമാൻ
മുഞ്ച മുഞ്ചേതി ബഹുശഃ പ്രവദൻ രാക്ഷസാധിപഃ 8
ക്രോശന്തീം രാമ രാമേതി ജഗ്രാഹാന്തകസന്നിഭഃ. 9

അന്തകസന്നിഭഃ	കാലസദൃശനായ
രാക്ഷസാധിപഃ,	രാക്ഷസേശ്വരൻ,
വേഷ്ടന്തീം	ചുററിപ്പടർന്നിരിക്കുന്ന
ലതാം ഇവ	വള്ളിയെന്നപോലെ
മഹാദ്രുമാൻ	വൻമരങ്ങളെ
ആലിംഗന്തീം	കെട്ടിപ്പിടിച്ചുംകൊണ്ട്
'രാമ രാമ,'	'രാമ! രാമ!'
ഇതി	എന്ന്
ക്രോശന്തീം	നിലവിളിച്ചുകൊണ്ടിരുന്നവളായ
താം,	അവളെ,
'മുഞ്ച മുഞ്ച'	'വിടു വിടു'
ഇതി	എന്ന്
ബഹുശഃ	പലകുറി
പ്രവദൻ	പറഞ്ഞുംകൊണ്ട്
ജഗ്രാഹ.	പിടിച്ചുവലിച്ചു.

പ്രധർഷിതായാം സീതായാം ബഭൂവ സചരാചരം
ജഗത്സർവ്വമമര്യ്യാദം തമസാഽന്ധേന സംവൃതം. 10

സീതായാം	സീതാദേവി
പ്രധർഷിതായാം,	ഇങ്ങിനെ തീണ്ടപ്പെട്ട സമയം
സചരാചരം	സ്ഥാവരജംഗമങ്ങളടങ്ങിയ
ജഗത്	ലോകം
സർവ്വം,	മുഴുവനും,
അമര്യ്യാദം	പതിവില്ലാത്തവിധം
അന്ധേന തമസാ	കൂരിരുട്ടുകൊണ്ട്
സംവൃതം	മൂടപ്പെട്ടതായി
ബഭൂവ.	ഭവിച്ചു.

ന വാതി മാരുതസ്തത്ര നിഷ്പ്രഭോഽഭൂദ്ദിവാകരഃ. 11

തത്ര	ആ സമയം
മാരുതഃ	വായു
ന വാതി;	വീശുന്നില്ല;
ദിവാകരഃ	ആദിത്യൻ
നിഷ്പ്രഭഃ	പ്രകാശമററവനായി
അഭൂത്.	മങ്ങി.

ദൃഷ്ട്വാ ദീനാം പരാമൃഷ്ടാം സീതാം ദിവ്യേന ചക്ഷുഷാ
കൃതം കാര്യ്യമിതി ശ്രീമാൻ വ്യാജഹാര പിതാമഹഃ. 12

ശ്രീമാൻ	സരസ്വതീകാന്തനായ
പിതാമഹഃ,	ബ്രഹ്മദേവൻ,
ദിവ്യേന ചക്ഷുഷാ	ജ്ഞാനചക്ഷുസ്സുകൊണ്ട്
സീതാം	സീതാദേവിയെ
ദീനാം	ആപത്തിൽപെട്ട്
പരാമൃഷ്ടാം	വലിച്ചിഴയ്ക്കപ്പെട്ടവളായി
ദൃഷ്ട്വാ,	കണ്ട്,
കാര്യ്യം	ഉദ്ദിഷ്ടകാര്യ്യം
കൃതം	സാധിച്ചു
ഇതി	എന്നിങ്ങിനെ
വ്യാജഹാര.	അരുളിച്ചെയ്തു.

പ്രഹൃഷ്ടാ വ്യഥിതാശ്ചാസൻ സർവ്വേ തേ പരമർഷയഃ
ദൃഷ്ട്വാ സീതാം പരാമൃഷ്ടാം ദണ്ഡകാരണ്യവാസിനഃ 13
ശോകേന മഹതാഽഽവിഷ്ടാ ബഭൂവുർഗ്ഗതചേതസഃ
രാവണസ്യ വിനാശം ച പ്രാപ്തം ബുദ്ധ്വാ യദൃച്ഛയാ. 14

ദണ്ഡ-കാരണ്യ-വാസിനഃ	ദണ്ഡകാരണ്യവാസികളായ
തേ പരമൎഷയഃ	ആ മഹൎഷിമാർ
സൎവ്വേ,	എല്ലാവരും,
സീതാം	സീതാദേവിയെ
പരാമൃഷ്ടാം	പിടിച്ചുവലിക്കപ്പെട്ടവളായി
ദൃഷ്ട്വാ,	കണ്ട്,
മഹതാ	അഗാധമായ
ശോകേന	ദുഃഖത്തിൽ
ആവിഷ്ടാഃ	ആണ്ടവരായി
ഗതചേതസഃ	മനസ്സുപൊയ്പ്പോയവരായി
വ്യഥിതാഃ	ഭയാകുലിതരായി
ആസൻ;	തീൎന്നു;
യദൃച്ഛയാ	ദൈവാധീനത്താൽ
പ്രാപ്തം	അടുത്തെത്തിയതായ
രാവണസ്യ	രാവണന്റെ
വിനാശം ച	നാശത്തേയും
ബുദ്ധ്വാ	അറിഞ്ഞ്
പ്രഹൃഷ്ടാഃ ച	സന്തുഷ്ടരായും
ബഭൂവുഃ.	ഭവിച്ചു.

സ തു താം രാമ രാമേതി രുദന്തീം ലക്ഷ്മണേതി ച
ജഗാമാദായ ചാകാശം രാവണോ രാക്ഷസേശ്വരഃ. 15

രാക്ഷസേശ്വരഃ	രാക്ഷസേശ്വരനായ
സഃ രാവണഃ	ആ രാവണൻ
'രാമ രാമ,'	'രാമ രാമ,'
ഇതി,	എന്നും
'ലക്ഷ്മണ'	'ലക്ഷ്മണ'
ഇതി ച,	എന്നും
രുദന്തീം	വിളിച്ചു കരയുന്നവളായ
താം തു	അവളേയും
ആദായ	എടുത്തുകൊണ്ട്
ആകാശം	ആകാശത്തിൽ
ജഗാമ.	പൊങ്ങി.

തപ്താഭരണവൎണ്ണാംഗീ പീതകൌശേയവാസിനീ
രരാജ രാജപുത്രീ തു വിദ്യുത്സൌദാമിനീ യഥാ. 16

രാജപുത്രീ	രാജകുമാരിയായ അവൾ
തു	ആ സമയത്തിലും
തപ്താഭരണ-വൎണ്ണാംഗീ	അണിഭൂഷണങ്ങളാൽ തിളങ്ങുന്ന തിരുമേനിയാൎന്നവളായി
പീതകൌശേയ വാസിനീ,	മഞ്ഞപട്ടാംബരമുടുത്തവളായി,
വിദ്യുത്	മിന്നുന്ന
സൌദാമിനീ യഥാ	മിന്നൽ കൊടിപോലെ
രരാജ.	പരിലസിച്ചു.

ഉദ്ധൂതേന ച വസ്ത്രേണ തസ്യാഃ പീതേന രാവണഃ
അധികം പ്രതിബഭ്രാജ ഗിരിൎദ്ദീപ്ത ഇവാഗ്നിനാ. 17

രാവണഃ,	രാവണൻ,
ഉദ്ധൂതേന	കാററിൽ പറന്നിരുന്ന
തസ്യാഃ	അവളുടെ
പീതേന വസ്ത്രേണ ച,	മഞ്ഞപ്പട്ടുവസ്ത്രത്താൽ,
അഗ്നിനാ ദീപ്തഃ	കാട്ടുതീപിടിപെട്ടതായ
ഗിരിഃ ഇവ	പൎവ്വതമെന്നപോലെ
അധികം പ്രതിബഭ്രാജ.	ഏററവും ശോഭിച്ചു.

തസ്യാഃ പരമകല്യാണ്യാസ്താമ്രാണി സുരഭീണി ച
പദ്മപത്രാണി വൈദേഹ്യാ അഭ്യകീൎയ്യന്ത രാവണം. 18

തസ്യാഃ	ആ	സുരഭീണി ച	സുഗന്ധമാൎന്നതുമായ
പരമകല്യാണ്യാഃ	മഹാ ഉത്തമയായ	പദ്മപത്രാണി	താമരദളങ്ങൾ
വൈദേഹ്യാഃ	വൈദേഹിയണിഞ്ഞിരുന്ന	രാവണം	രാവണന്റെ മേൽ
താമ്രാണി	ചുവന്നതും	അഭ്യകീൎയ്യന്ത.	കൊഴിഞ്ഞു.

തസ്യാഃ കൌശേയമുദ്ധൂതമാകാശേ കനകപ്രഭം
ബഭൌ ചാദിത്യരാഗേണ താമ്രമഭ്രമിവാതപേ. 19

തസ്യാഃ	അവളുടെ	ആതപേ	വൈകുന്നേരം
കനകപ്രഭം	പൊൻനിറമാൎന്ന	ആദിത്യരാഗേണ	സൂൎയ്യന്റെ പ്രകാശത്താൽ
കൌശേയം ച,	പട്ടുവസ്ത്രവും,		
ആകാശേ	ആകാശത്തിൽ	താമ്രം	ചുവന്നതായ
ഉദ്ധൂതം,	കാററിൽ ഉലയുന്നതായി,	അഭ്രം ഇവ	മേഘം എന്നപോലെ
		ബഭൌ.	വിളങ്ങി.

തസ്യാസ്തത്സുനസം വക്ത്രമാകാശേ രാവണാങ്കഗം
ന രരാജ വിനാ രാമം വിനാളമിവ പങ്കജം. 20

തസ്യാഃ	അവളുടെ	രാവണാങ്കഗം	രാവണനെ ചേൎന്നിരിക്കുന്നതായി
സുനസം	ഭംഗിയേറിയ നാസികയോടുകൂടിയതായ	വിനാളം	തണ്ടില്ലാത്തതായ
തത് വക്ത്രം,	ആ വദനം,	പങ്കജം ഇവ	പങ്കജമെന്നപോലെ
ആകാശേ	ആകാശത്തിൽ	ന രരാജ.	വാടിത്തളൎന്നതായിരുന്നു.
രാമം വിനാ,	ശ്രീരാമനെ പിരിഞ്ഞതായി,		

ബഭൂവ ജലദം നീലം ഭിത്ത്വാ ചന്ദ്ര ഇവോദിതഃ
സുലലാടം സുകേശാന്തം പദ്മഗൎഭാഭമവ്രണം 21
ശുക്ലൈഃ സുവിമലൈൎദ്ദന്തൈഃ പ്രഭാവദ്ഭിരലംകൃതം
തസ്യാസ്തദ്വിമലം വക്ത്രമാകാശേ രാവണാങ്കഗം. 22

തസ്യാഃ	അവളുടെ	ദന്തൈഃ	ദന്തങ്ങളാൽ
തത്	ആ	അലംകൃതം	അലങ്കരിക്കപ്പെട്ടതും
സുലലാടം	അഴകാൎന്ന നെററിത്തടത്തോടുകൂടിയതും	വിമലം	സ്വച്ഛവും ആയ
		വക്ത്രം	തിരുമുഖമണ്ഡലം
സുകേശാന്തം	പുരികുന്തളത്തോടുകൂടിയതും	ആകാശേ	ആകാശത്തിൽ
		രാവണാങ്കഗം	രാവണന്റെ മടിയിൽ ചേൎന്നതായി
പദ്മഗൎഭാഭം	താമരയുടെ അന്തൎഭാഗത്തിന്റെ വൎണ്ണമാൎന്നതും	നീലം ജലദം	കാൎമേഘത്തെ
അവ്രണം	കളങ്കരഹിതവും	ഭിത്ത്വാ	പിളൎന്നുകൊണ്ടു
ശുക്ലൈഃ സുവിമലൈഃ	വെളുത്തു പരിശുദ്ധമായി	ഉദിതഃ	ഉദിച്ചതായ
		ചന്ദ്രഃ ഇവ	ചന്ദ്രനെന്നപോലെ
പ്രഭാവദ്ഭിഃ	പരിലസിക്കുന്നവയായ	ബഭൂവ.	കാണപ്പെട്ടു.

രുദിതം വ്യപമൃഷ്ടാസ്രം ചന്ദ്രവത് പ്രിയദർശനം
സുനേത്രം ചാരുതാമ്രോഷ്ഠമാകാശേ ഹാടകപ്രഭം 23
രാക്ഷസേന്ദ്രസമാധൂതം തസ്യാസ്തദ്വദനം ശുഭം
ശുശുഭേ ന വിനാ രാമം ദിവാ ചന്ദ്ര ഇവോദിതഃ. 24

ചന്ദ്രവത്	ചന്ദ്രൻപോലെ
പ്രിയദർശനം	കാഴ്ചയ്ക്കു മനോഹരമായതും
സുനേത്രം	ചാരുനേത്രങ്ങളാർന്നതും
ചാരുതാമ്രോഷ്ഠം	രുചിരങ്ങളായ താമ്രാധരങ്ങളോടുകൂടിയതും
ഹാടകപ്രഭം	ചെമ്പൊൻനിറമാർന്നതും
ശുഭം	ഭംഗിയേറിയതും ആയ
തസ്യാഃ	അവളുടെ
തത് വദനം,	ആ തിരുമുഖം,
രാമം വിനാ,	ശ്രീരാമനെ കൂടാതെ
ആകാശേ	ആകാശത്തിൽ [തായി
രാക്ഷസേന്ദ്രസമാധൂതം	രാക്ഷസനോടുചേർന്ന് ഉലയുന്നതായി
വ്യപമൃഷ്ടാസ്രം	കണ്ണുനീർ ഒഴുകിക്കൊണ്ട്
രുദിതം	കരഞ്ഞുകൊണ്ടിരിക്കുന്നതായി,
ദിവാ ഉദിതഃ	പകൽ ഉദിച്ച
ചന്ദ്രഃ ഇവ	ചന്ദ്രൻ എന്നപോലെ
ന ശുശുഭേ.	വിളത്തിരുന്നു.

സാ ഹേമവർണ്ണാ നീലാംഗം മൈഥിലീ രാക്ഷസാധിപം
ശുശുഭേ കാഞ്ചനീ കാഞ്ചീ നീലം മണിമിവാശ്രിതാ. 25

നീലാംഗം	കറുത്തമേനിയോടുകൂടിയവനായ
രാക്ഷസാധിപം	രാക്ഷസാധിപന്റെ വശത്തിൽ
ആശ്രിതാ	അകപ്പെട്ടിരുന്നവളായ
സാ	ആ
ഹേമവർണ്ണാ	പൊൻമേനിയാളായ
മൈഥിലീ,	സീതാദേവി,
കാഞ്ചനീ	സ്വർണ്ണപ്പോളകൊണ്ടു [ള്ളതായ
കാഞ്ചീ,	വലയം,
നീലം	കറുകറുത്ത
മണിം	പീപ്പയെ
ഇവ,	ചേർന്നതുപോലെ
ശുശുഭേ.	വിളങ്ങി.

സാ പദ്മഗൌരീ ഹേമാഭാ രാവണം ജനകാത്മജാ
വിദ്യുദ്ഘനമിവാവിശ്യ ശുശുഭേ തപ്തഭൂഷണാ 26

പദ്മഗൌരീ	താമരപ്പൂപോലെ അഴകാർന്നവളും
ഹേമാഭാ	പൊൻനിറമാർന്നവളും
തപ്തഭൂഷണാ	മിന്നുന്നകോപ്പുകളണിഞ്ഞുള്ളവളും ആയ
സാ ജനകാത്മജാ,	ആ ജനകപുത്രി,
രാവണം	രാവണനെ
ആവിശ്യ,	പ്രാപിച്ച്,
വിദ്യുത്	മിന്നൽ
ഘനം ഇവ	മേഘത്തെ പ്രാപിച്ചിട്ടെന്നപോലെ
ശുശുഭേ.	വിളങ്ങി.

തരുപ്രവാളരക്താ സാ നീലാംഗം രാക്ഷസേശ്വരം
പ്രാശോഭയത വൈദേഹീ ഗജം കക്ഷ്യേവ കാഞ്ചനീ. 27

തരുപ്രവാളരക്താ	ചെന്തളിരുപോലെ രക്തവർണ്ണമാർന്നിരുന്ന
സാ വൈദേഹീ,	ആ സീതാദേവി,
നീലാംഗം	ഇരുണ്ടമേനിയാർന്ന
രാക്ഷസേശ്വരം,	രാക്ഷസാധിപനെ,
കാഞ്ചനീ കക്ഷ്യാ,	സ്വർണ്ണച്ചങ്ങല,
ഗജം ഇവ	ആനയെ എന്നവണ്ണം
പ്രാശോഭയത.	ഏററം ശോഭിപ്പിച്ചു.

തസ്യാ ഭൂഷണഘോഷേണ വൈദേഹ്യാ രാക്ഷസേശ്വരഃ
ബഭൗ സചപലോ നീലഃ സഘോഷ ഇവ തോയദഃ. 28

രാക്ഷസേശ്വരഃ രാക്ഷസാധിപൻ
തസ്യാഃ ആ
വൈദേഹ്യാഃ വൈദേഹിയുടെ
ഭൂഷണഘോഷേണ, മെയ്ക്കോപ്പുകളുടെ കിലുക്കത്താൽ,
സചപലഃ മിന്നലോടുചേൎന്നും
സഘോഷഃ ഇടിമുഴക്കത്തോടുകൂടിയതുമായ
നീലഃ തോയദഃ ഇവ കാർമേഘമെന്നപോലെ
ബഭൗ. വിളങ്ങി.

ഉത്തമാംഗാച്ച്യുതാ തസ്യാഃ പുഷ്പവൃഷ്ടിഃ സമന്തതഃ
സീതായാ ഹ്രിയമാണായാഃ പപാത ധരണീതലേ. 29

ഹ്രിയമാണായാഃ എടുത്തുകൊണ്ടുപോകപ്പെടുന്നവളായ
തസ്യാഃ ആ
സീതായാഃ സീതാദേവിയുടെ
ഉത്തമാംഗാത് ശിരസ്സിൽനിന്ന്
ച്യുതാ ഉതിൎന്നതായ
പുഷ്പവൃഷ്ടിഃ, പൂമാരി,
ധരണീതലേ ഭൂമിയിൽ
സമന്തതഃ പലേടവും
പപാത. വീണു.

സാ തു രാവണവേഗേന പുഷ്പവൃഷ്ടിഃ സമന്തതഃ
സമാധൂതാ ദശഗ്രീവം പുനരേവാഭ്യവൎത്തത. 30

സാ ആ
പുഷ്പവൃഷ്ടിഃ തു, പൂമാരിതന്നെ
രാവണവേഗേന രാവണന്റെ വേഗം [കൊണ്ട്
സമന്തതഃ ചുററിലും
സമാധൂതാ, ചിതറിയതായി,
ദശഗ്രീവം ഏവ രാവണനെത്തന്നെ
പുനഃ വീണ്ടും
അഭ്യവൎത്തത. പററിച്ചേൎന്നു.

അഭ്യവൎത്തത പുഷ്പാണാം ധാരാ വൈശ്രവണാനുജം
നക്ഷത്രമാലാ വിമലാ മേരും നഗമിവോന്നതം. 31

ഉന്നതം ഉന്നതമായ
മേരും നഗം മേരുപൎവ്വതത്തെ
വിമലാ നിൎമ്മലമായ
നക്ഷത്രമാലാ നക്ഷത്രമണ്ഡലം
ഇവ, എന്നപോലെ,
പുഷ്പാണാം പൂക്കളുടെ
ധാരാ, മാരി,
വൈശ്രവണാനുജം കുബേരാനുജനായ രാവണനെ
അഭ്യവൎത്തത. പ്രാപിച്ചു.

ചരണാന്നൂപുരം ഭ്രഷ്ടം വൈദേഹ്യാ രത്നഭൂഷിതം
വിദ്യുന്മണ്ഡലസങ്കാശം പപാത മധുരസ്വരം. 32

ചരണാത് കാലിൽനിന്ന്
ഭ്രഷ്ടം കഴിഞ്ഞുവീണതായ
വൈദേഹ്യാഃ സീതാദേവിയുടെ
രത്നഭൂഷിതം രത്നഖചിതമായ
നൂപുരം, കാൽചിലമ്പ്,
വിദ്യുന്മണ്ഡലസങ്കാശം മിന്നൽപിണരുപോലെ ശോഭിക്കുന്നതായി
മധുരസ്വരം മധുരക്വണിതത്തോടുകൂടി
പപാത. താഴത്തുവീണു.

താം മഹോല്ക്കാമിവാകാശേ ദീപ്യമാനാം സ്വതേജസാ
ജഹാരാകാശമാവിശ്യ സീതാം വൈശ്രവണാനുജഃ. 33

വൈശ്രവണാനുജഃ,	കുബേരാനുജൻ,
ആകാശേ	ആകാശത്തിൽ
മഹോല്ക്കാം ഇവ	കൊള്ളിമീനെന്നപോലെ,
സ്വതേജസാ	സ്വതേജസ്സുകൊണ്ടു്
ദീപ്യമാനാം	വിളങ്ങുന്നവളായ
താം സീതാം	ആ സീതാദേവിയെ
ആകാശം ആവിശ്യ	ആകാശമാൎഗ്ഗമായി
ജഹാര.	എടുത്തുകൊണ്ടുപോയി.

തസ്യാസ്താന്യഗ്നിവൎണ്ണാനി ഭൂഷണാനി മഹീതലേ
സഘോഷാണ്യവകീൎയ്യന്ത ക്ഷീണാസ്താരാ ഇവാംബരാത്. 34

തസ്യാഃ	അവളുടെ
അഗ്നിവൎണ്ണാനി	അഗ്നിപോലെ പ്രകാശിക്കുന്നവയായ
താനി	ആ
ഭൂഷണാനി,	ആഭരണങ്ങൾ,
സഘോഷാണി	കിലുങ്ങിക്കൊണ്ടു്
അംബരാത്	ആകാശത്തിൽനിന്നു്
ക്ഷീണാഃ	പുണ്യം ക്ഷയിച്ച
താരാഃ ഇവ	നക്ഷത്രങ്ങൾ എന്നപോലെ
മഹീതലേ	ഭൂമിയിൽ
അവകീൎയ്യന്ത.	ചിതറിവീണു.

തസ്യാഃ സ്തനാന്തരാദ്ഭ്രഷ്ടോ ഹാരസ്താരാധിപദ്യുതിഃ
വൈദേഹ്യാ നിപതൻ ഭാതി ഗംഗേവ ഗഗനാച്ച്യുതാ. 35

തസ്യാഃ	ആ
വൈദേഹ്യാഃ	വൈദേഹിയുടെ
താരാധിപദ്യുതിഃ	ചന്ദ്രകാന്തിചേൎന്നതായ
ഹാരഃ	ഹാരം
സ്തനാന്തരാത്	ഉരസ്സിൽനിന്നു്
ഭ്രഷ്ടഃ	വഴുതി
നിപതൻ	വീഴുന്നതായി
ഗഗനാത്	വാനിൽനിന്നു്
ച്യുതാ	ഒഴുകിയ
ഗംഗാ ഇവ,	ഗംഗയെന്നപോലെ,
ഭാതി.	പരിലസിക്കുന്നു.

ഉത്പന്നവാതാഭിഹതാ നാനാദ്വിജഗണായുതാഃ
മാ ഭൈരിതി വിധൂതാഗ്രാ വ്യാജഹ്രുരിവ പാദപാഃ. 35

ഉത്പന്നവാതാഭിഹതാ	ഉണ്ടായ കാറ്റേറ്റുലയുന്നവയും
നാനാദ്വിജഗണായുതാഃ	പല പക്ഷിഗണങ്ങളോടുകൂടിയവയും ആയ
പാദപാഃ,	തരുക്കൾ,
വിധൂതാഗ്രാഃ	തലയാട്ടിക്കൊണ്ടു്
"മാ ഭൈഃ,"	"പേടിക്കാതിരുന്നാലും,"
ഇതി	എന്നു്
വ്യാജഹ്രുഃ ഇവ.	ധൈൎയ്യപ്പെടുത്തിപ്പറഞ്ഞതുപോലെയിരുന്നു.

നളിന്യോ ധ്വസ്തകമലാസ്ത്രസ്തമീനജലേചരാഃ
സഖീമിവ ഗതോത്സാഹാമന്വശോചന്ത മൈഥിലീം. 37

നളിന്യഃ	താമരപ്പൊയ്കകൾ
ത്രസ്തമീനജലേചരാഃ	ഭയപ്പെട്ടോടുന്ന മത്സ്യം മുതലായ ജലജന്തുക്കളോടുകൂടിയവയായി
ധ്വസ്തകമലാഃ,	ആടിയുലയുന്ന താമരപ്പൂക്കളോന്നവയായി,
ഗതോത്സാഹാം	ദുഃഖിച്ചു് നെടുവീൎപ്പിടുന്ന
സഖീം	സഖിയായ
മൈഥിലീം	ജാനകിയെക്കുറിച്ചു്
അന്വശോചന്ത ഇവ.	പരിതപിക്കുന്നവയൊ എന്നപോലെ കാണപ്പെട്ടു.

സമന്താദഭിസമ്പത്യ സിംഹവ്യാഘ്രമൃഗദ്വിജാഃ
അന്വധാവംസ്തദാ രോഷാത് സീതാം ഛായാനുഗാമിനഃ. 38

സിംഹ-വ്യാഘ്ര-മൃഗദ്വിജാഃ	സിംഹങ്ങൾ, നരികൾ, മാനുകൾ, പക്ഷികൾ എന്നവ	ഛായാനു-ഗാമിനഃ	നിഴലിനെ തുടൎന്നു കൊണ്ടു്
രോഷാത്	ക്രോധത്തോടെ	സീതാം	സീതാദേവിയെ
സമന്താത്	നാലുദിക്കിൽനിന്നും	തദാ	ആ സമയം
അഭിസമ്പത്യ,	ഓടിയെത്തി,	അന്വധാവൻ.	തുടൎന്നുചെന്നു.

ജലപ്രപാതാസ്രമുഖാഃ ശൃംഗൈരുച്ഛ്രിതബാഹവഃ
സീതായാം ഹ്രിയമാണായാം വിക്രോശന്തീവ പൎവ്വതാഃ. 39

സീതായാം	സീതാദേവി	ശൃംഗൈഃ	ശിഖരങ്ങളാകുന്ന
ഹ്രിയമാണായാം	അപഹരിച്ചുകൊണ്ടു പോകപ്പെടവെ	ഉച്ഛ്രിത-ബാഹവഃ	ഉയൎത്തിപ്പിടിച്ച കൈകളോടുകൂടിയവയായി
പൎവ്വതാഃ	പൎവ്വതങ്ങൾ		
ജലപ്രപാ-താസ്രമുഖാഃ	ചോലകളാകുന്ന കണ്ണീരൊഴുകുന്ന മുഖത്തോടുകൂടിയവയായി	വിക്രോശന്തി ഇവ.	മുറവിളികൂട്ടുന്നപോലെ കാണപ്പെട്ടു.

ഹ്രിയമാണാന്തു വൈദേഹീം ദൃഷ്ട്വാ ദീനോ ദിവാകരഃ
പ്രവിധ്വസ്തപ്രഭഃ ശ്രീമാനാസീത് പാണ്ഡുരമണ്ഡലഃ. 40

ശ്രീമാൻ	ശ്രീമാനായ	ദീനഃ	മനോവേദനയോടുകൂടി
ദിവാകരഃ	സൂൎയ്യഭഗവാൻ	പ്രവിധ്വസ്ത-പ്രഭഃ	നിറം മങ്ങി
വൈദേഹീം	ജാനകിയെ		
ഹ്രിയമാണാം	കട്ടുകൊണ്ടുപോകപ്പെട്ടവളായി	പാണ്ഡുര-മണ്ഡലഃ	പഴപ്പുനിറമുള്ള മണ്ഡലത്തോടുകൂടി
ദൃഷ്ട്വാ തു	കണ്ടു ഉടനെ	ആസീത്	ആയിത്തീൎന്നു.

നാസ്തി ധൎമ്മഃ കുതഃ സത്യം നാൎജ്ജവം നാനൃശംസതാ
യത്ര രാമസ്യ വൈദേഹീം ഭാൎയ്യാം ഹരതി രാവണഃ
ഇതി സൎവ്വാണി ഭൂതാനി ഗണശഃ പൎയ്യദേവയൻ. 41

"രാമസ്യ	"ശ്രീരാഘവന്റെ	ആൎജ്ജവം ന;	ന്യായം ഇല്ല;
ഭാൎയ്യാം	പത്നിയായ	അനൃശംസതാ ന;"	ദയ ഇല്ല;"
വൈദേഹീം	വൈദേഹീദേവിയെ		
രാവണഃ	രാവണൻ	ഇതി	എന്നിപ്രകാരം
ഹരതി;	കട്ടുകൊണ്ടുപോകുന്നു;		
യത്ര ധൎമ്മഃ നാസ്തി;	ഇതിൽ ധൎമ്മം ഇല്ല;	സൎവ്വാണി ഭൂതാനി	സൎവ്വപ്രാണികളും
സത്യം കുതഃ?	പിന്നെ സത്യം എവിടെ?	ഗണശഃ	കൂട്ടംകൂട്ടമായി ചേൎന്നു്
		പൎയ്യദേവയൻ.	പ്രലപിച്ചു.

വിത്രസ്തകാ ദീനമുഖാ രുരുദുർമ്മൃഗപോതകാഃ
ഉദ്വീക്ഷ്യോദ്വീക്ഷ്യ നയനൈരാസ്രപാതാവിലേക്ഷണാഃ. 42

മൃഗപോതകാഃ	മാൻകുട്ടികൾ
വിത്രസ്തകാഃ	ഭയന്ന്
ദീനമുഖാഃ	വാടിയമുഖത്തോടുകൂടിയവയായി
ആസ്രപാതാവിലേക്ഷണാഃ	കണ്ണീരൊഴിച്ച് കലങ്ങിയ കണ്ണുകളാൎന്നവയായി
നയനൈഃ	കണ്ണുകൾകൊണ്ട്
ഉദ്വീക്ഷ്യ ഉദ്വീക്ഷ്യ	ഉയരെ നോക്കിനോക്കിക്കൊണ്ട്
രുരുദുഃ.	കരഞ്ഞു.

സുപ്രവേപിതഗാത്രാശ്ച ബഭൂവുർവ്വനദേവതാഃ
വിക്രോശന്തീം ദൃഢം സീതാം ദൃഷ്ട്വാ ദുഃഖം തഥാ ഗതാം. 43

വനദേവതാഃ ച	വനദേവതമാരും
തഥാ	അപ്രകാരം
ദുഃഖം ഗതാം	ദുഃഖംപൂണ്ട്
ദൃഢം വിക്രോശന്തീം	ഉറക്കെ വിലപിക്കുന്നവളായ
സീതാം	സീതാദേവിയെ
ദൃഷ്ട്വാ,	കണ്ട്,
സുപ്രവേപിതഗാത്രാഃ	ഉടൽ ഏററം നടുങ്ങിയവരായി
ബഭൂവുഃ.	ഭവിച്ചു.

താം തു ലക്ഷ്മണ രാമേതി ക്രോശന്തീം മധുരസ്വരം
അവേക്ഷമാണാം ബഹുശോ വൈദേഹീം ധരണീതലം 44
സീതാമാകുലകേശാന്താം വിപ്രമൃഷ്ടവിശേഷകാം
ജഹാരാത്മവിനാശായ ദശഗ്രീവോ മനസ്വിനീം. 45

ദശഗ്രീവഃ	ദശകണ്ഠൻ,
"ലക്ഷ്മണ! രാമ!" ഇതി	"ഹാ രാമ! ഹാ ലക്ഷ്മണ!," എന്നിങ്ങിനെ
മധുരസ്വരം	മൃദുസ്വരത്തിൽ
ക്രോശന്തീം	വിളിച്ചു കരയുന്നവളും,
ധരണീതലം	ഭൂമിയെ
ബഹുശഃ	പലേടത്തും
അവേക്ഷമാണാം	സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നവളും,
ആകുലകേശാന്താം	അഴിഞ്ഞു കിടക്കുന്ന കുന്തലോടു കൂടിയവളും
വിപ്രമൃഷ്ടവിശേഷകാം	മാഞ്ഞിരിക്കുന്ന തിലകക്കുറിയാൎന്നവളും
മനസ്വിനീം	മഹാ പതിവ്രതയുമായ
താം വൈദേഹീം	ആ വിദേഹസുതയായ
സീതാം തു	സീതാദേവിയെത്തന്നെ
ആത്മവിനാശായ	തന്റെ നാശഹേതുവായി
ജഹാര.	കട്ടുകൊണ്ടുപോയി.

തതസ്തു സാ ചാരുദതീ ശുചിസ്മിതാ
വിനാകൃതാ ബന്ധുജനേന മൈഥിലീ
അപശ്യതീ രാഘവലക്ഷ്മണാവുഭൌ
വിവൎണ്ണവക്ത്രാ ഭയഭാരപീഡിതാ. 46

ചാരുദതീ	ചാരുദന്തങ്ങളാന്നവളും
ശുചിസ്മിതാ	രുചിരമായ മന്ദസ്മിതമാന്നവളും ആയ
സാ	ആ
മൈഥിലീ തു,	ജാനകീദേവിയും,
തതഃ	അപ്പോൾ
ബന്ധുജനേന വിനാകൃതാ	ബന്ധുക്കളാരും അടുത്തില്ലാത്തവളായി
രാഘവലക്ഷ്മണൌ ഉഭൌ	ശ്രീരാമലക്ഷ്മണന്മാരിരുവരേയും
അപശ്യന്തീ	കാണാത്തവളായി
ഭയഭാരപീഡിതാ	അധികഭയത്താൽ പീഡിക്കപ്പെട്ടവളായി
വിവർണ്ണവക്ത്രാ.	മുഖം വിളറിയവളായി ഭവിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ ദ്വിപഞ്ചാശഃ സർഗ്ഗഃ = അമ്പത്തിരണ്ടാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 8500; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1788.

ത്രിപഞ്ചാശഃ സർഗ്ഗഃ = അമ്പത്തിമൂന്നാംസർഗ്ഗം.

[രാവണനിന്ദാ = രാവണനെ സീത നിന്ദിക്കുന്നതു്.]

ഖമുല്പതന്തം തം ദൃഷ്ട്വാ മൈഥിലീ ജനകാത്മജാ
ദുഃഖിതാ പരമോദ്വിഗ്നാ ഭയേ മഹതി വർത്തിനീ. 1

ജനകാത്മജാ	ജനകകുമാരിയായ
മൈഥിലീ	സീതാദേവി
തം	അവനെ
ഖം	ആകാശത്തിലേക്കു്
ഉത്പതന്തം	ഉയൎന്നുചെല്ലുന്നവനായി
ദൃഷ്ട്വാ,	കണ്ടു്,
പരമോദ്വിഗ്നാ,	മനം കലങ്ങി
മഹതി	വലുതായ
ഭയേ	ഭയത്തിൽ
വർത്തിനീ,	മുഴുകിയവളായി,
ദുഃഖിതാ.	അത്തൽപൂണ്ടു.

[ഭയരഹിതനായ ശ്രീരാമങ്കൽ സദാ വിശ്വാസത്തോടുകൂടിയിരുന്നവളെന്നാലും, ഇപ്പോൾ മഹാദുഃഖിതയായി ഭവിച്ചു (എന്നും) അഥവാ, "മഹതി ഭയേ അപരമോദ്വിഗ്നാ" (മഹത്തായ ഭയത്തിലും യാതൊരു കൂസലുമില്ലാത്തവളായി); എന്നും സ.]

രോഷരോദനതാമ്രാക്ഷീ ഭീമാക്ഷം രാക്ഷസാധിപം
രുദന്തീ കരുണം സീതാ ഹ്രിയമാണേദമബ്രവീത്. 2

ഹ്രിയമാണാ	ബലാല്ക്കാരമായി കൊണ്ടുപോകപ്പെടുന്നവളായ
സീതാ,	മൈഥിലി,
കരുണം രുദന്തീ	പരിതാപകരമാംവിധം കരയുന്നവളായി
രോഷരോദനതാമ്രാക്ഷീ	കോപംകൊണ്ടും രോദനംചെയ്കയാലും കണ്ണുകൾ ചുടുത്തവളായി
ഭീമാക്ഷം	ക്രൂരദൃഷ്ടികളോടുകൂടിയ
രാക്ഷസാധിപം	രാക്ഷസരാജാവിനെ
ഇദം	പിൻവരുമാറു് [നോക്കി
അബ്രവീത്.	ധിക്കരിച്ചുരചെയ്തു.

ന വ്യപത്രപസേ നീച കർമ്മണാഽനേന രാവണ
ഭർത്രാ വിരഹിതാം യോ മാം ചോരയിത്വാ പലായസേ. 3

"യഃ	"യാതൊരു നീ
ഭർത്രാ വിരഹിതാം	ഭർത്താവിനെ വിട്ടുപിരിഞ്ഞിരുന്ന
മാം	എന്നെ
ചോരയിത്വാ	അപഹരിച്ചുകൊണ്ടു്
പലായസേ,	ഓടുന്നുവോ,

അനേന	അപ്രകാരമുള്ള ഈ
കർമ്മണാ,	പ്രവൃത്തിമൂലം,
നീച	നീചനായ
രാവണ!	ഹേ രാവണ!
ന വ്യപത്രപസേ.	നീ ലജ്ജിക്കാതിരിക്കുന്നുവല്ലോ!

ത്വയൈവ നൂനം ദുഷ്ടാത്മൻ ഭീരുണാ ഹർത്തുമിച്ഛതാ
മമാപവാഹിതോ ഭർത്താ മൃഗരൂപേണ മായയാ. 3

"ദുഷ്ടാത്മൻ	"ദുഷ്ടബുദ്ധിയായവനേ!
ഹർത്തും	കക്കുവാൻ
ഇച്ഛതാ,	ആഗ്രഹിച്ചവനും,
ഭീരുണാ	ഭീരുവുമായ
ത്വയാ ഏവ	നിന്നാൽതന്നെയാണു്
മായയാ	മായയാൽ

മൃഗരൂപേണ	മാൻരൂപംധരിച്ചു്
മമ	എന്റെ
ഭർത്താ	പ്രാണനാഥൻ
അപവാഹിതഃ,	ഇവിടെനിന്നും ദൂരത്തിലാക്കപ്പെട്ടതു്;
നൂനം.	തീർച്ചതന്നെ.

യോ ഹി മാമുദ്യതസ്ത്രാതും സോഽപ്യയം വിനിപാതിതഃ
ഗൃധ്രരാജഃ പുരാണോഽസൗ ശ്വശുരസ്യ സഖാ മമ. 5

"പുരാണഃ	"വൃദ്ധനും
മമ	എന്റെ
ശ്വശുരസ്യ	ശ്വശുരന്റെ
സഖാ	സഖാവും ആയ
യഃ	യാതൊരു
അസൌ	ഈ

ഗൃധ്രരാജഃ ഹി,	ഗൃധ്രരാജാവു്,
മാം ത്രാതും	എന്നെ രക്ഷിക്കുന്ന[തിന്നു്
ഉദ്യതഃ,	മുതിൎന്നുവൊ,
സഃ	അപ്രകാരമുള്ള
അയം അപി	ഇദ്ദേഹവും
വിനിപാതിതഃ.	വെട്ടിവീഴ്ത്തപ്പെട്ടു.

[ഈ വൃദ്ധനായവനെ വെട്ടിവീഴ്ത്തിയതു തന്നെയാണു് നിന്റെ ശൂരത്വം എന്നു ഭാവം.]

പരമം ഖലു തേ വീര്യം ദൃശ്യതേ രാക്ഷസാധമ
വിശ്രാവ്യ നാമധേയം ഹി യുദ്ധേനാസ്മി ജിതാ ത്വയാ. 6

"രാക്ഷസാധമ!	"നീചരാക്ഷസ!
തേ വീര്യം	നിന്റെ വീര്യം
പരമം ഖലു	വളരെ കേമംതന്നെയെന്നാണു്
ദൃശ്യതേ;	കാണപ്പെടുന്നതു്;
ത്വയാ	നിന്നാൽ

നാമധേയം	പേരും പെരുമയും
വിശ്രാവ്യ	പറഞ്ഞുകേൾപ്പിച്ചിട്ടുള്ള
യുദ്ധേന ഹി	യുദ്ധംകൊണ്ടാണല്ലൊ
അസ്മി	ഞാൻ
ജിതാ.	ജയിക്കപ്പെട്ടതു്.

ഈദൃശം ഗർഹിതം കർമ്മ കഥം കൃത്വാ ന ലജ്ജസേ
സ്ത്രിയാശ്ച ഹരണം നീച രഹിതേ തു പരസ്യ ച. 7

"നീച!	"നീച!	ഗർഹിതം	നിന്ദ്യമായ
പരസ്യ	അന്യന്റെ	കർമ്മ ച	പ്രവൃത്തിയേയും
സ്ത്രിയാഃ ച	ഭാര്യയെ	കൃത്വാ,	ചെയ്തശേഷം
രഹിതേ തു	ആരുമില്ലാത്ത അവസരത്തിൽ	കഥം	എങ്ങിനെയാണ്
ഹരണം	അപഹരിക്കുന്നതായ	ന ലജ്ജസേ.	നീ തലപൊന്തിക്കുന്നത്.
ഈദൃശം	ഈ വിധത്തിലുള്ള		

കഥയിഷ്യന്തി ലോകേഷു പുരുഷാഃ കർമ്മ കുത്സിതം
സുനൃശംസമധർമ്മിഷ്ഠം തവ ശൌണ്ഡീര്യമാനിനഃ. 8

"ശൌണ്ഡീര്യമാനിനഃ	"വീരനെന്നഭിമാനിക്കുന്ന	സുനൃശംസം	അതികഠിനമായതായും,
തവ	നിന്റെ	അധർമ്മിഷ്ഠം	ധർമ്മവിരുദ്ധമായതായും
കർമ്മ,	പ്രവൃത്തിയെ,	ലോകേഷു	ലോകങ്ങളിൽ
കുത്സിതം	നീചമായതായും,	പുരുഷാഃ	ജനങ്ങൾ
		കഥയിഷ്യന്തി.	അപഹസിക്കും.

ധിക് തേ ശൌര്യം ച സത്വം ച യത്വം കഥിതവാംസ്തദാ
കുലാക്രോശകരം ലോകേ ധിക് തേ ചാരിത്രമീദൃശം. 9

"തദാ	"ഇതിനുമുമ്പ്	ധിക്!	കൊണ്ടുപോയിച്ചുട്!
ത്വം	നീ	ലോകേ,	ലോകത്തിൽ,
യത്	യാതൊന്ന്	ഈദൃശം	ഇങ്ങിനെയുള്ള
കഥിതവാൻ,	മേനിപറഞ്ഞുവോ, അപ്രകാരമുള്ള,	കുലാക്രോശകരം	കുലത്തെ കെടുക്കുന്നതായ
തേ	നിന്റെ	തേ ചാരിത്രം	നിന്റെ നടവടി
ശൌര്യം ച	വീര്യത്തെയും,	ധിക്!	മഹാതുച്ഛംതന്നെ!
സത്വം ച	ബലത്തേയും,		

കിം കർത്തും ശക്യമേവം ഹി യജ്ജവേനൈവ ധാവസി
മുഹൂർത്തമപി തിഷ്ഠ ത്വം ന ജീവൻ പ്രതിയാസ്യസി. 10

"ഏവം	"ഇപ്രകാരം	ശക്യം?	നിന്നാൽ സാധിക്കുക?
ജവേന ഏവ	ബദ്ധപ്പെട്ടുകൊണ്ട്	മുഹൂർത്തം അപി	ഒരു ക്ഷണനേരമെങ്കിലും
ധാവസി;	നീ കുതിച്ചോട്ടകയാണ്;	തിഷ്ഠ;	നിന്നു നോക്ക്;
യത് ഹി	എന്നാൽ കൂടി	ത്വം	നീ
കിം	എന്തു	ജീവൻ	ജീവനോടെ
കർത്തും	ചെയ്വാനാണ്	ന പ്രതിയാസ്യസി.	മടങ്ങുകയില്ല.

ന ഹി ചക്ഷുഷ്പഥം പ്രാപ്യ ത്വയോഃ പാൎത്ഥിവപുത്രയോഃ
സസൈന്യോऽപി സമൎത്ഥസ്ത്വം മുഹൂൎത്തമപി ജീവിതും. 11

"തയോഃ പാൎത്ഥിവ-പുത്രയോഃ	"ആ രണ്ടു രാജകുമാരന്മാരുടേയും	സസൈന്യഃ	സൈന്യങ്ങളോടു കൂടിയവനായി
ചക്ഷുഷ്പഥം	ദൃഷ്ടിപഥത്തിൽ	അപി,	ഇരിക്കുന്നുവെങ്കിലും,
പ്രാപ്യ ഹി,	അകപ്പെട്ടശേഷം,	മുഹൂൎത്തം അപി	ഒരു മുഹൂൎത്തം കൂടി
ത്വം	നീ	ജീവിതും	ജീവനോടിരിക്കുവാൻ
		സമൎത്ഥഃ ന.	കഴിവുള്ളവനാകയില്ല.

ന ത്വം തയോഃ ശരസ്പൎശം സോഢും ശക്തഃ കഥഞ്ചന
വനേ പ്രജ്വലിതസ്യേവ സ്പൎശമഗ്നേൎവിഹംഗമഃ. 12

"വനേ	"കാട്ടിൽ	ത്വം	നീ
വിഹംഗമഃ	ഒരു പക്ഷി,	തയോഃ	ആ രണ്ടു പേരുടേയും
പ്രജ്വലിതസ്യ	പടൎന്നു കത്തുന്നതായ	ശരസ്പൎശം സോഢും	ബാണങ്ങളെ ഏററു സഹിച്ചു നില്ക്കുവാൻ
അഗ്നേഃ സ്പൎശം	തീ ഏല്ക്കുന്നതിനെ	കഥഞ്ചന	എത്ര പണിപ്പെട്ടാലും
ഇവ,	എപ്രകാരമൊ അപ്രകാരം	ശക്തഃ ന	ശക്തനാകയില്ല.

സാധു കൃത്വാऽऽത്മനഃ പത്ഥ്യം സാധു മാം മുഞ്ച രാവണ. 13

"രാവണ!	"രാവണ!	കൃത്വാ	ഓൎത്ത്
സാധു;	പോയതുപോകട്ടെ;	മാം	എന്നെ
ആത്മനഃ	നിന്റെ	സാധു	ന്യായമായി
പത്ഥ്യം	ഹിതത്തെത്തന്നെ	മുഞ്ച.	വിട്ടയച്ചേയ്ക്കുക.

മത്പ്രധൎഷണരുഷ്ടോ ഹി ഭ്രാത്രാ സഹ പതിൎമ്മമ
വിധാസ്യതി വിനാശായ ത്വം മാം യദി ന മുഞ്ചസി. 14

"മാം	"എന്നെ	ഭ്രാത്രാ സഹ	അനുജനോടൊരുമിച്ചു,
ത്വം	നീ	മത്പ്രധൎഷ-ണരുഷ്ടഃ	എന്നെ അപഹരിച്ചു തിലരിശംകൊണ്ടവനായി
മുഞ്ചസി ന യദി,	വിട്ടയക്കാതിരിക്കുന്നുവെങ്കിൽ,	വിനാശായ ഹി.	നിന്നെ വധിക്കുന്നതിന്നുതന്നെ
മമ	എന്റെ	വിധാസ്യതി.	മുതിരും.
പതിഃ,	നാഥൻ,		

യേന ത്വം വ്യവസായേന ബലാന്മാം ഹൎത്തുമിച്ഛസി
വ്യവസായഃ സ തേ നീച ഭവിഷ്യതി നിരൎത്ഥകഃ. 15

"നീച!	"അധമ!	ഹൎത്തും	മോഷ്ടിച്ചുകൊണ്ടുപോവാൻ
ത്വം	നീ	ഇച്ഛസി,	തുനിയുന്നുവോ,
യേന വ്യവസായേന	എന്തുദ്ദേശിച്ചു്	തേ	നിന്റെ
മാം	എന്നെ	സഃ വ്യവസായഃ	ആ ഉദ്ദേശം
ബലാത്	ബലാല്ക്കാരമായി	നിരൎത്ഥകഃ	പാഴായി
		ഭവിഷ്യതി.	തീരും.

ന ഹ്യഹം തമപശ്യന്തീ ഭർത്താരം വിബുധോപമം
ഉത്സഹേ ശത്രുവശഗാ പ്രാണാൻ ധാരയിതും ചിരം. 16

"അഹം	"ഞാൻ	ശത്രുവശഗാ,	ശത്രുവശത്തിലകപ്പെട്ട [വളായി,
വിബുധോപമം	ദേവതുല്യനായ	പ്രാണാൻ	ജീവനെ
തം	ആ	ചിരം	വളരെക്കാലം
ഭർത്താരം	നാഥനെ	ധാരയിതും	ധരിച്ചുകൊണ്ടിരിപ്പാൻ
അപശ്യന്തീ,	കാണാത്തവളായി,	ന ഹി ഉത്സഹേ.	ഉദ്യമിക്കയില്ലതന്നെ.

ന നൂനം ചാത്മനഃ ശ്രേയഃ പഥ്യം വാ സമവേക്ഷസേ
മൃത്യുകാലേ യഥാ മർത്ത്യഃ വിപരീതാനി സേവതേ. 17

"മർത്ത്യഃ	"ഒരു മനുഷ്യൻ	ആത്മനഃ	നിന്റെ
മൃത്യുകാലേ	അന്ത്യകാലം അടുക്കുമ്പോൾ	ശ്രേയഃ ച	ക്ഷേമത്തെയും
വിപരീതാനി	കൊള്ളരുതാത്ത കൃത്യ [ങ്ങളെ	പഥ്യം വാ	ഹിതത്തെയും
സേവതേ;	ചെയ്യുന്നു;	നൂനം	ഇപ്പോൾ
യഥാ	അപ്രകാരംതന്നെ	സമവേക്ഷസേ ന.	നീതന്നെ അറിയുന്നില്ല.

മുമൂർഷൂണാം ഹി സർവ്വേഷാം യത് പഥ്യം തന്ന രോചതേ
പശ്യാമ്യദ്യ ഹി കണ്ഠേ ത്വാം കാലപാശാവപാശിതം. 18

"മുമൂർഷൂണാം	"കാലംകഴികിയവർക്ക്	അദ്യ	ഇപ്പോൾ
സർവ്വേഷാം ഹി	എല്ലാവർക്കുംതന്നെ	ത്വാം	നിന്നെ
പഥ്യം	നന്മയായുള്ളതു്	കണ്ഠേ	കഴുത്തിൽ
യത്	യാതൊന്നൊ	കാലപാശാവപാശിതം ഹി	കാലപാശത്താൽ ബന്ധിക്കപ്പെട്ടവനായി
തത്	അതു്	പശ്യാമി.	ഞാൻ വിചാരിക്കുന്നു.
ന രോചതേ;	രുചിക്കുകയില്ല;		

യഥാ ചാസ്മിൻ ഭയസ്ഥാനേ ന ബിഭേഷി ദശാനന
വ്യക്തം ഹിരണ്മയാൻ ഹി ത്വം സംപശ്യസി മഹീരുഹാൻ. 19

"ദശാനന!	"ഹേ രാവണ!	മഹീരുഹാൻ ഹി	വൃക്ഷങ്ങളെയെല്ലാം
അസ്മിൻ	ഈ	ഹിരണ്മയാൻ	സ്വർണ്ണമയമായിരിക്കുന്നവയായി
ഭയസ്ഥാനേ	ഭയപ്പെടേണ്ടതായ സന്ദർഭത്തിൽ	സംപശ്യസി	വിചാരിക്കുന്നു
ബിഭേഷി ന;	നീ ഭയപ്പെടുന്നില്ല;	വ്യക്തം.	എന്നതു നിശ്ചയം തന്നെ.
യഥാ ച	അതിനാൽ		
ത്വം	നീ		

നദീം വൈതരണീം ഘോരാം രുധിരൌഘപ്രവാഹിനീം
അസിപത്രവനം ചൈവ ഭീമം പശ്യസി രാവണ. 20

"രാവണ!	"രാവണ!	ഭീമം	ഭയങ്കരമായ
രുധിരൌഘ പ്രവാഹിനീം	രക്തവെള്ളം തള്ളിച്ചു പൊങ്ങിയൊഴുകുന്ന	അസിപത്രവനം ഏവ	കത്തികൾതന്നെ ഇലകളായുള്ള അസിപത്രവനമെന്നതിനെയും
ഘോരാം	ഘോരമായ		
വൈതരണീം നദീം ച,	നരകത്തിലുള്ള വൈതരണിയെന്ന നദിയേയും,	പശ്യസി	ഇതാ നീ അനുഭവിച്ചറിവാൻ പോകുന്നു.

["യേ ത്വിഹ വൈ രാജന്യാ രാജപുരുഷാ വാ അപാഖണ്ഡാ ധർമ്മസേതൂൻ ഭിന്ദന്തി തേ സംപരേത്യ വൈതരണ്യാം നിപതന്തി". ഇത്യാദി, രാജമര്യാദയെ ഉല്ലംഘിക്കുന്ന രാജാക്കന്മാർക്കുള്ള വൈതരണീനിപാതത്തെക്കുറിച്ചും മറ്റുള്ള നരകശിക്ഷകളെക്കുറിച്ചും ഭാഗവതം V 26, വിഷ്ണുപുരാണം II 6 എന്നവയിൽ കാണ്ക.]

തപ്തകാഞ്ചനപുഷ്പാം ച വൈഡൂര്യപ്രവരച്ഛദാം
ദ്രക്ഷ്യസേ ശാല്മലീം തീക്ഷ്ണൈരായസൈഃ കണ്ടകൈശ്ചിതാം.

"തപ്തകാഞ്ചനപുഷ്പാം	ഉജ്ജ്വലിക്കുന്ന പൊൻപൂക്കളുള്ളതും	കണ്ടകൈഃ	മുള്ളുകളാൽ
വൈഡൂര്യപ്രവരച്ഛദാം	ഉത്തമ വൈഡൂര്യങ്ങളായ ഇലകളിണങ്ങി [യതും	ചിതാം ച	നിറയപ്പെട്ടതുമായ
തീക്ഷ്ണൈഃ	മൂർച്ചയുള്ള	ശാല്മലീം	നരകത്തിലുള്ള ശാല്മലിയെന്ന തുണിനെ
ആയസൈഃ	ഇരുമ്പു	ദ്രക്ഷ്യസേ.	നീ അനുഭവിച്ചറിവാൻ പോകുന്നു.

['ശാൽമലി'യെന്നു പറയുന്നതു്, ആർ അഗമ്യാഗമനം ചെയ്യുന്നുവോ അവനുള്ള നരകശിക്ഷയാകുന്നു. "യസ്ത്വിഹ സർവ്വാഭിഗമഃ തം അമുത്ര നിരയേ വർത്തമാനം വജ്രകണ്ടകശാല്മലീമാരോപ്യ നിഷ്കർഷന്തി" ഭാഗവതം V 26.]

ന ഹി ത്വമീദൃശം കൃത്വാ തസ്യാളീകം മഹാത്മനഃ
ചരിതും ശക്ഷ്യസി ചിരം വിഷം പീത്വേവ നിർഘൃണഃ 22

"ത്വം,	"നീ,	നിർഘൃണഃ	മരിക്കുവാൻ തുനിഞ്ഞ
തസ്യ	ആ	വിഷം	വിഷത്തെ [ഒരുവൻ
മഹാത്മനഃ	മഹാനുഭാവന്നു്	പീത്വാ ഇവ,	കുടിച്ചിട്ടെന്നപോലെ,
ഈദൃശം	ഇപ്രകാരമുള്ള	ചിരം	വളരെക്കാലം
അളീകം	അപരാധത്തെ	ചരിതും ഹി	ജീവിച്ചിരിക്കുവാൻ
കൃത്വാ,	ചെയ്തശേഷം,	ശക്ഷ്യസി ന.	കഴിയുകയില്ല.

ബദ്ധസ്ത്വം കാലപാശേന ദുർനിവാരേണ രാവണ
ക്വ ഗതോ ലപ്സ്യസേ ശർമ്മ മമ ഭർത്തുർമഹാത്മനഃ. 23

"രാവണ!	"രാവണ!	മമ	എന്റെ
ദുർനിവാരേണ	തടുക്കുവാൻകഴിയാത്ത	ഭർത്തുഃ	ഭർത്താവിനെ വിട്ടു്
കാലപാശേന ബദ്ധഃ,	കാലപാശത്തിൽ കുടുങ്ങിയവനായി,	ക്വ	എവിടെയ്ക്കു്
		ഗതഃ	ഓടിപ്പോയിട്ടാണു്
ത്വം,	നീ,	ശർമ്മ	രക്ഷ
മഹാത്മനഃ	മഹാത്മാവായ	ലപ്സ്യസേ ?	നേടുന്നതു് ?

നിമേഷാന്തരമാത്രേണ വിനാ ഭ്രാതരമാഹവേ
രാക്ഷസാ നിഹതാ യേന സഹസ്രാണി ചതുർദ്ദശ 24
കഥം സ രാഘവോ വീരഃ സർവ്വാസ്ത്രകുശലോ ബലീ
ന ത്വാം ഹന്യാച്ഛരൈസ്തീക്ഷ്ണൈരിഷ്ടഭാര്യാപഹാരിണം. 25

"യേന	"യാതൊരുവനാൽ	സർവ്വാസ്ത്രകുശലഃ	സർവ്വാസ്ത്രവിദഗ്ദ്ധനും
ഭ്രാതരം വിനാ	അനുജന്റെ സഹായം കൂടിയില്ലാതെ	ബലീ	ബലശാലിയും
ആഹവേ	സമരത്തിൽ	വീരഃ	വീര്യവാനുമായ
നിമേഷാന്തരമാത്രേണ,	കൺകൂട്ടുന്നനേരംകൊണ്ട്	രാഘവഃ	രഘൂത്തമൻ
സഹസ്രാണി ചതുർദ്ദശ	പതിന്നാലായിരം	ഇഷ്ടഭാര്യാപഹാരിണം	പ്രിയപത്നിയെ അപഹരിച്ചവനായ
രാക്ഷസാഃ,	രാക്ഷസന്മാർ	ത്വാം	നിന്നെ
നിഹതാഃ,	കൊന്നൊടുക്കപ്പെട്ടുവോ,	തീക്ഷ്ണൈഃ	നിശിതങ്ങളായ
സഃ	ആ	ശരൈഃ	ബാണങ്ങളാൽ
		കഥം	എങ്ങിനെയാണ്
		ന ഹന്യാത് ?"	വധിക്കാതിരിക്കുക ?"

ഏതച്ചാന്യച്ച പരുഷം വൈദേഹീ രാവണാങ്കഗാ
ഭയശോകസമാവിഷ്ടാ കരുണം വിലലാപ ഹ. 26

രാവണാങ്കഗാ	രാവണന്റെ അങ്കത്തിലകപ്പെട്ടവളായ	ഏതത് ച	ഇപ്രകാരവും
വൈദേഹീ,	സീതാദേവി,	അന്യത് ച	ഇനിയും പലവിധമായുമുള്ള
ഭയശോകസമാവിഷ്ടാ	ഭയത്താലും വ്യസനത്താലും ആകുലിതയായി	പരുഷം	നിന്ദാവാക്യങ്ങളെ
		കരുണം ഹ	പരിതാപകരമാംവിധം
		വിലലാപ.	പ്രലപിച്ചു.

തഥാ ഭൃശാർത്താം ബഹു ചൈവ ഭാഷിണീം വിലാപപൂർവ്വം കരുണം ച ഭാമിനീം
ജഹാര പാപഃ കരുണം വിവേഷ്ടതീം നൃപാത്മജാമാഗതഗാത്രവേപഥും. 27

പാപഃ	ആ പാപിയായവൻ,	ആഗതഗാത്രവേപഥും	ഉടൽ നടുങ്ങി
തഥാ	ആ വിധം	കരുണം	പരിതാപകരമാംവണ്ണം
ഭൃശാർത്താം	അതി ദുഃഖിതയായി	വിവേഷ്ടതീം	തുടിക്കുന്നവളുമായ,
ബഹു ച ഏവ	പല പ്രകാരം	നൃപാത്മജാം	രാജകുമാരിയായ
വിലാപപൂർവ്വം	പുലമ്പിക്കൊണ്ട്	ഭാമിനീം	ആ സ്ത്രീരത്നത്തെ
കരുണം	ദയനീയമാംവണ്ണം	ജഹാര.	കവർന്നുകൊണ്ടുപോയി.
ഭാഷിണീം ച,	സംഭാഷണം ചെയ്യുന്നവളും,		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ത്രിപഞ്ചാശഃ സർഗ്ഗഃ = അമ്പത്തിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 8527; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1815.

ചതുഷ്പഞ്ചാശഃ സർഗ്ഗഃ = അമ്പത്തിനാലാംസർഗ്ഗം.

[ലങ്കാപ്രാപ്തി = ലങ്കയിൽ ചെന്നുചേരുന്നത്.]

ഹ്രിയമാണാ തു വൈദേഹീ കംചിന്നാഥമപശ്യതീ
ദദർശ ഗിരിശൃംഗസ്ഥാൻ പഞ്ച വാനരപുംഗവാൻ. 1

ഹ്രിയമാണാ	തൂക്കിയെടുത്തുകൊണ്ടു പോകപ്പെടുന്നവളായ	ഗിരിശൃംഗസ്ഥാൻ	ഒരു പർവ്വതത്തിൻ മുകളിലിരുന്നിരുന്ന
വൈദേഹീ തു,	ജനകാത്മജയും,	പഞ്ച	അഞ്ച്
നാഥം	സഹായിക്കുന്നവൻ	വാനരപുംഗവാൻ	വാനരശ്രേഷ്ഠന്മാരെ
കംചിത്	ഒരുവനെയും		
അപശ്യതീ,	കാണാത്തവളായി,	ദദർശ.	കണ്ടു.

തേഷാം മദ്ധ്യേ വിശാലാക്ഷീ കൌശേയം കനകപ്രഭം
ഉത്തരീയം വരാരോഹാ ശുഭാന്യാഭരണാനി ച
മുമോച യദി രാമായ ശംസേയുരിതി മൈഥിലീ. 2

വിശാലാക്ഷീ	ആയതനേത്രയും	കൌശേയം ഉത്തരീയം ച,	പട്ടുമേൽവസ്ത്രത്തേയും,
വരാരോഹാ	സ്ത്രീരത്നവുമായ	യദി	ഒരുസമയം
മൈഥിലീ,	മിഥിലാത്മജ,	രാമായ	ശ്രീരാമന്ന്
ശുഭാനി	ഉത്തമങ്ങളായ	ശംസേയുഃ	അറിയിക്കും
ആഭരണാനി	ആഭരണങ്ങളെയും	ഇതി,	എന്നുവെച്ച്,
കനകപ്രഭം	പൊൻനിറമാർന്ന	തേഷാം	അവരുടെ
		മദ്ധ്യേ മുമോച.	ഇടയിൽ ഇട്ടു.

വസ്ത്രമുത്സൃജ്യ തന്മദ്ധ്യേ നിക്ഷിപ്തം സഹഭൂഷണം
സംഭ്രമാത്തു ദശഗ്രീവസ്തത്കർമ്മ ന സ ബുദ്ധവാൻ. 3

തന്മദ്ധ്യേ	അവർക്കിടയിൽ	തത് കർമ്മ	ആ സംഗതിയെക്കുറിച്ച്
വസ്ത്രം	വസ്ത്രത്തെ	സഃ	ആ
ഉത്സൃജ്യ	എടുത്ത്	ദശഗ്രീവഃ	ദശാസ്യൻ
സഹഭൂഷണം	ആഭരണങ്ങളെ പൊതിഞ്ഞ്	സംഭ്രമാത് തു	പരിഭ്രമംകൊണ്ട്
നിക്ഷിപ്തം	ഇട്ടതായ	ന ബുദ്ധവാൻ.	അറിഞ്ഞതുമില്ല.

[ശ്രീരാമൻ എത്തിയേക്കുമോ എന്നുള്ള ഭീതി പരിഭ്രമത്തിന്നു കാരണം. എന്നു (തിലകം)]

പിംഗാക്ഷാസ്താം വിശാലാക്ഷീം നേത്രൈരനിമിഷൈരിവ
വിക്രോശന്തീം തഥാ സീതാം ദദൃശുർവ്വാനരർഷഭാഃ. 4

പിംഗാക്ഷാഃ	മഞ്ഞച്ചകണ്ണുകളോടു കൂടിയവരായ	താം	ആ
വാനരർഷഭാഃ	വാനരശ്രേഷ്ഠന്മാർ	സീതാം	സീതാദേവിയെ
തഥാ	അപ്രകാരം	നേത്രൈഃ അനിമിഷൈഃ ഇവ	കണ്ണിമകൊട്ടാതെ തന്നെ
വിക്രോശന്തീം	വിലപിച്ചുകൊണ്ടിരുന്ന		
വിശാലാക്ഷീം	ആയതാക്ഷിയായ	ദദൃശുഃ.	നോക്കിനിന്നു.

സ ച പമ്പാമതിക്രമ്യ ലങ്കാമഭിമുഖഃ പുരീം
ജഗാമ രുദതീം ഗൃഹ്യ വൈദേഹീം രാക്ഷസേശ്വരഃ. 5

സഃ	ആ	പമ്പാം	പമ്പാനദിയെ
രാക്ഷസേശ്വരഃ	രാക്ഷസരാജാവ്	അതിക്രമ്യ,	കടന്നുചെന്ന്,
രുദതീം	രോദനം ചെയ്തുകൊണ്ടിരുന്ന	ലങ്കാം	ലങ്കാ
		പുരീം	നഗരത്തെ
വൈദേഹീം	ജനകാത്മജയെ	അഭിമുഖഃ ച	നോക്കിത്തന്നെ
ഗൃഹ്യ	എടുത്തുകൊണ്ട്	ജഗാമ.	പൊയ്ക്കൊണ്ടിരുന്നു.

താം ജഹാര സുസംഹൃഷ്ടോ രാവണോ മൃത്യുമാത്മനഃ
ഉത്സംഗേനൈവ ഭുജഗീം തീക്ഷ്ണദംഷ്ട്രാം മഹാവിഷാം. 6

രാവണഃ	രാവണൻ	മഹാവിഷാം	തീക്ഷ്ണവിഷമാന്ന
സുസംഹൃഷ്ടഃ,	അത്യധികം സന്തുഷ്ടനായി,	ഭുജഗീം	സർപ്പമായുമുള്ള
ആത്മനഃ	തനിക്ക്	താം	അവളെ
മൃത്യും	കാലനായും	ഉത്സംഗേന ഏവ	ഒക്കത്തുതന്നെ
തീക്ഷ്ണദംഷ്ട്രാം	കൂർത്തപല്ലുകളോടുകൂടിയ	ജഹാര.	എടുത്തുകൊണ്ടുചെന്നു.

[“പമ്പ” കടന്നതിന്നുശേഷം ഇനി ശ്രീരാമൻ എത്തുകയില്ലെന്നുള്ള വിചാരംതന്നെ സന്തോഷത്തിന്നു കാരണം. ഗൊ. രാ. “പമ്പകടന്നു” എന്ന ശൈലി ഇതിൽനിന്നുണ്ടായതുതന്നെ.]

വനാനി സരിതഃ ശൈലാൻ സരാംസി ച വിഹായസാ
സ ക്ഷിപ്രം സമതീയായ ശരശ്ചാപാദിവ ച്യുതഃ 7

സഃ	അവൻ	ശൈലാൻ	മലകളേയും
ചാപാത്	വില്ലിൽനിന്ന്	സരാംസി ച	തടാകങ്ങളേയും
ച്യുതഃ	വിട്ടതായ	വിഹായസാ	ആകാശമാർഗ്ഗമായി
ശരഃ ഇവ	ബാണമെന്നപോലെ	ക്ഷിപ്രം	വേഗതയോടെ
വനാനി	കാടുകളേയും		
സരിതഃ	പുഴകളേയും	സമതീയായ.	കടന്നുചെന്നു.

തിമിനക്രനികേതം തു വരുണാലയമക്ഷയം
സരിതാം ശരണം ഗത്വാ സമതീയായ സാഗരം. 8

തിമിനക്രനികേതം	തിമിംഗലങ്ങളുടേയും മുതലകളുടേയും പാർപ്പിടമായി	ശരണം	പ്രാപ്യസ്ഥാനമായി
		വരുണാലയം തു	വരുണന്റെ വസതിയായുള്ള
		സാഗരം	സമുദ്രത്തെ
അക്ഷയം	എന്നും വററാത്തതായി	ഗത്വാ	പ്രാപിച്ച്
സരിതാം	നദികൾക്ക്	സമതീയായ.	കടന്നുചെന്നു.

സംഭ്രമാത് പരിവൃത്തോർമ്മീരുദ്ധമീനമഹോരഗഃ
വൈദേഹ്യാം ഹ്രിയമാണായാം ബഭൂവ വരുണാലയഃ. 9

വരുണാലയഃ	സമുദ്രം	സംഭ്രമാത്	പരിഭ്രമംപൂണ്ടതായി
ഹ്രിയമാണായാം	അപഹരിച്ചുകൊണ്ടു പോകപ്പെടുന്നവളായ	പരിവൃത്തോർമ്മിഃ	അലയില്ലാത്തതായും
വൈദേഹ്യാം	സീതാദേവിയുടെ വിഷയത്തിൽ	രുദ്ധമീന-മഹോരഗഃ	മത്സ്യങ്ങളും പാമ്പുകളും ചലനമില്ലാതിരിക്കുന്നതായും
		ബഭൂവ.	വൎത്തിച്ചു.

അന്തരിക്ഷഗതാ വാചഃ സസൃജുശ്ചാരണാസ്തദാ
ഏതദന്തോ ദശഗ്രീവ ഇതി സിദ്ധാസ്തദാഽബ്രുവൻ. 10

തദാ	ആ സമയം	ഇതി	എന്നിങ്ങിനെ
അന്തരിക്ഷഗതാഃ	ആകാശചാരികളായ	വാചഃ	വാക്കുകളെ
ചാരണാഃ,	ചാരണന്മാർ	സസൃജുഃ;	ഉച്ചരിച്ചു;
"ദശഗ്രീവഃ	"ദശാനനൻ	സിദ്ധാഃ	സിദ്ധന്മാരും
ഏതദന്തഃ,"	ഇതോടുകൂടി അവസാനിച്ചു,"	തദാ	അപ്പോൾ അതുപോലെതന്നെ
		അബ്രുവൻ.	പറഞ്ഞു.

സ തു സീതാം വിവേഷ്ടന്തീമങ്കേനാദായ രാവണഃ
പ്രവിവേശ പുരീം ലങ്കാം രൂപിണീം മൃത്യുമാത്മനഃ. 11

സഃ	ആ	വിവേഷ്ടന്തീം തു	പിടഞ്ഞുകൊണ്ടിരിക്കുന്നവളായിത്തന്നെ
രാവണഃ	രാവണൻ	അങ്കേന	ഒക്കത്തു
ആത്മനഃ	തനിക്കു	ആദായ	വെച്ചുകൊണ്ട്
മൃത്യും	മൃത്യുവായി	ലങ്കാം പുരീം	ലങ്കാനഗരത്തിൽ
രൂപിണീം	സ്ത്രീരൂപമെടുത്തുവന്ന	പ്രവിവേശ.	എത്തിച്ചേൎന്നു.
സീതാം,	സീതയെ,		

സോഽഭിഗമ്യ പുരീം ലങ്കാം സുവിഭക്തമഹാപഥാം
സംരൂഢകക്ഷ്യാബഹുളാം സ്വമന്തഃപുരമാവിശത്. 12

സഃ	അവൻ	അഭിഗമ്യ,	കടന്ന്,
സുവിഭക്ത-മഹാപഥാം	നന്നായി വിഭാഗിക്കപ്പെട്ട് ഐകരൂപ്യമുള്ളവയായ രാജവീഥികളോടുകൂടിയ	സംരൂഢ-കക്ഷ്യാബഹുളാം	തൊട്ടുതൊട്ടുള്ള പള്ളിയറകൾ നിറഞ്ഞതായ
ലങ്കാം പുരീം	ലങ്കാപുരിയിൽ	സ്വം	തന്റെ
		അന്തഃപുരം	അന്തഃപുരത്തിൽ
		ആവിശത്.	പ്രവേശിച്ചു.

തത്ര താമസിതാപാംഗാം ശോകമോഹപരായണാം
നിദധേ രാവണഃ സീതാം മയോ മായാമിവാസുരീം. 13

രാവണഃ	രാവണൻ,	സീതാം,	സീതാദേവിയെ,
ശോകമോഹപരായണാം	ശോകത്താൽ മതിമറന്ന് പരാധീനയായ	മയഃ	മയൻ
താം	ആ	ആസുരീം	ദാരുണമായ
അസിതാപാംഗാം	കറുത്ത കടമിഴിയുള്ളവളായ	മായാം	കൂടയന്ത്രത്തെ
		ഇവ,	എന്ന പോലെ,
		തത്ര നിദധേ.	അവിടെ നിരോധിച്ചു.

[മയൻ അസുരശില്പിയാകുന്നു. മയൻ ഉണ്ടാക്കുന്നതായ കെട്ടിടങ്ങളിൽ രഹസ്യങ്ങളായും ഭയങ്കരങ്ങളായുമുള്ള കെണികളേയും യന്ത്രങ്ങളേയും വെക്കുന്നതുപോലെ, രഹസ്യമായി സീതയെ സൂക്ഷിച്ചു, എന്നു സാരം. ചതിയായുള്ള യന്ത്രങ്ങൾ ഉടമസ്ഥനെത്തന്നെ നശിപ്പിക്കുന്നതുപോലെ സീത രാവണന്റെ നാശത്തിന്നും ഹേതുവാകുന്നു എന്നു വ്യംഗ്യം. "മായാം" എന്നു പറഞ്ഞതുകൊണ്ടു രാവണൻ കൊണ്ടുവന്ന സീത മായാസീതയാണെന്നു് ദ്യോതനയുണ്ടെന്നു തിലകം.]

അബ്രവീച്ച ദശഗ്രീവഃ പിശാചീർഘോരദർശനാഃ
യഥാ നേമാം പുമാൻ സ്ത്രീ വാ സീതാം പശ്യത്യസമ്മതഃ. 14

ദശഗ്രീവഃ	ദശാനനൻ	ഇമാം	ഇവളെ
ഘോരദർശനാഃ	അതിഭയങ്കര സ്വരൂപകളായ	പുമാൻ	പുരുഷനാകട്ടെ
പിശാചീഃ ച	രാക്ഷസികളെ നോക്കി	സ്ത്രീ വാ	സ്ത്രീയാകട്ടെ
യഥാ അബ്രവീത്;	ഇങ്ങിനെ ആജ്ഞാപിച്ചു;	അസമ്മതഃ	അനുമതിയില്ലാതെ
"സീതാം	"സീതയെന്ന	പശ്യതി ന.	വന്നുകാണുവാൻ പാടില്ല.

മുക്താമണിസുവർണ്ണാനി വസ്ത്രാണ്യാഭരണാനി ച
യദ്യദിച്ഛേത്തദേവാസ്യാ ദേയം മച്ഛന്ദതോ യഥാ. 15

"മുക്താമണിസുവർണ്ണാനി	"മുത്തുരത്നങ്ങളും, സ്വർണ്ണവും,	തത് ഏവ,	അതുമുഴുവനും,
വസ്ത്രാണി	വസ്ത്രങ്ങളും	അസ്യാഃ	ഇവൾക്കു്
ആഭരണാനി ച,	ആഭരണങ്ങളും,	മച്ഛന്ദതഃ യഥാ	എന്റെ കല്പനയാകയാൽ
യത് യത്	എന്തെന്തു്	ദേയം.	നൽകപ്പെടേണ്ടതാണു്.
ഇച്ഛേത്	ചോദിക്കുന്നുവൊ		

യാ ച വക്ഷ്യതി വൈദേഹീം വചനം കിഞ്ചിദപ്രിയം
അജ്ഞാനാദ്യദി വാ ജ്ഞാനാന്ന തസ്യാ ജീവിതം പ്രിയം. 16

"യാ ച	"ആരെങ്കിലുമൊരുവൾ	വചനം	വാക്യത്തെ
വൈദേഹീം	സീതയോടു്	കിഞ്ചിത്	വല്ലതും
അജ്ഞാനാത്	അറിവില്ലാതെയോ	വക്ഷ്യതി യദി	പറയുന്നുവെങ്കിൽ
ജ്ഞാനാത് വാ	അറിവോടുകൂടിയോ	തസ്യാഃ	അവൾക്കു്
അപ്രിയം	പ്രിയമല്ലാത്ത	ജീവിതം പ്രിയം ന."	ജീവനിൽ കൊതിയില്ല."

തഥോക്ത്വാ രാക്ഷസീസ്താസ്തു രാക്ഷസേന്ദ്രഃ പ്രതാപവാൻ
നിഷ്ക്രമ്യാന്തഃപുരാത്തസ്മാത് കിം കൃത്യമിതി ചിന്തയൻ 17
ദദൎശാഷ്ടൌ മഹാവീൎയ്യാൻ രാക്ഷസാൻ പിശിതാശനാൻ. 18

പ്രതാപവാൻ	പ്രതാപശാലിയായ	ചിന്തയൻ,	ആലോചിച്ചുകൊണ്ടു്
രാക്ഷസേന്ദ്രഃ	രക്ഷോനാഥൻ	തസ്മാത്	ആ
താഃ	ആ	അന്തഃപുരാത്	അന്തഃപുരത്തിൽനിന്നും
രാക്ഷസീഃ	രാക്ഷസികളോടായി	നിഷ്ക്രമ്യ,	പുറത്തുവന്നു്,
തു	ഇതിനെപ്പററി	പിശിതാശനാൻ	മാംസഭക്ഷകളും
തഥാ	മേൽപ്രകാരം	മഹാവീൎയ്യാൻ	മഹാബലശാലികളു
ഉക്ത്വാ,	കല്പിച്ചതിൽപിന്നെ	അഷ്ടൌ	എട്ടു [മായ
കിം കൃത്യം	ഇനി എന്തുചെയ്യേണം	രാക്ഷസാൻ	രാക്ഷസന്മാരെ
ഇതി	എന്നു്	ദദൎശ.	കണ്ടു.

സ താൻ ദൃഷ്ട്വാ മഹാവീൎയ്യോ വരദാനേന മോഹിതഃ
ഉവാചൈതാനിദം വാക്യം പ്രശസ്യ ബലവീൎയ്യതഃ. 19

മഹാവീൎയ്യഃ	അതിപരാക്രമശാലിയും	ബലവീൎയ്യതഃ	ബലത്തേയും വീൎയ്യത്തേയും പററി
വരദാനേന	വരലാഭത്താൽ		
മോഹിതഃ,	മദിച്ചവനും ആയ	പ്രശസ്യ,	പ്രശംസിച്ചശേഷം,
സഃ	അവൻ	ഏതാൻ	ഇവരോടായി
താൻ	അവരെ	ഇദം	ഇപ്രകാരം
ദൃഷ്ട്വാ,	നോക്കി,	വാക്യം ഉവാച.	ആജ്ഞാപിച്ചു.

നാനാപ്രഹരണാഃ ക്ഷിപ്രമിതോ ഗച്ഛത സത്വരാഃ
ജനസ്ഥാനം ഹതസ്ഥാനം ഭൂതപൂൎവ്വം ഖരാലയം. 20

"ഖരാലയം	"ഖരന്റെ വസതിയായി	ക്ഷിപ്രം	താമസിക്കാതെതന്നെ
ഭൂതപൂൎവ്വം	ഇതിന്നുമുമ്പിരുന്നതും	നാനാപ്രഹരണാഃ	പലവിധആയുധങ്ങൾ എടുത്തുകൊണ്ടു്
ഹതസ്ഥാനം	പാഴായിപ്പോയതുമായ	സത്വരാഃ	വേഗത്തിൽ
ജനസ്ഥാനം	ജനസ്ഥാനത്തിലേക്കു		
ഇതഃ	ഇവിടെനിന്നു	ഗച്ഛത.	ചെല്ലുവിൻ.

തത്രോഷ്യതാം ജനസ്ഥാനേ ശൂന്യേ നിഹതരാക്ഷസേ
പൌരുഷം ബലമാശ്രിത്യ ത്രാസമുത്സൃജ്യ ദൂരതഃ. 21

"ത്രാസം	"ഭയത്തെ	നിഹതരാക്ഷസേ	രാക്ഷസന്മാർ വധിക്കപ്പെട്ടു്
ദൂരതഃ ഉത്സൃജ്യ	ദൂരെ വെടിഞ്ഞു്		
പൌരുഷം	പുരുഷന്മാൎക്കേററതായ	ശൂന്യേ	പാഴായിക്കിടക്കുന്ന
ബലം	ബലത്തെ	തത്ര	ആ
ആശ്രിത്യ,	അവലംബിച്ചുംകൊണ്ടു്	ജനസ്ഥാനേ,	ജനസ്ഥാനത്തിൽ
		ഉഷ്യതാം.	പാൎത്തുവന്നാലും.

ബലം ഹി സുമഹദ്യന്മേ ജനസ്ഥാനേ നിവേശിതം
സദൂഷണഖരം യുദ്ധേ ഹതം രാമേണ സായകൈഃ. 22

"മേ	"എന്റെ	നിവേശിതം ഹി	ഉറപ്പിക്കപ്പെട്ടിരുന്നുവോ, അതുതന്നെ
ജനസ്ഥാനേ	ജനസ്ഥാനത്തിൽ	യുദ്ധേ	യുദ്ധത്തിൽ
സുമഹത്	വളരെ വലിയതും	രാമേണ	ശ്രീരാമനാൽ
സദൂഷണഖരം	ദൂഷണനോടും ഖരനോടും കൂടിയതുമായ	സായകൈഃ	ബാണങ്ങൾകൊണ്ട്
യത് ബലം	യാതൊരു സൈന്യം	ഹതം.	നാമാവശേഷമാക്കപ്പെട്ടിരിക്കുന്നു.

തത്ര ക്രോധോ മമാമർഷാദ്ധൈര്യസ്യോപരി വർത്തതേ
വൈരം ച സുമഹജ്ജാതം രാമം പ്രതി സുദാരുണം. 23

"തത്ര	"ഇക്കാര്യത്തിൽ	വർത്തതേ;	പൊങ്ങിനില്ക്കുന്നു;
അമർഷാത്	പൊറുക്കുവാൻ കഴിയായ്കയാൽ	സുദാരുണം	അതിഭയങ്കരനായ
മമ	എന്റെ	രാമം പ്രതി	രാമന്റെ സംഗതിയിൽ
ധൈര്യസ്യ ഉപരി	ധൈര്യത്തിന്നും ഉപരിയായി	വൈരം ച	പ്രതികാരേച്ഛയും
ക്രോധഃ	കോപം	സുമഹത്	അത്യധികം
		ജാതം.	ഉണ്ടായിരിക്കുന്നു.

തം ത്വിദാനീമഹം ഹത്വാ ഖരദൂഷണഘാതിനം
രാമം ശർമ്മോപലപ്സ്യാമി ധനം ലബ്ധ്വേവ നിർദ്ധനഃ. 24

"ഖരദൂഷണഘാതിനം	"ഖരനെയും ദൂഷണനേയും കൊന്നവനായ	നിർദ്ധനഃ	ദരിദ്രൻ
തം രാമം	ആ രാമനെ	ധനം	ധനം
അഹം	ഞാൻ	ലബ്ധ്വാ ഇവ,	ലഭിച്ചതുകൊണ്ടെന്നപോലെ,
ഇദാനീം തു	ഇപ്പോൾതന്നെ	ശർമ്മ	മനസ്സമാധാനത്തെ
ഹത്വാ,	ഹനിച്ച്	ഉപലപ്സ്യാമി.	പ്രാപിക്കുന്നുണ്ട്.

ജനസ്ഥാനേ വസദ്ഭിസ്തു ഭവദ്ഭീ രാമമാശ്രിതാ
പ്രവൃത്തിരുപനേതവ്യാ കിം കരോതീതി തത്വതഃ 25

"ജനസ്ഥാനേ	"ജനസ്ഥാനത്തിൽ	'കിം കരോതി	"എന്തു ചെയ്യുന്നു"
വസദ്ഭിഃ	വസിക്കുന്നവരായ	ഇതി,'	എന്നുള്ള
ഭവദ്ഭിഃ തു	നിങ്ങളാൽ തന്നെ,	പ്രവൃത്തിഃ,	വർത്തമാനം
രാമം	രാമനെ	തത്വതഃ	ഉള്ളപോലെ
ആശ്രിതാ	സംബന്ധിച്ചതായ	ഉപനേതവ്യാ.	അറിയിക്കപ്പെടേണ്ടതാണ്.

അപ്രമാദാച്ച ഗന്തവ്യം സർവ്വൈരേവ നിശാചരൈഃ
കർത്തവ്യശ്ച സദാ യത്നോ രാഘവസ്യ വധം പ്രതി. 26

"അപ്രമാദാത് ച	"ജാഗ്രതയോടുകൂടി	രാഘവസ്യ	രാമന്റെ
		വധം പ്രതി	വധത്തെപററി
ഗന്തവ്യം;	ഗമിക്കപ്പെടേണ്ടതാ	യത്നഃ	വേണ്ടുന്നയത്നം
നിശാചരൈഃ	രാത്രിഞ്ചരന്മാർ [ണ്;	സദാ ച	എല്ലായ്പോഴും
സർവ്വൈഃ ഏവ	എല്ലാവരാലും തന്നെ	കർത്തവ്യഃ.	ചെയ്യപ്പെടേണ്ടതാണ്.

യുഷ്മാകം ഹി ബലജ്ഞോƽഹം ബഹുശോ രണമൂർദ്ധനി
അതശ്ചാസ്മിൻ ജനസ്ഥാനേ മയാ യൂയം നിയോജിതാഃ. 27

"രണമൂർദ്ധനി	"പോർക്കളത്തിൽ	അതഃ ഹി	അതിനാൽതന്നെയാ
ബഹുശഃ	പല ഘട്ടങ്ങളിലും	അസ്മിൻ	ഈ [ണ്
അഹം	ഞാൻ	ജനസ്ഥാനേ	ജനസ്ഥാനത്തിൽ
യുഷ്മാകം	നിങ്ങളുടെ	യൂയം ച	നിങ്ങൾതന്നെ
ബലജ്ഞഃ;	ബലവീർയ്യങ്ങളെ അറിഞ്ഞവനാകുന്നു;	മയാ	എന്നാൽ
		നിയോജിതാഃ."	നിയമിക്കപ്പെട്ടിരിക്കുന്നതു."

തതഃ പ്രിയം വാക്യമുപേത്യ രാക്ഷസാ മഹാർത്ഥമഷ്ടാവഭിവാദ്യ രാവണം
വിഹായ ലങ്കാം സഹിതാഃ പ്രതസ്ഥിരേ യതോ ജനസ്ഥാനമലക്ഷ്യദർശനാഃ.

തതഃ	അപ്പോൾ	അഭിവാദ്യ,	നമസ്കരിച്ച്,
രാക്ഷസാഃ അഷ്ടൗ	രാക്ഷസന്മാർ എട്ടുപേരും	സഹിതാഃ,	ഒരുമിച്ചുചേർന്നുകൊ
		അലക്ഷ്യദർശനാഃ	ആരുംകാണാതെ [ണ്ട്,
വാക്യം	കല്പനയെ	ലങ്കാം	ലങ്കാപുരിയെ
പ്രിയം	ഹിതമായതായും	വിഹായ	വിട്ട്
മഹാർത്ഥം	വിലയേറിയതായും	യതഃ ജനസ്ഥാനം	ജനസ്ഥാനത്തിലേക്ക്
ഉപേത്യ	കയ്ക്കൊണ്ട്,		
രാവണം	രാവണനെ	പ്രതസ്ഥിരേ.	പുറപ്പെട്ടുചെന്നു.

തതസ്തു സീതാമുപലഭ്യ രാവണഃ സുസംപ്രഹൃഷ്ടഃ പരിഗൃഹ്യ മൈഥിലീം
പ്രസജ്യ രാമേണ ച വൈരമുത്തമം ബഭൂവ മോഹാന്മുദിതഃ സ രാവണഃ. 29

രാവണഃ	രാവണൻ	സഃ	ആ
മൈഥിലീം	ജനകാത്മജയായ	രാവണഃ	രാവണൻ
സീതാം തു	സീതാദേവിയെത്ത	രാമേണ ച	ശ്രീരാമനുമായി
ഉപലഭ്യ,	കൈക്കലാക്കി, [ന്നെ	ഉത്തമം	അതിയായ
തതഃ	അവിടെ	വൈരം	ദ്വേഷത്തെ
പരിഗൃഹ്യ,	ഗൂഢമായി പാർപ്പിച്ചു കാരണം,	പ്രസജ്യ,	കൈക്കൊണ്ട്,
		മോഹാത്	മൂഢത്വം ഹേതുവാൽ
സുസംപ്രഹൃഷ്ടഃ;	അത്യധികം ആനന്ദമുൾക്കൊണ്ടു;	മുദിതഃ	ആനന്ദഭരിതനായി
		ബഭൂവ.	വർത്തിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ചതുഷ്പഞ്ചാശഃ സർഗ്ഗഃ = അമ്പത്തിനാലാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 8556; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1844.

പഞ്ചപഞ്ചാശഃ സൎഗ്ഗഃ = അമ്പത്തഞ്ചാംസൎഗ്ഗം.

[സീതാപ്രലോഭനം = സീതാദേവിയെ പാട്ടിലാക്കുവാൻ യത്നിക്കുന്നതു്.]

സന്ദിശ്യ രാക്ഷസാൻ ഘോരാൻ രാവണോഽഷ്ടൗ മഹാബലാൻ
ആത്മാനം ബുദ്ധിവൈക്ലബ്യാത് കൃതകൃത്യമമന്യത. 1

രാവണഃ	രാവണൻ
മഹാബലാൻ	മഹാബലശാലികളും
ഘോരാൻ	ഭയങ്കരന്മാരുമായ
അഷ്ടൗ	എട്ടു
രാക്ഷസാൻ	രാക്ഷസന്മാരെ
സംദിശ്യ,	കല്പിച്ചയച്ചശേഷം,
ബുദ്ധിവൈക്ലബ്യാത്	ബുദ്ധിവൈപരീത്യത്താൽ
ആത്മാനം	തന്നെ
കൃതകൃത്യം	കൃതകൃത്യനായി
അമന്യത.	വിചാരിച്ചു.

സ ചിന്തയാനോ വൈദേഹീം കാമബാണസമൎപ്പിതഃ
പ്രവിവേശ ഗൃഹം രമ്യം സീതാം ദ്രഷ്ടുമഭിത്വരൻ. 2

സഃ	അവൻ
കാമബാണസമൎപ്പിതഃ	കാമബാണങ്ങളേററവനായി,
വൈദേഹീം	സീതാദേവിയെ
ചിന്തയാനഃ,	സ്മരിച്ചുകൊണ്ടു്,
സീതാം	അവളെ
ദ്രഷ്ടും	കാണുന്നതിന്നു്
അഭിത്വരൻ	ബദ്ധപ്പെടുന്നവനായി
രമ്യം	മനോഹരമായ
ഗൃഹം	അന്തഃപുരത്തിൽ
പ്രവിവേശ.	പ്രവേശിച്ചു.

സ പ്രവിശ്യ തു തദ്വേശ്മ രാവണോ രാക്ഷസേശ്വരഃ
അപശ്യദ്രാക്ഷസീമദ്ധ്യേ സീതാം ശോകപരായണാം. 3
അശ്രുപൂൎണ്ണമുഖീം ദീനാം ശോകഭാരാവപീഡിതാം
വായുവേഗൈരിവാക്രാന്താം മജ്ജന്തീം നാവമൎണ്ണവേ 4
മൃഗയൂഥപരിഭ്രഷ്ടാം മൃഗീം ശ്വഭിരിവാവൃതാം
അധോമുഖമുഖീം ദീനാമഭ്യേത്യ സ നിശാചരഃ. 5
താം തു ശോകവശാം ദീനാമവശാം രാക്ഷസാധിപഃ
സ ബലാദ്ദൎശയാമാസ ഗൃഹം ദേവഗൃഹോപമം. 6
ഹൎമ്മ്യപ്രാസാദസംബാധം സ്ത്രീസഹസ്രനിഷേവിതം
നാനാപക്ഷിഗണൈൎജ്ജുഷ്ടം നാനാരത്നവിഭൂഷിതം. 7
കാഞ്ചനൈസ്താപനീയൈശ്ച സ്ഫാടികൈ രാജതൈരപി
വജ്രവൈഡൂൎയ്യചിത്രൈശ്ച സ്തംഭൈൎദ്ദൃഷ്ടിമനോഹരൈഃ. 8

സഃ	ആ
രാക്ഷസേശ്വരഃ	രാക്ഷസരാജാവായ
രാവണഃ,	രാവണൻ,
തത് വേശ്മ	ആ അന്തഃപുരത്തിൽ
പ്രവിശ്യ	പ്രവേശിച്ചു്
രാക്ഷസീമദ്ധ്യേ	രാക്ഷസികൾക്കിടയിൽ
ശോകപരായണാം,	ദുഃഖത്തിൽ മുഴുകിക്കിടക്കുന്നവളും,
അശ്രുപൂൎണ്ണമുഖീം,	കണ്ണീർനിറഞ്ഞ മുഖത്തോടുകൂടിയവളും,

ദീനാം	ദീനയായി
ശോകഭാരാവപീഡിതാം,	ശോകാധിക്യത്താൽ പീഡിക്കപ്പെട്ടവളും,
അർണ്ണവേ	കടലിൽ
വായുവേഗൈഃ ആക്രാന്താം	ചുഴലിക്കാററുകളിൽ പെട്ടു്
മജ്ജന്തീം	മുങ്ങുന്ന
നാവം ഇവ	കപ്പലെന്നപോലെ യിരിക്കുന്നവളും
മൃഗയൂഥപരിഭ്രഷ്ടാം	മാൻകൂട്ടത്തിൽനിന്നു വേർപെട്ടു്
ശ്വഭിഃ	നായ്ക്കളാൽ
ആവൃതാം	വളയപ്പെട്ട
മൃഗീം ഇവ	പേടമാനെന്നപോലെ
ദീനാം	കഷ്ടസ്ഥിതിയിലിരിക്കുന്നവളായി
അധോമുഖമുഖീം തു	തലതാഴ്ത്തിയിരിക്കുന്നവളുമായ
സീതാം	സീതാദേവിയെ
അപശ്യത്.	കണ്ടു.
സഃ	ആ
രാക്ഷസാധിപഃ	രാക്ഷസേശ്വരനായ
നിശാചരഃ	രാത്രിഞ്ചരൻ
അവശാം	അസ്വതന്ത്രയായി
ദീനാം	നിറംമങ്ങി
ശോകവശാം തു	അഴലിലാണ്ടിരിക്കുന്ന [വളായ
താം	അവളെ
അഭ്യേത്യ,	അടുത്തു്,
സഃ	അവൻ,
ഹർമ്മ്യപ്രാസാദസംബാധം,	മേടകളും, മാളികകളും തിങ്ങിയതും,
സ്ത്രീസഹസ്രനിഷേവിതം,	പലസ്ത്രീകൾ നിറഞ്ഞുള്ളതും,
നാനാപക്ഷിഗണൈഃ	പലപലപക്ഷിഗണങ്ങളാൽ
ജുഷ്ടം,	നിറയപ്പെട്ടതും,
നാനാരത്നവിഭൂഷിതം,	പലരത്നങ്ങളാൽ ചിത്രീകരിക്കപ്പെട്ടതും,
താപനീയൈഃ	ഉരുക്കിശ്ശുദ്ധമായ
കാഞ്ചനൈഃ ച	തങ്കംകൊണ്ടുള്ളവയും,
സ്ഫാടികൈഃ	സ്ഫടികനിർമ്മിതങ്ങളും
രാജതൈഃ അപി	വെള്ളികൊണ്ടുള്ളവയും
വജ്രവൈഡൂര്യചിത്രൈഃ	വൈരത്താലും വൈഡൂര്യരത്നത്താലും അലങ്കരിക്കപ്പെട്ടവയും
ദൃഷ്ടിമനോഹരൈഃ ച	കണ്ണുകൾ പറിച്ചെടുക്കുന്നവയും ആയ
സ്തംഭൈഃ	തൂണുകളാലും
ദേവഗൃഹോപമം,	ദേവഭവനത്തിനുതുല്യമായതും ആയ
ഗൃഹം	അരമനയെ
ബലാത്	അവൾക്കു് ഒട്ടും ഇഷ്ടമില്ലാതെതന്നെ, ബലാത്കാരമായി
ദർശയാമാസ.	കാണിച്ചുകൊടുത്തു.

ദിവ്യദുന്ദുഭിനിർഹ്രാദം തപ്തകാഞ്ചനതോരണം
സോപാനം കാഞ്ചനം ചിത്രമാരുരോഹ തയാ സഹ. 9

തയാ സഹ,	അവളെ എടുത്തുംകൊണ്ടു്
ദിവ്യദുന്ദുഭിനിർഹ്രാദം	വിശേഷപ്പെട്ട ദുന്ദുഭിവാദ്യങ്ങൾ മുഴങ്ങുന്നതും
തപ്തകാഞ്ചനതോരണം	നല്ല പൊൻകൊണ്ടുണ്ടാക്കപ്പെട്ട തോരണവാതിലുകളോടുകൂടിയതും
ചിത്രം	ഭംഗിയേറിയതുംആയ
കാഞ്ചനം സോപാനം	സ്വർണ്ണപ്പടി
ആരുരോഹ.	കയറി

ദാന്തകാ രാജതാശ്ചൈവ ഗവാക്ഷാഃ പ്രിയദർശനാഃ
ഹേമജാലാവൃതാശ്ചാസൻ തത്ര പ്രാസാദപങ്ക്തയഃ. 10

തത്ര	അവിടെ	ഹേമജാലാവൃതാഃ	പൊൻകൊണ്ടു പൊതിഞ്ഞവയായ
ദാന്തകാഃ	ദന്തംകൊണ്ടുള്ളവയും	പ്രാസാദപങ്ക്തയഃ ച	അനേകം മേടകളും
രാജതാഃ ച	വെള്ളികൊണ്ടുള്ളവയും	ആസൻ.	ഉണ്ടായിരുന്നു.
പ്രിയദർശനാഃ	അഴകറിയവയുംആയ		
ഗവാക്ഷാഃ ഏവ	ജന്നലുകളും,		

സുധാമണിവിചിത്രാണി ഭൂമിഭാഗാനി സർവ്വശഃ
ദശഗ്രീവഃ സ്വഭവനേ പ്രാദർശയത മൈഥിലീം 11

ദശഗ്രീവഃ	രാവണൻ,	ഭൂമിഭാഗാനി	തറകളെ
സ്വഭവനേ	തന്റെ അരമനയിൽ	സർവ്വശഃ	എങ്ങും
സുധാമണിവിചിത്രാണി	വെണ്മ,ത്തുകൾ പതിക്കപ്പെട്ടവയായ	മൈഥിലീം	മൈഥിലിക്ക്
		പ്രാദർശയത.	കാട്ടിക്കൊടുത്തു.

ദീർഘികാഃ പുഷ്കരിണ്യശ്ച നാനാവൃക്ഷസമന്വിതാഃ
രാവണോ ദർശയാമാസ സീതാം ശോകപരായണാം. 12

രാവണഃ	രാവണൻ	ദീർഘികാഃ	വാപികളേയും
ശോകപരായണാം	ദുഃഖത്തിൽ ആണ്ടിരിക്കുന്നവളായ	നാനാവൃക്ഷസമന്വിതാഃ	പലവൃക്ഷങ്ങൾ ചുററുമുള്ള
സീതാം	സീതാദേവിക്കായ്ക്കൊണ്ട്	പുഷ്കരിണ്യഃ ച	ജലാശയങ്ങളേയും
		ദർശയാമാസ.	കാണിച്ചുകൊടുത്തു.

ദർശയിത്വാ തു വൈദേഹ്യാഃ കൃത്സ്നം തദ്ഭവനോത്തമം
ഉവാച വാക്യം പാപാത്മാ രാവണോ ജനകാത്മജാം. 13

പാപാത്മാ	ദുഷ്ടബുദ്ധിയായ	ഭവനോത്തമം	വിശേഷപ്പെട്ടഅരമനയെ
രാവണഃ,	രാവണൻ,	കൃത്സ്നം	മുഴുവനും
വൈദേഹ്യാഃ	വൈദേഹിക്കായ്ക്കൊണ്ട്	ദർശയിത്വാ തു	കാണിച്ചുകൊടുത്തിട്ട്
തത്	ആ	ജനകാത്മജാം	ജനകനന്ദിനിയോടായി
		വാക്യം ഉവാച.	ഇങ്ങിനെ ഉരചെയ്തു.

ദശ രാക്ഷസകോട്യശ്ച ദ്വാവിംശതിരഥാപരാഃ
തേഷാം പ്രഭുരഹം സീതേ സർവ്വേഷാം ഭീമകർമ്മണാം. 14

"സീതേ!	"സീതേ!	ഭീമകർമ്മണാം	ഭയങ്കരവൃത്തിയാന്നവരായ
ദശ രാക്ഷസകോട്യഃ,	പത്തുകോടി രാക്ഷസന്മാരും	തേഷാം	അവർ
അഥ	പിന്നെ	സർവ്വേഷാം,	എല്ലാവർക്കും,
അപരാഃ	കൂടാതെ	അഹം	ഞാൻ
ദ്വാവിംശതിഃ ച	ഇരുപത്തിരണ്ടുകോടി-യും ഉള്ള	പ്രഭുഃ.	ഈശനാകുന്നു.

വർജ്ജയിത്വാ ജരാവൃദ്ധാൻ ബാലാംശ്ച രജനീചരാൻ
സഹസ്രമേകമേകസ്യ മമ കാര്യപുരഃസരം 15

" ജരാവൃദ്ധാൻ	" വാർദ്ധക്യംകൊണ്ടു വൃദ്ധാതായിരിക്കുന്നവരും	ഏകസ്യ	ഒരുവന്ന്
ബാലാൻ ച	ബാലന്മാരുമായ	ഏകം സഹസ്രം	ഒരായിരംപേർവീതം
രജനീചരാൻ	രാക്ഷസരെ	മമ	എനിക്ക്
വർജ്ജയിത്വാ,	നീക്കി,	കാര്യപുരഃസരം.	പരിവാരമായുമുണ്ട്.

യദിദം രാജതന്ത്രം മേ ത്വയി സർവ്വം പ്രതിഷ്ഠിതം
ജീവിതം ച വിശാലാക്ഷി ത്വം മേ പ്രാണൈർഗ്ഗരീയസീ. 16

" മേ	" എനിക്ക്	ച ;	അപ്രകാരംതന്നെ ;
രാജതന്ത്രം യത്	നാട്ടുവാഴ്ച എന്നുള്ള	വിശാലാക്ഷി!	ആയതനേത്രേ!
ഇദം സർവ്വം	ഇതു മുഴുവനും [ത്വായ	ത്വം	നീ
ത്വയി	നിങ്കലാണ്	പ്രാണൈഃ	പ്രാണങ്ങളെക്കാളും
പ്രതിഷ്ഠിതം ;	സ്ഥിതിചെയ്യുന്നതു ;	മേ	എനിക്ക് [വളാകുന്നു.
ജീവിതം	ജീവനും	ഗരീയസീ.	അധികം പ്രിയപ്പെട്ട-

ബഹ്വീനാം സ്ത്രീസഹസ്രാണാം മമ യോഽസൗ പരിഗ്രഹഃ
താസാം ത്വമീശ്വരീ സീതേ മമ ഭാര്യാ ഭവ പ്രിയേ. 17

" പ്രിയേ!	" ഓമനയായ	പരിഗ്രഹഃ,	കാന്തനായിരിക്കുന്നവൊ, അപ്രകാരമുള്ള
സീതേ!	സീതേ!	മമ	എനിക്കും
യഃ	യാതൊരു	താസാം ത്വം,	അവൾക്കും നീ,
അസൗ,	ഞാൻ,	മമ ഭാര്യാ,	എന്റെ ഭാര്യയായി,
ബഹ്വീനാം	എത്രയൊ	ഈശ്വരീ	സ്വാമിനിയായി
സ്ത്രീസഹ-സ്രാണാം	ആയിരം സ്ത്രീകൾക്ക്	ഭവ.	വർത്തിച്ചാലും.

[" അഭവപ്രിയേ " (മോക്ഷപ്രിയേ), " ഭാര്യാ ", (ഭാ + ആര്യാ), ശ്രേഷ്ഠയായ ചിദ്രൂപിണിയായ, " ത്വം " നിന്തിരുവടി, " മമ ഈശ്വരീ " എനിക്ക് ഈശ്വരിയാകുന്നു. (എന്നു സൂക്ഷ്മാർത്ഥം) തീർത്ഥീയം.]

സാധു കിം തേഽന്യഥാ ബുദ്ധ്യാ രോചയസ്വ വചോ മമ
ഭജസ്വ മാഽഭിതപ്തസ്യ പ്രസാദം കർത്തുമർഹസി. 18

" അന്യഥാ	" വേറെ	മാ	എന്നെ
ബുദ്ധ്യാ	വിചാരംകൊണ്ട്	ഭജസ്വ ;	അംഗീകരിച്ചുകൊൾക,
തേ	നിണക്ക്	അഭിതപ്തസ്യ	നിനക്കുവേണ്ടി തപിക്കുന്നവനായ ഇവനെക്കുറിച്ച്
കിം ?	എന്തുപ്രയോജനമാണ്?		
മമ	ഞാൻ പറയുന്ന		
സാധു	ഗുണകരമായ	പ്രസാദം	നീ പ്രസാദിച്ചാലും.
വചഃ	വാക്കിനെ	കർത്തും	
രോചയസ്വ ;	സ്വീകരിച്ചുകൊൾക ;	അർഹസി.	

[" അഭിതപ്തസ്യ " (അവിടത്തെ ഭൃത്യനായി ഭവിക്കേണമെന്നുള്ള ആഗ്രഹത്താൽ ഉരുകുന്നവനായ) എന്നു വാസ്തവാർത്ഥം. (എന്നു തീർത്ഥീയം)]

പരിക്ഷിപ്താ സമുദ്രേണ ലങ്കേയം ശതയോജനാ
നേയം ധർഷയിതും ശക്യാ സേന്ദ്രൈരപി സുരാസുരൈഃ. 19

"ഇയം	"ഈ	സേന്ദ്രൈഃ	ഇന്ദ്രനടങ്ങിയ
ശതയോജനാ	നൂറുയോജന വിസ്താര	സുരാസുരൈഃ അപി	ദേവാസുരന്മാരാലുംകൂടി
ലങ്കാ	ലങ്കാനഗരം [മുള്ളതായ		
സമുദ്രേണ	സമുദ്രത്താൽ	ധർഷയിതും	ആക്രമിപ്പാൻ
പരിക്ഷിപ്താ;	ചുഴപ്പെട്ടതാകുന്നു;	ന ശക്യാ.	കഴിയപ്പെടാത്തതാകുന്നു.
ഇയം	ഇതു്		

ന ദേവേഷു ന യക്ഷേഷു ന ഗന്ധർവ്വേഷു പക്ഷിഷു
അഹം പശ്യാമി ലോകേഷു യോ മേ വീര്യസമോ ഭവേത്. 20

"ലോകേഷു	"മൂന്നുലോകങ്ങളിലും	അഹം	ഞാൻ
യഃ	യാതൊരുവൻ	ന പശ്യാമി;	കാണുന്നില്ല;
മേ	എനിക്കു്	യക്ഷേഷു	യക്ഷന്മാരിലും
വീര്യസമഃ	തുല്യമായ പരാക്രമത്തോടുകൂടിയവനായി	ന;	ഇല്ല;
ഭവേത്	ഭവിക്കുമോ, അപ്രകാരമുള്ളവനെ	ഗന്ധർവ്വേഷു	ഗന്ധർവ്വന്മാരിലും
		പക്ഷിഷു	പതഗങ്ങളിലും
ദേവേഷു	ദേവന്മാരിലും	ന.	ഇല്ല.

രാജ്യഭ്രഷ്ടേന ദീനേന താപസേന ഗതായുഷാ
കിം കരിഷ്യസി രാമേണ മാനുഷേണാല്പതേജസാ. 21

"അല്പതേജസാ	"പൌരുഷമില്ലാതെ	ഗതായുഷാ	അല്പായുസ്സുള്ള
രാജ്യഭ്രഷ്ടേന	രാജ്യത്തിൽനിന്നു് അടിച്ചോടിക്കപ്പെട്ടവനായി	മാനുഷേണ	മനുഷ്യനും ആയ
ദീനേന	പരവശനായി	രാമേണ	രാമനെക്കൊണ്ടു്
താപസേന	തപസ്സുചെയ്തുകൊണ്ടിരിക്കുന്നവനും	കിം കരിഷ്യസി	നീ എന്താണു് ചെയ്യുക?

ഭജസ്വ സീതേ മാമേവ ഭർത്താഽഹം സദൃശസ്തവ
യൌവനം ഹ്യധ്രുവം ഭീരു രമസ്വേഹ മയാ സഹ. 22

"സീതേ	"സീതേ!	ഭർത്താ;	ഭർത്താവാകുന്നു;
മാം ഏവ	എന്നെത്തന്നെ	ഭീരു!	ഭീരുവായവളേ!
ഭജസ്വ;	നീ സ്വീകരിച്ചുകൊൾക;	യൌവനം	യൌവനം
		അധ്രുവം ഹി;	സ്ഥിരമായതല്ലല്ലൊ;
അഹം	ഞാൻ	മയാ സഹ	എന്നോടുകൂടി
തവ	നിനക്കു്	ഇഹ രമസ്വ.	ഇവിടെ സുഖമായി കാലം കഴിച്ചാലും.
സദൃശഃ	യോജിച്ച		

[ഈ രണ്ടു ശ്ലോകങ്ങൾക്കു സൂക്ഷ്മാർത്ഥം തീർത്ഥീയത്തിൽ ഇങ്ങിനെ പറയുന്നു:— "രാജ്യഭ്രഷ്ടേന" (രാജ്യത്തിൽ ശത്രുക്കൾ ഇല്ലാത്ത; അഥവാ പിതൃവാക്യപരിപാലനത്തിന്നായി രാജ്യത്തിൽനിന്നു വന്നവനായ); "ദീനേന താപസേന ഗതായുഷാ മാനുഷേണ", ദീനന്മാർക്കു ഇനനായി,

താപസന്മാർക്കും ഇനനായി (രക്ഷകനായി), മനുഷ്യരൂപത്തിൽ, 'ഗതമായ' പ്രാപ്തമായ ആയുസ്സോടുകൂടിയവനായ, അതായത് അവതരിച്ചവനായ; "അല്പതേജസാ" (അല്പം ഇതരേഷാം തേജോ യസ്മാത് തേന) മററുള്ളവരുടെ തേജസ്സിനെ അല്പീകരിക്കുന്നവനായ; "രാമേണ കിം!" ഇപ്രകാരമുള്ള രാമനെക്കുറിച്ച് നീ എന്തിന്നു പരിതപിക്കുന്നു?; "ഭജസ്വ സീതേ മാ മേ അവ" എന്നു പദച്ഛേദം; "യതഃ" യാതൊന്നുകൊണ്ട്, 'മേ' എനിക്ക്, യൌവ്വനമെന്നതു്, അതായത് ആയുഷ്കാലം, അധ്രുവമായതാ, "അഹം തവ സദൃശഃ ഭർത്താ", ഞാൻ നിന്തിരുവടിക്ക് അനുകൂലനായ ഭൃത്യനോ (ബിഭർത്തി ശുശ്രൂഷാദിനാ സ്വാമിനം ഇതി "ഭർത്താ") അക്കാരണത്താൽ, "മാ ഭജസ്വ അവ" എന്നെ ഭൃത്യത്വേന അംഗീകരിച്ച് രക്ഷിച്ചാലും.]

ദർശനേ മാ കൃഥാ ബുദ്ധിം രാഘവസ്യ വരാനനേ
കാഽസ്യ ശക്തിരിഹാഗന്തുമപി സീതേ മനോരഥൈഃ. 23

"വരാനനേ!	"ചാരുവദനേ!	മനോരഥൈഃ അപി	ആലോചനകൾ കൊണ്ടുംകൂടി
രാഘവസ്യ ദർശനേ	രാമനെ കാണുന്നവിഷയത്തിൽ	ഇഹ	ഇവിടെ
ബുദ്ധിം	ആശയെ	ആഗന്തും	എത്തിച്ചേരുവാൻ
മാ കൃഥാഃ;	നീ വെക്കേണ്ടതില്ല;	അസ്യ	അവന്ന്
സീതേ!	സീതേ!	കാ ശക്തിഃ?	എങ്ങിനെ സാധിക്കും?

["ലങ്കയിൽ എത്തിയിരിക്കുന്നു എന്നും ലങ്ക എവിടെയാണെന്നും മററും അറിയായ്കയാൽ ആലോചിപ്പാൻ കൂടി കഴികയില്ല," എന്നു ഭാവം.]

ന ശക്യോ വായുരാകാശേ പാശൈർബദ്ധും മഹാജവഃ
ദീപ്യമാനസ്യ വാപ്യഗ്നേർഗ്ഗ്രഹീതും വിമലാ ശിഖാ. 24

"മഹാജവഃ	"അതിവേഗതയുള്ള	അഗ്നേഃ	തീയിന്റെ
വായുഃ	കാററ്	വിമലാ	പുകയററ
ആകാശേ	ആകാശത്തിൽ	ശിഖാ	ജ്വാല
പാശൈഃ	കയറുകൾകൊണ്ട്	ഗ്രഹീതും	കൈകൊണ്ടുപിടിപ്പാനും
ബദ്ധും ന ശക്യഃ;	കെട്ടുവാൻ സാദ്ധ്യപ്പെടുകയില്ല;	അപി വാ.	അപ്രകാരംതന്നെ സാദ്ധ്യമല്ല.
ദീപ്യമാനസ്യ	കത്തിയാളുന്ന		

ത്രയാണാമപി ലോകാനാം ന തം പശ്യാമി ശോഭനേ
വിക്രമേണ നയേദ്യസ്ത്വാം മദ്ബാഹുപരിപാലിതാം. 25

"ശോഭനേ!	"സുന്ദരി;	നയേത്,	കൊണ്ടുപോകുമോ,
മദ്ബാഹുപരിപാലിതാം	എന്റെ കയ്യുകൾകൊണ്ട് പരിപാലിക്കപ്പെട്ടവളായ	തം	അപ്രകാരമുള്ളവനെ
ത്വാം	നിന്നെ	ത്രയാണാം	മൂന്നു
യഃ	യാതൊരുവൻ	ലോകാനാം അപി	ലോകങ്ങളിലും
വിക്രമേണ	സ്വശക്തികൊണ്ട്	ന പശ്യാമി.	ഞാൻ കാണുന്നില്ല.

ലങ്കായാം സുമഹദ്രാജ്യമിദം ത്വമനുപാലയ
ത്വത്പ്രേഷ്യാ മദ്വിധാശ്ചൈവ ദേവാശ്ചാപി ചരാചരാഃ. 26

"ത്വം	"നീ	മദ്വിധാഃ ച	എന്നെപ്പോലെയുള്ളവരും
ലങ്കായാം	ലങ്കയിൽ		
സുമഹത്	ഏററവും മഹത്തായ	ദേവാഃ ച	ദേവന്മാരും
ഇദം	ഈ	ചരാചരാഃ ഏവ	സർവ്വചരാചരങ്ങളും
രാജ്യം	രാജ്യാധികാരത്തെ	ത്വത്പ്രേഷ്യാഃ അപി.	നിണക്ക് അടിമകളായിത്തീരും.
അനുപാലയ ;	കയ്യാളുക ;		

അഭിഷേകോദകക്ലിന്നാ തുഷ്ടാ ച രമയസ്വ മാം 27

"തുഷ്ടാ	"സന്തുഷ്ടിയാന്നവളായി	മാം ച	എന്നെയും
അഭിഷേകോദകക്ലിന്നാ	അഭിഷേകതീർത്ഥത്താൽ നീരാടപ്പെട്ടവളായി	രമയസ്വ.	നീ സന്തോഷപ്പെടുത്തുക.

[ഈ രണ്ടു ശ്ലോകങ്ങളെക്കൊണ്ടു് രാവണൻ ആത്മാത്മീയ സമർപ്പണം ചെയ്യുന്നു. എന്നു സൂക്ഷ്മം. (തീർത്ഥീയം)]

ദുഷ്കൃതം യത് പുരാ കർമ്മ വനവാസേന തദ്ഗതം
യശ്ച തേ സുകൃതോ ധർമ്മഃ തസ്യേഹ ഫലമാപ്നുഹി. 28

"പുരാ	"ജന്മാന്തരത്തിൽ	തേ	ഭവതിക്കു്
യത്	ഏതൊരു	സുകൃതഃ	പുണ്യത്താലുണ്ടായിട്ടുള്ള
ദുഷ്കൃതം	പാപംകൊണ്ടുണ്ടായ	ധർമ്മഃ	ധർമ്മം
കർമ്മ,	ഫലമോ	യഃ ച,	യാതൊന്നൊ,
വനവാസേന	കാട്ടിലുള്ള വാസംകൊണ്ടു്	തസ്യ	അതിന്റെ
		ഫലം	ഫലത്തെ
തത്	ആയതു്	ഇഹ	ഇപ്പോൾ
ഗതം ;	അവസാനിച്ചു ;	ആപ്നുഹി.	അനുഭവിച്ചാലും.

[ഇതിൽ സുകൃതഫലത്തെ സമർപ്പണം ചെയ്യുന്നു. "വനവാസേന" ജലമദ്ധ്യത്തിലുള്ള ലങ്കയിൽ വസിക്കുന്നവനായ എന്നാൽ മുമ്പ് ചെയ്യപ്പെട്ട ദുഷ്കൃതമെല്ലാം ത്വദ്ദർശനത്താൽ നീങ്ങിക്കഴിഞ്ഞു. എന്റെ സുകൃതഫലം എന്തു ശിഷ്ടമായുണ്ടോ അതിനേയും നിന്തിരുവടിക്കായി സമർപ്പിക്കുന്നു. എന്നു സൂക്ഷ്മാർത്ഥം തീർത്ഥീയം.]

ഇഹ മാല്യാനി സർവ്വാണി ദിവ്യഗന്ധാനി മൈഥിലി
ഭൂഷണാനി ച മുഖ്യാനി സേവസ്വ ച മയാ സഹ. 29

"മൈഥിലി !	"സീതേ !	ഭൂഷണാനി	ആഭരണങ്ങളേയും
ഇഹ	ഇവിടെ	സർവ്വാണി ച	മററെല്ലാററിനെയും
ദിവ്യഗന്ധാനി	നറുമണമാന്ന	മയാ സഹ	എന്നോടുകൂടി
മാല്യാനി ച	മാലകളെയും	സേവസ്വ.	നീ അനുഭവിച്ചുകൊൾക.
മുഖ്യാനി	ശ്രേഷ്ഠങ്ങളായ		

പുഷ്പകം നാമ സുശ്രോണി ഭ്രാതുർവൈശ്രവണസ്യ മേ
വിമാനം സൂര്യസങ്കാശം തരസാ നിർജ്ജിതം മയാ. 30

"സുശ്രോണി!	"സുമദ്ധ്യമേ!
മേ	എന്റെ
ഭ്രാതുഃ	ജ്യേഷ്ഠഭ്രാതാവായ
വൈശ്രവണസ്യ	കുബേരന്റെ
പുഷ്പകം നാമ	പുഷ്പകമെന്ന
സൂൎയ്യസംകാശം	സൂൎയ്യസന്നിഭമായ
വിമാനം,	വിമാനം,
മയാ	എന്നാൽ
തരസാ	കരുത്തുകൊണ്ടു്
നിൎജ്ജിതം	അപഹരിച്ചുകൊണ്ടു വരപ്പെട്ടിരിക്കുന്നു.

വിശാലം രമണീയം ച തദ്വിമാനം മനോജവം
തത്ര സീതേ മയാ സാൎദ്ധം വിഹരസ്വ യഥാസുഖം. 31

"തത്	"ആ
വിമാനം ച	വിമാനമാകട്ടെ
മനോജവം;	മനോവേഗത്തോടുകൂടിയതാകുന്നു;
വിശാലം;	വിസ്തൃതമായതു്;
രമണീയം;	ഭംഗിയേറിയതു്;
സീതേ!	സീതേ!
തത്ര	അതിൽ
യഥാസുഖം	ഇഷ്ടപ്രകാരം
മയാ സാൎദ്ധം	എന്നോടുകൂടി
വിഹരസ്വ.	സുഖമായി കാലം കഴിച്ചാലും.

വദനം പദ്മസങ്കാശം വിമലം ചാരുദൎശനം
ശോകാൎത്തം തു വരാരോഹേ ന ഭ്രാജതി വരാനനേ. 32

"വരാനനേ!	"ചാരുവദനേ!
വരാരോഹേ!	സുന്ദരി!
പദ്മസംകാശം	ചെന്താരൊത്തതും
വിമലം	കളങ്കമററതും
ചാരുദൎശനം	മനോഹരവുമായ
വദനം തു	മുഖവും
ശോകാൎത്തം	ശോകത്താൽ പീഡിക്കപ്പെട്ടതായി
ന ഭ്രാജതി."	മങ്ങിയിരിക്കുന്നുവല്ലൊ."

ഏവം വദതി തസ്മിൻ സാ വസ്ത്രാന്തേന വരാംഗനാ
പിധായേന്ദുനിഭം സീതാ മുഖമശ്രൂണ്യവൎത്തയത്. 33

ഏവം	ഇപ്രകാരമെല്ലാം
തസ്മിൻ	അവൻ
വദതി,	ഉരചെയ്യുമ്പോൾ,
വരാംഗനാ	വനിതാരത്നമായ
സാ	ആ
സീതാ,	സീതാദേവി,
ഇന്ദുനിഭം	കുളൎമതിക്കൊത്തതായ
മുഖം	വദനത്തെ
വസ്ത്രാന്തേന	പുടവയുടെ തുമ്പുകൊണ്ടു്
പിധായ,	മൂടിക്കൊണ്ടു്,
അശ്രൂണി	അശ്രുക്കളെ
അവൎത്തയത്.	പൊഴിച്ചു.

ധ്യായന്തീം താമിവാസ്വസ്ഥാം ദീനാം ചിന്താഹതപ്രഭാം
ഉവാച വചനം പാപോ രാവണോ രാക്ഷസേശ്വരഃ. 34

അസ്വസ്ഥാം	മറെറാന്നിലും മനസ്സു ചെല്ലാത്തവളായി
ധ്യായന്തീം	ഭൎത്താവിനെത്തന്നെ ചിന്തിച്ചുകൊണ്ടു്
ദീനാം,	പരിതപിക്കുന്നവളായി,
ചിന്താഹതപ്രഭാം	അത്തലാൽ കാന്തി മങ്ങിയവളായിരിക്കുന്ന
താം ഇവ	അവളോടായിത്തന്നെ
പാപഃ	ദുഷ്ടനും
രാക്ഷസേശ്വരഃ	രക്ഷോനാഥനുമായ
രാവണഃ	രാവണൻ
വചനം ഉവാച.	ഇപ്രകാരവും ഉരചെയ്തു.

അലം വ്രീഡേന വൈദേഹി ധൎമ്മലോപകൃതേന തേ
ആൎഷോഽയം ദൈവനിഷ്യന്ദോ യസ്ത്വാമഭിഗമിഷ്യതി. 35

"വൈദേഹി!	"സീതേ!	ത്വാം	നിന്നെ
ധൎമ്മലോപകൃതേന	സ്ത്രീത്വത്തിന്നു കുറവു വരുമെന്നുള്ളതായ	അഭിഗമിഷ്യതി	പ്രാപിപ്പാൻ പോകുന്നുവോ,
വ്രീഡേന	വൈമുഖ്യംകൊണ്ടു്	അയം	അപ്രകാരമുള്ള ഇതു്
തേ	നിനക്കു്	ആൎഷഃ	മനുഷ്യദുൎല്ലഭമായ
അലം;	ഇത്രത്തോളം മതി;	ദൈവനിഷ്യന്ദഃ.	ഭാഗ്യത്തിന്റെ ഫലമാകുന്നു.
യഃ	യാതൊന്നു്		

[“ഈ ദൈവകൃത്യമായ സംബന്ധം ഋഷികളാൽ സമ്മതിക്കപ്പെട്ടതാകുന്നു, ആകയാൽ ഇതിൽ ധൎമ്മലോപമുണ്ടെന്നു് നീ ഭയപ്പെടേണ്ടതില്ല.” (എന്നു് ഗോ. രാ; “ബലാത്കാരേണ രാക്ഷസഃ” എന്ന സ്മൃത്യനുസാരേണ “രാക്ഷസ”മെന്ന വിവാഹം ഋഷിപ്രോക്തം തന്നെയെന്നു താല്പൎയ്യം. (തിലകം).

“അയം ദൈവനിഷ്യന്ദഃ” നാം തമ്മിലുണ്ടായിരിക്കുന്ന ദൈവസമ്പാദിതമായ ഈ ദാസദാസവൽഭാവമെന്നുള്ളതു്, “ആൎഷഃ” അനാദിസിദ്ധമാകുന്നു. അപ്രകാരമുള്ള ഞാൻ നിന്തിരുവടിയെ അനുഗമിക്കുന്നു. എന്നു് സൂക്ഷ്മാൎത്ഥമെന്നു് (തീൎത്ഥീയം)

“അലം വ്രീഡേന” (ഭൎത്താവിനെ വിട്ടു് പരപുരുഷനെ പ്രാപിക്കുന്നു എന്നുള്ള സങ്കോചം വേണ്ട); “ധൎമ്മലോപകൃതേന ച” (ധൎമ്മഭ്രംശം വരുമോ എന്നും ശങ്കിപ്പാനില്ല); “യഃ ത്വാം അഭിഗമിഷ്യതി”, (യാതൊരുവൻ നിന്നെ ലഭിക്കുന്നതിനെ പരമപുരുഷാൎത്ഥമായി കരുതുന്നുവോ), “അയം” (അപ്രകാരമുള്ള ഞാൻ), “ദൈവനിഷ്യന്ദഃ ആൎഷഃ” (ചതുൎമ്മുഖങ്കൽ നിന്നു് ജനിച്ച ഋഷികുലോത്ഭവനാകുന്നു.) അപ്രകാരമുള്ള ഞാൻ ലോകവിരുദ്ധമായോ ധൎമ്മവിരുദ്ധമായൊ ചെയ്യുമെന്നുള്ള ശങ്ക വേണ്ടതില്ല.” എന്നും വിശേഷാൎത്ഥം.]

ഏതൌ പാദൌ മഹാസ്നിഗ്ദ്ധൌ ശിരോഭിഃ പരിപീഡിതൌ
പ്രസാദം കുരു മേ ക്ഷിപ്രം വശ്യോ ദാസോഽഹമസ്മി തേ. 36

"മഹാസ്നിഗ്ദ്ധൌ	"മിനുമിനുത്തുള്ള	പ്രസാദം	അനുഗ്രഹത്തെ
ഏതൌ	ഈ രണ്ടു	ക്ഷിപ്രം	കാലതാമസം വരുത്താതെ
പാദൌ	കാലടികളും	കുരു;	നൽകിയാലും;
ശിരോഭിഃ	എന്റെ ശിരസ്സുകൾകൊണ്ടു്	തേ	നിന്റെ
പരിപീഡിതൌ;	ധരിക്കപ്പെട്ടുന്നു;	വശ്യ	അനുകൂലനായ
മേ	എനിക്കു്	ദാസഃ	ദാസനായി
		അഹം	ഞാൻ
		അസ്മി.	വൎത്തിക്കുന്നു.

ഇമാ ശൂന്യാ മയാ വാചഃ ശുഷ്യമാണേന ഭാഷിതാഃ
ന ചാപി രാവണഃ കാംചിന്മൂൎദ്ധ്നാ സ്ത്രീം പ്രണമേത ഹ. 37

"ശുഷ്യമാണേന	"നിനക്കായി ഉരുകുന്നവനായ	രാവണഃ	രാവണൻ
മയാ	എന്നാൽ,	കാംചിത്	യാതൊരു
ഇമാഃ	ഈ	സ്ത്രീം ച	സ്ത്രീയേയും
വാചഃ,	വാക്കുകൾ,	മൂൎദ്ധ്നാ	തലകുനിച്ചു്
ശൂന്യാഃ	കപടതയെന്നിയേ	പ്രണമേത അപി ന ഹ!”	വണങ്ങുന്നതല്ലല്ലൊ!”
ഭാഷിതാഃ;	പറയപ്പെട്ടവയാണു്;		

ഏവമുക്ത്വാ ദശഗ്രീവോ മൈഥിലീം ജനകാത്മജാം
കൃതാന്തവശമാപന്നോ മമേയമിതി മന്യതേ. 38

ദശഗ്രീവഃ	ദശകണ്ഠൻ,	ആപന്നഃ,	പെട്ടവനായി,
ജനകാത്മജാം	ജനകനന്ദിനിയായ	" ഇയം	" ഇവൾ
മൈഥിലീം	സീതാദേവിയെനോക്കി	മമ, "	എനിക്കുള്ളവൾ ത
ഏവം	ഇപ്രകാരം	ഇതി	എന്നുള്ളതായ [ന്നെ,"
ഉക്ത്വാ,	ഉരചെയ്തു്,	മന്യതേ.	മനോരാജ്യത്തിൽ
കൃതാന്തവശം	യമന്റെ അധീനത്തിൽ		വർത്തിക്കുന്നു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
പഞ്ചപഞ്ചാശഃ സർഗ്ഗഃ = അമ്പത്തഞ്ചാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 8594; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1882.

ഷട്പഞ്ചാശഃ സർഗ്ഗഃ = അമ്പത്താറാംസർഗ്ഗം.

[സംവത്സരാവധികരണം = ഒരു കൊല്ലത്തെ അവധി കല്പിക്കുന്നതു്.]

സാ തഥോക്താ തു വൈദേഹീ നിർഭയാ ശോകകർശിതാ
തൃണമന്തരതഃ കൃത്വാ രാവണം പ്രത്യഭാഷത. 1

തഥാ	മേൽപ്രകാരം	തൃണം	ഒരുതുരുമ്പിനെ
ഉക്താ	പറയപ്പെട്ടവളായ	അന്തരതഃ	ഇടയിൽ
സാ വൈദേഹീ,	ആവൈദേഹി,	കൃത്വാ തു	നുള്ളിയിട്ടു് പിന്നെ
നിർഭയാ	ഭയരഹിതയായി,	രാവണം	രാവണനോടായി
ശോകകർശിതാ,	അത്തലാൽ മാഴ്കുന്ന	പ്രത്യഭാഷത.	ഇങ്ങിനെ മറുപടി
	വളായി,		യരുളിച്ചെയ്തു.

[സുന്ദരകാണ്ഡം 21-ാംസർഗ്ഗം 2-ാംശ്ലോകത്തിലെ കുറിപ്പുനോക്കുക.]

രാജാ ദശരഥോ നാമ ധർമ്മസേതുരിവാചലഃ
സത്യസന്ധഃ പരിജ്ഞാതഃ യസ്യ പുത്രഃ സ രാഘവഃ. 2

" ദശരഥഃ നാമ	" ദശരഥനെന്ന	പരിജ്ഞാതഃ;	ത്രിലോകപ്രസിദ്ധിയാ
രാജാ	മഹാരാജാവു്		ന്നവൻ;
അചലഃ	ചലിക്കാത്ത	യസ്യ	യാതൊരു അദ്ദേഹത്തി
ധർമ്മസേതുഃ ഇവ	ധർമ്മത്തിന്റെ അതിരു	പുത്രഃ	പുത്രനാകുന്നു [ന്റെ
	പോലെയുള്ള	സഃ	ആ
സത്യസന്ധഃ;	സത്യസന്ധൻ;	രാഘവഃ.	ശ്രീരാഘവൻ.

രാമോ നാമ സ ധർമ്മാത്മാ ത്രിഷു ലോകേഷു വിശ്രുതഃ
ദീർഘബാഹുർവിശാലാക്ഷോ ദൈവതം ഹി പതിർമ്മമ. 3

" മമ	" എന്റെ	ധർമ്മാത്മാ;	ധർമ്മംതന്നെ മൂർത്തീക
പതിഃ	നാഥനായ	ത്രിഷു ലോകേഷു	മൂപ്പാരിലും [രിച്ചവൻ;
രാമഃ നാമ	ശ്രീരാമനെന്ന	വിശ്രുതഃ;	വിഖ്യാതിപൂണ്ടവൻ;
സ ഹി	അദ്ദേഹംതന്നെയാണു്	ദീർഘബാഹുഃ;	നീണ്ട കൈകളാന്നവ
ദൈവതം;	പ്രത്യക്ഷദൈവം;	വിശാലാക്ഷഃ.	വിശാലനേത്രൻ. [ൻ;

ഇക്ഷ്വാകൂണാം കുലേ ജാതഃ സിംഹസ്കന്ധോ മഹാദ്യുതിഃ
ലക്ഷ്മണേന സഹ ഭ്രാത്രാ യസ്തേ പ്രാണാൻ ഹരിഷ്യതി. 4

"ഭ്രാത്രാ ലക്ഷ്മണേന സഹ	"അനുജനായ ലക്ഷ്മണനോടുംകൂടി	ഇക്ഷ്വാകൂണാം കുലേ	ഇക്ഷ്വാകുവംശത്തിൽ
തേ പ്രാണാൻ	നിന്റെ പ്രാണങ്ങളെ	ജാതഃ;	അവതരിച്ചിരിക്കുന്നു;
യഃ	യാതൊരുവൻ	സിംഹസ്കന്ധഃ	സിംഹത്തിന്റേതുപോലെ ഉടലുള്ളവൻ;
ഹരിഷ്യതി	കവരുവാൻപോകുന്നുവോ, അദ്ദേഹം	മഹാദ്യുതിഃ.	നിഃസീമപരാക്രമശാലി.

പ്രത്യക്ഷം യദ്യഹം തസ്യ ത്വയാ സ്യാം ധർഷിതാ ബലാത്
ശയിതാ ത്വം ഹതഃ സംഖ്യേ ജനസ്ഥാനേ യഥാ ഖരഃ. 5

"അഹം	"ഞാൻ	ത്വം	നീ
തസ്യ	അദ്ദേഹത്തിന്റെ	ജനസ്ഥാനേ	ജനസ്ഥാനത്തിൽ
പ്രത്യക്ഷം	കൺമുമ്പിൽ	സംഖ്യേ	പോരിൽ
ത്വയാ	നിന്നാൽ	ഖരഃ യഥാ	ഖരൻ എന്നപോലെ
ബലാത്	കയ്യൂക്കുകൊണ്ട്	ഹതഃ ശയിതാ.	ചത്തുകിടക്കുമായിരുന്നു.
ധർഷിതാം യദി സ്യാം,	തൊടപ്പെട്ടുവെന്നിരുന്നാൽ,		

യേ ഏതേ രാക്ഷസാഃ പ്രോക്താ ഘോരരൂപാ മഹാബലാഃ
രാഘവേ നിർവിഷാഃ സർവ്വേ സുപർണ്ണേ പന്നഗാ യഥാ. 6

"യേ	"യാതൊരു	സുപർണ്ണേ	ഗരുഡന്റെ അടുക്കൽ
രാക്ഷസാഃ	രാക്ഷസന്മാർ	പന്നഗാഃ	സർപ്പങ്ങൾ
ഘോരരൂപാഃ	ഭയങ്കരരൂപികളെന്നും	യഥാ,	എന്നപോലെ,
മഹാബലാഃ	അതിശക്തന്മാരെന്നും	രാഘവേ	ശ്രീരാഘവങ്കൽ
പ്രോക്താഃ,	പറയപ്പെട്ടുവോ,	നിർവിഷാഃ.	വിഷപ്പല്ലുപോയവർ തന്നെ.
ഏതേ സർവ്വേ,	ഇവർ എല്ലാവരും,		

തസ്യ ജ്യാവിപ്രമുക്താസ്തേ ശരാഃ കാഞ്ചനഭൂഷണാഃ
ശരീരം വിധമിഷ്യന്തി ഗംഗാകൂലമിവോർമ്മയഃ. 7

"കാഞ്ചനഭൂഷണാഃ	"പൊന്നണിഞ്ഞവയും	തേ	നിന്റെ
ജ്യാവിപ്രമുക്താഃ	ഞാണിൽനിന്നു വിടപ്പെട്ടവയും ആയ	ശരീരം,	ശരീരത്തെ,
തസ്യ	അദ്ദേഹത്തിന്റെ	ഊർമ്മയഃ	പ്രവാഹങ്ങൾ
ശരാഃ,	ബാണങ്ങൾ,	ഗംഗാകൂലം	ഗംഗയുടെ കരയെ
		ഇവ,	എന്നവണ്ണം,
		വിധമിഷ്യന്തി.	ഉടയ്ക്കുവാൻ പോകുന്നു.

അസുരൈൎവ്വാ സുരൈൎവ്വാ ത്വം യദ്യവധ്യോഽസി രാവണ
ഉത്പാദ്യ സുമഹദ്വൈരം ജീവംസ്തസ്യ ന മോക്ഷ്യസേ. 8

"രാവണ!	"രാവണ!	തസ്യ	അദ്ദേഹത്തിന്റെ
അസുരൈഃ വാ	അസുരന്മാരാലും	സുമഹത്	അസഹ്യമായ
സുരൈഃ വാ	ദേവന്മാരാലും	വൈരം	ദ്വേഷത്തെ
ത്വം	നീ	ഉത്പാദ്യ	ഉൽപാദിപ്പിച്ച്
അവധ്യഃ അസി യദി,	കൊല്ലപ്പെട്ടവാൻ കഴിയാത്തവനെന്നിരുന്നാലും,	ജീവൻ	ജീവനോടുകൂടി
		ന മോക്ഷ്യസേ.	നീ വിട്ടൊഴിയുകയില്ല.

സ തേ ജീവിതശേഷസ്യ രാഘവോഽന്തകരോ ബലീ
പശോൎയ്യൂപഗതസ്യേവ ജീവിതം തവ ദുൎല്ലഭം. 9

"ജീവിതശേഷസ്യ	"ജീവിതത്തിന്റെ അററംകണ്ടിരിക്കുന്ന	യൂപഗതസ്യ	യാഗത്തിൽ യൂപസ്തംഭത്തിൽ കെട്ടിയിട്ട
തേ,	നിണക്ക്,	പശോഃ	പശുവിന്ന്
ബലീ	ബലശാലിയായ	ഇവ,	എന്നപോലെ,
സഃ	ആ	തവ	നിണക്ക്
രാഘവഃ	ശ്രീരാഘവൻതന്നെ	ജീവിതം	ജീവിച്ചിരിക്കുക എന്നത്
അന്തകരഃ;	മൃത്യു; [യാണ്	ദുൎല്ലഭം.	അസാദ്ധ്യംതന്നെ. [ത്

യദി പശ്യേത് സ രാമസ്ത്വാം രോഷദീപ്തേന ചക്ഷുഷാ
രക്ഷസ്ത്വമദ്യ നിൎദ്ദഗ്ദ്ധോ ഗച്ഛേഃ സദ്യഃ പരാഭവം. 10

"സഃ	"ആ	പശ്യേത് യദി,	നോക്കുമെങ്കിൽ,
രാമഃ,	ശ്രീരഘുനാഥൻ,	സദ്യഃ	തൽക്ഷണംതന്നെ
രോഷദീപ്തേന	കോപത്താൽ തുടുത്ത	രക്ഷഃ	രാക്ഷസനായ
ചക്ഷുഷാ	നേത്രത്താൽ	ത്വം	നീ
ത്വാം	നിന്നെ	നിൎദ്ദഗ്ദ്ധഃ	ദഹിക്കപ്പെട്ടവനായി
അദ്യ	ഇപ്പോൾ	പരാഭവം ഗച്ഛേഃ.	നശിച്ചുപോകുന്നതാണ്.

യശ്ചന്ദ്രം നഭസോ ഭൂമൌ പാതയേന്നാശയേത വാ
സാഗരം ശോഷയേദ്വാപി സ സീതാം മോചയേദിഹ. 11

"യഃ	"യാതൊരുവൻ	സാഗരം	സമുദ്രത്തേയും
നഭസഃ	ആകാശത്തിൽനിന്ന്	ശോഷയേത്,	വററിപ്പാൻ ശക്തനോ,
ചന്ദ്രം വാ	ചന്ദ്രനെയുംകൂടി	സഃ	അപ്രകാരമുള്ളവനായ അദ്ദേഹം
ഭൂമൌ പാതയേത്,	നിലത്ത് വീഴ്ത്തുവാൻ കഴിവുള്ളവനൊ,	സീതാം അപി	സീതയേയും
നാശയേത വാ,	അല്ലെന്നാൽ ഇല്ലാതാക്കുവാൻതന്നെ കഴിവുള്ളവനോ,	ഇഹ	ഇപ്പോൾ
		മോചയേത്.	മോചിപ്പിച്ചുകൊള്ളും.

ഗതായുസ്ത്വം ഗതശ്രീകോ ഗതസത്വോ ഗതേന്ദ്രിയഃ
ലങ്കാ വൈധവ്യസംയുക്താ ത്വത്കൃതേന ഭവിഷ്യതി. 12

“ ത്വം	“ നീ	ഗതേന്ദ്രിയഃ;	ശക്തിയററവൻ;
ഗതായുഃ;	ആയുസ്സൊടുങ്ങിയവൻ;	ത്വത്കൃതേന	നിൻെറകാരണമായി
ഗതശ്രീകഃ;	ലക്ഷ്മിയാൽ വെടിയപ്പെട്ടവൻ;	ലങ്കാ	ലങ്ക
ഗതസത്വഃ;	ഭാഗ്യംനശിച്ചവൻ;	വൈധവ്യസംയുക്താ	വിധവയായി
		ഭവിഷ്യതി.	തീരും.

ന തേ പാപമിദം കൎമ്മ സുഖോദൎക്കം ഭവിഷ്യതി
യാഽഹം നീതാ വിനാഭാവം പതിപാൎശ്വാത് ത്വയാ വനേ. 13

“ യാ അഹം	“ യാതൊരു ഞാൻ	നീതാ,	പ്രാപിക്കപ്പെട്ടുവോ, അപ്രകാരമുള്ള
വനേ	വനത്തിൽ	ഇദം	ഈ
പതിപാൎശ്വാത്	നാഥൻെറ അടുക്കൽനിന്ന്	പാപം കൎമ്മ	പാപകൃത്യം
വിനാഭാവം	പിരിഞ്ഞിരിക്കുക എന്ന അവസ്ഥയെ	തേ	നിണക്ക്
ത്വയാ	നിന്നാൽ	സുഖോദൎക്കം	നല്ലഫലത്തൊടുകൂടിയതായി
		ന ഭവിഷ്യതി.	ഇരിക്കയില്ല.

സ ഹി ദേവരസംയുക്തോ മമ ഭൎത്താ മഹാദ്യുതിഃ
നിൎഭയോ വീൎയ്യമാശ്രിത്യ ശൂന്യേ വസതി ദണ്ഡകേ. 14

“ മമ	“ എൻെറ	വീൎയ്യം	വീൎയ്യത്തെ
ഭൎത്താ	നാഥൻ	ആശ്രിത്യ,	അവലംബിച്ച്,
മഹാദ്യുതിഃ;	അപരിമിതവീൎയ്യശാലിയാകുന്നു;	ശൂന്യേ	ജനസഞ്ചാരമില്ലാത്ത
		ദണ്ഡകേ	ദണ്ഡകാരണ്യത്തിൽ
സഃ	അദ്ദേഹം	നിൎഭയഃ ഹി	കൂസലററവനായി
ദേവരസംയുക്തഃ	അനുജനോടുംകൂടി	വസതി.	വസിക്കുന്നു.

[“ ദേവരൻ ”, ഭൎത്താവിൻെറ സഹോദരൻ, എന്നു അൎത്ഥമാകുന്നു.]

സ തേ ദൎപ്പം ബലം വീൎയ്യമുത്സേകം ച തഥാവിധം
അപനേഷ്യതി ഗാത്രേഭ്യഃ ശരവൎഷേണ സംയുഗേ. 15

“ തേ	“ നിൻെറ	സംയുഗേ	പോരിൽ
ദൎപ്പം	അഹങ്കാരത്തേയും	ശരവൎഷേണ	ശരമാരിയാൽ
ബലം	കരുത്തിനെയും	ഗാത്രേഭ്യഃ	നിൻെറ അവയവങ്ങളിൽനിന്ന്,
വീൎയ്യം	വീൎയ്യത്തേയും		
തഥാവിധം	അപ്രകാരമുള്ളതായ		
ഉത്സേകം ച	അതിരുകവിഞ്ഞുള്ള അക്രമത്തെയും	സഃ	അദ്ദേഹം
		അപനേഷ്യതി.	വിലക്കും,

യദാ വിനാശോ ഭൂതാനാം ദൃശ്യതേ കാലചോദിതഃ
തദാ കാൎയ്യേ പ്രമാദ്യന്തി നരാഃ കാലവശം ഗതാഃ. 16

"ഭൂതാനാം	"പ്രാണികൾക്ക്	തദാ	അപ്പോൾ
കാലചോദിതഃ	വിധിവിഹിതമായ	കാലവശംഗതാഃ	മൃത്യുവശഗന്മാരായ
വിനാശഃ	മരണം	നരാഃ	ആളുകൾ
യദാ	എപ്പോൾ	കാൎയ്യേ	അവരുടെ പ്രവൃത്തി
ദൃശ്യതേ,	നേരുന്നുവോ,	പ്രമാദ്യന്തി.	തെററിനടക്കുന്നു.[യിൽ

മാം പ്രധൃഷ്യ സ തേ കാലഃ പ്രാപ്തോऽയം രാക്ഷസാധമ
ആത്മനോ രാക്ഷസാനാം ച വധായാന്തഃപുരസ്യ ച. 17

"രാക്ഷസാധമ!	"രാക്ഷസകീടമേ!	അന്തഃപുരസ്യ ച	അന്തഃപുരസ്ത്രീസമൂഹത്തിന്നും
മാം പ്രധൃഷ്യ ച,	എന്നെ തൊട്ടകാരണം	വധായ	നാശത്തിന്നായുള്ള
ആത്മനഃ	നിണക്കും	സഃ കാലഃ	ആ കാലം
രാക്ഷസാനാം	രാക്ഷസൎക്കും	അയം പ്രാപ്തഃ.	ഇതാ എത്തിക്കഴിഞ്ഞു.
തെ	നിന്റെ		

ഇദമന്തഃപുരം രമ്യം രത്നസ്ഥാപിതമീദൃശം
രാമബാണാനലഃ സൎവ്വം ദഗ്ദ്ധം തവ കരിഷ്യതി. 18

"ഈദൃശം	"ഇപ്രകാരം	അന്തഃപുരം	അന്തഃപുരത്തെ
രത്നസ്ഥാപിതം	രത്നഖചിതമായി	സൎവ്വം	മുഴുവനും
രമ്യം	ഭംഗിയേറിയതായി	രാമബാണാനലഃ	ശ്രീരാമശരാഗ്നി
തവ	നിന്റെ	ദഗ്ദ്ധം കരിഷ്യതി.	ചുട്ടുവെണ്ണീറാക്കിക്കളയും.
ഇദം	ഈ		

ന ശക്യാ യജ്ഞമദ്ധ്യസ്ഥാ വേദിഃ സ്രുഗ്ഭാണ്ഡമണ്ഡിതാ
ദ്വിജാതിമന്ത്രപൂതാ ച ചണ്ഡാലേനാവമൎദ്ദിതും. 19

"യജ്ഞമദ്ധ്യസ്ഥാ	"യാഗശാലയുടെ നടുവിൽ സ്ഥാപിക്കപ്പെട്ടതും	ദ്വിജാതിമന്ത്രപൂതാ ച	ബ്രാഹ്മണരുടെ വേദഘോഷത്താൽ പരിപാവനമായിരിക്കുന്ന
		വേദിഃ,	മണ്ഡപം, [തും ആയ
സ്രുഗ്ഭാണ്ഡമണ്ഡിതാ	യാഗപാത്രങ്ങൾ നിറഞ്ഞുള്ളതും	ചണ്ഡാലേന	ഒരു ചണ്ഡാലനാൽ
		അവമൎദ്ദിതും ന ശക്യാ.	ചവിട്ടപ്പെടാവുന്നതല്ല.

തഥാऽഹം ധൎമ്മനിത്യസ്യ ധൎമ്മപത്നീ പതിവ്രതാ
ത്വയാ സ്പ്രഷ്ടും ന ശക്യാऽസ്മി രാക്ഷസാധമ പാപിനാ. 20

"രാക്ഷസാധമ!	"നീചരാക്ഷസ!	പതിവ്രതാ	പതിവ്രതയും ആയ
തഥാ	അപ്രകാരംതന്നെ	അഹം,	ഞാൻ,
ധൎമ്മനിത്യസ്യ	ധൎമ്മത്തിൽനിന്നു വ്യതിചലിക്കാത്ത അദ്ദേഹത്തിന്റെ	പാപിനാ	പാപിഷ്ഠനായ
		ത്വയാ	നിന്നാൽ
		സ്പ്രഷ്ടും	തീണ്ടുവാൻ [കുന്നു.
ധൎമ്മപത്നീ	ധൎമ്മപത്നിയും	ന ശക്യാ അസ്മി.	കഴിയപ്പെടാത്തവളാ-

ക്രീഡന്തീ രാജഹംസേന പദ്മഷണ്ഡേഷു നിത്യദാ
ഹംസീ സാ തൃണഷണ്ഡസ്ഥം കഥം പശ്യേത മദ്ഗുകം. 21

"നിത്യദാ	"എപ്പോഴും	ഹംസീ,	ഹംസപ്പേട,
പദ്മഷണ്ഡേഷു	താമരകൾ നിറഞ്ഞ പൊയ്കകളിൽ	തൃണഷണ്ഡസ്ഥം	പുല്ലുനിറഞ്ഞ ചേററിലുള്ള
രാജഹംസേന	രാജഹംസവുമായി	മദ്ഗുകം	നീർകാക്കയെ
ക്രീഡന്തീ	ക്രീഡിച്ചുകൊണ്ടിരിക്കുന്ന	കഥം പശ്യേത?	എങ്ങിനെ തിരിഞ്ഞുനോക്കും?
സാ	ആ		

ഇദം ശരീരം നിഃസംജ്ഞം ബന്ധ വാ ഖാദയസ്വ വാ
നേദം ശരീരം രക്ഷിഷ്യേ ജീവിതം ചാപി രാക്ഷസ. 22

"രാക്ഷസ!	"രാക്ഷസ!	ഖാദയസ്വ വാ;	കടിച്ചുതിന്നാലും ശരി;
നിഃസംജ്ഞം	ചിത്തത്തെ അദ്ദേഹത്തിൽ അർപ്പിക്കയാൽ ജഡപ്രായമായിരിക്കുന്ന	ജീവിതം	ജീവനെ
		ന രക്ഷിഷ്യേ;	ഞാൻ വെച്ചുകൊണ്ടിരിക്കയില്ല;
ഇദം	ഈ	ഇദം	ഈ
ശരീരം	ശരീരത്തെ	ശരീരം	ശരീരത്തെക്കൊണ്ട്
ബന്ധ വാ	ബന്ധിച്ചാലും ശരി	അപി ച?	എനിക്ക് ആവേണ്ടതെന്ത്?

ന തു ശക്ഷ്യാമ്യുപക്രോശം പൃഥിവ്യാം ദാതുമാത്മനഃ. 23

"പൃഥിവ്യാം	"ലോകത്തിൽ	ഉപക്രോശം ദാതും	ദുഷ്പേരുവരുത്തുവാൻ
ആത്മനഃ തു	എനിക്ക്	ന ശക്ഷ്യാമി."	ഞാൻ സമ്മതിക്കയില്ല."

ഏവമുക്ത്വാ തു വൈദേഹീ ക്രോധാത് സുപരുഷം വചഃ
രാവണം മൈഥിലീ തത്ര പുനന്നോവാച കിംചന. 24

മൈഥിലീ	മിഥിലാധിപ പുത്രിയായ	വചഃ	വാക്യത്തെ
		തത്ര	ആ സമയം
വൈദേഹീ	സീതാദേവി	ഏവം	മേൽപ്രകാരം
രാവണം	രാവണനോടായി	ഉക്ത്വാ	ഉരചെയ്തശേഷം,
തു	ഇക്കാര്യത്തിൽ	പുനഃ	പിന്നെ
ക്രോധാത്	കോപത്താൽ	കിംചന	യാതൊന്നും
സുപരുഷം	ധൃഷ്ടമായ	ഉവാച ന.	മിണ്ടിയതേയില്ല.

സീതായാ വചനം ശ്രുത്വാ പരുഷം രോമഹർഷണം
പ്രത്യുവാച തതഃ സീതാം ഭയസന്ദർശനം വചഃ. 25

രോമഹർഷണം	രോമാഞ്ചമുണ്ടാക്കുമാറ്	തതഃ	അതിൽപിന്നെ
പരുഷം	കഠിനമായുള്ള	സീതാം	ജാനകീദേവിയെനോക്കി
സീതായാഃ	സീതാദേവിയുടെ	ഭയസന്ദർശനം	ഭയങ്കരമായ
വചനം	വാക്ക	വചഃ	ഈ വാക്യത്തെ
ശ്രുത്വാ,	കേട്ട്	പ്രത്യുവാച.	മറുപടിയുരച്ചു.

ശൃണു മൈഥിലി മദ്വാക്യം മാസാൻ ദ്വാദശ ഭാമിനി
കാലേനാനേന നാഭ്യേഷി യദി മാം ചാരുഹാസിനി
തതസ്ത്വാം പ്രാതരാശാൎത്ഥം സൂദാശ്ഛേത്സ്യന്തി ലേശശഃ 26

"മൈഥിലി!	"സീതേ!	ചാരുഹാസിനി!	മനസ്സിനെ കവരുമാറ് പുഞ്ചിരിതൂകുന്നവളേ!
മദ്വാക്യം	എന്റെ വാക്യത്തിന്നു,	തതഃ	അതിൽപിന്നെ
ദ്വാദശ	പന്ത്രണ്ടു	ത്വാം	നിന്നെ
മാസാൻ	മാസങ്ങൾക്കകം	പ്രാതരാശാൎത്ഥം	പ്രാതലിന്നായി
ശൃണു;	വഴിപ്പെട്ടുകൊൾക;	സൂദാഃ	പാചകന്മാർ
ഭാമിനി!	സുന്ദരി!	ലേശശഃ	തുണ്ടുതുണ്ടായി
അനേന കാലേന	ഇതിന്നുള്ളിൽ	ഛേത്സ്യന്തി."	വെട്ടിക്കളയുന്നതാണ്."
മാം	എന്നെ		
ന അഭ്യേഷി യദി,	നീ കയ്യേറ്റുകൊള്ളാതിരിക്കുന്നുവെങ്കിൽ,		

["ദശമാസാത് പരം സീതേ യദി മാം ന ഭജിഷ്യസി-തദാ ഹന്മി" എന്നു പാദ്മപുരാണത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും, ദ്വാദശമാസാവധിക്കുശേഷം രണ്ടുമാസം കഴിഞ്ഞു പറയാവുന്ന വാക്കാകയാൽ ഇതുവുമായി വിരുദ്ധമില്ലെന്നു തിലകം.]

ഇത്യുക്ത്വാ പരുഷം വാക്യം രാവണഃ ശത്രുരാവണഃ
രാക്ഷസീശ്ച തതഃ ക്രുദ്ധ ഇദം വചനമബ്രവീത്. 27

ശത്രുരാവണഃ	ശത്രുക്കളെ കരയിക്കുന്നവനായ	ഉക്ത്വാ,	പറഞ്ഞ്,
രാവണഃ	രാവണൻ	തതഃ	അതിൽപിന്നെ
ക്രുദ്ധഃ	ചൊടിച്ച്	രാക്ഷസീഃ ച	രാക്ഷസികളോടായും
പരുഷം	ക്രൂരമായ	ഇദം	ഇങ്ങിനെ
വാക്യം	വാക്യത്തെ	വചനം അബ്രവീത്.	ആജ്ഞാപിച്ചു.
ഇതി	ഇപ്രകാരം		

ശീഘ്രമേവ ഹി രാക്ഷസ്യോ വികൃതാ ഘോരദൎശനാഃ
ദൎപ്പമസ്യാ വിനേഷ്യധ്വം മാംസശോണിതഭോജനാഃ 28

"മാംസശോണിതഭോജനാഃ	"ചോരയും മാംസവും ഭുജിച്ചു	രാക്ഷസ്യഃ!	രാക്ഷസികളേ!
ഘോരദൎശനാഃ	കാണ്മാൻ ഭയങ്കരകളായി	ശീഘ്രം ഏവ	താമസിയാതെതന്നെ
വികൃതാഃ	ഉഗ്രരൂപം കയ്ക്കൊണ്ടവരായ	അസ്യാഃ ഹി	ഇവളുടെയും
		ദൎപ്പം	ഗൎവ്വത്തെ
		വിനേഷ്യധ്വം."	നിങ്ങൾ അടക്കുവിൻ."

വചനാദേവ താസ്തസ്യ സുഘോരാ രാക്ഷസീഗണാഃ
കൃതപ്രാഞ്ജലയോ ഭൂത്വാ മൈഥിലീം പൎയ്യവാരയൻ. 29

സുഘോരാഃ	അതിഭയങ്കരകളായ	തസ്യ	അവന്റെ
താഃ	ആ	വചനാത് ഏവ	ആജ്ഞ കയ്ക്കൊണ്ടുതന്നെ
രാക്ഷസീഗണാഃ	രാക്ഷസീസംഘങ്ങൾ	മൈഥിലീം	മൈഥിലിയെ
കൃതപ്രാഞ്ജലയഃ ഭൂത്വാ	കൈകൾ കൂപ്പിക്കൊണ്ട്	പൎയ്യവാരയൻ.	വളഞ്ഞു.

സ താഃ പ്രോവാച രാജാ തു രാവണോ ഘോരദൎശനഃ
പ്രചാല്യ ചരണോത്കൎഷൈൎദ്ദാരയന്നിവ മേദിനീം. 30

സഃ	ആ	മേദിനീം	ഭൂമിയെ
ഘോരദൎശനഃ	ഭയങ്കരരൂപിയായ	ദാരയൻ ഇവ	പിളൎക്കുമാറു്
രാജാ രാവണഃ,	രാജാവായ രാവണൻ,	താഃ	അവരോടായി
പ്രചാല്യ	എഴുന്നീറ്റു്,	തു	ഇപ്രകാരവും
ചരണോത്കൎഷൈഃ	അടിവെയ്പുകൾ കൊണ്ടു്	പ്രോവാച.	ആജ്ഞാപിച്ചു.

അശോകവനികാമദ്ധ്യേ മൈഥിലീ നീയതാമിയം
തത്രേയം രക്ഷ്യതാം ഗൂഢം യുഷ്മാഭിഃ പരിവാരിതാ. 31

"ഇയം	"ഈ	ഇയം	ഇവൾ
മൈഥിലീ	സീത	തത്ര	അവിടെ
അശോകവനികാമദ്ധ്യേ	അശോകവനികാമദ്ധ്യത്തിൽ	യുഷ്മാഭിഃ	നിങ്ങളാൽ
		പരിവാരിതാ	ചൂഴപ്പെട്ടവളായി
നീയതാം;	കൊണ്ടുപോയ് വെക്കപ്പെടട്ടെ;	ഗൂഢം	ഗൂഢമായി
		രക്ഷ്യതാം.	കാക്കപ്പെടട്ടെ.

തത്രൈനാം തൎജ്ജനൈൎഘോരൈഃ പുനഃ സാന്ത്വൈശ്ച മൈഥിലീം
ആനയധ്വം വശം സൎവ്വാ വന്യാം ഗജവധൂമിവ. 32

"വന്യാം	"കാട്ടിലുള്ള	സാന്ത്വൈഃ ച	സാന്ത്വനങ്ങൾകൊണ്ടും
ഗജവധൂം ഇവ,	പിടിയാനയെ എന്നപോലെ,	ഏനാം	ഈ
തത്ര	അവിടെ	മൈഥിലീം	സീതയെ
പുനഃ,	ഇനിമേലും,	സൎവ്വാഃ	എല്ലാവരും
ഘോരൈഃ	രൂക്ഷമായ	വശം ആനയധ്വം."	വഴിപ്പെടുത്തുവിൻ."
തൎജ്ജനൈഃ	ഭീഷണിവാക്കുകൾ കൊണ്ടും		

ഇതി പ്രതിസമാദിഷ്ടാ രാക്ഷസ്യോ രാവണേന താഃ
അശോകവനികാം ജഗ്മുൎമ്മൈഥിലീം പ്രതിഗൃഹ്യ തു. 33
സൎവ്വകാമഫലൈൎവൃക്ഷൈഃ നാനാപുഷ്പഫലൈൎവൃതാം
സൎവ്വകാലമദൈശ്ചാപി ദ്വിജൈഃ സമുപസേവിതാം. 34

സൎവ്വകാമഫലൈഃ	വേണ്ടുന്ന എല്ലാപഴങ്ങളോടും	അശോകവനികാം,	അശോകവനത്തിലേക്കു്,
നാനാപുഷ്പഫലൈഃ	പലപല പൂവും കായും ഉള്ളവയും ആയ	രാവണേന	രാവണനാൽ
		ഇതി	മേൽപ്രകാരം
വൃക്ഷൈഃ	വൃക്ഷങ്ങളാൽ	പ്രതിസമാദിഷ്ടാഃ	ആജ്ഞാപിക്കപ്പെട്ടവരായ
വൃതാം ച,	നിറയപ്പെട്ടതും,		
സൎവ്വകാലമദൈഃ	എന്നും മദിച്ച	താഃ രാക്ഷസ്യഃ,	ആ രാക്ഷസിമാർ,
ദ്വിജൈഃ	പക്ഷികളാൽ	മൈഥിലീം	മൈഥിലിയേയും
സമുപസേവിതാം അപി	ധാരാളം സേവിക്കപ്പെട്ടതും ആയ	പ്രതിഗൃഹ്യ തു	എടുത്തുകൊണ്ടുതന്നെ
		ജഗ്മുഃ.	ചെന്നു.

സാ തു ശോകപരീതാംഗീ മൈഥിലീ ജനകാത്മജാ
രാക്ഷസീവശമാപന്നാ വ്യാഘ്രീണാം ഹരിണീ യഥാ. 35

വ്യാഘ്രീണാം	പുലികൾക്കിടയിൽ	ശോകപരീതാംഗീ	അത്തലാൽ ചിത്തം തപിക്കുന്നവളായി
ഹരിണീ യഥാ	മാൻപേടയെന്നപോലെ	രാക്ഷസീവശം	രാക്ഷസികളുടെ വശത്തിൽ
സാ	ആ	ആപന്നാ.	അകപ്പെട്ടവളായ് ഭവിച്ചു.
ജനകാത്മജാ	ജനകനന്ദിനിയായ		
മൈഥിലീ തു,	സീതാദേവിയും,		

ശോകേന മഹതാ ഗ്രസ്താ മൈഥിലീ ജനകാത്മജാ
ന ശൎമ്മ ലഭതേ ഭീരുഃ പാശബദ്ധാ മൃഗീ യഥാ 36

ജനകാത്മജാ	ജനകസുതയായ	ശോകേന	ദുഃഖത്താൽ
മൈഥിലീ	സീതാദേവി	ഗ്രസ്താ	പീഡിതയായി
പാശബദ്ധാ	വലയിലകപ്പെട്ട	ഭീരുഃ	നടുങ്ങിയവളായി
മൃഗീ യഥാ,	മാൻപേടയെന്നവണ്ണം	ശൎമ്മ	ആപന്നിവാരണമാൎഗ്ഗത്തെയൊന്നും
മഹതാ	അതിയായ	ന ലഭതേ.	കണ്ടില്ല.

ന വിന്ദതേ തത്ര തു ശൎമ്മ മൈഥിലീ
വിരൂപനേത്രാഭിരതീവതൎജ്ജിതാ
പതിം സ്മരന്തീ ദയിതം സലക്ഷ്മണം
വിചേതനാഽഭൂദ് ഭയശോകപീഡിതാ. 37

തത്ര	ആ സമയം	ന വിന്ദതേ;	കേൾക്കുന്നില്ല;
മൈഥിലീ,	മൈഥിലി,	ഭയശോകപീഡിതാ	ഭയത്താലും ശോകത്താലും പീഡിക്കപ്പെട്ടവളായ അവൾ
വിരൂപനേത്രാഭിഃ	ഉരുട്ടിമിഴിക്കുന്ന ഭയങ്കരനേത്രകളായ അവരാൽ	സലക്ഷ്മണം	ലക്ഷ്മണസഹിതനായ
അതീവ	ഏററവും	ദയിതം	പ്രിയപ്പെട്ട
തൎജ്ജിതാ	ഭീഷണിപ്പെടുത്തപ്പെട്ടവളായി	പതിം	കാന്തനെ
ശൎമ്മ തു	ഒരു സമാധാനവാക്കപോലും	സ്മരന്തീ	സ്മരിക്കുന്നവളായി
		വിചേതനാ	മറെറാന്നും അറിയാത്തവളായി
		അഭൂത്.	വൎത്തിച്ചു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ഷട്പഞ്ചാശഃ സൎഗ്ഗഃ = അമ്പത്താറാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 8631; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1919

സപ്തപഞ്ചാശഃ സർഗ്ഗഃ = അമ്പത്തേഴാംസർഗ്ഗം.

[ദുർന്നിമിത്തദർശനം = ശ്രീരാമൻ ദുശ്ശകുനങ്ങൾ കാണുന്നതു്.]

രാക്ഷസം മൃഗരൂപേണ ചരന്തം കാമരൂപിണം
നിഹത്യ രാമോ മാരീചം തൂർണ്ണം പഥി നിവർത്തതേ. 1

രാമഃ	ശ്രീരാമൻ	മാരീചം	മാരീചനെ
കാമരൂപിണം	വിചാരിച്ചരൂപം കയ്യൊള്ളുന്നവനും	നിഹത്യ,	കൊന്നശേഷം,
		തൂർണ്ണം	ബദ്ധപ്പെട്ടുകൊണ്ടു്
മൃഗരൂപേണ	മാൻവടിവു കയ്ക്കൊണ്ടു്	പഥി	വഴിയിൽ
ചരന്തം	ചുററുന്നവനുംആയ	നിവർത്തതേ.	തിരിയെവന്നുകൊണ്ടിരുന്നു.
രാക്ഷസം	രാക്ഷസനായ		

56-ാംസർഗ്ഗത്തിന്നുശേഷം പ്രക്ഷിപ്തമായ ഈ ഒരു സർഗ്ഗംകൂടി ചിലഗ്രന്ഥങ്ങളിൽ കാണപ്പെടുന്നുണ്ടു്.

പ്രവേശിതായാം സീതായാം ലങ്കാം പ്രതി പിതാമഹഃ
തദാ പ്രോവാച ദേവേന്ദ്രം പരിതുഷ്ടം ശതക്രതും
ത്രൈലോക്യസ്യ ഹിതാർത്ഥായ രക്ഷസാമഹിതായ ച. 1
ലങ്കാം പ്രവേശിതാ സീതാ രാവണേന ദുരാത്മനാ
പതിവ്രതാ മഹാഭാഗാ നിത്യം ചൈവ സുഖൈധിതാ. 2
അപശ്യന്തീ ച ഭർത്താരം പശ്യന്തീ രാക്ഷസീജനം
രാക്ഷസീഭിഃ പരിവൃതാ ഭർത്തൃദർശനലാലസാ. 3
നിവിഷ്ടാ ഹി പുരീ ലങ്കാ തീരേ നദനദീപതേഃ
കഥം ജ്ഞാസ്യതി താം രാമസ്തത്രസ്ഥാം താമനിന്ദിതാം 4
ദുഃഖം സഞ്ചിന്തയന്തീ സാ ബഹുശഃ പരിദുർബ്ബലാ
പ്രാണയാത്രാമകുർവ്വാണാ പ്രാണാംസ്ത്യക്ഷ്യത്യസംശയം 5
സ ഭൂയഃ സംശയോ ജാതഃ സീതായാഃ പ്രാണസംക്ഷയേ
സ ത്വം ശീഘ്രമിതോ ഗത്വാ സീതാം പശ്യ ശുഭാനനാം
പ്രവിശ്യ നഗരീം ലങ്കാം പ്രയച്ഛ ഹവിരുത്തമം 6

സീതാദേവി ലങ്കയിൽ പ്രവേശിപ്പിക്കപ്പെട്ട സമയം, അപ്പോൾ അതിനാൽ പ്രീതിപൂണ്ടവനായ ഇന്ദ്രനോടായി, ത്രൈലോക്യക്ഷേമാർത്ഥമായും രാക്ഷസരുടെ വിനാശത്തിന്നായും ബ്രഹ്മാവ് ഇപ്രകാരം അരുളിച്ചെയ്തു. "മഹാഭാഗ്യവതിയും, പതിവ്രതയും, എന്നും സുഖമായി വളർത്തപ്പെട്ടവളും ആയ സീതാദേവി, ദുഷ്ടനായ രാവണനാൽ ലങ്കാപുരത്തിൽ കൊണ്ടുപോയി വെക്കപ്പെട്ടിരിക്കുന്നു. "ഭർത്താവിനെ കാണാത്തവളായി, രാക്ഷസികളാൽ ചൂഴപ്പെട്ടവളായി, രാക്ഷസികളെ മാത്രം കാണുന്നവളായി, ഭർത്താവിനെ കാണുമോ എന്നുള്ള കൊതിയോടുകൂടി വർത്തിക്കുന്നു. "ലങ്കാപുരമാകട്ടെ സമുദ്രത്തിന്റെ അക്കരയിലാണിരിക്കുന്നത്. പതിവ്രതാരത്നമായ അവളെ ശ്രീരാമൻ അവിടെ വർത്തിക്കുന്നവളെന്ന് എങ്ങിനെ അറിയും? "ദുഃഖത്തെ സദാ ചിന്തിച്ചുകൊണ്ടിരിക്കുന്നവളായി, ജീവസന്ധാരണ വിഷയത്തിൽ വെറുപ്പോടുകൂടിയവളായി, അതിനെ ചെയ്യാതെ, നിശ്ചയമായും പ്രാണങ്ങളെ ത്യജിച്ചുകളയും. "സീതയുടെ ജീവൻ നിലനില്ക്കുമോ എന്നുള്ള കാര്യത്തിൽ ഇപ്രകാരമുള്ളവലുതായ സംശയം ഉളവായിരിക്കുന്നു.

തസ്യ സംത്വരമാണസ്യ ദ്രഷ്ടുകാമസ്യ മൈഥിലീം
ക്രൂരസ്വരോഽഥ ഗോമായുൎവ്വിനനാദാസ്യ പൃഷ്ഠതഃ. 2

മൈഥിലീം	മൈഥിലിയെ	അസ്യ	ഇദ്ദേഹത്തിന്റെ
ദ്രഷ്ടുകാമസ്യ	കാണ്മാനാഗ്രഹിച്ചവനായി	പൃഷ്ഠതഃ	പിൻഭാഗത്തിൽ
		അഥ	ആ സമയം
തസ്യ	അദ്ദേഹം	ഗോമായുഃ	ഒരു കുറുക്കൻ
സംത്വരമാണസ്യ,	ബദ്ധപ്പെട്ടുവന്നുകൊണ്ടിരിക്കുമ്പോൾ,	ക്രൂരസ്വരഃ	അപസ്വരമായി
		വിനനാദ.	ഓരിയിട്ടു.

ഏവമുക്തോഽഥ ദേവേന്ദ്രഃ പുരീം രാവണപാലിതാം
ആഗച്ഛന്നിദ്രയാ സാൎദ്ധം ഭഗവാൻ പാകശാസനഃ
നിദ്രാം ചോവാച ഗച്ഛ ത്വം രാക്ഷസാൻ സംപ്രമോഹയ 7
സാ തഥോക്താ മഘവതാ ദേവീ പരമഹൎഷിതാ
ദേവകാൎയ്യാൎത്ഥസിദ്ധ്യൎത്ഥം പ്രാമോഹയത രാക്ഷസാൻ 8
ഏതസ്മിന്നന്തരേ ദേവഃ സഹസ്രാക്ഷഃ ശചീപതിഃ
ആസസാദ വനസ്ഥാം താം വചനം ചേദമബ്രവീത് 9
ദേവരാജോഽസ്മി ഭദ്രം തേ ഇഹ ചാസ്മി ശുചിസ്മിതേ
അഹം ത്വാം കാൎയ്യസിദ്ധ്യൎത്ഥം രാഘവസ്യ മഹാത്മനഃ 10
സാഹായ്യം കല്പയിഷ്യാമി മാ ശുചഃ ജനകാത്മജേ 11
മത്പ്രസാദാത് സമുദ്രം സ തരിഷ്യതി ബലൈഃ സഹ
മയൈവേഹ ച രാക്ഷസ്യോ മായയാ മോഹിതാഃ ശുഭേ 12
തസ്മാദന്നമിദം സീതേ ഹവിഷ്യാന്നമഹം സ്വകം
സ ത്വാം സംഗൃഹ്യ വൈദേഹി ആഗതഃ സഹ നിദ്രയാ 13

അപ്രകാരമുള്ള ഭവാൻ വേഗത്തിൽ ഇവിടെനിന്നും പുറപ്പെട്ട് ലങ്കാപുരത്തിൽ പ്രവേശിച്ച് ചാരുവദനയായ സീതാദേവിയെ ചെന്നു കണ്ടാലും, ശ്രേഷ്ഠമായുള്ള ഹവിസ്സിനെ നൽകിയാലും." ഇപ്രകാരം ആജ്ഞാപിക്കപ്പെട്ട പാകവൈരിയായ ദേവേന്ദ്രൻ, നിദ്രാദേവിയോടുംകൂടി രാവണനാൽ പരിപാലിക്കപ്പെട്ട പുരിയിൽ പ്രവേശിച്ചു. "ഭവതി ചെന്ന് രാക്ഷസന്മാരെ ഗാഢനിദ്രയിൽ ആക്കിയാലും," എന്നും പറഞ്ഞു. ഇന്ദ്രനാൽ അപ്രകാരം ആജ്ഞാപിക്കപ്പെട്ടവളായ ആ ദേവി, അതിസന്തുഷ്ടയായി ദേവകാൎയ്യം സാധിപ്പാൻവേണ്ടി രാക്ഷസന്മാരെ ഗാഢനിദ്രയിൽ മോഹിപ്പിച്ചു. ഈ തക്കത്തിൽ, സഹസ്രാക്ഷനും ശചീകാന്തനും ആയ ഇന്ദ്രൻ വനത്തിൽ വൎത്തിക്കുന്നവളായ ആ സീതാദേവിയെ സമീപിച്ച് ഇപ്രകാരം ഉണൎത്തിച്ചു. "ചാരുസ്മിതമുഖി! ഭവതിക്ക് നന്മയുണ്ടാകട്ടെ! ഈ വന്നിരിക്കുന്ന ഞാൻ ദേവരാജാവാകുന്നു. ഞാൻ മഹാത്മാവായ ശ്രീരാഘവന്റെ കാൎയ്യസിദ്ധിക്കായി നിന്തിരുവടിക്ക് വേണ്ടത്തക്കസഹായം ചെയ്യുന്നുണ്ട്. ഹേ ജനകനന്ദിനി! ദുഃഖിക്കാതിരുന്നാലും. "എന്റെ പ്രസാദത്താൽ അദ്ദേഹം സേനയോടുംകൂടി സമുദ്രത്തെ തരണം ചെയ്യും. ശോഭനേ! ഇവിടെയുള്ള രാക്ഷസികൾ എന്നാൽ മായകൊണ്ട് മോഹിപ്പിക്കപ്പെട്ടിരിക്കുന്നു. "ആകയാൽ എന്റെ സ്വന്തം ഹവിൎഭാഗമായുള്ള ഈ അന്നത്തെ ഭവതിക്കായി എടുത്തുംകൊണ്ട്, നിദ്രാഭഗ

സ തസ്യ സ്വരമാജ്ഞായ ദാരുണം രോമഹർഷണം
ചിന്തയാമാസ ഗോമായോഃ സ്വരേണ പരിശങ്കിതഃ 3

സഃ.	അദ്ദേഹം,	സ്വരം	ഓരി
രോമഹർഷണം	രോമാഞ്ചമുണ്ടാക്കുമാറ്	ആജ്ഞായ,	കേട്ട്,
ദാരുണം	കർണ്ണാരുന്തുദമായിരുന്ന	സ്വരേണ	ആ ഒച്ചകൊണ്ട്
തസ്യ	ആ	പരിശങ്കിതഃ	ഉള്ളംനടുങ്ങിയവനായി
ഗോമായോഃ	കുറുക്കൻെറ	ചിന്തയാമാസ.	വിചാരപ്പെട്ടു.

ഏതദത്സ്യസി മദ്ധ്യസ്ഥാന്ന ത്വാം ബാധിഷ്യതേ ശുഭേ
ക്ഷുധാ തൃഷാ ച രംഭോരു വർഷാണാമയുതൈരപി 14
ഏവമുക്താ തു ദേവേന്ദ്രമുവാച പരിശങ്കിതാ
കഥം ജാനാമി ദേവേന്ദ്രം ത്വാമിഹസ്ഥം ശചീപതിം 15
ദേവലിംഗാനി ദൃഷ്ടാനി രാമലക്ഷ്മണസന്നിധൌ
താനി ദർശയ ദേവേന്ദ്ര യദി ത്വം ദേവരാട് സ്വയം 16
സീതായാ വചനം ശ്രുത്വാ തഥാ ചക്രേ ശചീപതിഃ 17
പൃഥിവീ നാസ്പൃശത് പദ്ഭ്യാമനിമേഷേക്ഷണാനി ച
അരജോഽംബരധാരീ ച ന മ്ലാനകുസുമസ്തഥാ 18
തം ജ്ഞാത്വാ ലക്ഷണൈഃ സീതാ വാസവം പരിഹർഷിതാ
ഉവാച വാക്യം രുദതീ ഭഗവദ്രാഘവം പ്രതി 19
സഹ ഭ്രാത്രാ മഹാബാഹുർദ്ദിഷ്ട്യാ മേ ശ്രുതിമാഗതഃ 20
യഥാ മേ ശ്വശുരോ രാജാ യഥാ ച മിഥിലാധിപഃ
തഥാ ത്വാമദ്യ പശ്യാമി സനാഥോ മേ പതിസ്ത്വയാ 21

വതിഃയോടുംകൂടി ഞാൻ ഇങ്ങു വന്നിരിക്കയാണ്. "ഹേ ശോഭനയായ രംഭോരു! ഇതിനെ ഭവതി ഭുജിച്ചാലും. അസംഖ്യം സംവത്സരങ്ങൾ ആയാലുംകൂടി, വിശപ്പോ ദാഹമോ ഭവതിയെ ബാധിക്കയില്ല. ആ സമയം ഇപ്രകാരം ഉരചെയ്യപ്പെട്ടവളായ അവൾ ശങ്കപൂണ്ട് ഇന്ദ്രനോടായി ഉരചെയ്തു—"ഇങ്ങ് വന്നിരിക്കുന്ന ഭവാനെ ശചീകാന്തനായ ദേവേന്ദ്രൻതന്നെയെന്ന് ഞാനറിയുന്നതെങ്ങിനെ? "ഹേ ദേവേന്ദ്ര! അങ്ങ് വാസ്തവത്തിൽ ദേവരാജാവാണെന്നാൽ (അഗസ്ത്യാശ്രമത്തിൽ) ശ്രീരാമലക്ഷ്മണന്മാരുടെ സന്നിധിയിൽവെച്ച് കാണപ്പെട്ടവയായ ആ ദേവചിഹ്നങ്ങളെ കാട്ടിത്തരിക." സീതാദേവിയുടെ വാക്കുകേട്ട് ഇന്ദ്രൻ അപ്രകാരം ചെയ്തു. പാദങ്ങൾകൊണ്ട് ഭൂമിയെ സ്പർശിക്കാതിരുന്നു; കൺപോളകൂട്ടാത്ത നേത്രങ്ങളോടുകൂടിയവനായി, ശുഭ്രമായ പട്ടുവസ്ത്രം ധരിച്ചവനായി, വാടാത്ത പൂമാലയണിഞ്ഞവനായും ഭവിച്ചു. ലക്ഷണങ്ങളാൽ അദ്ദേഹത്തെ ഇന്ദ്രനെന്നറിഞ്ഞ് സന്തുഷ്ടയായ സീതാദേവി ഭഗവാനായ ശ്രീരാഘവനെ ഓർത്ത് ദുഃഖിക്കുന്നവളായി ഇങ്ങിനെ ഉരചെയ്തു. "അനുജനോടുംകൂടിയ മഹാബാഹുവായ അദ്ദേഹം എനിക്ക് ശ്രുതിവിഷയമായി ഭവിച്ചത് എൻെറ ഭാഗ്യംതന്നെ. "എൻെറ ശ്വശുരനായ ദശരഥമഹാരാജാവും, മിഥിലാധിപനായ എൻെറ പിതാവും, എനിക്ക് എപ്രകാരമോ, അപ്രകാരം അങ്ങയെ ഇപ്പോൾ ഞാൻ സന്ദർശിക്കുന്നു. അങ്ങയുടെ കാരണം എൻെറ നാഥൻ സഹായയുക്തനായി ഭവിച്ചു. "ദേവേന്ദ്ര! അങ്ങ

അശുഭം ബത മന്യേऽഹം ഗോമായുൎവാശ്യതേ യഥാ
സ്വസ്തി സ്യാദപി വൈദേഹ്യാ രാക്ഷസൈൎഭക്ഷണം വിനാ. 4

"ഗോമായുഃ	"കുറുക്കൻ	അഥ	ഇപ്പോൾ
ബത	എന്താണിങ്ങിനെ	വൈദേഹ്യാഃ	സീതാദേവിക്ക്
വാശ്യതേ!	ഓരിയിടുന്നത്!	രാക്ഷസൈഃ	രാക്ഷസരാൽ
യഥാ	അതുകൊണ്ട്	ഭക്ഷണം വിനാ	ഭക്ഷിക്കപ്പെടാതിരിക്കമാറ്
അശുഭം	ആപത്തുണ്ടെന്ന്		
അഹം	ഞാൻ	സ്വസ്തി	ക്ഷേമം
മന്യേ;	വിചാരിക്കുന്നു;	സ്യാത്.	ഉണ്ടാകട്ടെ.

തവാജ്ഞായാ ച ദേവേന്ദ്ര പയോഭൂതമിദം ഹവിഃ
അശിഷ്യാമി ത്വയാ ദത്തം രഘൂണാം കുലവൎദ്ധനം 22
ഇന്ദ്രഹസ്താദ്ഗൃഹീത്വാ തത് പായസം സാ ശുചിസ്മിതാ
ന്യവേദയത ഭൎത്രേ സാ ലക്ഷ്മണായ ച മൈഥിലീ 23
യദി ജീവതി മേ ഭൎത്താ സഹഭ്രാത്രാ മഹാബലഃ
ഇദമസ്തു തയോൎഭക്ത്യാ തദാശ്നാത് പായസം സ്വയം 24
ഇതീവ തത്പ്രാശ്യ ഹവിൎവ്വരാനനാ
ജഹൌ ക്ഷുധാദുഃഖസമുദ്ഭവം ച തം
ഇന്ദ്രാത് പ്രവൃത്തിമുപലഭ്യ ജാനകീ
കാകുത്സ്ഥയോഃപ്രീതമനാ ബഭൂവ 25
സ ചാപി ശക്രസ്ത്രിദിവാലയം തദാ
പ്രീതോ യയൌ രാഘവകാൎയ്യസിദ്ധയേ
ആമന്ത്ര്യ സീതാം സ തതോ മഹാത്മാ
ജഗാമ നിദ്രാസഹിതഃസ്വമാലയം 26

യാൽ നല്കപ്പെട്ടതും, രഘുകുലത്തെ വൎദ്ധിപ്പിക്കുന്നതും ജീവസന്ധാരണത്തിന്ന് വിശിഷ്ടതമായതും ആയ ഈ ഹവിസ്സിനെ, അങ്ങയുടെ ഇഷ്ടപ്രകാരം ഞാൻ ഭുജിക്കുന്നുണ്ട്." ചാരുസ്മിതമുഖിയായ ആ മൈഥിലി, ആ പായസത്തെ ഇന്ദ്രന്റെ കയ്യിൽനിന്നുവാങ്ങി, "അനുജനോടുംകൂടി അവർ രണ്ടുഃപേൎക്കുമായി ഇതു് ഭവിക്കട്ടെ," എന്നു പറഞ്ഞ്, ഭക്തിപൂൎവ്വം ഭൎത്താവിന്നും ലക്ഷ്മണന്നും നിവേദിച്ചുശേഷം, താൻതന്നെ പായസത്തെ ഭക്ഷിച്ചു. ചാരുമുഖിയായ ജാനകീദേവി, ഇപ്രകാരമെല്ലാം ഇന്ദ്രന്റെ വക്കൽനിന്നു ശ്രീരാമലക്ഷ്മണന്മാരുടെ ആ പരിശ്രമത്തെപ്പറ്റി അറിഞ്ഞു്, ആ ഹവിസ്സിനേയും ഭുജിച്ചു്, വിശപ്പുകൊണ്ടും ദുഃഖംകൊണ്ടും ഉണ്ടായിട്ടുള്ളതിനെ വെടിഞ്ഞു് സന്തുഷ്ടചിത്തയായി ഭവിച്ചു. ആ ഇന്ദ്രനും നിദ്രാദേവിയോടുംകൂടി, സീതാദേവിയോടായി യാത്രപറഞ്ഞ് പ്രീതിപൂണ്ടവനായി, സ്വന്തം വസതിയായ ദേവലോകത്തിലേക്ക്, ശ്രീരാഘവന്റെ കാൎയ്യസിദ്ധിക്കായി, ചെന്നുചേൎന്നു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
പ്രക്ഷിപ്തഃ സൎഗ്ഗഃ.

മാരീചേന തു വിജ്ഞായ സ്വരമാലക്ഷ്യ മാമകം
വിക്രുഷ്ടം മൃഗരൂപേണ ലക്ഷ്മണഃ ശൃണുയാദ്യദി. 5

“ ലക്ഷ്മണഃ	“ ലക്ഷ്മണൻ
മൃഗരൂപേണ	മാൻവടിവാന്ന
മാരീചേന	മാരീചനാൽ ഉണ്ടാക്കപ്പെട്ട
മാമകം	എന്റെ
സ്വരം	ഒച്ചയെ
ആലക്ഷ്യ വിജ്ഞായ	കേട്ടറിഞ്ഞ്
വിക്രുഷ്ടം തു	ആപത്തിൽ സഹായത്തിന്നായി നിലവിളിച്ചതിനേയും
യദി ശൃണുയാത് ?	ഒരുസമയം കേട്ടിരിക്കുമോ ?

സ സൌമിത്രിഃ സ്വരം ശ്രുത്വാ താം ച ഹിത്വാ തു മൈഥിലീം
തയൈവ പ്രഹിതഃ ക്ഷിപ്രം മത്സകാശമിഹൈഷ്യതി. 6

സഃ	ആ
സൌമിത്രിഃ	ലക്ഷ്മണൻ
സ്വരം	ഒച്ച
ശ്രുത്വാ,	കേട്ട്,
താം	ആ
മൈഥിലീം	മൈഥിലിയെ
ഹിത്വാ തു,	തന്നെയാക്കി,
തയാ ഏവ	അവളാലും
പ്രഹിതഃ	പറഞ്ഞയക്കപ്പെട്ടവനായി
ഇഹ	ഇപ്പോൾ
ക്ഷിപ്രം	ഉടനെ
മത്സകാശം	എന്റെ അടുക്കലേക്ക്
ഏഷ്യതി ച ?	വന്നുകളയുമോ ?

രാക്ഷസൈഃ സഹിതൈർന്നൂനം സീതായാ ഈപ്സിതോ വധഃ
കാഞ്ചനശ്ച മൃഗോ ഭൂത്വാ വ്യപനീയാശ്രമാത്തു മാം 7
ദൂരം നീത്വാ തു മാരീചോ രാക്ഷസോऽഭൂച്ഛരാഹതഃ
ഹാ ലക്ഷ്മണ ഹതോऽസ്മീതി യദ്വാക്യം വ്യാജഹാര ഹ. 8

“ രാക്ഷസഃ	“ രാക്ഷസനായ
മാരീചഃ,	മാരീചൻ,
കാഞ്ചനഃ	സ്വർണ്ണമയമായ
മൃഗഃ	മാനായി
ഭൂത്വാ,	തീൎന്ന്,
മാം	എന്നെ
ആശ്രമാത്	ആശ്രമത്തിൽനിന്നും
വ്യപനീയ,	വിലക്കി,
ദൂരം ച	വളരെദൂരം
നീത്വാ	കൊണ്ടുവന്ന്
ശരാഹതഃ	ബാണാഹതനായി
അഭൂത് ;	ഭവിച്ചു ;
തു	ആ സമയം
“ ഹാ ലക്ഷ്മണ ;	“ അയ്യോ ലക്ഷ്മണ !
ഹതഃ അസ്മി, ”	ഞാൻ ഹതനായി, ”
ഇതി	എന്നിങ്ങിനെ
യത്	യാതൊരു
വാക്യം	വാക്യത്തെ
വ്യാജഹാര ഹ,	ഉറക്കെ പറകയുണ്ടായോ,
തു	അതിനാൽ
സഹിതൈഃ	ഒന്നിച്ചുചേൎന്നവരായ
രാക്ഷസൈഃ	രാക്ഷസന്മാരാൽ
സീതായാഃ	സീതാദേവിയുടെ
വധഃ	നാശം
ഈപ്സിതഃ	കരുതപ്പെട്ടതുതന്നെയെന്നുള്ളത്
നൂനം.	തീൎച്ചതന്നെ.

ലക്ഷ്മണസ്തദ്വചഃ ശ്രുത്വാ മത്സകാശമിഹൈഷ്യതി
അപി സ്വസ്തി ഭവേത്താഭ്യാം രഹിതാഭ്യാം മയാ വനേ
ജനസ്ഥാനനിമിത്തം ഹി കൃതവൈരോഽസ്മി രാക്ഷസൈഃ. 9

“ലക്ഷ്മണഃ	“ലക്ഷ്മണൻ
തത്	ആ
വചഃ	വാക്ക
ശ്രുത്വാ,	കേട്ട്,
മത്സകാശം	എന്റെ അടുക്കലേക്ക്
ഇഹ	ഇപ്പോൾ
ഏഷ്യതി;	വന്നു കളയും;
വനേ	കാട്ടിൽ
മയാ രഹിതാഭ്യാം	എന്നെ പിരിഞ്ഞിരിക്കുന്ന
താഭ്യാം	അവർരണ്ടുപേക്കും
അപി	എപ്രകാരവും
സ്വസ്തി ഭവേത്!	ക്ഷേമമുണ്ടാകട്ടെ!
അസ്മി ഹി	ഞാനാകട്ടെ
ജനസ്ഥാനനിമിത്തം	ജനസ്ഥാനനിമിത്തമായി
രാക്ഷസൈഃ	രാക്ഷസരാൽ
കൃതവൈരഃ.	പകകരുതപ്പെട്ടവനായിരിക്കുന്നു.

നിമിത്താനി ച ഘോരാണി ദൃശ്യന്തേഽത്ര ബഹൂനി ച
ഇത്യേവം ചിന്തയൻ രാമഃ ശ്രുത്വാ ഗോമായുനിസ്വനം. 10
ആത്മനശ്ചാപനയനം മൃഗരൂപേണ രക്ഷസാ
ആജഗാമ ജനസ്ഥാനം രാഘവഃ പരിശംകിതഃ 11

“ച	“കൂടാതെ
അത്ര	ഇതാ
ബഹൂനി	എത്രയോ
ഘോരാണി നിമിത്താനി ച	അപശകുനങ്ങളും
ദൃശ്യന്തേ;”	കാണപ്പെടുന്നു;” എന്നിപ്രകാരം
രാഘവഃ	രഘൂത്തമനായ
രാമഃ	ശ്രീരാമൻ
ഗോമായുനിസ്വനം	കുറുക്കന്റെ ഓരി
ശ്രുത്വാ,	കേട്ട്,
മൃഗരൂപേണ	മൃഗരൂപിയായ
രക്ഷസാ	രാക്ഷസനാൽ
ആത്മനഃ അപനയനം ച	താൻ ദൂരത്താക്കപ്പെട്ടതിനേയും
ചിന്തയൻ,	ചിന്തിക്കുന്നവനായി,
ഇതി ഏവം	ഈവിധമെല്ലാം
പരിശങ്കിതഃ	ഭയപ്പെടുന്നവനായി
ജനസ്ഥാനം	ജനസ്ഥാനത്തിലേക്കായി
ആജഗാമ.	മടങ്ങി.

തം ദീനമനസോ ദീനമാസേദുർമൃഗപക്ഷിണഃ
സവ്യം കൃത്വാ മഹാത്മാനം ഘോരാംശ്ച സസൃജുഃ സ്വരാൻ 12

ദീനമനസഃ	മനസ്സമ്പരന്നവയായ
മൃഗപക്ഷിണഃ	മൃഗങ്ങളും പക്ഷികളും
ദീനം	മനസ്സവാടിയവനായ
തം	ആ
മഹാത്മാനം	മഹാധീരനെ
ആസേദുഃ;	അടുത്തു;
സവ്യം	എടത്തുഭാഗമായി
കൃത്വാ	വന്ന്
ഘോരാൻ ച സ്വരാൻ	വികൃത സ്വരങ്ങളെത്തന്നെ
സസൃജുഃ.	ശബ്ദിച്ചു.

താനി ദൃഷ്ട്വാ നിമിത്താനി മഹാഘോരാണി രാഘവഃ
ന്യവൎത്തതാഥ ത്വരിതോ ജവേനാശ്രമമാത്മനഃ. 13

രാഘവഃ,	ശ്രീരാഘവൻ,	ത്വരിതഃ	വേഗം നടക്കുന്നവനായി
മഹാഘോരാണി	അതിഘോരങ്ങളായ		
താനി	ആ	ആത്മനഃ	തന്റെ
നിമിത്താനി	ദുഃശ്ശകുനങ്ങളെ	ആശ്രമം	ആശ്രമത്തിലേക്കു്
ദൃഷ്ട്വാ,	കണ്ടു്,	അഥ	ആസമയം
ജവേന	ബദ്ധപ്പെട്ടുകൊണ്ടു്	ന്യവൎത്തത.	വന്നുകൊണ്ടിരുന്നു.

സ തു സീതാം വരാരോഹാം ലക്ഷ്മണം ച മഹാബലം
ആജഗാമ ജനസ്ഥാനം ചിന്തയന്നേവ രാഘവഃ. 14

സഃ	ആ	ലക്ഷ്മണം ച	ലക്ഷ്മണനേയും
രാഘവഃ	ശ്രീരാഘവൻ	ചിന്തയൻ ഏവ	ഓൎത്തുകൊണ്ടുതന്നെ
വരാരോഹാം	വനിതാരത്നമായ	ജനസ്ഥാനം	ജനസ്ഥാനത്തെനോക്കി
സീതാം തു	സീതാദേവിയേയും	ആജഗാമ.	നടകൊൾകയായിരുന്നു.
മഹാബലം	മഹാബലശാലിയായ		

തതോ ലക്ഷ്മണമായാന്തം ദദൎശ വിഗതപ്രഭം. 15

തതഃ	ആസമയം	ആയാന്തം	വന്നുകൊണ്ടിരിക്കുന്നവനായി
ലക്ഷ്മണം	ലക്ഷ്മണനെ		
വിഗതപ്രഭം	മുഖംവാടി	ദദൎശ.	കണ്ടു.

തതോഽവിദൂരേ രാമേണ സമീയായ സ ലക്ഷ്മണഃ
വിഷണ്ണഃ സുവിഷണ്ണേന ദുഃഖിതോ ദുഃഖഭാഗിനാ. 16

തതഃ	അപ്പോൾ	ദുഃഖഭാഗിനാ	വിചാരപ്പെട്ടുരുകി
ദുഃഖിതഃ	ദുഃഖപ്പെട്ടു്	സുവിഷണ്ണേന	തളരുന്നവനായ
വിഷണ്ണഃ	മുഖംമങ്ങിയവനായ	രാമേണ	ശ്രീരാമനുമായി
സഃ	ആ	അവിദൂരേ	അടുത്തു്
ലക്ഷ്മണഃ,	ലക്ഷ്മണൻ,	സമീയായ.	എത്തി.

സംജഗർഹേഽഥ തം ഭ്രാതാ ദൃഷ്ട്വാ ലക്ഷ്മണമാഗതം
വിഹായ സീതാം വിജനേ വനേ രാക്ഷസസേവിതേ. 17

രാക്ഷസസേവിതേ	രാക്ഷസന്മാർ നിറഞ്ഞതും	ആഗതം	വന്നിരിക്കുന്നവനായ
		തം ലക്ഷ്മണം	ആ ലക്ഷ്മണനെ
വിജനേ	മനുഷ്യസഞ്ചാരമില്ലാത്തതും ആയ	ഭ്രാതാ	ജ്യേഷ്ഠൻ
		ദൃഷ്ട്വാ,	കണ്ടു്,
വനേ	വനത്തിൽ	അഥ	ആ സമയം
സീതാം	സീതയെ	സംജഗർഹ.	മുമ്പേതിലും അധികം വ്യസനിച്ചു.
വിഹായ	തനിച്ചാക്കി		

ഗൃഹീത്വാ ച കരം സവ്യം ലക്ഷ്മണം രഘുനന്ദനഃ
ഉവാച മധുരോദർക്കമിദം വചനമാർത്തവത്. 18

രഘുനന്ദനഃ,	രഘുനായകൻ,	വചനം	വാക്യത്തെ
ലക്ഷ്മണം	ലക്ഷ്മണനെ	ആർത്തവത് ച	ദുഃഖിതനെന്നിരുന്നാലും
സവ്യം	എടത്തെ		
കരം	കയ്യിൽ	മധുരോദർക്കം	മധുരസ്വരത്തിൽതന്നെ
ഗൃഹീത്വാ,	പിടിച്ചുകൊണ്ട്,		
ഇദം	ഇപ്രകാരം	ഉവാച.	അരുളിച്ചെയ്തു.

അഹോ ലക്ഷ്മണ ഗർഹ്യം തേ കൃതം യത്ത്വം വിഹായ താം
സീതാമിഹാഗതഃ സൌമ്യ കച്ചിത് സ്വസ്തി ഭവേദിഹ. 19

"സൌമ്യ!	"വത്സ!	കൃതം യത്	ചെയ്തതു്
ലക്ഷ്മണ!	ലക്ഷ്മണ!	ഗർഹ്യം;	ശരിയായില്ല;
ത്വം	നീ	അഹോ!	അയ്യോ! നീ വന്നുകളയുമെന്ന് ഞാൻ കരുതിയില്ലല്ലോ!
താം	ആ		
സീതാം	സീതയെ		
വിഹായ,	തന്നെവിട്ട്,	ഇഹ	ഇപ്പോൾ
ഇഹ	ഇങ്ങോട്ട്	സ്വസ്തി	അവൾ ക്ഷേമമായിരിക്കുന്നുണ്ടോ എന്തോ!
ആഗതഃ;	വന്നുവല്ലൊ;	ഭവേത്	
തേ	നീ	കച്ചിത്!	

ന മേഽസ്തി സംശയോ വീര സർവ്വഥാ ജനകാത്മജാ
വിനഷ്ടാ ഭക്ഷിതാ വാഽപി രാക്ഷസൈർവനചാരിഭിഃ
അശുഭാന്യേവ ഭൂയിഷ്ഠം യഥാ പ്രാദുർഭവന്തി മേ. 20

"മേ	"എനിക്ക്	വിനഷ്ടാ വാ	എടുത്തുകൊണ്ടുപോകപ്പെട്ടുവോ,
ഭൂയിഷ്ഠം	ഘോരമായ		
അശുഭാനി ഏവ	ദുഃശകുനങ്ങൾതന്നെ	ഭക്ഷിതാ അപി!	അല്ല, വിഴുങ്ങപ്പെട്ടുവോ എന്തൊ!
പ്രാദുർഭവന്തി	കണ്ടുകൊണ്ടിരിക്കുന്നു		
യഥാ,	എന്നതുകൊണ്ട്,	വീര!	വീര!
വനചാരിഭിഃ	കാട്ടിലുള്ള	സർവ്വഥാ	എന്തായാലും
		മേ	എനിക്ക്
രാക്ഷസൈഃ	രാക്ഷസന്മാരാൽ	സംശയഃ	ഇതിനെക്കുറിച്ച് സംശമില്ല.
ജനകാത്മജാ	ജാനകി	ന അസ്തി.	

അപി ലക്ഷ്മണ സീതായാഃ സാമഗ്ര്യം പ്രാപ്നുയാവഹേ
ജീവന്ത്യാഃ പുരുഷവ്യാഘ്ര സുതായാ ജനകസ്യ വൈ. 21

"പുരുഷവ്യാഘ്ര!	"പുരുഷോത്തമ!	ജീവന്ത്യാഃ	ജീവനോടുകൂടിയിരിക്ക
ലക്ഷ്മണ!	ലക്ഷ്മണ!	സാമഗ്ര്യം വൈ	ക്ഷേമത്തെ [ക എന്ന
ജനകസ്യ സുതായാഃ	ജനകനന്ദിനിയായ	പ്രാപ്നുയാവഹേ അപി?	നാം കാണുകയുണ്ടാകുമോ?
സീതായാഃ	സീതയുടെ		

യഥാ വൈ മൃഗസംഘാശ്ച ഗോമായുശ്ചൈവ ഭൈരവം
വാശ്യന്തേ ശകുനാശ്ചാപി പ്രദീപ്താമഭിതോ ദിശം 22
അപി സ്വസ്തി ഭവേത്തസ്യാ രാജപുത്ര്യാ മഹാബല. 23

"മൃഗസംഘാഃ ച	"മാൻകൂട്ടങ്ങളും	വാശ്യന്തേ വൈ;	ശബ്ദിക്കുന്നു;
ഗോമായുഃ ച	കുറുനരികളും	യഥാ	ആകയാൽ
ശകുനാഃ ച	പക്ഷികളും	മഹാബല!	ശക്തിമാനായവനെ!
പ്രദീപ്താം	സൂൎയ്യൻ നില്ക്കുന്ന	രാജപുത്ര്യാഃ	രാജപുത്രിയായ
ദിശം അഭിതഃ അപി	ദിക്കുനോക്കി	തസ്യാഃ	അവൾക്ക്
		സ്വസ്തി	ആപത്തില്ലാതിരിക്കയെന്നുള്ളത്
ഭൈരവം ഏവ	പരിതാപകരമായി	ഭവേത് അപി!	ഉണ്ടാകുമൊ!

ഇദം ഹി രക്ഷോ മൃഗസംനികാശം
പ്രലോഭ്യ മാം ദൂരമനുപ്രയാന്തം
ഹതം കഥംചിന്മഹതാ ശ്രമേണ
സ രാക്ഷസോഽഭൂന്മ്രിയമാണ ഏവ. 24

"ഇദം	"ഈ	കഥംചിത്	ഒരുവിധം
മൃഗസംനികാശം	മാനായികാണപ്പെട്ട	മഹതാ	വളരെ
രക്ഷഃ,	രാക്ഷസൻ,	ശ്രമേണ	കഷ്ടപ്പെട്ട്
മാം ഹി	എന്നെയും	ഹതം;	കൊല്ലപ്പെട്ടു;
ദൂരം	വളരെ ദൂരത്തോളം	മ്രിയമാണഃ ഏവ	ചാവാറായ സമയം
അനുപ്രയാന്തം	ഓടിക്കുന്നവനായി	സഃ രാക്ഷസഃ അഭൂത്.	അവൻ രാക്ഷസനായി ത്തീൎന്നു.
പ്രലോഭ്യ,	വഞ്ചിച്ച്,		

മനശ്ച മേ ദീനമിഹാപ്രഹൃഷ്ടം
ചക്ഷുശ്ച സവ്യം കുരുതേ വികാരം
അസംശയം ലക്ഷ്മണ നാസ്തി സീതാ
ഹൃതാ മൃതാ വാ പഥി വൎത്തതേ വാ. 25

"ഇഹ	"ഇപ്പോൾ	ലക്ഷ്മണ!	ലക്ഷ്മണ!
മേ മനഃ ച	എന്റെ മനസ്സും	സീതാ അസ്തി ന	സീത ഉണ്ടാകയില്ല
ദീനം	പിടയുന്നതായി	അസംശയം;	തീൎച്ചതന്നെ;
അപ്രഹൃഷ്ടം;	ഒരു സമാധാനവും ഇല്ലാതിരിക്കുന്നു;	മൃതാ വാ	മൃതിപ്പെട്ടവളായൊ
സവ്യം	എടത്തെ	ഹൃതാ	അപഹരിക്കപ്പെട്ടവളായോ
ചക്ഷുഃ ച	കണ്ണും		
വികാരം കുരുതേ;	അപശകുനമായി തുടിക്കുന്നു;	പഥി	എന്തുകഷ്ടാവസ്ഥയിൽ
		വൎത്തതേ വാ!"	ഇരിക്കുന്നുവൊ!"

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
സപ്തപഞ്ചാശഃ സൎഗ്ഗഃ = അമ്പത്തേഴാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 8656; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1944.

അഷ്ടപഞ്ചാശഃ സർഗ്ഗഃ = അമ്പത്തെട്ടാം സർഗ്ഗം.

[സീതാഗുണാനുവാദഃ = സീതയുടെ ഗുണങ്ങളെ ഓർത്ത് വിചാരപ്പെടുന്നതു്.]

സ ദൃഷ്ട്വാ ലക്ഷ്മണം ദീനം ശൂന്യേ ദശരഥാത്മജഃ
പൎയ്യപൃച്ഛത ധൎമ്മാത്മാ വൈദേഹീമാഗതം വിനാ. 1

ധൎമ്മാത്മാ	ധൎമ്മാത്മാവായ	ദീനം	മുഖം വാടിയവനായി
സഃ	ആ	ആഗതം	വന്നിരിക്കുന്ന
ദശരഥാത്മജഃ,	ദാശരഥി,	ലക്ഷ്മണം	ലക്ഷ്മണനെ
ശൂന്യേ	ആരുമില്ലാതെ	ദൃഷ്ട്വാ	നോക്കി
വൈദേഹീം	സീതയെ	പൎയ്യപൃച്ഛത.	ഇങ്ങിനെ ചോദിച്ചു.
വിനാ	തന്നെ വിട്ട്		

പ്രസ്ഥിതം ദണ്ഡകാരണ്യം യാ മാമനുജഗാമ ഹ
ക്വ സാ ലക്ഷ്മണ വൈദേഹീ യാം ഹിത്വാ ത്വമിഹാഗതഃ. 2

" ലക്ഷ്മണ !	" ലക്ഷ്മണ !	ത്വം	നീ
ദണ്ഡകാരണ്യം	ദണ്ഡകാരണ്യത്തിലേക്ക്	ഹിത്വാ	ആരുമില്ലാതെ വിട്ടേച്ച്
പ്രസ്ഥിതം	പുറപ്പെട്ടവനായ	ഇഹ	ഇങ്ങ്
മാം	എന്നെ	ആഗതഃ,	വന്നിരിക്കുന്നുവോ,
യാ	യാതൊരുവൾ	സാ	ആ
അനുജഗാമ ഹ	തുടൎന്നുവന്നുവൊ,	വൈദേഹീ	വൈദേഹി
യാം	യാതൊരു അവളെ	ക്വ !	ഇപ്പോൾ എവിടെയാണോ !

രാജ്യഭ്രഷ്ടസ്യ ദീനസ്യ ദണ്ഡകാൻ പരിധാവതഃ
ക്വ സാ ദുഃഖസഹായാ മേ വൈദേഹീ തനുമദ്ധ്യമാ. 3

" രാജ്യഭ്രഷ്ടസ്യ	" രാജ്യത്തെ വെടിഞ്ഞ്	ദുഃഖസഹായാ	സങ്കടത്തിലും അടുത്തു തന്നെ വൎത്തിക്കുന്നവളും
ദീനസ്യ	ദൈന്യതപൂണ്ട്	തനുമദ്ധ്യമാ	കൃശോദരിയും ആയ
ദണ്ഡകാൻ	ദണ്ഡകാരണ്യത്തിൽ	സാ വൈദേഹീ	ആ ജാനകി
പരിധാവതഃ	കാൽനടയായി ചുററിത്തിരിയുന്ന	ക്വ ?	എവിടെ ?
മേ,	എനിക്ക്,		

യാം വിനാ നോത്സഹേ വീര മുഹൂൎത്തമപി ജീവിതും
ക്വ സാ പ്രാണസഹായാ മേ സീതാ സുരസുതോപമാ. 4

" വീര !	" വീര !	സാ	അപ്രകാരമുള്ള
യാം	യാതൊരുവളെ	മേ	എന്റെ
വിനാ	വിട്ടുപിരിഞ്ഞ്	പ്രാണസഹായാ	പ്രാണസഖിയും
മുഹൂൎത്തം അപി	ഒരു ക്ഷണനേരമെങ്കിലും	സുരസുതോപമാ	ദേവനാരിപോലുള്ളവളും ആയ
ജീവിതും	ജീവിച്ചിരിപ്പാൻ	സീതാ	സീത
ന ഉത്സഹേ,	ഞാൻ ഓക്കുകയില്ലയോ,	ക്വ !	എങ്ങോ !

പതിത്വമമരാണാം വാ പൃഥിവ്യാശ്ചാപി ലക്ഷ്മണ
താം വിനാ തപനീയാഭാം നേച്ഛേയം ജനകാത്മജാം. 5

"ലക്ഷ്മണ!	"ലക്ഷ്മണ!	പൃഥിവ്യാഃ ച	ലോകത്തിനുതന്നെയാകട്ടെ
തപനീയാഭാം	സ്വർണ്ണവർണ്ണയായ	പതിത്വം അപി	നാഥനായിരിക്കുക എന്നുള്ളതിനെ
താം	ആ	ന ഇച്ഛേയം.	ഞാൻ വലുതായി കരുതുകയില്ല.
ജനകാത്മജാം	ജനകനന്ദിനിയെ		
വിനാ,	കൂടാതെ,		
അമരാണാം വാ	ദേവന്മാർക്കുതന്നെയാകട്ടെ		

കച്ചിജ്ജീവതി വൈദേഹീ പ്രാണൈഃ പ്രിയതരാ മമ
കച്ചിത് പ്രവ്രാജനം സൌമ്യ ന മേ മിഥ്യാ ഭവിഷ്യതി. 6

"സൌമ്യ!	"വത്സ!	കച്ചിത് ജീവതി?	ജീവനോടിരിക്കുന്നുണ്ടൊ?
മമ	എനിക്ക്	മേ പ്രവ്രാജനം	എന്റെ വനവാസം
പ്രാണൈഃ	പ്രാണങ്ങളെക്കാൾ	മിഥ്യാ	നിഷ്ഫലമായി
പ്രിയതരാ	അധികം പ്രിയപ്പെട്ടവളായ	ന ഭവിഷ്യതി കച്ചിത്.	തീരാതിരിക്കുമൊ?
വൈദേഹീ	ജാനകി		

സീതാനിമിത്തം സൌമിത്രേ മൃതേ മയി ഗതേ ത്വയി
കച്ചിത്സകാമാ സുഖിതാ കൈകേയീ സാ ഭവിഷ്യതി. 7

"സൌമിത്രേ!	"ലക്ഷ്മണ!	സാ	ആ
സീതാനിമിത്തം	സീതകാരണമായി	കൈകേയീ	കൈകേയീദേവി
മയി	ഞാൻ	സകാമാ	ആഗ്രഹം സാധിച്ചവളായി
മൃതേ,	മരിച്ച്,	സുഖിതാ	സന്തുഷ്ടയായി
ത്വയി	നീ	കച്ചിത് ഭവിഷ്യതി!	ഭവിക്കുമൊ എന്തൊ!
ഗതേ,	മടങ്ങുമ്പോൾ,		

താം പുത്രരാജ്യസിദ്ധാർത്ഥാം മൃതപുത്രാ തപസ്വിനീ
ഉപസ്ഥാസ്യതി കൌസല്യാ കച്ചിത്സൌമ്യ ന കേകയീം. 8

"സൌമ്യ!	"വത്സ!	താം	ആ
മൃതപുത്രാ	പുത്രനെ ബലികൊടുത്ത്	കേകയീം	കൈകേയിയുടെ
കൌസല്യാ,	കൌസല്യാദേവി,	ന ഉപസ്ഥാസ്യതി കച്ചിത്!	കീഴിലിരിക്കയില്ലയൊ!
തപസ്വിനീ,	വ്യാകുലപ്പെട്ട്,		
പുത്രരാജ്യസിദ്ധാർത്ഥാം	പുത്രന്നു രാജ്യം ശാശ്വതമായി ലഭിച്ചവളായ		

യദി ജീവതി വൈദേഹീ ഗമിഷ്യാമ്യാശ്രമം പുനഃ
സുവൃത്താ യദി വൃത്താ സാ പ്രാണാംസ്ത്യക്ഷ്യാമി ലക്ഷ്മണ. 9

"ലക്ഷ്മണ!	"ലക്ഷ്മണ!	സുവൃത്താ	പതിവ്രതയായ
വൈദേഹീ	വൈദേഹി	സാ	അവൾ
ജീവതി യദി	ജീവനോടിരിക്കുന്നുവെന്നാൽ	വൃത്താ യദി	മരിച്ചുപോയെന്നാൽ
പുനഃ	വീണ്ടും	പ്രാണാൻ	ജീവനെ
ആശ്രമം	ആശ്രമത്തിലേക്ക്	ത്യക്ഷ്യാമി.	ഞാൻ ഉപേക്ഷിച്ചുകളയും.
ഗമിഷ്യാമി;	ഞാൻ മടങ്ങിച്ചെല്ലാം;		

യദി മാമാശ്രമഗതം വൈദേഹീ നാഭിഭാഷതേ
പുനഃ പ്രഹസിതാ സീതാ വിനശിഷ്യാമി ലക്ഷ്മണ. 10

"ലക്ഷ്മണ!	"ലക്ഷ്മണ!	മാം	എന്നെ
സീതാ	അയോനിജയായ	പ്രഹസിതാ	മന്ദസ്മിതമുഖിയായി
വൈദേഹീ,	വൈദേഹി,	ന അഭി-ഭാഷതേ യദി,	ഉരിയാടാതിരിക്കുന്ന പക്ഷം
പുനഃ	തിരിച്ച്		
ആശ്രമഗതം	ആശ്രമത്തിലേക്കെത്തിയവനായ	വിനശിഷ്യാമി.	ഞാൻ പ്രാണനെ വെടിയും.

ബ്രൂഹി ലക്ഷ്മണ വൈദേഹീ യദി ജീവതി വാ ന വാ
ത്വയി പ്രമത്തേ രക്ഷോഭിർഭക്ഷിതാ വാ തപസ്വിനീ. 11

"ലക്ഷ്മണ!	"ലക്ഷ്മണ!	പ്രമത്തേ	അജാഗ്രതയായിരിക്കുമ്പോൾ
വൈദേഹീ	ജാനകി	തപസ്വിനീ	സഹായിപ്പാൻ ആരുമില്ലാതെ
ജീവതി വാ ?	ജീവിച്ചിരിക്കുന്നുവോ ?	രക്ഷോഭിഃ	രാക്ഷസന്മാരാൽ
ന വാ ?	ഇല്ലയോ ?	ഭക്ഷിതാ വാ ?	വിഴുങ്ങിക്കളയപ്പെട്ടുവോ ?
യദി	ഒരു സമയം	ബ്രൂഹി.	പറയുക.
ത്വയി	നീ		

സുകുമാരീ ച ബാലാ ച നിത്യം ചാദുഃഖദർശിനീ
മദ്വിയോഗേന വൈദേഹീ വ്യക്തം ശോചതി ദുർമ്മനാഃ. 12

"സുകുമാരീ ച	"മൃദുഗാത്രിയും	മദ്വിയോഗേന	എന്റെ വേർപാടിനാൽ
ബാലാ ച	യുവതിയും	ദുർമ്മനാഃ	മനസ്സുമുട്ടിയവളായി
അദുഃഖദർശിനീ ച	ദുഃഖമെന്നതറിയാത്തവളും ആയ	നിത്യം	എല്ലായ്പോഴും
വൈദേഹീ,	ജാനകി,	ശോചതി	വ്യാകുലപ്പെടുന്നു
		വ്യക്തം.	നിശ്ചയംതന്നെ.

സൎവ്വഥാ രക്ഷസാ തേന ജിഹ്മേന സുദുരാത്മനാ
വദതാ ലക്ഷ്മണേത്യുച്ചൈസ്തവാപി ജനിതം ഭയം. 13

" സൎവ്വഥാ	" സൎവ്വപ്രകാരത്തിലും	ഉച്ചൈഃ	ഉച്ചത്തിൽ
സുദുരാത്മനാ	മഹാദുഷ്ടനായ	വദതാ	നിലവിളിച്ചവനും
രക്ഷസാ	രാക്ഷസനും,	തേന,	അവനാൽ, [ആയ
ജിഹ്മേന	ചതിയായി	തവ അപി	നിനക്കും
' ലക്ഷ്മണ,'	' ലക്ഷ്മണ !'	ഭയം	എന്നെക്കുറിച്ചുള്ള ശങ്ക
ഇതി	എന്ന്	ജനിതം.	ഉളവാക്കപ്പെട്ടു.

ശ്രുതശ്ച ശംകേ വൈദേഹ്യാ സ സ്വരഃ സദൃശോ മമ
ത്രസ്തയാ പ്രേഷിതസ്ത്വം ച ദ്രഷ്ടും മാം ശീഘ്രമാഗതഃ. 14

" മമ	" എന്റേതു	മാം	എന്നെ
സദൃശഃ	പോലെയുള്ള	ദ്രഷ്ടും	സഹായിപ്പാൻ
സഃ	ആ	പ്രേഷിതഃ	പറഞ്ഞയക്കപ്പെട്ടവനായി
സ്വരഃ,	ശബ്ദം.		
വൈദേഹ്യാ ച	സീതയാലും	ത്വം	നീ
ശ്രുതഃ,	കേൾക്കപ്പെട്ടു, എന്നും,	ശീഘ്രം	ബദ്ധപ്പെട്ട്
ത്രസ്തയാ	ഭയപരവശയായ അവളാൽ	ആഗതഃ ച	വന്നുകളഞ്ഞു എന്നും
		ശങ്കേ.	ഞാൻ ഊഹിക്കുന്നു.

സൎവ്വഥാ തു കൃതം കഷ്ടം സീതാമുത്സൃജതാ വനേ
പ്രതികൎത്തും നൃശംസാനാം രക്ഷസാം ദത്തമന്തരം. 15

" വനേ	" കാട്ടിൽ	നൃശംസാനാം രക്ഷസാം	ക്രൂരരാക്ഷസന്മാൎക്ക്
സീതാം	സീതയെ	പ്രതികൎത്തും	പ്രതിക്രിയചെയ്യുന്ന
ഉത്സൃജതാ,	തന്നെ വിട്ടേച്ചുവന്ന നിന്നാൽ,	അന്തരം	നല്ലതരം [തിന്ന്
		ദത്തം,	നൽകപ്പെട്ടതായി,
തു	ഈ	സൎവ്വഥാ	പൂൎണ്ണമായി
കൃതം,	ചെയ്യപ്പെട്ട കൃത്യം,	കഷ്ടം.	പ്രാപിക്കപ്പെട്ടു.

ദുഃഖിതാഃ ഖരഘാതേന രാക്ഷസാഃ പിശിതാശനാഃ
തൈഃ സീതാ നിഹതാ ഘോരൈൎഭവിഷ്യതി ന സംശയഃ. 16

"പിശിതാശനാഃ	" മാംസഭക്ഷകളായ	ഘോരൈഃ	ഭയങ്കരന്മാരായ
രാക്ഷസാഃ	രാക്ഷസന്മാർ	തൈഃ	അവരാൽ
		സീതാ	സീത
ഖരഘാതേന	ഖരവധംമൂലം	നിഹതാ	കൊല്ലപ്പെട്ടവളായി
ദുഃഖിതാഃ ;	പരിഭവം പൂണ്ടവരായിരിക്കുന്നു ;	ഭവിഷ്യതി,	ഭവിച്ചിരിക്കും,
		സംശയഃ ന.	സംശയമില്ല.

അഹോഽസ്മി വ്യസനേ മഗ്നഃ സൎവ്വഥാ ശത്രുസൂദന
കിം ന്വിദാനീം കരിഷ്യാമി ശങ്കേ പ്രാപ്തവ്യമീദൃശം.. 17

"ശത്രുസൂദന!	"ശത്രുസംഹാരക!	കിം നു	എന്തുതന്നെയാണ്
അഹോ!	അയ്യോ, എന്തുകഷ്ടം!	കരിഷ്യാമി?	ഞാൻ ചെയ്യുക?
സൎവ്വഥാ	സൎവ്വപ്രകാരത്തിലും	ഈദൃശം	ഇപ്രകാരമുള്ളതു്
വ്യസനേ	സങ്കടത്തിൽ	പ്രാപ്തവ്യം	വിധിവിഹിതംതന്നെയെന്നു്
മഗ്നഃ അസ്മി;	ഞാൻ മുങ്ങിക്കിടക്കുന്നു;		
ഇദാനീം	ഇപ്പോൾ	ശങ്കേ.	ഞാൻ കരുതുന്നു."

ഇതി സീതാം വരാരോഹാം ചിന്തയന്നേവ രാഘവഃ
ആജഗാമ ജനസ്ഥാനം ത്വരയാ സഹലക്ഷ്മണഃ 18

രാഘവഃ	ശ്രീരാഘവൻ	സഹലക്ഷ്മണഃ	ലക്ഷ്മണനോടുംകൂടി
വരാരോഹാം	വനിതാരത്നമായ	ത്വരയാ	അതിവേഗത്തിൽ
സീതാം	സീതയെക്കുറിച്ചു്	ജനസ്ഥാനം	ജനസ്ഥാനത്തിലേക്കു
ഇതി	മേൽപ്രകാരം [തന്നെ	ആജഗാമ.	വന്നെത്തി.
ചിന്തയൻ ഏവ	വിചാരപ്പെട്ടുകൊണ്ടു—		

വിഗർഹമാണോഽനുജമാൎത്തരൂപം
ക്ഷുധാ ശ്രമാച്ചൈവ പിപാസയാ ച
വിനിഃശ്വസൻ ശുഷ്കമുഖോ വിവൎണ്ണഃ
പ്രതിശ്രയം പ്രാപ്യ സമീക്ഷ്യ ശൂന്യം 19
സ്വമാശ്രമം സംപ്രതിഗാഹ്യ വീരോ
വിഹാരദേശാനനുസൃത്യ കാംശ്ചിത്
ഏതത്തദിത്യേവ നിവാസഭൂമൌ
പ്രഹൃഷ്ടരോമാ വ്യഥിതോ ബഭൂവ. 20

വീരഃ	ആ വീരൻ	സമീക്ഷ്യ,	കണ്ടു്,
ആൎത്തരൂപം	ഏറ്റം ദുഃഖിക്കുന്നവ	ശുഷ്കമുഖഃ	മുഖംവാടി
അനുജം	അനുജനെ [നായ	വിവൎണ്ണഃ	വിളൎത്തു്
വിഗർഹമാണഃ	നോക്കി പരിദേവിക്കുന്നവനായി	സ്വമാശ്രമം	തന്റെ ആശ്രമത്തിൽ
ക്ഷുധാ	വിശപ്പുകൊണ്ടും	സംപ്രതിഗാഹ്യ,	എങ്ങും ചെന്നു നോക്കിയശേഷം
ശ്രമാത് ച	തളൎച്ചകൊണ്ടും	കാംശ്ചിത്	ചില
പിപാസയാ ഏവ	ദാഹംകൊണ്ടും	വിഹാരദേശാൻ	വിഹാരസ്ഥലങ്ങളിലും
വിനിഃശ്വസൻ ച,	കിതയ്ക്കുന്നവനായി,	നിവാസഭൂമൌ	പകൽ സമയങ്ങളിൽ ഇരിക്കാറുള്ള സ്ഥലത്തിലും
പ്രതിശ്രയം	ആശ്രമദ്വാരത്തെ	അനുസൃത്യ,	തിരഞ്ഞു്,
പ്രാപ്യ,	പ്രാപിച്ചു്, [തായ്	"ഏതത്	"(ഞാൻ വിചാരിച്ച പ്രകാരമുള്ള) ഇതു്
ശൂന്യം	ശൂന്യമായിരിക്കുന്ന-		

തത് ഏവ,"	അപ്രകാരംതന്നെയായ്പ്പോയല്ലോ !"
ഇതി	എന്നിങ്ങിനെ
പ്രഹൃഷ്ടരോമാ	കോൾമയിർക്കൊള്ളുന്നവനായി
വ്യഥിതഃ	വ്യാകുലിതനായി
ബഭൂവ.	വർത്തിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
അഷ്ടപഞ്ചാശഃ സർഗ്ഗഃ = അമ്പത്തെട്ടാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 8676 ; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1964.

ഏകോനഷഷ്ടിതമഃ സർഗ്ഗഃ = അമ്പത്തൊമ്പതാംസർഗ്ഗം

[ലക്ഷ്മണാഗമനനിന്ദാ= ലക്ഷ്മണൻ വന്നതിനെക്കുറിച്ചു കുററംപറയുന്നതു്.]

അഥാശ്രമാദുപാവൃത്തമന്തരാ രഘുനന്ദനഃ
പരിപപ്രച്ഛ സൌമിത്രിം രാമോ ദുഃഖാർത്തിതം പുനഃ 1

രഘുനന്ദനഃ	രഘുകുലതിലകനായ
രാമഃ,	ശ്രീരാമൻ,
അഥ	അപ്പോൾ
ആശ്രമാത്	ആശ്രമത്തിൽനിന്നു്
അന്തരാ	അടുത്തായി
ഉപാവൃത്തം	ചുററിനോക്കിക്കൊണ്ടിരുന്ന
ദുഃഖാർത്തിതം	ദുഃഖാകുലിതനായ
സൌമിത്രിം	ലക്ഷ്മണനോടായി
പുനഃ	വീണ്ടും
പരിപപ്രച്ഛ	ഇപ്രകാരം ചോദിച്ചു.

തമുവാച കിമർത്ഥം ത്വമാഗതോഽപാസ്യ മൈഥിലീം
യദാ സാ തവ വിശ്വാസാദ്വനേ വിരഹിതാ മയാ. 2

"വനേ	"കാട്ടിൽ
തവ വിശ്വാസാത്	നിന്നെ വിശ്വസിച്ചാണല്ലൊ
മയാ	എന്നാൽ
സാ	അവൾ
വിരഹിതാ ;	വിടപ്പെട്ടതു് ;
യദാ	അപ്രകാരമിരിക്കെ
മൈഥിലീം	സീതയെ
അപാസ്യ	തന്നെവിട്ടു്
ത്വം	നീ
കിമർത്ഥം	എന്താണു്
ആഗതഃ"	വന്നുകളഞ്ഞതു് ?"
തം	അവനോടായി
ഉവാച.	പിൻവരുമാറും അരുൾചെയ്തു.

ദൃഷ്ട്വൈവാഭ്യാഗതം ത്വാം മേ മൈഥിലീം ത്യക്ത്വാ ലക്ഷ്മണ
ശംകമാനം മഹത് പാപം യത്സത്യം വ്യഥിതം മനഃ. 3

"ലക്ഷ്മണ !	"ലക്ഷ്മണ !
മൈഥിലീം	സീതയെ
ത്യക്ത്വാ	വിട്ടേച്ചു്
അഭ്യാഗതം	വന്നവനായ
ത്വാം	നിന്നെ
ദൃഷ്ട്വാ ഏവ,	കണ്ടഉടനെ,
മേ മനഃ	എന്റെ മനസ്സ്
യത് മഹത് പാപം	ഈ വലുതായ ആപത്ത്
സത്യം ശംകമാനം	തീർച്ചയായും സംഭവിച്ചുവെന്നു് ശംകിക്കുന്നതായി
വ്യഥിതം.	പരവശപ്പെട്ടു.

സ്ഫുരതേ നയനം സവ്യം ബാഹുശ്ച ഹൃദയം ച മേ
ദൃഷ്ട്വാ ലക്ഷ്മണ ദൂരേ ത്വാം സീതാവിരഹിതം പഥി. 4

"ലക്ഷ്മണ!	"ലക്ഷ്മണ!	സവ്യം	എടത്തെ
പഥി	വഴിയിൽ	നയനം	കണ്ണ്
ത്വാം	നിന്നെ	സ്ഫുരതേ;	തുടിക്കുന്നു;
സീതാവിരഹിതം	സീതയൊന്നിച്ചില്ലാത്തവനായി	ഹൃദയം	ഹൃദയവും
ദൂരേ ദൃഷ്ട്വാ,	ദൂരത്തിൽ കണ്ട്,	ബാഹുഃ ച	കയ്യും
മേ	എന്റെ	ച."	അപ്രകാരംതന്നെ പിടയുന്നു."

ഏവമുക്തസ്തു സൌമിത്രിര്ല്ലക്ഷ്മണഃ ശുഭലക്ഷണഃ
ഭൂയോ ദുഃഖസമാവിഷ്ടോ ദുഃഖിതം രാമമബ്രവീത്. 5

ഏവം	മേൽപ്രകാരം	ഭൂയഃ	മുമ്പത്തെക്കാളും അധികം
തു	ഇതിനെക്കുറിച്ച്	ദുഃഖസമാവിഷ്ടഃ	ദുഃഖിക്കുന്നവനായി
ഉക്തഃ	ഉരചെയ്യപ്പെട്ടവനും	ദുഃഖിതം	പരിതപിച്ചുകൊണ്ടി
സൌമിത്രിഃ	സുമിത്രാസുതനും	രാമം	ശ്രീരാമനോടായി[രുന്ന
ശുഭലക്ഷണഃ	സദ്ഗുണസമ്പന്നനും	അബ്രവീത്.	ഉണർത്തിച്ചു.
ലക്ഷ്മണഃ	ലക്ഷ്മണൻ [ആയ		

ന സ്വയം കാമകാരേണ താം ത്യക്ത്വാഽഹമിഹാഗതഃ
പ്രചോദിതസ്തയൈവോഗ്രൈസ്ത്വത്സകാശമിഹാഗതഃ. 6

"അഹം	"ഞാൻ	തയാ ഏവ	അവളാൽതന്നെ
താം	അവളെ	ഉഗ്രൈഃ	അസഹ്യമായ വാക്കുകളാൽ
ത്യക്ത്വാ	വെടിഞ്ഞ്	പ്രചോദിതഃ	തുരത്തപ്പെട്ടവനായി
സ്വയം	എന്റെ	ത്വത്സകാശം	ജ്യേഷ്ഠന്റെ അടുക്ക
കാമകാരേണ	സ്വന്തം ഇഷ്ടപ്രകാരം	ഇഹ	ഇപ്പോൾ [ലേക്ക്
ഇഹ	ഇവിടെക്ക്	ആഗതഃ.	വന്നതാണ്.
ആഗതഃ ന;	വന്നതല്ല;		

ആര്യേണേവ പരാക്രുഷ്ടം ഹാ സീതേ ലക്ഷ്മണേതി ച
പരിത്രാഹീതി യദ്വാക്യം മൈഥില്യാസ്തച്ഛ്രുതിം ഗതം. 7

"'ഹാ സീതേ!'	"'അയ്യോ സീതേ!'	ആര്യേണ	ജ്യേഷ്ഠനാൽ
ഇതി ച	എന്നും	ഇവ	എന്നപോലെ
'ലക്ഷ്മണ!	'ലക്ഷ്മണ!	പരാക്രുഷ്ടം	ശത്രുവിനാൽ നിലവി
പരിത്രാഹി,'	ഓടിവന്ന് സഹായി	തത്	ആയതു് [ളിക്കപ്പെട്ടുവോ
ഇതി	എന്നും [ച്ചാലും.'	മൈഥില്യാഃ	സീതാദേവിയുടെ
യത്	യാതൊരു	ശ്രുതിം	ചെവിയിൽ
വാക്യം	വാക്യം	ഗതം.	വീഴുകയുണ്ടായി.

സാ തമാർത്തസ്വരം ശ്രുത്വാ തവ സ്നേഹേന മൈഥിലീ
ഗച്ഛ ഗച്ഛേതി മാമാഹ രുദന്തീ ഭയവിക്ലബാ. 8

" സാ	" ആ	ഭയവിക്ലബാ	ഭയത്താൽ മതിമറന്നവളായി
മൈഥിലീ	സീതാദേവി		
തം	ആ	രുദന്തീ	മുറയിട്ടുകൊണ്ടു്
ആർത്തസ്വരം	ദീനസ്വരത്തെ	മാം	എന്നെനോക്കി
ശ്രുത്വാ	കേട്ടു്	'ഗച്ഛ ഗച്ഛ,' ഇതി	'വേഗം പോയാലും' എന്നു്
തവ	നിന്തിരുവടിയിങ്കലുള്ള	ആഹ.	അരുളിച്ചെയ്തു.
സ്നേഹേന	സ്നേഹംമൂലം		

പ്രചോദ്യമാനേന മയാ ഗച്ഛേതി ബഹുശസ്തയാ
പ്രത്യുക്താ മൈഥിലീ വാക്യമിദം ത്വത്പ്രത്യയാന്വിതം.

" തയാ	" അവളാൽ	മൈഥിലീ	സീതാദേവി
'ഗച്ഛ'	'പോയാലും'	ഇദം	ഇപ്രകാരം
ഇതി	എന്നു്	ത്വത്പ്രത്യയാന്വിതം	നിന്തിരുവടിയിലുള്ള വിശ്വാസത്തെ കാണിക്കുന്നതായ
ബഹുശഃ	പലകുറി		
പ്രചോദ്യമാനേന	ആജ്ഞാപിക്കപ്പെട്ടവനായ	വാക്യം	വാക്യം
മയാ	എന്നാൽ	പ്രത്യുക്താ.	പറയപ്പെട്ടു.

ന തത് പശ്യാമഹം രക്ഷോ യദസ്യാ ഭയമാനയേത്
നിർവൃതാ ഭവ നാസ്ത്യേതത് കേനാപ്യേവമുദാഹൃതം. 10

" 'അസ്യാ	" 'ഇദ്ദേഹത്തിന്നു്	ഏതത്	ഇതു്
ഭയം	ആപത്തിനെ	ന അസ്തി;	യാതൊന്നുമില്ല;
യത്	യാതൊരുവൻ	കേന അപി	ഏതോ ഒരുത്തനാൽ
ആനയേത്	വിളയിക്കുമൊ	ഏവം	ഇപ്രകാരം
തത് രക്ഷഃ	അപ്രകാരമുള്ള ഒരു രാക്ഷസനെ	ഉദാഹൃതം;	നിലവിളിക്കപ്പെട്ടതാണു്;
അഹം	ഞാൻ	നിർവൃതാ	വിചാരപ്പെടാതെ
ന പശ്യാമി;	കാണുന്നില്ല;	ഭവ.	ഇരുന്നുകൊൾക.

വിഗർഹിതം ച നീചം ച കഥമാര്യോഽഭിധാസ്യതി
ത്രാഹീതി വചനം സീതേ യസ്ത്രായേത് ത്രിദശാനപി. 11

" 'സീതേ !	" 'അയോനിജയായവളേ !	'ത്രാഹി'	'എന്നെ രക്ഷിക്കണേ!'
ത്രിദശാൻ അപി	ദേവന്മാരേയുംകൂടി	ഇതി	എന്നുള്ള
യഃ	ഏതൊരുവൻ	വിഗർഹിതം ച	നിന്ദ്യവും
ത്രായേത്	രക്ഷിക്കുമോ, അപ്രകാരമുള്ള	നീചം ച	തുച്ഛവും ആയ
ആര്യഃ	പുരുഷോത്തമൻ	വചനം	വാക്യത്തെ
		കഥം	എങ്ങിനെ
		അഭിധാസ്യതി ?	ഉരചെയ്യും ?

കിംനിമിത്തം തു കേനാപി ഭ്രാതുരാലംബ്യ മേ സ്വരം
രാക്ഷസേനേരിതം വാക്യം ലക്ഷ്മണ ത്രാഹി മാമിതി. 12

"'കേന	"ഏതോ ഒരു	സ്വരം	സ്വരത്തെ
രാക്ഷസേന അപി	രാക്ഷസനാൽതന്നെ	ആലംബ്യ,	കൈക്കൊണ്ട്,
		'ലക്ഷ്മണ!	'ലക്ഷ്മണ!
കിംനിമിത്തം തു	എന്തോ ഉദ്ദേശം കരുതി	മാം ത്രാഹി,	'എന്നെ സഹായിക്കൂ!'
മേ	എന്റെ	ഇതി	എന്ന്
ഭ്രാതുഃ	ജ്യേഷ്ഠന്റെ	വാക്യം ഈരിതം.	പറയപ്പെട്ടതാണ്.

ന ഭവത്യാ വ്യഥാ കാര്യാ കുനാരീജനസേവിതാ 13

"'കുനാരീജന-സേവിതാ	"'സാധാരണസ്ത്രീകൾക്ക് ഉണ്ടാകാറുള്ള മാതിരിയുള്ള	വ്യഥാ	മനോവിചാരം
		ഭവത്യാ	ഭവതിയാൽ
		ന കാര്യാ.	കൈക്കൊള്ളത്തക്കതല്ല.

അലം വൈക്ലബ്യമാലംബ്യ സ്വസ്ഥാ ഭവ നിരുത്സുകാ
ന സോഽസ്തി ത്രിഷു ലോകേഷു പുമാൻ വൈ രാഘവം രണേ
ജാതോ വാ ജായമാനോ വാ സംയുഗേ യഃ പരാജയേത്. 14

"'വൈക്ലബ്യം	"'വ്യസനം	രാഘവം	ശ്രീരാഘവനെ
ആലംബ്യ അലം;	കൈക്കൊണ്ടത്, ഇത്രത്തോളം മതി;	രണേ	അടർക്കളത്തിൽ എതിർത്ത്
നിരുത്സുകാ	ഒട്ടും വിചാരപ്പെടാതെ	സംയുഗേ	പോരിൽ
സ്വസ്ഥാ	സ്ഥിരചിത്തയായി	പരാജയേത്,	ജയിക്കുമോ,
ഭവ;	വർത്തിച്ചാലും;	സഃ	അപ്രകാരമുള്ളവൻ
ജാതഃ വാ	പിറന്നവനാകട്ടെ	ത്രിഷു	മൂന്നു
ജായമാനഃ വാ	പിറക്കുന്നവനാകട്ടെ	ലോകേഷു വൈ	ലോകങ്ങളിലും
യഃ പുമാൻ	ഏതൊരു ആൺകുട്ടി	ന അസ്തി.	ഇല്ലതന്നെ.

ന ജയ്യോ രാഘവോ യുദ്ധേ ദേവൈഃ ശക്രപുരോഗമൈഃ 15

"ശക്രപുരോ-ഗമൈഃ	"ഇന്ദ്രൻ മുമ്പായുള്ള	രാഘവഃ	ശ്രീരാഘവൻ
ദേവൈഃ	ദേവന്മാർക്കും	ന ജയ്യഃ.'	ജയിക്കപ്പെടുവാൻ കഴിയാത്തവനാണ്.'
യുദ്ധേ	യുദ്ധത്തിൽ		

ഏവമുക്താ തു വൈദേഹീ പരിമോഹിതചേതനാ
ഉവാചാശ്രൂണി മുഞ്ചന്തീ ദാരുണം മാമിദം വചഃ. 16

"ഏവം	"മേൽപ്രകാരം	അശ്രൂണി	അശ്രുക്കൾ
തു	ഇതിനെക്കുറിച്ച്	മുഞ്ചന്തീ,	പൊഴിച്ചുകൊണ്ട്,
ഉക്താ	ഉണർത്തിക്കപ്പെട്ടവളായ	മാം	എന്നോടായി
വൈദേഹീ	സീതാദേവി,	ദാരുണം	അസഹ്യമായ
പരിമോഹിത-ചേതനാ,	അകക്കാമ്പിൽ വല്ലാത്ത കാലുഷ്യത്തോടുകൂടിയവളായി	ഇദം	ഇപ്രകാരമുള്ള
		വചഃ	വാക്യത്തെ
		ഉവാച.	ഉരചെയ്തു.

ഭാവോ മയി തവാത്യൎത്ഥം പാപഭാവനിവേശിതഃ
വിനഷ്ടേ ഭ്രാതരി പ്രാപ്തും ന ച ത്വം മാമവാപ്സ്യസി. 17

"'മയി	"'എന്റെപേരിൽ
തവ	നിനക്കു
അത്യൎത്ഥം	അതിയായ
ഭാവഃ;	കൊതിയുണ്ടു;
പ്രാപ്തും	കിട്ടുവാൻവേണ്ടി
പാപഭാവനിവേശിതഃ	പാപകൃത്യത്തിൽ മനസ്സുവെച്ചുവനായ
ത്വം,	നീ,
ഭ്രാതരി	ജ്യേഷ്ഠൻ
വിനഷ്ടേ ച	മരിച്ചുപോയാലും,
മാം	എന്നെ
ന അവാപ്സ്യസി.	പ്രാപിക്കയില്ല.

സംകേതാദ്ഭരതേന ത്വം രാമം സമനുഗച്ഛസി
ക്രോശന്തം ഹി യഥാƒത്യൎത്ഥം നൈനമഭ്യവപദ്യസേ. 18

"'അത്യൎത്ഥം	"'എത്രയൊ
ക്രോശന്തം	വിളിച്ചുകരയുന്നവനായ
ഏനം	ഇദ്ദേഹത്തെ
ന അഭ്യവപദ്യസേ	നീ അടുക്കുന്നില്ല,
യഥാ ഹി,	എന്നുള്ളതുകൊണ്ടു
ത്വം	നീ [തന്നെയാണു
ഭരതേന	ഭരതനുമായി
സംകേതാത്	പറഞ്ഞൊത്തിട്ടുള്ള
രാമം	ശ്രീരാമനെ [കാരണം
സമനുഗച്ഛസി.	പിൻതുടൎന്നുവരുന്നതു.

രിപുഃ പ്രച്ഛന്നചാരീ ത്വം മദൎത്ഥമനുഗച്ഛസി.
രാഘവസ്യാന്തരപ്രേപ്സുസ്തഥൈനം നാഭിപദ്യസേ. 19

"'ത്വം	"'നീ
പ്രച്ഛന്നചാരീ	നല്ലവനെന്നുനടിക്കുന്ന
രിപുഃ;	ശത്രുവാണു;
രാഘവസ്യ	ശ്രീരാഘവന്റെ
അന്തരപ്രേപ്സുഃ	ക്ഷയത്തെ കാംക്ഷിക്കുന്നവനായി
മദൎത്ഥം	എന്നെകൊതിച്ചുകൊണ്ടു
അനുഗച്ഛസി;	നീ പിന്നാലെ വന്നിരിക്കയാണു;
തഥാ	അതുകൊണ്ടുതന്നെയാണു
ഏനം ന അഭിപദ്യസേ.'	അദ്ദേഹത്തിന്റെ അടുക്കലേക്കു നീ പോകാതിരിക്കുന്നതു.'

ഏവമുക്തോ ഹി വൈദേഹ്യാ സംരബ്ധോ രക്തലോചനഃ
ക്രോധാത് പ്രസ്ഫുരമാണോഷ്ഠ ആശ്രമാദഭിനിൎഗ്ഗതഃ 20

"വൈദേഹ്യാ	"വൈദേഹിയാൽ
ഏവം	ഇപ്രകാരം
ഉക്തഃ	ദൂഷണംചെയ്യപ്പെട്ടവനായ ഞാൻ
ഹി	തന്മൂലം
ക്രോധാത്	കോപത്താൽ
രക്തലോചനഃ	കണ്ണുകൾ തുടുത്തു
പ്രസ്ഫുരമാണോഷ്ഠഃ	ചുണ്ടുകൾ വിറച്ചുകൊണ്ടു
സംരബ്ധഃ	മനസ്സുകലങ്ങിയവനായി
ആശ്രമാത്	ആശ്രമത്തിൽനിന്നും
അഭിനിൎഗ്ഗതഃ."	പുറത്തേക്കുവന്നുകളഞ്ഞു."

ഏവം ബ്രുവാണം സൌമിത്രിം രാമഃ സന്താപമോഹിതഃ
അബ്രവീദ്ദുഷ്കൃതം സൌമ്യ താം വിനാ യത് ത്വമാഗതഃ 21
ജാനന്നപി സമർത്ഥം മാം രക്ഷസാം വിനിവാരണേ
അനേന ക്രോധവാക്യേന മൈഥില്യാ നിഃസൃതോ ഭവാൻ. 22

സന്താപ-മോഹിതഃ	സന്താപത്താൽ മതി മറന്നവനായ	ജാനൻ അപി,	അറിഞ്ഞിരുന്നിട്ടും,
രാമഃ,	ശ്രീരാമൻ,	മൈഥില്യാഃ	സീതയുടെ
ഏവം	ഇപ്രകാരം	അനേന	ഈ
ബ്രുവാണം	പറയുന്നവനായ	ക്രോധവാക്യേന	കോപംകൊണ്ടു, പറയപ്പെട്ട വാക്യംമൂലം
സൌമിത്രിം	സൌമിത്രിയോടായി	നിഃസൃതഃ	പുറപ്പെട്ട്
അബ്രവീത്;	അരുൾചെയ്തു;	ത്വം	നീ
"രക്ഷസാം വിനിവാരണേ	"രാക്ഷസന്മാരെ ആട്ടിപ്പായിക്കുന്നതിൽ	താം	അവളെയും
സമർത്ഥം	തക്ക ശക്തിയുള്ളവനെന്ന്	വിനാ	തന്നെവെച്ച്
		ആഗതഃ;	വന്നുവല്ലൊ;
		സൌമ്യ!	വത്സ!
മാം	എന്നെ	യത്	ഇത്
ഭവാൻ	നീ	ദുഷ്കൃതം.	തെററായ്പോയി.

ന ഹി തേ പരിതുഷ്യാമി ത്യക്ത്വാ യദ്യാസി മൈഥിലീം
ക്രുദ്ധായാഃ പരുഷം ശ്രുത്വാ സ്ത്രിയാശ്ച ത്വമിഹാഗതഃ. 23

"ക്രുദ്ധായാഃ	"കോപിച്ചിരുന്ന	മൈഥിലീം ച	സീതയേയും
സ്ത്രിയാഃ	ഒരു സ്ത്രീയുടെ	ത്യക്ത്വാ	വെടിഞ്ഞിട്ടാണ്
പരുഷം	കടുതായ മൊഴി	യാസി;	നീ വന്നിരിക്കുന്നത്;
ശ്രുത്വാ,	കേട്ട്,	യത്	ഇക്കാര്യത്തെക്കുറിച്ച്
ഇഹ	ഇങ്ങോട്ട്	തേ ഹി	നിന്നെക്കുറി
ത്വം	നീ	ന പരിതുഷ്യാമി.	ഞാൻ അഭിനന്ദിക്കുന്നില്ല.
ആഗതഃ;	വന്നുകളഞ്ഞു;		

സർവ്വഥാ ത്വപനീതം തേ സീതയാ യത് പ്രചോദിതഃ
ക്രോധസ്യ വശമാപന്നോ നാകരോഃ ശാസനം മമ. 24

"സീതയാ	"സീതയാൽ	ശാസനം അകരോഃ ന.	വാക്യപ്രകാരം നീ ചെയ്യാതിരുന്നു;
പ്രചോദിതഃ	പറഞ്ഞയക്കപ്പെട്ടവനായി	തേ തു	പ്രത്യേകിച്ചും നിൻെറ
ക്രോധസ്യ	കോപത്തിന്നു	യത്	ഈ പ്രവൃത്തി
വശം ആപന്നഃ	അധീനനായി,	സർവ്വഥാ	എന്തായാലും
മമ	എൻെറ	അപനീതം.	സ്വഭാവവിരുദ്ധമായ്പോയി,

അസൌ ഹി രാക്ഷസഃ ശേതേ ശരേണാഭിഹതോ മയാ
മൃഗരൂപേണ യേനാഹമാശ്രമാദപവാഹിതഃ 25

"മൃഗരൂപേണ	"മാൻരൂപം കൈക്കൊണ്ടവനായ	അസൌ	ഈ
യേന	യാതൊരുവനാൽ	രാക്ഷസഃ ഹി	രാക്ഷസനും
അഹം	ഞാൻ	മയാ	എന്നാൽ
ആശ്രമാത്	ആശ്രമത്തിൽനിന്നും	ശരേണ	ബാണത്താൽ
അപവാഹിതഃ	ദൂരെകൊണ്ടുപോകപ്പെട്ടുവോ,	അഭിഹതഃ	ഹനിക്കപ്പെട്ട്
		ശേതേ.	കിടക്കുന്നു.

വികൃഷ്യ ചാപം പ്രണിധായ സായകം
സലീലബാണേന ച താഡിതോ മയാ
മാർഗ്ഗീം തനും ത്യജ്യ സവിക്ലബസ്വരോ
ബഭൂവ കേയൂരധരഃ സ രാക്ഷസഃ. 26

"ചാപം വികൃഷ്യ	"വില്ലുകുലച്ച്	മാർഗ്ഗീം തനും	മൃഗരൂപത്തെ
സായകം	ബാണത്തെ	ത്യജ്യ	വെടിഞ്ഞ്,
പ്രണിധായ	തൊടുത്ത്,	കേയൂരധരഃ	തോൾവളകളണിഞ്ഞ
സലീലബാണേന ച	കളിയായി എയ്ത ഒരു ബാണത്താൽ തന്നെ	സവിക്ലബസ്വരഃ	പരിതാപകരമായ ഒച്ചയോടു കൂടിയ
മയാ സഃ താഡിതഃ	എന്നാൽ അവൻ താഡിക്കപ്പെട്ടവനായി	രാക്ഷസഃ	രാക്ഷസനായി
		ബഭൂവ.	മാറി.

ശരാഹതേനൈവ തദാഽഽർത്തയാ ഗിരാ
സ്വരം മമാലംബ്യ സുദൂരസംശ്രവം
ഉദാഹൃതം തദ്വചനം സുദാരുണം
ത്വമാഗതോ യേന വിഹായ മൈഥിലീം. 27

"തദാ	"ആ സമയം	സുദൂരസംശ്രവം	വളരെ ദൂരത്തിൽ കേൾക്കത്തക്കവിധത്തിൽ
ശരാഹതേന ഏവ,	ബാണാഹതനായ അവനാൽ തന്നെ,	ഉദാഹൃതം;	നിലവിളിക്കപ്പെട്ടു;
മമ സ്വരം	എന്റെ ഒച്ചയെ	യേന	ഇതുകേട്ടു തന്നേയാണ്
ആലംബ്യ,	അനുകരിച്ച്,	ത്വം	നീ
ആർത്തയാ ഗിരാ,	ദൈന്യസ്വരത്തിൽ	മൈഥിലീം	സീതയേയും
സുദാരുണം	ഏററവും കൊടിയതായ	വിഹായ	തന്നെ വിട്ടേച്ച്
തത് വചനം	ആ വാക്യം	ആഗതഃ."	വന്നു കളഞ്ഞത്."

["സീതാ ദുരുക്തികഥനം ലക്ഷ്മണസ്യ മുഖാച്ച്യുതം. ശ്രുത്വാ ന ജാതു പീഡാ സ്യാദഭിശാപകൃത മഹത്." എന്നു സ്കാന്ദത്തിൽ സർഗ്ഗശ്രവണ പഠന ഫലം. (തിത്ഥീയം.)]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ഏകോനഷഷ്ടിതമഃ സർഗ്ഗഃ = അമ്പത്തൊമ്പതാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 8703; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1991.

ഷഷ്ടിതമഃ സർഗ്ഗഃ = അറുപതാംസർഗ്ഗം.

[പർണ്ണശാലാഗമനം = ആശ്രമത്തിൽ മടങ്ങിയെത്തുന്നതു.]

ഭൃശമാവ്രജമാനസ്യ തസ്യാധോവാമലോചനം
പ്രാസ്ഫുരച്ചാസ്ഖലദ്രാമോ വേപഥുശ്ചാപ്യജായത. 1

ആവ്രജമാനസ്യ	മടങ്ങിവന്നുകൊണ്ടിരുന്നവനായ	പ്രാസ്ഫുരത് ;	തുടിച്ചുകൊണ്ടിരുന്നു ;
തസ്യ	ആ ശ്രീരാമന്റെ	രാമഃ അപി	ശ്രീരാമനും
അധോവാമലോചനം ച	എടത്തെ കണ്ണിന്റെ താഴത്തെ പോളയും	അസ്ഖലത് ;	കാലിടറി ;
ഭൃശം	ക്രടെക്കൂടെ	വേപഥുഃ ച	ദേഹത്തിൽ വിറയലും
		അജായത.	ഉണ്ടായി.

ഉപാലക്ഷ്യ നിമിത്താനി സോഽശുഭാനി മുഹുർമ്മുഹുഃ
അപി ക്ഷേമം നു സീതായാ ഇതി വൈ വ്യാജഹാര ച. 2

സഃ	അദ്ദേഹം	" സീതായാഃ	" സീതയ്ക്കു
മുഹുഃ മുഹുഃ	മേല്ക്കുമേൽ	ക്ഷേമം അപി നു ? "	ആപത്തില്ലാതിരിക്കുമൊ എന്തൊ ? "
നിമിത്താനി	ലക്ഷണങ്ങളെ	ഇതി ച	എന്നിങ്ങിനെ പലകുറി
അശുഭാനി	അശുഭസൂചകങ്ങളായി	വ്യാജഹാര വൈ.	വാവിട്ടുരചെയ്തു.
ഉപാലക്ഷ്യ,	കണ്ടു,		

[" അധോവാമദൃശഃസ്പന്ദേ ബഹ്വനിഷ്ടോ ഭവേത് പുമാൻ "; " പ്രയാണകാലേ സ്ഖലനം കരോതിഷ്ടസ്യ ഭഞ്ജനം "; എന്ന വാക്യപ്രകാരം എടത്തെ കണ്ണിന്റെ കീഴ്ഭാഗം തുടിക്കുന്നതും, യാത്രയിൽ കാലിടറുന്നതും ദുർല്ലക്ഷണങ്ങളാകുന്നു.]

ത്വരമാണോ ജഗാമാഥ സീതാദർശനലാലസഃ
ശൂന്യമാവസഥം ദൃഷ്ട്വാ ബഭൂവോദ്വിഗ്നമാനസഃ. 3

അഥ	ഉടനെ	ശൂന്യം	ശൂന്യമായിരിക്കുന്നതായി
സീതാദർശനലാലസഃ	സീതയെ കാണുന്നതിനുള്ള	ദൃഷ്ട്വാ,	കണ്ടു,
ത്വരമാണഃ	ബദ്ധപ്പാടോടുകൂടിയവനായി	ഉദ്വിഗ്നമാനസഃ ബഭൂവ.	ഭയന്നു അമ്പരന്നു.
ജഗാമ ;	ഓടിച്ചെന്നു ;		
ആവസഥം	പർണ്ണശാലയെ		

ഉദ്ഭ്രമന്നിവ വേഗേന വിക്ഷിപൻ രഘുനന്ദനഃ
തത്രതത്രോടജസ്ഥാനമഭിവീക്ഷ്യ സമന്തതഃ. 4
ദദർശ പർണ്ണശാലാം ച സീതയാ രഹിതാം തദാ
ശ്രിയാ വിരഹിതാം ധ്വസ്താം ഹേമന്തേ പദ്മിനീമിവ. 5

രഘുനന്ദനഃ	രഘുനായകൻ	ഉടജസ്ഥാനം	ആശ്രമപ്രദേശത്തെ
വിക്ഷിപൻ,	മനസ്സുതകർന്നവനായി,	തത്ര തത്ര	പലടിക്കിലും
വേഗേന	ഉത്കണ്ഠയോടെ	സമന്തതഃ ച	എങ്ങുംതന്നെ
ഉദ്ഭ്രമൻ ഇവ	അങ്ങുമിങ്ങും ഓടിക്കൊണ്ടു	അഭിവീക്ഷ്യ,	തേടിത്തിരഞ്ഞു,
		തദാ	അപ്പോൾ

സീതയാ രഹിതാം	സീതയില്ലാതിരിക്കുന്ന
പൎണ്ണശാലാം,	ആ പൎണ്ണശാലയെ,
ഹേമന്തേ	മഞ്ഞുകാലത്തിൽ
ശ്രിയാ വിരഹിതാം	ശോഭയററ്
ധ്വസ്താം	കെട്ടുപോയതായ
പദ്മിനീം ഇവ	താമരപ്പൊയ്കയെന്നപോലെ
ദദൎശ.	കരുതി.

രുദന്തമിവ വൃക്ഷൈശ്ച ഗ്ലാനപുഷ്പമൃഗദ്വിജം
ശ്രിയാ വിഹീനാം വിധ്വസ്തം സന്ത്യക്തവനദൈവതം. 6
വിപ്രകീൎണ്ണാജിനകുശം വിപ്രവിദ്ധബൃസീകടം
ദൃഷ്ട്വാ ശൂന്യം നിജസ്ഥാനം വിലലാപ സുദുഃഖിതഃ 7

നിജസ്ഥാനം	സ്വവാസസ്ഥലത്തെ
ശൂന്യം,	ശൂന്യമായും,
വൃക്ഷൈഃ	വൃക്ഷങ്ങളെക്കൊണ്ടു്
രുദന്തം ഇവ,	കരഞ്ഞുകൊണ്ടിരിക്കുന്നപോലെയുള്ളതായും
ഗ്ലാനപുഷ്പമൃഗദ്വിജം,	വാടിത്തളൎന്ന പൂക്കളോടും മാനുകളോടും പക്ഷികളോടും കൂടിയതായും,
ശ്രിയാ വിഹീനം	ശോഭയററിരിക്കുന്നതായും,
വിധ്വസ്തം,	താറുമാറായ്കിടക്കുന്നതായും,
സന്ത്യക്തവനദേവതം,	വനദേവതകളില്ലാതിരിക്കുന്നതായും,
വിപ്രകീൎണ്ണാജിനകുശം,	ചിതറിക്കിടക്കുന്ന മാൻതോൽ, ദൎഭ എന്നവയോടുകൂടിയതായും,
വിപ്രവിദ്ധബൃസീകടം ച	കീറിക്കിടക്കുന്ന ദൎഭാസനത്തോടുകൂടിയതായും
ദൃഷ്ട്വാ,	കണ്ടു്,
സുദുഃഖിതഃ	ദുഃഖപരവശനായി
വിലലാപ.	ഇപ്രകാരം പ്രലപിച്ചു.

ഹൃതാ മൃതാ വാ നഷ്ടാ വാ ഭക്ഷിതാ വാ ഭവിഷ്യതി
നിലീനാപ്യഥവാ ഭീരുരഥവാ വനമാശ്രിതാ. 8

"ഹൃതാ ?	"അവൾ അപഹരിക്കപ്പെട്ടുവൊ ?
മൃതാ വാ ?	മരിച്ചുപോയൊ ?
നഷ്ടാ വാ ?	വഴിതെററിയെങ്ങാനുമിരിക്കുന്നുവൊ ?
ഭക്ഷിതാ	വിഴുങ്ങപ്പെട്ടവളായി
ഭവിഷ്യതി വാ ?	ഭവിച്ചുകളയുമൊ ?
അഥവാ	അല്ലെന്നാൽ
ഭീരുഃ	ഭയപ്പെട്ടവളായി
നിലീനാ?	ബന്ധനത്തിൽ വെക്കപ്പെട്ടിരിക്കുന്നുവൊ ?
അഥവാ	അല്ലാത്തപക്ഷം
വനം ആശ്രിതാ അപി?	കാട്ടിൽതന്നെയെങ്ങാനുമിരിക്കുന്നുണ്ടൊ ?

["നിലീനാ" (ഒളിച്ചിരിക്കുന്നുവോ), എന്നു് ഗോ. രാ.]

ഗതാ വിചേതും പുഷ്പാണി ഫലാന്യപി ഹി വാ പുനഃ
അഥവാ പദ്മിനീം യാതാ ജലാൎത്ഥം വാ നദീം ഗതാ. 9

"പുഷ്പാണി ഹി	"പൂക്കളും
ഫലാനി അപി	പഴങ്ങളും
വിചേതും	പറിപ്പാനായി
പുനഃ	വീണ്ടും
ഗതാ വാ ?	പോയിരിക്കയാണൊ ?
പദ്മിനീം	താമരപ്പൊയ്കയിലേക്കു്
യാതാ അഥവാ ?	പോയിരിക്കുമൊ ?
ജലാൎത്ഥം	വെള്ളംകൊണ്ടുവരുവാനായി
നദീം	നദിക്കു്
ഗതാ വാ ?"	പോയോ ?"

യത്നാന്മൃഗയമാണസ്തു നാസസാദ വനേ പ്രിയാം
ശോകരക്തേക്ഷണഃ ശോകാദുന്മത്ത ഇവ ലക്ഷ്യതേ. 10

വനേ	കാട്ടിൽ	ശോകാത്	മനോവേദനയാൽ
യത്നാത്	അതിശ്രദ്ധയോടെ	ഉന്മത്ത ഇവ	വെറിപിടിച്ചവനെന്ന പോലെ
മൃഗയമാണഃ	തിരഞ്ഞുകൊണ്ടിരുന്ന അദ്ദേഹം	ശോക-രക്തേക്ഷണഃ	ദുഃഖത്താൽ ചുവന്ന നേത്രങ്ങളോടുകൂടിയവനായി
പ്രിയാം	പ്രേയസിയെ	ലക്ഷ്യതേ.	കാണപ്പെട്ടു.
ന ആസസാദ;	കണ്ടെത്തിയില്ല;		
തു	അതിനാൽ		

["ഉന്മത്ത ഇവ" എന്നു പറഞ്ഞതുകൊണ്ട് ഈ ദുഃഖമെല്ലാം വാസ്തവത്തിൽ നാട്യമാണെന്നു ബോധിക്കേണ്ടതാണെന്നു (തീർത്ഥീയം, തിലകം). ഭാഗവതത്തിൽ "രക്ഷോഽധമേന വൃകവദ്വിപിനേ സമക്ഷം വൈദേഹരാജദുഹിതര്യുപയാപിതായാം ഭ്രാത്രാ വനേ കൃപണവത് പ്രിയയാ വിയുക്തഃ സ്ത്രീസംഗിനാം ഗതിമിതി പ്രഥയംശ്ചചാര. മർത്ത്യാവതാരസ്ത്വിഹ മർത്ത്യശിക്ഷണം രക്ഷോവധായൈവ ന കേവലം വിഭോഃ. കുതോഽന്യഥാ സ്യാദ്രമതഃ സ്വ ആത്മൻ സീതാകൃതാനി വ്യസനാനീശ്വരസ്യ. സ വൈ ന ആത്മാത്മവതാമധീശ്വരഃ സക്തസ്ത്രിലോക്യാം ഭഗവാൻ വാസുദേവഃ ന സ്ത്രീകൃതം കശ്മലമശ്നുവീത ന ലക്ഷ്മണം ചാപി വിഹാതുമിച്ഛതി" എന്ന്, കേവലം രാക്ഷസവധത്തിന്നായി മാത്രമല്ലാതെ, മർത്ത്യന്മാർക്ക് അതിയായ സ്ത്രീപ്രേമംകൊണ്ട് ഇപ്രകാരമുള്ള ദുഃഖങ്ങൾ നേരിട്ടേക്കുമെന്നിത്യാദിയും ഉപദേശിക്കുന്നതിന്നായാണ്, മർത്ത്യാവതാരത്തെ ഭഗവാൻ കൈക്കൊണ്ടതെന്ന് പറയപ്പെട്ടിരിക്കുന്നു. സ്കാന്ദപുരാണത്തിൽ ഉമാസംഹിതയിലും ഇപ്രകാരം പറയപ്പെട്ടിട്ടുണ്ട്. "അഹം ദാശരഥിർഭൂത്വാ ഹന്മി രാവണമാഹവേ. ശ്രീമദ്രാമാവതാരേഽസ്മിൻ അജ്ഞവത് ക്രിയതേ മയാ. തത്ര ശങ്കാ ന കർത്തവ്യാ സർവ്വജ്ഞേനാപി മായയാ. മന്മായാമോഹിതം രക്ഷോ മനുഷ്യം മാമവേക്ഷ്യതി. അന്യഥാ തസ്യ സാ നൂനം ന ഭവേദ്വ്യത്രകുത്രചിത്." എന്നിങ്ങിനെ ശ്രീരാമന്റെ മായയാൽ മോഹിക്കപ്പെട്ടവനായ രാവണൻ, ശ്രീരാമനെ കേവലമനുഷ്യൻ മാത്രമാണെന്ന് വിചാരിക്കും, എന്നു പറയപ്പെട്ടിരിക്കുന്നു.]

വൃക്ഷാദ്വൃക്ഷം പ്രധാവൻ സ ഗിരേശ്ചാദ്രിം നദാന്നദീം
ബഭൂവ വിലപൻ രാമഃ ശോകാർണ്ണവപരിപ്ലുതഃ 11

സഃ	ആ	വൃക്ഷം	മറ്റൊരു മരത്തിലേക്കും
രാമഃ	ശ്രീരാമൻ	ഗിരേഃ	ഒരു മലയിൽ നിന്ന്
ശോകാർണ്ണവ-പരിപ്ലുതഃ	ശോകസാഗര നിമഗ്നനായി	അദ്രിം	മറ്റൊരു മലയിലേക്കും
വിലപൻ	പ്രലപിക്കുന്നവനായ്ക്കൊണ്ടു	നദാത്	ഒരു നദിയിൽ നിന്ന്
വൃക്ഷാത്	ഒരു മരത്തിൽ നിന്ന്	നദീം	മറ്റൊരു നദിയിലേക്കും
		പ്രധാവൻ ച	ഓടിത്തിരിയുന്നവനായി
		ബഭൂവ.	ഭവിച്ചു.

അപി കച്ചിത്ത്വയാ ദൃഷ്ടാ സാ കദംബപ്രിയാ മമ
കദംബ യദി ജാനീഷേ ശംസ സീതാം ശുഭാനനാം. 12

"കദംബ!	"അല്ലേ കടമ്പിൻ മരമേ!
കദംബപ്രിയാ	കടമ്പിൻ പുഷ്പത്തിലാഗ്രഹമുള്ളവളായ
സാ,	അവൾ,
ത്വയാ	നിന്നാൽ
ദൃഷ്ടാ കച്ചിത് അപി?	കാണപ്പെട്ടുകയുണ്ടായൊ?
ശുഭാനനാം	ചാരുവദനയായ
സീതാം	സീതയെ
ജാനീഷേ യദി	നീയെങ്ങാനുമിരിക്കുന്നതായറിയുമെങ്കിൽ
മമ	എന്നോട്
ശംസ.	ഉരചെയ്യാലും.

[" കദംബം," (മഞ്ഞൾ) എന്നും അൎത്ഥം.]

സ്നിഗ്ദ്ധപല്ലവസംകാശാ പീതകൌശേയവാസിനീ
ശംസസ്വ യദി വാ ദൃഷ്ടാ ബില്വ ബില്വോപമസ്തനീ. 13

"ബില്വ!	"കൂവളമെ!
സ്നിഗ്ദ്ധ-പല്ലവ-സംകാശാ	മനോഹരമായ തളിരുപോലുള്ളവളും
പീതകൌശേയവാസിനീ	മഞ്ഞപ്പൂമ്പട്ടുടുത്തവളും
ബില്വോപമ-സ്തനീ	കൂവളക്കായൊത്ത സ്തനങ്ങളാൎന്നവളുമായ അവൾ
ദൃഷ്ടാ യദി വാ	നിന്നാൽ കാണപ്പെട്ടവളാണെന്നാൽ
ശംസസ്വ.	എന്നോടു പറഞ്ഞുതന്നാലും.

അഥവാൎജ്ജുന ശംസ ത്വം പ്രിയാം താമൎജ്ജുനപ്രിയാം
ജനകസ്യ സുതാ ഭീരുൎയ്യദി ജീവതി വാ ന വാ. 14

"അൎജ്ജുന!	"മരുതേ!
ഭീരുഃ	ഭീരുവായ
ജനകസ്യസുതാ	ജനകനന്ദിനി
ജീവതി വാ യദി,	ജീവനോടുകൂടിയിരിക്കുന്നുണ്ടെന്നാലും,
അഥവാ	അഥവാ
ന വാ,	ഇല്ലെന്നാലും,
അൎജ്ജുനപ്രിയാം	മരുതിൻപൂക്കളിലാശയുള്ള
താം	ആ
പ്രിയാം	പ്രിയയെപ്പററി
ത്വം	നീ
ശംസ.	എന്നോടുരചെയ്യാലും.

[" അൎജ്ജുനപ്രിയാം " (മയിലുകളിൽ പ്രീതിയുള്ളവൾ) എന്നും]

കകുഭഃ കകുഭോരും താം വ്യക്തം ജാനാതി മൈഥിലീം
യഥാ പല്ലവപുഷ്പാഢ്യോ ഭാതി ഹ്യേഷ വനസ്പതിഃ. 15

"ഏഷഃ	"ഈ
കകുഭഃ വനസ്പതിഃ	നീൎമരുത് വൃക്ഷം
പല്ലവ-പുഷ്പാഢ്യഃ	തളിരും പൂവും നിറഞ്ഞ്
ഭാതി;	വിലസുന്നു;
യഥാ ഹി	ആകയാൽ
കകുഭോരും	കകുഭംപോലെ തുടകളുള്ള
താം	ആ
മൈഥിലീം	ജാനകിയെ
വ്യക്തം	നിശ്ചയമായും
ജാനാതി.	കണ്ടിരിക്കുന്നു.

[' കകുഭം, ' (വീണത്തണ്ട്) എന്ന അൎത്ഥത്തിൽ ഊരുക്കൾക്ക് സാമ്യം. "കകുഭോ രാഗഭേദേപി വീണാംഗേൎജ്ജുനപാദപേ," എന്നു മേദിനീകോശം.]

ഭ്രമരൈരുപഗീതശ്ച യഥാദ്രുമവരോ ഹ്യയം
ഏഷ വ്യക്തം വിജാനാതി തിലകസ്തിലകപ്രിയാം. 16

“അയം	“ഈ	യഥാ ച	ആകയാൽ
ദ്രുമവരഃ	ശ്രേഷ്ഠവൃക്ഷമായ	ഏഷഃ	ഇതു്
തിലകഃ,	മയിലെള്ള്,	തിലകപ്രിയാം	തിലകത്തിൽ പ്രിയമുള്ളവളായ അവളെ
ഭ്രമരൈഃ	വണ്ടുകളാൽ	വ്യക്തം	തീർച്ചയായും
ഉപഗീതഃ;	ഝങ്കാരംചെയ്യപ്പെട്ടതായിരിക്കുന്നു;	വിജാനാതി ഹി.	അറിയുന്നുണ്ട്.

[“തിലകപ്രിയാം,” തിലകവൃക്ഷത്തിൽ പ്രിയ എന്നും, തിലകക്കുറിയിൽ പ്രിയമുള്ളവളെന്നും]

അശോക ശോകാപനുദ ശോകോപഹതചേതസം
ത്വന്നാമാനം കുരു ക്ഷിപ്രം പ്രിയാസംദർശനാദ്ധി മാം. 17

“ശോകാപനുദ!	“ശോകത്തെ പോക്കുന്നതായ	ക്ഷിപ്രം	ഇക്ഷണംതന്നെ
അശോക!	അശോകമേ!	പ്രിയാസംദർശനാത് ഹി	പ്രിയയെ കാണിച്ചു തന്നു്,
ശോകോപഹതചേതസം	ശോകത്താൽ ഉരുകുന്നവനായ	ത്വന്നാമാനം	നിന്റെ പേരോടുകൂടിയവനായി
മാം	എന്നെ	കുരു.	ആക്കിയാലും.

[“ത്വന്നാമാനം” (നിന്റെ പേരുള്ളവനായി, അശോകനായി, ദുഃഖമില്ലാത്തവനായി) എന്നർത്ഥം.]

യദി താല ത്വയാ ദൃഷ്ടാ പക്വതാലഫലസ്തനീ
കഥയസ്വ വരാരോഹാം കാരുണ്യം യദി തേ മയി. 18

“താല!	“അല്ലെ പനയേ!	തേ	നിനക്ക്
ത്വയാ	നിന്നാൽ	മയി	എന്റെപേരിൽ
പക്വതാലഫലസ്തനീ	പനമ്പഴമൊത്ത കൊങ്കയാളായ അവൾ	കാരുണ്യം യദി,	ദയയുള്ളപക്ഷം,
ദൃഷ്ടാ യദി,	കാണപ്പെട്ടവളാണെന്നാൽ,	വരാരോഹാം	ആ സ്ത്രീരത്നത്തെക്കുറിച്ച്
		കഥയസ്വ.	പറഞ്ഞുതന്നാലും.

യദി ദൃഷ്ടാ ത്വയാ സീതാ ജംബു ജാംബൂനദപ്രഭാ
പ്രിയാം യദി വിജാനീഷേ നിഃശങ്കം കഥയസ്വ മേ. 19

“ജംബു!	“ഞാവൽ മരമേ!	പ്രിയാം	പ്രിയതമയെക്കുറിച്ച്
ജാംബൂനദപ്രഭാ	സ്വർണ്ണവർണ്ണയായ	വിജാനീഷേ യദി	നീ വല്ലതും അറിയുന്നുവെന്നാലും
സീതാ	സീത	മേ	എന്നോട്
ത്വയാ	നിന്നാൽ	നിഃശങ്കം	ശങ്കവിട്ട്
ദൃഷ്ടാ യദി	കാണപ്പെട്ടിട്ടുണ്ടെന്നാലും,	കഥയസ്വ.	ഉരചെയ്താലും.

അഹോ ത്വം കർണ്ണികാരാദ്യ സുപുഷ്പൈഃ ശോഭസേ ഭൃശം
കർണ്ണികാരപ്രിയാ സാധ്വീ ശംസ ദൃഷ്ടാ പ്രിയാ യദി. 20

“ അഹോ കർണ്ണികാര!	“ അല്ലേ കൊന്നമരമേ!
അദ്യ	ഇപ്പോൾ
സുപുഷ്പൈഃ	നല്ല പുഷ്പങ്ങളാൽ
ത്വം	നീ
ഭൃശം	വളരെ
ശോഭസേ;	ശോഭിക്കുന്നു;
കർണ്ണികാരപ്രിയാ	കൊന്നയിൽ പ്രിയമുള്ളവളും
സാധ്വീ	പുണ്യവതിയും ആയ
പ്രിയാ	ആ പ്രേയസി
ദൃഷ്ടാ യദി	കാണപ്പെട്ടിട്ടുണ്ടെന്നാൽ
ശംസ.”	പറഞ്ഞുതന്നാലും.”

ചൂതനീപമഹാസാലാൻ പനസാൻ കുരവാംസ്തഥാ
ദാഡിമാനപി താൻ ഗത്വാ ദൃഷ്ട്വാ രാമോ മഹായശാഃ. 21
മല്ലികാമാധവീശ്ചൈവ ചമ്പകാൻ കേതകീസ്തഥാ
പൃച്ഛൻ രാമോ വനേ ഭ്രാന്ത ഉന്മത്ത ഇവ ലക്ഷ്യതേ. 22

രാമഃ	ലോകാഭിരാമനായി
മഹായശാഃ	ത്രൈലോക്യവിഖ്യാതനായ
രാമഃ,	ശ്രീരാഘവൻ,
വനേ	കാട്ടിൽ
താൻ	ആ
ചൂതനീപമഹാസാലാൻ	മാവുകൾ, കടമ്പുകൾ, വലുതായ പയിൻമരങ്ങൾ,
പനസാൻ	പ്ലാവുകൾ
കുരവാൻ തഥാ	ചെങ്കുറിഞ്ഞി എന്നവയേയും,
ദാഡിമാൻ അപി	മാതളങ്ങളേയും
മല്ലികാഃ ച	മുല്ലകളേയും
മാധവീഃ ഏവ	കുരുക്കത്തി മുല്ലകളേയും
ചമ്പകാൻ	ചമ്പകങ്ങളേയും
കേതകീഃ തഥാ	കൈതകളേയും
ഗത്വാ	അടുത്തു്
ദൃഷ്ട്വാ	അവയെനോക്കി
പൃച്ഛൻ	ചോദിച്ചുകൊണ്ടു
ഭ്രാന്തഃ	ബുദ്ധികെട്ടു് തന്നെ
ഉന്മത്തഃ ഇവ	വെറിപിടിച്ചവനെന്നപോലെ
ലക്ഷ്യതേ.	കാണപ്പെടുന്നു.

അഥ വാ മൃഗശാബാക്ഷീം മൃഗ ജാനാസി മൈഥിലീം
മൃഗവിപ്രേക്ഷണീ കാന്താ മൃഗീഭിഃ സഹിതാ ഭവേത്. 23

“ മൃഗ!	“ അല്ലേ മാനേ!
മൃഗവിപ്രേക്ഷണീ	മാനുകളെപ്പോലെ നോക്കുന്നവളായ
കാന്താ,	പ്രിയ,
മൃഗീഭിഃ സഹിതാ	മാൻപേടകളോടുകൂടി
ഭവേത് അഥ;	ഇരിക്കാറുണ്ടല്ലൊ;
മൃഗശാബാക്ഷീം	ഇളമാൻകണ്ണാളായ
മൈഥിലീം	മൈഥിലിയെക്കുറിച്ചു്
ജാനാസി വാ?	നീ വല്ലതും അറിയുമൊ?

ഗജ സാ ഗജനാസോരുൎയ്യദി ദൃഷ്ടാ ത്വയാ ഭവേത്
താം മന്യേ വിദിതാം തുഭ്യമാഖ്യാഹി വരവാരണ. 24

"വരവാരണ!	"ഗജശ്രേഷ്ഠ!	ഗജനാസോരുഃ	തുമ്പിക്കരമൊത്ത ഊരു [ക്കളോന്ന
താം	അവളെക്കുറിച്ച്	സാ	അവൾ
തുഭ്യം	നിനക്ക്	ത്വയാ	നിന്നാൽ
വിദിതാം	അറിവുണ്ടെന്ന്	ദൃഷ്ടാ ഭവേത് യദി	കാണപ്പെട്ടിട്ടുണ്ടെന്നാൽ
മന്യേ;	ഞാൻ കരുതുന്നു;	ആഖ്യാഹി.	പറഞ്ഞുതരിക.
ഗജ!	ഗജവൎയ്യ!		

ശാൎദ്ദൂല യദി സാ ദൃഷ്ടാ പ്രിയാ ചന്ദ്രനിഭാനനാ
മൈഥിലീ മമ വിസ്രബ്ധഃ കഥയസ്വ ന തേ ഭയം. 25

"ശാൎദ്ദൂല!	"വ്യാഘ്രമ!	ദൃഷ്ടാ യദി,	കാണപ്പെട്ടിട്ടുണ്ടെ[ന്നാൽ,
സാ	ആ	വിസ്രബ്ധഃ	പേടിക്കാതെ
ചന്ദ്രനിഭാനനാ	മതിമുഖിയാളായ	കഥയസ്വ;	എന്നോടു പറഞ്ഞാലും;
മമ	എന്റെ	തേ	നിനക്ക്
പ്രിയാ	പ്രിയതമയായ	ഭയം.	ഒരുവങ്കൽനിന്നും ആപത്തെന്നത്
മൈഥിലീ	മൈഥിലി	ന.	ഉണ്ടാകയില്ല.

കിം ധാവസി പ്രിയേ നൂനം ദൃഷ്ടാഽസി കമലേക്ഷണേ
വൃക്ഷൈരാച്ഛാദ്യ ചാത്മാനം കിം മാം ന പ്രതിഭാഷസേ. 26

"കമലേക്ഷണേ!	കമലനേത്രേ!	ആത്മാനം	നിന്റെ ദേഹത്തെ
പ്രിയേ!	പ്രേമഭാജനമേ!	വൃക്ഷൈഃ	വൃക്ഷങ്ങൾക്കിടയിൽ
നൂനം	ഇപ്പോഴാ	ആച്ഛാദ്യ,	മറച്ചുകൊണ്ട്
ദൃഷ്ടാ അസി!	നീ കണ്ണിന്നുമുമ്പിൽ ഇരിക്കുന്നുണ്ട്;	മാം ച	എന്നോടുംകൂടി
		കിം	എന്താണ്
കിം	എന്തിന്നാണ്	ന പ്രതിഭാഷസേ?	ഒന്നും ഉരിയാടാതിരിക്കുന്നത്?
ധാവസി?	ഓടിപ്പോകുന്നത്?		

തിഷ്ഠ തിഷ്ഠ വരാരോഹേ ന തേഽസ്തി കരുണാ മയി
നാത്യൎത്ഥം ഹാസ്യശീലാഽസി കിമൎത്ഥം മാമുപേക്ഷസേ. 27

"വരാരോഹേ!	"സുന്ദരി!	തേ	നിനക്ക്
തിഷ്ഠ	നിൽക്കു	മയി	എന്റെപേരിൽ
തിഷ്ഠ!	നിൽക്കു!	കരുണാ	ദയ
കിമൎത്ഥം	എന്തിന്നാണ്	അസ്തി ന?	ഇല്ലയോ?
മാം	എന്നെ	അത്യൎത്ഥം	അതിരുകവിഞ്ഞു
ഉപേക്ഷസേ?	പിരിഞ്ഞിരിക്കുന്നതു്?	ഹാസ്യശീലാ അസി ന.	നേരമ്പോക്കിൽ ഇഷ്ടമുള്ളവളല്ലല്ലൊ നീ.

പീതകൌശേയകേനാസി സൂചിതാ വരവൎണ്ണിനി
ധാവന്ത്യപി മയാ ദൃഷ്ടാ തിഷ്ഠ യദ്യസ്തി സൌഹൃദം. 28

"വരവൎണ്ണിനി! "വനിതാരത്നമേ!
പീത-കൌശേയ-കേന } മഞ്ഞപ്പട്ടുകൊണ്ടു്
സൂചിതാ അസി നീ കണ്ടുപിടിക്കപ്പെട്ടവളായിരിക്കുന്നു;
ധാവന്തീ അപി ഓടുന്നവളെന്നാലും
മയാ എന്നാൽ
ദൃഷ്ടാ; നീ കാണപ്പെട്ടുകഴിഞ്ഞു;
സൌഹൃദം യദി അസ്തി } സ്നേഹമുണ്ടെന്നുള്ളപക്ഷം
തിഷ്ഠ. ഓടാതെ നില്ക്കുക.

നൈവ സാ നൂനമഥവാ ഹിംസിതാ ചാരുഹാസിനീ
കൃച്ഛ്രം പ്രാപ്തം ന മാം നൂനം യഥോപേക്ഷിതുമൎഹതി. 29

"സാ "അവൾ
ന ഏവ; ഇല്ലതന്നെ;
ചാരുഹാസിനീ പുഞ്ചിരിതൂകുന്നവളായ
നൂനം ഇപ്പോൾ [അവൾ
അഥവാ ഒരുസമയം
ഹിംസിതാ? ഹിംസിക്കപ്പെട്ടവളായിരിക്കുമോ?
കൃച്ഛ്രം പ്രാപ്തം } കഷ്ടാവസ്ഥയിൽ ഇരിക്കുന്നവനായ
മാം എന്നെ
ഉപേക്ഷിതും യഥാ അൎഹതി ന; } വിട്ടുപിരിഞ്ഞിരിക്കുക എന്നതു് ഉണ്ടാകയില്ല;
നൂനം. തീൎച്ചതന്നെ.

വ്യക്തം സാ ഭക്ഷിതാ ബാലാ രാക്ഷസൈഃ പിശിതാശനൈഃ
വിഭജ്യാംഗാനി സൎവ്വാണി മയാ വിരഹിതാ പ്രിയാ. 30

"മയാ വിരഹിതാ } "എന്നെ വിട്ടുപിരിഞ്ഞവളായ
സാ ആ
ബാലാ അബലയായ
പ്രിയാ, പ്രിയതമ,
പിശിതാശനൈഃ മാംസഭുക്കുകളായ
രാക്ഷസൈഃ, രാക്ഷസന്മാരാൽ,
അംഗാനി അംഗങ്ങൾ
സൎവ്വാണി എല്ലാം
വിഭജ്യ മുറിച്ചു്
ഭക്ഷിതാ, ഭക്ഷിക്കപ്പെട്ടു,
വ്യക്തം. തീൎച്ചതന്നെ.

നൂനം തച്ഛുഭദന്തോഷ്ഠം സുനാസം ശുഭകുണ്ഡലം
പൂൎണ്ണചന്ദ്രമിവ ഗ്രസ്തം മുഖം നിഷ്പ്രഭതാം ഗതം 31
ഭക്ഷിതം ഭയശീലാക്ഷം സാസ്രപാതാവിലേക്ഷണം
സാ ഹി ചംപകവൎണ്ണാഭാ ഗ്രീവാ ഗ്രൈവേയശോഭിതാ
കോമളാ വിലപന്ത്യാസ്തു കാന്തായാ ഭക്ഷിതാ ശുഭാ. 32

"ശുഭദന്തോഷ്ഠം { "ഭംഗിയുള്ള ദന്തങ്ങളോടും ഓഷ്ഠങ്ങളോടും കൂടിയതും
സുനാസം നല്ല നാസികയോടു കൂടിയതും
ശുഭകുണ്ഡലം, അഴകാൎന്ന കുണ്ഡലങ്ങളോടു കൂടിയതും,
ഗ്രസ്തം രാഹുഗ്രസ്തമായ
പൂൎണ്ണചന്ദ്രം ഇവ പൂൎണ്ണചന്ദ്രനെപ്പോലെ
നിഷ്പ്രഭതാം മങ്ങൽ

ഗതം, — പൂണ്ടതും,
ഭയശീലാക്ഷം — ഭയം മൂലം ഇളകുന്ന മിഴികളാന്നതും
സാസ്രപാതാവിലേക്ഷണം — കണ്ണീർ വാർത്തു കലങ്ങിയ നേത്രങ്ങളോടു [കൂടിയതും ആയ
തത് — ആ
മുഖം — വദനം
ഭക്ഷിതം നൂനം? — ഭക്ഷിക്കപ്പെട്ടുപോയോ എന്തൊ?
ചംപകവർണ്ണാഭാ — ചമ്പകപ്പൂനിറമാന്തും

ഗ്രൈവേയശോഭിതാ — കഴുത്തിലകളാൽ ശോഭിക്കപ്പെട്ടതും
കോമളാ — മൃദുവും
ശുഭാ — മനോഹരവും ആയ
സാ — ആ
ഗ്രീവാ, — കഴുത്തും,
കാന്തായാഃ — പ്രിയതമ
വിലപന്ത്യാഃ തു — കരഞ്ഞുകൊണ്ടിരിക്കവേതന്നെ,
ഭക്ഷിതാ ഹി? — വിഴുങ്ങപ്പെട്ടുപോയോ?

നൂനം വിക്ഷിപ്യമാണൌ തൌ ബാഹൂ പല്ലവകോമളൌ
ഭക്ഷിതൌ വേപമാനാഗ്രൌ സഹസ്താഭരണാംഗദൌ. 33

"പല്ലവകോമളൌ — "തളിരുപോൽ മൃദുവായവയും
വേപമാനാഗ്രൌ — വിറയ്ക്കുന്ന വിരലുകളാന്നവയും
സഹസ്താഭരണാംഗദൌ — കങ്കണങ്ങളോടും തോൾവളകളോടും കൂടിയവയും ആയ

തൌ — രണ്ടു
ബാഹൂ — കൈകളും
വിക്ഷിപ്യമാണൌ — പിടഞ്ഞ് കുതറപ്പെട്ടന്നവയായി
ഭക്ഷിതൌ നൂനം? — വിഴുങ്ങപ്പെട്ടുപോയൊ എന്തൊ?

മയാ വിരഹിതാ ബാലാ രക്ഷസാം ഭക്ഷണായ വൈ. 34

"ബാലാ — "ചെറുതയ്യലാളായ അവൾ
രക്ഷസാം — രാക്ഷസന്മാൎക്ക്

ഭക്ഷണായ വൈ — ഭക്ഷണത്തിന്നായി
മയാ — എന്നാൽ [ട്ടാണൊ
വിരഹിതാ! — വേറിടപ്പെട്ടു്!

സാ വനേസ്മിൻ പരിത്യക്താ ഭക്ഷിതാ ബഹുബാന്ധവാ. 35

"ബഹുബാന്ധവാ — "എത്രയോ ബന്ധുക്കളുള്ളവളായ
സാ, — അവൾ,
അസ്മിൻ, — ഈ

വനേ — കാട്ടിൽ
പരിത്യക്താ — ആരുമില്ലാതാക്കപ്പെട്ടവളായി
ഭക്ഷിതാ. — ഭക്ഷിക്കപ്പെട്ടുപോയി.

ഹാ ലക്ഷ്മണ മഹാബാഹോ പശ്യസി ത്വാം പ്രിയാം കച്ചിത്. 36

"ഹാ ലക്ഷ്മണ! — "അയ്യോ ലക്ഷ്മണ!
മഹാബാഹോ! — വീരനായവനെ!
ത്വം — നീ

പ്രിയാം — പ്രിയതമയെ
കച്ചിത് — എങ്ങാനും
പശ്യസി? — കാണുന്നുണ്ടോ?

ഹാ പ്രിയേ ക്വ ഗതാ ഭദ്രേ ഹാ സീതേതി പുനഃ പുനഃ. 37

"ഭദ്രേ! — "ഉത്തമേ!
ഹാ പ്രിയേ! — ഹാ പ്രേയസീ!
ഹാ — അയ്യോ!
സീതേ — സീതേ

ക്വ ഗതാ? — എങ്ങാണ് ആ യോനിജയായ സീത പോയ്ക്കളഞ്ഞത്?"
പുനഃ പുനഃ ഇതി. — എന്നു വീണ്ടും വീണ്ടും പ്രലപിച്ചു.

ഇത്യേവം വിലപൻ രാമഃ പൎയ്യധാവദ്വനാദ്വനം
ക്വചിദുദ്ഭ്രമതേ വേഗാത് ക്വചിദ്വിഭ്രമതേ ബലാത്
ക്വചിന്മത്ത ഇവാഭാതി കാന്താന്വേഷണതല്പരഃ. 38

രാമഃ	ശ്രീരാമൻ
കാന്താന്വേഷണതല്പരഃ	പ്രിയതമയെക്കുറിച്ച് അന്വേഷിക്കുക എന്നതിൽമാത്രം താല്പൎയ്യമുള്ളവനായി
ഇതി ഏവം	മേൽപ്രകാരമെല്ലാം
വിലപൻ,	പ്രലപിച്ചുകൊണ്ട്,
വനാത്	ഒരു കാട്ടിൽനിന്നു
വനം	മറെറാരു കാട്ടിലേക്ക്
പൎയ്യധാവത് ;	ഓടിത്തിരിഞ്ഞു ;
ക്വചിത്	ചിലേടിക്കൽ
വേഗാത്	പ്രേമാതിശയത്താൽ
ഉദ്ഭ്രമതേ ;	അമ്പരന്നു നില്ക്കുന്നു ;
ക്വചിത്	ചിലേടിക്കിൽ
ബലാത്	ഊക്കോടെ
വിഭ്രമതേ ;	ഉഴറിനടക്കുന്നു ;
ക്വചിത്	ചിലേടിക്കൽ
മത്തഃ ഇവ	ഭ്രാന്തനെന്നപോലെ
ആഭാതി.	കാണപ്പെടുന്നു.

സ വനാനി നദീഃ ശൈലാൻ ഗിരിപ്രസ്രവണാനി ച
കാനനാനി സ്മ വേഗേന ഭ്രമത്യപരിസംസ്ഥിതഃ. 39

സഃ	അദ്ദേഹം
അപരിസംസ്ഥിതഃ	സ്ഥിരതയില്ലാതെ
വേഗേന	വേഗത്തിൽ
വനാനി	കാട്ടുകളും
നദീഃ	നദികളും
ശൈലാൻ	മലകളും
ഗിരിപ്രസ്രവണാനി ച	മലഞ്ചോലകളും
കാനനാനി	വൻകാട്ടുകളും
ഭ്രമതി സ്മ.	ചുററിത്തിരിഞ്ഞു.

തഥാ സ ഗത്വാ വിപുലം മഹദ്വനം
പരീത്യ സൎവ്വം ത്വഥ മൈഥിലീം പ്രതി
അനിഷ്ഠിതാശഃ സ ചകാര മാൎഗ്ഗണേ
പുനഃ പ്രിയായാഃ പരമം പരിശ്രമം. 40

സഃ	അദ്ദേഹം
മൈഥിലീം പ്രതി,	ജാനകിയെ ഉദ്ദേശിച്ച്,
വിപുലം	വിസ്തൃതമായ
മഹത് വനം	വൻകാട്
സൎവ്വം	മുഴുവനും
ഗത്വാ തു	ചെന്നിട്ടും,
പരീത്യ അഥ,	ചുററിനോക്കിയിട്ടും,
തഥാ	അവ്വണ്ണംതന്നെ
സഃ	അദ്ദേഹം
അനിഷ്ഠിതാശഃ	ആഗ്രഹം സാധിക്കാത്തവനായി
പുനഃ	വീണ്ടും
പ്രിയായാഃ	പ്രിയതമയുടെ
മാൎഗ്ഗണേ	അന്വേഷണത്തിൽ
പരമം	കഴിയുന്നത്ര
പരിശ്രമം	യത്നത്തെ
ചകാര.	ചെയ്തു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ഷഷ്ഠിതമഃ സൎഗ്ഗഃ = അറുപതാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 8743 ; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2031.

ഏകഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തൊന്നാംസർഗ്ഗം.

[സീതാന്വേഷണം = സീതയെക്കുറിച്ച് അന്വേഷിക്കുന്നത്]

ദൃഷ്ട്വാശ്രമപദം ശൂന്യം രാമോ ദശരഥാത്മജഃ
രഹിതാം പർണ്ണശാലാം ച പ്രവിദ്ധാന്യാസനാനി ച 1
അദൃഷ്ട്വാ തത്ര വൈദേഹീം സംനിരീക്ഷ്യ ച സർവ്വശഃ
ഉവാച രാമഃ പ്രാക്രുശ്യ പ്രഗൃഹ്യ രുചിരൌ ഭുജൌ. 2

ദശരഥാത്മജഃ	ദാശരഥിയും	തത്ര	ആ സമയം
രാമഃ	ലോകാഭിരാമനും ആയ	സർവ്വശഃ	എങ്ങും
രാമഃ	ശ്രീരാഘവൻ	സംനിരീക്ഷ്യ ച	തിരഞ്ഞുനോക്കിയിട്ടും
ആശ്രമപദം	ആശ്രമപ്രദേശത്തെ	വൈദേഹീം	ജനകസുതയെ
ശൂന്യം	ശൂന്യമായിരിക്കുന്നതാ	അദൃഷ്ട്വാ,	കാണാഞ്ഞ്,
പർണ്ണശാലാം ച	പർണ്ണശാലയേയും [യും	രുചിരൌ	അഴകാന്ന
രഹിതാം	വെടിയപ്പെട്ടതായും	ഭുജൌ	ഇരുഭുജങ്ങളേയും
ആസനാനി	ആസനങ്ങളെ	പ്രഗൃഹ്യ	ഉയർത്തി
പ്രവിദ്ധാനി ച	താറുമാറായിക്കിടക്കുന്ന	പ്രാക്രുശ്യ	രോദനംചെയ്തുകൊണ്ട്
ദൃഷ്ട്വാ,	കണ്ട്, [തായും	ഉവാച.	ഇപ്രകാരം പ്രലപിച്ചു.

ക്വ നു ലക്ഷ്മണ വൈദേഹീ കം വാ ദേശമിതോ ഗതാ
കേനാഹൃതാ വാ സൌമിത്രേ കേന വാ ഭക്ഷിതാ പ്രിയാ 3

" ലക്ഷ്മണ !	" ലക്ഷ്മണ !	സൌമിത്രേ !	ലക്ഷ്മണ !
വൈദേഹീ	വൈദേഹി	കേന വാ	ആരാൽതന്നെയാണ്
ക്വ നു ?	എങ്ങാണ് ?	ആഹൃതാ ?	കട്ടുകൊണ്ടുപോകപ്പെട്ടത് ?
ഇതഃ	ഇവിടെനിന്നും		
കം	ഏതൊരു	പ്രിയാ	പ്രിയതമയായ അവൾ
ദേശം വാ	ദിക്കിലേക്കുതന്നെയാ	കേന വാ	ആരാലാണ്
ഗതാ ?	പോയ്ക്കളഞ്ഞത് ? [ണ്	ഭക്ഷിതാ ?	ഭക്ഷിക്കപ്പെട്ടത് ?

വൃക്ഷേണാവാര്യ യദി മാം സീതേ ഹസിതുമിച്ഛസി
അലം തേ ഹസിതേനാദ്യ മാം ഭജസ്വ സുദുഃഖിതം. 4

" സീതേ !	" സീതേ !	തേ ഹസിതേന	നിന്റെ നേരംപോക്കു
വൃക്ഷേണ	മരംകൊണ്ട്	അലം ;	മതി ; [കൊണ്ട്
ആവാര്യ,	ഒളിച്ച്,	അദ്യ	ഇപ്പോൾ
മാം	എന്നെ	സുദുഃഖിതം	പരിതപിക്കുന്നവനായ
ഹസിതും	കളിയാക്കുവാൻ	മാം ഭജസ്വ.	എന്റെ അരികിൽ വന്നാലും.
ഇച്ഛസി യദി,	നോക്കുകയാണെങ്കിൽ,		

യൈഃ സഹ ക്രീഡസേ സീതേ വിശ്വസ്തൈർമൃഗപോതകൈഃ
ഏതേ ഹീനാസ്ത്വയാ സീതേ ധ്യായന്ത്യാസ്രാവിലേക്ഷണാഃ. 5

" സീതേ!	" സീതേ!
വിശ്വസ്തൈഃ	പ്രിയപ്പെട്ട
യൈഃ	യാതൊരു
മൃഗപോതകൈഃ സഹ	മാൻകുട്ടികളോടും കൂടി
ക്രീഡസേ,	നീ കളിക്കാറുണ്ടോ,
ഏതേ	അപ്രകാരമുള്ള ഇവ
സീതേ!	സീതേ!
ത്വയാ ഹീനാഃ	നിന്നെക്കൂടാതെ
അസ്രാവിലേക്ഷണാഃ	കണ്ണീരൊലുന്ന കണ്ണുകളോടുകൂടിയവയായി
ധ്യായന്തി.	നിന്നെവിചാരിച്ചുകൊണ്ടുതന്നെ നില്ക്കുന്നു.

സീതയാ രഹിതോऽഹം വൈ ന ഹി ജീവാമി ലക്ഷ്മണ. 6

" ലക്ഷ്മണ!	" ലക്ഷ്മണ!
സീതയാ രഹിതഃ	സീതയില്ലാതെ
അഹം	ഞാൻ
ന ജീവാമി വൈ,	ജീവനോടിരിക്കയില്ല,
ഹി.	നിശ്ചയംതന്നെ.

മൃതം ശോകേന മഹതാ സീതാഹരണജേന മാം
പരലോകേ മഹാരാജോ നൂനം ദ്രക്ഷ്യതി മേ പിതാ. 7

" സീതാഹരണജേന	" സീതയുടെ വേർപാടുകൊണ്ടുള്ള
മഹതാ	അസഹ്യമായ
ശോകേന മൃതം	ദുഃഖത്താൽ മൃതനായ
മാം,	എന്നെ,
മേ	എന്റെ
പിതാ	പിതാവായ
മഹാരാജഃ,	മഹാരാജാവ്,
പരലോകേ	പരലോകത്തിൽ
ദ്രക്ഷ്യതി നൂനം.	ഉടനെ കാണുമാറാകും.

കഥം പ്രതിജ്ഞാം സംശ്രുത്യ മയാ ത്വമഭിയോജിതഃ
അപൂരയിത്വാ തം കാലം മത്സകാശമിഹാഗതഃ 8
കാമവൃത്തമനാര്യം മാം മൃഷാവാദിനമേവ ച
ധിക് ത്വാമിതി പരേ ലോകേ വ്യക്തം വക്ഷ്യതി മേ പിതാ. 9

" ' പ്രതിജ്ഞാം	" ' പ്രതിജ്ഞയെ
സംശ്രുത്യ,	കയ്യേററ്,
മയാ	എന്നാൽ
അഭിയോജിതഃ	ആജ്ഞാപിക്കപ്പെട്ടവനായ
ത്വം,	നീ,
തം കാലം	ആ ധർമ്മകൃത്യത്തെ
അപൂരയിത്വാ	പൂർത്തിയാക്കാതെ
ഇഹ	ഇപ്പോൾ
മത്സകാശം	എന്റെ അടുക്കലേക്ക്
കഥം	എന്താണ്
ആഗതഃ?	വന്നുകളഞ്ഞത്?
മൃഷാവാദിനം	പറഞ്ഞവാക്ക് തെററിച്ചവനായി
കാമവൃത്തം	ഇഷ്ടംപോലെ പ്രവർത്തിക്കുന്നവനും
അനാര്യം	ദുഷ്ടനും ആയ
ത്വാം	നിന്നെ
ധിക് ഏവ!'	ഞാൻ മുഖത്തു നോക്കുകയില്ല!'
ഇതി	എന്നിങ്ങിനെ
പരേ ലോകേ	പരലോകത്തിൽ
മേ	എന്റെ
പിതാ ച	പിതാവും
മാം	എന്നെനോക്കി
വ്യക്തം	തീർച്ചയായും
വക്ഷ്യതി.	നിന്ദിക്കും.

വിവശാ ശോകസന്തപ്തം ദീനം ഭഗ്നമനോരഥം
മാമിവോത്സൃജ്യ കരുണാം കീർത്തിർനരമിവാനൃജും 10
ക്വ ഗച്ഛസി വരാരോഹേ മാം നോത്സൃജ സുമദ്ധ്യമേ
ത്വയാ വിരഹിതശ്ചാഹം മോക്ഷ്യേ ജീവിതമാത്മനഃ. 11

"വരാരോഹേ!	"വനിതാരത്നമേ!	ഉത്സൃജ്യ	ആക്കി
ഭഗ്നമനോരഥം	മനോരഥം നശിച്ച്	ക്വ ഗച്ഛസി?	നീ എങ്ങാണ് പോയ്ക്കളഞ്ഞത്?
ശോകസന്തപ്തം	ശോകാകുലിതനായി	സുമദ്ധ്യമേ!	കൃശോദരി!
വിവശം	മതിമറന്നവനായി	മാം	എന്നെ
ദീനം	കഷ്ടപ്പെടുന്നവനായ	ന ഉത്സൃജ!	നീ കൈവെടിയാതിരുന്നാലും!
മാം,	എന്നെ,	അഹം	ഞാൻ
അനൃജും	ദുശ്ചരിത്രനായ	ത്വയാ വിരഹിതഃ ച	നിന്നെ പിരിഞ്ഞുവെന്നാൽ
നരം	ഒരുവനെ	ആത്മനഃ	എന്റെ
കീർത്തിഃ	കീർത്തി	ജീവിതം	പ്രാണനേയും
ഇവ,	എപ്രകാരമൊ അപ്രകാരം,	മോക്ഷ്യേ."	ഉപേക്ഷിക്കും."
ഇഹ	ഇപ്പോൾ		
കരുണം	കഷ്ടസ്ഥിതിയിൽ		

ഇതീവ വിലപൻ രാമഃ സീതാദർശനലാലസഃ
ന ദദർശ സുദുഃഖാർത്തോ രാഘവോ ജനകാത്മജാം. 12

സീതാദർശനലാലസഃ	സീതയെ കാണ്മാൻ കൊതിച്ചിരുന്ന	ഇതി ഇവ	മേൽപ്രകാരം
രാഘവഃ	രഘുകുലതിലകനായ	വിലപൻ,	പ്രലപിച്ചുകൊണ്ട്,
രാമഃ	ശ്രീരാമൻ	ജനകാത്മജാം	ജാനകിയെ
സുദുഃഖാർത്തഃ	അതിയായ അത്തലിൽ മുഴുകിയവനായി	ന ദദർശ.	കാണുകയുണ്ടായില്ല.

അനാസാദയമാനം തം സീതാം ദശരഥാത്മജം
പങ്കമാസാദ്യ വിപുലം സീദന്തമിവ കുഞ്ജരം
ലക്ഷ്മണോ രാമമത്യർത്ഥമുവാച ഹിതകാമ്യയാ. 13

സീതാം	സീതാദേവിയെ	ദശരഥാത്മജം	ദാശരഥിയും ആയ
അനാസാദയമാനം,	കാണാതിരിക്കുന്നവനും,	തം	ആ
		രാമം	ശ്രീരാമനെനോക്കി
പങ്കം ആസാദ്യ	ചേററിൽപൂന്തി	ലക്ഷ്മണഃ	ലക്ഷ്മണൻ
വിപുലം	ഏററവും	അത്യർത്ഥം	നല്ലപോലെ
സീദന്തം	കഷ്ടപ്പെടുന്ന	ഹിതകാമ്യയാ	തക്ക സഹായം നൽകേണമെന്നാഗ്രഹിച്ച്
കുഞ്ജരം ഇവ,	ആനയെപ്പോലെ ഇരിക്കുന്നവനും	ഉവാച.	ഇപ്രകാരം ഉണർത്തിച്ചു.

മാ വിഷീദ മഹാബാഹോ കുരു യത്നം മയാ സഹ
ഇദം ച ഹി വനം ശൂര ബഹുകന്ദരശോഭിതം. 14

" മഹാബാഹോ!	" മഹാബാഹുവായുള്ളോവേ!
മാ വിഷീദ;	ദുഃഖിക്കാതിരുന്നാലും;
മയാ സഹ	എന്നോടുകൂടി
യത്നം	വേണ്ടത്തക്ക യത്നത്തെ
കുരു;	ചെയ്താലും;
ശൂര!	ശൂരനായുള്ളോവേ;
ഇദം	ഈ
വനം ഹി	വനമാകട്ടെ
ബഹുകന്ദരശോഭിതം ച.	എത്രയോ ഗുഹകൾ ഉള്ളതാകുന്നു.

പ്രിയകാനനസംചാരാ വനോന്മത്താ ച മൈഥിലീ
സാ വനം വാ പ്രവിഷ്ടാ സ്യാന്നളിനീം വാ സുപുഷ്പിതാം. 15

" മൈഥിലീ	" സീതാദേവി
പ്രിയകാനനസംചാരാ,	വനവാസത്തിൽ കൊതി പൂണ്ടവളാകുന്നു,
ച,	എന്നുമാത്രമല്ല,
വനോന്മത്താ;	ജലപ്രദേശങ്ങളിൽ ഏററം പ്രീതിപൂണ്ടവൾ;
സാ	അവൾ
വനം വാ,	കാട്ടിലേക്കോ,
സുപുഷ്പിതാം	നന്നായി പുഷ്പിച്ചുള്ള
നളിനീം വാ	താമരപ്പൊയ്കയിലേക്കൊ
പ്രവിഷ്ടാ സ്യാത്.	പോയിട്ടും ഉണ്ടായിരിക്കാം.

സരിതം വാऽപി സംപ്രാപ്താ മീനവഞ്ജുളസേവിതാം
സ്നാതുകാമാ നിലീനാ സ്യാദ്ധാസകാമാ വനേ ക്വചിത് 16
ജിജ്ഞാസമാനാ വൈദേഹീ ത്വാം മാം ച പുരുഷർഷഭ
തസ്യാ ഹ്യന്വേഷണേ ശ്രീമാൻ ക്ഷിപ്രമേവ യതാവഹൈ. 17

" പുരുഷർഷഭ!	" പുരുഷോത്തമ!
വൈദേഹി	വൈദേഹി
സ്നാതുകാമാ	നീരാടുവാനായി
മീനവഞ്ജുളസേവിതാം	മത്സ്യങ്ങളും നീർവഞ്ഞികളും നിറഞ്ഞ
സരിതം	നദിയെ
സംപ്രാപ്താ അപി;	പ്രാപിച്ചിരിക്കാം;
വാ	അല്ലെന്നാൽ
ഹാസകാമാ	കളിപ്പിക്കുവാൻവേണ്ടി
ത്വാം	നിന്തിരുവടിയേയും
മാം ച	എന്നെയും
ജിജ്ഞാസമാനാ	കണ്ടുപിടിപ്പാൻ സാമർത്ഥ്യമുള്ളവരോ എന്ന് അറിവാൻ ആഗ്രഹിച്ചവളായി
വനേ	കാട്ടിൽ
ക്വചിത്	വല്ലടിക്കിലും
നിലീനാ	ഒളിച്ചുകൊണ്ടു്
സ്യാത്;	ഇരിക്കയായിരിക്കാം;
ശ്രീമൻ!	ശ്രീമാനായുള്ളോവേ!
തസ്യാഃ അന്വേഷണേ ഹി	അവളെ അന്വേഷിക്കുന്നതിൽ തന്നെ
ക്ഷിപ്രം ഏവ	കാലതാമസം വരുത്താതെ
യതാവഹൈ.	നാമിരുവരും അശ്രാന്തപരിശ്രമം ചെയ്യുക.

വനം സർവ്വം വിചിനുവോ യത്ര സാ ജനകാത്മജാ
മന്യസേ യദി കാകുത്സ്ഥ മാ സ്മ ശോകേ മനഃ കൃഥാഃ 18

" കാകുത്സ്ഥ!	" ശ്രീരാമചന്ദ്ര!	വിചിനുവഃ ;	നാം പരിശോധിക്കുക ;
മന്യസേ യദി	സമ്മതമുള്ളപക്ഷം	ശോകേ	ശോകത്തിൽ
സാ ജനകാത്മജാ	ആ ജാനകീദേവി	മനഃ	മനസ്സിനെ
യത്ര,	എങ്ങോ,	മാ സ്മ കൃഥാഃ."	നിന്തിരുവടി വെക്കാതിരുന്നാലും."
വനം സർവ്വം	ആ വനം മുഴുവനും		

ഏവമുക്തസ്തു സൌഹാർദ്ദാല്ലക്ഷ്മണേന സമാഹിതഃ
സഹ സൌമിത്രിണാ രാമോ വിചേതുമുപചക്രമേ. 19

സൌഹാർദ്ദാത്	ഭക്തികൊണ്ട്	സമാഹിതഃ	മനസ്സിനെ ഒരുവിധം ധൈര്യപ്പെടുത്തിക്കൊണ്ട്,
ലക്ഷ്മണേന	ലക്ഷ്മണനാൽ		
ഏവം	ഇപ്രകാരം		
ഉക്തഃ	ഉണർത്തിക്കപ്പെട്ടവനായ	സൌമിത്രിണാ സഹ	ലക്ഷ്മണനോടുംകൂടി
രാമഃ,	രഘുനായകൻ,	വിചേതും	തേടുവാൻ
തു	ആ സമയം	ഉപചക്രമേ.	വഴിപ്പെട്ടു.

തൌ വനാനി ഗിരീംശ്ചൈവ സരിതശ്ച സരാംസി ച
നിഖിലേന വിചിന്വന്തൌ സീതാം ദശരഥാത്മജൌ 20
തസ്യ ശൈലസ്യ സാനൂനി ഗുഹാശ്ച ശിഖരാണി ച
നിഖിലേന വിചിന്വന്തൌ നൈവ താമഭിജഗ്മതുഃ 21

ദശരഥാത്മജൌ	ദശരഥകുമാരന്മാരായ	തസ്യ ശൈലസ്യ	ആ മലയിലുള്ള
തൌ	അവർ രണ്ടുപേരും	സാനൂനി	താഴ്വരകളേയും
വനാനി ച	കാടുകളേയും	ഗുഹാഃ	ഗുഹകളേയും
ഗിരീൻ ഏവ	മലകളേയും	ശിഖരാണി ച	കൊടുമുടികളേയും
സരിതഃ ച	പുഴകളേയും	നിഖിലേന	ഒന്നൊഴിയാതെ
സരാംസി ച	സരസ്സുകളേയും	വിചിന്വന്തൌ	തിരയുന്നവരായി
നിഖിലേന	ഒന്നും വിടാതെ	താം	ആ
വിചിന്വന്തൌ,	തിരയുന്നവരായി	സീതാം ഏവ	സീതാദേവിയെമാത്രം
ച	അതുകൂടാതെ	ന അഭിജഗ്മതുഃ.	എങ്ങും കണ്ടെത്തിയില്ല.

വിചിത്യ സർവ്വതഃ ശൈലം രാമോ ലക്ഷ്മണമബ്രവീത്
നേഹ പശ്യാമി സൌമിത്രേ വൈദേഹീം പർവ്വതേ ശുഭാം. 22

രാമഃ	ശ്രീരാമൻ	ശുഭാം	പുണ്യവതിയായ
ശൈലം	മലയെ	വൈദേഹീം	വൈദേഹിയെ
സർവ്വതഃ	എങ്ങും	പർവ്വതേ ഇഹ	പർവ്വതത്തിൽ ഇപ്പോൾ
വിചിത്യ	തിരഞ്ഞശേഷം	ന പശ്യാമി!"	ഞാൻ കാണുന്നില്ലല്ലോ!" എന്ന്
ലക്ഷ്മണം,	ലക്ഷ്മണനെനോക്കി		
" സൌമിത്രേ!	" ലക്ഷ്മണ!	അബ്രവീത്.	അരുളിച്ചെയ്തു.

തതോ ദുഃഖാഭിസന്തപ്തോ ലക്ഷ്മണോ വാക്യമബ്രവീത്
വിചരൻ ദണ്ഡകാരണ്യം ഭ്രാതരം ദീപ്തതേജസം 23
പ്രാപ്സ്യസി ത്വം മഹാപ്രാജ്ഞ മൈഥിലീം ജനകാത്മജാം
യഥാ വിഷ്ണുർമ്മഹാബാഹുർബ്ബലിം ബദ്ധ്വാ മഹീമിമാം. 24

തതഃ ലക്ഷ്മണഃ	അതിനാൽ ലക്ഷ്മണൻ
ദുഃഖാഭിസന്തപ്തഃ	ദുഃഖത്താലുരുകുന്നവനായി
ദണ്ഡകാരണ്യം	ദണ്ഡകാരണ്യത്തിൽ
വിചരൻ	തിരയുന്നവനും
ദീപ്തതേജസം	അസഹ്യമായ കോപത്തോടുകൂടിയിരിക്കുന്നവനുമായ
ഭ്രാതരം	ജ്യേഷ്ഠനോടായി
വാക്യം	ഇങ്ങിനെ
അബ്രവീത്;	ഉണർത്തിച്ചു;
"മഹാപ്രാജ്ഞ!	"സർവ്വജ്ഞനായുള്ളോവെ!
മഹാബാഹുഃ	മഹാബാഹുവായ,
വിഷ്ണുഃ	വിഷ്ണുഭഗവാൻ
ബലിം	ബലിചക്രവർത്തിയെ
ബദ്ധ്വാ	ബന്ധിച്ച്
ഇമാം മഹീം	ഈ ഭൂമിയെ
യഥാ,	പ്രാപിച്ചപോലെ
ത്വം	നിന്തിരുവടി തന്നെ,
ജനകാത്മജാം	ജനകനന്ദിനിയായ
മൈഥിലീം	മൈഥിലിയെ
പ്രാപ്സ്യസി."	പ്രാപിക്കുമാറാകും.

ഏവമുക്തസ്തു വീരേണ ലക്ഷ്മണേന സ രാഘവഃ
ഉവാച ദീനയാ വാചാ ദുഃഖാഭിഹതചേതനഃ. 25

വീരേണ	വീരനായ
ലക്ഷ്മണേന	ലക്ഷ്മണനാൽ
ഏവം	ഇപ്രകാരം
ഉക്തഃ	ഉരചെയ്യപ്പെട്ടവനായ
സഃ രാഘവഃ തു	ആ ശ്രീരാഘവനും
ദുഃഖാഭിഹതചേതനഃ	ദുഃഖത്താൽ മനസ്സിടിഞ്ഞവനായി
ദീനയാ	പരിതാപകരമായ
വാചാ	വാക്കുകൊണ്ട്
ഉവാച.	ഇപ്രകാരം അരുൾചെയ്തു.

വനം സർവ്വം സുവിചിതം പദ്മിന്യഃ ഫുല്ലപങ്കജാഃ
ഗിരിശ്ചായം മഹാപ്രാജ്ഞ ബഹുകന്ദരനിർഝരഃ. 26

"മഹാപ്രാജ്ഞ!	"സൽബുദ്ധിയായുള്ളവനേ!
വനം സർവ്വം	കാടുമുഴുവനും
സുവിചിതം;	നല്ലപോലെ തിരയപ്പെട്ടുകഴിഞ്ഞു;
ഫുല്ലപങ്കജാഃ	വിടർന്നതാമരകളുള്ള
പദ്മിന്യഃ,	താമരപ്പൊയ്കകളും,
ബഹുകന്ദരനിർഝരഃ	പലഗുഹകളും അരുവികളും ഉള്ള
അയം	ഈ
ഗിരിഃ	ഗിരിയും
ച.	അപ്രകാരംതന്നെ തിരയപ്പെട്ടു.

ന ഹി പശ്യാമി വൈദേഹീം പ്രാണേഭ്യോഽപി ഗരീയസീം. 27

"പ്രാണേഭ്യഃ അപി	"പ്രാണങ്ങളേക്കാളും
ഗരീയസീം	അധികംപ്രിയപ്പെട്ടവളായ
വൈദേഹീം ഹി	വൈദേഹിയെ മാത്രം
ന പശ്യാമി."	ഞാൻ കാണുന്നില്ല."

ഏവം സ വിലപൻ രാമഃ സീതാഹരണകർശിതഃ
ദീനഃ ശോകസമാവിഷ്ടോ മുഹൂർത്തം വിഹ്വലോഽഭവത്. 28

സഃ രാമഃ	ആ രഘുനായകൻ	ശോകസമാവിഷ്ടഃ	ശോകം അധികരിച്ചവനായി
സീതാഹരണകർശിതഃ	സീതയെ കാണാതെ മനസ്സുമുട്ടി	മുഹൂർത്തം	ഒരു മുഹൂർത്തകാലം
ദീനഃ	പരിതാപകരമാംവണ്ണം	വിഹ്വലഃ	എന്തുചെയ്യേണമെന്നറിയാത്തവനായി
ഏവം	ഇങ്ങിനെ		
വിലപൻ,	പ്രലപിക്കുന്നവനായി,	അഭവത്.	വർത്തിച്ചു.

സ വിഹ്വലിതസർവ്വാംഗോ ഗതബുദ്ധിർവ്വിചേതനഃ
വിഷസാദാതുരോ ദീനോ നിശ്വസ്യാശീതമായതം. 29

സഃ	അദ്ദേഹം	ആതുരഃ	കഷ്ടപ്പെടുന്നവനായി
വിഹ്വലിതസർവ്വാംഗഃ	സർവ്വാംഗങ്ങളും വാടി തളർന്നവനായി	അശീതം	ചുടുചുടെ
ഗതബുദ്ധിഃ	അറിവററവനായി	ആയതം	ദീർഘമായി
വിചേതനഃ	മതികെട്ടവനായി	നിശ്വസ്യ,	നിശ്വസിച്ച്,
ദീനഃ	ദയനീയമാംവണ്ണം	വിഷസാദ.	ഏക്കം പൂണ്ടു.

ബഹുശഃ സ തു നിശ്വസ്യ രാമോ രാജീവലോചനഃ
ഹാ പ്രിയേതി വിചുക്രോശ ബഹുശോ ബാഷ്പഗദ്ഗദഃ. 30

രാജീവലോചനഃ	പങ്കജനേത്രനായ	ബാഷ്പഗദ്ഗദഃ	കണ്ണീരിനാൽ തൊണ്ടയിടറിക്കൊണ്ടു്
സഃ രാമഃ,	ആ രഘുനാഥൻ,	'ഹാ പ്രിയേ' ഇതി തു	'ഹാ പ്രിയേ!' എന്നു മാത്രം
ബഹുശഃ	വീണ്ടും വീണ്ടും	ബഹുശഃ	പലവാറു്
നിശ്വസ്യ,	നെടുവീർപ്പിട്ടുകൊണ്ടു്,	വിചുക്രോശ.	മുറയിട്ടു.

തം തതഃ സാന്ത്വയാമാസ ലക്ഷ്മണഃ പ്രിയബാന്ധവഃ
ബഹുപ്രകാരം ധർമ്മജ്ഞഃ പ്രശ്രിതം പ്രശ്രിതാഞ്ജലിഃ. 31

തതഃ	ആ സമയം	പ്രശ്രിതാഞ്ജലിഃ	വിനയപുരസ്സരം അഞ്ജലികൂപ്പിക്കൊണ്ടു്
ധർമ്മജ്ഞഃ	ധർമ്മമറിഞ്ഞവനും	തം	അദ്ദേഹത്തെ
പ്രിയബാന്ധവഃ	പ്രിയപ്പെട്ട ഭ്രാതാവും ആയ	ബഹുപ്രകാരം	പലപ്രകാരത്തിൽ
		പ്രശ്രിതം	വണക്കത്തോടുകൂടി
ലക്ഷ്മണഃ,	ലക്ഷ്മണൻ,	സാന്ത്വയാമാസ.	സമാശ്വസിപ്പിച്ചു.

അനാദൃത്യ തു തദ്വാക്യം ലക്ഷ്മണോഷ്ഠപുടാച്ച്യുതം
അപശ്യംസ്താം പ്രിയാം സീതാം പ്രാക്രോശത് സ പുനഃ പുനഃ. 32

സഃ	അദ്ദേഹം	താം പ്രിയാം	ആ പ്രേയസിയായ
ലക്ഷ്മണോഷ്ഠപുടാത്	ലക്ഷ്മണന്റെ മുഖത്തിൽനിന്നും	സീതാം	സീതയെ
ച്യുതം	വന്നതായ	അപശ്യൻ,	കാണാത്തവനായി,
തത് വാക്യം തു	ആ വാക്യത്തെയും	പുനഃ പുനഃ	മുമ്പേതിലും അധികമായി
അനാദൃത്യ,	ശ്രദ്ധിക്കാതെ,	പ്രാക്രോശത്,	പുലമ്പി.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ഏകഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തൊന്നാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 8775; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2063.

ദ്വിഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തിരണ്ടാംസർഗ്ഗം.

[ശ്രീരാമവിലാപഃ = ശ്രീരാമന്റെ വിലാപം.]

സീതാമപശ്യൻ ധർമ്മാത്മാ കാമോപഹതചേതനഃ
വിലലാപ മഹാബാഹൂ രാമഃ കമലലോചനഃ. 1

കമലലോചനഃ	ചെന്താർ നേത്രനും	അപശ്യൻ	കാണാഞ്ഞ്
മഹാബാഹുഃ	മഹാബാഹുവും	കാമോപഹതചേതനഃ	പ്രേയസിയെ ഓർത്ത് മനം തളൎന്നവനായി
ധർമ്മാത്മാ	ധർമ്മാത്മാവും ആയ	വിലലാപ.	പ്രലപിച്ചു.
രാമഃ,	ശ്രീരാമൻ,		
സീതാം	സീതാദേവിയെ		

പശ്യന്നിവ സ താം സീതാമപശ്യൻ മദനാർദ്ദിതഃ
ഉവാച രാഘവോ വാക്യം വിലാപാശ്രയദുർവ്വചം. 2

സഃ	ആ	പശ്യൻ ഇവ	നേരിൽ കാണുന്നവനെന്നപോലെ
രാഘവഃ	ശ്രീരാഘവൻ,	വാക്യം	പിൻ വരുമാറുള്ള വാക്യത്തെ,
താം	ആ	വിലാപാശ്രയദുർവ്വചം	കരച്ചലോടുകൂടി ഇടറിക്കൊണ്ട്
സീതാം	സീതാദേവിയെ	ഉവാച.	ഉരചെയ്തു.
അപശ്യൻ	കാണാതിരുന്നിട്ടും,		
മദനാർദ്ദിതഃ	പ്രേമപാരവശ്യം ഹേതുവാൽ		

ത്വമശോകസ്യ ശാഖാഭിഃ പുഷ്പപ്രിയതയാ പ്രിയേ
ആവൃണോഷി ശരീരം തേ മമ ശോകവിവർദ്ധിനീ. 3

"പ്രിയേ!	"പ്രേയസി!	ശരീരം	ശരീരത്തെ,
പുഷ്പപ്രിയതയാ	പൂക്കളിലുള്ള ആഗ്രഹം നിമിത്തം	മമ	എന്റെ
അശോകസ്യ	അശോകത്തിന്റെ	ശോകവിവർദ്ധിനീ	ദുഃഖത്തെ വർദ്ധിപ്പിക്കുന്നവളായി
ശാഖാഭിഃ	കൊമ്പുകൾ കൊണ്ട്	ത്വം ആവൃണോഷി.	നീ മറച്ചിരിക്കുകയാണ്.
തേ	നിന്റെ		

കദളീകാണ്ഡസദൃശൌ കദള്യാ സംവൃതാവുഭൌ
ഊരൂ പശ്യാമി തേ ദേവി നാസി ശക്താ നിഗ്രഹിതും. 4

ദേവി!	"ദേവി!	ഉഭൌ ഊരൂ	രണ്ടു ഊരുക്കളേയും
കദളീകാണ്ഡ-സദൃശൌ	വാഴപോലുള്ളവയും	പശ്യാമി;	ഞാൻ കാണുന്നുണ്ട്
കദള്യാ	വാഴയാൽ	നിഗ്രഹിതും	ഒളിപ്പാൻ
സംവൃതൌ	മറയ്ക്കപ്പെട്ടവയും ആയ	ശക്താ	ശക്തയായി
തേ	ഭവതിയുടെ	അസി ന.	നീ ആകയില്ല.

കർണ്ണികാരവനം ഭദ്രേ ഹസന്തീ ദേവി സേവസേ
അലം തേ പരിഹാസേന മമ ബാധാവഹേന വൈ. 5

"ദേവി!	"ദേവി!	മമ	എനിക്ക്
കർണ്ണികാരവനം	കൊന്നക്കാട്ടിലേക്ക്	ബാധാവഹേന വൈ	വേദനയെയുളവാക്കുന്നതായ
ഹസന്തീ	ചിരിച്ചുകൊണ്ടു്	തേ	നിന്റെ
സേവസേ;	നീ പോകുന്നു;	പരിഹാസേന അലം.	പരിഹാസം മതിയാക്കുക.
ഭദ്രേ!	നല്ലാർമണി!		

പരിഹാസേന കിം സീതേ പരിശ്രാന്തസ്യ മേ പ്രിയേ
അയം സ പരിഹാസോഽപി സാധു ദേവി ന രോചതേ. 6

"പ്രിയേ!	"ഓമനേ!	ദേവി!	ദേവി
സീതേ!	സീതേ!	സഃ	അപ്രകാരമുള്ള
പരിശ്രാന്തസ്യ	വ്യസനിക്കുന്നവനായ	അയം	ഈ
മേ	എനിക്ക്	പരിഹാസഃ	വിനോദം
പരിഹാസേന കിം?	നേരംപോക്കുകൊണ്ടെന്തു്?	സാധു അപി	ഒട്ടെങ്കിലും
		ന രോചതേ.	എനിക്കു രുചിക്കുന്നില്ല.

വിശേഷേണാശ്രമസ്ഥാനേ ഹാസോഽയം ന പ്രശസ്യതേ
അവഗച്ഛാമി തേ ശീലം പരിഹാസപ്രിയം പ്രിയേ. 7

"വിശേഷേണ	പ്രത്യേകിച്ചും	പ്രിയേ	പ്രിയേ!
ആശ്രമസ്ഥാനേ	ആശ്രമസ്ഥലത്തിൽ	തേ ശീലം	നിന്റെ സ്വഭാവം
അയം	ഈ	പരിഹാസപ്രിയം	കളിയിൽ ഇഷ്ടമുള്ളതാണെന്ന്
ഹാസഃ	നേരംപോക്ക്	അവഗച്ഛാമി.	ഞാൻ അറിയുന്നുണ്ട്.
ന പ്രശസ്യതേ;	ഉചിതമല്ല;		

ആഗച്ഛ ത്വം വിശാലാക്ഷി ശൂന്യോഽയമുടജസ്തവ. 8

"വിശാലാക്ഷി!	"തടമിഴിയാളെ!	ശൂന്യഃ;	പാഴായ്ക്കിടക്കുന്നു;
തവ	നിന്റെ	ത്വം	നീ
അയം	ഈ	ആഗച്ഛ.	വന്നാലും.
ഉടജഃ	ആശ്രമം		

സുവ്യക്തം രാക്ഷസൈഃ സീതാ ഭക്ഷിതാ വാ ഹൃതാऽപി വാ
ന ഹി സാ വിലപന്തം മാമുപസംപ്രൈതി ലക്ഷ്മണ. 9

" സാ	" അവൾ	സീതാ	സീത
വിലപന്തം	വിലപിക്കുന്നവനായ	രാക്ഷസൈഃ	രാക്ഷസരാൽ
മാം	എന്റെ അടുക്കൽ	ഭക്ഷിതാ വാ	ഭക്ഷിക്കപ്പെട്ടവളോ
ന ഉപസം- പ്രൈതി;	വന്നുചേരുന്നില്ല;	ഹൃതാ അപി വാ	കട്ടുകൊണ്ടുപോകപ്പെട്ടവളോ ആണ്,
ഹി, ലക്ഷ്മണ!	ആകയാൽ, ലക്ഷ്മണ!	സുവ്യക്തം.	നിശ്ചയം.

ഏതാനി മൃഗയൂഥാനി സാശ്രുനേത്രാണി ലക്ഷ്മണ
ശംസന്തീവ ഹി വൈദേഹീം ഭക്ഷിതാം രജനീചരൈഃ. 10

" ലക്ഷ്മണ!	" ലക്ഷ്മണ!	രജനീചരൈഃ	രാത്രിഞ്ചരന്മാരാൽ
ഏതാനി	ഈ	വൈദേഹീം	ജാനകിയെ
മൃഗയൂഥാനി	മാൻകൂട്ടങ്ങൾ	ഭക്ഷിതാം ഹി	വിഴുങ്ങപ്പെട്ടവളെന്നു തന്നെ
സാശ്രുനേത്രാണി	കണ്ണീരൊഴുക്കുന്ന നേത്രങ്ങളോടുകൂടിയവയായി	ശംസന്തി ഇവ.	അറിയിക്കുന്നപോലിരിക്കുന്നു.

ഹാ മമാര്യേ ക്വ യാതാऽസി ഹാ സാധ്വി വരവർണ്ണിനി
ഹാ സകാമാ ത്വയാ ദേവീ കൈകേയീ സാ ഭവിഷ്യതി. 11

" ഹാ!	" ഹാ!	ഹാ! ഹാ!	അയ്യോ ഞാൻ പിടയുന്നുവല്ലോ!
മമ	എന്റെ		
ആര്യേ	സ്നേഹപാത്രമായ	സാ കൈകേയീ ദേവീ	ആ കൈകേയീദേവി
സാധ്വി	പതിവ്രതയായ		
വരവർണ്ണിനി	സ്ത്രീരത്നമേ!	ത്വയാ	നീ മൂലമായി
ക്വ യാതാ അസി?	നീ എങ്ങാണ് പോയിരിക്കുന്നത്?	സകാമാ	അഭീഷ്ടം സാധിച്ചവളായി
		ഭവിഷ്യതി.	ഭവിക്കും.

സീതയാ സഹ നിര്യാതോ വിനാ സീതാമുപാഗതഃ
കഥം നാമ പ്രവേക്ഷ്യാമി ശൂന്യമന്തഃപുരം പുനഃ 12

" സീതയാ സഹ	" സീതയോടുകൂടി	ഉപാഗതഃ,	എത്തിയവനായി,
നിര്യാതഃ	പുറപ്പെട്ടുവന്ന ഞാൻ	ശൂന്യം	അവളില്ലാത്തതായ
സീതാം വിനാ	സീതയില്ലാതെ	അന്തഃപുരം	അന്തഃപുരത്തെ
		കഥം നാമ	എങ്ങിനെയാണ്
പുനഃ	തിരിച്ച്	പ്രവേക്ഷ്യാമി?	പ്രവേശിക്കുക?

നിൎവ്വീൎയ്യ ഇതി ലോകോഽയം നിൎദ്ദയശ്ചേതി വക്ഷ്യതി
കാതരത്വം പ്രകാശം ഹി സീതാപനയനേന മേ. 13

"അയം	"ഈ	സീതാപനയനേന	സീതയ്ക്കു നേരിട്ട അപചാരത്താൽ
ലോകഃ ച	ജനംമുഴുവനും	മേ	എന്റെ
നിൎവ്വീൎയ്യഃ ഇതി	വീൎയ്യമില്ലാത്തവനെന്നും	കാതരത്വം	കൊള്ളരുതായ്മ
നിൎദ്ദയഃ ഇതി	ദയയില്ലാത്തവനെന്നും	പ്രകാശം ഹി.	പ്രത്യക്ഷംതന്നെ.
വക്ഷ്യതി;	ദുഷിക്കും;		

നിവൃത്തവനവാസശ്ച ജനകം മിഥിലാധിപം
കുശലം പരിപൃച്ഛന്തം കഥം ശക്ഷ്യേ നിരീക്ഷിതും. 14

"നിവൃത്തവനവാസഃ ച	"വനവാസം കഴിഞ്ഞ് തിരിച്ചെത്തിയവനായ ഞാൻ	മിഥിലാധിപം	മിഥിലാധിപനായ
		ജനകം	ജനകമഹാരാജാവിനെ
		നിരീക്ഷിതും	തലപൊന്തിച്ച് നോക്കുവാൻ
കുശലം	കുശലം	കഥം	എങ്ങിനെ
പരിപൃച്ഛന്തം	ചോദിക്കുന്ന	ശക്ഷ്യേ?	ശക്തനാകും?

വിദേഹരാജോ നൂനം മാം ദൃഷ്ട്വാ വിരഹിതം തയാ
ദുഹിതൃസ്നേഹസന്തപ്തോ മോഹസ്യ വശമേഷ്യതി. 15

"വിദേഹരാജഃ	"ജനകമഹാരാജാവ്	ദുഹിതൃസ്നേഹസന്തപ്തഃ	പുത്രിയിലുള്ള വാത്സല്യംമൂലം തപിക്കുന്നവനായി
തയാ വിരഹിതം	അവളില്ലാത്ത	മോഹസ്യ	
മാം	എന്നെ	വശം	പ്രജ്ഞയററുപോകും.
ദൃഷ്ട്വാ,	കണ്ട്,	ഏഷ്യതി.	
നൂനം	തൽക്ഷണം		

അഥവാ ന ഗമിഷ്യാമി പുരീം ഭരതപാലിതാം
സ്വൎഗ്ഗോഽപി സീതയാ ഹീനഃ ശൂന്യ ഏവ മതോ മമ. 16

"ഭരതപാലിതാം	"ഭരതനാൽ സംരക്ഷിക്കപ്പെട്ടതായ	സീതയാ ഹീനഃ	സീതയില്ലാതെയുള്ള
പുരീം	നഗരത്തിലേക്ക്	സ്വൎഗ്ഗഃ അപി	സ്വൎഗ്ഗവും
ന ഗമിഷ്യാമി;	ഞാൻ പോകാതിരുന്നുകളയാം;	ശൂന്യഃ ഏവ	പാഴായതെന്നുതന്നെയാണ്
		മമ	എന്റെ
അഥവാ	അല്ലെങ്കിൽ തന്നെ	മതഃ.	അഭിപ്രായം.

മാമിഹോത്സൃജ്യ ഹി വനേ ഗച്ഛായോദ്ധ്യാം പുരീം ശുഭാം
ന ത്വഹം താം വിനാ സീതാം ജീവേയം ഹി കഥഞ്ചന. 17

"ഇഹ	"ഇപ്പോൾ,	ഗച്ഛ ഹി;	നീ പൊയ്ക്കൊൾക;
വനേ	കാട്ടിൽ	അഹം തു	ഞാനാകട്ടേ
മാം ഹി	എന്നെമാത്രം	താം സീതാം വിനാ	ആ സീതയില്ലാതെ
ഉത്സൃജ്യ	വിട്ടേച്ച്,	കഥഞ്ചന	ഒരിക്കലും
ശുഭാം	പാവനമായ	ജീവേയം ന.	ജീവനോടിരിക്കയില്ല.
അയോദ്ധ്യാം പുരീം	അയോദ്ധ്യാപുരത്തിലേക്ക്		

ഗാഢമാശ്ലിഷ്യ ഭരതോ വാച്യോ മദ്വചനാത് ത്വയാ
അനുജ്ഞാതോഽസി രാമേണ പാലയേതി വസുന്ധരാം. 18

"ഭരതഃ	"ഭരതൻ	അസി;	ഭവാൻ ഭവിച്ചിരിക്കുന്നു;
ത്വയാ	നിന്നാൽ	വസുന്ധരാം	ഭൂമിയെ
ഗാഢമാശ്ലിഷ്യ	ഗാഢാശ്ലേഷം ചെയ്യപ്പെട്ടു	പാലയ,' ഇതി	പരിപാലിച്ചുകൊൾക,' എന്ന്
'രാമേണ	'ശ്രീരാമനാൽ	മദ്വചനാത്	എന്റെ വാക്കായി
അനുജ്ഞാതഃ	അനുമതി നൽകപ്പെട്ടവനായി	വാച്യഃ.	പറയപ്പെടേണ്ടവനാകുന്നു.

അംബാ ച മമ കൈകേയീ സുമിത്രാ ച ത്വയാ വിഭോ
കൌസല്യാ ച യഥാന്യായമഭിവാദ്യാ മമാജ്ഞയാ
രക്ഷണീയാ പ്രയത്നേന ഭവതാ യുക്തകാരിണാ. 19

"വിഭോ!	"സമർത്ഥനായവനെ!	രക്ഷണീയാ	രക്ഷിക്കപ്പെടേണ്ടവളും
ഭവതാ	അടുത്തു വർത്തിക്കുന്നവനും	മമ	എനിക്ക്
യുക്തകാരിണാ	വേണ്ടതക്കതിനെ ചെയ്യുന്നവനും ആയ	അംബാ ച	നന്മവിളയിച്ചവളുമായ
ത്വയാ,	നിന്നാൽ,	കൈകേയീ	കൈകേയീദേവിയും
മമ	എന്റെ	സുമിത്രാ ച	സുമിത്രാദേവിയും
ആജ്ഞയാ,	ആജ്ഞാപ്രകാരം	കൌസല്യാ ച	കൌസല്യാദേവിയും
പ്രയത്നേന	ജാഗ്രതയായി	യഥാന്യായം	മുറപോലെ
		അഭിവാദ്യാഃ.	വണങ്ങപ്പെടേണ്ടവരാകുന്നു.

സീതായാശ്ച വിനാശോഽയം മമ ചാമിത്രസൂദന
വിസ്തരേണ ജനന്യാ മേ വിനിവേദ്യസ്ത്വയാ ഭവേത്. 20

"അമിത്രസൂദന!	"ശത്രുനാശന!	മേ ജനന്യാഃ	എന്റെ മാതാവിനോട്
സീതായാഃ ച	സീതയുടേയും	വിസ്തരേണ	വിവരമായി
മമ ച	എന്റെയും	ത്വയാ	നിന്നാൽ
അയം വിനാശഃ	ഈ നാശം	വിനിവേദ്യഃ ഭവേത്."	അറിയിക്കപ്പെടേണ്ടതാണ്."

ഇതി വിലപതി രാഘവേ സുദീനേ
വനമുപഗമ്യ തയാ വിനാ സുകേശ്യാ
ഭയവികലമുഖസ്തു ലക്ഷ്മണോഽപി
വ്യഥിതമനാ ഭൃശമാതുരോ ബഭൂവ. 21

വനം	കാട്ടിലേക്ക്
ഉപഗമ്യ,	വന്ന്,
സുകേശ്യാ	ചുരികുന്തളാളായ
തയാ വിനാ തു	അവളെ വിട്ടുപിരിഞ്ഞ കാരണം
സുദീനേ	അതിയായി പരിതപിക്കുന്നവനായ
രാഘവേ	ശ്രീരാഘവൻ
ഇതി വിലപതി	ഇപ്രകാരം പ്രലപിക്കുന്ന സമയം,
ഭയവികല-മുഖഃ	വ്യസനത്താൽ വാടിത്തളർന്ന വദനത്തോടുകൂടിയവനായി
വ്യഥിതമനാഃ	മനസ്സുകലങ്ങിയവനായ
ലക്ഷ്മണഃ അപി	ലക്ഷ്മണനും
ഭൃശം	ഏററവും
ആതുരഃ ബഭൂവ.	ആർത്തനായി ഭവിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ദ്വിഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തിരണ്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 8796; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2084.

ത്രിഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തിമൂന്നാംസർഗ്ഗം.

[ലക്ഷ്മണേന ശ്രീരാമസാന്ത്വനം = ലക്ഷ്മണൻ ശ്രീരാമനെ ആശ്വസിപ്പിക്കുന്നത്]

സ രാജപുത്രഃ പ്രിയയാ വിഹീനഃ
കാമേന ശോകേന ച പീഡ്യമാനഃ
വിഷാദയൻ ഭ്രാതരമാർത്തരൂപോ
ഭൂയോ വിഷാദം പ്രവിവേശ തീവ്രം. 1

രാജപുത്രഃ	മഹാരാജകുമാരനായ
സഃ	അദ്ദേഹം
പ്രിയയാ വിഹീനഃ	ഭാര്യയെ പിരിഞ്ഞവനായി
കാമേന	പ്രേമാതിശയത്താലും
ശോകേന ച	ശോകത്താലും
പീഡ്യമാനഃ	പീഡിക്കപ്പെടുന്നവനായി
ആർത്തരൂപഃ	ഏററം വ്യസനിക്കുന്നവനായി
ഭ്രാതരം	അനുജനെ
ഭൂയഃ	ഇനിയും അധികമായി
വിഷാദയൻ	പരിതപിപ്പിക്കുന്നവനായി
തീവ്രം	അതികഠിനമായ
വിഷാദം	കഷ്ടദശയെ
പ്രവിവേശ.	പ്രാപിച്ചു.

സ ലക്ഷ്മണം ശോകവശാഭിപന്നം
ശോകേ നിമഗ്നോ വിപുലേ തു രാമഃ
ഉവാച വാക്യം വ്യസനാനുരൂപ-
മുഷ്ണം വിനിശ്വസ്യ രുദൻ സശോകം. 2

വിപുലേ	അതിയായ	വ്യസനാനുരൂപം	സാധാരണയായി മനുഷ്യന്മാർ ദുഃഖിക്കുന്ന സമയം പറയാറുള്ള മാതിരിയിൽ
ശോകേ	ദുഃഖത്തിൽ	സശോകം	ദുഃഖത്തെ പ്രദർശിപ്പിക്കുന്നതായ
നിമഗ്നഃ	ആണ്ടുകിടക്കുന്നവനായ	വാക്യം	ഈ വാക്യത്തെ
സഃ രാമഃ തു	ആ ശ്രീരാമനും	ഉഷ്ണം വിനിശ്വസ്യ	ചുടുവീർപ്പിട്ടുകൊണ്ടു്
ശോകവശാഭിപന്നം	ദുഃഖം അധികരിച്ചു് മതികെട്ടിരുന്നവനായ	രുദൻ	കരഞ്ഞുംകൊണ്ടു്
ലക്ഷ്മണം	ലക്ഷ്മണനോടായി	ഉവാച.	ഉരചെയ്തു.

ന മദ്വിധോ ദുഷ്കൃതകർമ്മകാരീ
മന്യേ ദ്വിതീയോഽസ്തി വസുന്ധരായാം
ശോകേന ശോകോ ഹി പരംപരായാ
മാമേതി ഭിന്ദൻ ഹൃദയം മനശ്ച. 3

"മദ്വിധഃ	"എന്നെപ്പോലെ	ഹി	അതിനാൽതന്നെയാണ്,
ദുഷ്കൃതകർമ്മകാരീ	പാപം ചെയ്തവനായ	പരംപരായാഃ	തുടരെത്തുടരെയായി
ദ്വിതീയഃ	മറെറാരുവൻ	ശോകേന ശോകഃ,	ദുഃഖത്തിന്മേൽ ദുഃഖം,
വസുന്ധരായാം	ഈ ലോകത്തിൽ	ഹൃദയം	മനസ്സിനേയും
അസ്തി ന	ഇല്ലെന്നു്	മനഃ ച	അറിവിനേയും
മന്യേ;	ഞാൻ വിചാരിക്കുന്നു;	ഭിന്ദൻ	ഭേദിച്ചുകൊണ്ടു്
		മാം ഏതി.	എന്നെ പ്രാപിക്കുന്നതു്.

പൂർവ്വം മയാ നൂനമഭീപ്സിതാനി
പാപാനി കർമ്മാണ്യസകൃത് കൃതാനി
തത്രായമദ്യാപതിതോ വിപാകോ
ദുഃഖേന ദുഃഖം യദഹം വിശാമി. 4

"പൂർവ്വം	"പൂർവ്വജന്മത്തിൽ,	അയം	ഇതു്
മയാ	എന്നാൽ	അദ്യ	ഇപ്പോൾ
അസകൃത്	പലകുറി,	ആപതിതഃ;	നേർന്നിരിക്കുന്നു;
പാപാനി കർമ്മാണി	ദുഷ്കർമ്മങ്ങൾ	യത്	അതിനാൽതന്നെയാണ്
അഭീപ്സിതാനി	തോന്നിയപോലെ	അഹം	ഞാൻ
നൂനം	നിശ്ചയമായും	ദുഃഖേന ദുഃഖം	ദുഃഖത്തിന്മേൽ ദുഃഖത്തെ
കൃതാനി;	ചെയ്യപ്പെട്ടിട്ടുണ്ട്;		
തത്ര വിപാകഃ	അതിന്റെ ഫലമായുള്ള	വിശാമി.	അനുഭവിക്കുന്നതു്.

രാജ്യപ്രണാശഃ സ്വജനൈർവ്വിയോഗഃ
പിതുർവ്വിനാശോ ജനനീവിയോഗഃ
സർവ്വാണി മേ ലക്ഷ്മണ ശോകവേഗ-
മാപൂരയന്തി പ്രവിചിന്തിതാനി. 5

"ലക്ഷ്മണ!	"ലക്ഷ്മണ!	സർവ്വാണി,	എല്ലാം
രാജ്യപ്രണാശഃ	രാജ്യംപോയതും	പ്രവിചിന്തിതാനി	കൂടെക്കൂടെ ഓർമ്മിക്കപ്പെടുന്നവയായി
സ്വജനൈഃ വിയോഗഃ	ബന്ധുക്കളെ വിട്ടുപിരിഞ്ഞതും	മേ	എന്റെ
പിതുഃ	പിതാവിന്റെ	ശോകവേഗം	ദുഃഖത്തെ താങ്ങുവാനല്ല അതിനു്
വിനാശഃ	മരണവും		
ജനനീ-വിയോഗഃ	അമ്മമാരെ വിട്ടുപിരിഞ്ഞതും	ആപൂരയന്തി.	കവിയാറായിരിക്കുന്നു.

സർവ്വം തു ദുഃഖം മമ ലക്ഷ്മണേദം
ശാന്തം ശരീരേ വനമേത്യ ശൂന്യം
സീതാവിയോഗാത് പുനരപ്യുദീർണ്ണം
കാഷ്ഠൈരിവാഗ്നിഃ സഹസാ പ്രദീപ്തഃ 6

"ലക്ഷ്മണ!	"ലക്ഷ്മണ!	പുനഃ അപി,	വീണ്ടും,
വനം	വനത്തെ	കാഷ്ഠൈഃ	വിറകുകൾകൊണ്ടു്
ഏത്യ,	പ്രാപിച്ചതിൽപിന്നെ,	പ്രദീപ്തഃ അഗ്നിഃ ഇവ	ഉജ്ജ്വലിക്കപ്പെട്ട തീയെന്നപോലെ,
മമ ശരീരേ	എന്റെ ശരീരത്തിൽ		
ദുഃഖം സർവ്വം തു	ദുഃഖമെല്ലാം	സീതാ-വിയോഗാത്	സീതയെ വെടിഞ്ഞ കാരണം
ശൂന്യം	ഇല്ലാത്തപോലെ		
ശാന്തം	ശമിച്ചുകിടന്നിരുന്ന	സഹസാ ഉദീർണ്ണം.	അസഹ്യമായി കത്തിപ്പടരുന്നു.
ഇദം,	ഇതു്, [തായ		

സാ നൂനമാര്യാ മമ രാക്ഷസേന
ഹ്യഭ്യാഹൃതാ ഖം സമുപേത്യ ഭീരുഃ
അപസ്വരം സസ്വരവിപ്രലാപാ
ഭയേന വിക്രന്ദിതവത്യഭീക്ഷ്ണം. 7

"മമ ആര്യാ	"എന്റെ സർവ്വസമ്പത്തിന്നും ഭാജനമായ	സസ്വരവിപ്രലാപാ	വിളിച്ചുകരയുന്നവളായി
സാ ഹി,	അവളും,	അഭീക്ഷ്ണം	അത്യധികമായി
രാക്ഷസേന	ഒരു രാക്ഷസനാൽ	അപസ്വരം	അത്യാപത്തിനെ കാണിക്കുന്ന ദീനസ്വരത്തിൽ
അഭ്യാഹൃതാ,	കട്ടുകൊണ്ടുപോകപ്പെട്ടവളായി,		
ഖം സമുപേത്യ	ആകാശത്തെ പ്രാപിച്ച്	വിക്രന്ദിതവതീ,	പരിതാപകരമാംവണ്ണം മുറയിട്ടുകൊണ്ടിരിക്കും,
ഭീരുഃ,	നടുങ്ങിയവളായി,		
ഭയേന	ആപത്തിനെ ഓർത്ത്	നൂനം.	തീർച്ചതന്നെ.

തൌ ലോഹിതസ്യ പ്രിയദർശനസ്യ
സദോചിതാവുത്തമചന്ദനസ്യ
വൃത്തൌ സ്തനൌ ശോണിതപങ്കദിഗ്ധൌ
നൂനം പ്രിയായാ മമ നാഭിഭാതഃ. 8

"പ്രിയദർശനസ്യ	"അഴകുള്ള	തൌ	ആ രണ്ടു
ലോഹിതസ്യ ഉത്തമചന്ദനസ്യ	നല്ലതായ രക്തചന്ദനത്തിന്നു	വൃത്തൌ സ്തനൌ,	വട്ടണിക്കൊങ്കകളും,
		ശോണിതപങ്കദിഗ്ധൌ	ചോരക്കുഴമ്പണിയപ്പെട്ടവയായി
സദാ ഉചിതൌ	സദാ അർഹതയുള്ളവയായ	അഭിഭാതഃ ന	കാണാതായ്ത്തീരും
മമ പ്രിയായാഃ	എന്റെ പ്രിയതമയുടെ	നൂനം.	നിശ്ചയം.

തച്ഛ്ലക്ഷ്ണസുവ്യക്തമൃദുപ്രലാപം
തസ്യാ മുഖം കുഞ്ചിതകേശഭാരം
രക്ഷോവശം നൂനമുപാഗതായാഃ
ന ഭ്രാജതേ രാഹുമുഖേ യഥേന്ദുഃ 9

"ഇന്ദുഃ	"ചന്ദ്രൻ	കുഞ്ചിതകേശഭാരം	വളഞ്ഞു നെററിയിൽ വീണിരിക്കുന്ന കേശഭാരത്തോടുകൂടിയതുമായ
രാഹുമുഖേ	രാഹുവിന്റെ വായിൽ		
യഥാ,	എന്നപോലെ,		
രക്ഷോവശം	രാക്ഷസന്റെ വശത്തിൽ		
ഉപാഗതായാഃ	അകപ്പെട്ടവളായ		
തസ്യാഃ	അവളുടെ	തത് മുഖം	ആ തിരുമുഖം
ശ്ലക്ഷ്ണസുവ്യക്തമൃദുപ്രലാപം	മധുരമായും തെളിവോടും മൃദുവായും സംഭാഷണം ചെയ്യുന്നതും	ന ഭ്രാജതേ നൂനം.	പ്രകാശമററതായിരിക്കും നിശ്ചയം.

താം ഹാരപാശസ്യ സദോചിതായാഃ
ഗ്രീവാം പ്രിയായാ മമ സുവ്രതായാഃ
രക്ഷാംസി നൂനം പരിപീതവന്തി
ശൂന്യേ ഹി ഭിത്വാ രുധിരാശനാനി. 10

"സുവ്രതായാഃ	"സച്ചരിത്രയും	രുധിരാശനാനി	ചോരകുടിക്കുന്നവരായ
ഹാരപാശസ്യ	മുത്തുമാലയ്ക്കു്	രക്ഷാംസി	രാക്ഷസർ
സദോചിതായാഃ	സദാ അൎഹയും ആയ	ശൂന്യേ	ആരുമില്ലാത്തേടിക്കിൽ
മമ	എന്റെ	ഭിത്വാ	വെട്ടി
പ്രിയായാഃ	പ്രേയസിയുടെ	പരിപീതവന്തി,	ചോരകുടിച്ചിരിക്കും,
താം ഗ്രീവാം	ആ കണ്ഠത്തെ,	നൂനം ഹി.	നിശ്ചയംതന്നെ.

മയാ വിഹീനാ വിജനേ വനേ യാ
രക്ഷോഭിരാഹൃത്യ വികൃഷ്യമാണാ
നൂനം വിനാദം കുരരീവ ദീനാ
സാ മുക്തവത്യായതകാന്തനേത്രാ. 11

"ആയത-കാന്തനേത്രാ	"നീണ്ട ഭംഗിയുള്ള നേത്രങ്ങളോടുകൂടിയ	ആഹൃത്യ	ബലമായി എടുക്കപ്പെട്ടു്
യാ	യാതൊരുവൾ	വികൃഷ്യമാണാ,	വലിച്ചിഴയ്ക്കപ്പെടുന്നവളായി,
വിജനേ	ആരുമില്ലാത്ത	ദീനാ	പരിതപിക്കുന്നവളായി
വനേ	കാട്ടിൽ	കുരരീ ഇവ	ക്രൌഞ്ചപ്പേടയെന്നപോലെ
മയാ വിഹീനാ,	എന്നെ വിട്ടുപിരിഞ്ഞവൾ,	വിനാദം	ആൎത്തനാദത്തെ
സാ	അവൾ	മുക്തവതീ നൂനം.	പുറപ്പെടുവിച്ചിരിക്കും നിശ്ചയം
രക്ഷോഭിഃ	രാക്ഷസന്മാരാൽ		

അസ്മിൻ മയാ സാൎദ്ധമുദാരശീലാ
ശിലാതലേ പൂൎവ്വമുപോപവിഷ്ടാ
കാന്തസ്മിതാ ലക്ഷ്മണ ജാതഹാസാ
മാമാഹ സീതാ ബഹുവാക്യജാതം. 12

"ലക്ഷ്മണ!	"ലക്ഷ്മണ!	ശിലാതലേ	പാറമേൽ
ഉദാരശീലാ	സച്ചരിത്രയും	മയാ സാൎദ്ധം	എന്നോടു കൂടി
കാന്തസ്മിതാ	ചാരുവായ മന്ദസ്മിതമാൎന്നവളും ആയ	ഉപോപവിഷ്ടാ	ഇരുന്നുംകൊണ്ടു്
സീതാ,	സീത,	മാം	എന്നോടു
പൂൎവ്വം	മുമ്പൊരിക്കൽ	ബഹുവാക്യ-ജാതം	പലസംഭാഷണങ്ങളെ
അസ്മിൻ	ഈ	ആഹ.	ഉരിയാടി.

ഗോദാവരീയം സരിതാം വരിഷ്ഠാ
പ്രിയാ പ്രിയായാ മമ നിത്യകാലം
അപ്യത്ര ഗച്ഛേദിതി ചിന്തയാമി
നൈകാകിനീ യാതി ഹി സാ കദാചിത്. 13

" സരിതാം	" നദികളിൽ വെച്ച്
വരിഷ്ഠാ	ശ്രേഷ്ഠയായ
ഇയം ഗോദാവരീ	ഈ ഗോദാവരി
മമ പ്രിയായാഃ	എന്റെ പ്രിയതമയ്ക്കു്
നിത്യകാലം	എല്ലാസമയത്തിലും
പ്രിയാ ;	പ്രിയപ്പെട്ടതാണ് ;
അത്ര	അങ്ങോട്ട്
ഗച്ഛേത് ഇതി അപി	പോയിട്ടുണ്ടാകുമോ എന്ന്
ചിന്തയാമി ;	ഞാൻ വിചാരിക്കുന്നു ;
സാ കദാചിത്	അവൾ ഒരിക്കലും
ഏകാകിനീ	സഹായമില്ലാതെ
ന യാതി ഹി.	പോകാറില്ലല്ലോ.

പദ്മാനനാ പദ്മവിശാലനേത്രാ
പദ്മാനി വാഽഽനേതുമഭിപ്രയാതാ
തദപ്യയുക്തം ന ഹി സാ കദാചി-
ന്മയാ വിനാ ഗച്ഛതി പങ്കജാനി. 14

" പദ്മാനനാ	" ചെന്താർ മുഖിയും
പദ്മവിശാല-നേത്രാ	ചെന്താരൊത്ത വിശാലനേത്രയും ആയ അവൾ
പദ്മാനി	താമരകൾ
ആനേതും	കൊണ്ടുവരുവാനായി
അഭിപ്രയാതാ വാ ?	പോയതായിരിക്കുമോ ?
തത് അപി	അതും
അയുക്തം ;	ഊഹിപ്പാൻ വഴിയില്ല;
സാ	അവൾ
മയാ വിനാ	എന്നെക്കൂടാതെ
കദാചിത്	ഒരിക്കലും
പങ്കജാനി ഹി	താമരകളുടെ അടുത്തു തന്നെ
ന ഗച്ഛതി.	പോകാറില്ല.

കാമം ത്വിദം പുഷ്പിതവൃക്ഷഷണ്ഡം
നാനാവിധൈഃ പക്ഷിഗണൈരുപേതം
വനം പ്രയാതാ നു തദപ്യയുക്ത-
മേകാകിനീ സാഽതിബിഭേതി ഭീരുഃ. 15

" കാമം തു	" ഒരുസമയം
പുഷ്പിത-വൃക്ഷഷണ്ഡം	പൂത്തുള്ള വൃക്ഷങ്ങൾ തിങ്ങിയതും
നാനാവിധൈഃ	പലപല
പക്ഷിഗണൈഃ	പക്ഷിഗണങ്ങളാൽ
ഉപേതം	നിറയപ്പെട്ടതും ആയ
ഇദം വനം	ഈ കാട്ടിലേക്കു
പ്രയാതാ നു ?	പോയിട്ടുണ്ടായിരിക്കുമോ ?
തത് അപി	അതും
അയുക്തം ;	ശരിയല്ല ;
ഭീരുഃ സാ	ഭീരുവായ അവൾ
ഏകാകിനീ	ആരുമില്ലെന്നാൽ
അതിബിഭേതി.	ഭയപ്പെട്ടുവിറയ്ക്കും.

ആദിത്യ ഭോ ലോകകൃതാകൃതജ്ഞ
ലോകസ്യ സത്യാനൃതകർമ്മസാക്ഷിൻ
മമ പ്രിയാ സാ ക്വ ഗതാ ഹൃതാ വാ
ശംസസ്വ മേ ശോകവശസ്യ സത്യം. 16

"ലോകകൃതാ-കൃതജ്ഞ!	"ലോകരുടെ പുണ്യപാപങ്ങളെ സ്വയമായി അറിയുന്നവനും,
ലോകസ്യ	ലോകവാസികളുടെ
സത്യാനൃത-കർമ്മ-സാക്ഷിൻ!	പ്രത്യക്ഷവും അപ്രത്യക്ഷവും ആയ സർവ്വകൃത്യങ്ങൾക്കും സാക്ഷിയായുള്ളവനും ആയ
ഭോ ആദിത്യ!	ഹേ സൂര്യഭഗവാനെ!
മമ പ്രിയാ സാ	എന്റെ പ്രേമഭാജനമായ അവൾ
ക്വ ഗതാ?	എങ്ങ് പോയിരിക്കുന്നു?
ഹൃതാ വാ?	അല്ലെന്നാൽ ആരാലാണ് അപഹരിക്കപ്പെട്ടിരിക്കുന്നത്?
ശോകവശസ്യ	ശോകാക്രാന്തനായ
മേ	എന്നോട്
സത്യം	വാസ്തവം
ശംസസ്വ.	പറഞ്ഞാലും.

ലോകേഷു സർവ്വേഷു ച നാസ്തി കിഞ്ചി-
ദ്യത്തേ ന നിത്യം വിദിതം ഭവേത്തത്
ശംസസ്വ വായോ കുലശാലിനീം താം
ഹൃതാ മൃതാ വാ പഥി വർത്തതേ വാ 17

"വായോ!	"വായുഭഗവാനേ!
നിത്യം	എല്ലായ്പോഴും
തേ	നിന്തിരുവടിക്ക്
ന വിദിതം	അറിയാത്തതായി
യത് ഭവേത്	യാതൊന്ന് ഉണ്ടാകുമോ
തത്	അപ്രകാരമുള്ള ഒന്ന്
സർവ്വേഷു-ലോകേഷു ച	എല്ലാലോകങ്ങളിലും
കിഞ്ചിത്	ഒന്നും തന്നെ
ന അസ്തി;	ഇല്ല;
കുലശാലിനീം	ഉത്കൃഷ്ടകുല സമ്പന്നയായ
താം	അവളെക്കുറിച്ച്
ഹൃതാ	ആരാൽ അപഹരിക്കപ്പെട്ടുവെന്നൊ,
മൃതാ വാ	ആരാൽ ഹനിക്കപ്പെട്ടുവെന്നൊ,
പഥി വർത്തതേ വാ	വല്ല ദിക്കിലും ജീവനോടിരിക്കുന്നുണ്ടൊഎന്നോ,
ശംസസ്വ."	പറഞ്ഞു തന്നാലും."

ഇതീവ തം ശോകവിധേയദേഹം
രാമം വിസംജ്ഞം വിലപന്തമേവം
ഉവാച സൌമിത്രിരദീനസത്വോ
ന്യായേ സ്ഥിതഃ കാലയുതം ച വാക്യം. 18

ഏവം	എന്നെല്ലാം
ശോക-വിധേയദേഹം	ശോകത്തിൽ ആണ്ടദേഹത്തോടുകൂടി
വിസംജ്ഞം,	മതിമറന്നവനായി,
ഇതി ഇവ	മേൽപ്രകാരം
വിലപന്തം	പ്രലപിക്കുന്നവനായ
തം രാമം	ആ ശ്രീരാമനോടായി
സൌമിത്രിഃ	ലക്ഷ്മണൻ,
അദീനസത്വഃ	ധൈര്യമുപേക്ഷിക്കാതെ
ന്യായേ സ്ഥിതഃ	മര്യാദയിൽ വർത്തിക്കുന്നവനായി
കാലയുതം	സമയോചിതമായ
വാക്യം ച	വാക്യത്തേയും
ഉവാച.	ഉണർത്തിച്ചു.

ശോകം വിമുഞ്ചാര്യ ധൃതിം ഭജസ്വ
സോത്സാഹതാ ചാസ്തു വിമാർഗ്ഗണേഽസ്യാഃ
ഉത്സാഹവന്തോ ഹി നരാ ന ലോകേ
സീദന്തി കർമ്മസ്വതിദുഷ്കരേഷു. 19

"ആര്യ!	"ജ്യേഷ്ഠ!
ശോകം	ശോകത്തെ
വിമുഞ്ച;	കൈവെടിഞ്ഞാലും;
ധൃതിം	ധൈര്യത്തെ
ഭജസ്വ;	അവലംബിച്ചാലും;
അസ്യാഃ	ഇവളെ
വിമാർഗ്ഗണേ	അന്വേഷിക്കുന്നകാര്യത്തിൽ
സോത്സാഹതാ ച	നിരന്തരമായ ഉത്സാഹവും
അസ്തു;	ഉണ്ടാകേണ്ടതാണ്;
ഉത്സാഹവന്തഃ	മനഃസ്ഥൈര്യം ഉള്ള
നരാഃ ഹി	ആളുകൾതന്നെയാണ്
ലോകേ	ലോകത്തിൽ
അതിദുഷ്കരേഷു	അത്യന്തം ശ്രമസാദ്ധ്യങ്ങളായ
കർമ്മസു	കാര്യങ്ങളിൽ
ന സീദന്തി."	തളർന്നുപോകാതിരിക്കുന്നത്."

ഇതീവ സൌമിത്രിമുദഗ്രപൌരുഷം
ബ്രുവന്തമാർത്തോ രഘുവംശവർദ്ധനഃ
ന ചിന്തയാമാസ ധൃതിം വിമുക്തവാൻ
പുനശ്ച ദുഃഖം മഹദഭ്യുപാഗമത്. 20

ധൃതിം	ധൈര്യത്തെ
വിമുക്തവാൻ	കൈവിട്ടിരുന്നവനായ
രഘുവംശവർദ്ധനഃ,	രഘുകുലോത്തമനായ ശ്രീരാമൻ,
ആർത്തഃ	ദുഃഖാകുലിതനായി,
ഉദഗ്രപൌരുഷം	വിഖ്യാതവീര്യവാനും
ഇതി ഇവ	മേൽപ്രകാരം
ബ്രുവന്തം	ഉണർത്തിക്കുന്നവനും
സൌമിത്രിം	ലക്ഷ്മണനെ [ആയ
ന ചിന്തയാമാസ;	ശ്രദ്ധിച്ചതേയില്ല;
പുനഃ ച	ഇനിയും അധികം
മഹത് ദുഃഖം	വലുതായ ദുഃഖത്തെ
അഭ്യുപാഗമത്.	പ്രാപിച്ചതേയുള്ളു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ത്രിഷഷ്ടിതമഃ സർഗ്ഗഃ=അറുപത്തിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 8816; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2104.

ഇതി പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ദ്വാത്രിംശദ്ദിനേഷു ഗീതേ ശ്രീമദ്രാമായണേ ദ്വാദശേഽഹനി ഗീതാഃ ശ്ലോകാഃ സമാപ്താഃ

ഇപ്രകാരം പണ്ട് അശ്വമേധയാഗശാലയിൽ ശ്രീരാമസന്നിധിയിൽ വെച്ച് കുശലവന്മാരാൽ ഗാനംചെയ്യപ്പെട്ടതായ ശ്രീരാമായണത്തിൽ പന്ത്രണ്ടാം ദിവസം ഗാനംചെയ്ത കഥ അവസാനിച്ചു.

[പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ത്രയോദശേഽഹനി ആരണ്യകാണ്ഡ ചതുഃഷഷ്ടിതമസൎഗ്ഗമാരഭ്യ യാവത്കാണ്ഡ സമാപ്തി, കിഷ്കിന്ധാകാണ്ഡേ ആദിതഃ അഷ്ടമസൎഗ്ഗപൎയ്യന്തം ച (8817—9637 ശ്ലോകാഃ) ഗീതം.
തസ്മിൻ ദിനേ ഗീതാഃ ശ്ലോകാഃ 821.

പണ്ട് കുശലവന്മാരാൽ ശ്രീരാമസന്നിധിയിൽവെച്ച് 13-ാമത്തെ ദിവസം ആരണ്യകാണ്ഡം 64-ാംസൎഗ്ഗം തുടങ്ങി ആ കാണ്ഡം മുഴുവനും, കിഷ്കിന്ധാകാണ്ഡത്തിൽ ആദ്യത്തെ എട്ടുസൎഗ്ഗങ്ങളുംകൂടി (8317 മുതൽ 9637വരെ ശ്ലോകങ്ങൾ) ഗാനം ചെയ്യപ്പെട്ടു.
അന്നേദിവസം ഗാനംചെയ്യപ്പെട്ട ശ്ലോകസംഖ്യ 821.]

ചതുഃഷഷ്ടിതമഃ സൎഗ്ഗഃ = അറുപത്തിനാലാംസൎഗ്ഗം.

[ശ്രീരാമക്രോധഃ = ശ്രീരാമന്റെ കോപം.]

സ ദീനോ ദീനയാ വാചാ ലക്ഷ്മണം വാക്യമബ്രവീത്. 1

ദീനഃ	പരിതപിച്ചുകൊണ്ടിരുന്നവനായ	ലക്ഷ്മണം	ലക്ഷ്മണനോടായി
സഃ,	അദ്ദേഹം,		
ദീനയാ വാചാ	വാടിത്തളൎന്നവാക്കുകൊണ്ട്	വാക്യം അബ്രവീത്.	ഇങ്ങിനെ അരുൾചെയ്തു.

ശീഘ്രം ലക്ഷ്മണ ജാനീഹി ഗത്വാ ഗോദാവരീം നദീം
അപി ഗോദാവരീം സീതാ പദ്മാന്യാനയിതും ഗതാ. 2

"സീതാ	"സീത	ലക്ഷ്മണ!	ലക്ഷ്മണ!
പദ്മാനി	താമരപ്പൂക്കൾ	ഗോദാവരീം നദീം	ഗോദാവരീനദിക്ക്
ആനയിതും	കൊണ്ടുവരുവാനായി	ശീഘ്രം ഗത്വാ	വേഗം ചെന്ന്
ഗോദാവരീം	ഗോദാവരീനദിക്ക്	ജാനീഹി.	തിരഞ്ഞുനോക്കിവന്നാലും.
അപി ഗതാ;	പോയിരിക്കുമോ എന്തോ?		

ഏവമുക്തസ്തു രാമേണ ലക്ഷ്മണഃ പുനരേവ ഹി
നദീം ഗോദാവരീം രമ്യാം ജഗാമ ലഘുവിക്രമഃ. 3

"രാമേണ	"ശ്രീരാമനാൽ	രമ്യാം	അഴകാൎന്ന
ഏവം	മേൽപ്രകാരം	ഗോദാവരീം നദീം	ഗോദാവരീ നദിയിലേക്കായി
ഉക്തഃ	ഉരചെയ്യപ്പെട്ടവനായ	ലഘുവിക്രമഃ തു	ബദ്ധപ്പെട്ടോടിക്കൊണ്ടുതന്നെ
ലക്ഷ്മണഃ ഹി,	ലക്ഷ്മണനും,		
പുനഃ ഏവ	വീണ്ടും	ജഗാമ.	ചെന്നു.

താം ലക്ഷ്മണസ്തീൎത്ഥവതീം വിചിത്വാ രാമമബ്രവീത്. 4

ലക്ഷ്മണഃ	ലക്ഷ്മണൻ	വിചിത്വാ	തിരഞ്ഞ്
താം	ആ	രാമം അബ്രവീത്.	ശ്രീരാമനോടായ് ഉണൎത്തിച്ചു.
തീൎത്ഥവതീം	നദിയിലെങ്ങും		

നൈനാം പശ്യാമി തീൎത്ഥേഷു ക്രോശതോ ന ശൃണോതി മേ
കം നു സാ ദേശമാപന്നാ വൈദേഹീ ക്ലേശനാശിനീ
ന ഹ്യഹം വേദ തം ദേശം യത്ര സാ ജനകാത്മജാ. 5

"തീൎത്ഥേഷു	"സ്നാനഘട്ടങ്ങളിൽ	സാ ഹി	സാക്ഷാൽ മഹാലക്ഷ്മിയും ആയ
ഏനാം	ഇവളെ	സാ വൈദേഹീ,	ആ വൈദേഹി,
ന പശ്യാമി;	ഞാൻ കാണുന്നില്ല;	യത്ര	ഏതൊരുദിക്കിൽ
മേ ക്രോശതഃ	ഞാൻ വിളിച്ചുനോക്കിയിട്ടും	കം നു ദേശം	ഏതൊരു പ്രദേശത്തെ
ന ശൃണോതി;	വിളികേൾക്കുന്നില്ല;	ആപന്നാ	പ്രാപിച്ചിരിക്കുന്നുവോ,
ക്ലേശനാശിനീ	ദുഃഖക്ഷയകാരിണിയും	തം ദേശം	ആ പ്രദേശത്തെ
ജനകാത്മജാ	ജനകനന്ദിനിയും	അഹം ന വേദ."	ഞാൻ അറികയില്ല."

ലക്ഷ്മണസ്യ വചഃ ശ്രുത്വാ ദീനഃ സന്താപമോഹിതഃ
രാമഃ സമഭിചക്രാമ സ്വയം ഗോദാവരീം നദീം. 6

ദീനഃ	മനസ്സു പുണ്ണായി	വചഃ ശ്രുത്വാ,	വാക്യത്തെകേട്ടു്
സന്താപമോഹിതഃ	ദുഃഖത്താൽ മതിമറന്നിരുന്നവനായ	ഗോദാവരീം നദീം	ഗോദാവരി നദിയിലേക്കു്
രാമഃ	ശ്രീരാമൻ	സ്വയം	താൻതന്നെ
ലക്ഷ്മണസ്യ	ലക്ഷ്മണന്റെ	സമഭിചക്രാമ.	ചെന്നു.

സ താമുപസ്ഥിതോ രാമഃ ക്വ സീതേത്യേവമബ്രവീത്. 7

ഏവം	ഇപ്രകാരം	സഃ രാമഃ	ആ ശ്രീരാഘവൻ
താം	ആ നദിയെ	"സീതാ ക്വ," ഇതി	"സീതയെവിടെ," യെന്നു്
ഉപസ്ഥിതഃ	സമീപിച്ചവനായ	അബ്രവീത്.	ചോദിച്ചു.

ഭൂതാനി രാക്ഷസേന്ദ്രേണ വധാൎഹേണ ഹൃതാമപി
ന താം ശശംസൂ രാമായ തഥാ ഗോദാവരീ നദീ. 8

ഭൂതാനി	പ്രാണികളും	രാക്ഷസേന്ദ്രേണ	രാക്ഷസേശ്വരനാൽ
തഥാ	അപ്രകാരംതന്നെ	താം	അവളെ
ഗോദാവരീ നദീ അപി	ഗോദാവരീ നദിയും,	ഹൃതാം	ഹരിക്കപ്പെട്ടവളെന്നു്
		രാമായ	ശ്രീരാഘവനോടായി
വധാൎഹേണ	വധത്തിന്നു അൎഹനായ	ന ശശംസുഃ.	അറിയിക്കാതിരുന്നു.

തതഃ പ്രചോദിതാ ഭൂതൈഃ ശംസാസ്മൈ താം പ്രിയാമിതി
ന തു സാഽഭ്യവദത് സീതാം പൃഷ്ടാ രാമേണ ശോചതാ. 9

ശോചതാ	പരിതപിക്കുന്നവനായ	അസ്മൈ,	ഇദ്ദേഹത്തോടായി
രാമേണ	ശ്രീരാമനാൽ	ശംസ" ഇതി	അറിയിച്ചാലും,"എന്നു്
സീതാം	സീതയെക്കുറിച്ചു്	തതഃ	ആ സമയം [ളും ആയ
പൃഷ്ടാ,	ചോദിക്കപ്പെട്ടവളും,	പ്രചോദിതാ തു	ആവശ്യപ്പെടപ്പെട്ടവ-
ഭൂതൈഃ	പ്രാണികളാൽ	സാ ന അഭ്യവദത്.	ആ നദി അറിയിക്കയുണ്ടായില്ല.
"താം പ്രിയാം	"ആ പ്രിയയെക്കുറിച്ചു്		

രാവണസ്യ ച തദ്രൂപം കൎമ്മാണി ച ദുരാത്മനഃ
ധ്യാത്വാ ഭയാത്തു വൈദേഹീം സാ നദീ ന ശശംസ താം. 10

ദുരാത്മനഃ	ദുഷ്ടനായ
രാവണസ്യ	രാവണന്റെ
തത് രൂപം ച	ആ സ്വരൂപത്തേയും
കൎമ്മാണി ച	പ്രവൃത്തികളേയും
ധ്യാത്വാ,	ഓൎത്ത്,
ഭയാത്	ഭയം മൂലം
സാ നദീ തു	ആ നദിയാകട്ടേ,
താം വൈദേഹീം	ആ വൈദേഹിയെക്കുറിച്ച്
ന ശശംസ.	ഒന്നും പറകയുണ്ടായില്ല.

നിരാശസ്തു തയാ നദ്യാ സീതായാ ദൎശനേ കൃതഃ
ഉവാച രാമഃ സൌമിത്രിം സീതാഽദൎശനകൎശിതഃ. 11

സീതാഽദൎശനകൎശിതഃ	സീതയെകാണാതെ ദുഃഖിച്ചിരുന്ന
രാമഃ,	ശ്രീരാമൻ,
തയാ നദ്യാ	ആ നദിയാൽ
സീതായാഃ ദൎശനേ	സീതയെ കാണേണ്ടുന്ന സംഗതിയിൽ
നിരാശഃ കൃതഃ	വല്ല സഹായവും ലഭിക്കുമെന്നുള്ള ആശയില്ലാതായവനായി,
തു	അതിനാൽ
സൌമിത്രിം	ലക്ഷ്മണനോടായി
ഉവാച.	അരുളിച്ചെയ്തു.

ഏഷാ ഗോദാവരീ സൌമ്യ കിഞ്ചിന്ന പ്രതിഭാഷതേ
കിം നു ലക്ഷ്മണ വക്ഷ്യാമി സമേത്യ ജനകം വചഃ
മാതരം ചൈവ വൈദേഹ്യാ വിനാ താമഹമപ്രിയം. 12

“സൌമ്യ!	“വത്സ!
ഏഷാ ഗോദാവരീ	ഈ ഗോദാവരീനദി
കിഞ്ചിത്	ഒന്നുംതന്നെ
ന പ്രതിഭാഷതേ;	മറുപടിപറയുന്നില്ല;
ലക്ഷ്മണ!	ലക്ഷ്മണ!
താം വിനാ	അവളില്ലാതെ,
ജനകം ച	ജനകമഹാരാജാവിനോടും
വൈദേഹ്യാഃ	സീതയുടെ
മാതരം ഏവ	മാതാവിനോടും
അഹം സമേത്യ	ഞാൻ ചെന്ന്
അപ്രിയം	അസഹ്യമായ
വചഃ	വാക്കിനെ
കിം നു വക്ഷ്യാമി?	എങ്ങിനെയാണ് പറയുക?

യാ മേ രാജ്യവിഹീനസ്യ വനേ വന്യേന ജീവതഃ
സൎവ്വം വ്യപനയേച്ഛോകം വൈദേഹീ ക്വ നു സാ ഗതാ. 13

“രാജ്യവിഹീനസ്യ	“രാജ്യത്തെ വെടിഞ്ഞ്
വനേ	കാട്ടിൽ
വന്യേന	കായ്കനികൾകൊണ്ട്
ജീവതഃ	കാലംകഴിക്കുന്നവനായ
മേ	എന്റെ
ശോകം സൎവ്വം	സകലശോകത്തേയും
യാ	യാതൊരുവൾ
വ്യപനയേത്,	ഇല്ലാതാക്കുമോ,
സാ വൈദേഹീ	ആ ജാനകി
ക്വ നു ഗതാ?	എങ്ങുപോയ്ക്കളഞ്ഞു?

ജ്ഞാതിപക്ഷവിഹീനസ്യ രാജപുത്രീമപശ്യതഃ
മന്യേ ദീൎഘാ ഭവിഷ്യന്തി രാത്രയോ മമ ജാഗ്രതഃ. 14

"ജ്ഞാതിപക്ഷവിഹീനസ്യ	"പിതാവിനേയും പട വിഃയയും വെടിഞ്ഞ്
രാജപുത്രീം	രാജപുത്രിയേയും
അപശ്യതഃ	കാണാതെ
ജാഗ്രതഃ മമ	ഉറക്കമില്ലാത്തവനായ [എനിക്ക്
രാത്രയഃ	രാത്രികൾ
ദീൎഘാഃ	ദീൎഘിച്ചവയായി
ഭവിഷ്യന്തി മന്യേ.	തീരുമെന്ന് ഞാൻ കരുതുന്നു.

മന്ദാകിനീം ജനസ്ഥാനമിമം പ്രസ്രവണം ഗിരിം
സൎവ്വാണ്യനുചരിഷ്യാമി യദി സീതാ ഹി ദൃശ്യതേ. 15

"സീതാ	"സീത
ദൃശ്യതേ യദി;	ഒരുസമയം കണ്ടെത്തപ്പെട്ടുവെന്നും വരാം;
ഹി	ആയതുകൊണ്ടു്
മന്ദാകിനീം	മന്ദാകിനീനദിയേയും
ജനസ്ഥാനം	ജനസ്ഥാനത്തേയും
ഇമം	ഈ
പ്രസ്രവണം	പ്രസ്രവണമെന്ന
ഗിരിം	ഗിരിയേയും
സൎവ്വാണി	എല്ലാം
അനുചരിഷ്യാമി.	ഞാൻ തിരഞ്ഞുനോക്കാം.

ഏതേ മൃഗാ മഹാവീൎയ്യാ മാമീക്ഷന്തേ മുഹുൎമ്മുഹുഃ
വക്തുകാമാ ഇവ ഹി മേ ഇംഗിതാന്യുപലക്ഷയേ. 16

"മഹാവീൎയ്യാഃ	"ഏറെ ചൊടിയുള്ളവയായ
ഏതേ മൃഗാഃ	ഈ മാനുകൾ
മുഹുഃ മുഹുഃ	വീണ്ടും വീണ്ടും
മാം ഈക്ഷന്തേ;	എന്നെ ഉററുനോക്കുന്നു;
ഇംഗിതാനി	മനോഭാവത്തെ കാട്ടുന്ന അവയവചേഷ്ടകളേയും
ഉപലക്ഷയേ;	ഞാൻ കാണുന്നു;
ഹി മേ	ആകയാൽ എന്നോടു്
വക്തുകാമാഃ ഇവ."	എന്തോ പറവാനാഗ്രഹിച്ചവയെന്നപോലെ കാണപ്പെടുന്നു."

താംസ്തു ദൃഷ്ട്വാ നരവ്യാഘ്രോ രാഘവഃ പ്രത്യുവാച ഹ
ക്വ സീതേതി നിരീക്ഷൻ വൈ ബാഷ്പസംരുദ്ധയാ ദൃശാ. 17

നരവ്യാഘ്രഃ	പുരുഷോത്തമനായ
രാഘവഃ തു	ശ്രീരാഘവനും
ബാഷ്പസംരുദ്ധയാ	കണ്ണീരിനാൽ മറയ്ക്കപ്പെട്ട
ദൃശാ	ദൃഷ്ടികൊണ്ടു്
നിരീക്ഷൻ വൈ	കണ്ണടയ്ക്കാതെ നോക്കിക്കൊണ്ടിരുന്നവയായ
താൻ	അവയെ
ദൃഷ്ട്വാ,	കണ്ടു്,
"സീതാ ക്വ"	"സീതയെവിടെയുണ്ടു്?"
ഇതി	എന്നു്
പ്രത്യുവാച ഹ!	ചോദിച്ചു, കഷ്ടം!

ഏവമുക്താ നരേന്ദ്രേണ തേ മൃഗാഃ സഹസോത്ഥിതാഃ
ദക്ഷിണാഭിമുഖാഃ സൎവ്വേ ദൎശയന്തോ നഭഃസ്ഥലം 18
മൈഥിലീ ഹ്രിയമാണാ സാ ദിശം യാമന്വപദ്യത
തേന മാൎഗ്ഗേണ ധാവന്തോ നിരീക്ഷന്തേ നരാധിപം 19

നരേന്ദ്രേണ	പുരുഷോത്തമനാൽ
ഏവം	ഇപ്രകാരം
ഉക്താഃ	ചോദിക്കപ്പെട്ടവയായ
തേ മൃഗാഃ സൎവ്വേ	ആ മാനുകൾ എല്ലാം
ദക്ഷിണാഭിമുഖാഃ	തെക്കുദിക്കിനെ നോക്കുന്നവയായി
സഹസാ	പെട്ടെന്നു്
ഉത്ഥിതാഃ	എഴുന്നേററു്
നഭഃസ്ഥലം	ആകാശത്തെ
ദൎശയന്തഃ	കാണിക്കുന്നവയായി,
സാ മൈഥിലീ	ആ ജാനകീദേവി
ഹ്രിയമാണാ	അപഹരിക്കപ്പെട്ടു്
യാം ദിശം	ഏതൊരുദിക്കിലേക്കു്
അന്വപദ്യത,	ചെന്നുവൊ,
തേന മാൎഗ്ഗേണ	ആ വഴിയായിത്തന്നെ
ധാവന്തഃ,	ഓടുന്നവയായി,
നരാധിപം	പുരുഷോത്തമനായ ശ്രീരാഘവനെ
നിരീക്ഷന്തേ.	മിഴിച്ചുനോക്കിക്കൊണ്ടു തന്നെയിരിക്കുന്നു.

യേന മാൎഗ്ഗം ച ഭൂമിം ച നിരീക്ഷന്തേ സ്മ തേ മൃഗാഃ
പുനശ്ച മാൎഗ്ഗമിച്ഛന്തി ലക്ഷ്മണേനോപലക്ഷിതാഃ. 20

യേന,	ഇക്കാരണത്താൽ,
ലക്ഷ്മണേന ച	ലക്ഷ്മണനാലും
ഉപലക്ഷിതാഃ	നോക്കപ്പെട്ടവയായ
തേ മൃഗാഃ	ആ മാനുകൾ
ഭൂമിം	(സീത) പോയപ്രദേശത്തേയും
മാൎഗ്ഗം ച	അതിന്മേലുള്ള ആകാശപ്രദേശത്തേയും
നിരീക്ഷന്തേ സ്മ;	നോക്കിനിന്നു;
പുനഃ ച	വീണ്ടും, [പോകുവാൻ
മാൎഗ്ഗം ച	പോയവഴിയെതന്നെ—
ഇച്ഛന്തി.	ഇഷ്ടപ്പെട്ടവയായി കാണപ്പെടുന്നു.

തേഷാം വചനസൎവ്വസ്വം ലക്ഷയാമാസ ചേംഗിതം
ഉവാച ലക്ഷ്മണോ ജ്യേഷ്ഠം ധീമാൻ ഭ്രാതരമാൎത്തവത്. 21

ധീമാൻ	ബുദ്ധിമാനായ
ലക്ഷ്മണഃ	ലക്ഷ്മണൻ
തേഷാം	അവയുടെ
വചനസൎവ്വസ്വം	മനസ്സിലുള്ള അഭിപ്രായത്തെ കാണിക്കുന്നതായ
ഇംഗിതം	അവയവചേഷ്ടയെ
ലക്ഷയാമാസ;	കണ്ടറിഞ്ഞു;
ജ്യേഷ്ഠം ഭ്രാതരം	ജ്യേഷ്ഠനോടായി
ആൎത്തവത് ച	വിവശനായിത്തന്നെ
ഉവാച.	ഉണൎത്തിച്ചു.

ക്വ സീതേതി തദാ പൃഷ്ടാ യദേമേ സഹസോത്ഥിതാഃ
ദൎശയന്തി ക്ഷിതിം ചൈവ ദക്ഷിണാം ച ദിശം മൃഗാഃ 22

" തദാ	" നിന്തിരുവടിയാൽ
'സീതാ ക്വ?' ഇതി,	'സീത എവിടെയുണ്ട്?' എന്ന്,
പൃഷ്ടാഃ	ചോദിക്കപ്പെട്ടവയായ
ഇമേ മൃഗാഃ ച	ഈ മാനുകളും
സഹസാ ഉത്ഥിതാഃ	ഉടനെ എഴുന്നേററു

ക്ഷിതിം ച	ഭൂമിയേയും
ദക്ഷിണാം	തെക്കെ
ദിശം ഏവ,	ദിക്കിനേയും,
ദൎശയന്തി യഥാ.	ചേഷ്ടകൾകൊണ്ടു കാണിച്ചുതരുന്നപോലെ തോന്നുന്നു.

സാധു ഗച്ഛാവഹേ ദേവ ദിശമേതാം ഹി നൈരൃതീം
യദി സ്യാദാഗമഃ കശ്ചിദാൎയ്യാ വാ സാഽഥ ലക്ഷ്യതേ. 23

" ദേവ !	" ജ്യേഷ്ഠ !
സാധു	തിരുവുള്ളമുണ്ടെന്നാൽ
ഏതാം	ഈ
നൈരൃതീം	തെക്കുപടിഞ്ഞാറെ
ദിശം ഹി	ദിക്കുനോക്കി
ഗച്ഛാവഹേ ;	നാം പോവുക ;
അഥ	അങ്ങിനെ ചെയ്താൽ
സാ ആൎയ്യാ	ആ ജ്യേഷ്ഠത്തി

ലക്ഷ്യതേ യദി ;	ഒരു സമയം കണ്ടെത്തപ്പെട്ടുഎന്നു വരാം ;
വാ	അല്ലെന്നാൽ
കശ്ചിത്	വല്ലതും ഒരു
ആഗമഃ	പുതിയതായ സംഗതി
സ്യാത്.	അറിയപ്പെട്ടുവെന്നും വരാം.

ബാഢമിത്യേവ കാകുത്സ്ഥഃ പ്രസ്ഥിതോ ദക്ഷിണാം ദിശം
ലക്ഷ്മണാനുഗതഃ ശ്രീമാൻ വീക്ഷമാണോ വസുന്ധരാം 24

ശ്രീമാൻ	ശ്രീമാനായ
കാകുത്സ്ഥഃ,	ശ്രീരാഘവൻ,
'ബാഢം' ഇതി ഏവ	'അട്ടേ,' എന്നു പറഞ്ഞ്,
ലക്ഷ്മണാനുഗതഃ,	ലക്ഷ്മണനാൽ അനുഗമിക്കപ്പെട്ടവനായി,

വസുന്ധരാം	ഭൂപ്രദേശത്തെ
വീക്ഷമാണഃ	നോക്കിക്കൊണ്ടുതന്നെ
ദക്ഷിണാം	തെക്കെ
ദിശം	ദിക്കിലേക്കായി
പ്രസ്ഥിതഃ.	നടകൊണ്ടു.

ഏവം സംഭാഷമാണൌ താവന്യോന്യം ഭ്രാതരാവുഭൌ
വസുന്ധരായാം പതിതം പുഷ്പമാൎഗ്ഗമപശ്യതാം. 25

ഏവം	ഇപ്രകാരം
അന്യോന്യം	തമ്മിൽ
സംഭാഷമാണൌ	സംഭാഷണം ചെയ്തുകൊണ്ടിരുന്ന
ഭ്രാതരൌ തൌ ഉഭൌ	ആ രണ്ടുസഹോദരന്മാരും

വസുന്ധരായാം	ഭൂപ്രദേശത്തിൽ
പതിതം പുഷ്പമാൎഗ്ഗം	കൊഴിഞ്ഞുവീണ് വഴിയിൽ കിടന്നിരുന്ന പുഷ്പങ്ങളെ
അപശ്യതാം.	കണ്ടെത്തി.

താം പുഷ്പവൃഷ്ടിം പതിതാം ദൃഷ്ട്വാ രാമോ മഹീതലേ
ഉവാച ലക്ഷ്മണം വീരോ ദുഃഖിതോ ദുഃഖിതം വചഃ. 26

ദുഃഖിതഃ	വ്യാകുലപ്പെട്ടിരുന്ന	ദൃഷ്ട്വാ,	കണ്ടു്,
വീരഃ	ധൈൎയ്യവാനായ	ലക്ഷ്മണം	ലക്ഷ്മണനോടായി
രാമഃ,	ശ്രീരാമൻ,	ദുഃഖിതം	വ്യസനകരമായ
മഹീതലേ	നിലത്തു്	വചഃ	ഇപ്രകാരമുള്ള വാക്യത്തെ
പതിതാം	കൊഴിഞ്ഞുവീണിരുന്ന		
താം പുഷ്പവൃഷ്ടിം	ആ പൂമാരിയെ	ഉവാച.	ഉരചെയ്തു.

അഭിജാനാമി പുഷ്പാണി താനിമാനീഹ ലക്ഷ്മണ
അപിനദ്ധാനി വൈദേഹ്യാ മയാ ദത്താനി കാനനേ. 27

" ലക്ഷ്മണ !	" ലക്ഷ്മണ !	വൈദേഹ്യാ	വൈദേഹിയാൽ
ഇമാനി	ഈ	അപിനദ്ധാനി	ചൂടപ്പെട്ടവയായ
പുഷ്പാണി	പുഷ്പങ്ങൾ	താനി	അവതന്നെയെന്നു്
കാനനേ	കാട്ടിൽ	ഇഹ	ഇപ്പോൾ
മയാ	എന്നാൽ	അഭിജാനാമി.	ഞാൻ വിചാരിക്കുന്നു.
ദത്താനി	കൊടുക്കപ്പെട്ടു്		

മന്യേ സൂൎയ്യശ്ച വായുശ്ച മേദിനീ ച യശസ്വിനീ
അഭിരക്ഷന്തി പുഷ്പാണി പ്രകുൎവ്വാണാ മമ പ്രിയം. 28

" സൂൎയ്യഃ ച	" ആദിത്യനും	പ്രകുൎവ്വാണാ	ചെയ്വാൻ ഇച്ഛിച്ചവയായി
വായുഃ ച	വായുഭഗവാനും		
യശസ്വിനീ	പ്രിയപ്പെട്ട	പുഷ്പാണി	പുഷ്പങ്ങളെ
മേദിനീ ച	ഭൂമിദേവിയും	അഭിരക്ഷന്തി	കേടുവരാതെ സൂക്ഷിച്ചുവരുന്നുണ്ടെന്നു്
മമ	എനിക്കു്		
പ്രിയം	ഹിതമായിത്തന്നെ	മന്യേ."	ഞാൻവിചാരിക്കുന്നു."

[വാട്ടിക്കളയാതെ സൂൎയ്യനും, പറപ്പിച്ചു ദൂരെക്കളയാതെ വായുവും, ധരിക്കുന്നതുകൊണ്ടു് ഭൂമിയും സഹായിക്കുന്നു, എന്നു താല്പൎയ്യം]

ഏവമുക്ത്വാ മഹാബാഹുൎല്ലക്ഷ്മണം പുരുഷൎഷഭം
ഉവാച രാമോ ധൎമ്മാത്മാ ഗിരിം പ്രസ്രവണാകുലം. 29

മഹാബാഹുഃ	മഹാബാഹുവും	ഏവം	ഇപ്രകാരം
ധൎമ്മാത്മാ	ധൎമ്മാത്മാവുമായ	ഉക്ത്വാ,	അരുൾചെയ്തശേഷം,
രാമഃ,	ശ്രീരാമൻ,	പ്രസ്രവണാകുലം	ചോലകൾ നിറഞ്ഞതായ
പുരുഷൎഷഭം	പുരുഷോത്തമനായ	ഗിരിം	പൎവ്വതത്തോടായി
ലക്ഷ്മണം	ലക്ഷ്മണനോടായി	ഉവാച.	ഉരചെയ്തു.

കച്ചിത് ക്ഷിതിഭൃതാം നാഥ ദൃഷ്ടാ സൎവ്വാംഗസുന്ദരീ
രാമാ രമ്യേ വനേ ഹ്യസ്മിൻ മയാ വിരഹിതാ ത്വയാ. 30

"ക്ഷിതിഭൃതാം നാഥ!	"പൎവ്വതശ്രേഷ്ഠ!	സൎവ്വാംഗസുന്ദരീ ഹി	സൎവ്വാംഗസുന്ദരിയായ
അസ്മിൻ	ഈ	രാമാ	സ്ത്രീരത്നം
രമ്യേ വനേ	രമ്യമായ കാട്ടിൽ	ത്വയാ	ഭവാനാൽ
മയാ വിരഹിതാ	എന്നെ പിരിഞ്ഞ	ദൃഷ്ടാ കച്ചിത് ?	കാണപ്പെട്ടുവോ ?

["ഹേ ക്ഷിതിഭൃതാംനാഥ! ത്വയാ വിരഹിതാ സൎവ്വാംഗസുന്ദരീ മയാ ദൃഷ്ടാ കച്ചിത്", ഹേ രാജാവേ അങ്ങയുമായി വിട്ടുപിരിഞ്ഞ സൎവ്വാംഗസുന്ദരി എന്നാൽ കാണപ്പെട്ടു എന്നു ഞാൻ വിചാരിച്ചിരിക്കുന്നു), എന്നുള്ള ഈ ശ്ലോകത്തിന്നുള്ള പ്രത്യുക്തിയും ഇതു തന്നെയാകയാൽ ചിത്രാലങ്കാരമാണെന്നു, (തനി.) താൻ ചോദിച്ചവാക്യംതന്നെ പ്രതിധ്വനിയായി കേൾക്കപ്പെട്ടു എന്നുഗ്രാഹ്യം.]

ക്രുദ്ധോऽബ്രവീദ് ഗിരിം തത്ര സിംഹഃ ക്ഷുദ്രമൃഗം യഥാ 31

തത്ര	ആ സമയം	ക്ഷുദ്രമൃഗം യഥാ	ക്ഷുദ്രമൃഗത്തൊടെന്ന പോലെ,
ക്രുദ്ധഃ	കുപിതനായി	അബ്രവീത്.	ഇങ്ങിനെ അരുളിച്ചെയ്തു.
ഗിരിം,	ആ പൎവ്വതത്തെനോക്കി,		
സിംഹഃ	സിംഹം		

[താൻ ചോദിച്ചതിന്നു മറുപടി പറയാതെ ആ വാക്കിനെത്തന്നെ വീണ്ടും പറഞ്ഞതുകൊണ്ടു് കോപിച്ചു എന്നു ഭാവം.]

താം ഹേമവൎണ്ണാം ഹേമാഭാം സീതാം ദൎശയ പൎവ്വത
യാവത് സൎവ്വാണി സാനൂനി ന തേ വിധ്വംസയാമ്യഹം. 32

"പൎവ്വത!	"പൎവ്വതമേ!	ഹേമവൎണ്ണാം	പൊന്നിൻ നിറം പൂണ്ടവളും
തേ സാനൂനി	ഭവാന്റെ താഴ്വരകളെ		
സൎവ്വാണി	എല്ലാററിനേയും	ഹേമാഭാം	പൊന്നിൻ കാന്തി ചിന്നുന്നവളുമായ
അഹം	ഞാൻ	താം	ആ
ന വിധ്വംസയാമി യാവത്,	പൊടിപെടുക്കാതിരിക്കേണമെങ്കിൽ	സീതാം	സീതയെ
		ദൎശയ.	കാണിച്ചുതരിക.

ഏവമുക്തസ്തു രാമേണ പൎവ്വതോ മൈഥിലീം പ്രതി
ശംസന്നിവ തതഃ സീതാം നാദൎശയത രാഘവേ. 33

രാമേണ	ശ്രീരാമനാൽ	ശംസൻ ഇവ;	ചോദ്യത്തെത്തന്നെ പിന്നെയും പറഞ്ഞു് പരിഹസിക്കുന്നപോലെയാണിരുന്നതു്;
മൈഥിലീം പ്രതി	സീതാദേവിയെക്കുറിച്ചു്	തതഃ	അതിൽപിന്നെ
ഏവം	ഇപ്രകാരം	രാഘവേ	ശ്രീരാഘവന്നു്
ഉക്തഃ	ചോദിക്കപ്പെട്ടതായ	സീതാം തു	സീതയെപ്പററി
പൎവ്വതഃ,	പൎവ്വതം,	അദൎശയത ന.	ഒന്നും പറഞ്ഞുകൊടുത്തില്ല.

[ചോദ്യത്തിന്നെല്ലാം പ്രതിധ്വനിമാത്രമെ ഉണ്ടായിരുന്നുള്ളു എന്നു് താല്പൎയ്യം.]

തതോ ദാശരഥീ രാമ ഉവാച ച ശിലോച്ചയം. 34

തതഃ	അപ്പോൾ	ശിലോച്ചയം	പൎവ്വതത്തോടായി
ദാശരഥിഃ	ദാശരഥിയായ		
രാമഃ	ശ്രീരാമൻ	ഉവാച ച.	ഇപ്രകാരവും ഉരചെയ്തു.

മമ ബാണാഗ്നിനിൎദ്ദഗ്ദ്ധോ ഭസ്മീഭൂതോ ഭവിഷ്യസി
അസേവ്യഃ സന്തതം ചൈവ നിസ്തൃണദ്രുമപല്ലവഃ. 35

"മമ	"എന്റെ	സന്തതം	എന്നും
ബാണാഗ്നി-നിൎദ്ദഗ്ദ്ധഃ	ബാണാഗ്നികൊണ്ടു ദഹിപ്പിക്കപ്പെട്ടു	അസേവ്യഃ ഏവ	ആരാലും തിരിഞ്ഞുനോക്കപ്പെടാത്തതായി,
നിസ്തൃണ-ദ്രുമപല്ലവഃ ച	പുല്ലും, മരങ്ങളും, തളിരും എല്ലാമില്ലാതായി	ഭസ്മീഭൂതഃ	വെണ്ണീറായി
		ഭവിഷ്യസി.	അങ്ങു തീരുന്നതാണു.

ഇമാം വാ സരിതം ചാദ്യ ശോഷയിഷ്യാമി ലക്ഷ്മണ
യദി നാഖ്യാതി മേ സീതാമദ്യ ചന്ദ്രനിഭാനനാം. 36

"ലക്ഷ്മണ!	"ലക്ഷ്മണ!	അദ്യ ച	ഇപ്പോൾതന്നെ
അദ്യ	ഇപ്പോൾ	ഇമാം	ഈ
ചന്ദ്രനിഭാനനാം	മതിമുഖിയാളായ	സരിതം വാ	നദിയേയും
സീതാം	സീതയെപ്പററി		
മേ ആഖ്യാതി ന യദി,	എന്നോടു ഒന്നുമറിയിക്കാതിരിക്കുന്നപക്ഷം,	ശോഷ-യിഷ്യാമി."	ഞാൻ വററിച്ചുകളയുന്നുണ്ടു."

ഏവം സരുഷിതോ രാമോ ദിധക്ഷന്നിവ ചക്ഷുഷാ
ദദൎശ ഭൂമൌ നിഷ്ക്രാന്തം രാക്ഷസസ്യ പദം മഹത് 37
ത്രസ്തായാ രാമകാംക്ഷിണ്യാഃ പ്രധാവന്ത്യാ ഇതസ്തതഃ
രാക്ഷസേനാഭിതപ്തായാ മൈഥില്യാശ്ച പദാന്യഥ. 38

ഏവം	ഇപ്രകാരം	ത്രസ്തായാഃ,	പേടിച്ചുഴന്നു,
രുഷിതഃ	ക്രുദ്ധിച്ചിരുന്നവനായ	രാക്ഷസേന	രാക്ഷസനാൽ
സഃ രാമഃ,	ആ രഘുനായകൻ,	അഭിതപ്തായാഃ,	മിരട്ടപ്പെട്ടു,
ഭൂമൌ	നിലത്തിൽ	ഇതസ്തതഃ	അങ്ങുമിങ്ങും
നിഷ്ക്രാന്തം	പതിഞ്ഞിരുന്നതായ	പ്രധാവന്ത്യാഃ	ഓടിക്കൊണ്ടിരുന്നവ
രാക്ഷസസ്യ	രാക്ഷസന്റെ	മൈഥില്യാഃ	സീതാദേവിയുടെ[ളായ
മഹത് പദം,	വലുതായ കാലടിയും,	പദാനി ച,	അടിവെപ്പുകളേയും,
അഥ	അപ്രകാരംതന്നെ	ചക്ഷുഷാ	കണ്ണുകൊണ്ടു
രാമ-കാംക്ഷിണ്യാഃ	ശ്രീരാമന്റെ അരികത്തേക്കു ഓടിയെത്തുവാൻ യത്നിച്ചു	ദിധക്ഷൻ ഇവ	ദഹിപ്പിക്കുന്നവനെന്നപോലെയായി
		ദദൎശ.	കണ്ടു.

സ സമീക്ഷ്യ പരിക്രാന്തം സീതായാ രാക്ഷസസ്യ ച
ഭഗ്നം ധനുശ്ച തൂണീ ച വികീർണ്ണം ബഹുധാ രഥം.
സംഭ്രാന്തഹൃദയോ രാമഃ ശശംസ ഭ്രാതരം പ്രതി. 39

സഃ രാമഃ	ആ രഘുവരൻ	ബഹുധാ	തവിടുപൊടിയായി
രാക്ഷസസ്യ	രാക്ഷസന്റെയും	വികീർണ്ണം	ചിതറിക്കിടന്നിരുന്ന
സീതായാഃ ച	സീതാദേവിയുടേയും	രഥം സമീക്ഷ്യ	രഥത്തേയും കണ്ട്
പരിക്രാന്തം,	കാലടിച്ചുവടിനേയും,	സംഭ്രാന്തഹൃദയഃ	ചിത്തം പതറിയവനായി
ഭഗ്നം	മുറിഞ്ഞുകിടന്നിരുന്ന		
ധനുഃ ച	വില്ലിനേയും	ഭ്രാതരം പ്രതി	അനുജനോടായിക്കൊണ്ട്
തൂണീ ച	രണ്ടു ആവനാഴികളേയും	ശശംസ.	കാണിച്ചുകൊടുത്തു.

പശ്യ ലക്ഷ്മണ വൈദേഹ്യാഃ ശീർണ്ണാഃ കനകബിന്ദവഃ
ഭൂഷണാനാം ഹി സൌമിത്രേ മാല്യാനി വിവിധാനി ച 40

" ലക്ഷ്മണ !	" ലക്ഷ്മണ !	ശീർണ്ണാഃ ഹി ;	ചിതറിക്കിടക്കുന്നു ;
പശ്യ ;	ഇതാ നോക്കൂ !	സൌമിത്രേ !	ലക്ഷ്മണ !
വൈദേഹ്യാഃ	വൈദേഹിയുടെ	വിവിധാനി	പല
ഭൂഷണാനാം	ആഭരണങ്ങളുടെ	മാല്യാനി ച.	പുഷ്പങ്ങളും ചിതറിക്കിടക്കുന്നു.
കനകബിന്ദവഃ	പൊന്നലുക്കുകൾ		

തപ്തബിന്ദുനികാശൈശ്ച ചിത്രൈഃ ക്ഷതജബിന്ദുഭിഃ
ആവൃതം പശ്യ സൌമിത്രേ സർവ്വതോ ധരണീതലം. 41

" സൌമിത്രേ !	" ലക്ഷ്മണ !	തപ്തബിന്ദു- നികാശൈഃ	പൊൻതുണ്ടുകളെന്ന പോലെയുള്ള
പശ്യ ച ;	ഇതും നോക്കൂ !	ചിത്രൈഃ	സുവ്യക്തമായ
ധരണീതലം	നിലം	ക്ഷതജബിന്ദുഭിഃ	ചോരത്തുള്ളികളാൽ
സർവ്വതഃ	എങ്ങും,	ആവൃതം.	നിറയപ്പെട്ടിരിക്കുന്നു.

മന്യേ ലക്ഷ്മണ വൈദേഹീ രാക്ഷസൈഃ കാമരൂപിഭിഃ
ഭിത്വാ ഭിത്വാ വിഭക്താ വാ ഭക്ഷിതാ വാ ഭവിഷ്യതി. 42

" ലക്ഷ്മണ !	" ലക്ഷ്മണ !	വിഭക്താ	ഖണ്ഡിച്ച്
കാമരൂപിഭിഃ	കാമരൂപികളായ	ഭക്ഷിതാ വാ	തിന്നപ്പെട്ടവളായി
രാക്ഷസൈഃ	രാക്ഷസന്മാരാൽ	ഭവിഷ്യതി വാ	ഇരിക്കുമോ, എന്ന്
വൈദേഹീ,	ജാനകി,	മന്യേ.	ഞാൻ ഭയപ്പെടുന്നു.
ഭിത്വാ ഭിത്വാ	തുണ്ടുതുണ്ടായി		

തസ്യാ നിമിത്തം വൈദേഹ്യാ ദ്വയോർവ്വിവദമാനയോഃ
ബഭൂവ യുദ്ധം സൌമിത്രേ ഘോരം രാക്ഷസയോരിഹ. 43

" സൌമിത്രേ !	" ലക്ഷ്മണ !	ദ്വയോഃ രാക്ഷസയോഃ	രണ്ടു രാക്ഷസന്മാർ തമ്മിൽ
തസ്യാഃ വൈദേഹ്യാഃ നിമിത്തം	ആ ജാനകിക്കുവേണ്ടി	ഇഹ	ഇവിടെ വെച്ച്
		ഘോരം യുദ്ധം	ഘോരമായ യുദ്ധം
വിവദമാനയോഃ	തർക്കിക്കുന്ന	ബഭൂവ.	ഉണ്ടായിട്ടുണ്ട്.

മുക്താമണിചിതം ചേദം തപനീയവിഭൂഷിതം
ധരണ്യാം പതിതം സൌമ്യ കസ്യ ഭഗ്നം മഹദ്ധനുഃ. 44

"സൌമ്യ!	"വത്സ!	ധരണ്യാം	ഭൂമിയിൽ
മുക്താമണി-ചിതം	മുത്തും രത്നവും പതിച്ചതും	ഭഗ്നം	മുറിഞ്ഞ്
		പതിതം	വീണുകിടക്കുന്നതുമായ
തപനീയ-വിഭൂഷിതം	തങ്കത്താലലങ്കരിക്കപ്പെട്ടതും	ഇദം	ഈ
		മഹത് ധനുഃ	വൻവില്ല്
കാഞ്ചനം	സ്വർണ്ണനിർമ്മിതവും	കസ്യ ച?	ആരുടേതായിരിക്കാം?

തരുണാദിത്യസങ്കാശം വൈഡൂര്യഗുളികാചിതം
വിശീർണ്ണം പതിതം ഭൂമൌ കവചം കസ്യ കാഞ്ചനം. 45

തരുണാദിത്യ-സങ്കാശം	ബാലസൂര്യസദൃശവും	ഭൂമൌ	നിലത്ത്
		വിശീർണ്ണം	ചിതറി
വൈഡൂര്യ-ഗുളികാചിതം	വൈഡൂര്യമൊട്ടുകൾ വെക്കപ്പെട്ടതും	പതിതം	വീണുകിടക്കുന്നതും
		കവചം	കവചം [ആയ
കാഞ്ചനം,	സ്വർണ്ണമയവും,	കസ്യ?	ആരുടേതാ?

ഛത്രം ശതശലാകഞ്ച ദിവ്യമാല്യോപശോഭിതം
ഭഗ്നദണ്ഡമിദം കസ്യ ഭൂമൌ സൌമ്യ നിപാതിതം. 46

"സൌമ്യ!	"സോദര!	ഭഗ്നദണ്ഡം	കാമ്പുമുറിഞ്ഞ്
ശതശലാകം	വളരെ കമ്പികളുള്ളതും	ഭൂമൌ നിപാതിതം	നിലത്തുവീഴ്ത്തപ്പെട്ടതും ആയ
ദിവ്യമാല്യോ-പശോഭിതം	ദിവ്യങ്ങളായ കുസുമങ്ങളാൽ അലങ്കരിക്കപ്പെട്ടതും	ഇദം ഛത്രം ച	ഈ കുടയും
		കസ്യ?	ആരുടെതായിരിക്കും?

കാഞ്ചനോരശ്ഛദാശ്ചേമേ പിശാചവദനാഃ ഖരാഃ
ഭീമരൂപാ മഹാകായാഃ കസ്യ വാ നിഹതാ രണേ. 47

"കാഞ്ചനോ-രശ്ഛദാഃ	"പൊൻകവചങ്ങളാർന്നവയും	ഭീമരൂപാഃ	ഭയങ്കര വടിവാർന്നവയും
		രണേ	പോരിൽ
പിശാചവദനാഃ	പിശാചിൻ മുഖമുള്ളവയും	നിഹതാഃ ച	കൊല്ലപ്പെട്ടവയും ആയ
		ഇമേ	ഈ
മഹാകായാഃ	പെരുത്തദേഹമുള്ളവയും	ഖരാഃ	കോവർ കഴുതകൾ
		കസ്യ വാ?	ആരുടേതു തന്നെ?

ദീപ്തപാവകസങ്കാശോ ദ്യുതിമാൻ സമരധ്വജഃ
അപവിദ്ധശ്ച ഭഗ്നശ്ച കസ്യ സാംഗ്രാമികോ രഥഃ 48

"ദീപ്തപാവക-സങ്കാശഃ	"ആളുന്ന തീയ്യൊത്തതായി	അപവിദ്ധഃ	മറിഞ്ഞു കിടക്കുന്നതും
ദ്യുതിമാൻ	പ്രകാശമാനമായ	സാംഗ്രാമികഃ	പോരിന്നുള്ളതും ആയ
ഭഗ്നഃ,	മുറിഞ്ഞുകിടക്കുന്ന,	രഥഃ ച	തേരും
സമരധ്വജഃ	പടക്കൊടിമരവും,	കസ്യ ച?	ആരുടെതുതന്നെ?

രഥാക്ഷമാത്രാവിശിഖാസ്തപനീയവിഭൂഷണാഃ
കസ്യേമേഽഭിഹതാ ബാണാഃ പ്രകീർണ്ണാ ഘോരകർമ്മണഃ 49

"അഭിഹതാഃ	"എയ്യപ്പെട്ടവയും	പ്രകീർണ്ണാഃ	എങ്ങും ചിതറിക്കിടക്കുന്നവയും ആയ
വിശിഖാഃ	മുനയൊടിഞ്ഞവയും	ഇമേ	ഈ
രഥാക്ഷമാത്രാഃ	തേരച്ചിനോളം പോന്നവയും	ബാണാഃ	ശരങ്ങൾ
തപനീയ-വിഭൂഷണാഃ	പൊൻകൊണ്ടലങ്കരിക്കപ്പെട്ടവയും	കസ്യ	ഏതൊരു
		ഘോരകർമ്മണഃ?	ദുഷ്ടന്റെതാണ്?

ശരാവരൌ ശരൈഃ പൂർണ്ണൌ വിധ്വസ്തൌ പശ്യ ലക്ഷ്മണ
പ്രതോദാഭീഷുഹസ്തോ വൈ കസ്യായം സാരഥിർഹതഃ 50

"ലക്ഷ്മണ!	"ലക്ഷ്മണ!	പ്രതോദാഭീഷുഹസ്തഃ	ചമ്മട്ടിയും കടിവാളവും കയ്യിൽ പിടിച്ചവനായി
ശരൈഃ	ബാണങ്ങളാൽ	ഹതഃ	ചത്തുകിടക്കുന്ന
പൂർണ്ണൌ	നിറയപ്പെട്ടവയും,	അയം സാരഥിഃ	ഈ സാരഥി
വിധ്വസ്തൌ	തകർക്കപ്പെട്ടവയും ആയ	കസ്യ വൈ?	ആരെച്ചേർന്നവനാണോ?
ശരാവരൌ	രണ്ടു തൂണീരങ്ങളെ		
പശ്യ;	നോക്കുക;		

കസ്യേമൌ പുരുഷവ്യാഘ്രൌ ശയാതേ നിഹതൌ യുധി
ചാമരഗ്രാഹിണൌ സൌമ്യ സോഷ്ണീഷമണികുണ്ഡലൌ. 51

"സൌമ്യ!	"വത്സ!	യുധി	പോരിൽ
പുരുഷവ്യാഘ്രൌ!	പുരുഷശ്രേഷ്ഠ!	നിഹതൌ	വധിക്കപ്പെട്ടവരും ആയ രണ്ടുപേർ
ചാമരഗ്രാഹിണൌ	വെഞ്ചാമരം പിടിച്ചുകൊണ്ടിരിക്കുന്നവരും	ശയാതേ;	കിടക്കുന്നു;
സോഷ്ണീഷമണികുണ്ഡലൌ	തലക്കെട്ടും രത്നകുണ്ഡലങ്ങളും അണിഞ്ഞവരും	ഇമൌ	ഇവർ രണ്ടുപേരും
		കസ്യ?	ആർക്കുചേർന്നവരാണ്?

പദവീ പുരുഷസ്യൈഷാ വ്യക്തം കസ്യാപി രക്ഷസഃ
വൈരം ശതഗുണം പശ്യ മമേദം ജീവിതാന്തകം. 52

"കസ്യ അപി	"ആരോ ഒരു	വൈരം	പകവീട്ടൽ
രക്ഷസഃ പുരുഷസ്യ	രാക്ഷസന്റെ	ശതഗുണം	അതിരുകവിഞ്ഞതായി,
പദവീ	പ്രവൃത്തിയാകുന്നു	മമ	എനിക്ക്
ഏഷാ വ്യക്തം;	ഇതെന്ന് പ്രത്യക്ഷമാകുന്നു!	ജീവിതാന്തകം	ജീവനാശത്തെത്തന്നെ വരുത്തത്തക്കതായി
ഇദം	ഈ	പശ്യ.	അറിഞ്ഞാലും.

സാ ഘോരഹൃദയൈഃ സൌമ്യ രാക്ഷസൈഃ കാമരൂപിഭിഃ
ഹൃതാ മൃതാ വാ സീതാഽപി ഭക്ഷിതാ വാ തപസ്വിനീ. 53

"സൌമ്യ!	"ഉണ്ണീ!	രാക്ഷസൈഃ	രാക്ഷസന്മാരാൽ
സാ തപസ്വിനീ	ആ പതിവ്രതാരത്നമായ		
സീതാ അപി	സീതയും	ഹൃതാ ?	അപഹരിക്കപ്പെട്ടുവോ?
കാമരൂപിഭിഃ	കാമരൂപികളും	മൃതാ വാ?	കൊന്നുകളയപ്പെട്ടുവോ?
ഘോര-ഹൃദയൈഃ	കഠിനഹൃദയന്മാരും ആയ	ഭക്ഷിതാ വാ ?	മിഴുങ്ങപ്പെട്ടുവോ ?

ന ധൎമ്മസ്ത്രായതേ സീതാം ഹ്രിയമാണാം മഹാവനേ. 54

"മഹാവനേ	"വൻകാട്ടിൽ	സീതാം	സീതയെ
ഹ്രിയമാണാം	അപഹരിച്ചുകൊണ്ടു പോകപ്പെടുന്ന	ധൎമ്മഃ	പാതിവ്രത്യം
		ത്രായതേ ന!	രക്ഷിക്കാതിരിക്കുന്നുവല്ലോ!

ഭക്ഷിതായാം ഹി വൈദേഹ്യാം ഹൃതായാമപി ലക്ഷ്മണ
കേ ഹി ലോകേഽപ്രിയം കൎത്തും ശക്താഃ സൌമ്യ മമേശ്വരാഃ 55

"സൌമ്യ!	"ഉണ്ണീ!	ലോകേ	ലോകത്തിൽ
ലക്ഷ്മണ!	ലക്ഷ്മണ!	മമ ഹി	എനിക്കുതന്നെ
വൈദേഹ്യാം	ജാനകി	അപ്രിയം കൎത്തും	അഹിതത്തെ വിളയിപ്പാൻ
ഭക്ഷിതായാം ഹി	ഭക്ഷിക്കപ്പെട്ടുവെന്നാലും	ശക്താഃ	തുനിഞ്ഞവരായി
ഹൃതായാം അപി,	കട്ടുകൊണ്ടു പോകപ്പെട്ടുവെന്നാലും,	ഈശ്വരാഃ	അതിന്നുകഴിവുള്ളവർ
		കേ?	ആരുണ്ട്?

കൎത്താരമപി ലോകാനാം ശൂരം കരുണവേദിനം
അജ്ഞാനാദവമന്യേരൻ സൎവ്വഭൂതാനി ലക്ഷ്മണ. 56

"ലക്ഷ്മണ!	"ലക്ഷ്മണ!	കരുണ-വേദിനം	കരുണയോടുകൂടി എല്ലാററിനേയും ക്ഷമിക്കുന്നവനായ ഒരുവനെ
സൎവ്വഭൂതാനി	പ്രാണികളെല്ലാം		
ശൂരം അപി	സൎവ്വത്തിന്നും ശക്തനായ		
ലോകാനാം കൎത്താരം	സൎവ്വഭൌമനെന്നിരുന്നാലും	അജ്ഞാനാത്	ബുദ്ധിശൂന്യതകൊണ്ട്
		അവമന്യേരൻ.	അവമാനിക്കുന്നു.

["എന്തും ചെയ്വാൻ ശക്തിയുള്ളവനായ സാൎവ്വഭൌമനായിരുന്നാലും എല്ലാററിനെയും ക്ഷമിച്ചുകൊണ്ടിരിക്കുന്ന ഒരുവനെ ആരും കൂട്ടാക്കുകയില്ല" എന്നു ഭാവം. "താൻ ലോകകൎത്താവാണെന്നുള്ളതിനെ ലോകം അജ്ഞാനം കൊണ്ട് അറിയാതിരിക്കുന്നു; അതിനാലാണ് ഇങ്ങിനെ അപരാധം ചെയ്യുന്നത്." എന്നും വ്യംഗ്യം.]

മൃദും ലോകഹിതേ യുക്തം ദാന്തം കരുണവേദിനം
നിർവ്വീര്യ ഇതി മന്യന്തേ നൂനം മാം ത്രിദശേശ്വരാഃ. 57

"ത്രിദശേ-ശ്വരാഃ,	"ദേവോത്തമന്മാർ,	കരുണ-വേദിനം	ദാക്ഷിണ്യംകൊണ്ട് എന്തിനേയും സഹിക്കുന്നവനായ
ലോകഹിതേ	ലോകത്തിന്നു നന്മചെയ്യുന്നതിൽ	മാം,	എന്നെ,
യുക്തം	ഏർപ്പെട്ടവനായി	നിർവ്വീര്യഃ	ഒന്നിനും കൊള്ളാത്ത[വൻ
ദാന്തം	ക്ലേശത്തെ കൂട്ടാക്കാത്തവനായി	ഇതി	എന്ന്
മൃദും	ദയയോടുകൂടിയവനായി	മന്യന്തേ നൂനം.	വിചാരിക്കുന്നുണ്ടെന്നു തീർച്ചതന്നെ.

[ഇപ്രകാരം എനിക്ക് അപകൃതി ചെയ്തവരെ ശിക്ഷിക്കാതെ, ക്ഷമിച്ചിരിക്കുന്നവനായ എന്നെ ദേവന്മാർ അപ്രകാരമുള്ള രാക്ഷസന്മാരോടു പകരംചോദിപ്പാൻ അശക്തനാണെന്നു ശങ്കിച്ചേക്കും, എന്നു ഭാവം.]

മാം പ്രാപ്യ ഹി ഗുണോ ദോഷഃ സംവൃത്തഃ പശ്യ ലക്ഷ്മണ
അദ്യൈവ സർവ്വഭൂതാനാം രക്ഷസാമഭവായ ച. 58

"ലക്ഷ്മണ!	"ലക്ഷ്മണ!	അഭവായ ച,	നാശത്തിന്നായിട്ടുതന്നെ,
ഗുണഃ	കാരുണ്യമെന്ന ഗുണം	അദ്യ	ഇപ്പോൾ
മാം പ്രാപ്യ,	എന്നെ പ്രാപിച്ച്,	ദോഷഃ ഹി	ദോഷമായി
സർവ്വഭൂതാനാം	എല്ലാപ്രാണികളുടേയും	സംവൃത്തഃ	കലാശിച്ചിരിക്കുന്നു,
രക്ഷസാം ഏവ	രാക്ഷസന്മാരുടേയും	പശ്യ.	നോക്കുക.

സംഹൃത്യൈവ ശശിജ്യോത്സ്നാം മഹാൻ സൂര്യ ഇവോദിതഃ
സംഹൃത്യൈവ ഗുണാൻ സർവ്വാൻ മമ തേജഃ പ്രകാശതേ. 59

"ശശി-ജ്യോത്സ്നാം	"നിലാവിനെ	സർവ്വാൻ ഏവ	എല്ലാററിനേയും തന്നെ
സംഹൃത്യ,	ഇല്ലാതാക്കി	സംഹൃത്യ,	ഇല്ലാതാക്കി,
മഹാൻ	പ്രകാശത്തോടുകൂടി	മമ തേജഃ ഏവ	കുററത്തെ ക്ഷമിക്കാത്തതായ എന്റെ വീര്യംതന്നെയാണ്
ഉദിതഃ	ഉദിച്ചതായ	പ്രകാശതേ.	ഇപ്പോൾ മുന്നിട്ടു നില്ക്കുന്നത്.
സൂര്യഃ ഇവ,	സൂര്യൻ എന്നപോലെ,		
ഗുണാൻ	ദാക്ഷിണ്യം മുതലായ ഗുണങ്ങളെ		

നൈവ യക്ഷാ ന ഗന്ധർവ്വാ ന പിശാചാ ന രാക്ഷസാഃ
കിന്നരാ വാ മനുഷ്യാ വാ സുഖം പ്രാപ്സ്യന്തി ലക്ഷ്മണ. 60

"ലക്ഷ്മണ!	"ലക്ഷ്മണ!	പിശാചാഃ ന;	പിശാചന്മാരും ഇല്ല;
യക്ഷാഃ	യക്ഷന്മാർ	രാക്ഷസാഃ വാ,	രാക്ഷസന്മാരും
സുഖം	ആപത്തില്ലാത്ത സുഖജീവിതത്തെ	കിന്നരാഃ വാ,	കിന്നരന്മാരും
പ്രാപ്സ്യന്തി ന;	പ്രാപിക്കുകയില്ല;	മനുഷ്യാഃ ഏവ ന.	മനുഷ്യരും പ്രാപിക്കയില്ല.
ഗന്ധർവ്വാഃ ന;	ഗന്ധർവ്വന്മാരും ഇല്ല;		

മമാസ്ത്രബാണസമ്പൂർണ്ണമാകാശം പശ്യ ലക്ഷ്മണ
നിസ്സമ്പാതം കരിഷ്യാമി ഹ്യദ്യ ത്രൈലോക്യചാരിണാം. 61

"ലക്ഷ്മണ!	"ലക്ഷ്മണ!
ആകാശം	ആകാശത്തെ
മമ	എന്റെ
അസ്ത്രബാണസമ്പൂർണ്ണം	അസ്ത്രങ്ങൾകൊണ്ടും ബാണങ്ങൾകൊണ്ടും നിറയപ്പെട്ടതായി,
പശ്യ;	കണ്ടുകൊൾക;
അദ്യ ഹി	ഇക്ഷണംതന്നെ
ത്രൈലോക്യചാരിണാം	ത്രൈലോക്യവാസികൾക്കും
നിസ്സമ്പാതം	ഇരിക്കപ്പൊറുതിയില്ലാതെ
കരിഷ്യാമി.	ഞാൻ ആക്കിക്കളയുന്നുണ്ട്.

സന്നിരുദ്ധഗ്രഹഗണമാവാരിതനിശാകരം
വിപ്രനഷ്ടാനലമരുദ്ഭാസ്കരദ്യുതിസംവൃതം. 62
വിനിർമ്മഥിതശൈലാഗ്രം ശുഷ്യമാണജലാശയം
ധ്വസ്തദ്രുമലതാഗുല്മം വിപ്രണാശിതസാഗരം
ത്രൈലോക്യം തു കരിഷ്യാമി സംയുക്തം കാലകർമ്മണാ. 63

"ത്രൈലോക്യം തു	"മൂന്നു ലോകത്തെത്തന്നേയും,
സന്നിരുദ്ധഗ്രഹഗണം	നവഗ്രഹങ്ങളെ തടഞ്ഞുനിർത്തപ്പെട്ടതായും,
ആവാരിതനിശാകരം	തടയപ്പെട്ട ചന്ദ്രനോടുകൂടിയതായും,
വിപ്രനഷ്ടാനലമരുത്	തീയ്യും കാററും നശിച്ചതായും,
ഭാസ്കരദ്യുതിസംവൃതം	സൂര്യകാന്തിയററതായും,
വിനിർമ്മഥിതശൈലാഗ്രം	പർവ്വതശിഖരങ്ങൾ പൊടിപെടുത്തപ്പെട്ടതായും,
ശുഷ്യമാണജലാശയം	ജലാശയങ്ങളെല്ലാം വററിക്കിടക്കുന്നവയായും
ധ്വസ്തദ്രുമലതാഗുല്മം	വൃക്ഷങ്ങളും ലതകളും പടപ്പുകളും നശിപ്പിക്കപ്പെട്ടവയായും
വിപ്രണാശിതസാഗരം	സമുദ്രങ്ങൾതന്നെ ഇല്ലാതാക്കപ്പെട്ടതായും
കാലകർമ്മണാ	സംഹാരമൂർത്തിയുടെ കൃത്യത്തെ കയ്യേറ്റുകൊണ്ട്
സംയുക്തം	ഇപ്രകാരമെല്ലാമാക്കപ്പെട്ടതായി
കരിഷ്യാമി.	ചെയ്യുന്നുണ്ട്.

ന താം കുശലിനീം സീതാം പ്രദാസ്യന്തി മമേശ്വരാഃ
അസ്മിൻ മുഹൂർത്തേ സൌമിത്രേ മമ ദ്രക്ഷ്യന്തി വിക്രമം. 64

"ഈശ്വരാഃ	"ദേവന്മാർ
താം സീതാം	ആ സീതയെ
കുശലിനീം	ഒരു കേടുമില്ലാതെ
മമ	എനിക്ക്
പ്രദാസ്യന്തി ന;	തരികയില്ല;
സൌമിത്രേ!	ലക്ഷ്മണ!
അസ്മിൻ മുഹൂർത്തേ	ഈ ക്ഷണത്തിൽതന്നെ
മമ വിക്രമം	എന്റെ പരാക്രമത്തെ
ദ്രക്ഷ്യന്തി.	കാണ്മാൻ പോകുന്നു.

നാകാശമുത്പതിഷ്യന്തി സർവ്വഭൂതാനി ലക്ഷ്മണ
മമ ചാപഗുണോന്മുക്തൈർബാണജാലൈർന്നിരന്തരം. 65

"ലക്ഷ്മണ!	"ലക്ഷ്മണ!
മമ	എന്റെ
ചാപഗുണോന്മുക്തൈഃ	വില്ലിന്റെ ഞാണിൽ നിന്ന് എയ്യപ്പെട്ട
ബാണജാലൈഃ	ശരനിരകളാൽ
നിരന്തരം	ഇടതൂർന്നതായ
ആകാശം,	ആകാശത്തിൽ,
സർവ്വഭൂതാനി	പ്രാണികൾ യാതൊരു
ഉത്പതിഷ്യന്തി ന.	പറക്കുകയില്ല. [വയും

അർദ്ദിതം മമ നാരാചൈർധ്വസ്തഭ്രാന്തമൃഗദ്വിജം
സമാകുലമമര്യാദം ജഗത് പശ്യാദ്യലക്ഷ്മണ. 66

"ആര്യ!	"ഗുണശാലിയായ
ലക്ഷ്മണ!	ലക്ഷ്മണ!
ജഗത്	ലോകം,
മമ നാരാചൈഃ	എന്റെ നാരാചബാണങ്ങളാൽ
അർദ്ദിതം,	പീഡിക്കപ്പെട്ട്,
ധ്വസ്തഭ്രാന്തമൃഗദ്വിജം	മൃഗങ്ങളും പക്ഷികളും മയങ്ങി ഭൂമിയിൽ വീണതായും
സമാകുലം	തലകീഴായി മറിഞ്ഞ്
അമര്യാദം	നിലയില്ലാതിരിക്കുന്ന
പശ്യ.	കണ്ടുകൊൾക. [തായും

ആകർണ്ണപൂർണ്ണൈരിഷുഭിർജ്ജീവലോകം ദുരാവരൈഃ
കരിഷ്യേ മൈഥിലീഹേതോരപിശാചമരാക്ഷസം. 67

"മൈഥിലീഹേതോഃ,	"സീതകാരണമായി,
ആകർണ്ണപൂർണ്ണൈഃ	കാതോളം വലിച്ചുവിടപ്പെട്ടവയും
ദുരാവരൈഃ	താങ്ങുവാൻ കഴിയാത്തവയും ആയ
ഇഷുഭിഃ	ബാണങ്ങളെക്കൊണ്ട്
ജീവലോകം	മനുഷ്യലോകത്തെ
അപിശാചം	പരദ്രോഹം ചെയ്യുന്നവരെ ഒടുക്കിയതായും
അരാക്ഷസം	രാക്ഷസരെ നാമാവശേഷമാക്കിയതായും
കരിഷ്യേ.	ഞാൻ ചെയ്യുന്നുണ്ട്.

മമ രോഷപ്രയുക്താനാം സായകാനാം ബലം സുരാഃ
ദ്രക്ഷ്യന്ത്യദ്യ വിമുക്താനാമതിദൂരാതിഗാമിനാം. 68

"സുരാഃ	"ദേവന്മാർ,
അദ്യ	ഇപ്പോൾ
രോഷപ്രയുക്താനാം	കോപാവേശംകൊണ്ട്
അതിദൂരാതിഗാമിനാം	വളരെദൂരം അതിവേഗത്തിൽ ഗമിക്കുന്നവയായി
വിമുക്താനാം	എയ്യപ്പെട്ടവയായ
മമ	എന്റെ
സായകാനാം ബലം	ബാണങ്ങളുടെ ഊക്ക്
ദ്രക്ഷ്യന്തി.	കാണാറാകും.

നൈവ ദേവാ ന ദൈതേയാ ന പിശാചാ ന രാക്ഷസാഃ
ഭവിഷ്യന്തി മമ ക്രോധാത് ത്രൈലോക്യേ വിപ്രണാശിതേ. 69

“മമ — “എന്റെ
ക്രോധാത് — കോപത്താൽ
ത്രൈലോക്യേ — മൂന്നുലോകവും
വിപ്രണാശിതേ, — നശിച്ചതിൽപിന്നെ
ദേവാഃ — ദേവന്മാർ
ന ഭവിഷ്യന്തി; — ഉണ്ടാകയില്ല;
ദൈതേയാഃ ന; — അസുരന്മാരുമില്ല;
പിശാചാഃ ന; — പിശാചന്മാരുമില്ല;
രാക്ഷസാഃ ഏവ ന. — രാക്ഷസരുമുണ്ടാകയില്ല.

ദേവദാനവയക്ഷാണാം ലോകാ യേ രക്ഷസാമപി
ബഹുധാ ന ഭവിഷ്യന്തി ബാണൌഘൈഃ ശകലീകൃതാഃ. 70

“ദേവദാനവയക്ഷാണാം — “ദേവന്മാരുടെയും അസുരന്മാരുടെയും യക്ഷന്മാരുടെയും
രക്ഷസാം അപി — രാക്ഷസരുടെയും
ലോകാഃ — ലോകങ്ങൾ
യേ — ഏവയൊ അവയെല്ലാം
ബാണൌഘൈഃ — ബാണതതികൾകൊണ്ടു്
ബഹുധാ — പലവാറായി
ശകലീകൃതാഃ — ധൂളിയാക്കപ്പെട്ടവയായി
ന ഭവിഷ്യന്തി. — എങ്ങും കാണപ്പെടുകതന്നെയുണ്ടാകയില്ല.

നിൎമ്മൎയ്യാദാനിമാൻ ലോകാൻ കരിഷ്യാമ്യദ്യ സായകൈഃ
ഹൃതാം മൃതാം വാ സൌമിത്രേ ന ദാസ്യന്തി മമേശ്വരാഃ. 71

“സൌമിത്രേ! — “ലക്ഷ്മണ!
ഹൃതാം — കട്ടുകൊണ്ടുപോകപ്പെട്ടവളായൊ
മൃതാം വാ — കൊല്ലപ്പെട്ടവളായൊ
ഈശ്വരാഃ — ദേവന്മാർ
മമ ദാസ്യന്തി ന; — എന്നോടു് അറിയിക്കയില്ല;
അദ്യ — ഇപ്പോൾതന്നെ
സായകൈഃ — ബാണങ്ങളാൽ
ഇമാൻ ലോകാൻ — ഈ ലോകങ്ങളെ
നിൎമ്മൎയ്യാദാൻ കരിഷ്യാമി. — നിലയററവയാക്കിച്ചെയ്യുന്നുണ്ടു്.

തഥാരൂപാം ഹി വൈദേഹീം ന ദാസ്യന്തി യദി പ്രിയാം
നാശയാമി ജഗത് സൎവ്വം ത്രൈലോക്യം സചരാചരം. 72

“പ്രിയാം വൈദേഹീം — “പ്രിയതമയായ സീതയെ
തഥാരൂപാം ഹി — സൎവ്വപ്രകാരത്തിലും മുൻപോലിരിക്കുന്നവളായിതന്നെ
ന ദാസ്യന്തി യദി, — കൊണ്ടുവന്നു തരാതിരിക്കുന്നുവെങ്കിൽ,
സചരാചരം — ചരാചരങ്ങളടങ്ങിയ
ത്രൈലോക്യം — ത്രൈലോക്യമായ
ജഗത് സൎവ്വം — ജഗത്തിനെ മുഴുവനും
നാശയാമി.” — ഞാൻ ഇപ്പോൾതന്നെ നശിപ്പിക്കുന്നുണ്ടു്.”

ഇത്യുക്ത്വാ രോഷതാമ്രാക്ഷോ രാമോ നിഷ്പീഡ്യ കാർമ്മുകം
ശരമാദായ സംദീപ്തം ഘോരമാശീവിഷോപമം. 73
സംദധേ ധനുഷി ശ്രീമാൻ രാമഃ പരപുരഞ്ജയഃ
യുഗാന്താഗ്നിരിവ ക്രുദ്ധ ഇദം വചനമബ്രവീത്. 74

ശ്രീമാൻ	ശ്രീമാനും	നിഷ്പീഡ്യ,	വളച്ച്,
പരപുരഞ്ജയഃ	ശത്രുക്കളുടെ കസ്ബുക്കളെ ത്തുന്നവനും ആയ	ആശീ-വിഷോപമം	സർപ്പംപോലുള്ളതായി
രാമഃ,	ശ്രീരാമൻ,	ഘോരം	കൊടിയതായി
യുഗാന്താഗ്നിഃ ഇവ	പ്രളയകാലാഗ്നി പോലെ	സംദീപ്തം ശരം	ഉജ്ജ്വലിക്കുന്ന ബാണത്തെ
ക്രുദ്ധഃ	ചൊടിച്ച്	ആദായ	എടുത്ത്
രോഷ-താമ്രാക്ഷഃ,	കോപത്താൽ തുടുത്ത നേത്രങ്ങളാർന്നവനായി,	ധനുഷി	വില്ലിൽ
ഇതി	ഇപ്രകാരം	സംദധേ;	തൊടുത്തു;
ഉക്ത്വാ,	ഉരചെയ്ത്,	രാമഃ	ശ്രീരാഘവൻ
കാർമ്മുകം	കോദണ്ഡത്തെ	ഇദം വചനം	ഇപ്രകാരം വാക്യത്തെ
		അബ്രവീത്.	ഉരചെയ്തു.

യഥാ ജരാ യഥാ മൃത്യുര്യഥാ കാലോ യഥാ വിധിഃ
നിത്യം ന പ്രതിഹന്യന്തേ സർവ്വഭൂതേഷു ലക്ഷ്മണ
തഥാഽഹം ക്രോധസംയുക്തോ ന നിവാര്യോഽസ്മി സർവ്വഥാ. 75

" ലക്ഷ്മണ !	" ലക്ഷ്മണ !	നിത്യം	ഒരിക്കലും
സർവ്വഭൂതേഷു	സർവ്വപ്രാണികളുടെ സംഗതിയിലും	പ്രതി-ഹന്യന്തേ ന,	തടുക്കപ്പെടുന്നില്ലയോ,
യഥാ ജരാ	എപ്രകാരം ജരയും	തഥാ	അപ്രകാരംതന്നെ
യഥാ മൃത്യുഃ	എപ്രകാരം മരണവും	ക്രോധ-സംയുക്തഃ	കോപാക്രാന്തനായ
യഥാ കാലഃ	എപ്രകാരം പാപഫലമായ അനിഷ്ടവും	അഹം	ഞാൻ
		സർവ്വഥാ	സർവ്വപ്രകാരത്തിലും
യഥാ വിധിഃ	എപ്രകാരം പുണ്യഫലമായ ഭാഗ്യവും	നിവാര്യഃ ന അസ്മി.	ആരാലും തടുക്കപ്പെടാവുന്നവനല്ല.

പുരേവ മേ ചാരുദതീമനിന്ദിതാം
ദിശന്തി സീതാം യദി നാദ്യ മൈഥിലീം
സദേവഗന്ധർവ്വമനുഷ്യപന്നഗം
ജഗത്സശൈലം പരിവർത്തയാമ്യഹം. 76

" അദ്യ	" ഇപ്പോൾ	ചാരുദതീം	പുഞ്ചിരിയോടുകൂടിയവ[ളായും,
മൈഥിലീം സീതാം	ജനകനന്ദിനിയായ സീതയെ	അനിന്ദിതാം	നിർദ്ദോഷയായും
		മേ	എന്റെ അടുക്കൽ
പുരാ ഇവ	പതിവുപോലെയുള്ള	ന ദിശന്തി യദി,	കൊണ്ടുവന്നു തരാതിരിക്കുന്നപക്ഷം

ജഗത്,	ലോകത്തെ
സദേവഗന്ധർവ്വമനുഷ്യപന്നഗം	ദേവന്മാർ, ഗന്ധർവ്വന്മാർ, മനുഷ്യർ, ഉരഗങ്ങൾ അടക്കം,
സശൈലം	പർവ്വതങ്ങൾ അടക്കം
അഹം	ഞാൻ
പരിവർത്തയാമി.	തലകീഴായി മറിക്കുന്നുണ്ട്.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ ചതുഃഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തിനാലാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 8892; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2180.

പഞ്ചഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തഞ്ചാംസർഗ്ഗം.

[ശ്രീരാമകോപപരിസാന്ത്വനം = ശ്രീരാമന്റെ ക്രോധത്തെ ശമിപ്പിക്കുന്നത്.]

തപ്യമാനം തഥാ രാമം സീതാഹരണകർശിതം
ലോകാനാമഭവേ യുക്തം സംവർത്തകമിവാനലം. 1
വീക്ഷമാണം ധനുഃ സജ്യം നിഃശ്വസന്തം മുഹുർമ്മുഹുഃ
ഹന്തുകാമം പശും രുദ്രം ക്രുദ്ധം ദക്ഷക്രതൌ യഥാ. 2
ദഗ്ദ്ധുകാമം ജഗത്സർവ്വം യുഗാന്തേ തു യഥാ ഹരം. 3
അദൃഷ്ടപൂർവ്വം സംക്രുദ്ധം ദൃഷ്ട്വാ രാമം തു ലക്ഷ്മണഃ
അബ്രവീത് പ്രാഞ്ജലിർവ്വാക്യം മുഖേന പരിശുഷ്യതാ. 4

രാമം	ശ്രീരാമനെ,
സീതാഹരണകർശിതം	സീതാപഹരണമൂലം ഉള്ളംകലങ്ങി
തപ്യമാനം	ഉരുകിക്കൊണ്ടിരിക്കുന്നവനായി
തഥാ	തന്മൂലം
സംവർത്തകം അനലം	പ്രളയകാലസംഹാരാഗ്നി
ഇവ,	എന്നപോലെയായി,
ലോകാനാം അഭവേ	ലോകങ്ങളുടെ നാശത്തിൽ
യുക്തം,	നിശ്ചയം കൊണ്ടവനായി
സജ്യം	ഞാണേററിയ
ധനുഃ	കോദണ്ഡത്തെ
വീക്ഷമാണം	നോക്കിക്കൊണ്ട്
മുഹുഃ മുഹുഃ	ഇടയ്ക്കിടെ
നിഃശ്വസന്തം,	നെടുവീർപ്പിടുന്നവനായി
ദക്ഷക്രതൌ	ദക്ഷയാഗത്തിൽ
ഹന്തുകാമം	യാഗത്തെ മുടക്കുവാൻ തീർച്ചയാക്കിയവനായി
ക്രുദ്ധം	ക്രോധമുൾക്കൊണ്ട
പശും	പരമാത്മാവായ
രുദ്രം	പരമശിവനെ
യഥാ,	പോലെയിരിക്കുന്നവനായി,
യുഗാന്തേ	പ്രളയകാലത്തിൽ
ജഗത് സർവ്വം	ലോകത്തെയാസകലം
ദഗ്ദ്ധുകാമം	ചുട്ടെരിപ്പാൻ മുതിന്ന
ഹരം	രുദ്രമൂർത്തിയെ
യഥാ തു	പോലെയിരിക്കുന്നവനായി,
രാമം തു	ലോകാഭിരാമനായ അദ്ദേഹത്തെത്തന്നെ
അദൃഷ്ടപൂർവ്വം	ഇതെവരെ കാണപ്പെട്ടിട്ടില്ലാത്തമാതിരി
സംക്രുദ്ധം	അളവററകോപം പൂണ്ടവനായി
ലക്ഷ്മണഃ	ലക്ഷ്മണൻ
ദൃഷ്ട്വാ	കണ്ട്
പരിശുഷ്യതാ	വാടുന്ന
മുഖേന	മുഖത്തോടുകൂടി,
പ്രാഞ്ജലിഃ	അഞ്ജലികൂപ്പിക്കൊണ്ട്,
വാക്യം അബ്രവീത്.	ഇപ്രകാരം ഉണത്തിച്ചു.

പുരാ ഭൂത്വാ മൃദുർദാന്തഃ സർവ്വഭൂതഹിതേ രതഃ
ന ക്രോധവശമാപന്നഃ പ്രകൃതിം ഹാതുമർഹസി. 5

"പുരാ	"ഇതെവരയ്ക്കും
ദാന്തഃ	ജിതേന്ദ്രിയനായി
മൃദുഃ	കാരുണ്യവാനായി
സർവ്വഭൂതഹിതേ	സർവ്വപ്രാണികൾക്കും നന്മയുളവാക്കുന്നതിൽ
രതഃ	താല്പര്യത്തോടുകൂടിയവനായി
ഭൂത്വാ,	വർത്തിച്ചതിൽ പിന്നെ,
ക്രോധവശം	കോപത്തിന്നു വശപ്പെട്ട്
ആപന്നഃ,	മതിമറന്നവനായി,
പ്രകൃതിം	സ്വാഭാവികഗുണത്തെ
ഹാതും അർഹസി ന.	നിന്തിരുവടി ത്യജിക്കുന്നത് ഉചിതമല്ല.

ചന്ദ്രേ ലക്ഷ്മീഃ പ്രഭാ സൂര്യേ ഗതിർവ്വായൗ ഭുവി ക്ഷമാ
ഏതച്ച നിയതം സർവ്വം ത്വയി ചാനുത്തമം യശഃ. 6

"ചന്ദ്രേ	"ചന്ദ്രനിൽ
ലക്ഷ്മീഃ,	ശ്രീയും,
സൂര്യേ	സൂര്യനിൽ
പ്രഭാ,	ജ്യോതിസ്സും,
വായൗ	വായുവിങ്കൽ
ഗതിഃ,	സർവ്വവ്യാപകത്വവും,
ഭുവി	പൃഥിവിയിങ്കൽ
ക്ഷമാ,	സഹനശക്തിയും,
ഏതത്	ഈ പറഞ്ഞ
സർവ്വം ച	ഓരോന്നും
അനുത്തമം	കിടയില്ലാത്തതായി,
യശഃ ച	സർവ്വരാലും കൊണ്ടാടത്തക്കവണ്ണം
ത്വയി	നിന്തിരുവടിയിങ്കൽ
നിയതം.	ശാശ്വതപ്രതിഷ്ഠ കയ്ക്കൊണ്ടിരിക്കുന്നു.

ഏകസ്യ നാപരാധേന ലോകാൻ ഹന്തും ത്വമർഹസി
അന്യദ്വദാമി രാജേന്ദ്ര നിദാനം സർവ്വസമ്പദാം. 7

"ഏകസ്യ	"ഒരുവന്റെ
അപരാധേന	അപരാധം കാരണമായി
ലോകാൻ	ലോകങ്ങളെയെല്ലാം
ഹന്തും	ധ്വംസം ചെയ്വാൻ
ത്വം	നിന്തിരുവടി
അർഹസി ന;	തിരുവുള്ളത്തിൽ നിശ്ചയിക്കാതിരുന്നാലും;
രാജേന്ദ്ര!	രാജാധിരാജനായുള്ളോവേ
അന്യത്	ഇതുകൂടാതെ,
സർവ്വസമ്പദാം	സർവ്വകാര്യസിദ്ധിയ്ക്കുമുള്ള
നിദാനം	സർവ്വോത്തമമായ കാരണത്തെ
വദാമി.	ഞാൻ ഉണർത്തിക്കുന്നു.

ധർമ്മേ ജയതി നാധർമ്മഃ കദാചിദപി ചോഭയോഃ
സീതാ പതിവ്രതാ ലക്ഷ്മീർന്ന നാശം വൈ ഗമിഷ്യതി. 8

"ഉഭയോഃ ച	"രണ്ടുപേരിൽ വെച്ച്,
ധർമ്മേ	ധർമ്മത്തെ അവലംബിച്ചിരിക്കുന്നവന്റെ സംഗതിയിൽ
അധർമ്മഃ	അധർമ്മിഷ്ഠൻ
കദാചിത് അപി	ഒരിക്കലും
ന ജയതി;	ജയം പ്രാപിക്കയില്ല;
പതിവ്രതാ	പതിയെത്തന്നെ ദൈവമായ് കൊണ്ട
ലക്ഷ്മീഃ	മഹാലക്ഷ്മിയായ
സീതാ	സീതാദേവി,
നാശം	വിപത്തിനെ
ഗമിഷ്യതി ന വൈ.	ഒരിക്കലും പ്രാപിക്കയില്ല.

ന തു ജാനാമി കസ്യായം ഭഗ്നഃ സാംഗ്രാമികോ രഥഃ
കേന വാ കസ്യ വാ ഹേതോഃ സായുധഃ സപരിച്ഛദഃ. 9

"സായുധഃ	"ആയുധങ്ങളോടുകൂടിയതും	കസ്യ തു,	ആരുടേതെന്നും,
സപരിച്ഛദഃ	മററു സാമഗ്രികളോടുകൂടിയതും	കസ്യ ഹേതോഃ വാ	എന്തുദ്ദേശത്താൽ
സാംഗ്രാമികഃ	യുദ്ധത്തിലുപയോഗിക്കു	കേന	ആരാൽ
അയം രഥഃ	ഈ രഥം [ന്നതും ആയ	ഭഗ്നഃ വാ	തകൎക്കപ്പെട്ടു എന്നും
		ന ജാനാമി.	ഞാൻ അറിയുന്നില്ല.

ഖുരനേമിക്ഷതശ്ചായം സിക്തോ രുധിരബിന്ദുഭിഃ
ദേശോ നിൎവൃത്തസംഗ്രാമഃ സുഘോരഃ പാൎത്ഥിവാത്മജ. 10

"പാൎത്ഥിവാത്മജ!	"ചക്രവൎത്തിതനുജ!	രുധിരബിന്ദുഭിഃ	രക്തബിന്ദുക്കളാൽ
അയം ദേശഃ	ഈ പ്രദേശം	സുഘോരഃ	അതിഭയങ്കരമാകുമാറ്
ഖുരനേമിക്ഷതഃ;	കുളമ്പടികളും ചക്രങ്ങളുടെ താരയും ഉള്ളതായിരിക്കുന്നു;	സിക്തഃ!	നനയ്ക്കപ്പെട്ടുമിരിക്കുന്നു;
		ച	അതിനാൽ
		നിൎവൃത്തസംഗ്രാമഃ.	യുദ്ധം നടന്നസ്ഥലമായ് കാണപ്പെടുന്നു.

ഏകസ്യ തു വിമൎദ്ദോऽയം ന ദ്വയോൎവ്വദതാം വര
ന ഹി വൃത്തം ഹി പശ്യാമി ബലസ്യ മഹതഃ പദം. 11

"വദതാം	"ഏതുകാൎയ്യവും തീരുമാനിക്കുന്നതിൽ	ന;	അല്ല;
വര!	മുമ്പനായുള്ളോവേ!	ഹി	എന്തെന്നാൽ
അയം വിമൎദ്ദഃ	ഈ ദ്രോഹം	മഹതഃ	വലുതായ
ഏകസ്യ തു;	ഒരുവനാൽ ചെയ്യപ്പെട്ടതു മാത്രമാണ്;	ബലസ്യ	സേനയുടെ
ദ്വയോഃ	രണ്ടുപേരുടെത്	പദം	കാൽച്ചുവട്
		വൃത്തം ഹി	ഉള്ളതായും
		ന പശ്യാമി.	ഞാൻ കാണുന്നില്ല.

["വലുതായ ഒരു സൈന്യത്തിന്റെ സ്ഥിതി ഇവിടെയുണ്ടായിരുന്നതായും ഞാൻ വിചാരിക്കുന്നില്ല. എന്നും ആവാം.]

നൈകസ്യ തു കൃതേ ലോകാൻ വിനാശയിതുമൎഹസി
യുക്തദണ്ഡാ ഹി മൃദവഃ പ്രശാന്താ വസുധാധിപാഃ. 12

"വസുധാധിപാഃ	"രാജാക്കന്മാർ	ഹി	ആകയാൽ
മൃദവഃ,	കോപത്തിന്നു വഴിപ്പെടാത്തവരായി,	ഏകസ്യ കൃതേ	ഒരുത്തന്റെ കാരണമായി
പ്രശാന്താഃ	മനസ്സുകലങ്ങാത്തവരായി	ലോകാൻ തു	ലോകങ്ങളെയെല്ലാം
യുക്തദണ്ഡാഃ;	കുററങ്ങൾക്ക് യോജിച്ച ശിക്ഷ നൽകുന്നവരായിരിക്കേണ്ടതാണ്;	വിനാശയിതും	നശിപ്പിക്കുന്നതിന്ന്
		അൎഹസി ന.	തിരുവുള്ളത്തിൽ കരുതാതിരുന്നാലും.

സദാ ത്വം സർവ്വഭൂതാനാം ശരണ്യഃ പരമാ ഗതിഃ
കോ ന ദാരപ്രണാശം തേ സാധു മന്യേത രാഘവ. 13

" സദാ	" ഏതുകാലത്തിലും	രാഘവ !	ശ്രീരാഘവ !
സർവ്വഭൂതാനാം	സർവ്വപ്രാണികൾക്കും	തേ	നിന്തിരുവടിയുടെ
പരമാ	സർവ്വാഭീഷ്ടപ്രദനായ	ദാരപ്രണാശം	പത്നി കാണാതായ്പ്പോ
ഗതിഃ	പ്രാപ്യസ്ഥാനവും,	സാധു	ന്യായമെന്ന് [യതു്
ശരണ്യഃ	ശരണാഗതരക്ഷകനും	കഃ ന	ആർതന്നെയാണ്
ത്വം ;	ആകുന്ന നിന്തിരുവടി ;	മന്യേത ?	വിചാരിക്കുക ?

സരിതഃ സാഗരാഃ ശൈലാ ദേവഗന്ധർവ്വദാനവാഃ
നാലംതേ വിപ്രിയം കർത്തും ദീക്ഷിതസ്യേവ സാധവഃ. 14

" ദീക്ഷിതസ്യ	" ആരുടെ പൂർവ്വന്മാർ ജ്യോതിഷ്ടോമാദി യാഗങ്ങൾ ചെയ്തുവരോ, അപ്രകാരമുള്ള	സരിതഃ	നദികളും
		സാഗരാഃ	സമുദ്രങ്ങളും
		ശൈലാഃ	പർവ്വതങ്ങളും
		ദേവഗന്ധർവ്വ- ദാനവാഃ	ദേവാസുരഗന്ധർവ്വന്മാരും
തേ ഇവ	നിന്തിരുവടിക്കും	സാധവഃ	അധർമ്മഭീരുക്കളും
വിപ്രിയം	അപചാരത്തെ	അലം ന.	യത്നിക്കുകയില്ല.
കർത്തും	ചെയ്യാൻ,		

യേന രാജൻ ഹൃതാ സീതാ തമന്വേഷിതുമർഹസി
മദ്വിതീയോ ധനുഷ്പാണിഃ സഹായൈഃ പരമർഷിഭിഃ. 15

" രാജൻ !	" നാഥനായുള്ളോവെ !	സഹായൈഃ	ഇക്കാർയ്യത്തിൽ സഹായിക്കുന്നവരായ
യേന	യാതൊരുവനാൽ		
സീതാ	സീതാദേവി	പരമർഷിഭിഃ	മഹർഷിമാർ മുഖേനയും
ഹൃതാ	അപഹരിക്കപ്പെട്ടുവോ	മദ്വിതീയഃ	എന്നെ തുണയായി വെച്ചുംകൊണ്ടു്
തം,	അവനെ,	അന്വേഷിതും	തിരഞ്ഞുകണ്ടുപിടിപ്പാ [ൻ
ധനുഷ്പാണിഃ,	ധനുഷ്പാണിയായി,	അർഹസി.	നിശ്ചയിച്ചാലും.

സമുദ്രം ച വിചേഷ്യാമഃ പർവ്വതാംശ്ച വനാനി ച
ഗുഹാശ്ച വിവിധാ ഘോരാ നദീഃ പദ്മവനാനി ച. 16

" സമുദ്രം ച	" സമുദ്രത്തേയും	ഗുഹാഃ ച	ഗുഹകളേയും
പർവ്വതാൻ ച	മലകളേയും	നദീഃ	നദികളേയും
വനാനി ച	കാടുകളേയും	പദ്മവനാനി ച	താമരപ്പൊയ്കകളേയും
വിവിധാഃ	പലപല	വിചേഷ്യാമഃ.	നാം തേടുക.
ഘോരാഃ	ഇരുട്ടടഞ്ഞ		

ദേവഗന്ധൎവ്വലോകാംശ്ച വിചേഷ്യാമഃ സമാഹിതാഃ
യാവന്നാധിഗമിഷ്യാമസ്തവ ഭാൎയ്യാപഹാരിണം. 17

"തവ	"നിന്തിരുവടിയുടെ	സമാഹിതാഃ	മനസ്സുമുട്ടാതെ
ഭാൎയ്യാപഹാരിണം	ഭാൎയ്യയെ അപഹരിച്ചവനെ	ദേവഗന്ധൎവ്വലോകാൻ ച	ദേവലോകത്തേയും ഗന്ധൎവ്വലോകത്തേയും കൂടി
അധിഗമിഷ്യാമഃ ന യാവത്	എത്രത്തോളം നാം കണ്ടുപിടിക്കാതിരിക്കുന്നുവോ അത്രയുംകാലം	വിചേഷ്യാമഃ.	നാം തിരയുക.

ന ചേത് സാമ്നാ പ്രദാസ്യന്തി പത്നീം തേ ത്രിദശേശ്വരാഃ
കോസലേന്ദ്ര തതഃ പശ്ചാത് പ്രാപ്തകാലം കരിഷ്യസി. 18

"തേ	നിന്തിരുവടിയുടെ	തതഃ പശ്ചാത്	അതിന്നുശേഷം
പത്നീം	ഭാൎയ്യയെ	കോസലേന്ദ്ര!	അല്ലയോ കോസലേന്ദ്ര!
ത്രിദശേശ്വരാഃ	ദേവശ്രേഷ്ഠന്മാർ	പ്രാപ്തകാലം	അക്കാലത്തിന്നു യോജിച്ചപോലെ
സാമ്നാ	മൎയ്യാദയായി	കരിഷ്യസി.	ചെയ്തുകൊൾക.
പ്രദാസ്യന്തി ന ചേത്,	കൊണ്ടുവന്നുസമൎപ്പിക്കുകയില്ലെന്നുവരികിൽ,		

ശിവേന സാമ്നാ വിനയേന സീതാം
നയേന ന പ്രാപ്സ്യസി ചേന്നരേന്ദ്ര
തതഃ സമുത്സാദയ ഹേമപുംഖൈ-
ൎമ്മഹേന്ദ്രവജ്രപ്രതിമൈഃ ശരൗഘൈഃ. 19

"നരേന്ദ്ര!	"അല്ലയോ പുരുഷോത്തമ!	തതഃ	പിന്നെ
സീതാം	സീതാദേവിയെ	മഹേന്ദ്രവജ്രപ്രതിമൈഃ	ഇന്ദ്രന്റെ വജ്രായുധമൊത്ത
ശിവേന	നല്ലപോലെ	ഹേമപുംഖൈഃ	പൊന്നിൻമുനയുള്ള
സാമ്നാ	നല്ല വാക്കു പറഞ്ഞ്	ശരൗഘൈഃ	ശരമാരിയാൽ
വിനയേന	മൎയ്യാദയായി	സമുത്സാദയ."	തലകീഴായ് മറിച്ചുകൊൾക."
നയേന,	ന്യായമായി,		
പ്രാപ്സ്യസി ന ചേത്,	നിന്തിരുവടി പ്രാപിക്കുന്നില്ലെന്നു വരികിൽ,		

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
പഞ്ചഷഷ്ടിതമഃ സൎഗ്ഗഃ = അറുപത്തഞ്ചാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 8911; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2199.

ഷട്ഷഷ്ടിതമഃ സൎഗ്ഗഃ = അറുപത്താറാംസൎഗ്ഗം.

[ശ്രീരാമാശ്വാസനം = ശ്രീരാമനെ സമാശ്വസിപ്പിക്കുന്നത്.]

തം തഥാ ശോകസന്തപ്തം വിലപന്തമനാഥവത്
മോഹേന മഹതാഽഽവിഷ്ടം പരിദ്യൂനമചേതനം. 1
ततഃ സൌമിത്രിരാശ്വാസ്യ മുഹൂൎത്താദിവ ലക്ഷ്മണഃ
രാമം സംബോധയാമാസ ചരണൌ ചാഭിപീഡയൻ. 2

സൌമിത്രിഃ	സുമിത്രാസുതനായ	പരിദ്യൂനം	പരിതപിക്കുന്നവനും
ലക്ഷ്മണഃ,	ലക്ഷ്മണൻ,	തം	ആ [ആയ
തഥാ	ഇപ്രകാരം	രാമം	ശ്രീരാമനെ
ശോകസന്തപ്തം	ശോകാക്രാന്തനായി	മുഹൂൎത്താത് ഇവ	കുറേനേരം
അനാഥവത്	ദീനനെന്നപോലെ	ആശ്വാസ്യ	സമാധാനവാക്കുപറ
വിലപന്തം,	പ്രലപിച്ചുകൊണ്ടിരുന്നവനും,	തതഃ	അതിൽപിന്നെ [ഞ്ഞു
മഹതാ	അളവററ	ചരണൌ	തിരുവടികളെ
മോഹേന ആവിഷ്ടം	സ്നേഹാതിശയത്തിന്ന് വശപ്പെട്ടവനായി	അഭിപീഡയൻ ച	പിടിച്ചുംകൊണ്ടു്
അചേതനം	മതിമറന്നവനായി	സംബോധയാമാസ.	ഇപ്രകാരം ഉണൎത്തിച്ചു.

മഹതാ തപസാ രാമ മഹതാ ചാപി കൎമ്മണാ
രാജ്ഞാ ദശരഥേനാഽസി ലബ്ധോഽമൃതമിവാമരൈഃ. 3

"രാമ!	"ശ്രീരാഘവ!	തപസാ ച	കായക്ലേശംകൊണ്ടും
ദശരഥേന രാജ്ഞാ	ദശരഥമഹാരാജാവിനാൽ	മഹതാ	ഉത്കൃഷ്ടമായ
അമരൈഃ	ദേവന്മാരാൽ	കൎമ്മണാ അപി	പുണ്യകൎമ്മഫലംകൊണ്ടും
അമൃതം ഇവ,	അമൃതം എന്നപോലെ,	ലബ്ധഃ അസി.	നിന്തിരുവടി പ്രാപിക്കപ്പെട്ടു.
മഹതാ	കടുതായ		

തവ ചൈവ ഗുണൈൎബ്ബദ്ധസ്ത്വദ്വിയോഗാന്മഹീപതിഃ
രാജാ ദേവത്വമാപന്നോ ഭരതസ്യ യഥാ ശ്രുതം. 4

"തവ	"നിന്തിരുവടിയുടെ	ത്വദ്വിയോഗാത്	നിന്തിരുവടിയുടെ വിരഹദുഃഖത്താൽ
ഗുണൈഃ ഏവ	ഗുണങ്ങൾ കാരണമായ്ത്തന്നെ	ദേവത്വം	സ്വൎഗ്ഗാധിവാസത്തെ
ബദ്ധഃ	അത്യന്ത പ്രേമത്തെ കയ്ക്കൊണ്ടിരുന്ന	ആപന്നഃ,	പ്രാപിച്ചു, എന്നുള്ളത്
മഹീപതിഃ രാജാ,	മഹാരാജാവ്,	ഭരതസ്യ	ഭരതന്ന്
		യഥാ	വാസ്തവമായി
		ശ്രുതം ച.	അറിവുള്ളസംഗതിയാണ്.

യദി ദുഃഖമിദം പ്രാപ്തം കാകുത്സ്ഥ ന സഹിഷ്യസേ
പ്രാകൃതശ്ചാല്പസത്വശ്ച ഇതരഃ കഃ സഹിഷ്യതി. 5

"കാകുത്സ്ഥ!	"ശ്രീരാഘവ!	ഇതരഃ	സാധാരണനും
പ്രാപ്തം	വിധികല്പിതമായ	പ്രാകൃതഃ	അറിവില്ലാത്തവനും
ഇദം	ഈ	അല്പസത്വഃ ച	ധൈൎയ്യംകുറഞ്ഞവനും ആയ
ദുഃഖം	വ്യസനത്തെ	കഃ ച	ഏതൊരുവനാണ്
ന സഹിഷ്യസേ യദി	നിന്തിരുവടി സഹിക്കാതിരിക്കുന്നുവെങ്കിൽ,	സഹിഷ്യതി?	സഹിക്കുക?

ദുഃഖിതോ ഹി ഭവാൻ ലോകാംസ്തേജസാ യദി ധക്ഷ്യതേ
ആൎത്താഃ പ്രജാ നരവ്യാഘ്ര ക്വ നു യാസ്യന്തി നിൎവൃതിം. 6

"ഭവാൻ ഹി	"നിന്തിരുവടിതന്നെ	നരവ്യാഘ്ര!	അല്ലയോ പുരുഷോത്തമ!
ദുഃഖിതഃ	ശോകത്താൽ മതിമറന്ന്	ആൎത്താഃ	ദുഃഖിതന്മാരായ
ലോകാൻ	പ്രജകളെ	പ്രജാഃ	പ്രജകൾ
തേജസാ	കോപാവേശംമൂലം	നിൎവൃതിം	ദുഃഖനിവൃത്തിയെ
ധക്ഷ്യതേ യദി,	വ്യഥപ്പെടുത്തുന്നുവെങ്കിൽ,	ക്വ നു യാസ്യന്തി?	ആരുടെ വക്കൽനിന്നാണ് പ്രാപിക്കുക?

ലോകസ്വഭാവ ഏവൈഷ യയാതിൎന്നഹുഷാത്മജഃ
ഗതഃ ശക്രേണ സാലോക്യമപതത് സ തമഃ സ്പൃശൻ. 7

"ഏഷഃ	"ഇത്	സാലോക്യം	ദേവപദവിയെ
ലോകസ്വഭാവഃ ഏവ;	ലോകൎക്ക് സാധാരണയായി സംഭവിക്കുന്നതുതന്നെയാണ്;	ഗതഃ,	പ്രാപിച്ച്,
നഹുഷാത്മജഃ	നഹുഷപുത്രനായ	തമഃ	ഗൎവ്വത്താൽ
സഃ യയാതിഃ	ആ യയാതിമഹാരാജാവു്	സ്പൃശൻ	ബാധിക്കപ്പെട്ടവനായി
ശക്രേണ	ഇന്ദ്രനോടുകൂടി വൎത്തിക്കുന്നതായ	അപതത്.	മനുഷ്യലോകത്തിൽതന്നെ പതിച്ചു.

[അയോദ്ധ്യാകാണ്ഡം 21-ാം സൎഗ്ഗം 48-ാം ശ്ലോകത്തിലെ കുറിപ്പ് നോക്കുക.]

മഹൎഷിൎയ്യോ വസിഷ്ഠസ്തു യഃ പിതുൎന്നഃ പുരോഹിതഃ
അഹ്നാ പുത്രശതം ജജ്ഞേ തഥൈവാസ്യ പുനൎഹതം. 8

"പിതുഃ	"പിതാവിന്റെയും	അഹ്നാ	ഒരേദിവസം
നഃ തു	നമ്മുടേയും	ഹതം;	മരണം സംഭവിച്ചു;
പുരോഹിതഃ	പുരോഹിതനായ	മഹൎഷിഃ	മഹാതപസ്വിയായ
യഃ	യാതൊരു ആ	യഃ	അദ്ദേഹം
വസിഷ്ഠഃ	വസിഷ്ഠമഹൎഷി	പുനഃ	അപ്രകാരമായിട്ടും
പുത്രശതം	നൂറ് പുത്രന്മാരെ	തഥാ ഏവ.	ദുഃഖിക്കാതെ മുൻപോലെതന്നെ വൎത്തിച്ചു.
ജജ്ഞേ;	പെററെടുത്തു (ആൎഷം);		
അസ്യ	ഈ നൂറുപേൎക്കും		

യാ ചേയം ജഗതോ മാതാ ദേവീ ലോകനമസ്കൃതാ
അസ്യാശ്ച ചലനം ഭൂമേർദൃശ്യതേ സത്യസംശ്രയ. 9

"സത്യ-സംശ്രയ!	"ലോകക്ഷേമത്തെത്തന്നെ സുസ്ഥിരമായി കയ്ക്കൊണ്ടുള്ളോവേ!	ഇയം ച	ഇവൾതന്നെയാണ്
യാ	യാതൊരുവൾ	ദേവീ;	ഭൂമിദേവി;
ജഗതഃ മാതാ,	ലോകജനനിയോ,	അസ്യാഃ	ഈ
ലോക-നമസ്കൃതാ	എല്ലാ ലോകരാലും വന്ദിക്കപ്പെട്ടവളായ	ഭൂമേഃ ച	ഭൂമിദേവിയ്ക്കുംകൂടി
		ചലനം	കമ്പം
		ദൃശ്യതേ.	സംഭവിക്കുന്നുണ്ട്.

യൌ ധർമ്മൌ ജഗതാം നേത്രൌ യത്ര സർവ്വം പ്രതിഷ്ഠിതം
ആദിത്യചന്ദ്രൌ ഗ്രഹണമഭ്യുപേതൌ മഹാബലൌ 10

"യൌ	യാതൊരുവർ	പ്രതിഷ്ഠിതം,	നിലനില്ക്കുന്നുവോ,
ധർമ്മൌ	ധർമ്മസ്വരൂപന്മാരായി	മഹാബലൌ	മഹാബലയുക്തരായ
ജഗതാം	ജഗത്തിന്ന്	ആദിത്യചന്ദ്രൌ	അപ്രകാരമുള്ള ആദിത്യചന്ദ്രന്മാരും
നേത്രൌ,	രണ്ടു നേത്രങ്ങളായി വിദ്യോതിക്കുന്നുവോ,	ഗ്രഹണം	രാഹുഗ്രസ്തരായി പീഡയെ
യത്ര	യാതൊരുവരിൽ		
സർവ്വം	ലോകസ്ഥിതിതന്നെ	അഭ്യുപേതൌ.	അനുഭവിക്കുന്നു.

["ആദിത്യാജ്ജായതേവൃഷ്ടിസ്തതോഽന്നമഭിജായതേ" എന്ന പ്രമാണപ്രകാരം ആദിത്യൻ അന്നത്തെ ഉളവാക്കുന്നതിനാലും, ചന്ദ്രൻ ഔഷധിവനസ്പതികൾക്ക് കർത്താവാകയാലും ധർമ്മസ്വരൂപന്മാരാകുന്നു. (ഗൊ. രാ.)]

സുമഹാന്ത്യപി ഭൂതാനി ദേവാശ്ച പുരുഷർഷഭ
ന ദൈവസ്യ പ്രമുഞ്ചന്തി സർവ്വഭൂതാധിദേഹിനഃ. 11

"പുരുഷർഷഭ!	"പുരുഷോത്തമ!	ദേവാഃ ച	ദേവന്മാർതന്നെയും,
സുമഹാന്തി	എത്ര മഹത്വമുള്ള		
ഭൂതാനി അപി,	പ്രാണികളും,	ദൈവസ്യ	വിധിക്ക്
സർവ്വഭൂതാദി-ദേഹിനഃ,	എല്ലാപ്രാണികളിലും വെച്ച് ഉത്കൃഷ്ടമായ മനുഷ്യരും,	പ്രമുഞ്ചന്തി ന.	വശഗരാകാതിരിക്കയില്ല.

["സർവ്വഭൂതാധിദേഹിനഃ" (സർവ്വാന്തര്യാമിയായ) എന്ന അർത്ഥത്തിൽ ദൈവസ്യ എന്നതിന്ന് വിശേഷണം' എന്നു ഗൊ. രാ.]

ശക്രാദിഷ്വപി ദേവേഷു വർത്തമാനൌ നയാനയൌ
ശ്രൂയേതേ നരശാർദ്ദൂല ന ത്വം വ്യഥിതുമർഹസി. 12

"ശക്രാദിഷു	"ഇന്ദ്രൻ മുതലായുള്ള	ശ്രൂയേതേ;	പറയപ്പെടുന്നു;
ദേവേഷു അപി	ദേവന്മാരുടെ സംഗതിയിൽ	നരശാർദ്ദൂല!	പുരുഷോത്തമ!
		ത്വം	നിന്തിരുവടി
നയാനയൌ	സുഖദുഃഖങ്ങളെന്നത്	വ്യഥിതും	ദുഃഖത്തിന്നു വഴി
വർത്തമാനൌ	ഉണ്ടെന്ന്	അർഹസി ന.	കൊടുക്കാതിരുന്നാലും

നഷ്ടായാമപി വൈദേഹ്യാം ഹൃതായാമപി ചാനഘ
ശോചിതും നാർഹസേ വീര യഥാന്യഃ പ്രാകൃതസ്തഥാ. 13

“ അനഘ !	“ പരിശുദ്ധാത്മാവേ !	വീര !	അല്ലയോ വീരനായുള്ളോ[വേ;
വൈദേഹ്യാം	സീതാദേവി	അന്യഃ	സാധാരണനായ
ഹൃതായാം അപി,	കട്ടുകൊണ്ടുപോകപ്പെട്ടവളായ്ത്തന്നെ	പ്രാകൃതഃ യഥാ തഥാ ച	മൂഢനെന്നപോലെ
നഷ്ടായാം അപി	കാണാതായിരിക്കെ,	ശോചിതും	വേദനപ്പെടുന്നത്
		ന അർഹസേ.	യുക്തമല്ല.

ത്വദ്വിധാ ന ഹി ശോചന്തി സതതം സത്യദർശനാഃ
സുമഹത്സ്വപി കൃച്ഛ്രേഷു രാമാനിർവ്വിണ്ണദർശനാഃ. 14

“ രാമ !	“ ശ്രീരാഘവ !	ത്വദ്വിധാഃ ഹി,	നിന്തിരുവടിയെപ്പോലെയുള്ളവരാണെങ്കിൽ,
സതതം	ഏതുകാലത്തിലും	സുമഹത്സു	അതി ദുസ്സഹങ്ങളായ
സത്യദർശനാഃ	പരമാത്മജ്ഞാനികളും	കൃച്ഛ്രേഷു അപി	ആപത്തുകളിലും കൂടി
അനിർവ്വിണ്ണദർശനാഃ	വിധികല്പിതമായ ആപത്തുകളിൽ ചിത്തം ചലിക്കാതിരിക്കേണമെന്നറിഞ്ഞവരുമായ	ശോചന്തി ന.	കുലുങ്ങാതിരിക്കുന്നു.

തത്ത്വതോ ഹി നരശ്രേഷ്ഠ ബുദ്ധ്യാ സമനുചിന്തയ
ബുദ്ധ്യാ യുക്താ മഹാപ്രാജ്ഞാ വിജാനന്തി ശുഭാശുഭേ. 15

“ നരശ്രേഷ്ഠ !	“ പുരുഷോത്തമ !	മഹാപ്രാജ്ഞാഃ	നല്ല ബുദ്ധിമാന്മാർ
ബുദ്ധ്യാ	ബുദ്ധികൊണ്ട്	ബുദ്ധ്യാ യുക്താഃ ഹി	ബുദ്ധി ചലിക്കാത്തവരായ്ത്തന്നെ
തത്ത്വതഃ	സൂക്ഷ്മമായി	ശുഭാശുഭേ	കൃത്യാകൃത്യങ്ങളെ
സമനുചിന്തയ ;	പര്യാലോചന ചെയ്താലും ;	വിജാനന്തി.	വേർതിരിച്ചറിയുന്നു.

അദൃഷ്ടഗുണദോഷാണാമശ്രുതാനാം തു കർമ്മണാം
നാന്തരേണ ക്രിയാം തേഷാം ഫലമിഷ്ടം പ്രവർത്തതേ. 16

“അദൃഷ്ടഗുണദോഷാണാം	“നന്മതിന്മകളെ വേർതിരിച്ചറിവാൻ കഴിയാത്ത	ക്രിയാം അന്തരേണ തു,	തക്ക പ്രതിക്രിയ ചെയ്യാതിരുന്നാൽ,
തേഷാം	അപ്രകാരമുള്ള	ഇഷ്ടം	ഇഷ്ടപ്പെട്ടതായ
അശ്രുതാനാം	അല്പജ്ഞന്മാരുടെ	ഫലം,	ഫലം
കർമ്മണാം,	പ്രവൃത്തികൾക്ക്,	ന പ്രവർത്തതേ.	ഉണ്ടാകയില്ല.

[കൃത്യാകൃത്യങ്ങളെ ആലോചിക്കാതെ ലോകത്തെ മുഴുവൻ ശരപ്രയോഗത്താൽ ഭസ്മീകരിച്ചതുകൊണ്ട്, സീതാപ്രാപ്തിയാകുന്ന ഇഷ്ടഫലം സാദ്ധ്യമാകയില്ല. നേരമറിച്ച് അല്പബുദ്ധികൊണ്ട് ഈ ദ്രോഹത്തെ ചെയ്തതിന്നുള്ള ശരിയായ പ്രതിക്രിയ ചെയ്താൽ മാത്രമേ ആ ഫലം നമുക്ക് സിദ്ധിക്കയുള്ളൂ എന്ന് താല്പര്യം.

“ പ്രത്യക്ഷത്തിൽ അറിയപ്പെടുവാൻ കഴിയാതെ സുഖദുഃഖരൂപങ്ങളായ ഗുണദോഷങ്ങളോടുകൂടിയ അനിശ്ചിതങ്ങളായ കർമ്മങ്ങൾ (പൂർവ്വജന്മങ്ങളിൽ) ചെയ്യാതെകണ്ട്, അവയെക്കൊണ്ടുണ്ടാകുന്നതായ ഫലം ഈ ജന്മത്തിൽ ഉണ്ടാകയില്ല. അതിനാൽ, ഇപ്പോഴുള്ളതായ ഫലാനുഭവം പൂർവ്വകർമ്മസാദ്ധ്യമാകയാൽ ആ സംഗതിയിൽ ശോചിക്കേണ്ടതില്ല.” എന്ന് ഗൊ. രാ.]

ത്വമേവ ഹി പുരാ രാമ മാമേവം ബഹുശോऽന്വശാഃ
അനുശിഷ്യാദ്ധി കോ നു ത്വാമപി സാക്ഷാദ്ബൃഹസ്പതിഃ. 17

"രാമ!	"ശ്രീരാഘവ!	ഹി	അപ്രകാരമിരിക്കെ
പുരാ	മുമ്പ്	ത്വാം	നിന്തിരുവടിക്ക്
ബഹുശഃ	എത്രയോ പ്രാവശ്യം	കഃ നു,	ആർതന്നെയാണ്,
ഏവം	ഇപ്രകാരം	സാക്ഷാത്	സാക്ഷാൽ
മാം	എനിക്കു	ബൃഹസ്പതിഃ അപി	ബൃഹസ്പതിതന്നെയായാലും,
ത്വം ഏവ	നിന്തിരുവടിതന്നെ		
അന്വശാഃ ഹി;	ഉപദേശിച്ചിട്ടുണ്ടല്ലോ;	അനുശിഷ്യാത്?	ഉപദേശിക്കുക?

ബുദ്ധിശ്ച തേ മഹാപ്രാജ്ഞ ദേവൈരപി ദുരന്വയാ
ശോകേനാഭിപ്രസുപ്തം തേ ജ്ഞാനം സംബോധയാമ്യഹം. 18

"മഹാപ്രാജ്ഞ!	"സർവ്വജ്ഞനായുള്ളോവേ!	അഭിപ്രസുപ്തം	ഉറങ്ങിക്കിടക്കുന്നതായ
തേ	നിന്തിരുവടിയുടെ	തേ	നിന്തിരുവടിയുടെ
ബുദ്ധിഃ ച,	അഭിപ്രായമാകട്ടെ,	ജ്ഞാനം	പരമാത്മസ്വരൂപത്തെ
ദേവൈഃ അപി	ദേവന്മാരാലും കൂടി	അഹം	ഞാൻ
ദുരന്വയാ;	ദുരവഗാഹ്യമാകുന്നു;	സംബോധയാമി.	ഉണർത്തുകമാത്രമാകുന്നു ചെയ്യുന്നത്.
ശോകേന	ദുഃഖത്താൽ		

ദിവ്യം ച മാനുഷം ച ത്വമാത്മനശ്ച പരാക്രമം
ഇക്ഷ്വാകുവൃഷഭാവേക്ഷ്യ യതസ്വ ദ്വിഷതാം വധേ. 19

"ഇക്ഷ്വാകുവൃഷഭ!	"ഇക്ഷ്വാകുവംശതിലക!	പരാക്രമം ച	പരാക്രമത്തെ തന്നെ
ത്വം	നിന്തിരുവടി,	അവേക്ഷ്യ,	തിരുവുള്ളത്തിൽ കണ്ടോണ്ട്,
ആത്മനഃ	അവിടുത്തെ	ദ്വിഷതാം	അപരാധികളുടെ
ദിവ്യം ച	അമാനുഷവും	വധേ	വധത്തിൽ
മാനുഷം ച	മനുഷ്യർക്ക് നന്മയെ ഉണ്ടാക്കുന്നതും ആയ	യതസ്വ.	യത്നംചെയ്താലും.

കിം തേ സർവ്വവിനാശേന കൃതേന പുരുഷർഷഭ
തമേവ ത്വം രിപും പാപം വിജ്ഞായോദ്ധർത്തുമർഹസി. 20

"പുരുഷർഷഭ!	"പുരുഷോത്തമ!	ത്വം	നിന്തിരുവടി
സർവ്വവിനാശേന	സർവ്വക്കും നാശത്തെ വിളയിക്കുന്നതായ	പാപം	അപരാധിയായ
കൃതേന	കൃത്യംകൊണ്ട്	തം രിപും ഏവ	ആ ശത്രുവിനെ മാത്രം
തേ	നിന്തിരുവടിക്ക്	വിജ്ഞായ,	കണ്ടുപിടിച്ച്,
കിം?	എന്താണ് പ്രയോജനം?	ഉദ്ധർത്തും അർഹസി.	ഉന്മൂലനാശം ചെയ്വാൻ യത്നിക്കേണ്ടതാണ്.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
ഷട്ഷഷ്ടിതമഃ സർഗ്ഗഃ = അറുപത്താറാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 8931; ആരണ്യകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2219.

സപ്തഷഷ്ടിതമഃ സൎഗ്ഗഃ = അറുപത്തേഴാംസൎഗ്ഗം.

[ജടായുദ്ദൎശനം = ജടായുവിനെ കണ്ടെത്തുന്നതു്.]

പൂൎവ്വജോഽപ്യുക്തമാത്രസ്തു ലക്ഷ്മണേന സുഭാഷിതം
സാരഗ്രാഹീ മഹാസാരം പ്രതിജഗ്രാഹ രാഘവഃ. 1

പൂൎവ്വജഃ	ജ്യേഷ്ഠനും
സാരഗ്രാഹീ അപി	സാരജ്ഞനും ആയ
രാഘവഃ,	ശ്രീരാഘവൻ,
ലക്ഷ്മണേന	ലക്ഷ്മണനാൽ
സുഭാഷിതം	നല്ലതായി പറയപ്പെട്ടതിനെ
ഉക്തമാത്രഃ തു,	കേട്ടഉടനെതന്നെ,
മഹാസാരം	മഹത്തായ തത്വമെന്നു
പ്രതിജഗ്രാഹ.	കയ്ക്കൊണ്ടു.

സംനിഗൃഹ്യ മഹാബാഹുഃ പ്രവൃദ്ധം കോപമാത്മനഃ
അവഷ്ടഭ്യ ധനുശ്ചിത്രം രാമോ ലക്ഷ്മണമബ്രവീത്. 2

മഹാബാഹുഃ	മഹാബാഹുവായ
രാമഃ,	ശ്രീരാമൻ,
ആത്മനഃ	തന്റെ
പ്രവൃദ്ധം	വൎദ്ധിച്ചതായ
കോപം	ക്രോധത്തെ
സംനിഗൃഹ്യ,	തീരെവെടിഞ്ഞ്,
ചിത്രം	സൎവ്വോത്കൃഷ്ടമായ
ധനുഃ	കോദണ്ഡത്തെ
അവഷ്ടഭ്യ	ഞാണഴിച്ച്
ലക്ഷ്മണം	ലക്ഷ്മണനോടായി
അബ്രവീത്.	അരുളിച്ചെയ്തു.

കിം കരിഷ്യാവഹേ വത്സ ക്വ വാ ഗച്ഛാവ ലക്ഷ്മണ
കേനോപായേന പശ്യേയം സീതാമിതി വിചിന്തയ. 3

"വത്സ!	"ഉണ്ണീ!
കിം കരിഷ്യാവഹേ?	നാമെന്താണ് ചെയ്യേണ്ടത്?
ക്വ വാ ഗച്ഛാവ?	എങ്ങോട്ടാണ് പോകേണ്ടത്?
ലക്ഷ്മണ!	ലക്ഷ്മണ!
കേന	എന്തൊരു
ഉപായേന	ഉപായത്താലാണ്
സീതാം	സീതയെ
പശ്യേയം?	ഞാൻ കാണുക?
ഇതി വിചിന്തയ.	എന്നുള്ളതിനെക്കുറിച്ചു ആലോചിച്ചുപറഞ്ഞാലും.

തം തഥാ പരിതാപാൎത്തം ലക്ഷ്മണോ രാമമബ്രവീത്. 4

തഥാ	അപ്രകാരം
പരിതാപാൎത്തം	പരിതപിച്ചുകൊണ്ടിരുന്നവനായ
തം രാമം,	ആ ശ്രീരാമനോടായി,
ലക്ഷ്മണഃ	ലക്ഷ്മണൻ
അബ്രവീത്.	ഉണൎത്തിച്ചു.

ഇദമേവ ജനസ്ഥാനം ത്വമന്വേഷിതുമൎഹസി
രാക്ഷസൈൎബ്ബഹുഭിഃ കീൎണ്ണം നാനാദ്രുമലതായുതം. 5

"ബഹുഭിഃ	"പല
രാക്ഷസൈഃ	രാക്ഷസന്മാരാൽ
കീൎണ്ണം,	നിറയപ്പെട്ടതും,
നാനാ-ദ്രുമലതായുതം	പല വൃക്ഷലതാദികൾ തിങ്ങിയതും ആയ
ഇദം	ഈ
ജനസ്ഥാനം ഏവ	ജനസ്ഥാനത്തെത്തന്നെ
അന്വേഷിതും	തിരഞ്ഞുനോക്കുവാൻ
ത്വം അൎഹസി.	തിരുവുള്ളമുണ്ടാകേണ്ടതാണ്.

സന്തീഹ ഗിരിദുൎഗ്ഗാണി നിൎഝരാഃ കന്ദരാണി ച
ഗുഹാശ്ച വിവിധാ ഘോരാ നാനാമൃഗഗണാകുലാഃ. 6
ആവാസാഃ കിന്നരാണാം ച ഗന്ധൎവ്വഭവനാനി ച
താനി യുക്തോ മയാ സാൎദ്ധം ത്വമന്വേഷിതുമൎഹസി. 7

"ഇഹ	"ഇവിടെ	കിന്നരാണാം	കിന്നരന്മാരുടെ
ഗിരിദുൎഗ്ഗാണി,	മലകളിൽ പ്രവേശിപ്പാൻ കഴിയാത്തസ്ഥലങ്ങളും,	ആവാസാഃ ച	വാസസ്ഥലങ്ങളും
നിൎഝരാഃ,	ചുരങ്ങളും,	ഗന്ധൎവ്വഭവനാനി ച	ഗന്ധൎവ്വഭവനങ്ങളും
കന്ദരാണി ച,	ഗുഹകളും,	സന്തി;	ഉണ്ട്;
ഘോരാഃ	ഭയങ്കരങ്ങളും	മയാ സാൎദ്ധം	എന്നോടുകൂടി
നാനാമൃഗഗണാകുലാഃ	പല ദുഷ്ടമൃഗങ്ങൾ തിങ്ങിയതും ആയ	യുക്തഃ	നല്ലപോലെ
വിവിധാഃ	പലമാതിരി	താനി	അവയെ
ഗുഹാഃ ച,	കുണ്ടുള്ളപ്രദേശങ്ങളും,	അന്വേഷിതും	തിരഞ്ഞുനോക്കുവാൻ
		ത്വം അൎഹസി.	തിരുമനസ്സുണ്ടാകേണം.

ത്വദ്വിധാ ബുദ്ധിസമ്പന്നാ മഹാത്മാനോ നരൎഷഭ
ആപത്സു ന പ്രകമ്പന്തേ വായുവേഗൈരിവാചലാഃ. 8

"നരൎഷഭ!	"പുരുഷോത്തമ!	അചലാഃ ഇവ,	പൎവ്വതങ്ങൾ എന്നപോലെ,
ബുദ്ധിസമ്പന്നാഃ	അറിവുള്ളവരും		
മഹാത്മാനഃ	മഹാത്മാക്കളും ആയ		
ത്വദ്വിധാഃ,	നിന്തിരുവടിയെപ്പോലെയുള്ളവർ,	ആപത്സു	ആപത്തുകാലങ്ങളിൽ
വായുവേഗൈഃ	കൊടുങ്കാറ്റുകൾ കൊണ്ട്	ന പ്രകമ്പന്തേ."	മനസ്സു പതറാതെയിരിക്കുന്നു."

ഇത്യുക്തസ്തദ്വനം സൎവ്വം വിചചാര സലക്ഷ്മണഃ
ക്രുദ്ധോ രാമഃ ശരം ഘോരം സന്ധായ ധനുഷി ക്ഷുരം. 9

ഇതി	ഇപ്രകാരം	ധനുഷി	വില്ലിൽ
ഉക്തഃ	ഉണൎത്തിക്കപ്പെട്ടവനായ	സന്ധായ,	തൊടുത്ത്,
രാമഃ,	ശ്രീരാമൻ,	സലക്ഷ്മണഃ	ലക്ഷ്മണനോടും കൂടി
ക്രുദ്ധഃ	കോപാവിഷ്ടനായി	തത്	ആ
ഘോരം	ഘോരമായ	വനം സൎവ്വം	കാടു മുഴുവനും
ക്ഷുരം ശരം	ക്ഷുരമ്പിനെ തന്നെ	വിചചാര.	തേടി നടന്നു.

തതഃ പൎവ്വതകൂടാഭം മഹാഭാഗം ദ്വിജോത്തമം
ദദൎശ പതിതം ഭൂമൌ ക്ഷതജാൎദ്രം ജടായുഷം
തം ദൃഷ്ട്വാ ഗിരിശൃംഗാഭം രാമോ ലക്ഷ്മണമബ്രവീത്. 10

തതഃ	അട്ടിക്കിൽ,	ദ്വിജോത്തമം	പക്ഷിശ്രേഷ്ഠനായ
പർവ്വതകൂടാഭം	പർവ്വതശിഖരം പോന്നതും,	ജടായുഷം.	ജടായുവിനെ
		ദദർശ;	കണ്ടു;
മഹാഭാഗം	മഹത്തായ സുകൃതം ചെയ്തതും,	ഗിരിശൃംഗാഭം	കൊടുമുടിപോലുള്ള
		തം ദൃഷ്ട്വാ,	അതിനെ കണ്ട്,
ക്ഷതജാർദ്രം	ദേഹമെല്ലാം രക്തം [പുരണ്ട്	രാമഃ	ശ്രീരാമൻ
ഭൂമൌ	നിലത്ത്	ലക്ഷ്മണം	ലക്ഷ്മണനോടായി
പതിതം	കിടന്നിരുന്നതും ആയ	അബ്രവീത്.	അരുളിച്ചെയ്തു.

അനേന സീതാ വൈദേഹീ ഭക്ഷിതാ നാത്ര സംശയഃ
ഗൃധ്രരൂപമിദം വ്യക്തം രക്ഷോ ഭ്രമതി കാനനേ. 11

"വൈദേഹീ	"വിദേഹാത്മജയായ	വ്യക്തം	കപടവേഷമായി
സീതാ	സീത,	ഗൃധ്രരൂപം	കഴുകിന്റെ രൂപത്തെ കയ്ക്കൊണ്ടവനായ
അനേന	ഇതിനാൽ		
ഭക്ഷിതാ;	ഭക്ഷിക്കപ്പെട്ടു;	ഇദം	ഈ
അത്ര	ഇതിൽ	രക്ഷഃ	രാക്ഷസൻ
ന സംശയഃ;	സംശയിപ്പാനില്ല;	ഭ്രമതി.	നിലത്ത് പിടഞ്ഞുരുളുന്നു.
കാനനേ	കാട്ടിൽ		

ഭക്ഷയിത്വാ വിശാലാക്ഷീമാസ്തേ സീതാം യഥാസുഖം
ഏനം വധിഷ്യേ ദീപ്താഗ്രൈർഘോരൈർബാണൈരജിഹ്മഗൈഃ. 12

"വിശാലാക്ഷീം	"വിശാലാക്ഷിയായ	ദീപ്താഗ്രൈഃ	ജ്വലിക്കുന്ന മുനകളോടുകൂടിയതും
സീതാം	സീതയെ	ഘോരൈഃ	ഭയങ്കരങ്ങളും
ഭക്ഷയിത്വാ	ഭക്ഷിച്ച്	അജിഹ്മഗൈഃ	കുറിതെററാത്തവയും ആയ
യഥാസുഖം	സുഖമായി		
ആസ്തേ;	വീണുകിടക്കുന്നു;	ബാണൈഃ	ബാണങ്ങളാൽ
ഏനം	ഇതിനെ	വധിഷ്യേ."	ഞാൻ വധിക്കുന്നുണ്ട്."

ഇത്യുക്ത്വാഽഭ്യപതദ് ഗൃധ്രം സന്ധായ ധനുഷി ക്ഷുരം
ക്രുദ്ധോ രാമഃ സമുദ്രാന്താം ചാലയന്നിവ മേദിനീം. 13

ക്രുദ്ധഃ	കോപിച്ചിരുന്നവനായ	ക്ഷുരം	കത്തിയമ്പിനെ
രാമഃ	ശ്രീരാഘവൻ		
ഇതി ഉക്ത്വാ,	ഇപ്രകാരം പറഞ്ഞ്,	ധനുഷി	വില്ലിൽ
സമുദ്രാന്താം	ആഴിചൂഴുന്ന	സന്ധായ	ചേർത്ത്
മേദിനീം	ഊഴിയെ	ഗൃധ്രം	കഴുകിനെ
ചാലയൻ ഇവ,	കുലുക്കുന്നവനെന്നപോലെയായി,	അഭ്യപതത്.	അടുത്തു.

തം ദീനോ ദീനയാ വാചാ സഫേനം രുധിരം വമൻ
അഭ്യഭാഷത പക്ഷീ തു രാമം ദശരഥാത്മജം. 14

ദീനഃ	അതിയായ കഷ്ടദശയിലിരുന്നിരുന്ന	ദീനയാ വാചാ	ദൈന്യസ്വരത്തിൽ
പക്ഷീ	പക്ഷിയും	ദശരഥാത്മജം	ദാശരഥിയായ
സഫേനം	നുരയോടുകൂടിയ	തം	ആ
രുധിരം	ചോരയെ	രാമം	ശ്രീരാഘവനോടായി
വമൻ,	കക്കിക്കൊണ്ട്,	തു	ആ സമയം
		അഭ്യഭാഷത.	ഉണർത്തിച്ചു.

യാമോഷധിമിവായുഷ്മന്നന്വേഷസി മഹാവനേ
സാ ദേവീ മമ ച പ്രാണാ രാവണേനോഭയം ഹൃതം. 15

"ആയുഷ്മൻ!	"ആയുഷ്മാനായവനേ!	സാ	ആ
യാം	യാതൊരുവളെ	ദേവീ,	ദേവിയും,
മഹാവനേ,	വൻകാട്ടിൽ,	മമ	എന്റെ
ഓഷധിം ഇവ	മൂലികയെ എന്നപോലെ,	പ്രാണാഃ ച	പ്രാണങ്ങളും,
		ഉഭയം	രണ്ടും
അന്വേഷസി	ഭവാൻ തിരഞ്ഞുനടക്കുന്നുവോ	രാവണേന	രാവണനാൽ
		ഹൃതം.	അപഹരിക്കപ്പെട്ടു.

ത്വയാ വിരഹിതാ ദേവീ ലക്ഷ്മണേന ച രാഘവ
ഹ്രിയമാണാ മയാ ദൃഷ്ടാ രാവണേന ബലീയസാ. 16

"രാഘവ!	ശ്രീരാഘവ!	ബലീയസാ	ബലവാനായ
ത്വയാ	നിന്തിരുവടിയാലും	രാവണേന	രാവണനാൽ
ലക്ഷ്മണേന ച	ലക്ഷ്മണനാലും	ഹ്രിയമാണാ	കട്ടുകൊണ്ടുപോകപ്പെട്ട
വിരഹിതാ	വിട്ടുപിരിയപ്പെട്ട	മയാ	എന്നാൽ [വളായി
ദേവീ,	ദേവി,	ദൃഷ്ടാ.	കാണപ്പെട്ടു.

സീതാമഭ്യവപന്നോഽഹം രാവണശ്ച രണേ മയാ
വിധ്വംസിതരഥച്ഛത്രഃ പാതിതോ ധരണീതലേ. 17

"അഹം	"ഞാൻ	രാവണഃ ച	രാവണനും
സീതാം	സീതാദേവിയെ	വിധ്വംസിതരഥച്ഛത്രഃ	രഥവും കുടയും തകർക്കപ്പെട്ടവനായി
അഭ്യവപന്നഃ;	വീണ്ടുകൊണ്ടുവരുവാ	ധരണീതലേ	നിലത്തു
മയാ	എന്നാൽ [ൻ മുതിന്നു;	പാതിതഃ.	വീഴ്ത്തപ്പെട്ടു.
രണേ	പോരിൽ		

ഏതദസ്യ ധനുർഭഗ്നമേതദസ്യ ശരാവരം
അയം തു സാരഥിസ്തസ്യ മത്പക്ഷനിഹതോ യുധി
അയമസ്യ രണേ രാമ ഭഗ്നഃ സാംഗ്രാമികോ രഥഃ. 18

" ഭഗ്നം	" മുറിഞ്ഞുകിടക്കുന്ന	അയം തു	ഇവൻതന്നെയാണ്
ഏതത്	ഈ	തസ്യ	അവന്റെ
ധനുഃ	വില്ല്	സാരഥിഃ;	സാരഥി;
അസ്യ;	ഇവന്റേതാണ് ;	രാമ !	ശ്രീരാമ !
ഏതത്	ഈ	രണേ	പോരിൽ
ശരാവരം	കവചം	ഭഗ്നഃ	തകർക്കപ്പെട്ടതായ
അസ്യ;	ഇവന്റേതുതന്നെ;	അയം	ഈ
യുധി	പോരിൽ	സാംഗ്രാമികഃ	പോരിന്നുതകുന്ന
മത്പക്ഷ-നിഹതഃ	എന്റെ ചിറകുകൊണ്ടു കൊന്നുവീഴ്ത്തപ്പെട്ട	രഥഃ	സ്യന്ദനവും
		അസ്യ.	ഇവന്റേതുതന്നെ.

പരിശ്രാന്തസ്യ മേ പക്ഷൗ ഛിത്വാ ഖഡ്ഗേന രാവണഃ
സീതാമാദായ വൈദേഹീമുത്പപാത വിഹായസം. 19

" രാവണഃ	" രാവണൻ	വൈദേഹീം	വിദേഹാത്മജയായ
പരിശ്രാന്തസ്യ	തളർന്നുപോയവനായ	സീതാം	സീതാദേവിയെ
മേ പക്ഷൗ	എന്റെ രണ്ടു ചിറകുകളേയും	ആദായ	എടുത്തുംകൊണ്ട്
ഖഡ്ഗേന	വാൾകൊണ്ട്	വിഹായസം	ആകാശത്തിൽ
ഛിത്വാ,	വെട്ടിമുറിച്ച്,	ഉത്പപാത.	ഉയർന്നുചെന്നു.

രക്ഷസാ നിഹതം പൂർവ്വം ന മാം ഹന്തും ത്വമർഹസി. 20

" പൂർവ്വം	" മുമ്പേതന്നെ	ഹന്തും	കൊല്ലുന്നത്
രക്ഷസാ	രാക്ഷസനാൽ	ത്വം ന അർഹസി."	ഉചിതമല്ല."
നിഹതം മാം	ഹനിക്കപ്പെട്ടവനായ എന്നെ		

രാമസ്തസ്യ തു വിജ്ഞായ ബാഷ്പപൂർണ്ണമുഖസ്തദാ
ദ്വിഗുണീകൃതതാപാർത്തഃ സീതാസക്താം പ്രിയാം കഥാം. 21

രാമഃ	ശ്രീരാമൻ	കഥാം	വർത്തമാനത്തെ
തദാ	ആ സമയം	വിജ്ഞായ തു,	അറിഞ്ഞുകൊണ്ട്,
തസ്യ	ആ ജടായു ഉരചെയ്യുന്നതും	ദ്വിഗുണീ-കൃത-താപാർത്തഃ	ഇരട്ടിച്ചതായ ദുഃഖത്താലുരുകുന്നവനായി
സീതാ-സക്താം	സീതയുടെപേരിലുള്ള ഭക്തിയെ വ്യക്തമാക്കുന്നതും	ബാഷ്പ-പൂർണ്ണമുഖഃ.	അശ്രുക്കൾ നിറഞ്ഞ വദനത്തോടുകൂടിയവനായ് ഭവിച്ചു.
പ്രിയാം	പ്രയോജനവത്തായും ഉള്ള		

[സീത കാണാതായ ദുഃഖത്തോടുകൂടി ജടായുവിന്ന് പററിയ അപകടംകൊണ്ട് വ്യസനം അധികരിച്ചവനായി. എന്നു് (തീർത്ഥീയം)]

ഗൃധ്രരാജം പരിഷ്വജ്യ പരിത്യജ്യ മഹദ്ധനുഃ
നിപപാതാവശോ ഭൂമൌ രുരോദ സഹലക്ഷ്മണഃ. 22

മഹത് ധനുഃ	ശ്രേഷ്ഠധനുസ്സിനെ	അവശഃ	മതിമറന്നവനായി
പരിത്യജ്യ,	താഴത്തിട്ട്,	സഹലക്ഷ്മണഃ	ലക്ഷ്മണസഹിതനായി
ഗൃധ്രരാജം	കഴുകരാജനെ	ഭൂമൌ	നിലത്തു
		നിപപാത;	വീണുപോയി;
പരിഷ്വജ്യ	കെട്ടിയണച്ചുകൊണ്ട്	രുരോദ.	വാവിട്ടു കരകയുംചെയ്തു.

ഏകമേകായനേ ദുർഗ്ഗേ നിഃശ്വസന്തം മുഹുർമ്മുഹുഃ
സമീക്ഷ്യ ദുഃഖിതോ രാമഃ സൌമിത്രിമിദമബ്രവീത്. 23

രാമഃ	ശ്രീരാഘവൻ	നിഃശ്വസന്തം	നെടുവീർപ്പിടുന്ന ആ പക്ഷിയെ
ഏകായനേ	മനസ്സ് വേറെയൊന്നിലും ചെല്ലാതെയിരിക്കന്നതായ	സമീക്ഷ്യ,	കണ്ട്,
		ദുഃഖിതഃ	പരിതാപം പൂണ്ടവനായി
ദുർഗ്ഗേ	അന്ത്യകാലമാകുന്ന ആപത്തിൽ	സൌമിത്രിം	ലക്ഷ്മണനെ നോക്കി
ഏകം	അസഹായനായി	ഇദം	ഇങ്ങിനെ
മുഹുഃ മുഹുഃ	കൂടെക്കൂടെ	അബ്രവീത്.	അരുളിച്ചെയ്തു.

["ഏകായനേ" (ഊർദ്ധ്വഗതിയൊടുകൂടി ശ്വാസംവലിക്കുന്ന അവസ്ഥയിൽ) എന്നു തിലകം. (ഒററയടിപ്പാതയിൽ) എന്നു ഗൊ. രാ.]

രാജ്യാദ്ഭ്രംശോ വനേ വാസഃ സീതാ നഷ്ടാ ദ്വിജോ ഹതഃ
ഈദൃശീയം മമാലക്ഷ്മീർന്നിർദ്ദഹേദപി പാവകം. 24

"രാജ്യാത് ഭ്രംശഃ;	"രാജ്യത്തിൽനിന്ന് ഭ്രംശം സംഭവിച്ചു;	ഇയം	ഈ
വനേ വാസഃ;	വനവാസവുമേർപ്പെട്ടു;	മമ അലക്ഷ്മീഃ	എന്റെ ദുരദൃഷ്ടം
സീതാ നഷ്ടാ;	സീതയും കാണാതായി;	പാവകം അപി	അഗ്നിയെയുംകൂടി
ദ്വിജഃ ഹതഃ;	പക്ഷിയും ഹതനായി;	നിർദ്ദഹേത്.	ചുട്ടെരിച്ചുകളയുന്നതാണ്.
ഈദൃശീ	ഇപ്രകാരമുള്ള		

സംപൂർണ്ണമപി ചേദദ്യ പ്രതരേയം മഹോദധിം
സോഽപി നൂനം മമാലക്ഷ്മ്യാ വിശുഷ്യേത്സരിതാം പതിഃ. 25

"അദ്യ	"ഇപ്പോൾ	സഃ അപി	അതും
സംപൂർണ്ണം	കരകവിഞ്ഞുള്ള	മമ അലക്ഷ്മ്യാ അപി	എന്റെ ദുർഭാഗ്യത്താൽ തന്നെ
മഹോദധിം പ്രതരേയം ചേത്	വൻകടലിൽ ഞാൻ ചെന്നുവീണാലും,	നൂനം	നിശ്ചയമായും
സരിതാം പതിഃ	സരിത്പതിയായ	വിശുഷ്യേത്.	വററിപ്പോയ്ക്കളയും.

നാസ്ത്യഭാഗ്യതരോ ലോകേ മത്തോഽസ്മിൻ സചരാചരേ
യേനേയം മഹതീ പ്രാപ്താ മയാ വ്യസനവാഗുരാ. 26

“ സചരാചരേ	“ ചരാചരങ്ങളുടങ്ങിയ	യേന	ആയതുകൊണ്ടുതന്നെ
അസ്മിൻ	ഈ [തായ	ഇയം	ഈ [യാണ്
ലോകേ	പ്രപഞ്ചത്തിൽ	മഹതീ വ്യസ-നവാഗുരാ	വലുതായ ദുഃഖമാകുന്ന പാഴ്ക്കണ്ട്
മത്തഃ	എന്നെക്കാൾ	മയാ പ്രാപ്താ.	എന്നാൽ പ്രാപിക്കപ്പെട്ടത്.
അഭാഗ്യതരഃ	ഭാഗ്യഹീനനായ ഒരു		
അസ്തി ന ;	ഇല്ലതന്നെ ; [വനും		

അയം പിതൃവയസ്യോ മേ ഗൃധ്രരാജോ ജരാന്വിതഃ
ശേതേ വിനിഹതോ ഭൂമൌ മമ ഭാഗ്യവിപര്യയാത്. 27

“ മേ	“ എന്റെ	മമ ഭാഗ്യ-വിപര്യയാത്	എന്റെ ദുർഭാഗ്യത്താൽ
പിതൃവയസ്യഃ	പിതൃസഖാവും	വിനിഹതഃ	ഹനിക്കപ്പെട്ടവനായി
ജരാന്വിതഃ	വൃദ്ധനും ആയ	ഭൂമൌ	നിലത്ത്
അയം	ഈ	ശേതേ. ”	കിടക്കുന്നു. ”
ഗൃധ്രരാജഃ	ഗൃധ്രരാജാവും		

ഇത്യേവമുക്ത്വാ ബഹുശോ രാഘവഃ സഹലക്ഷ്മണഃ
ജടായുഷം ച പസ്പർശ പിതൃസ്നേഹം വിദർശയൻ. 28

സഹലക്ഷ്മണഃ	ലക്ഷ്മണസഹിതനായ	പിതൃസ്നേഹം	പിതാവിങ്കലെന്നപോലെയുള്ള സ്നേഹത്തെ
രാഘവഃ,	ശ്രീരാഘവൻ,		
ഇതി ഏവം	ഇപ്രകാരമെല്ലാം	വിദർശയൻ ച,	പ്രദർശിപ്പിക്കുന്നവ
ബഹുശഃ	പലവാറായി	ജടായുഷം	ജടായുവിനെ [നായി,
ഉക്ത്വാ,	മുറയിട്ട്,	പസ്പർശ.	തലോടി.

നികൃത്തപക്ഷം രുധിരാവസിക്തം
തം ഗൃധ്രരാജം പരിരഭ്യ രാമഃ
ക്വ മൈഥിലീ പ്രാണസമാ ഗതേതി
വിമുച്യ ബാഷ്പം നിപപാത ഭൂമൌ.

രാമഃ,	ശ്രീരാമൻ,	‘ പ്രാണസമാ	‘ പ്രാണനുതുല്യമായ
നികൃത്തപക്ഷം	ചിറകുകൾ ഖണ്ഡിക്കപ്പെട്ട്	മൈഥിലീ	ജാനകി
		ക്വ ഗതാ ?’	എങ്ങുപോയൊ ?’
രുധിരാ-വസിക്തം	ചോരയിൽ മുങ്ങിക്കിടന്നിരുന്ന	ഇതി	എന്ന്
		ബാഷ്പം	അശ്രുക്കൾ
തം	ആ	വിമുച്യ,	പൊഴിച്ച്,
ഗൃധ്രരാജം	പക്ഷിരാജാവിനെ	ഭൂമൌ	നിലത്ത്
പരിരഭ്യ,	അണച്ചുകൊണ്ട്,	നിപപാത.	വീണുകളഞ്ഞു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ ആരണ്യകാണ്ഡേ
സപ്തഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തേഴാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 8960 ; ആരണ്യകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2248.

അഷ്ടഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തെട്ടാംസർഗ്ഗം.

[ജടായുഃസംസ്കാരഃ = ജടായുവിനെ സംസ്കരിക്കുന്നതു്.]

രാമഃ സംപ്രേക്ഷ്യ തം ഗൃദ്ധ്രം ഭുവി രൌദ്രേണ പാതിതം
സൌമിത്രിം മിത്രസമ്പന്നമിദം വചനമബ്രവീത്. 1

രാമഃ	ശ്രീരാമൻ,	തം	ആ
രൌദ്രേണ	ദുഷ്ടരാവണനാൽ	ഗൃദ്ധ്രം	കഴുകിനെ
ഭുവി	നിലത്തു്	സംപ്രേക്ഷ്യ,	കടാക്ഷിച്ചു്,
പാതിതം	വീഴ്ത്തപ്പെട്ടവനും,	സൌമിത്രിം	സൌമിത്രിയോടായി
മിത്രസമ്പന്നം	മിത്രനുവേണ്ടി ജീവനെ ബലികൊടുത്തു് സഹായിച്ചവനുമായ	ഇദം വചനം	ഇപ്രകാരം
		അബ്രവീത്.	അരുളിച്ചെയ്തു.

മമായം നൂനമർത്ഥേഷു യതമാനോ വിഹംഗമഃ
രാക്ഷസേന ഹതഃ സംഖ്യേ പ്രാണാംസ്ത്യജതി ദുസ്ത്യജാൻ. 2

“ അയം	“ ഈ	രാക്ഷസേന	രാക്ഷസനാൽ
വിഹംഗമഃ	പക്ഷിശ്രേഷ്ഠൻ	ഹതഃ ;	ഹനിക്കപ്പെട്ടു ;
മമ	എന്റെ	ദുസ്ത്യജാൻ	ആർക്കും ത്യജിപ്പാൻ മനസ്സുവരാത്തതായ
അർത്ഥേഷു	കൈങ്കര്യ്യങ്ങളിൽ	പ്രാണാൻ	ജീവനെ
യതമാനഃ	ഏകാഗ്രതയോടു കൂടിയതായി	നൂനം	ഇതാ
സംഖ്യേ	പോരിൽ	ത്യജതി.	പരിത്യജിക്കുന്നു.

അയമസ്യ ശരീരേഽസ്മിൻ പ്രാണോ ലക്ഷ്മണ വിദ്യതേ
തഥാ ഹി സ്വരഹീനോഽയം വിക്ലബഃ സമുദീക്ഷതേ. 3

“ ലക്ഷ്മണ !	“ ലക്ഷ്മണ !	തഥാ ഹി	അതിനാൽ തന്നെയാണു്
അസ്യ	ഇതിന്റെ	അയം	ഇതു്
അസ്മിൻ	ഈ	സ്വരഹീനഃ	ഒച്ചയില്ലാതായി
ശരീരേ	ദേഹത്തിൽ	വിക്ലബഃ	കുഴങ്ങി
അയം പ്രാണഃ	ജീവനൊന്നു മാത്രം	സമുദീക്ഷതേ.	മിഴിച്ചു മിഴിച്ചു നോക്കുന്നതു്.
വിദ്യതേ ;	നില്ക്കുന്നുണ്ടു് ;		

ജടായോ യദി ശക്നോഷി വാക്യം വ്യാഹരിതും പുനഃ
സീതാമാഖ്യാഹി ഭദ്രം തേ വധമാഖ്യാഹി ചാത്മനഃ 4

“ ജടായോ !	“ ജടായുസ്സേ !	ആഖ്യാഹി ;	വിവരമായ് പറഞ്ഞാലും ;
പുനഃ	ഇനിയും	ആത്മനഃ	ഭവാന്റെ
വാക്യം	ഒരുവാക്കു്	വധം ച	വധത്തെപ്പററിയും
വ്യാഹരിതും	പറവാൻ	ആഖ്യാഹി ;	വിവരമായ് പറഞ്ഞാലും ;
ശക്നോഷി യദി	ശക്തിയുള്ള പക്ഷം	തേ ഭദ്രം.	അങ്ങയ്ക്കു് ദൈവാനുഗ്രഹം ഉണ്ടാകട്ടെ.
സീതാം	സീതയെക്കുറിച്ചു്		

കിംനിമിത്തോഽഹരത് സീതാം രാവണസ്തസ്യ കിം മയാ
അപരാധം തു യം ദൃഷ്ട്വാ രാവണേന ഹൃതാ പ്രിയാ. 5

"രാവണഃ	"രാവണൻ	കിം?	എന്തുസംഭവിച്ചു?
സീതാം	സീതാദേവിയെ	യം	എന്തൊരു
കിംനിമിത്തഃ	എന്തു ഉദ്ദേശത്തോടെയാണ്	അപരാധം	കുററം
അഹരത്?	അപഹരിച്ചുകൊണ്ടു [പോയത്?	ദൃഷ്ട്വാ തു	കണ്ടിട്ടാണ്
തസ്യ	അവന്നു	രാവണേന	രാവണനാൽ
മയാ	എന്നാൽ	പ്രിയാ	പ്രിയതമ
		ഹൃതാ?	അപഹരിക്കപ്പെട്ടത്?

കഥം തച്ചന്ദ്രസങ്കാശം മുഖമാസീന്മനോഹരം
സീതയാ കാനി ചോക്താനി തസ്മിൻ കാലേ ദ്വിജോത്തമ. 6

"ദ്വിജോത്തമ!	"പക്ഷിശ്രേഷ്ഠ!	തസ്മിൻ	ആ
ചന്ദ്രസംകാശം	ചന്ദ്രനുതുല്യമായ	കാലേ	സന്ദർഭത്തിൽ
തത്	ആ	സീതയാ	സീതയാൽ
മനോഹരം മുഖം	മനോഹരവദനം	ഉക്താനി ച	പറയപ്പെട്ടവ
കഥം	എങ്ങിനെ	കാനി?	എന്തെല്ലാമായിരുന്നു?
ആസീത്?	ഇരുന്നിരുന്നു?		

കഥംവീര്യഃ കഥംരൂപഃ കിംകർമ്മാ സ ച രാക്ഷസഃ
ക്വ ചാസ്യ ഭവനം താത ബ്രൂഹി മേ പരിപൃച്ഛതഃ. 7

"താത!	"മഹാത്മാവേ!	കിംകർമ്മാ ച?	എപ്രകാരമുള്ള പ്രവൃത്തിയോടുകൂടിയവൻ?
സഃ	ആ	അസ്യ	ഇവന്റെ
രാക്ഷസഃ	രാക്ഷസൻ	ഭവനം ച	വസതിയും
കഥംവീര്യഃ?	എങ്ങിനെയുള്ള പ്രഭാവത്തോടുകൂടിയവനാണ്?	ക്വ?	എവിടെയാണ്?
		പരിപൃച്ഛതഃ	ചോദിക്കുന്ന
കഥംരൂപഃ?	എങ്ങിനെയുള്ള രൂപത്തോടുകൂടിയവൻ?	മേ	എന്നോടു
		ബ്രൂഹി."	പറഞ്ഞാലും."

തമുദ്വീക്ഷ്യാഥ ദീനാത്മാ വിലപന്തമനന്തരം
വാചാഽതിസന്നയാ രാമം ജടായുരിദമബ്രവീത്. 8

അഥ	അപ്പോൾ	ഉദ്വീക്ഷ്യ	നോക്കി
ദീനാത്മാ	മരിക്കാറായിക്കിടന്നിരുന്ന	അതിസന്നയാ	കഷ്ടപ്പെട്ടുച്ചരിക്കുന്ന നേരിയ ഒച്ചയോടുകൂടിയ
ജടായുഃ,	ജടായു,		
അനന്തരം	ഇടവിടാതെ	വാചാ	വാക്യത്താൽ
വിലപന്തം	വിലപിക്കുന്ന	ഇദം	പിൻവരുമാറു്
തം രാമം	ആ ശ്രീരാമനെ	അബ്രവീത്.	ഉരചെയ്തു.

ഹൃതാ സാ രാക്ഷസേന്ദ്രേണ രാവണേന വിഹായസാ
മായാമാസ്ഥായ വിപുലാം വാതദുൎദ്ദിനസങ്കുലാം. 9

"സാ,	"അവൾ,	വിപുലാം	ഇത്രയെന്ന് അറിയുവാൻ കഴിയാത്തതും
രാക്ഷസേന്ദ്രേണ	രാക്ഷസരാജാവായ	മായാം	മായയെ [ആയ
രാവണേന	രാവണനാൽ	ആസ്ഥായ,	അവലംബിച്ച്,
വാതദുൎദ്ദിന-സങ്കുലാം	കൊടുങ്കാറേറാടും കുരിരുളോടും കൂടിയതും	വിഹായസാ	ആകാശമാൎഗ്ഗമായി
		ഹൃതാ.	എടുത്തുകൊണ്ടുപോകപ്പെട്ടു.

പരിശ്രാന്തസ്യ മേ താത പക്ഷൌ ഛിത്വാ സ രാക്ഷസഃ
സീതാമാദായ വൈദേഹീം പ്രയാതോ ദക്ഷിണാം ദിശം. 10

"താത!	"വത്സ!	ഛിത്വാ,	മുറിച്ചെറിഞ്ഞ്,
സഃ	ആ	വൈദേഹീം	ജനകാത്മജയായ
രാക്ഷസഃ	രാക്ഷസൻ	സീതാം	സീതാദേവിയെ
പരിശ്രാന്തസ്യ	ക്ഷീണിച്ചുകിടന്നിരുന്ന	ആദായ	എടുത്തുകൊണ്ട്
		ദക്ഷിണാം	തെക്കെ
മേ	എന്റെ	ദിശം	ദിക്കുനോക്കി
പക്ഷൌ	ഇരുചിറകുകളെയും	പ്രയാതഃ.	ചെന്നു.

ഉപരുദ്ധ്യന്തി മേ പ്രാണാ ദൃഷ്ടിൎഭ്രമതി രാഘവ
സൎവ്വക്ലേശവിമുക്തം മാം ബാഹുഭ്യാം സംപരിഷ്വജ. 11

"രാഘവ!	"രഘൂത്തമ!	ബാഹുഭ്യാം	ഇരുകൈകൾകൊണ്ടും
മേ	എന്റെ	മാം	എന്നെ
പ്രാണാഃ	ജീവൻ	സൎവ്വക്ലേശ-വിമുക്തം	സംസാരബന്ധങ്ങളെല്ലാററിൽനിന്നും വിമുക്തനാക്കുമാറ്
ഉപരുദ്ധ്യന്തി;	തുടിക്കുന്നു;		
ദൃഷ്ടിഃ	കണ്ണു		
ഭ്രമതി;	ചുഴറുന്നു;	സംപരിഷ്വജ.	ആശ്ലേഷിച്ചരുളിയാലും.

പശ്യാമി വൃക്ഷാൻ സൌവൎണ്ണാനുശീരകൃതമൂൎദ്ധജാൻ. 12

"വൃക്ഷാൻ	"വൃക്ഷങ്ങളെ	ഉശീരകൃത-മൂൎദ്ധജാൻ	രാമച്ചംപോലുള്ള അഗ്രങ്ങളോടുകൂടിയവയാ
സൌവൎണ്ണാൻ	പൊൻനിറമാൎന്നവയായി,	പശ്യാമി.	ഞാൻ ഭ്രമിക്കുന്നു. [യി

യേന യാതി മുഹൂൎത്തേന സീതാമാദായ രാവണഃ
വിപ്രണഷ്ടം ധനം ക്ഷിപ്രം തത്സ്വാമീ പ്രതിപദ്യതേ. 13
വിന്ദോ നാമ മുഹൂൎത്തോഽസൌ സ ച കാകുത്സ്ഥ നാബുധത്
ത്വത്പ്രിയാം ജാനകീം ഹൃത്വാ രാവണോ രാക്ഷസേശ്വരഃ
ഝഷവദ്ബഡിശം ഗൃഹ്യ ക്ഷിപ്രമേവ വിനശ്യതി. 14

"രാവണഃ	"രാവണൻ
യേന	ഏതു
മുഹൂൎത്തേന	സമയത്തിൽ
സീതാം	സീതാദേവിയെ
ആദായ	എടുത്തുകൊണ്ടു്,
യാതി,	പോയ്ക്കൊണ്ടിരുന്നുവോ,
അസൌ	ആയതു്
വിന്ദഃ നാമ	വിജയമെന്ന
മുഹൂൎത്തഃ;	നല്ലമുഹൂൎത്തമായിരുന്നു;
തത്	ആകയാൽ
വിപ്രണഷ്ടം	നഷ്ടമായ്പ്പോയ
ധനം,	ദ്രവ്യത്തെ,
ക്ഷിപ്രം	താമസിയാതെ
സ്വാമീ	ഉടമസ്ഥൻതന്നെ
പ്രതിപദ്യതേ;	തിരിയെ പ്രാപിക്കുന്നു;
തൽപ്രിയാം	നിന്തിരുവടിയുടെ പ്രേമഭാജനമായ
ജാനകീം	ജാനകീദേവിയെ
ഹൃത്വാ,	അപഹരിച്ചു്,
സഃ ച	അവനും
ന അബുദ്ധ്യത;	അതിനെക്കുറിച്ചു് ശ്രദ്ധിക്കാതിരുന്നു;
രാക്ഷസേശ്വരഃ	രാക്ഷസരാജാവായ
രാവണഃ	രാവണൻ
ബഡിശം	ചൂണ്ടൽ
ഗ്രസ്യ	വിഴുങ്ങിയ
ഝഷവത്	മത്സ്യമെന്നപോലെ
ക്ഷിപ്രം ഏവ	ഇതാ
വിനശ്യതി.	നശിക്കുവാൻപോകുന്നു.

["വിന്ദഃ", (വിന്ദതേ അനേന നഷ്ടം ധനം ഇതി വിന്ദഃ), ഇതിൽ നഷ്ടമായ്പ്പോയ വസ്തു തിരിയെ പ്രാപിക്കപ്പെടുന്നതുകൊണ്ടു് 'വിന്ദഃ' എന്നു് ഈ മുഹൂൎത്തത്തിന്നു് പേരാകുന്നു. ഇതിന്നു് 'വിജയം' എന്നും പേരുണ്ടു്. ഇതു് പകലിൽ പതിനൊന്നാമത്തെ മുഹൂൎത്തമാകുന്നു. അതായതു് ഇരുപതു മുതൽ ഇരുപത്തിരണ്ടു നാഴികവരെ. "രൌദ്രഃ ശ്വേതശ്ച മൈത്രശ്ച തഥാ സാരഭടഃ സ്മൃതഃ സാവിത്രോ വൈശ്വദേവശ്ച ഗാന്ധൎവ്വഃ കുതപസ്തഥാ. രൌഹിണസ്തിലകശ്ചൈവ വിജയോ നൈരൃതസ്തഥാ. ശംബരോവാരുണശ്ചൈവ ഭഗഃ പഞ്ചദശഃ സ്മൃതഃ." എന്നിങ്ങിനെ പകൽ 30നാഴികയെ പതിനഞ്ചു മുഹൂൎത്തങ്ങളായി ഭാഗിച്ചിരിക്കുന്നു. ബാലകാണ്ഡം 73 (9)ലെ കുറിപ്പും കാണ്ക.]

ന ച ത്വയാ വ്യഥാ കാൎയ്യാ ജനകസ്യ സുതാം പ്രതി
വൈദേഹ്യാം രംസ്യസേ ക്ഷിപ്രം ഹത്വാ തം രാക്ഷസം രണേ. 15

"ജനകസ്യ സുതാം പ്രതി	"ജനകസുതയെക്കുറിച്ചു്
ത്വയാ	നിന്തിരുവടിയാൽ
വ്യഥാ ച	വ്യസനമെന്നതേ
ന കാൎയ്യാ;	കൈക്കൊള്ളേണ്ടതില്ല;
രണേ	പോരിൽ
തം	ആ
രാക്ഷസം	രാക്ഷസനെ
ക്ഷിപ്രം	വേഗത്തിൽ
ഹത്വാ,	കൊന്നു്,
വൈദേഹ്യാം	ജാനകീദേവിയുടെ വിഷയത്തിൽ
രംസ്യസേ.	നിന്തിരുവടി സന്തോഷിക്കുമാറാകും.

അസംമൂഢസ്യ ഗൃദ്ധ്രസ്യ രാമം പ്രത്യനുഭാഷതഃ
ആസ്യാത് സുസ്രാവ രുധിരം മ്രിയമാണസ്യ സാമിഷം. 16

രാമം	ശ്രീരാമനോടായി
ഗൃദ്ധ്രസ്യ	കഴുകൻ
മ്രിയമാണസ്യ	പ്രാണൻപോകാറായ സമയത്തിലും
അസംമൂഢസ്യ	ഓൎമ്മകെട്ടുപോകാതെ
പ്രത്യനുഭാഷതഃ	ഇങ്ങിനെ മറുപടി പറയുമ്പോൾ
ആസ്യാത്	അതിന്റെ മുഖത്തിൽ [നിന്നു്
രുധിരം	രക്തം
സാമിഷം	കട്ടയും കഷണവുമായി
സുസ്രാവ.	വഴിഞ്ഞൊഴുകി.

പുത്രോ വിശ്രവസഃ സാക്ഷാത് ഭ്രാതാ വൈശ്രവണസ്യ ച
ഇത്യുക്ത്വാ ദുർല്ലഭാൻ പ്രാണാൻ മുമോച പതഗേശ്വരഃ. 17

"വിശ്രവസഃ	"വിശ്രവസ്സെന്ന മുനീന്ദ്രന്റെ	ഇതി ച	എന്ന് മാത്രം
സാക്ഷാത് പുത്രഃ;	ഔരസപുത്രനാണ്;	ഉക്ത്വാ,	പറഞ്ഞശേഷം,
		പതഗേശ്വരഃ	ആ പക്ഷിശ്രേഷ്ഠൻ
		ദുർല്ലഭാൻ	ത്രിലോകപ്രസിദ്ധിയാ[ന്ന
വൈശ്രവണസ്യ	കുബേരന്റെ	പ്രാണാൻ	തന്റെ ജീവനെ
ഭ്രാതാ,"	അനുജൻ;"	മുമോച.	വെടിഞ്ഞു.

ബ്രൂഹി ബ്രൂഹീതി രാമസ്യ ബ്രുവാണസ്യ കൃതാഞ്ജലേഃ
ത്യക്ത്വാ ശരീരം ഗൃധ്രസ്യ ജഗ്മുഃ പ്രാണാ വിഹായസം. 18

കൃതാഞ്ജലേഃ	കൈകൂപ്പിക്കൊണ്ട്	ഗൃധ്രസ്യ	കഴുകന്റെ
രാമസ്യ	ശ്രീരാമൻ	പ്രാണാഃ,	ആത്മാവ്,
"ബ്രൂഹി ബ്രൂഹി," ഇതി	"പറഞ്ഞാലും, പറഞ്ഞാലും" എന്ന്	ശരീരം	ദേഹത്തെ
		ത്യക്ത്വാ,	വെടിഞ്ഞ്,
ബ്രുവാണസ്യ	വീണ്ടും വീണ്ടും അപേക്ഷിക്കവേതന്നെ	വിഹായസം	ആകാശമാർഗ്ഗമായി
		ജഗ്മുഃ.	ചെന്നു.

സ നിക്ഷിപ്യ ശിരോ ഭൂമൗ പ്രസാര്യ ചരണൗ തഥാ
വിക്ഷിപ്യ ച ശരീരം സ്വം പപാത ധരണീതലേ. 19

സഃ	അതു	പ്രസാര്യ	നീട്ടി,
ശിരഃ	തലയെ	സ്വം	തന്റെ
ഭൂമൗ	നിലത്തു	ശരീരം	ദേഹത്തെ
നിക്ഷിപ്യ,	വെച്ചുകൊണ്ട്,	ധരണീതലേ	നിലത്തു
തഥാ	അങ്ങിനെതന്നെ	വിക്ഷിപ്യ ച	കിടത്തിക്കൊണ്ട്
ചരണൗ	കാലുകളേയും	പപാത.	മറിഞ്ഞുവീണു.

[രാവണനാൽ ഹതനായിട്ടും ഇതുവരെ മരിക്കാതിരുന്നത് സീതയുടെ അനുഗ്രഹത്താലാണെന്നു സ്കാന്ദത്തിൽ പറയുന്നു. "ദേവി മാം പ്രാഹ രാജേന്ദ്ര യാവത്സംഭാഷണം മമ ഭവതസ്താവദാസന്മേ പ്രാണാ ഇത്യാഹ ജാനകീ." (തീർത്ഥീയം.)]

തം ഗൃധ്രം പ്രേക്ഷ്യ താമ്രാക്ഷം ഗതാസുമചലോപമം
രാമഃ സുബഹുഭിർദ്ദുഃഖൈർദ്ദീനഃ സൌമിത്രിമബ്രവീത്. 20

രാമഃ	ശ്രീരാമൻ	പ്രേക്ഷ്യ	കണ്ട്,
താമ്രാക്ഷം	ചുവന്ന കണ്ണുകളുള്ള	സുബഹുഭിഃ	ഒട്ടേറെ
തം	ആ	ദുഃഖൈഃ	ദുഃഖങ്ങൾ കാരണം
ഗൃധ്രം	കഴുകനെ	ദീനഃ	പീഡിക്കപ്പെട്ടവനായി
അചലോപമം	മലപോലെ	സൌമിത്രിം	ലക്ഷ്മണനെ നോക്കി
ഗതാസും	ചത്തുകിടക്കുന്നതു	അബ്രവീത്.	ഇങ്ങിനെ അരുൾചെയ്തു.

ബഹൂനി രക്ഷസാം വാസേ വർഷാണി വസതാ സുഖം
അനേന ദണ്ഡകാരണ്യേ വിശീർണ്ണമിഹ പക്ഷിണാ. 21

"രക്ഷസാം	"രാക്ഷസന്മാരുടെ	സുഖം	സൌഖ്യത്തോടെ
വാസേ	പാർപ്പിടമായ	വസതാ	ജീവിച്ചുവന്ന
ദണ്ഡകാരണ്യേ	ദണ്ഡകാരണ്യത്തിൽ	അനേന	ഈ
ബഹൂനി	എത്രയോ	പക്ഷിണാ	പക്ഷിയാൽ
വർഷാണി	സംവത്സരങ്ങൾ	ഇഹ	ഇപ്പോൾ
		വിശീർണ്ണം.	ജീവനുപേക്ഷിക്കപ്പെട്ടു.

അനേകവാർഷികോ യസ്തു ചിരകാലസമുത്ഥിതഃ
സോഽയമദ്യ ഹതഃ ശേതേ കാലോ ഹി ദുരതിക്രമഃ 22

"യഃ	"യാതൊന്ന്	സഃ അയം തു	ആ ഇതുതന്നെ
അനേക-വാർഷികഃ	പലവർഷങ്ങളെക്കണ്ടുവോ,	അദ്യ	ഇപ്പോൾ
ചിരകാല-സമുത്ഥിതഃ	വളരെക്കാലം യാതൊരു കുറവും കൂടാതെ വാണുവന്നതു	ഹതഃ	കൊല്ലപ്പെട്ട്
യഃ	യാതൊന്നോ,	ശേതേ;	ശവമായിക്കിടക്കുന്നു;
		കാലഃ	വിധിയെന്നത്
		ദുരതിക്രമഃ ഹി.	ആർക്കും ദുർവ്വിലംഘ്യം തന്നെ.

പശ്യ ലക്ഷ്മണ ഗൃദ്ധ്രോഽയമുപകാരീ ഹതശ്ച മേ
സീതാമഭ്യവപന്നോ വൈ രാവണേന ബലീയസാ. 23

"പശ്യ	"നോക്കു!	അഭ്യവപന്നഃ വൈ	വീണ്ടെടുക്കുവാൻ മുതിർന്നു
ലക്ഷ്മണ!	ലക്ഷ്മണ!	അയം ഗൃദ്ധ്രഃ ച,	ഈ ഗൃദ്ധ്രവും,
മേ	എനിക്ക്	ബലീയസാ	ബലശാലിയായ
ഉപകാരി	വലിയ ഉപകാരം ചെയ്തവനായി	രാവണേന	രാവണനാൽ
സീതാം	സീതയെ	ഹതഃ.	വധിക്കപ്പെട്ടു.

ഗൃദ്ധ്രരാജ്യം പരിത്യജ്യ പിതൃപൈതാമഹം മഹത്
മമ ഹേതോരയം പ്രാണാൻ മുമോച പതഗേശ്വരഃ. 24

"അയം	"ഈ	ഗൃദ്ധ്രരാജ്യം	കഴുകന്മാർക്ക് അധിപനായിരിക്കുന്ന പദവിയെ
പതഗേശ്വരഃ	പക്ഷിവര്യ്യൻ	പരിത്യജ്യ,	കൈവിട്ട്,
പിതൃപൈതാ-മഹം	അച്ഛൻ, മുത്തച്ഛൻ എന്നിങ്ങിനെ തലമുറയായി ലഭിച്ചതും	മമ ഹേതോഃ	എനിക്കുവേണ്ടി
മഹത്	മഹത്തായതുമായ	പ്രാണാൻ	ജീവനേയും
		മുമോച.	വെടിഞ്ഞു.

സൎവ്വത്ര ഖലു ദൃശ്യന്തേ സാധവോ ധൎമ്മചാരിണഃ
ശൂരാഃ ശരണ്യാഃ സൌമിത്രേ തിൎയ്യഗ്യോനിഗതേഷ്വപി. 25

"സൌമിത്രേ!	"ലക്ഷ്മണ!	ശൂരാഃ	വീൎയ്യമുള്ളവയും
തിൎയ്യഗ്യോനിഗതേഷു അപി	മനുഷ്യരെപ്പോലെ വിവേകമില്ലാത്ത തിൎയ്യഗ്ജന്തുക്കളിലുംകൂടി	ശരണ്യാഃ	ശരണം പ്രാപിച്ചവരെ രക്ഷിക്കുന്നവയും ആയവ,
സാധവഃ	നല്ലവയും	സൎവ്വത്ര ഖലു	എല്ലാകാലത്തിലും
ധൎമ്മചാരിണഃ	ധൎമ്മനിഷ്ഠയുള്ളവയും	ദൃശ്യന്തേ.	കാണപ്പെടുന്നുണ്ട്.

സീതാഹരണജം ദുഃഖം ന മേ സൌമ്യ തഥാഗതം
യഥാ വിനാശോ ഗൃധ്രസ്യ മത്കൃതേ ച പരന്തപ. 26

"സൌമ്യ!	"വത്സ!	യഥാ,	എത്ര വ്യസനമുണ്ടാകുന്നുവോ,
പരന്തപ!	വീര!	തഥാഗതം	അത്രത്തോളം
മത്കൃതേ ച	ഞാൻ നിമിത്തമായുണ്ടായ,	ദുഃഖം	വ്യസനം
ഗൃധ്രസ്യ	കഴുകിന്റെ,	സീതാഹരണം	സീത കാണാതായി പോയെന്നുള്ളത്
വിനാശഃ	നാശമെന്നതു		
മേ	എനിക്ക്	ന.	ഉണ്ടാകുന്നില്ല.

രാജാ ദശരഥഃ ശ്രീമാൻ യഥാ മമ മഹായശാഃ
പൂജനീയശ്ച മാന്യശ്ച തഥാഽയം പതഗേശ്വരഃ. 27

"മഹായശാഃ	"യശസ്വിയും	മാന്യഃ	ബഹുമാന്യനും
ശ്രീമാൻ	ശ്രീമാനുമായ	പൂജനീയഃ ച	പൂജ്യനുമായിരുന്നുവോ
ദശരഥഃ രാജാ	ദശരഥചക്രവൎത്തി	തഥാ	അത്രകണ്ട്
മമ	എനിക്ക്	അയം	ഈ
യഥാ	എത്രത്തോളം	പതഗേശ്വരഃ ച.	പക്ഷിരാജാവും ആകുന്നു.

സൌമിത്രേ ഹര കാഷ്ഠാനി നിൎമ്മഥിഷ്യാമി പാവകം
ഗൃധ്രരാജം ഹി ധക്ഷ്യാമി മത്കൃതേ നിധനം ഗതം. 28

"സൌമിത്രേ!	"ലക്ഷ്മണ!	മത്കൃതേ	എന്റെകാരണമായി
കാഷ്ഠാനി	വിറകുമുട്ടികൾ	നിധനം ഗതം	വധിക്കപ്പെട്ടുകിടക്കുന്ന
ഹര;	ശേഖരിച്ചുകൊണ്ടുവന്നാലും;	ഗൃധ്രരാജം	ഗൃധ്രരാജാവിനെ
പാവകം	അഗ്നിയെ	ധക്ഷ്യാമി ഹി.	ഞാൻതന്നെ ദഹിപ്പിപ്പാൻപോകുന്നു.
നിൎമ്മഥിഷ്യാമി;	ഞാൻ കടഞ്ഞുണ്ടാക്കാം;		

നാഥം പതഗലോകസ്യ ചിതാമാരോപയാമ്യഹം
ഇമം ധക്ഷ്യാമി സൌമിത്രേ ഹതം രൌദ്രേണ രക്ഷസാ. 29

जटायुकी स्तुति

गीध देह तजि धरि हरिरूपा। भूषन बहु पट पीत अनूपा॥
स्याम गात बिसाल भुज चारी। अस्तुति करत नयन भरि बारी॥

GITA PRESS, GORAKHPUR. No. 481.

"സൌമിത്രേ	"ലക്ഷ്മണ!
രൌദ്രേണ	കൊടിയ
രക്ഷസാ	രാക്ഷസനാൽ
ഹതം	കൊല്ലപ്പെട്ടവനായ
പതഗ-ലോകസ്യനാഥം	പക്ഷികൾക്കു നാഥനായുള്ള
ഇമം	ഇതിനെ
അഹം	ഞാൻ
ചിതാം	ചിതയിൽ
ആരോപയാമി	എടുത്തുവെച്ച്
ധക്ഷ്യാമി.	ദഹനം ചെയ്യാം.

ഗോദാവര്യാസ്തടേ ശുഭ്രേ ചിതാം കുരു മഹാഭുജ
ഏവമുക്ത്വാ തു സൌമിത്രിം സമാലക്ഷ്യ ജടായുഷം. 30
സമുദ്ധൃത്യ ഗതിഃ ശ്രീമാൻ ഗോദാവര്യാസ്തടം പ്രതി
തതോ ഗത്വാ തു തത്തീരേ ശുഭ്രേ കുശസമന്വിതേ 31
അവതീര്യാഥ നിക്ഷിപ്യ മഥിത്വാഽഗ്നിം മഹായശാഃ
ലക്ഷ്മണേനാഹൃതൈഃ കാഷ്ഠൈശ്ചിതാം കൃത്വാ മഹാഭുജഃ 32
യാ ഗതിര്യജ്ഞശീലാനാമാഹിതാഗ്നേശ്ച യാ ഗതിഃ
അപരാവർത്തിനാം യാ ച യാ ച ഭൂമിപ്രദായിനാം 33

"മഹാഭുജ!	"മഹാബാഹുവായവനെ!
ശുഭ്രേ	പാവനമായ
ഗോദാവര്യാഃ	ഗോദാവരിയുടെ
തടേ	കരയിൽ
ചിതാം കുരു;"	ചിത കൂട്ടിയാലും;"
മഹാഭുജഃ	വീരനും
മഹായശാഃ	മഹാ കീർത്തിശാലിയും
ഗതിഃ	സർവ്വശരണ്യനും
ശ്രീമാൻ	ശ്രീമാനും
ധർമ്മാത്മാ	ധർമ്മാത്മാവും ആയ
രാമഃ,	ശ്രീരാമൻ,
സൌമിത്രിം സമാലക്ഷ്യ	ലക്ഷ്മണനെ നോക്കി
തു	ഇക്കാര്യത്തെക്കുറിച്ച്
ഏവം	ഇപ്രകാരം
ഉക്ത്വാ	അരുളിച്ചെയ്ത ശേഷം
ജടായുഷം	ജടായുവിനെ
സമുദ്ധൃത്യ	തൂക്കിയെടുത്തുകൊണ്ട്
ഗോദാവര്യാഃ	ഗൊദാവരിയുടെ
തടം പ്രതി	കരയിലേക്കായി
തതഃ	അവിടെ നിന്നു
ഗത്വാ,	ചെന്ന്,
ശുഭ്രേ	പരിശുദ്ധമായി
കുശസമന്വിതേ	ദർഭകൾ നിറഞ്ഞുള്ള
തത്തീരെ	അതിന്റെ കരയിൽ
അവതീര്യ നിക്ഷിപ്യ	ഇറക്കിവെച്ച്,
അഥ തു	പിന്നെ ഉടനെ
ലക്ഷ്മണേന	ലക്ഷ്മണനാൽ
ആഹൃതൈഃ	കൊണ്ടുവരപ്പെട്ട
കാഷ്ഠൈഃ	വിറകുകൾ കൊണ്ട്
ചിതാം കൃത്വാ,	ചിതകൂട്ടി,
അഗ്നിം മഥിത്വാ,	തീ കടഞ്ഞുണ്ടാക്കിയ ശേഷം,
"ഗൃദ്ധ്രരാജ!	"ഗൃദ്ധ്രരാജാവേ!
മഹാസത്വ!	മഹാപുണ്യാത്മാവേ!
യജ്ഞശീലാനാം	യാഗം ചെയ്യുന്നവർക്ക്
യാ	യാതൊരു
ഗതിഃ,	പ്രാപ്യസ്ഥാനമോ,
ആഹിതാഗ്നേഃ	പഞ്ചാഗ്നിമദ്ധ്യത്തിൽ തപസ്സുചെയ്യുന്ന വാനപ്രസ്ഥന്മാർക്കും
യാ ഗതിഃ ച	യാതൊരുഗതിയൊ,
അപരാവർത്തിനാം	പടക്കളത്തിൽ പിൻതിരിക്കാതെ മരിക്കുന്നവർക്ക്
യാ ച,	യാതൊരു ഗതിയൊ,
ഭൂമിപ്രദായിനാം	ഭൂദാനം ചെയ്യുന്നവർക്ക്
യാ ച,	യാതൊന്നോ, അപ്രകാരമുള്ള

മയാ ത്വം സമനുജ്ഞാതോ ഗച്ഛ ലോകാനനുത്തമാൻ
ഗൃധ്രരാജ മഹാസത്ത്വ സംസ്കൃതശ്ച മയാ വ്രജ 34
ഏവമുക്ത്വാ ചിതാം ദീപ്താമാരോപ്യ പതഗേശ്വരം
ദദാഹ രാമോ ധർമ്മാത്മാ സ്വബന്ധുമിവ ദുഃഖിതഃ. 35

അനുത്തമാൻ	അത്യുത്കൃഷ്ടങ്ങളായ	ഏവം	എന്നിപ്രകാരം
ലോകാൻ,	ലോകങ്ങളിലേക്ക്	ഉക്ത്വാ,	അരുളിച്ചെയ്ത്,
ത്വം,	അങ്ങ്,	പതഗേശ്വരം	പക്ഷീന്ദ്രനെ
മയാ	എന്നാൽ	ദീപ്താം	കത്തിജ്വലിക്കുന്ന
സമനുജ്ഞാതഃ	വിടനല്കപ്പെട്ടവനായി	ചിതാം	ചിതയിൽ
ഗച്ഛ;	ചെന്നു ചേർന്നാലും;	ആരോപ്യ,	കയററിവെച്ച്
